കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 10, തിങ്കൾ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 196 –നമ്പർ 7

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 10, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിങ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

II തിരുത്തിയ ഉത്തരം ....

III ഗവർണറുടെ സന്ദേശം

- മി. സ്പീക്കർ ....

IV നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

കിഫ്ബി ....

- ശ്രീ. റോജി എം. ജോൺ

(അവതരണാനുമതി നിഷേധിച്ചു.)

V ശ്രദ്ധ ക്ഷണിക്കൽ

(1) വീട് നിർമ്മിക്കുന്നതിന് പെർമിസീവ് സാങ്ഷൻ

- ശ്രീ. ടി. ഐ. മധുസൂദനൻ ....

(2) ആശാ വർക്കർമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ....

VI സബ്മിഷൻ

(1) കടൽത്തീരങ്ങളിലെ മണൽ ഖനനത്തിനുള്ള കേന്ദ്ര തീരുമാനം റദ്ദാക്കൽ

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി.സതീശൻ) ....

(2) മരണമടഞ്ഞ സിവിൽ പൊലീസ് ഓഫീസറുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

- ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) ....

(3) പനവൂർ ഗവ. എൽ.പി. സ്കൂളിലെ മോഡൽ പ്രീ-പ്രൈമറി കെട്ടിട നിർമ്മാണം

- ശ്രീ. ഡി. കെ. മുരളി ....

(4) കോട്ടയം നഗരസഭയിലെ ക്രമക്കേട്

- ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ....

(5) തെരുവുനായ ആക്രമണം

- ശ്രീ. അൻവർ സാദത്ത് ....

(6) ഓങ്ങല്ലൂർ-വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതി

- ശ്രീ. മുഹമ്മദ് മുഹസിൻ ....

(7) കയർമേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

- ശ്രീ. പി. പി. ചിത്തരഞ്ജൻ ....

(8) ബാലുശ്ശേരി-നടുവണ്ണൂർ മന്ദൻകാവിൽ ലൈഫ് ഫ്ലാറ്റ് സമുച്ചയം

- ശ്രീ. കെ. എം. സച്ചിൻദേവ് ....

(9) തോലന്നൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം

- ശ്രീ. പി. പി. സുമോദ് ....

(10) പിറവത്തെ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം

- ശ്രീ. അനൂപ് ജേക്കബ് ....

VII ക്രമപ്രശ്നം

ബജറ്റ് വിഹിതം വെട്ടിക്കുറച്ചത് സംബന്ധിച്ച്

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ....

റൂളിങ്ങ് .....

VIII ധനകാര്യം

2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച ....

അനുബന്ധം ....

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 10, തിങ്കൾ

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 7

നിയമസഭ 2025 ഫെബ്രുവരി മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*31).

വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്

1 (*31) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതു പ്രകാരം
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് തുറമുഖത്തിൽനിന്നും ലഭിക്കുന്ന വരുമാനം കേന്ദ്ര സർക്കാരുമായി പങ്കിടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) കേന്ദ്ര സർക്കാർ പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽനിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസഷൻ കാലയളവിലൂടനീളം നൽകണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഇത് ഉറപ്പാക്കുന്നതിനായി Department of Economic Affairs (DEA)-ഉം സംസ്ഥാന സർക്കാരും തമ്മിൽ ഒരു Premium Sharing Agreement-ൽ ഏർപ്പെടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതിയെ VGF സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ അംഗീകാരത്തിനുള്ള DEA-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവച്ച Premium Sharing Agreement പ്രകാരം വരുമാന വിഹിതത്തിന്റെ 20 ശതമാനം തുക ചുവടെ പറയുന്ന നിബന്ധനകളിൽ ആദ്യം പൂർത്തിയാകുന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്

തിരിച്ചുനൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.

a) കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് NPV വ്യവസ്ഥയിൽ തിരിച്ചടയ്ക്കണം.

b) കൺസഷൻ കരാർ അവസാനിക്കുന്നതുവരെയോ ഏതെങ്കിലും കാരണത്താൽ കരാർ റദ്ദായാൽ, റദ്ദാകുന്ന കാലയളവുവരെയോ തിരിച്ചടയ്ക്കണം.

c) Appointed Date മുതൽ 60 വർഷം പൂർത്തിയാകുന്നതുവരെ എല്ലാ വർഷവും കേരള സർക്കാർ കേന്ദ്ര സർക്കാരിന് തിരിച്ചടവ് നടത്തേണ്ടതാണ്.

(ബി) കേന്ദ്ര സർക്കാർ പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽനിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസെഷൻ കാലയളവിലുടനീളം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതിക്ക് VGF സ്കീമിൽ അന്തിമ അംഗീകാരം നൽകുന്നതിനായി DEA വിലയിരുത്തുന്ന ഘട്ടത്തിൽ, VGF-ന്റെ തിരിച്ചടവ്

നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ DEA-ക്ക് 03-07-2019-ന് കത്ത് നല്കിയിരുന്നു. കൂടാതെ, പദ്ധതിയെ വിലയിരുത്തുന്ന DEA-യുടെ കീഴിലുള്ള Empowered Institution-ന്റെ 24-11-2020-ൽ നടന്ന യോഗത്തിലും Empowered Committee-യുടെ 27-06-2022, 27-07-2024 എന്നീ തീയതികളിൽ നടന്ന യോഗങ്ങളിലും VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. കൂടാതെ, ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് 23-10-2024-നും പ്രധാനമന്ത്രിക്ക് 10-12-2024-നും കത്തുകൾ നൽകിയിട്ടുമുണ്ട്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളത്തിന്റെ സാമ്പത്തികരംഗം തകർന്നിരിക്കുകയാണെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. 2015 മുതൽ VGF-മായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഏകദേശം ഒൻപത് വർഷമായിട്ടും കേരളത്തിന് അവകാശപ്പെട്ടതും ഉമ്മൻ ചാണ്ടി സർക്കാർ ഉറപ്പ് നൽകിയതുമായ VGF

വാങ്ങിയെടുക്കാത്തത് എന്തുകൊണ്ടാണ്; ഇതിന്റെ നഷ്ടം കേരളത്തിനും കേരള ജനതയ്ക്കുമല്ലേ?

ശ്രീ. വി. എൻ. വാസവൻ: സർ, ഉമ്മൻ ചാണ്ടി സർക്കാരല്ല, കേന്ദ്ര സർക്കാരാണ് ഈ തുക നൽകേണ്ടത്. സംസ്ഥാനത്തിന് അർഹതപ്പെട്ട VGF നൽകാത്തത് സംബന്ധിച്ച് മുഖ്യമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും കത്തയച്ചിട്ടുണ്ട്. അതിന് ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി ലഭിച്ചു, പ്രധാനമന്ത്രിയുടെ മറുപടി ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഈ കേന്ദ്ര ബജറ്റിലും വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് കേന്ദ്ര സർക്കാർ ഒരു കാര്യവും പറഞ്ഞിട്ടില്ല. തമിഴ്നാട്ടിലെ തൂത്തുക്കുടി വി.ഒ.സി. (വി. ഒ. ചിദംബനാർ) തുറമുഖത്തെ ഔട്ടർ ഹാർബർ പോലുള്ള മറ്റ് പദ്ധതികൾക്ക് കേന്ദ്രം സമാനമായ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ലെന്നിരിക്കെ വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് നിബന്ധനകൾ ഏർപ്പെടുത്തുന്നതിലെ വിവേചനം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിഴിഞ്ഞം പദ്ധതിയെ തകർത്ത് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ തുറമുഖങ്ങളെ സംരക്ഷിക്കാനാണോ കേന്ദ്ര

സർക്കാർ ലക്ഷ്യമിടുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, വിവേചനപരമായ ഈ സമീപനം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഇതിനെതിരെ സമരം ചെയ്യുകയും എല്ലാ അർഥത്തിലും നമ്മുടെ പ്രതിഷേധം അറിയിക്കുകയും ചെയ്തിരുന്നു. അത്തരം ഘട്ടങ്ങളിൽ എല്ലാവരും യോജിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർഥിച്ചിരുന്നു. യു.ഡി.എഫ്. അതിനോട് സഹകരിക്കേണ്ടതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, വിഴിഞ്ഞം തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമല്ല, കൊല്ലം ജില്ലയിലെ വിവിധ പ്രദേശങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടിവരുമെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്; അതിനുള്ള സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച വിശദവിവരം വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് ഇപ്രാവശ്യത്തെ ബജറ്റ്

പ്രസംഗം കേൾക്കാത്തതുകൊണ്ടാണ് ഇങ്ങനെയൊരു ചോദ്യം ചോദിച്ചത്. തിരുവനന്തപുരം, കൊല്ലം ജില്ലകളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള വിഴിഞ്ഞം തുറമുഖത്തിന്റെ വിപുലമായ വികസന സാധ്യത മുന്നിൽക്കണ്ട് ധനകാര്യ വകുപ്പുമന്ത്രി ഇപ്രാവശ്യത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അങ്ങ് ഇപ്പോഴും VGF ലഭിക്കുമെന്നുള്ള പ്രതീക്ഷയിലാണ് മറുപടി പറയുന്നത്. കേരളത്തിന് നൽകാനുള്ള VGF നൽകാൻ സാധിക്കില്ലെന്നും കേരളവുമായി അങ്ങനെ കരാറില്ലെന്നുമാണ് കഴിഞ്ഞ രാജ്യസഭാ സമ്മേളന കാലയളവിൽ കേരളത്തിന്റെ എം.പി. അഡ്വ. ഹാരിസ് ബീരാന്റെ ചോദ്യത്തിന് കേന്ദ്ര തുറമുഖ വകുപ്പുമന്ത്രി മറുപടി നൽകിയത്. അത് ലഭിച്ചില്ലെങ്കിൽ ഈ തുറമുഖത്തിന്റെ തുടർപ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകുമെന്ന് വിശദമാക്കാമോ; തുറമുഖത്തിനുവേണ്ടി കേരളം നൽകാനുള്ള VGF വിഹിതം നീക്കിവയ്ക്കുകയോ നൽകുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേന്ദ്ര സർക്കാരിൽനിന്നും VGF ലഭിക്കുന്നില്ലെങ്കിലും പദ്ധതി മാറ്റിവയ്ക്കാൻ സാധിക്കില്ല. ഈ പദ്ധതി കേരളം

മുന്നോട്ടുകൊണ്ടുപോകുമെന്ന് നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായിക്കഴിഞ്ഞു. രണ്ട്, മൂന്ന്, നാല് എന്നീ ഘട്ടങ്ങൾ 2028-ൽ പൂർത്തീകരിക്കുന്ന നിലയിൽ മുന്നോട്ടുപോകുകയാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് രൂപം കൊടുക്കുമ്പോൾ VGF സംബന്ധിച്ച് കേന്ദ്രസർക്കാരുമായി എന്തെങ്കിലും ധാരണയുണ്ടായിരുന്നോ; പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയതിന് ശേഷമാണോ കേന്ദ്ര സർക്കാർ ഈ ഫണ്ടിനുള്ള നിബന്ധന വച്ചത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇത്തരത്തിലുള്ള പദ്ധതികൾ വരുമ്പോൾ അത് ലാഭമാകുന്നതുവരെ സഹായിക്കാനുള്ള ബാധ്യതയും അവകാശവുമെന്ന നിലയിലാണ് കേന്ദ്ര സർക്കാർ VGF പ്രഖ്യാപിച്ചിട്ടുള്ളത്. അത് കേന്ദ്ര സർക്കാർ നൽകുന്നില്ലെന്നതാണ് പ്രശ്നം. ഈ ഫണ്ട് നമുക്ക് അവകാശപ്പെട്ടതും അർഹതപ്പെട്ടതുമാണ്, അത് കേന്ദ്ര സർക്കാരിന്റെ ഔദാര്യമല്ല.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിന്റെ വികസന രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കുന്നതാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. കേന്ദ്ര

സർക്കാരിന്റെ സഹായം ഈ പദ്ധതിക്ക് അനിവാര്യമാണ്. അത് ലഭിക്കുന്നുണ്ടോ? ഇപ്രാവശ്യത്തെ ബജറ്റിൽ വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യവസായ സാമ്പത്തിക ഇടനാഴി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. എന്തെല്ലാം പദ്ധതികളാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്; ഇതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തിരുവനന്തപുരം-കൊല്ലം- പുനലൂർ മേഖലയുമായി ബന്ധപ്പെടുത്തി വിഴിഞ്ഞം തുറമുഖത്തിന്റെ ഭാവി വികസന സാധ്യതകളും അതുവഴിയുണ്ടാകുന്ന നേട്ടങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് പാസ്സായതിനുശേഷം ഇതുസംബന്ധിച്ച് പദ്ധതി തയ്യാറാക്കുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിച്ച് തുടങ്ങിയോയെന്നും ഇതിന്റെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകം 163 ഷിപ്പുകൾ വരികയും 320591 ടി.ഇ.യു. കൈകാര്യം ചെയ്യുകഴിഞ്ഞിരിക്കുകയുമാണ്. വലിയ രൂപത്തിലുള്ള വികസന സാധ്യതയും തൊഴിലവസരങ്ങളുമാണ് യാഥാർഥ്യമായിക്കൊണ്ടിരിക്കുന്നത്. അത് കമ്മിഷൻ ചെയ്യാനുള്ള തീയതി കാത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അതിന് സമയം ചോദിച്ചിട്ടുണ്ട്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, തിരുവനന്തപുരത്തിന്റെ മാത്രം സ്വപ്നമാണ് തിരുവനന്തപുരം മെട്രോയെന്ന് പറയാൻ സാധിക്കില്ല. സംസ്ഥാനത്തിന്റെയാകെ സ്വപ്നമാണിത്. ഇത് വിഴിഞ്ഞം പദ്ധതിയുമായി സംയോജിപ്പിക്കാൻ പദ്ധതിയുണ്ടോ? ഒൻപത് വർഷംമുമ്പ് ഉമ്മൻ ചാണ്ടി സർക്കാർ തറക്കല്ലിട്ട ഈ പ്രോജക്ട് ഇതുവരെ ആരംഭിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുമ്പോൾ യാത്ര ചെയ്യാൻ തിരുവനന്തപുരം മെട്രോയും അനിവാര്യമാണ്. അതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, തിരുവനന്തപുരം മെട്രോയുടെ കാര്യം ഇപ്രാവശ്യത്തെ ബജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. തറക്കല്ലിട്ടതുകൊണ്ടുമാത്രം ഒരു

പദ്ധതി യാഥാർഥ്യമാകില്ല. അത് നടപ്പാക്കാനുള്ള ഇച്ഛാശക്തി കൂടി വേണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, മുൻനിശ്ചയിച്ച പ്രകാരം 2034 മുതൽ വിഴിഞ്ഞം തുറമുഖത്തിന്റെ വരുമാന വിഹിതം സർക്കാരിന് നൽകണമെന്ന് കമ്പനിയെ അറിയിച്ചിട്ടുണ്ടോ; അത് ലഭിക്കാനുള്ള സാധ്യതയുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ വ്യക്തമായ ധാരണയുണ്ട്. ആ എഗ്രിമെന്റ് അനുസരിച്ചുതന്നെ കാര്യങ്ങൾ മുന്നോട്ടുപോകും.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങ് പറഞ്ഞതുപോലെ വിഴിഞ്ഞം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാകുകയും പ്രവർത്തനം ആരംഭിച്ചിരിക്കുകയുമാണ്. ഈയവസരത്തിൽ നിർമ്മാണ കമ്പനിക്ക് നാളിതുവരെ സർക്കാർ എത്ര തുകയാണ് നൽകിയത്; രണ്ടും മൂന്നും ഘട്ടത്തിൽ സർക്കാർ വിഹിതമുണ്ടോ? VGF-ന്റെ 20% വിഹിതം കേന്ദ്രത്തിൽനിന്നും 20% കേരളത്തിൽ നിന്നുമാണ് നൽകേണ്ടത്. കേരള സർക്കാരിന്റെ VGF വിഹിതം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകം 2,159 കോടി രൂപ

സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര സർക്കാരിൽനിന്നും VGF ലഭിക്കുന്നില്ലെങ്കിലും അതിന് സഹായകമാകുന്ന രൂപത്തിൽ സംസ്ഥാന സർക്കാർ നബാർഡിന്റെ വായ്പ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം പ്രവർത്തനം ഇപ്പോൾ കൈവരിച്ചിട്ടുണ്ട്?

ശ്രീ. വി. എൻ. വാസവൻ: സർ, ഒന്നാംഘട്ടത്തിൽ 10 ലക്ഷം കണ്ടെയ്നർ കൈകാര്യം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ലക്ഷ്യം വച്ചതിന്റെ 94 ശതമാനവും രണ്ട് മാസങ്ങൾക്കുള്ളിൽ യാഥാർഥ്യമാക്കാൻ കഴിഞ്ഞു. രണ്ട്, മൂന്ന്, നാല് ഘട്ടങ്ങൾ കഴിയുന്നതോടെ അത് 30 ലക്ഷം കണ്ടെയ്നറായി മാറും.

ശ്രീമതി യു. പ്രതിഭ: സർ, ഒന്നാംഘട്ടത്തിന്റെ വിജയത്തെത്തുടർന്ന് വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായി എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, റെയിൽ-റോഡ് കണക്റ്റിവിറ്റികൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ സംഘടിപ്പിച്ചുവരികയാണ്. റെയിൽ കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട് കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഡി.പി.ആർ.-ന് കേന്ദ്ര മന്ത്രാലയത്തിന്റെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ഉടൻതന്നെ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. റോഡ് കണക്റ്റിവിറ്റി ഇവിടെ ആരംഭിക്കും. കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചാലുടൻതന്നെ രണ്ട്, മൂന്ന്, നാല് ഘട്ടങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

കേരള ബാങ്കിൽ 'ബി ദ നമ്പർ വൺ' ക്യാമ്പയിൻ

2 (*32) ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ ഭരണതലത്തിലും ദൈനംദിന പ്രവർത്തനങ്ങളിലും പ്രൊഫഷണലിസം കൊണ്ടുവരേണ്ടതിന്റെയും

ബാങ്കിന്റെ ജനകീയത ഉയർത്തിപ്പിടിക്കേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരള ബാങ്കിനെ സംസ്ഥാനത്തെ ബാങ്കിങ് രംഗത്ത് ഒന്നാം സ്ഥാനത്തെത്തിക്കുകയെന്ന ലക്ഷ്യത്തോടെ 'ബി ദ നമ്പർ വൺ' ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; കേരള ബാങ്ക് ആധുനികവൽക്കരിച്ച് എ.ടി.എം., മൊബൈൽ ബാങ്കിങ് സേവനങ്ങൾ എന്നിവ സാധ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള ബാങ്കിന്റെ ബിസിനസ്സ് വർധിപ്പിക്കുന്നതിനും പൊതുസമൂഹത്തിൽ ബാങ്കിനെക്കുറിച്ചുള്ള മതിപ്പ് വർധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഗ്രാമീണ മേഖലയിലേക്ക് കൂടുതൽ ബാങ്കിങ് സേവനങ്ങൾ എത്തിക്കുന്നതിന് കേരള ബാങ്ക് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) സ്ത്രീകൾക്ക് തൊഴിലവസരം ഉറപ്പാക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനും അതുവഴി കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുമായി കേരള ബാങ്ക് വായ്പാ പദ്ധതികൾ

ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കുറഞ്ഞ നിരക്കിൽ വാണിജ്യ-സ്വകാര്യ ബാങ്കുകൾ നൽകുന്ന എല്ലാ നൂതന ബാങ്കിങ് സേവനങ്ങളും ലഭ്യമാക്കുക, കർഷകർക്കും സംരംഭകർക്കും കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കി കാർഷിക/ചെറുകിട വ്യവസായ മേഖലയിൽ വൻപുരോഗതി സാധ്യമാക്കുക, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി കേരളത്തിലെ സഹകരണ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പുവരുത്തുക, കേരളത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് സഹകരിച്ച് ത്വരിത വികസനം സാധ്യമാക്കുക തുടങ്ങിയ ബഹുമുഖ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാന ജില്ലാ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. കാർഷികാവശ്യങ്ങൾക്കായി KB കിസാൻമിത്ര വായ്പാ പദ്ധതിയും മൂല്യവർധിത ഉൽപാദനത്തിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കൽ,

സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് കാർഷിക ഉൽപാദന സംഘടനകൾക്ക് നൽകുന്നതിനായി KB-FPO എന്ന പ്രത്യേക വായ്പാ പദ്ധതിയും ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. കൂടാതെ കേരള ബാങ്ക് മുഖേന കാർഷിക സംസ്കരണ മേഖലയിലും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ സംരംഭങ്ങൾക്കുമുള്ള വായ്പാ സഹായം നൽകുന്നതിന് KB മൈക്രോ ഫുഡ് പ്രോസസ്സിങ് വായ്പാ പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. അഞ്ച് വർഷത്തെ പ്രവർത്തനംകൊണ്ട് കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ മുഖ്യ ആശ്രയമായി മാറുന്നതിന് കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.

ലോകത്താകമാനം ബാങ്കിങ് മേഖല സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സഹകരണ ബാങ്കുകൾക്ക് ഈ രംഗത്ത് പിടിച്ചുനിൽക്കണമെങ്കിൽ മൂലധനം വർധിപ്പിക്കേണ്ടതും സാങ്കേതികവിദ്യയിലൂടെ ആധുനിക സേവനങ്ങൾ നടപ്പാക്കേണ്ടതുമുണ്ട്.

എല്ലാവിധ ജനവിഭാഗങ്ങൾക്കും സ്വീകാര്യമായ കേരളത്തിലെ ഏറ്റവും

പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനമായി കേരള ബാങ്കിനെ മാറ്റുന്നതിന് ബാങ്കിന്റെ ജനകീയത നിലനിർത്തുന്നതിനോടൊപ്പം പ്രൊഫഷണലിസവും അനിവാര്യമാണ്.

(ബി) കോവിഡ് അതിവ്യാപനം മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി ബാങ്കിങ് മേഖലയെ പൊതുവായും കേരള ബാങ്കിനെ പ്രതികൂലമായും ബാധിക്കുന്ന സാഹചര്യത്തിലാണ് കേരള ബാങ്ക് 'Be the number one' എന്ന ക്യാമ്പയിൻ ആരംഭിക്കാൻ തീരുമാനിച്ചത്. കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കുകയെന്ന ലക്ഷ്യത്തോടെ കേരള ബാങ്കിലെ മുഴുവൻ ജീവനക്കാരെയും ഭരണസമിതി അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച 'Be the number one' ക്യാമ്പയിൻ പ്രവർത്തന മികവുകൊണ്ട് ശ്രദ്ധേയമായിരുന്നു. 2021 ഡിസംബർ 1 മുതൽ 2022 മാർച്ച് 31 വരെ നാലുമാസം നീണ്ടുനിന്ന ക്യാമ്പയിൻ ബാങ്കിന്റെ ബിസിനസ്സ് വളർച്ചയിൽ ഗണ്യമായ പുരോഗതിയാണുണ്ടാക്കിയത്.

14 വ്യത്യസ്ത ബാങ്കുകളിലെ കോർ ബാങ്കിങ് സംവിധാനങ്ങളെ

എകീകൃതമായ ഒറ്റ സംവിധാനമായി മാറ്റുന്ന പ്രക്രിയ പൂർത്തീകരിക്കാൻ സാധിച്ചു. ബാങ്കിന്റെ ഡിജിറ്റൽ സേവനങ്ങൾ ഇടപാടുകാരിലേക്ക് എത്തിക്കുന്നതിനായി KB Prime, പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ഉപയോഗിക്കുന്നതിനായി KB Prime Plus എന്നീ മൊബൈൽ ബാങ്കിങ് ആപ്ലിക്കേഷനുകളും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. മൊബൈൽ ബാങ്കിങ് സംവിധാനമുപയോഗിച്ച് IMPS, NEFT, RTGS എന്നീ സംവിധാനങ്ങളിലൂടെ ഇടപാടുകൾ നടത്താൻ സാധിക്കുന്നതാണ്. കൂടാതെ UPI സംവിധാനത്തിലൂടെ Google Pay, Paytm ഇടപാടുകൾ നടത്തുന്നതിനുള്ള സംവിധാനവും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഇടപാടുകാർക്ക് BBPS സംവിധാനത്തിലൂടെ ബില്ലുകൾ അടയ്ക്കുന്നതിനുള്ള സംവിധാനവും മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കേരള ബാങ്കിന്റേതായി 120 ATM മെഷീനുകൾ സംസ്ഥാനത്ത് പ്രവർത്തനക്ഷമമായിട്ടുണ്ട്.

(സി) 2025 അന്തർദേശീയ സഹകരണ വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ളതും കേരള ബാങ്ക് ഭരണസമിതിയുടെ അഞ്ചാം വർഷവും

കണക്കിലെടുത്ത് ഒരു വർഷത്തെ കർമ്മപദ്ധതി തയ്യാറാക്കി കേരള ബാങ്കിന്റെയും പ്രാഥമിക സഹകരണ ബാങ്കുകളുടെയും ബിസിനസ്സ് വർധിപ്പിച്ച് സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ചാലകശക്തിയായി മാറുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിച്ചുവരുന്നത്. യുവജനങ്ങളെ കൂടുതലായി സഹകരണ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുകയെന്നത് ഈ അന്തർദേശീയ സഹകരണ വർഷത്തിലെ ഐക്യരാഷ്ട്രസഭയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. അതിനനുസൃതമായ ബാങ്കിങ് ഉൽപ്പന്നങ്ങളും സേവനങ്ങളും ബാങ്ക് രൂപകൽപ്പന ചെയ്തുവരുന്നു. ഇതിനായി എല്ലാ വിഭാഗം കറന്റ്/സേവിങ്സ് അക്കൗണ്ടുകൾക്ക് ബാങ്ക് മിനിമം ബാലൻസ്/ത്രൈമാസ ശരാശരി ബാലൻസ് നിബന്ധനകൾ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. സ്വകാര്യ ബാങ്കുകൾ ഉയർന്ന ത്രൈമാസ ശരാശരി ബാലൻസ് വ്യവസ്ഥ പാലിക്കുന്നതിൽ വീഴ്ച വരുത്തുമ്പോൾ വലിയ പിഴ ഈടാക്കുന്ന അവസ്ഥയുള്ളപ്പോൾ ഈ ഇനത്തിൽ കേരള ബാങ്ക് യാതൊരു ചാർജ്ജും ഈടാക്കുന്നില്ല. കേരള ബാങ്കിന്റെ ലോക്കർ വാടക ഗ്രാമീണ മേഖലയിൽ

പ്രതിവർഷം വെറും 500 രൂപ മാത്രമാണ്. ഇത് ഈ മേഖലയിലെ ഏറ്റവും കുറഞ്ഞ നിരക്കുകളിലൊന്നാണ്.

കാർഷിക മേഖലയുടെ ശാക്തീകരണത്തിനായി പ്രാഥമിക സംഘങ്ങൾക്ക് നൽകുന്ന വായ്പാ പലിശ നിരക്കിൽ കുറവ് വരുത്തിയിട്ടുണ്ട്. കർഷകർക്ക് പ്രാഥമിക സംഘങ്ങളിൽനിന്നും ആറ് ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ നൽകുന്നതിന് ഇത് സഹായകരമായിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണത്തെത്തുടർന്ന് വായ്പാ പദ്ധതികൾ ഏകീകരിക്കുകയും എല്ലാ വിഭാഗം ജനങ്ങൾക്കും അനുയോജ്യമായ രീതിയിൽ അമ്പതിലധികം പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തുവരുന്നു. ഗ്രാമീണ മേഖലയിലേക്ക് കൂടുതൽ ബാങ്കിങ് സേവനങ്ങൾ, പ്രത്യേകിച്ച് ഡിജിറ്റൽ സേവനങ്ങൾ എത്തിക്കുന്നതിന് ഊർജിതമായ ശ്രമം കേരള ബാങ്കിന്റെ ഭാഗത്തുനിന്നും നടത്തുന്നുണ്ട്. ബാങ്കിന്റെ ഏകീകൃത CBS, KB PRIME, KB PRIME PLUS, Mobile Application എന്നിവ നിലവിൽ വന്നതോടെ ഗ്രാമീണ മേഖലയിലേക്ക് ഇവ എത്തിക്കുന്നതിന് പ്രത്യേക ക്യാമ്പയിനുകൾ നടത്തിവരുന്നു.

കൂടാതെ, NABARD സഹായത്തോടെയുള്ള Mobile ATM ഡെമോൺസ്ട്രേഷൻ എന്ന വാഹനം ഉപയോഗിച്ച് ഗ്രാമീണ മേഖലകളിൽ, പ്രത്യേകിച്ച് ബാങ്കിങ് സേവനങ്ങൾ കുറവായ മേഖലകളിൽ പ്രത്യേക ക്യാമ്പയിൻ നടത്തിവരുന്നു.

(ഡി) കേരളത്തിലെ വനിതകളുടെ വരുമാനം വർധിപ്പിക്കുക, അവരിൽ സ്വാശ്രയശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്ക് മുഖേന കുറഞ്ഞ പലിശ നിരക്കിൽ വനിതകൾക്ക് 5 ലക്ഷം രൂപവരെ സംരംഭക വായ്പകൾ (KB സുവിധ പ്ലസ്, KB സുവിധ) അനുവദിച്ചുവരുന്നു. കൂടാതെ വനിതകൾക്ക് ഇലക്ട്രിക് ഉൾപ്പെടെയുള്ള ഇരുചക്ര വാഹനം വാങ്ങുന്നതിന് രണ്ട് ലക്ഷം രൂപവരെയുള്ള ഷീ ടൂ വീലർ വായ്പയും നൽകിവരുന്നു. സഹജ മൈക്രോ ഫിനാൻസ് എന്ന സ്കീമിൽ വനിതകളുടെ വരുമാനം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സംരംഭകർക്കുവേണ്ടി തുടങ്ങിയ വായ്പാ പദ്ധതിയാണ് KB സഹജ. ഇതിലൂടെ 20 ലക്ഷം രൂപവരെ കുറഞ്ഞ പലിശ നിരക്കിൽ SHG വായ്പയായി നൽകിവരുന്നു. സ്ത്രീകളുടെ തൊഴിലവസരവും വരുമാനവും വർധിപ്പിക്കുന്നതിനായി കേരള ഫിഷറീസ് വകുപ്പുമായി

സഹകരിച്ച് KB SAF, കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വനിതകൾക്കും ലളിതമായ വ്യവസ്ഥകളോടുകൂടി അനുവദിക്കുന്ന KB Vanitha Plus Loan എന്നിവ നടപ്പിലാക്കിവരുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കേരളത്തിന്റെ നട്ടെല്ലായ സഹകരണ മേഖലയെ തകർക്കാനുള്ള കേന്ദ്രസർക്കാർ നടപടികളുടെ ഭാഗമായി കേരള ബാങ്കിനെ 'ബി' ക്ലാസ് പട്ടികയിൽനിന്നും 'സി' ക്ലാസ് പട്ടികയിലേക്ക് തരംതാഴ്ത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ബാങ്കിന്റെ പ്രവർത്തനത്തെ ഏത് തരത്തിലാണ് ബാധിക്കുന്നത്; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ നബാർഡ് ഇടപെടുകയും ഈ പ്രശ്നം പരിഹരിക്കുന്ന രൂപത്തിലേക്കെത്തിയിട്ടുമുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്നതും ആധുനിക ബാങ്കിങ് സേവനങ്ങൾ കുറഞ്ഞ ചെലവിൽ ലഭ്യമാകുന്നതും എന്നാൽ സഹകരണ മൂല്യങ്ങളിൽ അധിഷ്ഠിതവുമായ ഒരു പ്രൊഫഷണൽ ബാങ്കായി കേരള ബാങ്കിനെ ഉയർത്തിക്കൊണ്ടുവരാൻ

സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, ന്യൂജെൻ ബാങ്കിനൊപ്പം കോംപീറ്റ് ചെയ്യാൻ കഴിയുന്ന എല്ലാ ആധുനിക സംവിധാനങ്ങളും കേരള ബാങ്കിൽ നടപ്പാക്കിയിട്ടുണ്ട്. മൊബൈൽ ബാങ്കിങ്, ഇന്റർനെറ്റ് ബാങ്കിങ്, RTGS (Real Time Gross Settlement), NEFT (National Electronic Funds Transfer), IMPS (Immediate Payment Service), Google Pay തുടങ്ങിയവ നടപ്പാക്കിയതോടൊപ്പം ബിസിനസ്സ് രംഗത്തുണ്ടായ വൻപുരോഗതിയിലൂടെ ഇന്ത്യയിലെ ഒന്നാമത്തെ സഹകരണ ബാങ്കായി മാറാനും 50,200 കോടി രൂപ വായ്പയായി നൽകാനും കഴിഞ്ഞിട്ടുണ്ട്. ഇത് കേരളത്തിലെ 45 ബാങ്കുകളിൽ അഞ്ച് ബാങ്കുകൾക്കുമാത്രം കഴിഞ്ഞിട്ടുള്ള കാര്യമാണ്. അതിലൊന്ന് കേരള ബാങ്കാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരള ബാങ്കിന്റെ ബിസിനസ്സ് വൈവിധ്യവൽക്കരണ ഉല്പന്ന നവീകരണ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? സഹകരണ

മേഖലയിലൂടെ സമാഹരിക്കുന്ന വിഭവങ്ങൾ വായ്പയ്ക്കപരിയായി നാടിന്റെ പൊതുവികസനത്തിന് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വികസന സാധ്യതകൾ ആരായുന്ന രൂപത്തിലേക്ക് ചില കാഴ്ചപ്പാടുകൾ ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്; നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഭാവനാ സമ്പന്നമായ ബിസിനസ്സ് പ്ലാൻ ചെയ്തിട്ടുണ്ട്. അത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേരള ബാങ്കിൽ പ്രൊഫഷണലിസം വർധിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ശ്രദ്ധേയമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. നമ്മുടെ നാട്ടിലെ യുവതീയുവാക്കൾക്കുവേണ്ടി പ്രത്യേക ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കാനും വളരെ വേഗത്തിൽ വിദ്യാഭ്യാസ വായ്പകൾ അടക്കമുള്ളവ ലഭ്യമാക്കാനും സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആകർഷകമായ രീതിയിൽ വായ്പ നൽകാനും ഡിജിറ്റൽ പേയ്മെന്റിനും പ്രത്യേക പാക്കേജ്

അവതരിപ്പിക്കുന്നുണ്ടോ; അത്തരം പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രകാരമുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശം ഉത്തരത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. തുടർന്നും യുവതീയുവാക്കൾക്ക് പ്രതീക്ഷ നൽകുന്ന സംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ വായ്പകൾക്ക് രൂപം നൽകിവരുന്നുണ്ട്. ഇനിയും ഇത്തരം പദ്ധതികൾ ആവിഷ്കരിക്കും.

ശ്രീ. സി. സി. മുകുന്ദൻ: സർ, യുവതലമുറയെ കേരള ബാങ്കിലേക്ക് ആകർഷിക്കുന്നതിനും മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും കേരള ബാങ്ക് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച വിശദാംശം ഉത്തരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, പണ്ട് വായ്പക്കാർ കുടിശ്ശിക വരുത്തുമ്പോൾ ബാങ്കുകൾ ജപ്തി നടപടികളുടെ ഭാഗമായി ആളുകളെ അപമാനിക്കുന്ന തരത്തിൽ വീടുകളിലേക്ക് ചെണ്ടയും മദ്ദളവും കൊട്ടി

വരുമായിരുന്നു. ഇപ്പോഴത് അവസാനിച്ചിട്ടുണ്ടെങ്കിലും അഞ്ച് മുതൽ പത്ത് സെന്റുവരെ മാത്രം സ്ഥലമുള്ള പാവങ്ങളുടെ വീട്ടിൽ ജപ്തി നടപടികളുടെ ഭാഗമായി വലിയ ബോർഡ് വയ്ക്കുന്നുണ്ട്. ഇതുമൂലം സ്ഥലം വിൽക്കാൻ കഴിയാതെവരികയും മാനസികമായി തകർന്ന് അവർ ആത്മഹത്യയിലേക്ക് പോകുകയും ചെയ്യുന്ന സാഹചര്യമുണ്ട്. അതിനാൽ ഇത്തരത്തിൽ ബോർഡുകൾ സ്ഥാപിച്ച് അപമാനിക്കുന്നത് നിർത്തലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച നയമുണ്ട്. മൂന്ന് സെന്റിൽ താഴെ കിടപ്പാടമുള്ളവരുടെ വസ്തു ജപ്തി ചെയ്യുന്നതിന്റെ ഭാഗമായി ബോർഡ് വയ്ക്കുകയോ താമസക്കാരെ ഇറക്കിവിടുകയോ ചെയ്യുന്നത് അവർക്ക് പകരം ഷെൽട്ടർ നൽകിയിട്ടാകണമെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതിനപ്പുറത്തേയ്ക്ക് ഒരു കാര്യവും ചെയ്യുന്നില്ല. അതേസമയം സർഫാസി (SARFAESI-Securitisation and Reconstruction of Financial Assets and Enforcement of Security Interest Act) ആക്ട് ബാധകമായ കേരള ബാങ്ക് പോലുള്ള

നാഷണലൈസ്ഡ് ബാങ്കുകളാണ് ബോർഡുകൾ സ്ഥാപിക്കുകയും ജപ്തി നടപടികളിലേക്ക് പോകുകയുമൊക്കെ ചെയ്യുന്നത്. ഇത് കോടതി നടപടികളുടെ ഭാഗമായി ചെയ്യുന്നതാണ്. സഹകരണ ബാങ്കുകൾ അങ്ങനെ ചെയ്യുന്നില്ല.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരള ബാങ്കിന്റെ സ്ഥിര നിക്ഷേപത്തിൽ 80 ശതമാനവും പ്രാഥമിക സഹകരണ സംഘങ്ങളുടേതാണ്. ഇതിന്റെ ഫലമായി കേരള ബാങ്കിന്റെ cost of deposit ധാരാളമായി വർധിക്കുന്നുണ്ട്. അത് പരിഹരിക്കണമെങ്കിൽ സർക്കാരിന്റെയും കോർപറേഷനുകളുടെയും ബോർഡുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഡെപ്പോസിറ്റ് കേരള ബാങ്കിലേക്ക് കൊണ്ടുവരണം. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ? റിസ്ക് ഫണ്ടിൽനിന്ന് നിലവിൽ സഹായം ലഭിക്കുന്നില്ല. അത് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, low cost deposit സ്വീകരിക്കുന്നതിനാവശ്യമായ നടപടി കേരള ബാങ്ക് സ്വീകരിച്ചിട്ടുണ്ട്.

അതിന്റെ ഫലമായി CASA (Current Account and Savings Account) നിക്ഷേപത്തിൽ വലിയ വർധനയുണ്ടാകുകയും ചെയ്തിട്ടുണ്ട്. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഗവൺമെന്റ് സ്ഥാപനങ്ങളുടെയും ഡെപ്പോസിറ്റ് കേരള ബാങ്കിലേക്ക് കൊണ്ടുവരുന്നതിന് ശ്രമിക്കുന്നുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട് മണ്ഡലത്തിൽ കാവാലം പഞ്ചായത്തിലെ ഒരു ചെറുപ്പക്കാരൻ മരിച്ച വിവരം ഞാൻ കഴിഞ്ഞ ദിവസം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ ജപ്തി നോട്ടീസ് പതിച്ചിരിക്കുകയാണ്. ഇതിനൊരു പരിഹാരം കാണുന്നതിനും ഇക്കാര്യത്തിൽ കുട്ടനാടിന് പ്രത്യേക പരിഗണന നൽകുന്നതിനും സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കുട്ടനാടിന് പ്രത്യേക പാക്കേജ് നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കഴിയുന്ന തരത്തിലുള്ള ആശ്വാസ നടപടികളുമായി മുന്നോട്ടുപോകാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സർഫാസി ആക്ടിന്റെ ഭാഗമായി ബാങ്കുകൾ വീടുകൾ ജപ്തി ചെയ്യുന്നതിനെതിരെ വലിയ പ്രക്ഷോഭം

കേരളത്തിൽ ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സഹകരണ മേഖല മാതൃക കാണിക്കണമെന്ന നിലപാട് സ്വീകരിച്ചിരുന്നു. അതിന്റെ ഭാഗമായി വീട് ജാമ്യം വച്ചിട്ടുണ്ടെങ്കിൽ അത് ജപ്തി ചെയ്യാൻ പാടില്ല. ആ വീട്ടിലുള്ളവർക്ക് അവിടെ താമസിക്കാനുള്ള അവകാശമുണ്ട്. അവരെ വഴിയാധാരമാക്കുന്ന നിലപാട് സ്വീകരിക്കാൻ പാടില്ല. അത്തരത്തിലുള്ള നിലപാട് സ്വീകരിക്കണമെന്ന് നേരത്തെ നിർദ്ദേശിച്ചിട്ടുള്ളതാണ്. അത് കർശനമായി പാലിക്കാൻ എല്ലാ സഹകരണ സ്ഥാപനങ്ങളും തയ്യാറാകണമെന്ന് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പഴയ ജില്ലാ ബാങ്കും ഇന്നത്തെ കേരള ബാങ്കും പാലക്കാടുള്ള പതിനായിരക്കണക്കിന് നെൽകർഷകർക്ക് വലിയ ആശ്വാസമായിരുന്നു. പതിനൊന്ന് വർഷക്കാലം നെല്ലിന്റെ വില വളരെ വേഗം അവരുടെ കൈകളിലെത്തിച്ച് കൊടുത്ത പാരമ്പര്യമാണ് നമ്മുടെ സഹകരണ മേഖലയ്ക്കുള്ളത്. എന്നാൽ ഇപ്പോൾ അക്കാര്യത്തിൽ ദേശീയ ബാങ്കുകൾ നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിക്കുന്നത്. അതിനാൽ കേരള ബാങ്ക് തന്നെ പഴയതുപോലെ ഈ ചുമതല ഏറ്റെടുക്കാൻ

തയ്യാറാകണം. കർഷകരെ ബാധിക്കുന്ന ഇക്കാര്യത്തിൽ ഇടപെടാൻ സന്നദ്ധമാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് ആലോചനകൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ടി വിഷയത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ എസ്.ബി.ഐ.-യും കാനറാ ബാങ്കും ഫെഡറൽ ബാങ്കും ചേർന്നുള്ള കൺസോർഷ്യമാണ് ആ ചുമതല നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ മാറിയപ്പോഴുണ്ടായ പ്രശ്നമാണ് കർഷകർക്കുണ്ടായത്. അത് തിരിച്ച് കേരള ബാങ്കിലേക്ക് കൊണ്ടുവരണമെന്നതാണ് ഗവൺമെന്റിന്റെയും അഭിപ്രായം.

ശ്രീ. പി. ടി. എ. റഹീം: സർ, ചില കർമ്മ പദ്ധതികൾ തയാറാക്കിയതായി അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. അടുത്ത ഒരു വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതികൾ എന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അടുത്ത ഒരു വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതി തയ്യാറാക്കി ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതൊരു on

going project ആണ്. ബിസിനസ്സ് വർധിപ്പിക്കുക, കാർഷിക മേഖലയുടെ പുനരുദ്ധാരണവും ന്യൂ ജനറേഷൻ ബാങ്കിന്റെ വ്യാപനവും പ്രവർത്തനവും ഉയർത്തിക്കൊണ്ടുവരിക, റിക്കവറി ശക്തിപ്പെടുത്തുക എന്നിവ ഉൾപ്പെടെയുള്ള ക്യാമ്പയിനാണ് കർമ്മ പദ്ധതിയായി തയ്യാറാക്കിയിട്ടുള്ളത്. തത്ഫലമായി നല്ല റിസൾട്ടാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എച്ച്. സലാം: സർ, പ്രാഥമിക സഹകരണ സംഘത്തിന്റെയും കേരള ബാങ്കിന്റെയും പലിശ നിരക്കിലുള്ള വ്യത്യാസംമൂലം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ചില പ്രയാസങ്ങളുണ്ടാകുന്നുണ്ട്. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആർ.സി.എസ്. (Registrar of Co-operative Societies)-ന്റെ നിയന്ത്രണത്തിലുള്ള പലിശ നിർണ്ണയ കമ്മിറ്റിയായിരുന്നു പ്രാഥമിക സഹകരണ സംഘത്തിനെയും കേരള ബാങ്കിനെയും നിയന്ത്രിച്ചിരുന്നത്. ആർ.ബി.ഐ. നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേരള ബാങ്ക് പലിശ നിരക്ക് സ്വതന്ത്രമായി തീരുമാനിച്ചത്. പലിശ നിരക്കിലെ വ്യത്യാസം നികത്തുന്നതിനുവേണ്ടിയുള്ള

കൂടിയാലോചനയ്ക്ക് തീയതി നിശ്ചയിച്ചിട്ടുണ്ട്.

വൈദ്യുതോല്പാദന രംഗത്ത് നടപ്പാക്കിയ പരിഷ്കരണങ്ങൾ

3 (*33) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയതു പ്രകാരം
(ശ്രീ. കെ. ബാബു (നെന്മാറ)):
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതോല്പാദന രംഗത്ത് നടപ്പാക്കിയിട്ടുള്ള പരിഷ്കരണങ്ങളുടെയും പദ്ധതികളുടെയും ഫലമായി സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതോല്പാദനത്തിൽ വർധനയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2021 മുതൽ 2024 വരെയുള്ള കാലയളവിൽ സ്ഥാപിത ശേഷിയിലുണ്ടായ വർധനവ് എത്രയാണെന്ന് അറിയിക്കുമോ;

(സി) 2030-ൽ 10000 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ&ബി) സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1360.75 മെഗാവാട്ടിന്റെ വർധനയുണ്ടായിട്ടുണ്ട്. ഇതിൽ, 148.5 മെഗാവാട്ട് ജലവൈദ്യുത പദ്ധതികൾവഴിയും 1211 മെഗാവാട്ട് സൗരോർജ നിലയങ്ങൾവഴിയും 1.25 മെഗാവാട്ട് കാറ്റിൽനിന്നുള്ള വൈദ്യുതി ഉല്പാദന നിലയങ്ങൾവഴിയുമാണ്.

ആഭ്യന്തരോല്പാദനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 148.55 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് കഴിഞ്ഞ 2021 മുതൽ 2024 വരെ പൂർത്തിയാക്കിയത്. ഇതിൽ വൈദ്യുതി ബോർഡ് നേരിട്ട് 132 മെഗാവാട്ടും എനർജി മാനേജ്മെന്റ് സെന്റർ മുഖേന സ്വകാര്യ സംരംഭകർവഴി 16.55 മെഗാവാട്ടും പൂർത്തിയാക്കിയിട്ടുണ്ട്. അപ്പർ കല്ലാർ (2 മെഗാവാട്ട്), പൊരിങ്ങൽകുത്ത് (24 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), പള്ളിവാസൽ വിപുലീകരണ പദ്ധതി (60 മെഗാവാട്ട്-ട്രയൽ റൺ പുരോഗമിക്കുന്നു) എന്നിവയാണ് വൈദ്യുതി ബോർഡ് പൂർത്തിയാക്കിയ പദ്ധതികൾ. ആനക്കാംപൊയിൽ (8 മെഗാവാട്ട്), അരിപ്പാറ (4.5

മെഗാവാട്ട്), മുക്കുടം (4 മെഗാവാട്ട്) എന്നിവയാണ് സ്വകാര്യ സംരംഭകർ മുഖേന പൂർത്തിയാക്കിയ പദ്ധതികൾ.

127.536 മെഗാവാട്ട് ശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

92 MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ളവ) വിവിധ ഘട്ടങ്ങളിലാണ്.

ഇടുക്കി സുവർണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജലവൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്.

സംസ്ഥാനത്ത് ആഭ്യന്തര ഉൽപാദനശേഷി വർധിപ്പിക്കുന്നതിന് ജലവൈദ്യുത പദ്ധതികൾ, സോളാർ, കാറ്റാടിപ്പാടങ്ങൾ തുടങ്ങിയ വിവിധ

സാധ്യതകൾ ആരായുന്നുണ്ട്. സൗരോർജ നിലയങ്ങളുടെയും കാറ്റാടി പാടങ്ങളുടെയും പ്രധാന ന്യൂനത ഊർജ ആവശ്യകത കൂടിയ സമയത്ത് ഇവയുടെ ലഭ്യത ഉറപ്പുവരുത്താൻ സാധിക്കില്ല എന്നതാണ്. ഇതിനായി സംസ്ഥാനത്ത് സംഭരണശേഷിയുള്ള ജലവൈദ്യുത നിലയങ്ങളും പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ആവശ്യമാണ്. ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

നിർമ്മാണം പുരോഗമിക്കുന്നതും പുതിയ പദ്ധതികളും ഉൾപ്പെടെ വൻകിട/ചെറുകിട ജലവൈദ്യുത പദ്ധതികൾ മുഖേന 1582 MW അധിക ഉൽപാദനശേഷി 2030-ഓടുകൂടി ലക്ഷ്യമിടുന്നു.

അധികമായി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പുരപ്പുറ സൗര നിലയങ്ങൾ, സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിങ് സോളാർ, കാറ്റാടി നിലയങ്ങൾ എന്നീ പുനരുപയോഗ ഊർജ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 54.1 MW ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുതോല്പാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 51 MW സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ നിന്നാണ് ഉല്പാദിപ്പിക്കുന്നത്.

സ്വകാര്യ മേഖലയിലൂടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് സുഗമമായി നടപ്പാക്കാനായി നവീകരിച്ച ചെറുകിട ജലവൈദ്യുത നയത്തിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

അതിനോടൊപ്പം സ്വകാര്യ-സഹകരണ മേഖലകളെ പ്രയോജനപ്പെടുത്തി പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കാനുള്ള നയരൂപീകരണ പ്രക്രിയയിലാണ്.

വൈദ്യുതി ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനായി അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു:

1. സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പാക്കുന്നു.

2. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്നതാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

3. സർക്കാർ ഫണ്ടുപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

4. സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നു. സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

5. പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

6. പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

7. വിദൂര ആദിവാസി കോളനികളിൽ വിൻഡ്/സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

8. പി.എം. കുസും പദ്ധതിയിലൂടെ കാർഷിക പമ്പുകൾ സൗരോർജവൽക്കരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി നേടിയതിൽനിന്നും ഇതുവരെ 11.5 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്.

9. ഇ-മൊബിലിറ്റി പദ്ധതിയുടെ ഭാഗമായി പബ്ലിക് EV ചാർജിങ് സ്റ്റേഷനുകളിൽനിന്ന് സൗരോർജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ഒരുക്കുന്ന സൗരോർജ സംവിധാനത്തിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു.

(സി) 2030-ൽ 10000 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുകയെന്ന

ലക്ഷ്യവുമായി ബന്ധപ്പെട്ട് 127.536 MW മൊത്തം സ്ഥാപിതശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ, 92 MW-ന്റെ മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജലവൈദ്യുത പദ്ധതികളും വിഭാവന ചെയ്തിട്ടുണ്ട്. ടി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായുള്ള ഇൻവെസ്റ്റിഗേഷൻ, പി.എഫ്.ആർ. തയ്യാറാക്കൽ, ഡി.പി.ആർ. തയ്യാറാക്കൽ, സ്ഥലമേറ്റെടുപ്പ് എന്നീ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ, ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പുചെയ്ത് വൈദ്യുതി ഉല്പാദനം സാധ്യമാക്കുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതിൽ 2 പദ്ധതികൾ (മഞ്ഞപ്പാറ, മുതിരപ്പുഴ) നടപ്പിലാക്കുന്നതിന് സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും 2030-ഓടു കൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2030-ൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത 10000 MW എത്തിയാലും അത് നിറവേറ്റാനുതകുംവിധം ആഭ്യന്തരോല്പാദനം

വർധിപ്പിക്കാനും സ്റ്റോറേജ് സംവിധാനം ഉറപ്പുവരുത്താനും സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർധിപ്പിക്കുന്നതിനും അതോടൊപ്പം അത്രയും വൈദ്യുതി സംസ്ഥാനത്തുടനീളം തടസ്സരഹിതമായി എത്തിക്കാനാകുംവിധം പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്താനുമാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്. ഇതിനുപുറമെ, വരുംവർഷങ്ങളിൽ ഏകദേശം 1500 MW വൻകിട ജലവൈദ്യുത പദ്ധതികളിൽനിന്നും കണ്ടെത്താനുദ്ദേശിക്കുന്നു. 800 MW സ്ഥാപിതശേഷിയുള്ള ഇടുക്കി പദ്ധതിയുടെ രണ്ടാംഘട്ടം, 240 MW ശേഷിയുള്ള ലക്ഷ്മി പദ്ധതി, 450 MW ശേഷിയുള്ള ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതി എന്നിവയ്ക്കുപുറമെ പതിനഞ്ചോളം മറ്റ് ജലവൈദ്യുത പദ്ധതികളും പരിഗണനയിലുണ്ട്.

ഈ കാലയളവിനുള്ളിൽ 450 MW വരെ കാറ്റാടി നിലയങ്ങളിൽനിന്ന് കണ്ടെത്താൻ സാധിക്കുമെന്ന് കരുതുന്നു. 2030-ഓടുകൂടി സോളാർ സ്ഥാപിതശേഷി 3000-3500 MW ആകാനിടയുണ്ട്. പകൽസമയം മിച്ച വൈദ്യുതിയും രാത്രികാലങ്ങളിൽ കടുത്ത കമ്മിയും എന്ന സ്ഥിതി വരുംവർഷങ്ങളിൽ കൂടുതൽ പ്രകടമാകുമെന്ന് കരുതുന്നു. ഇത്

കണക്കിലെടുത്ത് സ്റ്റോറേജ് നിലയങ്ങൾ സ്ഥാപിക്കും. വരുംവർഷങ്ങളിൽ പത്ത് നിലയങ്ങളിൽനിന്നായി 3300 MW പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ഏകദേശം 2000 MW/5000 MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് പദ്ധതികളും ആവശ്യാനുസരണം കേരളത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 250 MW/1000 MWh BESS ഉടൻതന്നെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

2030-ൽ 10000 മെഗാവാട്ട് സ്ഥാപിതശേഷി എന്ന ലക്ഷ്യം നിറവേറ്റുന്നതിന് സഹായകരമാംവിധത്തിൽ പുനരുപയോഗ ഊർജ മേഖലയിൽ സൗരോർജ ഉൽപാദനത്തിന് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കുള്ള പ്രധാനമന്ത്രി മുഫ്ത് ബിജ്‌ലി യോജനയും കർഷകർക്കുള്ള പി.എം. കുസും പദ്ധതിയും MNRE-യുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. പി.എം. സൂര്യ ഘർ 31-01-2025 വരെ 248 MW ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. 31-12-2025-ൽ അവസാനിക്കുന്ന പി.എം. കുസും പദ്ധതിയിലൂടെ 17 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൊല്ലം ജില്ലയിൽ NHPC മുഖേന നടപ്പിലാക്കുന്ന വെസ്റ്റ് കല്ലട ഫ്ലോട്ടിങ്ങ് സോളാർ പ്രോജക്ടുവഴി 50 MW കൂടി 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുണ്ട്.

ഗാർഹിക-ഗാർഹികേതര മേഖലയിൽ സബ്സിഡി രഹിത സൗരോർജ പ്ലാന്റ് സ്ഥാപിച്ച് നൽകുന്നതിനായി 100 മെഗാവാട്ടിന്റെ മറ്റൊരു ടെൻഡർ കൂടി വിളിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

ഇതിനുപുറമെ, 500 മെഗാവാട്ടിന്റെ വിൻഡ് എനർജി പദ്ധതികൾ, IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്ത് നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. അതുപോലെ കാറ്റിന്റെ ശക്തി താരതമ്യേന കൂടുതലുള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി/ ഉപയോഗശൂന്യമായ ഭൂമി/ആദിവാസി ഭൂമി എന്നിവയിൽനിന്നും 350 മെഗാവാട്ടിന്റെ വിൻഡ് എനർജി പദ്ധതികൾ, IPP മോഡലിൽ നടപ്പിലാക്കാൻ ടെൻഡർ നടപടികളും തുടങ്ങിക്കഴിഞ്ഞു. ഇതോടൊപ്പം ചെറുകിട കാറ്റാടിയന്ത്രം (2, 3 & 5 KW) പ്രോത്സാഹിപ്പിക്കാൻവേണ്ടി

കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ചെറുകിട കാറ്റാടിയന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

2030-ഓടെ സാധ്യമായ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് ലക്ഷ്യമിടുന്നു. പി.എം. കുസും പദ്ധതിയിലൂടെ ഒരു ലക്ഷം കാർഷിക പമ്പുകൾ സൗരോർജവൽക്കരിക്കുമ്പോൾ ഏകദേശം 380 MW സൗരോർജ നിലയ സ്ഥാപിതശേഷി അധികമായി കൈവരിക്കാൻ സാധിക്കും. ഇതിൽനിന്നും 570 MU അധിക ഊർജം ഉല്പാദിപ്പിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോളാർ വൈദ്യുതി ഉല്പാദനത്തിൽ വലിയ കുതിച്ചുചാട്ടമാണുണ്ടായത്. ഇത് സാധ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ദീർഘകാലമായി നിർമ്മാണം മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികളിൽ പ്രവർത്തനം പുനരാരംഭിച്ചവ കമ്മിഷൻ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ സർക്കാർ സോളാർ പദ്ധതികൾക്ക് എല്ലാവിധ പിന്തുണയും നൽകുന്നുണ്ടെന്ന് വ്യക്തമായി മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പാറശ്ശാല മണ്ഡലത്തിലെ മലയോരമേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന്റെ സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ; അത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പാറശ്ശാല മണ്ഡലത്തിലെ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതികപഠനം പൂർത്തിയാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സബ്സ്റ്റേഷൻ യാഥാർഥ്യമാകുന്നതോടെ ജില്ലയിലെ മലയോരമേഖലയിൽ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാകുന്നതാണ്. ഭരണാനുമതി ലഭ്യമായശേഷം സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എം. മണി: സർ, കർഷകർക്ക് സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനുള്ള PM-KUSUM (Pradhan Mantri Kisan Urja Suraksha evam Utthaan Mahabhiyan) പദ്ധതി വ്യാപകമാക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പി.എം. കുസും പദ്ധതിയിലൂടെ ഏകദേശം ഒരു ലക്ഷം പമ്പുകൾ പ്ലാൻ ചെയ്തതിൽ 50000 പമ്പുകൾക്കുള്ള നടപടികളായിട്ടുണ്ട്. കർഷകർക്ക് അവരുടെ ചെലവും കഴിഞ്ഞ് മിച്ചം തുകയും ലഭിക്കും. അതായത്, 2000/- രൂപ വൈദ്യുതി ചാർജ് അടയ്ക്കുന്ന ഒരു കർഷകന് 8 മാസം കഴിയുമ്പോൾ ഏകദേശം 14000/- രൂപ തിരികെ ലഭിക്കുന്ന രീതിയിലുള്ള പദ്ധതിയാണിത്. കർഷകർക്ക് അധിക വരുമാനം ലഭിക്കുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, 124 വർഷങ്ങൾക്കിടയിൽ ഏറ്റവും ചൂടേറിയ വർഷം 2024 ആയിരുന്നു. അറ്റവേനൽ വറുതിയിൽപ്പോലും ഒരു മിനിട്ട് പവർക്കട്ടില്ലാതെ ഈ സംസ്ഥാനത്തെ മുന്നോട്ടുനയിച്ച ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയെയും വൈദ്യുതി ഉൽപാദനരംഗത്ത് വൻതോതിൽ

വളർച്ചയുണ്ടാക്കുന്നതിന് നേതൃത്വം നൽകിയ എൽ.ഡി.എഫ്. സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സൗജന്യമായി പുരപ്പുറ സൗരോർജ പദ്ധതി നടപ്പാക്കുന്ന ഹരിത ഊർജ വരുമാന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കേരള സർക്കാർ നടപ്പാക്കിയ ഹരിത ഊർജ വരുമാന പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് രാജ്യത്താകമാനം നടപ്പാക്കുന്നത് അഭിമാനാർഹമാണ്. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് അനെർട്ട് മുഖേന സൗജന്യമായി ലഭ്യമാക്കുന്നതാണ് ഹരിത ഊർജ വരുമാന പദ്ധതി. ഇതിലൂടെ, ഈ വിഭാഗത്തിന് പ്രതിവർഷം പതിനായിരം രൂപയോളം വരുന്ന സ്ഥിരവരുമാനവും ലഭ്യമാകുന്നതാണ്. ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ച 715 വീടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചും പട്ടികജാതി വകുപ്പ് നിർമ്മിച്ച് നൽകിയ 305 വീടുകളിൽ 3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ പട്ടികജാതി വകുപ്പിന്റെ ധനസഹായത്തോടെയും സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ

40% സബ്സിഡി തുകയും ബാക്കി സംസ്ഥാന സർക്കാരിന്റെ വികസന ഫണ്ടും വിനിയോഗിച്ചാണ് പദ്ധതി നടപ്പാക്കിവരുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിന് ഇതുവരെ കേന്ദ്രവിഹിതമായി 4,55,83,040/- രൂപയും സംസ്ഥാന വിഹിതമായി 10,90,44,450/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എ. പ്രഭാകരൻ: സർ, ഡാമുകളിൽ കെട്ടിക്കിടക്കുന്ന ഉപയോഗശൂന്യമായ വെള്ളത്തിൽ ഫ്ലോട്ടിങ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആലോചിച്ചിട്ടുണ്ടോ? പടിഞ്ഞാറെ കല്ലടയിൽ വെള്ളക്കെട്ട് ഫ്ലോട്ടിങ് സോളാർ പദ്ധതി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് ഡാമുകളിൽക്കൂടി ഇത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പദ്ധതിക്കുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്. മറ്റ് ഡാമുകളിലും ഫ്ലോട്ടിങ് സോളാർ സ്ഥാപിക്കുന്നത് പരിശോധിക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സർക്കാർ അധികാരത്തിൽവന്നശേഷം മൂന്ന് തവണയാണ് വൈദ്യുതി ചാർജ്

വർധിപ്പിച്ചത്. അതിലൂടെ കേരളത്തിലെ ജനങ്ങളുടെ തലയിൽ 7500 കോടി രൂപയാണ് വൈദ്യുതി ചാർജായി അടിച്ചേൽപ്പിച്ചത്. ഒരു യൂണിറ്റ് വൈദ്യുതി 4.69/- രൂപയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ദീർഘകാല കരാർ റദ്ദാക്കി ഒരു യൂണിറ്റ് വൈദ്യുതി 10-14 രൂപയ്ക്ക് പുറത്തുനിന്നും വാങ്ങി കേരളത്തിലെ ജനങ്ങളുടെ തലയ്ക്ക് ഇരുട്ടടിയാണ് നൽകിയത്. എന്തുകൊണ്ടാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ദീർഘകാല കരാർ റദ്ദാക്കിയത്; എന്തിനാണ് അദാനി, ജിൻഡാൽ (Jindal) തുടങ്ങിയ ഇന്ത്യയിലെ കുത്തക കമ്പനികൾക്ക് കേരളത്തെ കൊള്ളയടിക്കാനുള്ള അവസരം നൽകിയത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള വൈദ്യുതി ചാർജ് വർധനയേക്കാൾ കൂടുതൽ യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പകൽസമയത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജിൽ 10% കുറവുവരുത്തിയതിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം യാതൊന്നും സൂചിപ്പിച്ചില്ല. യു.ഡി.എഫ്-ന്റെ കാലത്തെ ദീർഘകാല കരാർ റദ്ദാക്കിയത്

എൽ.ഡി.എഫ്. സർക്കാരല്ല, കേരള സ്റ്റേറ്റ് വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. അതിനെതിരെ സർക്കാർ നൽകിയ അപ്പീൽ ഇപ്പോൾ ബഹുമാനപ്പെട്ട APTEL (Appellate Tribunal for Electricity)-യുടെ പരിഗണനയിലാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, യഥാർഥത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായിരുന്ന ദീർഘകാല കരാറിന് വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അനുമതിയുണ്ടായിരുന്നില്ല. റഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതെ കരാർ നടപ്പാക്കാൻ പാടില്ലാത്തതാണ്. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ക്യാബിനറ്റ് ഈ പ്രശ്നം ഗൗരവമായി ചർച്ച ചെയ്യുകയും കുറഞ്ഞ വിലയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതി നഷ്ടപ്പെടുന്നത് കടുത്ത പ്രയാസം സൃഷ്ടിക്കുമെന്നതുകൊണ്ട് അത് തുടരട്ടെയെന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്തു. അങ്ങനെ അത് തുടർന്നുവരുമ്പോഴാണ് റഗുലേറ്ററി കമ്മീഷൻ ഈ കരാർ റദ്ദാക്കുന്ന നടപടിയെടുത്തത്. അതിനെതിരെ ഗവൺമെന്റ് ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ട്, ഇപ്പോഴും

ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതാണ് വസ്തുത.

ഡോ. എൻ. ജയരാജ്: സർ, ഡൊമസ്റ്റിക് സോളാർ പ്ലാന്റുകളിൽ അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ നടപ്പാക്കാൻ ശ്രമിക്കുമോ; അങ്ങനെ ചെയ്താൽ ഉപഭോക്താക്കൾക്കും വൈദ്യുതി ബോർഡിനും എന്ത് പ്രയോജനമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഡൊമസ്റ്റിക് സോളാർ പ്ലാന്റുകളിൽ അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് കൊടുക്കുന്നുണ്ട്. വൈകുന്നേരങ്ങളിൽകൂടി ടി സൗകര്യം ലഭിക്കുന്ന തരത്തിൽ ബാറ്ററി സ്റ്റോറേജും പമ്പ്ഡ് സ്റ്റോറേജും സ്ഥാപിക്കാനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. 500 മെഗാവാട്ടിന്റെ ബാറ്ററി സ്റ്റോറേജ് സംവിധാനത്തിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിച്ചിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ചില അവ്യക്തതകളുണ്ട്. ഉമ്മൻ ചാണ്ടി

സർക്കാരിന്റെ കാലത്ത് ഒരു യൂണിറ്റ് വൈദ്യുതിക്ക് 4.29/- രൂപ നിരക്കിൽ 25 വർഷത്തേക്ക് വൈദ്യുതി വാങ്ങാനുള്ള ദീർഘകാല കരാറുണ്ടാക്കിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏഴ് വർഷം തുടർച്ചയായി അതേ നിരക്കിൽ വൈദ്യുതി വാങ്ങുകയും ചെയ്തു. വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കരാർ റദ്ദാക്കിയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. റഗുലേറ്ററി കമ്മീഷനിലെ അംഗങ്ങളായ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എം. മണി, അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി, സി.പി.ഐ. (എം)-ന്റെ സംഘടനാ പ്രസിഡന്റ് എന്നിവരാണ് ടി കരാർ റദ്ദാക്കിയത്. 4 രൂപ 29 പൈസയ്ക്ക് 25 വർഷത്തേയ്ക്ക് വൈദ്യുതി വാങ്ങാനുള്ള കരാർ റദ്ദാക്കിയതിനുശേഷം നിലവിൽ ഒരു യൂണിറ്റിന് 8 രൂപ മുതൽ 14 രൂപ 30 പൈസവരെ നൽകിയാണ് വൈദ്യുതി വാങ്ങിക്കൊണ്ടിരിക്കുന്നത്. അതിലൂടെ പ്രതിദിനം 15 മുതൽ 20 കോടി രൂപ വരെയാണ് വൈദ്യുതി ബോർഡിന് നഷ്ടം സംഭവിക്കുന്നത്. നേരത്തെ വൈദ്യുതി ബോർഡിനുണ്ടായിരുന്ന 1,000 കോടി രൂപയുടെ നഷ്ടം 45,000 കോടി രൂപയായി വർധിപ്പിച്ച് അത് മുഴുവൻ പാവപ്പെട്ടവരുടെ തലയിൽ വൈദ്യുതി

ചാർജായി കെട്ടിവച്ച് 7,500 കോടി രൂപ ഈടാക്കുന്നത് ശരിയാണോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയല്ല. ടെൻഡർ നടപടികളിലെ സാങ്കേതിക അപാകതകൾ മനസ്സിലാക്കിയാണ് റഗുലേറ്ററി കമ്മീഷൻ ടി കരാർ റദ്ദാക്കിയത്. വൈദ്യുതി ബോർഡിന് സംഭവിച്ച നഷ്ടം കണക്കിലെടുത്ത് അതിനെതിരെ കെ.എസ്.ഇ.ബി.എൽ., APTEL-ൽ അപ്പീൽ കൊടുത്തിട്ടുണ്ട്. കേസ് ബഹുമാനപ്പെട്ട APTEL-ന്റെ പരിഗണനയിലാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ പറഞ്ഞതിൽ ഒരു അവ്യക്തതയുമില്ല. യഥാർഥത്തിൽ ഈ കരാറിന് റഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ലഭിക്കേണ്ടതായിരുന്നു. എന്നാൽ, റഗുലേറ്ററി കമ്മീഷന്റെ അംഗീകാരമില്ലാതെ 2011-16 കാലത്ത് സർക്കാർ ഉത്തരവ് പ്രകാരം വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ കരാറിൽത്തന്നെ സ്വാഭാവികമായും എതിർക്കപ്പെടേണ്ട ചില കാര്യങ്ങളുണ്ടായിരുന്നെങ്കിലും വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നുവെന്ന കാരണത്താൽ അതിലേയ്ക്കൊന്നും ഞങ്ങൾ കടന്നില്ല. അത് ഒഴിവാക്കാൻ കഴിയില്ലെന്ന നിലപാടാണ് ഞങ്ങൾ

സ്വീകരിച്ചത്. എന്നാൽ റഗുലേറ്ററി കമ്മീഷൻ ടി കരാർ റദ്ദുചെയ്തു. അത് സർക്കാർ അംഗീകരിക്കുകയല്ല ചെയ്തത്. അതിനെതിരെ മന്ത്രിസഭ തീരുമാനമെടുത്തു, ഇപ്പോൾ നിയമപോരാട്ടത്തിലുമാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, വൈദ്യുതി പ്രസരണ-വിതരണ രംഗത്ത് കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി വലിയ മുന്നേറ്റമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പുതിയ സബ്സ്റ്റേഷനുകളും വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്ന മേഖലകളിൽ ത്രീ ഫേസ് ലൈനുകളും സ്ഥാപിച്ച് നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ വൈദ്യുതി വിതരണം കാര്യക്ഷമമായി നടന്നുവരികയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കുത്തുപറമ്പ് ബ്ലോക്കിൽ തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ കല്ലിക്കണ്ടിയിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച നടത്തി ഏകദേശ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അത് എന്നത്തേയ്ക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കല്ലിക്കണ്ടി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച

സാങ്കേതിക പഠനം പൂർത്തിയാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിരിക്കുകയാണ്.

കേരള ഫിനാൻഷ്യൽ കോർപറേഷന്റെ നിക്ഷേപം

4 (*34) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപറേഷൻ ആർ.സി.എഫ്.എൽ. എന്ന കമ്പനിയുടെ കടപ്പത്രങ്ങളിൽ (എൻ.സി.ഡി.) നിക്ഷേപിക്കുന്നതിനു മുമ്പ് ഈ കടപ്പത്രത്തിന് സെബിയുടെയും ആർ.ബി.ഐ.-യുടെയും അംഗീകാരമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) സെബിയുടെയും ആർ.ബി.ഐ.-യുടെയും അംഗീകാരമില്ലാത്ത കടപ്പത്രത്തിൽ ഇപ്രകാരം നിക്ഷേപിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ&ബി) പരിശോധിച്ചിട്ടുണ്ട്. ആർ.ബി.ഐ. (Reserve Bank of India)

നിയന്ത്രണത്തിലുള്ള ഒരു എൻ.ബി.എഫ്.സി. (Non-Banking Financial Company) ആയിട്ടാണ് ആർ.സി.എഫ്.എൽ. (Reliance Commercial Finance Limited) പ്രവർത്തിച്ചിരുന്നത്. ആർ.സി.എഫ്.എൽ. കടപ്പത്രങ്ങൾ ഇറക്കിയത് സെബി (Securities and Exchange Board of India) നിഷ്കർഷിച്ച നിയമങ്ങൾ പാലിച്ചുകൊണ്ടായിരുന്നു. ഈ കടപ്പത്രങ്ങൾ സെബിയുടെ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് Bombay Stock Exchange (BSE)-ൽ ലിസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു. ഇതിനുപുറമേ ആർ.സി.എഫ്.എൽ. പുറത്തിറക്കിയ കടപ്പത്രത്തിന് ആർ.ബി.ഐ./സെബി അംഗീകൃത രണ്ട് റേറ്റിങ് ഏജൻസികളുടെ AAA+ ക്രെഡിറ്റ് റേറ്റിങുമുണ്ടായിരുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരള ഫിനാൻഷ്യൽ കോർപറേഷന്റെ നിക്ഷേപം അംബാനിയുടെ കമ്പനിക്ക് നൽകിയതായി അറിയാൻ കഴിഞ്ഞു. പണം നിക്ഷേപിക്കുന്നതിനുമുമ്പ് ഈ കമ്പനിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; അവിടെനിന്ന് എത്ര ശതമാനം പലിശ ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 9.1% പലിശയ്ക്കാണ്

ആർ.സി.എഫ്.എൽ.-ൽ കേരള ഫിനാൻഷ്യൽ കോർപറേഷൻ പണം നിക്ഷേപിച്ചത്. നിയമപരമായ നടപടിക്രമങ്ങൾ പാലിച്ച്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ തത്വങ്ങളും നിയമങ്ങളും അംഗീകരിച്ചാണ് നിക്ഷേപം നടത്തിയത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സംസ്ഥാനത്ത് ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് കേരള ഫിനാൻഷ്യൽ കോർപറേഷൻ നിരവധി ലോണുകൾ കൊടുത്തിട്ടുണ്ട്. എന്നാൽ, ഈ സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നതായി കാണുന്നില്ല. നിലവിൽ നിരവധി സ്ഥാപനങ്ങൾ ജപ്തി ചെയ്തിട്ടുമുണ്ട്. ജപ്തി ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണ്; ലേലം ചെയ്തിട്ടുണ്ടോ; അവ തുറന്നുപ്രവർത്തിപ്പിക്കാനുള്ള സാഹചര്യങ്ങളൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരള ഫിനാൻഷ്യൽ കോർപറേഷന്റെ നിലവിലെ പ്രവർത്തനങ്ങളെക്കുറിച്ച് വേണ്ടത്ര മനസ്സിലാക്കാതെ മുൻകാലങ്ങളിലെ അവസ്ഥ മനസ്സിൽവച്ചുകൊണ്ടാണ്

ബഹുമാനപ്പെട്ട അംഗം ചോദ്യം ഉന്നയിച്ചത്. കെ.എഫ്.സി. ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നപ്പോൾ അന്നത്തെ മാർക്കറ്റ് റേറ്റ് അധികമായതുകൊണ്ട് ആവറേജ് റേറ്റ് ഓഫ് ഇന്ററസ്റ്റ് 13% വരെയായിരുന്നു. അത് ആദ്യവർഷംതന്നെ 9.5 ശതമാനത്തിലെത്തിച്ചു. എന്നാൽ ഇപ്പോൾ റിപ്പോ റേറ്റുകൾ വർധിച്ചതുകാരണം കുറച്ച് വർധനയുണ്ടായിട്ടുണ്ട്. എങ്കിലും കൊമേഴ്സ്യൽ ബാങ്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെയധികമായിരുന്ന നമ്മുടെ ഇന്ററസ്റ്റ് റേറ്റ് കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. ഏതൊരു സ്ഥാപനത്തെയുംപോലെ കെ.എഫ്.സി.-യിലും കിട്ടാക്കടത്തിന്റെ പ്രശ്നങ്ങളുണ്ട്. എൻ.പി.എ. പരമാവധി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. സംരംഭകരോട് പോസിറ്റീവായ സമീപനം സ്വീകരിക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. വായ്പയെടുത്ത് ദീർഘകാലമായി പണമടയ്ക്കാതിരിക്കുന്നവർക്ക് വൺ ടൈം സെറ്റിൽമെന്റുപോലുള്ള അവസരങ്ങളും നൽകുന്നുണ്ട്. തുടർന്നും അതേ സമീപനമായിരിക്കും സ്വീകരിക്കുന്നത്. 2020-21 കാലഘട്ടത്തിൽ

കെ.എഫ്.സി.-യുടെ ലാഭം 6.58 കോടി രൂപയായിരുന്നു. പലിശ നിരക്ക് കുറച്ചതിലൂടെ കെ.എഫ്.സി.-യുടെ ലാഭം 74.04 കോടി രൂപയായി വർധിപ്പിക്കാൻ സാധിച്ചു. കാർഷിക മേഖലയിലെ 10 കോടി രൂപവരെയുള്ള പ്രോജക്ടിന് 5% പലിശ നിരക്കിൽ കെ.എഫ്.സി. പണം കടം കൊടുക്കുന്നുണ്ട്. കൂടാതെ, 2 കോടി രൂപവരെയുള്ള സ്റ്റാർട്ടപ്പുകൾക്ക് ഗ്യാരന്റിയില്ലാതെ അവരുടെ പ്രോഡക്ടിന്റെയും മറ്റും അടിസ്ഥാനത്തിൽ 5% പലിശ നിരക്കിലും പണം കൊടുക്കുന്നുണ്ട്. ബാക്കിയുള്ളത് കെ.എഫ്.സി.-ക്ക് ഇന്ററസ്റ്റ് സബ്‌വെൻഷനായി സർക്കാർ കൊടുക്കുന്നതാണ്. Non-collateral funding യാഥാർഥ്യമാക്കാനായി പ്രൊഡക്ഷന്റെ അടിസ്ഥാനത്തിൽ സ്റ്റാർട്ടപ്പുകൾക്ക് നൽകിയിരുന്ന 10 കോടി രൂപ 15 കോടി രൂപയാക്കി വർധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം ബജറ്റിലും വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എഫ്.സി.-യുടെ മൂലധനത്തിനുവേണ്ടി 300 കോടി രൂപയാണ് അധികമായി വർധിപ്പിച്ചത്. ഇപ്രാവശ്യത്തെ ബജറ്റിൽ 200 കോടി രൂപകൂടി നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ മൂലധനത്തിന്റെ കാര്യത്തിൽ

കെ.എഫ്.സി. ഇപ്പോൾത്തന്നെ 776 കോടി രൂപയിലേക്കെത്തിയിട്ടുണ്ട്. 4,500 കോടി രൂപയായിരുന്ന ബോറോയിങ്ങ് 7,500 കോടി രൂപയിലെത്തിയിട്ടുണ്ട്. അത് 10,000 കോടി രൂപയിലെത്തിക്കുന്നതിനാണ് ശ്രമിക്കുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കെ.എഫ്.സി.-യുടെ വ്യവസ്ഥയനുസരിച്ച് ഏതെങ്കിലും സെക്യൂരിറ്റിയിൽ നിക്ഷേപിക്കുന്നതിന് ബോർഡ് തീരുമാനം വേണമെന്നുള്ള വ്യവസ്ഥയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അംബാനിയുടെ ഉടമസ്ഥതയിലുള്ള ആർ.സി.എഫ്.എൽ.-ൽ പണം നിക്ഷേപിക്കുന്നതിന് ബോർഡ് മീറ്റിങ്ങ് കൂടി തീരുമാനമെടുത്തിരുന്നോ എന്നതിനെക്കുറിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. ഇങ്ങനെ നിക്ഷേപിച്ചതിലൂടെ കെ.എഫ്.സി.-ക്ക് എന്ത് നേട്ടമാണുണ്ടായതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പതിനായിരം കോടിയോളം രൂപയാണ് ആർ.സി.എഫ്.എൽ.-ൽ നിക്ഷേപിച്ചിരുന്നത്. ടി നിക്ഷേപത്തിൽ കെ.എഫ്.സി.-യുടെ 60 കോടി രൂപയുമുണ്ടായിരുന്നു.

അനിൽ അംബാനിയുടെ ഉടമസ്ഥതയിലുള്ള Reliance Commercial Finance Ltd (RCFL) സാമ്പത്തികമായി തകരുകയും അത് കെ.എഫ്.സി.-യെ ബാധിക്കുകയും ചെയ്തു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വ്യവസ്ഥയ്ക്കനുസൃതമായാണ് തുക നിക്ഷേപിച്ചിരുന്നത്. കെ.എഫ്.സി. നിക്ഷേപിച്ചതിന്റെ 24.96% തുക തിരിച്ചുതരാമെന്ന് പറഞ്ഞെങ്കിലും കെ.എഫ്.സി. അത് അംഗീകരിച്ചില്ല. ആർ.സി.എഫ്.എൽ.-ന്റെ ആസ്തി ബാധ്യതകൾ ഏറ്റെടുക്കുന്നതിന് നടത്തിയ ടെൻഡറിൽ Authum Investment & Infrastructure Limited എന്ന കമ്പനി തിരഞ്ഞെടുക്കപ്പെടുകയും കെ.എഫ്.സി.-ക്കുമാത്രം നിക്ഷേപത്തിന്റെ 52% തുക മടക്കി നൽകാമെന്ന വാഗ്ദാനം മുന്നോട്ടുവയ്ക്കുകയും ചെയ്തു. ഈ വാഗ്ദാനം നിലനിൽക്കുമ്പോഴും നിക്ഷേപിച്ച മുഴുവൻ തുകയും തിരികെ ലഭിക്കാനുള്ള കേസ് കെ.എഫ്.സി. തുടരുകയാണ്. ബാങ്ക് ഓഫ് ബറോഡയാണ് ഇതിന്റെ തിരിച്ചടവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വം പ്രധാനമായും ഏറ്റെടുത്തിരിക്കുന്നത്. ബാങ്ക് ഓഫ് ബറോഡയും എൽ.ഐ.സി.-യുമുൾപ്പെടെയുള്ള പ്രധാനപ്പെട്ട നാഷണലൈസ്ഡ് ബാങ്കുകളൊക്കെ ഇതിലുൾപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ്

വയ്ക്കുമ്പോൾ ബോർഡിന്റെ അംഗീകാരമുണ്ടായിരുന്നോയെന്ന് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. ALCO (Asset-Liability Committee)-യുടെ ചെയർമാനും ടെക്നിക്കൽ അംഗങ്ങളും പരിശോധിച്ചതിനുശേഷമാണ് വിവിധ ബോർഡുകൾകൂടി തീരുമാനമെടുത്തത്. 2017 മുതൽ കെ.എഫ്.സി. 500 കോടി രൂപ സമാഹരിക്കാൻ ആലോചിക്കുകയാണ്. ഒരുഘട്ടത്തിൽ 250 കോടി രൂപവരെ ലഭിച്ചിരുന്നു. കെ.എഫ്.സി.യുടെ റേറ്റിങ് വർധിപ്പിക്കുന്നതിനുവേണ്ടി ആ തുകയുടെ 20% ശതമാനം മികച്ച റേറ്റിങ്ങുള്ള സ്ഥാപനത്തിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് 9.1% പലിശയ്ക്ക് 60 കോടി രൂപ നിക്ഷേപിച്ചത്. ഇത്തരം കാര്യങ്ങളെല്ലാം ബോർഡിന്റെ അംഗീകാരത്തോടുകൂടിയാണ് ചെയ്തത്. ബോർഡ് ഏൽപ്പിച്ച അസറ്റ് ആൻഡ് ലയബിലിറ്റി മാനേജ്മെന്റ് കമ്മിറ്റി പലതവണ ചർച്ച ചെയ്തശേഷം തീരുമാനമെടുക്കുകയും 18-06-2018-ൽ നടന്ന ബോർഡ് മീറ്റിങ്ങിൽ റിപ്പോർട്ട് ചെയ്യുകയും അത് അംഗീകരിക്കുകയും ചെയ്തു. നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. 2018-ൽ ILFS (Infrastructure Leasing & Financial Services) പോലുള്ള ഇന്ത്യയിലെ പല പ്രമുഖ

സ്ഥാപനങ്ങളും തകർച്ച നേരിട്ട ഘട്ടത്തിലാണ് ടി കമ്പനിയും തകർന്നത്. തുക നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർണമായും പാലിച്ചിട്ടുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, ആർ.സി.എഫ്.എൽ.-ൽ ഏകദേശം പതിനായിരം കോടിയോളം രൂപയുടെ നിക്ഷേപമുണ്ടെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. കെ.എഫ്.സി. നിക്ഷേപം നടത്തിയ സമാന കാലയളവിൽ മറ്റേതെങ്കിലും സംസ്ഥാന സർക്കാരുകളുടെ ഏജൻസികൾ ആർ.സി.എഫ്.എൽ.-ൽ നിക്ഷേപം നടത്തിയിട്ടുണ്ടോ; എന്തുകൊണ്ടാണ് 2018-19, 2019-20 എന്നീ വർഷങ്ങളിലെ കെ.എഫ്.സി.-യുടെ ആനുവൽ റിപ്പോർട്ടിൽ ആർ.സി.എഫ്.എൽ. നിക്ഷേപത്തെപ്പറ്റി വ്യക്തമായ പരാമർശമുണ്ടാകാത്തത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 'ബാങ്കുകളുമായുള്ള ടേം ഡെപ്പോസിറ്റ്' എന്ന തലക്കെട്ടിൽ വാർഷിക റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2018-ൽ കെഡ്രിറ്റ് റേറ്റിങ് മെച്ചപ്പെടുത്തലിന്റെ ഭാഗമായി 60.80 കോടി രൂപ ആർ.സി.എഫ്.എൽ.-ൽ നിക്ഷേപിച്ചപ്പോൾ

ടേം ഡെപ്പോസിറ്റുകൾ/എൻ.ഡി.സി. എന്ന തലക്കെട്ടിൽ വാർഷിക റിപ്പോർട്ടിലുൾപ്പെടുത്തി. തുടർന്ന് എല്ലാ വർഷവും ഇത് വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ന്യൂ ജനറേഷൻ ബിസിനസ്സുകളുമായി ബന്ധപ്പെട്ട് യുവാക്കൾക്കുവേണ്ടി ടി കമ്പനി പ്രത്യേകമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, യുവാക്കൾക്കുവേണ്ടി ഏറ്റവും കൂടുതൽ പദ്ധതികൾ പ്രഖ്യാപിക്കുന്ന ധനകാര്യ സ്ഥാപനമാണ് കെ.എഫ്.സി. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിലൂടെ 5% പലിശ നിരക്കിൽ സർക്കാർ സബ്സിഡിയോടെ ണ്ട് കോടി രൂപവരെ വായ്പ നൽകുന്നുണ്ട്. സ്റ്റാർട്ടപ്പായതുകൊണ്ട് അവർ ചെയ്യുന്ന കാര്യങ്ങൾ നന്നായി പോകുമോയെന്ന് പ്രത്യേക കമ്മിറ്റി പരിശോധിച്ചശേഷമാണ് വായ്പ നൽകുന്നത്. അവർക്ക് ഗ്യാരന്റി കൊടുക്കാനില്ലാത്തതുകൊണ്ട് എന്തുചെയ്യുമെന്ന പ്രശ്നം ഉന്നയിച്ചിരുന്നു. അത്തരം കാര്യങ്ങൾക്ക് ഇളവ്

നൽകി പ്രോഡക്ടുമായി ബന്ധപ്പെടുത്തി പ്രത്യേക സംവിധാനമുണ്ടാക്കി പണം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ നൂതന സംരംഭങ്ങൾ ആരംഭിക്കാൻ 10 കോടി രൂപവരെ 5% പലിശ നിരക്കിൽ നൽകുന്നുണ്ട്. ഈ വർഷത്തെ ബജറ്റിൽ ടൂറിസത്തിന്റെ ഭാഗമായി ഹോട്ടൽ ക്ലസ്റ്ററുകൾ നിർമ്മിക്കുന്നതിന് പലിശ സബ്സിഡിയോടുകൂടി 50 കോടി രൂപ നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ മേഖലകളിലും ഹോട്ടലുകൾ, കോൺട്രാക്ടർമാരുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ബിൽ ഡിസ്കൗണ്ടിങ് എന്നിവയടക്കം ധാരാളം കാര്യങ്ങൾ കെ.എഫ്.സി. ചെയ്യുന്നുണ്ട്. അതിനാണ് കൂടുതൽ മൂലധനം വേണമെന്ന് പറയുന്നത്. കൂടുതൽ കടം കൊടുക്കണമെങ്കിൽ ക്യാപിറ്റൽ ആഡിക്വസി റേഷ്യോ (CAR) പാലിക്കണം. അതുകൊണ്ടാണ് കെ.എഫ്.സി.-യുടെ മൂലധനത്തിനുവേണ്ടി 300 കോടി രൂപ നൽകിയത്. ഇപ്രാവശ്യത്തെ ബജറ്റിൽ 200 കോടി രൂപകൂടി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുമുണ്ട്. അങ്ങനെവരുമ്പോൾ പുതിയ മേഖലകളിലുൾപ്പെടെ പതിനായിരം കോടി രൂപ നൽകാൻ കഴിയും.

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം

5 (*35) ശ്രീ. ടി. ജെ. വിനോദ് ചൂമതലപ്പെടുത്തിയതു പ്രകാരം

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണി വിലയെക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്താനുണ്ടായ കാരണം വിശദമാക്കുമോ;

(ബി) ആരോഗ്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ആരോഗ്യ വകുപ്പ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണോ ഇപ്രകാരം അന്വേഷണം നടന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ&ബി) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെക്കുറിച്ച് (KMSCL) ഉയർന്നുവന്ന ആരോപണങ്ങൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി HEALTH-B3/312/2021-HEALTH നമ്പർ ഫയലിൽ ആവശ്യപ്പെട്ടതുപ്രകാരമാണ് ധനകാര്യ പരിശോധനാ വിഭാഗം KMSCL-ൽ പരിശോധന നടത്തിയത്.

(സി) പരിശോധന പൂർത്തിയാക്കുകയുണ്ടായി. പരിശോധനാവേളയിൽ നൽകിയ അമ്പതോളം അന്വേഷണക്കുറിപ്പുകൾക്ക് KMSCL അധികൃതർ ലഭ്യമാക്കിയ മറുപടികളും പരിശോധനാവേളയിൽ അന്വേഷണ സംഘം ശേഖരിച്ച ബൃഹത്തായ വിവരങ്ങളും വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കോവിഡ് കാലത്തെ പർച്ചേസുമായി ബന്ധപ്പെട്ട് 10 കോടി രൂപയുടെ ക്രമക്കേടുണ്ടായിട്ടുണ്ടെന്ന് Comptroller and Auditor General (C&AG) കണ്ടെത്തിരിക്കുകയാണ്. 550 രൂപയുടെ പി.പി.ഇ. കിറ്റ് 1500 രൂപയ്ക്ക് വാങ്ങിയെന്നാണ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്.

ഇതുസംബന്ധിച്ച് ധനകാര്യ പരിശോധന ആരംഭിച്ചിരുന്നു. പ്രസ്തുത ധനകാര്യ പരിശോധനയുടെ നിലവിലെ സ്ഥിതിയെന്താണ്; ആ പരിശോധനാ റിപ്പോർട്ട് ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുസംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ആവശ്യപ്രകാരമാണ് അന്വേഷണം ആരംഭിച്ചത്. അവിടത്തെ പർച്ചേസുമായും ഓഫീസ് ഡാറ്റയുമായും ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ് അന്വേഷിക്കുന്നത്, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലുള്ള കാര്യങ്ങളിന്മേലുള്ള അന്വേഷണമല്ല നടത്തുന്നത്. അന്വേഷണത്തിൽ ചില പ്രധാനപ്പെട്ട വിവരങ്ങൾ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിങ്ങിന് ലഭിച്ചിട്ടുണ്ട്. അവ വിശദമായി പരിശോധിച്ച് അടിയന്തര റിപ്പോർട്ട് നൽകുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. പൊതുജനാരോഗ്യം സംരക്ഷിക്കാൻവേണ്ടി നടത്തിയ പർച്ചേസുകളെ ഇതുമായി കൂട്ടിക്കെട്ടുന്നത് ശരിയല്ല. കോവിഡ് കാലഘട്ടത്തിൽ കർണ്ണാടകയിലും കോൺഗ്രസ് ഭരിച്ചിരുന്ന

സംസ്ഥാനങ്ങളിലും നിന്ന് വാങ്ങിയ പി.പി.ഇ. കിറ്റുകൾക്ക് ഉയർന്ന വിലയാണ് ഈടാക്കിയത്. അന്ന് ഇത്തരം സാധനങ്ങൾ കിട്ടുകയെന്നതുതന്നെ വളരെ പ്രയാസമായിരുന്നു. ഇവിടെ ഗവൺമെന്റുതന്നെ അന്വേഷണം നടത്തി ഡീറ്റെയിൽസ് ശേഖരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഉടൻ സമർപ്പിക്കുമെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*)

10.00 am]

II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 717-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: ഓർഡർ... ഓർഡർ... 15-ാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ 08-10-2024-ലെ നക്ഷത്രചിഹ്നമിടാത്ത 717-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള

* അനുബന്ധമായി ചേർത്തിട്ടുണ്ട്

പുതുക്കിയ മറുപടി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പതിനഞ്ചാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിൽ 08-10-2024-ലെ നക്ഷത്രചിഹ്നമിടാത്ത 717-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

10.01 am]

III. ഗവർണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ (8)-ാം ഉപചട്ടപ്രകാരം ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

"I thank the Fifteenth Kerala Legislative Assembly for the Motion of Thanks adopted on 23rd January, 2025 by its Thirteenth Session on my address to the Assembly on 17th January, 2025."

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

10.01 am]

IV. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

കിഫ്ബി

മി. സ്പീക്കർ: സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിച്ച് രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനം താളംതെറ്റുകയും നാളിതുവരെ അംഗീകാരം നൽകിയ പദ്ധതികളിൽ ഭൂരിഭാഗവും പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ റോജി എം. ജോൺ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കിഫ്ബിയെ സംബന്ധിച്ച് ഇവിടെ ഉന്നയിച്ച സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കത്തക്ക വിധത്തിലുള്ള യാതൊരു അടിയന്തര പ്രാധാന്യവുമില്ലാത്തതാണ്. കിഫ്ബി

ജനിക്കുന്നതിന് മുമ്പുതന്നെ അതിനെ കഴുത്തുഞെരിച്ച് കൊല്ലാൻ ശ്രമിച്ചിരുന്ന ആളുകൾ ഇപ്പോൾ ആ കുട്ടിക്ക് കൂടുതൽ പാലും ഹോർളിക്സുമൊക്കെ കൊടുത്ത് കുറച്ചുകൂടി നന്നാക്കേണ്ടതല്ലേയെന്ന് ചോദിക്കുന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. വൈകിയാണെങ്കിലും അവർക്കൊരു തിരിച്ചറിവ് വന്നുവെന്നുള്ളത് നല്ല കാര്യമാണ്. സംസ്ഥാനത്തെ ഒരു ബദൽ വികസന മാതൃക എന്ന നിലയിൽ കിഫ്ബിയെ ശക്തിപ്പെടുത്തുന്നതിനുപകരം അതിന്റെ പ്രവർത്തനങ്ങളെ തകർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് ധൃതരാഷ്ട്രാലിംഗനമാണ്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നില്ലെന്നും പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്നുമൊക്കെയാണ് പ്രതിപക്ഷം പറയുന്നത്. ഒരു ലക്ഷം കോടിയോളം രൂപയുടെ നിക്ഷേപം കൊണ്ടുവരണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് കിഫ്ബി എന്ന ആശയം മുന്നോട്ടുവച്ചത്. കിഫ്ബി ആകെ 87521.36 കോടി രൂപയുടെ 1147 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഭൂമിയേറ്റെടുക്കലിനുമാത്രം 20000 കോടി രൂപയുടെ പദ്ധതിയാണുള്ളത്.

കിഫ്ബി കൊണ്ടുവന്നപ്പോൾ മലർപ്പൊടിക്കാരന്റെ സ്വപ്നം എന്നാണല്ലോ ആക്ഷേപിച്ചത്? കിഫ്ബി മുഖേന ദേശീയപാത-66, കോസ്റ്റൽ ഹൈവേ, ഹിൽ ഹൈവേ, വെസ്റ്റ് കോസ്റ്റ് കനാൽ തുടങ്ങിയ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പരിപാടികൾ ഓരോന്നായി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് എല്ലാവരും അംഗീകരിക്കുന്നതുമാണ്. തങ്ങളുടെ മണ്ഡലങ്ങളിൽ കൂടുതൽ പദ്ധതികൾ വേണമെന്നല്ലാതെ ഇതിന് വെറൊരു പ്രശ്നം പ്രതിപക്ഷവും പറയുന്നില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 50000 കോടി രൂപയുടെ പദ്ധതികളാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ അതിനേക്കാൾ കൂടുതൽ പദ്ധതികൾ ആ സമയത്ത് നൽകിയിട്ടുണ്ട്. ഇപ്പോൾ അത് ഒരു ലക്ഷം കോടി രൂപയിലേക്കെത്തുന്ന അവസ്ഥയിലാണ്. അതിൽനിന്നും പുറകോട്ട് പോയിട്ടില്ല. 67436 കോടി രൂപയുടെ 1140 അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ 38205 കോടി രൂപയുടെ 697 പ്രോജക്ടുകൾ ടെൻഡർ ചെയ്യാനും 18423 കോടി രൂപയുടെ പദ്ധതി/പദ്ധതി ഘടകങ്ങൾ പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതുവരെ 33088 കോടി രൂപ

ചെലവഴിച്ചിട്ടുണ്ട്. ബജറ്റിൽ പറഞ്ഞിട്ടുള്ള മൂലധനച്ചെലവിനേക്കാളും കൂടുതൽ തുകയ്ക്കുള്ള പദ്ധതികൾ ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. കിഫ്ബി മുഖേനയുള്ള വികസന പദ്ധതികൾ 140 മണ്ഡലങ്ങളിലും നടക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ 33104 കോടി രൂപയുടെ 511 പദ്ധതികൾക്കും ജലവിഭവ വകുപ്പിനുകീഴിൽ 6907 കോടി രൂപയുടെ 101 പദ്ധതികൾക്കും ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ 6263 കോടി രൂപയുടെ പദ്ധതികൾക്കും വൈദ്യുതി മേഖലയിലെ ട്രാൻസ്ഗ്രിഡ് 2.0-ന് 5200 കോടി രൂപയുടെ 18 പദ്ധതികൾക്കും തീരദേശ ഷിപ്പിങ് ആൻഡ് ഉൾനാടൻ ജലഗതാഗത വകുപ്പിനുകീഴിൽ 3503 കോടി രൂപയുടെ 18 പദ്ധതികൾക്കും അനുമതി നൽകിക്കഴിഞ്ഞു. ഐ.ടി. വകുപ്പിനുകീഴിൽ 1652 കോടി രൂപയുടെ അഞ്ച് പദ്ധതികൾ, യുവജന ക്ഷേമകാര്യ വകുപ്പിനുകീഴിൽ 879 കോടി രൂപയുടെ 41 പദ്ധതികൾ, ടൂറിസം വകുപ്പിനുകീഴിൽ 619 കോടി രൂപയുടെ 14 പദ്ധതികൾ, ഗതാഗത വകുപ്പിനുകീഴിൽ 609 കോടി രൂപയുടെ 3 പദ്ധതികൾ എന്നിങ്ങനെ എല്ലാ വകുപ്പുകൾക്കും വിവിധതരത്തിൽ ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. ഫിഷറീസ്, തുറമുഖം എന്നീ വകുപ്പുകൾക്കുമാത്രം 524 കോടി

രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കോവളം മുതൽ ബേക്കൽ വരെയുള്ള 616 കിലോമീറ്റർ ദൈർഘ്യമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന് 1420 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രശസ്തമായ താമരശ്ശേരി ചുരത്തിന് ബദലായുള്ള ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണത്തിനായി രണ്ടായിരത്തിലധികം കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. തീരദേശ ഹൈവേയിൽ 600 കിലോമീറ്റർ റോഡ് നിർമ്മാണത്തിനായി 3015.11 കോടി രൂപയാണ് ഇതുവരെ അനുവദിച്ചത്. അതിൽ 11 കിലോമീറ്റർ റോഡിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയായി. 1169 കിലോമീറ്റർ ദൈർഘ്യമുള്ള ഹിൽ ഹൈവേയിൽ 803 കിലോമീറ്ററിന് 3503 കോടി രൂപയുടെ പദ്ധതിക്കാണ് കിഫ്ബി അനുമതി നൽകിയത്. കൊച്ചിയിലെ നഗര പുനരുജ്ജീവനത്തിനുവേണ്ടി 2084 കോടി രൂപയുടെ പദ്ധതി മാറ്റിവച്ചിട്ടുണ്ട്. കിഫ്ബി പിന്നോട്ടല്ല, മുന്നോട്ടുതന്നെയാണ് പോകുന്നത്. ഇതുസംബന്ധിച്ച് പല ഘട്ടങ്ങളിലും ചർച്ച ചെയ്തിട്ടുള്ളതാണ്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, തിരുവനന്തപുരം-മംഗലാപുരം അതിവേഗ ഇടനാഴി എന്നിവയ്ക്കായി നേരത്തെതന്നെ പണം

വകയിരുത്തിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാമുനമ്പ് എന്ന പദ്ധതിക്ക് കിഫ്ബി തത്വത്തിൽ അംഗീകാരം നൽകി, 1000 കോടി രൂപ ഇതിനായി മാറ്റിവയ്ക്കും. വ്യവസായ വകുപ്പും മറ്റ് വകുപ്പുകളുമൊക്കെ വളരെ വിപുലമായ ചില പദ്ധതികളാണ് അവിടെ നടപ്പാക്കുന്നത്. കേരളത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള കാര്യങ്ങളാണ് കിഫ്ബിയിലൂടെ ചെയ്യുന്നത്. നഗരങ്ങളുടെ സൗന്ദര്യവൽക്കരണം, മെച്ചപ്പെട്ട യാത്രാസൗകര്യം എന്നിവയ്ക്കായി 300 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. കേരള, എം.ജി., കൊച്ചി, കാലിക്കറ്റ്, കണ്ണൂർ എന്നീ സർവകലാശാലാ കാമ്പസുകളിലെ വിദ്യാർഥികൾക്കായി 1500 പുതിയ ഹോസ്റ്റൽ മുറികളാണ് നിർമ്മിക്കുന്നത്. കൂടാതെ, 250 ഇന്റർനാഷണൽ ഹോസ്റ്റൽ മുറികൾ നിർമ്മിക്കാനായി 100 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റർ, കേരള ജെനോമിക് ഡാറ്റാ സെന്റർ, ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികവിന്റെ കേന്ദ്രങ്ങൾ, മൈക്രോ ബയോമിന്റെ മികവിന്റെ കേന്ദ്രം, ന്യൂട്രാസ്യൂട്ടിക്കലിന്റെ കേന്ദ്രം, മെഡിക്കൽ ടെക്നോളജി

കൺസോർഷ്യം എന്നിങ്ങനെ വിവിധ പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പരിപാടികളിൽനിന്ന് സർക്കാർ പുറകോട്ട് പോകുന്ന പ്രശ്നമില്ല. ഇതിൽ ഒരു താളം തെറ്റലുമില്ല, താളം തെറ്റിക്കാനുള്ള ശ്രമമുണ്ട്, താളം തെറ്റിക്കുന്നതിന്റെ ശ്വാസംമുട്ടലുമുണ്ട്. എന്നാൽ താളം തെറ്റിക്കാനുള്ള കാര്യങ്ങൾക്കൊപ്പം ബഹുമാനപ്പെട്ട പ്രതിപക്ഷം നിൽക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. കിഫ്ബിയാകെ കുഴപ്പമാണെന്ന് ഇപ്പോൾ ഇവിടെ സ്ഥാപിച്ചിട്ട് എന്താണ് കാര്യം? ഉപക്ഷേപാവതാരകന്റെ മണ്ഡലത്തിൽ മാത്രമല്ല, എല്ലായിടത്തും പദ്ധതികൾ നടക്കുന്നില്ലേ? കേന്ദ്രഗവൺമെന്റിൽനിന്നും നിയമാനുസൃതം ലഭ്യമാകേണ്ട സഹായം സംസ്ഥാനത്തിന് ലഭിക്കുന്നില്ല. ഒരു വർഷം പത്തുപന്ത്രണ്ടായിരം കോടി രൂപയുടെ അധികഭാരം സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇതിന്റെ ഫലമായി നമ്മുടെ ബോറോയിങ്ങിൽ കുറവ് വരികയാണ്. എന്നിട്ടും പദ്ധതികൾ നടപ്പാക്കാതെ നമ്മൾ പുറകോട്ട് പോയിട്ടില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 12000 കോടി രൂപയാണ് ചെലവാക്കിയതെങ്കിൽ

ഇപ്പോൾ ആകെ ചെലവ് 34000-35000 കോടി രൂപയാണ്. രണ്ടുവർഷംകൂടി കഴിയുമ്പോൾ അത് ഇരട്ടിയാകും. ഓരോ മണ്ഡലങ്ങളിലെയും സ്വപ്ന പദ്ധതികളുൾപ്പെടെ പൂർത്തീകരിക്കാനും അവയെല്ലാം അതിവേഗം മുന്നോട്ടുകൊണ്ടുപോകാനുമുള്ള എല്ലാ ശ്രമങ്ങളുമുണ്ടാകും.

ശ്രീ. റോജി എം. ജോൺ: സർ, കിഫ്ബി എന്ന കുഞ്ഞിന് ബൂസ്റ്റും പാലും കൊടുക്കണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നതെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ ഡ്രിപ്പ് കൊടുത്ത് കിടത്തേണ്ട അവസ്ഥയിൽ നിന്നും ആ കുഞ്ഞിനെ രക്ഷിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. കാരണം, ബജറ്റിന് പുറത്ത് കടമെടുത്ത് സംസ്ഥാനത്ത് തേനും പാലും ഒഴുക്കുമെന്ന് കൊട്ടിഘോഷിച്ച് രൂപീകരിച്ച കിഫ്ബി ഇന്ന് കേരളത്തിനുതന്നെ വലിയ ബാധ്യതയായി മാറുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ച ബോറോയിങ് ഉൾപ്പെടെ കിഫ്ബി രൂപീകരണവേളയിൽ പ്രതിപക്ഷം ചൂണ്ടിക്കാണിച്ച ആശങ്കകളും മുന്നറിയിപ്പുകളും ശരിയായി വന്നുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നമ്മുടെ

മുന്നിലുള്ളത്. സർക്കാരിന്റെ ധൂർത്തിന്റെയും അഴിമതിയുടെയും പിൻവാതിൽ നിയമനങ്ങളുടെയും കേന്ദ്രമായി കിഫ്ബി മാറിയിരിക്കുകയാണ്. പ്രതിപക്ഷം ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെയെല്ലാം പാപഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനാണ് കിഫ്ബി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വൻകിട പദ്ധതികൾ നടപ്പാക്കാൻ വിഭാവന ചെയ്ത കിഫ്ബി യഥാർഥത്തിൽ ഇപ്പോൾ സംസ്ഥാനത്തിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് ചെയ്യേണ്ട പൊതുമരാമത്ത് റോഡുകളും പാലങ്ങളും ആശുപത്രികളും സ്കൂൾ കെട്ടിടങ്ങളുമാണ് കൂടുതലായും നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. പ്ലാൻ ഫണ്ടുപയോഗിച്ച് സാധാരണ നിലയിൽ ഓരോ വകുപ്പും നടത്തേണ്ട പ്രവർത്തനങ്ങളാണ് കൊള്ളപ്പലിശയ്ക്ക് മസാല ബോണ്ടിറക്കി കിഫ്ബി ചെയ്തുകൊണ്ടിരിക്കുന്നത് അതല്ലേ യാഥാർഥ്യം? ഏതൊരു സംസ്ഥാനത്തിനും വായ്പയെടുക്കാൻ വ്യവസ്ഥകളുണ്ട്. കേന്ദ്രസർക്കാരിന്റെ അനുവാദത്തോടെ ഓഫ് ബജറ്റ് ബോറോയിങ്ങിലൂടെ വൻകിട പദ്ധതികൾ നടപ്പാക്കാറുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് മെട്രോ റെയിൽ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കിയത് ഈ രീതിയിലാണ്. ഉമ്മൻ ചാണ്ടി സർക്കാർ നിശ്ചയദാർഢ്യത്തോടെ നടപ്പാക്കിയ മെട്രോ

റെയിൽ പദ്ധതി ഇന്ന് ലാഭത്തിലായിരിക്കുന്ന കാര്യം നമ്മുടെ മുന്നിലുണ്ട്. പക്ഷെ കിഫ്ബിയുടെ സ്ഥിതി എന്താണ്? സർക്കാർ നിയമസഭയിൽ നൽകിയ ഉത്തരമനുസരിച്ച് കിഫ്ബിയുടെ മൊത്തം പദ്ധതികളിൽ കേവലം ഇരുപത്തിയഞ്ച് ശതമാനത്തോളം മാത്രമാണ് വരുമാനദായകമായിട്ടുള്ളത്. ശേഷിക്കുന്ന എഴുപത്തിയഞ്ച് ശതമാനം പദ്ധതികളും റവന്യൂ ജനറേറ്റിങ്ങായിട്ടുള്ളവയല്ലെന്ന് നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. ഇത് ഞങ്ങൾ അന്നേ ചൂണ്ടിക്കാണിച്ചതാണ്. കിഫ്ബിക്കെതിരായിട്ടോ കിഫ്ബി ത്രുപീകരിക്കാൻ പാടില്ലെന്നോ അല്ല ഞങ്ങൾ പറഞ്ഞത്. ഞങ്ങൾ ഉന്നയിച്ച ചില ആശങ്കകളുണ്ടായിരുന്നു, അവയെല്ലാം ഇപ്പോൾ ശരിയായി വന്നിരിക്കുകയാണ്. ഇത് പുതിയൊരു ഇക്കണോമിക് മോഡലാണെന്നാണ് ഡോ. ടി. എം. തോമസ് ഐസക് അന്ന് പറഞ്ഞത്. ഇത് സംസ്ഥാനത്തിന്റെ ഖജനാവിലേക്ക് വരില്ലെന്നും ഇതിന്റെ ബാധ്യത സംസ്ഥാനത്തെ ജനങ്ങളുടെമേൽ വരില്ലെന്നുമൊക്കെ പറഞ്ഞ് ഏതാണ്ട് ശൂന്യതയിൽനിന്നും പണം കൊണ്ടുവന്ന് പിണറായി സർക്കാർ മായാജാലം സൃഷ്ടിക്കുന്നുവെന്നുള്ള ക്യാപ്ഷനുകളൊക്കെ പ്രചരിപ്പിച്ചിരുന്നു. ഈ

ക്യാപ്സ്യൂളുകളൊന്നും ഇപ്പോഴില്ല. എന്നാൽ ഈ ബാധ്യത മുഴുവനും സംസ്ഥാനത്തെ ജനങ്ങളുടെ ബാധ്യതയായി വരുന്നുവെന്നുള്ളതാണ് ഏറ്റവുമൊടുവിൽ വന്നിരിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഞങ്ങൾ അന്ന് പറഞ്ഞതുപോലെ, കിഫ്ബി റോഡുകൾക്ക് ടോൾ ഏർപ്പെടുത്തുമെന്നാണ് വാർത്ത വന്നിരിക്കുന്നത്. കെ-റെയിൽ, കെ-ഫോൺ, കെ-ഹോം എന്നിവയ്ക്കുശേഷം കേരളത്തിൽ കെ-ടോൾ വരുന്നുവെന്നാണ് റിപ്പോർട്ടുകളിൽ കാണുന്നത്. അമ്പത് കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ റോഡ് പദ്ധതികളിലും ടോൾ ഏർപ്പെടുത്താൻ പോകുന്നുവെന്നാണ് വാർത്തകളിലൂടെ അറിയാൻ സാധിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഈ റോഡുകൾ പ്രധാനമായും നിർമ്മിക്കപ്പെടുന്നത് മലയോര മേഖലയിലും തീരദേശ മേഖലയിലുമാണ്. അപ്പോൾ സർക്കാർ എന്താണ് ഉദ്ദേശിക്കുന്നത്? ടോളിന്റെ അധികഭാരം മലയോര-തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളും കർഷകരുമായ സാധാരണ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനാണോ സർക്കാരും കിഫ്ബിയും പ്ലാൻ ചെയ്യുന്നതെന്ന് അങ്ങ് വ്യക്തമാക്കണം. 2016

സെപ്തംബർ 26-ന് കിഫ്ബി ഭേദഗതി ബിൽ അവതരിപ്പിച്ച വേളയിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിയമസഭയ്ക്ക് നൽകിയ ഒരു ഉറപ്പുണ്ട്. അത് 'ഏതായാലും ഈ നിയമസഭയിൽ ഞാൻ ഉറപ്പുനൽകുന്നു, കേരളത്തിലെ ഒരു പാലത്തിനും ഒരു റോഡിനും ഒരു ടോളും ഇതിൽനിന്നുണ്ടാകില്ല, നിയമസഭയിൽ പറഞ്ഞതല്ലേ; മുഖവിലയ്ക്കെടുക്കൂ, യാതൊരു സംശയവും അക്കാര്യത്തിൽ വേണ്ട', എന്നാണ്. ഈ വാക്കുകൾ കിഫ്ബിയുടെ പിതാവായ ഡോ. ടി. എം. തോമസ് ഐസക്കുതന്നെ വിഴുങ്ങുന്ന കാഴ്ച കഴിഞ്ഞ ദിവസങ്ങളിൽ കാണുകയുണ്ടായി. മറ്റെന്ത് മാർഗമാണ് നമ്മുടെ മുമ്പിലുള്ളത് എന്നൊക്കെ അദ്ദേഹം ചോദിക്കുന്നതും നമ്മൾ കേൾക്കാനിടയായി. മുന്നണിയിൽ ആലോചിച്ചിട്ടുണ്ടെന്ന് എൽ.ഡി.എഫ്. കൺവീനർ പറയുന്നു, ആലോചിച്ചിട്ടില്ലെന്ന് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി പറയുന്നു. അങ്ങനെ എന്തൊക്കെ പറഞ്ഞാലും ചുരുക്കത്തിൽ ഇതിന്റെയെല്ലാം ബാധ്യത കേരളത്തിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ പോകുകയാണ്. എന്തുകൊണ്ടാണ് ഞങ്ങൾ ഇക്കാര്യം ആശങ്കയായി ഉന്നയിച്ചതെന്നും

ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നതെന്നും ഞാൻ പറയാം. ഒച്ചിഴയുന്ന വേഗത്തിലാണ് കിഫ്ബി പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നത്. 2025 വരെ എൺപത്തിയേഴായിരം കോടി രൂപയുടെ 1147 പദ്ധതികൾക്കാണ് അനുമതി കൊടുത്തതെന്ന് അങ്ങ് പറയുകയുണ്ടായി. ഇതിന്റെ യാഥാർഥ്യമെന്താണ്? 2016 മുതൽ 2021 വരെ അതായത് ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ ആകെ നടപ്പാക്കിയത് 10,500 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ്. അഞ്ച് വർഷംകൊണ്ട് അമ്പതിനായിരം കോടി രൂപയുടെ പദ്ധതികൾ കേരളത്തിൽ നടപ്പാക്കുമെന്ന് കിഫ്ബി തുടങ്ങിയ വേളയിൽ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞിട്ട് കേവലം പതിനായിരം കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയത്. അങ്ങ് പറഞ്ഞ മറുപടിയനുസരിച്ചുതന്നെ കേരളത്തിൽ കിഫ്ബി പദ്ധതിവഴി ചെലവാക്കിയിരിക്കുന്നത് 32,798 കോടി രൂപയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിന് അങ്ങ് നൽകിയ മറുപടിയിൽനിന്നാണ് ഞാനിത് പറയുന്നത്. 18,423 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചത്. അമ്പതിനായിരം കോടി രൂപയുടെ പദ്ധതികൾ അഞ്ച്

വർഷംകൊണ്ടും ഒരുലക്ഷം കോടി രൂപയുടെ പദ്ധതികൾ പത്ത് വർഷംകൊണ്ടും നടപ്പാക്കുമെന്ന് പറഞ്ഞിട്ട് ഇതുവരെ പൂർത്തിയായത് കേവലം 18,000 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ്. അതായത് 20 ശതമാനത്തിൽത്താഴെ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. ഇനിയും 55,000 കോടി രൂപയുടെ പദ്ധതികൾക്ക് പണം നൽകാനും 71,000 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കാനുമുണ്ട്. ഇത്തരത്തിൽ ഒച്ചിഴയുന്ന വേഗത്തിലാണ് പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നത്. 32,000 കോടി രൂപ കൊടുത്തു, 18,000 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു എന്നെല്ലാം പറയുമ്പോൾ ഇതിന്റെ പണം എവിടെ നിന്നാണ് വരുന്നത്? സംസ്ഥാനത്തിന്റെ സഞ്ചിത നികുതിയിൽ നിന്നുതന്നെയാണ് ഈ തുക വരുന്നത്. മോട്ടോർ വാഹന നികുതിയിനത്തിലും പെട്രോളിയം സെസ് ഇനത്തിലുമായി നമ്മുടെ സംസ്ഥാനത്തിന്റെ ഖജനാവിലേക്കുവരേണ്ട തുകയാണ് പ്ലാനിലുൾപ്പെടുത്തി ഇവിടെ വികസന പ്രവർത്തനങ്ങൾക്ക് ചെലവാക്കുന്നതിനായി കിഫ്ബിയിലേക്ക് വകമാറ്റുന്നത്. പിന്നീട് കിഫ്ബിയാണ് ഇതെല്ലാം ചെയ്യുന്നതെന്നാണ് പറയുന്നത്. അതായത്,

വളഞ്ഞ് മൂക്കിൽ പിടിച്ചിട്ടാണ് ഇവയെല്ലാം സംസ്ഥാനത്തിന്റെ ബാധ്യതയല്ലെന്നും ശൂന്യതയിൽനിന്നുമാണ് കിഫ്ബി ഇത് നടപ്പാക്കുന്നതെന്നും നിങ്ങൾ പറയുന്നത്. ഓരോ വർഷവും മോട്ടോർ വാഹന നികുതി ഇനത്തിലും പെട്രോൾ സെസ് ഇനത്തിലും സംസ്ഥാന ഖജനാവിൽനിന്നും കിഫ്ബിക്ക് നൽകിയ തുകയുടെ കണക്ക് എന്റെ കൈയിലുണ്ട്. ഈ രണ്ടിനത്തിലുമായി കഴിഞ്ഞ ഒമ്പത് വർഷക്കാലമായി സംസ്ഥാന ഖജനാവിൽനിന്നും ഇരുപതിനായിരത്തോളം കോടി രൂപയാണ് കിഫ്ബിക്ക് കൈമാറിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലുൾപ്പെട്ട ഇരുപതിനായിരം കോടി രൂപ പത്തുവർഷംകൊണ്ട് കിഫ്ബിക്ക് കൊടുത്തിട്ട് 18,000 കോടിയുടെ പദ്ധതി കിഫ്ബി പൂർത്തീകരിച്ചുവെന്ന് നിങ്ങൾ പറഞ്ഞാൽ അത് ഏതുരീതിയിലുള്ള alternative economic model ആണ്? നിങ്ങൾ വേറെ എവിടെ നിന്നെങ്കിലും പണം കൊണ്ടുവന്ന് സംസ്ഥാനത്തിന് ബാധ്യതയില്ലാതെ പദ്ധതികൾ നടപ്പാക്കുകയാണെങ്കിൽ ആർക്കാണ് തടസ്സം? നമ്മുടെ ഖജനാവിലുണ്ടാകേണ്ട പണം തന്നെയാണ് കിഫ്ബിക്ക് കൊടുത്ത് ഇവിടെ

പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. എന്നിട്ട് എല്ലാ പദ്ധതികളും ഇഴഞ്ഞുനീങ്ങുകയാണ്. അങ്കമാലി ബൈപ്പാസിനുള്ള ഭൂമിയേറ്റെടുക്കാൻ പണമില്ല. ഗിഫ്റ്റ് സിറ്റി അഥവാ ഗ്ലോബൽ സിറ്റിയുടെ ഭൂമിയേറ്റെടുക്കൽ നടപടികളെല്ലാം പൂർത്തീകരിച്ചെങ്കിലും ഒരു രൂപപോലും കൊടുക്കാൻ കഴിയുന്നില്ല. എല്ലാ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും കിഫ്ബി പ്രഖ്യാപിച്ച പണം മാറ്റിവച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. പണം മാറ്റിവച്ചത് എവിടെയാണെന്ന് ഞങ്ങളോട് പറയണം. എത്ര പദ്ധതികളാണ് എല്ലാ നിയോജകമണ്ഡലങ്ങളിലും മുടങ്ങിക്കിടക്കുന്നത്? 2016, 2017, 2018 എന്നീ വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾ മുന്നോട്ട് നീങ്ങിയിട്ടില്ല. ഇതിൽനിന്നും എന്താണ് മനസ്സിലാക്കേണ്ടത്? യഥാർഥത്തിൽ നിങ്ങൾ പ്ലാനിനെ ഇല്ലാതാക്കുകയാണ് ചെയ്തത്. ഭരണഘടനാപരമായി നമ്മുടെ സംസ്ഥാനത്തിന്റെ സഞ്ചിത നികുതിയിൽനിന്നും നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളാണ് നിങ്ങൾ കിഫ്ബിക്ക് കൊടുത്തത്.

മി. സ്പീക്കർ: പ്ലീസ്, ശ്രീ. റോജി എം. ജോൺ, സമയമാകുന്നുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കാം.

യു.ഡി.എഫ്. സർക്കാരിന്റെ 2011-16 വരെയുള്ള അഞ്ച് വർഷംകൊണ്ട് പ്ലാൻ സൈസ് ഇരട്ടിയായി വർധിച്ചു. 2011-ൽ ഏതാണ്ട് പതിനായിരം കോടി രൂപയായിരുന്ന പ്ലാൻ സൈസ് 2016-ൽ ഇരുപതിനായിരം കോടി രൂപയായി വർധിച്ചു. എന്നാൽ ഇപ്പോൾ എന്താണ് നടക്കുന്നത്? കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിന്റെ പ്ലാൻ സൈസ് ഇൻക്രീസ് സീറോയാണ്. അത് 2021-22-ൽ 27,887 കോടി രൂപയും 2022-23-ലും 2023-2024-ലും 30,000 കോടി രൂപയുമാണ്. അതായത്, ഒരു രൂപപോലും പ്ലാൻ ഫണ്ടിൽ വർധിപ്പിക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല പ്ലാൻ ഫണ്ട് മുഴുവൻ നിങ്ങൾ വെട്ടിച്ചുരുക്കുകയുമാണ്. അൻപത് ശതമാനത്തോളം പ്ലാൻ ഫണ്ട് വെട്ടിച്ചുരുക്കിയിട്ട് മുൻവർഷത്തെ 30,370 കോടി രൂപയിൽനിന്നും 32,500 കോടി രൂപയായി ഈ വർഷത്തെ പദ്ധതി വിഹിതം വർധിപ്പിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത്തവണത്തെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. കഴിഞ്ഞ വർഷത്തെ 30,370 കോടി രൂപയിൽനിന്നും അമ്പത് ശതമാനത്തോളം വെട്ടിക്കുറച്ചതിനുശേഷം കഴിഞ്ഞ വർഷത്തെ തുകയിൽനിന്നും 2500 കോടി

രൂപ വർധിപ്പിച്ചിരിക്കുന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി വീണ്ടും നിയമസഭയിൽ പറയുകയാണ്, അങ്ങനെ പറഞ്ഞാൽ പ്ലാനിനെ നിങ്ങൾ ഞെക്കിക്കൊന്നു എന്നല്ലേ മനസ്സിലാക്കേണ്ടത്?

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്... സമയം ഒരുപാടായി.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ രണ്ട് മിനിട്ടിൽ അവസാനിപ്പിക്കാം. ഇത് വളരെ ഗൗരവതരമായ ഒരു വിഷയമാണ്. കിഫ്ബിവഴി മുപ്പതിനായിരം കോടി രൂപ ചെലവഴിച്ചെങ്കിൽ ഈ നാട്ടിലെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി അതിൽനിന്നും എത്ര രൂപയാണ് ചെലവഴിച്ചത്? അങ്ങ് നൽകിയ മറുപടിയനുസരിച്ച് കേവലം 81 കോടി രൂപയാണ് നിങ്ങൾ ചെലവഴിച്ചത്. ഈ നാട്ടിലെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ നിങ്ങളോട് എന്ത് തെറ്റാണ് ചെയ്തത്? പത്ത് വർഷംകൊണ്ട് കിഫ്ബി മുപ്പതിനായിരം കോടി രൂപ ചെലവാക്കുമ്പോൾ ഈ നാട്ടിലെ സാധാരണക്കാരായ, ഏറ്റവും പരിഗണന അർഹിക്കുന്ന പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി നിങ്ങൾ ചെലവാക്കിയത് കേവലം 81 കോടി രൂപയാണ്. പദ്ധതിയിനത്തിൽ പട്ടികജാതി-പട്ടികവർഗ

വിഭാഗങ്ങൾക്കുവേണ്ടി വകയിരുത്തിയ തുകയിൽനിന്ന് അമ്പത് ശതമാനമാണ് വെട്ടിക്കുറച്ചത്. പ്ലാനിലായാലും കിഫ്ബിയിലായാലും കേരളത്തിലെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളെ ഇത്രയധികം അവഗണിച്ചിട്ടുള്ള ഒരു കാലഘട്ടം കേരളത്തിലുണ്ടായിട്ടില്ല.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കാം. ഞാൻ സബ്ജക്ടിൽനിന്ന് മാത്രമാണ് സംസാരിക്കുന്നത്. കിഫ്ബിയുടെ ധൂർത്തിനെക്കുറിച്ചും അവിടത്തെ സി.ഇ.ഒ.-യുടെയും ജീവനക്കാരുടെയും ശമ്പളത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല, ഒരു കാര്യം മാത്രമേ പറയുന്നുള്ളൂ. കിഫ്ബി ജീവനക്കാരുടെയും സി.ഇ.ഒ.-യുടെയും ശമ്പളം പരിഷ്കരിക്കുന്നതിന് ആനുപാതികമായിട്ടെങ്കിലും നമ്മുടെ സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാൻ സർക്കാർ തയ്യാറാകണം.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, സമയം അതിക്രമിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. പ്രതിപക്ഷം കിഫ്ബിയെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്നുവെന്ന് അങ്ങ്

പറഞ്ഞല്ലോ. 2016-ൽ കിഫ്ബി ഭേദഗതിയെക്കുറിച്ചുള്ള ചർച്ച വന്നപ്പോൾ, അന്ന് ഇന്നത്തെ പ്രതിപക്ഷനേതാവും അന്നത്തെ എം.എൽ.എ.യുമായിരുന്ന ശ്രീ. വി. ഡി. സതീശൻ പറഞ്ഞിരുന്നു, "അങ്ങ് എങ്ങനെയൊക്കെ ബൈപാസ് ചെയ്യാൻ ശ്രമിച്ചാലും അവസാനം എഫ്.ആർ.ബി.എം. ആക്ട് ഇതിനെ അടാക്ട് ചെയ്യും, ഫൈനലായി ഗവൺമെന്റിന്റെ ബാധ്യതയാണ് വർധിക്കുന്നത്, ഗവൺമെന്റിന്റെ ഫിസ്കൽ ഡെഫിസിറ്റ് ആത്യന്തികമായി കൂടുകയാണ്, Government has to pay the money" എന്ന്. അന്ന് ഞങ്ങൾ പറഞ്ഞത് ultimately the Government has to pay the money എന്നാണ്. അതിവിടെ യാഥാർഥ്യമായി വരികയാണ്. നിങ്ങൾ കൊള്ളപ്പലിശയ്ക്ക് പണം കടമെടുക്കുന്നു, തിരിച്ചടക്കുന്നു, പ്ലാൻ വിഹിതം വെട്ടിക്കുറക്കുന്നു. അങ്ങനെ പ്ലാൻ വിഹിതം വെട്ടിക്കുറച്ച് കിഫ്ബിയിൽ കൊണ്ടുവച്ചശേഷം പദ്ധതികളെല്ലാം കിഫ്ബിയാണ് നടപ്പാക്കുന്നതെന്ന് നിങ്ങൾ പറയുന്നു. പട്ടികജാതി വിഭാഗങ്ങളെവരെ നിങ്ങൾ അവഗണിക്കുന്നു. പിന്നീട് ഇതിന്റെയെല്ലാം ബാധ്യത ഈ നാട്ടിലെ സാധാരണക്കാരുടെമേൽ ടോളിന്റെ രൂപത്തിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുമ്പോൾ ഈ ഇക്കണോമിക് മോഡൽ ഒരു

പരാജയപ്പെട്ട മോഡലാണെന്ന് ഞങ്ങൾ പറയും. കിഫ്ബി പദ്ധതികൾ ഇഴഞ്ഞുനീങ്ങുകയാണെങ്കിൽ ഞങ്ങൾ അതിന്റെ പോരായ്മകൾ ഇനിയും ചൂണ്ടിക്കാണിക്കുകതന്നെ ചെയ്യും. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കിഫ്ബിയുടെ പേരിൽ മുൻകാലങ്ങളിൽ പറഞ്ഞ അത്രയും ആവേശത്തോടെ ഇന്ന് പറയുന്നതിന് അങ്ങേയ്ക്ക് മനസ്സാക്ഷിക്കുത്ത് അനുഭവപ്പെടുന്നുണ്ടെന്ന് അങ്ങയുടെ സംസാരം കേൾക്കുമ്പോൾ തോന്നുന്നുണ്ട്. പദ്ധതികൾ സാധാരണ ചെയ്തുവന്നിരുന്നതുപോലെ പ്ലാൻ ഫണ്ടിൽമാത്രം ഉൾപ്പെടുത്തുക യായിരുന്നെങ്കിൽ അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെ ഇപ്പോഴുള്ളതിന്റെ നാലിലൊന്ന് പ്രവൃത്തികൾപോലും നടക്കുമായിരുന്നില്ല. കേരളത്തിലാകമാനമുള്ള സ്കൂൾ-കോളേജ് കെട്ടിടങ്ങൾ, റോഡുകൾ എന്നിവയെല്ലാം പ്ലാൻ ഫണ്ടിൽ തുക വകയിരുത്തുന്നുണ്ടെങ്കിലും വർഷങ്ങളെടുത്ത് പൂർത്തിയാക്കപ്പെടുന്ന അത്തരം പദ്ധതികളെല്ലാം കിഫ്ബി മുഖാന്തരം ചുരുങ്ങിയ കാലംകൊണ്ട് പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അങ്കമാലിയിൽ ഒരു സ്കൂളിനായി 5 കോടി രൂപയാണ് ചെലവഴിച്ചത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ സ്കൂളുകൾക്ക് കൊടുത്ത തുകയേക്കാൾ കൂടുതൽ തുക അങ്കമാലിയിൽ സ്കൂളുകൾക്കായി കൊടുത്തിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത്. "അങ്കമാലിയിലെ പ്രധാനമന്ത്രിയാണ് എന്റെ അമ്മാവൻ" എന്ന് പ്രശസ്തമായ ഒരു സിനിമയിൽ പറയുന്നതുപോലെ പറയുകയല്ല, അങ്കമാലിയിലുൾപ്പെടെ എല്ലായിടത്തും അങ്ങനെതന്നെ നൽകിയിട്ടുണ്ട്. ലഭ്യമാകുന്ന കാര്യങ്ങളെപ്പോലും തമസ്കരിക്കാനും ഇല്ലാതാക്കാനുമാണ് നിങ്ങൾ ശ്രമിക്കുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ചത് സംസ്ഥാനത്തെ ബാധിക്കുന്ന പൊതുവായ വിഷയത്തെക്കുറിച്ചാണെങ്കിലും അങ്ങ് അങ്കമാലിയെക്കുറിച്ചുമാത്രം പറഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്കമാലി ബൈപ്പാസ്, ഗിഫ്റ്റ് സിറ്റി എന്നിവയുൾപ്പെടെ നാളിതുവരെ അങ്കമാലിയിൽ കിഫ്ബിവഴി ഇതിനോടകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുസംബന്ധിച്ച വിശദാംശം ഞാൻ പിന്നീട് നൽകാം. ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി അനുവദിച്ച 840 കോടി രൂപയിൽ സിംഹഭാഗവും ചെലവഴിച്ചുകഴിഞ്ഞു. ഗിഫ്റ്റ് സിറ്റി പദ്ധതിയിൽനിന്ന് പിന്നോട്ടുപോകുന്നത് കേന്ദ്രസർക്കാരാണ്. ഗിഫ്റ്റ് സിറ്റി പോലുള്ള ഒരു പദ്ധതി ഗുജറാത്തിൽ മാത്രമേ അംഗീകരിക്കുകയുള്ളൂവെന്ന നിലപാടെടുത്ത് കേന്ദ്രമാണ് അതിൽനിന്ന് പിന്നോട്ടുപോയിരിക്കുന്നത്. സമയക്കുറവുകൊണ്ട് ഇതുസംബന്ധിച്ച കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ച് ജനങ്ങൾക്ക് അറിയാവുന്നതാണ്. പ്രതിപക്ഷത്തുള്ള ഒരു അംഗം അവതരിപ്പിച്ച ഉപക്ഷേപമായതിനാൽ ഞാൻ ഒരാളെമാത്രം പേരെടുത്ത് പറയുന്നില്ല. അടുത്ത വർഷം അവസാനമാകുമ്പോഴേക്കും 6 വരിപ്പാതയാക്കിയ നാഷണൽ ഹൈവേയിലൂടെ കാസർഗോഡുനിന്നും തിരുവനന്തപുരത്തേക്ക് വരാൻ കഴിയുമെന്നതിന്റെ അടിസ്ഥാനം കിഫ്ബിയിൽനിന്ന് നൽകിയ 6000 കോടി രൂപയാണ്. ഇപ്പോഴുള്ള മലയോരപാതയും തീരദേശപാതയും യാഥാർഥ്യമാകുമെന്ന് ആരെങ്കിലും

ചിന്തിച്ചിരുന്നോ? കിഫ്ബിയിൽ ഉൾപ്പെട്ടതല്ലെങ്കിലും കുട്ടനാട്ടിൽ റീബിൽഡ് കേരളയിലുൾപ്പെടുത്തി 700 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ചങ്ങനാശ്ശേരി-ആലപ്പുഴ പാത പോലെയുള്ളവ പ്ലാനിൽമാത്രം ഉൾപ്പെടുത്തിയാൽ ഇത്രയുംവേഗം യാഥാർഥ്യമാകുമായിരുന്നോ? കിഫ്ബി പദ്ധതിയെ തകർക്കാനുള്ള ശ്രമം നടത്തുകയാണെന്ന് പറഞ്ഞുകൊണ്ട് ഇത്തരത്തിലൊരു ഉപക്ഷേപം കൊണ്ടുവന്നത് ശരിയായില്ല. വരുമാനദായക പദ്ധതികൾ നടപ്പാക്കണമെന്നത് കിഫ്ബിയുടെ നേരത്തേതന്നെയുള്ള കാഴ്ചപ്പാടാണ്, അതിൽ യാതൊരു സംശയവുമില്ല. എന്നാൽ കിഫ്ബിയുടെ കാര്യങ്ങൾ അട്ടിമറിക്കപ്പെട്ടത് എങ്ങനെയാണ്? വരുമാനദായക പദ്ധതികൾ മാത്രമല്ല, 75000 കോടി രൂപയിലധികം ചെലവാകുന്ന പദ്ധതികൾക്ക് ഭൂമിയേറ്റെടുക്കൽ ഒഴികെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ചെല്ലാം നേരത്തെതന്നെ കിഫ്ബിയുടെ പ്രവർത്തനങ്ങളിൽ പറഞ്ഞിട്ടുണ്ട്. കിഫ്ബി പദ്ധതി തുടങ്ങിയ സമയത്ത് നിങ്ങൾ പറഞ്ഞിടത്ത് കാര്യങ്ങൾ എത്തുന്നുവെന്ന സന്തോഷത്തിലാണ് ഇപ്പോൾ പ്രതിപക്ഷമുള്ളത്. ഇത് തകർന്നുപോകുമെന്ന് ഞങ്ങൾ അന്നേ പറഞ്ഞില്ലേ എന്നെല്ലാമാണ് അവർ

പറയുന്നത്. ബി.ജെ.പി.-യുടെ ദേശീയ-സംസ്ഥാന പ്രസിഡന്റുമാർ രാവിലെ പറയുന്ന കാര്യങ്ങൾ അന്നത്തെ പ്രതിപക്ഷനേതാവ് നിയമസഭയിൽവന്ന് പറയുന്നുവെന്ന ആരോപണം അന്നേ ഞങ്ങൾ ഉന്നയിച്ചതാണ്. അതുപോലെ കാര്യങ്ങൾ വന്നുചേർന്നല്ലോയെന്ന തരത്തിലാണ് അങ്ങ് ഇവിടെ സംസാരിച്ചത്. ആനവിറ്റി പദ്ധതി പോലെയായിരുന്നല്ലോ കിഫ്ബിയെക്കുറിച്ച് നേരത്തെ ആലോചിച്ചത്. പല റോഡുകൾക്കും ഇപ്പോൾ ആനവിറ്റിയുണ്ട്. അതെല്ലാം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തുന്ന രീതിയിലേക്ക് കേന്ദ്രനയം വന്നതുകൊണ്ടാണ് ഇപ്പോൾ പ്രശ്നങ്ങളുണ്ടായിരിക്കുന്നത്. എന്നാൽ ഈ നയത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് വന്നുചേർന്ന നഷ്ടങ്ങളുടെ കണക്ക് മനസ്സിലാക്കേണ്ടത് തന്നെയാണ്. ഇവിടെ പറഞ്ഞ മറ്റ് കാര്യങ്ങൾക്കൊന്നും ഞാൻ മറുപടി പറയുന്നില്ല. സാമ്പത്തികമാന്ദ്യക്കാലത്താണ് നാം പദ്ധതികൾ തുടങ്ങുന്നത്. കടമെടുപ്പ് പരിധി GSDP-യുടെ 3 ശതമാനമാക്കിക്കൊണ്ടുള്ള തീരുമാനം കേന്ദ്രത്തിൽനിന്നും വന്നപ്പോൾ അതിലേക്ക് കിഫ്ബിക്കായി കണ്ടെത്തിയ ഫണ്ടുകൂടി ഉൾപ്പെടുത്തിയപ്പോൾ സാധാരണരീതിയിൽ

കടമെടുക്കാമായിരുന്ന തുകയിൽനിന്ന് 91617 കോടി രൂപയുടെ കുറവുണ്ടായി. അത്രയും നഷ്ടം സംസ്ഥാനത്തിനുണ്ടായി. ഈ ഗവൺമെന്റ് വന്നതിന്റെ അടുത്ത വർഷം, അതായത് 2022-ൽ 15895 കോടി രൂപയാണ് കടമെടുപ്പ് തുകയിൽനിന്നും വെട്ടിക്കുറച്ചത്. 2016 മുതൽ 2023 വരെ പലതരത്തിലും സംസ്ഥാനത്തിന് കടമായി കിട്ടാൻ അർഹതയുള്ള തുകയിൽ കുറവ് വന്നിട്ടുണ്ട്, ഏറ്റവും കൂടുതൽ തുക കുറവ് വന്നത് ഈ കാലയളവിലാണ്. അതുകൊണ്ടാണ് NHAI-യുടെ നിലപാട് ഉൾപ്പെടെ ചൂണ്ടിക്കാണിച്ചുകൊണ്ട് സുപ്രീംകോടതിയെ സമീപിച്ചത്. ഏതായാലും പ്രതിപക്ഷം പറഞ്ഞ ന്യായമല്ല സുപ്രീംകോടതി അംഗീകരിച്ചത്. സംസ്ഥാനത്തിന്റെ വാദത്തിൽ എന്തോ അടിസ്ഥാനമുണ്ടെന്നാണ് സുപ്രീംകോടതി പറഞ്ഞത്. പദ്ധതികളിൽ NHAI-യുടെ നിലപാട് ആർട്ടിക്കിൾ 293-ന്റെ ലംഘനമാണെന്ന് നമ്മൾ ചൂണ്ടിക്കാണിച്ചു. സംസ്ഥാനത്തിന് ന്യായമായും ലഭ്യമാകേണ്ട തുക വെട്ടിക്കുറച്ചത് ശരിയല്ലെന്ന തോന്നൽ സുപ്രീംകോടതിക്ക് ഉണ്ടായതുകൊണ്ടാണല്ലോ പ്രസ്തുത വിഷയം ഭരണഘടനാ ബഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുന്നത്. കാര്യങ്ങൾ

കേരളത്തിന് അനുകൂലമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ വാദങ്ങൾ ഭരണഘടനാ ബഞ്ച് പരിശോധിക്കാൻ പോകുന്ന സമയത്ത് അതുസംബന്ധിച്ച് നിയമസഭയിൽ വീണ്ടും വീണ്ടും വാദിച്ച് സുപ്രീംകോടതിയുടെ തീരുമാനം വരുന്നതിനുമുമ്പുതന്നെ അതിനെ തോൽപ്പിക്കാൻ ശ്രമിക്കരുത്. പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിൽ അനുവദിക്കപ്പെട്ട തുകയുടെ കണക്ക് എന്റെ കൈവശമുണ്ടെങ്കിലും ഓരോ മണ്ഡലങ്ങളിലും ചെലവഴിച്ച തുകയുടെ കണക്ക് പ്രത്യേകമായി ഇവിടെ എടുത്തുപറയാത്തത് അത് ഔചിത്യമല്ല എന്നതുകൊണ്ടാണ്. കിഫ്ബി മോഡലിന്റെ കാര്യത്തിൽ തെറ്റാണ് സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചത്. കിഫ്ബിക്ക് ഡ്രിപ്പ് നൽകണമെന്ന് ഉപക്ഷേപാവതാരകൻ പറഞ്ഞല്ലോ. ഡ്രിപ്പ് നൽകേണ്ട കാര്യമൊന്നും ഇപ്പോഴില്ല. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോൾ 55000 കോടി രൂപയുടെ പദ്ധതികളെങ്കിലും പൂർത്തിയാകും. നമ്മൾ ആദ്യം പ്ലാൻ ചെയ്യുന്നതുപോലെ വർക്കുകൾ നടക്കില്ല. പല സ്ഥലത്തും ഭൂമിയേറ്റെടുക്കൽ നടക്കാത്തത് എന്തുകൊണ്ടാണ്; അനുമതി കിട്ടാത്തത് എന്തുകൊണ്ടാണ്?

അക്കാര്യങ്ങളെല്ലാം ഇവിടെ ഇരിക്കുന്ന എം.എൽ.എ.-മാർക്ക് അറിവുള്ളതല്ലേ? സാങ്കേതികാനുമതി ലഭ്യമാക്കി എല്ലാ പദ്ധതികളും യാഥാർഥ്യമാക്കും. സംസ്ഥാനത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റംവരെ കിഫ്ബിയിലുൾപ്പെടുത്തി നടത്തുന്ന അടിസ്ഥാന സൗകര്യ വികസന കാര്യങ്ങളിൽ ഏറ്റവും കൂടുതലുള്ള പ്രവൃത്തി റോഡുകളുടേതാണ്. പ്ലാൻ ഫണ്ടിൽനിന്നാണ് ഇതിനെല്ലാം തുക വിനിയോഗിക്കുന്നതെന്ന് അങ്ങ് പറഞ്ഞല്ലോ. സാധാരണഗതിയിൽ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി ഇത്രയും നിർമ്മാണപ്രവർത്തനങ്ങൾ നടത്താറുണ്ടോ? കഴിഞ്ഞ 25 വർഷത്തെ കണക്കുകളെടുത്ത് പരിശോധിച്ച് നോക്കൂ. ക്യാപിറ്റൽ എക്സ്പെൻഡിച്ചറിൽ ക്രമാനുഗതമായ വളർച്ച ഇപ്പോഴുമില്ലേ? 14000 കോടി രൂപയാണ് മൂലധനച്ചെലവെങ്കിൽ 25000 കോടി രൂപയാണ് ഇപ്പോൾ ചെലവാക്കിക്കൊണ്ടിരിക്കുന്നത്. അത്രയധികം തുക ചെലവഴിക്കുന്നുവെന്നത് ഒരു ചെറിയ കാര്യമല്ല. കേരളം നിക്ഷേപ സൗഹൃദമാണെന്ന് പറയുന്നതും ease of doing business-ൽ വ്യവസായ വകുപ്പിനും മറ്റുമൊക്കെ അംഗീകാരം കിട്ടുന്നതുമെല്ലാം ഇതിന്റെകൂടി

ഭാഗമാണ്. മെട്രോ നിങ്ങൾ അന്ന് കൊണ്ടുവന്നതാണെന്നെല്ലാം പറയുന്നത് കേട്ടു. മെട്രോ ഉദ്ഘാടനം ചെയ്തു, അല്ലെങ്കിൽ തറക്കല്ലിട്ടു, കണ്ണൂർ എയർപോർട്ട് ഉദ്ഘാടനം ചെയ്തു എന്നെല്ലാം പറഞ്ഞല്ലോ. വിഴിഞ്ഞംവരെ നീളുന്ന മെട്രോ പദ്ധതിക്ക് 9 വർഷംമുമ്പ് ഞങ്ങൾ തിരുവനന്തപുരത്ത് തറക്കല്ലിട്ടുവെന്ന് ഇന്ന് രാവിലെ ഒരു അംഗം ഇവിടെ പറഞ്ഞു. ഞാൻ മുമ്പും പറഞ്ഞിട്ടുള്ളതാണ്. ഡിഫൻസിന്റെ ഡോർണിയർ എന്ന ചെറുവിമാനം കണ്ണൂർ എയർപോർട്ട് ഗ്രൗണ്ടിലിറക്കിയശേഷം ഉദ്ഘാടനം ചെയ്തു. അത് ഉദ്ഘാടനമാണെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഇത് ജനങ്ങൾ കാണുന്നതാണ്. കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ്. (.....ബഹളം.....) തിരുവനന്തപുരം ജില്ലയെയും ആ രീതിയിൽ മുന്നോട്ടുകൊണ്ടുപോകും. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആ വിമാനത്തെക്കുറിച്ച് പ്രത്യേക ഗവേഷണം നടത്തട്ടെ. ഇവിടെയിരിക്കുന്ന എല്ലാവർക്കും അതറിയാം. വിഴിഞ്ഞം മെട്രോ അടക്കമുള്ള പദ്ധതിക്ക് തറക്കല്ലിട്ടുവെന്ന്

പറഞ്ഞാൽ ആരാണ് വിശ്വസിക്കുന്നത്?

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ഒന്ന് വഴങ്ങുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് വഴങ്ങാൻ പാടില്ലാത്തതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. നിങ്ങൾക്ക് കണക്കുകളല്ല ആവശ്യം. കണക്കിന്റെ കാര്യമാണെങ്കിൽ നിങ്ങൾ കൃത്യമായി പറയുമായിരുന്നു. ജനങ്ങൾക്ക് ബാധ്യത വരുന്നൊരു കാര്യം ചെയ്തില്ലെന്ന് ഡോ. ടി. എം. തോമസ് ഐസക് അന്ന് പറഞ്ഞത് ശരിയാണ്. ഒരു ലക്ഷത്തി ചില്വാനം കോടി രൂപ സംസ്ഥാനത്തിന്റെ ഖജനാവിലേക്ക് വരേണ്ടതും സംസ്ഥാനത്തിന് അവകാശപ്പെട്ടതുമാണ്. ടഷറിയിൽ വരുന്ന പണം സംസ്ഥാനത്തിന്റെ കടത്തിന്റെ പരിധിയിൽ വരുമെന്നാണ് 2017-ൽ കേന്ദ്രസർക്കാർ പറഞ്ഞത്. അതുവരെ അങ്ങനെയല്ലായിരുന്നു. അതുതന്നെ പതിനായിരം കോടിയോളം രൂപ വരും. അതിനുശേഷം പറഞ്ഞത്, ഇതെല്ലാം കടത്തിന്റെ പരിധിയിൽ വരുമെന്നാണ്. നമുക്ക് ലഭിക്കേണ്ട പണത്തിൽ ഒരു വർഷം മാത്രം പതിനയ്യായിരം കോടി രൂപയാണ് വെട്ടിക്കുറച്ചത്. ഇപ്പോഴും അതിന്റെ

പേരിൽ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. വ്യക്തിപരമായി പറയുമ്പോൾ കിഫ്ബിയുടെയും മറ്റ് വർക്കിന്റെയും കാര്യം പറയുമെങ്കിലും വർക്കുകൾ നടക്കുന്നില്ലേ? രാഷ്ട്രീയമായി പറയുകയാണെങ്കിൽ അന്നുണ്ടായിരുന്ന സാഹചര്യമല്ല ഇപ്പോഴുള്ളത്. പക്ഷേ കിഫ്ബിയെ അവസാനിപ്പിച്ച് പുറകോട്ടുപോകാനല്ല സർക്കാർ ഉദ്ദേശിക്കുന്നത്. തീരദേശത്തെയുൾപ്പെടെ പ്രധാനപ്പെട്ട മേഖലയായി കണ്ട് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. ചെല്ലാനത്തുമാത്രം മുന്നൂറ്റി ചില്വാനം കോടി രൂപയാണ് ചെലവാക്കിയത്. തീരദേശത്ത് ജിയോട്യൂബ് സ്ഥാപിക്കുന്ന കാര്യം പ്ലാനിനകത്ത് പറഞ്ഞതുകൂടാതെ ഇപ്പോഴും പ്രഖ്യാപിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോകും. വരുമാനദായക പദ്ധതി വേണമെന്ന് അങ്ങും പറഞ്ഞതാണ്. ഏത് പദ്ധതി എങ്ങനെ വേണമെന്ന് നമ്മൾ തീരുമാനിച്ചിട്ടില്ല. വരുമാനദായക പദ്ധതി വേണമെന്നും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ കണ്ട് പഠിക്കണമെന്നും മുൻ പ്രതിപക്ഷനേതാവും പറഞ്ഞതാണ്. പ്ലാൻ ഫണ്ട് കൂട്ടുന്നില്ലെന്നും പട്ടികജാതി വിഭാഗത്തിന് പണം കൊടുക്കുന്നില്ലെന്നുമുള്ള തെറ്റായ ചില

കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. പട്ടികജാതി വിഭാഗത്തിനുൾപ്പെടെ ഏതെങ്കിലും പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു വിഭാഗത്തിന്റെയും ഫണ്ടിൽ ഒരു രൂപയും ഈ സർക്കാർ കുറയ്ക്കില്ല. നിങ്ങൾ ചോദ്യം മാത്രമേ ചോദിക്കുന്നുള്ളൂ. എന്നാൽ പണം അനുവദിക്കുന്ന വ്യക്തിയെന്ന നിലയിൽ എത്ര കോടി രൂപയാണ് അനുവദിക്കുന്നതെന്ന് എനിക്കറിയാം. 1400 കോടി രൂപ സ്കോളർഷിപ്പിന് മാത്രമായി നൽകിയിട്ടുണ്ട്. ഈ മേഖലയിൽ ഒരു രൂപപോലും കുറയ്ക്കില്ല. മാത്രമല്ല, ഏറ്റവും വലിയ ബാധ്യത വരുന്ന സാമൂഹ്യക്ഷേമ പെൻഷൻ തുകയായ അയ്യായിരം കോടി രൂപയിൽ രണ്ടായിരം കോടി രൂപ കൊടുത്തു. മൂവായിരം കോടി രൂപ അടുത്ത വർഷം കൊടുക്കുമെന്നും പറഞ്ഞിട്ടുണ്ട്. പറഞ്ഞ കാര്യത്തിൽനിന്ന് സർക്കാർ പുറകോട്ട് പോകില്ല. അതുകൊണ്ട് പട്ടികജാതി വിഭാഗത്തിനും സർക്കാർ ഉദ്യോഗസ്ഥർക്കുമൊക്കെ നൽകേണ്ട പണമെടുത്ത് കിഫ്ബിക്ക് കൊടുത്തു എന്നുപറയുന്നതിൽ അടിസ്ഥാനമില്ല. പ്ലാനിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി പ്ലാൻ ഫണ്ട് വർധിപ്പിക്കാൻ സാധിച്ചിട്ടില്ല. കോവിഡ് കഴിഞ്ഞപ്പോൾ പത്ത് ശതമാനം വർധിപ്പിച്ചിരുന്നു.

അതിനുശേഷം ഇപ്പോൾ വീണ്ടും വർധിപ്പിച്ചു. എന്താണ് കാര്യം? ഒരു വർഷം ശരാശരി 57,000 കോടി രൂപയാണ് കേന്ദ്രസർക്കാർ വെട്ടിക്കുറച്ചത്. എന്നിട്ടും കഴിഞ്ഞ മൂന്ന് വർഷമായി ഏകദേശം ഒരു ലക്ഷത്തി അറുപതിനായിരം കോടി രൂപയാണ് ഒരു വർഷം ചെലവാക്കിയത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഒരു വർഷം ശരാശരി ഒരു ലക്ഷത്തി പതിനേഴായിരം കോടി രൂപയാണ് ചെലവാക്കിയത്. അത് കോവിഡ് കാലത്ത് ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരം കോടി രൂപ വരെയായി. അതിനുശേഷം ഒരു ലക്ഷത്തി അറുപതിനായിരം കോടി രൂപയും ഒരു ലക്ഷത്തി അറുപത്തിനാലായിരം കോടി രൂപയുമായി. ഇപ്പോൾ ഒരു ലക്ഷത്തി എഴുപത്തെട്ടായിരം കോടി രൂപ ചെലവാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. സാമ്പത്തികമായി തകർക്കാൻ ശ്രമിച്ചിട്ടും മുന്നോട്ടുവന്നിട്ടുണ്ട്. അതുകൊണ്ടാണ് പ്ലാൻ ഫണ്ട് വർധിപ്പിച്ചത്. സി.&എ.ജി പറഞ്ഞ ചില കാര്യങ്ങളിൽ നമുക്ക് തർക്കമുണ്ട്. കിഫ്ബി എന്ന കുഞ്ഞിന് ഡ്രിപ്പ് കൊടുത്തുകിടത്തേണ്ട അവസ്ഥയാണെന്ന് ഉപക്ഷേപാവതാരകൻ ഇവിടെ പറഞ്ഞു. യഥാർഥത്തിൽ നിങ്ങൾ

ആർക്കാണ് ഡ്രിപ്പ് കൊടുക്കാൻ ശ്രമിക്കുന്നത്; ആരെയാണ് സഹായിക്കാൻ ശ്രമിക്കുന്നത്? ഡൽഹിയിൽ നടപ്പിലാക്കിയ അതേ പൊളിറ്റിക്സാണ് കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. എന്ത് കണക്ക് പറഞ്ഞാലും ഡ്രിപ്പ് കൊടുത്തത് ബി.ജെ.പി.-ക്കാണ്. ഡ്രിപ്പും ബൂസ്റ്റും കൊടുത്ത് ബി.ജെ.പി.-യെ സഹായിക്കുന്ന രാഷ്ട്രീയമുണ്ടല്ലോ, ആ രാഷ്ട്രീയം തന്നെയാണ്. നിങ്ങൾ ഇവിടെ എന്ത് സാങ്കേതിക കണക്കാണ് പറഞ്ഞത്? ഇന്ത്യാ മുന്നണി എന്ന സംവിധാനംതന്നെ തകർക്കുന്ന തരത്തിലേക്ക് നിങ്ങൾ പോയില്ലേ; ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന പണിയല്ലേ ചെയ്യുന്നത്?

(.....ബഹളം.....)

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, അങ്ങ് സീറ്റിലിരിക്കണം. അദ്ദേഹം സംസാരിക്കട്ടെ. മറുപടി പറയാൻ പ്രതിപക്ഷനേതാവുണ്ടല്ലോ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, രാഷ്ട്രീയപാർട്ടിയുടെയും മുന്നണിയുടെയും അടിസ്ഥാനത്തിലാണ് ഞങ്ങളിവിടെ നിൽക്കുന്നത്.

(.....ബഹളം.....)

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് മറുപടി പറയേണ്ടതില്ല, വാക്കൗട്ട്

സ്പീച്ചുണ്ടല്ലോ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കിഫ്ബിയെന്ന സ്ഥാപനത്തെ നിങ്ങൾ അന്നുമുതൽ തകർക്കാൻ ശ്രമിച്ചു. സി.&എ.ജി. ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിങ്ങൾ ഫ്യൂവൽ ചെയ്ത് കൊടുത്തിട്ട് എങ്ങനെയാണ് നിർത്തുന്നത്? 'മകൻ ചത്താലും വേണ്ടില്ല, മരുമകളുടെ കണ്ണീർ കണ്ടാൽ മതി' എന്നൊരു പഴഞ്ചൊല്ലുണ്ട്. അങ്ങനെയൊരു സമീപനമെടുക്കുന്നത് ശരിയല്ല. ഇക്കാര്യത്തിൽ ഞാൻ പറഞ്ഞത് വളരെ സിംപിളാണ്. നിങ്ങൾ വസ്തുതാപരമായി കാര്യങ്ങളെ കാണണം. വരുമാനദായക പദ്ധതികൾ വേണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മിക്കവാറും എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിൽ ഫിഷ് മാർക്കറ്റും മറ്റും സ്ഥാപിച്ചു. പണം സർക്കാരിലേക്ക് അടയ്ക്കണമെന്ന് പറഞ്ഞാണ് അതൊക്കെ ആരംഭിച്ചത്. എന്നാൽ അത് തിരിച്ചടയ്ക്കേണ്ടെന്നുപറഞ്ഞ് കാലാവധി നീട്ടിക്കൊടുത്ത സമീപനമാണ് നമുക്കുള്ളത്. പക്ഷേ ഇപ്പോൾ വരുമാനദായക പദ്ധതികൾ വേണമെന്ന അവസ്ഥയിലേക്ക് വന്നു. അത് എന്തൊക്കെയാണെന്നുള്ളത് പൊതുവിൽ ചർച്ച ചെയ്ത്

തീരുമാനിക്കേണ്ടതാണ്. ഈ ബജറ്റിൽ പ്രഖ്യാപിച്ച കൊല്ലം മുനിസിപ്പൽ കോർപ്പറേഷനും കിഫ്ബിയും കിൻഫ്രയും സംയുക്തമായി ചെയ്യുന്ന ഐ.ടി. പാർക്ക് വരുമ്പോൾ സാധാരണ ചെയ്യുന്നതുപോലെ നൂറോ ഇരുന്നൂറോ കോടി രൂപയുടെ സ്ഥലം ഏറ്റെടുക്കേണ്ടതില്ല. കോർപ്പറേഷന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സർക്കാർ സ്ഥാപനങ്ങളുടെയോ കൈവശമുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയാണത്. ആ കെട്ടിടത്തിന് റിട്ടേൺ വേണം. ആദ്യം ഒരു ലക്ഷം സ്ക്വയർഫീറ്റിലെങ്കിലും തുടങ്ങണമെന്നാണ് ആലോചിക്കുന്നത്. അത് വളരെ എക്കണോമിക്കലായി പോകുമെന്നാണ് കരുതുന്നത്. ആ പദ്ധതിക്ക് സ്ഥലത്തിനുവേണ്ടി നമ്മൾ പണം മുടക്കുന്നില്ല. റവന്യൂ ഷെയറിങ് മോഡിലാണ് അത് ചെയ്യുന്നത്. അത് വിജയിച്ചാൽ ഓരോ എം.എൽ.എ.-യുടെയും മണ്ഡലത്തിലുൾപ്പെടെ നൂറ് സ്ഥലങ്ങളിൽ ഇരുന്നൂറ് കോടിയോളം രൂപ മുടക്കുന്ന വരുമാനദായക പദ്ധതി കിഫ്ബിയുടെ കീഴിൽ കൊണ്ടുവരുമെന്നാണ് പറഞ്ഞത്. ഇനിയും പതിനായിരം കോടിയോളം രൂപ ചെലവാക്കുന്ന തരത്തിലേക്ക് കൂടുതൽ എക്കണോമിക്കലി വയബിളായ പദ്ധതികൾ കൊണ്ടുവരും. അത്

കിഫ്ബിയുടെ മോഡലിലുണ്ട്. അതുകൊണ്ട് ഇപ്പോൾ ഈ ടോളിന്റെ കാര്യം പറഞ്ഞ് ജനങ്ങളെ ആശങ്കപ്പെടുത്തേണ്ട കാര്യമില്ല. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ആളുകൾക്ക് ഇവിടെ സ്പിരിറ്റ് വിൽക്കാം. എന്നാൽ ഇൻഡസ്ട്രിയൽ പർപ്പസിനുപോലും ഇവിടെ അതുണ്ടാക്കാൻ പാടില്ല. അതുപോലൊരു സമീപനമാണ് ഇക്കാര്യങ്ങളിലെടുക്കുന്നത്. അങ്ങനെയല്ല വേണ്ടത്, കിഫ്ബിപോലുള്ള പദ്ധതികൾ ഹെൽത്തിയായി കൊണ്ടുപോകുന്നതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. ഇത്തരമൊരു കാര്യത്തെ രാഷ്ട്രീയമായി കണ്ട് സ്വീകരിക്കുന്ന നിലപാടും ഇല്ലാത്ത ആശങ്ക നാട്ടിലുണ്ടാക്കുന്നതും ശരിയല്ല. മറ്റ് സംസ്ഥാനങ്ങളിൽ എൻ.എച്ച്.എ.ഐ.-യുടെ എല്ലാ നിർമ്മാണവും ടോൾ വാങ്ങിയാണ് ചെയ്യുന്നത്. കേരളത്തിലും ഇപ്പോൾ അതുതന്നെയാണ് ചെയ്യാൻ പോകുന്നത്. വരുമാനദായക പദ്ധതികൾ ചില മേഖലകളിൽ വേണ്ടിവരും. നൂറോ ഇരുന്നൂറോ സ്ഥലത്ത് പുതിയ പദ്ധതികൾ വേണ്ടിരും.

ശ്രീ. എം. വിൻസെന്റ്: സർ, വഴങ്ങുമോ?

മി. സ്പീക്കർ: അദ്ദേഹത്തിന് ഇപ്പോൾ വഴങ്ങാൻ കഴിയില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കിഫ്ബിയുടെ കാര്യത്തിൽ വെറുതെ വിവാദമുണ്ടാക്കുന്നത് ശരിയല്ല. അടിസ്ഥാനരഹിതമായ ഉപക്ഷേപമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് യോജിക്കുകയാണ്. കിഫ്ബി ഇപ്പോൾ ഡ്രിപ്പ് കൊടുക്കേണ്ട അവസ്ഥയിലല്ല, കാരണം അത് വെന്റിലേറ്ററിലാണ്. എപ്പോഴാണ് വെന്റിലേറ്റർ മാറ്റേണ്ടതെന്ന് ബന്ധുക്കളോട് ഡോക്ടർമാർ ചോദിക്കേണ്ട അവസ്ഥയിലാണ്. ശ്രീ. റോജി എം. ജോൺ സംസാരിച്ചപ്പോൾ അങ്കമാലിയിൽ എത്ര കിട്ടി, പറവൂരിൽ

എത്ര കിട്ടി എന്നൊക്കെ ഭരണപക്ഷത്തുനിന്നുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിച്ചിരുന്നു. കിഫ്ബിയുടെ പണം എന്നുപറയുന്നത് ആരുടെയും തറവാട് സ്വത്ത് വിറ്റ് ബാങ്കിൽ ഇട്ടിരിക്കുന്നതല്ല. ഇതിന്റെ കോർപ്പസ് ഫണ്ട് മോട്ടോർ വെഹിക്കിൾ ടാക്സും പെട്രോളിയം സെസ്സുമാണ്. അങ്കമാലിയിലും പറവൂരും കൊട്ടാരക്കരയിലും ധർമ്മടത്തുമെല്ലാമുള്ള ജനങ്ങൾ കൊടുക്കുന്നതാണ് ഈ പണം. അത് ഏത് രീതിയിൽ ചെലവാക്കിയാലും ഏത് പദ്ധതി കൊണ്ടുവന്നാലും ഞങ്ങൾക്കെല്ലാം അവകാശപ്പെട്ടതാണ്. പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലത്തിൽ കൂടുതൽ പണം ചെലവാക്കിയെന്ന് പറയുന്നത് തെറ്റാണ്, അത് ആവർത്തിക്കാൻ പാടില്ല. കിഫ്ബി പദ്ധതികൾ ഒച്ചിഴയുന്ന വേഗതയിലാണ് പോകുന്നതെന്നാണ് ഞങ്ങൾ പറഞ്ഞത്. അഞ്ച് വർഷംകൊണ്ട് 50,000 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചത്, 65000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു. അതിലാണ് 10000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയെന്ന് ശ്രീ. റോജി എം. ജോൺ ഇവിടെ പറഞ്ഞത്. എന്നാൽ എട്ട് വർഷം കഴിഞ്ഞപ്പോൾ 18000 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ്

പൂർത്തിയായിരിക്കുന്നത്. പദ്ധതികൾ മുന്നോട്ടുപോകുന്നില്ല. എന്തുകൊണ്ടാണ് പദ്ധതികൾ മുന്നോട്ടുപോകാത്തത്? ഒരു എക്കണോമിക് മോഡൽ എന്നുപറഞ്ഞ് അവതരിപ്പിച്ച കിഫ്ബിയുടെ ആദ്യത്തെ കോർപ്പസ് ഫണ്ടാണ് മോട്ടോർ വെഹിക്കിൾ ടാക്സും പെട്രോളിയം സെസ്സും. അത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നെടുക്കുന്ന തുകയാണ്. ആ തുക എടുത്തില്ലായിരുന്നെങ്കിൽ ഇപ്പോൾ പി.ഡബ്ല്യു.ഡി.-ക്ക് ആയിരം കോടി രൂപയും ഇറിഗേഷൻ വകുപ്പിന് 500 കോടി രൂപയും കൂടുതൽ നൽകാനും ബാക്കിയുള്ള വകുപ്പുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി പണം കൊടുക്കാനും കഴിയുമായിരുന്നു. പി.ഡബ്ല്യു.ഡി.-ക്ക് താരതമ്യേന മെച്ചപ്പെട്ട സിസ്റ്റമുള്ള സംസ്ഥാനമാണ് കേരളം. കോൺട്രാക്ടർമാർ വർക്ക് ഉപേക്ഷിച്ചുപോയാലോ സ്ഥലമേറ്റെടുപ്പിന്റെ താമസംകൊണ്ടോ മാത്രമാണ് പി.ഡബ്ല്യു.ഡി. വർക്കിൽ സാധാരണ കാലതാമസം വരാറുള്ളത്. പി.ഡബ്ല്യു.ഡി. സാമാന്യം നന്നായി പ്രോജക്ടുകൾ നടപ്പാക്കുന്ന ഒരു വകുപ്പാണ്. പി.ഡബ്ല്യു.ഡി.-യുടെ സ്പീഡിന്റെ പത്തിലൊന്ന് കിഫ്ബിയുടെ വർക്കുകൾക്കുണ്ടോ? കിഫ്ബിയുടെയും പി.ഡബ്ല്യു.ഡി.-യുടെയും വർക്കുകൾ

താരതമ്യം ചെയ്യണം. എത്ര വേഗത്തിലാണ് പി.ഡബ്ല്യു.ഡി. വർക്കുകൾ നടക്കുന്നത്! കിഫ്ബിയുടേത് അങ്ങനെ നടക്കുന്നില്ല. കിഫ്ബി കൊണ്ടുവന്നതിന്റെ ഉദ്ദേശ്യം എന്തായിരുന്നു? ധനകമ്മിയുടെ മൂന്ന് ശതമാനം മാത്രമേ സംസ്ഥാനങ്ങൾക്ക് കടമെടുക്കാൻ കഴിയൂ. അതിനപ്പുറത്ത് കടമെടുപ്പിന്റെ പരിധിയിൽ വരാതെ extra budgetary ആയി കോടിക്കണക്കിന് രൂപ കടമെടുക്കണം. അതുപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്തണമെന്നായിരുന്നു അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി വിചാരിച്ചിരുന്നത്. അന്ന് എന്ത് പറഞ്ഞുകൊണ്ടാണ് ഞങ്ങളത് എതിർത്തത്? ഒരിക്കലുമത് extra budgetary ആയി വരാൻ പാടില്ല. കാരണം, അത് കടമെടുപ്പ് പരിധിയിൽ വരും. Article 293 is very clear. ഒരുകാരണവശാലും പുറത്തുനിന്ന് കടമെടുക്കാൻ സമ്മതിക്കില്ല. ഇതുസംബന്ധിച്ച് ഞാൻ legal objection സഭയിൽ ഉന്നയിച്ചിട്ടുണ്ട്. എത്ര രൂപ സർക്കാർ കടമെടുത്താലും FRBM (Fiscal Responsibility and Budget Management) Act-ന്റെ പരിധിയിൽ വരും. സർക്കാർ കടമെടുക്കുമ്പോൾ ഗ്യാരന്റി എന്താണ്? സംസ്ഥാനത്തിന്റെ sovereign guarantee ആണ്.

സംസ്ഥാനത്തിന്റെ sovereign guarantee വച്ച് പണം കടമെടുത്താൽ തിരിച്ചടയ്ക്കാൻ ഉത്തരവാദിത്വം ആർക്കാണ്? ഇതൊരു income generating model അല്ലാത്തതുകൊണ്ട് ഇതിന്റെ കടം ആത്യന്തികമായി ഗവൺമെന്റിൽ വരും. സംസ്ഥാനത്തിന് ആ ലയബിലിറ്റിയിൽനിന്നും ഒഴിഞ്ഞുമാറാൻ പറ്റുമോ? ഇത് മൂന്ന് ശതമാനത്തിൽപ്പെടില്ല, അതിന്റെ പുറത്ത് കടമെടുത്തോളൂ എന്ന് കേന്ദ്രം സമ്മതിച്ചാലും എല്ലാ വർഷവും പണം തിരിച്ചടയ്ക്കണ്ടേ? അടുത്ത അഞ്ച് വർഷം തിരിച്ചടയ്ക്കേണ്ട പണത്തിന്റെ കണക്ക് ഞാനിവിടെ വായിക്കണോ? അത് സംസ്ഥാന ബജറ്റിന് മുകളിലാണ്. ഇതാണ് മുമ്പ് കിഫ്ബി ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ ലീഗൽ ഒബ്ജക്ഷനായി ഞങ്ങൾ പറഞ്ഞത്. അതിപ്പോൾ യാഥാർഥ്യമായി. ഇപ്പോൾ സംസ്ഥാന ബജറ്റിന് മുകളിൽ ഒരു പ്രഷറായി കിഫ്ബി നിൽക്കുകയാണ്. You have to repay the money. ആ പണം തിരിച്ചടയ്ക്കുകതന്നെ വേണം. സംസ്ഥാനത്തിന്റെ sovereign guarantee കൊടുത്ത് എടുത്ത പണം തിരിച്ചടയ്ക്കാതെ സർക്കാരിന് വേറെ യാതൊരു ഓപ്ഷനുമില്ല. കിഫ്ബി income generating ആയി പണം തിരിച്ചുതരുന്നില്ല. അപ്പോൾ പണം തിരിച്ചടച്ചേ മതിയാകൂ. ഈ പണം

നമ്മുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ കിടന്നിരുന്നുവെങ്കിൽ പ്ലാനിൽ അലോക്കേറ്റ് ചെയ്ത് പി.ഡബ്ല്യു.ഡി. ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾക്ക് കൊടുത്ത് ഈ പറയുന്ന മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും സർക്കാരിന് നടത്താമായിരുന്നു. സർക്കാർ അധികമായി എന്താണ് ചെയ്തത്? സർക്കാർ അധികമായി കടമെടുത്തു, അത് അന്നും എടുക്കാമായിരുന്നു. ഇപ്പോഴും കടമെടുപ്പിന്റെ പരിധിയിൽവന്നു. ഇതൊരു ഭയങ്കര സംഭവമാണെന്ന് വരുത്തിത്തീർക്കുകയല്ലേ ചെയ്യുന്നത്? നാഷണൽ ഹൈവേ നിർമ്മിക്കാൻ കിഫ്ബിയുടെ പണമായി 6000 കോടി രൂപ കൊടുത്തത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നല്ലേ? കിഫ്ബി ഇല്ലായിരുന്നെങ്കിലും കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പ്രസ്തുത തുക കൊടുക്കാൻ സാധിക്കുമായിരുന്നില്ലേ? കൊടുക്കാം, നിങ്ങൾക്ക് അതിനെക്കുറിച്ച് അറിയില്ല. 20000 കോടി രൂപയാണ് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് കിഫ്ബിക്ക് ഇതുവരെ കൊടുത്തത്. എന്നാൽ പൂർത്തിയാക്കിയ പദ്ധതികൾ 18000 കോടി രൂപയുടേത് മാത്രമാണ്. എല്ലാ വർഷവും സംസ്ഥാന ബജറ്റിൽനിന്നും ഈ പണം അടച്ചുകൊണ്ടിരിക്കണം. ഇതിൽ ഞങ്ങൾ

എതിർത്ത ഒരു പ്രധാനപ്പെട്ട വിഷയമുണ്ട്, അത് ഇപ്പോഴുമുണ്ട്. ഇവിടെ സർക്കാർ പ്ലാനിൽനിന്ന് വ്യതിചലിക്കുകയാണ്. പ്ലാൻ മാറ്റിയിട്ട് പ്രോജക്ടിന്റെ പുറകെ പോകുകയാണ്. അത് right extremism ആണ്, തീവ്ര വലതുപക്ഷവാദമാണ്. സി.പി.ഐ.(എം) അടക്കമുള്ള എല്ലാ പാർട്ടികളും അതിനെ എതിർത്തിട്ടുണ്ട്. പ്ലാനിന് ഒരു പ്രയോറിറ്റിയുണ്ട്. പ്ലാൻ വിഹിതം 1000 കോടി രൂപയുണ്ടെങ്കിൽ 100 കോടി രൂപ പട്ടികജാതിക്കാർക്കും 20 കോടി രൂപ പട്ടികവർഗക്കാർക്കും എന്നുതുടങ്ങി ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പ്രയോറിറ്റികൾ നിശ്ചയിച്ചാണ് പണം കൊടുക്കുന്നത്. പ്ലാൻ അല്ല, പ്രോജക്ടാണെങ്കിൽ വേറെ കുറച്ച് നേട്ടങ്ങളുമുണ്ട്, ഞാൻ അത് പറയുന്നില്ല. ഇവിടെ അട്രാക്ഷൻ പ്രോജക്ടിനോടാണ്. ഇത് പ്രോജക്ടുകളാണ്, പ്ലാനിന്റെ ഭാഗമല്ല. അതുകൊണ്ടാണ് സർക്കാർ ഇത്രയും പണം പ്ലാനിലാണ് ചെലവാക്കിയിരുന്നതെങ്കിൽ അതിന്റെ 12% പട്ടികജാതി-പട്ടികവർഗക്കാർക്ക് കൊടുക്കാമായിരുന്നുവെന്ന് ശ്രീ. റോജി എം. ജോൺ ഇവിടെ വ്യക്തമായി പറഞ്ഞത്. ഇപ്പോൾ സർക്കാർ ചെലവാക്കിയിരിക്കുന്ന പണത്തിന്റെ മൂന്ന്

ശതമാനത്തിൽ താഴെയാണ് പട്ടികജാതി-പട്ടികവർഗ പ്രോജക്ടുകൾക്കുവേണ്ടി ചെലവാക്കിയിരിക്കുന്നത്. പ്ലാനിന് ഒരു അന്ത:സത്തയുണ്ട്. പ്ലാൻ ഉപേക്ഷിച്ച് പ്രോജക്ടിനുപുറകെ പോകുമ്പോൾ പിന്നാക്കം നിൽക്കുന്ന സാമൂഹ്യ വിഭാഗങ്ങളോട് നീതി പുലർത്താൻ പറ്റില്ല. ഇത് ഞങ്ങളിവിടെ ഉന്നയിച്ച പോയിന്റാണ്. ഇത് കേന്ദ്ര സർക്കാരിന്റെ നയമാണ്, ബി.ജെ.പി. നയമാണ്. പ്ലാനിന്റെ ഭാഗമായി പ്രോജക്ട് ചെയ്യണമെന്നാണ് ഞങ്ങൾ പറയുന്നത്. പെട്രോളിയം സെസ്, മോട്ടോർ വെഹിക്കിൾ ടാക്സ് എന്നിവയിലൂടെ ലഭിച്ച പണമാണ് കിഫ്ബിക്ക് കൊടുത്തത്, കടമെടുത്ത പണമല്ല. എന്നിട്ട് അതിനുമുകളിൽ വീണ്ടും ടോൾ ഏർപ്പെടുത്തിയാൽ ട്രിപ്പിൾ ടാക്സേഷനാണ് വരുന്നത്. കേന്ദ്ര സർക്കാർ നാഷണൽ ഹൈവേകൾ നിർമ്മിക്കുന്നത് എൻ.എച്ച്.എ.ഐ. മുഖേനയാണ്. അവർ പണം കടമെടുത്താണ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത്. എന്നിട്ട് അവർ ടോൾ പിരിക്കുന്നു. എന്നാൽ നാം മോട്ടോർ വെഹിക്കിൾ ടാക്സും പെട്രോളിയം സെസ്സും ജനങ്ങളിൽനിന്നും വാങ്ങിയിട്ട് അതിനുമുകളിൽ വീണ്ടും ടോൾ ഈടാക്കുകയാണ്. അത് ട്രിപ്പിൾ ടാക്സേഷനാണ്. റോഡിലൂടെ

യാത്ര ചെയ്യുന്നതിന് മോട്ടോർ വെഹിക്കിൾ ടാക്സും പെട്രോളിയം സെസ്സും വാങ്ങിയതിനുശേഷം ടോൾകൂടി വാങ്ങാൻ പോകുകയാണ്. ഇത് നീതിപൂർവമായ ഒരു നിലപാടല്ല. അതുപോലെ, സർക്കാർ മസാല ബോണ്ട് വാങ്ങാൻ പോയി. 9.72% പലിശയ്ക്ക് 2150 കോടി രൂപ വാങ്ങിയിട്ട് 3150 കോടി രൂപ തിരിച്ചടച്ചു. അത് ബജറ്റിൽ നിന്നാണ് തിരിച്ചടച്ചത്. അന്താരാഷ്ട്ര സാമ്പത്തിക വിപണിയിൽ ഒരു ശതമാനത്തിനും പൂജ്യം ശതമാനത്തിനും വരെ ലോൺ കിട്ടും. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊച്ചി മെട്രോയ്ക്ക് 1.5 ശതമാനത്തിനാണ് ജർമ്മൻ ധനകാര്യ സ്ഥാപനത്തിൽനിന്നും ലോണെടുത്തത്. അര ശതമാനത്തിനും ഒരു ശതമാനത്തിനും ഒന്നര ശതമാനത്തിനുപോലും അന്താരാഷ്ട്ര സാമ്പത്തിക വിപണിയിൽ ലോൺ കിട്ടുമ്പോൾ സർക്കാർ അവിടെ പോയി മണിയടിച്ച് 9.72 ശതമാനത്തിന് മസാല ബോണ്ട് വാങ്ങി 6 ശതമാനത്തിന് ഇവിടെയുള്ള ബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചു. ഇതാണോ ആൾട്ടർനേറ്റീവ് എക്കണോമിക് മോഡൽ? ഇവിടെ സി.&എ.ജി.-യെക്കുറിച്ച് സൂചിപ്പിച്ചു. സി.&എ.ജി. സ്ക്രൂട്ടിണി ചെയ്യണ്ടേ? സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന്

ചെലവാക്കുന്ന പണത്തിന്റെ സ്കീട്ടിണി സഭ ചെയ്യണ്ടേ; അത് ലെജിസ്ലേച്ചർ പ്രോസസ്സല്ലേ? സഭ ഡിമാൻഡ് പരിശോധിക്കും, ചർച്ച നടത്തും, അപ്രോപ്രിയേഷൻ പാസ്സാക്കും. ഈ കോൺസ്റ്റിറ്റ്യൂഷണൽ പ്രോസസ്സ് കഴിഞ്ഞാണ് ധനവിനിയോഗത്തിനുള്ള അനുമതി നൽകുന്നത്. ഓരോ രൂപ ചെലവാക്കുന്നതും തലനാരിഴ കീറി പരിശോധിക്കുന്ന സ്ഥലമാണ് ലെജിസ്ലേച്ചർ. അതല്ലേ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ബജറ്റിന്റെ പ്രോസസ്സ്? ഇത് തുടർച്ചയായി ഉണ്ടാകുന്ന കോൺസ്റ്റിറ്റ്യൂഷണൽ പ്രോസസ്സാണ്. എന്നാൽ കിഫ്ബി കോൺസ്റ്റിറ്റ്യൂഷണൽ പ്രോസസ്സിനെ/ഒബ്ലിഗേഷനെ മന:പൂർവം മാറ്റി നിർത്തുകയാണ്. അവിടെ ഒരു സ്കീട്ടിണിയും നടത്തുന്നില്ല. സഭ പാസ്സാക്കി, സഭയുടെ അനുമതിയോടുകൂടി ഈ സംസ്ഥാനത്ത് ചെലവാക്കുന്ന പണം കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ ഓഡിറ്റ് ചെയ്യും. കൺസോളിറ്റേഡ് ഫണ്ടിൽനിന്ന് ഭരണഘടന പ്രകാരം ചെലവാക്കുന്ന പണം എത്ര അനുമതിയോടുകൂടി ചെലവാക്കിയാലും അത് സി.&എ.ജി. ഓഡിറ്റ് ചെയ്യണം. എന്നാൽ കിഫ്ബി സി.&എ.ജി.-യെ ഓഡിറ്റ് ചെയ്യാൻ അനുവദിക്കില്ല. അത്

സാധിക്കില്ലെന്നാണ് പറയുന്നത്. ഓഡിറ്റ് ചെയ്യണമെന്ന് സി.&എ.ജി. പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ഇത് സി.&എ.ജി. ഓഡിറ്റ് ചെയ്താൽ എന്ത് സംഭവിക്കും? അത് സി.&എ.ജി. ഓഡിറ്റ് ചെയ്യണ്ട, ഞങ്ങളൊരു ഓഡിറ്റ് സംവിധാനം ഉണ്ടാക്കിയിട്ടുണ്ടെന്നാണ് പറയുന്നത്. അങ്ങനെ ഓഡിറ്റ് ചെയ്യാൻ ഇത് നാട്ടിൻപുറത്തെ ക്ലബ്ബല്ല.

Mr. Speaker: Please conclude, Time is exceeding.

ശ്രീ. വി. ഡി. സതീശൻ: സർ, Let me complete. നാട്ടിൻപുറത്തെ ക്ലബ്ബിൽ രണ്ട് ഓഡിറ്റർമാരെ നിയോഗിച്ച് അവിടത്തെ വരുമാനവും വരിസംഖ്യയും പരിശോധിക്കുന്നതുപോലെയല്ല, ഇത് നാട്ടുകാരടക്കുന്ന നികുതിപ്പണമാണ്. നാട്ടുകാർ അടക്കുന്ന നികുതിപ്പണം ഭരണഘടനാപരമായ പരിശോധനകൾക്കും ഓഡിറ്റിങ്ങിനും വിധേയമാക്കണം. നിങ്ങൾ അത് മന:പൂർവം ഒഴിവാക്കുന്നതിന്റെ കാരണമെന്താണ്? ആ സ്ഥാപനത്തെ ഓഡിറ്റ് ചെയ്താൽ അതൊരു വെള്ളാനയാണെന്ന് ബോധ്യപ്പെടും. അവിടെ നടക്കുന്നത് മുഴുവൻ പിൻവാതിൽ നിയമനമാണ്. അവിടത്തെ സാലറി ആരാണ് തീരുമാനിക്കുന്നത്? ഞാൻ വ്യക്തികളെ പരാമർശിച്ച് അവിടത്തെ

സാലറിയുടെ കാര്യമൊന്നും സൂചിപ്പിക്കുന്നില്ല. ദയവുചെയ്ത് ഭരണകക്ഷി എം.എൽ.എ.-മാരുകൂടി അതൊന്ന് പരിശോധിക്കണം. സർവീസിൽനിന്നും റിട്ടയർ ചെയ്തവർ അവിടെ ഓരോ സ്ഥാനത്തിരുന്ന് എത്ര ലക്ഷം രൂപയാണ് ശമ്പളം വാങ്ങിക്കുന്നത്? പി.ഡബ്ല്യു.ഡി.-യിൽ പരിചയസമ്പന്നരായ ചീഫ് എഞ്ചിനീയർമാർ എല്ലാ കാര്യങ്ങളും പരിശോധിക്കുന്നുണ്ട്. എന്നാൽ കിഫ്ബിയിൽ ബി.എസ്.എൻ.എൽ.-നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരാണ് പരിശോധിക്കുന്നത്. കിഫ്ബിയിലിരുന്ന് ഓരോരുത്തർ എത്ര ലക്ഷം രൂപയാണ് ശമ്പളം പറ്റുന്നതെന്ന് പരിശോധിക്കണം. സംസ്ഥാനത്തുതന്നെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ മെച്ചപ്പെട്ട മെക്കാനിസവും നല്ല ഇംപ്ലിമെന്റിങ് ഏജൻസികളും മികച്ച എഞ്ചിനീയറിങ് വൈദഗ്ധ്യവുമുള്ളവരുള്ളപ്പോൾ അവരെ മുഴുവൻ നോക്കുകുത്തിയാക്കി നിർത്തിക്കൊണ്ട് ബദൽ മെക്കാനിസമുണ്ടാക്കി, ഭരണഘടനാവിരുദ്ധമായി കാര്യങ്ങൾ ചെയ്ത് കൂട്ടിച്ചോറാക്കിയ കഥയാണ് ഞങ്ങളിവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. ഇത് വളരെ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യണം. നിയമപരമായ കാര്യങ്ങളിലേക്ക് ഇത് തിരിച്ചുകൊണ്ടുവരണം.

കിഫ്ബി ഇപ്പോൾ സംസ്ഥാനത്തിനും സംസ്ഥാനത്തിന്റെ ബജറ്റിനും ബാധ്യതയായിരിക്കുന്നു. പ്ലാനിൽനിന്ന് ഇതിന് ആവശ്യമില്ലാതെ പണം കൊടുക്കുന്നതുകൊണ്ടാണ് അമ്പത് ശതമാനത്തോളം തുക പ്ലാനിൽനിന്ന് കട്ട് ചെയ്യേണ്ട ഗതികേടിലേക്ക് വന്നത്. ഒന്നും കട്ട് ചെയ്തില്ല എന്നുപറയുമ്പോഴും ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾ എന്റെ കൈവശമുണ്ട്, ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ഇതുമായി ബന്ധമില്ലാത്ത ധാരാളം കാര്യങ്ങൾ മന്ത്രി ഇവിടെ സൂചിപ്പിച്ചു. അതിനൊന്നും ഞാൻ മറുപടി പറയുന്നില്ല. വിഴിഞ്ഞം തുറമുഖത്തെക്കുറിച്ചും ഡൽഹി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ചുമൊക്കെ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചു. കിഫ്ബിയുടെ കാര്യത്തിൽ ഗവൺമെന്റ് ഗൗരവത്തോടുകൂടി മൈൻഡ് അപ്ലൈ ചെയ്തില്ലെങ്കിൽ സംസ്ഥാനത്തിന്റെ നിലവിലെ പരിതാപകരമായ ധനസ്ഥിതി കൂടുതൽ വഷളാകുമെന്നും കടത്തിന്റെ കാണാക്കയങ്ങളിലേക്ക് വീണുപോകുന്ന സ്ഥിതിവരുമെന്നും വിനയപൂർവം ഓർമ്മപ്പെടുത്തുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ. പി. എ. മജീദ്: സർ, സഭ ഗൗരവതരമായി ചർച്ച ചെയ്യേണ്ട വിഷയമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ഇവിടെ ഉന്നയിക്കപ്പെട്ടത്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ഞങ്ങൾ ഉന്നയിക്കുന്ന ആശങ്കകളും മറ്റും പോസിറ്റീവായെടുത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കിഫ്ബി ആരംഭിക്കുന്ന ഘട്ടത്തിൽത്തന്നെ ഇത് വരുമാനദായകമാകണമെന്നുള്ള കാര്യം പ്രതിപക്ഷം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങളെ മുഴുവൻ എതിർക്കുകയല്ല, കിഫ്ബി നടത്തിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള പോരായ്മകളും പ്രയാസങ്ങളും ചൂണ്ടിക്കാണിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്. പ്ലാൻ ഉപേക്ഷിച്ച് പ്രോജക്ടിന് പുറകെ പോയതിന്റെ അപകടമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഈ സംവിധാനം ഇപ്പോൾ ആശാസ്യമായ നിലയിലല്ല പ്രവർത്തിക്കുന്നത്. ഒരു പദ്ധതി ഏറ്റെടുത്താൽ അത് പൂർത്തിയാകുന്നതിന്

വർഷങ്ങളോളം വേണ്ടിവരുന്ന സാഹചര്യമാണുള്ളത്. പദ്ധതികൾ അനന്തമായി നീട്ടിക്കൊണ്ടുപോകുകയാണ്. പി.ഡബ്ല്യു.ഡി. പത്ത് കോടി രൂപയ്ക്ക് ചെയ്യുന്ന ഒരു വർക്ക് കിഫ്ബിയിലൂടെ ചെയ്യുമ്പോൾ ഇരുപത്തിയഞ്ച് കോടി രൂപയായി മാറുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ചീഫ് എഞ്ചിനീയർ പരിശോധിച്ച് അംഗീകാരം കൊടുത്തതിനെ താഴെയുള്ള ഉദ്യോഗസ്ഥർ പുന:പരിശോധിക്കുകയാണ്. അതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതിന്റെ നടപടിക്രമങ്ങൾ പുന:പരിശോധിച്ച് ലളിതമാക്കണം, അല്ലാതെ ഈ സംവിധാനംകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകുമെന്ന് തോന്നുന്നില്ല. ഞങ്ങൾ നേരത്തെ ഉന്നയിച്ച കാര്യങ്ങൾ നിങ്ങൾ നിഷേധിച്ചെങ്കിലും ഇപ്പോൾ എവിടെയാണ് എത്തിയിരിക്കുന്നത്? ഇപ്പോൾ ടോൾ ഏർപ്പെടുത്തണമെന്ന നിലയിലേക്ക് വന്നിരിക്കുകയാണ്. ടോൾ എന്ന് പറയാൻ പാടില്ല, യൂസേഴ്സ് ഫീ എന്നുപറയാം. ഇത്തരം കാര്യങ്ങൾ അങ്ങുകൂടി പരിശോധിക്കണം. 2017-ൽ എന്റെ മണ്ഡലത്തിൽ ജലസേചനത്തിനും കുടിവെള്ളത്തിനുമായി കൊണ്ടുവന്ന പദ്ധതിയുടെ ഡി.പി.ആർ. പോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല.

അതുപോലെ 2016-ൽ നൂറ് കോടി രൂപ അനുവദിച്ച വെണ്ണിയൂർ ബൈപ്പാസും ഇതുവരെ ആരംഭിച്ചിട്ടില്ല. അതുപോലെ പരപ്പനങ്ങാടി സബ്‌രജിസ്ട്രാർ ഓഫീസ് രണ്ട് വർഷമായി പൊളിച്ചിട്ടിരിക്കുകയാണ്. അതിന്റെ പ്രവൃത്തിയും നടക്കുന്നില്ല. ഓരോ മെമ്പർമാർക്കും ഇതുപോലെയുള്ള ധാരാളം പ്രയാസങ്ങൾ പറയാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കിഫ്ബിയെ ന്യായീകരിക്കുമ്പോഴും എന്ത് പോരായ്മയാണുണ്ടായിട്ടുള്ളത്; എന്തുകൊണ്ടാണ് അത് നടക്കാത്തത് എന്നത് സംബന്ധിച്ചുള്ള ഒരു തുറന്ന സംവാദനത്തിന് ധനകാര്യ വകുപ്പുമന്ത്രി താല്പര്യമെടുക്കുന്നില്ലെന്ന് മാത്രമല്ല, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപംപോലും അനാവശ്യമാണെന്നാണ് സൂചിപ്പിച്ചത്. ഇത് ദൗർഭാഗ്യകരമാണ്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, കിഫ്ബിവഴി വലിയ പദ്ധതികൾ നടപ്പാക്കാൻ ഗവൺമെന്റ് മുന്നോട്ട് വന്നപ്പോൾത്തന്നെ കേരളത്തിലെ

പ്രതിപക്ഷം ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചതാണ്. പക്ഷേ കിഫ്ബിവഴി വലിയ പ്രോജക്ടുകളെല്ലാം നടക്കുന്നത് നാടിന് ഉപകാരപ്രദമാണെന്നാണ് ഗവൺമെന്റ് ചൂണ്ടിക്കാണിച്ചത്. പദ്ധതികളിൽ ഭൂരിഭാഗവും നടക്കാതെ വരികയും നടന്ന സ്ഥലങ്ങളിൽ ടോൾ ഏർപ്പെടുത്തുകയും ചെയ്യുന്നത് ജനങ്ങളെ ഉപദ്രവിക്കുന്നതാണെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഞങ്ങളതിനെ ശക്തമായി എതിർക്കുന്നു. ടോൾ ഏർപ്പെടുത്താനുള്ള നീക്കത്തിൽനിന്ന് ഗവൺമെന്റ് പൂർണ്ണമായും പിന്തിരിയണമെന്ന് അഭ്യർഥിക്കുന്നു. വി.എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 2010-ൽ മാന്ദ്യവിരുദ്ധ പാക്കേജും ഡോ. ടി. എം. തോമസ് ഐസക് തന്നെയാണ് പ്രഖ്യാപിച്ചത്. ഞാൻ അന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നു. അന്ന് മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ച പദ്ധതികളെല്ലാം ചെയ്തത് പി.ഡബ്ല്യു.ഡി. ആണ്. അതുപോലെ ഇറിഗേഷൻ വകുപ്പും ആഭ്യന്തര വകുപ്പും ഉൾപ്പെടെ ഗവൺമെന്റിന്റെ കീഴിലുള്ള സിസ്റ്റംതന്നെ ഇക്കാര്യങ്ങൾ ചെയ്തു. നൂറുകണക്കിന് പാലങ്ങളും റോഡുകളും പൂർത്തിയാക്കിയിട്ടും ഒരു രൂപപോലും ടോൾ പിരിക്കേണ്ടിവന്നില്ല. എന്നാൽ

ഇപ്പോൾ വലിയ പ്രതിസന്ധിയാണുണ്ടായിരിക്കുന്നത്. എന്റെ മണ്ഡലമായ കടുത്തുരുത്തിയിലും തൊട്ടടുത്ത പാലാ മണ്ഡലത്തിലും നാലഞ്ച് വർഷമായി കോടികളുടെ പ്രഖ്യാപനമുണ്ടായതല്ലാതെ ഒരു രൂപപോലും കിഫ്ബിയിൽനിന്ന് കിട്ടിയിട്ടില്ല; കിട്ടാത്തത് ഇപ്പോൾ അനുഗ്രഹമായിരിക്കുകയാണ്. കിട്ടിയിരുന്നെങ്കിൽ ടോൾ പിരിവിനെതിരെ നാട്ടിൽ നാട്ടിൽ സമരം ചെയ്യേണ്ട സാഹചര്യമുണ്ടാകുമായിരുന്നു. കിഫ്ബി പണം തരാതിരുന്നതിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇരുന്നൂറ് കോടി രൂപയുടെ ഐ.ടി. പാർക്ക് നൂറെണ്ണം വീതം നൽകാമെന്നും അത് ഓരോ മണ്ഡലത്തിലും വരുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഒരു റവന്യൂ ടവറിനുവേണ്ടി ഞാൻ മൂന്ന് വർഷമായി ശ്രമിക്കുകയാണ്. അതുസംബന്ധിച്ച ഫയൽ ഇപ്പോൾ കിഫ്ബിയിലാണുള്ളത്. ബഹുമാനപ്പെട്ട

റവന്യൂ വകുപ്പുമന്ത്രിക്ക് അക്കാര്യം അറിയാം, അതിനെക്കുറിച്ച് അങ്ങുതന്നെ എന്നോട് പറഞ്ഞിട്ടുമുണ്ട്. റവന്യൂ ടവറുമായി ബന്ധപ്പെട്ട എട്ടുപത്ത് ഫയലുകൾ കിഫ്ബിയിൽ അടുക്കിവച്ചിരിക്കുകയാണ്. കിഫ്ബിയുമായി ബന്ധപ്പെട്ട് എന്റെ അനുഭവമാണ് ഞാനിവിടെ പറഞ്ഞത്. ഇതുപോലെ ഓരോ എം.എൽ.എ.-മാർക്കും അവരുടേതായ അനുഭവങ്ങളുണ്ടാകും. കിഫ്ബിയിൽ കൃത്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ, വകുപ്പുകളിലേക്ക് പണം ലഭ്യമായിരുന്നുവെങ്കിൽ അനവധി പദ്ധതികൾ കാലതാമസമില്ലാതെ നമ്മുടെയൊക്കെ പ്രദേശങ്ങളിൽ പൂർത്തിയാക്കാൻ സാധിക്കുമായിരുന്നു. എന്നാൽ അതിന് കടകവിരുദ്ധമായ സാഹചര്യമാണുള്ളത്. സർക്കാർ പത്താം വർഷത്തിലേക്ക് കടക്കുമ്പോഴും അഞ്ചുവർഷംകൊണ്ട് പൂർത്തിയാക്കാനുള്ള അമ്പതിനായിരം കോടി രൂപയുടെ പദ്ധതികളിൽ ഇരുപതിനായിരം കോടി രൂപയുടെ പദ്ധതികളിലേക്ക് മാത്രമേ എത്തിച്ചേരാൻ കഴിഞ്ഞിട്ടുള്ളൂ. ഇതുതന്നെ കിഫ്ബി പരിപൂർണ്ണ പരാജയമാണെന്നതിന് തെളിവാണ്. ഈ വിഷയം സഭാനടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, സർക്കാർ വകുപ്പുകൾക്ക് സമാന്തരമായൊരു സംവിധാനമുണ്ടാക്കി പൊതുഖജനാവിനെ കടക്കെണിയിലേക്ക് നയിക്കുകയാണ് സർക്കാർ ചെയ്യുന്നത്. വിപുലമായ ഉദ്യോഗസ്ഥ സംവിധാനങ്ങളും അധികാരങ്ങളുമൊക്കെയുള്ള ധനകാര്യ വകുപ്പിന് കെ.ആർ.എഫ്.ബി., ഹൗസിങ് ബോർഡ്, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയ നിർമ്മാണ വിഭാഗങ്ങൾക്ക് ചെയ്യാൻ സാധിക്കാത്ത എന്ത് അത്ഭുതമാണ് കിഫ്ബിയിലൂടെ ചെയ്യാൻ സാധിക്കുകയെന്ന് മനസ്സിലാകുന്നില്ല. എന്റെ മണ്ഡലത്തിൽ ഒരു റവന്യൂ ടവർ നിർമ്മിക്കാനായി തറക്കല്ലിട്ടിട്ട് രണ്ടരവർഷം കഴിഞ്ഞു. അവിടെയുള്ള എല്ലാ സർക്കാർ ഓഫീസുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതുവരെ ആ ടവറിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ ഉദാഹരണം കൂടിയാണ് കിഫ്ബി. ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

11.01 am]

V. ശ്രദ്ധ ക്ഷണിക്കൽ

(1) വീട് നിർമ്മിക്കുന്നതിന് പെർമിസീവ് സാങ്ഷൻ

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സ്വന്തമായി ഒരു വീടുണ്ടാകുകയെന്നത് സാധാരണ മനുഷ്യരുടെ ഏറ്റവും വലിയ ആഗ്രഹമാണ്. കഴിഞ്ഞ എട്ടുവർഷമായി അധികാരത്തിലുള്ള പിണറായി സർക്കാർ കേരളത്തിലെ സാധാരണക്കാരന്റെ പ്രാഥമികമായ ഈ ആഗ്രഹം നിറവേറ്റാൻ ലൈഫ് മിഷൻ പോലെയുള്ള വിവിധ പദ്ധതികളിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുവഴി 427736 വീടുകൾ പൂർത്തിയാകുകയും 111306 വീടുകളുടെ പണി

നടന്നുകൊണ്ടിരിക്കുകയുമാണെന്നാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. 539042 വീടുകളുടെ നിർമ്മാണം പൂർത്തിയായിവരികയാണ്. എന്നാൽ നിലവിലുള്ള പല നിയമങ്ങളും നിർവഹണത്തിലെ ചില പോരായ്മകളും കാരണം നിരവധി സാധാരണക്കാരാണ് പ്രയാസം അനുഭവിക്കുന്നത്. വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ലഭിക്കുന്നതിന് ഭൂമിയുമായി ബന്ധപ്പെട്ട ചില പ്രധാന ക്ലിയറൻസുകൾ ആവശ്യമാണ്. ഡാറ്റ ബാങ്ക് വിഷയം, നിലം വിഭാഗത്തിൽ വരുന്നത്, സി.ആർ.ഇസഡ്., പരിസ്ഥിതി ദുർബല പ്രദേശങ്ങൾ, ഇടുക്കി പോലെയുള്ള മലയോര ജില്ലകളിലെ വിശേഷിച്ചും മൂന്നാർ പ്രദേശത്തെ സവിശേഷമായ വിഷയങ്ങൾ എന്നിവയൊക്കെ ഇതിലുൾപ്പെടും. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റ ബാങ്കിൽ വരുന്ന ഭൂമികളിൽ ചിലത് തെറ്റായി വയൽ എന്ന് രേഖപ്പെടുത്തി ഡാറ്റ ബാങ്കിലുൾപ്പെടുത്തിയിരിക്കുന്നത് മാറ്റിയെടുക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. കൃഷി ഓഫീസറും വില്ലേജ് ഓഫീസറും ഉൾപ്പെട്ട സമിതി സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നത് അവസാനത്തെ അമന്റ്മെന്റ് പ്രകാരം കൃഷി

ഓഫീസർക്ക് അധികാരം നൽകി ക്രമപ്പെടുത്തുന്നതിനുള്ള ശ്രമം നടന്നിരുന്നു. പക്ഷെ വലിയ രീതിയിലുള്ള പ്രായോഗിക ബുദ്ധിമുട്ടാണ് ഇക്കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഡാറ്റ ബാങ്കിലുൾപ്പെടാത്ത മറ്റൊരു സ്ഥലവും സ്വന്തമായോ പങ്കാളിക്കോ ഇല്ലെങ്കിൽ അവർക്ക് വീട് നിർമ്മിക്കുന്നതിന് പഞ്ചായത്തുകളിൽ പത്ത് സെന്റും നഗരസഭകളിൽ അഞ്ച് സെന്റും നിലം നികത്താൻ കൃഷി ഓഫീസർ മുഖേന അപേക്ഷ നൽകി പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ പ്രകാരം ജില്ലാതല സമിതി പരിഗണിച്ച് അനുവദിച്ചുനൽകാൻ 2008-ലെ നിയമത്തിൽ വ്യവസ്ഥയുണ്ട്. പ്രസ്തുത ഭൂമി നികത്തുന്നതുമൂലം ആ പ്രദേശത്തെ കൃഷിയെ ദോഷകരമായി ബാധിക്കരുത്, നീരൊഴുക്കിനെ തടസ്സപ്പെടുത്തരുത് എന്നീ വ്യവസ്ഥകൾ പാലിക്കണമെന്നുമുണ്ട്. എന്നാൽ ഇങ്ങനെയുള്ള ഭൂരിഭാഗം അപേക്ഷകളും നിരസിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്. റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തുകയും എന്നാൽ പറമ്പിന്റെ സ്വഭാവത്തിൽ വരുന്നതുമായ ഭൂമിയാണ് ഭൂരിഭാഗവും. കേരളത്തിൽ ഇത്തരത്തിലുള്ള കേസുകൾ ലക്ഷക്കണക്കിനുണ്ട്. നിലവിലെ നിയമാനുസൃതം അപേക്ഷ നൽകിയാൽ

ഇത് മാറ്റിക്കിട്ടാൻ നാല് മുതൽ ആറ് മാസംവരെ കാലതാമസം നേരിടുന്നുണ്ട്. വലിയ വില്ലേജുകളിൽ ഒരു വർഷം ഏകദേശം ആയിരം മുതൽ ആയിരത്തിയഞ്ഞൂറ് വരെ അപേക്ഷകൾ ഈ ഗണത്തിൽപ്പെട്ടതുണ്ട്. ഇത് തരംമാറ്റി നൽകാനുള്ള അധികാരം ആർ.ഡി.ഒ.-മാരെ കൂടാതെ ഡെപ്യൂട്ടി കളക്ടർമാർക്കുകൂടി നൽകിയെങ്കിലും താഴെ തലത്തിലുള്ള പ്രവർത്തനങ്ങളിൽ വേണ്ടത്ര വേഗത വന്നിട്ടില്ല. സി.ആർ.ഇസഡ്. വിഷയത്തിൽ നിലവിലെ വ്യവസ്ഥകൾ സങ്കീർണ്ണമാണ്. 2019-ലെ വിജ്ഞാപന പ്രകാരം ചില ഇളവുകൾ ലഭിച്ചിട്ടുണ്ടെങ്കിലും പുതിയൊരു കെട്ടിടവും നിർമ്മിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. പരിസ്ഥിതി ദുർബല പ്രദേശമായി മാറ്റപ്പെട്ട സ്ഥലങ്ങളിലും പല പ്രശ്നങ്ങളും നിലനിൽക്കുകയാണ്. ഇടുക്കി പോലെയുള്ള മലയോര ജില്ലകളിൽ, ഉദാഹരണമായി മൂന്നാർ പ്രദേശത്തെ ചില വില്ലേജുകളിൽ റവന്യൂ വകുപ്പിൽനിന്ന് ആദ്യം എൻ.ഒ.സി. വാങ്ങിയാൽ മാത്രമേ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

മി. സ്പീക്കർ: യെസ്, പ്ലീസ്...

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സമൂഹത്തിലെ ഏറ്റവും താഴെക്കിടയിൽ നിൽക്കുന്ന സാധാരണ മനുഷ്യരെയാണ് ഇതെല്ലാം ആത്യന്തികമായി ബാധിക്കുന്നത്. ഗവൺമെന്റിന്റെ ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെട്ട് ആശ്വാസത്തോടെ വീട് നിർമ്മിക്കാൻ തുടങ്ങുമ്പോഴാണ് ഈ നൂലാമാലകൾ കടന്നുവരുന്നത്. ഇതുമൂലം ആയിരക്കണക്കിന് മനുഷ്യരാണ് ബുദ്ധിമുട്ടുന്നത്. അതിനാൽ ഇതുമായി ബന്ധപ്പെട്ട നിയമങ്ങളുടെ അന്തഃസത്ത ചോരാതെ, പാവപ്പെട്ടവർ പലപല ഓഫീസുകൾ കയറിയിറങ്ങി ബുദ്ധിമുട്ടാതെ ഒരു വീട് പണിയാൻ കഴിയുന്ന വിധത്തിൽ സംവിധാനങ്ങളിൽ ഇളവ് നൽകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവതരമായൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. സ്വന്തമായി ഭൂമിയുണ്ടായിട്ടും വീട് നിർമ്മിക്കാൻ അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കാലതാമസവും തടസ്സവാദങ്ങൾ

ഉന്നയിക്കപ്പെടുന്നതുമൂലവും സാധാരണക്കാർ നേരിടുന്ന പ്രധാനപ്പെട്ട ഒരു വിഷയവുമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ പാവപ്പെട്ടവന് അടച്ചുറപ്പുള്ള വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാനായി ആവിഷ്കരിച്ച 'ലൈഫ്' പദ്ധതി രാജ്യത്തിനാകെ മാതൃകയാണ്. പ്രസ്തുത പദ്ധതിയിലൂടെ ഇതിനകം 427000 പേർക്ക് വീടുവച്ച് നൽകിയിട്ടുണ്ട്. അതേസമയം സ്വന്തമായി ഭൂമിയുള്ളവർക്ക് അവർ ആഗ്രഹിച്ചപോലെ കയറിക്കിടക്കാൻ ഒരിടം ഉണ്ടാകണമെന്നതും പ്രധാനപ്പെട്ടതാണ്. അതിന് കഴിയാത്തവണ്ണം നെൽവയൽ നികത്തുന്നതിന് തടസ്സമായിരുന്ന 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥ സർക്കാർ 2018-ൽ ഭേദഗതി ചെയ്തു. ഈ ഭേദഗതി പ്രകാരം ഡാറ്റ ബാങ്കിലുൾപ്പെടാത്ത നിലം ഇനത്തിൽപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം പത്ത് സെന്റിൽ കവിയാത്തപക്ഷം അവിടെ 120 ചതുരശ്ര മീറ്റർ (1291.67 ചതുരശ്ര അടി) വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് ഭൂമി തരംമാറ്റം ആവശ്യമില്ല. ഇത്തരം ഭൂമിയിലെ വീടുകളുടെ നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ

സ്ഥാപനത്തിൽനിന്നും പെർമിറ്റ് ലഭിക്കുന്നതിന് ഒരു തടസ്സവാദവും ഉന്നയിക്കാൻ കഴിയില്ല. ഇത്തരം അപേക്ഷകളിൽ വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിക്കുന്നതിന് ഭൂമി ബി.ടി.ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയത് തടസ്സമാകില്ലെന്ന് ഉറപ്പുവരുത്തുന്നതാണ്. അഞ്ച് സെന്റ് വരെയുള്ള ഭൂമിയിൽ 40 ചതുരശ്രമീറ്റർ (430.56 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും പ്രസ്തുത നിയമത്തിലെ 27 എ വകുപ്പുപ്രകാരം തരംമാറ്റൽ ആവശ്യമില്ല. കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പം നിർദിഷ്ട ഭൂമി ഡാറ്റ ബാങ്കിലുൾപ്പെട്ടതല്ലെന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറി മുമ്പാകെ സമർപ്പിച്ചാൽ മതിയാകും. മേൽപ്രകാരമുള്ള ഇളവ് ലഭ്യമാണെന്നതറിയാതെ തരംമാറ്റത്തിനായി അപേക്ഷകർ റവന്യൂ അധികാരികളെ ഇപ്പോഴും സമീപിക്കുന്നുണ്ട്. അത്തരം അപേക്ഷകൾ പരിശോധിച്ച് മേൽപ്പറഞ്ഞ ആനുകൂല്യം ലഭ്യമാണെന്ന വിവരം തങ്ങളെ സമീപിക്കുന്ന അപേക്ഷകനെ അറിയിക്കുകയെന്നതാണ് കൃഷി, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ചെയ്യേണ്ടത്.

പലപ്പോഴും ഉദ്യോഗസ്ഥർ ഇതിന് തയ്യാറാകാത്ത സ്ഥിതിയുമുണ്ട്. ഇക്കാരണത്താൽ 2018-ൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയതിന്റെ ആനുകൂല്യം ജനങ്ങൾക്ക് അനുഭവവേദ്യമാകുന്നില്ല. അപേക്ഷകൾ സ്വീകരിക്കാതെയും വസ്തുതകൾ മനസ്സിലാക്കാതെയും ഉദ്യോഗസ്ഥർ വരുത്തുന്ന കാലതാമസം കാരണം നിരവധി പേരാണ് ഒരു ചെറിയ വീട് പണിയുന്നതിനുവേണ്ടി ഈ ബുദ്ധിമുട്ടനുഭവിക്കുന്നത്. ഇത് ഉദ്യോഗസ്ഥതലത്തിൽ വരുത്തുന്ന ഗുരുതര അനാസ്ഥയായി മാത്രമെ കാണാൻ കഴിയൂ. മേൽപ്രകാരമുള്ള ആനുകൂല്യങ്ങൾ നിലവിലുണ്ടെന്ന കാര്യം പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. നിലവിൽ ബന്ധപ്പെട്ട വകുപ്പുകളിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ അത്തരം അപേക്ഷകളിൽ അടിയന്തരമായി തീർപ്പുകല്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 2008-ൽ ഉടമസ്ഥാവകാശമുണ്ടായിരുന്നതും ഡാറ്റ ബാങ്കിലുൾപ്പെട്ടതുമായ

നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ വീടുവയ്ക്കാൻ പറ്റിയ സ്ഥലം സ്വന്തം ജില്ലയിൽ ഇല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ പത്ത് സെന്റും നഗരപ്രദേശങ്ങളിൽ അഞ്ച് സെന്റും വീടുവയ്ക്കാനായി നിലം നികത്താൻ അനുമതി ലഭിക്കും. വേറെ വീടില്ലാത്തൊരു കുടുംബത്തിന് സ്വന്തം ആവശ്യത്തിന് വീടുവയ്ക്കാൻ ഡാറ്റ ബാങ്കിലുൾപ്പെട്ടാലും നെൽവയൽ തണ്ണീർത്തട പരിധിയിൽപ്പെട്ടാലും ഗ്രാമപഞ്ചായത്തിൽ പത്ത് സെന്റും നഗരപ്രദേശങ്ങളിൽ അഞ്ച് സെന്റും സ്ഥലത്ത് വീടുവയ്ക്കാൻ പഞ്ചായത്ത്/നഗരസഭ അനുമതി നൽകേണ്ടതാണ്. ഇത് കൈകാര്യം ചെയ്യുന്ന കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത ആവശ്യവുമായി സമീപിക്കുന്നവരെ ഓരോ കാരണം പറഞ്ഞ് മടക്കി അയയ്ക്കുന്നതാണ് തങ്ങളുടെ ഉത്തരവാദിത്വമെന്ന് കരുതാൻ പാടില്ല. അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി അനുമതി നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വീട് നിർമ്മിക്കുന്നതിന് പല

ഓഫീസുകളും കയറിയിറങ്ങുന്ന സ്ഥിതിയിൽ മാറ്റം വരുത്തി ഏകജാലക സംവിധാനം പോലുള്ള സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന് ഏകജാലകമൊന്നും ആവശ്യമില്ല. പത്ത് സെന്റ്, അഞ്ച് സെന്റ് എന്നുപറയുന്നത് ഒരു പരിധിയാണ്. ആ പരിധിക്കുള്ളിൽ വേറെ വീടില്ലാത്ത ഒരാൾ അപേക്ഷയുമായി സമീപിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുമതി കൊടുത്തിരിക്കണം.

(2) ആശാ വർക്കർമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സംസ്ഥാനത്ത് 'ASHA' എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന Accredited Social Health Activist അഥവാ അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് ഇന്ന് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ആശാ വർക്കർമാർ എന്നത് 24 മണിക്കൂറും ജോലി ചെയ്യുന്ന ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന മാലാഖമാരാണെന്ന കാര്യത്തിൽ നമുക്കാർക്കും സംശയമില്ല. അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ 140 എം.എൽ.എ.-

മാർക്കും അറിയാവുന്നതുമാണ്. അമ്മയുടെയും കുഞ്ഞിന്റെയും പ്രശ്നങ്ങൾ നന്നായി കൈകാര്യം ചെയ്യുന്നതിനായി 17 വർഷങ്ങൾക്ക് മുമ്പാണ് 'ആശാ വർക്കർമാർ' എന്ന ആശയം കൊണ്ടുവരികയും അത് സമൂഹത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുള്ളത്. ഇപ്പോൾ എന്റെ മണ്ഡലത്തിൽ 'ഗ്രാമയാത്ര' എന്നൊരു ജനസമ്പർക്ക ഭവന സന്ദർശന പരിപാടി നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ വാർഡിലും പോകുമ്പോൾ അവിടത്തെ ആശാ വർക്കർമാർ നേരിട്ടുവന്ന് അവരുടെ പ്രശ്നങ്ങളും പ്രതിസന്ധിയും പറയുകയാണ്. ഈ ബജറ്റിൽപ്പോലും ആശാ വർക്കറുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുകയോ അവരുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള ഇൻസെന്റീവ്/ശമ്പള പരിഷ്കരണം പോലെയുള്ള എന്തെങ്കിലും നടപടി കൊണ്ടുവരികയോ ചെയ്തിട്ടില്ല. അവർക്ക് മൂന്നുമാസമായി ഇൻസെന്റീവോ ഓണറേറിയമോ ലഭിക്കുന്നില്ല. കൂടാതെ അവർക്ക് EPF, GPF എന്നിവയുമില്ല. എന്നാൽ അവരുടെ ജോലിക്ക് യാതൊരു കുറവുമില്ല. 24 മണിക്കൂറും ആശാ വർക്കർമാർ ജോലി ചെയ്യുകയാണ്. കല്യാണത്തിന് പോയാൽപ്പോലും കൈയിൽ ഒരു ഡയറി കൊണ്ടുപോകേണ്ട അവസ്ഥയാണുള്ളത്. ഇന്ന്

അവർക്ക് ഒരു മാസം ലഭിക്കുന്ന ഏറ്റവും ഉയർന്ന ശമ്പളം 11,000/- രൂപയാണ്. ഈ തുകകൊണ്ട് ഒരു കുടുംബത്തിന് എങ്ങനെ ജീവിക്കാൻ കഴിയും? 24 മണിക്കൂറും ജോലി ചെയ്യുന്ന ഒരു ആശാ വർക്കറെ സംബന്ധിച്ചിടത്തോളം ഈ തുക തുച്ഛമാണ്. അവർക്ക് പ്രതിദിനം ആയിരം രൂപ ശമ്പളം കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഇവർ ഒട്ടേറെ ജോലികൾ ചെയ്യുന്നവരാണ്. പഞ്ചായത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും ഇവർ ആവശ്യമാണ്. സർവെ നടത്തണമെങ്കിലും ഓരോ വീടും കയറിയിറങ്ങി റിപ്പോർട്ട് കൊടുക്കണമെങ്കിലും ആശാ വർക്കർമാർ വേണം. നേരത്തെ 1000 പേർക്ക് ഒരു ആശാ വർക്കർ എന്ന അനുപാതത്തിലായിരുന്നെങ്കിൽ ഇന്ന് 3000 പേർക്ക് ഒരു ആശാ വർക്കർ എന്ന നിലയാണുള്ളത്, അമിതമായി ജോലി ചെയ്യേണ്ട അവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. കോവിഡ്-19, മറ്റ് മഹാമാരികൾ എന്നിവയുമായി ബന്ധപ്പെട്ട് വാർഡിൽ മീറ്റിങ്ങുകൾ നടത്തുന്നതോടൊപ്പം JHI (Junior Health Inspector), JPHN (Junior Public Health Nurse), MLSP (Mid Level Service Provider) എന്നിവരുടെ ക്ലാസ്സുകളിലും ആശാ വർക്കർമാർ പങ്കെടുക്കണം.

ചില സർവെ റിപ്പോർട്ടുകൾ രാത്രിയിലായിരിക്കും ആവശ്യപ്പെടുന്നത്. പിറ്റേന്ന് രാവിലെ അത് നൽകണം. ഇവർക്ക് ഒരു ദിവസംപോലും ലീവില്ലാതെ ജോലി ചെയ്യേണ്ട അവസ്ഥയാണ്. ഇത്തരത്തിൽ നിരവധി പ്രശ്നങ്ങളാണ് ഇവർ അഭിമുഖീകരിക്കുന്നത്. ഇവർക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഓണറേറിയം 7000/- രൂപയും കേന്ദ്ര സർക്കാർ നൽകുന്നത് 2000/- രൂപയുമാണ്. ഒരു ദിവസം മുഴുവൻ സർവെ നടത്തിയാൽ ലഭിക്കുന്നതും പൾസ് പോളിയയുമായി ബന്ധപ്പെട്ട് ലഭിക്കുന്നതും 75 രൂപയാണ്. ഒട്ടേറെ കഷ്ടതകൾ അനുഭവിച്ചാണ് ഇവർ മുന്നോട്ടുപോകുന്നത്. അതിനാൽ ആശാ വർക്കർമാരുടെ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് മാന്യമായ ശമ്പളം കൊടുക്കുന്ന രീതിയിൽ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഗ്രാമപ്രദേശങ്ങളിൽ 21529, നഗരപ്രദേശങ്ങളിൽ 4104, ട്രൈബൽ മേഖലയിൽ 492 എന്നിങ്ങനെ ആകെ 26125 ആശാ വർക്കർമാരാണ് കേരളത്തിലെ 14 ജില്ലകളിലുമായി പ്രവർത്തിച്ചുവരുന്നത്.

ആശാ വർക്കർമാരോട് സർക്കാർ അനുഭാവപൂർവമായ നിലപാട് സ്വീകരിക്കുകയും നിരന്തരമായി അവരോട് ആശയവിനിമയം നടത്തുകയും ചെയ്യുന്നുണ്ട്. അവർക്ക് സ്ഥിരമായൊരു ശമ്പളം എന്നുള്ള നിലയിലല്ല, മറിച്ച് വിവിധ പദ്ധതികളിൽനിന്ന് ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന 7,000/- രൂപ ഓണറേറിയവും കേന്ദ്രവും സംസ്ഥാനവും 60:40 എന്ന നിരക്കിൽ 3000/- രൂപയും എന്നിങ്ങനെ പ്രതിമാസ-നിശ്ചിത ഇൻസെന്റീവുകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ ആദ്യഘട്ടത്തിൽ അവർക്ക് ലഭിച്ചിരുന്ന പ്രതിമാസ ഓണറേറിയം 1000/- രൂപയായിരുന്നു. ഇന്ന് അത് 7,000/- രൂപയായി വർധിച്ചിട്ടുണ്ട്. നവംബർ 2024 വരെയുള്ള ഓണറേറിയവും ഒക്ടോബർ 2024 വരെയുള്ള ഇൻസെന്റീവുകളും വിതരണം ചെയ്തിട്ടുണ്ട്. അത് മൂന്നുമാസം കൂടുമ്പോൾ കൊടുക്കുന്ന രീതി മാറ്റി അതത് മാസങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള നടപടിയാണ് ധനകാര്യ വകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് സ്വീകരിച്ചുവരുന്നത്. 2023-2024 സാമ്പത്തിക വർഷം ഏകദേശം 120 കോടി രൂപ ആശാ വർക്കർമാർക്ക് ഇൻസെന്റീവായി

നൽകേണ്ടിയിരുന്നു. ആ വർഷം നമുക്ക് ഒരു രൂപപോലും കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ചില്ല. കേന്ദ്രവിഹിതമായി ഏകദേശം 80 കോടി രൂപയാണ് ലഭിക്കേണ്ടിയിരുന്നത്. ആ തുകയും ചേർത്ത് 2023-2024 സാമ്പത്തിക വർഷം 120 കോടി രൂപ ഇൻസെന്റീവായി നൽകിയത് സംസ്ഥാന സർക്കാരാണ്. ആ 80 കോടി രൂപ കേന്ദ്രത്തിൽ നിന്ന് ഇനിയും ലഭിച്ചിട്ടില്ല. അത് നേടിയെടുക്കാനുള്ള ശ്രമം സർക്കാർ നടത്തുന്നുണ്ട്. അക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ പിന്തുണകൂടി ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. ആശാ വർക്കർമാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 7,000/- രൂപ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണ്. മറ്റ് സംസ്ഥാനങ്ങളായ കർണ്ണാടക-5000/-, മഹാരാഷ്ട്ര-5000/-, പശ്ചിമ ബംഗാൾ-6000/- എന്ന നിരക്കിലാണ് ഓണറേറിയം നൽകുന്നത്. പരമാവധി അവരുടെ ജോലിയിലെ സങ്കീർണതകൾ ഒഴിവാക്കിക്കൊണ്ട് ജോലിഭാരം കുറയ്ക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന ആരോഗ്യ വകുപ്പ് ശ്രമിക്കുന്നത്. എല്ലാ ജോലികളും ആശാ വർക്കർമാർ ചെയ്യണമെന്ന നിലയിൽ പോകുന്നത് ശരിയല്ല. അവർ കൃത്യമായി ചെയ്യേണ്ട കാര്യങ്ങളുണ്ട്.

അതുകൊണ്ട് JPHN (Junior Public Health Nurse), JHI (Junior Health Inspector) ഉൾപ്പെടെയുള്ളവർ എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നതും സൂപ്പർവിഷൻ സംബന്ധിച്ചും കൃത്യമായ ഗൈഡ്ലൈൻ പുറപ്പെടുവിച്ചുകൊണ്ടാണ് ആരോഗ്യ വകുപ്പ് പ്രവർത്തിക്കുന്നത്. ഇക്കാര്യത്തിൽ അനുഭാവപൂർവമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. അങ്ങനെതന്നെ മുന്നോട്ടുപോകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നതും ആലോചിച്ചിട്ടുള്ളതും.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഒരു വീട് സന്ദർശിച്ചാൽ ആശാ വർക്കർമാർക്ക് നൽകുന്ന ഇൻസെന്റീവ് അഞ്ച് രൂപയാണ്. 17 വർഷം മുമ്പും അതേ തുകയാണ്, വർധനയുണ്ടായിട്ടില്ല. പ്രതിമാസ ഓണറേറിയം 1000/- രൂപയിൽനിന്ന് 7000/- രൂപയാക്കിയെന്ന് പറയുമ്പോൾ, അന്ന് 1000/- രൂപ വൈദ്യുതി ചാർജുണ്ടായിരുന്നത് ഇന്ന് 8000/- രൂപയായി മാറിയിട്ടുണ്ട്. അതുകൊണ്ട് അവരുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കണം. ഇവർ 62-ാം വയസ്സിൽ സേവനം അവസാനിപ്പിച്ച് പോകുമ്പോൾ വെറും

കൈയോടുകൂടി പോകേണ്ട അവസ്ഥയുണ്ട്. അതുകൊണ്ട് അവർക്കൊരു പെൻഷൻ സ്കീം ഇവിടെ പ്രഖ്യാപിക്കാൻ കഴിയുമോ?

ശ്രീമതി വീണാ ജോർജ്: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്തും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയോട് ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. കേന്ദ്രത്തിൽ പുതിയ സർക്കാർ ചുമതല ഏറ്റെടുത്തപ്പോൾ സംസ്ഥാന ആരോഗ്യ വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹത്തെ കാണാൻ പോകുകയും ഒന്നാമത്തെ ആവശ്യമായി എഴുതി നൽകിയതും അദ്ദേഹവുമായുള്ള ചർച്ചയിൽ ആദ്യത്തെ വിഷയമായി ചർച്ച ചെയ്തതും ആശാ വർക്കർമാരുടെ കാര്യമാണ്. വർഷങ്ങളായി കേന്ദ്രം ഇൻസെന്റീവ് വർധിപ്പിച്ചിട്ടില്ല. അത് വർധിപ്പിക്കണമെന്ന് തന്നെയാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നത്. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയോട് ഇക്കാര്യം ആവശ്യപ്പെട്ടപ്പോൾ അനുഭാവപൂർവം പരിഗണിക്കാമെന്നാണ് പറഞ്ഞത്. വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ആശാ വർക്കർമാർ ഉൾപ്പെട്ടിട്ടുണ്ട്. അവർക്കുവേണ്ടി കൂടുതലായി എന്തൊക്കെ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യണമെന്ന് തന്നെയാണ് ആരോഗ്യ വകുപ്പും തീരുമാനിച്ചിട്ടുള്ളത്.

11.19 am]

VI. സബ്മിഷൻ

(1) കടൽ തീരങ്ങളിലെ മണൽ ഖനനത്തിനുള്ള കേന്ദ്ര തീരുമാനം റദ്ദാക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളം, ഗുജറാത്ത്, ആൻഡമാൻ നിക്കോബാർ മേഖലകളിലെ കടലിൽനിന്നും മണലും ധാതുക്കളും ഖനനം ചെയ്യാൻ സ്വകാര്യ കമ്പനികളിൽനിന്ന് കേന്ദ്ര സർക്കാർ ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്. ആദ്യഘട്ടത്തിൽ കൊല്ലം ജില്ലയിലെ 242 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് മണൽ ഖനനത്തിനായി തുറന്നുകൊടുക്കുന്നത്. കേരളത്തിലെ പത്ത് ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതമാർഗത്തെ ബാധിക്കുന്ന ഗൗരവതരമായ പ്രശ്നമാണിത്. 48.4 മുതൽ 62.5 മീറ്റർവരെ ആഴത്തിൽ മണൽ നിക്ഷേപമുണ്ടെന്ന് പറയുന്നത് വലിയൊരു അളവാണ്. ഇതാണ് യന്ത്ര കൈകൾ ഉപയോഗിച്ച് കടലിൽനിന്നും മാറ്റുന്നത്. ഇത് മത്സ്യമേഖലയ്ക്കും തീരദേശ പരിസ്ഥിതിക്കും ഗുരുതര ആഘാതമുണ്ടാക്കുന്ന തീരുമാനമാണ്. കാട്ടിലുള്ളതിനെക്കാൾ വൈവിധ്യമുള്ള flora and fauna കടലിന്റെ

അടിത്തട്ടിലുമുണ്ട്. സസ്യ-ജന്തുജാലങ്ങളെയും ഈ വൈവിധ്യങ്ങളെയും മത്സ്യങ്ങളുടെ ഫുഡ് ചെയിനിനെയും മണൽ ഖനനം ദോഷകരമായി ബാധിക്കുകയും മുഴുവൻ മത്സ്യസമ്പത്തും തകർന്നുപോകുന്ന സ്ഥിതിയുണ്ടാകുകയും ചെയ്യും. തീരക്കടലിൽ മണൽ ഖനനം നടത്തുന്നത് മത്സ്യങ്ങളുടെ പ്രജനനത്തെയും സാരമായി ബാധിക്കും. വൻതോതിൽ വിദേശനാണ്യവും തൊഴിലവസരവും നൽകുന്ന മത്സ്യബന്ധന മേഖലയെ ആശ്രയിച്ച് കഴിയുന്ന മുഴുവൻ കുടുംബങ്ങളും പട്ടിണിയിലാകും. ആദ്യം കൊല്ലം ജില്ലയിലെ മേഖലയിലാണ് ഖനനത്തിന് പറഞ്ഞിരുന്നതെങ്കിലും ചാവക്കാടും പൊന്നാനിയും വർക്കല മുതൽ അമ്പലപ്പുഴവരെ നീണ്ടുനിൽക്കുന്ന കൊല്ലം പരപ്പുമാണ് ഖനനത്തിനായി ലക്ഷ്യമിടുന്നത്. കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റ് നയത്തിന്റെ ഭാഗമായാണ് 'ബ്ലൂ ഇക്കോണമി' കൊണ്ടുവന്നത്. കടലും തീരപ്രദേശവുമെല്ലാം കോർപ്പറേറ്റുകൾക്ക് തീറെഴുതി കൊടുക്കുന്ന വലിയ ഭേദഗതിയാണ് 2023-ൽ വന്നത്. അതുവരെ പന്ത്രണ്ട് നോട്ടിക്കൽ മൈലിനകത്തുള്ള സ്ഥലത്ത് മത്സ്യബന്ധനത്തിനുള്ള അവകാശം സംസ്ഥാനത്തിനുണ്ടായിരുന്നു. ഇപ്പോൾ സംസ്ഥാനത്തിന് ഒന്നും പറയാൻ

കഴിയാത്ത രീതിയിലുള്ള ഭേദഗതി കൊണ്ടുവന്ന് ഇത് മുഴുവൻ തകർക്കുകയാണ്. ഇത് വലിയ തോതിലാണ് മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെയും കടലിലെ പാരിസ്ഥിതിക വ്യവസ്ഥയെയും ബാധിക്കുന്നത്. വലിയതോതിൽ മണൽ ഖനനം നടത്തുന്നതുമൂലം കേരളം പോലുള്ള തീരപ്രദേശങ്ങളിൽ ഭയങ്കരമായി കടൽ കയറിക്കൊണ്ടിരിക്കുകയാണ്. ഹെക്ടർ കണക്കിന് സ്ഥലമാണ് കടലെടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ തീരമായി കാണുന്ന സ്ഥലം അടുത്ത മൺസൂൺ വരുമ്പോൾ ഇല്ലാതാകുകയാണ്. മണൽ ഖനനം വന്നാൽ രൂക്ഷമായ കടലേറ്റവും പാരിസ്ഥിതിക പ്രശ്നങ്ങളുംമൂലം കേരളം അപകടത്തിലാകും. ഇത് തീരപ്രദേശത്തെ ജനങ്ങളെ സങ്കടക്കടലിലേക്ക് തള്ളിയിടുന്ന നടപടിയാണ്. സംസ്ഥാന സർക്കാരിന് പരിമിതികളുണ്ടെന്ന് അറിയാം. അതുകൊണ്ട് അതിശക്തമായ സമ്മർദം ചെലുത്തി കേന്ദ്രസർക്കാരിനെ ഈ തീരുമാനത്തിൽനിന്ന് പിന്തിരിപ്പിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവതരമായ പ്രശ്നമാണ് പ്രതിപക്ഷനേതാവ് സബ്മിഷനിലൂടെ

ഉന്നയിച്ചത്. യഥാർഥത്തിൽ അദ്ദേഹം പറഞ്ഞതുപോലെ ആഴക്കടൽ മത്സ്യബന്ധവും ആഴക്കടൽ ഖനനവും സ്വകാര്യ മേഖലയ്ക്ക് കൊടുക്കുന്ന ഒരു സമീപനം രാജ്യത്ത് നടപ്പാക്കുന്നുണ്ട്. 2002-ലെ ഗവൺമെന്റ് The Offshore Areas Mineral (Development and Regulation) Act-ൽ ഭേദഗതി കൊണ്ടുവരികയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2006-ൽ ആഴക്കടൽ ഖനനവുമായി ബന്ധപ്പെട്ട് പുതിയ ചട്ടങ്ങൾ രൂപീകരിക്കുകയും 2010-ൽ അത് നിലവിൽ വരികയും ചെയ്തു. അതിന്റെ തുടർച്ചയായിട്ടാണ് ഇപ്പോഴത്തെ ഗവൺമെന്റ് പുതിയ ഭേദഗതി കൊണ്ടുവന്നത്. മണിപ്പൂർ പ്രശ്നവുമായി ബന്ധപ്പെട്ട് പ്രതിപക്ഷ എം.പി.-മാർ സഭ ബഹിഷ്കരിച്ച ഘട്ടത്തിലാണ് പാർലമെന്റിൽ ഇതിന്റെ ചർച്ചകളൊക്കെ നടന്നത്. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിരുന്നു. അപ്പോൾ മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ഇക്കാര്യത്തിലുള്ള അതിശക്തമായ വിയോജിപ്പ് വകുപ്പുതന്നെ കേന്ദ്രത്തെ അറിയിച്ചിരുന്നു. അവരുടെ കണക്കുപ്രകാരം എഴുപത്തിനാലര കോടി ടൺ മണൽ ഖനനം ചെയ്തെടുക്കാൻ കഴിയുമെന്നാണ് സൂചിപ്പിക്കുന്നത്. അതിന് ഒരുതരത്തിലുള്ള

പഠനങ്ങളും ധാതു പര്യവേഷണ റിപ്പോർട്ടുകളുടെ ആധികാരികതയും ഉറപ്പാക്കാൻ കഴിയുന്നില്ല. തീരദേശ സംസ്ഥാനങ്ങളുടെ സുരക്ഷയും അവകാശവും സംരക്ഷിക്കാതെയാണ് ചട്ടഭേദഗതി വരുത്തിയിട്ടുള്ളത്. ഒരു പഠനവും നടത്താതെയാണ് ധാതു പര്യവേഷണം ഉൾപ്പെടെയുള്ള കടൽ ഖനനം സ്വകാര്യ മേഖലയ്ക്ക് 50 വർഷത്തേക്ക് തുറന്നുകൊടുക്കുന്നത്. ഇത് വലിയ പാരിസ്ഥിതിക-സാമൂഹിക പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന് സംസ്ഥാനത്തിന്റെ വിയോജിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതോടൊപ്പം ഓഫ്ഷോർ ധാതുക്കളുടെ ഖനനവുമായി ബന്ധപ്പെട്ട ആക്ടിന്റെയും ഭേദഗതി വന്നിരുന്നു. അന്ന് ഞാനും ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ഉൾപ്പെടെയുള്ള എം.പി.-മാരും കേന്ദ്ര മന്ത്രിയെ കണ്ട് അതിശക്തമായി ആവശ്യപ്പെട്ടതിനെത്തുടർന്ന് ചില മാറ്റങ്ങൾ വരുത്തിയിരുന്നു. നിലവിൽ ഇതുസംബന്ധിച്ച് പുതിയ നിയമവും ചട്ടവും വരികയും ടെൻഡർ നടപടികളിലേക്ക് പോകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം ട്രേഡ് യൂണിയനുകളുടെ വലിയ പ്രതിഷേധം ഉയർന്നുവന്നിരുന്നു. ഫെബ്രുവരി 27-ന് അവർ സംയുക്തമായി പ്രക്ഷോഭത്തിനിറങ്ങുമെന്നാണ്

തോന്നുന്നത്. ജനുവരി 11-ന് കൊച്ചിയിൽ കേന്ദ്ര ഖനന വകുപ്പിന്റെ സെക്രട്ടറി പങ്കെടുത്തുകൊണ്ട് ഒരു പരിപാടി നടത്തുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സംസ്ഥാനത്തിന്റെ നയപരമായ നിലപാടും വിയോജിപ്പും അതിശക്തമായിത്തന്നെ അറിയിച്ചിട്ടുണ്ട്. ഓഫ് ഷോർ മിനറൽ ഡ്രെഡ്ജിങ് ഉയർത്താവുന്ന പാരിസ്ഥിതികവും സാമൂഹികവുമായ വിഷയങ്ങളെ സംബന്ധിച്ച് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിക്കുകയും സർക്കാരിന്റെ എതിർപ്പ് പരസ്യമായി ആ മീറ്റിങ്ങിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. 2025 ജനുവരി 19-ന് ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന 64-ാമത് സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിങ് ബോർഡ് മീറ്റിങ്ങിൽ അത് ചർച്ചയ്ക്ക് വന്നപ്പോഴും കേരളത്തിന്റെ അഭിപ്രായവും ശക്തമായ വിയോജിപ്പും അറിയിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ഓഫ്ഷോർ മൈനിങ് സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട് ആവശ്യപ്പെടാൻ യോഗം തീരുമാനിച്ചിട്ടുണ്ട്.

തീരദേശത്തെ ഖനനം സ്വകാര്യ വ്യക്തികൾക്ക് ചെയ്യാനുതകുന്ന വിധത്തിൽ The Mines and Minerals (Development and Regulation) Act-ൽ ഭേദഗതി വരുത്താനുള്ള തീരുമാനം സംസ്ഥാന സർക്കാരിന്റെ എതിർപ്പിനെത്തുടർന്ന് കേന്ദ്ര സർക്കാർ പിൻവലിച്ചിരുന്നു. എന്നാൽ ഈ ഭാഗങ്ങൾക്ക് ഇപ്പോഴും ആക്ടിൽ വിലമതിക്കുകയാണ് ചെയ്യുന്നത്. ഇതിനെതിരെ നമ്മൾ എല്ലാവരും ശക്തമായി ഒന്നിച്ച് നിൽക്കേണ്ടതുണ്ട്. കൊല്ലം തീരദേശ പ്രദേശത്തെ പ്രത്യേക ഭൗതിക സവിശേഷതയായ പാരിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടിട്ടുള്ള മത്സ്യസമ്പത്തിനെയും അത് ഉപജീവനമാർഗമായി സ്വീകരിച്ച ലക്ഷക്കണക്കിന് ജനങ്ങളെയും കടൽ മണൽ ഖനനം സാരമായി ബാധിക്കുമെന്നതിനാൽ അത് തടയുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നതാണ്. നമ്മുടെ എം.പി.-മാർ പാർലമെന്റിലും ശക്തമായി ഈ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. അങ്ങനെ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മൾ എല്ലാവരും യോജിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് പറഞ്ഞ നിർദേശത്തെ സ്വാഗതാർഹമായി കണ്ടുകൊണ്ട് എങ്ങനെ കടൽ മണൽ ഖനനത്തെ എതിർക്കാമെന്നുള്ളത് അദ്ദേഹവുമായി ചർച്ച ചെയ്യാം.

(2) മരണമടഞ്ഞ സിവിൽ പോലീസ് ഓഫീസറുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കോട്ടയം ജില്ലയിലെ വെസ്റ്റ് പോലീസ് സ്റ്റേഷൻ ഡ്രൈവറായിരുന്ന സിവിൽ പോലീസ് ഓഫീസർ ശ്യാം പ്രസാദ് 02-02-2025-ന് രാത്രി ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ കോട്ടയം കാരിത്താസ് ഹോസ്പിറ്റലിന് സമീപം തട്ടുകട നടത്തിയിരുന്ന സ്ത്രീയെ വിവിധ പോലീസ് സ്റ്റേഷനുകളിലായി പല കേസുകളിൽ പ്രതിയായ ഒരു വ്യക്തി ആക്രമിക്കുന്നതുകണ്ട് അവരെ രക്ഷിക്കാൻ ശ്രമിച്ചു. അതിൽ പ്രകോപിതനായ പ്രതിയുടെ മർദനമേറ്റ് ശ്യാം പ്രസാദിന്റെ ജീവൻ നഷ്ടപ്പെടുകയുണ്ടായി. ജോലി കഴിഞ്ഞ് മടങ്ങുന്ന വഴിയായതിനാൽ ഡ്യൂട്ടിയിലല്ലെന്ന് സാങ്കേതികമായി പറയാമെങ്കിലും സമൂഹത്തിലെ അക്രമം നോക്കിനിൽക്കാതെ പോലീസ് സേവനം ചെയ്യുന്നതിൽ വിട്ടുവീഴ്ച ചെയ്യാത്ത ആളാണ് അക്രമിയുടെ മർദനമേറ്റ് മരണപ്പെട്ടത്. അതിനാൽ ഇതൊരു

പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണന നൽകി ഡ്യൂട്ടിയിലിരിക്കെ മരണമടയുന്നവർക്ക് നൽകുന്നതിന് തുല്യമായ നിലയിൽ മരണാനന്തര ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ ഡ്രൈവർ സി.പി.ഒ. ശ്യാം പ്രസാദ് 02-02-2025-ന് ഡ്യൂട്ടി കഴിഞ്ഞ് മടങ്ങവെ രാത്രി പതിനൊന്നര മണിയോടെ ഏറ്റുമാനൂരിൽ കട നടത്തുന്ന ഒരു സ്ത്രീയെയും സഹായിയെയും ഒരാൾ മർദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതുകണ്ട് തടയാൻ ശ്രമിച്ചു. തുടർന്ന് അക്രമി ശ്യാം പ്രസാദിനെ മാരകമായി ചവിട്ടി പരിക്കേൽപ്പിക്കുകയും ആശുപത്രിയിൽ ചികിത്സയിലിരിക്കെ അദ്ദേഹം 03-02-2025-ന് പുലർച്ചെ മരണപ്പെടുകയും ചെയ്തു. ഇക്കാര്യത്തിൽ ക്രൈം നം. 170/2025 ആയി ഏറ്റുമാനൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവ ദിവസംതന്നെ അറസ്റ്റിലായ പ്രതി ജിബിൻ ജോർജ് റിമാൻഡിലുമാണ്. ഒരു പോലീസ് ഉദ്യോഗസ്ഥനെന്ന നിലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഉത്തരവാദിത്വം നിറവേറ്റുന്നതിനിടെയാണ് ശ്യാം പ്രസാദ്

അതിദാരുണമായി കൊല്ലപ്പെട്ടത്. സമൂഹ മനസ്സാക്ഷിയെ ഞെട്ടിച്ച ഈ സംഭവത്തിൽ പ്രതിക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിന് എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ശ്യാം പ്രസാദിന്റെ കുടുംബത്തിന് നിലവിലെ വ്യവസ്ഥ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) പനവൂർ ഗവ. എൽ.പി. സ്കൂളിലെ മോഡൽ പ്രീ-പ്രൈമറി കെട്ടിട നിർമ്മാണം

ശ്രീ. ഡി. കെ. മുരളി: സർ, എസ്.എസ്.കെ.-സ്റ്റാർസ് പദ്ധതി പ്രകാരം മോഡൽ ബി.ആർ.സി., പ്രീ-പ്രൈമറി സ്കൂളുകൾ പുനർ നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതി നടപ്പിലാക്കിവരികയാണ്. അതിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിലെ പനവൂർ സ്കൂളിന് 1,53,00,000/- രൂപ അനുവദിക്കുകയും നിർമ്മാണ പ്രവൃത്തിക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ അതിന്റെ ഡി.പി.ആർ. തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റി കൂടി സാങ്ഷൻ ചെയ്യാത്തതുകൊണ്ട് അത് നീണ്ടുപോകുകയാണ്. കുട്ടികൾ വളരെ പ്രയാസത്തിലാണ്. അതിനാൽ അടിയന്തരമായി

സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി കൂടാനും അതിന്റെ നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിലാക്കുന്നതിനും ഇടപെടലുണ്ടാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സമഗ്ര ശിക്ഷാ കേരളം-സ്റ്റാർസ് പദ്ധതി പ്രകാരം സംസ്ഥാനത്ത് മോഡൽ ബി.ആർ.സി. (ബ്ലോക്ക് റിസോഴ്സ് സെന്റർ), മോഡൽ പ്രീ-പ്രൈമറി ഉൾപ്പെടെ നിരവധി കെട്ടിടനിർമ്മാണ പദ്ധതികൾക്ക് കഴിഞ്ഞവർഷം സർക്കാർ അനുമതി നൽകിയിരുന്നു. 14 ജില്ലകളിലും ഓരോ മോഡൽ പ്രീ-പ്രൈമറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി അനുമതി ലഭിക്കുകയും തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ ഗവൺമെന്റ് എൽ.പി. സ്കൂളിനെ തിരഞ്ഞെടുക്കുകയും 1.53 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി ചെയ്യുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഇതുവരെ സാങ്കേതിക വിദഗ്ധരെ ലഭിച്ചിട്ടില്ല. ഈ വിഷയം വളരെ ഗൗരവമുള്ളതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതാണ്.

(4) കോട്ടയം നഗരസഭയിലെ ക്രമക്കേട്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കോട്ടയം നഗരസഭയിൽ നടന്ന ഞെട്ടിപ്പിക്കുന്നതും ഗുരുതരവുമായ ക്രമക്കേടും അഴിമതിയും ചൂണ്ടിക്കാണിക്കുന്നതിനും അന്വേഷണം ആവശ്യപ്പെടുന്നതിനുമാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാലങ്ങളായി യു.ഡി.എഫ്. ഭരിക്കുന്ന കോട്ടയം നഗരസഭയിൽ ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ ഏഴ് അക്കൗണ്ടുകളിലായി 211 കോടി രൂപ കാണാനില്ലെന്ന വൻ അഴിമതിയുടെ ചിത്രമാണ് പുറത്തുവന്നത്.

(അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. സി. കെ. ഹരീന്ദ്രൻ)

ചെക്കുകളിലൂടെയും ഡ്രാഫ്റ്റുകളിലൂടെയും നഗരസഭയ്ക്ക് ലഭിക്കുന്ന പണം നഗരസഭയുടെ അക്കൗണ്ടുകളിലേക്ക് വരാതെ മറ്റെവിടേക്കോ പോയിരിക്കുന്നു. ചെക്കുകളും ഡ്രാഫ്റ്റുകളും ലഭിച്ചതായി രേഖപ്പെടുത്തേണ്ട രജിസ്റ്ററും കാണുന്നില്ല. അത് നശിപ്പിക്കുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്തിരിക്കുന്ന സ്ഥിതിയാണ്. പദ്ധതി നിർവഹണത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന നഗരസഭയായി യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള

കോട്ടയം നഗരസഭ മാറിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ പദ്ധതി നടത്തിപ്പിനായി ചെലവഴിക്കപ്പെട്ട തുക 50 ശതമാനത്തിൽ താഴെയാണെങ്കിൽ ഈ വർഷം പദ്ധതി പൂർത്തീകരണത്തിന് കേവലം ഒന്നര മാസം അവശേഷിക്കുമ്പോൾ പദ്ധതി തുകയിൽ ഇതുവരെ ഏകദേശം 15% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മാത്രമല്ല, പൂർത്തീകരിച്ച പദ്ധതികൾപോലും പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാനും കഴിഞ്ഞിട്ടില്ല. കോൺഗ്രസ് നേതാക്കന്മാരായ ഉമ്മൻ ചാണ്ടിയുടെ പേരിലുള്ള സപ്തതി സ്മാരക മന്ദിരം, കെ. കരുണാകരന്റെ പേരിലുള്ള വയോജന വിശ്രമകേന്ദ്രം, വനിതാ വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയവയുടെയൊക്കെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഓഡിറ്റ് ഒബ്ജക്ഷൻമൂലം അതൊന്നും തുറന്നുകൊടുക്കാനോ പ്രവർത്തിപ്പിക്കാനോ കഴിയാത്ത സ്ഥിതിയാണ്. അവിടെ ഒറ്റയ്ക്ക് യു.ഡി.എഫ്.-ന് ഭൂരിപക്ഷമില്ലെന്നതാണ് ഏറ്റവും രസകരമായ കാര്യം. ബി.ജെ.പി.-യുടെ പരോക്ഷമായ സഹായത്തോടും പിന്തുണയോടും കൂടിയാണ് യു.ഡി.എഫ്. ഭരണം ഈ അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കി

മുന്നോട്ടുപോകുന്നത്. ആ ഭരണസമിതിയിൽ മാത്രമല്ല അഴിമതിയുടെ ശൃംഖലകൾ നിലനിൽക്കുന്നത്. കോട്ടയത്തെ യു.ഡി.എഫ്.-ന്റെ രാഷ്ട്രീയനേതൃത്വം സമാധാനം പറയേണ്ടതും മൂടിവയ്ക്കാൻ വെമ്പൽ കാണിക്കുന്നതുമായ ഈ അഴിമതിക്കെതിരെ ഒരു പ്രത്യേക വിജിലൻസ് ടീം രൂപീകരിച്ച് അന്വേഷണം നടത്തണം. മോഷണമെന്ന നിലയിൽ ക്രിമിനൽ കേസെടുക്കുകയും രാഷ്ട്രീയ നേതൃത്വത്തിന്റെ പങ്കുകൂടി അന്വേഷണപരിധിയിൽ കൊണ്ടുവരികയും ചെയ്യണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ കോട്ടയം ജില്ലയിലെ ജോയിന്റ് ഡയറക്ടറുടെ നിർദേശപ്രകാരം കോട്ടയം നഗരസഭയിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ 06-08-2024-ൽ നടത്തിയ പരിശോധനയിൽ നിരവധി ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. അതിലെ പ്രധാനപ്പെട്ട ക്രമക്കേടുകൾ താഴെപ്പറയുന്നവയാണ്.

1) റീ-കൺസിലിയേഷൻ രേഖകൾ പരിശോധിച്ചതിൽ, വർഷങ്ങളായി

ചെക്ക് മുഖേന വരവ് രേഖപ്പെടുത്തിയിട്ടുള്ള കോടിക്കണക്കിന് രൂപ മുനിസിപ്പാലിറ്റിയുടെ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ലഭിച്ചിട്ടില്ല.

2) ചെക്ക്സ് ആൻഡ് ഡ്രാഫ്റ്റ്സ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള ചെക്കുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3) വിവിധ ബാങ്കുകളുടെ റീ-കൺസിലിയേഷൻ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ഭൂരിഭാഗം അക്കൗണ്ടുകളിലും കാണപ്പെടുന്ന തുകകളും അക്കൗണ്ടിൽ യഥാർഥത്തിൽ നീക്കിയിരിപ്പുള്ള തുകകളും തമ്മിൽ വൻ അന്തരമുണ്ട്.

4) കാലാകാലങ്ങളിൽ അക്കൗണ്ട്സ് കൈകാര്യം ചെയ്ത ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും അത് പരിശോധനാ ടീമിന് ലഭ്യമാക്കിയില്ല.

5) ഏകദേശം 200 കോടിയിലധികം രൂപ ബാങ്കുകളിൽ വരവും വന്നിട്ടില്ല.

തുടർന്ന്, ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാന

തലത്തിൽ പ്രൊഫഷണൽ അക്കൗണ്ടിങ്ങ് വിദഗ്ധരുൾപ്പെട്ട പ്രത്യേക ടീമിനെ നിയോഗിച്ച് വിശദ പരിശോധന നടത്തുന്നതിനും മുനിസിപ്പാലിറ്റിക്ക് നഷ്ടം നേരിടാനിടയായ സാഹചര്യം സംബന്ധിച്ച് അതത് സമയത്ത് അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന വിഭാഗത്തിലെ ജീവനക്കാരിൽനിന്ന് സെക്രട്ടറി മുഖേന വിശദീകരണം തേടുന്നതിനും നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദേശപ്രകാരം സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ സാങ്കേതിക വിദഗ്ധരുൾപ്പെട്ട ഉന്നതതല ഉദ്യോഗസ്ഥ സംഘം കോട്ടയം നഗരസഭയിൽ 04-02-2025 മുതൽ 07-02-2025 വരെ തുടർച്ചയായി പരിശോധന നടത്തിയിട്ടുണ്ട്. അതിനെത്തുടർന്ന് ലഭ്യമായ പ്രാഥമിക റിപ്പോർട്ടുപ്രകാരം കോട്ടയം നഗരസഭയിൽ ഗുരുതര ക്രമക്കേടുകളും അഴിമതിയും നടന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. പരിശോധനാ സംഘം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ മറുപടിയും രേഖകളും ലഭ്യമാക്കുന്നതിന്

കോട്ടയം നഗരസഭാ സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്. വർഷങ്ങളായി നടക്കുന്ന ക്രമക്കേടെന്ന നിലയിലും ഒട്ടേറെ ജീവനക്കാരും മറ്റ് ഉത്തരവാദപ്പെട്ടവരുമെല്ലാം ഉൾപ്പെട്ട വിഷയമെന്ന നിലയിലും ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമാണെന്നാണ് സർക്കാർ വിലയിരുത്തുന്നത്. അതുകൊണ്ട് ക്രമക്കേടിന്റെ വ്യാപ്തിയും ആഴവും കണ്ടെത്തുന്നതിനും ക്രമക്കേടിലുൾപ്പെട്ട ആളുകളുടെ പേരിൽ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ വിഷയത്തിൽ സംസ്ഥാന പോലീസിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിന്റെയടിസ്ഥാനത്തിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(5) തെരുവുനായ ആക്രമണം

ശ്രീ. അൻവർ സാദത്ത്: സർ, സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർധിച്ചത് ജനങ്ങളുടെ സൈ്വരജീവിതത്തിനും ജീവനും ഭീഷണിയായിരിക്കുകയാണ്. കേരളത്തിൽ ഓരോ മാസവും മുപ്പതിനായിരത്തോളം ആളുകൾ തെരുവുനായയുടെ അക്രമം

നേരിട്ടുകൊണ്ടിരിക്കുകയാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 24-12-2024-ൽ ആറാട്ടുപുഴയിലെ ഒരു മാതാവിന് തെരുവുനായയുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. 2024-ൽ നായയുടെ കടിയേറ്റ് ചികിത്സ തേടിയവരുടെ എണ്ണം 316793 ആണ്. ഈ വർഷം പേവിഷബാധയേറ്റ് 26 പേരാണ് മരണമടഞ്ഞത്. അതിന്റെ മൊത്തം കണക്കെടുക്കുമ്പോൾ 2023-ൽ 306427 പേരിൽ 25 പേരും 2022-ൽ 288866 പേരിൽ 27 പേരും പേവിഷബാധയേറ്റ് മരണമടഞ്ഞിട്ടുണ്ട്. 2018, 2019, 2020, 2021 വർഷങ്ങളിലും ലക്ഷക്കണക്കിനുപേർ ചികിത്സ തേടിയെത്തിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ 8 വർഷത്തിനിടയിൽ 1739651 പേർക്ക് നായയുടെ കടിയേറ്റുവെന്നത് ഗൗരവമായി കാണേണ്ടതാണ്. തെരുവുനായ്ക്കളുടെ ആക്രമണം ഗൗരവമായെടുക്കേണ്ട പൊതുജനാരോഗ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. നായയുടെ ആക്രമണം മൂലമുള്ള വാഹനാപകടങ്ങളും മരണങ്ങളും ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുകയാണ്. 2019-ലെ സെൻസസ് പ്രകാരം കേരളത്തിലെ തെരുവുനായ്ക്കളുടെ എണ്ണം 289986 ആണ്. ഇത് ഔദ്യോഗിക

കണക്കാണ്. യഥാർഥ കണക്ക് ഇതിന്റെ എത്രയോ മടങ്ങായിരിക്കും. 2025-ൽ തെരുവുനായ്ക്കളുടെ എണ്ണം എത്ര മടങ്ങായിട്ടുണ്ടെന്ന് പരിശോധിച്ച് അതിനനുസരിച്ചുള്ള നടപടി സ്വീകരിക്കണം. തെരുവുനായ്ക്കളെ പാർപ്പിക്കാൻ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഷെൽട്ടർ സ്ഥാപിക്കുമെന്ന പ്രഖ്യാപനവും എങ്ങുമെത്തിയിട്ടില്ല. മൂന്ന് ലക്ഷത്തിലധികം വരുന്ന തെരുവുനായ്ക്കളിൽ പത്ത് ശതമാനത്തിന് മാത്രമാണ് പേവിഷബാധ തടയുന്നതിനുള്ള കുത്തിവയ്പ് നൽകിയിട്ടുള്ളത്. തെരുവുനായ്ക്കളെ പിടികൂടി വന്ധ്യംകരിച്ച് പ്രതിരോധ കുത്തിവയ്പെടുത്ത് തിരികെ വിടുന്ന അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) നിയമം നിലവിലുണ്ട്. തെരുവുനായ്ക്കളെ പിടികൂടാൻ ആളുകളെ കിട്ടാത്തതുമൂലം പ്രസ്തുത പദ്ധതിയും മുന്നോട്ടുപോകുന്നില്ല. മൂന്ന് ലക്ഷത്തിലേറെ തെരുവുനായ്ക്കളുള്ള കേരളത്തിൽ ചെറിയൊരു ശതമാനത്തിന് മാത്രമാണ് വന്ധ്യംകരണം നടത്തിയിട്ടുള്ളത്. 10 മാസത്തിനകം തീവ്രവാക്സിൻ ക്യാമ്പയിനിലൂടെ 32061 തെരുവുനായ്ക്കൾക്കാണ് കുത്തിവയ്പ് നൽകിയിട്ടുള്ളത്. കേരളത്തിൽ എട്ട് ലക്ഷത്തിലധികം വളർത്തുനായ്ക്കളുണ്ടെങ്കിലും 438471 എണ്ണത്തിന് മാത്രമാണ്

വാക്സിനെടുത്തിട്ടുള്ളത്. മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2023 സെപ്റ്റംബറിൽ തുടങ്ങിയ ക്യാമ്പയിൻ ഈ അവസ്ഥയിലാണുള്ളത്.

മി. ചെയർമാൻ: യെസ്.....യെസ്..... നാല് മിനിട്ടായി, ബാക്കിയുള്ളത് എഴുതി നൽകിയാൽ മതി.

ശ്രീ. അൻവർ സാദത്ത്: സർ, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഒരു വ്യക്തിയുടെ ജീവനും സ്വാതന്ത്ര്യവും അപഹരിക്കാൻ പാടില്ലെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 21-ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത് ഹനിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. ഇങ്ങനെ ഗുരുതരമായ പ്രശ്നം നേരിടുന്ന സാഹചര്യത്തിൽ വേണ്ടിവന്നാൽ നിയമനിർമ്മാണം നടത്തി ആക്രമണകാരികളായ നായ്ക്കളെ കൊല്ലുന്നതിനുള്ള നടപടി സ്വീകരിക്കണം. നായ്ക്കളെ സ്നേഹിക്കുന്നവർപോലും അതിനെ സംരക്ഷിക്കാൻ തയ്യാറാകുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെയുള്ളവർ തെരുവുനായ ആക്രമണവുമായി ബന്ധപ്പെട്ട് രാഷ്ട്രപതിക്ക് നിവേദനം നൽകാൻ പോകുകയാണ്. സർക്കാർ ഈ പ്രശ്നത്തിൽ

ഇടപെടുകയോ ഫലപ്രദമായ നടപടി സ്വീകരിക്കുകയോ ചെയ്യാതെ നിഷ്ക്രിയമായിരിക്കുകയാണ്. പൊതുസമൂഹത്തിന്റെ സ്വൈരജീവിതത്തെ സാരമായി ബാധിക്കുന്ന ഈ വിഷയത്തിൽ ഗൗരവമായി ഇടപെട്ട് ഇതിനൊരു പരിഹാരം കാണണമെന്ന് അഭ്യർഥിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ശ്രീ. അൻവർ സാദത്ത് ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. പക്ഷെ അതിലും അദ്ദേഹത്തിന്റെ സങ്കുചിതമായ രാഷ്ട്രീയം കൊണ്ടുവന്നു. സർക്കാർ ഇക്കാര്യത്തിൽ എന്തോ നിഷ്ക്രിയത്വം കാണിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. തെരുവുനായ്ക്കൾക്ക് രാഷ്ട്രീയമില്ല, അവർ പാർട്ടി നോക്കിയല്ല കടിക്കാറുള്ളത്. ഇത്തരം വിഷയം ഉന്നയിക്കുമ്പോഴെങ്കിലും കക്ഷി രാഷ്ട്രീയം കലർത്താതിരിക്കാൻ അദ്ദേഹം ശ്രദ്ധിക്കേണ്ടതായിരുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ ഉൾക്കൊള്ളുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് നിഷ്ക്രിയമായിരിക്കുകയല്ല ചെയ്യുന്നത്. ഇതിനെതിരെ ഗവൺമെന്റ് ഒട്ടേറെ നടപടികളാണ് സ്വീകരിച്ചത്. ഇക്കാര്യത്തിൽ നമുക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നത്?

നിലവിലുള്ള അനിമൽ ബർത്ത് കൺട്രോൾ നിയമം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. അതുപ്രകാരം മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ വേണ്ടിവന്നാൽ നിയമമുണ്ടാക്കണമെന്ന് ശ്രീ. അൻവർ സാദത്ത് ഇവിടെ പറഞ്ഞു. അനിമൽ ബർത്ത് കൺട്രോൾ നിയമത്തിൽ അയവുവരുത്തി തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുതകുന്ന തരത്തിലാക്കി മാറ്റമെന്ന ആവശ്യം പാർലമെന്റിൽ ഉന്നയിക്കണമെന്ന് അങ്ങയുടെ പാർലമെന്റ് അംഗങ്ങളോട് ആവശ്യപ്പെടണം. തെരുവുനായ്ക്കളുടെ വംശവർധനവ് നിയന്ത്രിക്കുക, പേവിഷബാധ തടയുക, തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുക എന്നീ കാര്യങ്ങളാണ് നമുക്ക് ഇതിൽ ചെയ്യാൻ സാധിക്കുന്നത്. അതിനാവശ്യമായ മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തെരുവുനായ്ക്കളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനുള്ള അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം തദ്ദേശസ്വയംഭരണ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് നടത്തിവരുന്നത്. മൃഗസംരക്ഷണ വകുപ്പ് ഇക്കാര്യത്തിൽ സാങ്കേതിക സഹായം നൽകുന്നുണ്ട്. സംസ്ഥാനത്ത് 15 അനിമൽ ബർത്ത്

കൺട്രോൾ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. കൂടാതെ, പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. തെരുവുനായ്ക്കളെ പാർപ്പിക്കുന്ന ഷെൽട്ടർ ആരംഭിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലായില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അനിമൽ ബർത്ത് കൺട്രോൾ കേന്ദ്രവും ഷെൽട്ടറും ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ്? ഫണ്ടിന്റെ തടസ്സമില്ല, ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടും വച്ചിട്ടുണ്ട്. ജനങ്ങളുടെ പ്രാദേശികമായ എതിർപ്പാണ് ഇതിന് തടസ്സം. അതുകൊണ്ട് ആലുവയിൽ ഒരു എ.ബി.സി. കേന്ദ്രവും ഷെൽട്ടറും ആരംഭിക്കാൻ ശ്രീ. അൻവർ സാദത്ത് മുൻകൈയെടുത്ത് മാതൃക കാണിക്കണം. ഇക്കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തണം. ജനങ്ങൾക്ക് നായ്ക്കളുടെ കടിയേല്ക്കാൻ പാടില്ല. തെരുവുനായ്ക്കളെ നിയന്ത്രിക്കണമെങ്കിൽ എ.ബി.സി. കേന്ദ്രം ആരംഭിക്കേണ്ടതുണ്ട്. എന്നാൽ എ.ബി.സി. കേന്ദ്രം സ്ഥാപിക്കാമെന്ന് വിചാരിച്ചാൽ അതിനും സമ്മതിക്കില്ല. അല്ലാതെ സർക്കാരിന്റെ നിഷ്ക്രിയത്വംകൊണ്ടല്ല ഇക്കാര്യങ്ങൾ ചെയ്യാൻ സാധിക്കാത്തത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ആത്മാർഥമായി

ഇടപെടുന്നതുകൊണ്ട് ഏറ്റവും ആദ്യം ആലുവയിൽ ഇത് തുടങ്ങുന്നതിന് അദ്ദേഹം മുൻകൈയെടുക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. എ.ബി.സി. പ്രോഗ്രാം നടപ്പാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. എ.ബി.സി. നിയമത്തിൽ അയവുവരുത്തണമെന്ന് കേരളം ആവശ്യപ്പെട്ടപ്പോൾ അത് കൂടുതൽ കർക്കശമാക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. ഇക്കാര്യം ഞാൻ സഭയിൽ വിശദീകരിച്ചതാണ്. എ.ബി.സി. കേന്ദ്രത്തിൽ തെരുവുനായയെ വന്ധ്യംകരണം ചെയ്യണമെങ്കിൽ ഓപ്പറേഷൻ തിയേറ്റർ എയർ കണ്ടീഷൻ സൗകര്യമുള്ളതായിരിക്കണം. അവിടെ ഒരു നിശ്ചിത വർഷത്തെ എക്സ്പീരിയൻസുള്ള ഡോക്ടറുടെ സേവനവുമുണ്ടായിരിക്കണം. സർജറി കഴിഞ്ഞാൽ ഇതിനെ ആറുദിവസം സംരക്ഷിക്കണം. മുറിവ് ഉണങ്ങിയതിനുശേഷം മാത്രമെ പുറത്തുവിടാൻ സാധിക്കുകയുള്ളൂ. എ.ബി.സി. കേന്ദ്രത്തിൽ റഫ്രിജറേറ്ററും വേണം. പക്ഷേ ഫലത്തിൽ ഇക്കാര്യങ്ങളൊന്നും നടപ്പിലാക്കാൻ സാധിക്കാത്ത തരത്തിലാണ് ഇന്ന് എ.ബി.സി. റൂൾസുള്ളത്. അതിനാൽ ടി റൂൾസിൽ അയവുവരുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്.

നിർഭാഗ്യവശാൽ നമ്മുടെ എം.പി.-മാർ ഇത് ആവശ്യപ്പെട്ടതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്കാര്യത്തിൽ അങ്ങ് ഇടപെടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഒരു എ.ബി.സി. കേന്ദ്രം ആരംഭിക്കാൻ ലക്ഷക്കണക്കിന് രൂപയാണ് ആവശ്യമായി വരുന്നത്. അതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടും വച്ചിട്ടുണ്ട്. നാട്ടുകാരുടെ എതിർപ്പാണ് പ്രശ്നമാകുന്നത്. ബാക്കി കാര്യങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

(6) ഓങ്ങല്ലൂർ-വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പി നഗരസഭാ പ്രദേശത്ത് കീഴായൂർ, നമ്പ്രം, കുടലൂർ, വള്ളൂർ കോളേജ്, വടക്കുമുറി പട്ടാമ്പി ടൗൺ, പന്തക്കപറമ്പ്, ആനങ്ങാട്, ഉമിക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ ഗുരുതരമായ കുടിവെള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങേയ്ക്ക് അപേക്ഷ നൽകിയതിന്റെ ഫലമായി 7.74 കോടി രൂപ അമൃത്-II പദ്ധതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ചില സാങ്കേതിക പ്രശ്നങ്ങൾമൂലം ടെൻഡർ നടപടികൾ നീണ്ടുപോയപ്പോൾ

+ അനുബന്ധമായി ചേർക്കുന്നു.

അങ്ങയുടെ ചേമ്പറിൽ യോഗം ചേർന്ന് അത് പരിഹരിച്ചതുകൊണ്ട് ആദ്യഘട്ടം ടെൻഡർ ചെയ്തുകഴിഞ്ഞു. ഇപ്പോൾ ടാങ്ക് അടക്കമുള്ള സൗകര്യങ്ങൾ ചെയ്യാനുള്ള പ്രവൃത്തിയും ടെൻഡർ ചെയ്തു. പട്ടാമ്പി നഗരസഭ ഇതിനായി സ്ഥലവും ലഭ്യമാക്കിയിരുന്നു. ആദ്യഘട്ടം ടെൻഡർ ചെയ്തെങ്കിലും 7.74 കോടി രൂപയ്ക്കപുറമെ രണ്ടുകോടി രൂപയും കൂടി ആവശ്യമായിട്ടുണ്ട്. എന്നാൽ മാത്രമേ ഈ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ ആ തുകകൂടി അനുവദിക്കണമെന്ന് അഭ്യർഥിക്കുന്നു. ഓങ്ങല്ലൂർ-വല്ലപ്പുഴ പഞ്ചായത്തുകളിലുള്ള ജൽജീവൻ മിഷന്റെ സമഗ്ര കുടിവെള്ള പദ്ധതിയുടെ 90% പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കലും ടാങ്കും പ്ലാന്റും എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷെ റെയിൽവേ ക്രോസിങിന്റെ കാര്യത്തിൽ കുറച്ച് കാലതാമസമുണ്ടായതിനാൽ എസ്റ്റിമേറ്റിൽ മാറ്റം വരികയും അതിനെത്തുടർന്ന് കരാർ കമ്പനിയും വാട്ടർ അതോറിറ്റിയും തമ്മിലുണ്ടായ പ്രശ്നം കാരണം ഒരു വർഷമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കാതിരിക്കുകയാണ്. റിസ്ക്

ആൻഡ് കോസ്റ്റിൽ കരാറുകാരനെ പിരിച്ചുവിട്ടശേഷം പുതിയ കരാറുകാരനെ എടുക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. ഈ പദ്ധതിയുടെ 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. അതിനാൽ രണ്ടുകോടി രൂപ അധികമായി നൽകി സാങ്കേതിക പ്രശ്നം പരിഹരിച്ച് ഈ വേനൽക്കാലത്തുതന്നെ കുടിവെള്ളം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പട്ടാമ്പി നഗരസഭയിൽ വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ നിലവിലില്ല. പട്ടാമ്പി മുനിസിപ്പാലിറ്റി നേരിട്ട് കൈകാര്യം ചെയ്യുന്ന പദ്ധതിയാണുള്ളത്. ഈ കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി അമൃത്-II പദ്ധതിയിലുൾപ്പെടുത്തി പട്ടാമ്പി നഗരസഭയ്ക്ക് 7.74 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തി കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് ചെയ്യാൻ AMRUT State Level Technical Committee (SLTC) തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നഗരസഭ തയ്യാറാക്കിയ രൂപരേഖയിൽ മാറ്റം വരുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിന് 2.01 കോടി രൂപ അധികമായി

വേണ്ടിവരുമെന്നതിനാൽ അധിക തുകയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ 7-1-2025-ലെ AMRUT SLTC മീറ്റിങ്ങിൽ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ഭരണാനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഓങ്ങല്ലൂർ-വല്ലപ്പുഴ കുടിവെള്ള പദ്ധതി നബാർഡ് സ്കീമിലുൾപ്പെട്ടതാണ്. പ്രസ്തുത പദ്ധതിയുടെ 90% പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. റെയിൽവേയുമായി ബന്ധപ്പെട്ട വിഷയമാണ് പദ്ധതിക്ക് തടസ്സമായിരുന്നത്. ജൽജീവൻ മിഷന്റെ ഭാഗമായി റെയിൽവേ ക്രോസിങ്ങിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. അതിനാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്. ഓങ്ങല്ലൂർ പഞ്ചായത്തിൽ റെയിൽവേ ക്രോസിങ് പോയിന്റിൽ മണ്ണിന്റെ ഘടനയുടെ തർക്കം ഉന്നയിച്ച് കരാറുകാരൻ പ്രവൃത്തി ചെയ്യുന്നതിന് തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. കരാർ പ്രകാരം ടി പ്രവൃത്തി പൂർത്തിയാക്കി നൽകേണ്ടതാണെന്ന് കരാറുകാരനെ രേഖാമൂലം അറിയിച്ചെങ്കിലും അദ്ദേഹം പ്രവൃത്തി ചെയ്യാൻ വിസമ്മതിക്കുകയും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയുമാണ്. വല്ലപ്പുഴ പഞ്ചായത്തിലെ ചെവിക്കൽപടി റെയിൽവേ ഗേറ്റിനടുത്തുള്ള ക്രോസിങ്ങിന്റെ

കെയ്സിങ് വിതരണ പൈപ്പ് 80 mm പി.വി.സി.-യിൽനിന്നും 100 mm എം.എസ്. പൈപ്പാക്കി മാറ്റാൻ റെയിൽവേ അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് നടപടി സ്വീകരിച്ചുവരികയാണ്. ജൽജീവൻ മിഷനിൽ ഓങ്ങല്ലൂർ പഞ്ചായത്തിലെ 174.70 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 8948 കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി 6073.64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 127 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 4085 കുടിവെള്ള കണക്ഷൻ നൽകുകയും ചെയ്തു. വല്ലപ്പുഴ പഞ്ചായത്തിൽ 120 കിലോമീറ്ററോളം വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 5746 കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി 2775 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 105 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുകയും 3211 കുടിവെള്ള കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. പട്ടാമ്പി കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനുവേണ്ടി അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് ആലോചിക്കാം. കോടതി കേസുമായി ബന്ധപ്പെട്ട വിഷയത്തിൽ

കാലതാമസം ഒഴിവാക്കാനായി കരാറുകാരനുമായി വീണ്ടും ചർച്ച നടത്താൻ സാധിക്കുമോയെന്ന് നോക്കാം. അതിന് അദ്ദേഹം തയ്യാറാണെങ്കിൽ ടി പ്രവൃത്തി തുടരും അല്ലെങ്കിൽ അടിയന്തരമായി അനന്തരനടപടി സ്വീകരിച്ച് ഈ വിഷയം പരിഹരിക്കാനാവശ്യമായ നടപടി കൈക്കൊള്ളും.

(7) കയർ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ് കയർ വ്യവസായം. കയർ മേഖലയുമായി ബന്ധപ്പെട്ട് പതിനായിരക്കണക്കിന് പേരാണ് തൊഴിൽ ചെയ്യുന്നത്. ഏറ്റവും സാധാരണക്കാരായ ഈ തൊഴിലാളികൾ ഇന്ന് വലിയ പ്രയാസമാണ് അഭിമുഖീകരിക്കുന്നത്. ഈ വ്യവസായത്തെ സംരക്ഷിക്കാൻ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച മുഴുവൻ തുകയും കൊടുത്തുതീർത്തുവെന്നുള്ളത് അത്യന്തം സ്വാഗതാർഹമാണ്. എം.ഡി.എ., ഐ.എസ്.എസ്., കയർപിരി സംഘങ്ങൾക്ക് 50,000/- രൂപ മുതൽ രണ്ടരലക്ഷം രൂപ വരെയുള്ള പ്രവർത്തന മൂലധനം തുടങ്ങിയ കുടിശ്ശികയെല്ലാം കൊടുത്തുതീർത്തിട്ടുണ്ട്. ഫാക്ടറി മേഖലയിലും സൊസൈറ്റി മേഖലയിലും കയർ തൊഴിലാളികൾക്കും

തൊഴിൽദിനവും വരുമാനവും കുറവാണ്. അതിനാൽ അവർ വലിയ പ്രയാസമനുഭവിക്കുകയാണ്. ചകിരിയുടെ ഉൽപാദനവും വളരെ കുറവാണ്. തൊണ്ട് സംഭരണം കാര്യക്ഷമമായി നടക്കുന്നില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച 100 ഡിഫൈബറിങ് മില്ലുകളിൽ പലതും ഇന്ന് പ്രവർത്തനക്ഷമമല്ല. അതുകൊണ്ട് ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് ഗൗരവമായി കാണുകയും തൊണ്ട് സംഭരണം ശക്തിപ്പെടുത്തുകയും ചെയ്യണം. 2017-ൽ നിർണ്ണയിച്ച കൂലിയാണ് ഇപ്പോഴും തൊഴിലാളികൾക്ക് ലഭിക്കുന്നത്. 240/- രൂപ കൂലിയും ഇൻകം സപ്പോർട്ട് സ്കീം പ്രകാരം നൽകുന്ന 110/- രൂപയും ചേർത്ത് 350/- രൂപയാണ് ലഭിക്കുന്നത്. ഏഴുവർഷക്കാലം പിന്നിടുകയാണ്. ജീവിത ചെലവ് വളരെയധികം വർധിച്ചു. കൂലിയുടെ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്ന് തോന്നുന്നില്ല. അതിനാൽ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം നൽകുന്ന തുകയിൽ ഗണ്യമായ വർധനവ് വരുത്തി ഏറ്റവും കുറഞ്ഞത് 500 രൂപയെങ്കിലും ഈ തൊഴിലാളികൾക്ക് കൂലിയായി നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന

മൂലധനം നൽകിയെങ്കിലും കയർ മാറ്റിങ് സഹകരണ സംഘങ്ങൾക്ക് പ്രസ്തുത സഹായം ലഭിക്കുന്നില്ല. അത് അടിയന്തരമായി പരിഹരിക്കേണ്ട പ്രശ്നമാണ്. കയർ ഫാക്ടറി രംഗത്ത് കൂലി പുതുക്കി നിശ്ചയിച്ചെങ്കിലും കയർ മാറ്റിങ് സംഘങ്ങളിലും വൻകിട ഫാക്ടറികളിലും ചില സ്ഥലങ്ങളിൽ ഇപ്പോഴും കൂലി വ്യവസ്ഥ നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് ചെറുകിട കയർ ഫാക്ടറി തൊഴിലാളികൾക്കും മറ്റിതര മേഖലകളിലെ തൊഴിലാളികൾക്കും പുതുക്കിയ കൂലി നൽകുന്നതിനാവശ്യമായ നടപടിയുണ്ടാകണം. കയറും കയർ ഉൽപ്പന്നങ്ങളും സംഭരിക്കാനും യഥാസമയം അതിന്റെ വില നൽകാനും പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡും കയർ കോർപ്പറേഷനുമൊക്കെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവർ നൽകുന്ന ധനസഹായം കുറച്ചുകൂടി വർധിപ്പിച്ചേ മതിയാകൂ. വിദേശ/സ്വദേശ മാർക്കറ്റുകളിൽ ഇടംപിടിക്കാൻ കഴിയുന്ന നിലയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കാനും നടപടി സ്വീകരിക്കണം. 2021 മുതൽ ക്ഷേമനിധിയിൽ നിന്നുള്ള അംശദായം കുടിശ്ശികയാണ്. വിരമിച്ച ആയിരക്കണക്കിന് കയർ തൊഴിലാളികൾക്ക് കുടിശ്ശിക ലഭ്യമായിട്ടില്ല.

അത് കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ അവിടെ പണിയെടുക്കുന്ന പതിനായിരക്കണക്കിന് പാവപ്പെട്ടവരുടെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും അത് അവരുടെ വരുമാന വർധനവിലേക്കോ ജീവിത പുരോഗതിയിലേക്കോ എത്തുന്നില്ല. അതുകൊണ്ട് സങ്കീർണ്ണമായ ഈ പ്രശ്നത്തിന് എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നത് സംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണമെന്ന് അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. പരമ്പരാഗത വ്യവസായ മേഖല പൊതുവെ പ്രതിസന്ധി നേരിടുന്നുണ്ട്. എന്നാൽ ഒരു സർക്കാർ, കയർ മേഖലയിൽ ഇതുപോലെ ഇടപെടുന്നൊരു സാഹചര്യം ലോകത്തുതന്നെ ഉണ്ടാകില്ല. കാരണം, ഗവൺമെന്റുതന്നെ ചകിരി സംരക്ഷിക്കുന്നു, ചകിരി നിർമ്മിക്കാനാവശ്യമായ മെഷീൻ സൗജന്യമായി നൽകുന്നു, ചകിരി സംഘങ്ങൾക്ക് സബ്സിഡി

നൽകുന്നു, സംഘങ്ങളുണ്ടാക്കുന്ന കയർ സംഭരിക്കുന്നു, അത് കയർ കോർപ്പറേഷന് സബ്സിഡിയിൽ നൽകുന്നു, ആ കയർ ഉൽപ്പന്നം വീണ്ടും സംഭരിക്കുന്നു. ഇത് ലോകത്തിനുതന്നെ അപൂർവമായൊരു മാതൃകയാണ്. എല്ലാക്കാലത്തും തുടരുന്നതും അങ്ങനെ തന്നെയാണ്. എന്നാൽ ഇപ്പോൾ അത്തരം മാതൃകകൾക്ക് അധികകാലം നിലനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 22 ഗോഡൗണുകളിലാണ് കയർ കെട്ടിക്കിടന്നിരുന്നത്. നമുക്ക് സംഭരണമാണ് ഉണ്ടായിരുന്നത്, വിപണനമുണ്ടായിരുന്നില്ല. ആ 20 ഗോഡൗണുകളിലെയും കയർ കിട്ടിയ കാശിന് വിറ്റഴിച്ച് രണ്ട് ഗോഡൗണുകളിൽ മാത്രമാക്കി ചുരുക്കി. കാരണം കുറെക്കഴിയുമ്പോൾ അത് പൊടിയാൻ തുടങ്ങും. അതുപോലെ 7 ഗോഡൗണുകളിൽ കയർ ഉൽപ്പന്നങ്ങൾ വിൽക്കാൻ കഴിയാതെ കെട്ടിക്കിടക്കുന്നുണ്ടായിരുന്നു. അതിൽ 5 ഗോഡൗണുകളിലുള്ളത് വിൽപ്പന നടത്താനും സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 52000 ടൺ കയർ ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 77218 ടൺ കയറും അതിന് മുമ്പത്തെ

ഗവൺമെന്റിന്റെ കാലത്ത് 36771 ടൺ കയറും ഉല്പാദിപ്പിച്ചിട്ടുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനായി ചെന്നൈയിലെ ഐ.ഐ.ടി., ഐ.ഐ.എം. എന്നിവയിലെ ഉദ്യോഗസ്ഥരുൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റി കുറെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ ചിലത് അതേപടി നടപ്പിലാക്കാൻ സാധിക്കുന്നവ അല്ലെങ്കിലും നടപ്പിലാക്കാൻ സാധിക്കുന്നവയുമുണ്ട്. ചകിരി നിർമ്മാണ മെഷിനറികൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അതിൽ പറഞ്ഞിട്ടുണ്ട്. മെഷീൻ ഉപയോഗിച്ച് കയർ നിർമ്മിക്കുമ്പോൾ ശരാശരി 30 കിലോഗ്രം വരെയാണ് തൊഴിലാളികൾ നിർമ്മിക്കുന്നത്. തമിഴ്നാട്ടിൽ 200 കിലോഗ്രോം വരെ നിർമ്മിക്കുന്നുണ്ട്. ആലപ്പുഴയിൽ ഒരു ക്ലസ്റ്റർ ആരംഭിച്ചപ്പോൾ 130 മുതൽ 160 കിലോഗ്രാം വരെ ഒരു തൊഴിലാളിക്ക് നിർമ്മിക്കാൻ സാധിക്കുന്നുണ്ട്. ഉല്പാദനക്ഷമത വർധിപ്പിച്ചാൽ മാത്രമെ നമുക്ക് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ. ഡീഫൈബറിങ് സൊസൈറ്റികളുടെ പ്രൊഡക്ടിവിറ്റി വളരെ കുറവാണെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. അത് നന്നാക്കാനായി

എ.എം.സി. ഉൾപ്പെടെ ഗവൺമെന്റ് ഏറ്റെടുത്തു. ഇപ്പോൾ കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. അടുത്തദിവസം വിയറ്റ്നാമിലേക്ക് ഒരു മെഷീൻ കയറ്റുമതി ചെയ്യാൻ പോകുന്നുവെന്നത് അഭിമാനകരമാണ്. ചരിത്രത്തിലാദ്യമായി കയർ കോർപ്പറേഷനും ഫോം മാറ്റിങ്സ് ഇന്ത്യ ലിമിറ്റഡും ലാഭത്തിലായിട്ടുണ്ട്. ചകിരി ചോറിനും ചെറിയ ഫൈബറിനും വിപണി കണ്ടെത്തുന്നതിന് ബജറ്റിൽ പ്രഖ്യാപനമുണ്ട്. അതുകൂടി ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നതാണ്. കയർ മേഖലയിലെ തൊഴിലാളികളുടെ വിശദമായ സെൻസസ് നടത്തിയിട്ടുണ്ട്. അവരുടെ ശമ്പളം ബാങ്ക് അക്കൗണ്ട് മുഖേന നൽകാനാണ് ഇപ്പോൾ ആലോചിക്കുന്നത്. സൊസൈറ്റികൾ, സംഘങ്ങൾ തുടങ്ങി പല ഇടത്തട്ടിലൂടെ പോകുന്നതുകൊണ്ട് യഥാർഥ തൊഴിലാളിക്ക് കിട്ടുന്നില്ല. അക്കാര്യം കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉൽപാദനക്ഷമത വിലയിരുത്തി സർക്കാർ ധനസഹായം വിതരണം ചെയ്യണം. നഷ്ടത്തിലുള്ള സംഘങ്ങൾക്ക് പ്രത്യേക പുനരുദ്ധാരണ പാക്കേജ് നൽകാൻ നടപടി സ്വീകരിക്കണം, ഉൽപാദനം ക്രമീകരിക്കുന്നതിന് മാർക്കറ്റ് ടെൻഡ്, ഡിമാൻഡ് തുടങ്ങിയ

കാര്യങ്ങൾ സ്ഥിരമായി അവലോകനം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തണം, കയർ ഭ്രവസ്തുത്തിന് വിപണന സാധ്യത കൂടുതലായി കണ്ടെത്തണം എന്നിങ്ങനെയുള്ള നിർദേശങ്ങളാണ് അതിലുള്ളത്. കഴിഞ്ഞ ദിവസം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയെ കണ്ടപ്പോൾ ഹൈവേയിൽ കയർ ഉപയോഗിക്കുന്ന പദ്ധതി അവർ അംഗീകരിക്കുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞു. വിതരണം ചെയ്ത മെഷിനറികൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കാനും അടുത്ത 5 വർഷത്തേക്ക് എല്ലാ കയർ മെഷീനുകൾക്കും എ.എം.സി. നടപ്പിലാക്കാനുമുള്ള ശ്രമം നടക്കുന്നുണ്ട്. ഇതിന്റെ 32 പരിഹാര നിർദേശങ്ങളിൽ 25 എണ്ണത്തിൽ നടപടി സ്വീകരിച്ചുകഴിഞ്ഞു. 300 സ്ത്രീത്തൊഴിലാളികൾക്ക് സ്റ്റൈപ്പന്റോടുകൂടി പുതിയ ഡിസൈനുകൾക്കുള്ള പരിശീലനം നൽകി അവരെ മാസ്റ്റർ ട്രെയിനേഴ്സാക്കുന്നുണ്ട്. അത് പുതിയ വിപണിയിലേക്ക് എത്താൻ സഹായിക്കും. കയർ തൊഴിലാളികളുടെ കൂലി വർധിപ്പിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്. ഇൻകം സപ്പോർട്ടിനുവേണ്ടി അനുവദിക്കുന്ന തുക ഉപയോഗിക്കുന്ന

തൊഴിലാളികളുടെ എണ്ണം കുറവാണ്. അത് ഗൗരവമായി പരിഗണിക്കുന്നതും ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുന്നതുമാണ്.

(8) ബാലുശ്ശേരി-നടുവണ്ണൂർ മന്ദൻകാവിൽ ലൈഫ് ഫ്ലാറ്റ് സമുച്ചയം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി-നടുവണ്ണൂർ മന്ദൻകാവിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി അടിയന്തരമായി പുനരാരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. സ്വന്തമായി ഭൂമിയും വീടുമില്ലാത്ത നിർധനരായ കുടുംബങ്ങൾക്ക് മാതൃകാപരമായാണ് ഫ്ലാറ്റ് സമുച്ചയങ്ങൾ സർക്കാർ നിർമ്മിച്ച് നൽകുന്നത്. ഇതിനോടകം 12 ജില്ലകളിൽ 12 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ മന്ദൻകാവിൽ 72 കുടുംബങ്ങൾക്കായി 1.97 ഏക്കർ ഭൂമിയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ അടിയന്തര പരിഗണന നൽകി ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളം

നടപ്പാക്കിയ മാതൃകാപരമായ ഈ പദ്ധതിയെ അനാവശ്യ വിവാദങ്ങളുണ്ടാക്കി അട്ടിമറിക്കാൻ ശ്രമിച്ചതുകാരണം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. നിർമ്മാണ സാമഗ്രികളുടെ വില വർധന കാരണം ഇപ്പോൾ കരാർ കമ്പനി അധിക തുക ആവശ്യപ്പെട്ടതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അടിയന്തര പരിഗണന നൽകി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും വീടുമില്ലാത്ത നിർധനരായ കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഭൂമിയുള്ള കുടുംബങ്ങളുടെ പുനരധിവാസത്തെക്കാൾ ഏറെ ശ്രമകരമാണ് ഭൂമിയും വീടുമില്ലാത്ത കുടുംബങ്ങളുടെ പുനരധിവാസം. അതുകൊണ്ടാണ് കൂടുതൽ കുടുംബങ്ങളെ കുറച്ച് സ്ഥലത്ത് പുനരധിവസിപ്പിക്കുകയെന്ന

ലക്ഷ്യത്തോടെ ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ലൈഫ് പദ്ധതിയുടെ ഭാഗമാക്കിയത്. അതിനാൽ ഓരോ കുടുംബങ്ങൾക്കും പ്രത്യേകം പ്രത്യേകം ഭൂമി കണ്ടെത്തേണ്ടതില്ല. കുറച്ച് ഭൂമിയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ചാൽ കൂടുതൽ കുടുംബങ്ങൾക്ക് താമസസൗകര്യമൊരുക്കാൻ സാധിക്കും. കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മന്ദൻകാവ് എന്ന സ്ഥലത്ത് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 196 സെന്റ് ഭൂമിയിൽ 120 ഭവനങ്ങൾ അടങ്ങിയ ഭവനസമുച്ചയത്തിന്റെ നിർമ്മാണത്തിന് 03-07-2019-ൽ 16.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ ആദ്യഘട്ടത്തിൽ നാല് നിലകളിൽ 36 വീടുകൾ അടങ്ങിയ രണ്ട് ഭവനസമുച്ചയങ്ങൾ ഉൾപ്പെടെ ആകെ 72 യൂണിറ്റുകൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒൻപതാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ (എസ്.എൽ.ഇ.സി.) തീരുമാനപ്രകാരം നൂതന സങ്കേതികവിദ്യയായ ലൈറ്റ് ഗേജ് സ്റ്റീൽ ഫ്രെയിമിങ് (എൽ.ജി.എസ്.എഫ്.) ടെക്നോളജിയാണ് നിർമ്മാണത്തിന് ഉപയോഗിച്ചത്. ആദ്യഘട്ടത്തിലെ 72 ഭവനങ്ങൾ അടങ്ങിയ സമുച്ചയത്തിന്റെ

നിർമ്മാണത്തിന് 9.38 കോടി രൂപയുള്ള സാങ്കേതികാനുമതി ലൈഫ് മിഷൻ ടെക്നിക്കൽ കമ്മിറ്റി നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിക്ക് ടെൻഡർ ഡോക്യുമെന്റ് സമർപ്പിക്കുകയും ലൈഫ് മിഷൻ ഇ-ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഏജൻസിക്ക് ടെൻഡർ അംഗീകരിച്ച് 09-12-2020-ൽ കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കാലാവധി ആറ് മാസമായിരുന്നെങ്കിലും പ്രാരംഭഘട്ടത്തിൽ കോവിഡ് മഹാമാരി കാരണം തടസ്സം നേരിട്ടിരുന്നു. നിലവിൽ ഭവനസമുച്ചയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത ഏജൻസി നിലവിൽ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്. നിർമ്മാണ സാമഗ്രികളുടെ വില വർധന കാരണം കരാറുകാർ കരാർ തുക വർധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ഈ വിഷയം പരിശോധിക്കുന്നതിന് 27-04-2022-ലെ സർക്കാർ ഉത്തരവുപ്രകാരം സാങ്കേതിക സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമിതി കരാറുകാരുടെ ആവശ്യം പരിശോധിച്ച് സമർപ്പിച്ച

ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(9) തോലന്നൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം

ശ്രീ. പി. പി. സുമോദ്: സർ, എന്റെ നിയോജകമണ്ഡലമായ തൃശ്ശൂരിലെ തോലന്നൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം അടിയന്തരമായി ആരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. 2018-ലാണ് ഈ കോളേജ് ആരംഭിച്ചത്. 2020-ൽ പത്ത് കോടി രൂപ ബജറ്റിൽ ഈ കോളേജിനായി വകയിരുത്തുകയും ആദ്യഘട്ട സ്ഥലമേറ്റെടുക്കൽ നടപടിയുൾപ്പെടെ വളരെ പെട്ടെന്ന് പൂർത്തീകരിക്കുകയും ചെയ്തു. ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന നിരവധി വിദ്യാർഥികൾ ഈ കോളേജിലുണ്ടെങ്കിലും ഇപ്പോഴും തൊട്ടടുത്തുള്ള ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ പരിമിതമായ സൗകര്യത്തിലാണ് കോളേജ് പ്രവർത്തിക്കുന്നത്. സാങ്കേതിക തടസ്സങ്ങൾ ചൂണ്ടിക്കാണിച്ച് നാളിതുവരെ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഓരോ വർഷവും ഈ കോളേജിൽ പഠിക്കാനെത്തുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർധന

പരിഗണിച്ച് അടിയന്തരമായി പ്രശ്നങ്ങൾ പരിഹരിച്ച് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം ഈ വർഷത്തിന്റെ ആദ്യപകുതിയിലെങ്കിലും ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തോലന്നൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിനായി 2019-2020 ബജറ്റിൽ പത്ത് കോടി രൂപ വകയിരുത്തിയെങ്കിലും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് കാലതാമസമുണ്ടായി. ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ വർഷം ഇതേവിഷയം നിയമസഭയിൽ ഉന്നയിച്ചപ്പോൾ ഭരണാനുമതി ലഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സമയബന്ധിതമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുമെന്നായിരുന്നു മറുപടി നൽകിയത്. അതനുസരിച്ച് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് 28-06-2024-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിരുന്നെങ്കിലും ചില നിർദേശങ്ങളോടുകൂടി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ 31-12-2024-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇത് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി

പുതുക്കിയ പ്രൊപ്പോസൽ സമയബന്ധിതമായി സമർപ്പിക്കാൻ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് ന്യായമായ വിഷയമാണെന്ന നിലയിൽ കണ്ടുകൊണ്ടുള്ള ഇടപെടലുകൾ പൊതുമരാമത്ത് വകുപ്പ് നടത്തുന്നതാണ്.

(10) പിറവത്തെ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം, പാമ്പാക്കുട, കീച്ചേരി എന്നീ ബ്ലോക്ക് സി.എച്ച്.സി.-കളുടെ സ്റ്റാറ്റസ്കോ നിലനിർത്തണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പാമ്പാക്കുട സി.എച്ച്.സി.-യുടെ ഭ്രവിസ്തൃതി വളരെ കൂടുതലാണ്. അവിടെ നിലവിലുള്ള ആരോഗ്യ പ്രവർത്തനങ്ങൾ കൃത്യമായി മുന്നോട്ടുപോകുന്നുണ്ട്. ഈ സാഹചര്യത്തിൽ പുനർവിന്യാസം വരുന്നത് അവിടത്തെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ആ മൂന്ന് ബ്ലോക്ക് സി.എച്ച്.സി.-കളും അതേനിലയിൽ നിലനിർത്തി മുന്നോട്ടുപോകണം. പല സി.എച്ച്.സി.-കളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല. 2008-

ലാണ് പല ആശുപത്രികളെയും സി.എച്ച്.സി.-കളായി അപ്ഗ്രേഡ് ചെയ്തത്. എന്നാൽ പല സി.എച്ച്.സി.-കളിലും പഴയ പി.എച്ച്.സി.-കളിലുണ്ടായിരുന്ന സ്റ്റാഫ് പാറ്റേണാണുള്ളത്. അതുകൊണ്ട് പൊതുജനങ്ങൾക്ക് പലപ്പോഴും ചികിത്സാ സേവനങ്ങൾ ലഭിക്കാത്ത സ്ഥിതിയുണ്ട്. സി.എച്ച്.സി.-കളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എട്ട് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും സപ്പോർട്ടിങ് സ്റ്റാഫുമുണ്ടാകണം. എന്റെ മണ്ഡലത്തിൽ മുളന്തുരുത്തി, കീച്ചേരി, രാമമംഗലം, പാമ്പാക്കുട തുടങ്ങിയ സി.എച്ച്.സി.-കളാണുള്ളത്. പ്രസ്തുത സി.എച്ച്.സി.-കളിൽ കൃത്യമായ സ്റ്റാഫ് പാറ്റേൺ ഇല്ലാത്തതിനാൽ രോഗികൾക്ക് രാത്രിയിൽ കിടത്തി ചികിത്സ ലഭിക്കുന്നില്ല. കൂടാതെ രോഗികൾക്ക് ഡോക്ടർമാരുടെ സേവനങ്ങൾ പൂർണ്ണതോതിൽ ലഭിക്കാത്ത സാഹചര്യവുമുണ്ടാകുന്നു. ഒരു പ്രദേശത്ത് മാത്രമല്ല കേരളത്തിലെ പല സി.എച്ച്.സി.-കളിലും ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ഇത്തരത്തിലുള്ള സി.എച്ച്.സി.-കളിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കി പൊതുജനങ്ങൾക്ക് രാത്രികാല സേവനങ്ങൾകൂടി ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുണ്ടാകണം.

എഫ്.എച്ച്.സി.-കളിലും സമാനമായ സ്ഥിതിയാണുള്ളത്. അവിടെ രണ്ട് ഡോക്ടർമാരാണുള്ളത്, സ്റ്റാഫ് പാറ്റേണില്ല. സാധാരണക്കാരായ രോഗികൾക്ക് സേവനം ഉറപ്പുവരുത്തുകയെന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. പിറവം താലൂക്കാശുപത്രി സന്ദർശിച്ചപ്പോൾ ആരോഗ്യ വകുപ്പുമന്ത്രി ഗൈനക്കോളജി ഡിപ്പാർട്ടുമെന്റ് അനുവദിക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. അതനുസരിച്ച് ഗൈനക്കോളജി ഡിപ്പാർട്ടുമെന്റ് അനുവദിക്കണം. കുത്താട്ടുകുളത്തും അതേ നിലയിലുള്ള ഗൈനക്കോളജി ഡിപ്പാർട്ടുമെന്റും അതിനോടുചേർന്ന് കാഷ്വാലിറ്റിയും പ്രവർത്തനം ആരംഭിക്കേണ്ടത് അനിവാര്യമാണ്. ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു.

(അധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാലാകാലങ്ങളായി ആരോഗ്യ വകുപ്പ് രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അത് ഭരണപരവും പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ളതുമാണ്. ഒന്ന്, റവന്യൂ ബ്ലോക്കുകളും

ആരോഗ്യ ബ്ലോക്കുകളും രണ്ടായിട്ടാണ് നിലനിന്നിരുന്നത്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്ന അവസരത്തിൽ ഭരണപരമായ കാര്യങ്ങളിൽ റവന്യൂ ബ്ലോക്കും ആരോഗ്യ ബ്ലോക്കും ഏകീകരിക്കേണ്ടത് അനിവാര്യമായി വന്നിരുന്നു. ഇതുപോലെതന്നെ പ്രധാനപ്പെട്ടതാണ് നഗരപ്രദേശങ്ങളെ സംബന്ധിച്ച വിഷയം. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കീഴിൽ ആരോഗ്യ വകുപ്പിലെ ഹെൽത്ത് വർക്കേഴ്സല്ല പകരം തദ്ദേശസ്വയംഭരണ വകുപ്പിലെ ഹെൽത്ത് വർക്കേഴ്സാണ് പ്രവർത്തിക്കുന്നത്. വെക്ടർ കൺട്രോൾ ആക്ടിവിറ്റീസ്, കൊതുക് നിവാരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ആരോഗ്യ പ്രവർത്തകരാണ് നിർവഹിക്കുന്നത്. ഈ രണ്ട് പ്രധാന കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനാണ് ശ്രമിക്കുന്നത്. റവന്യൂ ബ്ലോക്കും ആരോഗ്യ ബ്ലോക്കും ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അതത് ജില്ലകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിനുശേഷമേ അന്തിമ തീരുമാനം

കൈക്കൊള്ളുകയുള്ളൂ. ടി വിഷയത്തിൽ അതുവരെ സ്റ്റാറ്റസ്കോ നിലനിൽക്കുന്നതാണ്. പിറവം താലൂക്കാശുപത്രിയുടെ ഒ.പി. ബ്ലോക്ക് രണ്ട് കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ ചെലവഴിച്ച് അടുത്തിടെയാണ് നവീകരിച്ചത്. കൂടാതെ കണ്ണാശുപത്രിക്കുവേണ്ടി ഒരു കോടി രൂപ ചെലവഴിച്ച് ആധുനിക ഒഫ്താൽ തിയേറ്ററും സജ്ജീകരിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറുടെ സേവനം സ്ഥിരമായുണ്ടാകുകയും പ്രസവം ഉൾപ്പെടെയുള്ള ചികിത്സ നടത്താൻ കഴിയുകയും ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോൾ ഒരു ഡോക്ടറെക്കൊണ്ടുമാത്രം ചികിത്സ നടത്താൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഗൈനക്കോളജിസ്റ്റ് അല്ലാതെ എം.ബി.ബി.എസ്. ബിരുദം മാത്രമുള്ള ഡോക്ടർമാർ പ്രസവ സംബന്ധമായ ചികിത്സ ചെയ്യാത്ത സ്ഥിതിയാണ്. രണ്ട് ഗൈനക്കോളജിസ്റ്റുകളും ഒരു അനസ്തേഷ്യ സ്പെഷ്യലിസ്റ്റുമുണ്ടെങ്കിൽ മാത്രമേ ഇത്തരത്തിലുള്ള കേസുകൾ കൈകാര്യം ചെയ്യുകയുള്ളൂ. നിലവിൽ ആർദ്രം പദ്ധതിപ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന്

സർക്കാർ ശ്രമിക്കുന്നുണ്ട്. പിറവം നിയോജകമണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങളുണ്ട്. സർക്കാർ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് പിറവം നിയോജകമണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കാര്യവും പരിഗണിക്കാം. നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സർക്കാർ പര്യാപ്തമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. രണ്ട് ഡോക്ടർമാരെ ആരോഗ്യ വകുപ്പിൽനിന്നും ഒരു ഡോക്ടറെ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നിയമിക്കാവുന്നതാണ്. മറ്റൊരു ആരോഗ്യ പ്രവർത്തകനെയോ പ്രവർത്തകയെയോ തദ്ദേശസ്വയംഭരണ വകുപ്പിന് നിയമിക്കാം. ഇത്തരത്തിൽ സ്റ്റാൻഡേർഡൈസേഷൻ പ്രകാരം തസ്തികകൾ നിശ്ചയിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിൽ പിറവം മണ്ഡലവും ഉൾപ്പെടും.

മി. സ്പീക്കർ: ഓർഡർ.. ഓർഡർ.. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് റൂൾ 303 പ്രകാരം ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്.

12.11 am]

VII. ക്രമപ്രശ്നം

<u>ബജറ്റ് വിഹിതം വെട്ടിക്കുറച്ചത് സംബന്ധിച്ച്</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, വളരെ ഗൗരവമുള്ള ഒരു വിഷയം അങ്ങയുടെയും സഭയുടെയും മുമ്പാകെ അവതരിപ്പിക്കുകയാണ്. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ പുനഃക്രമീകരണത്തിനും പ്രോജക്ടുകളുടെ അനിവാര്യത പരിശോധിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതിയെയും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ഉദ്യോഗസ്ഥ സമിതിയെയും നിയമിച്ചിരുന്നു. ഇതുസംബന്ധിച്ച് 17-07-2024-ൽ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പദ്ധതി ക്രമീകരണം നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി 31-08-2024-ന് മറ്റൊരു സർക്കാർ ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായി. '2024-25 സാമ്പത്തിക വർഷം പത്ത് കോടി രൂപയ്ക്കുമേൽ അടങ്കലുള്ള തുടർ പദ്ധതികൾ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് ഉദ്യോഗസ്ഥ സമിതി

നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി മാറ്റിവയ്ക്കുകയോ വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യണമെന്നും പത്ത് കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികൾ വകുപ്പിന് ഭരണാനുമതി നൽകിയ മൊത്തം തുകയുടെ 50 ശതമാനമായി നിജപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നു' എന്നാണ് ആ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെയും ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നൽകുന്ന വിവിധ സ്കോളർഷിപ്പുകളുടെയും ഉൾപ്പെടെ ബജറ്റ് വിഹിതം വെട്ടിക്കുറച്ചുകൊണ്ട് വിവിധ വകുപ്പുകൾ ജനുവരി 15-നും ജനുവരി 22-നും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 10-07-2024-ന് നിയമസഭയിൽ മുഖ്യമന്ത്രി റൂൾ 300 പ്രകാരം നടത്തിയ പ്രസ്താവനയുടെ തുടർനടപടിയായിട്ടാണ് പദ്ധതി വിഹിതം വെട്ടിക്കുറച്ചത്. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർഥനകൾ സഭ ചർച്ച ചെയ്ത് പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപ്രോപ്രിയേഷൻ ബിൽ നിയമസഭ പാസാക്കുകയും ഗവർണറുടെ അനുമതിയോടുകൂടി 2024

ജൂലൈ 31-ന് ആക്ടായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയമസഭ അംഗീകരിച്ച ധനാഭ്യർഥനകളിൽ വ്യത്യാസം വരുത്താനുള്ള യാതൊരു അധികാരവും എക്സിക്യൂട്ടീവിനില്ല. റൂൾ 300 പ്രകാരം നിയമസഭയിൽ പ്രസ്താവന നടത്തിയതിലൂടെ ഇത്തരത്തിലൊരു അവകാശം ഒരിക്കലും എക്സിക്യൂട്ടീവിന് ലഭിക്കില്ല. ധനാഭ്യർഥനകൾ പാസ്സാക്കിയതിനുശേഷം ധനവിനിയോഗ ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ നിയമസഭയുടെ വോട്ട് നേടിയ ഏതെങ്കിലും ധനാഭ്യർഥന അപ്രോപ്രിയേഷൻ സ്റ്റേജിൽപോലും ഒഴിവാക്കുന്നതിനോ ധനാഭ്യർഥനയുടെ തുകയോ ഉദ്ദേശ്യമോ മാറ്റുന്നതിനോ സഞ്ചിതനിധിയിൽ ചാർജ് ചെയ്യപ്പെട്ടിട്ടുള്ള തുകയിൽ വ്യത്യാസം നിർദേശിക്കുന്നതിനോ ഉദ്ദേശിക്കുന്ന ഒരു ഭേദഗതി അവതരിപ്പിക്കാൻപോലും പാടില്ലെന്ന് ആൾട്ടിക്കിൾ 204(2)-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഡിമാൻഡ് പാസാക്കി അപ്രോപ്രിയേഷൻ സ്റ്റേജിൽപ്പോലും തുകയിൽ വ്യത്യാസം വരുത്താൻ സഭയ്ക്ക് അധികാരമില്ല. ഇത്തരമൊരു സാഹചര്യത്തിൽ എങ്ങനെയാണ് എക്സിക്യൂട്ടീവ് ഓർഡർ ഇറക്കുന്നത്? Article 162-ൽ 'Extent of executive

power of State'-നെപ്പറ്റി വളരെ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. ഒരു ബിൽ പാസ്സാക്കുമ്പോൾ റൂൾസുണ്ടാക്കാൻ എക്സിക്യൂട്ടീവിനെ ലെജിസ്ലേച്ചറിന് എംപവർ ചെയ്യാം. അതല്ലാതെ, നിയമസഭ പാസ്സാക്കിയ ഡിമാൻഡിനും അപ്രോപ്രിയേഷനും മുകളിൽ മറ്റൊരു അധികാരവും പ്രയോഗിക്കാൻ കഴിയില്ല. So it is very clear that no executive order or Rule 300 statement can tamper with or modify the demands already passed by this Legislature and duly appropriated. 17-07-2024, 31-08-2024 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകൾ എന്നുപറയുന്നത്, it is mockering on the budget discussions and the decisions we have taken as part of the constitutional obligations.

ഭരണഘടനാ ബാധ്യത നിറവേറ്റുന്നതിന്റെ ഭാഗമായി സഭയെടുത്ത തീരുമാനത്തെ ഒരു എക്സിക്യൂട്ടീവിന് എങ്ങനെയാണ് ലംഘിക്കാൻ കഴിയുന്നത്? What is the sanctity of the decisions we are taking? ഇവിടെ കൃത്യമായൊരു ലെജിസ്ലേറ്റീവ്-കോൺസ്റ്റിറ്റ്യൂഷണൽ-ബജറ്റ് പ്രോസസ്സുണ്ട്. ഇതെല്ലാം ലംഘിക്കുന്ന തരത്തിലാണ് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ച്

പദ്ധതി വിഹിതം മുഴുവൻ വെട്ടിച്ചുരുക്കുന്നത്. ഇക്കാര്യത്തിൽ സ്പീക്കർ ഇടപെട്ട് കർശനമായ റൂളിങ് നൽകുകയും ടി ഉത്തരവുകൾ റദ്ദാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവഹണവും സംബന്ധിച്ച ചട്ടം 303 അനുസരിച്ചുള്ള ക്രമപ്രശ്നമാണ് പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചത്. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ പുനഃക്രമീകരണത്തിനും പ്രോജക്ടുകളുടെ അനിവാര്യത പരിശോധിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 31-08-2024-ൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)നം.76/2024/ധന. ഉത്തരവിനെതിരായ ക്രമപ്രശ്നമാണിത്. ഭരണഘടനാ അനുച്ഛേദം 202 അനുസരിച്ച് ഗവർണർ ഓരോ സാമ്പത്തിക വർഷവും ചെലവുകളുടെ അടങ്കൽ പത്രിക സഭ മുമ്പാകെ വയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് വരവുചെലവുകളുടെ വർഷാരംഭത്തിലുള്ള അടങ്കൽ മാത്രമാണ്. വരവിലോ ചെലവിലോ ഉണ്ടാകുന്ന വ്യത്യാസം ഇതിനെ ബാധിക്കില്ല. തൊട്ടടുത്ത സാമ്പത്തിക

വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് വഴി അതിനെ ക്രമവൽക്കരിക്കുകയാണ് സാധാരണ ചെയ്യുന്നത്. സാധാരണഗതിയിൽ അത് നമ്മുടെ ബജറ്റ് പ്രോസസ്സിൽ ഉൾപ്പെടുന്നതാണ്. ഭരണഘടനാ അനുച്ഛേദം 203 പ്രകാരം സഞ്ചിതനിധിയിൽനിന്നും നടത്തേണ്ട ചെലവുകൾ സംബന്ധിച്ച് അനുച്ഛേദം 204 പ്രകാരമാണ് ധനവിനിയോഗ ബില്ലുകൾ പാസ്സാക്കുന്നത്. അപ്രകാരം സഭ അനുവദിക്കാത്ത ഒരു ചെലവും സഞ്ചിതനിധിയിൽനിന്നും നടത്താൻ പാടുള്ളതല്ല. കൂടാതെ അനുച്ഛേദം 205 പ്രകാരം അനുപൂരകവും കൂടുതലായിട്ടുള്ളതുമായ അധിക ചെലവിലുള്ള സഹായധനങ്ങൾ അനുവദിക്കാവുന്നതാണ്. അവ പിന്നീട് ധനവിനിയോഗ ബിൽ വഴി ക്രമപ്പെടുത്തുകയാണ് ചെയ്യുന്നത്. സംസ്ഥാനത്തിന്റെ വരവ് അനുസരിച്ചാണ് ചെലവ് സംബന്ധിച്ച വ്യവസ്ഥയും ഉൾപ്പെടുത്തുന്നത്. വരവിലുണ്ടാകാവുന്ന വ്യതിയാനങ്ങൾ പലപ്പോഴും ചെലവിനെ ബാധിക്കാറുണ്ട്. ഇതൊരു എസ്റ്റിമേറ്റഡ് എക്സ്പെൻഡിച്ചർ എന്നതിനാൽ അന്തിമമാണെന്ന് കരുതാനാകില്ല. കോവിഡ് ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ കാരണം വരുമാനത്തിൽ കുറവും പ്രളയവും പ്രകൃതിക്ഷോഭവുംമൂലം ചെലവിലും

വ്യത്യാസങ്ങളുണ്ടാകാറുണ്ട്. ഇവ പിന്നീട് ക്രമപ്പെടുത്തുകയാണ് ചെയ്യുന്നത്. കേന്ദ്രസർക്കാരിന്റെ നിയന്ത്രണങ്ങൾ കാരണം ബജറ്റിൽ പ്രതീക്ഷിച്ച കടമെടുപ്പ് പരിധിയിൽ വല്ലാതെ കുറവ് വരുന്നുണ്ട്. ഇത് ചെലവ് ചെയ്യാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെയും കുറച്ചുകാണിക്കുന്നുണ്ട്. ഇത് എല്ലാ സംസ്ഥാനങ്ങളും ചെയ്തുവരുന്നതാണ്. ഭരണഘടനാ അനുച്ഛേദം 367 പ്രകാരം ഭരണഘടന വ്യാഖ്യാനിക്കുന്നതിന് 1897-ലെ ജനറൽ ക്ലോസസ് ആക്ടാണ് ബാധകമായിട്ടുള്ളത്. പ്രസ്തുത ആക്ടിന്റെ 21-ാം വകുപ്പ് പ്രകാരം ഒരു പ്രവൃത്തി ചെയ്യാൻ അധികാരം നൽകുന്നിടത്ത് പ്രവൃത്തിയിൽ വ്യത്യാസം വരുത്താനോ റദ്ദാക്കാനോ ഉള്ള അധികാരവും ഉൾപ്പെടുന്നു. അപ്രകാരം, ഭരണഘടനാ അനുച്ഛേദം 205 അധികചെലവിനുള്ള ബിൽ കൊണ്ടുവരുന്നതിന് വ്യവസ്ഥ ചെയ്യുന്ന സാഹചര്യത്തിൽ അനുവദിക്കപ്പെട്ട വ്യവസ്ഥകളിൽ വ്യത്യാസം വരുത്താവുന്നതാണെന്നും അനുമാനിക്കാവുന്നതാണ്. മുമ്പും ഇപ്രകാരം ചെയ്തിട്ടുള്ളതാണ്. അത് പുതുക്കിയ എസ്റ്റിമേറ്റ് വഴി ക്രമവൽകരിക്കുകയും ചെയ്യാവുന്നതാണ്, അത് ചെയ്തിട്ടുള്ളതുമാണ്. യു.ഡി.എഫ്. ഭരണകാലത്ത് 2004-05-ലെ വാർഷിക

പദ്ധതിയിൽ പൊതുവിൽ 15% വെട്ടിക്കുറവ് വരുത്തി, 24-12-2004-ൽ സ.ഉ. (അച്ചടി) നം. നമ്പർ 598/2004/ധന. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. ഇത്തരം കാര്യങ്ങൾ മുമ്പും ചെയ്തിരുന്നതാണ്. അതുകൊണ്ട് 31-08-2024-ൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)നം.76/2024/ധന. ഉത്തരവും അതിനനുബന്ധമായി വിവിധ വകുപ്പുകൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും ക്രമപ്രകാരമാണെന്ന് സഭയെ അറിയിക്കുന്നു.

പ്ലാൻ സ്പേസിന്റെ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ പദ്ധതി വിഹിതത്തിൽ, നാളിതുവരെ 63% തുക ചെലവഴിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. ഭരണഘടനാവിരുദ്ധമായി യാതൊന്നും ചെയ്തിട്ടില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സപ്ലിമെന്ററി ഗ്രാന്റും അഡീഷണൽ ഗ്രാന്റും എക്സസ് ഗ്രാന്റും അനുവദിക്കാൻ വോട്ട് ഓൺ അക്കൗണ്ടിൽ പ്രത്യേക പ്രൊവിഷനുണ്ട്. അതാണ് ആർട്ടിക്കിൾ 205-ഉം 206-ഉം പ്രതിപാദിക്കുന്നത്. അതിനെ എങ്ങനെയാണ് വെട്ടിക്കുറയ്ക്കാനുള്ള

അനുമതിയാണെന്ന് വ്യാഖ്യാനിക്കാൻ കഴിയുന്നത്? അത് പ്രത്യേക അനുമതിയാണ്. അതു് ഉള്ളതുകൊണ്ടാണ് സപ്ലിമെന്ററി ഗ്രാന്റ് അവതരിപ്പിക്കുന്നത്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ വാദം നിലനിൽക്കുന്നതല്ല. പണ്ട് ഒരു തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അത് ആവർത്തിക്കാനുള്ളതാണോ? അത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ചൂണ്ടിക്കാണിച്ചതാണ്.

റൂളിംഗ്

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... 2024-2025 വർഷത്തെ ബജറ്റിലെ ധനാഭ്യർഥനകൾ സഭ ചർച്ച ചെയ്ത് പാസ്സാക്കുകയും അതിന്റെയടിസ്ഥാനത്തിൽ ധനവിനിയോഗ നിയമം (Appropriation Act) പാസ്സാക്കുകയും ചെയ്തതിനുശേഷം പ്രസ്തുത നിയമപ്രകാരം അനുവദിക്കപ്പെട്ട തുകകളിൽ വെട്ടിക്കുറവ് വരുത്തുന്ന തരത്തിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ച നടപടി ഭരണഘടനാ വ്യവസ്ഥകളുടെയും നിയമസഭാ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനമാണെന്നും അത് പുന:പരിശോധിക്കാൻ നടപടി ഉണ്ടാകണമെന്നുമാണ് പ്രതിപക്ഷ നേതാവ്

ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടത്.

ഇതുസംബന്ധിച്ച കാര്യങ്ങൾ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ധനവിനിയോഗവുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകളും നമ്മുടെ സഭാ ചട്ടങ്ങളും കീഴ്വഴക്കങ്ങളും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. സമാനസ്വഭാവമുള്ള ഒരു ക്രമപ്രശ്നം 1987 ഡിസംബർ 2-ാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ അതിന് ചെയറിൽനിന്നും വ്യക്തമായ റൂളിങ് നൽകിയിട്ടുണ്ട്. അതുപ്രകാരം അപ്രോപ്രിയേഷൻ ആക്ടിലൂടെ ഓരോ ഡിമാൻഡിൽനിന്നും ചെലവാകുന്ന പരമാവധി തുകയാണ് സഭ നിശ്ചയിച്ച് അംഗീകാരം നൽകിയിരിക്കുന്നത്. ആ പരിധി ലംഘിക്കുന്നതിന് സർക്കാരിന് അധികാരമില്ല. ഏതെങ്കിലും സാഹചര്യത്തിൽ അധികതുക ചെലവഴിക്കപ്പെട്ടാൽ അതിന് അധിക ധനാഭ്യർഥനയിലൂടെ സഭയുടെ അനുമതി ലഭ്യമാകേണ്ടതുണ്ട്. ഇവിടെ ധനവിനിയോഗ നിയമത്തിലൂടെ സഭ അനുവദിച്ച തുകയിൽ കുറവുവരുത്തിയത് സംബന്ധിച്ച കാര്യമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. വേയ്സ് ആൻഡ് മീൻസ് നില കണക്കിലെടുത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ

സർക്കാർ പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകളുടെ ഗണത്തിൽപ്പെടുന്നവയാണ് ഇവിടെ പരാമർശിക്കപ്പെട്ട ഉത്തരവുകൾ എന്നാണ് ചെയർ കാണുന്നത്. മുൻകാലങ്ങളിലും ഇത്തരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. ഇത് ഭരണഘടനാ വ്യവസ്ഥകളുടേയോ സഭയുടെ അവകാശങ്ങളുടേയോ ലംഘനമായി കാണാനാകില്ല. അതുകൊണ്ടുതന്നെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

12.22 pm]

VIII. ധനകാര്യം

2025-2026 സാമ്പത്തിക വർഷത്തേക്കുള്ള

ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ : സർ, ഞാൻ ഈ ബജറ്റിനെ അനുകൂലിക്കുന്നു. ഒരു രാഷ്ട്രമോ സർക്കാരോ മുൻഗണന നൽകുന്ന മൂല്യങ്ങൾ എന്താണെന്നറിയാൻ ആ സർക്കാരിന്റെ ബജറ്റ് പരിശോധിച്ചാൽ മതിയാകും. ബജറ്റ് എന്നത് കേവലം വരവുചെലവ് കണക്കുകളല്ല, സമൂഹനിർമ്മിതിയുടെ

അവസരങ്ങളുടെയും അവകാശങ്ങളുടെയും നീതിപൂർവമായ വിതരണത്തിന്റെ ഉപാധിയാണ്. കഴിഞ്ഞ ഏഴ് പതിറ്റാണ്ടുകളിലെ കേരളത്തിന്റെ നിയമനിർമ്മാണ സഭയുടെ സാമ്പത്തികവും നിയമപരവുമായ ഇടപെടലുകൾ ഇത് വ്യക്തമാക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിനെ സാമ്പത്തികമായി ഞെക്കിഞെരുക്കി ശ്വാസംമുട്ടിച്ച് ഇല്ലാതാക്കാനുള്ള കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ ശ്രമങ്ങളെ അതിജീവിച്ചുകൊണ്ട് ഇവിടത്തെ മുഴുവൻ ജനങ്ങളെയും സംരക്ഷിച്ച് നിർത്തുന്ന സമീപനമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഈ ബജറ്റിലൂടെ സ്വീകരിച്ചിരിക്കുന്നതെന്ന് ഞാൻ അഭിമാനപൂർവം പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തെയും രാജ്യത്തെയും ഞെട്ടിച്ച സംഭവമാണ് വയനാട് മുണ്ടക്കൈ-ചൂരൽമലയിലുണ്ടായത്. ആ ദുരന്തത്തിൽ 254 പേർക്കാണ് ജീവൻ നഷ്ടമായത്. 44 പേരെ ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 2007 വീടുകൾ പൂർണ്ണമായും തകരുകയും ആയിരക്കണക്കിന് ആളുകളുടെ ജീവനോപാധികൾ നഷ്ടമാകുകയും ചെയ്തു. ഈ ദുരന്തത്തിലൂടെ 1202 കോടി രൂപയുടെ നഷ്ടമുണ്ടായി. ആ ദുരന്തമുണ്ടായപ്പോൾ മുഖ്യമന്ത്രിയും മന്ത്രിമാരും അവിടെ

ഓടിയെത്തി. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും അവിടെ കേന്ദ്രീകരിച്ചുനിന്ന് ആളുകളെ സഹായിക്കാനും സംരക്ഷിക്കാനും രക്ഷാപ്രവർത്തനം നടത്താനും നേതൃത്വം കൊടുത്തതെല്ലാം നമ്മൾ കണ്ടതാണ്. ഈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ബന്ധുക്കളെയും സർവസ്വവും നഷ്ടപ്പെട്ടവരെയും ആശ്വസിപ്പിക്കാൻ കേരളത്തിലെ ജനങ്ങൾ ഗവൺമെന്റിനൊപ്പം ഉണ്ടായിരുന്നു. വീടുകൾ നഷ്ടപ്പെട്ടവരെ മാറ്റി പാർപ്പിക്കാനും അവർക്ക് വീട് കണ്ടെത്തി നൽകാനും ഓരോ മാസവും ആ വീടുകളുടെ വാടക കൊടുക്കാനും ഓരോ കുടുംബത്തിനും ആശ്വാസമെന്ന നിലയിൽ പതിനായിരം രൂപ കൊടുക്കാനും ഗവൺമെന്റിന് കഴിഞ്ഞു. ദുരന്തബാധിതരുടെ പുനരധിവാസത്തിന് 2221.10 കോടി രൂപ വേണമെന്ന് കണക്കാക്കുകയും അതിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും ഈ ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ദുരന്തമുണ്ടായി മാസങ്ങൾക്കുശേഷം ആ

ദുരന്തമുഖത്തേക്ക് നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി എത്തുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഒപ്പമുണ്ടായിരുന്നു. ദുരന്തസ്ഥലം സന്ദർശിച്ചതിനുശേഷം പ്രധാനമന്ത്രി ആശുപത്രിയിൽ ചികിത്സയിലായിരുന്നവരെ കാണുകയും ഒരു കുട്ടിയുടെ അടുത്തുപോയി എന്തൊക്കെയോ സംസാരിക്കുകയും ചെയ്തു. പ്രധാനമന്ത്രി പറഞ്ഞത് കുട്ടിക്കും കുട്ടി പറഞ്ഞത് പ്രധാനമന്ത്രിക്കും മനസ്സിലായില്ല. എന്നിട്ട് അദ്ദേഹം കുട്ടിക്കൊരു മുത്തം കൊടുത്തു. അപ്പോൾ എല്ലാവരും ആശ്വസിച്ചു. അദ്ദേഹം തിരിച്ച് ഡൽഹിയിലെത്തുമ്പോൾ നമുക്ക് വേണ്ടുന്ന സഹായം നൽകുമെന്ന് പ്രതീക്ഷിച്ചു. കേരള ബജറ്റിന് തൊട്ടുമുമ്പ് കേന്ദ്ര ബജറ്റ് അവതരിപ്പിച്ചു. അതിൽ വയനാടിന് പ്രത്യേക പാക്കേജ് അനുവദിക്കുമെന്ന് നാം പ്രതീക്ഷിച്ചു. കേന്ദ്രം പ്രത്യേക പാക്കേജ് അനുവദിച്ചില്ലെന്ന് മാത്രമല്ല, കേരളത്തെ പൂർണ്ണമായും അവഗണിക്കുകയും ചെയ്തു. വയനാടിലെ ജനങ്ങളെ കണ്ടില്ലെന്ന് നടിച്ചു. ഒരു കുട്ടിക്ക് കൊടുത്ത മുത്തമല്ലാതെ വയനാടിലെ ജനങ്ങൾക്കും കേരളത്തിനും ഈ ബജറ്റിലൂടെ യാതൊന്നും നൽകാൻ ബി.ജി.പി. സർക്കാർ തയ്യാറായില്ല. ആ പ്രദേശത്തെ ജനങ്ങളെ

സംരക്ഷിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അവിടെ പ്രത്യേക ടൗൺഷിപ്പുണ്ടാക്കി വീട് നിർമ്മിച്ചുനൽകി അവിടെയുള്ള ജനങ്ങളെ സംരക്ഷിക്കാൻ തീരുമാനിച്ചു. അതിനായി ഈ ബജറ്റിൽ 750 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കേരളം കേന്ദ്രത്തിന് അടിമയല്ല, കേന്ദ്രം തന്നില്ലെങ്കിലും സ്വന്തം നിലയിൽ വയനാടിലെ ജനങ്ങളെ സംരക്ഷിക്കുമെന്ന ഉറപ്പാണ് ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിലൂടെ നൽകിയിട്ടുള്ളത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ കേരളത്തോട് മാത്രമല്ല, പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളോടെല്ലാം പക്ഷപാതപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. "കേരളം വികസനത്തിൽ പിന്നിലാണെന്ന് പറഞ്ഞ് ധനകാര്യ കമ്മീഷനെ സമീപിച്ചാൽ ഞങ്ങൾ പണം തരാം" എന്നാണ് ഒരു കേന്ദ്രമന്ത്രി പറഞ്ഞത്. ആ മന്ത്രിയോടും കേന്ദ്രത്തോടും എനിക്ക് പറയാനുള്ളത് "ഇത് യു.പി.-യോ ഗുജറാത്തോ അല്ല, ഇത് കേരളമാണ്. ചുവന്ന കേരളം ഇവിടെ ഭരിക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടി ഉൾപ്പെടുന്ന ഇടതുപക്ഷമാണ്" എന്നാണ്. വികസിത രാജ്യങ്ങളെപ്പോലും അതിശയിപ്പിക്കുന്ന നേട്ടങ്ങളാണ് എല്ലാ മേഖലയിലും

ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മറ്റൊരു സംസ്ഥാനത്തിനും കൈവരിക്കാൻ കഴിയാത്ത നേട്ടങ്ങളുടെ നെറുകയിലാണ് കേരളം. ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും സമഗ്രവികസനത്തിനും കേരളത്തിനൊപ്പമെത്താൻ മറ്റ് സംസ്ഥാനങ്ങൾക്ക് ബഹുദൂരം ഇനിയും സഞ്ചരിക്കേണ്ടതുണ്ട്. ലോകരാജ്യങ്ങൾ ഇന്ത്യയിൽ ആദ്യം പരിഗണിക്കുന്ന സംസ്ഥാനമാണ് കേരളം. അതിന്റെ തുടർച്ചയായിട്ടുള്ള പുതിയകാല വികസന പദ്ധതിയാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് കേന്ദ്ര സഹമന്ത്രി ശ്രീ. ജോർജ് കുര്യനും ബി.ജെ.പി.-യും സ്വപ്നത്തിൽ വിചാരിച്ചാൽപോലും കേരളം പുറകോട്ടുപോകില്ല, മുന്നോട്ടുതന്നെ പോകും. കേരളത്തിൽ അധികാരത്തിലിരിക്കുന്നത് ഇടതുപക്ഷമാണെന്ന് നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അർഹതപ്പെട്ട നികുതി വിഹിതം നൽകാതെയും വായ്പാ പരിധി വെട്ടിച്ചുരുക്കിയും ദുരന്തനിവാരണത്തിന് സഹായം നൽകാതെയും ദ്രോഹിക്കുന്ന സമീപനമാണ് ബി.ജെ.പി. സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനുള്ളിൽ 18,000

കോടി രൂപയുടെ സഹായം ആവശ്യപ്പെട്ട കേരളത്തിന് കേവലം 3,000 കോടി രൂപയുടെ സഹായം മാത്രമാണ് ലഭിച്ചത്. ഈ കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. സംസ്ഥാനങ്ങളുടെ പദ്ധതികൾക്ക് കേന്ദ്രം ഗ്രാന്റായി അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കേരളം പലിശസഹിതം തിരിച്ചടയ്ക്കണമെന്ന് മാത്രമല്ല, പദ്ധതിയുടെ ലാഭവിഹിതവും വേണമെന്ന വിചിത്രമായ നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇതിലൊന്നും കേരളം തളരില്ല. വിഴിഞ്ഞം കേരളത്തിന്റെ സാമ്പത്തിക വികസന എഞ്ചിനാകുമെന്ന് ഉറപ്പുവരുത്തുന്ന പദ്ധതികളാണ് സംസ്ഥാന ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യവസായ ഇടനാഴിക്ക് കിഫ്ബിവഴി ആയിരം കോടി രൂപയാണ് ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വിഴിഞ്ഞം വികസനത്തിനൊപ്പം കോവളത്തിനും ബേക്കലിനുമിടയിലുള്ള ഉൾനാടൻ ജലപാതയുടെ സമ്പൂർണ്ണ പുനരുജ്ജീവനത്തിനും വികസനത്തിനുമായി അഞ്ഞൂറ് കോടി രൂപയും ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കേരളത്തിന്റെ വികസനപ്രക്രിയയിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രത്യേകതയാണ് ഈ ബജറ്റിലൂടെ

ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഒട്ടേറെ പ്രതിസന്ധികൾക്കിടയിലൂടെയാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. ഫെഡറലിസത്തിന്റെ അടിസ്ഥാന നയംപോലും കാറ്റിൽ പറത്തി സംസ്ഥാനത്തിന്റെ അവകാശങ്ങൾ നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അടിസ്ഥാന മധ്യവർഗ ജനതയുടെ ക്ഷേമത്തിന് കൂടുതൽ ഊന്നൽ നൽകുന്ന കേരള സർക്കാർ നയം, പുതുമുതലാളിത്തത്തിന്റെ വക്താക്കളെ വിറളി പിടിപ്പിക്കുകയാണ്. ഈ അസഹിഷ്ണത അസത്യ പ്രചാരണങ്ങളായി മാധ്യമങ്ങളിലൂടെയും മറ്റും പ്രതിഫലിപ്പിക്കുന്നു. ഇന്ന് കേരളത്തിൽ യുവാക്കൾ നാടുവിടുന്നുവെന്ന തരത്തിലുള്ള പ്രചാരണം നടക്കുകയാണ്. വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലൂന്നിയ ജ്ഞാനാധിഷ്ഠിത ക്ഷേമ സമൂഹത്തെ നയിക്കാൻ കേരളത്തെ പരിവർത്തിപ്പിക്കുന്നതിന് ഇടതുപക്ഷ സർക്കാർ നവീന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കൊല്ലത്തും കൊട്ടാരക്കരയിലും കണ്ണൂരിലും പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കിഫ്ബി വിഭാവന ചെയ്യുന്ന റവന്യൂ ജനറേറ്റിങ്

പദ്ധതിയുടെ ഭാഗമായാണ് ഇവ പ്രഖ്യാപിച്ചിട്ടുള്ളത്. റിസർവ് ബാങ്കിന്റെ 2023-2024 വർഷത്തെ റിപ്പോർട്ടിൽ ഗ്രാമീണ മേഖലയിൽ തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന വേതനം നൽകുന്ന സംസ്ഥാനം കേരളമാണെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് ആയിരക്കണക്കിന് ചെറുപ്പക്കാരാണ് തൊഴിൽതേടി നമ്മുടെ നാട്ടിലേക്ക് വന്നുകൊണ്ടിരിക്കുന്നത്. അവരുടെ നാട്ടിൽ മതിയായ വേതനം ലഭിക്കാത്തതുകൊണ്ടാണ് കേരളത്തെ അവരുടെ തൊഴിലിടമായി കാണുന്നത്. ഇവിടെ തൊഴിൽ സുരക്ഷ ഉറപ്പാണ്. അതിതീവ്ര സാമ്പത്തിക പ്രതിസന്ധിയുടെ കാലം നമ്മൾ അതിജീവിച്ചുവെന്ന് ഈ ബജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. 1957-ൽ അധികാരത്തിൽ വന്ന ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ മുതൽ പിന്നീട് ഇങ്ങോട്ടുവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകളും പുരോഗമന സർക്കാരുകളും കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിയിൽ അവരുടെതായ പങ്കുവഹിച്ചിട്ടുണ്ട്. കർഷക തൊഴിലാളികൾക്ക് ഉയർന്ന വേതനമായ 807.02 രൂപ കൊടുക്കുന്ന

സംസ്ഥാനം കേരളമാണ്. ഉത്തർപ്രദേശ്, ഗുജറാത്ത്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വേതനം ഇതിന്റെ മൂന്നിലൊന്നാണെന്ന് നാം ഓർക്കണം. കാർഷികേതര ജോലികളുടെ അവസ്ഥയും വ്യത്യസ്തമല്ല. കേരളത്തിൽ 735/- രൂപ വേതനം കിട്ടുമ്പോൾ 262/-, 285/- എന്നീ ക്രമത്തിലാണ് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് കിട്ടുന്നത്. കേരളത്തിലെ ഉയർന്ന വേതനത്തിന് അടിസ്ഥാനം സർക്കാരിന്റെ കരുതലും തൊഴിലാളി സംഘടനകളുടെ കരുത്തുമാണ്. ക്ഷേമപെൻഷന് 131.40 കോടി രൂപയും തൊഴിലും തൊഴിലാളി ക്ഷേമത്തിനുമായി 538.44 കോടി രൂപയും കർഷക തൊഴിലാളി ക്ഷേമനിധിക്ക് അധികമായി 20 കോടി രൂപയും നീക്കിവച്ചതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. എന്നാൽ കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് ആനുകൂല്യ കുടിശ്ശിക കൊടുക്കാൻ മാത്രം 540 കോടി രൂപ വേണം. ഇതുസംബന്ധിച്ച് കേരള സ്റ്റേറ്റ് കർഷകത്തൊഴിലാളി ഫെഡറേഷൻ അങ്ങേയ്ക്കും തൊഴിൽ വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും അടിസ്ഥാന ജനവിഭാഗമെന്ന നിലയിൽ കർഷക തൊഴിലാളിക്ക് മുൻഗണന നൽകി ടി

കൂടിശ്ശിക കൊടുക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും മഹാത്മ അയ്യങ്കാളിയും കുമാര ഗുരുദേവനും പണ്ഡിറ്റ് കറുപ്പനും ഉൾപ്പെടെയുള്ള സാമൂഹ്യ പരിഷ്കർത്താക്കൾ വിഭാവന ചെയ്ത അസമത്വമില്ലാത്ത, ജാതീയ വേർതിരിവില്ലാത്ത നവകേരള സൃഷ്ടിക്കായി അക്ഷീണം പ്രയത്നിക്കുന്ന ഒരു സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ-പിന്നാക്ക മേഖലയിൽ ശാശ്വതമായ പുരോഗതിക്കും മുന്നേറ്റത്തിനും വിദ്യാഭ്യാസത്തിനും മതിയായ പങ്കുണ്ടെന്ന് മനസ്സിലാക്കിയ സർക്കാർ ഓരോ വിദ്യാർഥിയുടെയും പഠനപുരോഗതിയെ ലക്ഷ്യമിട്ടുകൊണ്ട് 40000 പഠനമുറികളും 361 സാമൂഹ്യ പഠനമുറികളും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 12500 വീടുകളും അംബേദ്കർ ഗ്രാമവികസന പദ്ധതികളും ഇവിടെ നടപ്പാക്കിയിട്ടുണ്ട്. 'UNNATHI SCHOLARSHIP FOR OVERSEAS STUDIES' എന്ന പേരിൽ കേരള സർക്കാർ നടപ്പാക്കിയ പദ്ധതി പ്രകാരം 820 പട്ടികജാതി-പട്ടികവർഗ-പിന്നാക്ക വിദ്യാർഥികൾക്കാണ് വിദേശ സർവകലാശാലകളിൽ പൂർണ്ണമായും സ്കോളർഷിപ്പോടെ ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചത്. അങ്ങനെ

നിരവധി പദ്ധതികളാണ് സർക്കാർ ഈ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട്. എസ്.സി./എസ്.ടി. വിദ്യാർഥികളുടെ സ്റ്റൈപന്റും ലംപ്സംഗ്രാന്റും വർധിപ്പിക്കണം. അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് കൃത്യമായി ഫീസ് ആനുകൂല്യം കൊടുക്കണം. കൃത്യസമയത്ത് ഫീസ് നൽകാത്തതുകൊണ്ട് അവർക്ക് ഉന്നതവിദ്യാഭ്യാസം മുടങ്ങുകയും സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുകയും ചെയ്യുന്നു. പട്ടികജാതി വികസന കോർപറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഇപ്പോൾ ഓരോ ജില്ലയിലും ഒരു ഓഫീസ് വീതമാണുള്ളത്. അതുകൊണ്ട് ദൂരസ്ഥലങ്ങളിലുള്ളവർക്ക് അവിടെയെത്തി അപേക്ഷ നൽകാനോ വായ്പ തരപ്പെടുത്താനോ കഴിയാത്ത അവസ്ഥയുണ്ട്. ഇപ്പോൾ വണ്ടൂരും കിളിമാനൂരും ചേലക്കരയിലുമാണ് ഇതിന്റെ സബ്ഓഫീസുകളുള്ളത്. അതുകൊണ്ട് എല്ലാ താലൂക്കുകളിലും പ്രത്യേക പട്ടികജാതി വികസന കോർപറേഷന്റെ സബ്ഓഫീസുകൾ അനുവദിക്കണം. പട്ടികജാതി

വികസന കോർപറേഷന് പ്ലാൻ ഫണ്ടിനത്തിൽ അമ്പത് കോടി രൂപയാണ് വകയിരുത്തേണ്ടത്. അതിൽ ഇരുപത്തിനാലര ശതമാനം കേന്ദ്ര സർക്കാരും ഇരുപത്തിയഞ്ചര ശതമാനം സംസ്ഥാന സർക്കാരുമാണ് നൽകേണ്ടത്. അതിപ്പോൾ നൽകുന്നില്ല. അക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തര ശ്രദ്ധ നൽകണം. പട്ടികജാതി വികസന വകുപ്പിന് അങ്ങ് പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയിൽനിന്ന് നൂറ് കോടി രൂപ പട്ടികജാതി വികസന കോർപറേഷന് കൊടുത്താൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പട്ടികജാതി വികസന കോർപറേഷൻ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിക്ക് ഒരു നിവേദനം നൽകിയിട്ടുണ്ട്. ആ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും അവർക്ക് അർഹതപ്പെട്ട ശമ്പളം നൽകുകയും ചെയ്യണം. അസിസ്റ്റന്റ് തസ്തികയിലേക്ക് ഡിഗ്രി യോഗ്യതയുള്ള ജീവനക്കാരെ നിയമിച്ചിട്ടും ആവശ്യമായ ശമ്പളം കിട്ടുന്നില്ലെന്ന പരാതിയുമുണ്ട്. രാജ്യത്തിന് മാതൃകയായ ഭൂപരിഷ്കരണ

നിയമം നടപ്പാക്കിയ കേരളത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഭൂരഹിതരില്ലാത്ത കേരളം നടപ്പാക്കുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ഈ ഗവൺമെന്റ് 180887 പേർക്കാണ് പട്ടയം കൊടുത്തത്. അതോടൊപ്പം ഡിജിറ്റൽ സർവേ നടത്തി എല്ലാവരുടെയും ഭൂരേഖകൾ കൃത്യമായും സുതാര്യമായും ലഭ്യമാക്കാൻ കഴിയുന്ന നടപടികളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ഇ.സി.-യുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ട്. ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ കെ.എസ്.ആർ.ഇ.സി. റിപ്പോർട്ടിനുവേണ്ടി കാത്തുകിടക്കുകയാണ്. അവിടെ ഉദ്യോഗസ്ഥരുടെ കുറവുണ്ട്, അവർക്കാവശ്യമായ പണമില്ലാത്ത അവസ്ഥയുണ്ട്. അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട് ആവശ്യമായ പണം അനുവദിച്ചും ജീവനക്കാരെ നിയമിച്ചും കെ.എസ്.ആർ.ഇ.സി. റിപ്പോർട്ട് എത്രയുംവേഗം ലഭ്യമാക്കി ഭൂമി തരംമാറ്റൽ നടപടി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കണം. ആരോഗ്യരംഗം മെച്ചപ്പെട്ട നിലയിൽ മുന്നോട്ടുപോകുകയാണ്. നാഷണൽ ഹെൽത്ത് മിഷൻ വളരെ മോശപ്പെട്ട

നിലയിൽ മുന്നോട്ടുപോകുമ്പോഴും ഇവിടെ ആർദ്രം പദ്ധതിയിലൂടെ നിരവധി മാറ്റങ്ങൾ സൃഷ്ടിച്ച് ആരോഗ്യമേഖല മുന്നേറുകയാണ്. അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തിയും ആതുരാലയങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെ എല്ലാ തലത്തിലും വികസന പ്രവർത്തനങ്ങൾ നടത്തിയാണ് ആരോഗ്യമേഖല മുന്നോട്ടുപോകുന്നത്. മൂന്ന് വർഷമായി രാജ്യത്ത് ഏറ്റവുമധികം സൗജന്യ ചികിത്സ ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. മറ്റ് സംസ്ഥാനങ്ങൾക്ക് സങ്കൽപ്പിക്കാൻപോലും കഴിയാത്തത്ര സഹായമാണ് നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആശാ വർക്കർമാരുടെ വിഷയം രാവിലെ ഇവിടെ ഉന്നയിച്ചു. അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും ഓണറേറിയം വർധിപ്പിക്കുന്നതിനും അവരുടെ പ്രായപരിധി അറുപത്തിയഞ്ച് വയസ്സായി ഉയർത്താനും ശൈലീ സർവേയ്ക്ക് പ്രത്യേക ഇൻസെന്റീവ് നൽകാനും അവരെ സ്ഥിരം ജീവനക്കാരാക്കി മാറ്റുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. ഈ വിഷയം കേന്ദ്ര സർക്കാരിൽ ശക്തമായി ഉന്നയിക്കുന്നതിന് ആരോഗ്യ

വകുപ്പ് ഇടപെടണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. സർവെയിലൂടെ അതിദരിദ്രരായി കണ്ടെത്തിയ 64006 കുടുംബങ്ങളിൽ 44539 കുടുംബത്തെ അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി ഭക്ഷ്യ വകുപ്പ് മുന്നോട്ടുപോകുകയാണ്. റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി ഉയർത്താനും എല്ലാവർക്കും റേഷൻ കാർഡും റേഷനും കൊടുക്കാനുമുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. റേഷൻ കടകളിൽ വന്ന് സാധനം വാങ്ങാൻ കഴിയാത്ത കിടപ്പുരോഗികൾക്ക് 'ഒപ്പം' പദ്ധതിയിലൂടെ വീട്ടുപടിക്കൽ ഭക്ഷ്യ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നുണ്ട്. നിർമ്മിതബുദ്ധിയും റൊബോട്ടിക്സ് സാങ്കേതികവിദ്യയും വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് അടിസ്ഥാനസൗകര്യം വിപുലപ്പെടുത്തി കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. സാക്ഷരതാ പ്രേരക്മാരുടെ വേതനം വർധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നിലവിൽ നോഡൽ പ്രേരകിന് 15000/- രൂപയും പ്രേരകിന് 12000/- രൂപയുമാണ് വേതനം. അവരുടെ വേതനം വർധിപ്പിക്കണം. സംസ്ഥാന സർക്കാർ

നിശ്ചയിച്ചിരിക്കുന്ന മിനിമം വേതനം അവർക്ക് നൽകുന്നതിനും സാക്ഷരതാ പ്രേരക്മാരുടെ എണ്ണത്തിലുണ്ടായിട്ടുള്ള കുറവ് പരിഹരിക്കുന്നതിനും ഗ്രാറ്റുവിറ്റിയും പെൻഷനുമടക്കം കൊടുത്തുകൊണ്ട് അവരെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇന്ന് വിനോദസഞ്ചാരവും പൊതുമരാമത്തും മെച്ചപ്പെട്ട രീതിയിലാണ് മുന്നോട്ടുപോകുന്നത്. റോഡുകളും പാലങ്ങളും സർക്കാർ കെട്ടിടങ്ങളുമടക്കമുള്ള പശ്ചാത്തല വികസന പ്രവർത്തനങ്ങളുമായി പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മുന്നോട്ടുപോകുകയാണ്. പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ നടപ്പാക്കുമ്പോൾ പ്രാഥമിക ഇൻവെസ്റ്റിഗേഷന്റെ ഭാഗമായുള്ള ടോട്ടൽ സ്റ്റേഷൻ ടെൻഡറിങ്ങിനും മറ്റുമായി ഫയൽ രണ്ടുമൂന്ന് പ്രാവശ്യം തിരുവനന്തപുരത്ത് പോയി തിരിച്ചുവരേണ്ടതുണ്ട്. കാരണം, തിരുവനന്തപുരത്ത് മാത്രമേ ഡിസൈൻ വിങ്ങുള്ളൂ. എല്ലാ ജില്ലകളിലും ഡിസൈൻ വിങ്ങുണ്ടായാൽ വേഗത്തിൽ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കും. ഇക്കാര്യം പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നും ധനകാര്യ വകുപ്പ് അതിനാവശ്യമായ സഹായം ചെയ്തുകൊടുക്കണമെന്നുമാണ്

പറയാനുള്ളത്. കാരവൻ ടൂറിസം, ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം, അഡ്വഞ്ചർ ടൂറിസം എന്നിങ്ങനെ നിരവധി മുന്നേറ്റങ്ങളോടെയാണ് വിനോദസഞ്ചാര മേഖല കടന്നുപോകുന്നത്. വിനോദസഞ്ചാര മേഖലയിൽ കേരളം ഒരു ഹബ്ബായി മാറിക്കൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ അടൂരിൽ പുതിയകാവിൽ ചിറ ടൂറിസം കേന്ദ്രമുണ്ട്. അതിനുവേണ്ടി എല്ലാ വർഷവും ഞാൻ പ്രോജക്ട് കൊടുക്കാറുണ്ട്. ഓരോ വർഷവും അത് അംഗീകരിക്കാമെന്നും പറയാറുണ്ട്. എന്നാൽ, അവസാനം ധനകാര്യ വകുപ്പ് അതിന് ഒബ്ജക്ഷൻ പറയുകയാണ് ചെയ്യുന്നത്. ഇപ്രാവശ്യം ഈ പദ്ധതിക്കായി 5 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യം 20 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. അത് വെട്ടിക്കുറച്ച് 5 കോടി രൂപയാക്കിയിട്ടുണ്ട്. അങ്ങ് ഇത് പരിഗണിച്ച് പദ്ധതി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കൃഷി-മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുപോലെ വ്യവസായ മേഖലയിലും വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്. എന്റെ മണ്ഡലമായ അടൂരിൽ

കെൻകോസിന്റെ സ്ഥലമുണ്ട്. വ്യവസായ വകുപ്പുമന്ത്രിയോടൊപ്പം ഞാൻ ആ സ്ഥലം സന്ദർശിച്ചതാണ്. ഈ വർഷം ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അടൂരിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വ്യവസായ വകുപ്പിന്റെ ഈ സ്ഥലത്ത് ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷനും റിട്ടയർമെന്റ് ആനുകൂല്യങ്ങളും ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പം, സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമായി അറുപതിനായിരം കോടി രൂപയിലധികം പലയിനങ്ങളിലായി നിയമപരമായി അനുവദിക്കാനുണ്ടെന്നതും യാഥാർഥ്യമാണ്. ഈ ബജറ്റിൽ ഏകദേശം രണ്ടായിരം കോടി രൂപയാണ് സർക്കാർ ജീവനക്കാർക്കായി നിർദേശിച്ചിട്ടുള്ളത്. ജീവനക്കാർ വലിയ തോതിൽ വേതനം കൈപ്പറ്റുന്നുവെന്ന പ്രചാരണമാണ് ചിലർ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ പണപ്പെരുപ്പത്തിന് അനുസരിച്ച് വേതന വർധനവില്ലാത്തതിനാൽ താഴ്ന്നവിഭാഗം ജീവനക്കാർ വലിയ കടക്കെണിയിൽപ്പെടുകയാണെന്ന സത്യം

അങ്ങ് മനസ്സിലാക്കണം. പെൻഷൻ വിഷയം നടപ്പ് ബജറ്റിലും അങ്ങ് സൂചിപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിലും അവരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യത്തിലും സമയബന്ധിതമായി തീരുമാനമെടുക്കണമെന്ന് അങ്ങയോട് അഭ്യർഥിക്കുകയാണ്. നിയമ വകുപ്പുമായി ബന്ധപ്പെട്ട് അഭിഭാഷക ക്ലാർക്കുമാരുടെ ക്ഷേമത്തിനായി 2004-ൽ നിലവിൽവന്ന ക്ഷേമനിധി ബോർഡിൽ വരിസംഖ്യ 1200/- രൂപയാണ്. വെൽഫെയർ ഫണ്ട് സ്റ്റാമ്പിൽനിന്നും ലഭിക്കുന്നത് 12/- രൂപയും ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നും ലഭിക്കുന്ന നാമമാത്രമായ വിഹിതവുമാണ് അതിലുള്ളത്. നിലവിലെ ബജറ്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവിലാണ് പ്രസ്തുത ക്ഷേമനിധി ബോർഡ് പോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് 2021-ൽ അംഗങ്ങളുടെ വാർഷിക വരിസംഖ്യ 1200/- രൂപയിൽനിന്നും 2000/- രൂപയായും വെൽഫെയർ സ്റ്റാമ്പ് 12/- രൂപയിൽനിന്നും 20/- രൂപയായും വർധിപ്പിച്ചു. ഈ വർധനവ് അവർ പൂർണമനസ്സോടെ അംഗീകരിച്ചെങ്കിലും അതിനാവശ്യമായ നിയമനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് കക്ഷിക്കോ ഗവൺമെന്റിനോ യാതൊരു ബാധ്യതയുമുള്ള കാര്യമല്ല.

ഇതിനാവശ്യമായ ഒരു ബിൽ ഓരോ പ്രാവശ്യവും നിയമസഭ പാസ്സാക്കുമെന്ന് പറയുമെങ്കിലും ഇപ്പോഴും പ്രതിസന്ധിയിലാണ്. ബിൽ പാസ്സാക്കിയാൽ ഗവൺമെന്റിന് വലിയ നഷ്ടം വരുന്നതല്ല, അവരുടെ പണമാണ് ഇതിന് ഉപയോഗിക്കുന്നത്, ഇതിന്റെ ഗുണം ലഭിക്കുന്നത് അഡ്വക്കേറ്റ് ക്ലാർക്കുമാർക്കാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കണം. എനിക്ക് അനുവദിച്ച സമയം കഴിഞ്ഞു, ഞാൻ ചുരുക്കുകയാണ്. വർഷത്തിലൊരിക്കൽ പ്രസംഗിക്കുന്നതുകൊണ്ടും ഡെപ്യൂട്ടി സ്പീക്കറെന്ന നിലയിൽ സമയകൃത്യത പാലിക്കേണ്ടതുകൊണ്ടും ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. പ്രതിസന്ധികളിൽ ഉലയാതെ സ്വന്തം കാലിൽ നിവർന്നുനിന്നാൽ കുതിക്കാമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2025-26-ലെ കേരള ബജറ്റ്. കേരളം ഇന്ത്യയിലല്ലെന്ന് പ്രഖ്യാപിച്ച കേന്ദ്ര ബജറ്റിന് ഇതൊരു ബദലാണ്. പുതിയ ആശയം, വികസന പദ്ധതികൾ, ക്ഷേമപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം നമ്മൾ ഒരുപടി മുന്നിലാണ്. നവകേരള നിർമ്മാണത്തിന് ആവേശകരമായ കുതിപ്പ് നൽകുന്ന ക്രിയാത്മക

ഇടപെടലാണ് ഈ ബജറ്റിലൂടെ നടത്തിയിട്ടുള്ളത്. സാമ്പത്തികമായി ഞെരുക്കാമെന്ന് കരുതുന്ന രാഷ്ട്രീയ നിലപാടുകളെ ബദൽ വിഭവ സമാഹരണത്തിലൂടെ വഴി കണ്ടെത്തി കേരളം അതിജീവിക്കുമെന്നതിന്റെ തെളിവാണ് ഈ ബജറ്റ്. പാഴ്വാക്കുകളില്ല, പറഞ്ഞതെല്ലാം ചെയ്തതിന്റെ അടിത്തറയിൽനിന്ന് വീണ്ടും ഉയരങ്ങളിലേക്ക് വരുമാനമുയർത്തി, ധനക്കമ്മി കുറച്ച് ടേക്ക് ഓഫ്, വികസന ആകാശത്തേക്ക്, വിശാല ലോകത്തേക്ക്. ഈ ബജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു. ജനാധിപത്യമെന്നാൽ സഹിഷ്ണുതയാണ്, നമ്മെ അനുകൂലിക്കുന്നവരോട് മാത്രമല്ല, നമ്മളോട് വിയോജിക്കുന്നവരോടുമുള്ള സഹിഷ്ണുത. ഈ മഹത് വചനം ആരുടേതാണെന്ന് പ്രതിപക്ഷമൊന്ന് ആലോചിക്കുന്നത് നല്ലതാണ്. ഈ വചനം പണ്ഡിറ്റ് ജവർഹർലാൽ നെഹ്റുവിന്റേതാണ്. ജനക്ഷേമത്തെ മുൻനിർത്തി വികസന കാഴ്ചപ്പാടുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ ഭരിക്കാൻ അനുവദിക്കണ്ടേ; ഇവിടെ ഇന്ന് രാവിലെ എന്താണ് കണ്ടത്;

പ്രതിപക്ഷത്തിന്റേത് അസുര ജന്മമാണോ?

(അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ–ശ്രീ. സി. കെ. ഹരീന്ദ്രൻ)

യാഗം മുടക്കാൻ വന്ന അസുരന്മാരെപ്പോലെയാണ് ചില ഘട്ടങ്ങളിൽ പ്രതിപക്ഷം ഇവിടെ പെരുമാറിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സമഗ്രവികസനത്തിനായി ഏതാണ്ട് 87000 കോടി രൂപ നീക്കിവച്ചുകൊണ്ടുള്ള കിഫ്ബി പദ്ധതിക്കാണ് കേരളത്തിൽ തുടക്കമിട്ടത്. സമഗ്രമായ വികസന പദ്ധതികളുമായി കേരളം മുന്നോട്ടുപോകുമ്പോൾ കിഫ്ബി എന്ന കുഞ്ഞിനെ കൊല്ലാൻ വന്ന അഭിനവ കംസൻമാരായാണ് പ്രതിപക്ഷത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഞങ്ങൾക്ക് അനുഭവപ്പെട്ടത്. റോഡുകളും പാലങ്ങളുമെല്ലാം നേടിയശേഷം തിരിച്ചുവരുന്നത് ഭസ്മാസുരന്മാരെപ്പോലെയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി എഴുതിയ 'നാടിന്റെ വികസന കുതിപ്പിന് കിഫ്ബി' എന്ന ഒരു പുസ്തകമുണ്ട്. കിഫ്ബിയെക്കുറിച്ച് സമഗ്രമായി പഠിക്കണമെങ്കിൽ പ്രതിപക്ഷനേതാവിനും ശ്രീ. റോജി എം. ജോണിനും അത് വായിക്കാവുന്നതാണ്. കേന്ദ്ര സർക്കാർ കേരളത്തിനുമേൽ നടത്തിക്കൊണ്ടിരിക്കുന്ന സാമ്പത്തിക ഉപരോധത്തെ

പ്രതിരോധിക്കുന്ന ബദലുകളുടെ ബജറ്റാണ് കേരള നിയമസഭയിൽ അവതരിപ്പിച്ചതെന്ന് അഭിമാനപൂർവം പറയാൻ സാധിക്കും. ധനകാര്യ വകുപ്പുമന്ത്രിയുടെ സമഗ്ര വീക്ഷണത്തോടെയുള്ള ഈ ബജറ്റ് കാലോചിതമാണ്; ഒരുപടി മുന്നിലാണ്. അടുത്ത 25 വർഷങ്ങൾക്കപ്പുറമുള്ള കേരളത്തെയാണ് നമ്മൾ വിഭാവന ചെയ്യുന്നത്. വൈജ്ഞാനിക സമൂഹത്തിൽ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയുടെ അടിത്തറയിൽ നിന്നുകൊണ്ട് പുതിയ കാലത്തെയും സമൂഹത്തെയും തലമുറയെയും ഉൾക്കൊള്ളുന്നതിന് സഹായകരമായ കൃത്യമായ ഭാവനാ പദ്ധതികളോടെയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വികസന കാഴ്ചപ്പാടിലെ സമഗ്രതയാണ് ഈ ബജറ്റിൽ ചൂണ്ടിക്കാണിക്കുന്നത്. ആ സമഗ്രതയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ സാമൂഹ്യനീതിയിലധിഷ്ഠിതമായ സമഗ്രവികസനമെന്ന ഈ സർക്കാരിന്റെ കാഴ്ചപ്പാടിനെ അത് അടിവരിയിടുകയാണ്. ഈ ബജറ്റ് വിഭാവന ചെയ്യുന്നത് ദീർഘവീക്ഷണമാണ്, അതാണ് നവകേരള കാഴ്ചപ്പാട്. പ്രമുഖ ചിന്തകൻ റോബിൻ ജെഫ്രി ചൂണ്ടിക്കാട്ടിയതുപോലെ കേരളം ഇന്ന് നിരവധി

വിദഗ്ദരുടെയും നയരൂപീകരണ കർത്താക്കളുടെയും ആകർഷകമായ ഒരു വിഷയമായി മാറുകയാണ്. രാജ്യത്ത് ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. കേരളത്തിലെ ബഹുമുഖ ദരിദ്രരുടെ എണ്ണം 0.55 ശതമാനമായി കുറഞ്ഞു. ഭൂപരിഷ്കരണം, എല്ലാവർക്കും വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, അധികാര വികേന്ദ്രീകരണം, സാമൂഹ്യ സുരക്ഷാ പദ്ധതി, പൊതുവിതരണ സമ്പ്രദായം, സ്ത്രീ ശാക്തീകരണം തുടങ്ങിയവയ്ക്ക് ദാരിദ്ര്യ തോത് കുറയ്ക്കുന്നതിൽ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. 44539 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിച്ചുവെന്നാണ് ഇപ്പോൾ പുറത്തുവന്ന സാമ്പത്തിക അവലോകന റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഇതാണ് കേരളത്തിൽ അവതരിപ്പിക്കപ്പെട്ട ഈ ബജറ്റിന്റെ സാമൂഹ്യ പശ്ചാത്തലം. "കേരളം പിന്നോക്കാവസ്ഥ തെളിയിച്ചിട്ട് വരൂ, പുലമ്പലുകൾ അവസാനിപ്പിക്കൂ" എന്നെല്ലാമുള്ള കേന്ദ്രമന്ത്രിമാരുടെ ജല്പനങ്ങൾക്കിടയിലാണ്, അസംബന്ധ വർത്തമാനങ്ങളുടെ കാലത്താണ് സംസ്ഥാന സർക്കാർ ഈ ബജറ്റ് അവതരിപ്പിച്ചത്. പുതുതലമുറ എങ്ങനെയാണ് വികസന വെല്ലുവിളികളെ ജനങ്ങളുടെ മുന്നിൽ

വയ്ക്കുകയെന്നതിൽ ഈ ബജറ്റ് ജാഗ്രത പുലർത്തുന്നുണ്ട്. തീവ്രകാലാവസ്ഥാ വെല്ലുവിളികൾ, പ്രായമേറിയവർ കൂടുകയും തൊഴിൽ പ്രായത്തിലുള്ളവർ കുറയുകയും ചെയ്യുന്ന ജനസംഖ്യാ മാറ്റവും അതുണ്ടാക്കുന്ന ക്ഷേമാവശ്യങ്ങളും, കുടിയേറ്റം, വർധിക്കുന്ന മനുഷ്യ-വന്യജീവി സംഘർഷം തുടങ്ങി കേരളത്തിന്റെ വ്യത്യസ്തമായ വികസന വെല്ലുവിളികളെ നേരിടാനുള്ള പ്രായോഗികവും നൂതനവുമായ ഇടപെടൽ നടത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ ശക്തമായ സാമ്പത്തിക ഉപരോധവുമായി മുന്നോട്ടുപോകുന്ന ഈ ഘട്ടത്തിലും രണ്ടാം പിണറായി സർക്കാർ മികച്ച ധനകാര്യ മാനേജ്മെന്റുമായി മുന്നോട്ടുപോകുകയാണ്. റവന്യൂകമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. 2021-22-ൽ 2.25% ആയിരുന്ന റവന്യൂകമ്മി 2023-24-ൽ 1.68% ആയി കുറയ്ക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. അതുപോലെതന്നെ ധനകമ്മിയും കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കേരളം കടം കയറി മുടിഞ്ഞുവെന്നാണ് പ്രതിപക്ഷം പലപ്പോഴും ആരോപിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ കടവും ജി.എസ്.ഡി.പി. അനുപാതവും ക്രമാനുഗതമായി കുറച്ചുകൊണ്ടുവരാൻ ഈ

സർക്കാരിന് സാധിച്ചിട്ടുണ്ട്. നികുതി വരുമാനവും തനത് വരുമാനവും വർധിച്ചു. കേന്ദ്രം ഉപരോധ സമാനമായ സാമ്പത്തിക വിവേചനം തുടർന്നപ്പോഴും കേരളത്തിന് തനത് വരുമാനം വർധിപ്പിക്കാൻ കഴിഞ്ഞത് നേട്ടമാണ്. നികുതി വരുമാനവും നികുതിയേതര വരുമാനവും വർധിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞു. കേന്ദ്ര വിഹിതം 3.88% ആയിരുന്നത് 1.92% ആയി കുറഞ്ഞ സാഹചര്യത്തിലാണ് കേരളത്തിന്റെ ഈ നേട്ടമെന്നത് അതീവ ശ്രദ്ധ ആകർഷിക്കുന്നതാണ്. ജനക്ഷേമകരവും വികസനോന്മുഖവുമായ ബജറ്റുമായി കേരളം മുന്നോട്ടുപോകുമ്പോൾ കേന്ദ്ര സർക്കാർ അവതരിപ്പിച്ചത് ജനവിരുദ്ധ, ജനദ്രോഹ ബജറ്റായിരുന്നു. കേന്ദ്ര ബജറ്റിൽ 'കേരളം' എന്ന വാക്കേ ഇല്ല. വയനാടിനും വിഴിഞ്ഞത്തിനും സഹായമില്ല, AIIMS ഇല്ല, പ്രത്യേക സാമ്പത്തിക പാക്കേജില്ല, സ്വകാര്യവത്കരണത്തിനാണ് മുൻഗണന നൽകിയിരിക്കുന്നത്. സംസ്ഥാനങ്ങൾക്കായി 25 ലക്ഷം കോടി രൂപ നീക്കിവയ്ക്കുമ്പോൾ കേരളത്തിന് 40000 കോടി രൂപ പോലുമില്ല. എന്നാൽ പൊയ്ക്കാൽ സംസ്ഥാനങ്ങൾക്ക് നല്ല ആനുകൂല്യമാണ്. ബീഹാറിന്റെയും ആന്ധ്രാപ്രദേശിന്റെയും പൊയ്ക്കാലിലാണ് ഇന്ന്

കേന്ദ്രഭരണം നിലനിൽക്കുന്നത്. അതുകൊണ്ട് ബീഹാറിന് വാരിക്കോരി കൊടുക്കാൻ കേന്ദ്ര സർക്കാർ തയ്യാറായി. അതുപോലെ സ്വകാര്യവത്കരണത്തിന്റെ ഗതിവേഗം വർധിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇൻഷ്വറൻസ് മേഖലയിലെ 100% വിദേശ നിക്ഷേപം, ഊർജ മേഖല സ്വകാര്യവത്കരണം, 5 വർഷംകൊണ്ട് 10 ലക്ഷം കോടി രൂപയുടെ പൊതു ആസ്തി വില്പന; എല്ലായിടത്തും ഇപ്പോൾ 'For sale' ബോർഡ് വച്ചിരിക്കുകയാണ്. സമ്പന്നർക്ക് നികുതിയിളവ്, സാധാരണക്കാർക്ക് നികുതിഭാരം. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമ പദ്ധതി എന്നിവയുടെയെല്ലാം വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. പാർശ്വവത്കരിക്കപ്പെടുന്ന പട്ടികജാതി-പട്ടികവർഗ വിഭാഗക്കാരുടെ ക്ഷേമത്തിനാവശ്യമായ തുക വകയിരുത്താൻപോലും കേന്ദ്ര സർക്കാർ തയ്യാറായില്ല. കേന്ദ്ര തൊഴിലുറപ്പ് പദ്ധതിക്ക് മരണമണിയാണ് മുഴങ്ങുന്നത്. വലിയ പ്രതീക്ഷയോടെയാണ് ഒന്നാം യു.പി.എ. ഗവൺമെന്റ് സി.പി.ഐ.(എം) ഉൾപ്പെടെയുള്ള ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പിൻബലത്തോടെ ബഹുഭ്രരിപക്ഷം സാധാരണ

ജനങ്ങളുടെ ഭൗതിക ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള തൊഴിലുറപ്പ് പദ്ധതിക്ക് രൂപം നൽകിയത്. അതാണ് ഇപ്പോൾ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രം പ്രഖ്യാപിച്ച പല പദ്ധതികളും നടപ്പിലാക്കണമെങ്കിൽ സംസ്ഥാന സർക്കാർ ധനവിനിയോഗം ചെയ്യണമെന്ന പുതിയ രീതിയാണ് കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയില്ല, കാർഷിക സബ്സിഡി വെട്ടിക്കുറയ്ക്കുകയാണ്. മലയോര യാത്ര നടത്തിയവരൊന്നും ഇതിനെക്കുറിച്ച് എവിടെയും പ്രതികരിക്കുന്നുമില്ല. ഫെഡറൽ സംവിധാനത്തെ തകർക്കുന്ന, രാജ്യത്തിന്റെ അഖണ്ഡതയെപ്പോലും ചോദ്യം ചെയ്യുന്ന രീതിയിലേക്ക് കേരളത്തിന്റെ വികസനത്തെ എങ്ങനെ തടയാമെന്നാണ് ബജറ്റിനെ രാഷ്ട്രീയവത്കരിച്ചുകൊണ്ട് മോദി ഗവൺമെന്റ് ആലോചിക്കുന്നത്. കേന്ദ്ര ബജറ്റ് ഇലക്ഷന്റെ പ്രകടനപത്രികയായിട്ടാണ് നമുക്ക് അനുഭവപ്പെട്ടത്. കേന്ദ്ര സർക്കാരിന്റെ ഇത്തരം ജനദ്രോഹ നയങ്ങൾ കാണുമ്പോൾ അത്യന്തം അപകടകരമായ സ്വാതന്ത്ര്യപൂർവ ഇന്ത്യയിലെ ഒരു സാമൂഹ്യ-രാഷ്ട്രീയ സാഹചര്യത്തിലേക്ക് ഇന്ത്യയെ തിരിച്ചുപിടിക്കാൻ

ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് വരുന്നത്, 'എവിടെ നിർഭയമാകുന്ന മാനസം, എവിടെ നിൽക്കുന്ന ശീർഷം സമുന്നതം' എന്ന് രബീന്ദ്രനാഥ ടാഗോർ ഗീതാഞ്ജലിയിലൂടെ ഉദ്ബോധനം ചെയ്തിട്ടുള്ള ശ്രദ്ധേയമായ വരികളാണ്. അടിമത്തത്തിൽനിന്നും ഒരു നാട് ഉണർന്ന് സ്വാതന്ത്ര്യത്തിന്റെ സ്വർഗത്തിലേക്ക് ശിരസ്സുയർത്തിപ്പിടിച്ച് നടന്നുകയറാൻ ഒരു ജനതയെ, ഒരു രാജ്യത്തെ പ്രാപ്തമാക്കിയ വാക്കുകളായിരുന്നു അത്. വർത്തമാനകാല ഇന്ത്യയിൽ ഫാസിസത്തിന്റെ ഇരുണ്ട ഗുഹാമുഖങ്ങളിലേക്ക് ആട്ടിൻപറ്റങ്ങളെപ്പോലെ നാം നയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അടിമ സമാനമായ ജീവിത സാഹചര്യമാണുള്ളത്. ഇന്ന് രാജ്യം ഫാസിസത്തിന്റെ വലിയ ഭീഷണിയിൽ വിറങ്ങലിച്ച് നിൽക്കുകയാണ്. ഈ ഘട്ടത്തിലാണ് രബീന്ദ്രനാഥ ടാഗോറിന്റെ ഈ സന്ദേശം വളരെ പ്രസക്തമാകുന്നത്. എന്നാൽ, കോൺഗ്രസിന്റെ നിലപാടെന്താണ്; ഇന്ത്യൻ രാഷ്ട്രീയത്തിൽ ചതിയൻ ചന്തുവിന്റെ പിൻമുറക്കാരായി കോൺഗ്രസ് മാറിയില്ലേ? അതാണ് നാം ഏറ്റവുമൊടുവിൽ ഡൽഹിയിൽ കണ്ടത്. യുദ്ധമുഖത്ത് പിന്നിൽനിന്ന് കുത്തിയവരുടെ ചരിത്രമുണ്ട്. ചരിത്രത്തിലും പുരാണങ്ങളിലും അമേരിക്കൻ

സ്വാതന്ത്ര്യത്തെ ഒറ്റുകൊടുത്ത ബെനഡിക്ട് ആർനോൾഡ്, ബ്രിട്ടീഷുകാർക്ക് മാപ്പെഴുതിക്കൊടുത്ത് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ ഒറ്റിക്കൊടുത്ത വി. ഡി. സവർക്കർ, സീസറിനെ കുത്തിവീഴ്ത്തിയ ബ്രൂട്ടസ്, എതിരാളിയോട് അടരാടുമ്പോൾ ബാഹുബലിയെ പിന്നിൽനിന്ന് കുത്തിയ കട്ടപ്പ എന്നിങ്ങനെ ഇനിയും ഏറെ പേരുണ്ട്. 'എന്റെ രണ്ട് കണ്ണ് പോയാലും നിന്റെ ഒരു കണ്ണ് പോയല്ലോ" എന്നതാണ് കോൺഗ്രസിന്റെ നിലപാട്. ആം ആദ്മി പാർട്ടി തോറ്റല്ലോ. കോൺഗ്രസ് എഴുപത് സീറ്റിൽ മത്സരിച്ച് തോറ്റത് വിഷയമല്ല. അതാണിവിടെ ബഹുമാനപ്പെട്ട മന്ത്രി രാവിലെ പറഞ്ഞത് 'മകൻ ചത്താലും മരുമകളുടെ കണ്ണീർ...' ആ നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്. ഇത് ഒരു ഡൽഹി ഇലക്ഷനുമാത്രം സ്വീകരിക്കുന്ന രാഷ്ട്രീയ നിലപാടാണോ? ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ബി.ജെ.പി. തേരോട്ടം നടത്തിയപ്പോഴും രാജ്യതലസ്ഥാനമായ ഡൽഹിയിൽ കാവിക്കൊടി പാറിക്കാൻ അവിടത്തെ പ്രബുദ്ധരായ ജനങ്ങൾ അനുവദിച്ചില്ല, ഡൽഹി കാവിക്കൊടിക്ക് കീഴ്പ്പെട്ടിരുന്നില്ല. ബി.ജെ.പി.-യുടെ കണ്ണിലെ കരടായ ശ്രീ. അരവിന്ദ് കെജ്‌രിവാളിനെയും ആം ആദ്മി പാർട്ടിയെയും തോൽപ്പിക്കാൻ നിങ്ങളും

കോൺഗ്രസും ചതിക്കുഴി ഒരുക്കുകയായിരുന്നു. ബി.ജെ.പി.-യുടെ വർഗീയ രാഷ്ട്രീയത്തെ പ്രതിരോധിക്കാൻ ഇവിടെ ഇന്ത്യൻ പ്ലാറ്റ്ഫോമുണ്ട്. രാജസ്ഥാൻ തിരഞ്ഞെടുപ്പിന് മുമ്പുണ്ടായിരുന്ന കോൺഗ്രസിന്റെ രാഷ്ട്രീയ നിലപാട് ഡൽഹിയിലും ആവർത്തിക്കുകയായിരുന്നില്ലേ? 'ഭായി ഭായി' ചങ്ങാതി മാത്രമല്ല, മതനിരപേക്ഷ വോട്ടുകൾ ഭിന്നിപ്പിച്ചു. വർഗീയവാദികൾക്ക് തലസ്ഥാനത്ത് അഴിഞ്ഞാടാൻ കളമൊരുക്കുന്ന നികൃഷ്ടമായ സമീപനമാണ് ഡൽഹി തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്വീകരിച്ചത്. കോൺഗ്രസ് സ്ഥാനാർഥികളുടെ സാന്നിധ്യംകൊണ്ടുമാത്രം ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ പതിനഞ്ച് സീറ്റാണ് ആം ആദ്മി പാർട്ടിക്ക് നഷ്ടപ്പെട്ടത്. ഡൽഹിയിൽ മാത്രമല്ല, ഹരിയാന, മഹാരാഷ്ട്ര ഇലക്ഷനുകളിലും ഉത്തർപ്രദേശ് ഉപതിരഞ്ഞെടുപ്പിലും കോൺഗ്രസ് സ്വീകരിച്ച നിലപാടെന്താണ്? ഇവിടങ്ങളിലെല്ലാം കേവലം മതേതരവാദികളാണെന്നും മതേതര നിലപാട് ഞങ്ങളുടെ രാഷ്ട്രീയ നിലപാടെന്നും പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന, ഇന്ത്യൻ രാഷ്ട്രീയത്തിൽ മതേതര കൂട്ടായ്മക്ക് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന ഒരു

പാർട്ടി സംവിധാനത്തെയാണ് നമ്മൾ കണ്ടത്.

(അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ–ശ്രീ. മുഹമ്മദ് മുഹസിൻ)

ബീഹാറിൽ പിടിച്ചുവാങ്ങിയ സീറ്റിലെല്ലാം കോൺഗ്രസ് പരാജയപ്പെടുകയായിരുന്നു. ചുരുക്കത്തിൽ വർഗീയതക്കെതിരായുള്ള പോരാട്ടത്തിൽ കോൺഗ്രസ് വിശ്വസിക്കാനാകാത്ത ഒരു കൂട്ടുകക്ഷിയായി ഇന്ന് ദേശീയ രാഷ്ട്രീയത്തിൽ മാറിയിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾത്തന്നെ ഈ ബജറ്റിനോടുള്ള മാധ്യമങ്ങളുടെ നിലപാടെന്താണ്? കേന്ദ്ര ബജറ്റ് അവതിപ്പിച്ചപ്പോൾ ഒരു ദിനപത്രം എഴുതിയത് 'വരുമാനന്ദം, ആദായമധുരം, ലക്ഷ്മീകടാക്ഷം' എന്നാണ്. എന്നാൽ കേരളത്തിലെ ജനക്ഷേമകരവും വികസനോന്മുഖവുമായ ബജറ്റ് അവതരിപ്പിച്ചപ്പോൾ 'ജീം ബൂം ബാ'. ഇവിടെ വസ്തുതയ്ക്ക് നിരക്കാത്ത സമീപനങ്ങളല്ലേ മാധ്യമങ്ങൾ സ്വീകരിക്കുന്നത്? അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ഒരു ശ്രുപാപോലും നീക്കിവയ്ക്കാത്ത കേന്ദ്ര സർക്കാരിനോട് ചില മാധ്യമങ്ങൾക്ക് പരിഭവമേയില്ല. കേരളത്തെ സാമ്പത്തിക ഉപരോധത്തിലൂടെ ശ്വാസംമുട്ടിക്കുന്നതിനും ഇത്തരം

മാധ്യമങ്ങൾക്ക് പരാതിയില്ല. കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ ഇകഴ്ത്തിക്കാണിക്കുന്ന നിലപാടിൽനിന്നും മാധ്യമങ്ങൾ പിന്തിരിയണം. കാസർഗോഡിന്റെ സമഗ്ര വികസനത്തിന് ഏറെ പ്രയോജനകരമാണ് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ് (കെ.ഡി.പി.). ഈ പദ്ധതിയിൽ തുക വർധിപ്പിക്കാൻ സർക്കാർ തയ്യാറാകണം. കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കാൻ സന്നദ്ധമായ സർക്കാരാണിത്. 'Toddy Board'-ന്റെ രൂപീകരണവുമായി ബന്ധപ്പെട്ട നടപടികളിലേക്ക് സർക്കാർ പോയെങ്കിലും അതിന്റെ തുടർപ്രവർത്തനത്തിന്റെ വേഗത വർധിപ്പിക്കാൻ കഴിയുന്നില്ല. ടി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനും മെച്ചപ്പെടുത്താനും കഴിയണം. കഴിഞ്ഞ രണ്ട് ബജറ്റുകളിലായി ചീമേനി വ്യവസായ പാർക്കിന് 20% തുക നീക്കിവച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് നിരവധി യോഗങ്ങളും ചർച്ചകളും നടന്നെങ്കിലും ഇന്നും അത് യാഥാർഥ്യമായിട്ടില്ല. അത് യാഥാർഥ്യമാക്കാനാവശ്യമായ അടിയന്തര ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ടും ഈ ബജറ്റിനെ ഒരിക്കൽ

കൂടി പിന്തുണച്ചുകൊണ്ടും അവസാനിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ബജറ്റ് എന്നുപറയുന്നത് വരുമാനവും ചെലവും മാത്രം പറയുന്നതിനപ്പുറം ഒരു സംസ്ഥാനം എങ്ങനെയാണ് മുന്നോട്ടുപോകേണ്ടത്, എവിടെയാണ് ഫോക്കസ് ചെയ്യേണ്ടതെന്നുകൂടി കാണിക്കാൻ വേണ്ടിയുള്ളതാണ്. പല കാര്യങ്ങളും ആവർത്തിച്ച് പറയുന്നതല്ലാതെ കേരളത്തിന്റെ മുന്നോട്ടുള്ള പാതയിൽ ഏത് മേഖലയിലാണ് ഫോക്കസ് ചെയ്യാൻ പോകുന്നതെന്ന് ഈ ബജറ്റിൽ എവിടെയും പറഞ്ഞിട്ടില്ല. അങ്ങയുടെ ആദ്യത്തെ ബജറ്റ് പ്രസംഗം ഞാൻ കഴിഞ്ഞ ദിവസം പരിശോധിക്കുകയുണ്ടായി. അതിൽ അഗ്രോ ഫെസിലിറ്റേഷൻ സെന്റേഴ്സ് ആൻഡ് അഗ്രോ പാർക്ക്സ്, ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റേഴ്സ് ഇൻ യൂണിവേഴ്സിറ്റീസ്, ഇന്റർനാഷണൽ ഹോസ്റ്റൽസ് ഇൻ യൂണിവേഴ്സിറ്റീസ്, സ്കിൽ പാർക്ക്സ് ആൻഡ് വർക്ക് നിയർ ഹോം ഇനിഷ്യേറ്റീവ്സ്, ഗ്രാഫീൻ 2D മെറ്റീരിയൽസ്, ഡിജിറ്റൽ സയൻസ് പാർക്ക്, സെന്റർ ഓഫ് എക്സലൻസ് ഇൻ യൂണിവേഴ്സിറ്റീസ്, ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക്സ് എന്നിവ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകൾക്ക് നേട്ടമുണ്ടാകത്തക്ക രീതിയിൽ മൂവാറ്റുപുഴയിലെ യൂറോപ്യൻ മാർക്കറ്റിനെ അഗ്രോ പാർക്കായി അപ്ഗ്രേഡ് ചെയ്ത് വിദേശ മാർക്കറ്റുകളിലേക്ക് വെജിറ്റബിൾസും മറ്റ് കാർഷികോൽപ്പന്നങ്ങളും എത്തിക്കാനുള്ള സാധ്യതയുണ്ടോയെന്ന് പരിശോധിക്കാൻ ഒരു ഡീറ്റെയിൽഡ് ഡോക്യുമെന്റ് ഞാൻ അങ്ങേയ്ക്ക് സമർപ്പിച്ചിരുന്നു. അക്കാര്യത്തിൽ അങ്ങ് എന്നെ അഭിനന്ദിക്കുകയും അഗ്രോ പാർക്ക് മൂവാറ്റുപുഴ ഉണ്ടാകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അതുപോലെ ആദ്യത്തെ ബജറ്റിൽ 14 അഗ്രോ പാർക്കുകൾ പ്രഖ്യാപിച്ചിരുന്നു. ഏതെങ്കിലുമൊന്നിന്റെ പ്രവൃത്തി തുടങ്ങാൻ നിങ്ങൾക്ക് സാധിച്ചോ? ഓരോന്നും നിങ്ങൾ പരിശോധിക്കണം. നമ്മുടെ ടാക്സ് സംവിധാനം മെച്ചപ്പെട്ടുവെന്ന് അങ്ങിവിടെ പറഞ്ഞു. കഴിഞ്ഞ ബജറ്റിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 84,884 കോടി രൂപയുണ്ടാകുമെന്നാണ് ബജറ്റ് എസ്റ്റിമേറ്റായി പറഞ്ഞത്. എന്നാൽ 81,627 കോടി രൂപയാണ് നിലവിലെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത്. ഇതിനുശേഷം വർധനവ് വരുത്തിയ നികുതികൾകൂടി

പിരിച്ചിട്ടുപോലും അങ്ങ് എസ്റ്റിമേറ്റ് ചെയ്ത തുക പിരിച്ചെടുക്കാൻ കഴിഞ്ഞില്ലെന്ന് പറയുമ്പോൾ ടാക്സ് കളക്ഷന്റെ എഫിഷ്യൻസി എവിടെ നിൽക്കുന്നുവെന്ന് പരിശോധിക്കണം. അതുപോലെ ജി.എസ്.ടി. കളക്ഷനിൽ 12% കുറവാണുണ്ടായത്. കഴിഞ്ഞ ബജറ്റിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയുടെ ഭാഗമായി 85 കോടി രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് 1,100 കോടി രൂപയാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് പറഞ്ഞു. അങ്ങ് ലക്ഷ്യം വച്ചതിന്റെ 9 ശതമാനമാണ് പിരിച്ചെടുക്കാൻ കഴിഞ്ഞത്. ഈ ബജറ്റിൽ 100 കോടി രൂപ എന്നുള്ളത് 1,100 കോടി രൂപയായി പിരിച്ചെടുക്കുമെന്നാണ് അങ്ങ് പറയുന്നത്. അത് ഏകദേശം 996 ശതമാനം ഇരട്ടിയാണ്. ഇതെന്ത് അൺറിയലിസ്റ്റിക്കായിട്ടുള്ള ബജറ്റാണ്? പലകാര്യങ്ങളിലും കേരളം നമ്പർ വൺ ആണെന്ന് ഇവിടെ പറയുമല്ലോ. ഞാനൊരു കാര്യം ചോദിക്കട്ടെ, അതിന് കൃത്യമായി മറുപടി നൽകണം. വിദ്യാഭ്യാസ മേഖലയെയാണ് നമ്മൾ വലിയ അഭിമാനമായി പറയുന്നത്. അങ്ങയുടെ ബജറ്റിന്റെ 13.4 ശതമാനമാണ് വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തിന്റെയും ആവറേജ് പരിശോധിച്ചാൽ 15

ശതമാനത്തിന് മുകളിലാണ്. അതായത്, ദേശീയ ശരാശരിയേക്കാൾ കുറവാണ് നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസത്തിന് ചെലവഴിക്കുന്നത്. ആരോഗ്യ മേഖലയിൽ ദേശീയ ശരാശരി 6.2 ശതമാനമായിരിക്കുമ്പോൾ നമ്മുടെ സംസ്ഥാനം ചെലവഴിക്കുന്നത് 5.5 ശതമാനമാണ്. മറ്റൊന്ന്, അർബൻ ഡെവലപ്മെന്റാണ്. അർബൻ ഡെവലപ്മെന്റാണല്ലോ സാധാരണയായി കേന്ദ്രീകൃത നഗര വികസനമെന്ന് പറയുന്നത്. അതിന് ദേശീയ ശരാശരി 3.3% ആണെങ്കിൽ നമ്മുടേത് കേവലം 1% ആണ്. അതുപോലെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അതായത്, പാലവും റോഡുമൊക്കെ നിർമ്മിക്കാൻ മറ്റ് സംസ്ഥാനങ്ങൾ 4.3% ചെലവഴിക്കുമ്പോൾ നമ്മൾ ചെലവാക്കുന്നത് കേവലം 2.3% ആണ്. ലൈഫ് മിഷൻവഴി ഇത്ര വീടുകൾ കൊടുത്തു, ഇത്രയൊക്കെ ചെയ്തു എന്നെല്ലാം നിങ്ങൾ പറയുന്നു. ദേശീയ ശരാശരിയേക്കാളും മറ്റ് സംസ്ഥാനങ്ങൾ ഹൗസിങിന് മുടക്കുന്നതിനേക്കാളും താഴെ, അതായത് 1% മാത്രമാണ് നമ്മൾ മുടക്കുന്നത്. നമ്മുടെ ചെറുപ്പക്കാർ കൂട്ടംകൂട്ടമായി നാടുവിട്ട് പോകുന്നുവെന്ന വിഷയം നിരവധിതവണ നിയമസഭയിൽ ചർച്ച ചെയ്തതാണ്. കേരളത്തിലെ

യൂണിവേഴ്സിറ്റികൾക്ക് വളരെ വലിയ റാങ്കിങ്ങാണെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയടക്കമുള്ളവർ പറയുന്നത്. ഇത് ഔദ്യോഗിക രേഖയിലുണ്ടാകണമെന്നുള്ളതിനാലാണ് ഞാൻ പറയുന്നതാണ്. 'India Rankings 2024: University' എന്ന പേരിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ National Institutional Ranking Framework (NIRF) എന്നൊരു ഡോക്യുമെന്റുണ്ട്. അതിന്റെ ആദ്യത്തെ 20 റാങ്കിങ്ങിൽ കേരളത്തിൽ നിന്നുള്ള ഒരു സർവകലാശാലയുമില്ല. A+ ലഭിച്ചു, അല്ലെങ്കിൽ NAAC അക്രെഡിറ്റേഷനിൽ കേരളം രണ്ടാമതാണ് എന്നൊക്കെ പറയുന്നത് കളവാണ്. എന്തിനാണ് ഇങ്ങനെ പറയുന്നത്? ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ കാര്യത്തിൽ നിങ്ങൾ വിശ്വസിച്ചുകൊണ്ടിരിക്കുന്നതും പ്രസംഗിച്ചുകൊണ്ടിരിക്കുന്നതും കേരളം നമ്പർ വൺ ആണെന്നല്ലേ, ഒരിക്കലുമല്ല. അതുസംബന്ധിച്ച് കേന്ദ്ര സർക്കാർ പറഞ്ഞത് എന്താണെന്ന് പറഞ്ഞുതരാം. ....(ബഹളം).... ആസ്പിറേഷണൽ സ്റ്റേറ്റ്സിൽ കേരളം നമ്പർ വൺ ആണെന്നാണ് കേന്ദ്ര സർക്കാർ പറഞ്ഞത്. എന്റെ സുഹൃത്ത് ശ്രീ. റോജി എം. ജോൺ പറഞ്ഞ ഒരു ഉദാഹരണം ഞാൻ പറയാം. പത്താം ക്ലാസ് പരീക്ഷ നടന്നു, എല്ലാവരും

വലിയ മാർക്ക് നേടി ജയിച്ചു. അതിൽ തോറ്റുപോയ കുട്ടികൾക്ക് സേ പരീക്ഷ നടത്തി. അതിൽ ഒന്നാം സ്ഥാനം ലഭിച്ചയാളാണ് നമ്പർ വൺ എന്ന് പറഞ്ഞാൽ നമ്പർ വൺ ആകുമോ? നിങ്ങൾ പരിശോധിച്ച് നോക്കൂ. അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ കേരളം നമ്പർ വൺ ആണെന്നും മന്ത്രിമാർ സത്യമാണ് പറയുന്നതെന്നും നിങ്ങൾ തെറ്റിദ്ധരിക്കരുത്. ആസ്പിറേഷണൽ സ്റ്റേറ്റ്സ്, അതായത് പരാജയപ്പെട്ടതിൽ പിന്നിൽ നിൽക്കുന്നവരെ നന്നാക്കാൻ ശ്രമിക്കുന്നവരിൽ ഒന്നാമതെന്നാണ് കേന്ദ്ര സർക്കാർ പറഞ്ഞത്. നമ്മുടെ ഓരോ മേഖലയും എങ്ങനെയാണ് പരാജയപ്പെടുന്നതെന്ന് പരിശോധിക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി മാറ്റിവച്ച തുകപോലും യഥാർഥത്തിൽ കാർഷിക മേഖലയ്ക്കുവേണ്ടി മാറ്റിവച്ചിട്ടില്ല. നിങ്ങൾ മുൻഗണന കൊടുക്കുന്നത് എന്തിനാണെന്ന് ബോധ്യപ്പെടുത്താനാണ് ഞാനിത് പറയുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി എഴുന്നൂറ്റി ചില്വാനം കോടി രൂപ മാറ്റിവച്ചപ്പോൾ അതുപോലും തുകപോലും കാർഷിക മേഖലയ്ക്കുവേണ്ടി മാറ്റിവച്ചില്ല. അങ്ങയുടെ ബജറ്റ് പ്രസംഗത്തിൽ 330-ാ

മതായി റബ്കോയുടെ നവീകരണം, പ്രവർത്തനമൂലധനം എന്നിവയ്ക്കായി 10 കോടി രൂപ വകയിരുത്തുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. ഖജനാവിൽനിന്നും 234 കോടി രൂപ നിങ്ങൾ റബ്കോയ്ക്ക് കൊടുത്തു. മരുന്ന് കമ്പനികൾക്ക് 800 കോടി രൂപ നൽകാനുള്ളത് നൽകാത്തതുകൊണ്ട് പാവപ്പെട്ടവന് പനിക്കും ചുമയ്ക്കുമുള്ള മരുന്ന് ആശുപത്രികളിൽനിന്ന് ലഭിക്കുന്നില്ല. മെഡിസെപ്പിനെ ആശ്രയിച്ച് ആശുപത്രിയിൽ ചികിത്സയ്ക്ക് പോകുന്നവരുടെ ചികിത്സയും മുടങ്ങുകയാണ്. കാരുണ്യ പദ്ധതിപ്രകാരം നൽകാനുള്ള പണമില്ല. എന്നാൽ പാർട്ടി പ്രവർത്തനം നടത്താൻവേണ്ടി റബ്കോയ്ക്ക് വീണ്ടും 10 കോടി രൂപ മാറ്റിവയ്ക്കാൻ നിങ്ങൾക്ക് ഒരു മടിയുമില്ലേ; നിങ്ങളുടെ പ്രയോറിറ്റി എന്താണ്? കേരളത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ കൃത്യമായ നിർദേശങ്ങൾ നൽകാൻ സർക്കാരിന് കഴിയണം. അങ്ങനെ കൃത്യമായ നിർദേശമില്ലാതെ ഇത്രയുംകാലം സർക്കാർ പോയതിന്റെ ഭാഗമായി എല്ലാ മേഖലകളിലും വലിയ തകർച്ചയാണുണ്ടായത്. അതിൽ ഏറ്റവും വലിയ തകർച്ച നേരിടുന്നത് കാർഷിക മേഖലയാണ്. ആ മേഖലയെ പൂർണ്ണമായും അവഗണിച്ചുവെന്ന് മാത്രമല്ല, കർഷകർക്ക് കൃഷി ചെയ്ത് ജീവിക്കാനുള്ള അവസരംപോലും

നഷ്ടപ്പെടുത്തിയിരിക്കുകയാണ്. അടുത്തകാലത്തായി സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിലാണ് ഏറ്റവും കൂടുതൽ മരണം സംഭവിച്ചത്. സാധാരണക്കാരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയാത്ത ഒരു സർക്കാരാണിത്. വന്യജീവി ആക്രമണം തടയാനായി കഴിഞ്ഞ ബജറ്റിൽ മാറ്റിവച്ച തുകയുടെ 50 ശതമാനംപോലും ചെലവഴിച്ചിട്ടില്ല. ഫെൻസിങിനും കിടങ്ങ് കുഴിക്കാനും കോമ്പൻസേഷൻ കൊടുക്കാനും സർക്കാരിന് പണമില്ല. ആയിരക്കണക്കിന് കോടി രൂപ സംസ്ഥാന ഖജനാവിന് ബാധ്യതയുണ്ടാക്കുന്ന റബ്കോ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് ഇപ്പോഴും നിങ്ങൾ പ്രയോറിറ്റി കൊടുക്കുന്നത്. ഈ സംസ്ഥാനത്തെ വികസനത്തിലേക്ക് നയിക്കാൻവേണ്ടിയല്ല, നിങ്ങളുടെ അജണ്ട നടപ്പാക്കാനുള്ള ഒരു ഡോക്യുമെന്റായി ബജറ്റിനെ മാറ്റി എന്നുള്ളതാണ് എന്റെ ആക്ഷേപം.

<u>ശ്രീ. വി. ശശി</u>: സർ, രണ്ടാം പിണറായി സർക്കാരിന്റെ അവസാനത്തെ സമ്പൂർണ്ണ ബജറ്റാണ് ഫെബ്രുവരി ഏഴാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ഇതിനുമുമ്പ് അവതരിപ്പിച്ച ബജറ്റുകളിലെല്ലാം

സ്വീകരിച്ചുപോന്ന നയം തന്നെയാണ് ഇതിലും അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. കേരളത്തിന്റെ വികസനമൂല്യങ്ങളായി കരുതപ്പെടുന്ന സാമൂഹ്യനീതിക്കും സാമൂഹ്യക്ഷേമത്തിനും ഒരു തകരാറും സംഭവിക്കാതെതന്നെ മനുഷ്യനന്മയ്ക്കാവശ്യമായ വികസനം സാധ്യമാണെന്ന് ഒരിക്കൽക്കൂടി തെളിയിക്കുകയാണ് 2025-26-ലെ സംസ്ഥാന ബജറ്റ്. ഈ സർക്കാർ കേരളത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കിയെന്നാണ് കേന്ദ്ര സർക്കാർ ആരോപിക്കുന്നത്. അത് ഏറ്റുപിടിക്കുന്ന സമീപനമാണ് കേരളത്തിലെ പ്രതിപക്ഷവും ഉന്നയിക്കുന്നത്. ഇവയ്ക്കെല്ലാമുള്ള മറുപടി ബജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകുന്നുണ്ട്. ഇവിടെ ധനഞെരുക്കമുണ്ടെന്നുള്ള കാര്യം സമ്മതിക്കുന്നു, കേന്ദ്ര അവഗണനയാണ് അതിന്റെ കാരണം. അത് ഈ സർക്കാരിന്റെ കാലത്ത് തുടങ്ങിയതല്ല. കേന്ദ്ര നികുതി വിഹിതം കുറയാൻ തുടങ്ങിയിട്ട് കാൽനൂറ്റാണ്ടായി. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് 3.88 ശതമാനമായും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് 1.92 ശതമാനമായും അത് കുറഞ്ഞു. അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യയിൽ ഒന്നാമതാണെന്ന്

അംഗീകരിക്കുമ്പോഴും പ്രാദേശിക സർക്കാരിനുള്ള ഗ്രാന്റ് തുടർച്ചയായി വെട്ടിക്കുറച്ചു. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 4.54% ഗ്രാന്റ് നൽകിയിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് 2.68 ശതമാനമായി കുറച്ചു. ഈ വെട്ടിക്കുറയ്ക്കൽ വളരെ കടുത്തതായിപ്പോയെന്ന് ബോധ്യമായതുകൊണ്ടാകാം ഇടക്കാലാശ്വാസമായി റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് അനുവദിച്ചത്. എന്നാൽ രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് അതും നിർത്തലാക്കി. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ നികുതി വരുമാനം വർധിക്കുമെന്നാണ് നാം പ്രതീക്ഷിച്ചത്, പക്ഷേ അതുണ്ടായില്ല. നികുതി പിരിവിലെ കുറവ് പരിഹരിക്കാനായി ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചു. എന്നാൽ നികുതി പിരിവിലെ കുറവ് ഇപ്പോഴും തുടരുന്നുവെന്ന് മാത്രമല്ല ജി.എസ്.ടി കോമ്പൻസേഷനും പൂർണ്ണമായും നിലച്ചു. കടമെടുക്കാനുള്ള സർക്കാരിന്റെ അവകാശത്തിന്മേൽ കടുത്ത അവഗണനയാണ് നാം നേരിടുന്നത്. 2023-ലെ എഫ്.ആർ.ബി.എം. ആക്ട് പ്രകാരമാണ് കടമെടുക്കാനുള്ള തോത് നിർണ്ണയിക്കുന്നത്.

കേന്ദ്രസർക്കാരിനായാലും കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കായാലും കടമെടുക്കാനുള്ള തോത് ജി.ഡി.പി.-യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ സംസ്ഥാനങ്ങൾക്ക് പ്രത്യേക സാഹചര്യങ്ങളിൽ ഇളവ് അനുവദിക്കാമെന്നും പ്രസ്തുത ആക്ടിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഇതൊന്നും കേരളത്തിന് ബാധകമാക്കിയിട്ടില്ല. അർഹമായ പരിധിക്കുള്ളിൽ നിന്നുപോലും കടമെടുക്കാൻ അനുവദിക്കുന്നില്ലെന്ന് മാത്രമല്ല, കിഫ്ബി വായ്പയും പെൻഷൻ കമ്പനി വായ്പയും പബ്ലിക് അക്കൗണ്ടിലെ നിക്ഷേപവും വായ്പാ പരിധിയിൽനിന്ന് വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഈ ഇനങ്ങളിൽ മുൻകാലങ്ങളിലെടുത്ത വായ്പകൂടി ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മുൻകാലപ്രാബല്യത്തോടെ വായ്പാപരിധിയിൽ നിന്ന് വെട്ടിക്കുറയ്ക്കുന്ന സ്ഥിതിയുമുണ്ടായി. ഈ സാഹചര്യത്തിലുണ്ടാകാവുന്ന സാമ്പത്തിക ഞെരുക്കം ഊഹിക്കാവുന്നതേയുള്ളൂ. കേന്ദ്ര സർക്കാരിന്റെ ഈ അവഗണനയ്ക്കെതിരെ, ഇന്ത്യയുടെ ഫെഡറൽ ഘടനയെ തകർക്കുന്ന സമീപനത്തിനെതിരെ രാഷ്ട്രീയപരമായും നിയമപരമായും നമ്മൾ പോരാടുകയാണ്. പതിനാറാം

ധനകാര്യ കമ്മീഷനുമുന്നിൽ ഈ അവഗണന തുറന്നുകാണിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ രാഷ്ട്രീയകക്ഷികളും ഐക്യത്തോടുകൂടി ഇതിൽ ഇടപെടുകയും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പതിനാറാം ധനകാര്യ കമ്മീഷനെ അപേക്ഷിച്ച് മെച്ചപ്പെട്ട അവാർഡ് പതിനാറാം ധനകാര്യ കമ്മീഷനിൽനിന്നും ഉണ്ടാകുമെന്നാണ് കരുതുന്നത്. കാരണം, ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ വെട്ടിക്കുറവ്, അവഗണന ഇനിയൊരു സംസ്ഥാനത്തോടും ചെയ്യാനില്ലെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്റെ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ഈ പ്രതിസന്ധി ഘട്ടത്തെയും തരണം ചെയ്ത് പ്രതീക്ഷ ഉയർത്തി മുന്നോട്ടുനീങ്ങാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയതുപോലെ കേരളം അതിവേഗ വളർച്ചയുടെ ടേക്ക് ഓഫ് ഘട്ടത്തിലാണെന്നാണ് ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തുമ്പോൾ മനസ്സിലാകുന്നത്. ആഭ്യന്തരോല്പാദനം വർധിക്കുകയും ധനകമ്മിയും റവന്യൂ കമ്മിയും കുറയുകയും തനത് വരുമാനം നാല്

വർഷത്തിനിടെ 70 ശതമാനമായി വർധിക്കുകയും ചെയ്തിട്ടുണ്ട്. ധനഞെരുക്കത്തിന്റെ അപകടകാലം കടന്നുവെന്നാണ് ധനകാര്യ വകുപ്പുമന്ത്രി തന്റെ പ്രസംഗത്തിൽ ആത്മവിശ്വാസത്തോടുകൂടി വ്യക്തമാക്കുന്നത്. ഇനി വളർച്ചയുടെയും ഉയർച്ചയുടെയും ദിശയിലേക്ക് കടക്കുകയാണ്. കേരള സർക്കാർ ലക്ഷ്യമിട്ട നവകേരള നിർമ്മിതിക്ക് കുതിപ്പ് നൽകാൻ പോകുന്ന ഇടപെടലുകളായി ബജറ്റ് നിർദേശങ്ങൾ മാറുകയാണ്. വളരെയേറെ പ്രതീക്ഷയുയർത്തുന്ന സമീപനമാണ് ബജറ്റിൽ നാം കാണുന്നത്. പശ്ചാത്തല സൗകര്യ വികസനം, വിവരസാങ്കേതികവിദ്യാ പദ്ധതികൾ, ഹരിത വാതക പദ്ധതികൾ, ടൂറിസം, മെട്രോ വ്യാപനം, വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പൂർത്തീകരണം, സ്റ്റാർട്ടപ്പുകൾ, വിജ്ഞാനാധിഷ്ഠിത മേഖലകൾ, മെഡിക്കൽ ഉപകരണങ്ങൾ, സയൻസ് പാർക്കുകൾ തുടങ്ങി ഒട്ടേറെ രംഗങ്ങളിൽ വൈവിധ്യമാർന്ന പദ്ധതികളും അതിനാവശ്യമായ തുകയും ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നിർമ്മിതബുദ്ധി, റൊബോട്ടിക്സ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ മാറ്റങ്ങൾ ഉൾക്കൊള്ളാനും അതിൽ നിർദേശങ്ങളുണ്ട്. തീരദേശ വികസനം, തദ്ദേശസ്വയംഭരണം

എന്നിവയ്ക്കും കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്കും മുന്തിയ പരിഗണനയാണ് നൽകിയിരിക്കുന്നത്. കാർഷിക മേഖലയ്ക്കും വിള പരിപാലനത്തിനും വികസനത്തിനും 1412 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ സുസ്ഥിര നെൽകൃഷി വികസനത്തിനും റോയൽറ്റിക്കുമായി 25 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. നെൽകൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണത്തിനുള്ള ധനസഹായം 1.15 കോടി രൂപയിൽനിന്നും 3.5 കോടി രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഗതാഗത വാർത്താവിനിമയത്തിന് 2065 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി 2821 കോടി രൂപയും ലൈഫ് പദ്ധതിക്ക് 1160 കോടി രൂപയും ആരോഗ്യമേഖലയ്ക്ക് 10431 കോടി രൂപയും വിദ്യാഭ്യാസത്തിന് 2391 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിഴിഞ്ഞം-കൊല്ലം-പുനലൂർ വികസന ത്രികോണ പദ്ധതി, വെസ്റ്റ്കോസ്റ്റ് കനാലിന്റെ സ്വാധീന മേഖലയിലൂടെയുള്ള സാമ്പത്തിക വികസനം, തീരദേശ ഹൈവേയോട് ചേർന്നുള്ള വികസന പരിപാടികൾ, തിരുവനന്തപുരം ഔട്ടർ

ഏരിയ ഗ്രോത്ത് കൊറിഡോർ തുടങ്ങിയ ഒട്ടേറെ നിർദേശങ്ങളടങ്ങിയ ബജറ്റിൽ പുതിയ കേരളത്തിന്റെ കൃത്യമായ ചിത്രമുണ്ട്. വയനാട് മുണ്ടക്കൈ പുനരധിവാസ പദ്ധതിക്ക് ആദ്യഘട്ടമായി 750 കോടി രൂപയാണ് അനുവദിച്ചത്. അതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 2221 കോടി രൂപയാണ്. ഒരു പൈസപോലും ഇതുവരെ കേന്ദ്രസർക്കാരിൽനിന്ന് ഈ മഹാദുരന്തത്തിന് ലഭിച്ചിട്ടില്ലെന്ന കാര്യം വളരെ വേദനയോടുകൂടിയാണ് നമ്മൾ ഓർമ്മിക്കുന്നത്. സർവീസ് പെൻഷൻ കുടിശ്ശികയുടെ അവസാന ഗഡുവായ 600 കോടി രൂപ ഈ മാസം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ട് ഗഡു ഈ സാമ്പത്തിക വർഷംതന്നെ പി.എഫ്.-ൽ ലയിപ്പിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ക്ഷേമ പെൻഷൻ നൽകുന്നതിനായി 33210 കോടി രൂപയാണ് ഈ സർക്കാർ ചെലവഴിച്ചത്. നിലവിലുള്ള മൂന്നുമാസത്തെ കുടിശ്ശിക 2025-26-ൽ പൂർണ്ണമായി നൽകുമെന്ന് ഉറപ്പാക്കുന്നുണ്ട്. കോടതി ചെലവുകളുടെ ചെറിയ വർധന, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നികുതി ഘടനയിലെ ഏകീകരണം, 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ നികുതി വർധന തുടങ്ങി

366 കോടി രൂപയുടെ വർധനവാണ് നികുതിയിനത്തിൽ വിഭവസമാഹരണമായി ബജറ്റിൽ പ്രതീക്ഷിക്കുന്നത്. 2025-2026 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിച്ച ബജറ്റ് സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക-സാമൂഹിക ജീവിതത്തെ അടയാളപ്പെടുത്തുന്നുവെന്നും അങ്ങനെ അത് ചരിത്ര രേഖയായും ഭാവികേരളത്തിന്റെ വികസന രേഖയായും മാറുമെന്നും ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവിക്കുന്നുണ്ട്. ശുഭപ്രതീക്ഷയോടെയാണ് അദ്ദേഹം തന്റെ ബജറ്റ് പ്രസംഗം അവസാനിപ്പിച്ചിരിക്കുന്നത്. ആ ശുഭപ്രതീക്ഷ സാക്ഷാത്കരിക്കാനുള്ള പൂർണ്ണ പിന്തുണ രേഖപ്പെടുത്തിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. 'ശ്രുക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നു' എന്നാണ് ബജറ്റ് പ്രസംഗത്തിന്റെ ആമുഖത്തിൽ എഴുതിയിരിക്കുന്നത്. കേരളം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറുമെന്ന പ്രതീക്ഷയോടെയാണ് ധനകാര്യ

വകുപ്പുമന്ത്രി അതൊക്കെ പറഞ്ഞതും എഴുതിയിരിക്കുന്നതും. സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറി എന്നുപറയുന്ന ധനകാര്യ വകുപ്പുമന്ത്രിക്ക് ബജറ്റ് അവതരിപ്പിക്കുമ്പോൾ വൻകിട പദ്ധതികൾ പ്രഖ്യാപിക്കാനോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുമെന്ന് പറയാനോ കഴിഞ്ഞില്ല. മാത്രമല്ല, കേരളം പ്രതീക്ഷയോടെ കാത്തിരുന്ന ക്ഷേമപെൻഷനിൽ 100 രൂപപോലും വർധിപ്പിച്ചിട്ടുമില്ല. കേരളത്തിലെ സാമ്പത്തിക ഞെരുക്കം ഒരുവിധത്തിലും അതിജീവിച്ചിട്ടില്ല എന്നതിന്റെ വ്യക്തമായ തെളിവാണിത്. സാമ്പത്തിക വികസന രംഗത്ത് കേരളം പ്രതിസന്ധിയിൽനിന്ന് ടേക്ക് ഓഫ് ചെയ്യുന്നുവെന്നാണ് ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചത്. കേരളത്തിന്റെ ഇന്നത്തെ അവസ്ഥ പരിശോധിച്ചാൽ 25-നും 39-നുമിടയ്ക്ക് പ്രായമുള്ള 10 ലക്ഷം സ്ത്രീകൾ തൊഴിലില്ലാതെ നിൽക്കുന്നുണ്ട്. അതേപ്രായത്തിലുള്ള ബിരുദാനന്തര ബിരുദം നേടിയ മൂന്നുനാല് ലക്ഷം യുവാക്കളും തൊഴിലില്ലാതെ നിൽക്കുകയാണ്. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിയിലും വികസന നയമില്ലാത്ത പ്രവർത്തനങ്ങളിലും കേരളം ഒരു ടേക്ക് ഓഫാണോ

നടത്തിയതെന്ന് അവരോട് ചോദിച്ചാൽ ടേക്ക് ഓഫ് അല്ല ഏറ്റവും വലിയ ക്രാഷ് ലാന്റിങ്ങാണ് ധനകാര്യ വകുപ്പുമന്ത്രിയും ഇടതുപക്ഷ മുന്നണി ഗവൺമെന്റും നടത്തിയതെന്ന് പറയും, അതാണ് വസ്തുത. കുട്ടനാട് പാക്കേജ്, വയനാട് പാക്കേജ്, വിഴിഞ്ഞം പാക്കേജ് എന്നിങ്ങനെ നിരവധി പാക്കേജുകൾ മുൻ ബജറ്റുകളിലൊക്കെ പ്രഖ്യാപിക്കുയുണ്ടായി. ഇതെല്ലാം നടപ്പാക്കുന്നുണ്ടോയെന്നോ അതിന്റെ പരിണിതഫലങ്ങൾ എന്തൊക്കെയാണെന്നോ ഇവാല്യുവേറ്റ് ചെയ്യാൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. വന്യമൃഗ ആക്രമണത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ ഒരു വന്യമൃഗ പാക്കേജുകൂടി പ്രഖ്യാപിക്കുന്നതായിരിക്കും നല്ലതെന്നാണ് തോന്നുന്നത്. നിങ്ങളെ കേരളത്തിന്റെ ഭരണരംഗത്തുനിന്ന് പുറത്തുകളയാൻ കേരള ജനത 2026-ലേക്ക് ഇടതുപക്ഷ നിർമ്മാർജ്ജന പാക്കേജ്/നിരാകരണ പാക്കേജ് ഉണ്ടാക്കിവച്ചിട്ടുണ്ട്. ഈ ബജറ്റ് പ്രഖ്യാപനങ്ങളെല്ലാം കഴിഞ്ഞ കാലങ്ങളിലെ ആവർത്തനങ്ങളാണ്. കൊല്ലം ജില്ലയിൽ ധാരാളം പദ്ധതികൾ കൊടുക്കുന്നുവെന്ന് പറഞ്ഞു. വിഴിഞ്ഞം-കൊല്ലം-പുനലൂർ ഗ്രോത്ത് ട്രയാങ്കിൾ പദ്ധതി കഴിഞ്ഞ ബഡ്ജറ്റിലും

പ്രഖ്യാപിച്ചതാണ്. കഴിഞ്ഞകാല ബജറ്റ് പ്രഖ്യാപനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. ഇന്നത്തെ അടിയന്തര പ്രമേയത്തിലൂടെ കിഫ്ബിയിലെന്താണ് നടക്കുന്നതെന്നും പ്രതിസന്ധികൾ എന്തൊക്കെയാണെന്നും വളരെ വ്യക്തമായി പറയുകയുണ്ടായി. എന്റെ മണ്ഡലത്തിലെ വളാഞ്ചേരിയിൽ മുനിസിപ്പൽ കെട്ടിടത്തിനുവേണ്ടി 2018-19-ൽ അനുവദിച്ച 15 കോടി രൂപയുടെ പദ്ധതിയുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനമെടുക്കുകയോ എ.എസ്. നൽകുകയോ ചെയ്തിട്ടില്ല. കിഫ്ബി ഇഴഞ്ഞുനീങ്ങുകയാണ് എന്നതിന് തെളിവായി മറ്റൊന്നും പറയേണ്ടതില്ലല്ലോ. എല്ലാ എം.എൽ.എ.-മാർക്കും ഇതുപോലെയുള്ള കാര്യങ്ങൾ പറയാൻ കാണും. കഴിഞ്ഞ വർഷം ഒരു പ്ലാൻ-ബി രൂപീകരിച്ചാണ് മുന്നോട്ടുപോയത്. ബജറ്റിൽ പ്രഖ്യാപിക്കുക, വേറൊരു പ്ലാൻ-ബി രൂപീകരിക്കുക, പഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും നൽകിയ ഫണ്ടുകളിൽ കുറവ് വരുത്തുക അത്തരമൊരു പ്രവർത്തനത്തിലൂടെയാണ് സർക്കാർ പോകുന്നത്. പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട ഫണ്ടിന്റെ മൂന്നാംഘട്ട ഗഡുപോലും ഇതുവരെ നൽകിയിട്ടില്ല.

ഏകദേശം 746.3 കോടി രൂപയിൽനിന്ന് 30.99 കോടി രൂപ അഥവാ 4% മാത്രമാണ് ഈ കാലഘട്ടത്തിനിടയ്ക്ക് ചെലവഴിച്ചിട്ടുള്ളത്. വരും വർഷങ്ങളിൽ ഇത്രപോലും സാധിക്കാത്തവിധം സാമ്പത്തിക ഞെരുക്കമുണ്ടാകുന്ന തരത്തിലുള്ള ധനസ്ഥിതിയാണ് കേരളത്തിലുള്ളതെന്ന് വ്യക്തമാണ്. പഞ്ചായത്തുകൾക്ക് അനുവദിച്ച മെയിന്റനൻസ് ഗ്രാന്റിന്റെ 13362 ബില്ലുകൾ ഇപ്പോഴും ട്രഷറിയിൽ കെട്ടിക്കിടക്കുകയാണ്. വിദ്യാർഥികളിൽനിന്ന് എസ്.എസ്.എൽ.സി., ഹയർസെക്കൻഡറി പൊതുപരീക്ഷകൾക്ക് ഫീസ് വാങ്ങാറുണ്ട്. എന്നിട്ടും പരീക്ഷാച്ചെലവിന് സ്കൂളുകളുടെ പി.ഡി. അക്കൗണ്ടിൽനിന്ന് പണമെടുക്കാൻ പറയുന്ന സാഹചര്യമുണ്ട്. മൂല്യനിർണ്ണയ പ്രതിഫലമായി 44 കോടി രൂപ അധ്യാപകർക്ക് കൊടുക്കാനുണ്ട്. ആയിരക്കണക്കിന് അധ്യാപകർക്ക് നിയമനാംഗീകാരം ലഭിച്ചിട്ടില്ല. അതിലേറെ പേർക്ക് ശമ്പളവും ലഭിക്കാനുണ്ട്. പ്രീ-പ്രൈമറി അധ്യാപകർക്ക് ഇതുവരെയും ശമ്പളം ലഭിച്ചിട്ടില്ല. അങ്ങനെ ഏത് മേഖലയെടുത്ത് പരിശോധിച്ചാലും വളരെ പരിതാപകരമായ അവസ്ഥയാണുള്ളത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളത്തെ ഒരു

ഹബ്ബാക്കുമെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പ്രഖ്യാപിച്ചുകൊണ്ടിരുന്നത്. ഇവിടെ ഒന്നും നടക്കുന്നില്ലെന്ന് ഡോ. മാത്യു കുഴൽനാടൻ ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചപ്പോൾ പറഞ്ഞു. ആയിരക്കണക്കിന് കുട്ടികളാണ് ഉന്നതവിദ്യാഭ്യാസത്തിനായി നാടുവിട്ട് പോകുന്നത്. അവർ സ്വന്തം നാട്ടിലേക്ക് തിരിച്ചുവരാതെ അവരുടെ രക്ഷിതാക്കളെയുംകൂടി അങ്ങോട്ട് കൊണ്ടുപോകുന്ന സ്ഥിതിയാണുള്ളത്. സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും നശിക്കുന്ന അവസ്ഥയിലേക്കാണ് കേരളം പോകുന്നത്. ഇത് പരിഹരിക്കുന്നതിനുപകരം ഇങ്ങനെ ആളുകൾ ഒഴിഞ്ഞ വീടുകളെ ടൂറിസ്റ്റുകൾക്ക് താമസിക്കാവുന്ന കേന്ദ്രങ്ങളാക്കി മാറ്റാമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. പുര കത്തുന്നിടത്ത് കഴുക്കോൽ ഊരിയെടുക്കാൻ ശ്രമിക്കുന്ന ഒരു നിലപാടാണ് ധനകാര്യ വകുപ്പുമന്ത്രിയുടേതെന്ന് പറയാതിരിക്കാൻ വയ്യ. ഏഴാം ശമ്പള കമ്മീഷന്റെ ഭാഗമായി സർവകലാശാല അധ്യാപകർക്ക് 1500 കോടി രൂപ യു.ജി.സി. ഗ്രാന്റ് ലഭിക്കേണ്ടതായിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റിലേക്ക്

യഥാസമയം പ്രൊപ്പോസൽ സമർപ്പിക്കാത്തതിന്റെ ഫലമായി ആ തുക നഷ്ടമായിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസം ഏത് രീതിയിൽ നന്നാകുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ വിചാരിക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഇടതുപക്ഷ സർക്കാരിന് സാമ്പത്തിക കാഴ്ചപ്പാടില്ലാത്തതിന്റെ പ്രധാന പ്രശ്നങ്ങളാണ് വരുമാനത്തിലെയും സമ്പാദ്യത്തിലെയും കുറവും നിക്ഷേപമില്ലായ്മയും കുറഞ്ഞ തൊഴിലവസരങ്ങളും സാമ്പത്തിക നയരാഹിത്യവും സാമ്പത്തിക കെടുകാര്യസ്ഥതയും. സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യ സെൻ 'An Uncertain Glory: India and its Contradictions' എന്ന പുസ്തകത്തിൽ വളരെ വ്യക്തമായി ജനാധിപത്യത്തെക്കുറിച്ചും മതനിരപേക്ഷതയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി അഴിമതിയില്ലാത്ത നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റുകൾക്കുമാത്രമേ രാജ്യത്തിന്റെ വികസനവുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂവെന്ന് അമർത്യ സെൻ ആ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. ബ്രൂവറി അടക്കമുള്ള അഴിമതി നിറഞ്ഞുനിൽക്കുന്ന

സാഹചര്യത്തിൽ ഇവിടെ അവതരിപ്പിച്ച വികസനപ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാനും ധനകാര്യ മാനേജ്മെന്റ് സൃഷ്ടിക്കാനും കഴിയാത്ത ഈ ബജറ്റിനെ അംഗീകരിക്കാൻ കഴിയില്ല.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഈ ബജറ്റ് നിർദേശങ്ങളെയെല്ലാം അനുകൂലിക്കുകയാണ്. കടുത്ത കേന്ദ്ര അവഗണനയൊക്കെ അതിജീവിച്ചുകൊണ്ടാണ് ഈ ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ മൂന്നുനാല് വർഷക്കാലമായി കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണനയെക്കുറിച്ച് നമ്മൾ നിരവധി തവണ ചർച്ച ചെയ്തതാണ്. മികച്ച ധനകാര്യ മാനേജ്മെന്റിന്റെ ഫലമായാണ് സാമ്പത്തിക നിയന്ത്രണങ്ങളെല്ലാം അതിജീവിക്കാൻ സർക്കാരിന് കഴിഞ്ഞത്. ബജറ്റിൽ സൂചിപ്പിക്കുന്നതുപോലെ ധനകമ്മിയിൽ കുറവുണ്ടായിട്ടുണ്ട്. റവന്യൂ കമ്മി കുറഞ്ഞിട്ടുണ്ട്. ആഭ്യന്തരോല്പാദനവും കടവും തമ്മിലുള്ള റേഷ്യോയിലും കുറവുണ്ടായിട്ടുണ്ട്. ഈ മൂന്ന് സാമ്പത്തിക സൂചകങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റ് ഏറ്റവും മികച്ചതായിരുന്നുവെന്ന് പറയാൻ കഴിയും. കേന്ദ്ര

സർക്കാർ കുറേക്കാലമായി സംസ്ഥാനത്തോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഈ വർഷത്തോടെ അവസാനിക്കാൻ പോകുകയാണ്. നേരത്തെ നമുക്ക് നൽകിയിരുന്ന തുക വെട്ടിക്കുറച്ചപ്പോൾ കോമ്പൻസേഷന്റെ ഭാഗമായി നൽകിയിരുന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാന്റാണ് ഇല്ലാതാകുന്നത്. ജി.എസ്.ടി. കോമ്പൻസേഷൻ നേരത്തെതന്നെ നിർത്തലാക്കി. എഫ്.ആർ.ബി.എം. ആക്ട് കേന്ദ്ര സർക്കാരിന് ബാധകമല്ല. ഇത്രകാലമായിട്ടും എഫ്.ആർ.ബി.എം. ആക്ടിന്റെ സൂചകങ്ങളിലേക്ക് എത്താൻ കേന്ദ്ര സർക്കാരിന് കഴിഞ്ഞിട്ടില്ല. എന്നാൽ സംസ്ഥാനങ്ങളുടെമേൽ അത് അടിച്ചേൽപ്പിക്കുകയും കടമെടുപ്പ് പരിധിക്ക് നിയന്ത്രണം ഏർപ്പെടുത്തുകയുമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഇപ്രാവശ്യത്തെ ബജറ്റുകളുടെ പശ്ചാത്തലത്തിൽ കേന്ദ്ര പദ്ധതികൾ സംബന്ധിച്ച് ഞാൻ തയ്യാറാക്കിയ നോട്ട് ബഹുമാനപ്പെട്ട ജനപ്രതിനിധികൾക്കെല്ലാം നൽകാനായി കൊണ്ടുവന്നിട്ടുണ്ട്. അത് എല്ലാവർക്കും നൽകുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കോർ പദ്ധതികളും കോർ ഓഫ് ദ കോർ പദ്ധതികളുമുണ്ട്. ഇപ്രാവശ്യത്തെ കേന്ദ്ര

ബജറ്റിൽ കേന്ദ്ര സർക്കാർ നൂറ് ശതമാനം തുക മുടക്കേണ്ട മേഖലകളിൽനിന്ന് മാറിനിന്നുകൊണ്ട് 40 ശതമാനത്തോളം വിഹിതം സംസ്ഥാനം മുടക്കേണ്ട മേഖലകളിലേക്ക് വരികയും വളരെ ബോധപൂർവമായി സംസ്ഥാനങ്ങളുടെ മേൽ അതടിച്ചേൽപ്പിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തിരിക്കുകയാണ്. അപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാന ബജറ്റിൽ കൂടുതൽ പണം കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. വയനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലുണ്ടായ പ്രകൃതിദുരന്തങ്ങളെ കണ്ടില്ലെന്ന് നടിക്കുന്ന ക്രൂരമായ നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. വിഴിഞ്ഞം പദ്ധതിയുടെ വയബിലിറ്റി ഗ്യാപ് ഫണ്ടുമായി ബന്ധപ്പെട്ട കാര്യം രാവിലെ സഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. ഏത് പദ്ധതിയെടുത്താലും സംസ്ഥാനത്തെ വല്ലാതെ ഞെരുക്കുന്ന ഒരു നിലപാടാണ് കേന്ദ്രത്തിനുള്ളത്. അതിനിടയിലാണ് ഇന്ന് രാവിലെ ചർച്ച ചെയ്ത കിഫ്ബിയുമായി ബന്ധപ്പെട്ട വിഷയം. അതിൽ ഒരു കാര്യം പറയാതെ പോകുന്നത് ശരിയല്ല. കാരണം, ചില കാര്യങ്ങൾ യാഥാർഥ്യമായി നിൽക്കുന്നുണ്ട്. 1999-ലെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റുമെന്റ് ഫണ്ട്

ആക്കുണ്ട്. അതിനുശേഷം 2015-2016-ൽ കെ. എം. മാണി അവതരിപ്പിച്ച സംസ്ഥാന ബജറ്റിലെ 22-ാമത്തെ ഐറ്റമായി പറയുന്നത് "കുതിപ്പിന്റെ കുളമ്പടിയുമായി അടിസ്ഥാന സൗകര്യ വികസനം- പ്രധാന പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2000 കോടി രൂപ ഞാൻ ബജറ്റിൽ വകയിരുത്തുന്നു. ഈ തുക മൂലധനമായി ഉപയോഗിച്ച് കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ട് ബോർഡ് പൊതുവിപണിയിൽനിന്നും പണം കണ്ടെത്തുന്നതാണ്" എന്നാണ്. അതായത് 'കിഫ്ബി' എന്ന ആശയം 2015-16 കാലഘട്ടത്തിലുണ്ടായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനുശേഷം ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് കിഫ്ബിയെ കൂടുതൽ മോഡിഫൈ ചെയ്ത് നിലവിലുള്ള രൂപത്തിലേക്ക് കൊണ്ടുവന്നത്. കിഫ്ബിയുമായി ബന്ധപ്പെട്ട് ഇവിടെ ഒരു പ്രവർത്തനവും നടക്കുന്നില്ലെന്ന് പറയുമ്പോൾ ഇക്കാര്യം പറയാതെ പോകുന്നത് ശരിയല്ല. എന്റെ നിയോജകമണ്ഡലത്തിൽ പതിനൊന്ന് പദ്ധതികളാണ് ലഭിച്ചത്. ഇന്ന് രാവിലെ നടന്ന ബോർഡ് യോഗത്തിൽ എന്റെ മണ്ഡലത്തിലെ

കളിക്കളവുമായി ബന്ധപ്പെട്ട് 28 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ചറിനുള്ള ടെക്നിക്കൽ സാങ്ഷൻ ലഭിച്ചു. ഇനി ഒരു പ്രോജക്ടിന് മാത്രമെ എന്റെ മണ്ഡലത്തിൽ സാങ്ഷൻ ലഭിക്കാനുള്ളൂ. പത്ത് പദ്ധതികളും നടന്നുകൊണ്ടിരിക്കുകയാണ്. എട്ട് പദ്ധതികൾ 2025-ൽത്തന്നെ പൂർത്തീകരിക്കാവുന്ന ഘട്ടത്തിലുമാണ്. അപ്പോൾ കിഫ്ബിയിൽ ഒന്നും നടക്കുന്നില്ലെന്ന് പറയാൻ കഴിയില്ല. ഒരുപക്ഷെ സങ്കേതികമായ നൂലാമാലകളുള്ളതുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലതാമസമായിരിക്കാം ഇവിടെ സൂചിപ്പിച്ചത്. കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് കിഫ്ബി മുഖേനയാണ് ഒരു കാത്ത് ലാബ് അനുവദിച്ചത്. 2500 കേസുകളാണ് അവിടെ കൈകാര്യം ചെയ്തത്. അത്രയും ജീവൻ രക്ഷപ്പെടുത്താൻ കഴിഞ്ഞുവെന്നത് പൊതുജീവിതം ധന്യമാക്കുന്ന കാര്യമാണ്. കാഞ്ഞിരപ്പള്ളി പോലെയുള്ള ഗ്രാമീണ മേഖലയിലെ സ്കൂളുകളിലെ വിദ്യാർഥികൾക്ക് വേനൽക്കാലത്ത് പങ്കയുടെ കീഴിലിരുന്ന് സ്വസ്ഥമായി പഠിക്കാൻ കഴിയുന്നു എന്നുപറയുന്നത് കിഫ്ബി എന്ന ആശയത്തിന്റെ സാക്ഷാത്കാരമാണ്. ഇതൊന്നും കണ്ടില്ലെന്ന് നടിക്കാൻ

കഴിയില്ല. തിരുത്തേണ്ടതുണ്ടെങ്കിൽ തിരുത്താം, കുറച്ചുകൂടി ക്രമപ്പെടുത്തണമെങ്കിൽ ക്രമപ്പെടുത്താം. അതിനപ്പുറത്തേയ്ക്ക് പദ്ധതി മോശമാണെന്ന് പറയാനാവില്ല. കാരണം, കേരളം ദീർഘകാലമായി ആഗ്രഹിച്ച ഒരു പദ്ധതിയുടെ സാക്ഷാത്കാരമാണ് കിഫ്ബി. പ്രതിസന്ധികൾക്കിടയിലും പ്ലാൻ ഫണ്ട് വർധിപ്പിച്ചുവെന്നതാണ് ഈ ബജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത. കഴിഞ്ഞ പ്രാവശ്യം 1,60,000 കോടി രൂപയായിരുന്നത് ഇത്തവണ 1,64,000 കോടിയായി വർധിപ്പിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി.-യുടെ ഫണ്ട് 27.5 ശതമാനമായിരുന്നത് ഈ ബജറ്റിൽ 28 ശതമാനമാക്കിയിട്ടുണ്ട്. പ്രതിസന്ധിക്കിടയിലും പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കുകയല്ല ചെയ്തത്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ബജറ്റിന് ഒരു ദീർഘവീക്ഷണമുണ്ട്, കെട്ടുകാഴ്ചകളും വർണ്ണാഭമായ കൂടമാറ്റങ്ങളുമില്ല. മനോഹരമായ രീതിയിൽ ആവിഷ്കരിച്ച അതിന്റെ സാമ്പത്തിക വാസ്തുശാസ്ത്രം എന്നുപറയുന്നത് അടിസ്ഥാന മേഖലയിലെ, പ്രത്യേകിച്ച് വ്യാവസായിക മേഖലയിലെ ഇൻവെസ്റ്റുമെന്റ് വർധിപ്പിക്കുക, ഉന്നതവിദ്യാഭ്യാസ രംഗത്ത്

കാലാനുസൃതമായ മാറ്റമുണ്ടാക്കി ദീർഘകാല ഭാവിയെ രൂപപ്പെടുത്തുകയും ക്രമപ്പെടുത്തുകയും കുറച്ചുകൂടി ഊർജ്ജസ്വലമാക്കുകയും ചെയ്യുക എന്ന വ്യക്തമായ ദിശാബോധമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ മാറ്റമാണ് യഥാർഥത്തിൽ കാണേണ്ടത്. എനിക്ക് ഇന്നലെ ഒറ്റപ്പാലത്തുള്ള ചിനക്കത്തൂർ വരെ പോകേണ്ടിവന്നു. അവിടെ പൂരങ്ങൾ ആരംഭിക്കുന്ന കാലമായതുകൊണ്ട് മുളകളും ഈറകളും കൊണ്ടിട്ടിരിക്കുന്നത് കാണാൻ കഴിഞ്ഞു. പത്ത് ദിവസം കഴിഞ്ഞ് അവിടെ പോയാൽ വർണ്ണാഭമായ തരത്തിലുള്ള നിലപ്പന്തലുകൾ രൂപപ്പെടും. അത് നല്ലൊരു കാഴ്ചയാണ്. യഥാർഥത്തിൽ ഈ ബജറ്റിൽ കണ്ടതൊക്കെ ചില മുളകളുടെയും ഈറകളുടെയുമൊക്കെ ഭാഗം മാത്രമാണ്. പക്ഷെ അത് വരാൻ പോകുന്ന കേരളത്തിന്റെ ഭാവിയെ കെട്ടിപ്പടുക്കുന്ന വലിയ നിലപ്പന്തലുകളായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ ഒരിക്കൽക്കൂടി ഈ ബജറ്റ് നിർദ്ദേശങ്ങളെ അഭിമാനത്തോടെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുന്നു.

കേരളം ഒരു ടേക്ക് ഓഫിന് സജ്ജമായിരിക്കുന്നു എന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അങ്ങനെയാണോ? ബജറ്റിൽ പദ്ധതി വിഹിതം 50% വെട്ടിക്കുറച്ചിരിക്കുകയാണ്. കഴിഞ്ഞ നാല് വർഷമായി ഇടുക്കി പാക്കേജിന് 75 കോടി രൂപവച്ച് 300 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ ഒരു രൂപപോലും ചെലവാക്കിയിട്ടില്ല. ഇത്തവണ പട്ടയം എന്നൊരു വാക്കുപോലും ബജറ്റിൽ പറഞ്ഞിട്ടില്ല. എന്താണ് കാര്യം? ഇടുക്കിയിലെ ഉടുമ്പൻചോല താലൂക്കിൽ 210000 ഏക്കർ സ്ഥലം കാർഡമം ഹിൽ റിസർവിലാണ്. പ്രസ്തുത സ്ഥലം വനഭൂമിയാണോ; റവന്യൂ ഭൂമിയാണോ? വനഭൂമിയാണെന്നാണ് വനം വകുപ്പ് പറയുന്നത്. റവന്യൂ ഭൂമിയെന്നാണ് ചീഫ് സെക്രട്ടറി കൊടുത്തിരിക്കുന്ന അഫിഡവിറ്റിൽ പറയുന്നത്. ഈ പൊരുത്തക്കേടുമൂലം അവിടത്തെ പട്ടയ നടപടികൾക്ക് മുഴുവൻ സുപ്രീംകോടതി ഇടക്കാല സ്റ്റേ കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് ആ പട്ടയത്തെക്കുറിച്ച് ബജറ്റിൽ മിണ്ടിയിട്ടില്ല. പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം നൽകേണ്ട കാര്യമാണ്. കഴിഞ്ഞദിവസം തൊടുപുഴയിൽ അദാലത്തുണ്ടായിരുന്നു. മുള്ളരിങ്ങാട് പ്രദേശത്ത് ആന

ചവിട്ടിക്കൊന്നയാളുടെ കുടുംബത്തിന് പത്ത് ലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചിട്ട് അഞ്ച് ലക്ഷം രൂപ മാത്രമേ നൽകിയിട്ടുള്ളൂ. കോതമംഗലത്ത് കാട്ടാനയുടെ ആക്രമണത്തിൽ എൽദോസ് എന്നയാൾ മരണപ്പെട്ടപ്പോഴും പത്ത് ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. അതിൽ അഞ്ച് ലക്ഷം രൂപ കിട്ടിയിട്ടില്ലെന്നുപറഞ്ഞ് പ്രതിപക്ഷനേതാവ് പങ്കെടുത്ത ജാഥ നടന്ന സ്ഥലത്ത് എൽദോസിന്റെ പ്രായമായ പിതാവ് വന്നിരുന്നു. പ്രഖ്യാപിക്കുന്ന തുകയെങ്കിലും കൊടുക്കണം. വനം-വന്യജീവി സംരക്ഷണത്തിന് 305 കോടി രൂപ ബജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. ജനവാസ മേഖലകളിലേക്ക് ആന ഇറങ്ങി വരാതിരിക്കണമെങ്കിൽ വനഭൂമിയിൽ ആനയ്ക്ക് കുടിക്കാൻ വെള്ളവും തീറ്റയും ഉണ്ടാകണം. 305 കോടി രൂപ വകയിരുത്തിയിരിക്കുന്നതിൽ നല്ലൊരു ഭാഗം തടയണകളുണ്ടാക്കാനും യൂക്കാലിപ്റ്റ്സും അക്കേഷ്യയുമല്ലാതെ ആനകൾ ഭക്ഷിക്കുന്ന ഈറ്റയും മുളയും വച്ചുപിടിപ്പിക്കാനും ഉപയോഗിച്ചാൽ ഒരുപരിധിവരെ ആന ജനവാസ മേഖലകളിലിറങ്ങുന്നത് നിയന്ത്രിക്കാൻ കഴിയും. മുള്ളരിങ്ങാട് പ്രദേശത്ത് അഞ്ച് കിലോമീറ്റർകൂടി ഫെൻസിങ് നടത്തിയാൽ ആന ജനവാസകേന്ദ്രങ്ങളിലേക്ക് വരുന്നത് തടയാൻ കഴിയും.

അതിനാവശ്യമായ പത്ത് ലക്ഷം രൂപ ആസ്തി വികസന ഫണ്ടിൽനിന്ന് ഉപയോഗിക്കുന്നതിന് പ്രത്യേകാനുമതി ആവശ്യമാണ്. അതിനുവേണ്ടി അനുവാദം ചോദിച്ചിട്ട് ഇതുവരെ ലഭിച്ചിട്ടില്ല. തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. തൊഴിൽ ലഭ്യമാകുന്ന മേഖലകൾ നമ്മൾ കണ്ടെത്തണം. പെട്രോ കെമിക്കൽസ് മേഖല വളർന്നുവരികയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് നാനൂറേക്കർ സ്ഥലത്താണ് അതിനുള്ള സംവിധാനമുണ്ടാക്കുന്നത്. പ്രസ്തുത മേഖലയിൽ ആവശ്യമുള്ളത് കെമിക്കൽ ടെക്നോളജി, ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, പ്രോസസ്സ് ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിങ്, പ്രോസസ്സിങ് എന്നീ എട്ട് മേഖലകളിലെ ഡിപ്ലോമക്കാരെയാണ്. അതുമായി ബന്ധപ്പെട്ട വിദഗ്ധരുമായി ഞാൻ സംസാരിച്ചിരുന്നു. കേരളത്തിലെ പോളിടെക്നിക്കുകളിൽ ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, മെക്കാനിക്കൽ എന്നീ മൂന്ന് ബ്രാഞ്ചുകൾ മാത്രമാണുള്ളത്. പതിനായിരക്കണക്കിന് ആളുകൾക്ക് ജോലി കിട്ടുന്ന കാര്യമാണിത്. ഇതിലേക്ക് അഖിലേന്ത്യ തലത്തിലാണ് പരസ്യം കൊടുക്കുന്നത്. ഇവിടെ

പ്രാപ്തരായ വിദ്യാർഥികളില്ലാത്തതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് ഇവിടേക്ക് ജോലിക്ക് വരുന്നത്. ഇത്തരം മേഖലകളെപ്പറ്റി നാം ചിന്തിക്കാത്തത് എന്തുകൊണ്ടാണ്? തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന മേഖലകളിൽ പരിശീലനം നൽകണം. പെട്രോ കെമിക്കൽസ് മേഖലയിൽ എഞ്ചിനീയേഴ്സിനെയല്ല, ഡിപ്ലോമക്കാരെയാണ് ആവശ്യം. ഐ.ടി.ഐ.-കളിലുള്ള വെൽഡിങ്, കെമിക്കൽ ഓപ്പറേഷൻ, ഇൻസ്ട്രുമെന്റേഷൻ തുടങ്ങിയ മേഖലകളിലെ പ്രാധാന്യം മനസ്സിലാക്കി ആ രംഗത്ത് അടിയന്തര ശ്രദ്ധ പതിപ്പിക്കണമെന്ന് തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർഥിക്കുകയാണ്. ജനവാസമേഖലകളിലേക്ക് ആന ഇറങ്ങാതിരിക്കാൻ ഫെൻസിങ് സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. അത് വളരെ ശാസ്ത്രീയമായി ചെയ്യാൻ സാധിക്കും. ഒരു കിലോമീറ്റർ ദൂരം ഫെൻസിങ് ചെയ്യുന്നതിന് ഏകദേശം രണ്ടര ലക്ഷം രൂപ ചെലവ് വരും. ഹാങ്ങിങ് ഫെൻസിങിനാണെങ്കിൽ 8 ലക്ഷം രൂപ ചെലവ് വരും. ബജറ്റിൽ മാറ്റിവച്ചിരിക്കുന്ന തുകയുടെ വലിയഭാഗവും ഹാങ്ങിങ് ഫെൻസിങിനായി ഉപയോഗിക്കണം. ജനങ്ങളെ സംരക്ഷിക്കുന്നതിന് അത്

അത്യന്താപേക്ഷിതമാണ്. വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അടിയന്തര സഹായം ലഭ്യമാക്കണം. എനിക്ക് വനം വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്, ഈയിനത്തിൽ പ്രഖ്യാപിക്കപ്പെട്ട പത്ത് ലക്ഷം രൂപയെങ്കിലും അടിയന്തരമായി നൽകേണ്ടതല്ലേ; അങ്ങനെയൊരു തീരുമാനമുള്ളതല്ലേ എന്നാണ്.

<u>ചെയർപേഴ്സൺ</u>: അനുവദിക്കപ്പെട്ട സമയം കഴിഞ്ഞിരിക്കുന്നു. പ്രസംഗം ചോദ്യോത്തര രൂപത്തിലാക്കരുത്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, നഷ്ടപരിഹാരത്തിന്റെ ഒന്നാം ഗഡു നൽകിക്കഴിഞ്ഞു. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് ബാക്കി തുക നൽകും. പ്രസ്തുത വിഷയത്തിൽ കോടതി കേസ് വന്നതുകൊണ്ടാണ് അങ്ങനെ നിൽക്കുന്നത്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, രണ്ട് ഗഡുവായിട്ടാണ് നൽകുന്നതെങ്കിൽ അങ്ങനെ ചെയ്യണം. ഏതായാലും നഷ്ടപരിഹാരം കൊടുക്കേണ്ടത് അത്യാവശ്യമാണ്. ആളുകൾ ജീവിക്കാൻ ബുദ്ധിമുട്ടുന്ന, കാർഷികോല്പന്നങ്ങൾക്ക് വില കിട്ടാതിരിക്കുന്ന ഈ സാഹചര്യത്തിൽ

ഭ്രനികുതി 50% വർധിപ്പിച്ചത് തെറ്റായ നടപടിയാണ്. റബ്ബറിന്റെ മാർക്കറ്റ് വില കിലോയ്ക്ക് 200 രൂപയിൽ കൂടുതലുള്ള ഈ സാഹചര്യത്തിലും കഴിഞ്ഞ കാലത്തേക്കാൾ താങ്ങുവിലയിൽ 10 രൂപ മാത്രം വർധിപ്പിച്ച് 180 രൂപയായി സീലിങ് ചെയ്തതിനാൽ ഒരു രൂപപോലും ആ ഇനത്തിൽ ചെലവാക്കേണ്ടിവരില്ല. കാർബൺഫ്രീ സ്റ്റേറ്റായി കേരളത്തെ മാറ്റിത്തീർക്കുമെന്ന് മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. ഇലക്ട്രിക് വാഹനത്തിന് നികുതി വർധിപ്പിച്ചത് പരിസ്ഥിതി സൗഹൃദ സമീപനമാണോ? പ്രോത്സാഹിപ്പിക്കേണ്ട മേഖലയായതിനാൽ ഇലക്ട്രിക് വാഹനത്തിനുള്ള നികുതി വർധന പിൻവലിക്കണം. ആ മേഖലയിലെ നികുതി വർധനകൊണ്ട് 30 കോടി രൂപയാണ് അധികമായി പ്രതീക്ഷിക്കുന്നത്.

<u>ചെയർപേഴ്സൺ</u>: അങ്ങേയ്ക്ക് അനുവദിച്ചതിലും രണ്ട് മിനിട്ട് കൂടുതലായി.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. ആശുപത്രികളിൽ മരുന്ന് ലഭ്യതയുണ്ടോ? ഗവൺമെന്റ് മേഖലയിലെ ഡയാലിസിസ് യൂണിറ്റുകളിൽപ്പോലും 1000/- രൂപയെങ്കിലും മുടക്കാതെ

രോഗികൾക്ക് ചികിത്സ ലഭിക്കുന്നില്ല. കാരുണ്യ ബെനവലന്റ് പദ്ധതിയും കാരുണ്യ ഫാർമസികളുടെ പ്രവർത്തനവും അവതാളത്തിലായിരിക്കുകയാണ്. പാവപ്പെട്ടവർ ആശ്രയിക്കുന്ന ഗവൺമെന്റ് ആശുപത്രികളിൽ മരുന്ന് എത്തിച്ചുനൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. ബജറ്ററി കട്ട് ധാരാളമായി വരുന്നുണ്ട്. മരുന്ന് വിതരണ കമ്പനികൾക്ക് കുടിശ്ശിക കൊടുത്തുതീർക്കാത്തതുകൊണ്ടാണ് മരുന്ന് ലഭ്യതയിൽ പ്രശ്നം വരുന്നത്. ഇതിൽ അടിയന്തര നടപടിയുണ്ടാകണം. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി ജോബ് ഫെയർ നടത്തുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതൊക്ക നടക്കുകയാണെങ്കിൽ നല്ല കാര്യമാണ്. കേന്ദ്ര ബജറ്റിൽ കളിപ്പാട്ട നിർമ്മാണത്തിന്റെ ഹബ്ബായി ഇന്ത്യയെ മാറ്റുമെന്ന പ്രഖ്യാപനമുണ്ട്, നമ്മളും അക്കാര്യം പരമാവധി പ്രയോജനപ്പെടുത്തണം. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ഏറ്റവും നല്ല അവസരമായി അതിനെ കാണേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. ബജറ്റിൽ പ്രഖ്യാപനം നടത്തിയശേഷം പിന്നീട് എക്സിക്യൂട്ടീവ് ഓർഡർവഴി 50% തുക വെട്ടിക്കുറയ്ക്കാനാണെങ്കിൽ ഇത്തരത്തിൽ പ്രഖ്യാപനങ്ങൾ ആവശ്യമുണ്ടോ?

ഇപ്പോൾ അങ്ങനെയാണ് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അത് നിയമവിരുദ്ധമാണ്. ബജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളെല്ലാം സമയബന്ധിതമായി നടപ്പിലാക്കണം. ഇടുക്കിയിലെ പട്ടയ വിതരണം സ്റ്റേ ചെയ്തത് വെക്കേറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉത്തരം ഇല്ല എന്നായതുകൊണ്ടുതന്നെ പട്ടയത്തെപ്പറ്റി ബജറ്റിൽ ഒരക്ഷരവും മിണ്ടിയിട്ടില്ല. പട്ടയ വിഷയത്തിൽ പൊരുത്തക്കേടുണ്ടെന്ന് അമിക്കസ് ക്യൂറിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭൂമി വനം വകുപ്പിന്റേതാണെന്ന് വനം വകുപ്പും റവന്യൂ വകുപ്പിന്റേതാണെന്ന് റവന്യൂ വകുപ്പും പറയുന്നു. അത്തരം പൊരുത്തക്കേടുകൾ പരിഹരിച്ച് പട്ടയം കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. കൂടാതെ ഇടയ്ക്കിടയ്ക്ക് പദ്ധതികൾ വെട്ടിച്ചുരുക്കുന്നത് അവസാനിപ്പിക്കണം എന്നുകൂടി പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു, അതിന് വിവിധ കാരണങ്ങളുമുണ്ട്. 2025-26-ലെ ബജറ്റ് ഒരേസമയം അത്ഭുതവും ആത്മവിശ്വാസവും ആവേശവും പകരുന്നതാണ്. എന്നാൽ അക്കാര്യം ബോധ്യപ്പെടാത്ത ചിലരെങ്കിലും ഈ സഭയിലുണ്ടെന്ന്

ഡോ. മാത്യു കുഴൽനാടന്റെ പ്രസംഗം കേട്ടപ്പോൾ മനസ്സിലായി. ഇത്രയും കാലം ഈ സഭയിലുണ്ടായിരുന്നിട്ടും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഫോക്കസ് ഏത് മേഖലയിലാണെന്ന് അദ്ദേഹത്തിന് പിടികിട്ടിയിട്ടില്ല. ഇവിടെ അവതരിപ്പിക്കപ്പെട്ട ബജറ്റിൽ മാത്രമല്ല, എല്ലാ കാലത്തും ഈ ഗവൺമെന്റിന്റെ ഫോക്കസ് കേരളത്തിലെ ജനങ്ങളുടെ ജീവിതത്തിലാണ്, അക്കാര്യത്തിൽ ഒരു തർക്കത്തിന്റെയും ആവശ്യമില്ല. വിദ്യാഭ്യാസ-ആരോഗ്യ-നഗരവികസന മേഖലയിൽ ദേശീയ ശരാശരിയെക്കാളും കുറഞ്ഞ തുകയാണ് കേരളം വകയിരുത്തിയിരിക്കുന്നതെന്ന് പ്രസംഗത്തിനിടെ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഇത് ശ്രീ. നരേന്ദ്ര മോദി ഇന്ത്യയുടെ ആളോഹരി വരുമാനത്തിന്റെ കണക്ക് പറയുന്നതുപോലെയാണ്. ഈ പണമെല്ലാം ആർക്കുവേണ്ടി ചെലവഴിക്കുന്നുവെന്നതല്ലേ പ്രധാനപ്പെട്ടത്? പൊതുഖജനാവിൽനിന്നും വകയിരുത്തുന്ന പണം പൂർണ്ണമായും പൊതുകാര്യങ്ങൾക്കുള്ളതാണ്. പൊതുവിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യ മേഖലയ്ക്കുംവേണ്ടി തുക ചെലവഴിക്കുന്ന സംസ്കാരമാണ് കേരളത്തിനുള്ളത്, അവിടെയാണ് ഞങ്ങൾ ഫോക്കസ് ചെയ്യുന്നത്.

അദ്ദേഹത്തിന് പിടികിട്ടാതെ പോയ മറ്റൊരു കാര്യം കാർഷിക മേഖലയുമായി ബന്ധപ്പെട്ടതാണ്. കൃഷിക്ക് വേണ്ടത്ര പണം വകയിരുത്തിയിട്ടില്ലെന്നാണ് അദ്ദേഹത്തിന്റെ ആരോപണം. ഇവിടെ അവതരിപ്പിക്കപ്പെട്ട ബജറ്റ് സൂക്ഷ്മമായി വായിച്ചില്ലെങ്കിലും ഒന്ന് ഓടിച്ച് വായിച്ചാൽപ്പോലും വിള പരിപാലനത്തിന് 535 കോടിയിലധികം രൂപയും കേര പദ്ധതിക്ക് 100 കോടി രൂപയും നെൽകൃഷി വികസനത്തിന് 150 കോടി രൂപയും നാളികേര വികസനത്തിന് 73 കോടി രൂപയും മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് 78 കോടി രൂപയും മൃഗസംരക്ഷണത്തിന് 318 കോടി രൂപയും ക്ഷീര വികസനത്തിന് 121 കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്ന് മനസ്സിലാകും. ഇതൊന്നുമല്ലാതെ ഏത് തരം കൃഷിയാണ് ഡോ. മാത്യു കുഴൽനാടൻ, താങ്കൾ ഉദ്ദേശിക്കുന്നത്? കോൺഗ്രസിലെ കുത്തിത്തിരിപ്പ് കൃഷിക്കാണെങ്കിൽ അതിന് ഇവിടെനിന്നും പണം കിട്ടുമെന്ന് കരുതണ്ട. അത്തരം കൃഷിയൊഴിച്ച് മറ്റെല്ലാ കൃഷിക്കും ഇവിടെ പണം വകയിരുത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തോട് കേന്ദ്ര സർക്കാരിനുള്ള സമീപനമെന്താണ്? അടങ്ങാത്ത പ്രതികാരദാഹവുമായി

നടക്കുന്ന രക്തരക്ഷസ്സിനെപ്പോലെയാണ് കേന്ദ്രം പെരുമാറുന്നത്. കേരളത്തെ തുടർച്ചയായി അവഗണിച്ചും അവഹേളിച്ചും കടന്നുപോയ കേന്ദ്ര ബജറ്റിനുശേഷമാണ് സംസ്ഥാന ബജറ്റ് അവതരിപ്പിച്ചത്. അത്ഭുതം കൂറുന്ന ബജറ്റായി ഈ ബജറ്റിനെ മാറ്റിത്തീർത്തതും അതാണ്. പ്രതിവർഷം 50000 കോടി രൂപയുടെ കടുംവെട്ടാണ് ഇക്കാലത്തിനിടെ കേന്ദ്രസർക്കാർ നടത്തിയത്. നികുതിയിനത്തിലും ഗ്രാന്റിനത്തിലുമെല്ലാം കടുംവെട്ട് നടത്തിയിട്ടുണ്ട്. ആ സാഹചര്യത്തെയെല്ലാം മറികടന്നുകൊണ്ടാണ് സംസ്ഥാന സർക്കാർ നവകേരള സൃഷ്ടിക്കായി ഇത്തരത്തിലൊരു ബജറ്റ് അവതരിപ്പിച്ചത്. ഇന്ത്യ നമ്മുടേത് കൂടിയാണ്. ഇന്ന് കാണുന്ന ഇന്ത്യയെ സൃഷ്ടിക്കാനും നിലനിർത്താനും ഇടതടവില്ലാത്ത പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്തവരുടെ ചരിത്രത്തിൽ മലയാളികളും കേരളവും ഉൾപ്പെടുന്നുണ്ട്. മലയാളികളുടെ ജീവനും ജീവിതവും സമർപ്പിക്കപ്പെട്ടതിലൂടെ പുനഃസൃഷ്ടിക്കപ്പെട്ട ഇന്ത്യയിൽ മലയാള നാടിന്, കേരളത്തിന് ഒരു സ്ഥാനവുമില്ലെന്ന് പറയുന്ന കേന്ദ്ര ഭരണകൂടത്തെ വെറുക്കാതെ നമുക്ക് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും? കേന്ദ്ര ഭരണാധികാരികൾ

മലയാളികളെ പൂർണ്ണമായും മറന്നുകഴിഞ്ഞിരിക്കുകയാണ്. മതനിരപേക്ഷതയും മാനവികതയും മുഖമുദ്രയാക്കിയ മലയാളക്കരയെ മാനംകെടുത്തുന്ന ഉന്നതകുല ദ്രോഹികളായി കേന്ദ്രസർക്കാർ മാറുന്നത് മറ്റാര് ക്ഷമിച്ചാലും മാനാഭിമാനമുള്ള മലയാളികൾ ക്ഷമിക്കാൻ പാടില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഈ നാടിനുവേണ്ടി നമ്മൾ ചോദിച്ചതൊന്നും അനുവദിക്കാൻ അവർ സന്നദ്ധരായില്ല. വയനാട് ദുരന്ത പരിഹാരത്തിന് 2000 കോടി രൂപയും ജി.എസ്.ടി. നഷ്ടപരിഹാരം നികത്താൻ 24000 കോടി രൂപയും പ്രവാസിക്ഷേമ പദ്ധതിക്ക് 3940 കോടി രൂപയും വിഴിഞ്ഞം തുറമുഖ വികസനത്തിന് 5000 കോടി രൂപയും വന്യജീവി ആക്രമണം നേരിടാൻ 1000 കോടി രൂപയും കാലാവസ്ഥാ വ്യതിയാന കെടുതി പരിഹരിക്കാൻ 4500 കോടി രൂപയും നെല്ല് സംഭരണത്തിന് 2000 കോടി രൂപയും ഉന്നതവിദ്യാഭ്യാസത്തിന് 2000 കോടി രൂപയും റബർ വിലസ്ഥിരതാ ഫണ്ടിലേയ്ക്ക് 1000 കോടി രൂപയും കടലേറ്റവും തീരശോഷണവും തടയാൻ 2329 കോടി രൂപയും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ട് തന്നത് വട്ട പൂജ്യമാണ്. ഇതാണ് കേന്ദ്രത്തിന്റെ സമീപനം.

ഒന്നും തരാതിരിക്കാൻവേണ്ടി പറഞ്ഞ കാര്യമാകട്ടെ അതിലേറെ രസമാണ്. നമ്മൾ എല്ലാത്തിനും ഒന്നാമതായി എന്നതാണ് അവരുടെ ന്യായം. വിദ്യാഭ്യാസത്തിൽ ഒന്നാമതായതിനാൽ കേരളത്തിന് തുടർപഠനത്തിന് പണമില്ലെന്നും പട്ടിണി മരണമില്ലാത്തതിനാൽ ഭക്ഷ്യധാന്യ വിതരണത്തിന് അധിക പണമില്ലെന്നും കേരളം ആയുർദൈർഘ്യത്തിൽ ഒന്നാമതായതിനാൽ മരുന്നിനുപോലും ഇനി പണം തരില്ലെന്നുമാണ് കേന്ദ്രസർക്കാർ പറയുന്നത്. കേരളത്തിൽ ദശലക്ഷക്കണക്കിന് ഇതര സംസ്ഥാനക്കാർ തൊഴിൽ തേടി വരുന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയുടെ പണത്തിനുവേണ്ടി കാത്തിരിക്കേണ്ടെന്നും അതിദരിദ്രരില്ലാത്തതിനാൽ ദാരിദ്ര്യമകറ്റാൻ ഇനി പണമൊന്നുമില്ലെന്നും പറയുന്നത് എന്ത് അസംബന്ധമാണ്! കേരളം എങ്ങനെയാണ് ഈ അവഗണനയെല്ലാം അതിജീവിച്ച് ഒന്നാമതെത്തിയതെന്നുകൂടി നമ്മൾ പരിശോധിക്കണം. നമുക്ക് ഏതെങ്കിലും കാലത്ത് കേന്ദ്രത്തിൽനിന്നും അധിക പണം ലഭിച്ചിട്ടുണ്ടോ; ഒരുകാലത്തുമില്ല. കിട്ടിയ പണത്തെ ജനങ്ങളുടെ സംഘടിതമായ പരിശ്രമത്തിലൂടെ നാലിരട്ടിയാക്കി മാറ്റിക്കൊണ്ടാണ് കേരളത്തിൽ

സാമൂഹിക വികസനം സാധ്യമാക്കിയത്. അത് കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവുമാണ്. കേരളത്തിലെ ആദ്യസർക്കാരായ ഇ.എം.എസ്. സർക്കാർ മുതൽ ഇടവിട്ടാണെങ്കിലും അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകളും ഇടവേളകളില്ലാതെ അധികാരത്തിൽ തുടരുന്ന ഇന്നത്തെ പിണറായി സർക്കാരും സ്വീകരിച്ച ജനപക്ഷ നിലപാടുകളാണ് കേരളീയ മുന്നേറ്റത്തിന്റെ അടിത്തറയായി മാറിയതെന്ന് ഓർക്കണം. ഈ മുന്നേറ്റത്തെ ശാപമായി വ്യാഖ്യാനിച്ച് മലയാള നാട്ടിലേക്ക് നയാപൈസ തരാത്ത കേന്ദ്ര സർക്കാർ ചെയ്യുന്നതെന്താണ്? ബീഹാറിലെ താമരക്കരു ശേഖരിച്ച് ഉണക്കിയുണ്ടാക്കുന്ന ഉഡായിപ്പ് പരിപാടിക്ക് ഏതാണ്ട് ഒരുലക്ഷം കോടി രൂപയാണ് അനുവദിച്ചത്. അയൽസംസ്ഥാനമായ ആന്ധ്രാപ്രദേശിന് ആറുമാസത്തിനിടെ മൂന്ന് ലക്ഷം കോടി രൂപയുടെ സാമ്പത്തിക സഹായമാണ് മൂന്നാം മോദി സർക്കാർ നൽകിയത്. ഇത്തരം കടുത്ത അവഗണനകളിൽ അടിപതറാതെ ആത്മവിശ്വാസത്തിന്റെ കരുത്തുമായാണ് സംസ്ഥാന ബജറ്റ് അവതരിപ്പിച്ചത്. പിണറായി സർക്കാരിന്റെ ആത്മവിശ്വാസത്തിന്റെ അടിസ്ഥാനമെന്താണ്? സമീപകാലത്ത് നമ്മൾ

നേടിയ നേട്ടങ്ങൾ തന്നെയാണ്. നീതി ആയോഗിന്റെ സുസ്ഥിര വികസന-ആരോഗ്യ സൂചികയിലും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിലും ഇന്ത്യാ ടുഡേയുടെ Happiness index survey-യിലും കേരളം ഒന്നാമതാണ്. രാജ്യത്തെ ആദ്യ സൂപ്പർ ഹബ്ബ് ലാബും ഡിജിറ്റൽ സർവകലാശാലയും ഗ്രാഫിക് സെന്ററും ഡിജിറ്റൽ സയൻസ് പാർക്കും വാട്ടർ മെട്രോയും കേരളത്തിലാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നടത്തുന്ന, മാതൃ-ശിശു മരണനിരക്ക് ഏറ്റവും കുറഞ്ഞ, അറുപത് ലക്ഷത്തോളം പേർക്ക് പ്രതിമാസം 1600 രൂപ പെൻഷൻ നൽകുന്ന, 5 ലക്ഷത്തോളം കുടുംബങ്ങൾക്ക് വീടുകൾ നൽകിയ ഏക സംസ്ഥാനവും കേരളമാണ്. കൂടാതെ വ്യവസായ സൗഹൃദ റാങ്കിങ്ങിൽ ഒന്നാമതെത്തിയ, ശരവേഗത്തിൽ 20 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയ, റബർ അധിഷ്ഠിത വ്യവസായ ഹബ്ബാക്കാൻ 1050 കോടി രൂപ മുടക്കി കമ്പനി ആരംഭിച്ച, 95 ലക്ഷം റേഷൻ കാർഡുടമകളുള്ള രാജ്യത്തെ ഏറ്റവും മികച്ച പൊതുവിതരണ സംവിധാനമുള്ള, സമ്പൂർണ്ണ ഭവന വൈദ്യുതീകരണം നടപ്പാക്കിയ, ഭൂരഹിതരായ മൂന്നേകാൽലക്ഷം പേർക്ക് പട്ടയം നൽകിയ,

സംസ്ഥാനമാണ് കേരളം. പിണറായി സർക്കാരിന്റെ കഠിനാധ്വാനത്താൽ നേടിയെടുത്ത ഈ നേട്ടങ്ങളുടെ നെറുകയിൽ ചാരിനിന്നുകൊണ്ടാണ് പുതുലോകത്ത് കുതിക്കാൻ ഈ ബജറ്റിൽ പുതുനിർദ്ദേശങ്ങൾ വച്ചത്. വയനാടൻ ദുരന്തഭൂമിയെ സ്വർഗഭൂമിയാക്കി വീണ്ടെടുക്കാൻ ആദ്യഘട്ടത്തിൽ 750 കോടി രൂപയാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്. ആരോഗ്യമേഖലയ്ക്ക് 10431 കോടി രൂപ, വ്യവസായ വികസനത്തിന് 1831 കോടി രൂപ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 15980 കോടി രൂപ, ലൈഫ് ഭവന പദ്ധതിക്ക് 1160 കോടി രൂപ, റോഡുകൾക്കും പാലങ്ങൾക്കും 4219 കോടി രൂപ, വിലക്കയറ്റം തടയാൻ 2063 കോടി രൂപ, വിള പരിപാലനത്തിന് 530 കോടി രൂപ എന്ന തരത്തിലും കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്ക് കോടികളുടെ മറ്റ് സഹായങ്ങളും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതെല്ലാം ചെയ്യുന്നതിനോടൊപ്പം ഈ ഘട്ടത്തിൽ ഞാൻ ഗവൺമെന്റിനോട് അഭ്യർഥിക്കുന്നത് ക്ഷേമപെൻഷനിൽ ചെറിയൊരു വർധനവെങ്കിലും വരുത്താൻ ശ്രമിക്കണമെന്നാണ്. നെല്ല് സംഭരണത്തിലെ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കണം. നെല്ലിന് കാലാനുസൃതമായി വില

വർധിപ്പിച്ച് നൽകേണ്ടത് കേന്ദ്ര സർക്കാരാണ്. അത് നേടിയെടുക്കാൻ കേന്ദ്രത്തിൽ സമ്മർദം ചെലുത്തണം. അത് ലഭിക്കുന്നതുവരെ കേരളത്തിലെ നെൽകർഷകരെ സഹായിക്കാൻ തയ്യാറാകണം. ഈ സന്ദർഭത്തിൽ നമ്മൾ ചില ജൽപ്പനങ്ങൾ ശ്രദ്ധിക്കാതെ കടന്നുപോയിട്ട് കാര്യമില്ല. അതിൽ കേന്ദ്രത്തിലുള്ളവരുണ്ട്, അതുപോലെ കേരളത്തിലെ പ്രതിപക്ഷവുമുണ്ട്. അവർ പറയുന്നത്, അയ്യോ ഞങ്ങൾ പട്ടിണിയിലാണ്, കുടിക്കാൻ വെള്ളവും കിടക്കാൻ കിടപ്പാടവും ഉടുക്കാൻ വസ്ത്രവും പഠിക്കാൻ പള്ളിക്കൂടവുമില്ലാത്ത ഞങ്ങൾക്ക് വല്ലതും തരണേയെന്ന് യാചകവേഷത്തിൽ വന്നുപറഞ്ഞാൽ എല്ലിൻ കഷണമെങ്കിലും എറിഞ്ഞുതരാമെന്നാണ്. അങ്ങനെ പറയുന്ന കേരളത്തിൽ പിറന്ന കേന്ദ്ര കൃഷ്യനോടും ചുമ്മാ കിടന്ന് നിലവിളിക്കാതെ പഞ്ചപുച്ഛമടക്കി ഉന്നതകുലജാതരായ തങ്ങളുടെ തറവാട്ടിൽ വന്ന് നട്ടെല്ല് വളച്ച് നിന്നാൽ നിങ്ങളെ അത്യുന്നതിയിലെത്തിക്കാമെന്ന് പുലമ്പിയ പൂരപ്പറമ്പിലെ കേന്ദ്ര ഗോപിയോടും അവരെയെല്ലാം ആദരവോടെ സ്വീകരിക്കുന്ന കേരളത്തിലെ പ്രതിപക്ഷത്തോടും മലയാളികളുടെ മറുപടി ഞാൻ ഈ സഭയിൽ പറയുകയാണ്. ഞങ്ങൾ മലയാളികൾ, മലയാള

നാടിനെയും മലനാടിനെയും ഇടനാടിനെയും തീരനാടിനെയും ഇടനെഞ്ചിൽ ഒരുപോലെ ഏറ്റുവാങ്ങിയ മനുഷ്യരാണ്. ഞങ്ങൾ മലയാളികൾ, അടിമജീവിതം അടിച്ചേൽപ്പിക്കപ്പെട്ട മാനവകുലത്തിന്റെ പൂർവകാല തിന്മകൾ തിരുത്താൻ പൊരുതിക്കയറിയ മതനിരപേക്ഷ മാനവരാണ്. ഞങ്ങൾ മലയാളികൾ, 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന് ഓതിയ മഹാ ഗുരുവിന്റെയും 'മനുഷ്യൻ നന്നാവാൻ മനസ്സ് നന്നായാൽ മതി' എന്ന് ഉദ്ഘോഷിച്ച ബ്രഹ്മാനന്ദ ശിവയോഗിയുടെയും അടിയാളരുടെ മക്കളെ പള്ളിക്കൂടത്തിൽ കയറ്റിയില്ലെങ്കിൽ അരിവാളുമായി പാടത്തിറങ്ങാൻ അധ്വാനവർഗമുണ്ടാകില്ലെന്ന് പ്രഖ്യാപിച്ച് അനാചാര പെരുവഴികളിലൂടെ അവകാശ പോരാട്ട ചാട്ടവാറുമായി വില്ലുവണ്ടിയിൽ വീറോടെ പൊരുതി മുന്നേറിയ അയ്യങ്കാളിയുടെയും പിന്മുറക്കാരാണ്. ഞങ്ങൾ മലയാളികൾ, ഈ നാടിനുവേണ്ടി ജീവൻ നൽകി പോരാടുമെന്ന് പ്രതിജ്ഞ ചെയ്ത, എല്ലിൻ കഷണത്തിനുവേണ്ടി ഏതെങ്കിലും കേന്ദ്ര ധിക്കാരിയുടെ മുമ്പിൽ ഏറാൻമൂളികളായി മാറില്ലെന്നും ഏത് ഉന്നതകുല അധികാര ധാർഷ്ട്യത്തിന്റെ മുമ്പിലും ഈ നാടിന്റെ അവകാശത്തിനുവേണ്ടി ചങ്കുപൊട്ടുമാറ് ഉച്ചത്തിൽ

നിലയ്ക്കാത്ത മുദ്രാവാക്യ നിലവിളികളുമായി നിലയുറപ്പിക്കുമെന്നും ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിനെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു. വികസനവും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന ഒരു ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. സമഗ്ര മേഖലയിലും പുരോഗതി കൈവരിച്ച കേരളത്തിന് ഒരു സംസ്ഥാനമെന്ന പരിഗണനപോലും കേന്ദ്ര സർക്കാർ നൽകുന്നില്ല. ഇന്ത്യ കണ്ട ഏറ്റവും വലിയ ദുരന്തം വയനാടിലുണ്ടായിട്ടും അതിതീവ്ര ദുരന്തമെന്ന് കേന്ദ്ര സർക്കാർതന്നെ പ്രഖ്യാപിച്ചിട്ടും ഒരു സഹായവും നൽകുന്നില്ല. കൈവരിച്ച പുരോഗതിയെ തള്ളിപ്പറഞ്ഞാൽ സഹായം നൽകാമെന്ന് പ്രഖ്യാപനം നടത്തി കേരളത്തെ അപമാനിക്കുകയാണ് ബി.ജെ.പി.-യും കേന്ദ്ര സർക്കാരും ചെയ്യുന്നത്. ഇതിനെ കൈയടിച്ച് പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള എല്ലാ പ്രതിസന്ധികളെയും അതിജീവിക്കുമെന്ന പ്രഖ്യാപനമാണ് സംസ്ഥാന

ബജറ്റിലുള്ളത്. അർഹതപ്പെട്ട നികുതി വിഹിതംപോലും നൽകാതെ സാമ്പത്തികമായി ഞെരുക്കുമ്പോഴും സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കേരളം കരകയറുന്നുവെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തിൽ മലയാളി എന്ന നിലയിൽ അഭിമാനിക്കേണ്ടതാണ്. കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പല പദ്ധതികളും കേരളം വർഷങ്ങൾക്കുമുമ്പേ നടപ്പാക്കിയവയാണ്. സംസ്ഥാനത്തിന്റെ തനത് വരുമാനത്തിലെ 50% വർധന സർക്കാരിന്റെ ഇച്ഛാശക്തി വിളിച്ചോതുന്നതാണ്. ബജറ്റിൽ നികുതി ഭാരം കൂട്ടിയെന്നാണ് പ്രതിപക്ഷം പറയുന്നത്. അതിന്റെ വസ്തുത എന്താണ്? ഒരു വർഷം 1.74 ലക്ഷം കോടിയിലേറെ രൂപ സംസ്ഥാന വികസനത്തിനായി ചെലവിടുമ്പോഴും സർക്കാർ 646 കോടി രൂപയുടെ നികുതി വർധന മാത്രമാണ് ബജറ്റിൽ പ്രത്യക്ഷമായി പ്രതീക്ഷിക്കുന്നത്. വർഷങ്ങളായി വർധിപ്പിക്കാത്ത ഭൂനികുതിയിൽ 50% വർധന വരുത്തിയത് പെരുപ്പിച്ച് കാണിച്ച് നികുതി ഭാരമെന്ന് പ്രതിപക്ഷം. വിശേഷിപ്പിക്കുകയാണ്. ഭൂനികുതിയിൽ ചെറിയ മാറ്റം വരുന്നതിലൂടെ 100 കോടി രൂപ മാത്രമേ അധികമായി ലഭിക്കുകയുള്ളൂ. പഞ്ചായത്ത് പ്രദേശത്ത്

8.1 ആർ വരെ വിസ്തീർണത്തിന് ആർ ഒന്നിന് പ്രതിവർഷം 5 രൂപയായിരുന്നത് 7.50 രൂപയായും മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് 2.43 ആർ വരെ 10 രൂപയായിരുന്നത് 15 രൂപയായും മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 1.62 ആർ വരെ 20 രൂപയായിരുന്നത് 30 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. വർഷങ്ങളായി വർധിപ്പിക്കാതിരുന്ന നികുതി വർധിപ്പിക്കുക മാത്രമാണ് സർക്കാർ ചെയ്തത്. സാമൂഹ്യസുരക്ഷാ പദ്ധതികൾ അവസാനിപ്പിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെടുമ്പോഴും കേരളം ബദൽ വിഭവസമാഹരണം വഴി അതെല്ലാം കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകുമെന്ന് പ്രഖ്യാപിച്ച് മുന്നേറുകയാണ്. കേരളത്തിന്റെ ആഭ്യന്തരോൽപാദനം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ബജറ്റ് എല്ലാ മേഖലകളെയും പരിഗണിച്ചിട്ടുണ്ട്. സർക്കാർ സർവീസ് നിയമനത്തിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇന്ത്യയിലാകെ നടത്തിയ 64000 നിയമനങ്ങളിൽ 34000 എണ്ണവും കേരളത്തിലാണ് എന്നത് നാം വിസ്മരിക്കാൻ പാടില്ല. ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച

സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് 1.84 ലക്ഷം പേർക്ക് എൽ.ഡി.എഫ്. സർക്കാർ പട്ടയം നൽകി. ലൈഫ് പദ്ധതി മുഖേന എട്ട് വർഷംകൊണ്ട് അഞ്ച് ലക്ഷത്തോളം കുടുംബങ്ങൾക്ക് വീട് നൽകി. 5.58 ലക്ഷം ഹെക്ടർ ഭൂമിയിൽ ഡിജിറ്റൽ സർവേ പൂർത്തിയാക്കി. കേന്ദ്രം തഴഞ്ഞാലും വയനാട് ജനതയെ കൈവിടില്ലെന്ന് പ്രഖ്യാപിച്ച് ദുരന്ത പുനരധിവാസത്തിനായി 750 കോടി രൂപയുടെ പദ്ധതികളാണ് കേരള സർക്കാർ പ്രഖ്യാപിച്ചത്. അതിദരിദ്ര കുടുംബങ്ങളുടെ എണ്ണം നാമമാത്രമാക്കി മാറ്റാൻ സാധിച്ചത് അഭിമാനാർഹമാണ്. ക്ഷേമപെൻഷൻ കുടിശ്ശികയ്ക്ക് 600 കോടി രൂപ നീക്കിവച്ചു. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൃത്യമായി നൽകുമെന്ന് ഉറപ്പ് നൽകുന്നു. ബജറ്റ് കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് പുത്തനുണർവാണ് നൽകുന്നത്. പൊതുമേഖലയെ കേന്ദ്ര ഗവൺമെന്റ് വിറ്റുതുലയ്ക്കുമ്പോൾ കേരളം പൊതുമേഖലയെ ശക്തിപ്പെടുത്താൻ 275.10 കോടി രൂപ നീക്കിവച്ചു. സ്റ്റാർട്ടപ്പ് രംഗത്ത് കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. ആരോഗ്യ മേഖലയിലും മികച്ച മുന്നേറ്റം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യ വനിതാ ശിശു വികസന വകുപ്പിന് ദേശീയ-

അന്തർദേശീയ തലത്തിൽ 28 പുരസ്കാരങ്ങളും ബഹുമതികളും ലഭിച്ചു. എസ്.എസ്.എൽ.സി.-ക്ക് സേ പരീക്ഷയിൽ പാസ്സായ കുട്ടികളിൽ ഏറ്റവും മുൻപന്തിയിലുള്ള സംസ്ഥാനമായല്ലേ കേരളത്തെ കണക്കാക്കാൻ കഴിയൂവെന്ന് ഇവിടെ ഡോ. മാത്യു കുഴൽനാടൻ ചോദിച്ചു. സത്യം പറഞ്ഞാൽ വളരെ സങ്കടം തോന്നുകയാണ്. യഥാർഥത്തിൽ അത് മലയാളികളെന്ന നിലയിൽ നമുക്ക് ഏറെ അഭിമാനിക്കാനുള്ള വകയല്ലേ? "ഭാരതമെന്ന് കേട്ടാൽ അഭിമാനപൂരിതമാവണം അന്തരംഗം; കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ" എന്നുപറഞ്ഞിട്ട് ഇതാണോ നമ്മുടെ നയം? 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം' എന്നുപറഞ്ഞതുപോലെ കൊതുകായി മാറാമോ; മലയാളി എന്ന നിലയ്ക്ക് സംസ്ഥാനത്തിന്റെ വികസനത്തെയല്ലേ കണക്കിലെടുക്കേണ്ടത്? അതിൽനിന്നും വ്യത്യസ്തമായി ചിന്തിക്കുന്നവരെക്കുറിച്ച് സങ്കടം തോന്നുന്നുണ്ട്. പ്രതിപക്ഷം എന്നുപറഞ്ഞാൽ ക്രിയാത്മകമായിരിക്കണം, തെറ്റുകൾ ചൂണ്ടിക്കാണിക്കാം. പക്ഷെ എല്ലാത്തിനെയും തകർക്കുന്ന ഒരു നയം ഒരിക്കലും സ്വീകരിക്കാൻ പാടില്ല. വ്യവസായ മേഖലയിലുണ്ടായ

ഉണർവ് ചിന്തിക്കാൻ സാധിക്കുന്നതായിരുന്നോ? വ്യവസായ മേഖലയ്ക്കാകെ 1831.36 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ചെറുകിട വ്യവസായ മേഖലയ്ക്ക് 254.93 കോടി രൂപയും ഇടത്തരം, വൻകിട വ്യവസായങ്ങൾക്കുവേണ്ടി 795.09 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്റ്റാർട്ടപ്പുകളുടെ സ്വയംപര്യാപ്തതയും ശാക്തീകരണവും ഉറപ്പാക്കാൻ മുഖ്യമന്ത്രിയുടെ പ്രത്യേക സഹായപദ്ധതിക്ക് 9 കോടി രൂപ അനുവദിച്ചു. പ്രതിസന്ധിയിലകപ്പെട്ട പീഡിത വ്യവസായങ്ങളുടെ പുനരുജ്ജീവനം എന്ന പുതിയ പദ്ധതിക്കായി 4 കോടി രൂപയും കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിക്ക് 200 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര സാമ്പത്തിക പുനഃസംഘടനാ പദ്ധതിക്ക് 275.10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കോവളം, മൂന്നാർ, കുമരകം, ഫോർട്ടുകൊച്ചി മേഖലകളിലെ താമസക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന വീടുകളെ പ്രയോജനപ്പെടുത്തി ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കെ-ഹോംസ് പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി 5 കോടി രൂപ അനുവദിച്ചു. കോ-

വർക്കിങ് സ്പേസുകൾ നിർമ്മിക്കാൻ 10 കോടി രൂപവരെ 5% പലിശയിൽ സർക്കാർ വായ്പാ സബ്സിഡിയും നൽകും. ഹൈഡ്രജൻ ഉൽപാദനത്തിന് 'ഹൈഡ്രജൻ വാലി' പദ്ധതി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എഥനോൾ ഉൽപാദന സാധ്യതകൾ പഠിക്കാൻ 10 കോടി രൂപ, കൊച്ചി സുസ്ഥിര നഗരഭൂമി പുനഃക്രമീകരണ പദ്ധതിക്ക് 10 കോടി രൂപ, മുതിർന്ന പൗരന്മാർക്ക് പുതുസംരംഭങ്ങൾ/വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ന്യൂ ഇന്നിങ്സ് പദ്ധതിക്ക് 5 കോടി രൂപ, വിദൂര ആദിവാസി ഗ്രാമങ്ങളുടെ വൈദ്യുതിവൽക്കരണത്തിന് 5 കോടി രൂപ, പട്ടികവർഗ/ഗോത്ര നഗറുകളിൽ സൗരോർജ പാനലുകൾ സ്ഥാപിക്കാൻ 5 കോടി രൂപ എന്നിങ്ങനെയാണ് അനുവദിച്ചത്. കഴിഞ്ഞ ഒരു വർഷംകൊണ്ട് വ്യവസായ മേഖലയിലുണ്ടായ മാറ്റങ്ങൾ ചെറുതാണോ? ഒരു ലക്ഷം MSME പ്രോജക്ടുകൾ തുടങ്ങുമെന്ന് പറഞ്ഞിട്ട് മൂന്ന് ലക്ഷത്തിലധികം പ്രോജക്ടുകൾ ആരംഭിച്ചില്ലേ; വളരെയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇതിലൂടെ സാധിച്ചില്ലേ? അതൊന്നും ഉൾക്കൊള്ളാൻ പ്രതിപക്ഷത്തിന് സാധിക്കാതെ പോകുന്നുവെന്നത് സങ്കടകരമാണ്. എല്ലാ മേഖലയിലും വയോജനങ്ങൾക്ക്

സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നത് നമ്മുടെ നയമാണ്. കേരളത്തിൽ ഇപ്പോൾ 17% വയോജനങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2030 ആകുമ്പോൾ അത് ഏകദേശം 24% ആയി മാറും. അതിനാൽ വയോജന സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കേണ്ടതുണ്ട്. ആയുസ് ദീർഘിപ്പിക്കാൻ സാധിച്ചത് ആരോഗ്യ മേഖലയിലുണ്ടായ വലിയ പുരോഗതി കാരണമാണെന്നതിൽ ഒരു സംശയവുമില്ല. നിരവധി മെഡിക്കൽ കോളേജുകളും ആശുപത്രികളുമാണ് സ്ഥാപിക്കാൻ കഴിഞ്ഞത്. എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകളും എല്ലാ ജില്ലാതല ആശുപത്രികളിലും സ്ട്രോക്ക് യൂണിറ്റുകളും ആരംഭിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറും. കോഴിക്കോട് മെഡിക്കൽ കോളേജിൽ കാൻസർ കെയർ സെന്ററിന് പുതിയ ഉപകരണം വാങ്ങാൻ തുക വകയിരുത്തിയിട്ടുണ്ട്. ആലപ്പുഴ, കോഴിക്കോട്, എറണാകുളം മെഡിക്കൽ കോളേജുകളിൽ ആധുനിക കാത്ത് ലാബ് സ്ഥാപിക്കുന്നതിന് 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 658 കുടുംബാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു. പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ

കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സാധ്യമല്ലെന്ന് പ്രഖ്യാപിച്ച് പിന്മാറിയ പ്രധാന പദ്ധതികൾ ഈ സർക്കാർ ഏറ്റെടുക്കുകയും അത് അന്തിമ ഘട്ടത്തിലായിരിക്കുകയുമാണ്. കിഫ്ബി കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് മുഖ്യ ഘടകമാകുകയാണ്. കേരളത്തിന്റെ വികസനത്തിൽ കിഫ്ബി കൊണ്ടുവന്ന മാറ്റങ്ങൾ ചെറുതാണോ? എല്ലാ എം.എൽ.എ.-മാർക്കും അതിന്റെ ഗുണങ്ങൾ ലഭിച്ചുവെന്നത് വസ്തുതയാണ്. കേന്ദ്രം അവഗണിക്കുമ്പോഴും വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന എൽ.ഡി.എഫ്. സർക്കാരിനെ ദുർബലപ്പെടുത്താൻ ബി.ജെ.പി.-യുമായി കൂട്ടുചേർന്ന് വികസന പ്രവർത്തനങ്ങളൊന്നും നടത്താൻ അനുവദിക്കുകയില്ലെന്ന് യു.ഡി.എഫ്. പ്രഖ്യാപിച്ചിരിക്കുകയാണ്. കെ-ഫോൺ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ യു.ഡി.എഫ്. കോടതിയിൽ പോയി തിരിച്ചടി നേരിട്ടിട്ടും പാഠം പഠിക്കുന്നില്ല. കേരളത്തിന്റെ വികസനം തകർക്കാൻ യു.ഡി.എഫ്.-ബി.ജെ.പി. മാധ്യമ ഐക്യമുണ്ടാക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തിന് അർഹതപ്പെട്ട കേന്ദ്ര സഹായം നിഷേധിക്കുകയാണ്. ഈ ചുരുങ്ങിയ കാലംകൊണ്ട് 275000

കണ്ടെയ്നറുകളാണ് വിഴിഞ്ഞം തുറമുഖത്ത് എത്തിച്ചേർന്നത്. നമുക്ക് ആലോചിക്കാൻ കഴിയാത്ത മാറ്റങ്ങളാണ് അതുവഴി വരാൻപോകുന്നത്. ഈ ബജറ്റ് നവകേരള കുതിപ്പിന്റെ വേഗത വർധിപ്പിക്കും. മെട്രോപോളിറ്റൻ ആസൂത്രണ സമിതി രൂപീകരണം കോഴിക്കോടിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടും. കോഴിക്കോട് മെട്രോ റെയിൽ പദ്ധതി നടപ്പാക്കുമെന്ന പ്രഖ്യാപനം സന്തോഷം നൽകുന്നതാണ്. പക്ഷെ തിരുവനന്തപുരം മെട്രോ റെയിലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 2025-26-ൽ ആരംഭിക്കുമെന്ന് പറയുമ്പോഴും കോഴിക്കോട് മെട്രോയെക്കുറിച്ച് ഒന്നും പറയുന്നില്ല. തിരുവനന്തപുരത്തെപ്പോലെ കോഴിക്കോടിനെയും പരിഗണിക്കണമെന്ന് അഭ്യർഥിക്കുന്നു. കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സിന് 16.5 ഏക്കർ സ്ഥലമുണ്ട്. അവിടെ പഴയകാലത്തുണ്ടാക്കിയ കെട്ടിടങ്ങൾ പൊളിച്ചുനീക്കി രണ്ട് ടവറുകൾ നിർമ്മിച്ച് ജീവനക്കാരെ പുനരധിവസിപ്പിച്ചാൽ ധാരാളം സ്ഥലം ബാക്കി വരും. അങ്ങനെ ബാക്കി വരുന്ന സ്ഥലത്ത് ഒരു കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ 25 കോടി രൂപ വകയിരുത്തണം. പൂന്തുറ പുഴയിലെ വെള്ളം സമീപഭാഗത്തേയ്ക്ക് കയറുന്നത് കണ്ണാടിക്കൽ

പ്രദേശത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. അത് പരിഹരിക്കാൻ 5 കോടി രൂപ അനുവദിക്കണം. വെസ്റ്റ് ഹിൽ-ഭട്ട് റോഡ് ബീച്ചിൽ പുലിമുട്ട് നിർമ്മിക്കാൻ മൂന്ന് കോടി രൂപ രണ്ട് വർഷം മുമ്പ് അനുവദിച്ചിരുന്നെങ്കിലും മദ്രാസ് ഐ.ഐ.റ്റി. അത് പരിശോധിച്ച് ഏഴ് കോടി രൂപ ചെലവ് വരുമെന്ന് അറിയിച്ചിരിക്കുകയാണ്. അതിനാൽ ബാക്കി തുകകൂടി അനുവദിക്കണം. കോഴിക്കോട് ഇന്റർനാഷണൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 50 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ ഇതിനായി വിട്ടുനൽകിയ ചേവായൂർ വില്ലേജിലെ സർക്കാർ ത്വക്ക് രോഗാശുപത്രിയുടെ സ്ഥലം ഇപ്പോൾ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള കെട്ടിടത്തിനായി മാറ്റിവച്ചിരിക്കുകയാണ്. ആ പദ്ധതി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 27.5 ശതമാനമായിരുന്നത് 28 ശതമാനമാക്കി മാറ്റിയിട്ടുണ്ട്. സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിലുൾപ്പെട്ട പനാത്ത്താഴം-സി.ഡബ്ല്യു.ആർ.ഡി.എം. റോഡിലെ നേതാജി നഗർ ജംങ്ഷനിൽ മേൽപ്പാലം നിർമ്മിക്കാനുള്ള അടിയന്തര നടപടി

സ്വീകരിക്കണം. അത്തരത്തിൽ കോഴിക്കോടിന്റെ സമഗ്ര വികസനത്തിനാവശ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, കേന്ദ്രത്തിന്റെ മാടമ്പി സമീപനത്തിനിടയിലും വളരെ സൗമ്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച സൗമ്യ ദീപ്തമായ ബജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. 140 അസംബ്ലി മണ്ഡലങ്ങളിലും യാതൊരു രാഷ്ട്രീയ വ്യത്യാസവുമില്ലാതെ ഫണ്ട് നൽകി തുടർവികസനങ്ങൾ സാധ്യമാക്കിക്കൊണ്ടാണ് സംസ്ഥാന ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തല പ്രതിനിധാനം ചെയ്യുന്ന ഹരിപ്പാട് മണ്ഡലത്തിൽ 203 കോടി രൂപയുടെ പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം ജനങ്ങളോട് പറഞ്ഞിരിക്കുന്നത്, എന്റെ കൈയിലുള്ള പത്രത്തിൽ വന്നിരിക്കുന്ന വാർത്തയാണ്. അതുപോലെ 1216 കോടി രൂപയുടെ പദ്ധതികൾ ലഭിച്ചെന്നാണ് പെരുമ്പാവൂർ എം.എൽ.എ. പറഞ്ഞിരിക്കുന്നത്. മൂവാറ്റുപുഴ അംഗവും 182 കോടി രൂപ ബജറ്റിൽ കിട്ടിയെന്നാണ്

പറഞ്ഞിരിക്കുന്നത്. എന്നാൽ ഒന്നും കിട്ടിയില്ലെന്നാണ് ഇവരൊക്കെ സഭയിൽ പറയുന്നത്. ഇത്തരത്തിൽ സ്വന്തം മണ്ഡലത്തിലെ ജനങ്ങളോട് കോടിക്കണക്കിന് രൂപയുടെ കണക്കുകൾ പറഞ്ഞിട്ട് നിയമസഭയിൽവന്ന് ഒന്നിനും കൊള്ളാത്ത ബജറ്റാണ് അവതരിപ്പിച്ചതെന്ന് പറയാൻ പ്രതിപക്ഷത്തുള്ളവർക്ക് ലജ്ജയുണ്ടാകണമെന്ന് ഈ അവസരത്തിൽ പറയുകയാണ്. ഫെബ്രുവരി ഒന്നാം തീയതിയാണ് കേന്ദ്ര ബജറ്റ് അവതരിപ്പിച്ചത്. അടുത്ത ദിവസം പ്രമുഖ പത്രത്തിൽ വന്നത്, 'ആദായ നികുതിയിൽ ബമ്പർ ഇളവ്' എന്നാണ്. എന്താ ഒരു ഭാഷ! ആലോചിച്ചുനോക്കൂ. എന്താണ് മാധ്യമങ്ങൾക്ക് കേരളത്തോട് ഇത്ര ശത്രുതയെന്ന് തോന്നിപ്പോകുകയാണ്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ ഉപയോഗിച്ചിരുന്ന സാരി ഇങ്ങനെയാണ് എന്നുവരെ പറയുകയാണ്. നമ്മുടെ ബജറ്റ് വന്നതിന്റെ അടുത്ത ദിവസം ആ പത്രത്തിൽ വന്നിരിക്കുന്നത് "ജീം ബൂം ബാ" എന്നാണ്. ഒരേ പത്രത്തിൽ രണ്ടാം തീയതിയും എട്ടാം തീയതിയും വന്ന വാർത്തയാണ്. ഇത്രയും മനോഹരമായ ഒരു ബജറ്റ് കേരളത്തിൽ അവതരിപ്പിച്ചപ്പോൾ 'ജീം ബൂം ബാ'. യാതൊരു

പരിഗണനയുമില്ലാതെ ഒരു ശത്രുവിനോടെന്നപോലെ ഒരു സംസ്ഥാനത്തോട് പെരുമാറിയ കേന്ദ്ര സർക്കാരിന്റെ ബജറ്റ് വരുമാനദായകമെന്നാണ് പറഞ്ഞത്. മറ്റൊരു പത്രത്തിൽ എട്ടാം തീയതി വന്ന വാർത്ത 'നികുതിഭാരം കൂടും, ക്ഷേമപെൻഷനും കൂട്ടിയില്ല' എന്നാണ്. കേരളത്തിൽനിന്ന് കുറച്ച് എം.പി.-മാർ കേന്ദ്രത്തിൽ പോയിട്ടുണ്ടല്ലോ. കേരളത്തിന് കേന്ദ്ര ഫണ്ട് നൽകിയില്ലെങ്കിലും എയിംസ് അനുവദിച്ചില്ലെങ്കിലും അവർക്ക് വിമർശനമില്ല. കേരളത്തിൽ ഇത്രയുമധികം വികസനപ്രവർത്തനങ്ങൾ നടത്തുന്ന ഗവൺമെന്റിന് നേരെയാണ് ക്യാമറാ കണ്ണ് തുറന്നുവച്ചിരിക്കുന്നത്. ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ., പ്രസംഗിച്ചപ്പോൾ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേരളം മാറിയതിനെയും പൊതുവായ നേട്ടങ്ങളെയും എത്ര തള്ളിപ്പറഞ്ഞാലും സത്യമായിത്തന്നെ ഇവിടെ അവശേഷിക്കുന്ന ധാരാളം ഉദാഹരണങ്ങളെയും കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല, ക്ഷേമ പെൻഷന്റെ കാര്യം മാത്രം പറയാം. സാമ്പത്തികമായി കഴുത്ത് ഞെരിക്കുന്ന കടുത്ത സമീപനം കേന്ദ്ര സർക്കാർ

സ്വീകരിക്കുമ്പോഴും 98 ശതമാനം തുകയും സംസ്ഥാന സർക്കാർ കണ്ടെത്തിയാണ് ക്ഷേമപെൻഷൻ നൽകുന്നത്. ഇതിനായി വെറും രണ്ട് ശതമാനം തുക മാത്രമാണ് കേന്ദ്രം നൽകുന്നത്. സംസ്ഥാനം 1600/- രൂപ പെൻഷൻ കൊടുക്കുമ്പോൾ 300/- രൂപയാണ് കേന്ദ്രം നൽകുന്നത്. ആ തുകപോലും ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. അവിടെയും കുത്തിത്തിരിപ്പുമായി മാധ്യമങ്ങൾ പോകുകയാണ്. നമ്മുടെ നാട്ടിൽ വാർത്തകളെ വളച്ചൊടിക്കുന്നത് എങ്ങനെയാണെന്ന് ഓർക്കണം. 68 ലക്ഷം പേർ 700 കോടി രൂപ ക്ഷേമപെൻഷൻ വാങ്ങുന്ന കേരളത്തിൽ കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഹൈലൈറ്റായത് മറിയക്കുട്ടിയെന്ന ഒരേയൊരു ആളായിരുന്നു. അവരെയാണ് മാധ്യമങ്ങൾ ഹൈലൈറ്റ് ചെയ്ത് കൊണ്ടുവന്നത്. അവർ ഇപ്പോൾ എവിടെയാണെന്ന് നമുക്കറിയില്ല. നമുക്ക് ആ അമ്മയോട് ഒരു വിരോധവുമില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏകദേശം 34 ലക്ഷം പേർ മാത്രമായിരുന്ന കേരളത്തിൽ പെൻഷൻ വാങ്ങിയിരുന്നതെന്നത് സത്യമല്ലേ? യു.ഡി.എഫ്.-ലെ അന്നത്തെ മന്ത്രിമാരടക്കം പ്രതിപക്ഷ നിരയിലുണ്ടല്ലോ. 34 ലക്ഷം പേരാണ് അന്ന്

പെൻഷൻ വാങ്ങിയിരുന്നത്. അവരുടെ പെൻഷൻ തുക എത്രയാണെന്ന് പ്രതിപക്ഷത്തിനറിയാം. അതിനൊക്കെ വ്യക്തമായ കണക്കുകളുള്ളതല്ലേ? അന്ന് പതിനെട്ട് മാസം കുടിശ്ശികയാക്കിയാണ് യു.ഡി.എഫ്. ഗവൺമെന്റ് ഭരണത്തിൽനിന്ന് ഇറങ്ങിയതെന്നതും സത്യമാണ്.

(അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ- ശ്രീ. സി. കെ. ഹരീന്ദ്രൻ)

34 ലക്ഷം എന്നത് 62 ലക്ഷത്തിലേയ്ക്ക് വന്നിട്ടും ക്ഷേമപെൻഷൻ 1600/- രൂപയായി വർധിപ്പിച്ചിട്ടും കേരളത്തിൽ ഒന്നും ചെയ്യുന്നില്ലെന്നും ധൂർത്താണെന്നുമാണ് പ്രതിപക്ഷം പറയുന്നത്. എവിടെയാണ് ധൂർത്ത്? 56000 കോടി രൂപയിലധികം നിക്ഷേപിച്ചുകൊണ്ട് കേരളത്തിലെ റോഡുകളും പാലങ്ങളും സ്കൂൾ കെട്ടിടങ്ങളുമൊക്കെ നിർമ്മിച്ചതും 700 കോടിയോളം രൂപ പ്രതിമാസം പാവപ്പെട്ട ജനങ്ങൾക്ക് പെൻഷനായി നൽകുന്നതും വികസന-ക്ഷേമവും പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യുന്നതും ധൂർത്താണെങ്കിൽ ആ ധൂർത്ത് ഞങ്ങൾ അംഗീകരിക്കുകയാണെന്ന് കരുതിയാൽ മതി. കാരണം ജനങ്ങൾക്കുവേണ്ടിയാണ് ഇതൊക്കെ ചെയ്യുന്നത്. ശ്രീ. കെ. എൻ. ബാലഗോപാൽ മിനിസ്റ്റർ ബജറ്റ്

അവതരിപ്പിച്ചപ്പോൾ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്, മലബാറിൽ നിന്നുള്ള എം.എൽ.എ.-മാർക്ക് 2026-ൽ ദേശീയപാതയിലൂടെ തലസ്ഥാന നഗരത്തിലേക്ക് വളരെ വേഗം എത്തിച്ചേരാൻ സാധിക്കുമെന്ന് പറഞ്ഞതാണ്. അയ്യായിരത്തിലധികം കോടി രൂപ സ്ഥലമെടുപ്പിന് മാറ്റിവച്ചതുകൊണ്ടല്ലേ അതിന് സാധ്യമായത്? അന്ന് കേന്ദ്രത്തിൽ യു.പി.എ. സർക്കാരും കേരളത്തിൽ കോൺഗ്രസുമാണ് ഭരിച്ചിരുന്നത്. അന്ന് ഭംഗിയായി നിങ്ങൾക്കത് ചെയ്യാമായിരുന്നു. ഇപ്പോൾ ഇതൊക്കെ ചെയ്യുന്നത് കണ്ടിട്ട് ഒന്നും ചെയ്യുന്നില്ലേയെന്ന് വിലപിച്ചിട്ട് കാര്യമില്ല. അതിന് കൂട്ടുനിൽക്കാനും 'ജീം ബൂം ബാ' എഴുതാനും ആൾക്കാരുള്ളിടത്തോളം കാലം ഞങ്ങൾക്ക് കുറച്ച് പണിപ്പെട്ട് മാത്രമേ ജനങ്ങളോട് ഇതൊക്കെ പറയാൻ സാധിക്കുകയുള്ളൂ. യു.ഡി.എഫ്. ഭരണകാലത്ത് പി.എസ്.സി. വഴി കൂടുതൽ നിയമനം നടത്തിയെന്ന് ഒരു അംഗം പറഞ്ഞു. എന്നിട്ട് അദ്ദേഹം കണക്കും നിരത്തി. നമ്മളെല്ലാം ഉത്തരവാദപ്പെട്ട, തിരഞ്ഞെടുക്കപ്പെട്ട സ്ഥാനത്തിരിക്കുന്നവരല്ലേ? 2011 മുതൽ 2016 വരെ യു.ഡി.എഫ്.-ന്റെ കാലത്ത് 149356 പേർക്കാണ് നിയമനം നൽകിയത്. എന്നാൽ 2016 മുതൽ

2021 വരെയുള്ള കണക്കെടുത്താൽ 168878 പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്. 149000 ആണോ 168000 ആണോ വലുതെന്ന് ഉത്തരവാദപ്പെട്ട അംഗത്തോട് ഞങ്ങൾ ചോദിക്കുകയാണ്. ഇക്കാലംവരെ ഏകദേശം 259576 പേർക്കാണ് നിയമനം നൽകിയത്. ചെറുപ്പക്കാരോട് നീതി പുലർത്തിയ ഒരു സർക്കാരാണിത്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർധിപ്പിച്ചുകൊണ്ട് കൃത്യമായി ഇടപെടാൻ ഗവൺമെന്റിന് കഴിഞ്ഞതുകൊണ്ടാണ് ഇതൊക്കെ സാധ്യമാകുന്നത്. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ബജറ്റിൽ കരീലക്കുളങ്ങര പോലീസ് സ്റ്റേഷനുവേണ്ടി ഫണ്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അത് കേന്ദ്ര സർക്കാരിന്റെ ഫണ്ട് ചേർത്തുകൊണ്ടുള്ള പ്രോജക്ടിന്റെ ഹെഡ്ഡിലാണ് വന്നത്. സംസ്ഥാന സർക്കാരിന്റെ ഫണ്ടിലുൾപ്പെടുത്തി പ്രസ്തുത പോലീസ് സ്റ്റേഷൻ പൂർത്തിയാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു. അതുപോലെ ബജറ്റിലെ 66-ാമത്തെ പേജിലെ ഓവർ ഡിസൈനും ഓവർ എസ്റ്റിമേറ്റും ഒഴിവാക്കും എന്ന പ്രഖ്യാപനം ആകർഷണീയമാണ്. ഒരാളെപ്പോലും ആത്മഹത്യയിലേക്ക്

തള്ളിവിടില്ലെന്നും ജനങ്ങൾക്കിടയിൽ സാമ്പത്തിക സാക്ഷരതയുണ്ടാക്കുമെന്നുമുള്ള പ്രഖ്യാപനം അഭിനന്ദനം അർഹിക്കുന്നതാണ്. കടത്തിന്റെ പേരിൽ ഒരാളും ആത്മഹത്യ ചെയ്യാൻ പാടില്ല. അതിനുതകുന്ന നിയമ ഭേദഗതികൾ കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിതന്നെ വളരെ കർശനമായി അത്തരം കാര്യങ്ങൾ ഇന്നലെ സൂചിപ്പിക്കുകയും ചെയ്തു. പാലങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിൽ കായംകുളത്തെ ടി.എം. ചിറ പാലവും ഉൾപ്പെടുത്തണം. പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിലേക്കും ഇഷ്ടംപോലെ ബജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്, അവർ പറയുന്നില്ലെന്നേയുള്ളൂ. 1251 കോടി രൂപയൊക്കെയാണല്ലോ അവർക്ക് അനുവദിച്ചിരിക്കുന്നത്. അതുപോലെ ഭരണപക്ഷ എം.എൽ.എ.-മാർക്കും നിലവിൽ നൽകുന്നതിനേക്കാൾ കുറച്ചുകൂടി പരിഗണന നൽകണം. സ്പോർട്സ് സമ്മിറ്റിനുശേഷം ഏകദേശം അയ്യായിരം കോടി രൂപയുടെ നിക്ഷേപം നമ്മുടെ നാട്ടിലേക്ക് കൊണ്ടുവരാൻ സാധിച്ചു. നിങ്ങളൊക്കെ ചിലപ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ ശങ്കു എന്ന കുഞ്ഞിന്റെ വീഡിയോ കണ്ടിട്ടുണ്ടാകും. അങ്കണവാടിയിലെ

ഭക്ഷണത്തിൽ ബിരിയാണി കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ശങ്കുവിന്റെ വീഡിയോ വൈറലാകുകയും അത് ശ്രദ്ധയിൽപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശങ്കുവിന്റെ ആവശ്യം പരിഗണിക്കുമെന്ന് പറയുകയും ചെയ്തിരുന്നു. അങ്കണവാടിയിലെ കുഞ്ഞുങ്ങൾക്ക് ആഴ്ചയിൽ അഞ്ച് ദിവസം ചോറും ഇലക്കറികളും പയറും തൈരും ഒരു ദിവസം ഇത്തരത്തിൽ ആധുനികമായ ഭക്ഷണവും ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. പോഷകാഹാരവുമായി ബന്ധപ്പെട്ട കാമ്പയിനുകളിൽ ശങ്കുവിനെ വച്ച് വീഡിയോ എടുത്ത് പ്രചരിപ്പിക്കുന്ന കാര്യം ആലോചിക്കണം. ജീവിതശൈലീ രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ സ്പോർട്സിലൂടെ ചെറുപ്പക്കാരുടെയടക്കം ആരോഗ്യം നിലനിർത്താനുള്ള പരിശ്രമം നടത്തുമ്പോൾ ഈ ചെറിയ കുട്ടികളെ അംബാസിഡർമാരാക്കാവുന്നതാണ്. സമസ്ത മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള ഏറ്റവും മനോഹരമായ ഈ ബജറ്റിനെ എല്ലാ അർഥത്തിലും സർവാത്മനാ സ്വാഗതം ചെയ്യുന്നു. കണ്ണുള്ളവർ കാണട്ടെ, ചെവിയുള്ളവർ കേൾക്കട്ടെ, അല്ലാത്തവർ നമ്മളെ തള്ളിപ്പറയട്ടെ എന്നുമാത്രം

പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും പിടിപ്പുകേടുംകൊണ്ട് സർക്കാർ വരുത്തിവച്ച ബാധ്യതകൾ ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനാണ് 2025-26-ലെ ബജറ്റിലൂടെ ശ്രമിച്ചിരിക്കുന്നത്. പരിഗണിക്കേണ്ടവരെ അവഗണിച്ച ഒരു ബജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. പാവപ്പെട്ട ജനങ്ങളെ സഹായിക്കാനും വ്യാപാരരംഗത്തും പരമ്പരാഗത വ്യവസായ രംഗത്തും ഊർജം പകരാനും യുവാക്കൾക്ക് തൊഴിൽ നൽകാനും അവരുടെ വിദേശ കുടിയേറ്റം നിയന്ത്രിക്കാനും ആത്മഹത്യാ മുനമ്പിൽ നിൽക്കുന്ന കർഷകരെ രക്ഷിക്കാനും ദുർബല ജനവിഭാഗങ്ങളെ സംരക്ഷിക്കാനും ഫലപ്രദമായ യാതൊരു നിർദേശവും ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ദൗർഭാഗ്യകരമാണ്. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന സമസ്ത മേഖലകളിലും പ്രത്യക്ഷ നികുതി വർധിപ്പിച്ചിരിക്കുകയാണ്. മെട്രോ റെയിലും മോണോ റെയിലും പോലെയുള്ള ചില സ്വപ്നപദ്ധതികളുടെ പതിവ് പ്രഖ്യാപനത്തിനപ്പുറം ജനങ്ങളുടെ ജീവിതനിലവാരത്തിൽ ഗുണപരമായ

മാറ്റം കൊണ്ടുവരുന്നതിനുള്ള ഒരു നിർദേശവുമില്ലാത്ത, നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ഏറ്റവും ദുർബലമായ ബജറ്റാണെന്ന് ചരിത്രത്താളുകളിൽ രേഖപ്പെടുത്തും. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകളെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ് തുടങ്ങിയപ്പോൾ പ്രസ്തുത സ്കോളർഷിപ്പുകളുടെ തുക വർധിപ്പിക്കുമെന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ അതിന്റെ കുടിശ്ശിക കൊടുത്തുതീർക്കുമെന്നാണ് അങ്ങ് പറഞ്ഞത്. ബജറ്റിൽ അതൊരു മഹാസംഭവമായാണ് അങ്ങ് അവതരിപ്പിച്ചത്. ശമ്പളപരിഷ്കരണ-ക്ഷേമപെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്ന കാര്യമാണ് ഈ ബജറ്റിൽ പലഭാഗത്തും പ്രതിപാദിച്ചിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ, ഒരു കുടിശ്ശിക നിർമാർജന പദ്ധതിയായി കേരള ബജറ്റിനെ അങ്ങേയ്ക്ക് മാറ്റേണ്ടിവന്നു. കർഷകരെ നിരാശരാക്കുക മാത്രമല്ല, അവരെ കണ്ണീർ കുടിപ്പിച്ച് ആത്മഹത്യയിലേക്ക് തള്ളിവിടുന്ന ആത്മഹത്യാപ്രേരണ കുറിപ്പാണ് ബജറ്റിലൂടെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് കൃഷിയാണ്. നാടിനെ പോറ്റാൻ രാവും പകലും അധ്വാനിക്കുന്ന കർഷകരെ

ശാക്തീകരിക്കുന്നതിനുപകരം ഈ ബജറ്റ് അവരുടെ പോരാട്ടങ്ങളെ അവഗണിക്കുകയും നികുതിഭാരം ചുമത്തുകയും അർഥവത്തായ പിന്തുണ നൽകുന്നതിൽ പൂർണമായും പരാജയപ്പെടുകയും ചെയ്തിരിക്കുകയാണ്. കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്ത പ്രശ്നം അതീവ ഗുരുതരമാണെന്ന് സർക്കാരിനറിയാം. എന്നാൽ സർക്കാർ അത് കണ്ടില്ലെന്ന് നടിക്കുകയാണ്. വിപണിയിലെ ഏറ്റക്കുറച്ചിലുകളിൽനിന്നും അവരെ രക്ഷിക്കാൻ ഈ ബജറ്റിൽ ഒന്നും ചെയ്തിട്ടില്ല. റബ്ബർ, കശുമാവ് കർഷകരെയും നെൽകർഷകരെയുമെല്ലാം സർക്കാർ വഞ്ചിച്ചിരിക്കുകയാണ്. റബ്ബർ കർഷകരെ ധനകാര്യ വകുപ്പുമന്ത്രി അപമാനിച്ചിരിക്കുകയാണ്. അങ്ങ് അവരോട് മാപ്പ് പറയണം. ഈ ബജറ്റിൽ റബ്ബർ കർഷകർക്കുവേണ്ടി ഒരു വാക്കുപോലും പ്രതിപാദിച്ചിട്ടില്ല. റബ്ബറിന്റെ താങ്ങുവില 250/- രൂപയാക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞതാണ്, നാലുവർഷം കഴിഞ്ഞിട്ടും അത് നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ വർഷം 600 കോടി രൂപ മാറ്റിവച്ചതിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കണം. റബ്ബറിന് മാർക്കറ്റിൽ 200/- രൂപ വിലയുണ്ട്, താങ്ങുവില 180/- രൂപയാണ്. റബ്ബർ

കർഷകർക്ക് അവരുടെ ചെലവിന് തത്തുല്യമായ രീതിയിൽ വരുമാനം കിട്ടാത്ത സാഹചര്യത്തിൽ അവരെ സഹായിക്കാനും കേരളത്തിൽ ഏറ്റവുമധികം ആളുകൾ ആശ്രയിക്കുന്ന, ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉത്പാദനം നടക്കുന്ന സംസ്ഥാനമെന്ന നിലയിൽ ഏറ്റവും കൂടുതൽ കൃഷിഭൂമിയുള്ള റബ്ബർ മേഖലയെ സഹായിക്കാനുമുള്ള ഒരു നടപടിയും സ്വീകരിക്കാത്ത, റബ്ബർ എന്ന പേരുപോലും ബജറ്റിൽ ഉൾപ്പെടുത്താത്ത ധനകാര്യ വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. റബ്ബറിന്റെ താങ്ങുവില 250/- രൂപയാക്കുമെന്ന് മുൻപടി പ്രസംഗത്തിൽ പ്രഖ്യാപിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. കർഷകർ നേരിടുന്ന വലിയൊരു പ്രശ്നമാണ് അവരുടെ കടബാധ്യത. അവരുടെ വായ്പ എഴുതിത്തള്ളുന്നതിനോ പലിശയ്ക്ക് സബ്സിഡി കൊടുക്കുന്നതിനോ കടാശ്വാസ കമ്മീഷനെ ശാക്തീകരിക്കുന്നതിനോ ഉള്ള ഒരു വിദൂര ദൃഷ്ടിപോലും ബജറ്റിൽ കാണാൻ സാധിക്കുന്നില്ല. സർക്കാരിന്റെ സാമ്പത്തിക പിന്തുണയില്ലാത്തതുമൂലം ഭൂരിപക്ഷം കർഷകർക്കും അവരുടെ ഭൂമിയും ഉപജീവനമാർഗവും നഷ്ടപ്പെടുന്ന

സാഹചര്യമാണുള്ളതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കറിയാം. അല്പം അനുകമ്പയോടെ അവരെ സമീപിക്കാൻ ഈ സർക്കാരിന് കഴിയേണ്ടതുണ്ട്. ആധുനിക സാങ്കേതികവിദ്യക്ക് കൃഷിയിൽ വിപ്ലവം സൃഷ്ടിക്കാൻ കഴിയുന്ന ഈ പുതിയ കാലഘട്ടത്തിൽ അർഥവത്തായ കാർഷിക പരിഷ്കാരങ്ങൾ അവതരിപ്പിക്കുന്നതിൽ ഈ ബജറ്റ് പരാജയപ്പെട്ടിരിക്കുകയാണ്. സമകാലീന കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവമായ വിഷയമെന്ന നിലയിൽ വന്യജീവി ആക്രമണം തടയാനും വനത്തെയും വനേതര ഭൂമിയെയും വേർതിരിക്കാനുള്ള ഫെൻസിങിനും ബജറ്റിൽ പരിഗണന നൽകാത്തത് പ്രതിഷേധാർഹമാണ്. മലയോര മേഖലയിലെ സാധാരണക്കാരായ ജനങ്ങളോടും കർഷകരോടുമുള്ള വെല്ലുവിളിയായി മാത്രമേ ഇതിനെ കാണാൻ സാധിക്കൂ. ഈ വർഷത്തെ ബജറ്റിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി കുറച്ച് പണം മാറ്റിവച്ചുവെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത്. കഴിഞ്ഞ വർഷം ഇതിനായി അനുവദിച്ച തുകയിൽ വെറും 40 ശതമാനത്തോളം തുക മാത്രമേ ഇതുവരെ ചെലവഴിക്കാൻ

സാധിച്ചിട്ടുള്ളൂവെന്നതാണ് യാഥാർഥ്യം. നിരപരാധികളായ കർഷകരും ഗ്രാമീണരും ആദിവാസികളും കാട്ടാനകളുടെയും കാട്ടുപന്നികളുടെയും മറ്റും ആക്രമണത്തിനിരയായി പിടഞ്ഞുവീണ് മരിക്കുമ്പോൾ ഫലപ്രദമായൊരു പരിഹാരം കാണാൻ സർക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയുണ്ടായിരുന്നു. കാരണം, ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയമാണിത്. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ മലയോര ജാഥ നയിച്ചത്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള മലയോര മേഖലയിലൂടെ കടന്നുപോയ ആ ജാഥയുടെ മുന്നിലേക്ക് കടന്നുവന്ന പാവപ്പെട്ട ജനങ്ങളുടെയും വന്യജീവി ആക്രമണത്തിന് ഇരകളായവരുടെയുമൊക്കെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ ഞങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. പ്രതിപക്ഷം മാത്രമല്ല, ഭരണപക്ഷ അംഗങ്ങളുൾപ്പെടെ സഭയിൽ ഇത്തരം വിഷയങ്ങൾ ഉന്നയിച്ചപ്പോൾ വളരെ ലാഘവത്തോടെ അതിനെ സമീപിച്ച നടപടി അങ്ങേയറ്റം

ലജ്ജാകരമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അക്കാര്യത്തിനായി ഈ ബജറ്റിൽ കാര്യമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. ഭൂനികുതിയിൽ എല്ലാ സ്ലാബിലും 50% വർധന വരുത്തിയത് തോന്ന്യാസമെന്ന് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. കൃഷി ചെയ്യാൻ സാധിക്കാത്ത, വന്യമൃഗശല്യമുള്ള, ഒരു വരുമാനവും ലഭിക്കാത്ത ഭൂമി കൈവശം വച്ചതിന്റെ പേരിൽ വർധിച്ച ഭൂനികുതി അടയ്ക്കണമെന്ന് പറയുന്നതിന്റെ ഔചിത്യമെന്താണ്? ഇത് പിടിച്ചുപറിയാണ്. ഇവരിൽനിന്ന് നികുതി വാങ്ങി ആദായമുള്ളവർക്ക് നൽകാനാണോ സർക്കാർ ശ്രമിക്കുന്നതെന്ന് അറിയാൻ ആഗ്രഹമുണ്ട്. നികുതി നിർദേശം അടിയന്തരമായി പിൻവലിക്കണം. അല്ലെങ്കിൽ അതിശക്തമായ സമരം നേരിടേണ്ടിവരുമെന്ന മുന്നറിയിപ്പുകൂടി ഇവിടെ നൽകുകയാണ്. ലോകം മുഴുവൻ ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കാലത്ത് ബജറ്റിലൂടെ ഇലക്ട്രിക് വാഹനങ്ങൾക്ക് വില വർധിപ്പിക്കുന്ന നയം തലതിരിഞ്ഞതാണെന്ന് മാത്രമേ പറയാൻ സാധിക്കൂ. 15 വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്തിയത് സെക്കന്റ് ഹാൻഡ്

വാഹനങ്ങൾ വാങ്ങുന്ന പാവപ്പെട്ട ആളുകളോടുള്ള ക്രൂരതയായി മാത്രമേ കാണാൻ സാധിക്കൂ. ക്ഷേമപെൻഷൻ 2500 രൂപയായി വർധിപ്പിക്കുമെന്ന പ്രഖ്യാപനം ജലരേഖയായി മാറിയിരിക്കുന്നു. അടിയന്തരമായി ക്ഷേമപെൻഷൻ വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട രണ്ടുമൂന്ന് പ്രധാനപ്പെട്ട ആവശ്യങ്ങൾകൂടി ഉന്നയിക്കാൻ അവസരം തരണമെന്ന് അഭ്യർഥിക്കുകയാണ്. മണ്ഡലങ്ങളിലെ ആവശ്യങ്ങളുടെ വ്യാപ്തി പരിഗണിച്ച് ന്യായമായ പരിഗണന അവികസിത മേഖലകളിൽ നൽകേണ്ടതായിരുന്നു. കാലപ്പഴക്കംമൂലം അപകടത്തിലായിരിക്കുന്ന പാലങ്ങൾ പല നിയോജകമണ്ഡലങ്ങളിലുമുണ്ട്. അവ പുനർ നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം. ഇരിക്കൂർ മണ്ഡലത്തിലെ പുനർനിർമ്മിക്കാനുള്ള പാലങ്ങളുടെ വിവരം മുൻഗണന നിശ്ചയിച്ച് ധനകാര്യ വകുപ്പുമന്ത്രിക്ക് നൽകിയെങ്കിലും അതിനായി തുക വകയിരുത്തിയിട്ടില്ല, അത് പരിഗണിക്കണമെന്ന് അഭ്യർഥിക്കുന്നു. ടൂറിസം രംഗത്ത് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സർക്കാർ ശ്രമിക്കുമെന്ന് പറഞ്ഞെങ്കിലും മലയോര മേഖലയ്ക്ക്

ന്യായമായ പ്രാതിനിധ്യം കിട്ടിയിട്ടില്ല. മലബാറിലെ ഏറ്റവും പ്രധാന ടൂറിസം കേന്ദ്രമായ പാലക്കയംതട്ടിലും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. ബജറ്റിലെ പൊതുവായ ഇത്തരം വിഷയങ്ങളെ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, 2025-26 സാമ്പത്തിക വർഷത്തേക്കുവേണ്ടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ പിന്തുണയ്ക്കുകയാണ്. ബജറ്റെന്ന് പറയുന്നത് കേവലം സാമ്പത്തിക ക്രയവിക്രയത്തിന്റെ കണക്കുകൾ മാത്രമല്ല, സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും സാമൂഹികവുമായ ജീവിതത്തെയും അത് അടയാളപ്പെടുത്തുകയാണ്. അത്തരത്തിൽ അവതരിപ്പിക്കപ്പെട്ട ബജറ്റിന്റെ അന്തഃസത്തയെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ, യു.ഡി.എഫ്.-ന് അതെങ്ങനെ നോക്കിയാലും കാണില്ല. എന്താണ് ബജറ്റ്; ആർക്കുവേണ്ടിയാണ് ബജറ്റ് എന്നൊക്കെയാണ് അവർ പറയുന്നത്. അവർ ബജറ്റ് നേരെചൊവ്വെ വായിക്കുകയോ മനസ്സിലാക്കുകയോ

ചെയ്തിട്ടുണ്ടാകില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 15980.49 കോടി രൂപയും ആരോഗ്യ മേഖലയ്ക്ക് 10431.73 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. റോഡുകൾക്കും പാലങ്ങൾക്കുംവേണ്ടി 4219.41 കോടി രൂപയും വ്യവസായ വികസനത്തിന് 1831.36 കോടി രൂപയും ലൈഫ് ഭവന പദ്ധതിക്ക് 1160 കോടി രൂപയും പൊതുവിദ്യാഭ്യാസത്തിന് 2391.13 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രതിപക്ഷാംഗങ്ങൾ മഞ്ഞ കണ്ണട വച്ച് വായിച്ചാൽ ഇതൊന്നും മനസ്സിലാകില്ല. ക്ഷേമ പെൻഷന് 13340 കോടി രൂപ, വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി 2063 കോടി രൂപ, അതിദാരിദ്ര്യമില്ലാത്ത സംസ്ഥാനമാക്കുന്നതിനുവേണ്ടി 60 കോടി രൂപ എന്നിങ്ങനെ നീക്കിവച്ചിട്ടുണ്ട്. വളരെക്കുറച്ച് ആളുകൾ മാത്രമാണ് ദരിദ്രവിഭാഗത്തിലുള്ളത്. നെൽക്കൃഷി വികസനം, കാർഷിക വിളകളുടെ പരിപാലനം, ക്ഷീര വികസനം, പച്ചക്കറി വികസനം എന്നിവയെല്ലാം പൊതുവായ കാര്യങ്ങളാണ്. പൊതുമേഖല, പൊതുവിദ്യാഭ്യാസം,

പൊതുജനാരോഗ്യം എന്നൊക്കെയാണ് സംസ്ഥാന ബജറ്റിൽ പറയുന്നത്. എന്നാൽ അങ്ങനെയൊരു വാക്ക് നമ്മുടെ പാർലമെന്റ് ബജറ്റിൽ കാണാൻ കഴിയില്ല. ഇടതുപക്ഷ ഗവൺമെന്റിന്റെ വികസന കാഴ്ചപ്പാടിൽ അധിഷ്ഠിതമായ ബജറ്റിനെ എതിർക്കുന്നവരോട് പറയാനുള്ളത്, ഉറങ്ങുന്നയാളെ ഉണർത്താൻ കഴിയും, പക്ഷേ, ഉറക്കം നടിച്ച് കിടക്കുന്നയാളെ വിളിച്ച് എഴുന്നേൽപ്പിക്കാൻ കഴിയില്ലെന്നാണ്. പ്രതിപക്ഷത്തുള്ളവർ ഉറക്കം നടിച്ച് കിടക്കുകയാണ്. ഈ നാട്ടിലുണ്ടാകുന്ന സംഭവങ്ങൾ ഞങ്ങൾക്കൊന്നും ബാധകമല്ലെന്ന നിലപാടാണ് അവർ സ്വീകരിക്കുന്നത്. അങ്ങനെ ഇവർക്ക് എത്രകാലം മുന്നോട്ടുപോകാൻ സാധിക്കും? കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ട സമീപനം നമുക്ക് നന്നായി അറിയാം. കേരളം എന്നൊരു വാക്കുപോലും അതിൽ വരാതിരിക്കാനുള്ള നിതാന്ത ജാഗ്രതയോടുകൂടിയാണ് കേന്ദ്ര ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ കുറേക്കാലമായി അർഹതപ്പെട്ട ധനകാര്യ കമ്മീഷൻ ഫണ്ട്, ജി.എസ്.ടി. നഷ്ടപരിഹാരത്തുക, ഗ്രാന്റുകൾ എന്നിവ നൽകാതെ കടുത്ത സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ച് കേരളത്തെ ശ്വാസം മുട്ടിച്ച് കൊല്ലാനുള്ള

ശ്രമം നടക്കുമ്പോൾ, 'നിങ്ങൾ കൊല്ല ഞങ്ങൾ നിന്നുതരാം' എന്ന നിലപാടല്ല ഗവൺമെന്റ് സ്വീകരിച്ചത്. അവർ ഉയർത്തുന്ന വെല്ലുവിളിയെ വെല്ലുവിളിയായി ഏറ്റെടുത്ത് കേരള സമൂഹത്തെ സ്വന്തം കാലിൽ നിർത്താനാവശ്യമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് കേരളത്തിൽ കഴിഞ്ഞ എട്ട് വർഷമായി ഇടതുപക്ഷ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഒരിക്കലും ഞങ്ങൾ കീഴടങ്ങില്ലെന്ന് പറഞ്ഞിട്ടുണ്ട്, കീഴടങ്ങുന്ന നിലപാട് സ്വീകരിക്കാൻ ഞങ്ങൾക്ക് കഴിയില്ല. തനത് വരുമാനം വർധിപ്പിച്ചും നികുതി പിരിവ് ഊർജിതമാക്കിയും സാമ്പത്തിക അച്ചടക്കം പാലിച്ചുമാണ് അങ്ങനെയൊരു നിലപാടിലേക്കെത്താൻ കഴിഞ്ഞത്. ബജറ്റ് അവതരിപ്പിച്ചപ്പോൾത്തന്നെ ധനകാര്യ വകുപ്പുമന്ത്രി അക്കാര്യം സൂചിപ്പിക്കുകയും ചെയ്തു. നികുതി വർധിപ്പിച്ചത് സംബന്ധിച്ച് ഇവിടെ പറഞ്ഞു. 5 രൂപ നികുതി അടയ്ക്കാൻവേണ്ടി വില്ലേജ് ഓഫീസിലേക്ക് പോകാൻ ആളുകൾക്ക് മടിയാണ്. വർഷങ്ങളായി കണക്കാക്കുന്ന നികുതിയാണത്. ആ 5 രൂപ 7.50 രൂപയാക്കിയാൽ ആകാശം ഇടിഞ്ഞുപോകുമോ? ഭൂമിയുടെ വിസ്തൃതിക്കനുസരിച്ച് നികുതി വിഹിതം

വർധിപ്പിച്ചിട്ടുണ്ട്. 50 ശതമാനമെന്ന് കേൾക്കുമ്പോൾ വല്ലാത്തൊരു സംഖ്യയാണെന്നാണ് നിങ്ങൾക്ക് തോന്നുന്നത്. നിങ്ങൾക്ക് ഇക്കാര്യങ്ങളൊക്കെ ചെയ്തതും തുക മാറ്റിവച്ചതും വിഹിതം കിട്ടിയതും പോരാ. പിന്നെ എവിടെനിന്ന് കാശുണ്ടാക്കും? നോട്ടടിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിനുണ്ടോ? കേന്ദ്ര സർക്കാർ അർഹതപ്പെട്ട വിഹിതംപോലും തരുന്നില്ല. സംസ്ഥാന സർക്കാരിന് കഴിയുന്ന രീതിയിലുള്ള നിലപാടുകൾ സ്വീകരിച്ച് അല്പം നികുതി വർധിപ്പിക്കാൻ തീരുമാനിക്കുമ്പോൾ അതും സമ്മതിക്കില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ് കാര്യങ്ങൾ നടക്കുന്നത്? പാട്ടവ്യവസ്ഥയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ബജറ്റിൽ പറഞ്ഞിട്ടുണ്ട്. പാട്ടം നിജപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ചില പ്രയാസങ്ങൾ കാരണം യഥാർഥത്തിൽ പിരിഞ്ഞുകിട്ടേണ്ട പാട്ടത്തിന്റെ തോതിനനുസരിച്ച് തുക കിട്ടുന്നില്ല. അതുകൊണ്ട് പാട്ടവ്യവസ്ഥ കണക്കാക്കിയത് സംബന്ധിച്ച് പുനരാലോചന നടത്തി അത് കുറയ്ക്കണമെന്ന നിർദേശത്തെ സ്വാഗതം ചെയ്യണം. അത് ഇളവ് നൽകേണ്ട കാര്യമാണ്. കിഫ്ബി പദ്ധതിയെ സംബന്ധിച്ചാണ് ബഹുമാന്യനായ

പ്രതിപക്ഷനേതാവും മറ്റുള്ളവരും സമർഥിക്കുന്നത്. കിഫ്ബി പദ്ധതിയില്ലായിരുന്നെങ്കിൽ നമ്മുടെ നാട് സ്വർഗതുല്യമാകുമെന്നാണ് അവരുടെ ന്യായീകരണം. കിഫ്ബിയില്ലാത്ത കാലത്ത് ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇവിടെ വികസനം നടന്നിട്ടുണ്ടല്ലോ. ഇരുപത്തിയഞ്ചും മുപ്പതും വർഷം എം.എൽ.എ.-മാരായിരുന്നവരുണ്ട്. ഉമ്മൻ ചാണ്ടിയും കെ. എം. മാണിയും 50 വർഷം എം.എൽ.എ.-യായിരുന്നിട്ടുണ്ട്. അവരിപ്പോൾ ജീവിച്ചിരിപ്പില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എം.എൽ.എ.-യും മന്ത്രിയുമൊക്കെയായിരുന്ന അവരുടെ മണ്ഡലത്തിൽ ആ കാലഘട്ടത്തിൽ വികസന പ്രവർത്തനം നടത്താൻ ബജറ്റിന്റെ ഭാഗമായി ലഭ്യമായ ഫണ്ട് എത്രയാണെന്നും എന്ത് വികസന പ്രവർത്തനം നടത്തിയെന്നും കിഫ്ബി വന്നതിനുശേഷം അവർക്ക് വികസനത്തിനുവേണ്ടി ലഭിച്ച ഫണ്ട് എത്രയെന്നും നിങ്ങൾ പരിശോധിക്കണ്ടേ? ബജറ്റിന്റെ ഭാഗമായി വരേണ്ട തുക കിഫ്ബിയിൽ വരുന്നതുകൊണ്ട് കേരളം വലിയ സാമ്പത്തിക കെണിയിലാണെന്നാണ് പറയുന്നത്. ബജറ്റിന്റെ ഭാഗമായി മുമ്പ് ഉൾപ്പെടുത്തിയിരുന്ന വികസന

പ്രവർത്തനങ്ങളും കിഫ്ബി വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങളും പരിശോധിച്ചാൽ നിങ്ങൾക്ക് അതിന്റ യാഥാർഥ്യം മനസ്സിലാകും. കിഫ്ബിയുമായി ബന്ധപ്പെട്ട വികസനപ്രവർത്തനത്തിൽ എല്ലാവർക്കും പങ്കില്ലേ? തറവാട് സ്വത്തല്ലെന്നാണ് ഇവിടെ പറയുന്നത്. കേന്ദ്ര ബജറ്റ് അവതരിപ്പിച്ചപ്പോൾ അങ്ങനെ ഒരു വാക്കും ഇവരുടെ ഭാഗത്തുനിന്നും കേട്ടില്ലല്ലോ. കേന്ദ്ര സർക്കാർ ഇന്ത്യാ രാജ്യത്തിന്റെ വിഭവത്തെ ക്രമപ്രകാരവും ഭരണഘടനയും ഫെഡറൽ തത്വങ്ങളും ധനകാര്യ കമ്മീഷന്റെ തീരുമാനവും അനുസരിച്ച് വീതിക്കേണ്ടതല്ലേ? അങ്ങനെ ചെയ്യാതിരിക്കുമ്പോൾ ഇത് ശ്രീ. നരേന്ദ്ര മോദിയുടെയും കേന്ദ്ര സർക്കാരിന്റെയും തറവാട് സ്വത്തല്ലെന്ന് പറയാൻ ആരും മുന്നോട്ടുവന്നില്ല. ഇവിടത്തെ കാര്യം വരുമ്പോൾ തറവാട് സ്വത്തല്ലെന്ന് പറയുന്നു. എല്ലാവരുടെയും സ്വത്ത് തന്നെയാണ്. പക്ഷേ, എല്ലാവരുടെയും സ്വത്ത് കഴിഞ്ഞ കാലങ്ങളിലുമുണ്ടായിരുന്നു. ആ സ്വത്തിന്റെ അടിസ്ഥാനത്തിൽ 2016-നുശേഷം വന്ന ഈ ഗവൺമെന്റ് 8 വർഷംകൊണ്ട് നടപ്പിലാക്കിയ വികസനവും നിങ്ങൾ 35 വർഷമൊക്കെ

എം.എൽ.എ.-യും മന്ത്രിമാരുമായിരുന്നിട്ട് നടത്തിയ വികസനത്തിന്റെ തോതും കണക്കാക്കിയാൽ കിഫ്ബി പദ്ധതി ആവശ്യമാണ്, അത് നിലനിൽക്കണം, കൂടുതൽ ശക്തമായി അതിനെ മുന്നോട്ട് കൊണ്ടുപോകണമെന്ന അഭിപ്രായത്തിലേക്ക് നിങ്ങൾക്കും എത്തേണ്ടിവരും. മറ്റൊരു തർക്കം തറക്കല്ലിടുന്നതിനെക്കുറിച്ചാണ്. പലയിടത്തും ആളുകൾ തറക്കല്ലിട്ടിട്ടുണ്ട്. തറക്കല്ലെന്ന് പറഞ്ഞാൽ സർവെ കല്ല് പോലെയാണ് കിടക്കുന്നത്, അത് ഒന്നും ചെയ്യില്ല. തറക്കല്ലിനെ പ്രാവർത്തികമാക്കണമെങ്കിൽ അതിന്റെ പിന്നിൽ ഭരണപരവും സാമ്പത്തികവും നിയമാനുസൃതവുമായ ഒട്ടേറെ കാര്യങ്ങളുണ്ട്. പാലക്കാട് കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കുവേണ്ടി ഇന്ദിരാഗാന്ധിയുടെ കാലത്ത് നിങ്ങൾ തറക്കല്ലിട്ടിരുന്നു, വല്ലതും നടന്നോ? വിഴിഞ്ഞത്ത് തറക്കല്ലിട്ടിട്ട് അവിടെ കിടന്നില്ലേ? തുടർന്നുവന്ന ഗവൺമെന്റാണ് അതിന്റെ കാര്യങ്ങൾ നടപ്പാക്കി മുന്നോട്ടുപോയത്. കണ്ണൂർ വിമാനത്താവളം കൊണ്ടുവരികയും അവിടെ ഹെലികോപ്റ്റർ ഇറക്കിയെന്നുമാണ് നിങ്ങൾ പറയുന്നത്. സ്ഥലമില്ലെങ്കിൽ ഹൈസ്കൂൾ ഗ്രൗണ്ടിലോ മറ്റേതെങ്കിലും ഗ്രൗണ്ടിലോ

കുന്നുംപുറത്തോ ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കും. ഇക്കാര്യങ്ങൾ പറയുമ്പോൾ അതിലൊരു ന്യായം വേണം. വികസനവുമായി ബന്ധപ്പെട്ട് ഇവിടെ നടക്കുന്ന കാര്യങ്ങൾ നടന്നുവെന്ന് പറയേണ്ടതല്ലേ; അതിന് കൂട്ടായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിൽ അത് പറയണ്ടേ? ഒരു കാര്യവും നടന്നിട്ടില്ലെന്നാണ് ശ്രീ. സജീവ് ജോസഫ് പറഞ്ഞത്. കാർഷിക മേഖലയിൽ വന്യമൃഗങ്ങളുടെ പ്രശ്നങ്ങളില്ലേ; വന്യമൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രനിയമമുണ്ടാക്കിയത് നിങ്ങളല്ലേ? ആ നിയമത്തിൽ മാറ്റം വരാത്തിടത്തോളം നമുക്കൊന്നും ചെയ്യാൻ കഴിയില്ലല്ലോ. ഇന്ന് രാവിലെ പട്ടിയെ പിടിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞു, അത് നല്ല കാര്യമാണ്. വിഷബാധ ഏൽക്കുമെന്നുള്ളതിനാൽ തൊടാൻപോലും നിവൃത്തിയില്ല. അതുകൊണ്ട് നിയമമുണ്ടാക്കിയ വക്താക്കൾതന്നെ ഇപ്പോൾ ഞങ്ങൾ ഈ നാട്ടുകാരല്ലെന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. അതുപോലെ കാർഷിക മേഖലയിലെ പ്രതിസന്ധിയെക്കുറിച്ചും റബ്ബർ കൃഷിക്കാരുടെയും മറ്റുകൃഷിക്കാരുടെയും പ്രശ്നങ്ങളും ഇവിടെ പറഞ്ഞു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഗാട്ട് കരാറുണ്ടാക്കിയത് ആരാണ്;

ആസിയൻ കാരാറിൽ ഒപ്പിട്ടത് ആരാണ്? കാർഷിക മേഖലയെയും കൃഷിക്കാരെയും നാണ്യവിളകളെയും മുച്ചൂട് തകർക്കുമെന്ന് ആസിയാൻ കരാറുമായി ബന്ധപ്പെട്ട് അന്നേ ഞങ്ങൾ പറഞ്ഞതാണ്. ആസിയാൻ കരാറും ഗാട്ട് കരാറും അപകടമാണെന്നും അതിനുപിന്നിൽ കാണാചരടുണ്ടെന്നും ഞങ്ങൾ പറഞ്ഞപ്പോൾ അത് രാജ്യത്തെ പുരോഗതിക്കുവേണ്ടിയാണെന്ന് പറഞ്ഞ് കരാർ ഒപ്പുവച്ചവരാണ് അന്നത്തെ ഭരണാധികാരികൾ. അതിൽ സംസ്ഥാനത്തിന് തടഞ്ഞുനിർത്താൻ സാധിക്കുന്ന കാര്യങ്ങൾ തടഞ്ഞുനിർത്തി മുന്നോട്ടുപോകുന്ന സ്ഥിതിയാണുള്ളതെന്ന് അംഗീകരിച്ചുകൊണ്ട് ബാക്കി കാര്യങ്ങൾ വിമർശനപരമായി പറയാമെന്നാണ് തോന്നുന്നത്. ഐക്കോൺസ് (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റിവ് ന്യൂറോ സയൻസസ്) എന്ന സ്ഥാപനം തിരുവനന്തപുരത്തും ഷൊർണ്ണൂരും പ്രവർത്തിക്കുന്നുണ്ട്. അത് ആതുരശുശ്രൂഷാ രംഗത്തെ ഏഷ്യയിലെ ഏറ്റവും വലിയ സ്ഥാപനമാണ്. അതിന് സെൽഫ് ഫൈനാൻസിങ് സ്ഥാപനമെന്ന നിലയിൽ പരിമിതിയുണ്ട്. സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റ് കൊണ്ടാണ് ആ

സ്ഥാപനം പ്രവർത്തിക്കുന്നത്. ഐക്കോൺസിന്റെ തിരുവനന്തപുരം, ഷൊർണ്ണൂർ സെന്ററുകൾക്ക് ഇപ്പോൾ ബജറ്റ് വിഹിതമായി 7.34 കോടി രൂപ വകയിരുത്തിയത് സ്വാഗതാർഹമാണ്. ആ സ്ഥാപനത്തിൽ പതിനഞ്ചും ഇരുപതും വർഷങ്ങളായി ജോലി ചെയ്യുന്ന സാധാരണക്കാരായ തൊഴിലാളികൾക്ക് മിനിമം വേതനം കൊടുക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് ആ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നോൺപ്ലാൻ ഇനത്തിൽ ഫണ്ട് അനുവദിക്കണം. എം. ടി. വാസുദേവൻ നായർക്ക് തുഞ്ചൻ പറമ്പിൽ സ്മാരകം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. ചെർപ്പുളശ്ശേരി വളർന്നുവരുന്ന വലിയൊരു പട്ടണമാണ്. എന്നാൽ അവിടെ ഒരു വർഷത്തിൽ എട്ടോ പത്തോ പ്രാവശ്യം തീപിടുത്തമുണ്ടാകുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പതിനാറോളം തവണ തീപിടുത്തമുണ്ടായിട്ടുണ്ട്. പെട്രോൾ പമ്പുകളും സ്കൂളുകളുമെല്ലാമുള്ള ചെർപ്പുളശ്ശേരി ടൗൺ കേന്ദ്രീകരിച്ച് സർക്കാരിന് സ്ഥലമുണ്ട്. അവിടെ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധിയുമായി

ബന്ധപ്പെട്ട കുടിശ്ശിക ഞങ്ങൾ വരുത്തിയതല്ല, നേരത്തെ യു.ഡി.എഫ്. വരുത്തിയതാണ്. ആ കുടിശ്ശിക നൽകുന്നതിന് 20 കോടി രൂപ ബജറ്റിൽ അനുവദിച്ചത് നല്ല കാര്യമാണ്. അത് മുഴുവൻ കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. സാമൂഹ്യ സുരക്ഷാ പെൻഷനും കർഷകത്തൊഴിലാളി പെൻഷനും ഏതെങ്കിലും രീതിയിൽ കുറവുവരുത്തിയെങ്കിൽ അത് വർധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർഥിക്കുകയാണ്. ഇവിടെ അവതരിപ്പിക്കപ്പെട്ട ബജറ്റ് കേരളത്തിന്റെ സമൂലമായ വികസനത്തിനും നവകേരള സൃഷ്ടിക്കും ഉതകുന്നതാണ്. "ജീവനക്കാർ മാത്രം സുഖിക്കേണ്ട", "പങ്കാളിത്ത പെൻഷൻ പിൻവലിക്കാൻ ആർക്കുമാകില്ല" എന്നുള്ളത് ഉമ്മൻ ചാണ്ടിയുടെ പ്രസ്താവനയാണ്. "ശമ്പളം കൊടുത്തില്ലെങ്കിൽ തുക്കിലിടില്ല" എന്നാണ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി കെ. ശങ്കരനാരായണൻ പറഞ്ഞിട്ടുള്ളത്. "അധ്യാപകർ 150 ദിവസം ജോലി ചെയ്ത് 365 ദിവസത്തെ ശമ്പളം വാങ്ങുന്നു" എന്നുപറഞ്ഞത് ശ്രീ. എ. കെ. ആന്റണിയായിരുന്നു. ഇവരെല്ലാം മന്ത്രിമാരും മുഖ്യമന്ത്രിയുമായിരുന്ന കാലത്ത് നടത്തിയ പ്രസ്താവനകളുടെ കോപ്പിയാണ്

എന്റെ കൈയിലുള്ളത്. (പത്ര കട്ടിങ്ങുകൾ ഉയർത്തിക്കാണിച്ചു). ഇതുകൂടി യു.ഡി.എഫ്. ഓർക്കണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഗവൺമെന്റിനെ ഇല്ലാതാക്കാനുള്ള കുടിലതന്ത്രങ്ങളെയും മറികടന്ന് എൽ.ഡി.എഫ്. സർക്കാർ നവകേരളത്തിലേക്കുള്ള കുതിപ്പ്/ടേക്ക് ഓഫ് പുരോഗമനപരവും പോസിറ്റീവും പ്രായോഗികവുമായ ഈ ബജറ്റിലൂടെ നടത്തുകയാണ്. ഭാവികേരളത്തിന്റെ വികസനത്തിന് അടിത്തറപാകിയ ബജറ്റാണിത്. വരുംതലമുറയ്ക്ക് ലോകരാജ്യങ്ങളിലെ തലപൊക്കത്തിനൊപ്പം അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നതിനുള്ള പ്രാപ്തി നേടാനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. "വിസ്മയംപോലെ ലഭിക്കും നിമിഷത്തിനർഥം കൊടുത്തു പൊലിപ്പിച്ചെടുക്ക നാം" എന്ന കടമ്മനിട്ട രാമകൃഷ്ണന്റെ വരികളാണ് ഈ സർക്കാരിനെ നയിക്കുന്നത്. വിസ്മയംപോലെ ലഭിക്കുന്ന നിമിഷത്തെ അർഥം കൊടുത്ത്

പൊലിപ്പിച്ചെടുക്കുകയാണ് ഈ ബജറ്റിലൂടെ ചെയ്യുന്നത്. ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് കേന്ദ്ര ബജറ്റ് അവതരിപ്പിച്ചത്. അതിൽ കേരളമെന്ന സംസ്ഥാനത്തെതന്നെ മറന്നുപോയിരിക്കുന്നു, മുണ്ടക്കൈ-ചൂരൽമല പ്രദേശത്തെ മറന്നിരിക്കുന്നു. പ്രധാനമന്ത്രി ഇവിടെവന്ന് ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയെ ഫോട്ടോ ഷൂട്ടിനായി ഉപയോഗിക്കുന്ന സാഹചര്യമുണ്ടായി. കേന്ദ്ര ബജറ്റ് അവതരിപ്പിച്ചപ്പോഴാണ് ഇത് ഫോട്ടോ ഷൂട്ടാണെന്ന് തിരിച്ചറിയുന്നത്. ആ ബജറ്റിൽ കേരളത്തിനായി ഒന്നും നീക്കിവച്ചില്ല. കേരളത്തിന്റെ വളർച്ചയിൽ ഒരു പങ്കുമില്ലാത്ത പാർട്ടിയാണ് ബി.ജെ.പി., ആ പാർട്ടിയുടെ അധ്യക്ഷൻ വയനാട് ജില്ലയെ ചേർത്തുപിടിച്ച കേരള ബജറ്റിനെ ഇകഴ്ത്തുന്ന സമീപനമാണ് സ്വീകരിച്ചത്. കേരള വികസനത്തിന് നമുക്ക് നൽകേണ്ട വിഹിതം വെട്ടിക്കുറച്ച് ശ്വാസംമുട്ടിച്ച് കൊല്ലാൻ ശ്രമിക്കുന്ന കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പ്രസംഗം പുത്തരിക്കണ്ടം മൈതാനത്തെ പ്രസംഗം പോലെയായിരുന്നു. കേന്ദ്ര ബജറ്റ് എന്തിനുവേണ്ടിയാണ്? ബീഹാർ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കും കേന്ദ്രസർക്കാരിന്റെ നിലനിൽപ്പിനുംവേണ്ടിയുള്ള ബജറ്റ്

മാത്രമാക്കി കേന്ദ്ര ബജറ്റിനെ മാറ്റുകയാണ്. നമ്മുടെ പ്രതിപക്ഷനേതാവും കേരള ബജറ്റിൽ ഒന്നുമില്ലെന്നാണ് പറഞ്ഞത്. ബി.ജെ.പി.-ക്കുവേണ്ടി ദയവുചെയ്ത് അങ്ങ് ഈ പണി ചെയ്യരുതെന്നാണ് പ്രത്യേകമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഡൽഹിയിൽ ബി.ജെ.പി.-യെ ജയിപ്പിക്കുന്നത് കോൺഗ്രസ്സാണ്. ബി.ജെ.പി.-യെ ജയിപ്പിക്കുന്നതിന് ആം ആദ്മി പാർട്ടിക്കെതിരെ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത് കോൺഗ്രസ്സായി മാറുകയാണ്. ഇന്ത്യാ മുന്നണിയെ തകർക്കാൻ കൂടെനിൽക്കുന്നത് കോൺഗ്രസ്സാണ്. അങ്ങയുടെ മനസ്സാണ് ഇപ്പോൾ പൊള്ളയായിരിക്കുന്നത്. ബജറ്റ് അവതരണത്തിനുശേഷം ഞാൻ ഒരുപാട് ചാനൽ ചർച്ചകൾ കണ്ടു. അതിലെല്ലാം ഇതൊരു പ്രായോഗിക ബജറ്റാണെന്നാണ് എല്ലാവരും സമ്മതിക്കുന്നത്. കേരളത്തിൽ മൂന്നാമതും ഇടതുപക്ഷ മുന്നണി അധികാരത്തിൽ വരുമെന്നാണ് ഇതിലൂടെ മനസ്സിലാക്കുന്നത്. പ്രതിപക്ഷത്തിന്റെ മോഹത്തിന് ഭംഗം വരുന്നു, അങ്ങയുടെ മോഹത്തിനും ഭംഗം വരുന്നു. അങ്ങനെ മോഹഭംഗം വരുന്ന തരത്തിലുള്ള ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്.

254 പേർക്ക് ജീവൻ നഷ്ടമായ, 44 പേരെ ഇനിയും കണ്ടെത്താൻ കഴിയാത്ത, 2007 വീടുകൾ തകർന്ന, ആയിരക്കണക്കിന് ആളുകളുടെ ഉപജീവനമാർഗം ഇല്ലാതായ, 1002 കോടി രൂപയുടെ നഷ്ടമുണ്ടായ, 2221 കോടി രൂപ പുനരധിവാസത്തിനാവശ്യമായ പ്രയാസകരമായ സാഹചര്യത്തെ മറികടക്കാൻ 750 കോടി രൂപ നീക്കിവയ്ക്കുകയും അധിക തുക സർക്കാർ വിനിയോഗിക്കുമെന്നും ഉറപ്പുവരുത്തുന്ന ബജറ്റ് പൊള്ളയായതല്ല, കാമ്പും കാതലുമുള്ളതാണ്. മുന്നാക്കമായ കേരളത്തിൽ നിന്ന് പോയ ഒരു കേന്ദ്രമന്ത്രി കേരളത്തെ മറ്റ് സംസ്ഥാനങ്ങളുടെ മുന്നിൽ പിന്നാക്കമാണെന്ന് വരുത്തിത്തീർക്കാനാണ് ശ്രമിക്കുന്നത്. അത് സമ്മതിച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറല്ല. ശ്രീ. കെ. ഡി. പ്രസേനൻ, ശ്രീമതി യു. പ്രതിഭ എന്നിവർ സൂചിപ്പിച്ചതുപോലെ, കേരളം എത്രയെത്ര പ്രവർത്തനങ്ങളിലാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്! മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ മേഖലയിലും സാമൂഹികവും അടിസ്ഥാനപരവുമായ കാര്യങ്ങളിലുമെല്ലാം നാം ഏറെ മുന്നിലാണ്. പുറകിലേയ്ക്ക് പോകാനല്ല, ഇനിയും മുന്നോട്ടുപോകാൻ തന്നെയാണ്

തീരുമാനം. കേരളത്തിൽ മാറിമാറി വരുന്ന ഇടതുപക്ഷ സർക്കാരുകൾ ദീർഘവീക്ഷണത്തോടെ ഇടപെട്ട് കേരളത്തെ മുന്നോട്ട് നയിക്കുകയാണ്. 64006 കുടുംബങ്ങൾ അതിദരിദ്രരുടെ പട്ടികയിലാണെന്ന് സർവെയിലൂടെ കണ്ടെത്തുകയും 44539 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്നും മോചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കുടുംബങ്ങളെയും മോചിപ്പിക്കാനാവശ്യമായ ക്രമീകരണത്തിനായി ബജറ്റിൽ 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻവർഷത്തെക്കാൾ 10 കോടി രൂപ അധികമായി മാറ്റിവച്ചിരിക്കുന്നു. പട്ടിണിയില്ലാതെ ജീവിക്കാൻ കഴിയുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമായി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാർ കേരളത്തെ മാറ്റുകയാണ്. ലോകത്തെ ഏറ്റവും വലിയ പട്ടിണി രാജ്യമായി ഇന്ത്യയെ മാറ്റാൻ കേന്ദ്ര സർക്കാർ ശ്രമിക്കുമ്പോഴാണ് അതിന് ബദലായി പട്ടിണിയില്ലാത്ത സംസ്ഥാനമായി സംസ്ഥാന സർക്കാർ കേരളത്തെ മാറ്റുന്നത്. ബി.ജെ.പി.-യും കോൺഗ്രസും ആഗ്രഹിക്കുന്നതുപോലെ കേരളം പിന്നോട്ട് പോകുകയില്ല, ഇടതുപക്ഷത്തിന്റെ ചിറകിലേറി മുന്നോട്ട് കുതിക്കുന്ന കാഴ്ചയാണ്

കാണുന്നത്. വിദ്യാഭ്യാസ രംഗത്ത് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. പുസ്തകം കൊടുക്കാത്ത, പാഠപുസ്തകമില്ലാത്ത, കെട്ടിടങ്ങളില്ലാത്ത, അടച്ചുപൂട്ടാൻ നിൽക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം 2016-നുമുമ്പ് കേരളത്തിലുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയാണോ? ഇപ്പോൾ കോടിക്കണക്കിന് രൂപയുടെ പുതിയ കെട്ടിടങ്ങൾ പ്രതിപക്ഷത്തുള്ളവരുടെയും ഭരണപക്ഷത്തുള്ളവരുടെയും മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുണ്ട്. അതൊന്നും നിങ്ങൾ കാണുന്നില്ല. ലാബുകൾ, ടിങ്കറിങ് ലാബുകൾ, അടിസ്ഥാന സൗകര്യ വികസനങ്ങൾ, അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്ലാസ് റൂമുകൾ എന്നിവയെല്ലാം കേരളത്തിൽ നടപ്പിലാക്കി. സാധാരണക്കാരന്റെ മക്കൾക്ക് ഡിജിറ്റലായി പഠിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായി. കേന്ദ്രം അതിനെക്കുറിച്ചൊക്കെ ആലോചിക്കുന്നതുപോലും ഈ ബജറ്റിലാണ്. എന്നാൽ ഇക്കാര്യങ്ങളെല്ലാം നടപ്പിലാക്കിയ ഗവൺമെന്റാണ് നമ്മുടേത്. പട്ടികജാതി വിഭാഗങ്ങളെപ്പോലും കേന്ദ്ര സർക്കാർ പരിഗണിക്കുന്നില്ല. എന്നാൽ ഇവിടെ പട്ടികജാതി വിഭാഗങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക്

മുൻവർഷത്തെക്കാൾ 114.90 കോടി രൂപയും എസ്.ടി. വിഭാഗത്തിന് 46.31 കോടി രൂപയും അധികമായി വകയിരുത്തിയിരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിന്റെ വികസനത്തിനായി ഏകദേശം 3236.85 കോടി രൂപയും പാലക്കാട് മെഡിക്കൽ കോളേജിന് 25 കോടി രൂപയും അതിദരിദ്രരെന്ന് കണ്ടെത്തിയവർക്ക് ഭൂമി വാങ്ങുന്നതിന് 170 കോടി രൂപയും ഭവന പുനരുദ്ധാരണത്തിനുള്ള സേഫ് പദ്ധതിക്കായി 240 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി 278.62 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് മുൻവർഷത്തെക്കാൾ 12 കോടി രൂപയുടെ വർധനവാണുണ്ടായിരിക്കുന്നത്. ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നൽകിവന്നിരുന്ന സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കി. എന്നാൽ സംസ്ഥാന സർക്കാർ 'കെടാവിളക്ക്' എന്ന പദ്ധതിയിലൂടെ ആ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 15 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിരിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് രാജ്യത്തിന്

പുറത്തുപോയി പഠിക്കാൻ സാഹചര്യമുണ്ടാക്കിയത് ഈ സർക്കാരാണ്. 'ഉന്നതി' സ്കോളർഷിപ്പിലൂടെ 820 പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്കാണ് വിദേശ പഠനം സാധ്യമായത്. ഇന്ത്യയിലെ മികച്ച കോളേജുകളിൽ 16 എണ്ണം കേരളത്തിലാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ആയിരക്കണക്കിന് കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവകലാശാലകൾ മികവുറ്റതായി മാറുകയാണ്. എന്നാൽ ഗവർണറെ ഉൾപ്പെടെ ഉപയോഗിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസരംഗം തകർക്കാനുള്ള ശ്രമമാണ് കേരള യൂണിവേഴ്സിറ്റിയിലുൾപ്പെടെ നടത്തിക്കൊണ്ടിരിക്കുന്നത്. മാവേലിക്കരയിലെ രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ ഇറാൻ, ഇറാഖ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ ചിത്രരചന പഠിക്കാൻ വരുന്നുണ്ട്. അവിടെ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് എന്ന അന്താരാഷ്ട്ര പഠനകേന്ദ്രത്തിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സാധാരണക്കാരായ അമ്മമാരും സഹോദരിമാരും ഉൾപ്പെടുന്ന തൊഴിലുറപ്പ് മേഖലയെ തകർക്കാൻ കേന്ദ്രസർക്കാർ

ശ്രമിക്കുമ്പോൾ ഗ്രാമീണമേഖലയുടെ വികസനത്തിനായി 7098.74 കോടി രൂപയാണ് സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 598.75 കോടി രൂപ അധികമായി നീക്കിവച്ചിരിക്കുകയാണ്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സംരക്ഷിക്കുന്നതിനും 10.50 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നിലപാടുകൾ ഈ ബജറ്റിൽ സ്വീകരിച്ചിട്ടുണ്ട്. തലയ്ക്കുമീതെ ശൂന്യാകാശമെന്ന് നമ്മൾ പാട്ടുകളിൽ കേട്ടിട്ടുണ്ട്.

"പാമ്പുകൾക്കു മാളമുണ്ട്

പറവകൾക്കാകാശമുണ്ട്

മനുഷ്യപുത്രനു തലചായ്ക്കാൻ

മണ്ണിലിടമില്ലാ... മണ്ണിലിടമില്ലാ..." എന്നൊക്കെ നേരത്തെ ഇവിടെ പാടിയിട്ടുള്ളതാണ്. എന്നാൽ ഇന്ന് എല്ലാവർക്കും അടച്ചുറപ്പുള്ള വീട് എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഭവനരഹിതരില്ലാത്ത കേരളം സാക്ഷാത്കരിക്കാൻ ഒരു ലക്ഷം വീടുകൂടി പൂർത്തിയാക്കുന്നതിനായി 1160 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത്

മുൻവർഷത്തെക്കാൾ 80 കോടി രൂപ അധികമാണ്. ദുർബല വിഭാഗങ്ങൾക്കും താഴ്ന്ന വരുമാനക്കാർക്കും വീട് നിർമ്മിക്കുന്നതിനായി 24 കോടി രൂപ ഗൃഹശ്രീ പദ്ധതിയിലൂടെ വകയിരുത്തിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെയും ദിവസവേതനക്കാരുടെയും വേതനം വർധിപ്പിക്കുന്നതിനും ക്രിയാത്മകമായ ഇടപെടലാണ് ബജറ്റിലുള്ളത്. വിഴിഞ്ഞം പ്രധാന കയറ്റുമതി തുറമുഖമാകുന്നു, വിഴിഞ്ഞം-കൊല്ലം-പുനലൂർ വികസന ത്രികോണമുണ്ടാകുന്നു, ആയിരം കോടി രൂപ വകയിരുത്തി പശ്ചാത്തല സൗകര്യവികസനവുമുണ്ടാകുന്നു. തീരദേശ ജനതയെ ചേർത്തുപിടിച്ച, ടൂറിസം രംഗത്ത് ഉണർവേകുന്ന, മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് മികച്ച ഇടപെടൽ നടത്തുന്ന ബജറ്റാണിത്. ആരോഗ്യ മേഖലയ്ക്ക് 10431.73 കോടി രൂപ അധികം ചെലവഴിക്കുന്ന, ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന നാടിനെ അതേ തരത്തിൽ മുന്നോട്ടുകൊണ്ടുപോകുന്ന ബജറ്റാണിത്. നൂറനാട് ലെപ്രസി സാനിറ്റോറിയത്തെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർത്തിയിട്ടുണ്ട്. അവിടെ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് എം.എൽ.എ. ഫണ്ടായി രണ്ടുകോടി രൂപ വകയിരുത്തി മറ്റ് ക്രമീകരണങ്ങൾ

ഏർപ്പെടുത്താനുള്ള സഹായമുണ്ടാകണം. അതുപോലെ ഓണാട്ടുകരയിൽ ബുദ്ധനെയും കരുമാടിക്കുട്ടനെയും നിലനിർത്തി മ്യൂസിയമെന്ന രീതിയിൽ പഴയ സംസ്കാരത്തിന്റെ ഏറ്റവും മികച്ച മാതൃക സൃഷ്ടിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുകയുണ്ടായി. നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമമായി നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാവശ്യമായ തുക വകയിരുത്തണം. മറ്റൊന്ന്, മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. കെ.ഐ.പി. കനാലിനും പി.ഐ.പി. കനാലിനുമെല്ലാം ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ആ കനാൽ കുറച്ചുകൂടി മുന്നോട്ടുപോകുകയാണെങ്കിൽ കായംകുളത്തിനുകൂടി പ്രയോജനപ്രദമാകും. അതിനാവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. അത് പൂർത്തീകരിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. സമസ്തമേഖലകളെയും ഭംഗിയായി സ്പർശിച്ചിട്ടുള്ളതും പ്രതിപക്ഷത്തിന്റെ എല്ലാ മോഹങ്ങൾക്കും ഭംഗം വരുത്തുന്നതുമായ ബജറ്റാണിതെന്ന് സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ബജറ്റിനെ വെറും വായകൊണ്ടല്ല, ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് പിന്തുണയ്ക്കുകയാണ്.

വളരെയധികം പ്രതിസന്ധി നേരിടുന്ന പ്രദേശമാണ് കുട്ടനാട്. ധാരാളം പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചാണ് ഞങ്ങൾ ജീവിച്ചത്. ഇവിടെ കിഫ്ബിയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ, ഒരുപാട് കാര്യങ്ങൾ നേടിയെടുത്തവർ ഒന്നും കിട്ടിയില്ലെന്ന് പറയുന്നത് സങ്കടകരമായ കാര്യമാണ്. നിങ്ങൾക്കെല്ലാം ധാരാളം കിട്ടിയിട്ടുണ്ട്, ധവളപത്രമിറക്കാം. കഴിഞ്ഞ ഒമ്പത് വർഷമായി കുട്ടനാടിന് ലഭിച്ച കാര്യങ്ങൾ ഞാനിവിടെ വിവരിച്ചാൽ 8 മിനിട്ടുകൊണ്ട് അവസാനിപ്പിക്കാൻ കഴിയാത്തതിനാൽ ആ വിഷയത്തിലേക്കൊന്നും പോകുന്നില്ല. ഇരിക്കൂർ എം.എൽ.എ. ശ്രീ. സജീവ് ജോസഫ് സംസാരിച്ചപ്പോൾ ഈ സർക്കാരിനെക്കുറിച്ച് ധൂർത്ത്, കെടുകാര്യസ്ഥത, അഴിമതി എന്നെല്ലാം പറഞ്ഞു. എന്നിട്ട് പ്രസംഗം അവസാനിപ്പിക്കാറായപ്പോൾ എന്റെ മണ്ഡലത്തിൽ കുറച്ചുകൂടി തരണേ എന്നാണ് ആവശ്യപ്പെട്ടത്. ഇങ്ങനെയുള്ളവർ എന്തിനാണ് വീണ്ടും വീണ്ടും എനിക്ക് തരണമെന്ന് റിക്വസ്റ്റ് ചെയ്യുന്നത്? നിങ്ങളുടെ അവസ്ഥ കാരണമാണ് നിങ്ങൾ എതിർക്കുന്നതെന്ന് എനിക്കറിയാം. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. ആഗോള സാമ്പത്തികമാന്ദ്യം മുതൽ കോവിഡ്

മഹാമാരി വരെയുണ്ടായ ദുരന്തങ്ങളെയെല്ലാം അതിജീവിച്ചും കേന്ദ്ര സർക്കാരിന്റെ പ്രതികാര രാഷ്ട്രീയത്തിന്റെ ഭാഗമായ സാമ്പത്തിക ഞെരുക്കങ്ങളും മറികടന്ന് അവതരിപ്പിച്ച ഒരു ബജറ്റാണിത്. പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2025-2026-ലെ ബജറ്റ് അഭിമാനത്തോടെ ഇവിടെ അവതരിപ്പിച്ചപ്പോൾ ഏറ്റവുമധികം സന്തോഷവും അതിനോടൊപ്പം ഹൃദയത്തിനകത്ത് വലിയൊരു തണുപ്പും അനുഭവപ്പെട്ടിട്ടുണ്ട്. ഒന്നുമില്ലാതിരിക്കുമ്പോൾ എന്തെങ്കിലും ലഭിക്കുന്നത് വലിയ കാര്യമാണ്. കേരളത്തിന്റെ അവസ്ഥ നമ്മൾ മനസ്സിലാക്കണം. കേരളത്തിന് ഒരു വരുമാനവുമില്ലല്ലോ; ഉള്ള വരുമാനത്തിൽ നിന്നുകൊണ്ടല്ലേ എല്ലാം ചെയ്യേണ്ടത്? കേരളത്തിന് ലഭിക്കേണ്ട ജി.എസ്.ടി. പോലും നൽകാത്ത കേന്ദ്ര സർക്കാരിനെതിരായി ഒരു വാക്കുപോലും പറയാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ; ലോക്സഭയിലെ പ്രതിപക്ഷ നേതാവ് ഇതുസംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? ആരും ഒന്നും മിണ്ടുന്നില്ലല്ലോ. നിങ്ങളുടെ ഭാഗത്തുനിന്നും പതിനെട്ട് എം.പി.-മാർ പാർലമെന്റിലുണ്ടായിരുന്നിട്ടും എന്തുകൊണ്ടാണ് ആരും ഒന്നും പറയാത്തത്?

കേന്ദ്രത്തിൽനിന്ന് ഒന്നും നേടിയെടുക്കാനുള്ള മനസ്സ് കാണിക്കാതെ നിങ്ങൾ ഇവിടെ ഇങ്ങനെ പറയുന്നത് ശരിയല്ല. സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികളാണ് ബജറ്റിൽ പറഞ്ഞിട്ടുള്ളത്. എല്ലാ വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങൾ ഗൗരവമായി കണ്ട് തയ്യാറാക്കിയ ബജറ്റാണിത്. കേന്ദ്രസർക്കാരിന്റെ പകപോക്കൽ രാഷ്ട്രീയത്തെ അതിജീവിക്കുന്ന ബജറ്റാണിത് എന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. ആ ഒരു മാസ്മരിക ശക്തി ധനകാര്യ വകുപ്പുമന്ത്രിക്ക് എവിടെനിന്ന് ലഭിച്ചുവെന്ന് എനിക്കറിയില്ല. എന്റെ ഭാഷയിൽ 'സ്വർഗ്ഗത്തിലെ ദൈവം നൽകിയതാണെന്നേ' പറയുന്നുള്ളൂ. എല്ലാ കാര്യങ്ങളും ക്രോഡീകരിച്ചുകൊണ്ട് നല്ലരീതിയിൽ ബജറ്റ് അവതരിപ്പിക്കാൻ സാധിച്ചത് വലിയൊരു കാര്യമാണ്. കുട്ടനാടിന്റെ സമഗ്ര വികസനത്തിന് 100 കോടി രൂപയും കാർഷിക മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് 150 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കുട്ടനാട്ടിലെ ഏകദേശം 480 പാടശേഖരങ്ങളും കല്ലുകെട്ടി ബലപ്പെടുത്തി ചുറ്റും ബണ്ട് റോഡുകൾ നിർമ്മിച്ച് അതിന് നടുവിൽ ടാക്ടർ റോഡുകൾ കൊണ്ടുവന്നാൽ മാത്രമേ സമഗ്ര

വികസനം അവിടെ സാധ്യമാകുകയുള്ളൂ. അതിന് ഫണ്ട് അനുവദിച്ച ബജറ്റാണിത്. കർഷകരുടെ വിവിധ സബ്സിഡികളും ബജറ്റിൽ പറഞ്ഞിട്ടുണ്ട്. വള്ളംകളിയെ പ്രോത്സാഹിപ്പിക്കുന്നതിന് 9 കോടി രൂപയും ഞാൻ നിർദ്ദേശിച്ച വിവിധ പദ്ധതികൾക്ക് 60 കോടി രൂപയിലധികവും അനുവദിച്ചിട്ടുണ്ട്. കൂടാതെ പല വൻകിട പദ്ധതികളും യാഥാർഥ്യമായിക്കൊണ്ടിരിക്കുകയാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന് 780 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുട്ടനാട്ടുകാരുടെ സ്വപ്നമാണ് കുടിവെള്ള പദ്ധതി. അതിനുവേണ്ടി എന്റെ സഹോദരനായ തോമസ് ചാണ്ടി അദ്ദേഹത്തിന്റെ കാശ് കൊടുത്ത് വാങ്ങിയ നീരേറ്റുപുരം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന 14 എം.എൽ.ഡി. പ്ലാന്റിനോടൊപ്പം 30 എം.എൽ.ഡി. പ്ലാന്റുകൂടി ചേർത്ത് 44 എം.എൽ.ഡി. ആക്കി മാറ്റുന്നതിനായി 500 കോടിയിലധികം രൂപയാണ് ബജറ്റിൽ അനുവദിച്ചിട്ടുള്ളത്. അത് 9 ഘട്ടങ്ങളിലായി ടെൻഡർ ചെയ്തുകഴിഞ്ഞു. ഒരു ദിവസംകൊണ്ട് എല്ലാം വികസനവും സാധ്യമാകുകയില്ല. തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് കുട്ടനാടിന് പ്രത്യേക ഇളവ് അനുവദിക്കണം. അവിടെ മുഴുവൻ

പാടശേഖരങ്ങളും മധ്യത്തിലൂടെ വഴികളുമാണ്. അങ്ങനെയുള്ള സ്ഥലത്ത് തണ്ണീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നാൽ ഭയങ്കര ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേക ഇളവ് അനുവദിക്കണം. വെള്ളത്തിന്റെ ഒരു ഓവർ ഹെഡ് ടാങ്ക് സ്ഥാപിക്കാൻ വീയപുരത്ത് സ്ഥലം അനുവദിച്ചപ്പോൾ ആ സ്ഥലം തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നാണ് വില്ലേജ് ഓഫീസർ ആദ്യം എഴുതിവച്ചത്. അതിലൊരു മാറ്റമുണ്ടാകണം. ഇക്കാര്യത്തിൽ കൃഷി വകുപ്പുമന്ത്രിയും എ.പി.സി.-യും ഇടപെട്ട് ശാശ്വത പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. എന്റെ കുട്ടിക്കാലം മുതൽ ഞങ്ങളെല്ലാവരും ആശ്രയിച്ചുകൊണ്ടിരുന്ന പുളിങ്കുന്ന് താലൂക്കാശുപത്രിക്ക് 140 കോടി രൂപയും ദേശീയ എൻ.സി.സി. ട്രെയിനിങ് സെന്ററിന് 35 കോടി രൂപയും നൽകിയിട്ടുണ്ട്. അങ്ങനെ നിരവധി വികസനങ്ങൾ കിഫ്ബിയിലൂടെയാണ് കൊണ്ടുവന്നത്. ഈ ഗവൺമെന്റാണ് ഇതെല്ലാം നൽകിയത്. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വന്നതിനുശേഷമാണ് കുട്ടനാട് ദേശം ഉയർത്തെഴുന്നേൽക്കാൻ തുടങ്ങിയത്. ഈ ബജറ്റിനെ

ധിക്കരിച്ചുകൊണ്ട് സംസാരിക്കരുതെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. നിങ്ങളുടെ മനസ്സാക്ഷിയോട് ചേർത്തുവച്ച് അതിനെ പുകഴ്ത്തി പറയൂ, നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടാനില്ല. നിങ്ങളെ ആര് ചോദ്യം ചെയ്യാനാണ്? ഇതിലൊന്നും ആരും ചോദ്യം ചെയ്യാനില്ല. നിങ്ങൾ ബജറ്റിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞിട്ടും നിങ്ങൾക്ക് വീണ്ടും തുക വേണമെന്ന് പറയുമ്പോൾ അത് കേൾക്കുന്ന ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. 200 കോടി രൂപയൊന്നും കിട്ടിയിട്ടില്ലെന്നാണ് ശ്രീ. റോജി എം. ജോൺ എന്നോട് പറഞ്ഞത്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ 200 കോടി രൂപ നൽകിയിട്ടുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വ്യക്തമായി പറഞ്ഞു. അപ്പോൾ അത്രയും തുക തന്നിട്ടുണ്ടോ ഇല്ലയോയെന്ന് അങ്ങ് വ്യക്തമാക്കണം.

ശ്രീ. റോജി എം. ജോൺ: സർ, അത് നേരത്തെ പറഞ്ഞതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഇതിന് മുമ്പത്തെ ബജറ്റിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. സി-ബ്ലോക്ക് റോഡ് ഞങ്ങളുടെ ചിരകാല അഭിലാഷമാണ്. എന്റെ ജന്മനാടായ കൈനകരിയിൽ

പുനരുദ്ധാരണമുണ്ടാകണമെങ്കിൽ സി-ബ്ലോക്ക് റോഡ് പൂർത്തീകരിക്കണം. മുണ്ടയ്ക്കൽ പാലം വന്നാൽ മാത്രമെ ഞങ്ങൾക്ക് ആലപ്പുഴയിലേക്ക് പോകാൻ സാധിക്കുകയുള്ളൂ. സി-ബ്ലോക്ക് റോഡ് കിഫ്ബിയിൽ അനുവദിച്ചിട്ടുള്ളതാണ്. നേരത്തെ അതിനുവേണ്ടി 83 കോടി രൂപ അനുവദിച്ചിരുന്നു. കൂടാതെ, മുഖ്യമന്ത്രി 10 കോടി രൂപയും നൽകി. ഈ ബജറ്റിൽ അതിനായി ടോക്കൺ എമൗണ്ട് വച്ചിട്ടുണ്ട്. അതിൽനിന്നും ഈ 20% തുക റോഡ് പൂർത്തീകരിക്കുന്നതിന് നൽകണമെന്ന് അപേക്ഷിക്കുകയാണ്. അങ്ങ് അത് ചെയ്യുമെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. എന്റെ മണ്ഡലത്തിൽ എക്സൈസ് ഓഫീസ് വെള്ളക്കെട്ടിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള ഫണ്ടുകൂടി അനുവദിക്കണം. കാവാലത്ത് ഒരു പാവപ്പെട്ട ഗൃഹനാഥന് ജപ്തി നോട്ടീസ് ലഭിച്ചപ്പോൾ അദ്ദേഹം കുഴഞ്ഞുവീണ് മരിച്ച സംഭവവുമായി ബന്ധപ്പെട്ട് ഞാൻ ഇന്ന് രാവിലെ ഉപചോദ്യം ചോദിക്കുകയും മുഖ്യമന്ത്രി അതിന് മറുപടി പറയുകയുമുണ്ടായി. മൂന്നരലക്ഷം രൂപ താങ്ങാനുള്ളശേഷി ആ ഗൃഹനാഥന് ഉണ്ടായിരുന്നില്ല.

ഇതുപോലെ കേരള ബാങ്കിൽനിന്നൊക്കെ ലോണെടുത്തിട്ടുള്ളവർക്ക് ഇളവ് അനുവദിക്കുന്നതിന് ബജറ്റിൽ തുക ഉൾപ്പെടുത്തണമെന്നുകൂടി പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കേരള ജനതയ്ക്ക് വളരെ ആശ്വാസകരമായൊരു വാർത്ത പങ്കുവയ്ക്കുന്നുവെന്ന ആമുഖത്തോടെയാണ് ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് പ്രസംഗം ആരംഭിച്ചത്. 'സമീപ വർഷങ്ങളിൽ സംസ്ഥാന സർക്കാരിനെ ബാധിച്ച രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നു' എന്നാണ് ആമുഖമായി പറഞ്ഞത്. എന്നാൽ പിന്നീട് അങ്ങോട്ടുള്ള വായനയിലൊന്നും ആ വാർത്തയുടെ പ്രാധാന്യം കണ്ടില്ല. മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരെയും മറ്റ് ഗുരുതരരോഗം ബാധിച്ച് കിടപ്പിലായവരെയും പരിചരിക്കുന്നവർക്ക് മാസംതോറും 600/- രൂപ നൽകിവരുന്ന ആശ്വാസ കിരണം പദ്ധതി 19 മാസമായി കുടിശ്ശികയാണ്. സാമ്പത്തിക ഞെരുക്കത്തിൽനിന്നും ഗവൺമെന്റ് കരകയറിയെങ്കിൽ ആദ്യം ഇവരുടെ കുടിശ്ശികയല്ലേ നൽകേണ്ടത്? ക്ഷേമപെൻഷൻ തുക വർധിപ്പിക്കുമെന്നാണ്

കരുതിയത്. അത് വർധിപ്പിച്ചില്ലെന്ന് മാത്രമല്ല, ക്ഷേമപെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായൊരു കാര്യംപോലും ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞില്ല. സർക്കാർ ജീവനക്കാരുടെ ഡി.എ. നൽകിക്കുടെ? ശമ്പള പരിഷ്കരണ കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിക്കുമെന്ന് പറഞ്ഞു. സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുവെങ്കിൽ അത് പി.എഫ്.-ൽ ലയിപ്പിക്കാതെ, ലീവ് സറണ്ടർ ഉൾപ്പടെയുള്ള തുക പണമായി നൽകാൻ കഴിയില്ലേ? കരാറുകാർക്ക് നൽകേണ്ട പണം എത്രയുംവേഗം നൽകിക്കുടെ? ഇതൊന്നും നൽകുന്നില്ലെന്ന് മാത്രമല്ല, ന്യൂനപക്ഷ വിഭാഗങ്ങൾക്കും പട്ടികജാതി വിഭാഗങ്ങൾക്കും ലഭിച്ചുകൊണ്ടിരുന്ന സ്കോളർഷിപ്പുകളും വെട്ടിക്കുറച്ചിരിക്കുന്നു. പട്ടികജാതി വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ സഹായ പദ്ധതിക്കും പഠനമുറി നിർമ്മാണത്തിനും വകയിരുത്തിയിരുന്ന 222 കോടി രൂപയുടെ ധനസഹായം 173 കോടി രൂപയായി വെട്ടിച്ചുരുക്കി. ന്യൂനപക്ഷ വിദ്യാർഥികളുടെ 9 സ്കോളർഷിപ്പുകളും 50% വെട്ടിക്കുറച്ചു. വഖഫ് ബോർഡിനുള്ള ആനുകൂല്യവും ഗ്രാന്റും ബജറ്റിൽ പറഞ്ഞിട്ടില്ല. ഭിന്നശേഷി വിഭാഗത്തിലെ വിദ്യാർഥികൾക്ക് നൽകിവന്നിരുന്ന 3% സംവരണാനുപാതം

4 ശതമാനമായി ഉയർത്തിയതിന്റെ ഭാഗമായി സഹകരണ വകുപ്പിൽ മുസ്ലീം ക്വാട്ടയിലുള്ള രണ്ട് തസ്തികകൾ വെട്ടിക്കുറച്ചിരിക്കുകയാണ്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ സംവരണം നാലിൽനിന്നും അഞ്ചാക്കി ഉയർത്തണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. എന്നാൽ അത് ഇപ്പോൾ ഏതെങ്കിലും വിഭാഗങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സംവരണാനുകൂല്യത്തിൽനിന്നും കവർന്നെടുത്തുകൊണ്ടാകരുത്. ഇത്തരത്തിലുള്ള സഹകരണ വകുപ്പിന്റെ ധിക്കാരപരമായ നിലപാടിനെതിരെ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ 19-ാം തീയതി സെക്രട്ടേറിയറ്റിലേക്ക് മാർച്ച് സംഘടിപ്പിക്കുകയാണ്. കേന്ദ്രസർക്കാർ സംസ്ഥാനത്തോട് അവഗണന കാണിക്കുന്നുവെന്ന് സ്ഥിരമായി നാം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ യോജിച്ചൊരു പ്രക്ഷോഭം വേണമെന്ന് ഇന്ന് രാവിലെ ബഹുമാനപ്പെട്ട ധനമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ചോദ്യോത്തരവേളയിൽ പറഞ്ഞിരുന്നു. കേരളത്തോടുള്ള അവഗണയ്ക്കെതിരായി അതിശക്തമായ പോരാട്ടമാണ് യു.ഡി.എഫ്. എം.പി.-മാർ പാർലമെന്റിൽ

നടത്തിക്കൊണ്ടിരിക്കുന്നത്. നിങ്ങളുമായി എങ്ങനെ യോജിച്ച് ഞങ്ങൾ കേന്ദ്രത്തിനെതിരെ പോരാട്ടം നടത്തും; നിങ്ങൾ ഞങ്ങളോട് കടുത്ത അവഗണനയല്ലേ കാണിക്കുന്നത്? ബജറ്റിൽ പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങൾക്ക് നൽകിയതിനേക്കാൾ നാലും അഞ്ചും ഇരട്ടിയല്ലേ ഭരണപക്ഷത്തുള്ളവരുടെ മണ്ഡലങ്ങൾക്ക് നൽകിയത്; ഇതിനെതിരെ ആരോടാണ് സമരം ചെയ്യേണ്ടത്? ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ പ്രതിപക്ഷത്തുള്ളവർക്ക് നൽകിയത് 4 കോടി രൂപ, ഭരണപക്ഷത്തുള്ളവർക്ക് പത്തും പതിനഞ്ചും കോടി രൂപ. ഈ അവഗണനയ്ക്കെതിരെ നമ്മൾ ശബ്ദിക്കണ്ടേ? കേന്ദ്രസർക്കാരിന്റെ അവഗണനക്കെതിരെ സമരം ചെയ്യാനോ ശബ്ദമുയർത്താനോ ധാർമികമായ അവകാശം ഇടതുപക്ഷ സർക്കാരിനില്ലെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങളുടെ മണ്ഡലങ്ങളിലും ഇടതുപക്ഷക്കാരുണ്ടല്ലോ; പിന്നെ എന്തിനാണ് ഈ മണ്ഡലങ്ങളോട് ഇങ്ങനെ അവഗണന കാണിക്കുന്നത്? അങ്ങ് എന്നെപ്പോലെ നിഷ്കളങ്കനായ ഒരാളാണെന്ന് എനിക്കറിയാം. അതുകൊണ്ടാണ് അങ്ങ് പ്രസംഗത്തിനിടയിൽ കൊട്ടാരക്കര, കണ്ണൂർ,

തളിപ്പറമ്പ്, ധർമ്മടം എന്നൊക്കെ ഇടയ്ക്കിടെ പറഞ്ഞത്. വേണമെങ്കിൽ അങ്ങേയ്ക്ക് അത് പറയാതിരിക്കാമായിരുന്നു. നിങ്ങൾ ഞങ്ങളെ പരിപൂർണമായി അവഗണിക്കുകയാണ് ചെയ്തത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അങ്ങ് ധനകാര്യ വകുപ്പുമന്ത്രി നിഷ്കളങ്കനാണെന്ന് പറഞ്ഞിരുന്നെങ്കിൽ അത് സ്തുതിയായി കണക്കാക്കാമായിരുന്നു. എന്നെപ്പോലെ നിഷ്കളങ്കനാണ് എന്നുപറഞ്ഞത് ഒരു നിന്ദാസ്തുതിയല്ലേ?

ശ്രീ. പി. ഉബൈദുള്ള: സർ, എന്റെ നിഷ്കളങ്കതയെക്കുറിച്ച് നിങ്ങൾക്ക് അറിയില്ലെങ്കിൽ ഞാൻ പറഞ്ഞ് അറിയിക്കണ്ടേ? ഞാൻ അദ്ദേഹത്തെപ്പോലെ ശുദ്ധനാണെന്നാണ് പറയുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് ഞാൻ ഉൾപ്പെടുന്ന മലപ്പുറം. അവിടെനിന്ന് 16 നിയമസഭാംഗങ്ങളാണുള്ളത്. കേന്ദ്രസർക്കാർ ബജറ്റ് അവതരിപ്പിച്ചപ്പോൾ കേരളം ഇന്ത്യയിൽ അല്ലേയെന്ന് ചോദിച്ചതുപോലെ, മലപ്പുറം കേരളത്തിലല്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. മലപ്പുറം

ജില്ലയിലെ അതിപ്രധാനമായ വികസന പദ്ധതിക്കൊന്നും ഫണ്ട് നീക്കിവച്ചിട്ടില്ല. റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ അസംബ്ലി രണ്ടുമൂന്ന് വർഷം വളരെ ഭംഗിയായി നടത്തി, നല്ല തുടക്കമായിരുന്നു. എന്നാൽ റവന്യൂ അസംബ്ലിയിൽ മലപ്പുറം ജില്ലയിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട വികസനമെന്നത് റവന്യൂ ടവർ നിർമ്മാണമാണ്. അതിന് ടോക്കൺ പ്രൊവിഷൻ മാത്രമാണ് വച്ചിട്ടുള്ളത്, അതിനാവശ്യമായ ഫണ്ട് അനുവദിക്കണം. മഞ്ചേരി മെഡിക്കൽ കോളേജിനെക്കുറിച്ച് ശ്രീ. യു. എ. ലത്തീഫ് നിരന്തരം ഈ സഭയിൽ പറയുന്നതാണ്. ആ മെഡിക്കൽ കോളേജിനെക്കുറിച്ച് ബജറ്റിൽ ഒരു പരാമർശവുമില്ല. ആ മെഡിക്കൽ കോളേജിനോട് സർക്കാർ കാണിക്കുന്ന അവഗണനയിൽ പ്രതിഷേധിച്ച് മുസ്ലീം ലീഗ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 20-ാം തീയതി മഞ്ചേരിയിൽനിന്നും മലപ്പുറത്തേയ്ക്ക് ലോങ് മാർച്ച് നടത്തുകയാണ്. മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പണി പൂർത്തിയാക്കുന്നതിനുവേണ്ടി അഞ്ച് കോടി രൂപ അനുവദിക്കുമെന്ന് മുൻ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ അങ്ങ് ഈ സഭയിൽ പറഞ്ഞതാണ്. ആ പ്രഖ്യാപനം കഴിഞ്ഞ് ഒരു

വർഷമായിട്ടും പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിലെ ഉദ്യോഗസ്ഥർ എസ്റ്റിമേറ്റുപോലും തയ്യാറാക്കിയിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി മറുപടി പ്രസംഗത്തിൽ പറഞ്ഞിട്ടും 20% തുക മാറ്റിവച്ചാൽ മാത്രമേ എസ്റ്റിമേറ്റെടുക്കാൻ കഴിയൂ എന്ന് ഉദ്യോഗസ്ഥർ പറഞ്ഞാൽ അവരെ തിരുത്തിക്കാനും ആവശ്യമായ നിർദ്ദേശം നൽകാനും അങ്ങ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. 2023-ലെ കേരള മൈഗ്രേഷൻ സർവെ പ്രകാരം ഇന്ത്യയിലേക്ക് പ്രവാസികൾ അയയ്ക്കുന്ന പണത്തിന്റെ 21 ശതമാനവും മലയാളികളുടേതാണ്. നമ്മുടെ രാജ്യത്തിന്റെ നട്ടെല്ലെന്ന് നാമെല്ലാവരും വിശേഷിപ്പിക്കുന്ന പ്രവാസികൾക്കുവേണ്ടി കോടികൾ മുടക്കി മൂന്ന് ലോക കേരള സഭകൾ നടത്തി പ്രഭാഷണം കേൾപ്പിച്ച് വിട്ടയച്ചു എന്നല്ലാതെ എന്ത് പദ്ധതിയാണ് അവർക്കുവേണ്ടി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയത്? ലോക കേരള സഭ കഴിഞ്ഞ് ഇനി ലോക കേരള കേന്ദ്രം വരുമെന്നാണ് ഇപ്പോൾ പറയുന്നത്. ലോക കേരള കേന്ദ്രം വരുന്നുവെന്ന് പറഞ്ഞ് പ്രഖ്യാപനം നടത്തി വീണ്ടും പ്രവാസികളെ കബളിപ്പിക്കണോയെന്ന് ധനകാര്യ വകുപ്പുമന്ത്രിയും സർക്കാരും

ആലോചിക്കണം. യൂസ്ഡ് വാഹന വിപണന മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർ പ്രതിസന്ധിയിലാണ്. അഞ്ചും പത്തും വാഹനങ്ങൾ വാങ്ങി വിൽപന നടത്തുന്നവരും അഞ്ച് വർഷത്തേയ്ക്ക് ഒരുമിച്ച് 25,000/- രൂപ ഫീസ് അടയ്ക്കണമെന്നതാണ് നിലവിലെ വ്യവസ്ഥ. ഇത് വർഷത്തിൽ 5,000/- രൂപ വീതം ഓരോ വർഷവും അടയ്ക്കാനുള്ള സൗകര്യമേർപ്പെടുത്തിയാൽ അവർക്ക് സഹായമാകും. ഇപ്പോൾ ആർ.സി. ബുക്ക് നമ്മുടെ ആർ.ടി. ഓഫീസുകളിൽ ഇല്ല. 245/- രൂപ ഫീസ് അടച്ച് മാസങ്ങളോളം ആർ.സി. ബുക്കിനുവേണ്ടി കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ അങ്ങ് പ്രഖ്യാപിച്ച പലകാര്യങ്ങളും ഇപ്പോഴും നടപ്പിലായിട്ടില്ല. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സാമൂഹ്യ പരിഷ്കർത്താക്കളുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങളുണ്ടാക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതിനൊടൊപ്പം സ്വാതന്ത്ര്യസമര സേനാനിയായിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ പേരിൽ മലപ്പുറം ജില്ലയിലും ഒരു സാംസ്കാരിക സമുച്ചയം പ്രഖ്യാപിച്ചിരുന്നു. ഒരുവർഷമായിട്ടും അതിൽ ഒരു

നടപടിയുമുണ്ടായിട്ടില്ല. എല്ലാ പഞ്ചായത്തുകളിലും നിലവാരമുള്ള കളിക്കളമെന്ന പ്രഖ്യാപനമുണ്ടായിരുന്നു. ഏതെല്ലാം പഞ്ചായത്തുകളിലാണ് നിലവാരമുള്ള കളിക്കളമുണ്ടാക്കിയതെന്ന് എനിക്കറിയില്ല. എന്റെ കാഴ്ചയിൽ എവിടെയും നിർമ്മിച്ചതായി കണ്ടില്ല. മാത്രമല്ല, ഇത്തവണ കായിക വകുപ്പിന് വേണ്ടത്ര പരിഗണനപോലും ഉണ്ടായിട്ടില്ലെന്നാണ് ബജറ്റ് വായിക്കുമ്പോൾ എനിക്ക് മനസ്സിലാകുന്നത്. കഴിഞ്ഞകാലത്ത് പറഞ്ഞതെല്ലാം ആവർത്തിച്ച് പറഞ്ഞുവെന്നല്ലാതെ അതൊന്നും നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിയും ഇതിൽ പ്രത്യേകമായി പറഞ്ഞിട്ടില്ലെന്ന് ബജറ്റ് പരിശോധിച്ചാൽ മനസ്സിലാകും. സാധാരണക്കാരെ ബാധിക്കുന്ന കോടതി ഫീസ് വർധിപ്പിച്ചതിനെതിരെ ലോയേഴ്സ് ഫോറം ഉൾപ്പെടെയുള്ള സംഘടനകൾ നേരത്തെ പ്രക്ഷോഭം നടത്തിയിരുന്നു. എന്നാൽ കോടതി ഫീസ് വീണ്ടും വർധിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതിനെതിരെ ഒരു അഭിഭാഷക സംഘടന ഇന്നും സെക്രട്ടേറിയറ്റിനുമുമ്പിൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം ജനങ്ങളെ ബാധിക്കുന്ന എല്ലാ വിഷയങ്ങളും ഈ ബജറ്റ് അവഗണിച്ചിരിക്കുകയാണ്. ആശാ

വർക്കർമാരെ ഈ ബജറ്റ് കണ്ടിട്ടില്ല, അങ്കണവാടി വർക്കർമാരെ ഈ ബജറ്റ് സ്പർശിച്ചിട്ടില്ല. ഇങ്ങനെ എല്ലാ വിഭാഗം ജനങ്ങളെയും അസംതൃപ്തരാക്കി, ജനകീയ പ്രശ്നങ്ങളൊന്നും തൊട്ടുതീണ്ടാത്ത ഈ ബജറ്റിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഏകാധിപത്യത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും ശബ്ദം ലോകമെങ്ങും വീണ്ടും ഉയരുകയാണ്. വെറുപ്പും യുദ്ധവെറിയും വീണ്ടും ഇരുൾ ചുരുളുകൾപോലെ നിറയുകയുമാണ്. ഈ ലോക രാഷ്ട്രീയ കാലാവസ്ഥയ്ക്ക് ഒരു ബദലാണ് ഈ ബജറ്റ്. സംസ്ഥാനത്തിനുള്ള കേന്ദ്ര വിഭവ കൈമാറ്റത്തിൽ 50,000 കോടി രൂപയുടെ കുറവുണ്ടായെങ്കിലും തനത് വരുമാനത്തിൽ വർധനയുണ്ടാക്കാൻ കഴിഞ്ഞതുകൊണ്ടാണ് ചെലവ് വർധിപ്പിക്കാനായത്. ഈ പശ്ചാത്തലത്തിൽ തയ്യാറാക്കിയ ബജറ്റ് സർവതല സ്പർശിയാണെന്നത് യാഥാർഥ്യമാണ്. വിഭവ സമാഹരണത്തിലും ചെലവഴിക്കലിലും കേന്ദ്ര-സംസ്ഥാനങ്ങൾക്കിടയിൽ നിലനിൽക്കുന്ന അന്തരം കുറയ്ക്കാനുള്ള യാതൊരു നടപടിയുമില്ലെന്ന് 2025-26-ലെ കേന്ദ്ര ബജറ്റ് പരിശോധിച്ചാൽ

മനസ്സിലാകും. വിഭവ വിതരണത്തിൽ സംസ്ഥാനങ്ങളോട് രാഷ്ട്രീയ വിവേചനം കാണിക്കുന്ന സമീപനമാണ് കേന്ദ്ര ബജറ്റിലുള്ളത്. രാജ്യം നേരിടുന്ന തൊഴിലില്ലായ്മ, വിലക്കയറ്റം, പണപ്പെരുപ്പം, കേന്ദ്ര ഫണ്ട് വിതരണത്തിലെ അസമത്വം തുടങ്ങിയ കാതലായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേന്ദ്ര ബജറ്റ് പരാജയപ്പെട്ടിരിക്കുകയാണ്. ഡിവിസിബിൾ പൂളിന് പുറമെയുള്ള സെസ്, സർചാർജ്ജുകൾ എന്നിവ ക്രമാതീതമായി വർധിക്കുകയാണ്. 2025-26 ബജറ്റിൽ 5,90,781 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. 2010-11-ൽ ആകെ നികുതി വരുമാനത്തിന്റെ 6.26 ശതമാനമായിരുന്ന ഇതെങ്കിൽ 2025-26-ൽ 14 ശതമാനമായി വർധിച്ചിരിക്കുകയാണ്. 2025-26-ൽ മാത്രം ഡിവിസിബിൾ പൂൾ ഇനത്തിൽ 2,42,220 കോടി രൂപ സംസ്ഥാനങ്ങൾക്ക് ലഭിക്കുമായിരുന്നു. അതിൽ 11,592 കോടി രൂപ അധികമായി കേരളത്തിന് ലഭിക്കുമായിരുന്നു. ഇതിന്റെ കാരണം വിതരണത്തിലുള്ള അസമത്വമാണ്. 2025-26-ൽ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 14.22 ലക്ഷം കോടി രൂപയാണെങ്കിൽ അതിന്റെ 1.922 ശതമാനമായ 27,382 കോടി രൂപ

മാത്രമാണ് കേരളത്തിന് ലഭിക്കുന്നത്. നികുതി വിഹിതം വെട്ടിക്കുറച്ചില്ലായിരുന്നെങ്കിൽ 60,000 കോടിയോളം രൂപ ലഭിക്കുമായിരുന്നിടത്താണ് 27,382 കോടി രൂപ അനുവദിക്കുന്നത്. ഈ അസമത്വമാണ് കേരളം കാണേണ്ടത്. സംസ്ഥാനത്തോട് ഒരുകാലത്തും ഇത്രയും ദയാരഹിതമായി കേന്ദ്രം പെരുമാറിയിട്ടില്ല. വയനാടിനോടും അവഗണനയുടെ ക്രൂരമായ മുഖമാണ് കാണിച്ചത്. 'Ever largest landslide in India' എന്നാണ് വയനാട് ദുരന്തത്തെ കേന്ദ്ര ദുരന്തനിവാരണ ഏജൻസി രേഖപ്പെടുത്തിയത്. അതിനോട് കേന്ദ്രം മുഖം തിരിക്കുകയും കള്ളക്കണക്കുകൾ പറയുകയുമാണ് ചെയ്യുന്നത്. 33 പേർ മരിച്ച ആന്ധ്രാപ്രദേശിന് 3,000 കോടി രൂപയും ആറ് ദിവസം തുടർച്ചയായി മഴ പെയ്ത തമിഴ്നാടിന് 151 കോടി രൂപയും രണ്ട് മേഘവിസ്ഫോടനം നടന്ന സിക്കിമിന് 173 കോടി രൂപയും അനുവദിച്ചു. ഈ സാഹചര്യത്തിലാണ് വയനാടിനെ അന്തർദേശീയ നിലവാരത്തിൽ പുനരുദ്ധരിക്കാൻ 750 കോടി രൂപ സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മനുഷ്യത്വത്തിന്റെ പാതയിൽ നരകയാതന അനുഭവിക്കുന്നവരുടെ

കണ്ണനീരൊപ്പാൻ കേരളം തയ്യാറാകുകയാണ്. വിഭവവിതരണത്തിന്റെ വിവേചനമെന്നത് മാത്രമല്ല, സംസ്ഥാനത്തിന്റെ വിഭവങ്ങൾ പിടിച്ചുപറിക്കുന്ന സമീപനവും കേന്ദ്ര സർക്കാർ തുടരുകയാണ്. മറ്റൊരു സംസ്ഥാനത്തിനുമില്ലാത്ത മാനദണ്ഡമാണ് ദേശീയപാത വികസനത്തിന് സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച് കേരളത്തിനുള്ളത്. അങ്ങനെ സ്ഥലം ഏറ്റെടുക്കുന്നതിന് 6,000 കോടി രൂപയാണ് കേരളം ചെലവഴിക്കേണ്ടിവന്നത്. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ചെയ്യുന്ന സഹായങ്ങൾക്ക് വില നിശ്ചയിച്ച് തിരികെ പിടിക്കുന്ന അവസ്ഥയുമുണ്ട്. ഇതെല്ലാം കേരളത്തോട് കാണിക്കുന്ന അവഗണനയാണ്. ഈ വർഷത്തെ കേന്ദ്ര ബജറ്റ് കേട്ടിട്ട് 'എന്റെ നാട് ഇന്ത്യയുടെ ഭാഗമല്ലേയെന്ന് തോന്നിപ്പോയെന്നാണ്' മലയാളത്തിലെ മഹാനായ കഥാകാരൻ ശ്രീ. ടി. പത്മനാഭൻ പ്രതികരിച്ചത്. കേന്ദ്ര സർക്കാരിന്റെ അവഗണനയ്ക്കിടയിലും സംസ്ഥാനം നടപ്പാക്കിവരുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള ജാഗ്രതയാണ് ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. പാവപ്പെട്ടവരെ സംരക്ഷിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ബജറ്റിനോട്

കേന്ദ്രം മുഖം തിരിക്കുകയാണ്. കേന്ദ്ര ബജറ്റ് പരിശോധിക്കുമ്പോൾ കർഷകർക്കുള്ള രാസവള സബ്സിഡിയിൽ 68718 കോടി രൂപയുടെയും തൊഴിലുറപ്പ് പദ്ധതിയിൽ 13000 കോടി രൂപയുടെയും ആർ.കെ.വി.വൈ.-യിൽ 1616 കോടി രൂപയുടെയും പ്രധാൻമന്ത്രി ഫസൽ ബീമാ യോജനയിൽ 3383 കോടി രൂപയുടെയും പി.എം. കിസാൻ പദ്ധതിയിൽ 4500 കോടി രൂപയുടെയും ഭക്ഷ്യ സബ്സിഡിക്ക് 83774 കോടി രൂപയുടെയും എൽ.പി.ജി. സബ്സിഡിക്ക് 140 കോടി രൂപയുടെയും കുറവാണ് വരുത്തിയിരിക്കുന്നത്. ഇത്തരം കേന്ദ്ര അവഗണനക്കിടയിലും കേരളത്തിലെ പാവപ്പെട്ടവരെ ഈ സർക്കാർ ചേർത്തുപിടിക്കുകയാണ്. എല്ലാവർക്കും പാർപ്പിടം ഉറപ്പാക്കുന്നതിന് ലൈഫ് മിഷന്റെ ഭാഗമായി ഒരു ലക്ഷം വീടുകൾ നിർമ്മിക്കുന്നതിന് 1160 കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പി.എം.എ.വൈ.-യിൽ ഒരു വീടിനുള്ള യൂണിറ്റ് നിരക്കായി 1,20,000/- രൂപയാണ് കണക്കാക്കിയിട്ടുള്ളത്. അതിന്റെ 60 ശതമാനമായ 72,000/- രൂപ കേന്ദ്ര സർക്കാർ ലഭ്യമാക്കുമ്പോൾ കേരളം അത് നാല് ലക്ഷമായി വർധിപ്പിച്ച് 3.2 ലക്ഷം രൂപ നൽകുകയാണ്. 2016-17 മുതൽ 18000

കോടി രൂപ ചെലവഴിച്ച് 427736 വീടുകളാണ് പാവപ്പെട്ട ജനങ്ങൾക്ക് നിർമ്മിച്ച് നൽകിയത്. അതിൽ 35000-നുതാഴെയാണ് പി.എം.എ.വൈ.-യുടെ സാന്നിധ്യം. സംസ്ഥാനത്ത് 12% ആളുകളാണ് പൊതുജനാരോഗ്യ മേഖലയെ ആശ്രയിച്ചിരുന്നതെങ്കിൽ ഇന്ന് 60 ശതമാനം പേർ ആശ്രയിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖല, കുടിവെള്ളം, സാമൂഹ്യക്ഷേമ പെൻഷൻ എന്നിവയുടെ കാര്യം ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്ത തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനം പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി ചെയ്തുകൊടുക്കുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. പട്ടയ വിതരണം ചരിത്രനേട്ടമാണ്. ഈ സർക്കാരിന്റെ മൂന്ന് വർഷംകൊണ്ട് 180887 പട്ടയങ്ങളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 177111 പട്ടയങ്ങളും നൽകിയിട്ടുണ്ട്. അഞ്ച് ലക്ഷം പേർക്ക് പട്ടയം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ പട്ടയങ്ങളെല്ലാം സ്മാർട്ടാക്കുകയാണ്. 1966 മുതലാണ് റീസർവേ ആരംഭിച്ചത്. 57 വർഷംകൊണ്ട് 911 വില്ലേജുകളുടെ റീസർവേ പൂർത്തിയാക്കാനാണ് സാധിച്ചതെങ്കിൽ 2022 നവംബറിൽ ആരംഭിച്ച ഡിജിറ്റൽ സർവേയിലൂടെ 639 വില്ലേജുകളുടെ

സർവ്വേ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. യുണീക് തണ്ടപ്പേർ **എന്ന** ചരിത്ര നേട്ടവുമായി കേരളം മുന്നോട്ട് കുതിക്കുകയാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 90000 കോടി രൂപയുടെ രാസവള സബ്സിഡിയാണ് കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതെങ്കിൽ കേരളം കാർഷിക മേഖലയ്ക്ക് പണം അധികമായി മാറ്റിവയ്ക്കുകയാണ്. സ്മാർട്ട് കൃഷി ഭവൻ എന്നത് കേരളം ഏറ്റവും കൂടുതൽ ഏറ്റെടുത്ത പദ്ധതിയാണ്. അതിന് ഒരു ലക്ഷം രൂപ മാത്രമേ ഇപ്പോൾ അനുവദിച്ചിട്ടുള്ളൂ. അത് വർധിപ്പിക്കണമെന്ന് അഭ്യർഥിക്കുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കാനും ശക്തമായ പ്രവർത്തനങ്ങൾ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുകയാണ്. എല്ലാവർക്കും റേഷൻ കാർഡ്, മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം, കെ-സ്റ്റോർ തുടങ്ങിയ പദ്ധതികളിലൂടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്ന ആ വകുപ്പിന് കൂടുതൽ തുക വകയിരുത്തണം. ദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. വിദ്യാഭ്യാസം, ചികിത്സ, സാമൂഹ്യക്ഷേമം, പൊതുവിതരണം, ഭൂപരിഷ്കരണം, ഭവന നിർമ്മാണം എന്നിവയ്ക്കായി പതിനായിരക്കണക്കിന്

കോടി രൂപയാണ് കേരളം ചെലവിടുന്നത്. കേന്ദ്ര സർക്കാർ ശത്രുക്കളോടെന്നപോലെയാണ് കേരളത്തോട് പെരുമാറുന്നത്. കേരളത്തിൽ ഒരു വികസനവും നടക്കരുത്, ഇവിടെ സർവതും കുഴപ്പമാണ് എന്ന് വരുത്തിത്തീർക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. കേന്ദ്ര സർക്കാർ കേരളത്തോട് സ്വീകരിക്കുന്ന സാമ്പത്തിക ഉപരോധത്തെയും എതിർപ്പുകളെയും അതിജീവിച്ച് ഇടതുപക്ഷ സർക്കാർ മുന്നോട്ടുവയ്ക്കുന്ന നാടിന്റെ വികസനത്തിലേക്കുള്ള ഉറച്ച ചുവടുവയ്പാണ് ഈ ബജറ്റ്. സംഘ് പരിവാറിന്റെ കേരള വിരുദ്ധ രാഷ്ട്രീയത്തിന് വെള്ളവും വളവും നൽകി പ്രോത്സാഹിപ്പിക്കുന്ന പ്രതിപക്ഷം കാലത്തിന്റെ ചുവരെഴുത്തുകൾ ഇനിയും വായിക്കാൻ തയ്യാറാകുന്നില്ലെന്നതാണ് വസ്തുത. അതിന്റെ അവസാനത്തെ ഉദാഹരണമാണ് ഡൽഹി തിരഞ്ഞെടുപ്പ്. എന്തൊരു മഹാപാതകമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ചെയ്തതെന്ന് അവർ ചിന്തിക്കട്ടെ, പശ്ചാത്തപിക്കട്ടെ, ആവർത്തിക്കാതിരിക്കട്ടെ. കേരളത്തിൽ വികസനത്തിന്റെ വെളിച്ചം കാണിക്കാതിരിക്കാൻ കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ മാർഗങ്ങളും സ്വീകരിക്കുകയാണ്. എന്നാൽ കേന്ദ്ര

സർക്കാരിന്റെ ഉൾപ്പെടെയുള്ള എല്ലാ അംഗീകൃത ഏജൻസികളുടെ കണക്കിലും വികസനത്തിന്റെ എല്ലാ സൂചികകളിലും കേരളം തന്നെയാണ് ഇന്ത്യയിൽ തുടർച്ചയായി മുന്നിലെത്തുന്നത് എന്നത് സംഘ് പരിവാറിനെയും പ്രതിപക്ഷത്തെയും കുറച്ചൊന്നുമല്ല വിറളി പിടിപ്പിക്കുന്നത്. അതുകൊണ്ടാണ് കേന്ദ്ര ബജറ്റിൽ കേരളത്തിന് യാതൊന്നുമില്ലെന്ന് ബോധ്യപ്പെട്ടിട്ടും ഒരു കേന്ദ്ര മന്ത്രി പറഞ്ഞത്, 'നിങ്ങൾ പിന്നോക്കമാണെന്ന് പ്രഖ്യാപിക്കൂ, സഹായങ്ങളുണ്ടാകുമെന്ന്'. ബജറ്റിൽ കേരളത്തിന് അവകാശപ്പെട്ടതാണ് ചോദിച്ചത്. ബി.ജെ.പി.-യുടെ ഔദാര്യമൊന്നും കേരളത്തിന് ആവശ്യമില്ല. കേരളത്തിലെ ജനങ്ങൾ നൽകുന്ന നികുതിയുടെ ന്യായമായ വിഹിതം ലഭിക്കണമെന്ന ആവശ്യം അംഗീകരിക്കാൻപോലും കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. പിച്ച ചട്ടിയെടുത്ത് കേരളം യാചിക്കണമെന്നാണ് കേന്ദ്ര മന്ത്രി പറയുന്നത്. അദ്ദേഹത്തോട് പറയാൻ Samih al-Qasim-ന്റെ ഒരു പാലസ്തീൻ പ്രതിരോധ കവിതയാണ് ഓർമ്മ വരുന്നത്.

'എന്റെ ആഹാരം വേണ്ടെന്നുവയ്ക്കാൻ ഞാൻ തയ്യാറാണ്. പട്ടിണി കിടക്കാം നഗ്നനാകാം എന്നാലും ഹേ, വെളിച്ചത്തിന്റെ ശത്രുവേ നിന്നോട്

ഞാൻ സന്ധി ചെയ്യുകയില്ല. അവസാന ശ്വാസംവരെ പോരാടുകതന്നെ ചെയ്യും' .

(അധ്യക്ഷവേദിയിൽ മി. സ്പീക്കർ)

എനിക്ക് ചില നിർദേശങ്ങൾകൂടി മുന്നോട്ടുവയ്ക്കാനുണ്ട്. ഭൂവിസ്തൃതി കണക്കാക്കി ഭൂനികുതി നിശ്ചയിക്കുന്നതിനുപകരം ലാൻഡ് വാല്യൂ അനുസരിച്ചുള്ള നികുതി നിശ്ചയിച്ചാൽ നന്നായിരിക്കും. ട്രാഫിക് കുറ്റകൃത്യങ്ങളുടെ ഫൈൻ വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൊല്ലം ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാനുള്ള നിർദേശം വരുമ്പോൾ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കൈവശമുള്ള ഹൈവേ സൈഡിലുള്ള ചാത്തന്നൂരിലെ സ്പിന്നിങ് മിൽ കോമ്പൗണ്ടിലെ പത്ത് ഏക്കർ ഭൂമിയുടെ കാര്യം പരിഗണിക്കണം. പരവൂർ ദേവരാജൻ മാസ്റ്റർ, വി. കേശവനാശാൻ, കെ. സി. കേശവപിള്ള, പോളച്ചിറ രാമചന്ദ്രൻ തുടങ്ങിയവരുടെ സാംസ്കാരിക സമുച്ചയം നിരവധി നാളുകളായി ആവശ്യപ്പെടുന്നതാണ്. അതിന്റെ ആദ്യഘട്ടമായി അഞ്ച് കോടി രൂപ അനുവദിക്കണമെന്ന് അഭ്യർഥിക്കുന്നു. എല്ലാ തിരഞ്ഞെടുപ്പ് കാലത്തും എത്ര

കേന്ദ്ര അന്വേഷണ ഏജൻസികളാണ് ഇവിടെ വന്ന് കലപില കൂട്ടുന്നത്? സംസ്ഥാനത്തെ ഭരണവും ഭരണാധികാരികളും ഈ നാടും ആകെ കുഴപ്പത്തിലാണെന്ന് വരുത്തിത്തീർക്കാൻ എന്തെല്ലാം ശ്രമങ്ങളാണ് നടത്തിയത്? കേന്ദ്ര സർക്കാർ വിരിച്ച വലയിലും എഴുതിയ കെട്ടുകഥകളിലും പ്രതിപക്ഷവും പങ്കാളികളായി. ഇ.ഡി. ഇപ്പോൾ ആരുടെ വീട്ടുപടിക്കലാണുള്ളത്? ഇടതുപക്ഷത്തെ നിശ്ശേഷം ഇല്ലാതാക്കാൻ ശ്രമിക്കുന്ന നിങ്ങൾ അറിയണം, നിങ്ങൾക്ക് എല്ലാ പൂക്കളെയും മുറിക്കാൻ സാധിക്കും, പക്ഷെ വസന്തത്തിന്റെ വരവിനെ തടയാൻ സാധിക്കില്ല എന്ന്. പുതിയ ലോകത്തിലേക്കുള്ള ഞങ്ങളുടെ യാത്രയെ നിങ്ങളുടെ ആയുധങ്ങൾക്കോ ഉപരോധങ്ങൾക്കോ ഭയപ്പെടുത്തലുകൾക്കോ തടയാൻ സാധിക്കില്ല. അവഗണനയുടെ ഭൂമികയിൽനിന്നും ഞങ്ങൾ വികസനത്തിലേക്ക് ടേക്ക് ഓഫ് ചെയ്യുകയാണ്. ആ ഉയർച്ചയിലേക്കുള്ള ശക്തിയും ഊർജവുമാണ് ഈ ബജറ്റ്. പ്രായോഗികതയ്ക്കും യാഥാർഥ്യത്തിനും പ്രാധാന്യം നൽകി തയ്യാറാക്കിയ ബജറ്റ് വെറും വാക്കുകളല്ല, വാക്കുകളുടെ കളികളല്ല, വാക്കുകളിൽ ഉറുമ്പിന്റെ കണ്ണും പൂവിന്റെ ഹൃദയവുമുണ്ട്, കടലോളം

ആഴവും ആകാശത്തോളം വിസ്തൃതിയുമുണ്ട്, തേനിന്റെ മാധുര്യവുമുണ്ട്. കേരളത്തെ ഒന്നായി ചേർത്തുപിടിക്കുന്ന ഈ ബജറ്റിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. റോജി എം. ജോൺ: സർ, രണ്ടാം പിണറായി സർക്കാരിന്റെ അവസാനത്തെ സമ്പൂർണ ബജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചത്. പത്ത് വർഷം പൂർത്തിയാക്കാൻ പോകുന്ന ഈ സർക്കാരിന്റെ അവസാന സമ്പൂർണ ബജറ്റിന്റെ കവർചിത്രമായി തെരഞ്ഞെടുത്തത് വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ഒരു ചിത്രമാണ്. കടൽക്കൊള്ളയെന്നും അയ്യായിരം കോടി രൂപയുടെ പദ്ധതിക്ക് ആറായിരം കോടി രൂപയുടെ അഴിമതിയെന്നുമൊക്കെ പറഞ്ഞ് സമരം ചെയ്തവർക്ക് പത്താം വർഷം ബജറ്റിൽ അച്ചടിക്കാൻ കിട്ടിയത് വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ചിത്രമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഉമ്മൻ ചാണ്ടി സർക്കാർ കൊണ്ടുവന്ന വിഴിഞ്ഞം പദ്ധതിയുടെ ചിത്രമാണ് ബജറ്റിന്റെ കവർ ചിത്രമാക്കിയിരിക്കുന്നത്. അവസാന സമ്പൂർണ ബജറ്റ് അവതരിപ്പിക്കുമ്പോൾ സ്വന്തമായി ആവിഷ്കരിച്ച് നടപ്പാക്കിയ ഒരു

പദ്ധതിയുടെ ചിത്രംപോലും കവർ പേജിൽ അച്ചടിക്കാനുണ്ടായിരുന്നില്ലെന്ന് പറയുമ്പോൾ ഈ സർക്കാരിന്റെ സ്ഥിതി എത്ര ദയനീയമാണെന്ന് മനസ്സിലാകും. ബജറ്റ് ചർച്ച ചെയ്തിട്ടും പാസ്സാക്കിയിട്ടും എന്താണ് പ്രയോജനം? രണ്ടാം ക്വാർട്ടറിൽത്തന്നെ എക്സ്ചെക്വർ ഓർഡറിലൂടെ ഇവിടെ ചർച്ച ചെയ്ത് പാസ്സാക്കുന്ന ബജറ്റിന്റെ അൻപത് ശതമാനം പദ്ധതികളും വെട്ടിക്കുറയ്ക്കുന്ന ഒരു സർക്കാരാണിത്. ഭരണഘടനാ ബാധ്യതയെന്ന രീതിയിൽ ധനകാര്യ വകുപ്പുമന്ത്രി വളരെ വിരസമായി ഇവിടെ ഒരു ബജറ്റ് അവതരിപ്പിച്ചെന്ന് മാത്രമേയുള്ളൂ. 'എന്തിനോ വേണ്ടി തിളയ്ക്കുന്ന സാമ്പാർ' എന്ന് ഒരു സിനിമയിൽ ശ്രീ. സലിം കുമാർ പറഞ്ഞതുപോലെ, നിയമസഭാംഗങ്ങൾ ഇവിടെ ചർച്ച ചെയ്ത് ബജറ്റ് പാസ്സാക്കുന്നു. തുടർന്ന്, ഒരു എക്സ്ചെക്വർ ഓർഡറിലൂടെ എല്ലാ പദ്ധതികളും വെട്ടിച്ചുരുക്കുകയാണ് ചെയ്യുന്നത്. ഇവിടെ പാസ്സാക്കുന്ന പദ്ധതികൾ വെട്ടിച്ചുരുക്കാതെ പൂർണമായും നടപ്പാക്കുമെന്ന് മറുപടി പ്രസംഗത്തിലൂടെ ഈ സഭയ്ക്ക് ഉറപ്പ് നൽകാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിയുമോ? കഴിഞ്ഞ സാമ്പത്തിക വർഷം എല്ലാ വകുപ്പുകളിലും അൻപത് ശതമാനത്തോളം

പദ്ധതികൾ വെട്ടിച്ചുരുക്കി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഈ സഭയിലുണ്ടല്ലോ. കൃഷി വകുപ്പിൽ മാത്രം 230 കോടി രൂപയാണ് വെട്ടിച്ചുരുക്കിയത്. അതായത്, വകയിരുത്തിയതിന്റെ 44 ശതമാനവും വെട്ടിച്ചുരുക്കി. ന്യൂനപക്ഷ സ്കോളർഷിപ്പ്, ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർതെരേസ സ്കോളർഷിപ്പ്, എ.പി.ജെ. അബ്ദുൽകലാം സ്കോളർഷിപ്പ് എന്നിവയും വെട്ടിച്ചുരുക്കി. ഏറ്റവും പരിഗണന അർഹിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്കായി പദ്ധതിയിനത്തിൽ അനുവദിച്ച 1370 കോടി രൂപയിൽ 500 കോടി രൂപ വെട്ടിച്ചുരുക്കിയ സർക്കാരാണിത്. ഈ നാട്ടിലെ സാധാരണക്കാരായ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ നിങ്ങളോട് എന്ത് തെറ്റാണ് ചെയ്തത്? അവർക്കായുള്ള പദ്ധതി വിഹിതംപോലും വെട്ടിക്കുറയ്ക്കുകയാണ്. ചരിത്രത്തിലാദ്യമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു മന്ത്രിപോലുമില്ലാത്ത സർക്കാരാണിത്. സ്പോർട്സ് ഹോസ്റ്റലിനും ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്ലാൻ വെട്ടിച്ചുരുക്കി പ്രോജക്ടിനെ മാത്രം ആശ്രയിക്കുന്ന ഈ സർക്കാരാണോ ഇടതുപക്ഷ സർക്കാർ? കർഷകരുടെയും ന്യൂനപക്ഷങ്ങളുടെയും പട്ടികജാതി/പട്ടികവർഗ

വിഭാഗങ്ങളുടെയുമുൾപ്പെടെ പദ്ധതി വെട്ടിച്ചുരുക്കുന്ന നിങ്ങൾ, ബി.ജെ.പി.-യെ പോലെയുള്ള തീവ്ര വലതുപക്ഷ സർക്കാരാണെന്ന് ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ്. സാമ്പത്തിക വർഷം അവസാനിക്കാറായപ്പോൾ വകുപ്പുകളുടെയെല്ലാം ആകെ പദ്ധതി ചെലവ് കേവലം 45% മാത്രമാണ്. കൃഷി വകുപ്പ്-42%, വ്യവസായ വകുപ്പ്-30% എന്നിങ്ങനെയാണ് പദ്ധതി വിഹിതം ചെലവഴിച്ചിരിക്കുന്നത്. ഏത് വകുപ്പെടുത്ത് പരിശോധിച്ചാലും കണക്കുകൾ കൃത്യമായി മനസ്സിലാക്കാൻ കഴിയും. ഇതൊന്നും ചെലവാക്കാനല്ലെങ്കിൽ പിന്നെ ഇതൊക്കെ ചർച്ച ചെയ്യുന്നതും പാസ്സാക്കുന്നതും എന്തിനാണ്? ബജറ്റ് പ്രസംഗം തുടങ്ങിയപ്പോൾ ഞങ്ങളെല്ലാവരും വളരെ പ്രതീക്ഷയോടെയാണ് കേട്ടത്. ബജറ്റിന്റെ ആദ്യ ഖണ്ഡികയിൽ 'എല്ലാം ശരിയായി' എന്നാണ് സൂചിപ്പിക്കുന്നത്. 'സമീപ വർഷങ്ങളിൽ സംസ്ഥാന സർക്കാരിനെ ബാധിച്ച ക്രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നു' എന്ന സന്തോഷ വാർത്തയും ആദ്യ ഖണ്ഡികയിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ഇതൊരു സന്തോഷ വാർത്തയാണെങ്കിൽ

പ്രകടനപത്രികയിൽ പ്രഖ്യാപിച്ചതുപോലെ ക്ഷേമപെൻഷൻ തുക വർധിപ്പിക്കാത്തത് എന്തുകൊണ്ടാണ്; ഇനിയെന്നാണ് നിങ്ങളത് വർധിപ്പിക്കുന്നത്? പഞ്ചായത്ത് ഇലക്ഷൻ വരുന്നതിന്റെ മുന്നിലത്തെ മാസം വർധിപ്പിക്കാൻവേണ്ടിയാണോ നിങ്ങൾ കാത്തുനിൽക്കുന്നത്? കേരളത്തിന്റെ ധനകാര്യ സ്ഥിതി മെച്ചപ്പെട്ടു, സന്തോഷ വാർത്തയാണെന്നൊക്കെ അറിയിച്ചതല്ലാതെ പാവങ്ങൾക്ക് കൊടുക്കാനുള്ള പെൻഷൻ തുക വർധിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. മൂന്നുമാസത്തെ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുമെന്ന് പറയുന്നതിന്റെ ന്യായമെന്താണ്? വിവിധ ക്ഷേമനിധി പെൻഷൻ വാങ്ങുന്ന ലക്ഷക്കണക്കിന് ആളുകൾ കേരളത്തിലുണ്ട്. കെട്ടിടനിർമ്മാണ ക്ഷേമനിധി, കർഷകത്തൊഴിലാളി ക്ഷേമനിധി, മത്സ്യത്തൊഴിലാളി ക്ഷേമനിധി തുടങ്ങിയ എല്ലാ ക്ഷേമനിധികളിലും തൊഴിലാളികൾ അവരുടെ അംശദായം അടച്ചിട്ടുള്ളതാണ്. ക്ഷേമനിധി പെൻഷനുകളെല്ലാം 10 മുതൽ 18 മാസംവരെ കുടിശ്ശികയാണ്. ഈ സാഹചര്യത്തിലാണ് തുക സമയബന്ധിതമായി

കൊടുത്തുതീർക്കുമെന്നും സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുവെന്നും ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ലൈഫ് ഭവന പദ്ധതിയിൽ ഒരുലക്ഷത്തിൽപ്പരം വീടുകൾ പൂർത്തിയാക്കാനാതെ പ്രതിസന്ധിയിലായിരിക്കുകയാണ്. കെട്ടിടത്തിന്റെ അടിത്തറ കെട്ടിയവർക്ക് അടുത്ത ഗഡു ലഭിക്കാത്തതുകൊണ്ട് ഭിത്തി കെട്ടാൻ കഴിയുന്നില്ല, ഭിത്തി കെട്ടിയവർക്ക് അടുത്ത ഗഡു ലഭിക്കാത്തതുകൊണ്ട് പൂർത്തീകരണത്തിലേക്ക് കടക്കാൻ കഴിയുന്നില്ല. ലൈഫ് ഭവന പദ്ധതിയിൽ വകയിരുത്തിയ 500 കോടി രൂപയിൽ കേവലം 24% തുക മാത്രമാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്. നിങ്ങളുടെ പദ്ധതി ചെലവ് എത്രയാണ്; ഈ സർക്കാരിന്റെ പ്രവർത്തനം എങ്ങനെയാണ്? നമ്മുടെ നാടിന് അഭിമാനമായ കുടുംബശ്രീ പ്രസ്ഥാനം വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച ജനകീയ ഹോട്ടലുകൾ മുഴുവൻ ഇന്ന് അടഞ്ഞുകിടക്കുകയാണ്. സർക്കാർ എത്ര രൂപയാണ് കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ളതെന്ന ധാരണയുണ്ടോ? സർക്കാർ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കുമായി ഏകദേശം 65000 കോടി രൂപ, കരാറുകാർക്ക് 15000 കോടി രൂപ, ജൽ ജീവൻ മിഷന് 4000 കോടി രൂപ, കാരുണ്യ പദ്ധതിക്ക്

1500 കോടി രൂപ, മരുന്ന് കമ്പനികൾക്ക് 700 കോടി രൂപ എന്നിങ്ങനെ ഏകദേശം ഒരു ലക്ഷം കോടിയിൽപ്പരം രൂപ വിവിധ ഇനങ്ങളിൽ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള സർക്കാരാണിത്. അത് സമയബന്ധിതമായി കൊടുത്തുതീർക്കാനുള്ള ഏതെങ്കിലും ഒരു കർമപദ്ധതിയെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രിക്ക് സൂചിപ്പിക്കാൻ കഴിയുന്നുണ്ടോ? സ്കൂളുകളിലെ പാചകത്തൊഴിലാളികൾ യഥാസമയം വേതനം ലഭിക്കാതെ ഏറെ നാളുകളായി വലിയ പ്രതിസന്ധിയിലാണ്. സ്കൂളിലെ കുട്ടികൾക്ക് പാലും മുട്ടയും മറ്റ് നല്ല ഭക്ഷണങ്ങളും വച്ചുവിളമ്പിയശേഷം സ്വന്തം മക്കളെ പോറ്റാൻ അവർ കഷ്ടപ്പെടുകയാണ്. സാധാരണക്കാരായ ഈ പാചകത്തൊഴിലാളികൾക്ക് കാലോചിതമായ വേതന പരിഷ്കരണമില്ല, വിരമിക്കൽ ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളുമില്ല. നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ ഒരുലക്ഷത്തി ഇരുപത്തിയെണ്ണായിരത്തിലധികം വരുന്ന പാചകത്തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് ഗ്രാറ്റുവിറ്റിയും പെൻഷനും ബോണസും മറ്റാനുകൂല്യങ്ങളും നൽകുന്ന അനുകൂല നിലപാട്

സ്വീകരിച്ചുവരികയാണ്. കേരളത്തിൽ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ടി തൊഴിലാളികളെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുമെന്ന പ്രഖ്യാപനമുണ്ടായി, അതുസംബന്ധിച്ച് ഉത്തരവും പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എ.ഐ.ടി.യു.സി. (ഓൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്) ഉൾപ്പെടെയുള്ള സംഘടനകൾ ഇതുസംബന്ധിച്ച് എല്ലാ എം.എൽ.എ.-മാർക്കും നിവേദനം നൽകിയിട്ടുണ്ട്. പാവപ്പെട്ട പാചകത്തൊഴിലാളികളുടെ കാര്യത്തിൽ ഒരു ഇടപെടലുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി നിഷ്കളങ്കനാണെന്ന് മലപ്പുറം അംഗം ഇവിടെ പറയുകയുണ്ടായി. ഞങ്ങളെല്ലാവരും അത് അംഗീകരിക്കുന്നു. ഞങ്ങൾക്ക് അങ്ങയോട് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, അങ്ങ് നിഷ്കളങ്കനായിരിക്കുന്നതുപോലെ നീതിമാനുമാകണം എന്നാണ്. കേന്ദ്രസർക്കാർ കേരളത്തെ അവഗണിക്കുന്നത് സംബന്ധിച്ച് എല്ലാവരും ഘോരഘോരം പ്രസംഗിക്കാറുണ്ട്. എന്നാൽ ഇവിടെ ഇപ്പോൾ എന്താണ്

നടന്നുകൊണ്ടിരിക്കുന്നത്? ഭരണപക്ഷത്തിന് ഒരു നീതി, പ്രതിപക്ഷത്തിന് മറ്റൊരു നീതി. ശ്രീ. തോമസ് കെ. തോമസ് ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ പ്രസംഗിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിൽ തുക വാരിക്കോരി അനുവദിച്ചുവെന്ന് പറഞ്ഞു. തദ്ദേശറോഡ് പദ്ധതിയിൽ പ്രതിപക്ഷാംഗങ്ങൾക്ക് നാല് കോടി രൂപയും ഭരണകക്ഷി അംഗങ്ങൾക്ക് എട്ട് കോടി രൂപവരെയും അനുവദിച്ചിട്ടുണ്ട്. ബജറ്റിൽ പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിൽ അഞ്ച് മുതൽ ആറ് കോടി രൂപവരെ മാത്രമാണ് അനുവദിച്ചത്. എന്നാൽ ഭരണപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിൽ പത്ത് മുതൽ ഇരുപത്തിയഞ്ച് കോടി രൂപവരെ പ്രഖ്യാപിച്ചിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട ചെയറിനോട് ഒരു കാര്യം ചോദിക്കുകയാണ്. ഈ നിയമസഭയിലേക്ക് കടക്കാൻ ഇവിടെ കാണുന്ന അഞ്ച് വാതിലുകളല്ലാതെ വേറെ ഏതെങ്കിലും വാതിലുണ്ടോ? ഞങ്ങൾ ഓട് പൊളിച്ചുവന്നവരാണോ; ഒളിച്ച് കടന്നുവന്ന ആളുകളാണോ? അങ്കമാലി, പെരുമ്പാവൂർ, ആലുവ, മലപ്പുറം തുടങ്ങി എല്ലാ നിയോജകമണ്ഡലങ്ങളിലെയും ജനങ്ങൾ സംസ്ഥാന ഖജനാവിലേക്ക് കൊടുക്കുന്നത് നികുതിപ്പണം തന്നെയാണ്. ആ നികുതിപ്പണത്തിന്റെ

വിഹിതമാണ് ജനപ്രതിനിധികളായ ഞങ്ങൾ ചോദിക്കുന്നത്, ആരുടെയും കുടുംബത്തിൽനിന്ന് കൊണ്ടുവന്ന പണമല്ല. ഞങ്ങളുടെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് ലഭിക്കേണ്ട ന്യായമായ അവകാശമാണ് ചോദിക്കുന്നത്. ജനങ്ങളുടെ അവകാശം ഒരു സർക്കാരിന്റെയും ഔദാര്യമല്ല. ഇക്കാര്യത്തിലെങ്കിലും നീതി പുലർത്താൻ സർക്കാർ തയ്യാറാകണം. നീതി പുലർത്താത്ത ഈ ബജറ്റിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ്: സർ, കൊച്ചുനാൾ മുതൽ കേട്ടുവളർന്ന ഒരു ഇംഗ്ലീഷ് പ്രയോഗമാണ് 'Slow and Steady Wins the Race'. അവധാനതയോടെ ചുവടുവച്ചാൽ ലക്ഷ്യത്തിലെത്താൻ കഴിയുമെന്നാണ് അതിന്റെ അർഥം. അവധാനതയോടെ ചുവടുവച്ച് സുസ്ഥിര വികസനത്തിലേക്ക് കേരളത്തെ നയിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മനസ്സാണ് ഈ ബജറ്റിലൂടെ പ്രതിഫലിക്കുന്നത്. കാറും കോളും നിറഞ്ഞ കലുഷിതമായ കടലാഴങ്ങളിലൂടെ തുഴഞ്ഞ് എത്തേണ്ടിടത്ത് എത്തിക്കൊണ്ടിരിക്കുന്ന നാവികന്റെ നിശ്വാസവും ഈ പ്രസംഗത്തിലുണ്ട്.

ഒപ്പം എവിടേയ്ക്കാണ് എത്തേണ്ടതെന്നും നങ്കൂരമിടേണ്ടത് എവിടെയാണെന്നതും സംബന്ധിച്ച ദൂരക്കാഴ്ച, ആസൂത്രണം എന്നിവയും ഇതിൽ പ്രതിഫലിക്കുന്നുണ്ട്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. റോജി എം. ജോൺ ഇത് തീവ്ര വലതുപക്ഷത്തിന്റെ ആശയമാണെന്നാണ് ഇവിടെ പറഞ്ഞത്. അദ്ദേഹം ഉൾപ്പെടെയുള്ള ആളുകൾക്ക് സ്ഥലജല വിഭ്രാന്തി പിടിപെട്ടിരിക്കുന്നു, ഇടതും വലതും തിരിച്ചറിയാൻ കഴിയാത്ത മാനസികാവസ്ഥയുടെ തടവുകാരായി അവർ മാറിയിരിക്കുന്നു. ഇത് പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ ബജറ്റാണെന്നതിൽ യാതൊരു സംശയവും വേണ്ട. മാർക്സിസമെന്ന മഹത്തായ ആശയം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകൾ നടപ്പാക്കാനുള്ള ഇച്ഛാശക്തിയുടെ പ്രകടനമാണ് ഈ ബജറ്റ്. മാനവികത, സമത്വം, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പൊരുത്തം ഇതെല്ലാം മുന്നോട്ടുവയ്ക്കുന്ന ആശയം ഈ ബജറ്റിന്റെ ആത്മാവായും തെളിച്ചവും വെളിച്ചവുമായും പ്രകാശിക്കുന്നുണ്ട്. National Multidimensional Poverty Index-ൽ പറയുന്നത് ഇന്ത്യയിലെ ബഹുമുഖ ദരിദ്രർ ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെന്നാണ്. അതായത് 0.55%. തൊട്ടുപുറകിലുള്ള

സംസ്ഥാനം ഗോവയാണ്, അവിടെ 3.76 ശതമാനമാണ്. അതീവ ദരിദ്രരില്ലാത്ത നാടായി അടുത്ത കേരള പിറവി ദിനത്തിൽ നമ്മുടെ നാട് മാറുകയാണെന്ന കാര്യം ഇവിടെ സൂചിപ്പിച്ചല്ലോ. അതെങ്ങനെയാണ് മാറുന്നത്; എന്തുകൊണ്ടാണ് മാറുന്നത്; അങ്ങനെ ഇന്ത്യയിൽ മറ്റേതെങ്കിലുമൊരു സംസ്ഥാനം മാറിയിട്ടുണ്ടോ; ലോകത്തിലെ ഏതെങ്കിലും ഒരു വികസിത രാജ്യത്തിലോ വികസ്വര രാജ്യത്തിലോ ദരിദ്ര രാജ്യത്തിലോ അങ്ങനെയൊരു സ്വപ്നം പങ്കുവയ്ക്കപ്പെട്ടിട്ടുണ്ടോ? തീർച്ചയായും അത് നമ്മുടെ കേരളത്തിനുമാത്രം കഴിയുന്ന കാര്യമാണ്. പരിസ്ഥിതിയെ സംരക്ഷിക്കുന്ന നിലപാടുകളുണ്ട്. ദേശീയ ശരാശരിയെക്കാൾ കൂടുതൽ മഴ ലഭിക്കുന്ന നാടാണ് നമ്മുടേത്. ഭൂഗർഭ ജലനിരപ്പ് അപകടകരമായി താഴാതിരിക്കാൻ പെയ്തിറങ്ങുന്ന മഴവെള്ളത്തെ മണ്ണിൽ കരുതിവയ്ക്കാനുള്ള ദീർഘവീക്ഷണം ഈ ബജറ്റിൽ കാണാൻ കഴിയും. മണ്ണ്-ജല സംരക്ഷണ മേഖലയിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള അടങ്കൽ തുകയായി 77.99 കോടി രൂപയാണ് ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ശാസ്ത്രീയമായ ഭൂവിനിയോഗത്തിലൂടെ കേരളത്തെ മുന്നോട്ടുനയിക്കാനുള്ള ദൃഢനിശ്ചയം

ഇതിലൂടെ കാണാൻ സാധിക്കും. അഞ്ഞൂറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 'നെറ്റ് സീറോ കാർബൺ' പദ്ധതി എന്ന ലക്ഷ്യം കൈവരിക്കാൻവേണ്ടിയുള്ള പ്രഖ്യാപനവും ബജറ്റിലുണ്ട്. കവി പാടിയതുപോലെ, 'ഇനിവരും തലമുറയ്ക്ക് ഇവിടെ വാസം സാധ്യമാകാൻ ശുദ്ധവായു വേണം, ശുദ്ധജലം വേണം' എന്ന കാഴ്ചപ്പാട് ഒരു പ്രത്യയശാസ്ത്രം പകർന്നുനൽകുന്ന ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകൂടിയാണെന്ന് മനസ്സിലാക്കണം. 'ഹരിത ഊർജ' പദ്ധതിക്ക് 62.96 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 'ന്യൂ ഇന്നിങ്സ്' എന്നത് എന്തൊരു മനോഹരമായ ആശയമാണ്! കേരളം കൈവരിച്ച ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യ നേട്ടങ്ങളുടെ ഒരു മറുപുറം കൂടി അതിലുണ്ട്. ജീവിതത്തിന്റെ സായാഹ്നങ്ങളിൽ മിണ്ടാനും പറയാനും ആരുമില്ലാതെ വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന, ആത്മവിശ്വാസം നൽകുന്ന, പുതിയ സംരംഭങ്ങൾക്ക് പിന്തുണയും നൽകുന്ന സമീപനത്തെ പ്രശംസിക്കാതിരിക്കാൻ എങ്ങനെയാണ് പ്രതിപക്ഷത്തിന് കഴിയുന്നത്? ഗൃഹം എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ കഴിയാതെ

നിരാശപ്പെടുന്നവർക്കായി 'കെ-ഹോംസ്' എന്ന ആശയം മുന്നോട്ടുവച്ചിട്ടുണ്ട്. ഈ ആശയങ്ങൾ ഉടലെടുക്കുന്നത് ഇടതുപക്ഷത്തിന്റെ മനസ്സിൽനിന്നുമാത്രമാണെന്ന് നിങ്ങൾ ഓർക്കണം. കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 72.69 ശതമാനവും തനത് വരുമാനമാണ്. ഇവിടെ പ്രതിപക്ഷവും ബി.ജെ.പി.-യും പാടി നടക്കുന്നത് എന്താണ്? കടമെടുത്ത് കടമെടുത്ത് നടുവൊടിഞ്ഞ കേരളമെന്നാണ്. സ്വന്തം കാലിൽ നിവർന്ന് നിൽക്കുന്ന കേരളത്തിന്റെ കണക്കുകളാണ് ഇവിടെ വ്യക്തമാക്കുന്നത്. കേന്ദ്രം ട്രാൻസ്ഫർ ചെയ്യുന്നത് വെറും 27.3% മാത്രമാണ്. ദേശീയ ശരാശരി 42 ശതമാനമായിരിക്കുമ്പോഴാണ് കേരളത്തിന് 27.3% ലഭ്യമാകുന്നതെന്ന് നമ്മൾ തിരിച്ചറിയണം. ഫെബ്രുവരി ഒന്നിന് കേന്ദ്രസർക്കാരിന്റെ ബജറ്റായിരുന്നല്ലോ. ആ ബജറ്റ് വന്നപ്പോൾ ശ്രദ്ധേയമായൊരു കാർട്ടൂണുണ്ട്. ദരിദ്രരെ ലക്ഷ്മി ദേവി അനുഗ്രഹിക്കും, സമ്പന്നരെ നിർമ്മലാ ദേവി അനുഗ്രഹിക്കും എന്നതായിരുന്നു ആ കാർട്ടൂൺ. ഇന്ത്യയിലെ ദരിദ്ര കോടികളെ ലക്ഷ്മി ദേവി അനുഗ്രഹിച്ചില്ല. എന്നാൽ സമ്പന്നർക്ക് നിർമ്മലാ ദേവി വാരിക്കോരി അനുഗ്രഹം ചൊരിഞ്ഞുവെന്ന് നമുക്ക് കാണാൻ കഴിയും.

ഉപരോധ സമാനമായ വരിഞ്ഞുമുറുക്കലാണ് കേരളത്തിനുമേൽ കേന്ദ്രം സ്വീകരിക്കുന്നത്. വരുംവർഷം കേരളത്തെ പ്രതിസന്ധിയിൽപ്പെടുത്താനുള്ള അവഗണനയുടെ ചിത്രമാണ്. ഭരണഘടന നൽകുന്ന അധികാരമുപയോഗിച്ച് ഭരണഘടനയെ തകർക്കുന്ന, തുല്യതയെന്ന ഭരണഘടനയുടെ ആത്മാവിനെ പിച്ചിച്ചീന്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സംസ്കാരത്തിൽ മാത്രമല്ല സാമ്പത്തിക വികസനത്തിന്റെ കാര്യത്തിലും വൈവിധ്യമുണ്ട്. ആ വൈവിധ്യങ്ങളെ നിരാകരിക്കുക മാത്രമല്ല പ്രതികാര ബുദ്ധിയോടുകൂടി സംസ്ഥാനങ്ങളെ കാണുകയും ചെയ്യുന്നു. ചില സംസ്ഥാനങ്ങളോട് രാഷ്ട്രീയ കാരണങ്ങളാൽ പക്ഷപാതം കാണിക്കുന്നു. മഴക്കെടുതിയുണ്ടായ ത്രിപുരയ്ക്ക് 40 കോടി രൂപയും ആന്ധ്രാപ്രദേശിനും തെലങ്കാനയ്ക്കും 3448 കോടി രൂപയും മണിപ്പൂരിന് 50 കോടി രൂപയുമാണ് നൽകിയത്. ഇന്ത്യയിലെ ഏറ്റവും വലിയ മൂന്നാമത്തെ ദുരന്തമായി ചരിത്രത്തിൽ രേഖപ്പെടുത്തിയ, ഇന്നും തോരാത്ത കണ്ണീരായും ഉണങ്ങാത്ത മുറിവായും നിൽക്കുന്ന ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാടിന് നൽകിയത് വട്ടപൂജ്യമാണ്. ഇതാണ് ബി.ജെ.പി. കേരളത്തോട് സ്വീകരിക്കുന്ന

സമീപനം. കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് പണം കൈമാറുന്നത് മൂന്ന് രീതിയിലാണ്. ഒന്ന്, നികുതി വിഹിതം. രണ്ട്, ഗ്രാന്റുകൾ-ധനകാര്യ കമ്മിഷൻ ഗ്രാന്റുകളും ആർട്ടിക്കിൾ 282 പ്രകാരമുള്ള തന്നിഷ്ടംപോലെ കൊടുക്കാൻ കഴിയുന്ന ഗ്രാന്റുകളും. 2015-ൽ ആസൂത്രണ കമ്മിഷന്റെ കഥ കഴിച്ചു. ഇപ്പോൾ കേന്ദ്രത്തിന് ഇഷ്ടമുള്ള സംസ്ഥാനങ്ങൾക്ക് പണം വാരിക്കോരി കൊടുക്കുകയാണ്. ഈ സമീപനം യഥാർഥത്തിൽ അമേരിക്ക ക്യൂബയ്ക്കുനേരെ നടത്തിയ ഉപരോധത്തിനും ആക്രമണത്തിനും സമാനമാണ്. ക്യൂബയെ ഉപരോധിക്കുക, സപ്ലൈ ചെയിൻ വിച്ഛേദിക്കുക, അവിടത്തെ ജനതയെ ഭരണാധികാരികൾക്ക് എതിരാക്കുക എന്ന തന്ത്രമാണ് അവിടെ സ്വീകരിച്ചത്. ഇവിടെ അങ്ങനെയൊരു സമീപനം സ്വീകരിക്കുമ്പോൾ പ്രതിപക്ഷത്തിന്റെ റോൾ എന്താണ്? അമേരിക്ക ക്യൂബയെ വരിഞ്ഞുമുറുക്കുമ്പോൾ അവിടത്തെ ജനത ഒറ്റക്കെട്ടായി പറഞ്ഞത് മരിച്ചുവീണാലും അവസാന ശ്വാസംവരെ ഞങ്ങൾ സർക്കാരിനൊപ്പമായിരിക്കും എന്നാണ്. അവിടെ ഒറ്റുകാരുണ്ടായിരുന്നില്ല. ഇവിടെ കോൺഗ്രസ് പാർട്ടിയുടെ, ഐക്യജനാധിപത്യ മുന്നണിയുടെ

സമീപനമെന്താണ്? പ്രൊഫസർ എം. കൃഷ്ണൻ നായർ സാറിന്റെ പ്രയോഗമുണ്ട്, ഉമിക്കരി വായിലിട്ട് ചവയ്ക്കുന്നതുപോലെയെന്ന്. അതുപോലെ ആർക്കും മനസ്സിലാകാത്ത തരത്തിലാണ് ബി.ജെ.പി. സർക്കാരിനോടുള്ള കോൺഗ്രസിന്റെ സമീപനം. നശീകരണാത്മക പ്രതിപക്ഷമായി നിങ്ങൾ മാറിയില്ലേ? പ്രതിപക്ഷ നേതാവിൽനിന്ന് ഒരിക്കലും പ്രതീക്ഷിക്കാത്ത 'അടിച്ചുപൊളിക്കും' എന്ന പദപ്രയോഗമുണ്ടായി. അദ്ദേഹം പറഞ്ഞത് 'ടോൾ' എന്ന ആശയത്തെ സംബന്ധിച്ചാണ്. അദ്ദേഹം പറയുന്നതിന് മുമ്പുതന്നെ കോൺഗ്രസുകാർ അടിച്ചുപൊളിച്ചു. ഭരണപക്ഷത്തുള്ള ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ മണ്ഡലത്തിലെ നെയ്യാർഡാമിൽ രാജീവ് ഗാന്ധി പഠന ഗവേഷണ കേന്ദ്രം സ്ഥിതി ചെയ്യുന്നുണ്ട്. അവിടെ ക്യാമ്പ് നടത്തിയ കെ.എസ്.യു.-ക്കാർ ജനാലകളും ഗ്ലാസ്സുകളുമെല്ലാം അടിച്ചുതകർത്തു. അവിടത്തെ മാർബിൾ തറയിൽ ചോരത്തുള്ളികൾ ചിതറി. ഒരാഴ്ച മുമ്പാണ് എൻ.ജി.ഒ. അസോസിയേഷൻ അടിച്ചുതകർക്കാൻ തുടങ്ങിയത്. 'അടിച്ചുതകർക്കൽ' അതാണ് പ്രതിപക്ഷത്തിന്റെ ഇന്നത്തെ മുഖമുദ്ര. കേരളം ഇങ്ങനെയൊരു പ്രതിസന്ധിയിൽ നിൽക്കുമ്പോൾ എന്താണ് ചെയ്യേണ്ടത്?

കേരളത്തിനുവേണ്ടി, മലയാളികൾക്കുവേണ്ടി ഒരുമിച്ച് നിൽക്കണ്ടേ? മഹാനായ കഥാകാരൻ ശ്രീ. ടി. പത്മനാഭൻ മാഷിന്റെ വാക്കുകളിൽ മലയാളിയുടെ കോപം, മലയാളിയുടെ താപം, മലയാളിയുടെ രോഷം, സങ്കടം എന്നിവയെല്ലാമുണ്ട്. 'കേരളം ഇന്ത്യയിലല്ലേ' എന്നാണ് അദ്ദേഹം ചോദിച്ചത്. മൊണാലിസയുടെ ചിരിയാണ് ഏറ്റവും മനോഹരമെന്ന് നമ്മൾ കേട്ടിട്ടുണ്ട്. ഏറ്റവും മനോഹരമായ ചിരിയായി ഒരുപക്ഷേ ചരിത്രത്തിൽ രേഖപ്പെടുത്താൻ പോകുന്നത് മുൻ പ്രതിപക്ഷനേതാവിന്റെ ചിരിയായിരിക്കും. ടാഗോർ തിയേറ്ററിൽ സ്വാഗത പ്രസംഗകന്റെ പ്രസംഗം കേട്ട് അദ്ദേഹം ഊറി ചിരിച്ച ഒരു ചിരിയുണ്ടല്ലോ, അത് സൂം ചെയ്ത് ഫ്രെയിം ചെയ്ത് വച്ചാൽ അതായിരിക്കും ലോകത്തിലെ ഏറ്റവും മനോഹരമായ ചിരി. അദ്ദേഹത്തിന്റെ അനുയായികൾ അത് മനോഹരമായ ചിരിയെന്ന് പറയുമ്പോൾ അദ്ദേഹത്തെ എതിർക്കുന്നവർ പറയുന്നത് അത് മനോഹരമായ ചിരിയല്ല, അതൊരു കൊല ചിരിയാണെന്നാണ്. സ്വന്തം രാഷ്ട്രീയ പാർട്ടിയുടെ നിയോഗമെന്തെന്ന് തിരിച്ചറിയാൻ ഇന്നത്തെ കാലത്ത് കോൺഗ്രസിന് കഴിയുന്നുണ്ടോ? ഇന്ത്യയ്ക്ക് ഒരു പ്രതിപക്ഷ നേതാവുണ്ടായത് ഇപ്പോഴാണ്.

എങ്ങനെയാണ് പ്രതിപക്ഷ നേതാവുണ്ടായത്; നൂറ്റാണ്ട് പിന്നിട്ട ലെഗസിയുടെ അടിസ്ഥാനത്തിൽ ഉണ്ടായതാണോ? സമാജ്‌വാദി പാർട്ടി, ആർ.ജെ.ഡി., ഡി.എം.കെ. തുടങ്ങി ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഔദാര്യമാണ്, അവരുടെ പിന്തുണയാണ് കോൺഗ്രസിന്റെ പ്രതിപക്ഷ നേതൃസ്ഥാനം. അവർ അക്കാര്യം മറക്കുകയല്ലേ? കേരളം ഉൾപ്പെടെ ഇന്ത്യയിൽ കോൺഗ്രസിന് ലഭിച്ച പിൻബലമെന്ന് പറയുന്നത് ബി.ജെ.പി. വിരുദ്ധതയാണ്. എന്നാൽ കേരളത്തിൽ അവർ ഇടതുപക്ഷ വിരുദ്ധതയുടെ അപ്പോസ്തലന്മാരായി, ബി.ജെ.പി.-ക്ക് പിന്തുണ പാടുന്നവരായി മാറുന്ന ചിത്രം നമ്മൾ കാണുകയാണ്. ഇതിന് കേരളം മാപ്പ് നൽകാൻ പോകുന്നില്ല. പാരിൻനടുവിലെ ഒരുപിടി മണ്ണുമാത്രമല്ല കേരളം, വിശ്വപൗരന്മാരുടെ നാടാണ് കേരളം. ഈ കേരളത്തെ വരിഞ്ഞുമുറുക്കാൻ ഉപരോധ സമാനമായ ഭീഷണികളോടെ നിശബ്ദമാക്കാൻ, നിശ്ചലമാക്കാൻ ശ്രമിച്ചാൽ ഒരു ജനത ഒന്നായി മലയാളിയെന്ന ബോധത്തിൽ ഉയർത്തെഴുന്നേൽക്കും. അതിനെ അതിജീവിക്കാനുള്ള രേഖയാണ്, സാമ്പത്തിക രേഖ മാത്രമല്ല, പോരാട്ടത്തിന്റെ രേഖകൂടിയാണ് ബജറ്റെന്ന്

തിരിച്ചറിഞ്ഞുകൊണ്ട് ഈ ബജറ്റിനെ ഹൃദയം നിറയുന്ന സന്തോഷത്തോടെയും അഭിമാനത്തോടെയും പിന്തുണയ്ക്കുന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഫെബ്രുവരി മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 3.49-ന് പിരിഞ്ഞു.)

* * * *

അനുബന്ധം-1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഗ്രീൻ ഹൈഡ്രജൻ നയം

6 (*36) ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. രാജ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദന രംഗം കാർബൺ ന്യൂട്രലായി മാറ്റാൻ ലക്ഷ്യമിട്ട് പുനരുപയോഗ ഊർജസ്രോതസ്സുകളിൽനിന്നുള്ള ഊർജോൽപാദനം പടിപടിയായി ഉയർത്തിക്കൊണ്ടുവരുന്നതിനായി സർക്കാർ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നിലവിൽ കേരളത്തിലെ ആഭ്യന്തര ഊർജോൽപാദനം പ്രധാനമായും നടക്കുന്നത് പുനരുപയോഗ ഊർജസ്രോതസ്സുകളിൽനിന്നുമാണ്. 2023-24 സാമ്പത്തിക വർഷാവസാനം കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ

ആകെ ഉൽപാദനശേഷി 2183.57 MW-ഉം സൗരോർജ പദ്ധതികളുടെ ശേഷി 1027.42 MW-ഉം കാറ്റാടി നിലയങ്ങളുടെ ശേഷി 71.28MW-ഉം (IPP, CPP ഉൾപ്പെടെ) ആണ്. ഇതുകൂടാതെ 2024-25-ൽ 40 MW ശേഷിയുള്ള തൊട്ടിയാർ ജലവൈദ്യുത പദ്ധതികൂടി കമ്മിഷൻ ചെയ്തിട്ടുണ്ട്.

വൈദ്യുത ഉൽപാദനരംഗം കാർബൺ ന്യൂട്രലായി മാറ്റാൻ ലക്ഷ്യമിട്ട് പുനരുപയോഗ ഊർജോൽപാദനം പടിപടിയായി ഉയർത്തി കൊണ്ടുവരുന്നതിനായി സർക്കാർ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് കെ.എസ്.ഇ.ബി.എൽ. മുഖേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. 187.536 MW മൊത്തം സ്ഥാപിതശേഷിയുള്ള 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. 92 MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ളവ)

വിവിധ ഘട്ടങ്ങളിലാണ്.

3. ഇടുക്കി സുവർണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

4. ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉൽപാദനം സാധ്യമാക്കുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതിൽ 2 പദ്ധതികൾ (മഞ്ഞപ്പാറ, മുതിരപ്പുഴ) നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും രണ്ടായിരത്തി മുപ്പതോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

5. പകൽസമയം മിച്ചവൈദ്യുതിയും രാത്രികാലങ്ങളിൽ കടുത്ത കമ്മിയും എന്ന സ്ഥിതി വരുംവർഷങ്ങളിൽ കൂടുതൽ പ്രകടമാകുമെന്ന് കരുതുന്നു. ഇത് കണക്കിലെടുത്ത് സ്റ്റോറേജ് നിലയങ്ങൾ സ്ഥാപിക്കും.

വരുംവർഷങ്ങളിൽ പത്ത് നിലയങ്ങളിൽ നിന്നായി 3,300 MW പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ഏകദേശം 2000 MW/5000 MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് പദ്ധതികളും ആവശ്യാനുസരണം കേരളത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 250 MW/1000 MWh BESS ഉടൻതന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

6. കാർബൺ ന്യൂട്രലാക്കുന്നതുമായി നേരിട്ട് ബന്ധമില്ലെങ്കിലും പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം നിറവേറ്റുന്നതിന് സഹായകരമാം വിധത്തിൽ ഹരിത ഊർജത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് സൗര പുരപ്പുറ സോളാർ പദ്ധതി. സൗര പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49402 നിലയങ്ങൾ കമ്മിഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, പ്രധാനമന്ത്രി സൂര്യ ഘർ യോജന, പി.എം. കുസും, സോളാർ സിറ്റി, ഡാം ടോപ്, കനാൽ ടോപ്, ഗ്രൗണ്ട് ടോപ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ് സോളാർ തുടങ്ങി വിവിധ പദ്ധതികളിലായി 31-01-2025 വരെ ആകെ 206204 നിലയങ്ങൾ സ്ഥാപിച്ചതുവഴി 1516.018 MW ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്.

7. നിലവിൽ സൗരോർജ മേഖലയിൽ ഗാർഹിക ഉപഭോക്താക്കൾക്കുള്ള പ്രധാനമന്ത്രി മുഫ്ത് ബിജ്‌ലി യോജനയും കർഷകർക്കുള്ള പി.എം. കുസും പദ്ധതിയും MNRE-യുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

8. 31-12-2025 -ൽ അവസാനിക്കുന്ന പി.എം. കുസും പദ്ധതിയിലൂടെ 17 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

9. കൊല്ലം ജില്ലയിൽ, NHPC മുഖേന നടപ്പിലാക്കുന്ന വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്രോജക്ടുവഴി 50 MW കൂടി 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുണ്ട്.

10. ഗാർഹിക ഗാർഹികേതര മേഖലയിൽ സബ്സിഡിരഹിത സൗരോർജ പ്ലാന്റ് സ്ഥാപിച്ച് നൽകുന്നതിനായി 100 മെഗാവാട്ടിന്റെ മറ്റൊരു ടെൻഡർ കൂടി വിളിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

വൈദ്യുതി ഉൽപാദനരംഗം കാർബൺ ന്യൂട്രലായി മാറ്റാൻ ലക്ഷ്യമിട്ട് അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ

സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.

റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് 'റെസ്കോ (RESCO) മോഡൽ' പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

സർക്കാർ ഫണ്ടുപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/ പുനർഗേഹം വീടുകളിൽ 2 KW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം

കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

വിദൂര ആദിവാസി കോളനികളിൽ വിൻഡ്/സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

വൈദ്യുത കണക്ഷനുള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1hp മുതൽ 7.5hp വരെയുള്ള പമ്പുകൾ സൗരോർജവൽക്കരിച്ച് അതിൽനിന്ന് ഉൽപാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കാൻ സഹായിക്കുന്ന പദ്ധതിയാണ്

'പി.എം. കുസും' പദ്ധതി.

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രീൻ ഹൈഡ്രജൻ നയം രൂപീകരിക്കുവാൻ തീരുമാനമെടുത്തിരുന്നോ; വിശദമാക്കുമോ?

ഉണ്ട്. ഗ്രീൻ ഹൈഡ്രജൻ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ മാർഗനിർദേശങ്ങൾ അനുസരിച്ച് കേരളത്തിൽ ഹൈഡ്രജൻ വാലി പദ്ധതി നടപ്പിലാക്കുന്നതിന് അനെർട്ടിന്റെ നേതൃത്വത്തിൽ കമ്പനി ആക്ട് 2013-ലെ സെക്ഷൻ 8 പ്രകാരം "ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ കേരള" (എച്ച്.വി.ഐ.സി.-കേരള) എന്ന പേരിൽ ഒരു പ്രത്യക ഉദ്ദേശ്യ കമ്പനി സർക്കാരിന്റെയും പൊതു-സ്വകാര്യ-വ്യവസായ മേഖലയുടെയും സഹകരണത്തോടെ ഏകദേശം 133 കോടി രൂപ പദ്ധതി ചെലവിൽ തുടങ്ങാൻ സർക്കാർ അനുമതി നൽകി. പ്രാദേശിക ഹൈഡ്രജൻ ആവാസവ്യവസ്ഥയെ വികസിപ്പിക്കുകയും സുസ്ഥിര ഊർജത്തിലേക്കുള്ള കേരളത്തിന്റെ പരിവർത്തനത്തിന് വലിയ സംഭാവന നൽകുകയും ചെയ്യാൻ ലക്ഷ്യമിടുന്ന കമ്പനി പുതിയ സാമ്പത്തിക അവസരങ്ങൾക്ക്

വഴിയൊരുക്കുകയും ഈ മേഖലയിലെ പാരിസ്ഥിതിക വെല്ലുവിളികളെ നേരിടുകയും ചെയ്യും. ക്ലസ്റ്ററുകളിൽനിന്നുള്ള ഹൈഡ്രജൻ ഉപയോഗിക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റാനും പ്രയോജനപ്പെടുത്തും. ഹൈഡ്രജൻ ഉൽപാദനവും വിതരണവും മാത്രമല്ല, ഈ രംഗത്തെ ഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും ലക്ഷ്യമിടുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് പുനരുപയോഗ ഊർജോൽപാദനം, ഗ്രീൻ ഹൈഡ്രജൻ എന്നിവയുടെ ഭാവി സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി ആഗോള ഉച്ചകോടി നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

2025 മാർച്ച് മാസം 12, 13 തീയതികളിൽ കൊച്ചിയിലാണ് ഉച്ചകോടി സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, ഉദ്യോഗസ്ഥർ, പൊതുമേഖലാ സ്ഥാപനങ്ങൾ, അക്കാദമിക്-റിസർച്ച് സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ, നിക്ഷേപകരും ഈ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്. കൂടാതെ വിദേശ രാജ്യങ്ങളുടെ പ്രതിനിധികളും വിദേശ കമ്പനികളും ഇതിൽ പങ്കെടുക്കുന്നുണ്ട്.

ശബരിമല തീർഥാടനം

7 (*37) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. എം. മുകേഷ്:

ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) 2024-25-ലെ ശബരിമല തീർഥാടനകാലം തീർഥാടകർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകൾക്കും പരാതികൾക്കും ഇടയില്ലാത്തവിധം സുഗമമാക്കുന്നതിനായി നടപ്പാക്കിയിരുന്ന പ്രവർത്തനങ്ങളും ക്രമീകരണങ്ങളും ഫലവത്തായിരുന്നോയെന്ന് വിശദമാക്കുമോ?

2024-25-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനകാലം സുഗമമാക്കുന്നതിനായി സർക്കാരും ദേവസ്വം ബോർഡും നടപ്പാക്കിയിരുന്ന പ്രവർത്തനങ്ങളും ക്രമീകരണങ്ങളുമെല്ലാംതന്നെ ഫലവത്തായിരുന്നു. തീർഥാടന കാലത്തിന്റെ ഏകോപനത്തിനും വിജയത്തിനുമായി സർക്കാർതലത്തിൽ ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും ദേവസ്വം വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ കാലേക്കൂട്ടിത്തന്നെ നിരവധി അവലോകന യോഗങ്ങൾ ചേർന്നിരുന്നു. മറ്റ് വകുപ്പുമന്ത്രിമാരും ചീഫ്

സെക്രട്ടറിയും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും വെവ്വേറെ മീറ്റിങ്ങുകൾ നടത്തുകയുണ്ടായി. ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ കൃത്യമായ സംഘാടനവും ഫലപ്രദമായ ഏകോപനവും ഒത്തുചേർന്നപ്പോൾ പരാതികൾക്കിടവരാത്ത ഒരു വിജയകരമായ തീർഥാടനകാലം സംഘടിപ്പിക്കാൻ സാധിച്ചു. ഭക്തർക്ക് സുഗമമായ ദർശന സൗകര്യം, ഇടതടവില്ലാത്ത അന്നദാനം, കുടിവെള്ളം, ലഘുഭക്ഷണം എന്നിവയും ആവശ്യാനുസരണം അരവണ, അപ്പം, മറ്റു വഴിപാട് പ്രസാദങ്ങൾ എന്നിവയും ലഭ്യമാക്കുന്നതിനുള്ള മുൻകരുതലുകൾ കാലേക്കൂട്ടിതന്നെ കൈക്കൊണ്ടിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് നിലയ്ക്കലിൽ കൂടാതെ പമ്പ ഹിൽടോപ്, ചക്കുപാലം തുടങ്ങിയ സ്ഥലങ്ങളിലും ഭക്തരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം അനുവദിച്ചിരുന്നു. പമ്പയിൽ ഭക്തർക്ക് വിശ്രമിക്കുന്നതിനായി ഉണ്ടായിരുന്ന രാമമൂർത്തി മണ്ഡപം 2018-ലെ പ്രളയത്തിൽ നശിച്ചുപോയിരുന്നു. ഇതിനുപകരമായി പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഭക്തർക്ക് വിശ്രമിക്കുന്നതിനായി വലിയ ജർമ്മൻ പന്തൽ തയ്യാറാക്കിയിരുന്നു. ഇതുകൂടാതെ, സന്നിധാനത്തും പമ്പയിലും പല

പ്രദേശങ്ങളിലായി താൽക്കാലിക പന്തലുകളും ഭക്തരുടെ സൗകര്യാർഥം ഒരുക്കിയിരുന്നു. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ആവശ്യാനുസരണം പോലീസ് ഉദ്യോഗസ്ഥരേയും അവരുടെ മേൽനോട്ടത്തിനായി ഉന്നത പോലീസ് ഉദ്യോഗസ്ഥരേയും നിയോഗിച്ചിരുന്നു. ഇതുമൂലം തിരക്ക് നിയന്ത്രിക്കുന്നതിനും ഭക്തർക്ക് ബുദ്ധിമുട്ടുകളുണ്ടാകാതെ സുഗമമായ ദർശന സൗകര്യമൊരുക്കുവാനും സാധിച്ചിട്ടുള്ളതാണ്.

പമ്പ, സന്നിധാനം പാതയിൽ ആവശ്യാനുസരണം എമർജൻസി മെഡിക്കൽ സെന്ററുകൾ, ചുക്കുവെള്ളം വിതരണം നടത്തുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങി അടിസ്ഥാന സൗകര്യങ്ങളെല്ലാംതന്നെ ഒരുക്കിയിരുന്നു. മകരവിളക്ക് ഉത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി ഭക്തർ മകരവിളക്ക് കാണുന്നതിനായി തങ്ങാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ്, വനം, ദേവസ്വം, ജില്ലാ ഭരണകൂടം എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധനകൾ നടത്തുകയും ബാരിക്കേഡുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സജ്ജീകരിച്ചിരുന്നതിനാൽ ബുദ്ധിമുട്ടുകളുണ്ടാകാതെ

തീർഥാടകർക്ക് മകരവിളക്ക് ദർശിക്കാനും സാധിച്ചു.

(ബി) ഇക്കഴിഞ്ഞ സീസണിൽ എത്ര തീർഥാടകർ ശബരിമലയിൽ ദർശനം നടത്തിയെന്നത് സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. ഓൺലൈൻ ബുക്കിങ് വഴി 43,06,601 (നാൽപ്പത്തിമൂന്ന് ലക്ഷത്തി ആറായിരത്തി അറുന്നൂറ്റി ഒന്ന്), തൽസമയ ബുക്കിങ് വഴി 10,03,305 (പത്ത് ലക്ഷത്തി മൂവായിരത്തി മുന്നൂറ്റി അഞ്ച്) ഉൾപ്പെടെ ആകെ 53,09,906 (അൻപത്തിമൂന്ന് ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി ആറ്) തീർഥാടകർ ശബരിമല ദർശനം നടത്തിയിട്ടുണ്ട്.

(സി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പരാതിയില്ലാത്ത തീർഥാടനകാലം സാധ്യമായതെന്ന് വിശദമാക്കുമോ?

പോലീസ്, ആരോഗ്യം, ഫയർ ആൻഡ് റെസ്ക്യൂ, വനം, റവന്യൂ, കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, എക്സൈസ്, മോട്ടോർ വാഹന വകുപ്പ്, ഭക്ഷ്യ-പൊതുവിതരണം, ഭക്ഷ്യസുരക്ഷ, തദ്ദേശസ്വയംഭരണം, ദുരന്തനിവാരണം തുടങ്ങി എല്ലാ

സർക്കാർ വകുപ്പുകളുടെയും വിവിധ സർക്കാർ ഏജൻസികളുടെയുമൊപ്പം പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലാ ഭരണകൂടങ്ങളുടെയും സംയുക്തമായ പ്രവർത്തനത്തിലൂടെയാണ് തൻവർഷത്തെ ശബരിമല തീർഥാടനകാലം വിജയകരമായി പര്യവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത്.

മണിയാർ പദ്ധതി ഏറ്റെടുക്കാൻ സ്വീകരിച്ച നടപടി

8 (*38) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ വ്യവസ്ഥപ്രകാരം കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി 30 വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടിരുന്നോ?

ഏർപ്പെട്ടിരുന്നു.

(ബി) പ്രസ്തുത കരാറിന്റെ കാലാവധി 2024 ഡിസംബറിൽ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൂർത്തിയായിട്ടുണ്ട്.

(സി) കരാർപ്രകാരമുള്ള കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പദ്ധതി ഏറ്റെടുക്കാൻ കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

കരാറിലെ വ്യവസ്ഥപ്രകാരം 31-12-2024-ൽ കാലാവധി അവസാനിക്കുന്നത് മുന്നിൽക്കണ്ട് മണിയാർ പദ്ധതി ഏറ്റെടുക്കുന്നത് സംബന്ധിച്ച് 12-11-2024-ന് കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് കെ.എസ്.ഇ.ബി.എൽ. കത്ത് നൽകിയിട്ടുണ്ട്. കമ്പനി നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 വർഷത്തേക്ക് കാലാവധി നീട്ടി നൽകണമെന്ന് പ്രസ്തുത കമ്പനി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത വിഷയവുമായി

ബന്ധപ്പെട്ട് ധനകാര്യ വകുപ്പ്, നിയമവകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങളുൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കെ.എസ്.ഇ.ബി.എൽ.-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സ്റ്റാർട്ടപ്പ് മേഖലയിൽ ധനകാര്യ കോർപറേഷന്റെ സംഭാവനകൾ

9 (*39) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക പുരോഗതിയിലേക്ക് നയിക്കുന്നതിനായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്റ്റാർട്ടപ്പ് മേഖലകളിൽ ധനകാര്യ കോർപറേഷൻ നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി. ആവിഷ്കരിച്ച പദ്ധതിയാണ് 'കെ.എഫ്.സി. സ്റ്റാർട്ടപ്പ് കേരള'. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ആകർഷകമായ പലിശ നിരക്കിൽ ഈടില്ലാതെ വായ്പ നൽകിവരുന്നു. ആശയത്തിൽനിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവൽക്കരണത്തിന് 50 ലക്ഷം രൂപയും സ്കെയിലിങ് അപ്പിന് രണ്ട് കോടി രൂപയും നൽകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരള വായ്പാ പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി 10 കോടി രൂപവരെയുള്ള പ്രവർത്തന മൂലധന വായ്പയും 10 കോടി രൂപ വരെയുള്ള വെഞ്ചർ ഡെബ്റ്റ് വായ്പയും നൽകുന്നുണ്ട്. ടി സ്കീംപ്രകാരം 68 യൂണിറ്റുകൾക്കായി 86.09 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 580 നേരിട്ടുള്ള തൊഴിലവസരങ്ങളും രണ്ടായിരത്തി അഞ്ഞൂറോളം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം 100 സ്റ്റാർട്ടപ്പുകൾക്ക് വായ്പ ലഭ്യമാക്കുന്നതിനും കേരള ഫിനാൻഷ്യൽ

കോർപറേഷന് പദ്ധതിയുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കോർപറേഷന്റെ അറ്റാദായം എത്ര ശതമാനം വർധിച്ചിട്ടുണ്ട്; ലോൺ പോർട്ട്ഫോളിയോയിലുണ്ടായ വർധനവ് എത്ര; വിശദമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ കോർപറേഷന്റെ അറ്റാദായം 1025 ശതമാനം വർധിച്ചിട്ടുണ്ട്. ലോൺ പോർട്ട്ഫോളിയോയിൽ 59.45 ശതമാനം വർധനവാണുണ്ടായത്. കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.

	2020-21 (തുക കോടിയിൽ)	2021-22 (തുക കോടിയിൽ)	2022-23 (തുക കോടിയിൽ)	2023-24 (തുക കോടിയിൽ)	വർധനവ് ശതമാനത്തിൽ (2021-22 to 202-24)
ലോൺ പോർട്ട് ഫോളിയോ	4621.12	4750.71	6529.40	7368.32	59.45%
അറ്റാദായം	6.58	13.19	50.18	74.04	1025.23%

(സി) വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കോർപറേഷൻ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് വ്യാവസായിക മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നതിനായി താഴെപ്പറയുന്ന പ്രത്യേക പദ്ധതികൾ കേരള ഫിനാൻഷ്യൽ കോർപറേഷൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.

1. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി (CMEDP) വഴി രണ്ട് കോടി രൂപവരെ 5 ശതമാനം പലിശനിരക്കിൽ വായ്പ നൽകുന്നു.

2. കെ.എഫ്.സി. വഴി പത്ത് കോടി രൂപവരെ 6 ശതമാനം പലിശനിരക്കിൽ വായ്പ അനുവദിക്കുന്ന പദ്ധതിയാണ് കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ. ലോൺ സ്കീം (KAMS).

3. മികവുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ആശയ രൂപീകരണം മുതൽ കമ്പനിയുടെ വിപുലീകരണം വരെയുള്ള ഓരോ ഘട്ടത്തിലും സമഗ്രമായ പിന്തുണയും വായ്പാസഹായവും ലഭ്യമാക്കുന്ന പദ്ധതിയാണ് കെ.എഫ്.സി. സ്റ്റാർട്ടപ്പ് കേരള വായ്പാ പദ്ധതി.

(ഡി) സ്റ്റാർട്ടപ്പ് കേരള പദ്ധതിയുടെ ഭാഗമായി സ്റ്റാർട്ടപ്പ് കോൺക്ലേവ് നടത്തുവാൻ കോർപറേഷന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സ്റ്റാർട്ടപ്പ് കേരള പദ്ധതിയുടെ ഭാഗമായി കഴിഞ്ഞവർഷം ഒരു

സ്റ്റാർട്ടപ്പ് കോൺക്ലേവ് നടത്താൻ കോർപറേഷന് കഴിഞ്ഞിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോർപറേഷൻ കേരളത്തിലെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ഉണർവ് പകരുന്നതിനായി 'കെ.എഫ്.സി. സ്റ്റാർട്ടപ്പ് കോൺക്ലേവ് 2024' എന്ന പരിപാടി 2024 ഓഗസ്റ്റ് 29-ന് തിരുവനന്തപുരത്തുവച്ച് നടത്തുകയുണ്ടായി.

കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനിക്ക് അനുവദിച്ച പദ്ധതിയുടെ ബി.ഒ.ടി. കാലാവധി

10 (*40)ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനിക്ക് അനുവദിച്ച പദ്ധതിയുടെ ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ കാലാവധി ദീർഘിപ്പിച്ച് നൽകാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇക്കാര്യത്തിൽ സർക്കാർ പൊതുനയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബി.ഒ.ടി. കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ അത് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.-ക്ക് പ്രത്യക്ഷമായി നഷ്ടമുണ്ടാക്കുമെന്നും പരോക്ഷമായി വൈദ്യുതിചാർജ് വർധനയ്ക്ക് കാരണമാകുന്നുമെന്നുമുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം പ്രതിസന്ധി ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

(എ-സി) 1990-ലെ ചെറുകിട ജലവൈദ്യുതി നയത്തിലെ വ്യവസ്ഥകൾ അനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സമ്മതത്തോടെ സർക്കാർ പത്തനംതിട്ട ജില്ലയിലെ മണിയാർ SHEP (12 MW) നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് Captive Power Plant (CPP), BOOT അടിസ്ഥാനത്തിൽ അനുവദിച്ചിരുന്നു. പ്രസ്തുത സ്ഥാപനം നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 വർഷത്തേക്ക് കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് കാർബോറാണ്ടം കമ്പനി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. 30 വർഷത്തെ കാലാവധി

കഴിഞ്ഞതിനാൽ മേൽപദ്ധതി ഏറ്റെടുക്കുന്നതിലേക്കായി കെ.എസ്.ഇ.ബി.എൽ. കാർബോറാണ്ടം കമ്പനിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങളുൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കെ.എസ്.ഇ.ബി.എൽ.-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സാമൂഹ്യ സുരക്ഷാ പെൻഷൻ

11 (*41) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി സാമൂഹ്യ സുരക്ഷാ പെൻഷൻ

വാങ്ങുന്നവരുള്ളതായി കണ്ടത്തിയിട്ടുണ്ടോ;

(ബി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പെൻഷൻ വാങ്ങുന്നവരെ കണ്ടെത്താൻ മോട്ടോർ വാഹന, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡാറ്റ പരിശോധിക്കാൻ ആലോചിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ ആദായനികുതി വകുപ്പിന്റെ സഹായം തേടിയിട്ടുണ്ടോ?

(എ&ബി) 2016-ൽ കൺട്രോളർ ആൻഡ് ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽനിന്നും കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന നടത്തിയ സർവെയിലൂടെയും പൊതുജനങ്ങളിൽനിന്നും വിവിധ സംഘടനകളിൽനിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിന്മേൽ നടത്തിയ പരിശോധനകളിൽനിന്നും സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധിപേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവീസ്/കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ

കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ്, സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധിപേരെ കണ്ടെത്തുകയുണ്ടായി. പരിധിയിലധികം ഭൂമിയുള്ള അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നത് തടയുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിലുള്ള വിശദാംശങ്ങൾ സേവന പെൻഷൻ പോർട്ടലുമായി ചേർന്ന് പരിശോധിക്കുന്നതിനുള്ള നിർദേശങ്ങളും ഇതിനോടകം നൽകിയിട്ടുള്ളതാണ്. കൂടാതെ, ആദായനികുതിയുടെ പരിധിയിൽവരുന്ന ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന വിഷയം നിലവിൽ പരിശോധനയിലാണ്. മസ്റ്ററിങ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണത്തിൽപ്പെടുന്ന വിധവാ പെൻഷൻ, വികലാംഗ പെൻഷൻ

എന്നിവ ലഭ്യമായിരുന്ന ഗുണഭോക്താക്കൾക്ക് പിന്നീട് സർക്കാർ സർവീസിൽ ജോലി ലഭിച്ചതിനുശേഷം അനർഹമായി 1457 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി ബന്ധപ്പെട്ട ഡാറ്റബേസുകളിലെ വിവരങ്ങൾ താരതമ്യം ചെയ്ത് കണ്ടെത്തിയിട്ടുള്ളതും അങ്ങനെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റിയ സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും അനധികൃതമായി കൈപ്പറ്റിയ തുക 18 ശതമാനം പലിശ സഹിതം തിരികെ ഈടാക്കുന്നതിനും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് ധനകാര്യ വകുപ്പിൽനിന്നും നിർദേശം നൽകിയിട്ടുള്ളതുമാണ്. ആയതുപ്രകാരമുള്ള തുടർനടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചുവരുന്നു.

(സി) അനധികൃതമായി വാങ്ങിയ പെൻഷൻ തുക പലിശ സഹിതം ഈടാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന സാഹചര്യങ്ങളിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നത്

സംബന്ധിച്ച് 12-12-2024-ലെ 71/2024/ധന., 31-01-2025-ലെ 07/2025/ധന. എന്നീ സർക്കുലറുകൾപ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം "പെൻഷൻ അനർഹമായി അവസാനമായി കൈപ്പറ്റിയ തീയതി മുതൽ ആകെ തിരിച്ചടക്കേണ്ട തുകക്ക്, തിരിച്ചടക്കുന്ന തീയതി വരെയുള്ള കാലയളവിന് 18 ശതമാനം സാധാരണ പലിശ നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വൈദ്യുതി മേഖലയിലെ കേന്ദ്രസർക്കാർ നയങ്ങൾ

12 (*42) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ സ്വകാര്യ ഉൽപാദകർക്ക് അധികവില ഈടാക്കാനുള്ള നയങ്ങളും നിയമനിർമ്മാണങ്ങളുമാണ് കേന്ദ്ര സർക്കാർ പിൻതുടരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ കോർപ്പറേറ്റുകൾക്ക് അധികലാഭമുണ്ടാക്കാൻ അവസരമൊരുക്കുന്ന നടപടികളാണ്

കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്ത് വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകതക്കനുസരിച്ച് ലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സഹായങ്ങൾ പൊതുമേഖലയ്ക്ക് നൽകുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. കേന്ദ്രത്തിന്റെ മന:പൂർവമുള്ള അനാസ്ഥ സ്വകാര്യ ഉൽപാദക കമ്പനികൾക്ക് സഹായകരമാകുന്നുണ്ട്. വിപണിയിൽ കൂടിയ വിലക്ക് സ്വകാര്യ വൈദ്യുതി ഉൽപാദകർ വൈദ്യുതി വിൽക്കുന്നു. വൈദ്യുതി വിതരണ കമ്പനികൾക്ക് കൂടിയ വിലയ്ക്ക് വിപണിയിൽനിന്നും വൈദ്യുതി വാങ്ങേണ്ടിവരുന്നു. ഇതുമൂലം വിതരണ കമ്പനികളുടെ വൈദ്യുതിവാങ്ങൽ ചെലവ് ക്രമാതീതമായി വർധിക്കുന്നു. വർധിച്ച വൈദ്യുതി വാങ്ങൽ ചെലവ് ഉപഭോക്താക്കളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനാൽ താരിഫ് വർധനയ്ക്കും കാരണമാകുന്നു. ഉൽപാദക കമ്പനികൾ വൈദ്യുതിവില വർധിപ്പിക്കാൻ പറയുന്ന ന്യായങ്ങളിലൊന്ന് 'കൽക്കരി' ഇറക്കുമതിയാണ്. ഇറക്കുമതി കൽക്കരിയെ കൂടുതൽ ആശ്രയിക്കേണ്ടിവരുന്നതാണ് വില ഉയരാൻ കാരണമെന്നാണ് ന്യായം. ഇറക്കുമതി ചെയ്ത കൽക്കരിയുടെ ചെലവ് അധികരിച്ച് കാണിക്കുന്നതായി പരാതികൾ ഉയർന്നിട്ടുണ്ട്. ഒരു സ്വകാര്യ

കമ്പനി ഇത്തരത്തിൽ നടത്തിയ തട്ടിപ്പ് കഴിഞ്ഞ വർഷം പുറത്തുവന്നിരുന്നു. കൂടിയ നിരക്കിൽ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിച്ച് ഉൽപാദനം നടത്തി, ഉയർന്ന വിലക്ക് വിറ്റതായായിരുന്നു ആരോപണം. രാജ്യത്ത് കൽക്കരി ക്ഷാമം കാരണം കൽക്കരി അധിഷ്ഠിത താപവൈദ്യുത നിലയങ്ങൾ ആദ്യം 20 ശതമാനവും പിന്നെ 10 ശതമാനവും പിന്നെ 6 ശതമാനവും നിലവിൽ ഏറ്റവും കുറഞ്ഞത് 4 ശതമാനവും കൽക്കരി പുറത്തുനിന്നും ഇറക്കുമതി ചെയ്ത് ഉൽപാദനം നടത്തണമെന്ന് കേന്ദ്രം നിർദേശിച്ചിരുന്നു. ഇത്തരത്തിൽ വൈദ്യുതിയുടെ കമ്പോള വില കൃത്രിമമായി ഉയർത്തപ്പെടുമ്പോൾ വിതരണ കമ്പനികളുടെ വൈദ്യുതി വാങ്ങൽശേഷി ഉറപ്പുവരുത്താനായി വൈദ്യുതി ചട്ട ഭേദഗതി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചു. വൈദ്യുതി ചട്ട ഭേദഗതി പ്രാബല്യത്തിൽ വന്നതോടെ റെഗുലേറ്ററി കമ്മീഷനുകളുടെപോലും അനുമതി വാങ്ങാതെ വൈദ്യുതി ഉൽപാദിപ്പിക്കാൻ ആവശ്യമായ ഇന്ധനത്തിന്റെ വിലയിലുണ്ടാകുന്ന വർധനയുൾപ്പെടെ വൈദ്യുതി വാങ്ങുന്നതിനുള്ള അധിക ചെലവിന് ആനുപാതികമായി മാസംതോറും സർചാർജ് ഈടാക്കാൻ വൈദ്യുതി വിതരണ കമ്പനികൾക്ക്

കഴിയുന്നുണ്ട്.

വൈദ്യുതി വാങ്ങൽ വില സമയബന്ധിതമായി നൽകുന്നതിന്റെ പതിവ് അവലോകനം, നിരീക്ഷണം, നടപ്പാക്കൽ എന്നിവ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും പ്രാപ്തി പോർട്ടൽ വഴി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് വൈദ്യുതി വില നൽകുന്നതിന്റെ വിശദാംശങ്ങൾ പ്രസ്തുത പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതും എന്തെങ്കിലും കുടിശ്ശിക വന്നാൽ, അത് സ്വയമേവ സംസ്ഥാനത്തിന്റെ വൈദ്യുതി വാങ്ങലിൽ നിയന്ത്രണത്തിന് ഇടയാക്കുകയും ചെയ്യും. CERC, APTEL മുതലായ ഫോറങ്ങൾ മുമ്പാകെ തർക്ക വിഷയവുമായി നിലനിൽക്കുന്ന ജനറേറ്റിങ് കമ്പനികളും ട്രാൻസ്മിഷൻ കമ്പനികളും നൽകുന്ന ബില്ലുകൾ ഉടനടി അടച്ചുതീർക്കണമെന്ന കേന്ദ്ര നിർദേശവും നിലവിലുണ്ട്.

(ബി) വൈദ്യുതി വാങ്ങലുകൾ പൂർണ്ണമായും കമ്പോള നിയന്ത്രിതമാക്കാനുള്ള കേന്ദ്ര സർക്കാർ നീക്കങ്ങളും വൈദ്യുതി ഉൽപാദന രംഗത്ത് സ്വകാര്യ മേഖലയുടെ വർധിച്ചുവരുന്ന സ്വാധീനവും കേരളത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ടോ;

വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ സംസ്ഥാനത്തിന്റെ ആവശ്യകതയുടെ 70 ശതമാനം വൈദ്യുതിയും കൊണ്ടുവരുന്നത് കേരളത്തിന് പുറത്തുനിന്നാണ്. ഈ വൈദ്യുതി കേന്ദ്ര നിലയങ്ങളിൽനിന്നും സ്വകാര്യ ഉൽപാദകരിൽനിന്നും ദീർഘകാല/മധ്യകാല/ഹ്രസ്വകാല കരാർ വഴിയാണ് ലഭിക്കുന്നത്. സ്വകാര്യ വൈദ്യുതി നിലയങ്ങളുടെ സ്വാധീനംമൂലം വൈദ്യുതിയുടെ കമ്പോള വില ഉയർന്ന് നിൽക്കുകയും വൈദ്യുതിയുടെ ലഭ്യത കുറഞ്ഞുവരുന്നതായും കാണുന്നുണ്ട്. കൂടാതെ, അധികവൈദ്യുതി ആവശ്യമായിവരുന്ന വേനൽക്കാലത്ത് വൈദ്യുതി ലഭ്യമല്ലാത്ത അവസ്ഥയും സംജാതമായിട്ടുണ്ട്. വേനൽക്കാലത്തേക്ക് അധിക വൈദ്യുതി ആവശ്യകത നിറവേറ്റാനായി KSEBL ടെൻഡറുകൾ ക്ഷണിക്കുമ്പോൾ വൈദ്യുതിയുടെ വില അധികമായതുമൂലം വൈദ്യുതി വാങ്ങാൻ കഴിയാത്ത സാഹചര്യം പലപ്പോഴും പ്രതിസന്ധിയിലാക്കാറുണ്ട്. കൂടാതെ, ഈ സമയങ്ങളിൽ വൈദ്യുതിയുടെ പവർ എക്സ്ചേഞ്ചിലെ വില പരമാവധി പരിധിയായ പത്ത് രൂപവരെ എത്തുന്ന സാഹചര്യമുണ്ട്. ഈ സമയങ്ങളിൽ ലോഡ് ഷെഡ്ഡിങ്

ഒഴിവാക്കാനായി വിലകൂടിയ വൈദ്യുതി വാങ്ങുന്നതുവഴി KSEBL-ന് അധിക സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

(സി) വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുള്ള മറ്റു സംസ്ഥാനങ്ങളിലെ ജലവൈദ്യുതി നിലയങ്ങളുടെ പങ്കാളിത്തംകൂടി വഹിച്ചുകൊണ്ട് കേരളത്തിന് വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തിന് അധിക വൈദ്യുതി ആവശ്യകത വേണ്ടിവരുന്ന വേനൽക്കാലത്തേക്ക് ജലവൈദ്യുതി ഉറപ്പുള്ള മറ്റു സംസ്ഥാനങ്ങളിലെ നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നതിന്റെ സാധ്യത പരിശോധിച്ചുവരികയാണ്. നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ (NHPC) പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ലഭ്യത നമ്മുടെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയ്ക്ക് അനുസരിച്ചാണോയെന്നുള്ളതും കൂടാതെ ജമ്മു-കാശ്മീർ മുതലായ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ജലവൈദ്യുത നിലയങ്ങളിൽനിന്നും വൈദ്യുതി ലഭ്യമാണോയെന്നതും പരിശോധിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് വൈദ്യുതി ഉപയോഗത്തിലുണ്ടായ വർധനവ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വൈദ്യുതി ഉപയോഗത്തിൽ വരുന്ന വർധനവിനനുസരിച്ച് നിലവിലുള്ള വൈദ്യുത പദ്ധതികളിൽനിന്നും പരമാവധി ഉൽപാദനം ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വൈദ്യുതി ഉപയോഗത്തിലുണ്ടായ വർധനവ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. ഫെബ്രുവരി 1-ലെ കണക്കുപ്രകാരം ജലസംഭരണികളിൽ കഴിഞ്ഞ രണ്ടുവർഷത്തെ അപേക്ഷിച്ച് താരതമ്യേനെ കൂടുതൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള ജലമുണ്ട്. എന്നാൽ 2024-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്ന ഉഡുപ്പി-കാസർഗോഡ് 400 കെ.വി. ലൈനും അനുബന്ധ കാസർഗോഡ് സബ്സ്റ്റേഷനും പൊതുജനങ്ങളുടെ എതിർപ്പുമൂലം പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ സംസ്ഥാനത്തിന്റെ പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരാനുള്ള ശേഷി കൂട്ടാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ വൈദ്യുതിയുടെ ഉപഭോഗത്തിൽ വർധന വന്നാൽ വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനത്തിൽ കാര്യമായ വർധനവ് വരാത്ത

സാഹചര്യത്തിൽ അധിക വൈദ്യുതി പുറമെനിന്നും കൊണ്ടുവരാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് CEA-യുടെ മാനദണ്ഡങ്ങളിൽ ഇളവ് നൽകിക്കൊണ്ട് നിലവിലുള്ള അന്തർ സംസ്ഥാന ലൈനുകളും ട്രാൻസ്ഫോർമർകളുടെയും ശേഷി മാനദണ്ഡങ്ങൾക്കുപുറമെ ഉപയോഗിച്ച് സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റുന്നതിനുള്ള വൈദ്യുതി ലഭ്യമാക്കണമെന്ന് SRPC മീറ്റിങ്ങിൽ അഭ്യർഥിച്ചിട്ടുണ്ട്. ഇല്ലെങ്കിൽ വൈദ്യുതി ഉപഭോഗം കൂടുന്നതനുസരിച്ച് വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതായി വരുന്ന സാഹചര്യമുണ്ടാകും. കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി പരമാവധി ഉറപ്പുവരുത്തുന്നതിനായി എസ്.ആർ.പി.സി. (സതേൺ റീജിയൻ പവർ കമ്മിറ്റി) മീറ്റിങ്ങുകളിൽ വേണ്ട ഇടപെടലുകൾ നടത്തിയിട്ടുണ്ട്. വേനൽക്കാലത്ത് ജനറേറ്ററുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അറ്റകുറ്റപ്പണികൾ മുൻകൂട്ടി നടപ്പിലാക്കിവരുന്നു. പരമാവധി ഉൽപാദനം ഉറപ്പുവരുത്തുന്നതിനായി നിലയങ്ങളുടെ ലഭ്യത ഉറപ്പുവരുത്താറുണ്ട്.

കയറ്റുമതി പ്രോത്സാഹന നയം

13 (*43) ശ്രീ. കെ. ജെ. മാക്സി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു പ്രമുഖ കയറ്റുമതി കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും വ്യക്തികൾക്കും വിവിധ തരത്തിലുള്ള പിന്തുണയും സഹായങ്ങളും നൽകുന്നതിനായി കയറ്റുമതി പ്രോത്സാഹനനയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ കയറ്റുമതിക്കാർക്ക് ആഗോള തലത്തിലുള്ള വാണിജ്യ അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്താനും പുതിയ പങ്കാളിത്തങ്ങൾ സ്ഥാപിക്കാനും ആഗോളതലത്തിൽ സാന്നിധ്യം ഉറപ്പിക്കാനും അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും സമൃദ്ധിക്കും സംഭാവന നൽകുക എന്ന ലക്ഷ്യത്തോടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും

വ്യക്തികൾക്കും വിവിധ തരത്തിലുള്ള പിന്തുണയും സഹായങ്ങളും നൽകുന്നതിനായി 30-01-2025-ലെ ജി.ഒ.(എം.എസ്.) നം.6/2025/ഐ.ഡി. പ്രകാരം കയറ്റുമതി പ്രോത്സാഹനനയം സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നയപരിപാടിയിലൂടെ കയറ്റുമതി രംഗത്ത് സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവയ്ക്ക് കൃത്യമായി പരിഹാരം കാണുന്നതിനും കഴിയുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത നയപരിപാടിയിലൂടെ കയറ്റുമതി രംഗത്ത് സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവയ്ക്ക് ഒരുപരിധിവരെ പരിഹാരം കാണുന്നതിനും സാധിക്കുന്നതാണ്. കേരളത്തിന്റെ തനത് വിഭവങ്ങളും ഭൂമിശാസ്ത്രപരമായ നേട്ടങ്ങളും ഉപയോഗിച്ച് സംസ്ഥാനത്ത് വാണിജ്യ സാധ്യതകൾ വർധിപ്പിക്കുക, പുതിയ വാണിജ്യ അവസരങ്ങൾ തുറക്കുക, അന്താരാഷ്ട്ര വ്യാപാര ഭൂപടത്തിൽ കേരളത്തെ ഒരു പ്രധാന കേന്ദ്രമാക്കി മാറ്റുക, അതുവഴി കയറ്റുമതി മേഖലയിൽ വികസനം കൊണ്ടുവരികയും സംസ്ഥാനത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് വഴിയൊരുക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങൾ ഈ നയപരിപാടിയിലൂടെ

കൈവരിക്കാൻ ലക്ഷ്യമിടുന്നു.

(സി) കയറ്റുമതി രംഗത്ത് വൈവിധ്യവൽക്കരണം സാധ്യമാക്കി സുസ്ഥിര വളർച്ച നേടുന്നതിനായി പ്രത്യേക പദ്ധതികൾ നയപരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കയറ്റുമതി രംഗത്ത് വൈവിധ്യവൽക്കരണം സാധ്യമാക്കി സുസ്ഥിര വളർച്ച നേടുന്നതിനായി പ്രത്യേക പദ്ധതികൾ നയപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കയറ്റുമതി മേഖലയിൽ മത്സരക്ഷമത വർധിപ്പിക്കുക, വിപണി വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകുക, നവീകരണവും നൈപുണ്യ വികസനവും പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കയറ്റുമതി പ്രോത്സാഹന നയം 2025 അംഗീകരിച്ചിരിക്കുന്നത്. വിദേശ നിക്ഷേപവും കയറ്റുമതിയും വർധിപ്പിക്കുന്നതിന് ആഗോളബന്ധം ശക്തിപ്പെടുത്തുക, ലോക വിപണികളിലേക്കുള്ള പ്രവേശനം സുഗമമാക്കുക, ചരക്ക് കയറ്റുമതി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കയറ്റുമതിയിൽ സുസ്ഥിരമായ വളർച്ച കൈവരിക്കുക തുടങ്ങിയ കേരള വ്യാവസായിക നയം

2023-ൽ പറഞ്ഞിരിക്കുന്ന വിശാലമായ നയലക്ഷ്യങ്ങളുമായി ചേർന്ന് പോകുന്നതാണ് കയറ്റുമതി പ്രോത്സാഹന നയത്തിലെ ലക്ഷ്യങ്ങൾ. കേരള വ്യവസായ നയത്തിൽ പരാമർശിച്ചിരിക്കുന്ന വിവിധ മുൻഗണനാ മേഖലകൾ ഉൾപ്പെടെ തിരിച്ചറിഞ്ഞ് വിവിധ മേഖലകളിലൂടനീളം കേരളത്തിൽനിന്നുള്ള കയറ്റുമതി നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ശക്തമായ ഒരു മൂല്യശൃംഖല സൃഷ്ടിക്കുന്നതിൽ കയറ്റുമതി പ്രോത്സാഹന നയം-2025 ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.

(ഡി) കയറ്റുമതി രംഗത്ത് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന സാമ്പത്തികവും സാമ്പത്തികേതരവുമായ പ്രോത്സാഹനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

കയറ്റുമതി പ്രോത്സാഹന നയം ബിസിനസുകളെ അവരുടെ അന്തർദേശീയ പ്രവർത്തനങ്ങളിൽ പിന്തുണയ്ക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു. ഈ നയത്തിന്റെ ലക്ഷ്യം കയറ്റുമതിയുടെ തോതും മൂല്യവും വർധിപ്പിക്കുക, ബ്രാൻഡ് കേരള എന്നത് ഒരു കയറ്റുമതി ബ്രാൻഡായി സ്ഥാപിക്കുക, കയറ്റുമതിയുടെ വിഭവങ്ങൾ, വസ്തുക്കൾ, സേവനങ്ങൾ

എന്നിവയുടെ വൈവിധ്യവൽക്കരണം മത്സരക്ഷമത വർധിപ്പിക്കുക, വിപണിയിൽ പ്രവേശന സൗകര്യങ്ങൾ വർധിപ്പിക്കുക, സുസ്ഥിരത പ്രോത്സാഹിപ്പിക്കുക, കയറ്റുമതി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തമാക്കുക, നവോപകരണവും ഗവേഷണ-വികസനവും പ്രോത്സാഹിപ്പിക്കുക, കയറ്റുമതി പ്രോത്സാഹന സ്ഥാപനങ്ങളെ ശക്തമാക്കുക, കയറ്റുമതിയുമായി ബന്ധപ്പെട്ട ബോധവത്കരണവും ആശയങ്ങളും പ്രോത്സാഹിപ്പിക്കുക, കയറ്റുമതി പ്രകടനം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, കയറ്റുമതിക്കാർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ച് ഉന്നത നിലവാരമുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും കയറ്റുമതി ചെയ്യുന്ന ഒരു ആഗോള കേന്ദ്രമായി കേരളത്തെ മാറ്റുക എന്നതുമാണ്. കയറ്റുമതിക്കാർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഒട്ടേറെ ആനുകൂല്യങ്ങൾ കയറ്റുമതി പ്രോത്സാഹന നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവിടുന്ന തുകയുടെ 25 ശതമാനം (പരമാവധി ഒരു യൂണിറ്റിന് 1 കോടി രൂപ), ഒറ്റത്തവണ സബ്സിഡിയായി അനുവദിക്കുന്ന എക്സ്പോർട്ട് ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ട്,

കയറ്റുമതി ചരക്ക് മൂല്യത്തിന്റെ 1 ശതമാനം (ഒരു യൂണിറ്റിന് പരമാവധി 1 കോടി രൂപ), പ്രതിവർഷം നൽകുന്ന എക്സ്പോർട്ട് ടേൺ ഓവർ ബേസ്ഡ് ഇൻസെന്റീവ്, പ്രതിവർഷം നൽകുന്ന ലോജിസ്റ്റിക്സ് ചെലവുകളുടെ 50 ശതമാനം (ഒരു യൂണിറ്റിന് പരമാവധി 15 ലക്ഷം രൂപ), കയറ്റുമതി ആരംഭിച്ച് 5 വർഷക്കാലത്തേക്ക് നൽകുന്ന ലോജിസ്റ്റിക്സ് അസിസ്റ്റൻസ്, കയറ്റുമതി സ്ഥാപനങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള ഗവേഷണങ്ങൾക്കും പഠനങ്ങൾക്കുമായി ഒരു കോടി രൂപവരെ നൽകുന്ന എക്സ്പോർട്ട് റിസർച്ച് ആൻഡ് മാർക്കറ്റ് ഇന്റലിജൻസ് ഫണ്ടിങ് തുടങ്ങിയ സാമ്പത്തിക പ്രോത്സാഹനങ്ങളും എക്സ്പോർട്ട് ട്രെയിനിങ് ആൻഡ് സ്കിൽ ഡെവലപ്മെന്റ്, നൈപുണ്യ വികസനം, ഗവേഷണവും വികസനവും എക്സ്പോർട്ട് പാക്കേജിങ്, അംഗീകൃത സർട്ടിഫിക്കേഷനുള്ള ലാബുകൾ, കയറ്റുമതി ഇൻകുബേഷൻ സെന്ററുകൾ, കയറ്റുമതി ഉപദേശക സേവനങ്ങൾ തുടങ്ങിയ സാമ്പത്തികേതര പ്രോത്സാഹനങ്ങളും ഡിജിറ്റൽ എക്സ്പോർട്ട് പ്ലാറ്റ്ഫോം, വിവിധ മുൻഗണനകൾക്ക് എക്സ്പോർട്ട് കൺസോർഷ്യം പരിഗണിക്കുന്ന എക്സ്പോർട്ടേഴ്സ് കാർഡ് തുടങ്ങിയ പൊതു അടിസ്ഥാന

സൗകര്യങ്ങളും കയറ്റുമതി രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങളുമുൾപ്പെടുന്നു.

ആഗോള നിക്ഷേപക ഉച്ചകോടി

14 (*44) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. വിജിൻ:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വാണിജ്യ-വ്യവസായ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും പരിപാടികളുടെയും ഭാഗമായി ഈസ് ഓഫ് ഡൂയിങ് ബിസിനസ് റിഫോംസിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി നിക്ഷേപ സമാഹരണ രംഗത്ത് ഗുണകരമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് റിഫോംസിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അനുമതികൾ എളുപ്പത്തിലും സുതാര്യമായും സമയബന്ധിതമായും

ലഭ്യമാക്കുന്നതിനും അതുവഴി കൂടുതൽ സംരംഭങ്ങൾക്ക് സംസ്ഥാനത്തിൽ വ്യവസായം ആരംഭിക്കാനുതകുന്ന ഒരു അന്തരീക്ഷം കെട്ടിപ്പടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ സംയോജിത ഫലമായാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കാനായത്. വ്യവസായ അനുമതികൾക്കായുള്ള ഓൺലൈൻ ഏകജാലക സംവിധാനം, നിക്ഷേപകർക്ക് സമയബന്ധിതമായി അനുമതികൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും പ്രക്രിയകൾ ലളിതമാക്കുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനുമായി നടത്തിയ നിയമനിർമ്മാണങ്ങൾ തുടങ്ങിയ വിവിധങ്ങളായ നടപടികൾ ബിസിനസ് ആരംഭിക്കുന്നവർക്കും നിക്ഷേപകർക്കും വലിയ രീതിയിൽ സഹായകമായിട്ടുണ്ട്. ഇതിന്റെ ഫലമായി വ്യവസായ വികസനം കൂടുതൽ വേഗത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞതോടൊപ്പം, തൊഴിലവസരങ്ങൾ വർധിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി ചുവടെ വിവരിക്കുന്ന വിശദാംശങ്ങൾ പ്രകാരം നിക്ഷേപ സമാഹരണ രംഗത്ത് ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

- 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിലുള്ള ഇളവുകൾ പ്രയോജനപ്പെടുത്തി നാളിതുവരെ 63726 സംരംഭകർ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ സ്വന്തമാക്കി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- സംരംഭകത്വ പ്രോൽസാഹനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച സംരംഭക വർഷം പദ്ധതി വഴി ആകെ 342936 സംരംഭങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുകയും അതുവഴി 22,010.48 കോടി രൂപ നിക്ഷേപവും 727253 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

- വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി നടപ്പിലാക്കിയ കെ-സിസ് (Kerala Centralised Inspection System) എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനത്തിൽ, നിലവിൽ നാല് വകുപ്പുകളെ സംയോജിപ്പിക്കാനും അഞ്ച് ലക്ഷത്തിലധികം സംരംഭങ്ങളെ രജിസ്റ്റർ ചെയ്യിക്കാനും സാധിച്ചു.

- അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഭേദഗതികൾ വഴി കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് ചട്ടം നിലവിൽകൊണ്ടുവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് ചട്ടവും നിലവിൽവന്നു. ഇതിലൂടെ സംരംഭകർ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് നാളുകളായി നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു.

- ഇത്തരത്തിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾമൂലം സംസ്ഥാനത്ത് നിരവധി സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനത്തിൽ ഏകദേശം 17 ശതമാനത്തോളം സംയുക്ത വാർഷിക വളർച്ചാ നിരക്ക് കൈവരിക്കാനും സാധിച്ചു.

നിക്ഷേപ സമാഹരണ രംഗത്ത് ഇത്തരത്തിൽ ലഭിച്ച നേട്ടങ്ങളെ കൃത്യമായി ഉപയോഗപ്പെടുത്തുന്നതിനും തുടർന്നും നിക്ഷേപങ്ങളെ

ആകർഷിക്കുന്നതിനുമായി നിരവധി നിക്ഷേപ പ്രോൽസാഹന പ്രവർത്തനങ്ങളും നടത്തിവരികയാണ്. ഇതുവഴി കേരളത്തിലേക്കുള്ള നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഗതിവേഗം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേരളം കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി ഈസ് ഓഫ് ഡൂയിങ് ബിസിനസ് റേറ്റിങിൽ പ്രഭാവകരമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) നടത്തുന്ന വ്യവസായ കേന്ദ്രീകൃത, പൗരസേവന പരിഷ്കാരങ്ങളുടെ ഭാഗമായുള്ള ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ അടിസ്ഥാനമാക്കിയുള്ള റാങ്കിങിൽ കേരളം 'ടോപ് അച്ചീവർ' സ്ഥാനം കൈവരിച്ചിട്ടുണ്ട്. ചരിത്രപരമായ ഈ നേട്ടം കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടുന്നതിനുള്ള ഒരു പ്രധാന നാഴികക്കല്ലാണ്. സംസ്ഥാന സർക്കാർ കഴിഞ്ഞ കുറേ വർഷങ്ങളിലായി നടപ്പിലാക്കിയ നിരവധി പരിഷ്കാരങ്ങളുടെയും ഫലമാണ് ഈ നേട്ടം. സംസ്ഥാനത്തേക്ക്

വ്യവസായങ്ങളെ ആകർഷിക്കുവാനും നിക്ഷേപങ്ങൾ സമാഹരിക്കുവാനും ഈസ് ഓഫ് ഡൂയിങ് ബിസിനസ് റിഫോംസിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി ഗുണകരമായിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തേക്ക് നിക്ഷേപകരെ ആകർഷിക്കാൻ സംസ്ഥാന സർക്കാർ അനവധി നയപരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ നിലവിൽ സംജാതമായിട്ടുള്ള വ്യവസായ സൗഹൃദ നയങ്ങൾമൂലം വ്യവസായങ്ങൾ തുടങ്ങാനുള്ള ഒരു അനുകൂലമായ ആവാസവ്യവസ്ഥ സംസ്ഥാനത്തിൽ കൂടുതൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ചും നവീന ആശയങ്ങൾ വളർത്തിയും സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങളാണ് വ്യവസായ നയം 2023 മുന്നോട്ടുവയ്ക്കുന്നത്. വ്യവസായങ്ങളുടെ വികസനം സാധ്യമാകുന്നതിന് സാമ്പത്തിക പ്രോത്സാഹനങ്ങളും പിന്തുണയും വ്യാവസായിക നയപ്രകാരമുള്ള സബ്സിഡികൾ വഴി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക,

അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ നൈപുണ്യം വർധിപ്പിക്കുക, അതുവഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയും സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളാണ്. ഇതുകൂടാതെ സംസ്ഥാനത്തിൽ വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ, ഇൻവെസ്റ്റർ പിച്ച് പരിപാടികളുടെ ഭാഗമായുള്ള പദ്ധതികളുടെ അവലോകനം നടത്തുന്നുണ്ട്. സംസ്ഥാനതലത്തിലും ദേശീയതലത്തിലും വ്യവസായികളെയും നിക്ഷേപകരെയും നേരിൽക്കണ്ട് സംസ്ഥാനത്തേക്ക് വ്യവസായം/നിക്ഷേപം കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ തുടർച്ചയായി നടത്തിവരുന്നു.

(ബി) നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് ഒരു സുപ്രധാന കാൽവയ്പായ ആഗോള നിക്ഷേപക ഉച്ചകോടിയുടെ ഭാഗമായി നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉണ്ട്. കേരളത്തിലെ നിക്ഷേപ സാധ്യതകളെ ദേശീയ-അന്തർദേശീയ നിക്ഷേപകർക്ക് പരിചയപ്പെടുത്തുന്നതിനായി സർക്കാർ സംഘടിപ്പിക്കുന്ന ഉച്ചകോടിയാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025. 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിലെ ലുലു ഗ്രാൻഡ് ഹെയാത്ത് ഇന്റർനാഷണൽ കോൺവൻഷൻ സെന്ററിൽ (ബോൾഗാട്ടി) നടക്കുന്ന ഈ സുപ്രധാന ഉച്ചകോടി, നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ ഒരു സുപ്രധാന കാൽവയ്പായി മാറും. സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദ നയങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, വ്യവസായ-നൈപുണ്യം, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങൾ, അതിന്റെ സാധ്യതകൾ എന്നിവയെക്കുറിച്ച് സമഗ്രമായ അവബോധം നൽകുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമായാണ് ഈ സമ്മിറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ സമ്മിറ്റ് സംസ്ഥാനത്തിന്റെ പുതിയ

വ്യാവസായിക നയത്തിൽ പ്രഖ്യാപിച്ച 22 മുൻഗണനാ മേഖലകൾക്ക് ഊന്നൽ നൽകുന്നു. 2000-ലധികം പ്രതിനിധികൾ സമ്മിറ്റിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇരുപതിലധികം സെക്ഷനുകൾ, വ്യത്യസ്ത മേഖലകളിലുള്ള ചർച്ചകൾ, വ്യവസായ വിദഗ്ധരുമായി ചർച്ചകൾ, എക്സിബിഷൻ, നെറ്റ്വർക്കിങ് അവസരങ്ങൾ തുടങ്ങിയവയാണ് ഉച്ചകോടിയുടെ പ്രധാന സവിശേഷതകൾ. ഈ ഉച്ചകോടി വ്യവസായ മേഖലയിലെ പ്രമുഖർ, നയരൂപീകരണ നിർണ്ണായകർ, സംരംഭകർ, നിക്ഷേപകർ എന്നിവരെ ഒരുമിച്ചുകൊണ്ടുവരാനുള്ള വേദിയാകും.

(സി) ഇതിന്റെ ഭാഗമായി ഏതൊക്കെ മേഖലകളിൽ സെക്ടറൽ കോൺക്ലേവുകൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) മുംബൈയിലും ഡൽഹിയിലും നടത്തിയ റോഡ് ഷോകൾ വിജയകരമായിരുന്നോ; വ്യക്തമാക്കുമോ?

(സി&ഡി) ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ന്റെ ഭാഗമായി നിരവധി മേഖലകളിൽ സെക്ടറൽ കോൺക്ലേവുകൾ സംഘടിപ്പിച്ചിരുന്നു. ഫുഡ് പ്രോസ്സസിങ്, മാരിടൈം ആൻഡ് ലോജിസ്റ്റിക്സ്, ബയോടെക്നോളജി,

ആയുർവേദം, ഫാർമസ്യൂട്ടിക്കൽ, റബ്ബർ, ഹൈ-ടെക് ഫാർമിങ്ങ്, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, റീറ്റെയ്ൽ, സ്റ്റാർട്ടപ്പ്, ഐ.ടി., ഹാൻഡ്ലൂം മുതലായ മേഖലകളിലാണ് കോൺക്ലേവുകൾ സംഘടിപ്പിച്ചത്. വിവിധ വ്യവസായ മേഖലകളിൽ നിക്ഷേപ സാധ്യതകൾ ആഴത്തിൽ ചർച്ച ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കുന്നതിനും ഈ മീറ്റിങ്ങുകൾ ഉപകാരപ്പെട്ടു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ന്റെ മുന്നോടിയായി ചെന്നൈ, മുംബൈ, ഡൽഹി, ബാംഗ്ലൂർ, ദുബായ് എന്നിവിടങ്ങളിൽ റോഡ് ഷോകളും സംഘടിപ്പിച്ചു. റോഡ് ഷോയുടെ ഭാഗമായി നിരവധി വ്യവസായികളുമായി യോഗങ്ങൾ നടത്തി, അതുവഴി സംസ്ഥാനത്തേക്ക് ചില നിക്ഷേപ പദ്ധതികൾ ലഭിക്കുകയും ചെയ്തു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ന്റെ ഭാഗമായി നടത്തിയ ഈ റോഡ് ഷോകളിൽനിന്നും ലഭിച്ച ആശയങ്ങളുടെ അവലോകനം നടത്തിയതിൽനിന്നും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ റോഡ് ഷോകൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ, ഡൽഹി റോഡ് ഷോയോടനുബന്ധിച്ച് മറ്റ് രാജ്യങ്ങളുടെ അംബാസഡർമാരുമായും

കൂടിക്കാഴ്ച നടത്തുകയുണ്ടായി. സർക്കാർ സംഘടിപ്പിച്ച റോഡ് ഷോകളും മീറ്റിങ്ങുകളുമെല്ലാം വിജയകരമായിരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

15 (*45) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ വികസനക്കുതിപ്പിൽ സുപ്രധാന പങ്കുവഹിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണഘട്ടത്തിലെ വയബിലിറ്റി ഗ്യാപ് ഫണ്ട് വായ്പയായി മാത്രമേ അനുവദിക്കുവെന്ന നിലപാട് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വി.ജി.എഫ്. തിരിച്ചയ്ക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിലപാട് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കേന്ദ്ര ധനമന്ത്രാലയത്തിന്റെ

കീഴിലുള്ള Department Of Economic Affairs (DEA)-ൽനിന്നും VGF സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നത് 2015 ഫെബ്രുവരിയിലും അന്തിമ അംഗീകാരം ലഭിക്കുന്നത് 2022 ഒക്ടോബർ മാസത്തിലുമാണ്. തത്വത്തിലുള്ള അംഗീകാരത്തിലും അന്തിമ അംഗീകാരത്തിലും കേന്ദ്ര സർക്കാർ പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽനിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസെഷൻ കാലയളവിലുടനീളം നൽകണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഇത് ഉറപ്പാക്കുന്നതിനായി DEA-യും സംസ്ഥാന സർക്കാരും തമ്മിൽ ഒരു Premium Sharing Agreement-ൽ ഏർപ്പെടണമെന്നും നിഷ്കർഷിക്കുകയുണ്ടായി. പദ്ധതിക്ക് VGF സ്കീമിൽ അന്തിമ അംഗീകാരം നൽകുന്നതിനായി DEA വിലയിരുത്തുന്ന ഘട്ടത്തിൽ VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ DEA-ക്ക് 03-07-2019-ന് കത്ത് നൽകിയിട്ടുണ്ടായിരുന്നു. കൂടാതെ, പദ്ധതിയെ

വിലയിരുത്തുന്ന DEA-യുടെ കീഴിലുള്ള Empowered Institution-ന്റെ 24-11-2020-ൽ നടന്ന യോഗത്തിലും Empowered Committee-യുടെ 27-06-2022, 27-07-2024 തീയതികളിൽ നടന്ന യോഗങ്ങളിലും VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. കൂടാതെ, VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ധനമന്ത്രിക്ക് 23-10-2024-നും പ്രധാന മന്ത്രിക്ക് 10-12-2024-നും കത്തുകൾ നൽകിയിട്ടുണ്ട്.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം ജീവനോപാധി നഷ്ടപ്പെടുന്ന പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact

Appraisal Committee (LIAC)-യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. EIA റിപ്പോർട്ടിൽ ജീവനോപാധി നഷ്ടപരിഹാരമായി 8.564 കോടി രൂപയാണ് (റിസോർട്ട് തൊഴിലാളികൾക്ക് ഉൾപ്പെടെ) വകയിരുത്തിയിരുന്നത്. എന്നാൽ, നാളിതുവരെ 107.26 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ താഴെപ്പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

ക്രമ നം.	**വിഭാഗം**	**ഗുണഭോക്താക്കളുടെ എണ്ണം**	**നഷ്ടപരിഹാരത്തുക (കോടിയിൽ)**
1	ചിപ്പി/ ലോബ്സ്റ്റർ തൊഴിലാളികൾ	262	12.36
2	കരമടി ഉടമസ്ഥർ/ തൊഴിലാളികൾ	916	54.92
3	കരമടി അനുബന്ധ സ്ത്രീ ചുമട്ടു തൊഴിലാളികൾ	11	0.11
4	കട്ടമരം ഉടമസ്ഥർ	51	2.14
5	മണ്ണെണ്ണ ആനുകൂല്യം	1221	31.57
6	റിസോർട്ട് തൊഴിലാളികൾ	211	6.08
7	സ്വയംസഹായ സംഘങ്ങൾ (4)	33	0.08
ആകെ		**2705**	**107.26**

ഇതിനുപുറമെ ശേഷിക്കുന്ന കട്ടമര തൊഴിലാളികൾ, കരമടി തൊഴിലാളികൾ, ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾ, റിസോർട്ട് തൊഴിലാളികൾ എന്നിവർക്കായി 8.76 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ, പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാ കളക്ടർ അധ്യക്ഷനായ പ്രാദേശിക മോണിറ്ററിങ് കമ്മിറ്റിയും ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിങ് കമ്മിറ്റിയും നിലവിലുണ്ട്.

(സി) പ്രസ്തുത തുറമുഖത്തിന്റെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടുകൂടി ടി പ്രദേശത്ത് നിരവധി വ്യവസായങ്ങൾക്കും അനുബന്ധ വികസനങ്ങൾക്കും സാധ്യതയുണ്ട്. വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം വിഴിഞ്ഞത്തെയും സമീപപ്രദേശങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുത്താൻകൂടി കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ ബോർഡ് യോഗത്തിൽ തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാധ്യതകൾ പരിശോധിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കുകയുണ്ടായി.

താഴെപ്പറയുന്ന മേഖലകളിലെ സാധ്യതകൾ പരിശോധിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

1. റിന്യൂവബിൾ എനർജി പാർക്ക്

2. ഗ്രീൻ ഹൈഡ്രജൻ ഹബ്

3. സീഫുഡ് പാർക്ക്

4. അഗ്രികൾച്ചർ പാർക്ക്

5. ലോജിസ്റ്റിക് ആൻഡ് വെയർ ഹൗസിങ്

6. തുറമുഖാധിഷ്ഠിത വ്യവസായ ഇടനാഴി/ ക്ലസ്റ്റർ മുതലായവ

പദ്ധതി രൂപരേഖ തയ്യാറാക്കി നടപ്പാക്കുന്നതിനായി അന്താരാഷ്ട്ര

നിലവാരത്തിലുള്ള ഒരു കൺസൾട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി കണ്ടെത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്.

(ഡി) പദ്ധതി പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ പശ്ചാത്തല സൗകര്യ വികസന പദ്ധതികളിൽ പ്രധാനപ്പെട്ട ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറിന്റെ സമയബന്ധിതമായ നിർമ്മാണം ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ സംബന്ധിച്ച്

തലസ്ഥാന നഗരവികസന പദ്ധതി ll (സി.ആർ.ഡി.പി.ll) പ്രധാന നിർദേശങ്ങളിലൊന്നായ ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത് തലസ്ഥാന നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളുടെ സുസ്ഥിര വികസനത്തോടൊപ്പം തലസ്ഥാന നഗരത്തിന്റെ ഗതാഗതം ഭംഗിയായി കൈകാര്യം ചെയ്യലുമാണ്. കേരള സംസ്ഥാനത്തിലേക്ക് ആഗോള ബിസിനസ്സുകളും നിക്ഷേപവും ആകർഷിക്കുന്നതിനുള്ള സാഹചര്യം സാധ്യമാക്കുന്നത് മുഖേന സംസ്ഥാനത്ത് സാമ്പത്തിക വളർച്ചയും

തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും കൂടുതൽ വേഗത്തിലാക്കുന്നതിനുമായി ഔട്ടർ റിങ് റോഡിന്റെ ഇരുവശവും പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് സമാനമായ ഒരു ഉപഗ്രഹ നഗരമായിട്ട് വികസിപ്പിക്കുവാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ താഴെപ്പറയുന്നവ ഉൾപ്പെടുന്നതാണ്.

1. പ്രത്യേക നിക്ഷേപ മേഖല (SIR):- ഔട്ടർ റിങ് റോഡിന്റെ ഇരുവശവും 2.5 കി.മീ. നീളത്തിൽ ഏകദേശം 400 കി.മീ. തുടർച്ചയായുള്ള സ്ഥലമാണ് പ്രത്യേക നിക്ഷേപ മേഖലയായി വികസിപ്പിക്കാൻ വിഭാവന ചെയ്തിട്ടുള്ളത്. ആയതിലേക്കായി ഒരു പ്രത്യേക നിയമനിർമ്മാണം (SIR Act) നടത്തി മേൽസ്ഥലത്തെ ലോകോത്തര നിലവാരത്തിലുള്ള നിക്ഷേപ സ്ഥാനമായി വികസിപ്പിക്കുന്നതാണ്. സി.ആർ.ഡി.പി. തയ്യാറാക്കിയ കരട് സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ ബില്ലിന്മേലുള്ള (Draft SIR bill) വിവിധ സർക്കാർ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അവകൂടി ഉൾപ്പെടുത്തി പുതുക്കിയ കരട് ബിൽ വ്യവസായ വകുപ്പ് പരിശോധിച്ചുവരുന്നു.

2. മാസ്റ്റർ ഡെവലപ്മെന്റ് പ്ലാൻ:- ഔട്ടർ റിങ് റോഡിന്റെ ഇരുവശവും

2.5 കി.മീ. വീതിയിലുള്ള മൊത്തം 400 സ്ക്വയർ കി.മീ. വരുന്ന സ്ഥലം ആസൂത്രിതമായി വികസിപ്പിക്കാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഗ്രോത്ത് കോറിഡോറിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തുടർനടപടികളെടുക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് LEA Associates South Asia (Pvt) Ltd, New Delhi എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. മേൽസ്ഥാപനം കരട് മാസ്റ്റർ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുകയും അതിന്മേലുള്ള അഭിപ്രായങ്ങൾക്കായി സ്റ്റേക്ക് ഹോൾഡേഴ്സ് വർക്ക്ഷോപ് നടത്തുകയുമുണ്ടായി. ഈ വർക്ക്ഷോപ്പിൽ ലഭിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ കരട് സി.റ്റി.പി.-യുടെ അഭിപ്രായത്തിനായി സമർപ്പിച്ചിട്ടുണ്ട്. സി.റ്റി.പി.-യിൽനിന്നും ലഭിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ കരട് മാസ്റ്റർ പ്ലാൻ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചുവരുന്നു.

3. <u>ലാൻഡ് പൂളിങ് പോളിസി</u>:- പ്രത്യേക നിക്ഷേപ മേഖലയ്ക്കാവശ്യമായ സ്ഥലം ലാൻഡ് പൂളിങ്ങിലൂടെയും സമാഹരിക്കാനാണ്

ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ഒരു പ്രത്യേക നയം രൂപീകരിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു. ലാൻഡ് പൂളിങ് നിയമം സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ ആക്ടിൽ (SIR ACT) ഉൾപ്പെടുത്തി സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിച്ചതനുസരിച്ച് ലാൻഡ് പൂളിങ് നിയമം ഉൾപ്പെടുത്തിയ പുതുക്കിയ കരട് (SIR Bill)) സി.ആർ.ഡി.പി. തയ്യാറാക്കിയത് വ്യവസായ വകുപ്പ് പരിശോധിച്ചുവരുന്നു.

4. ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോറിൽ (OAGC) ഒരു പുതുനഗരം വികസിപ്പിച്ചെടുക്കൽ:- 15-ാമത് ധനകാര്യ കമ്മിഷന്റെ കീഴിലുള്ള "PERFORMANCE BASED CHALLENGE FUND FOR INCUBATION OF 8 NEW CITIES" എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനത്ത് "OAGC NEOPOLIS" എന്ന ഒരു പുതുനഗരം സാവകാശം വികസിപ്പിച്ചെടുക്കുന്നതിനുള്ള സി.ആർ.ഡി.പി.-യുടെ ശിപാർശകൾ തദ്ദേശസ്വയംഭരണ വകുപ്പ് വഴി കേന്ദ്രസർക്കാരിന്റെ ഭവനവും നഗരകാര്യവും (MOHUA) മന്ത്രാലയത്തിലേക്ക് 20-01-2023-ൽ അയച്ചുകൊടുത്തിട്ടുള്ളതാണ്. കൂടാതെ, ഇതുസംബന്ധിച്ചിട്ടുള്ള EXPERT COMMITTEE മുമ്പാകെ 11-05-2023-ൽ ഒരു പ്രസന്റേഷൻ

നടത്തിയിട്ടുള്ളതുമാണ്.

കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ്

16 (*46) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന സാമ്പത്തിക നയങ്ങളും സമീപനങ്ങളും തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ

സാമ്പത്തിക ആവശ്യങ്ങളൊന്നുംതന്നെ കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല. സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്നും വിഴിഞ്ഞം തുറമുഖത്തിന് പ്രത്യേക സഹായം അനുവദിക്കണമെന്നും ജലജീവൻ മിഷൻപോലെയുള്ള കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതം ഉറപ്പാക്കുന്നതിനായി അത്തരം പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ തുകയും കടമെടുപ്പ് പരിധിക്കുപുറമെ അനുവദിക്കണമെന്നും സംസ്ഥാനത്തെ പ്രത്യേക ഉദ്ദേശ്യസ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ ആകെ കടമെടുപ്പിൽനിന്ന് ഒഴിവാക്കുന്നതിനും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽനിന്നും ഉപാധികളില്ലാതെ 3.5 ശതമാനമാക്കണമെന്നും ദേശീയപാത വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി സംസ്ഥാനം ചെലവഴിച്ച തുക ഉപാധികളില്ലാതെ വായ്പയായി എടുക്കാനും അനുവദിക്കണമെന്നും ജി.എസ്.ടി. കോമ്പൻസേഷൻ തുടരണമെന്നും

തുടങ്ങിയ ആവശ്യങ്ങൾ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിരുന്നു. 01-02-2025-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലും കേരളത്തിന്റെ ആവശ്യങ്ങളൊന്നും പരിഗണിച്ചിട്ടില്ല.

(ബി) കേന്ദ്രപദ്ധതികളുടെ സംസ്ഥാന വിഹിതം ഉറപ്പാക്കുന്നതിനായി സർക്കാർ എടുത്തിട്ടുള്ള വായ്പകൾകൂടി ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് നൽകിവരുന്ന 50 വർഷ തിരിച്ചടവ് കാലാവധിയുള്ള പ്രത്യേക പലിശരഹിത വായ്പാ പദ്ധതിയുടെ കീഴിൽ ജൽജീവൻ മിഷൻ, പി.എം.ജി.എസ്.വൈ.-പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിന്റെ ഒരു നിശ്ചിത തുക വായ്പയായി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത വായ്പാ പദ്ധതി സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധിക്കുള്ളിൽ ഉൾപ്പെടുന്നില്ല. NHAI പദ്ധതികളുടെ സ്ഥലമെടുപ്പിന് സംസ്ഥാന സർക്കാർ

ചെലവാക്കുന്ന തുകയ്ക്ക് തുല്യമായി അധിക കടമെടുക്കൽ അനുവദിക്കുണമെന്ന ആവശ്യം കേന്ദ്ര സർക്കാർ ഇതുവരെ പരിഗണിച്ചിട്ടില്ല.

(സി) സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരങ്ങൾ കവർന്നെടുത്തുകൊണ്ട് ചരക്കുസേവന നികുതി നിയമം നടപ്പാക്കിയതിനാൽ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. നഷ്ടപരിഹാരം തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ആവശ്യപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28 ശതമാനം (എസ്.ജി.എസ്.ടി. 14 ശതമാനം, സി.ജി.എസ്.ടി. 14 ശതമാനം) ആയാണ് നിശ്ചയിച്ചിരുന്നത്.

എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28 ശതമാനം നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18 ശതമാനം, 12 ശതമാനം എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. ആയതിനാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടിനൽകണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ഇതുസംബന്ധിച്ച് നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും സമർപ്പിച്ചിരുന്നു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ കാര്യം ആവശ്യപ്പെട്ടിരുന്നു. എന്നാൽ നഷ്ടപരിഹാര കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ

ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ഡി) സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത് അനുകൂലമായ നിലപാടാണോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന സാമ്പത്തിക നയങ്ങളും സമീപനങ്ങളും തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളൊന്നുംതന്നെ കേന്ദ്രസർക്കാർ പരിഗണിച്ചിട്ടില്ല. സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്നും വിഴിഞ്ഞം തുറമുഖത്തിന് പ്രത്യേക സഹായം

അനുവദിക്കണമെന്നും ജൽജീവൻ മിഷൻപോലെയുള്ള കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതം ഉറപ്പാക്കുന്നതിനായി അത്തരം പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ തുകയും കടമെടുപ്പ് പരിധിക്കുപുറമെ അനുവദിക്കണമെന്നും സംസ്ഥാനത്തെ പ്രത്യേക ഉദ്ദേശ്യസ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ ആകെ കടമെടുപ്പിൽനിന്ന് ഒഴിവാക്കുന്നതിനും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽനിന്നും ഉപാധികളില്ലാതെ 3.5 ശതമാനമാക്കണമെന്നും ദേശീയപാത വികസനത്തിനുവേണ്ടി സ്ഥലം എറ്റെടുക്കുന്നതിനായി സംസ്ഥാനം ചെലവഴിച്ച തുക ഉപാധികളില്ലാതെ വായ്പയായി എടുക്കാനും അനുവദിക്കണമെന്നും ജി.എസ്.ടി. കോമ്പൻസേഷൻ തുടരണമെന്നും തുടങ്ങിയ ആവശ്യങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിരുന്നു. 01-02-2025-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലും കേരളത്തിന്റെ ആവശ്യങ്ങളൊന്നും പരിഗണിച്ചിട്ടില്ല.

വ്യവസായ സൗഹൃദാന്തരീക്ഷം

17 (*47) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുന്നതിനും സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കിവരുന്നു. ഈസ് ഓഫ് ഡൂയിങ് ബിസിനസ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കുവാൻ കഴിഞ്ഞത് സംരംഭക മേഖലയിൽ സംസ്ഥാനം ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളിലൂടെയാണ്.

സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം പ്രസ്തുത സംരംഭത്തിന് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നരവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ

എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും.

കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റുവാൻ സർക്കാർ നിരവധി ഇടപെടലുകൾ നടത്തിവരുന്നു. സംസ്ഥാനത്തെ സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും അവരുടെ ഉന്നമനത്തിനും വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകാനും സർക്കാർ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിലൊന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർധിപ്പിക്കുക, അതുവഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം

എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ, സംസ്ഥാനത്തിൽ വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും ' മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയും 'ഇൻവെസ്റ്റർ പിച്ച്' പരിപാടിയും നടത്തിവരുന്നു. പ്രസ്തുത പദ്ധതികളുടെ സമയബന്ധിതമായ അവലോകനവും നടത്തിവരുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്.

സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു.

(ബി) ഈ സർക്കാരിന്റെ പ്രവർത്തനഫലമായി വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടികളും നിയമപരിഷ്കാരങ്ങളും നടപ്പാക്കുന്ന കാര്യത്തിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) പുറത്തിറക്കിയ, 22 വകുപ്പുകൾ/ഏജൻസികളിൽ 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകളുണ്ടായിരുന്ന സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ പുരസ്കാരം സ്വന്തമാക്കാൻ കേരളത്തിന് സാധിച്ചു. പ്രസ്തുത പരിഷ്കരണ മേഖലകളിൽ 95 ശതമാനം പോസിറ്റീവ്

ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളാണ് ഡി.പി.ഐ.ഐ.ടി. ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. രാജ്യത്തിൽതന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. വ്യവസായ സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളും സംസ്ഥാനങ്ങളുടെ പ്രകടനവും അടിസ്ഥാനമാക്കി സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ 2022-ന്റെ വിലയിരുത്തൽ നടത്തിയിരുന്നു. ഈ പ്രവർത്തനത്തിൽ നൂറ് ശതമാനവും സംരംഭകരുടെ അഭിപ്രായത്തെ അടിസ്ഥാനമാക്കി ടോപ് അച്ചീവറെ തിരഞ്ഞെടുക്കുന്നു. 30 മേഖലകളിൽ നടത്തിയ വിലയിരുത്തലിൽ 9 മേഖലകളിൽ 95 ശതമാനം പോസിറ്റീവ് ഫീഡ്ബാക്ക് സ്കോറോടെ കേരളം ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച് ടോപ് അച്ചീവർ വിഭാഗത്തിലെത്തി. ഏകജാലക സംവിധാനം, യൂട്ടിലിറ്റി അനുമതികൾ, റവന്യൂ സർട്ടിഫിക്കറ്റുകളുടെ കാര്യക്ഷമ വിതരണ സംവിധാനം, ഗതാഗത സൗകര്യങ്ങൾ, തൊഴിൽ എക്സ്ചേഞ്ച് സേവനം, നികുതി സംവിധാനത്തിലെ മെച്ചപ്പെടുത്തലുകൾ എന്നിവയുൾപ്പെടെയുള്ള മേഖലയിലെ കേരളത്തിന്റെ നവീനമായ പരിഷ്കാരങ്ങളാണ് സ്റ്റേറ്റ്

ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ 2022-ൽ ഉയർത്തിക്കാട്ടിയത്. ഇവയെല്ലാമാണ് സംസ്ഥാനത്തെ മികച്ച നേട്ടത്തിലേക്ക് നയിച്ചത്.

(സി) ഈ സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെ ഭാഗമായി ഐ.ടി., ഐ.ടി.-ഇതര, നൂതന സാങ്കേതികവിദ്യാ മേഖലകളിൽ നിരവധി ആഭ്യന്തര-വിദേശ കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ എത്തിച്ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരവാദിത്ത വ്യവസായത്തെയും ഉത്തരവാദിത്ത നിക്ഷേപങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. അതിനായി പല നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും അവരുടെ ഉന്നമനത്തിനും വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനം, സാങ്കേതികവിദ്യയും നവീകരണവും, സ്ഥാപനപരമായ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണം, വികസനം, നൈപുണ്യ വികസനം, പ്രോത്സാഹനങ്ങൾ എന്നിവയുടെ രൂപത്തിൽ സമഗ്രമായ പിന്തുണ 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. കൂടാതെ, സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഐ.ടി., ഐ.ടി.-ഇതര, നൂതന സാങ്കേതികവിദ്യ മേഖലകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് എന്നിവ പുതിയ വ്യാവസായിക നയത്തിലെ 'സൺറൈസ്' മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇളവുകളും ഈ മേഖലയിൽ ഉൾപ്പെടുന്ന സംരംഭങ്ങൾക്ക് ലഭിക്കുന്നതാണ്. ഈ മേഖലയിലുള്ള നിരവധി ആഭ്യന്തര-വിദേശ കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ എത്തിച്ചേർന്നിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ പ്രമുഖരായ അഡെസോ, സഫ്രാൻ, ഡിസ്പ്പസ്, സോഹോ, ഗ്രേറ്റ് അഫിനിറ്റി, ഐ.ബി.എം.-പോലുള്ള

സ്ഥാപനങ്ങൾ അവരുടെ ഓഫീസ് കേരളത്തിൽ സ്ഥാപിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്.

(ഡി) വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം എന്നീ മേഖലകൾ തമ്മിലുള്ള ഏകോപനക്കുറവ് കേരളം വ്യവസായ വികസനരംഗത്ത് നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളിലൊന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്യാമ്പസുകൾ കേന്ദ്രീകരിച്ചുള്ള വ്യവസായ പാർക്കുകൾ ഈ രംഗത്ത് പ്രധാന ചുവടുവയ്പായി മാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം എന്നീ മേഖലകൾ തമ്മിലുള്ള ഏകോപനക്കുറവ് കേരളം വ്യവസായ വികസനരംഗത്ത് നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളിലൊന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്യാമ്പസുകൾ കേന്ദ്രീകരിച്ചുള്ള വ്യവസായ പാർക്കുകൾ ഈ രംഗത്തുള്ള പ്രധാന ചുവടുവയ്പാണ്. വ്യവസായ ആവശ്യത്തിനായി സ്ഥലദൗർലഭ്യം പരിഹരിക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അനുയോജ്യമായ അധിക ഭൂമി ഉപയുക്തമാക്കിയാണ് ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നത്.

വിദ്യാർഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. അതിന്റെ പദ്ധതി മാർഗരേഖ 29-2-24-ലെ സ.ഉ. (കൈ) നമ്പർ 16/2024 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉൽപ്പന്നങ്ങളുടെ വ്യാവസായിക ഉൽപാദനം വേഗത്തിൽ ആരംഭിക്കുന്നതിന് സഹായകമായ ഒരു സംവിധാനമായി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പ്രവർത്തിക്കുന്നതാണ്.

വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ കിട്ടാനുള്ള തുക

18 (*48) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും ആയിരത്തോളം കോടിയിലേറെ രൂപ കുടിശ്ശികയിനത്തിൽ വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 31-12-2024-ലെ ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾപ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും (കേന്ദ്ര സർക്കാർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ) 757.09 കോടി രൂപ (പലിശ ഒഴികെ) വൈദ്യുതി ബോർഡ് ലിമിറ്റഡിന് പിരിഞ്ഞുകിട്ടാനുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്[+].

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

കുടിശ്ശിക വരുത്തുന്ന സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ്, കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ വൈദ്യുതി ബോർഡ് ലിമിറ്റഡിന് പരിമിതിയുള്ളതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂടി കാലാകാലങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീർപ്പാക്കിവരുന്നു. 12-03-2024-ലെ സ.ഉ.(സാധാ)നം.45/2024/ഊ.വ. പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 31-10-2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2,068.07 കോടി രൂപ (മുതൽ-1728.47 കോടി രൂപ, പലിശ-339.60 കോടി രൂപ) തീർപ്പാക്കിയിട്ടുണ്ട്. അതിൻപ്രകാരം 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 01-11-2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി 30-10-2023-ലെ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. 12-03-2024-ലെ സ.ഉ. (കൈ)നം.30/2024/ധന. പ്രകാരം ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും 31-10-2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 534.84 കോടി രൂപ (മുതൽ-416.48 കോടി രൂപ, പലിശ-118.36 കോടി രൂപ) തീർപ്പാക്കിയിട്ടുണ്ട്.

(സി) നിലവിൽ വൈദ്യുതി ബോർഡിന് സ്വകാര്യ വ്യക്തികളിൽ

നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക കിട്ടാനുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

31-12-2024 വരെയുള്ള ഓഡിറ്റ് ചെയ്യാത്ത കണക്കുകൾപ്രകാരം സ്വകാര്യ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നുമുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

(ഡി) പ്രസ്തുത ഇനത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈ കോഡ് 2014 റെഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

സഹകരണ ബാങ്ക് നിയമനക്കോഴ

19 (*49) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ എൻ. എം. വിജയന്റെയും അദ്ദേഹത്തിന്റെ മകന്റെയും ആത്മഹത്യക്ക് ഇടയാക്കിയതായി പറയപ്പെടുന്ന സഹകരണ ബാങ്ക് നിയമനക്കോഴ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) സഹകരണ വിജിലൻസ് ഓഫീസ് നോർത്ത് സോൺ ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്) കണ്ണൂർ, എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാര്യാലയത്തിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) എന്നിവരുടെ നേതൃത്വത്തിൽ 2024 ഡിസംബർ 31, 2025 ജനുവരി 1 തീയതികളിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. സുൽത്താൻ ബത്തേരി സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ ഡി. 2034, സുൽത്താൻ ബത്തേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എൽ.എൽ. 11, പൂതാടി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1011, മടക്കിമല സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.490, സുൽത്താൻ ബത്തേരി സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ല്യു.299 സംഘങ്ങളിൽ ചട്ടവിരുദ്ധമായി നിയമനങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, എൻ. എം. വിജയന് സുൽത്താൻ ബത്തേരി അർബൻ സഹകരണ ബാങ്കിൽ 63.72 ലക്ഷം രൂപ വായ്പാ ബാധ്യതയും സുൽത്താൻ ബത്തേരി സർവീസ് സഹകരണ ബാങ്കിൽ 29.49 ലക്ഷം രൂപ സ്വന്തം പേരിലും മകന്റെ പേരിലുള്ള ജാമ്യത്തിൽ 11.26

ലക്ഷം രൂപയും വായ്പാ ബാധ്യത നിലവിലുണ്ടെന്നും പ്രാഥമിക റിപ്പോർട്ടിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കേരള സഹകരണ നിയമത്തിലെ വകുപ്പ് 66(1) പ്രകാരമുള്ള അന്വേഷണത്തിന് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഉത്തരവിറക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശ്രീ. കെ. കെ. ജമാലിനെ ആരോപിത സംഘങ്ങളിൽ കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം പരിശോധന നടത്തുന്നതിന് നിയോഗിച്ചുകൊണ്ട് സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) എൻ. എം. വിജയന്റെ ആത്മഹത്യാക്കുറിപ്പിലെ വിവരങ്ങൾ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ സ്ഥിരീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

എൻ. എം. വിജയന്റെ ആത്മഹത്യാക്കുറിപ്പിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്രിമിനൽ നിയമപ്രകാരം അന്വേഷണം നടക്കുന്നുണ്ട്.

(ഇ) ഏതെല്ലാം ബാങ്കുകളിൽ എന്നുമുതൽ നടത്തിയിട്ടുള്ള നിയമനങ്ങളാണ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

താഴെപ്പറയുന്ന ബാങ്കുകളിൽ, 2016-നുശേഷം നടത്തിയ നിയമനങ്ങളാണ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

1. സുൽത്താൻ ബത്തേരി സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ ഡി. 2034

2. സുൽത്താൻ ബത്തേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എൽ.എൽ. 11

3. പൂതാടി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1011

4. മടക്കിമല സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 490

5. സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ല്യു. 299

(എഫ്) പ്രസ്തുത നിയമനക്കോഴ വിവാദത്തിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ

വിശദാംശം ലഭ്യമാക്കുമോ?

കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതിൻപ്രകാരമുള്ള റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

ദീർഘകാല കരാറുകൾ റദ്ദാക്കിയതുമൂലം

കെ.എസ്.ഇ.ബി.-ക്കുണ്ടായ നഷ്ടം

20 (*50) ഡോ. എം. കെ. മുനീർ:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ നിരക്കിൽ 465 മെഗാവാട്ട് വൈദ്യുതി ലഭിച്ചിരുന്ന നാല് ദീർഘകാല കരാറുകൾ കെ.എസ്.ഇ.ബി. റദ്ദാക്കാനുണ്ടായ കാരണം വിശദമാക്കുമോ?

465 മെഗാവാട്ട് വൈദ്യുതി ലഭിച്ചിരുന്ന നാല് ദീർഘകാല കരാറുകൾ റദ്ദാക്കിയത് കെ.എസ്.ഇ.ബി.എൽ. അല്ല. ചട്ടലംഘനം ചൂണ്ടിക്കാട്ടി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ (KSERC) ആണ് ടി

കരാറുകൾക്ക് അനുമതി നൽകാതിരുന്നത്. കെ.എസ്.ഇ.ബി.എൽ. 2014-ൽ DBFOO (Design Build Finance Own and Operate) അടിസ്ഥാനത്തിൽ 2 ബിഡ്ഡുകളിലെ 765 മെഗാവാട്ട് വൈദ്യുതിക്കുവേണ്ടിയുള്ള ദീർഘകാല കരാറിൽ ഏർപ്പെടുകയുണ്ടായി. എന്നാൽ ടെൻഡർ നടപടികളിലെ വ്യതിയാനം ഉന്നയിച്ച് കമ്മീഷൻ 30-08-2016-ലെ ഉത്തരവുപ്രകാരം ബിഡ് 1-ലെയും ബിഡ് 2-ലെയും L-1-ന് മാത്രമാണ് അനുമതി നൽകിയത്. എന്നാൽ എല്ലാ കരാറുകളിൽനിന്നും തൽക്കാലത്തേക്ക് വൈദ്യുതി വാങ്ങാൻ കേരള സർക്കാരിന്റെ 30-11-2016-ലെയും 21-10-2017-ലെയും ഉത്തരവുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് അനുമതി നൽകുകയുണ്ടായി. തുടർന്ന് KSERC ഈ നാല് ഉൽപാദന നിലയങ്ങൾക്ക് കൽക്കരി നൽകണമെന്നാവശ്യപ്പെട്ട് കത്തും നൽകിയിരുന്നു. ബഹുമാനപ്പെട്ട കമ്മിഷൻ 14-08-2020-ലെ ഉത്തരവുപ്രകാരം ടി നിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ നിരക്കിൽ പരിധിവയ്ക്കുകയുണ്ടായി. ഈ തീരുമാനത്തെ ഉൽപാദകർ APTEL മുമ്പാകെ ചോദ്യം ചെയ്യുകയും APTEL പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്യുകയുമുണ്ടായി. KSERC ടി ഉത്തരവിനെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്തു. സുപ്രീംകോടതി

10-2-2023-ലെ ഉത്തരവിലൂടെ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ KSERC-യോട് ആവശ്യപ്പെട്ടു. തുടർന്ന് 10-05-2023-ലെ ഉത്തരവിലൂടെ 465 MW വൈദ്യുതിക്കുള്ള നാല് ദീർഘകാല കരാറുകൾക്ക് അനുമതി നിഷേധിച്ച് KSERC ഉത്തരവ് പുറപ്പെടുവിച്ചു.

KSERC-യുടെ ഉത്തരവ് സംബന്ധിച്ച് സർക്കാരിന് നിയമപരമായി സ്വീകരിക്കുവാൻ കഴിയുന്ന നടപടികളെക്കുറിച്ച് സർക്കാർ വിശദമായി പരിശോധിച്ചു. 108-ാം വകുപ്പുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിക്കാമെന്ന അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ തീരുമാനപ്രകാരം വൈദ്യുതി നിയമത്തിലെ സെക്ഷൻ 108-ലെ അധികാരം വിനിയോഗിച്ച് കെ.എസ്.ഇ.ആർ.സി.-യുടെ ഉത്തരവ് പുന:പരിശോധിക്കാൻ അവരോട് ആവശ്യപ്പെട്ടു. സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾക്ക് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച റിവ്യൂ പെറ്റിഷനിലെ ആവശ്യം അംഗീകരിച്ചുകൊണ്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

29-12-2023-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ കമ്മിഷൻ ഉത്തരവിനെതിരെ വൈദ്യുതി വിതരണ കമ്പനികൾ APTEL-നെ സമീപിച്ചതിനെത്തുടർന്ന് കമ്പനികൾക്ക് അനുകൂല ഉത്തരവ് ലഭിച്ചു. APTEL ഉത്തരവിനെതിരെ KSEBL സുപ്രീംകോടതിയെ സമീപിച്ചു. APTEL ഉത്തരവ് കോടതി ശരിവയ്ക്കുകയാണുണ്ടായെങ്കിലും 10-05-223-ലെ കമ്മിഷൻ ഉത്തരവിനെതിരെ APTEL-നെ സമീപിക്കാൻ KSEBL-ന് അനുമതി നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ KSEBL നൽകിയ പുനഃപരിശോധന ഹർജി APTEL-ന്റെ പരിഗണനയിലാണ്. അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) പ്രസ്തുത കരാറുകൾപ്രകാരം ശരാശരി എത്ര രൂപ നിരക്കിലായിരുന്നു വൈദ്യുതി ലഭിച്ചിരുന്നതെന്ന് അറിയിക്കുമോ?

കരാർപ്രകാരം Bid 1-ൽ 4.15 രൂപയും Bid 2-ൽ 4.29 രൂപയുമാണ് റദ്ദാക്കപ്പെട്ട കരാറുകളുടെ പ്രതി യൂണിറ്റിന് വൈദ്യുതി നിരക്ക്.

(സി) കരാറുകൾ റദ്ദാക്കിയതുമൂലം കെ.എസ്.ഇ.ബി.-ക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ദീർഘകാല കരാറുകൾക്ക് അനുമതി നിഷേധിച്ചതുകൊണ്ടുള്ള അധിക ജലവൈദ്യുതി ഉൽപാദനംമൂലവും പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയ വകയിലും കെ.എസ്.ഇ.ബി.എൽ.-ന് ഇതുവരെ ഏകദേശം 410 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായിട്ടുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിന് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭിക്കുന്ന കരാറുകളിൽ ഏർപ്പെടാൻ കെ.എസ്.ഇ.ബി.-ക്ക് നിർദേശം നൽകുമോ; വ്യക്തമാക്കുമോ?

അനുമതി നിഷേധിച്ച 465 MW-നുപകരമായി 500 MW വൈദ്യുതി അഞ്ചുവർഷത്തേക്ക് ലഭ്യമാക്കുന്നതിന് 07-06-2023-ന് കെ.എസ്.ഇ.ബി.എൽ. മധ്യകാല ടെൻഡർ വിളിച്ചുവെങ്കിലും നിരക്ക് (യൂണിറ്റിന് 6.88 രൂപ) കൂടുതലായതിനാൽ പ്രസ്തുത ടെൻഡർ റദ്ദ് ചെയ്യുകയായിരുന്നു. തുടർന്ന് 07-12-2023-ന് 300 മെഗാവാട്ട് വൈദ്യുതി രണ്ടര വർഷത്തേക്കായി മധ്യകാല ടെൻഡർ വിളിച്ചെങ്കിലും അതിന്റെയും നിരക്ക് യൂണിറ്റിന് 7.48 രൂപയായതിനാൽ ആ ടെൻഡറും റദ്ദ് ചെയ്യുകയായിരുന്നു.

ഭാവിയിലെ ആവശ്യകതകൂടി മുന്നിൽക്കണ്ട് കെ.എസ്.ഇ.ബി.എൽ. ദീർഘകാല കരാർ വഴി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നെയ്വേലി ലിഗ്നൈറ്റ് കോർപറേഷൻ ഓഫ് ഇന്ത്യയ്ക്ക് ഒറീസ്സയിൽ അനുവദിച്ച തലാബിര പിറ്റ് ഹെഡ് കൽക്കരി നിലയത്തിൽനിന്നും 400MW വൈദ്യുതിക്ക് കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ട് (പ്രതീക്ഷിത നിരക്ക് യൂണിറ്റിന് 3.06 രൂപ). കൂടാതെ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപറേഷൻ ഓഫ് ഇന്ത്യയുമായി (SECI) 500 മെഗാവാട്ടിന്റെ storage-ഓടുകൂടിയ സൗരോർജത്തിനും നാഷണൽ ഹൈഡ്രോ പവർ കോർപറേഷനുമായി (NHPC) വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പദ്ധതിയിൽനിന്നും 50 മെഗാവാട്ടിനും ദീർഘകാല കരാറിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിലയങ്ങളിൽനിന്നും വൈദ്യുതി അടുത്ത വർഷം മുതൽ ലഭ്യമായി തുടങ്ങും. ഇതുകൂടാതെ ദീർഘകാല കരാറുകൾ 23-12-2024-ന് ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ

സംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി.എൽ.-ന്റെയും നിരന്തര പരിശ്രമത്തിന്റെ ഫലമായി 500 മെഗാവാട്ടിന്റെ Coal Linkage സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ ദീർഘകാല കരാറുകൾ/ടെൻഡറുകൾക്കുപുറമെ കെ.എസ്.ഇ.ബി.എൽ. വിവിധ ബാങ്കിങ് ക്രമീകരണങ്ങളിലും ഹ്രസ്വകാല കരാറുകളിലും ഏർപ്പെട്ടിട്ടാണ് വൈദ്യുതി പ്രതിസന്ധി പരിഹരിച്ചുകൊണ്ടിരിക്കുന്നത്.

വൈദ്യുതി വാഹനങ്ങൾക്ക് അത്യാധുനിക ചാർജിങ് സ്റ്റേഷനുകൾ

21 (*51) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരത്തിലിറങ്ങുന്ന വൈദ്യുതി വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നിലവിലെ ചാർജിങ് സ്റ്റേഷനുകൾ നവീകരിച്ച് ഉപഭോക്തൃ

സൗഹൃദമാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.:- വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകളുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ. 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വ്യത്യസ്ത കേന്ദ്ര-സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് ആദ്യകാലഘട്ടത്തിൽ ചാർജിങ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. ഒരുക്കിയിരുന്നത്. എന്നാൽ അനുദിനം സാങ്കേതികവിദ്യയിൽ വളരെയധികം മാറ്റം സംഭവിക്കുകയും വൈദ്യുതി വാഹനങ്ങളുടെ എണ്ണം വർധിച്ചുവരികയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ പുതിയ തലമുറ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 'Revamping Electric Vehicle Charging Ecosystem in Kerala' എന്ന വിഷയത്തിൽ 04-12-2024-ന് ഒരു ശില്പശാല സംഘടിപ്പിച്ചിരുന്നു. കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്ഥാപിച്ചിട്ടുള്ള ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളെല്ലാംതന്നെ പുത്തൻ സാങ്കേതികവിദ്യകളോടുകൂടിയ ചാർജറുകളും ആധുനിക സൗകര്യങ്ങളും ചേർത്ത് നവീകരിക്കാനും 'റിഫ്രഷ്

ആൻഡ് റീചാർജ്'' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>അനെർട്ട്</u>:- സംസ്ഥാനത്ത് നിരത്തിലിറങ്ങുന്ന വൈദ്യുതി വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നിലവിലെ ചാർജിങ് സ്റ്റേഷനുകൾ നവീകരിച്ച് ഉപഭോക്തൃ സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചുവരുന്നു. ദേശീയപാത, MC റോഡ്, മറ്റു സംസ്ഥാനപാത എന്നിവിടങ്ങളിൽ ഓരോ 25 കിലോമീറ്ററിലും ഒരു DC ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ എന്ന രീതിയിൽ സ്ഥാപിക്കുന്ന പദ്ധതിയാണ് വിഭാവന ചെയ്യുന്നത്. ദേശീയപാത, മറ്റ് സംസ്ഥാനപാതകൾ എന്നിവയോട് ചേർന്നുള്ള സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ 1000 ചതുരശ്ര അടി സ്ഥലവും അതിനോടനുബന്ധിച്ച് കഫെറ്റീരിയ, വാഷ്റൂം ഫെസിലിറ്റി എന്നിവയും സജ്ജീകരിക്കുകയാണെങ്കിൽ ഇത്തരം സ്ഥലങ്ങളിൽ ANERT വഴി ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കാവുന്നതാണ്. മേൽപ്പറഞ്ഞ രീതിയിൽ 10 വർഷത്തേക്ക് സർക്കാർ വക സ്ഥലം ലീസിന് ലഭ്യമായാൽ ഇ-വാഹനങ്ങൾ

ചാർജ് ചെയ്യുന്ന ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളിൽനിന്നും ചാർജ് ചെയ്യുന്ന ഇലക്ട്രിസിറ്റി യൂണിറ്റിന് ആനുപാതികമായി വരുമാനം ലഭിക്കുന്നതാണ്. കൂടാതെ ഹോട്ടൽ, Mall, Restaurant എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന DC ഫാസ്റ്റ് ചാർജിങ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25 ശതമാനം സംസ്ഥാന സർക്കാർ സബ്സിഡി നൽകിവരുന്നു.

(ബി) മൊബൈൽ ആപ്പുകളുടെയും ഇ-വാലറ്റുകളുടെയും സഹായമില്ലാതെ ചാർജിങ് സാധ്യമാകുന്ന ഏകീകൃത ചാർജിങ് സംവിധാനം സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

മൊബൈൽ ആപ്പുകളുടെയും ഇ-വാലറ്റുകളുടെയും സഹായമില്ലാതെ ചാർജിങ് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ആധുനിക സംവിധാനം നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും പരിശോധിച്ചുവരുന്നു. മൊബൈൽ ആപ്പുകളുടെയും ഇ-വാലറ്റുകളുടെയും സഹായമില്ലാതെ ചാർജിങ് സാധ്യമാകുന്ന മെഷീനുകൾ നിലവിൽ ലഭ്യമല്ല. ഇത്തരം മെഷീനുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ രീതിയിലുള്ള ചാർജിങ് മെഷീൻ സ്ഥാപിക്കാവുന്നതാണ്. കൂടാതെ, സംസ്ഥാന സർക്കാരിനുവേണ്ടി

അനെർട്ട് വികസിപ്പിച്ച "EZ4EV" എന്ന മൊബൈൽ ആപ്ലിക്കേഷൻ സ്വകാര്യ സംരംഭകർക്കും സഹകരണ മേഖലയിലെ സ്ഥാപനങ്ങൾക്കും സൗജന്യമായി നൽകുന്ന പദ്ധതി അനെർട്ട് ആവിഷ്കരിച്ചുവരുന്നു. "EZ4EV" മൊബൈൽ ആപ്ലിക്കേഷനുവേണ്ടി Payment gateway charge, Annual maintenance charge, Service charge എന്നിവ ഒന്നുംതന്നെ ഈടാക്കുന്നതല്ല.

(സി) അത്യാധുനിക ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സന്നദ്ധരായ സഹകരണ മേഖലയിലെയും സ്വകാര്യ മേഖലയിലെയും സംരംഭകർക്ക് ആവശ്യമായ പിന്തുണ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.:- EV ചാർജിങ് സ്റ്റേഷനുകളിൽ സുഗമമായ ചാർജിങിനും വിശ്രമത്തിനും ഒരുപോലെ അവസരം ഒരുക്കുന്നതിനായി 'റിഫ്രഷ് ആൻഡ് റീചാർജ്' പദ്ധതി പൊതുസ്വകാര്യ പങ്കാളിത്തത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ 63 സ്റ്റേഷനുകളിലായിരിക്കും പദ്ധതി നടപ്പിലാക്കുക. ഇതിനായി സ്വകാര്യമേഖലയിലുള്ള സംരംഭകർക്ക്

ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുന്നതായിരിക്കും. കൂടാതെ, അത്യാധുനിക ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി സംരംഭകർക്ക് സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി EV ആക്സിലറേറ്റർ സെല്ലിന്റെ പ്രവർത്തനം കെ.എസ്.ഇ.ബി.എൽ.-ൽ കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ അനുമതിയോടെ തുടങ്ങിയിട്ടുണ്ട്.

അനെർട്ട്:- അത്യാധുനിക ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സന്നദ്ധരായ സഹകരണ മേഖലയിലെയും സ്വകാര്യ മേഖലയിലെയും സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകിവരുന്നു. കഴിഞ്ഞ കാലങ്ങളിൽ ഇ-കാർ ചാർജ് ചെയ്യുന്നതിന് ഉപയോഗിച്ചുവരുന്ന 30 KW DC ഫാസ്റ്റ് ചാർജിങ് മെഷിനുകൾക്കുപകരമായി 60 KW, 100 KW, 120 KW ശേഷിയുള്ള ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനുള്ള സാങ്കേതിക സഹായം അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി നൽകിവരുന്നു. 2021-23 കാലഘട്ടത്തിലെ വിപണിയിലെ ഇ-കാറുകളുടെ ബാറ്ററിശേഷി 16KWh മുതൽ 30KWh വരെയായിരുന്നു. ഇത്തരം ഇ-കാറുകൾക്ക് 30KW ഫാസ്റ്റ് ചാർജറുകൾ ഉപയോഗിച്ചാൽ

മതിയായിരുന്നു. എന്നാൽ 2024-25 മുതൽ പുറത്തിറങ്ങുന്ന പുതിയ ഇ-കാറുകളുടെ ബാറ്ററിശേഷി 40KWh മുതൽ 80KWh വരെയാണ്. ആയതിനാൽ കുറഞ്ഞത് 60KW-80KW ശേഷിയുള്ള DC ഫാസ്റ്റ് ചാർജറുകൾ ആവശ്യമാണ്. കൂടാതെ, പുതുതായി വിപണിയിൽ ഇറങ്ങാൻ പോകുന്ന ഇ-ഓട്ടോകൾക്കും ഇ-സ്കൂട്ടറുകൾക്കും LEVDC (IS 17017-2-6) OR LECCS (IS 17017-2-7) എന്നീ ചാർജിങ് സ്റ്റാൻഡേർഡുകളാണ് ഉപയോഗിക്കുന്നത്. ആയതിനാൽ ഇത്തരം 12 KW ശേഷിയുള്ള dual gun ഉള്ള ചാർജിങ് മെഷീനുകൾ നിലവിലെ പബ്ലിക് ചാർജിങ് സ്റ്റേഷനുകളിൽ സ്ഥാപിക്കേണ്ടതായുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി

22 (*52) ശ്രീ. കെ. ആൻസലൻ:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. എം. നൗഷാദ്:

ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ

പ്രവർത്തനമാരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 2024 ഡിസംബർ 3-ന് ആരംഭിച്ചു. പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തങ്ങൾ വിലയിരുത്തി കരാറിൽ നിഷ്കർഷിച്ചിട്ടുള്ള ടെസ്റ്റുകൾ നടത്തി തുറമുഖം പ്രവർത്തനത്തിന് സജ്ജമാണെന്ന് സാക്ഷ്യപ്പെടുത്തി പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് തുറമുഖം വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഒന്നാംഘട്ട നിർമ്മാണ പ്രവർത്തങ്ങൾ പൂർണ്ണമായി പൂർത്തീകരിക്കാത്തതിനാലാണ് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകിയത്. പൂർത്തീകരിക്കാൻ ബാക്കിയുള്ള ഏതാനും പ്രവൃത്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലിസ്റ്റ് (Punch List) തയ്യാറാക്കിയിട്ടുണ്ട്. Punch

List-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ മാർച്ച് 2025-നുമുമ്പ് പൂർത്തീകരിക്കുമെന്നാണ് വ്യവസ്ഥ. ടി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. അവ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ 'Completion Certificate' നൽകാൻ സാധിക്കും.

(ബി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ആർബിട്രേഷൻ നടപടികൾ പൂർത്തിയായിട്ടുള്ള പശ്ചാത്തലത്തിൽ കൺസെഷണറുമായി സപ്ലിമെന്ററി കരാർ ഒപ്പുവച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവർഷം പൂർത്തീകരിക്കാമെന്നാണ് ധാരണയായിട്ടുള്ളത്; വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിലെ കാലതാമസവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (AVPPL) നിലനിന്നിരുന്ന ആർബിട്രേഷൻ നടപടികളിൽ നിന്നും ഇരുകക്ഷികളും പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ പിന്മാറുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 23-02-2024-ന് ഇരുകക്ഷികളും ഒരു Settlement Agreement-ൽ ഏർപ്പെടുകയും തുടർന്ന്

പരസ്പര ധാരണയായ കാര്യങ്ങളിലെ നിബന്ധനകളും വ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സപ്ലിമെന്ററി കൺസെഷൻ കരാർ 28-11-2024-ന് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. സപ്ലിമെന്ററി കൺസെഷൻ കരാർപ്രകാരം ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടിയിരുന്ന കാലയളവ് 5 വർഷംകൂടി നീട്ടിനൽകിയിട്ടുണ്ട്. അതായത് 2024 ഡിസംബർ 3 വരെ. കൂടാതെ, തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2028 ഡിസംബർ 31-നുമുമ്പ് പൂർത്തീകരിക്കണമെന്നും ധാരണയായിട്ടുണ്ട്.

(സി) പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; റെയിൽപാത നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കൺസെഷൻ എഗ്രിമെന്റുപ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ടത് 2022 മെയ് മാസത്തിലായിരുന്നു. ഇതിന്റെ

ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണ്. AVPPL-മായുള്ള പുതിയ സെറ്റിൽമെന്റ് കരാർപ്രകാരം റെയിൽപാത സ്ഥാപിക്കേണ്ട അവസാന തീയതി ഇപ്പോൾ ഡിസംബർ 2028 ആക്കി ദീർഘിപ്പിച്ചിട്ടുണ്ട്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR പ്രകാരം 10.7 കി.മീ. ദൈർഘ്യമുള്ള ഒരു റെയിൽപാതയാണ് വിഭാവന ചെയ്തിട്ടുള്ളത്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ടി പാതയുടെ 9.02 കി.മീ. ദൂരവും ടണലിലൂടെയാണ് കടന്നുപോകുന്നത്. റെയിൽ കണക്റ്റിവിറ്റി സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി സർക്കാർ വിലയിരുത്തുന്നുണ്ട്. ബാലരാമപുരം, പള്ളിച്ചൽ, അതിയന്നൂർ വില്ലേജുകളിൽപ്പെട്ട 4.697 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ അന്തിമഘട്ടത്തിലാണ്. വിഴിഞ്ഞം വില്ലേജിൽപ്പെട്ട 0.829 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നത് പുരോഗമിച്ചുവരുന്നു. 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ 1482.92 കോടി രൂപയാണ് റെയിൽപാതയ്ക്കായുള്ള ആകെ പദ്ധതി ചെലവായി കണക്കാക്കിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR-

ന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം 2022 മാർച്ചിൽ ലഭിച്ചു. കൂടാതെ, പദ്ധതിക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭ്യമായിട്ടുണ്ട്. ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളായ പ്രധാൻമന്ത്രി ഗതിശക്തി, Scheme for Special Assistance to States for Capital Investment, സാഗർമാല, റെയിൽ സാഗർ തുടങ്ങിയവയിലൂടെ റെയിൽ കണക്ടിവിറ്റി പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ ഗേറ്റ് വേ കണ്ടെയ്നർ ട്രാഫിക്കിന്റെ സാധ്യത കണക്കിലെടുത്ത് ഒരു കണ്ടെയ്നർ റെയിൽ ടെർമിനൽ (CRT) തിരുവനന്തപുരത്ത് വിഴിഞ്ഞത്തോടടുത്ത് നിലവിലെ ഏതെങ്കിലും റെയിൽവേ സ്റ്റേഷനോട് ചേർന്ന് ഉടൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച ചർച്ചകൾ ദക്ഷിണ റെയിൽവെയുമായി ഇപ്പോൾ നടന്നുവരുന്നു. റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതുവരെ CRT മുഖാന്തരം റെയിൽ ചരക്കുനീക്കം ഇതുവഴി സാധ്യമാകുന്നതാണ്.

വൈദ്യുതിയുടെ കേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം

23 (*53) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഗാർഹിക സോളാർ പ്ലാന്റുകളിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ കേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പുനരുപയോഗ ഊർജ സ്രോതസ്സുകളിൽനിന്നുള്ള ഉൽപാദനം വർധിക്കുന്നതിനനുസരിച്ച് പീക്ക്, ഓഫ് പീക്ക് സമയങ്ങളിലെ ഡിമാൻഡ് അന്തരവും നിരക്ക് വ്യത്യാസവും നിയന്ത്രിച്ച് ഗ്രിഡ് മാനേജ്മെന്റിന്, എനർജി സ്റ്റോറേജ് സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണ്. സ്റ്റോറേജ് സംവിധാനങ്ങൾ ഏർപ്പെടുത്തുക വഴി പകൽ സമയത്ത് ലഭ്യമാകുന്ന ഗാർഹിക സോളാർ ഉൾപ്പെടെയുള്ള സൗരോർജ വൈദ്യുതി സംഭരിച്ച് വൈദ്യുതി ആവശ്യകത കൂടുതലായ പീക്ക് സമയത്ത് ഉപയോഗിക്കുവാൻ

കഴിയും.

(ബി) സംസ്ഥാനത്ത് ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സംസ്ഥാനത്ത് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും 1000 MWh ആകെ ശേഷിവരുന്ന നിലയങ്ങൾ സ്ഥാപിക്കുന്നതിന് ടെൻഡർ കെ.എസ്.ഇ.ബി.എൽ. ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരത്തിൽ കേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിൽ വൈദ്യുതി ബോർഡിനും ഉപഭോക്താക്കൾക്കുമുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നത് പ്രധാനമായും പീക്ക് സമയത്ത് വൈദ്യുതി വാങ്ങുന്നതുമൂലമുള്ള സാമ്പത്തിക ബാധ്യത കുറക്കുന്നതിനാണ്. പകൽ സമയങ്ങളിൽ മിച്ച വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാണ്. ഈ കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിൽ സംഭരിച്ച് പീക്ക് സമയത്ത് ഉപയോഗിക്കാനാകും.

പദ്ധതിയുടെ ഗുണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കാം.

2. പീക്ക് സമയത്ത് ആഭ്യന്തര ഊർജ സ്രോതസ്സുകളെ കൂടുതൽ കാര്യക്ഷമമായി നിയന്ത്രിച്ച് കൈകാര്യം ചെയ്യുക വഴി സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കും.

3. അന്തർസംസ്ഥാന പ്രസരണ ചാർജ്ജുകൾ ഒഴിവാക്കാൻ സാധിക്കും.

4. സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി ലഭ്യതയിലെ നിയന്ത്രണങ്ങൾ, പ്രസരണ സംവിധാനങ്ങളുടെ അപര്യാപ്തത തുടങ്ങിയ പ്രശ്നങ്ങൾ ബാധിക്കില്ല.

ഇത്തരത്തിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിലകൂടിയ വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ് കുറയുമ്പോൾ അതിന്റെ നേട്ടം ഉപഭോക്താക്കൾക്ക് ലഭിക്കും.

മണിയാർ പദ്ധതി കരാർ കാലാവധി

24 (*54) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ കാലാവധി നീട്ടാൻ കമ്പനി സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) കരാറിന്റെ കാലാവധി നീട്ടാൻ കമ്പനി നൽകിയ കത്തിൽ എന്തൊക്കെ കാരണങ്ങളാണ് സൂചിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനിയുമായുള്ള കരാർ നീട്ടിനൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ-സി) മണിയാറിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡും കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ കാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി സംസ്ഥാന സർക്കാരിന് 11-10-2021-ൽ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ 2018-ലെ പ്രളയംമൂലം ജലവൈദ്യുതി

പദ്ധതിക്ക് നാശനഷ്ടമുണ്ടായതിനാൽ ഗണ്യമായ നിക്ഷേപം നടത്തിയെന്നും ഇതുമൂലം കമ്പനിക്കുണ്ടായ നഷ്ടം നികത്തുന്നതിനും വ്യവസായം വിപുലീകരിക്കുന്നതിനുമായി കരാർ കാലാവധി ഇരുപത്തിയഞ്ച് വർഷത്തേക്കുകൂടി ദീർഘിപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. കരാർ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങളുൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കെ.എസ്.ഇ.ബി.എൽ.-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

വൈദ്യുതി വിതരണരംഗത്തിന്റെ ആധുനികവൽക്കരണം

25 (*55) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലെ വൈദ്യുതി വിതരണരംഗം ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനും ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. വൈദ്യുതി വിതരണ മേഖല ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ദ്യുതി 2-ഉം Revamped Distribution Sector Scheme (RDSS)-ഉം ആണ്. ഇതുകൂടാതെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിതരണ ശൃംഖലയുടെ വികസനത്തിനായി ആരംഭിച്ച ദ്യുതി 1-ൽ ഉൾപ്പെട്ട പ്രവൃത്തികളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകൾ, ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ, മറ്റു

കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ RDSS, ദ്യുതി 2.0 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണ രംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന പദ്ധതിയാണ് ദ്യുതി 2.0. ദ്യുതി 2.0-ൽ 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ മലപ്പുറം (411 കോടി), കാസർഗോഡ് (394 കോടി), ഇടുക്കി (218 കോടി) ജില്ലകളിലെ വിതരണ മേഖലയുടെ വികസനത്തിനായി ആകെ 1023 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജും കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 മുതൽ ~~24-25~~ ഡിസംബർ 2024 വരെ ദ്യുതി 1, ദ്യുതി 2 എന്നിവയിലുൾപ്പെടുത്തി വിതരണമേഖലയിൽ പ്രധാനമായും 5549 കി.മീ. 11 കെ.വി. ലൈനും 14902 കി.മീ. low tension ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷൻ

ഉൾപ്പെടെ 8704 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 42644 കി.മീ. എൽ.ടി. ലൈനും 2131 കി.മീ. 11 കെ.വി. overhead ലൈനും റീ-കണ്ടക്ടറിങ് നടത്തുകയും 5044 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ആദ്യ 100 ദിനപരിപാടിയുമായി ബന്ധപ്പെട്ട് ദ്യുതി പദ്ധതിയിലുൾപ്പെട്ട 175 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും 191.84 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം 100 ദിന പരിപാടിയിൽ 250 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും 300 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദ്യുതി 1 പദ്ധതിയിൽമാത്രം 850 കോടി രൂപയുടെ പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കി. 2022-23 മുതൽ ജനുവരി വരെ 1542 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി തടസ്സത്തിന്റെ സമയദൈർഘ്യം കുറയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മനസിലാക്കിക്കൊണ്ട് "Communicable Fault Pass Detector" എന്ന നൂതന

സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർത്തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ സംവിധാനം വഴി തകരാർ സംഭവിച്ച സ്ഥലം പെട്ടെന്ന് തിരിച്ചറിയുകയും പരിഹാരം പെട്ടെന്ന് സാധ്യമാകുകയും ചെയ്യുന്നു.

വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ ഘട്ടംഘട്ടമായി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി 2021-22 മുതൽ 24-25 കാലയളവിലായി 217 ലക്ഷം സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി കേന്ദ്ര ഊർജ മന്ത്രാലയത്തിന് മുമ്പാകെ സമർപ്പിച്ച 2,880 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. ഭൂഗർഭ കേബിളുകൾ, എ.ബി.സി.

കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് RDSS പദ്ധതിയിൽ മുൻഗണന നൽകുന്നു. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ, കൊല്ലം, കണ്ണൂർ എന്നീ സ്ഥലങ്ങളിലേക്ക് SCADA, റിങ് മെയിൻ സംവിധാനം വ്യാപിപ്പിക്കുന്ന പ്രവൃത്തികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ഉപഭോക്താക്കൾ പരാതികൾ രജിസ്റ്റർ ചെയ്യുന്ന കസ്റ്റമർ കെയർ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി അതിന്റെ സോഫ്റ്റ്വെയർ കൂടുതൽ മികവുള്ളതാക്കാനുള്ള ജോലികളും ഇതിന്റെ ഭാഗമായുണ്ട്. കേന്ദ്രസർക്കാർ, എല്ലാ ഉപഭോക്താക്കൾക്കും നിലവിലുള്ള ഇലക്ട്രിസിറ്റി മീറ്റർ മാറ്റി സ്ഥാപിച്ച്, പ്രീ-പേയ്മെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദേശം നൽകിയിരുന്നു. Revamped Distribution Sector പദ്ധതിയുടെ ഭാഗമായി ആദ്യഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയിൽ ഫീഡർ/ബോർഡർ മീറ്ററുകൾ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ, സർക്കാർ ഉപഭോക്താക്കൾ, എച്ച്.ടി. ഉപഭോക്താക്കൾ എന്നിവർക്കായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി.എൽ. ഫണ്ടുപയോഗിച്ച് CAPEX

അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് ടെൻഡർ ക്ഷണിക്കുകയും വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വിതരണ രംഗത്ത് മികച്ച ഉപഭോക്തൃ സേവനം ഉറപ്പുവരുത്തുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ബി) വൈദ്യുതി വിതരണമേഖലയിലെ സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയപരിപാടികൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ?

കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്രസർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്റ്റംബർ മാസം പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees, 30-06-2023-ന് പുറപ്പെടുവിച്ച ഇലക്ട്രിസിറ്റി (അമെൻഡ്മെന്റ്) റൂൾസ് 2023 എന്നിവയും വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിന് സഹായകരമായ നിലപാടുകൾ ഉൾപ്പെടുന്നവയാണ്. കേന്ദ്ര വൈദ്യുതി നിയമം 2003

വരുന്നതിനുമുമ്പ് നിലനിന്നിരുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് ലഭിച്ചിരുന്നവർക്ക് Deemed ലൈസൻസിയായി തുടരാമെന്ന് കേന്ദ്ര നിയമം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി റൂൾസ് 2005-ൽ ഭേദഗതി വരുത്തി കേന്ദ്ര മന്ത്രാലയം 30-06-2023-ന് പുറപ്പെടുവിച്ച ഇലക്ട്രിസിറ്റി (അമെന്റ്മെന്റ്) റൂൾസ് 2023 പ്രകാരം ലൈസൻസിങ് കാലയളവ് ആക്റ്റ് നടപ്പിലാക്കിയ തീയതി മുതൽ 25 വർഷം പരിധി നിശ്ചയിച്ചിരിക്കുന്നു. ഈ ഭേദഗതി നടപ്പാക്കിയതോടുകൂടി കെ.എസ്.ഇ.ബി.-യുടെ ലൈസൻസിങ് കാലാവധി 2028-ന് അവസാനിക്കും. കാലാവധിക്കുശേഷം ലൈസൻസ് പുതുക്കി നൽകുവാൻ റെഗുലേറ്ററി കമ്മീഷനെ സമീപിക്കേണ്ടതുണ്ട്. ഇത് ഭാവിയിൽ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.എൽ.-ന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും തടസ്സമായേക്കാം. 2022 ഓഗസ്റ്റ് മാസം പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട കരട് വൈദ്യുതി നിയമ ഭേദഗതി ബില്ലിൽ 1 സംസ്ഥാന താൽപര്യത്തെ പ്രതികൂലമായി ബാധിക്കുന്ന പല നിർദേശങ്ങളും ഉണ്ടായിരുന്നു. ഇതുസംബന്ധിച്ച സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര

സർക്കാരിനെ അറിയിച്ചിരുന്നു. പിന്നീട് കേന്ദ്ര സർക്കാർ പ്രസ്തുത ബിൽ വിശദമായ പരിശോധനക്കായി ഊർജ സ്റ്റാൻഡിങ് കമ്മിറ്റിക്ക് കൈമാറിയിരുന്നു. തുടർന്ന് ഇത് പാസ്സാക്കുന്നതിനെക്കുറിച്ചോ നടപ്പാക്കുന്നതിനെക്കുറിച്ചോ ഔദ്യോഗിക വിശദീകരണങ്ങൾ ഉണ്ടായിട്ടില്ല.

പ്രസ്തുത കരട് നിർദേശങ്ങൾപ്രകാരം ശൃംഖലാ വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വത്തിൽനിന്നും വിതരണ കമ്പനികളെ വിടുതൽ ചെയ്യുകയും വലിയ മുതൽമുടക്കില്ലാതെ സ്വകാര്യ മേഖലയുടെ കടന്നുവരവ് എളുപ്പമാക്കുകയും ചെയ്യുന്നവയുമായിരുന്നു. കൂടാതെ, നഗരപ്രദേശങ്ങളിലും വലിയ പട്ടണങ്ങളിലുമുള്ള വൻകിട ഉപഭോക്താക്കളെ തിരഞ്ഞുപിടിച്ച് അവർക്കുമാത്രമായി പ്രത്യേക പാക്കേജുകളുമായി മുന്നോട്ടുവരാൻ സ്വകാര്യ വിതരണ കമ്പനികൾക്ക് സാധിക്കും. നഗരപ്രദേശങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന കമ്പനികൾ കൂടുതൽ ഇളവുകൾ നൽകുന്ന സാഹചര്യത്തിൽ ഗ്രാമപ്രദേശങ്ങളിൽകൂടി വിതരണം നടത്തുന്ന പൊതുമേഖലാ കമ്പനികളിൽനിന്നും ഉപഭോക്താക്കൾ വിട്ടുപോകാനും ഇടയാക്കിയേക്കാം. കരട് നിർദേശങ്ങൾപ്രകാരം റഗുലേറ്ററി കമ്മീഷനുകൾ

നിശ്ചിത സമയത്തിനുള്ളിൽ ഒരു അപേക്ഷകന് ലൈസൻസ് നൽകുന്നതിൽ കാലതാമസം വരികയോ അല്ലെങ്കിൽ അപേക്ഷ നിരസിക്കുകയോ ചെയ്താലും അപേക്ഷകന് ലൈസൻസ് അനുവദിച്ചതായി കണക്കാക്കുമെന്നാണ് പറയുന്നത്. ഇതും കേന്ദ്ര വൈദ്യുതി നിയമം 2003-ൽ നിഷ്കർഷിക്കുന്നതിന് വിരുദ്ധമാണ്. കൂടാതെ നിലവിലെ താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്കുവയ്ക്കേണ്ടിവരും. അതേസമയം ഹരിതോർജശേഷി വർധിപ്പിക്കുകയെന്ന സംസ്ഥാന താൽപര്യം മുൻനിർത്തി നിലവിൽ നിർമ്മാണത്തിൽ ഇരിക്കുന്നതോ പുതുതായി ഏറ്റെടുക്കുന്നതോ ആയ നിലയങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കൂടുതലായിരിക്കുമെങ്കിലും ആയത് ഭാവിയിൽ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ കമ്പനികളുടെ മാത്രം ബാധ്യതയായിവരാം. ഇത് കെ.എസ്.ഇ.ബി.എൽ.-ന്റെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് ഗണ്യമായി വർധിപ്പിക്കുന്നതിലേക്ക് നയിക്കാം.

2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft

പ്രകാരം പൊതുമേഖലയിൽ നിലനിൽക്കുന്ന വിതരണ ലൈസൻസികളുടെ ഭൂമി ഒഴികെയുള്ള ആസ്തികൾ സംസ്ഥാന റെഗുലേറ്ററി കമ്മിഷൻ നിശ്ചയിക്കുന്ന നിരക്കിൽ പുതുതായി വരുന്ന സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും തങ്ങളുടെ കൈവശമുള്ള ഭൂമി സ്വകാര്യ ലൈസൻസിയുടെ ഉപയോഗത്തിനായി തുച്ഛമായ നിരക്കിൽ വിട്ടുനൽകണമെന്നും നിഷ്കർഷിച്ചിരുന്നു. നിലവിലെ വിതരണ കമ്പനിയുടെ ജീവനക്കാരെ സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും അതേസമയം ഇത്തരത്തിൽ കൈമാറുന്ന ജീവനക്കാരുടെ നാളിതുവരെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അതത് സർക്കാരുകൾത്തന്നെ വഹിക്കണമെന്നും കരടുരേഖ വിഭാവന ചെയ്തു. ഇതിനുപുറമേ നിലവിലുള്ളതും എന്നാൽ സാമ്പത്തികമായി ലാഭമുള്ളതുമായ വൈദ്യുതി വാങ്ങൽ കരാറുകളും സ്വകാര്യ ലൈസൻസികൾക്ക് കൈമാറേണ്ടി വരുന്ന സ്ഥിതിവരും. മേൽസൂചിപ്പിച്ചവയെല്ലാം പൊതുമേഖലയെ ക്ഷീണിപ്പിക്കുന്ന നിർദേശമായി വ്യാഖ്യാനിക്കാം.

(സി) അന്തർസംസ്ഥാന വൈദ്യുതി പ്രസരണ ലൈനുകളുടെ

നിർമ്മാണവും പരിപാലനവും കേന്ദ്ര സർക്കാർ സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ സംസ്ഥാനത്തിന് വൈദ്യുതി വാങ്ങുന്ന ഇനത്തിൽ അധിക ചെലവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നിലവിൽ അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ നിർമ്മിച്ച് പരിപാലിക്കുന്നത് പൊതുമേഖലാ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷനും മറ്റു സ്വകാര്യ കമ്പനികളും കൂടിയാണ്. രാജ്യത്തെ വൈദ്യുതി പ്രസരണ വിഭാഗം മത്സരാധിഷ്ഠിതമാക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 63 അനുസരിച്ചും 2006-ലെ കേന്ദ്ര താരിഫ് പോളിസി പ്രകാരവും കേന്ദ്ര ഊർജ മന്ത്രാലയം രാജ്യത്തെ പ്രസരണ രംഗത്തിൽ മത്സരം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഇതനുസരിച്ച് രാജ്യത്തെ എല്ലാ പ്രസരണ ലൈനിന്റെ നിർമ്മാണവും പരിപാലനവും മത്സരാധിഷ്ഠിത ടെൻഡർ മുഖേനയാണ് അനുവദിച്ചുവരുന്നത്. പ്രസരണ മേഖലയിൽ ഓരോ പുതിയ പദ്ധതിയും പൂർത്തിയാകുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ. ഉൾപ്പെടെയുള്ള യൂട്ടിലിറ്റികൾ ടി പദ്ധതിയിലൂടെ കൊണ്ടുവരുന്ന വൈദ്യുതിക്ക് ആനുപാതികമായി ചെലവ്

വഹിക്കേണ്ടതിനാൽ പ്രസരണ ചെലവിൽ (Transmission charge) വർധനവുണ്ടാകുന്നുണ്ട്. നിലവിൽ സംസ്ഥാനത്തേക്കുള്ള പ്രസരണ ലൈനുകൾ പവർ ഗ്രിഡ് കോർപറേഷന്റെ കീഴിലുള്ള സെൻട്രൽ ലൈനുകളും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ലൈനുകളുമാണ്. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന 400 കെ.വി ഉഡുപ്പി-കാസർഗോഡ് ലൈനും കരിന്തളം 400 കെ.വി സബ്സ്റ്റേഷനും നിർമ്മിക്കുന്നത് കേന്ദ്ര ഊർജ വകുപ്പിന്റെ ഭാഗമായ ആർ.ഇ.സി. ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് ടി.ബി.സി.ബി. (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ്.

(ഡി) വൈദ്യുതി ഉൽപാദനത്തിന് ഇറക്കുമതി ചെയ്ത നിശ്ചിത ശതമാനം കൽക്കരി ഉപയോഗിക്കണമെന്ന കേന്ദ്ര നിർദേശം സംസ്ഥാനത്തിന്റെ വൈദ്യുതി വാങ്ങൽ ചെലവ് എത്രമാത്രം വർധിപ്പിച്ചുവെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 2022-ൽ വൈദ്യുതി ആവശ്യകതയിൽവന്ന ഗണ്യമായ വർധനവ്

ആഭ്യന്തര കൽക്കരി ശേഖരത്തെ അപകടമാംവിധം ബാധിക്കുകയും ഇത് താപവൈദ്യുതി ഉൽപാദന നിലയങ്ങളെ പ്രതിസന്ധിയിലാക്കുകയും ചെയ്തു. അധിക വൈദ്യുതി ആവശ്യകതയ്ക്കനുസരിച്ച് ഉൽപാദനം നടത്തുന്നതിനുള്ള കൽക്കരി ആഭ്യന്തരമായി ലഭ്യമാകാത്തതിനാൽ അത് മറികടക്കാനായി കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി ആഭ്യന്തര കൽക്കരിയുമായി ചേർത്ത് (blending) ഉപയോഗിക്കാൻ ഉൽപാദകർക്ക് അനുമതി ലഭിച്ചിരുന്നു. COAL BLENDING-ന് മുമ്പുള്ള 2021-22-ലെ കേന്ദ്ര നിലയങ്ങളിലെയും DVC നിലയങ്ങളിലെയും ശരാശരി എനർജി ചാർജ് യൂണിറ്റ് ഒന്നിന് 2.97 രൂപയായിരുന്നു. എന്നാൽ COAL BLENDING ആരംഭിച്ചത് മുതലുള്ള 2022-23, 2023-24 വർഷങ്ങളിൽ ശരാശരി എനർജി ചാർജ് യൂണിറ്റ് ഒന്നിന് യഥാക്രമം 3.78 രൂപയായും 3.73 രൂപയായും വർധിച്ചിട്ടുണ്ട്. എനർജി ചാർജ് നിർണയിക്കുന്ന വിവിധ ഘടകങ്ങളിൽ coal blending ഉൾപ്പെടുന്നുണ്ട്. കൂടാതെ, കെ.എസ്.ഇ.ബി.എൽ. ദീർഘകാല കരാറിലേർപ്പെട്ടിട്ടുള്ള സ്വകാര്യ നിലയങ്ങളിൽനിന്നും ഇപ്രകാരം ഉൽപാദിപ്പിച്ച വൈദ്യുതി വാങ്ങിയ

വകയിൽ ഏകദേശം 118 കോടി രൂപ അധികമായി ചെലവായിട്ടുണ്ട്.

വൈദ്യുതി നിരക്ക് വർധനവ്

26 (*56) ശ്രീ. അൻവർ സാദത്ത്:
ശ്രീമതി ഉമ തോമസ്:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഏതൊക്കെ വർഷങ്ങളിലാണ് വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 05-2-2024-ലെ ഉത്തരവുപ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് 2024-25, 2025-26 എന്നീ വർഷങ്ങളിൽ വർധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള സർക്കാരിന്റെ കാലത്ത് 2022, 2023, 2024 എന്നീ വർഷങ്ങളിൽ വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുണ്ട്.

(ബി) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡ് കുറഞ്ഞ നിരക്കിൽ ഏർപ്പെട്ടിരുന്ന ദീർഘകാല കരാറുകൾ റദ്ദാക്കി ഉയർന്ന നിരക്കിൽ ഹ്രസ്വകാല കരാറുകളിലേർപ്പെട്ടതും കരാർ കാലാവധി കഴിഞ്ഞിട്ടും സ്വകാര്യ കമ്പനികളിൽനിന്നും വൈദ്യുത പദ്ധതികൾ ഏറ്റെടുക്കാത്തതും അടക്കമുള്ള വീഴ്ചകളാണ് വൈദ്യുതി ചാർജ് വർധനവിലേക്ക് നയിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. എന്നാൽ ദീർഘകാല കരാർ റദ്ദാക്കൽ, സ്വകാര്യ കമ്പനികളിൽ നിന്നും വൈദ്യുത പദ്ധതികൾ ഏറ്റെടുക്കാത്തത് എന്നീ കാര്യങ്ങളൊന്നും നിലവിലുള്ള വൈദ്യുതി നിരക്ക് വർധനവുമായി ബന്ധമില്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ 25-06-2022-ൽ പുറപ്പെടുവിച്ച ARR & ERC (Aggregate Revenue Requirement & Expected Revenue from Charges) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 വർഷത്തേക്ക് (2022-23 മുതൽ 2026-27 വരെ) നിർണയിക്കപ്പെട്ടിട്ടുള്ള റവന്യൂ ഗ്യാപ്പിന്റെ അടിസ്ഥാനത്തിലാണ് 2026-27 വരെയുള്ള താരിഫ്, കേരള സംസ്ഥാന

വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ നിശ്ചയിച്ചിട്ടുള്ളത്.

(സി) വിലക്കയറ്റവും നികുതി വർധനവുംമൂലം വീർപ്പുമുട്ടുന്ന ജനങ്ങളെ വൈദ്യുതി നിരക്ക് വർധനവ് എപ്രകാരമാണ് ബാധിക്കുന്നതെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

01-11-2023 മുതൽ 30-11-2024 വരെയുള്ള കാലയളവിൽ നാണയപെരുപ്പം 5.41 ശതമാനമാണെന്നിരിക്കെ, വൈദ്യുതി ചാർജിൽ 2024-25-ൽ 2.39 ശതമാനം വർധനവും 2025-26-ൽ 1.75 ശതമാനം വർധനവുമാണ് കേരള സംസ്ഥാന വൈദ്യുതി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. 2026-27-ലാകട്ടെ വർധനവൊന്നുംതന്നെ വരുത്തിയിട്ടില്ല. ഗാർഹിക ഉപഭോക്താക്കൾക്കും വ്യാവസായിക ഉപഭോക്താക്കൾക്കും നാമമാത്രമായ വർധനവാണ് വരുത്തിയിട്ടുള്ളത്. ആകെയുള്ള ഗാർഹിക ഉപഭോക്താക്കളിൽ 25 ശതമാനം പേരും പ്രതിമാസം 50 യൂണിറ്റിന് താഴെ ഉപഭോഗമുള്ളവരാണ് (ഏകദേശം 26 ലക്ഷം). ഇവരുടെ വൈദ്യുതി ചാർജിലുള്ള പ്രതിമാസ വർധനവ് കേവലം 7 രൂപ മാത്രമാണ്. അതായത്, പ്രതിദിന വർധനവ് 25 പൈസയിൽ താഴെ

മാത്രമാണ്. അതുപോലെതന്നെ പ്രതിമാസ ഉപഭോഗം 250 യൂണിറ്റിൽ കൂടുതലുള്ള ഗാർഹിക ഉപഭോക്താക്കൾക്കും 20 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും പകൽസമയത്തെ വൈദ്യുതി ചാർജിൽ 10 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ എന്നിവയുടെ നിരക്കിൽ വർധനവൊന്നുംതന്നെ വരുത്തിയിട്ടില്ല. മുകളിൽ സൂചിപ്പിച്ച നാമമാത്രമായ വർധനവിന്റെ അധികഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഗാർഹിക-കാർഷിക ഉപഭോക്താക്കൾക്ക് സർക്കാർ നൽകിവരുന്ന സബ്സിഡി ആനുകൂല്യങ്ങൾ അതേപടി തുടർന്നുവരുന്നുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കാത്തതും എന്നാൽ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ സുസ്ഥിരമായ നിലനിൽപ്പിന് ആവശ്യമായ താരിഫ് പരിഷ്കരണം മാത്രമാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ച് നൽകിയിട്ടുള്ളത്.

ക്ഷേമപെൻഷൻ കുടിശ്ശിക

27 (*57) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മാസത്തെ സാമൂഹ്യ ക്ഷേമപെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്; വിശദമാക്കുമോ?

2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മുതൽ മുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിവരുന്നു. "പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക, ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ രണ്ട് ഗഡുക്കളും 2025-26-ൽ മൂന്ന് ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു" എന്ന് പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം പ്രസ്താവിച്ചിരുന്നു. ആയതുപ്രകാരം ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിലും

2025 ജനുവരി മാസത്തിലും ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഓരോ ഗഡു കൂടിശ്ശികയും അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്. നിലവിൽ മൂന്ന് മാസത്തെ പെൻഷനാണ് കൂടിശ്ശികയായി അനുവദിക്കുവാനുള്ളത്. മുഖ്യമന്ത്രിയുടെ ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ടി കൂടിശ്ശിക അടുത്ത സാമ്പത്തിക വർഷത്തിൽത്തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(ബി) ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ അനുപാതം, ലഭിച്ച തുക എന്നിവ വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വിധവാ പെൻഷൻ എന്നീ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. എൻ.എസ്.എ.പി. മാർഗനിർദേശങ്ങൾ പ്രകാരമുള്ള കേന്ദ്ര

വിഹിതം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്രവിഹിതമായി 131.23 കോടി രൂപ ലഭ്യമായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ 158,70,16,472/- രൂപയും 2024-25 സാമ്പത്തിക വർഷത്തിലെ (1st quarter) 10,51,53,627/- രൂപയും ഉൾപ്പെടെ ആകെ 169,21,70,099/- രൂപ കേന്ദ്രസർക്കാരിൽനിന്ന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്.

പെൻഷൻ ഇനം	പെൻഷൻ ഉപവിഭാഗം	പ്രതിമാസ സംസ്ഥാന വിഹിതം (രൂപ)	പ്രതിമാസ കേന്ദ്ര വിഹിതം (രൂപ)
ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	പ്രായം 60 മുതൽ 79 വയസ് വരെ	1,400	200
	പ്രായം 80 വയസ്സും അതിന് മുകളിലും	1,100	500
ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ	അംഗപരിമിതി 80 ശതമാനവും അതിന് മുകളിലും (18 വയസ് മുതൽ)	1,300	300
ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ	40 വയസ്സും അതിനുമുകളിലും	1,300	300
കർഷക തൊഴിലാളി പെൻഷൻ		1,600	0
50 വയസ്സ് കഴിഞ്ഞ അവിവാഹിത		1,600	0

പെൻഷൻ			

(സി) പ്രതിമാസം ശരാശരി എത്ര കോടി രൂപയാണ് ക്ഷേമപെൻഷൻ വിതരണത്തിനായി സംസ്ഥാനം ചെലവഴിക്കുന്നത്; പ്രസ്തുത തുക ഏതുരീതിയിൽ സമാഹരിക്കാനാണ് നിലവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവയുടെ വിതരണത്തിനായി പ്രതിമാസം ശരാശരി 900 കോടിയോളം രൂപ ചെലവഴിക്കുന്നു. ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട്

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബൃഹ്ത്തായ ഒരു ബാധ്യത സൃഷ്ടിച്ചിട്ടുണ്ട്. അതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവഹിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണവും സർക്കാർ നടത്തിവരുന്നു.

(ഡി) കുടിശ്ശിക ഉൾപ്പെടെയുള്ള പെൻഷൻ തുക എപ്പോൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ?

2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മുതൽമുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിവരുന്നു. നിലവിൽ മൂന്ന് മാസത്തെ ക്ഷേമപെൻഷനാണ് കുടിശ്ശികയായുള്ളത്. ടി കുടിശ്ശിക 2025-26 സാമ്പത്തിക വർഷത്തിൽത്തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്

28 (*58) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളെ സംബന്ധിച്ച കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 2022-ലെ 7-ാം നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ അവയുടെ ലക്ഷ്യങ്ങളിൽനിന്നും വ്യതിചലിക്കുന്നതായും വൻതോതിൽ പണം ദുർവ്യയം ചെയ്യുന്നതായും കണ്ടെത്തിയിരുന്നോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ&ബി) കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 2022-ലെ 7-ാം നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ

റിമാർക്സ്/അനോമലികൾ പരിശോധിക്കുന്നതിനും ആയതുപ്രകാരം അനർഹരായവരെ കണ്ടെത്തി ഗ്രണഭോക്തൃ ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിനുമുള്ള നിർദ്ദേശവും പഞ്ചായത്ത് ഡയറക്ടർ/ഐ.കെ.എം. എന്നിവർക്ക് നൽകിയിരുന്നു. അതുപ്രകാരമുള്ള തുടർനടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നു.

(സി) വിവിധ പെൻഷൻ പദ്ധതികൾക്ക് നിശ്ചയിച്ചിരുന്ന നിബന്ധനകൾ പാലിച്ചിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; നിബന്ധനകൾക്കതീതമായി പട്ടികയിലുൾപ്പെട്ടവർ വാങ്ങിയ പെൻഷൻ പലിശ സഹിതം തിരിച്ചുപിടിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

2016-ൽ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽനിന്നും കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന നടത്തിയ സർവെയിലൂടെയും പൊതുജനങ്ങളിൽനിന്നും വിവിധ സംഘടനകളിൽനിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിന്മേൽ നടത്തിയ പരിശോധനകളിൽനിന്നും സംസ്ഥാനത്ത്

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധിപേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവീസ്/കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധിപേരെ കണ്ടെത്തുകയുണ്ടായി. മസ്റ്ററിങ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണത്തിൽപ്പെടുന്ന വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭ്യമായിരുന്ന ഗുണഭോക്താക്കൾക്ക് പിന്നീട് സർക്കാർ സർവീസിൽ ജോലി ലഭിച്ചതിനുശേഷം അനർഹമായി 1457 പേർ സാമൂഹ്യ

സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി ബന്ധപ്പെട്ട ഡാറ്റബേസുകളിലെ വിവരങ്ങൾ താരതമ്യം ചെയ്ത് കണ്ടെത്തിയിട്ടുള്ളതും അങ്ങനെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റിയ സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും അനധികൃതമായി കൈപ്പറ്റിയ തുക 18 ശതമാനം പലിശ സഹിതം തിരികെ ഈടാക്കുന്നതിനും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് നൽകിയിട്ടുള്ളതുമാണ്. അതുപ്രകാരമുള്ള തുടർനടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചുവരുന്നു. അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന സാഹചര്യങ്ങളിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12-12-2024-ലെ 71/2024/ധന., 31-01-2025-ലെ 07/2025/ധന. എന്നീ സർക്കുലറുകൾപ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം "പെൻഷൻ അനർഹമായി അവസാനമായി കൈപ്പറ്റിയ തീയതി മുതൽ ആകെ തിരിച്ചടക്കേണ്ട തുകക്ക്, തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള കാലയളവിന് 18 ശതമാനം സാധാരണ പലിശ നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോർപറേഷൻ

29 (*59) ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപറേഷന്റെ 2018-ലെ കരുതൽ ധനം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

കോർപ്പറേഷൻ, നിഷ്ക്രിയ ആസ്തിയായിട്ടുള്ള വായ്പകൾക്കുള്ള പ്രൊവിഷൻ, ആസ്തികളുടെ മൂല്യനഷ്ടം, മറ്റ് ആവശ്യമായ കാര്യങ്ങൾക്കുള്ള മാറ്റിവയ്ക്കലുകൾ എന്നിവ ധനകാര്യ സ്ഥാപനങ്ങൾ പാലിക്കുന്ന രീതിയനുസരിച്ച് നടത്തിയതിനുശേഷം വാർഷിക ലാഭമുണ്ടെങ്കിൽ അതിൽനിന്നും ലാഭവിഹിതം പ്രഖ്യാപിക്കുകയും ലാഭവിഹിതം വിതരണം ചെയ്തതിനുശേഷമുള്ള ശേഷിച്ച തുക കോർപറേഷന്റെ കരുതൽ

ധനത്തിലേക്ക് മാറ്റുകയാണ് എല്ലാ സാമ്പത്തിക വർഷാവസാനവും ചെയ്യുന്നത്.

(ബി) പ്രസ്തുത കോർപറേഷൻ, ഫെഡറൽ ബാങ്കിൽ 2018 ഏപ്രിൽ മാസത്തിൽ നിക്ഷേപിച്ചിരുന്ന പണം മുൻകൂറായി പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ?

മുൻകൂറായി പിൻവലിച്ചിട്ടില്ല. കെ.എഫ്.സി. ഏപ്രിൽ 2018-ൽ Non SLR (Non Statutory Liquidity Ratio) ബോണ്ടുകൾ പുറത്തിറക്കി 250 കോടി @ 8.69 ശതമാനം പലിശനിരക്കിൽ സമാഹരിച്ചിരുന്നു. 60.80 കോടി നിശ്ചിത ഉപകരണത്തിൽ (specified instrument) നിക്ഷേപിക്കണമെന്ന ബോണ്ട് ഇഷ്യൂ നിബന്ധനകൾ പാലിക്കേണ്ടതിനാൽ, നിശ്ചിത ഉപകരണം തീരുമാനിക്കുന്നതുവരെയുള്ള കാലയളവിൽ ഡിബെഞ്ചർ ട്രസ്റ്റിയുടെ അനുമതിയോടെ ഈ തുക ഫെഡറൽ ബാങ്കിന്റെ സേവിങ്സ് അക്കൗണ്ടിൽ താൽക്കാലികമായി പാർക്ക് ചെയ്തു. പിന്നീട് നിശ്ചിത ഉപകരണത്തിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥ പാലിക്കാനായി ഫെഡറൽ ബാങ്കിൽനിന്നും ഡിബെഞ്ചർ ട്രസ്റ്റിയുടെ അനുമതിയോടെ പണം പിൻവലിച്ചു.

(സി) കേരള ഫിനാൻഷ്യൽ കോർപറേഷൻ 2018-ൽ കമ്പനിയുടെ കരുതൽ ധനം പിൻവലിച്ച് റിലയൻസ് കൊമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷേപിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

കേരള ഫിനാൻഷ്യൽ കോർപറേഷൻ 2018-ൽ കോർപ്പറേഷന്റെ കരുതൽ ധനം പിൻവലിച്ച് റിലയൻസ് കൊമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷേപിച്ചിട്ടില്ല.

മണിയാർ പദ്ധതിയിലെ കരാർ ലംഘനം

30 (*60) ശ്രീ. റോജി എം. ജോൺ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി.-യുമായി കരാറിലേർപ്പെട്ട കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് എന്ന കമ്പനി വൈദ്യുതിക്ക് വിലക്കുറവുള്ള സമയം പുറത്തുനിന്ന് വൈദ്യുതി വാങ്ങുകയും വില കൂടുമ്പോൾ കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക്

നൽകിയ വൈദ്യുതി തിരികെ എടുക്കുകയും ചെയ്ത നടപടിയിലെ കരാർ ലംഘനം കെ.എസ്.ഇ.ബി. പ്രസ്തുത കമ്പനിയെ അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ?

അറിയിച്ചിരുന്നു. ഇതുസംബന്ധിച്ച കത്ത് കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് കെ.എസ്.ഇ.ബി.എൽ. 14-11-2022-ന് നൽകുകയുണ്ടായി.

(ബി) കരാർ ലംഘനം നടത്തിയതായി ആരോപിക്കപ്പെട്ട പ്രസ്തുത കമ്പനിക്ക് ഇരുപത്തിയഞ്ച് വർഷത്തേക്കുകൂടി കരാർ പുതുക്കി നല്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ?

ഇക്കാര്യം പരിശോധനയിലാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

1 (390) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമായ വകുപ്പുകൾ/മേഖലകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ബി) അവയിൽ പൂർത്തിയായ പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ& ബി) 2021 മുതൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയ്ക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, നികുതി വകുപ്പ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, ഉപഭോക്തൃകാര്യ വകുപ്പ്, ഹാർബർ എഞ്ചിനീയറിങ് വകുപ്പ്, എക്സൈസ് വകുപ്പ്, തദ്ദേശസ്വയംഭരണം, തൊഴിലും നൈപുണ്യവും വകുപ്പ്, ധനകാര്യ വകുപ്പ്, മുന്നോക്ക ക്ഷേമം, മൈനിങ് & ജിയോളജി, സാങ്കേതിക വിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, അച്ചടി വകുപ്പ്, ആഭ്യന്തര വകുപ്പ്, ആയുഷ് വകുപ്പ്, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്, ഇറിഗേഷൻ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഊർജ വകുപ്പ്, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, ഐ.റ്റി വകുപ്പ്, കായിക യുവജന കാര്യ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഗതാഗത

വകുപ്പ്, ജയിൽ വകുപ്പ്, ജലവിഭവ വകുപ്പ്, ട്രാൻസ്പോർട്ട് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തുറമുഖ വകുപ്പ്, ദുരന്തനിവാരണ വകുപ്പ്, റവന്യൂ ദേവസ്വം വകുപ്പ്, പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്, പരിസ്ഥിതി വകുപ്പ്, പുരാവസ്തു വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഭവന നിർമ്മാണ വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, മത്സ്യബന്ധന വകുപ്പ്, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, ലോട്ടറി വകുപ്പ്, വനം വന്യജീവി സംരക്ഷണ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, വിനോദസഞ്ചാര വകുപ്പ്, വ്യവസായ വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, സഹകരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, സാംസ്കാരികകാര്യ വകുപ്പ്, സൈനിക ക്ഷേമം, സ്പോർട്സ് & യൂത്ത് അഫയേഴ്സ് വകുപ്പ്, സ്റ്റേഷനറി വകുപ്പ്, റവന്യൂ വകുപ്പ് എന്നീ വകുപ്പുകളും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളും വിധേയമായിട്ടുണ്ട്.

വാർഷിക പദ്ധതിയിൽ വെട്ടിച്ചുരുക്കൽ

2 (391) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25-ലെ വാർഷിക പദ്ധതിയിൽ അംഗീകാരം നൽകിയ പ്രോജക്ടുകൾ/പദ്ധതികൾ 50 ശതമാനംവരെ വെട്ടിച്ചുരുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിലുണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്ത് തീർക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ 17-07-2024, 31-08-2024 **എന്നീ** തീയതികളിലെ സ.ഉ(പി) നം. 57/2024/ധന., സ.ഉ.(പി) നം.

76/2024/ധന. ഉത്തരവുകൾ മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികളിൽ 10 കോടി രൂപയ്ക്കുമേൽ അടങ്കലുള്ള തുടർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സെക്രട്ടറിതല സമിതി പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ 50 ശതമാനമായും 10 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് വകുപ്പ് സെക്രട്ടറി, വകുപ്പ് അധ്യക്ഷനുമായി കൂടിയാലോചിച്ച് വകുപ്പിന് ഭരണാനുമതി നൽകിയ മൊത്തം തുകയുടെ 50 ശതമാനമായും നിജപ്പെടുത്തേണ്ടതുമാണ്.

(ബി) ഇത്തരത്തിൽ വെട്ടിച്ചുരുക്കുമ്പോൾ സ്പെഷ്യൽ കംപോണന്റ് പ്ലാൻ, ട്രൈബൽ സബ്പ്ലാൻ എന്നീ ഘടക പദ്ധതികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന തുകയിലും വെട്ടിച്ചുരുക്കൽ സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യൽ കംപോണന്റ് പ്ലാനിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ ചട്ടം 300 പ്രകാരമുള്ള പദ്ധതികളുടെ വിഹിതം

ഉൾപ്പെടെ ആകെ വിഹിതത്തിൽ 78.53 ശതമാനം വകുപ്പിന് ലഭ്യമായിട്ടുണ്ട്. വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ വാത്സല്യനിധി, വർക്കിങ് വിമൻസ് ഹോസ്റ്റലുകൾ എന്നീ പദ്ധതികളിൽ നിലവിൽ പ്രവർത്തനങ്ങളൊന്നും പുരോഗമിക്കാത്തതിനാൽ അവയുടെ വിഹിതം ക്രമീകരിച്ചിട്ടുണ്ട്. മറ്റെല്ലാ പദ്ധതികളിലും നിലവിലെ അപേക്ഷകളും പ്രവൃത്തികളും പൂർത്തീകരിക്കാനുള്ള വിഹിതം കണ്ടെത്തിയതിനുശേഷമാണ് ക്രമീകരണം ഏർപ്പെടുത്തിയത്. 2024-25 വർഷത്തെ പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പട്ടികവർഗ ഉപപദ്ധതികളിലും ക്രമീകരണം നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ വായ്പ

3 (392) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളിൽ ഭൂരിഭാഗവും വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസം ആഗ്രഹിച്ച് പഠനം ആരംഭിച്ച കുട്ടികളിൽ പലരും ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടും വായ്പ ലഭിക്കാതെ വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടതായ സ്ഥിതിവിശേഷം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മാനസിക പ്രയാസങ്ങൾ അടക്കമുള്ള ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നിരിക്കെ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ വിമുഖത കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമായ രേഖകൾ സമർപ്പിച്ച അർഹരായ അപേക്ഷകർക്കെല്ലാം ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ട്. വിദ്യാഭ്യാസ വായ്പ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിക്കുന്ന പരാതികൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാറുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് മതിയായ കാരണങ്ങളില്ലാതെ വായ്പ നിഷേധിക്കുന്ന തരത്തിലുള്ള

സാഹചര്യങ്ങളുണ്ടായാൽ പരാതിപ്പെടാനും നീതിപൂർവമായ തീരുമാനങ്ങൾ നേടിയെടുക്കാനും റിസർവ് ബാങ്ക് ഓംബുഡ്സ്മാൻ, വ്യക്തിഗത ബാങ്കുകളിലെ പരാതിപരിഹാര സെല്ലുകൾ തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്.

പദ്ധതി തുക വെട്ടിച്ചുരുക്കൽ

4 (393) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക പ്രതിസന്ധി മൂലം 2024-25-ലെ വാർഷിക പദ്ധതിയുടെ ഭാഗമായവ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സമിതി പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന സർക്കാർ ഉത്തരവിനെത്തുടർന്ന് തുക വെട്ടിച്ചുരുക്കിയ പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ?

കേന്ദ്ര ധന കൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിലുണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ

എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്ത് തീർക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് 2024-25-ലെ വാർഷിക പദ്ധതിയുടെ ഭാഗമായവ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സമിതി പരിശോധിച്ച് ആവശ്യമായ ക്രമീകരണം നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ 17-07-2024, 31-08-2024 തീയതികളിലെ സ.ഉ.(പി)നം. 57/2024/ധന., സ.ഉ.(പി) നം.76/2024/ധന. ഉത്തരവുകൾ മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികളിൽ 10 കോടി രൂപയ്ക്കുമേൽ അടങ്കലുള്ള തുടർപ്രോജക്ടുകൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സെക്രട്ടറിതല സമിതി പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതും 10 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് വകുപ്പ് സെക്രട്ടറി, വകുപ്പ് അധ്യക്ഷനുമായി കൂടിയാലോചിച്ച് വകുപ്പിന് ഭരണാനുമതി നൽകിയ മൊത്തം തുകയുടെ 50 ശതമാനമായി

നിജപ്പെടുത്തേണ്ടതുമാണ്. ഇതിന്റെ ഭാഗമായി പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സമിതി പദ്ധതികൾ ക്രമീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്കോളർഷിപ്പ്, ദുർബല വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ പൊതുവിൽ ഈ നിയന്ത്രണത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

ധന ഉത്തരവാദിത്ത നിയമം

5 (394) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത കാലയളവിൽ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും ധനകമ്മി കുറയ്ക്കുന്നതിനും സമയബന്ധിത ലക്ഷ്യങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളെല്ലാം പാലിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവയിൽ നിറവേറ്റാൻ കഴിയാത്തവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

(എ&ബി) സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22-ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽനിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്ര സർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാന സമ്പദ്ഘടനയെ മുമ്പുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ധന ഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.

സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും

ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദ്ധീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ധനഞെരുക്കത്തിനിടയിലും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദ്ധീകരണ പാതയ്ക്കുള്ളിൽ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

(ശതമാനത്തിൽ)

ധന സൂചകങ്ങൾ	ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം	2023-24 സാമ്പത്തിക വർഷം സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ പ്രകാരം)
ധനകമ്മി/ജി.എസ്. ഡി.പി.	(-)3.5	(-)2.99
റവന്യൂകമ്മി/ ജി.എസ്.ഡി.പി.	(+)1.2	(-)1.58
കടബാധ്യത/ ജി.എസ്.ഡി.പി.	33.70	34.20

ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള റവന്യൂ മിച്ച സംസ്ഥാനമാകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലായെങ്കിലും റവന്യൂ കമ്മി മുൻവർഷങ്ങളെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു കുറവും വരുത്തുന്നില്ലായെന്നതാണ് സംസ്ഥാനം റവന്യൂ കമ്മിയായി തുടരുന്നതിന് ഹേതുവാകുന്നത്.

(സി) സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യ സ്ഥിതിയെക്കുറിച്ചുമുള്ള കേരള പൊതുചെലവ് അവലോകന സമിതിയുടെ എത്ര റിപ്പോർട്ടുകൾ ഇനിയും സർക്കാരിന് സമർപ്പിക്കാനുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്തം ആക്ടിലെ (2003-ലെ 29) 6-ാം വകുപ്പ് പ്രകാരം സർക്കാർ പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന രൂപീകരിക്കേണ്ടതുണ്ട്. 16-09-2022-ലെ SRO No. 892/2022 പ്രകാരം രൂപീകരിച്ച ആറാം എക്സ്പെൻഡിച്ചർ റിവ്യൂ

കമ്മിറ്റിയാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. ഡോ. ഡി. നാരായണ ചെയർമാനും ശ്രീ. എൻ. രാമലിംഗം, ശ്രീ. സിദ്ധിക്ക് റാബിയത്ത്, ശ്രീമതി പി. എൽ. ബീന എന്നിവർ കമ്മിറ്റി അംഗങ്ങളുമാണ്. ആറാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2019-20, 2020-21 വർഷങ്ങളിലെ ഒന്നാമത്തെ റിപ്പോർട്ട് 2024 ജൂൺ മാസത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ധനക്കമ്മി കുറച്ചുകൊണ്ടുവരുന്നതിനായി മുൻകാലങ്ങളിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22-ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽനിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്രസർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാന സമ്പദ്ഘടനയെ മുമ്പുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ധനഞെരുക്കത്തിലേക്ക്

നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.

സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ധന ഞെരുക്കത്തിനിടയിലും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ

ലക്ഷ്യം. നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഢീകരണ പാതയ്ക്കുള്ളിൽ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

(ശതമാനത്തിൽ)

ധന സൂചകങ്ങൾ	ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച	2023-24 സാമ്പത്തിക വർഷം സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ്

	അനുപാതം	ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ പ്രകാരം)
ധനകമ്മി/ ജി.എസ്.ഡി.പി	(-)3.5	(-)2.99
റവന്യൂകമ്മി/ ജി.എസ്. ഡി.പി	(+)1.2	(-)1.58
കടബാധ്യത/ ജി.എസ്.ഡി.പി	33.70	34.20

ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള റവന്യൂ മിച്ച സംസ്ഥാനമാകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലായെങ്കിലും റവന്യൂ കമ്മി മുൻവർഷങ്ങളെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു കുറവും വരുത്തുന്നില്ലായെന്നതാണ് സംസ്ഥാനം റവന്യൂ കമ്മിയായി തുടരുന്നതിന് ഹേതുവാകുന്നത്.

വരുമാനം വർധിപ്പിക്കാൻ നടപടി

6 (395) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിച്ച ആകെ വരുമാനം എത്രയാണെന്നും നാളിതുവരെ ലഭിച്ച വരുമാനം എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ പ്രതീക്ഷിച്ച ആകെ റവന്യൂ വരുമാനം 1,38,655.16 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2025 ജനുവരി മാസം വരെയുള്ള പ്രാഥമിക കണക്കനുസരിച്ച് 1,01,847.93 കോടി രൂപ റവന്യൂ വരുമാനമായി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

(തുക കോടിയിൽ)

ഇനം	നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ പ്രതീക്ഷിച്ചത്	അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 2025 ജനുവരി മാസം വരെ ലഭിച്ചത്
സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം	84,883.51	62,982.99
സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം	18,356.46	12,990.25
കേന്ദ്ര നികുതി വിഹിതം	23,882.40	20,642.29
കേന്ദ്ര ധനസഹായം	11,532.80	5,232.40
ആകെ	1,38,655.16	1,01,847.93

(ബി) സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ കാലികമായി പരിഷ്കരിക്കുന്നതിനും പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സർക്കാർ തുടർന്നുവരികയാണ്. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനായുള്ള ഊർജിതമായ നടപടികളാണ് നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കിവരുന്നത്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകൾ കൈക്കൊണ്ടിട്ടുള്ള നികുതി പരിഷ്കരണ നടപടികൾ ശക്തിപ്പെടുത്തുന്നതിനും സ്വന്തമായി വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലെ നിരക്ക് വർധനവിലൂടെയും 2024-25 സാമ്പത്തിക വർഷം ഏകദേശം 1000

കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. കാര്യക്ഷമമായ രീതിയിൽ സ്ക്രാപ്പിങ് നയം നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. സംസ്ഥാന ജി.എസ്.ടി. വകുപ്പുമായി ബന്ധപ്പെട്ട് 50,000/- രൂപയിൽ താഴെയുള്ള അരിയറുകൾ ഒഴിവാക്കികൊണ്ട് 'ആംനസ്റ്റി 2024' പദ്ധതി നടപ്പിലാക്കുകയും പ്രസ്തുത പദ്ധതിയിലൂടെ ഖജനാവിലേക്ക് മുൻ ആംനസ്റ്റിയേക്കാൾ അധികം തുക ലഭ്യമാക്കുന്നതിനും ചെറുകിട വ്യാപാരികൾക്ക് പ്രത്യേകിച്ച് കേരളത്തിലെ വ്യാപാര സമൂഹത്തിന് പൊതുവെ കൂടുതൽ ഉണർവ് നൽകുകയും ചെയ്യുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി, 11-07-2024-ലെ മന്ത്രിസഭായോഗത്തിന്റെ തീരുമാനപ്രകാരം ആറ് മാസത്തിനുള്ളിൽ വർധനവ് വരുത്താത്ത നോൺ ടാക്സ് റവന്യൂ ഇനങ്ങൾ, ഫീസ് ഇനങ്ങൾ തുടങ്ങിയവ കാലാനുസൃതമായി വർധിപ്പിക്കുന്നതിന് അതത് ഭരണവകുപ്പുകളെ ചുമതലപ്പെടുത്തിക്കൊണ്ട് 17-07-2024-ലെ സ.ഉ.(അ)നം. 55/2024/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, സർക്കാരിനുവേണ്ടി വരുമാനം ആർജിക്കുന്ന വിവിധ വകുപ്പുകൾ നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനുള്ള തുടർനടപടികളുടെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ജുഡീഷ്യൽ കോടതി ഫീസുകളുടെ പരിഷ്കരണം, മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് കോൺട്രാക്ട് ക്യാരിയേജുകളുടെ നികുതി നിരക്കുകളുടെ ഏകീകരണം, ഇലക്ട്രിക് വാഹനങ്ങളുടെ നികുതി പരിഷ്കരണം, 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങളുടെ നികുതി പരിഷ്കരണം, രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഫീസുകളുടെ

പരിഷ്കരണം, ഭ്രനികുതി പരിഷ്കരണം എന്നിവയിലൂടെ 366 കോടി രൂപയുടെ അധിക വരുമാനം ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനുപുറമേ, ജി.എസ്.ടി. കുടിശ്ശിക തീർപ്പാക്കലിന് ജനറൽ ആംനസ്റ്റി 2025 പദ്ധതി, ബാർ ഹോട്ടലുകളുടെ ജി.എസ്.ടി. കുടിശ്ശിക തീർപ്പാക്കാനുള്ള ആംനസ്റ്റി പദ്ധതികളുടെ തുടർച്ചയായുള്ള ഇളവുകൾ, ഫ്ലഡ് സെസ്സ് ആംനസ്റ്റി 2025 പദ്ധതി, ഡിസ്റ്റിലറി അരിയർ സെറ്റിൽമെന്റ് സ്കീം 2025, കുടിശ്ശികയുള്ള പാട്ടവാടക ഈടാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ പ്രഖ്യാപിച്ചതിലൂടെ വരുന്ന സാമ്പത്തിക വർഷത്തിൽ സർക്കാരിലേക്കുള്ള റവന്യൂ കുടിശ്ശിക ഈടാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർധിപ്പിക്കുന്നതിനുമുള്ള നിർദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച്

സർക്കാർതലത്തിൽ മോണിറ്ററിങ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ടുവന്ന്, ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിനും വരുംവർഷങ്ങളിൽ സംസ്ഥാന സമ്പദ്വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

പദ്ധതി വിഹിതത്തിലെ വെട്ടിക്കുറവ്

7 (397) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിമൂലം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായവ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് അവ മാറ്റിവയ്ക്കുകയോ ഭരണാനുമതി നൽകിയ ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിലുണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്ത് തീർക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ 17-07-2024, 31-08-2024 **എന്നീ** തീയതികളിലെ സ.ഉ.(പി)നം. 57/2024/ധന., സ.ഉ.(പി) നം. 76/2024/ധന. ഉത്തരവുകൾ മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഭരണാനുമതി നൽകിയ പദ്ധതികളിൽ 10 കോടി രൂപയ്ക്കുമേൽ അടങ്കലുള്ള തുടർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സെക്രട്ടറിതല സമിതി പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ 50 ശതമാനമായും 10 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് വകുപ്പ് സെക്രട്ടറി, വകുപ്പ് അധ്യക്ഷനുമായി കൂടിയാലോചിച്ച് വകുപ്പിന് ഭരണാനുമതി നൽകിയ മൊത്തം തുകയുടെ 50 ശതമാനമായും നിജപ്പെടുത്തേണ്ടതുണ്ട്. എന്നാൽ സ്കോളർഷിപ്പ്, ദുർബല വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ പൊതുവിൽ ഈ നിയന്ത്രണത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന വെട്ടിക്കുറവ് സംസ്ഥാനത്തെ പദ്ധതി പ്രവർത്തനത്തിന്റെ താളം തെറ്റിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ

8 (398) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം, വണ്ടാഴി പഞ്ചായത്തുകളിലെ 'ടേക്ക് എ ബ്രേക്ക്' കേന്ദ്രങ്ങളുടെ നിർമ്മാണങ്ങളുടേയും എരിമയൂർ പഞ്ചായത്തിലെ ബഡ്സ് സ്കൂളിന് വാഹനം വാങ്ങൽ പദ്ധതിയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക അനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം, വണ്ടാഴി പഞ്ചായത്തുകളിലെ 'ടേക്ക് എ ബ്രേക്ക്' കേന്ദ്രങ്ങളുടെ നിർമ്മാണം, എരിമയൂർ പഞ്ചായത്തിലെ ബഡ്സ് സ്കൂളിന് വാഹനം വാങ്ങൽ പദ്ധതി എന്നിവ സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. പ്രസ്തുത

പ്രവൃത്തികൾക്ക് പ്രത്യേകാനുമതി നൽകുന്ന കാര്യത്തിൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

പദ്ധതി വെട്ടിക്കുറവ്

9 (399) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക പ്രതിസന്ധിമൂലം 2024-25-ലെ വാർഷിക പദ്ധതിയുടെ ഭാഗമായുള്ളവ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സമിതി പരിശോധിച്ച് അവ മാറ്റിവയ്ക്കുകയോ ഭരണാനുമതി നൽകിയ ആകെ തുകയുടെ അൻപത് ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന സർക്കാർ ഉത്തരവിനെത്തുടർന്ന് മാറ്റിവച്ച പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ?

കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിലുണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്ത്

തീർക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ 17-07-2024-ലെ സ.ഉ.(പി)നം. 57/2024/ധന., 31-08-2024-ലെ സ.ഉ.(പി)നം. 76/2024/ധന. ഉത്തരവുകൾ മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികളിൽ 10 കോടി രൂപയ്ക്കുമേൽ അടങ്കലുള്ള തുടർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സെക്രട്ടറിതല സമിതി പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ 50 ശതമാനമായും 10 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് വകുപ്പ് സെക്രട്ടറി, വകുപ്പ് അധ്യക്ഷനുമായി കൂടിയാലോചിച്ച് വകുപ്പിന് ഭരണാനുമതി നൽകിയ മൊത്തം തുകയുടെ 50 ശതമാനമായും നിജപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതികൾ ഒന്നുംതന്നെ മാറ്റിവയ്ക്കപ്പെട്ടിട്ടില്ല.

മണലൂർ പറമ്പന്തളി-മാനിന റോഡിന്റെ അറ്റകുറ്റപ്പണികൾ

10 (400) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ പറമ്പന്തളി-മാനിന റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റി സമർപ്പിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

കടബാധ്യത

11 (401) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യതയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൊതുവിപണിയിൽനിന്നുള്ള കടമെടുപ്പ്, LIC, GIC, നബാർഡ്, ദേശീയ ലഘു സമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നുള്ള വായ്പകൾ മുതലായവ ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരകടവും കേന്ദ്രസർക്കാരിൽനിന്നുള്ള വായ്പകളും (വിദേശ സഹായ വായ്പകൾ ഉൾപ്പെടെ) മുൻക്കൂറുകളും അടങ്ങുന്നതാണ് സംസ്ഥാനത്തിന്റെ പൊതുകടം. ഈ പൊതുകടത്തോടൊപ്പം പൊതു കണക്കിനത്തിലെ ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവയിൽനിന്ന് എടുക്കുന്ന വായ്പകൾകൂടി ചേരുന്നതാണ് സംസ്ഥാനത്തിന്റെ കടബാധ്യത.

(ബി) ഓരോ ഘടകങ്ങളിലും മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കടം എത്ര വീതമായിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ ആഭ്യന്തര വായ്പായിനത്തിലും കേന്ദ്ര

സർക്കാരിൽനിന്നുള്ള വായ്പായിനത്തിലും പി.എഫ്., ലഘുസമ്പാദ്യങ്ങളിൽ നിന്നുള്ള വായ്പയിനത്തിലുമുള്ള ബാധ്യതയുടെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

(തുക കോടിയിൽ)

വർഷം	ആഭ്യന്തര വായ്പ	കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പ	പി.എഫ്., ലഘു സമ്പാദ്യ പദ്ധതികൾ മുതലായവ	ആകെ
2016-17	118269	7614	60571	186454
2017-18	135501	7484	67778	210763
2018-19	150991	7243	77397	235631
2019-20	165960	8680	85671	260311
2020-21	190474	9208	97219	296901
2021-22	210792	9183	115666	335641
2022-23	227137	10864	124191	362192
2023-24	257158	10832	123944	391934

വിപണി വായ്പയായി സമാഹരിച്ച തുക

12 (402) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ വിപണി വായ്പയായി ഓരോ സാമ്പത്തിക വർഷവും സമാഹരിച്ച തുക എത്രയാണെന്നും പ്രസ്തുത വായ്പകളുടെ പലിശ നിരക്ക് എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

2016-17 സാമ്പത്തിക വർഷം മുതൽ 31-01-2025 വരെ വിപണി വായ്പയായി സർക്കാർ സമാഹരിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ+ കണ്ടാലും. ഓരോ വായ്പയുടെയും പലിശ നിരക്ക് വ്യത്യസ്തമാണ്.

കിഫ്ബിയുടെ പ്രവർത്തനം

13 (404) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ആരംഭം മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കിഫ്ബിയിൽനിന്നും ഓരോ വകുപ്പിനും ഇതുവരെയായി എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

(എ&ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ കിഫ്ബി മുഖേന അംഗീകാരം നൽകിയ പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) എത്ര കോടി രൂപ ഇതുവരെയായി കിഫ്ബിയിൽനിന്നും ഓരോ വകുപ്പിനും നൽകിയിട്ടുണ്ട്; വെളിപ്പെടുത്താമോ?

കിഫ്ബിയിൽനിന്നും വിവിധ വകുപ്പുകളുടെ കീഴിൽ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

കിഫ്ബി പദ്ധതികൾ

14 (405) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്; എത്ര കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ കിഫ്ബി മുഖേന എത്ര പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്; എത്ര പദ്ധതികൾ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്; എത്ര പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്; എത്ര പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ കിഫ്ബി മുഖേന അംഗീകാരം നൽകിയതും ടെൻഡർ ചെയ്തതും പ്രവൃത്തികൾ ആരംഭിച്ചതും അവാർഡ് നൽകിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. നാളിതുവരെ കിഫ്ബി മുഖേന പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശവും അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുരുവായൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

15 (406) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, സാങ്കേതിക കാരണങ്ങളാൽ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അറിയിക്കുമോ?

കിഫ്ബി ധനസഹായത്തോടുകൂടി ഗുരുവായൂർ നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, സാങ്കേതിക കാരണങ്ങളാൽ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു.

(ബി) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ ഗുരുവായൂർ-മമ്മിയൂർ ഫ്ലൈ ഓവർ നിർമ്മാണം കിഫ്ബി പ്രവൃത്തിയിൽ നിർദ്ദേശിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മമ്മിയൂർ ജംഗ്ഷൻ ഫ്ലൈ ഓവർ നിർമ്മാണം നിലവിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കപ്പെട്ട പദ്ധതി അല്ല. പുതിയ കിഫ്ബി പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിന്, പ്രസ്തുത പ്രവൃത്തി കിഫ്ബി പദ്ധതിയായി സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കുകയോ ക്യാബിനറ്റിൽ അംഗീകാരം ലഭ്യമാക്കുകയോ വേണം. അതിനാൽ പ്രസ്തുത പ്രവൃത്തി നിലവിൽ കിഫ്ബി പദ്ധതിയായി നടപ്പിലാക്കുവാൻ കഴിയില്ല.

ആലപ്പുഴ മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങൾക്ക് കിഫ്ബി ഫണ്ട്

16 (407) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാലയങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനായി കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടുള്ളവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും നിർമ്മാണം ആരംഭിക്കാനുള്ള കെട്ടിടങ്ങൾ, നിർമ്മാണച്ചുമതലയുള്ള ഏജൻസികൾ, നിർമ്മാണം

വൈകുന്നുവെങ്കിൽ അതിന്റെ കാരണം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതു വിദ്യാലയങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനായി കിഫ്ബി മുഖേന ഫണ്ട്, അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ, പ്രസ്തുത പദ്ധതികളിൽ നിർമ്മാണം ആരംഭിക്കാനുള്ള കെട്ടിടങ്ങൾ, നിർമ്മാണച്ചുമതലയുള്ള ഏജൻസികൾ, നിർമ്മാണം വൈകുന്ന പദ്ധതികളുടെ കാരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ഒലവക്കോട്-ധോണി റോഡ് നിർമ്മാണം

17 (408) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട്-ധോണി റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) 01-11-2016-ലെ G.O.(Rt) No.1502/2016/PWD പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ റെയിൽവേ കോളനി ധോണി മുട്ടികുളങ്ങര റോഡിന് കിഫ്ബി 09-11-2018-ലെ PWD006-26-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 12.66 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. പിന്നീട് പ്രസ്തുത പ്രവൃത്തി 19-11-2021-ലെ G.O.(Ms)No.51/2021/PWD ഉത്തരവിന്റെയും 08-03-2022-ലെ കിഫ്ബിയുടെ PE-2/3232/2019/KIIFB കത്തിന്റെയും അടിസ്ഥാനത്തിൽ FDR (Full Depth Reclamation) സാങ്കേതികവിദ്യ ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ FDR പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക (27.94 കോടി രൂപ) ധനാനുമതിയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.

കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും അത് അവലോകനം നടത്തി KIIFB TRC (Technical Resource Centre)-യുടെ സഹായത്തോടെ Plan & Profile Drawing വികസിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുനർസമർപ്പിക്കാൻ കിഫ്ബി നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം തയ്യാറാക്കിയ കരട് അലൈൻമെന്റ് നിർവഹണ ഏജൻസി പരിശോധിച്ച് നിർദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി നാറ്റ്പാക് തയ്യാറാക്കിയ ഡിസൈൻ ഡ്രോയിങ്സ്, BoQ ഉൾപ്പെടെയുള്ള രേഖകൾ 04-01-2025-ന് കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽനിന്നും നിർവഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്.

മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിനുള്ള കിഫ്ബി ഫണ്ട്

18 (409) <u>ശ്രീ. പി. ഉബൈദുള്ള</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷം അനുവദിച്ച കിഫ്ബി ഫണ്ടിൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

മലപ്പുറം സർക്കാർ വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 27-03-2023-ലെ HED007-38/APR-4/2023/KIIFB ഉത്തരവുപ്രകാരം 18.61 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നിലവിൽ ടെൻഡർ ചെയ്തിട്ടുണ്ടെന്നും കരാറുകാരനുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും പദ്ധതി നിർവഹണ ഏജൻസിയായ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കിറ്റ്കോയുടെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കിറ്റ്കോ നൽകിയ 15.69 കോടി രൂപയുടെ സാങ്കേതികാനുമതി 03-08-2023-ലെ 48/HED/KIIFB/2021-22 നമ്പറായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി അനുവദിച്ച പ്രസ്തുത ഫണ്ട് വിനിയോഗത്തിന്റെ സാങ്കേതിക തടസ്സങ്ങൾ എത്രയുംവേഗം

പരിഹരിക്കുവാനും കെട്ടിട നിർമ്മാണം ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച ഫണ്ട് വിനിയോഗത്തിൽ നിലവിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി കിറ്റ്കോയ്ക്ക് സ്വീകരിക്കാവുന്നതുമാണ്.

അത്തൂർ കാക്കത്തുരുത്ത് പാലം നിർമ്മാണം

19 (410) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണത്തിന് കിഫ്ബി ഫണ്ടിലുൾപ്പെടുത്തി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

അത്തൂർ നിയോജകമണ്ഡലത്തിലെ കാക്കത്തുരുത്ത് പാലം നിർമ്മാണം കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിന് 16-03-2019-ലെ PWD016-13/APR-1/2019/KIIFB നടപടിക്രമ ഉത്തരവ് പ്രകാരം

ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെ 33.144 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. ഇതിൽ ഭൂമി ഏറ്റെടുക്കലും അനുബന്ധ പ്രവൃത്തികൾക്കുമായി 5.34 കോടി രൂപ KRFB-ക്ക് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത തുക അനുവദിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത തുക അനുവദിച്ചത് 2019-ലാണ്.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിൽ ഭൂമിയേറ്റെടുക്കൽ മാത്രം പൂർത്തീകരിക്കുന്നതിനും കിഫ്ബിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പാലം നിർമ്മാണം പിന്നീട് പരിഗണിക്കുന്നതാണെന്നും 24-05-2024-ന് കിഫ്ബി സി.ഇ.ഒ.-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. നിലവിൽ

അവസാനഘട്ടത്തിലുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ 2025 ഫെബ്രുവരി അവസാനത്തോടുകൂടി പൂർത്തിയാക്കുന്നതാണ്.

വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം

20 (411) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് 11-02-2020-ലെ ഉത്തരവ് നം. LSG001-02/APR-1/2020/KIIFB പ്രകാരം 11.1390 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ ഡിസൈൻ റിവ്യൂ കിഫ്ബി പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്നതിനായി പദ്ധതി നിർവഹണ ഏജൻസി പുതുക്കിയ എസ്റ്റിമേറ്റുകൾ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; അനുമതി ലഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതി നൽകിയിട്ടില്ല. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതിയും ഇതുവരെ ലഭിച്ചിട്ടില്ല. പുതുക്കിയ ധനാനുമതിക്കായി പദ്ധതി നിർവഹണ ഏജൻസി 20-07-2024-ന് കിഫ്ബിയിൽ സമർപ്പിച്ച പ്രൊപ്പോസൽ 24-08-2024-ന് സിവിൽ, ഇലക്ട്രോ-മെക്കാനിക്കൽ നിരീക്ഷണങ്ങളോടെ പദ്ധതി നിർവഹണ ഏജൻസിക്ക് തിരികെ നൽകിയിരുന്നു. ടി ഫയൽ പദ്ധതി നിർവഹണ ഏജൻസി തിരികെ സമർപ്പിക്കുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി നൽകുന്ന വിഷയം കിഫ്ബി പരിശോധിക്കുന്നതാണ്. ടി പ്രവൃത്തിക്ക് ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റുകൾ പദ്ധതി നിർവഹണ ഏജൻസി ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

കൊയിലാണ്ടി മണ്ഡലത്തിലെ കൊല്ലം റെയിൽ ഓവർ ബ്രിഡ്ജ്

21 (412) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽനിന്നും തുക വകയിരുത്തുകയും സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തെങ്കിലും കെ-റെയിൽ പദ്ധതിയിലെ അനിശ്ചിതത്വംമൂലം തുടർനടപടികൾ സ്വീകരിക്കാതിരുന്ന കൊല്ലം-മേപ്പയൂർ റോഡിൽ കൊല്ലം റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ?

കൊല്ലം മേപ്പയൂർ റോഡിൽ നെല്ലിയാടിക്കടവ് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിക്ക് 09-08-2020-ൽ 28.39 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. RBDCK-യാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി. തുടക്കത്തിൽ കെ-റെയിൽ പദ്ധതിമൂലം ജി.എ.ഡി.-ക്ക് റെയിൽവേ അംഗീകാരം നൽകിയിരുന്നില്ല. എന്നാൽ പിന്നീട് റെയിൽവേ നിർദ്ദേശിച്ച

മാറ്റങ്ങൾ വരുത്തി 05-10-2023-ൽ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്ങ് റെയിൽവേയുടെ അംഗീകാരത്തിനായി RBDCK സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയുടെ അംഗീകാരം ലഭിച്ചശേഷം ഭൂമിയേറ്റെടുക്കൽ ആരംഭിക്കുന്നതാണെന്ന് RBDCK അറിയിച്ചിട്ടുണ്ട്.

കുന്ദമംഗലം ബൈപാസ് നിർമ്മാണം

22 (413) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിക്കുകയും ആർ.ബി.ഡി.സി.കെ.-യെ നിർവഹണം ഏൽപ്പിക്കുകയും ചെയ്ത കുന്ദമംഗലം ബൈപാസ് നിർമ്മാണ പ്രവൃത്തി തുടങ്ങേണ്ടതില്ലെന്ന് കിഫ്ബി തീരുമാനമെടുത്തിട്ടുണ്ടോ?

പണ്ടാരപ്പറമ്പ് ഉണ്ടോടിക്കടവ് ബൈപ്പാസ് (കുന്ദമംഗലം ബൈപ്പാസ്) പദ്ധതിക്കുള്ള വിശദ പദ്ധതി വിവരണ റിപ്പോർട്ട് ആർ.ബി.ഡി.സി.കെ. കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. 13-06-2024-ന് കുന്ദമംഗലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ EE-NH PWD, പണ്ടാരപ്പറമ്പ്

ഉണ്ടോടിക്കടവ് ബൈപാസ് പദ്ധതി (കുന്ദമംഗലം ബൈപ്പാസ്) NH-766 വികസനത്തോടൊപ്പം പൊതുമരാമത്ത് പദ്ധതിയായി ചെയ്യുന്നതാണെന്നും ആയതിനാൽ പ്രസ്തുത കിഫ്ബി പദ്ധതി ഉപേക്ഷിക്കണമെന്നും അറിയിച്ചിരുന്നു.

(ബി) ദേശീയപാത 766-ൽ കൊടുവള്ളിയിലും താമരശ്ശേരിയിലും മാത്രമാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പദ്ധതിയിൽ ബൈപാസ് വിഭാവന ചെയ്തിട്ടുള്ളതെന്നും കുന്ദമംഗലം ബൈപ്പാസ് ഒഴിവാക്കാൻ കാരണം കിഫ്ബി പദ്ധതിയുള്ളതുകൊണ്ടാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

13-06-2024-ലെ യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബൈപാസ് കേന്ദ്ര ഫണ്ടുപയോഗിച്ച് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് സെക്രട്ടറിക്ക് കിഫ്ബി സി.ഇ.ഒ. 24-07-2024-ൽ അർദ്ധ ഔദ്യോഗിക കത്ത് നൽകിയിരുന്നു. ഇതിന്റെ

അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിലേക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഈ കത്തിന് ഇതുവരെ മറുപടിയൊന്നും ലഭ്യമായിട്ടില്ലെന്നാണ് പൊതുമരാമത്ത് സെക്രട്ടറിയുടെ ഓഫീസിൽനിന്നും അറിയാൻ കഴിഞ്ഞത്. പ്രസ്തുത കത്തിന് മറുപടി ലഭ്യമായശേഷം മേൽനടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

23 (414) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ നിലവിൽ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള പദ്ധതികൾ നിലവിൽ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്നും

പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി പ്രതീക്ഷിക്കുന്ന കാലയളവിന്റെയും വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

മങ്കട മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

24 (415) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) നാളിതുവരെ പൂർത്തിയാകാത്തതും എന്നാൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും അറിയിക്കുമോ; ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) മങ്കട മണ്ഡലത്തിൽ നിലവിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശേഷിക്കുന്ന നടപടികളും ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നേരിടുന്ന തടസ്സങ്ങളുടെ വിശദവിവരങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

ചേലക്കര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

25 (416) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് ചേലക്കര നിയോജക മണ്ഡലത്തിൽ ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് ചേലക്കര നിയോജകമണ്ഡലത്തിൽ ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇനി ഏതെല്ലാം പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകാനുണ്ട്; വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടി മണ്ഡലത്തിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് പദ്ധതി നിർവഹണ ഏജൻസി ഇതുവരെ സമർപ്പിച്ച എല്ലാ ഡി.പി.ആർ.-കളും കിഫ്ബിയിൽ പരിശോധിച്ച് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

26 (417) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയതിനെത്തുടർന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും ഏഴ് വർഷമായി ധനാനുമതി ലഭിക്കാത്തതിന് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഈ പദ്ധതിക്കുള്ള പ്രധാന തടസ്സം വിശദമാക്കാമോ?

കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 24-02-2018-ലെ സ.ഉ.(സാധാ) നം.627/2018/ആ.കു.വ.,

02-06-2020-ലെ സ.ഉ.(സാധാ)നം.627/2018/ആ.കു.വ. എന്നീ ഭരണാനുമതി ഉത്തരവുകൾ പ്രകാരം പദ്ധതി നിർവഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് ഹൗസിങ് ബോർഡ് സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് നിലവിൽ പരിശോധനാഘട്ടത്തിലാണ്.

കിഫ്ബി പുറപ്പെടുവിച്ച 08-10-2020-ലെ GM-ESG/2703/2020/KIIFB, 01-12-2023-ലെ FA-3/3310/2021/KIIFB എന്നീ സർക്കുലറുകൾ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ടി പദ്ധതിയുടെ ഡിസൈൻ റിവ്യൂ ചെയ്തതിന്റെ അടിസ്ഥാനത്തിലുമുള്ള പുതുക്കിയ വിശദമായ പദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിക്കുന്നതിന് 04-09-2024-ൽ പദ്ധതി നിർവഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് ഹൗസിങ് ബോർഡിനോട് ഫയൽ മുഖാന്തരം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് ശരിയായ രീതിയിൽ സമർപ്പിക്കാത്ത എസ്.പി.വി.-യെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; എസ്.പി.വി.-യെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കണമെന്നാവശ്യപ്പെട്ട് കിഫ്ബി കത്ത് നൽകിയിട്ടുണ്ടോ; ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(ബി&സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതി ഉൾപ്പെടെ കെ.എസ്.എച്ച്.ബി. പദ്ധതി നിർവഹണ ഏജൻസിയായിക്കൊണ്ടുള്ള വിവിധ ആശുപത്രി വികസന പദ്ധതികളുടെ പദ്ധതി നിർവഹണ ഏജൻസിയായി മറ്റേതെങ്കിലും ഏജൻസിയെ നിയോഗിക്കുന്നതിന് 12-11-2024-ലെ APR-4/2825/2023/KIIFB നമ്പർ കത്ത് പ്രകാരം ഭരണവകുപ്പായ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് കിഫ്ബി അഭ്യർഥിച്ചിട്ടുണ്ട്. ടി ശിപാർശ സർക്കാർതലത്തിൽ പരിശോധിച്ച് വരികയാണെന്ന് ഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്.

പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

27 (418) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് പുതുക്കാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ആയവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

കിഫ്ബി ധനസഹായത്തോടുകൂടി പുതുക്കാട് നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി+ ചേർക്കുന്നു.

(ബി) പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ്, കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ്, മലയോര ഹൈവേ വിളങ്ങന്നൂർ-വെള്ളിക്കുളങ്ങര റീച്ച് തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

i) <u>പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്</u>

പുതുക്കാട് ആർ.ഒ.ബി. ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുള്ളതും റെയിൽവേയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്ങിന് റെയിൽവേ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകാരം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി ആർ.ബി.ഡി.സി.കെ.-യാണ്. 31-01-2025-ന് കൂടിയ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടുതലാണ്. ഭൂമിയേറ്റെടുക്കലിന്റെ ചെലവും പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടുതലായതിനാൽ കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ആവശ്യമാണ്. പുതുക്കിയ സാമ്പത്തികാനുമതിക്കായി സമർപ്പിക്കേണ്ട രേഖകൾ ആർ.ബി.ഡി.സി.കെ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും ഇത് 10 ദിവസത്തിനുള്ളിൽ കിഫ്ബിയിൽ സമർപ്പിക്കുമെന്നും ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള പ്രൊപ്പോസൽ ആർ.ബി.ഡി.സി.കെ. സമർപ്പിക്കുന്ന മുറയ്ക്ക് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി

പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

ii) കൊടകര-വെള്ളികുളങ്ങര-കോടാലി റോഡ്

കൊടകര-വെള്ളികുളങ്ങര-കോടാലി റോഡ് പ്രവൃത്തിക്ക് 30-05-2018-ന് 20.78 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി ആർ.ബി.ഡി.സി.കെ.-യാണ്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് 12-11-2019-ലെ കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എന്നാൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാതെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കരാറുകാരന്റെ ആവശ്യാനുസരണം 24-11-2021-ലെ കരാർ റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന്, ഭൂമിയേറ്റെടുക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി മാറ്റുന്നതിനുമുള്ള എസ്റ്റിമേറ്റ് ഉൾപ്പെടുത്തി 06-10-2023-ൽ 24.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി അതിർത്തി കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിൽ ഭൂമിയേറ്റെടുക്കുന്നതിനായുള്ള റിക്വിസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പൊന്നുംവില അധികാരിയെ നിയമിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറേറ്റിൽ സ്വീകരിച്ചുവരുന്നു. പൊന്നുംവില അധികാരിയെ നിയമിച്ചതിനുശേഷം ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 6(1), 4(1), 11(1), 19(1), അവാർഡ് പ്രഖ്യാപനം എന്നിവ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

iii) <u>പുതുക്കാട് - മുപ്ലിയം-കോടാലി റോഡ്</u>

പുതുക്കാട്-മുപ്ലിയം-കോടാലി റോഡിന് 15-02-2020-ൽ 59.20 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കെ.ആർ.എഫ്.ബി.-യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. പ്രസ്തുത പ്രവൃത്തിയുടെ ആദ്യ 9.2 കിലോമീറ്റർ (CH 0/000 മുതൽ CH 09/200 വരെ) 9 മീറ്റർ വീതിയിൽ, ഫ്രീ സറണ്ടറായി എഫ്.ഡി.ആർ. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായി

കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 9 കിലോമീറ്റർ വനഭൂമിയായതിനാൽ വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമേ ഏറ്റെടുക്കലുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

iv) പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ്

പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡിന് 06-08-2020-ൽ 39.49 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി കെ.ആർ.എഫ്.ബി.-യാണ്. ഈ പ്രവൃത്തിയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യാഘാതപഠനത്തിന്റെ ഭാഗമായുള്ള പബ്ലിക് ഹിയറിങ് പൂർത്തീകരിച്ചിട്ടുണ്ട്. അതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

(v) മലയോര ഹൈവേ- വിളങ്ങന്നൂർ മുതൽ വെള്ളികുളങ്ങര വരെ

മലയോര ഹൈവേ റോഡിന് 10-07-2017-ലെ G.O.(Rt)No. 942/2017/PWD പ്രകാരം 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. ഇതിൽ പുതുക്കാട് മണ്ഡലത്തിൽവരുന്ന മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ വെള്ളികുളങ്ങര റോഡിന് 20-03-2022-ൽ 136.499 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി കെ.ആർ.എഫ്.ബി.-യാണ്. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള അതിർത്തി കല്ലിടൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. അതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

28 (419) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേരത്തെ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് റെയിൽവേ മേൽപ്പാലം, കൊടകര-വെള്ളിക്കുളങ്ങര-കോടാലി

റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികത്തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

i) <u>പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്</u>

പുതുക്കാട് ആർ.ഒ.ബി. ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുള്ളതും റെയിൽവേയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്ങിന് റെയിൽവേ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി ആർ.ബി.ഡി.സി.കെ.-യാണ്. 31-01-2025-ന് കൂടിയ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടുതലാണ്. ഭൂമിയേറ്റെടുക്കലിന്റെ ചെലവും പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടുതലായതിനാൽ കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ആവശ്യമാണ്. പുതുക്കിയ സാമ്പത്തികാനുമതിക്കായി സമർപ്പിക്കേണ്ട രേഖകൾ ആർ.ബി.ഡി.സി.കെ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും ഇത് 10

ദിവസത്തിനുള്ളിൽ കിഫ്ബിയിൽ സമർപ്പിക്കുമെന്നും ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള പ്രൊപ്പോസൽ ആർ.ബി.ഡി.സി.കെ. സമർപ്പിക്കുന്ന മുറയ്ക്ക് അത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

ii) <u>കൊടകര- വെള്ളികുളങ്ങര- കോടാലി റോഡ്</u>

കൊടകര-വെള്ളികുളങ്ങര-കോടാലി റോഡ് പ്രവൃത്തിക്ക് 30-05-2018-ന് 20.78 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 06-10-2023-ൽ 24.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. നിലവിൽ പുതുക്കിയ എസ്റ്റിമേറ്റുകളൊന്നും കെ.ആർ.എഫ്.ബി. സമർപ്പിച്ചിട്ടില്ല.

iii) പുതുക്കാട് - മുപ്ലിയം-കോടാലി റോഡ്

പുതുക്കാട്-മുപ്ലിയം-കോടാലി റോഡിന് 15-02-2020-ൽ 59.20 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി കെ.ആർ.എഫ്.ബി.-യാണ്. KSEB യൂട്ടിലിറ്റി ഷിഫ്റ്റിങ് ഉൾപ്പെടെ ഏകദേശം 76.48 കോടി രൂപയുടെ എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധനയ്ക്കുശേഷം സാങ്കേതികാനുമതി നൽകി പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള പ്രൊപ്പോസൽ കെ.ആർ.എഫ്.ബി. സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

iv) പള്ളിക്കുന്ന് ചിമ്മിനി ഡാം റോഡ്

പള്ളിക്കുന്ന് ചിമ്മിനി ഡാം റോഡിന് 06-08-2020-ൽ 39.49 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കെ.ആർ.എഫ്.ബി.-യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റുകളൊന്നും കെ.ആർ.എഫ്.ബി. സമർപ്പിച്ചിട്ടില്ല.

പിറവം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

29 (420) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽനിന്നും നിലവിൽ ഏതൊക്കെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ കിഫ്ബി മുമ്പാകെയുണ്ടെന്ന് വിശദമാക്കാമോ?

പിറവം മണ്ഡലത്തിൽ നിലവിൽ കിഫ്ബിയുടെ മുമ്പാകെ പദ്ധതി നിർവഹണ ഏജൻസി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പിറവം മണ്ഡലത്തിൽനിന്നും നിലവിൽ കിഫ്ബി മുഖേനയുള്ള എത്ര പദ്ധതികൾ പൂതുക്കിയ ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയും വിശദീകരിക്കാമോ?

പിറവം മണ്ഡലത്തിൽനിന്നും നിലവിൽ കിഫ്ബി മുഖേനയുള്ള പദ്ധതികളിൽ പൂതുക്കിയ ഭരണാനുമതിക്കായി പദ്ധതി നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി[+] ചേർക്കുന്നു.

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി മുഖേന മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പുതിയ കിഫ്ബി പദ്ധതികളൊന്നും പിറവം മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി നിലവിൽ പരിഗണനയിലില്ല.

കിഫ്ബി പദ്ധതികളിലെ കാലതാമസം

30 (421) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് കിഫ്ബി നടപ്പിലാക്കിവരുന്ന പ്രോജക്ടുകളിൽ പുതിയ പ്രോജക്ടുകൾ പരിഗണിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

പുതിയ പദ്ധതികൾ കിഫ്ബി പദ്ധതിയായി ഏറ്റെടുക്കുന്നത് പ്രസ്തുത പ്രവൃത്തി കിഫ്ബി പദ്ധതിയായി സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കുകയോ ക്യാബിനറ്റിൽ അംഗീകാരം ലഭ്യമാക്കുന്നതിന്റെയോ അടിസ്ഥാനത്തിലാണ്. അതിനുശേഷം പദ്ധതി നിർവഹണ ഏജൻസിയെ നിശ്ചയിച്ച് സർക്കാരിൽനിന്നും ഭരണാനുമതി ലഭ്യമാക്കുന്നതിനെത്തുടർന്ന് പ്രസ്തുത ഏജൻസി പദ്ധതിയുടെ DPR കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മാത്രമാണ് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നത്.

(ബി) മണ്ണന്തല-പൗഡിക്കോണം-ശ്രീകാര്യം മാതൃകാ റോഡിന്റെ രണ്ടാം റീച്ചായ പൗഡിക്കോണം-ശ്രീകാര്യം റോഡിന്റെ ഭൂമി

ഏറ്റെടുക്കലിന് ആവശ്യമായ തുക കൈമാറുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) സമയബന്ധിതമായി പ്രസ്തുത തുക കൈമാറുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) മണ്ണന്തല പൗഡിക്കോണം റോഡ് വികസനം റീച്ച് 1-ന് 41.86 കോടി രൂപയുടെയും റീച്ച് 2-ന് 32.10 കോടി രൂപയുടെയും സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. കെ.ആർ.എഫ്.ബി.-യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. ടി റീച്ചുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് അധിക തുക ലഭ്യമാക്കുന്നതിയതിനായി കിഫ്ബിയിലേക്ക് കെ.ആർ.എഫ്.ബി. സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 14-03-2024-ന് 138.27 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. തുടർന്ന് റീച്ച് 1-ന്റെ ഭൂമിയേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് 137.69 കോടി രൂപ നഷ്ടപരിഹാരമായി കിഫ്ബിയിൽനിന്നും കെ.ആർ.എഫ്.ബി.-ക്ക് നൽകുകയും കെ.ആർ.എഫ്.ബി. അത് LA യൂണിറ്റിന് കൈമാറുകയും

ചെയ്തിട്ടുണ്ട്. റീച്ച് 1-ന്റെ LA പ്രവൃത്തികൾ പൂർത്തീകരണവേളയിൽ ആയതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെയും, Utility shifting-ഉം ഉൾപ്പെടുത്തി 182.42 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിയിൽ 02-8-2024-ൽ കെ.ആർ.എഫ്.ബി. സമർപ്പിച്ചു. തദവസരത്തിൽ റീച്ച് 2-ന്റെ ഭൂമിയേറ്റെടുക്കുന്നതിനുള്ള തുകയുടെ വിശദാംശം കളക്ടറേറ്റിൽനിന്നും കെ.ആർ.എഫ്.ബി.-ക്ക് ലഭ്യമായിരുന്നില്ല. ആയതിനാൽ സമർപ്പിച്ച പ്രൊപ്പോസലിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത പ്രൊപ്പോസൽ 22-10-2024-ൽ അധിക വിശദീകരണത്തിനായി കിഫ്ബി കെ.ആർ.എഫ്.ബി. തിരികെ നൽകിയിട്ടുണ്ട്. എന്നാൽ കിഫ്ബി ആവശ്യപ്പെട്ട KWA-യുടെ utility shifting എസ്റ്റിമേറ്റ് ഇനിയും ലഭ്യമാകാത്തതിനാൽ പ്രൊപ്പോസൽ കെ.ആർ.എഫ്.ബി. തിരികെ സമർപ്പിച്ചിട്ടില്ല. മണ്ണന്തല പൗഡിക്കോണം റീച്ച് 2 ഭൂമി ഏറ്റെടുക്കുന്നതിനായി 100.87 കോടി രൂപ അനുവദിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർ 25-11-2024-ൽ കെ.ആർ.എഫ്.ബി. കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 12 ശതമാനം വർധനവ് കാലാവധി

നീട്ടിയതിന്റെ അടിസ്ഥാനത്തിൽ റീച്ച് 2-ന് നഷ്ടപരിഹാര തുക 101.77 കോടി രൂപയായി പുനർനിശ്ചയിച്ചുകൊണ്ടും റീച്ച് 1-ന് 4.69 കോടി രൂപ അധികമായി ആവശ്യപ്പെട്ടുകൊണ്ടും പൊന്നംവില അധികാരി കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 27-01-2025-ന് കത്ത് നൽകിയിട്ടുണ്ട്. പുതുക്കിയ KWA-യുടെ utility shifting എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് റീച്ച്-2 ന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ലഭ്യമാക്കുന്നതിനായി കിഫ്ബിയിലേക്ക് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള പ്രൊപ്പോസൽ കെ.ആർ.എഫ്.ബി. സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

(ഡി) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

വിവിധ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കൽ നടപടികളിലെ കാലതാമസം, സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും അനുമതികൾ ലഭ്യമാക്കുന്നതിനുണ്ടാകുന്ന കാലതാമസം, കേസുകൾ, തദ്ദേശവാസികളിൽനിന്നുള്ള എതിർപ്പ് തുടങ്ങിയവയാണ് പ്രധാനമായും പദ്ധതികൾ വൈകുന്നതിന് കാരണമായി കണ്ടുവരുന്നത്. പ്രശ്നങ്ങൾ കാണുന്നപക്ഷം അവ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികൾ, ബഹുമാന്യരായ നിയമസഭാ സാമാജികർ, ഭരണ വകുപ്പ്, പദ്ധതി ആവശ്യപ്പെടുന്ന തരത്തിലുള്ള മറ്റു ഏജൻസികൾ, പദ്ധതിബാധിതർ/ ഉപയോക്താക്കൾ, കരാറുകാർ തുടങ്ങിയവരെ ഉൾപ്പെടുത്തി കിഫ്ബി, ഭരണ വകുപ്പ് തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കിഫ്ബി പ്രവൃത്തികൾ

31 (422) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള കിഫ്ബി പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സമഗ്രമായ മാസ്റ്റർ പ്ലാൻ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 16-04-2018-ലെ G.O.(Rt)No.1247/2018/H&FWD പ്രകാരം 717.29 കോടി രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ നിർവഹണ ഏജൻസിയായി INKEL-നെ സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി നാളിതുവരെ 329 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം, രോഗീപരിചരണം മെച്ചപ്പെടുത്തൽ, പാർപ്പിട സൗകര്യങ്ങൾ വർധിപ്പിക്കൽ എന്നീ മേഖലകൾക്ക് ഊന്നൽ

നൽകിക്കൊണ്ട് മൂന്ന് ഘട്ടങ്ങളായാണ് മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നത്. അതിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകളുടെ നവീകരണവും എലവേറ്റഡ് കോറിഡോർ നിർമ്മാണവും ഉൾപ്പെടെയുള്ള എക്സ്റ്റേണൽ ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ട എം.എൽ.റ്റി. ബ്ലോക്ക് നിർമ്മാണം 90 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 2025 മാർച്ച് 31-ഓടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും. ടി വിഭാഗത്തിലേക്ക് ആവശ്യമുള്ള എക്യുപ്മെന്റ്സിന്റെ പട്ടിക കെ.എം.എസ്.സി.എൽ.-ന് നൽകിയിട്ടുണ്ട്. ഒ.റ്റി. ബ്ലോക്ക് നിർമ്മാണത്തിനായി 77 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. 10-02-2025 ആണ് ടെൻഡർ തുറക്കുന്നതിനുള്ള സമയപരിധിയായി നിശ്ചയിച്ചിട്ടുള്ളത്. ടെൻഡർ ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയും. എസ്.എ.റ്റി. പീഡിയാട്രിക് ബ്ലോക്ക് നിർമ്മാണത്തിനുള്ള 200 കോടി രൂപയുടെ റിവൈസ്ഡ് പ്രൊപ്പോസൽ ഉൾപ്പെടെയുള്ള ഡി.പി.ആർ. ഡിസൈൻ

അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. അത് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി സമർപ്പിക്കാൻ ആവശ്യപ്പെട്ട് എസ്.പി.വി-ക്ക് മടക്കി നൽകിയിട്ടുണ്ട്.

Strengthening of Imageology Block (43.75 കോടി രൂപ) പ്രവൃത്തി വേഗത്തിൽ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി സ്ഥാപിക്കേണ്ട മൊബൈൽ ഡിജിറ്റൽ റേഡിയോഗ്രാഫി, ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം (മോഡൽ എ), മൊബൈൽ 100 mA എക്സ്-റേ മെഷീൻ, സി.റ്റി. സ്കാൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എം.ആർ.ഐ., USS Machine, DR Unit തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി രണ്ടുമാസത്തിനകം പൂർത്തിയാക്കാൻ കഴിയും.

CCTV/Camera Surveillance system (14.15 കോടി രൂപ) സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. Control room സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കി ഈ പ്രവൃത്തി ഉടൻതന്നെ നടപ്പിലാക്കാൻ കഴിയും. കൺവെൻഷണൽ മോഡലിലുള്ള മൾട്ടി ലെവൽ കാർ പാർക്കിങ് സിസ്റ്റം

സ്ഥാപിക്കുന്നതിനായുള്ള 63 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കിഫ്ബിയിൽ സ്വീകരിച്ചുവരുന്നു. ന്യൂക്ലിയാർ മെഡിസിൻ വിഭാഗത്തിന്റെ ശാക്തീകരണത്തിനായി 3.9 കോടി രൂപയുടെ ഫണ്ട് ലഭ്യമായിട്ടുണ്ട്. നിർവഹണ ഏജൻസിയായ പി.ഡബ്ല്യൂ.ഡി.-ക്ക് ഫണ്ട് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഒ.റ്റി. ബ്ലോക്ക്, എസ്.എ.റ്റി. ബ്ലോക്ക് എന്നിവയ്ക്ക് ആവശ്യമായ എക്യുപ്മെന്റ്സ്, ഫർണിച്ചർ എന്നിവയുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൂന്നാംഘട്ടത്തിൽ ഉൾപ്പെടുന്ന Residential block നിർമ്മാണത്തിനായി 76 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം ഓരോ പ്രവൃത്തികളും പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിരുന്ന സമയപരിധി വിശദമാക്കാമോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും എപ്പോൾ പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ?

(ബി&സി) മാസ്റ്റർ പ്ലാൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഡി.പി.ആർ. പദ്ധതി നിർവഹണ ഏജൻസി സമർപ്പിക്കുന്ന കിഫ്ബി മാനദണ്ഡങ്ങൾക്കനുസരിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഡിസൈൻ അംഗീകാരം, എസ്റ്റിമേറ്റ് അംഗീകാരം, സാമ്പത്തികാനുമതി, തുടർന്ന് പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്സ് അംഗീകാരം എന്നിവ എത്രയുംവേഗം നൽകാനുള്ള നടപടികൾ കിഫ്ബി കൈക്കൊള്ളാറുണ്ട്.

പദ്ധതി നിർവഹണ ഏജൻസി നൽകിയ വിവരപ്രകാരം നിലവിലെ വർക്കുകളുടെ പുരോഗതി ഇപ്രകാരമാണ്.

External roads, elevated corridor തുടങ്ങിയ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. Strengthening of Imageology പ്രവൃത്തികൾ മാർച്ച് 31-നകം പൂർത്തീകരിക്കും. MLT block 2025 മാർച്ച് 31-ന് പൂർത്തീകരിക്കും. OT ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള ടെൻഡർ ചെയ്തിട്ടുണ്ട്. ടെൻഡർ തുറക്കുന്ന തീയതി 10-02-2025 ആണ്. ടെൻഡർ ഏറ്റെടുക്കുന്ന മുറയ്ക്ക് പൂർത്തീകരണ കാലാവധി നിശ്ചയിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. CCTV/Camera Surveillance system സ്ഥാപിക്കുന്നതിനുള്ള കൺട്രോൾ

ൂമിനുവേണ്ടിയുള്ള സ്ഥലം കണ്ടെത്തുകയും പൊതുമരാമത്ത് വിഭാഗത്തിനെക്കൊണ്ട് നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ട തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. CCTV/Camera Surveillance system സ്ഥാപിക്കുന്നതിനുള്ള സാങ്കേതികാനുമതി ലഭ്യമായാൽ ഉടൻ പൂർത്തീകരണ കാലാവധി നിശ്ചയിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

Cable Shifting: കേബിളുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. പൊതുമരാമത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന ഈ പ്രവൃത്തിയുടെ 95 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

Augmentation of water supply (KWA): ആഗ്മെന്റേഷൻ ഓഫ് വാട്ടർ സപ്ലൈ എന്ന പദ്ധതിയുടെ ഭാഗമായ പണികൾ കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

RMU & Transformer Shifting: ടി പ്രവൃത്തി കെ.എസ്.ഇ.ബി.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഫെബ്രുവരി അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും.

(ഡി) നിലവിലെ നിർവഹണ ഏജൻസിയായ ഇൻകെലിന് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമോ; വിശദമാക്കാമോ?

മാസ്റ്റർ പ്ലാനിന്റെ നിലവിലെ നിർവഹണ ഏജൻസിയായ INKEL-ന് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാവുന്നതാണ്.

(ഇ) മാസ്റ്റർ പ്ലാൻ പ്രകാരം അവശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മാസ്റ്റർ പ്ലാൻ പ്രകാരം അവശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച ശിപാർശയൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ലെന്ന് ഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്.

കിഫ്ബി മസാല ബോണ്ട്

32 (423) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ടിലൂടെ കിഫ്ബി സമാഹരിച്ച തുക, മുതലും പലിശയും ഉൾപ്പെടെ തിരിച്ചടയ്ക്കേണ്ട തുക, നാളിതുവരെ തിരിച്ചടച്ച തുക എന്നിവ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ?

2019 കിഫ്ബി മസാല ബോണ്ടിലൂടെ 2150 കോടി രൂപ സമാഹരിച്ചിരുന്നു. 2024 മാർച്ച് മാസം ഈ തുക പൂർണമായും കിഫ്ബി തിരിച്ചടച്ചു. ബോണ്ട് കാലാവധിയായ 5 വർഷത്തിനിടയിൽ മുതലും പലിശയും ഉൾപ്പെടെ 3,195 കോടി രൂപ കിഫ്ബി അടച്ചിട്ടുണ്ട്.

(ബി) ഏത് കമ്പനി മുഖേനയാണ് മസാല ബോണ്ടിലൂടെ കിഫ്ബി പണം സമാഹരിച്ചതെന്നും പ്രസ്തുത കമ്പനിയെ കണ്ടെത്തിയ രീതി എപ്രകാരമായിരുന്നുവെന്നും വ്യക്തമാക്കുമോ?

കിഫ്ബി മസാല ബോണ്ടിലൂടെ പണം സമാഹരിച്ചത് ഏതെങ്കിലും ഒരു പ്രത്യേക കമ്പനിയിലൂടെയല്ല. അന്താരാഷ്ട്ര ബോണ്ട് മാർക്കറ്റിലെ

നടപടിക്രമങ്ങൾ പാലിച്ച് റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങൾക്കും വിധേയമായാണ് കിഫ്ബി മസാല ബോണ്ട് നിക്ഷേപകർക്കായി വിപണിയിൽ ലഭ്യമാക്കിയത്. ഇതിന് വിവിധ ബാങ്കുകൾ, നിയമ ഉപദേശക സ്ഥാപനങ്ങൾ, റേറ്റിങ് ഏജൻസികൾ, ട്രസ്റ്റീ സർവീസ് സ്ഥാപനങ്ങൾ എന്നിവയുടെ സേവനം ലഭ്യമാക്കിയിരുന്നു. ഇവരെയെല്ലാം നിയമിച്ചത് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചായിരുന്നു. അസറ്റ് മാനേജേഴ്സ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ്, പ്രൈവറ്റ് വെൽത്ത് മാനേജേഴ്സ് എന്നീ വിവിധ ശ്രേണികളിൽനിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിക്ഷേപം നടത്തിയത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുമായിരുന്നുള്ളൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരായിരുന്നു.

(സി) 2018 നവംബർ 16-ന് സി.ഡി.പി.ക്യു. കമ്പനിയുടെ പ്രതിനിധികൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ഏത് വിഷയത്തിന്മേലാണ് ചർച്ച നടന്നതെന്നും പ്രസ്തുത ചർച്ചയിൽ ആരൊക്കെ പങ്കെടുത്തുവെന്നും എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തതെന്നും അറിയിക്കുമോ?

അന്നേവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്തിട്ടുള്ള മസാല ബോണ്ടുകളിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി ചർച്ചകൾ നടത്തിയിരുന്നു. മറ്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിങ് സ്ഥാപങ്ങളിൽനിന്നും വളരെ വ്യത്യസ്തമായ കിഫ്ബിയുടെ ഘടനയും പ്രവർത്തനരീതികളും ഒരു നിക്ഷേപകൻ എന്നുള്ള രീതിയിൽ വിലയിരുത്തുന്നതിനായി സി.ഡി.പി.ക്യു. എന്ന കമ്പനിയുടെ പ്രതിനിധികൾ കിഫ്ബിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. 2018 നവംബർ 16-ന് സി.ഡി.പി.ക്യു. കമ്പനിയുടെ പ്രതിനിധികൾ ഇത്തരത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ, വിഭവസമാഹരണ രീതികൾ, അവയുടെ വിതരണരീതി എന്നിവ സംബന്ധിച്ച ഒരു

പ്രെസന്റേഷൻ സി.ഡി.പി.ക്യു. കമ്പനിയുടെ പ്രതിനിധികൾക്കായി നൽകിയിരുന്നു.

2018 നവംബർ 16-ന് പ്രസ്തുത ചർച്ചയിൽ സി.ഡി.പി.ക്യു. കമ്പനിയെ പ്രതിനിധീകരിച്ച് താഴെപ്പറയുന്ന വ്യക്തികൾ പങ്കെടുത്തു.

- ശ്രീമതി അനിത മരങ്കൊലി ജോർജ്, സീനിയർ വൈസ് പ്രസിഡന്റ്, ഗ്രോത്ത് മാർക്കറ്റ്സ്.
- ശ്രീ. വീറ്റോ ടെലർബാ - ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ്, സോവറിൻ ഡെബ്റ്റ്
- ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ് - ഇന്ത്യ

പ്രധാനമായും സർക്കാർ-അർധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് സി.ഡി.പി.ക്യു.

2018 നവംബർ 16-ന് കിഫ്ബിയുമായുള്ള ചർച്ചകൾക്കുശേഷം സി.ഡി.പി.ക്യു. കമ്പനിയുടെ പ്രതിനിധികൾ അന്നത്തെ ധനകാര്യ

വകുപ്പുമന്ത്രിയെ സന്ദർശിച്ചിരുന്നു. സംസ്ഥാനത്തിന്റെ ഗ്യാരന്റിയുടെ പുറത്ത് കിഫ്ബി സമാഹരിക്കുന്ന വായ്പയായതിനാലാണ് ഇത്തരമൊരു സന്ദർശനം നടത്തിയത്. സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്ക് സുപ്രധാന പങ്ക് വഹിക്കുന്ന കിഫ്ബിക്ക് സർക്കാരിനുള്ള പ്രതിബദ്ധത ഉറപ്പുവരുത്താൻ ഈ സന്ദർശനം മുഖേനയായി.

(ഡി) പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വളരെ ഹ്രസ്വസമയം മാത്രം നീണ്ടുനിന്ന ഉപചാര സന്ദർശനമായതിനാൽ പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടില്ല.

കിഫ്ബിയുടെ പ്രവർത്തനങ്ങൾ

33 (424) ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സാമ്പത്തിക ഉപരോധ സമാനമായ സാഹചര്യം നേരിടുമ്പോഴും ബോധപൂർവം അനാവശ്യ വിവാദങ്ങളുണ്ടാക്കി കേരളത്തെ

സാമ്പത്തികമായി തകർക്കാൻ ചില ഏജൻസികൾ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളത്തിലെ അടിസ്ഥാനസൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ കിഫ് ആക്ട്, 1999-ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റാണ് കിഫ്ബി. നാളിതുവരെ 87,521.36 കോടിയിൽപ്പരം രൂപയുടെ 1147 പദ്ധതികൾക്ക് കിഫ്ബി ബോർഡ് അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതികൾക്കായി രാജ്യത്തെ നിയമവ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് കിഫ്ബി ധനസമാഹരണം നടത്തിവരുന്നു. ഇതിനോടകം 29,450 കോടിയിലധികം രൂപ ധനവിപണിയിൽനിന്നും ഇത്തരത്തിൽ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ വികസന മുഖച്ഛായ സമഗ്രമായി മാറ്റുന്ന ഇടപെടലാണ് കിഫ്ബി മുഖേന സർക്കാർ ചെയ്തു വരുന്നത്. അപ്രായോഗികമായ വികസന മാതൃകയെന്ന് പ്രവചിച്ചവർ പോലും പിന്നീട് അത് തിരുത്തിപ്പറയുന്ന രീതിയിലുള്ള പ്രവർത്തനമാണ് കിഫ്ബി വഴി നടന്നുവരുന്നത്. ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റിലും

കിഫ്ബി ഒരു നൂതന ധനകാര്യ സ്ഥാപനം എന്ന രീതിയിൽ ശ്രദ്ധിക്കപ്പെട്ടു. ഇത്തരത്തിൽ കിഫ്ബി മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന അവസരത്തിലാണ് വിവിധ കേന്ദ്ര ഏജൻസികളെയും റെഗുലേറ്ററി ഏജൻസികളെയും ഉപയോഗിച്ച് അതിനെ തടസ്സപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നത്.

പൊതുമധ്യത്തിൽ കിഫ്ബിയെ മോശപ്പെടുത്താനും നിക്ഷേപകരിൽ പരിഭ്രാന്തി സൃഷ്ടിച്ച് കിഫ്ബിയിലേക്ക് വരേണ്ട നിക്ഷേപങ്ങളെ തടസ്സപ്പെടുത്താനും അതുവഴി നിലവിൽ ലക്ഷ്യം വച്ചിരിക്കുന്ന വികസനപ്രവർത്തനങ്ങളെ അവതാളത്തിലാക്കാനും ഇക്കൂട്ടർ നിരന്തരം ശ്രമിക്കുകയാണ്. ഈ നീക്കം ഒരിക്കലും അനുവദിച്ചുകൂടാ എന്നുമാത്രമല്ലാ സംസ്ഥാനത്തിന്റെയും പൊതുജനങ്ങളുടെയും താൽപര്യങ്ങളെ സംരക്ഷിക്കുന്നതിനായി സമൂഹമധ്യത്തിൽ ഇക്കൂട്ടരെയും അവരുടെ ദുഷ്ടലാക്കോടെയുള്ള പ്രവർത്തനങ്ങളെയും തുറന്നുകാട്ടേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ സർക്കാർ തീർച്ചയായും സ്വീകരിക്കുന്നതാണ്.

(ബി) അടിസ്ഥാന സൗകര്യവികസനമെന്ന ലക്ഷ്യത്തിലേക്ക് സംസ്ഥാനത്തെ കൈപിടിച്ചുയർത്തുന്നതിൽ കിഫ്ബി നൽകിയിട്ടുള്ള സംഭാവനകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

2016-ൽ കേരള നിയമസഭ ഐകകണ്ഠ്യേനയാണ് കിഫ്ബി ഭേദഗതി നിയമം പാസ്സാക്കിയത്. 50,000 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളാണ് തുടക്കത്തിൽ കിഫ്ബി മുഖേന വിഭാവനം ചെയ്തിരുന്നത്. എന്നാൽ വിവിധ വകുപ്പുകളിലായി 87,521.36 കോടിയിൽപ്പരം രൂപയുടെ 1147 പദ്ധതികൾക്ക് കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 67,521.36 കോടി രൂപയുടെ 1140 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തിട്ടുള്ള 20,000 കോടി രൂപയുടെ 7 പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി+ ചേർക്കുന്നു. ഇതിനോടകം 33,10 കോടി രൂപ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. 19,249.24 കോടി രൂപയുടെ പദ്ധതികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡിന്റെ ആദ്യഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസംവന്നെങ്കിലും, കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവഹണം ഒരു പരിധിവരെ തടസ്സമില്ലാതെ തുടരാൻ കഴിഞ്ഞു. പദ്ധതികൾക്കുള്ള ഫണ്ട് തടസമില്ലാതെ കരാറുകാരിലും അതുവഴി തൊഴിലാളികളിലും എത്തിക്കുക വഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ ആ പ്രതിസന്ധി ഘട്ടത്തിലും കിഫ്ബി മുഖേനയുള്ള പദ്ധതികൾക്കായി.

ഇങ്ങനെ വൻകിട അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ, ഐ.ടി., വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജം തുടങ്ങിയ വിവിധ മേഖലകളിലെ നിരവധി

പദ്ധതികൾ യാഥാർഥ്യമാകുന്നതോടൊപ്പം സാമ്പത്തികമേഖലയെ ചലനാത്മകമാക്കാനും കിഫ്ബിയുടെ പ്രവർത്തനങ്ങൾ സഹായകരമായി.

(സി) വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയുടെ സ്ഥാപനം ലക്ഷ്യമിട്ട് കിഫ്ബി നടപ്പാക്കുന്ന പദ്ധതികൾ സംസ്ഥാനത്തെ മികവിന്റെ കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനുകൂടി പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖേന പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് & പോർട്ട്സ് വകുപ്പ്, സയൻസ് & ടെക്നോളജി വകുപ്പ് എന്നിവയ്ക്ക് കീഴിലായി കാര്യമായ സംഭാവനയാണ് നൽകിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഹൈ-ടെക് ക്ലാസ് റൂമിനായി 493.50 കോടി രൂപയുടെയും LP&UP സ്കൂളുകളിൽ ഹൈ-ടെക് ലാബുകൾ നിർമ്മിക്കുന്നതിനായി 292 കോടി രൂപയുടെയും സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2423.51 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ

ഫിഷറീസ് & പോർട്ട്സ് വകുപ്പിനുകീഴിലായി 57 തീരദേശ സ്കൂളുകൾക്ക് 67.50 കോടി രൂപയുടെയും അംഗീകാരം കിഫ്ബി നൽകിക്കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ പദ്ധതികൾക്കായി ആകെ 1,847.81 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. ഇതിൽ 63 കോളേജുകളിലെയും 8 പോളിടെക്നിക് കോളേജുകളിലെയും 7 എഞ്ചിനീയറിങ് കോളേജുകളിലെയും അടിസ്ഥാനസൗകര്യ വികസനം മെച്ചപ്പെടുത്തലും പിണറായി എഡ്യൂക്കേഷൻ ഹബ്ബും യൂണിവേഴ്സിറ്റികളെ മെച്ചപ്പെടുത്തുവാനുള്ള 9 പദ്ധതികളും മൂന്ന് കോളേജുകളിലെ ഹോസ്റ്റൽ നിർമ്മാണവും 3 ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളും ഉൾപ്പെടുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിനുകീഴിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിലും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസിലും മൈക്രോബയോമിലും ന്യൂട്രാസ്യൂട്ടിക്കൽസിലും മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി കിഫ്ബി 57.54 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അടിസ്ഥാനകര്യ വികസന വളർച്ചയിൽ വിദ്യാഭ്യാസ മേഖലയിലെ പുരോഗതിക്കും ശക്തമായ സംഭാവനയാണ് കിഫ്ബി നൽകിവരുന്നത്.

(ഡി) സാമ്പത്തിക ഇടനാഴികളുടെ വികസനത്തിനായി കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വ്യാവസായിക സാമ്പത്തിക മേഖലയുടെ വികസനത്തിനായി കിഫ്ബി മുഖേന വ്യവസായിക പാർക്കുകളുടെയും കൊച്ചി-ബാംഗ്ലൂർ വ്യവസായിക ഇടനാഴിയുടെയും അതിന്റെ അനുബന്ധ ഗ്ലോബൽ സിറ്റിയുടെയും സ്ഥലമേറ്റെടുപ്പിനുള്ള അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. എറണാകുളത്ത് പെട്രോകെമിക്കൽ ആൻഡ് ഫാർമ പാർക്ക് സ്ഥാപിക്കുന്നതിനായുള്ള സ്ഥലമേറ്റെടുപ്പിനായി 977.46 കോടി രൂപയുടെയും തിരുവനന്തപുരത്തെ ബയോ ലൈഫ് സയൻസ് പാർക്ക് - രണ്ടാംഘട്ടം ഭൂമി ഏറ്റെടുക്കലിനായി 301.17 കോടി രൂപയുടെയും വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് കണ്ണൂരിലും പാലക്കാടും ഭൂമി ഏറ്റെടുക്കലിനായി 12,710 കോടി രൂപയുടെയും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി (KBIC) പദ്ധതിക്കുള്ള ഭൂമിയേറ്റെടുക്കാനായി 1,374 കോടി രൂപയുടെയും KBIC ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ഗ്ലോബൽ സിറ്റിയുടെ വികസനത്തിനായി 840 കോടി രൂപയുടെയും അംഗീകാരമാണ് കിഫ്ബി നൽകിയിട്ടുള്ളത്.

ഇതുകൂടാതെ കൊല്ലം പുനലൂർ വ്യവസായിക സാമ്പത്തിക വളർച്ചാ മുനമ്പ് (Vizhinjam Kollam Punalur Industrial and Economic Growth Triangle) എന്നൊരു ബൃഹത് പദ്ധതി നടപ്പാക്കുന്നതിന് കിഫ്ബി തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. കമ്മീഷനിങിന് സജ്ജമായിക്കൊണ്ടിരിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ മദർഷിപ് പോർട്ടായ വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്മെന്റ് തുറമുഖത്തിന്റെ സാധ്യതകൾ കേരളത്തിന് പ്രയോജനപ്പെടുത്തുന്നതിനാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

കിഫ്ബിയുടെ വായ്പകൾ

34 (425) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ വിവിധ അക്കൗണ്ടുകളിലായി നിലവിൽ എത്ര തുക നീക്കിയിരിപ്പുണ്ട്; കണക്ക് ലഭ്യമാക്കുമോ?

31-12-2024 ലിമിറ്റഡ് റിവ്യൂ കണക്കുകൾ പ്രകാരം കിഫ്ബിയുടെ വിവിധ അക്കൗണ്ടുകളിലായി 7276,04,88,175 രൂപ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കിഫ്ബി ആരംഭിച്ചതിനുശേഷം നാളിതുവരെ എന്ത് തുക സമാഹരിച്ചിട്ടുണ്ടെന്ന വിവരം ഇനവും വർഷവും തിരിച്ച് ലഭ്യമാക്കുമോ?

2015-16 സാമ്പത്തിക വർഷം മുതൽ 31-01-2025 വരെയുള്ള കാലയളവിൽ കിഫ്ബി സമാഹരിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) വിവിധ ഏജൻസികളിൽനിന്നും കിഫ്ബി എടുത്ത വായ്പകൾക്ക് തിരിച്ചടവ് ആരംഭിക്കുന്ന തീയതി, തിരിച്ചടവ് കാലാവധി, നാളിതുവരെ തിരിച്ചടച്ച തുക എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

വിവിധ ഏജൻസികളിൽനിന്നും കിഫ്ബി എടുത്ത വായ്പകൾക്ക് തിരിച്ചടവ് ആരംഭിക്കുന്ന തീയതി, തിരിച്ചടവ് കാലാവധി, നാളിതുവരെ തിരിച്ചടച്ച തുക എന്നീ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) കിഫ്ബിയുടെ ഏതെങ്കിലും വായ്പകളോ ബോണ്ടുകളോ വിദേശ കറൻസി നിരക്കിൽ തിരിച്ചടയ്ക്കേണ്ടതുണ്ടോ; എങ്കിൽ അത്തരം വായ്പകളുടെയും ബോണ്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കിഫ്ബിയുടെ ഏതെങ്കിലും വായ്പകളോ ബോണ്ടുകളോ വിദേശ കറൻസി നിരക്കിൽ തിരിച്ചടയ്ക്കേണ്ടതായില്ല.

കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയുടെ നിർമ്മാണം

35 (426) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലൂടെ കടന്നുപോകുന്നതും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതുമായ മലയോര ഹൈവേയുടെ നിർമ്മാണം 12 മീറ്റർ വീതി ലഭ്യമല്ലാത്തതിനാൽ ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോതമംഗലം നിയോജകമണ്ഡലത്തിൽ മലയോര ഹൈവേയുടെ ഭാഗമായി വിഭാവന ചെയ്തിരിക്കുന്ന ചെറങ്ങാനാൽ മുതൽ നേര്യമംഗലം വരെയുള്ള 31.5 കിലോമീറ്റർ ഭാഗത്ത് 3 സ്റ്റെച്ചുകളായാണ് ഡി.പി.ആർ. തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ ആദ്യ സ്റ്റെച്ചായ ചെറങ്ങാനാൽ മുതൽ കാഞ്ഞിരക്കുന്ന് വരെയുള്ള 13.4 കിലോമീറ്റർ ഭാഗത്തെ പ്രവൃത്തിക്ക് 20-03-2022-ലെ PWD013-09/APR-2/2022/KIIFB നമ്പർ നടപടിക്രമ

ഉത്തരവ് പ്രകാരം 65.57 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിൽ ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽനിന്ന് ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ലഭ്യമാക്കി BM&BC നിലവാരത്തിൽ റോഡ് നിർമ്മിക്കുന്നതിനാണ് മലയോര ഹൈവേ വിഭാവന ചെയ്തിരിക്കുന്നത്. എന്നാൽ ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാകാത്തതിനെത്തുടർന്ന് ആദ്യ റീച്ച് സാങ്കേതികാനുമതിക്കായി അന്തിമമാക്കാൻ സാധിച്ചിട്ടില്ലെന്നാണ് നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. റിപ്പോർട്ട് ചെയ്തിരിക്കുന്നത്. നിർവഹണ ഏജൻസി റിപ്പോർട്ട് ചെയ്തതനുസരിച്ച് കോട്ടപ്പടി-8.58 മീറ്റർ, പിണ്ടിമന-7.43 മീറ്റർ, കീരംപാറ -7.97 മീറ്റർ, കോതമംഗലം-8.26 മീറ്റർ, നേര്യമംഗലം- 8.01 മീറ്റർ എന്നിങ്ങനെ മാത്രമാണ് ഓരോ വില്ലേജുകളിലും ലഭ്യമായ ശരാശരി വീതി. ബഹുമാനപ്പെട്ട എം.എൽ.എ., എറണാകുളം ജില്ലാ കളക്ടർ, ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണർ, പൊതുമരാമത്ത് വകുപ്പ്, കിഫ്ബി, കെ.ആർ.എഫ്.ബി. ഉന്നത ഉദ്യോഗസ്ഥർ എന്നീ തലങ്ങളിൽ പല മീറ്റിങ്ങുകളും നടത്തിയെങ്കിലും പ്രശ്നപരിഹാരം സാധ്യമായിട്ടില്ല. കൂടാതെ

റോഡിനായി ഏറ്റെടുക്കേണ്ട വനഭ്രമിയുടെ ഒന്നാംഘട്ട അംഗീകാരത്തിനായി പുതിയ നഷ്ടപരിഹാര വനവൽക്കരണം ഏറ്റെടുക്കുന്നതിന് ബദൽ ഭ്രമി കണ്ടെത്തേണ്ടതുണ്ട്. പ്രസ്തുത റോഡിന്റെ രണ്ടാമത്തെ സ്റ്റെച്ചായ കാഞ്ഞിരക്കുന്ന് മുതൽ നാടുകാണി വരെയും മൂന്നാമത് സ്റ്റെച്ചായ നാടുകാണി മുതൽ നേര്യമംഗലം വരെയുമുള്ള ഭാഗത്തിന്റെ ഡി.പി.ആർ. നിർവഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും ഫ്രീ സറണ്ടറായി ഭ്രമി ലഭ്യമാക്കുന്ന വിഷയത്തിൽ തീരുമാനമാകാത്ത സാഹചര്യത്തിൽ ധനാനുമതി നൽകിയിട്ടില്ല.

(ബി) മലയോര ഹൈവേ കടന്നുപോകുന്ന കോതമംഗലം മണ്ഡലത്തിലെ പ്രദേശങ്ങളിൽ 12 മീറ്റർ വീതി ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത റോഡ് അടിയന്തരമായി ബി.എം.ബി.സി. ടാറിങ് ചെയ്ത് നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റോഡിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് രണ്ട് റീച്ചുകളിലായി മെയിന്റനൻസ് പ്രവൃത്തികൾ കെ.ആർ.എഫ്.ബി. മൂവാറ്റുപുഴ/ഇടുക്കി

ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ കീഴിൽ നിർവഹിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത കാര്യാലയത്തിൽനിന്നും നിലവിലെ റോഡ് മെയിന്റനൻസ് ചെയ്യുവാൻ പൊതുമരാമത്ത് വകുപ്പ് കോതമംഗലം റോഡ്സ് വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും നിർവഹണ ഏജൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലയോര ഹൈവേ നിർമ്മാണത്തിന് 12 മീറ്റർ വീതിയിൽ Right of Way ആവശ്യമാണെന്നിരിക്കെ നിലവിൽ ലഭ്യമായ വീതിയിൽ നിർമ്മാണ പ്രവർത്തനം നടത്താൻ കിഫ്ബി മാനദണ്ഡപ്രകാരം സാധിക്കുകയില്ല.

ചാത്തന്നൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

36 (427) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക വികസന ഫണ്ടിൽ തുക അവശേഷിക്കാത്ത സാഹചര്യത്തിൽ 2020-21 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തന്നൂരിലെ വിവിധ സർക്കാർ ഓഫീസുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഇരുപത് ലക്ഷം രൂപയുടെ

പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി പ്രത്യേകാനുമതി അവശ്യപ്പെട്ട് എം.എൽ.എ. പുനർസമർപ്പിച്ച നിവേദനം (ഫയൽ നമ്പർ NC-B2/112/ 2023, കമ്പ്യൂട്ടർ നമ്പർ 8995020) സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) ചാത്തന്നൂർ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി 2020-21-ൽ ഉൾപ്പെടുത്തി Village office Parippally, Govt. Homeo Dispensary Kalluvathukkal എന്നിവയുടെ maintenance പ്രവൃത്തികൾക്ക് 20,00,000/- രൂപ അനുവദിക്കുന്നതിനും ടി വ്യത്യസ്ത പ്രവൃത്തികൾ ഒറ്റ പ്രവൃത്തിയായി പരിഗണിക്കുന്നതിനും 04-02-2025-ലെ സ.ഉ.(സാധാ)നം.1052/2025/FIN. പ്രകാരം പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണലൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

37 (428) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 വരെ ഏതെല്ലാം പദ്ധതികൾക്കാണ് മണലൂർ മണ്ഡലത്തിൽനിന്നും ശിപാർശ നൽകിയിട്ടുള്ളത്; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഇനി ഭരണാനുമതി നൽകാനുള്ളവ ഏതൊക്കെയാണെന്നും അവയ്ക്ക് ഇതുവരെ ഭരണാനുമതി നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ?

(എ-ഡി) മണലൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 വരെ ശിപാർശ ചെയ്ത പദ്ധതികൾ, അവയിൽ ഭരണാനുമതി ലഭിച്ചവ, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, ഇനിയും ഭരണാനുമതി നൽകാനുള്ളവ, ഭരണാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണം എന്നിവ അനുബന്ധമായി[+] പട്ടികയിൽ ചേർത്തിരിക്കുന്നു.

(ഇ) ബാക്കിയുള്ള പ്രവൃത്തികൾക്ക് എത്രയുംവേഗം ഭരണാനുമതി നൽകാൻവേണ്ട നടപടിയെടുക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ബാക്കിയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, തൃശ്ശൂർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആസ്തി വികസന ഫണ്ട്

38 (429) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) നിലവിലെ മാനദണ്ഡങ്ങളിൽപ്പെടാത്ത ജനോപകാരപ്രദമായ പദ്ധതികൾകൂടി ഉൾപ്പെടുത്തി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ പ്രത്യേക വികസനനിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും മാർഗനിർദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും മാർഗനിർദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.

ആസ്തി വികസന ഫണ്ടിൽനിന്ന് വിദ്യാലയങ്ങൾക്ക് വാഹനം

39 (430) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടുപയോഗിച്ച് കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് വാഹനങ്ങൾ വാങ്ങാൻ പ്രൊപ്പോസലുകൾ നൽകിയതെന്നും അതിൽ ഏതെല്ലാം സ്കൂളുകൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വർഷം, തുക തിരിച്ച് വിശദാംശങ്ങൾ നൽകാമോ?

ആസ്തി വികസന ഫണ്ടുപയോഗിച്ച് കാഞ്ഞങ്ങാട് മണ്ഡലത്തിലെ വാഹനങ്ങൾ വാങ്ങാൻ പ്രൊപ്പോസലുകൾ നൽകിയ സ്കൂളുകൾ, അതിൽ ഭരണാനുമതി ലഭിച്ച വർഷം, തുക എന്നിവ തിരിച്ച് വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും വാഹനങ്ങൾ ലഭിക്കാത്ത വിദ്യാലയങ്ങളുണ്ടോ; എങ്കിൽ വിദ്യാലയം തിരിച്ച് കാരണം വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2018-19, 2019-20, 2022-23 വർഷങ്ങളിലെ പദ്ധതി പൂർത്തിയായിട്ടുള്ളതാണ്. 2023-24 വർഷത്തെ പദ്ധതി പ്രകാരം അനുബന്ധത്തിൽ സൂചിപ്പിച്ച സ്കൂളുകൾക്ക് വാഹനങ്ങൾ വാങ്ങാൻ ഭരണാനുമതി ലഭിക്കുകയും അതുൾപ്പടെ തുക അനുവദിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി ഉത്തരവിലെ ശീർഷകം മാറിപ്പോയതിനാൽ അത് തിരുത്തി ലഭ്യമാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ തിരിച്ചയച്ച അപേക്ഷ എൽ.എസ്.ജി.ഡി.-ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് കാസർഗോഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച വാഹനങ്ങൾക്ക് പണം നൽകുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ കുടിശ്ശിക എപ്പോൾ തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കുടിശ്ശികയില്ല.

ഹരിപ്പാട് മണ്ഡലത്തിലെ പ്രവൃത്തികൾ

40 (431) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ 2021-2025 കാലഘട്ടത്തിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ പ്രകാരം അനുവദിക്കപ്പെട്ടതും നിർവഹണം പുരോഗമിച്ചുവരുന്നതും നിരവധി തവണ ടെൻഡർ ചെയ്തിട്ടും കരാറുകാരിൽനിന്നും പ്രതികരണം ലഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഹരിപ്പാട് മണ്ഡലത്തിൽ 2021-2025 കാലഘട്ടത്തിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ പ്രകാരം അനുവദിക്കപ്പെട്ടതും നിർവഹണം പുരോഗമിച്ചുവരുന്നതും നിരവധി തവണ ടെൻഡർ ചെയ്തിട്ടും കരാറുകാരിൽനിന്നും പ്രതികരണം ലഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേൽ പദ്ധതികൾ പ്രകാരം ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി ശിപാർശ നൽകിയിട്ടുള്ള പ്രവൃത്തികളുടെ തൽസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഹരിപ്പാട് നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി 2024-25-ൽ ഉൾപ്പെടുത്തി മുതുകുളം യു.ഐ.റ്റി.-ക്കും കരുവാറ്റ യു.ഐ.റ്റി.-ക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുണമെന്നുള്ള ശിപാർശ പരിശോധനയിലാണ്.

മഞ്ചേശ്വരം മണ്ഡലത്തിലെ ടെൻഡർ സേവിങ്സ് തുക

41 (432) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ടെൻഡർ സേവിങ്സ് തുക കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പൂർണ്ണമായും പൂർത്തീകരിച്ചതും/റദ്ദ് ചെയ്തിട്ടുള്ളതുമായ പ്രവൃത്തികളുടെ ടെൻഡർ സേവിങ്സ് തുക ചുവടെ ചേർക്കും പ്രകാരമാണ്.

സാമ്പത്തിക വർഷം	**ടെൻഡർ സേവിങ്സ്**
2017-18	84,37,964
2018-19	97,82,815
2019-20	78,75,833

ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങൽ

42 (433) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങുന്നതിന് ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് മുഖേന നടപടി പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി അംഗീകൃത ഡീലർമാരിൽനിന്നും ടെൻഡർ മുഖേന വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്നത് പരിഗണനയിലുണ്ടോ;

(സി) മേൽവിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ടെൻഡർ ബാലൻസ്

43 (434) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി എം.എൽ.എ.-യുടെ 2020-2021 വർഷം മുതലുള്ള ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയിൽനിന്നും അനുവദിച്ച പ്രവൃത്തികളുടെ ടെൻഡർ ബാലൻസ് തുക വർഷം തിരിച്ച് നൽകാമോ?

പട്ടാമ്പി എം.എൽ.എ.-യുടെ 2020-2021 വർഷം മുതലുള്ള ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയിൽനിന്നും

അനുവദിച്ച പ്രവൃത്തികളുടെ ടെൻഡർ ബാലൻസ് സംബന്ധിച്ച വർഷം തിരിച്ചുള്ള വിശദാംശങ്ങൾ യഥാക്രമം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

ആസ്തി വികസന ഫണ്ട്

44 (435) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച ഉത്തരവിറക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് എന്നത്തേയ്ക്ക് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും മാർഗനിർദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും മാർഗനിർദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.

വൈപ്പിൻ മണ്ഡലത്തിലെ ആസ്തി വികസന പ്രവൃത്തികൾ

45 (436) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ ടെൻഡർ പോയിട്ടില്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ ടെൻഡർ പോയിട്ടില്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) വൈപ്പിൻകര പോലുള്ള തീരദേശ മണ്ഡലത്തിലെ പ്രവൃത്തികൾ ടെൻഡർ പോവാത്തതിനാൽ തുക നഷ്ടമാകുവാനുള്ള സാധ്യതകളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജനങ്ങളുടെ ഗതാഗത ക്ലേശവും കണക്കിലെടുത്ത് 06-03-19-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 539/2019 ഉത്തരവ് പ്രകാരം നൽകിയിരുന്നതുപോലെ അനുയോജ്യമായ നിരക്കിലുള്ള കോസ്റ്റ് ഇൻഡക്സ് പോലുള്ള ബദൽ മാർഗങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് എം.എൽ.എ. മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ 27-09-24-ന് ധനകാര്യ വകുപ്പിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഫയലിൽ (ഫയൽ നമ്പർ NCB3/86/2024/FIN) നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ഫയലിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി-ഡി) മറ്റു ചില ജില്ലകൾക്ക് ലഭ്യമാകുന്ന കോസ്റ്റ് ഇൻഡക്സ് ആനുകൂല്യം കടലിനാലും പുഴയാലും ചുറ്റപ്പെട്ടുകിടക്കുന്നതും നിർമ്മാണ പ്രവൃത്തിക്ക് കൂടുതൽ തുക ആവശ്യമായി വരുന്നതുമായ വൈപ്പിൻ മണ്ഡലത്തിന് അനുവദിക്കുന്നത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ

27-09-24-ൽ ലഭ്യമാക്കിയ റിപ്പോർട്ട് നിലവിൽ 2831814/NC-B3/86/2024-FIN എന്ന ഫയലിൽ ധനവകുപ്പിന്റെ സജീവ പരിഗണനയിലാണ്.

വർക്കല മണ്ഡലത്തിലെ പദ്ധതികളുടെ ടെൻഡർ സേവിങ്സ്

46 (437) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെൻഡർ സേവിങ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെൻഡർ സേവിങ്സ് തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. പ്രത്യേക വികസന നിധിയിൽ നിലവിൽ ടെൻഡർ സേവിങ്സ് അനുവദനീയമല്ല.

സാമ്പത്തിക വർഷം	ടെൻഡർ സേവിങ്സ്
2021-22	**6,40,641/-** (ആറുലക്ഷത്തി നാൽപതിനായിരത്തി അറുനൂറ്റി നാൽപത്തിയൊന്ന് രൂപ മാത്രം)
2022-23	**45,29,471/-** (നാൽപ്പത്തിഅഞ്ചു ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി നാനൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം)
2023-24	**2,63,862/-** (രണ്ടുലക്ഷത്തി അറുപത്തി മൂവായിരത്തി എണ്ണൂറ്റി അറുപത്തി രണ്ട് രൂപ മാത്രം)

ദേവികുളം മണ്ഡലത്തിലെ പ്രത്യേക വികസനനിധി പ്രവൃത്തികൾ

47 (438) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. പ്രത്യേക വികസനനിധി ഉപയോഗിച്ച് ദേവികുളം മണ്ഡലത്തിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിന് 2021-22 മുതൽ സമർപ്പിച്ച പ്രൊപ്പോസലുകൾ വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വർഷം തിരിച്ച് വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്കല മണ്ഡലത്തിലെ പ്രവൃത്തികൾ

48 (439) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവുകളിൽ ഭരണാനുമതി ലഭിച്ച വർക്കല മണ്ഡലത്തിലെ ആസ്തി വികസന, പ്രത്യേക വികസന ഫണ്ടുകൾ വിനിയോഗിച്ചുള്ള പ്രവൃത്തികളിൽ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികളുടെ ടെൻഡർ നടപടി പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തിന് നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ

49 (441) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അർഹതപ്പെട്ട എന്തെല്ലാം ആനുകൂല്യങ്ങളും ഗ്രാന്റുകളുമാണ് കേന്ദ്ര സർക്കാർ നിഷേധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയായതിന് കാരണമിതാണോയെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക വർഷം 2021-22 മുതൽ 2024-25 വരെയുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിൽ 1857.98 കോടി രൂപയും സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടിൽ (SDMF) 36.35 കോടി രൂപയും ലഭിക്കാനുണ്ട്. കൂടാതെ സമഗ്ര ശിക്ഷാ കേരളം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കേന്ദ്ര-വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്നും 2024-25 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്ര വിഹിതം പി എം ശ്രീ പദ്ധതിയുടെ ധാരണാപത്രം ഒപ്പിടാത്തതിനാൽ ഇതുവരെയും അനുവദിച്ചിട്ടില്ല.

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ്

കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് അർഹമായ തുക ലഭിക്കുന്നില്ല.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്.

ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും റവന്യൂ കമ്മി ഗ്രാന്റ് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി

ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക തദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ഇത്തരത്തിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കാതെയും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചതിനാലും സംസ്ഥാനത്ത് ധനഞെരുക്കം നിലവിലുണ്ട്. ഇത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സമായി ഭവിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം നിഷേധിക്കപ്പെട്ട ഫണ്ടുകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര

മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകിക്കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവഹണം നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ജി.എസ്.ടി. കൗൺസിൽ ഉൾപ്പെടെയുള്ള യോഗങ്ങളിൽ കേരളം ഇക്കാര്യങ്ങളിൽ ശക്തമായ നിലപാട് വ്യക്തമാക്കാറുണ്ട്. എസ്.ജി.എസ്.ടി. വരുമാനത്തിൽ 10-11 ശതമാനം വാർഷിക വർധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഐ.ജി.എസ്.ടി. വാർഷിക വർധനവ് 3 ശതമാനം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ഈ അപാകത പരിഹരിക്കണമെന്നും ധനകാര്യ വകുപ്പുമന്ത്രി 53-ാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, 12-09-2024-ൽ തെലങ്കാന, തമിഴ്നാട്, കർണ്ണാടക, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരെയും ധനകാര്യ സെക്രട്ടറിമാരെയും പ്രഗത്ഭരായ

സാമ്പത്തിക വിദഗ്ധൻമാരേയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഒരു കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കോൺക്ലേവിൽ പ്രതിപക്ഷ നേതാവും പങ്കെടുത്തിരുന്നു. പ്രസ്തുത കോൺക്ലേവിൽ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളെക്കുറിച്ചും 16-ാം ധനകാര്യ കമ്മീഷനിൽ സംസ്ഥാനങ്ങൾക്ക് അർഹമായ സാമ്പത്തിക വിഹിതം ലഭ്യമാക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി. കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച് വിശദമായ നിവേദനം ധനമന്ത്രിമാരുടെ പ്രീ-ബജറ്റ് യോഗത്തിൽ കേരളം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്.

ഇത്തരത്തിൽ വിവിധ സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാനങ്ങൾക്ക് അർഹമായ സാമ്പത്തിക അധികാരങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന് മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

(സി) ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ./ഡി.ആർ. കുടിശ്ശിക, ശമ്പള/പെൻഷൻ പരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങളിൽ

എത്ര കോടി രൂപ അനുവദിക്കാനുണ്ട്; ഈ തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പെൻഷൻകാർക്കുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക മുഴുവനായും ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും കുടിശ്ശികയായ ഡി.എ., ഡി.ആർ., ശമ്പള പരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക കൃത്യമായി കണക്കാക്കിയിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

50 (442) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് പങ്കിടൽ വ്യവസ്ഥ

പുനഃക്രമീകരിച്ചതുമൂലം സംസ്ഥാനത്തിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റം. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന 'കോർ ഓഫ് ദി കോർ' പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. 'കോർ' എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40 ശതമാനം സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിബന്ധനകളിൽ മാറ്റം വരുത്തുവാൻ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. 'കോർ' എന്ന ഗണത്തിലെ

ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40-ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം നിരന്തരം അഭ്യർഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല. ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ അഡ്വാൻസ് രീതിയിൽനിന്നും റീ-ഇംബേഴ്സ്മെന്റ് രീതിയിലേക്ക് മാറിയതിനാൽ ഈ പദ്ധതികൾക്ക് മുൻകൂറായി തുക ചെലവഴിക്കേണ്ടി വരുന്നു. സംസ്ഥാനത്തിന്റെ വിഹിതം കുറയ്ക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസന-ക്ഷേമ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കാൻ കഴിയും.

മേൽ വിവരിച്ച സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്.

(ബി) തൊണ്ണൂറ് ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന കോർ ഓഫ് ദ കോർ പദ്ധതികൾ എത്രയെണ്ണം നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് അനുവദിച്ചുവെന്നും ഇതിനായി ലഭിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

തൊണ്ണൂറ് ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന കോർ ഓഫ് ദ കോർ പദ്ധതികൾ ഒന്നുംതന്നെ പുതുതായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് അനുവദിച്ചിട്ടില്ല. മുൻവർഷങ്ങളിൽ നടപ്പിലാക്കിവരുന്ന കോർ ഓഫ് ദ കോർ പദ്ധതികൾ ഈ വർഷവും തുടരുന്നുണ്ട്.

ധനകാര്യ കമ്മീഷൻ അനുവദിച്ച തുക

51 (443) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം കേന്ദ്ര ധനകാര്യ കമ്മീഷൻ മുതൽ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ വരെ സംസ്ഥാനത്തിന് ഓരോ ധനകാര്യ കമ്മീഷനും അനുവദിച്ച നികുതി വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

പത്താം ധനകാര്യ കമ്മീഷൻ മുതലുള്ള വിവിധ കമ്മീഷൻ കാലയളവുകളിൽ സംസ്ഥാനത്തിന് അനുവദിച്ച നികുതി വിഹിതവും പ്രസ്തുത കമ്മീഷനുകൾ ഓരോന്നും സംസ്ഥാനങ്ങൾക്ക് മൊത്തം നികുതി വിഹിതത്തിൽനിന്നും സംസ്ഥാനങ്ങൾക്ക് അനുവദിച്ച നികുതി വിഹിതവും ചുവടെ ചേർക്കുന്നു.

ധനകാര്യ കമ്മീഷൻ	ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനങ്ങൾക്കുള്ള വിഹിതം	സംസ്ഥാന വിഹിതം
X	വരുമാന നികുതിയുടെയും എക്സൈസ് ഡ്യൂട്ടിയുടെയും 3.875 ശതമാനമാണ് കേരളത്തിന് അർഹതയുണ്ടായിരുന്നത്	
XI	29.5	3.057
XII	30.5	2.665
XIII	32.0	2.341
XIV	42.0	2.500
XV (2020-21)	41.0	1.943
XV (2021-2026)	41.0	1.925

(ബി) പ്രസ്തുത കമ്മീഷനുകൾ ഓരോന്നും സംസ്ഥാനങ്ങൾക്ക് മൊത്തം നികുതി വിഹിതത്തിന്റെ എത്ര ശതമാനമാണ് അനുവദിച്ചിരുന്നതെന്ന് അറിയിക്കാമോ?

പിരിവ് (എ)-യിൽ ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത കമ്മീഷനുകളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിന് അനുവദിച്ച തുക എത്രയാണെന്ന് കമ്മീഷൻ തിരിച്ച് വ്യക്തമാക്കാമോ?

10-ാം ധനകാര്യ കമ്മീഷൻ മുതൽ വിവിധ കമ്മീഷൻ കാലയളവുകളിൽ സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

ധനകാര്യ കമ്മീഷൻ	ആകെ ലഭിച്ച വിഹിതം
10 (1995-2000)	6468.87
11 (2000-2005)	9332.04
12 (2005-2010)	18456.24
13 (2010-2015)	33367.83
14 (2015-2020)	80187.99

15 (2020-21) ഒന്നാം റിപ്പോർട്ട്	11560.40
15 (2021-2026) രണ്ടാം റിപ്പോർട്ട്	78501.62*

*31.01.2025 വരെ

പദ്ധതികളിലെ കേന്ദ്ര സർക്കാർ വിഹിതം

52 (444) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശിക വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ വിവിധ സ്റ്റേറ്റ് നോഡൽ ഏജൻസികളിൽനിന്നും ശേഖരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കണ്ടാലും.

- സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്) തദ്ദേശസ്വയംഭരണ വകുപ്പ്

അമൃത് 2.0-യുടെ 20 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 146.2277 കോടി രൂപ ലഭിച്ചിട്ടില്ല. (Tranche 2 = 48.1582 Cr. & Tranche 3 = 98.0695 Cr.)

- പിന്നാക്ക വിഭാഗ വികസന വകുപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികളിൽ നിലവിൽ കുടിശ്ശികയില്ല. എന്നാൽ 100 ശതമാനം കേന്ദ്ര വിഹിതമുണ്ടായിരുന്ന ഒ.ബി.സി. പോസ്റ്റ്മെട്രിക് പദ്ധതി 60 ശതമാനമായി കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

- സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.)

2023-24 വർഷം സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് കേന്ദ്ര വിഹിതമായി ലഭിക്കേണ്ടിയിരുന്നത് 328.9 കോടി രൂപയായിരുന്നു. പ്രസ്തുത തുക നാല് ഗഡുക്കളായി ലഭിക്കുമെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ കേന്ദ്ര വിഹിതമായി രണ്ട് ഗഡുക്കളായി ആകെ 141.06 കോടി രൂപ മാത്രമാണ് 2024 മാർച്ച് 31-നു മുമ്പ് ലഭിച്ചത്.

2023-24-ൽ ലഭിക്കേണ്ടിയിരുന്ന ബാക്കി തുക 2024 റീ-ഇമ്പേഴ്സ്മെന്റായി ലഭിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് മാത്രമായി നടത്തിയ സപ്ലിമെന്ററി PAB-മീറ്റിങ്ങിൽ 2023-24 വർഷത്തെ റീ-ഇമ്പേഴ്സ്മെന്റായി 153.35 കോടി രൂപയുടെ ഔട്ട് ലേ അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത തുകയിൽ 92.01 കോടി രൂപ കേന്ദ്ര വിഹിതവും ബാക്കി 61.34 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. സപ്ലിമെന്ററി PAB-യ്ക്കുശേഷം 2024-25 വർഷത്തെ പി.എ.ബി. മിനിട്ട്സ് പുതുക്കുകയും പുതുക്കിയ പി.എ.ബി. മിനിട്ട്സ് പ്രകാരം കേന്ദ്ര വിഹിതം 420.91 കോടി രൂപയായി വർധിപ്പിക്കുകയും ചെയ്തു. ഈ തുക നാല് ഗഡുക്കളായി നൽകുമെന്ന് അറിയിച്ചിരുന്നു. എന്നാൽ PMSHRI പദ്ധതിയുടെ ധാരണാപത്രം (MoU) സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ, നാളിതുവരെയും കേന്ദ്ര വിഹിതം അനുവദിച്ചിട്ടില്ല.

സ്റ്റാർസ് പദ്ധതിക്ക് 2023-24 വർഷം കിട്ടേണ്ടിയിരുന്ന കേന്ദ്ര വിഹിതമായ 255.74 കോടിയിൽ 90.33 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. സ്റ്റാർസ് പദ്ധതിക്ക് 2024-25 വർഷം കിട്ടേണ്ടിയിരുന്ന കേന്ദ്രവിഹിതമായ 346.08 കോടിയിൽ 80.74 കോടി രൂപ മാത്രമേ കിട്ടിയിട്ടുള്ളൂ.

- പോലീസ് വകുപ്പ്

"അസ്സിസ്റ്റൻസ് ടു സ്റ്റേറ്റ്സ് /UTs ഫോർ മോഡേണൈസേഷൻ ഓഫ് പോലീസ്" എന്ന കേന്ദ്ര പദ്ധതിയുടെ 2024-2025 സാമ്പത്തിക വർഷത്തേക്കുള്ള നടത്തിപ്പിനായി കേന്ദ്ര വിഹിതമായ 2056.20 ലക്ഷം രൂപ കേന്ദ്ര വിഹിതമായും 1370.80 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതമായും ഉൾപ്പടെ ആകെ 3427 ലക്ഷം രൂപയുടെ അനുമതി ലഭ്യമായിട്ടുള്ളതാണ്. എന്നാൽ, മുൻവർഷങ്ങളിൽ ഈ സ്കീമിനായി അനുവദിച്ച തുകയിൽ ഇനിയും ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന ആകെ തുക 12.5 ശതമാനത്തിൽ കൂടുതലായി അവശേഷിക്കാൻ പാടില്ലെന്ന മാനദണ്ഡം പാലിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ 2024-2025

വർഷത്തിൽ അനുവദിക്കപ്പെട്ട ടി തുക നാളിതുവരെ ലഭ്യമായിട്ടില്ലാത്തതാണ്.

SIS 2017-18 - 2019-20 എന്ന കേന്ദ്ര പദ്ധതിക്ക് 6 കോടി രൂപയുടെ ഭരണാനുമതി (60:40) ലഭിച്ചിരുന്നു. അതിൽ MHA ഓഡിറ്റ് പ്രകാരം 5,51,09,217 രൂപ ചെലവഴിച്ചതിന് കേന്ദ്രാനുമതി ലഭിച്ചു. ഇതിൽ കേന്ദ്ര വിഹിതത്തിന്റെ 90 ശതമാനം തുകയായ 2,97,58,977 രൂപ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി 10 ശതമാനം തുകയായ 33,06,553 രൂപ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

- കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

നൂ ഇന്ത്യ ലിറ്ററസി പദ്ധതിക്ക് 2022-23-ലെ കേന്ദ്രവിഹിതത്തിൽ 25 ശതമാനം കുടിശ്ശികയുണ്ട്.

- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

POA & PCR ACT എന്ന പദ്ധതിയിന്മേൽ 2022-23, 2023-24 എന്നീ വർഷങ്ങളിലായി 1854.26624 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽനിന്ന് കുടിശ്ശിക ഇനത്തിൽ ലഭ്യമാകാനുണ്ട്.

കേന്ദ്ര പദ്ധതിയായ PM-AJAY (Grants-in-aid components) പദ്ധതിയിൽ 2023-24 വർഷത്തെ കേന്ദ്രവിഹിതം 11.28 കോടി രൂപയാണ്. അതിൽ 3.82 കോടി രൂപ കേന്ദ്രത്തിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 7.46 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭ്യമാകാനുണ്ട്.

- <u>പൊതുവിതരണ വകുപ്പിലെ കുടിശ്ശിക</u>

1. NFSA പദ്ധതിയുടെ 2023-2024 വർഷത്തെ ഫൈനൽ സെറ്റിൽമെന്റ് ക്ലെയിമായി അനുവദിക്കേണ്ടത് 26.3296 കോടി രൂപ

2. PMGKAY പദ്ധതി പ്രകാരം പയറുവർഗങ്ങൾ വിതരണം നടത്തിയതിന് 2020-2021 വർഷത്തെ 4.3856 കോടി രൂപ

3. End to End computerization പദ്ധതിയുടെ ഫൈനൽ സെറ്റിൽമെന്റ് ക്ലെയിമായി അനുവദിക്കേണ്ട 1.2174 കോടി രൂപ

4. IMPDS (Integrated Management of Public Distribution System) പദ്ധതിയുടെ നാലാം ഗഡുവായി അനുവദിക്കേണ്ട 0.2656 കോടി രൂപ

- മൃഗസംരക്ഷണ വകുപ്പ്

1. LH & DC ASCAD - Compensation: KL345

2023-24 വർഷത്തിൽ 50:50 അനുപാതത്തിൽ കോമ്പൻസേഷൻ ഇനത്തിൽ 710.37 ലക്ഷം രൂപ കേന്ദ്രസർക്കാർ അംഗീകരിച്ച് ഉത്തരവായെങ്കിലും 177.59 ലക്ഷം രൂപ മാത്രമാണ് പ്രസ്തുത വർഷത്തിൽ അനുവദിച്ചത്. ബാക്കി 532.78 ലക്ഷം രൂപയിൽ 153.22 ലക്ഷം രൂപ 2024-25 വർഷത്തിലെ ആദ്യഗഡുവായി അനുവദിച്ചു. രണ്ടാമത്തെ ഗഡുവായി 229.835 ലക്ഷം രൂപയും അനുവദിച്ചു. കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകാനുള്ള ബാക്കി തുക 149.725 ലക്ഷം രൂപയാണ്.

2. KL-286 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവെ ശമ്പള ഘടകം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ മാർഗനിർദേശങ്ങൾക്കനുസരിച്ച് 50:50 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഫണ്ട് അനുവദിക്കുന്നു.

2014-15 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവെ സാലറി (50% CSS) ഘടകത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

ഇന്റഗ്രേറ്റഡ് സാമ്പിൾ സർവെ സാലറി				
സാലറി (ലക്ഷത്തിൽ)				
സാമ്പത്തിക വർഷം	ചെലവ്	കേന്ദ്ര വിഹിതം	ലഭിച്ച കേന്ദ്ര വിഹിതം	കേന്ദ്ര സർക്കാരിൽ നിന്നുള്ള കുടിശിക
2014-15	188.18	94.09	46.24	47.85
2015-16	204.76	102.38	0	102.38
2016-17	258.8	129.4	98	31.4
2017-18	274.4	137.2	95	42.2
2018-19	273.78	136.89	97.35	39.54
2019-20	287.54	143.77	85	58.77
2020-21	303.84	151.92	99.5	52.42
2021-22	411.66	205.83	182.29	23.54
2022-23	353.29	176.645	87	89.645
2023-24	375.68	187.84	88	99.84
Total	2931.93	1465.965	878.38	587.585

3. KL-285 ലൈവ്സ്റ്റോക്ക് സെൻസസ് (100% CSS)

ഇരുപതാം ലൈവ്സ്റ്റോക്ക് സെൻസസിന്റെ ഫീൽഡുതല പ്രവർത്തനങ്ങളിൽ ഏർപ്പെട്ട സൂപ്പർവൈസർമാർ, എന്യൂമറേറ്റർ എന്നിവർക്കുള്ള ഓണറേറിയം, പ്രിന്റിങ് & സ്റ്റേഷനറി ചാർജസ് എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

എന്യൂമറേറ്റർമാർക്കും സൂപ്പർവൈസർമാർക്കുമുള്ള ഓണറേറിയം	പ്രിന്റിങ് & സ്റ്റേഷനറി ചാർജസ്	ആകെ (ലക്ഷത്തിൽ)
44.7153	20	64.7153

- **<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകേണ്ടത് അവിദഗ്ധ വേതനം (100% കേന്ദ്ര വിഹിതം). മെറ്റീരിയൽ (75% കേന്ദ്ര വിഹിതം), ഭരണ ചെലവ് (100% കേന്ദ്ര വിഹിതം) എന്നീ ഇനങ്ങളിലാണ്. അവിദഗ്ധ വേതന ഇനത്തിൽ 12201.3 ലക്ഷം രൂപയും ഭരണ ചെലവ്

ഇനത്തിൽ 11073.25 ലക്ഷം രൂപയും 03-02-2025-ലെ കണക്ക് പ്രകാരം കേന്ദ്രസർക്കാരിൽനിന്ന് കൂടിശ്ശികയായി ലഭിക്കാനുണ്ട്.

- തദ്ദേശസ്വയംഭരണ വകുപ്പ്

സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിലെ 158,70,16,472/- രൂപയും 2024-25 സാമ്പത്തിക വർഷത്തിലെ (1st quarter) 10,51,53,627/- രൂപയും ഉൾപ്പെടെ ആകെ 1,69,21,70,099/- രൂപ കേന്ദ്രത്തിൽനിന്ന് കൂടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്.

- സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിൽ 100 ശതമാനം കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികളായ സെൻട്രലി സ്പോൺസേർഡ് സ്കീം (CSS) മുഖേന നടപ്പിലാക്കുന്ന (EARAS, RMIS, കൃഷി സെൻസസ്, ഇക്കണോമിക് സെൻസസ്) എന്നിങ്ങനെ 4 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നിലവിലുള്ളത്. ഇതിൽ കൃഷി സെൻസസ്, ഇക്കണോമിക് സെൻസസ് എന്ന സ്കീമുകളിൽ കേന്ദ്രവിഹിതത്തിൽ കൂടിശ്ശിക വരുത്തിയിട്ടില്ല. എന്നാൽ, ആറാമത് മൈനർ ഇറിഗേഷൻ സെൻസസിന് 6,15,410/- രൂപ

കുടിശ്ശികയാണ്. പ്രസ്തുത തുക ഏഴാമത് മൈനർ ഇറിഗേഷൻ സെൻസസിന്റെ ഫണ്ട് അനുവദിക്കുന്നതിനോടൊപ്പം ലഭ്യമാകേണ്ടതാണ്.

EARAS സ്കീമിൽ റീ-ഇമ്പേഴ്സ്മെന്റ് രീതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 56.83, 50.48 കോടി രൂപയായിരുന്ന ഈ സ്കീമിൽ ചെലവായത്. 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്രം 36 കോടി രൂപയുടെ മാത്രം ഭരണാനുമതി ലഭ്യമാക്കുകയും 40 കോടി രൂപ അനുവദിക്കുകയുമാണ് ചെയ്തത്. എന്നാൽ, 2023-24 സാമ്പത്തിക വർഷം പദ്ധതി ചെലവ് 54.67 കോടി രൂപയായിരുന്നു. 2023-24 വർഷം സംസ്ഥാനം ചെലവഴിച്ച തുകയിൽ 14.67 കോടി രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക തുകയും ചേർത്ത് ആകെ 26.89 കോടി രൂപയാണ് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ളത്.

വനം വകുപ്പ് ആസ്ഥാനം

കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ വന്ന കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനിത-ശിശു വികസന വകുപ്പ്

- സ്റ്റേറ്റ് നിർഭയ സെൽ

2023-24 സാമ്പത്തിക വർഷത്തിലെ ജനുവരി, ഫെബ്രുവരി മാസത്തേയ്ക്കുള്ള വൺസ്റ്റോപ്പ് സെന്ററിലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പടെ റെക്കറിങ് ഗ്രാന്റിനത്തിൽ ലഭിക്കാനുള്ള അരിയർ തുകയായ 77,22,400/- രൂപ 2024-25 സാമ്പത്തിക വർഷത്തിലെ പി.എ.ബി. പ്രൊപ്പോസൽ മുഖേന കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ടി തുക ലഭ്യമായിട്ടില്ല.

- പോഷൺ അഭിയാൻ:

പോഷൻ അഭിയാൻ 2.0 മാർഗനിർദേശപ്രകാരം പദ്ധതിയുടെ നിർവഹണ തുക കേന്ദ്ര സംസ്ഥാന സർക്കാർ 60:40 അനുപാതത്തിലാണ്. പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിൽനിന്നും 01-08-2023-ലെ CD-14/12/2023-CD-e1056674 പ്രകാരം 2023-2024 സാമ്പത്തിക വർഷത്തെ APIP-ൽ 89.79 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ടി തുക കേന്ദ്ര സർക്കാരിൽനിന്നും റിലീസ് ലഭ്യമായിട്ടില്ല. 2024-2025 സാമ്പത്തിക

വർഷത്തെ APIP-ൽ 51.91 കോടി രൂപയുടെ അംഗീകാരം ലഭിച്ചതിൽ ഒന്നാമത്തെയും രണ്ടാമത്തെയും ഗഡു കേന്ദ്ര വിഹിതമായ 45,64,99,000/- രൂപ 28-09-2024-ലെ PA/125/2023-CPMU (e-106403) പ്രകാരം ലഭിച്ചിട്ടുണ്ട്.

- അങ്കണവാടി സർവീസസ് (ജനറൽ)

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയിലെ അങ്കണവാടി വർക്കർ/ഹെൽപ്പർ ഓണറേറിയം ഇനത്തിൽ 2023-24 വർഷം സംസ്ഥാനം ചെലവഴിച്ച തുകയിൽ 11526.74 ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭ്യമാകാനുണ്ട്.

- അന്നപൂരക പോഷകാഹാര പദ്ധതി

കേന്ദ്രാവിഷ്കൃത പദ്ധതിയായ അന്നപൂരക പോഷകാഹാര പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം ഒന്നാംഗഡു കേന്ദ്രവിഹിതം കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായിട്ടുണ്ട്. ഒന്നാം ഗഡുവായി ലഭ്യമായ തുകയുടെ 75 ശതമാനം ചെലവഴിക്കുന്ന മുറയ്ക്ക് മാത്രമേ രണ്ടാം ഗഡു ലഭ്യമാവുകയുള്ളൂയെന്ന് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുണ്ട്.

- ഐ.സി.പി.എസ്.

വകുപ്പിന് കീഴിൽ 60:40 എന്ന അനുപാതത്തിൽ നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം വരെ കേന്ദ്രവിഹിതം പൂർണമായും അനുവദിച്ച് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ ഓരോ സാമ്പത്തിക വർഷവും ഫണ്ട് അനുവദിക്കണമെങ്കിൽ SNA അക്കൗണ്ടിൽ ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്രം അനുവദിക്കുന്ന തുകയും ആനുപാതിക സംസ്ഥാന വിഹിതവും ചേർന്ന ബാലൻസ് തുക സംസ്ഥാനത്തിന് ഒന്നാംഗഡുവായി ലഭിക്കേണ്ട തുകയുടെ 25 ശതമാനത്തിനേക്കാൾ കൂടുതലാകാൻ പാടില്ലെന്ന് 05-06-2023-ലെ കേന്ദ്രസർക്കാർ OM No.1/(08)-PFMS/2023-ൽ നിഷ്കർഷിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ മിഷൻ വാത്സല്യ പദ്ധതിക്കായി 32 കോടി രൂപ വരെ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ടതുണ്ട്. നിലവിൽ മുൻവർഷം അനുവദിച്ച തുകയിൽ 7.5 കോടി രൂപ മാത്രമേ നീക്കിയിരിപ്പുള്ളുവെങ്കിലും നടപ്പ് സാമ്പത്തിക വർഷം കേന്ദ്രവിഹിതം അനുവദിച്ച് നൽകിയിട്ടില്ല.

- വിമൺ ഹെൽപ് ലൈൻ പദ്ധതി

കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻശക്തി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ വിമൺ ഹെൽപ് ലൈൻ പദ്ധതി നടപ്പിലാക്കിയതിൽ 2023-24 വർഷം 41,40,000/- രൂപയും 2024-25 വർഷം 27,60,000-രൂപയും ഉൾപ്പെടെ ആകെ 69,00,000/-രൂപ കേന്ദ്രസർക്കാരിൽ കുടിശ്ശികയുണ്ട്.

- <u>സഖിനിവാസ് പദ്ധതി</u>

2024-25 വർഷം 6,48,47,200/-രൂപ കേന്ദ്രവിഹിത ഇനത്തിൽ കേന്ദ്രസർക്കാരിൽ കുടിശ്ശികയുണ്ട്.

- <u>PALNA (മുമ്പ് നാഷണൽ ക്രഷ് സ്കീം)</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ PALNA (മുൻപ് നാഷണൽ ക്രഷ് സ്കീം) സ്കീമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ക്രഷുകൾക്ക് 60:40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ ഗ്രാന്റ് അനുവദിച്ചുവരുന്നു. നിലവിൽ NGO-യുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ക്രഷുകൾക്ക് ആവശ്യമായ ചെലവ് തുക NGO വഹിക്കുകയും പിന്നീട് സർക്കാരിൽനിന്നും റീ-ഇമ്പേഴ്സ് ചെയ്ത്

നൽകുകയുമാണ് ചെയ്തുവരുന്നത്. ഈ ഇനത്തിൽ 2022-23 വർഷം 97,71,990/-രൂപയും 2023-24 വർഷം 2,86,02,796/-രൂപയും ഉൾപ്പെടെ ആകെ 3,83,74,786/-രൂപ കേന്ദ്ര സർക്കാരിൽ കുടിശ്ശികയുണ്ട്.

- സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി

കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം വരെ 24.5 ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കാനുണ്ട്.

- ഉന്നതവിദ്യാഭ്യാസ വകുപ്പ്

Rashtriya Uchathar Shiksha Abhiyan (RUSA)

കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസയുടെ 1.0-നും 2.0-നുമായി (എം.എം. ഇ.ആർ. കംപോണന്റിലെ തുക സഹിതം) 565.60 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

റൂസ പദ്ധതിക്കായി ലഭിക്കേണ്ടുന്ന കേന്ദ്ര വിഹിതം (60 ശതമാനം) 341.60 കോടി രൂപയാണ്. ഇതിൽ 64.63 കോടി രൂപ കൂടി കേന്ദ്രം അനുവദിക്കാനുണ്ട്.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലുള്ള പ്രോജക്ട് അപ്പ്രൂവൽ ബോർഡ് (PAB)-ന്റെ 09-12-2024-ലെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ പി.എം. ഉഷ പദ്ധതിക്കായി എം.എം.ഇ.ആർ. വിഹിതം (1 ശതമാനം) ഉൾപ്പെടെ 409.04 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

പി.എം. ഉഷ പദ്ധതിക്കായി ലഭിക്കേണ്ടുന്ന കേന്ദ്ര വിഹിതം 247.04 (1% എം.എം.ഇ.ആർ. ഉൾപ്പെടെ) കോടി രൂപയാണ്.

- <u>ടെയിനിങ് ഡയറക്ടറേറ്റ് – തൊഴിൽ വകുപ്പ്</u>

100 ശതമാനം കേന്ദ്ര ഫണ്ടുപയോഗിച്ച് വ്യാവസായിക പരിശീലന വകുപ്പ് മുഖേന നടപ്പിലാക്കുന്ന നാഷണൽ അപ്രന്റിസ്ഷിപ് പ്രൊമോഷൻ (NAPS) പദ്ധതിയിൽ 3.13 കോടി രൂപ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്.

- <u>ആരോഗ്യ വകുപ്പ്</u>

സ്റ്റേറ്റ് പ്രോഗ്രാം മോണിറ്ററിങ് സപ്പോർട്ട് യൂണിറ്റ്

2023-24 സാമ്പത്തിക വർഷം കേന്ദ്രം നിഷ്കർഷിച്ച പ്രകാരം ബ്രാന്റിങ് പൂർത്തിയാക്കാത്തതിനാൽ സംസ്ഥാനത്തിന് ലഭിക്കേണ്ട 358.61 കോടി

ക്യാഷ് ഗ്രാന്റും റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ നൽകേണ്ട 278.27 കോടി രൂപയും 2023-24-ൽ അനുവദിച്ചിട്ടില്ല. റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ മുൻ വർഷങ്ങളിൽ കുടിശ്ശികയായ 291.26 കോടി രൂപ 2024-25-ൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

- ചീഫ് എഞ്ചിനീയറുടെ കാര്യാലയം (ജലസേചനം ഭരണം)

കുടിശ്ശിക വിവരങ്ങൾ -

2023-24 സാമ്പത്തിക വർഷം -1,28,09,854/-രൂപ

2024-25 സാമ്പത്തിക വർഷം –91,40,987.50/- രൂപ

(ബി) സംസ്ഥാന വിഹിതം നാല്പത് ശതമാനമോ അതിലധികമോ ഉള്ള പദ്ധതികൾ കേന്ദ്രം നിർദ്ദേശിക്കുന്ന പേരുകളിൽ നടത്തുന്നതിനായി ഇത്തരം പദ്ധതികൾക്ക് അർഹമായ ഗ്രാന്റുകളും വിഹിതവും നൽകുന്നതിൽ കേന്ദ്രസർക്കാർ മനഃപൂർവമായ വീഴ്ച വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming കാരണമുയർത്തി NHM പദ്ധതിക്ക്

2023-24 സാമ്പത്തിക വർഷം ലഭ്യമാകേണ്ട 636.88 കോടി രൂപ കേന്ദ്ര വിഹിതം കേന്ദ്രസർക്കാർ അനുവദിച്ചിരുന്നില്ല. എന്നാൽ NHM പദ്ധതിക്കായി കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗനിർദേശങ്ങൾ നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ, നടപ്പുസാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ടി പദ്ധതിക്കായി നാളിതുവരെ ആകെ 347.03 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം

53 (445) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധയിനങ്ങളിലായി സംസ്ഥാന സർക്കാരിന് ഈ വർഷം കേന്ദ്രസർക്കാർ നൽകേണ്ട അർഹതപ്പെട്ട വിഹിതം എത്ര വീതമാണ്; ഇതിൽ ഓരോ ഇനത്തിലും എത്ര തുക ഈ വർഷം ലഭിച്ചിട്ടുണ്ട്; ഇനി ഓരോ ഇനത്തിലും ലഭിക്കാൻ എത്ര തുക ബാക്കിയുണ്ട്; വിശദമാക്കുമോ;

(ബി) ഈ വർഷം ലഭിക്കേണ്ട ഏതെങ്കിലും ഇനത്തിലെ അർഹതപ്പെട്ട വിഹിതം നൽകാൻ കഴിയില്ലെന്ന് കേന്ദ്രസർക്കാർ

അറിയിച്ചിട്ടുണ്ടോ; ഏതെങ്കിലും ഇനത്തിലെ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് അറിയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന് അനുവദിച്ചതും അതിൽ നാളിതുവരെയായി ലഭിച്ചതും ലഭിക്കാനുള്ളതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

(തുക കോടിയിൽ)

ഇനം	അവാർഡ് തുക	ലഭിച്ച തുക	ലഭിക്കാനുള്ള തുക
SDRF	291.20	291.20	0
SDMF	72.75	36.40	36.35
Local Body Grant	2637.28	1334.00	1303.28

ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ 8531.85 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്നത്. ആയതിൽ നാളിതുവരെ 2813.53 കോടി രൂപയാണ് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് ലഭിച്ചിട്ടുള്ളത്. 2025 ജനുവരി

മാസംവരെ കേന്ദ്ര നികുതി വിഹിതമായി 20,677.93 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ലഭ്യമാകാനുള്ള തുക നേടിയെടുക്കാനായി ബന്ധപ്പെട്ട വകുപ്പുകൾ മുഖേന കേന്ദ്രസർക്കാരുമായി സംസ്ഥാന സർക്കാർ നിരന്തരം ബന്ധപ്പെട്ടുവരുന്നുണ്ട്.

(സി) കേന്ദ്ര നികുതിയുടെ 50 ശതമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമെന്ന നിർദേശം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടോ; അതിന് ഉപോൽബലകമായി എന്തെല്ലാം വാദങ്ങളാണ് നൽകിയിട്ടുള്ളത്?

കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകിയതിനുശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന വെർട്ടിക്കൽ ഫിസ്കൽ ഇംബാലൻസ് പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ ഏറ്റവും കുറഞ്ഞത് 50 ശതമാനമെങ്കിലും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമെന്നുള്ള വ്യക്തമായ വാദങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിവേദനം പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രവും സംസ്ഥാനവുമായുള്ള സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ നൽകിയ കേസിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവന ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവന ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതിനുമായി O.S. 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടനാബഞ്ചിന്റെ പരിഗണനയിലാണ്.

പതിനാറാം ധനകാര്യ കമ്മീഷൻ

54 (446) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 മുതൽ ലഭ്യമാകേണ്ട കേന്ദ്ര സഹായത്തിനായി എന്തെല്ലാം കാര്യങ്ങളാണ് 16-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനം അവതരിപ്പിച്ചതെന്നും കമ്മീഷന്റെ സമീപനം എന്തായിരുന്നുവെന്നും വിശദമാക്കുമോ;

(ബി) 15-ാം ധനകാര്യ കമ്മീഷൻ നൽകിയ ശിപാർശകളിൽ കേന്ദ്ര സർക്കാർ നടപ്പാക്കാത്തവ എന്തെല്ലാമെന്നും ആയത് 16-ാം ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയോയെന്നും എങ്കിൽ അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

(എ&ബി) 2026-2031 കാലയളവിലേക്കുള്ള ശിപാർശകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 2024 ഡിസംബർ 8 മുതൽ 10 വരെയുള്ള തീയതികളിൽ പതിനാറാം ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ചിരുന്നു. പ്രസ്തുത സന്ദർശന വേളയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അടങ്ങിയ വിശദമായ മെമ്മോറാണ്ടം കമ്മീഷൻ മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകിയതിനുശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും

ഇടയിൽ നിലനിൽക്കുന്ന Vertical Fiscal Imbalance (VFI) പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ 50 ശതമാനമെങ്കിലും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നതിനും മറ്റു സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ ഗണ്യമായ മാറ്റം വരാത്തവിധവും കേരളത്തിന് മെച്ചപ്പെട്ട വിഹിതം ലഭിക്കുന്നതിനുമായി Population 2011 (32.5 ശതമാനം), Demographic Performance (22.5 ശതമാനം), Income Distance (30 ശതമാനം), Area (5 ശതമാനം), Forest Cover (7.5 ശതമാനം), Population Density (2.5 ശതമാനം) എന്നീ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ വർധിപ്പിക്കുന്നതിനും സംസ്ഥാന ദുരന്ത നിവാരണ നിധിയിലേക്കുള്ള (SDRMF) കേന്ദ്രവിഹിതം വർധിപ്പിക്കുന്നതിനുമുള്ള വ്യക്തമായ പ്രൊപ്പോസലും മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ, ധനഫെഡറിലസം ശക്തിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളും മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകൾ ശിപാർശ ചെയ്തിരുന്നു. കേന്ദ്രസർക്കാർ സമർപ്പിച്ച Action Taken Report-ൽ ഇക്കാര്യം ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ ഗ്രാന്റ് അനുവദിച്ച് തന്നിട്ടില്ല. കൂടാതെ തൊഴിൽ നികുതിയുടെ ceiling ഉയർത്തുന്നതിന് ഭരണഘടനയുടെ ബന്ധപ്പെട്ട വകുപ്പ് ഭേദഗതി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ഈ ശിപാർശ കേന്ദ്ര സർക്കാർ ATR-ൽ ഉൾപ്പെടുത്തിയിട്ടില്ല. പതിനാറാം ധനകാര്യ കമ്മീഷൻ കാലയളവിൽ സ്റ്റേറ്റ്/സെക്ടർ സ്പെസിഫിക് ഗ്രാന്റുകൾ അനുവദിച്ചുനൽകണമെന്നും തൊഴിൽ നികുതിയുടെ ceiling ഉയർത്തുന്ന വിഷയം പരിഗണിക്കണമെന്നും കേരളം മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

നബാർഡിന് സമർപ്പിച്ച പ്രൊപ്പോസലുകൾ

55 (447) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എത്ര പദ്ധതി പ്രൊപ്പോസലുകൾ നബാർഡിന് സമർപ്പിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ (RIDF Tranche 30) നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കാൻ വിവിധ വകുപ്പുകളുടെ 35 പദ്ധതി പ്രൊപ്പോസലുകൾ നബാർഡിന് നല്കിയിരുന്നു. വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇവയിൽ നബാർഡ് അംഗീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഇവയിൽ വിവിധ വകുപ്പുകളുടെ 21 പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നബാർഡിന് നൽകിയിരുന്നു. എന്നാൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള അലോക്കേഷൻ അധികരിച്ചതിനാൽ നബാർഡ് അതിന് അംഗീകാരം നൽകിയിട്ടില്ല.

ജീവനക്കാരുടെ ക്ഷാമബത്ത

56 (448) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ക്ഷാമബത്ത, ആയതിന്റെ കുടിശ്ശിക എന്നിവ കൃത്യമായി ലഭ്യമാക്കാത്തത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലോ ഹൈക്കോടതിയിലോ കേസുകൾ നിലവിലുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

പ്രസ്തുത കേസുകളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാടുകൾ അറിയിക്കാമോ?

ഡി.എ. കുടിശ്ശിക നൽകാത്തതുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 5 കേസുകളും അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ 4 കേസുകളും നിലവിലുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ. ഗോപാലപിള്ള ഫയൽ ചെയ്ത WP(C) No.19612/2021

ഡോ. ഷിബിന എസ്.-ഉം മറ്റുള്ളവരും ഫയൽ ചെയ്ത WP(C)No. 2473/2023

കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത WP(C) No.27618/2023

ശ്രീ. അനൂപ് ശങ്കരപിള്ളയും മറ്റുള്ളവരും ഫയൽ ചെയ്ത WP(C)No.33705/2023

കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത WP(C)No.20763/2024

ശ്രീ. അബ്ദുൾ ജലീൽ പി.-യും മറ്റുള്ളവരും ഫയൽ ചെയ്ത

OA(EKM)No.1123/2023

ശ്രീ. ചവറ ജയകുമാറും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No.1140/2023

കേരള എൻ.ജി.ഒ. സംഘും മറ്റുള്ളവരും ഫയൽ ചെയ്ത

OA(EKM)No.1724/2023

ഡോ. അജിത് പ്രസാദ് ജെ.എസ്. ഫയൽ ചെയ്ത OA-975/2024.

ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

(ബി) വർഷത്തിൽ രണ്ട് തവണ ഡി.എ. നൽകുമെന്ന് നിയമസഭയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചതുപ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ അത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് അറിയിക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ രണ്ട് തവണ ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്.

(സി) ക്ഷാമബത്ത കുടിശ്ശിക പൂർണ്ണമായും ലഭ്യമാക്കുമോ; എങ്കിൽ അതിന് മുൻകാല പ്രാബല്യം ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാർ യഥാസമയം പരിശോധിക്കുന്നതാണ്.

(ഡി) നിലവിൽ ലഭ്യമാക്കിയ ക്ഷാമബത്തയുടെ കുടിശ്ശിക തീയതി മുതൽ അനുവദിക്കപ്പെട്ട തീയതി വരെയുള്ള തുക ലഭ്യമാക്കുമോ?

ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർ

57 (449) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർ എത്ര പേരുണ്ടെന്നും അവർക്കെതിരെ സ്വീകരിച്ച

വകുപ്പുതല നടപടികൾ എന്തെല്ലാമാണെന്നും വകുപ്പ് തിരിച്ച് വിവരം നൽകാമോ;

(ബി) വകുപ്പുതല നടപടികളുടെ ഭാഗമായി പ്രസ്തുത ജീവനക്കാർ എത്ര തുക തിരിച്ചടച്ചുവെന്നും ഇനി തിരിച്ചടയ്ക്കാനുള്ള തുകയുടെ വിശദാംശങ്ങളും വകുപ്പ് തിരിച്ച് നൽകാമോ?

(എ&ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണത്തിൽപ്പെടുന്ന വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭ്യമായിരുന്ന ഗുണഭോക്താക്കൾക്ക് പിന്നീട് സർക്കാർ സർവീസിൽ ജോലി ലഭിച്ചതിനുശേഷം, അനർഹമായി 1457 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി ബന്ധപ്പെട്ട ഡാറ്റാ ബേസുകളിലെ വിവരങ്ങൾ താരതമ്യം ചെയ്ത് കണ്ടെത്തിയിട്ടുള്ളതും അങ്ങനെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റിയ സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും അനധികൃതമായി കൈപ്പറ്റിയ തുക 18 ശതമാനം പലിശസഹിതം തിരികെ ഈടാക്കുന്നതിനും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാർക്ക് ധനകാര്യ വകുപ്പിൽനിന്നും നിർദ്ദേശം

നൽകിയിട്ടുള്ളതുമാണ്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ടി നടപടികൾ പൂർത്തിയാക്കി ഇതുവരെയും ഒരു വകുപ്പും സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ എത്ര തുക തിരിച്ചടച്ചുവെന്നും ഇനി തിരിച്ചടയ്ക്കാനുള്ള തുകയുടെ വിശദാംശങ്ങളിലും കൃത്യത ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ.

മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പദ്ധതി

58 (451) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി നിലവിൽ വന്നതിനുശേഷവും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പദ്ധതി തുടരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

മെഡിസെപ് പദ്ധതി നിലവിൽ വന്നതിനുശേഷവും സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് നിയന്ത്രണങ്ങൾക്ക് വിധേയമായും ഭേദഗതിയോടെയും തുടരുന്നുണ്ട്. 1960-ലെ

കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങളിൽ മെഡിസെപ് പ്രാബല്യ തീയതിക്ക് (01-07-2022) ശേഷമുള്ള ചികിത്സകളുടെ ചെലവ് പ്രതിപൂരണം ചെയ്ത് നൽകുന്നത് സംബന്ധിച്ചുള്ള പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 22-11-2024-ൽ സ.ഉ.(അച്ചടി)നം.100/2024/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) മെഡിസെപ്പിന്റെ പരിധിയിൽവരുന്ന ചികിത്സകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

30 ചികിത്സാ വിഭാഗങ്ങളിലായി 1920 ചികിത്സാ പാക്കേജുകളും 12 ഗുരുതര അവയവമാറ്റ രോഗങ്ങൾക്കുമുള്ള അധിക പാക്കേജുമാണ് മെഡിസെപ്പിലുള്ളത്. പ്രസ്തുത ചികിത്സാ പാക്കേജിന്റെയും പാക്കേജ് നിരക്കിന്റെയും വിശദാംശങ്ങൾ 23-06-2022-ലെ ജി.ഒ.(പി)70/2022/ധന. ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) റീ-ഇമ്പേഴ്സ്മെന്റ് പദ്ധതിയുടെ പരിധിയിൽവരുന്ന ചികിത്സകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

സർക്കാർ ആശുപത്രികളിലെ IP/OP ചികിത്സകൾ, 1960-ലെ കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ള പ്രൈവറ്റ് ആശുപത്രികളിലെ അംഗീകൃത ഡിപ്പാർട്ട്മെന്റുകളിലെ IP/OP ചികിത്സകൾ എന്നിവയ്ക്ക് കെ.ജി.എസ്.എം.എ. ചട്ടപ്രകാരം റീ-ഇമ്പേഴ്സ്മെന്റ് അനുവദിച്ചുവരുന്നു.

(ഡി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ മെഡിസെപ്, റീ-ഇമ്പേഴ്സ്മെന്റ് പദ്ധതികൾ പ്രകാരം തീർപ്പാക്കിയ ക്ലെയിമുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

02-01-2025 വരെയുള്ള കണക്ക് പ്രകാരം 8,58,187 ക്ലെയിമുകൾക്കായി 1640,64,53,085/- രൂപയുടെ മെഡിസെപ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ, അടിയന്തര സാഹചര്യങ്ങളിൽ നോൺഎംപാനൽഡ് ആശുപത്രികളിൽ നടത്തിയ ചികിത്സകൾക്ക് മെഡിസെപ്പിൽനിന്നും റീ-ഇംമ്പേഴ്സ്മെന്റ് അനുവദിച്ച ഇനത്തിൽ നാളിതുവരെ 1139

ക്ലെയിമുകൾക്കായി 6,45,41,679/- രൂപ നൽകിയിട്ടുണ്ട്. ക്ലെയിം സംബന്ധമായ വിവരങ്ങൾ മെഡിസെപ് വെബ്പോർട്ടലിലെ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1960-ലെ കെ.ജി.എസ്.എം.എ. റൂൾ പ്രകാരം മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമുകൾക്ക് 2021-22, 2022-23 വർഷങ്ങളിൽ ചെലവായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Accounts as per AG (amount in crore)				
FY	Medical Re-imbursement		IFMA	
	Budget Estimate	Accounts (Expenditure)	Budget estimate	Accounts (Expenditure)
2021-22	61.37	53.21	13.27	11
2022-23	58.22	47.98	11.68	6.6

മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പദ്ധതി

59 (452) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി നിലവിൽ വന്നതിനുശേഷവും സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് തുടരുന്നുണ്ടോ; എങ്കിൽ അതിന്റെ നിബന്ധനകളും വ്യവസ്ഥകളും വിശദമാക്കാമോ?

മെഡിസെപ് പദ്ധതി നിലവിൽ വന്നതിനുശേഷവും സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് നിയന്ത്രണങ്ങൾക്ക് വിധേയമായും ഭേദഗതിയോടെയും തുടരുന്നുണ്ട്. 1960-ലെ കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങളിൽ മെഡിസെപ് പ്രാബല്യ തീയതിക്ക് (01-07-2022) ശേഷമുള്ള ചികിത്സകളുടെ ചെലവ് പ്രതിപൂരണം ചെയ്ത് നൽകുന്നത് സംബന്ധിച്ചുള്ള പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 22-11-2024-ലെ സ.ഉ.(അച്ചടി)നം.100/2024/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിന് അംഗീകൃത ഗവൺമെന്റ് മെഡിക്കൽ ഓഫീസറുടെ റഫറൻസ് ആവശ്യമുണ്ടോ; വ്യക്തമാക്കാമോ?

1960-ലെ കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അംഗീകൃത മെഡിക്കൽ അറ്റൻഡന്റിന്റെ റഫറൻസ് ആവശ്യമാണ്. എന്നാൽ 15-12-2017-ലെ സ.ഉ.(എം.എസ്)നം.184/2017/ ആ.കു.വ. ഉത്തരവിലെ അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന അസുഖങ്ങൾക്ക് അംഗീകൃത മെഡിക്കൽ അറ്റൻഡന്റിന്റെ ശിപാർശ ഇല്ലെങ്കിലും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. 15-12-2017-ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

മെഡിസെപ് പദ്ധതി

60 (454) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആശുപത്രികളിൽനിന്നും പ്രസ്തുത പദ്ധതി മുഖേന ചികിത്സ ലഭിക്കാത്തതുമൂലം സർക്കാർ ജീവനക്കാരും പെൻഷൻകാരും ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിച്ച് മെഡിസെപ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ നടത്തുന്ന അവലോകന യോഗങ്ങളിൽ ഇത്തരം പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും അത് പരിഹരിച്ച് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും നിലവിലെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മെഡിസെപ് പദ്ധതിയിൽ ആശുപത്രികളുടെ എംപാനൽമെന്റ് എന്നത് ഒരു തുടർപ്രക്രിയയാണ്. പദ്ധതി കാലയളവിൽ (2022-25) എപ്പോൾ

വേണമെങ്കിലും ആശുപത്രികളെ എംപാനൽ ചെയ്യാവുന്നതാണ്. ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വറൻസ് കമ്പനിയായതിനാൽ കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കമ്പനിക്ക് നിർദേശം നൽകിയിട്ടുണ്ട്.

പങ്കാളിത്ത പെൻഷൻ പദ്ധതി

61 (455) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ബി) സർക്കാർ നിയോഗിച്ച പുനഃപരിശോധനാ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും അതിന്മേൽ സ്വീകരിച്ച തുടർനടപടി എന്താണെന്നും അറിയിക്കാമോ?

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/നിയമവശങ്ങൾ

ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേക്കായി സർക്കാർ നിയമിച്ച സമിതി 30-04-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 01-11-2023-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പുമന്ത്രി, നിയമ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തി 02-11-2023-ൽ സ.ഉ.(അ)നം.110/2023/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പ്രസ്തുത സമിതിക്കായി എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് അറിയിക്കാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പ്രവർത്തനത്തിനായി ആകെ 70,60,098/- (എഴുപത് ലക്ഷത്തി അറുപതിനായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ഇനം	തുക

ഓണറേറിയം - ചെയർമാൻ & അംഗങ്ങൾ	45,82,500/-
വാഹന വാടക	15,59,206/-
വേതനം - ഓഫീസ് അറ്റൻഡന്റ്	1,68,190/-
വേതനം - കുടുംബശ്രീ - പി.ടി.എസ്.	98,240/-
വാടക – ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട്	5,89,050/-
പലവക/ഓഫീസ് ചെലവുകൾ	62,912/-
ആകെ	**70,60,098/-**

(ഡി) 2024-25-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പുതിയ പെൻഷൻ പദ്ധതി സംബന്ധിച്ച് സ്വീകരിച്ച നടപടി എന്താണെന്നും പദ്ധതി ഏത് രീതിയിലാണ് നടപ്പാക്കുന്നതെന്നും ജീവനക്കാരിൽനിന്നും വിഹിതം ഈടാക്കാതെ പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

2024-25 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 'Assured' പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി പുതുക്കിയ സ്കീം രൂപീകരിക്കുമെന്നും മറ്റു സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾകൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ യു.പി.എസ്. (Unified Pension Scheme)

നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് സംബന്ധിച്ചും വിശദമായി പരിശോധിച്ച്, ടി വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

മെഡിസെപ് പദ്ധതിയിലെ ഡാറ്റാ സുരക്ഷ

62 (456) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പോർട്ടലിന്റെ സോഫ്റ്റ്വെയർ ദേശീയ ഡാറ്റാ സംരക്ഷണ മാനദണ്ഡങ്ങൾ, പ്രത്യേകിച്ച് ഇൻഫർമേഷൻ ടെക്നോളജി (റീസണബിൾ സെക്യൂരിറ്റി പ്രാക്ടീസസ് ആൻഡ് പ്രൊസീഡ്യൂവേഴ്സ് ആൻഡ് സെൻസിറ്റീവ് പേഴ്സണൽ ഡാറ്റാ ഓർ ഇൻഫർമേഷൻ) റൂൾസ്, 2011-ന് അനുസൃതമാണെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ഉണ്ട്. ദേശീയ ഡാറ്റാ സംരക്ഷണ ആക്ട് (ഇൻഫർമേഷൻ ടെക്നോളജി റൂൾസ്, 2011) പ്രകാരം കൈമാറിയ ഡാറ്റയുടെ സുരക്ഷിതത്വം പാലിച്ചിട്ടുണ്ട്.

(ബി) സുരക്ഷാ വീഴ്ചകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി പ്രസ്തുത സോഫ്റ്റ്വെയറിൽ ചട്ടപ്രകാരമുള്ള കാലാനുസൃത ഓഡിറ്റുകൾ നടത്തിയിട്ടുണ്ടോ?

ഉണ്ട്. ഡാറ്റയുടെ പൂർണമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി കാലാനുസൃതമായ സെക്യൂരിറ്റി ഓഡിറ്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി ആധാർ, ബയോമെട്രിക് വിവരങ്ങൾ, ആരോഗ്യ സംബന്ധമായ വ്യക്തിഗത വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിന് മുന്നോടിയായി വ്യക്തികളിൽനിന്ന് വ്യക്തമായ സമ്മതം നേടാൻ ആധാർ ആക്ട്, 2016-നും കെ.എസ്. പുട്ടസ്വാമി Vs യൂണിയൻ ഓഫ് ഇന്ത്യ, 2017-ലെ സുപ്രീംകോടതി വിധിക്കും അനുസൃതമായുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുംവേണ്ടി നടപ്പിലാക്കിയ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നിർബന്ധിതമായതിനാൽ ജീവനക്കാരുടെയും പെൻഷൻകാരുടെയും അറിവും സമ്മതത്തോടും

കൂടിയാണ് വ്യക്തിഗത വിവരങ്ങൾ സർക്കാർ ശേഖരിച്ചുവരുന്നത്. ചികിത്സാ സമയത്ത് ആശുപത്രികളിൽ ഗുണഭോക്താവിന്റെ തിരിച്ചറിയൽ രേഖയായി ആധാർ കാർഡ് അല്ലെങ്കിൽ മറ്റേതെങ്കിലും ഫോട്ടോ ഐ.ഡി. ഗുണഭോക്താവിന്റെ സമ്മതത്തോടുകൂടി സ്വീകരിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതിക്കായി ശേഖരിക്കുന്ന വ്യക്തിഗത ഡാറ്റയുടെ സുരക്ഷിത സംഭരണത്തിനും പ്രോസസ്സിങിനും ഐ.റ്റി. ആക്ട്, 2000, ഡിജിറ്റൽ പേഴ്സണൽ ഡാറ്റാ പ്രൊട്ടക്ഷൻ ആക്ട്, 2023 എന്നീ നിയമങ്ങൾ അനുസരിച്ച് എന്തെല്ലാം മാനദണ്ഡങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സ്വകാര്യ വ്യക്തി വിവരങ്ങളുടെ സുരക്ഷിതമായി സംഭരണത്തിനും പ്രോസസ്സിങിനുമായി IT Act, 2000, Digital Personal Data Protection Act, 2023 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് ഇൻഷ്വറൻസ് കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

a) Purpose Limitation, Data Minimization and Accuracy

ആശുപത്രിയിൽ ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്യുമ്പോൾ രോഗിയുടെ ചികിത്സയുമായി ബന്ധപ്പെട്ട അനിവാര്യമായ വിവരങ്ങൾ മാത്രമാണ് മെഡിസെപിനായി ശേഖരിക്കുന്നത്.

ഡാറ്റയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും ഡാറ്റയിൽ എന്തെങ്കിലും പൊരുത്തക്കേടുള്ളപക്ഷം ഡാറ്റാ പരിശോധിക്കാനും അപ്ഡേറ്റ് ചെയ്യുന്നതിനുമാണ് മെഡിസെപ് പോർട്ടലിൽ രോഗികൾക്കും ആശുപത്രികൾക്കും അവസരം നൽകിയിട്ടുള്ളത്.

b) Storage Limitation

രോഗികളുടെ ചികിത്സാ രേഖകൾ AWS cloud storage-ൽ ഓരോ ഫയലും തിരിച്ചറിയാൻ സാധിക്കുന്ന രീതിയിൽ സുരക്ഷിതമായി സൂക്ഷിച്ചിരിക്കുന്നു.

രോഗികളുടെ അഡ്മിഷൻ രേഖകൾ പോളിസി നമ്പരുമായി ലിങ്ക് ചെയ്തിട്ടുള്ളതും പോളിസി അവസാനിക്കുമ്പോൾ ഈ ഡാറ്റാ archive ചെയ്തിട്ടുണ്ടെന്നും ഉറപ്പുവരുത്തുന്നു.

c) Security Safeguards

ഡാറ്റയുടെ അനധികൃതമായ ഉപയോഗം, ഡാറ്റാ നശിപ്പിക്കൽ, ഭേദഗതി വരുത്തൽ, വെളിപ്പെടുത്തൽ എന്നിവ തടയുന്നതിനായി ഡാറ്റയുടെ ആധികാരികത ഉറപ്പുവരുത്തൽ, അംഗീകാരം, ഡാറ്റാ എൻക്രിപ്ഷൻ, പാസ്സ്വേർഡ് മാനേജ്മെന്റ്, സെഷൻ മാനേജ്മെന്റ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) അനധികൃത ഉപയോഗം തടയാൻ ഈ ഡാറ്റയുടെ സംഭരണവും ഇല്ലാതാക്കലും സംബന്ധിച്ച് അനുവർത്തിക്കുന്ന പ്രോട്ടോക്കോളുകൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഡാറ്റ കൈകാര്യം ചെയ്യുന്നവർക്ക് ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനായി ഡാറ്റയുടെ സുരക്ഷിതത്വം സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനിയുമായി Non Disclosure Agreement-ൽ ഒപ്പ് വച്ചിട്ടുണ്ടെന്നും ആയതു കൂടാതെ ഡാറ്റയുടെ 'confidentiality and data protection' കമ്പനിയുമായുള്ള ധാരണാപത്രത്തിന്റെ clause-21, 28-ൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

(എഫ്) മെഡിസെപ് പോർട്ടൽ വഴി ശേഖരിക്കുന്ന ഡാറ്റ കൈകാര്യം ചെയ്യുന്നതിൽ മൂന്നാം കക്ഷി ഏജൻസികൾ പങ്കാളികളാണോ;

ആണെങ്കിൽ ഐ.ടി. (റീസണബിൾ സെക്യൂരിറ്റി പ്രാക്ടീസസ്) റൂൾസ്, 2011 പ്രകാരം അവർ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; ഡാറ്റാ സുരക്ഷയും രഹസ്യവുമെന്ന് ഉറപ്പാക്കുന്നതിനതകുന്ന ചട്ടങ്ങൾ ബന്ധപ്പെട്ട കമ്പനിയുമായി ഏർപ്പെട്ട കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി കരാറിൽ ഒപ്പിട്ടിരിക്കുന്നത് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായാണ്. കൂടാതെ VIDAL Health, FHPL എന്നീ രണ്ട് മൂന്നാം കക്ഷി ഏജൻസികളാണ് (Third Party Administrators) മെഡിസെപ്പിലെ ക്ലെയിമുകൾ കൈകാര്യം ചെയ്യുന്നത്. ഈ മൂന്നാം കക്ഷി ഏജൻസികളുമായി ഇൻഷ്വറൻസ് കമ്പനി ഐ.ടി. ആക്ട്, 2000-ലെ Section 43(A) പ്രകാരമുള്ള സുരക്ഷിത മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി ഒരു Service Level Agreement ഒപ്പുവച്ചിട്ടുണ്ടെന്ന് ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.

(ജി) മെഡിസെപ് പദ്ധതിയിലൂടെ ശേഖരിച്ച വ്യക്തിഗത ഡാറ്റകളുടെ ചോർച്ചകൾ അല്ലെങ്കിൽ തെറ്റായ ഉപയോഗം തടയുന്നതിനും

അതുസംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനും ഐ.ടി. ആക്ട്, 2000-മായി ബന്ധപ്പെട്ട ചട്ടങ്ങൾക്കും കീഴിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഡാറ്റ കൈകാര്യം ചെയ്യുന്നവർക്ക് ഉത്തരവാദിത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വിശദമാക്കാമോ?

ഡാറ്റയുടെ ചോർച്ചയും ദുരുപയോഗം തടയുന്നതിനും ഡാറ്റാ നിയന്ത്രിക്കുന്നവരുടെ ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിനും Database encryption, end-to-end encryption, SSL Security, Role based access control, Password protection, Infrastructure security, IP Tracking എന്നീ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.

മെഡിക്കൽ റീ- ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ

63 (457) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എത്ര മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകളാണ് തീർപ്പാക്കാൻ ധനകാര്യ വകുപ്പിന്റെ

പക്കലുള്ളതെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകളിൽ ഉൾപ്പെട്ട തുക എത്രയാണ്; അപേക്ഷകൾ തീർപ്പാക്കുന്നതിന് മുൻഗണനാക്രമമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയച്ചിട്ടുള്ള 266 ഫയലുകൾ നിലവിൽ വകുപ്പിന്റെ പരിഗണനയിലുണ്ട്. പ്രസ്തുത ഫയലുകളുടെ വകുപ്പ് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി+ ചേർക്കുന്നു. ഭരണവകുപ്പ് ഫയലുകളിലെ അപേക്ഷകളിൽ ഉൾപ്പെട്ടിരിക്കുന്നത് ഏകദേശം 466,37,415/- രൂപയാണ്. ഈ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ ഭരണവകുപ്പുകൾ അനുമതി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ മാത്രമേ ഈ അപേക്ഷകളിൽ അനുവദനീയമായ അന്തിമ തുക എത്രയെന്ന് വ്യക്തമാകുകയുള്ളൂ. ഫയലുകൾ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന മുൻഗണന അനുസരിച്ചാണ് അപേക്ഷകൾ പരിശോധിച്ച് അനുമതിക്കായി സമർപ്പിക്കുന്നത്. എന്നാൽ പ്രത്യേക പരിഗണന അർഹിക്കുന്ന പലിശരഹിത മെഡിക്കൽ വായ്പയ്ക്കുള്ള അപേക്ഷകൾ, അവയവമാറ്റ ശസ്ത്രക്രിയ നടത്തിയ കേസ്സുകൾ, മരണപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനക്കാരുടെ അപേക്ഷകൾ, മറ്റ് പ്രത്യേക പരിഗണന അർഹിക്കുന്ന കേസ്സുകൾ എന്നിവയ്ക്ക് സാധ്യമാകുന്നിടത്തോളം മുൻഗണന നൽകിവരുന്നുണ്ട്.

ശമ്പള പരിഷ്കരണം

64 (458) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-07-2024 മുതൽ പ്രാബല്യത്തിൽ വരേണ്ട സർക്കാർ ജീവനക്കാരുടെ പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതുസംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

(ബി) മുൻശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് നൽകേണ്ട കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ

ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാർക്ക് നൽകേണ്ട കുടിശ്ശിക വിതരണം ചെയ്തിട്ടില്ല. എന്നാൽ സർക്കാർ സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാർക്ക് അർഹമായ ശമ്പള പരിഷ്കരണ കുടിശ്ശിക അവരുടെ അവകാശികൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

മെഡിസെപ് പദ്ധതി

65 (459) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ ആശുപത്രികളിൽ മെഡിസെപ് പദ്ധതി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജ്, കണ്ണാശുപത്രി (RIO) എന്നിവിടങ്ങളിലാണ് മെഡിസെപ് പദ്ധതി നിലവിലുള്ളത്.

(ബി) ഈ ആശുപത്രികളിൽ ഓരോന്നിലും നാളിതുവരെ എത്ര ക്ലെയിമുകൾ രജിസ്റ്റർ ചെയ്തു; പ്രസ്തുത ക്ലെയിമുകളിൽനിന്നും എത്ര രൂപ ആശുപത്രികൾക്ക് ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും 4636 ക്ലെയിമുകളും കണ്ണാശുപത്രിയിൽനിന്നും 907 ക്ലെയിമുകളും രജിസ്റ്റർ ചെയ്ത വകയിൽ 16,44,01,803/-, 68,14,470.8/- രൂപയും യഥാക്രമം നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) ക്ലെയിം ഇനത്തിൽ ലഭ്യമായ തുകയിൽനിന്ന് ഓരോ ആശുപത്രിയും വിനിയോഗിച്ച തുക എത്ര; ഈ തുക ഓരോ ആശുപത്രിയും എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ക്ലെയിം ഇനത്തിൽ ലഭ്യമായ തുകയിൽ ഓരോ ആശുപത്രിയിലും എത്ര രൂപ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ?

(സി&ഡി) മെഡിസെപ് പദ്ധതിയിൽ 1920 ചികിത്സാ പാക്കേജുകളും അവയുടെ പാക്കേജ് നിരക്കുകളും നിശ്ചയിച്ചിട്ടുണ്ട്. ഓരോ ചികിത്സയ്ക്കും ആശുപത്രി തിരഞ്ഞെടുക്കുന്ന പാക്കേജിന് അനുസൃതമായ തുകയാണ് ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനി നൽകുന്നത്. ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ക്ലെയിം ഇനത്തിൽ ലഭ്യമാക്കുന്ന തുക ക്രയവിക്രയം നടത്തുന്നതിന് ആശുപത്രി സൂപ്രണ്ടിന്റെയും അതത് ഡി.ഡി.ഒ.-മാരുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് 03-08-2022-ലെ ജി.ഒ. (ആർ.റ്റി)നം.5529/2022/ധന. പ്രകാരം ആരംഭിക്കുകയും ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ലഭ്യമാക്കുന്ന തുക വിനിയോഗിക്കുന്നതിനായി ഒരു Standard Operating Procedure 20-08-2022-ലെ ജി.ഒ.(എം.എസ്.)നം.140/2022/ധന. പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതുപ്രകാരം ലഭിക്കുന്ന തുകയിൽ 60 ശതമാനം മരുന്നുകൾ, ഇംപ്ലാന്റ് ഉപകരണങ്ങൾ, മറ്റ് ആവശ്യോപകരണങ്ങൾ വാങ്ങുന്നതിനും ആശുപത്രിയുടെ പൊതുവായ അടിസ്ഥാന സൗകര്യ വികസനത്തിനും മെഡിസെപ് ഗുണഭോക്താക്കളുടെ

സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വിനിയോഗിക്കുന്നതിനും ബാക്കി വരുന്ന 40 ശതമാനം സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, ഇ.സി.ജി. ടെക്നീഷ്യൻസ്, സ്റ്റാഫ് നഴ്സുമാർ, അനസ്തേഷ്യ ടെക്നീഷ്യൻസ്, പെർഫ്യൂഷനിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ക്ലീനിങ് സ്റ്റാഫ്, പി.ആർ.ഒ., ക്ലർക്കുമാർ എന്നിവരെ നിയമിക്കുന്നതിനായും വിനിയോഗിക്കാവുന്നതാണ്.

മെഡിസെപ് ക്ലെയിമുകൾ

66 (460) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ മെഡിസെപ് പ്രീമിയം ഇനത്തിൽ എത്ര രൂപ ഇൻഷ്വറൻസ് കമ്പനിക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതിയിൽ ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ ഗുണഭോക്താക്കളുടെ പ്രീമിയം മുൻകൂറായി നൽകുകയും പിന്നീട് ഗുണഭോക്താക്കളുടെ ശമ്പളം/പെൻഷൻ എന്നിവയിൽനിന്നും പ്രതിമാസം പ്രീമിയം തുക ഈടാക്കുകയുമാണ് ചെയ്തുവരുന്നത്. ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി അതിനനുസരിച്ച് വാർഷിക പ്രീമിയം തുക നാല്

ഗഡുക്കളായി കമ്പനിക്ക് അനുവദിക്കുന്നു. ഈയിനത്തിൽ നാളിതുവരെ 1781,00,00,941/- രൂപ സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്.

(ബി) നാളിതുവരെ എത്ര രൂപയുടെ ക്ലെയിമുകൾക്കാണ് അംഗീകാരം നൽകിയത്?

02-01-2025 വരെയുള്ള കണക്ക് പ്രകാരം സർക്കാർ, സ്വകാര്യ ആശുപത്രികളിലായി 8,58,187 ക്ലെയിമുകൾക്ക് 1640,64,53,085/- രൂപയുടെ ക്ലെയിം നൽകിയിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്. ക്ലെയിം സംബന്ധിച്ച കണക്കുകൾ മെഡിസെപ് വെബ് പോർട്ടലിലെ ഡാഷ്ബോർഡിൽ ലഭ്യമാണ്.

(സി) പദ്ധതി പ്രകാരമുള്ള എത്ര രൂപയുടെ ക്ലെയിമുകൾ ഇനിയും നൽകാനുണ്ട്; വിശദമാക്കാമോ?

02-01-2025 വരെ 1640,64,53,085/- രൂപയുടെ ക്ലെയിം കമ്പനി അനുവദിച്ചതിൽ 1626,85,14,219/- രൂപ ഇൻഷ്വറൻസ് കമ്പനി ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്. മെഡിസെപ്പിലെ ക്ലെയിം സെറ്റിൽമെന്റ് റേഷ്യോ നിലവിൽ 98.9 ശതമാനമാണ്.

പ്ലാൻ ഫണ്ട് വിനിയോഗം

67 (461) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ നാളിതുവരെയുള്ള ഓരോ സാമ്പത്തിക വർഷത്തെയും പദ്ധതി അടങ്കൽ എത്രയാണെന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ കേന്ദ്ര തുക ഒഴികെയുള്ള അടങ്കൽ എത്രയാണെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) 2011 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പ്ലാൻ ഫണ്ടിന്റെ ഭാഗമായി എത്ര തുക ചെലവഴിച്ചുവെന്ന വിവരം ലഭ്യമാക്കാമോ?

(എ-സി) 2011-12 മുതൽ 2024-25 വരെയുള്ള പദ്ധതി അടങ്കലിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

പ്ലാൻ ഫണ്ടിലെ വെട്ടിക്കുറവ്

68 (462) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നടപ്പ് സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക എത്രയെന്നും 15-01-2025 വരെ അതിൽ നിന്നും എത്ര തുക ചെലവാക്കിയെന്നും വിശദമാക്കുമോ?

2024-25 സാമ്പത്തിക വർഷം വിവിധ ധനാഭ്യർഥനകൾക്കുകീഴിൽ വകയിരുത്തിയ പദ്ധതി വിഹിതത്തിന്റെയും അതിൽനിന്നും 31-12-2024 വരെ ചെലവഴിച്ച തുകയുടേയും വിശദാംശം അനുബന്ധമായി+ നൽകിയിരിക്കുന്നു.

(ബി) വകയിരുത്തിയ പദ്ധതി തുക വെട്ടിക്കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശവും കാരണങ്ങളും അറിയിക്കുമോ;

(സി) പദ്ധതി തുക വെട്ടിക്കുറയ്ക്കുന്നത് സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി&സി) കേന്ദ്ര ധന കൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിലുണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തീർക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ പുന:ക്രമീകരണം നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ 31-08-2024-ലെ സ.ഉ.(അച്ചടി) നം.76/2024/ധന. (അനുബന്ധം+) മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാന വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിലോ അനിവാര്യമായവ ഒഴിവാക്കുന്ന വിധത്തിലോ പദ്ധതി ചെലവുകളെ പുനഃക്രമീകരിക്കാൻ ഉദ്ദേശിച്ചിട്ടില്ല.

വാർഷിക പദ്ധതി വിഹിതം

69 (464) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം ഓരോ വകുപ്പുകൾക്കും വകയിരുത്തിയ പദ്ധതി വിഹിതം എത്ര കോടി രൂപയാണെന്നും അതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വകുപ്പ് അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2024-25 സാമ്പത്തിക വർഷം വിവിധ ധനാഭ്യർഥനകൾക്ക് കീഴിൽ വകയിരുത്തിയ പദ്ധതി വിഹിതത്തിന്റെയും 31-12-2024 വരെയുള്ള ചെലവിന്റെയും വിശദാംശങ്ങൾ അനുബന്ധമായി+ നൽകിയിരിക്കുന്നു.

(ബി) 2024-25 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നല്കിയ പദ്ധതികളുടെ അനിവാര്യത പരിശോധിക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; അപ്രകാരം പദ്ധതി വിഹിതത്തിൽ എത്ര കോടി രൂപയുടെ കുറവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

2024-25 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യതയ്ക്കനുസരിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിന് 31-08-2024-ലെ സ.ഉ.(അച്ചടി)നം. 76/2024/ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ നടപ്പ് വർഷത്തെ അന്തിമ കണക്കുകൾ ലഭ്യമാകുമ്പോൾ മാത്രമേ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിവിഹിത വിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ തിട്ടപ്പെടുത്താൻ സാധ്യമാവുകയുള്ളൂ.

കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

70 (465) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25-ലെ ബജറ്റിൽ 20 ശതമാനം തുക അനുവദിച്ച കുന്നത്തുനാട് മണ്ഡലത്തിലെ വാഴക്കുളം, മാറംപള്ളി, കുമാരപുരം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സൗത്ത് വാഴക്കുളം സർക്കാർ ലോവർ പ്രൈമറി സ്കൂൾ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ?

2024-25-ലെ വർക്സ് ബജറ്റിൽ വാഴക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.

മാറംപള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം, സൗത്ത് വാഴക്കുളം സർക്കാർ ലോവർ പ്രൈമറി സ്കൂൾ കെട്ടിട നിർമ്മാണം എന്നിവ 2024-25-ലെ വർക്സ് ബജറ്റിൽ ക്രമ നം. യഥാക്രമം 341 ആയും 2537 ആയും

ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പ്രൊപ്പോസലുകൾ ഭരണാനുമതിക്കായി ധനകാര്യ വകുപ്പിൽ ഇതുവരെ ലഭ്യമായിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തെ വർക്സ് ബജറ്റിൽ ക്രമ നം. 1539 ആയി ഉൾപ്പെട്ട എറണാകുളം ജില്ലയിലെ കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രൊപ്പോസൽ E-2721473/ HLT-A1/50/2024-FIN നമ്പർ ഫയലിൽ പരിശോധിക്കുകയും 3 കോടി രൂപയ്ക്ക് "4210-01-110-74-Construction Works under DHS-01 Works(P)" എന്ന ശീർഷകത്തിൽ ഭരണാനുമതി പുറപ്പെടുവിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ അംഗീകാരത്തോടെ 16-03-2024-ന് ആരോഗ്യകുടുംബക്ഷേമ (പി) വകുപ്പിനെ അറിയിച്ചതിനെത്തുടർന്ന് 11-07-2024-ലെ സ.ഉ.(സാധാ.)നം. 1670/2024/ആ.കു.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട ഫയലുകൾ നിലവിൽ ഏതെല്ലാം സെക്ഷനുകളിലാണെന്നും പ്രസ്തുത സെക്ഷനുകളിലെ ഫയൽ നമ്പറുകളും ലഭ്യമാക്കാമോ?

കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രൊപ്പോസൽ E-2721473/HLT-A1/50/2024-FIN നമ്പർ ഫയലിൽ പരിശോധിക്കുകയും 3 കോടി രൂപയ്ക്ക് ഭരണാനുമതി പുറപ്പെടുവിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരത്തോടെ 16-03-2024-ന് ആരോഗ്യ കുടുംബക്ഷേമ(പി) വകുപ്പിനെ അറിയിച്ചതിനെ തുടർന്ന് 11-07-2024-ലെ സ.ഉ.(സാധാ.)നം.1670/2024/ആ.കു.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മറ്റു പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ധനകാര്യ വകുപ്പിൽനിന്നും അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.

മറ്റു പ്രവൃത്തികളുടെ ഭരണാനുമതിക്കായി പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മെയിന്റനൻസ് ഗ്രാന്റ് തുക

71 (466) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച ആകെ തുക എത്രയാണ്; ഈ തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക വർധിപ്പിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് റോഡിതര സംരക്ഷണ ഫണ്ടായി 51,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ

കൈക്കൊണ്ട തീരുമാനപ്രകാരം ഓരോ പ്രാദേശിക സർക്കാരുകൾക്കും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വിസ്തീർണ്ണം, കാലപ്പഴക്കം, ഉപഭോക്താക്കളുടെ എണ്ണം എന്നീ ഘടകങ്ങൾക്ക് മുൻതൂക്കം നൽകി കണക്കാക്കിയുള്ള വിഹിതത്തെ അടിസ്ഥാനമാക്കിയാണ് റോഡിതര സംരക്ഷണ ഫണ്ട് കണക്കാക്കിയിട്ടുള്ളത്. ലഭ്യമായ ഡാറ്റ പ്രകാരം ഓരോ പ്രാദേശിക സർക്കാരുകൾക്കുമുള്ള വിഹിതം ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം ഭാഗം റിപ്പോർട്ടിന്റെ സപ്ലിമെന്റിൽ അനുബന്ധം+ 1.4-ൽ കാണിച്ചിട്ടുണ്ട്. റോഡ്/റോഡിതര ആസ്തികളിലുള്ള ഡാറ്റ എറർ പരിഹരിക്കുന്നതിന് കമ്മീഷന്റെ ശിപാർശ പ്രകാരം രൂപീകരിച്ചിട്ടുള്ള എംപവേർഡ് കമ്മിറ്റി യോഗം കൂടുമ്പോൾ അതിൽവച്ച് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രശ്നം പരിഹരിക്കാൻ സർക്കാർ തീരുമാനമെടുക്കുകയും 31-01-2025-ൽ കൂടിയ യോഗത്തിലെ അജണ്ടയിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ വിഷയം ധനകാര്യ വകുപ്പിന്റെ എംപവേർഡ് കമ്മിറ്റിയിൽ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും ഇത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച എസ്.എഫ്.സി-എ 3/141/2022 ധനകാര്യം നമ്പർ ഫയലിലെ നടപടിക്രമങ്ങളുടെ പകർപ്പും ലഭ്യമാക്കാമോ?

31-01-2025-ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ എംപവേർഡ് കമ്മിറ്റി യോഗത്തിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം പരിശോധിച്ചിട്ടുണ്ട്.

(സി) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2024-25 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ വകയിരുത്തിയ തുക എത്രയാണ്; ഈ തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് റോഡിതര സംരക്ഷണ ഫണ്ടിനത്തിൽ 57,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. റോഡിതര സംരക്ഷണ ഫണ്ടിനുള്ള തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധന ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ കാലയളവിലുള്ള അതേ മാനദണ്ഡങ്ങൾ പ്രകാരം തന്നെയാണ്.

(ഡി) പ്രസ്തുത ഗ്രാന്റ് ഇനത്തിൽ 2023-24 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയും പ്രസ്തുത തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകളും വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു. 1200 പ്രാദേശിക സർക്കാരുകൾക്കും റോഡിതര സംരക്ഷണ ഫണ്ടിന്റെ വിഹിതം വച്ചിട്ടുള്ളത് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്.

നം.	**പ്രാദേശിക സർക്കാരിന്റ പേര്**	**2023-24-ൽ റോഡിതര സംരക്ഷണ ഫണ്ടായി അനുവദിച്ച തുക (തുക രൂപയിൽ)**
1	നിലമ്പൂർ	1,13,12,000
2	കാളികാവ്	1,76,50,000
3	വണ്ടൂർ	2,09,56,000
4	അരിക്കോട്	3,55,80,000
5	മലപ്പുറം	30,82,000
6	പെരിന്തൽമണ്ണ	46,88,000
7	മങ്കട	72,91,000
8	കുറ്റിപ്പുറം	1,75,73,000
9	വേങ്ങര	83,49,000

10	തിരുരങ്ങാടി	70,96,000
11	താനൂർ	2,58,37,000
12	തിരൂർ	1,97,37,000
13	പൊന്നാനി	1,54,86,000
14	പെരുമ്പടപ്പ്	36,00,000

മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

72 (467) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ വാല്യം-2-ൽ ഉൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ നൽകിയിരിക്കുന്നു.

(ബി) ടി പദ്ധതികളിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ടി പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) ബജറ്റ് എസ്റ്റിമേറ്റുകളുടെ വാല്യം II-ൽ 20 ശതമാനം വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗനിർദേശങ്ങളും+ പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി ഭരണ വകുപ്പിന് സ്വീകരിക്കാവുന്നതാണ്.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ

73 (468) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബജറ്റിൽ 20 ശതമാനം തുക അനുവദിച്ച ഏതൊക്കെ വകുപ്പുകളിലെ എന്തൊക്കെ പ്രവൃത്തികളാണ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) അവയിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി നൽകാനുള്ളതെന്നും അതിന്റെ കാലതാമസത്തിനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരണങ്ങൾ എന്തെന്നും വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

മണലൂർ മണ്ഡലത്തിൽ അനുവദിച്ച തുക

74 (470) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ ഒഴികെ മണലൂർ മണ്ഡലത്തിനായി ബജറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ ഓരോന്നിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബജറ്റിൽ 20 ശതമാനം തുക അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് എസ്റ്റിമേറ്റുകളുടെ വാല്യം 2-ലെ വിശദവിവരങ്ങളിൽനിന്ന് ക്രോഡീകരിച്ച് അനുബന്ധമായി+ നൽകിയിരിക്കുന്നു.

കടമ്പഴിപ്പുറം – മണ്ണമ്പറ്റ റോഡ് നവീകരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

75 (471) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുള്ള കടമ്പഴിപ്പുറം-മണ്ണമ്പറ്റ റോഡ് നവീകരണ പ്രവൃത്തിക്ക് (ഫയൽ നമ്പർ ഡി3/174/2024/ഫിൻ, കമ്പ്യൂട്ടർ നമ്പർ. 2889690/എൽ.എസ്.ജി.ഡി.) ഭരണാനുമതി ലഭിച്ചിട്ടുണ്ടോ?

2023-24 വർഷത്തെ ബജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുള്ള കടമ്പഴിപ്പുറം-മണ്ണമ്പറ്റ റോഡ് നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം E:2941215/ DEV-3/174/2024-FIN ഫയലിൽ പരിശോധിച്ചുവരികയാണ്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പ്രസ്തുത ഫയൽ ഭരണാനുമതിക്കായി എന്നാണ് ധനകാര്യ വകുപ്പിൽ എത്തിയത്?

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പ്രസ്തുത ഫയൽ 23-09-2024- ലാണ് ഭരണാനുമതിക്കായി ധനകാര്യ വകുപ്പിൽ എത്തിയത്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ

പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ എന്നത്തേക്ക് ഭരണാനുമതി ലഭിക്കുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. ഭരണാനുമതി നൽകുന്ന വിഷയം E:2941215/ DEV-3/174/2024-FIN ഫയലിൽ പരിശോധിച്ചുവരികയാണ്.

വടക്കാഞ്ചേരി മണ്ഡലത്തിലെ പദ്ധതികൾ

76 (472) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പദ്ധതികളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഇതേ കാലയളവിൽ 100 രൂപ ടോക്കൺ തുക വകയിരുത്തിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

77 (473) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയുടെയും നാളിതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയുടെയും നാളിതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

സാമ്പത്തിക വർഷം	ബജറ്റ് വിഹിതം	കണക്ക്
2018-19	0.00	0.04
2019-20	1000.00	8.58
2020-21	1000.00	612.40
2021-22	1830.00	900.70
2022-23	1600.00	1437.17
2023-24	904.83	1370.95
2024-25	1000.00	846.15*

*ജനുവരി 2025 വരെയുള്ളത്.

വിമുക്തി പദ്ധതിക്കുള്ള തുക

78 (474) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിക്ക് നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

നടപ്പുസാമ്പത്തിക വർഷം (2024-25) വിമുക്തി പദ്ധതിക്കായി ബജറ്റിൽ 9,50,86,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽനിന്നും നാളിതുവരെ 5,32,35,343/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2016 മുതൽ ഓരോ വർഷവും വിമുക്തി പദ്ധതിക്കായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മത്സ്യമേഖല വികസനത്തിന് ചെലവഴിച്ച തുക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

79 (475) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾക്കും മാനവ വികസനത്തിനുമായി നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണ്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

അടിസ്ഥാന സൗകര്യവികസനം

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് വഴി നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിക്കും വകുപ്പുവഴി തീരദേശ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾക്കുമായി 2024-25 സാമ്പത്തികവർഷം 84.35 കോടി രൂപ (ബഡ്ജറ്റ് വിഹിതം 60 കോടി രൂപയും അധിക ധനാനുമതി മുഖേന 24.35 കോടി രൂപയും ഉൾപ്പടെ) അനുവദിക്കുകയും അതിൽനിന്നും

70.19 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

മാനവശേഷി വികസനം

ഫിഷറീസ് വകുപ്പുവഴി മാനവശേഷി വികസനം എന്ന ഘടകത്തിൽ സാഫ്, വിദ്യാതീരം, തീരോന്നതി, പലിശരഹിത വായ്പ തുടങ്ങിയ ഘടകങ്ങൾക്കായി 2024-25 സാമ്പത്തികവർഷം 40 കോടി അനുവദിക്കുകയും അതിൽനിന്നും 14.43 കോടി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്കായി അനുവദിച്ച തുക

80 (476) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി 2024-25 സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്ന് അറിയിക്കുമോ?

1) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ് (സ്നേഹ സാന്ത്വനം) പദ്ധതിക്കായി 2235-60-200-72(04) പ്ലാൻ ശീർഷകത്തിൽ

17,00,00,000/- (പതിനേഴ് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.

2) 2235-60-200-83 പ്ലാൻ എന്ന ശീർഷകത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിയിൽനിന്ന് 40,35,430/- രൂപ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ഉന്നമനവും പുനരധിവാസവും ലക്ഷ്യമിട്ടുള്ള സഹജീവനം സ്നേഹഗ്രാമം എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

3) 2235-02-104-81 നോൺ പ്ലാൻ എന്ന ശീർഷകത്തിൽ കോടതി വിധി പ്രകാരം എൻഡോസൾഫാൻ ഇരകൾക്കുള്ള ധനസഹായം എന്ന പദ്ധതിക്കായി 1000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിൽ എന്ത് തുക അനുവദിച്ചുവെന്ന് വിശദമാക്കുമോ?

1) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ് (സ്നേഹ സാന്ത്വനം) പദ്ധതിക്കായി 2235-60-200-72(04) പ്ലാൻ ശീർഷകത്തിൽ

17,00,00,000/-(പതിനേഴ് കോടി രൂപ മാത്രം) രൂപ വകയിരുത്തിയതിൽ 16.71 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

2) 2235-60-200-83 പ്ലാൻ എന്ന ശീർഷകത്തിൽനിന്നും സഹജീവനം സ്നേഹഗ്രാമം എന്ന പദ്ധതിക്കായി 27,09,916/- രൂപ അനുവദിച്ചിട്ടുണ്ട്.

3) 2235-02-104-81 നോൺ പ്ലാൻ എന്ന ശീർഷകത്തിൽനിന്നും എൻഡോസൾഫാൻ ദുരിതബാധിതയായിരുന്ന മരണമടഞ്ഞ കുമാരി ആൻമരിയയുടെ രക്ഷിതാക്കളെടുത്ത ബാങ്ക് വായ്പ എഴുതിത്തള്ളുന്നതിനായി അധിക ധനാനുമതിയായി 4,04,000/- രൂപ അനുവദിച്ചിട്ടുണ്ട്.

പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിലെ അലംഭാവം

81 (477) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിലെ അടങ്കൽ തുകയുടെ 20 ശതമാനം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് യഥാസമയം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി നേടുന്നതിൽ വകുപ്പുകൾ അലംഭാവം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവൃത്തികൾ മോണിറ്റർ

ചെയ്യുന്നതിന് ധനകാര്യ വകുപ്പിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; യഥാസമയം പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാത്ത വകുപ്പുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ബജറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിന് വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുമോ?

(എ&ബി) ബജറ്റിലെ അടങ്കൽ തുകയുടെ 20 ശതമാനം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് യഥാസമയം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി നേടുന്നതിൽ വകുപ്പുകൾ അലംഭാവം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 20 ശതമാനം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് അതത് വകുപ്പാണ് ഭരണാനുമതി നൽകിവരുന്നത്. എ.എസ്. കമ്മിറ്റിയിൽ പരിഗണിക്കാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന്മേൽ ധനവകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ ലഭ്യമാക്കാറുണ്ട്.

കാസർഗോഡ് ജില്ലയിലെ പദ്ധതികൾ

82 (478) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പദ്ധതി ചെലവ് എത്രയാണെന്ന് വിശദമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ചേരാനെല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

83 (479) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 വർഷത്തെ ബജറ്റിൽ 20 ശതമാനം വിഹിതം അനുവദിച്ചിരുന്ന എറണാകുളം മണ്ഡലത്തിലെ ചേരാനെല്ലൂർ മിനി സിവിൽ

സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിക്ക് ധനവകുപ്പിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ചേരാനല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ചുള്ള വിഷയം, 2914804/I&PW-B2/250/2024/ധന. (PWD-E2/188/2024-PWD) ഫയലിൽ ധനവകുപ്പ് പരിശോധിച്ചിരുന്നു. പ്രസ്തുത ഫയലിൽ ജില്ലയിൽ വിവിധയിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന കാര്യാലയങ്ങൾകൂടി ചേരാനല്ലൂർ മിനി സിവിൽ സ്റ്റേഷനുവേണ്ടി നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ കെട്ടിടത്തിൽ സജ്ജമാക്കുന്നതിനാവശ്യമായ തരത്തിൽ വിശദമായ എസ്റ്റിമേറ്റും ഡിസൈനും പുതുക്കി സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് ധനവകുപ്പ് പരിശോധിക്കുന്നതാണ്.

കോട്ടക്കൽ മണ്ഡലത്തിലെ പദ്ധതികൾ

84 (480) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ ബജറ്റിൽ 20 ശതമാനം തുക നീക്കിവച്ചിരുന്ന കോട്ടക്കൽ മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അത് ലഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണവും വിശദമാക്കുമോ;

(സി) നാളിതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ

85 (481) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്ന സർക്കാർ ജീവനക്കാരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണത്തിൽപ്പെടുന്ന വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭ്യമായിരുന്ന ഗുണഭോക്താക്കൾക്ക് പിന്നീട് സർക്കാർ സർവീസിൽ ജോലി ലഭിച്ചതിനുശേഷം അനർഹമായി 1457 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി ബന്ധപ്പെട്ട ഡാറ്റാബേസുകളിലെ വിവരങ്ങൾ താരതമ്യം ചെയ്ത് കണ്ടെത്തിയിട്ടുള്ളതും അങ്ങനെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റിയ സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും അനധികൃതമായി കൈപ്പറ്റിയ തുക 18 ശതമാനം പലിശസഹിതം തിരികെ ഈടാക്കുന്നതിനും പട്ടിക പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്തി വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് ധനകാര്യ വകുപ്പിൽനിന്നും നിർദ്ദേശം നൽകിയിരുന്നു. ടി ജീവനക്കാരുടെ പേര്, തസ്തിക, വകുപ്പ് എന്നിവ സംബന്ധിച്ച് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി

86 (483) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ വിതരണത്തിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി നാളിതുവരെ എടുത്ത വായ്പയുടെ കണക്ക് ലഭ്യമാക്കാമോ; ഇതിൽ എത്ര രൂപ അടച്ചുതീർത്തെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി നാളിതുവരെ 41,275.84 കോടി രൂപ വായ്പയെടുക്കുകയും അതിൽ 27,728.69 കോടി രൂപ തിരിച്ചടവ് നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) നാളിതുവരെ പ്രസ്തുത കമ്പനിക്ക് സർക്കാർ എത്ര തുക നൽകിയെന്നും ഇനി എത്ര നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

സർക്കാർ നാളിതുവരെ കമ്പനിക്ക് 49,300.86 കോടി രൂപ നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കമ്പനിയുടെ ബജറ്റ് വിഹിതമായ 10,729 കോടി രൂപയിൽനിന്ന് 9,700.01 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും എത്ര ശതമാനം പലിശയ്ക്കാണ് പ്രസ്തുത കമ്പനി വായ്പകൾ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി., പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി. എന്നിവിടങ്ങളിൽനിന്ന് 8.80 ശതമാനം മുതൽ 9.70 ശതമാനം വരെയുള്ള വ്യത്യസ്ത പലിശ നിരക്കിലാണ് കമ്പനി വായ്പകൾ സമാഹരിച്ചിട്ടുള്ളത്.

സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ ബാധ്യത

87 (484) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് വായ്പ നൽകിയ കെ.എസ്.എഫ്.ഇ.., കെ.എസ്.ബി.സി., പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ

സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി. തുടങ്ങിയ ഓരോ സ്ഥാപനത്തിനും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് നൽകാനുള്ള തുക എത്രയാണ്; വിശദാംശം നൽകുമോ?

കമ്പനി വിവിധ സ്ഥാപനങ്ങളിൽനിന്നും വാങ്ങിയ വായ്പയുടെയും അതിന്റെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

വായ്പ നൽകിയ സ്ഥാപനം	**വായ്പ തുക (കോടിയിൽ)**
കെ.എസ്.എഫ്.ഇ.	3440.69
കെ.എസ്.ബി.സി.	1000
പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം	6106.46
കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	2000
കെ.എഫ്.സി.	1000

(ബി) മേൽ സ്ഥാപനങ്ങളിൽനിന്നും വായ്പ സമാഹരിക്കുന്നതിന് നൽകിയിട്ടുള്ള കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

വായ്പ കരാർ വ്യവസ്ഥകൾ പ്രകാരം മൂന്നുമാസം, ആറുമാസം, ഒരു വർഷം എന്നിങ്ങനെയുള്ള സമയക്രമത്തിലാണ് വായ്പകൾ സമാഹരിച്ചിട്ടുള്ളതും കാലാവധി പൂർത്തിയാക്കുമ്പോൾ അത് പുതുക്കിവരുന്നതും. 8.80 ശതമാനം മുതൽ 9.70 ശതമാനംവരെയുള്ള വ്യത്യസ്ത പലിശ നിരക്കിലാണ് കമ്പനി വായ്പകൾ സമാഹരിച്ചിട്ടുള്ളത്.

ക്ഷേമ പെൻഷൻ

88 (485) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ ജനവിഭാഗങ്ങൾക്കായി ഏതൊക്കെ തരത്തിലുള്ള ക്ഷേമ പെൻഷനുകളാണ് നിലവിലുള്ളത്; ഓരോ പെൻഷന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾവഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പ് മുഖേനയുള്ള

കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനതുഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്.

(ബി) സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമ പെൻഷനുകളിൽ കേന്ദ്ര വിഹിതം എത്രയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ, ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നീ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. എൻ.എസ്.എ.പി. മാർഗനിർദേശങ്ങൾ പ്രകാരമുള്ള കേന്ദ്ര വിഹിതം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

പെൻഷൻ ഇനം	പെൻഷൻ ഉപ വിഭാഗം	പ്രതിമാസ സംസ്ഥാന വിഹിതം (രൂപ)	പ്രതിമാസ കേന്ദ്ര വിഹിതം (രൂപ)
ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	പ്രായം 60 മുതൽ 79 വയസ്സു വരെ	1400	200
	പ്രായം 80 വയസ്സും അതിനു മുകളിലും	1100	500
ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ	അംഗ പരിമിതി 80 ശതമാനവും അതിനു മുകളിലും (18 വയസ്സു മുതൽ)	1300	300
ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ	40 വയസ്സും അതിനു മുകളിലും	1300	300
കർഷക തൊഴിലാളി പെൻഷൻ		1600	0
50 വയസ്സു കഴിഞ്ഞ അവിവാഹിത പെൻഷൻ		1600	0

(സി) എത്ര ലക്ഷം പേർക്കാണ് നിലവിൽ ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നത്; ക്ഷേമ പെൻഷൻ ലഭിക്കുന്നതിനായി 2021-നുശേഷം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കാമോ?

നിലവിൽ 6001810 പേർക്കാണ് മേൽവിവരിച്ച വിവിധ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ക്ഷേമപെൻഷൻ ലഭിക്കുന്നതിനായി 2021-നുശേഷം ലഭിച്ച അപേക്ഷകളുടെ എണ്ണം പ്രത്യേകമായി കണക്കാക്കിയിട്ടില്ല. നിലവിലെ പെൻഷൻ മാനദണ്ഡങ്ങൾ പ്രകാരം അർഹരാകുന്നവർക്ക് നടപടിക്രമങ്ങൾ പാലിച്ച് പെൻഷൻ നൽകിയും നിരസിക്കുന്നവയ്ക്ക് ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകിയും അപേക്ഷകൾ തീർപ്പാക്കുന്നു.

പെൻഷൻ തരം	ഗുണഭോക്താക്കളുടെ എണ്ണം
ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ	291364
ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ	388299
50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ	781842
ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ	1313366
കർഷകത്തൊഴിലാളി പെൻഷൻ	311840
കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്	17602
കർഷക പെൻഷൻ	198086
മത്സ്യത്തൊഴിലാളി	51404

ക്ഷീര കർഷക പെൻഷൻ	49936
ലോട്ടറി തൊഴിലാളി	7029
കയർ തൊഴിലാളി	75552
ഖാദി തൊഴിലാളി	525
ട്രേഡേഴ്സ് വെൽഫെയർ	11829
ചുമട്ടുതൊഴിലാളി	4994
ആഭരണ തൊഴിലാളി	1186
ചെറുകിട തോട്ടം തൊഴിലാളി	938
ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി	9917
ബീഡി & സിഗാർ തൊഴിലാളി	3736
തയ്യൽത്തൊഴിലാളി	102797
കൈത്തറി തൊഴിലാളി	8461
കശുവണ്ടി തൊഴിലാളി	56884
കേരള ചുമട്ടുതൊഴിലാളി അൺ അറ്റാച്ച്ഡ് വിഭാഗം	13638
കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്	902
കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്	374580
കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ്	4276
കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്	11917
കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആൻഡ് വെൽഫെയർ ഫണ്ട് ബോർഡ്	19629

കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്	21036
കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്	1524
കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ്	5569
കേരള അഡ്വക്കേറ്റ് ക്ലർക്ക് ക്ഷേമനിധി കമ്മിറ്റി	483
ദി കേരള നോൺ-റസിഡന്റ്സ് കേരളൈറ്റ്സ്	53998
കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് -സ്റ്റെബ്സ് ആൻഡ് സ്റ്റാമ്പ് വെണ്ടേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്	128
കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ്	1588
കലാകാര പെൻഷൻ	2060
കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി	184
സർക്കസ് പെൻഷൻ	1114
അവശ കായികതാര പെൻഷൻ	103
മരംകയറ്റ തൊഴിലാളി പെൻഷൻ	1178
വിശ്വകർമ്മ പെൻഷൻ	316
ആകെ	**600181**

അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ

89 (486) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റിയ സർക്കാർ ജീവനക്കാരിൽനിന്നും പതിനെട്ട് ശതമാനം പിഴപ്പലിശ സഹിതം തുക തിരിച്ചുപിടിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചതിൻപ്രകാരം ആകെ എത്ര രൂപ തിരികെ ലഭിച്ചുവെന്ന് അറിയിക്കാമോ; കൈപ്പറ്റിയ പെൻഷൻ, പലിശ സഹിതം തിരിച്ചടച്ച തുക എന്നിവ സംബന്ധിച്ച വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണത്തിൽപ്പെടുന്ന വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭ്യമായിരുന്ന ഗുണഭോക്താക്കൾക്ക് പിന്നീട് സർക്കാർ സർവീസിൽ ജോലി ലഭിച്ചതിനുശേഷം, അനർഹമായി 1457 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി ബന്ധപ്പെട്ട ഡാറ്റാബേസുകളിലെ വിവരങ്ങൾ താരതമ്യം ചെയ്ത് കണ്ടെത്തിയിട്ടുള്ളതും അങ്ങനെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റിയ

സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും അനധികൃതമായി കൈപ്പറ്റിയ തുക 18 ശതമാനം പലിശ സഹിതം തിരികെ ഈടാക്കുന്നതിനും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് ധനകാര്യ വകുപ്പിൽനിന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ടി നടപടികൾ പൂർത്തിയാക്കി ഇതുവരെയും ഒരു വകുപ്പും സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ പൂർണമായും എത്ര തുക തിരിച്ചടച്ചുവെന്നും ഇനി തിരിച്ചടയ്ക്കാനുള്ള തുകയുടെ വിശദാംശങ്ങളിലും കൃത്യത ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ.

പതിനാറാം ധനകാര്യ കമ്മീഷൻ

90 (487) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ധനകാര്യ കമ്മീഷൻ കാലയളവിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിലെത്തി നിൽക്കുമ്പോൾ കേന്ദ്ര

നികുതിയിൽ സംസ്ഥാനത്തിന് അനുവദിച്ച വിഹിതത്തിലുണ്ടായിട്ടുള്ള കുറവ് എത്രയാണ്; വ്യക്തമാക്കുമോ?

ഓരോ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് വരുമ്പോഴും കേന്ദ്ര നികുതി വരുമാനത്തിന്റെ ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷൻ കാലയളവിൽ (1995-2000) 3.875 ശതമാനമായിരുന്ന നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ (2021-2026) 1.925 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

(ബി) ധനകാര്യ കമ്മീഷനുകളിൽനിന്നും അർഹിക്കുന്ന പരിഗണന ലഭിക്കാത്ത പശ്ചാലത്തിൽ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമഗ്രമായി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ?

2026-2031 കാലയളവിലേക്കുള്ള ശിപാർശകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 2024 ഡിസംബർ 8 മുതൽ 10 വരെയുള്ള തീയതികളിൽ പതിനാറാം ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ചിരുന്നു. പ്രസ്തുത

സമയത്ത് കേരളത്തിന്റെ ആവശ്യങ്ങൾ നേരിട്ടും മെമ്മോറാണ്ടം മുഖേനയും കമ്മീഷൻ മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിനുള്ള വിഹിതത്തിൽ കുറവ് വരുത്തുന്നതിന് ഇടയാക്കിയിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇവ തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ജനസംഖ്യ 2011 (15 ശതമാനം), ഭൂമിശാസ്ത്ര വിസ്തീർണം (15 ശതമാനം), ഫോറസ്റ്റ് & എക്കോളജി (10 ശതമാനം), ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനത്തിൽനിന്നുള്ള ദൂരം (45 ശതമാനം), റവന്യൂ പ്രയത്നം (2.5 ശതമാനം), ഡെമോഗ്രാഫിക് പെർഫോമൻസ് (12.5 ശതമാനം) എന്നീ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡം തീരുമാനിച്ചത്. മറ്റ് സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ ക്രമാതീതമായ മാറ്റം വരാത്തവിധവും കേരളത്തിന് മെച്ചപ്പെട്ട വിഹിതവും ലഭിക്കുന്നതിനായി ജനസംഖ്യ 2011 (32.5 ശതമാനം), ഡെമോഗ്രാഫിക് പ്രോഗ്രസ്

(22.5 ശതമാനം), ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനത്തിൽനിന്നുള്ള ദൂരം (30 ശതമാനം), ഭൂമിശാസ്ത്ര വിസ്തീർണം (5 ശതമാനം), ഫോറസ്റ്റ് കവർ (7.5 ശതമാനം), പോപ്പുലേഷൻ ഡെൻസിറ്റി (2.5 ശതമാനം) എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നികുതി വിഭജനത്തിനുള്ള മാനദണ്ഡം തീരുമാനിക്കണമെന്ന് പതിനാറാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നികുതി കുടിശ്ശിക

91 (488) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷാരംഭത്തിൽ വിവിധ നികുതി ഇനങ്ങളിൽ പിരിച്ചെടുക്കാൻ ബാക്കിയുണ്ടായിരുന്ന തുക എത്രയാണ്; ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതരനിയമങ്ങൾ, വാറ്റ്, കെ.ജി.എസ്.ടി., എ.ഐ.ടി. മുതലായവയുടെ കീഴിൽ 2023-24 സാമ്പത്തികവർഷം 31-03-2024

വരെയുള്ള കണക്കുകൾ പ്രകാരം 13,559.45 കോടി രൂപയാണ് പിരിച്ചെടുക്കാൻ ബാക്കിയുണ്ടായിരുന്നത്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6885.02 കോടി രൂപയും 5106.19 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1568.24 കോടി രൂപ മറ്റുനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ജി.എസ്.ടി. ഇതര നിയമങ്ങളിൽ ഉൾപ്പെട്ടതും ജി.എസ്.ടി.-യിൽ ഉൾപ്പെട്ടതുമായ നികുതി കുടിശ്ശിക സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, കേരള ഫിനാൻസ് ആക്ട്, 2024 പ്രകാരം ജി.എസ്.ടി. നിയമം നിലവിൽ വരുന്നതിനുമുൻപ് നിലവിലുണ്ടായിരുന്ന നിയമങ്ങളിന്മേലുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിലേക്ക് സമഗ്ര നികുതി കുടിശ്ശിക നിവാരണം ലക്ഷ്യമിട്ടുകൊണ്ട് ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു.

കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ആക്ട്, 2024 പ്രകാരം 01-07-2017 മുതൽ 31-3-2020 കാലയളവിലെ ജി.എസ്.ടി. നിയമങ്ങളിൽ ഉൾപ്പെട്ട ചരക്ക് സേവന നികുതി നിയമം വകുപ്പ് 73 പ്രകാരം നികുതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർണ്ണയം നടത്തിയിട്ടുള്ള അഡ്ജ്യൂഡിക്കേഷൻ ഓർഡറുകളിലെ പെനാൽറ്റിയും പലിശയും ഒഴിവാക്കാൻ ആംനെസ്റ്റി സ്കീം നിലവിലുണ്ട്.

എക്സൈസ് വകുപ്പിൽ നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാൻ തുകയൊന്നും ശേഷിക്കുന്നില്ല. വകുപ്പിന്റെ എല്ലാ നികുതിയും മുൻകൂറായി ഓൺലൈൻ സംവിധാനത്തിലൂടെ സമാഹരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ പഴയ അബ്കാരി കുടിശ്ശിക ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ 64,54,57,574/- രൂപ മുതലും 238,95,59,081/- രൂപ പലിശയുമായി ആകെ 303,50,16,665/- രൂപ പിരിഞ്ഞ് കിട്ടാനുണ്ട്.

രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ചിടത്തോളം ആധാരം രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിവരുന്നതിനാൽ നികുതി കുടിശ്ശിക ഉണ്ടാകാറില്ല. എന്നാൽ നികുതി വെട്ടിക്കുന്നതിനായി വസ്തുവില കുറച്ചുവച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതായി സബ് രജിസ്ട്രാറിന് ബോധ്യപ്പെടുന്ന സാഹചര്യങ്ങളിൽ കുറവ് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയെടുക്കുന്നതിനായി അണ്ടർ വാല്യുവേഷൻ റിപ്പോർട്ട് ചെയ്യാറുണ്ട്. ഈയിനത്തിൽ 01-01-1986 മുതൽ 31-03-2024

വരെയുള്ള കാലയളവിൽ 227768 കേസുകളിൽനിന്നായി 719.47 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുണ്ടായിരുന്നത്.

നടപ്പ് സാമ്പത്തിക വർഷാരംഭത്തിൽ മറ്റ് വകുപ്പുകൾ പിരിച്ചെടുക്കാൻ ബാക്കിയുണ്ടായിരുന്ന തുകയുടെ വിശദാംശം ശേഖരിച്ചുവരുന്നു.

(ബി) ഈ വർഷം അധിക നികുതി, ഫീസ്, മറ്റിനങ്ങളിലായി അധിക വിഭവ സമാഹരണമായി ലക്ഷ്യമിട്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

2024-25 സാമ്പത്തികവർഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന നികുതി നിയമങ്ങളിൽനിന്നും പ്രതീക്ഷിക്കുന്ന നികുതി വരുമാനം (Revised ബജറ്റ് എസ്റ്റിമേറ്റ്) 63332.28 കോടി രൂപയാണ്. ആയതിൽ 31.01.2025 വരെ ജി.എസ്.ടി., നോൺ ജി.എസ്.ടി. ഇനത്തിൽ 49463.98 കോടി രൂപ (Provisional) പിരിച്ചെടുത്തിട്ടുണ്ട്. ഇത് പ്രതീക്ഷിക്കുന്ന നികുതി വരുമാനത്തിന്റെ 78.1 ശതമാനമാണ്.

രജിസ്ട്രേഷൻ വകുപ്പിൽ 192 കോടി രൂപയാണ് അധിക വിഭവ സമാഹരണമായി ഈ സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരുന്നത്.

മറ്റ് വകുപ്പുകളിൽനിന്നുള്ള വിശദാംശം ശേഖരിച്ചുവരുന്നു.

(സി) ഈ സാമ്പത്തികവർഷം നാളിതുവരെ പിരിച്ചെടുത്ത വിവിധ ഇനങ്ങളിലെ കുടിശ്ശിക എത്ര; ഇനി പിരിച്ചെടുക്കാൻ ബാക്കിയുള്ളത് എത്ര; അധിക വിഭവ സമാഹരണമായി ലക്ഷ്യമിട്ടതിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതരനിയമങ്ങൾ, വാറ്റ്, കെ.ജി.എസ്.ടി., എ.ഐ.ടി. മുതലായവയുടെ കീഴിൽ 2024-25 സാമ്പത്തികവർഷം 31-12-2024 വരെയുള്ള കണക്കുകൾ പ്രകാരം 12574.32 കോടി രൂപയാണ് കുടിശ്ശികയുള്ളത്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6407.93 കോടി രൂപയും 5037.31 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1129.08 കോടി രൂപ മറ്റുനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.

2024-25 സാമ്പത്തിക വർഷം 31-12-2024 വരെ ജി.എസ്.ടി. അഡ്ജ്യൂഡിക്കേഷനിൽ ഉൾപ്പെട്ട നികുതി കുടിശ്ശിക 3964.12 കോടി രൂപയാണ്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത്

2038.35 കോടി രൂപയും 1110.84 കോടി രൂപ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 814.93 കോടി രൂപ മറ്റനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.

31-12-2024 വരെ കടിശ്ശികയിനത്തിൽ നിന്നും ജി.എസ്.ടി. നിയമ പ്രകാരം ഏകദേശം 95.7 കോടി രൂപയും ജി.എസ്.ടി. ഇതര നിയമപ്രകാരം (ആംനെസ്റ്റി സ്കീം ഉൾപ്പെടെ) ഏകദേശം 161.83 കോടി രൂപയും പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിൽ ഈ സാമ്പത്തിക വർഷം നാളിതുവരെ 01-04-2017 മുതൽ 31-03-2023 വരെയുള്ള കാലയളവിലെ കോമ്പൗണ്ടിങ് സ്കീം പ്രകാരം 4,97,52,916/- രൂപയും 01-01-1986 മുതൽ 31-03-2017 വരെയുള്ള കാലയളവിലെ സെറ്റിൽമെന്റ് സ്കീം പ്രകാരം 1,30,57,982/- രൂപയും അടക്കം ആകെ 6,28,10,898/- രൂപയും പിരിച്ചെടുക്കുകയുണ്ടായി. മേൽ ഇനത്തിൽ 672.57 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. അധിക വിഭവസമാഹരണമായി ലക്ഷ്യമിട്ടിരുന്നതിൽ 4.82 കോടി രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്.

മറ്റ് വകുപ്പുകളിൽ നിന്നുള്ള വിശദാംശം ശേഖരിച്ചുവരുന്നു.

പെട്രോൾ, ഡീസൽ നികുതിയിലെ അധിക വരുമാനം

92 (489) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വില വർധനവിലൂടെ നികുതി ഇനത്തിൽ 2016 മേയ് മുതൽ ലഭിച്ച അധിക വരുമാനം എത്ര; വിശദമാക്കാമോ;

(ബി) അടിക്കടിയുള്ള പെട്രോൾ, ഡീസൽ ഉൽപ്പന്നങ്ങളുടെ വില വർധനവിലൂടെ ജനങ്ങൾക്ക് പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) പെട്രോൾ, ഡീസൽ 2016 മേയ് മുതൽ 31 ജനുവരി 2025 വരെ ലഭിച്ച നികുതി വരുമാനത്തിന്റെ വ്യതിയാനം അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പ്രയാസങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിന് ലഭിക്കുന്ന അധിക നികുതി വരുമാനം ഒഴിവാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

തീരുമാനം കൈക്കൊണ്ടിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നികുതി വരുമാനം

93 (490) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിലും നാളിതുവരെയും വിനോദസഞ്ചാര മേഖലയിൽനിന്നും ലോട്ടറി വിൽപ്പനയിൽനിന്നും മദ്യ വിൽപ്പനയിൽനിന്നും ലഭിച്ച നികുതി, നികുതിയേതര വരുമാനം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ലോട്ടറി വകുപ്പ്

2023-24 സാമ്പത്തിക വർഷത്തിൽ ലോട്ടറി വിൽപ്പനയിലൂടെ ലഭിച്ച നികുതി വരുമാനം 35,08,19,24,628.45/- രൂപയും നടപ്പുസാമ്പത്തിക വർഷം 31-01-2025 വരെ ലഭിച്ച നികുതി വരുമാനം 29,91,71,45,561.159/- രൂപയുമാണ്.

2023-24 സാമ്പത്തിക വർഷത്തിൽ ലോട്ടറി വിൽപ്പനയിലൂടെ ലഭിച്ച നികുതിയിതര വരുമാനം 12529.26 കോടി രൂപയും നടപ്പ് സാമ്പത്തിക

വർഷം 31-01-2025 വരെ ലഭിച്ച നികുതിയിതര വരുമാനം 10684.69 കോടി രൂപയുമാണ്.

ചരക്കുസേവന നികുതി വകുപ്പ്

2023-24 സാമ്പത്തിക വർഷത്തിൽ മദ്യ വിൽപ്പനയിൽനിന്നും സർക്കാരിന് ലഭിച്ച നികുതി വരുമാനം 15170.82* കോടി രൂപയാണ്. (*provisional)

നടപ്പുസാമ്പത്തിക വർഷത്തിൽ ജനുവരി 31, 2025 വരെ മദ്യ വിൽപ്പനയിൽനിന്നും സർക്കാരിന് ലഭിച്ച നികുതി വരുമാനം 12819.19* കോടി രൂപയാണ്. (*provisional)

എക്സൈസ് വകുപ്പ്, ധനകാര്യ വകുപ്പ്, വിനോദസഞ്ചാര വകുപ്പ് എന്നീ വകുപ്പുകളുടെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) 2016 മുതൽ നാളിതുവരെ മദ്യത്തിൽനിന്നുമുള്ള വരുമാനവും ലോട്ടറി വിറ്റുവരവും ലോട്ടറി അസ്സൽ വരുമാനവും എത്രയാണെന്ന് വെളിപ്പെടുത്താമോ?

ചരക്കുസേവന നികുതി വകുപ്പ്

ചരക്കുസേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന കെ.ജി.എസ്.ടി. നിയമം പ്രകാരം മദ്യത്തിൽ ചുമത്തപ്പെടുന്ന നികുതി വരുമാനത്തിന്റെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

<u>ലോട്ടറി വകുപ്പ്</u>

ലോട്ടറി വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

എക്സൈസ്, ധനകാര്യം, വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) 2016 മുതൽ മുതൽ നാളിതുവരെ ലോട്ടറിയിൽനിന്നുള്ള അറ്റാദായം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വിശദമാക്കാമോ;

(ഡി) ലോട്ടറിയിൽനിന്നും മദ്യത്തിൽനിന്നുമുള്ള വരുമാനം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കാമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടി

94 (491) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യക്ഷമമായ പരിശോധനകളില്ലാത്തതിനാൽ അന്തർസംസ്ഥാന ചരക്കുനീക്കത്തിൽ വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

അന്തർസംസ്ഥാന ചരക്കുനീക്കത്തിൽ വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാര്യക്ഷമമായ പരിശോധനകൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പ് പുനഃസംഘടനയിലൂടെ 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ചുകൊണ്ട് സംസ്ഥാനത്ത് 24 മണിക്കൂറും ചരക്കു വാഹനങ്ങളുടെയും അവയിലൂടെയുള്ള ചരക്ക് നീക്കത്തിനും ആവശ്യമായ രേഖകളുടെയും പരിശോധന ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരം പരിശോധനയിൽ ക്രമക്കേടും നികുതി വെട്ടിപ്പും കണ്ടെത്തുന്നവയിൽ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന നടപടികളെടുക്കുന്നു.

(ബി) സംസ്ഥാനത്ത് വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ പൂർണ്ണമായി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ നികുതി വെട്ടിപ്പ് തടയാൻ സംസ്ഥാനാതിർത്തികളിൽ ഏർപ്പെടുത്തിയിരിക്കുന്ന പുതിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി സംസ്ഥാനത്ത് വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ പൂർണ്ണമായി നിർത്തലാക്കിയിട്ടുണ്ട്. അതിർത്തികളിൽ പ്രത്യേകമായുള്ള സംവിധാനങ്ങൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ട ANPR ക്യാമറകളുമാണ്.

(സി) നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള ഇ-വേ ബിൽ ഏതെല്ലാം മേഖലകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്; അതിന്റെ പുരോഗതി വിശദമാക്കുമോ?

അൻപതിനായിരം രൂപയ്ക്ക് മുകളിൽ നികുതിവിധേയമായ സാധനങ്ങൾ വാഹനങ്ങളിൽ കൊണ്ടുപോകുമ്പോൾ ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ 2025 ജനുവരി 20 മുതൽ സ്വർണ്ണത്തിനും മറ്റ് വിലയേറിയ രത്നങ്ങളുടെയും പത്തുലക്ഷം രൂപയ്ക്ക് മുകളിൽവരുന്ന

സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്.

(ഡി) ചെക്ക്പോസ്റ്റുകളിൽ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ പരിശോധന നടത്തിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ജി.എസ്.ടി. നിയമം നിലവിൽ വന്നതോടുകൂടി വകുപ്പിലെ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ട്.

സാമ്പത്തിക വികസനത്തിനുള്ള ഇടപെടലുകൾ

95 (492) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തോട് രാഷ്ട്രീയമായി പകപോക്കുന്നതിനും സാമ്പത്തിക ദുരിതം മൂർച്ഛിപ്പിച്ച് ഉദാരവത്കരണ നയത്തിലേക്ക് സംസ്ഥാനത്തെ തള്ളിവിടുന്നതിനുമായി കേന്ദ്രം ഏർപ്പെടുത്തിയിട്ടുള്ളതായി പറയപ്പെടുന്ന ഉപരോധത്തിലും ജനങ്ങളുടെ വാങ്ങൽശേഷി വളർത്തുന്നതിനും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം

വർധിപ്പിക്കുന്നതിനും സർക്കാരിന്റെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സാമ്പത്തിക വികസനത്തിനുള്ള ഉറപ്പായ മാർഗമെന്ന നിലയിൽ ജനങ്ങളുടെ വാങ്ങൽശേഷി വർധിപ്പിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

(എ&ബി) കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (GSDP) വാർഷിക വളർച്ചാ നിരക്ക് 2023-24-ൽ ത്വരിത കണക്കുകൾ പ്രകാരം സ്ഥിരവിലയിൽ 6.5 ശതമാനമാണ്. ഇത് മുൻവർഷത്തിൽ 4.2 ശതമാനമായിരുന്നു. സമ്പദ്‌വ്യവസ്ഥയുടെ എല്ലാ മേഖലകളിലും പോസിറ്റീവ് വളർച്ചയാണ് സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. പ്രതിശീർഷ ജി.എസ്.ഡി.പി. സ്ഥിരവിലയിൽ 2023-24-ൽ 5.5 ശതമാനം വളർന്ന് ഇപ്പോൾ 1,76,072 രൂപയായി (ദേശീയ ശരാശരി 1,24,600 രൂപയാണ്). മുൻവർഷത്തെ അപേക്ഷിച്ചുള്ള കേരളത്തിന്റെ വരുമാന വളർച്ചയിൽ സംസ്ഥാനമെടുത്ത നയസമീപനങ്ങൾക്ക് സുപ്രധാന പങ്കുണ്ട്.

സംസ്ഥാനത്തിന്റെ വികസനത്തിൽ സാമ്പത്തികാസൂത്രണത്തിന് പ്രധാന പങ്കാണുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തെ പൊതുചെലവഴിക്കലിന്റെ വ്യാപ്തി വർധിപ്പിക്കലും വിശാലമാക്കലും തുടരുന്നു. കൂടാതെ മനുഷ്യ വിഭവശേഷിയുടെ നേട്ടങ്ങൾ സാമ്പത്തിക വളർച്ചയ്ക്കുള്ള ഒരു അടിസ്ഥാന ഘടകമായും ഉപയോഗിക്കുന്നു. ഉല്പാദന മേഖലകളിലും ഉന്നത നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങളിലും വരുമാനം നൽകുന്ന സേവന മേഖലകളിലും (ടൂറിസവും വിവര സാങ്കേതിക വിദ്യയും ഉൾപ്പെടെ) ചെറുകിട, ഇടത്തരം ബിസിനസ്സുകളിലും പ്രാദേശിക സർക്കാരുകളിലും നിക്ഷേപം വർധിച്ചിട്ടുണ്ട്. ആധുനിക തൊഴിലുകളിൽ നിക്ഷേപം നടത്തുന്നതിലും അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും സഹായം ആവശ്യമുള്ളവർക്കുംവേണ്ട സാമൂഹ്യ സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും സംസ്ഥാനം പ്രത്യേകം ശ്രദ്ധിക്കുന്നു.

(സി) ധനദൃഢീകരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ വായ്പ-വരുമാന അനുപാതം സർക്കാർ ലക്ഷ്യമിട്ട നിലയിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദ്ധീകരണ പാതയ്ക്കുള്ളിൽ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള കടബാധ്യതയും മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലെങ്കിലും പ്രസ്തുത അനുപാതം 2021-22 സാമ്പത്തിക വർഷത്തിനുശേഷം ഏറ്റവും കുറഞ്ഞ തോതിൽ കൊണ്ടുവരാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള കടബാധ്യതയും ജി.എസ്.ഡി.പി.-യും തമ്മിലുള്ള അനുപാതം 33.70 ശതമാനത്തിനെതിരായി 34.20 ശതമാനമാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്.

സംസ്ഥാനത്തിന്റെ ധനസ്ഥിതി

96 (493) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സെസ്സിലൂടെ ലഭിച്ച വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്കും അതിന്റെ വിനിയോഗ വിശദാംശങ്ങളും അറിയിക്കാമോ?

01-08-2019 മുതൽ 2 വർഷക്കാലത്തേക്കാണ് പ്രളയ സെസ്സ് ഏർപ്പെടുത്തിയിരുന്നത്. ടി ഇനത്തിൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ലഭിച്ച വരുമാനത്തിന്റെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) രണ്ട് രൂപയുടെ അധിക സെസ്സിലൂടെ ലഭിച്ച വരുമാനത്തിന്റെ നാളിതുവരെയുള്ള വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2023-ലെ ഫിനാൻസ് ആക്ട് പ്രകാരം പെട്രോൾ, ഡീസൽ എന്നിവയ്ക്ക് രണ്ട് രൂപയുടെ അധിക സെസ്സ് ഏർപ്പെടുത്തിയതുവഴി 2023-24 സാമ്പത്തിക വർഷം 954.32 കോടി രൂപയും (Provisional) 2024-25 സാമ്പത്തിക വർഷം (2025 ജനുവരി 31 വരെ) 797.19 കോടി രൂപയും (Provisional) പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ കഴിഞ്ഞ നാലുവർഷത്തെ പൊതുകടം, ആഭ്യന്തര കടം, ധനക്കമ്മി, തനത് നികുതി വരുമാനം, കേന്ദ്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാന്റ്/നികുതി ഇനത്തിലുള്ള വിഹിതം എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

2020-21 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതുകടം, ആഭ്യന്തര കടം, ധനകമ്മി എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി[+] ചേർക്കുന്നു.

(ഡി) ജി.എസ്.ടി. വകുപ്പ് പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതരനിയമങ്ങൾ, വാറ്റ്, കെ.ജി.എസ്.ടി., എ.ഐ.ടി. മുതലായവയുടെ കീഴിൽ 2024-25 സാമ്പത്തിക വർഷം 31-12-2024 വരെയുള്ള കണക്കുകൾ പ്രകാരം 12574.32 കോടി രൂപയാണ് കുടിശ്ശികയുള്ളത്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6407.93 കോടി രൂപയും 5037.31 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1129.08 കോടി രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറ്റുനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ഇനം തിരിച്ച് അനുബന്ധമായി[+] ചേർക്കുന്നു.

ജി.എസ്.ടി. നികുതി കുടിശ്ശിക

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. അഡ്ജൂഡിക്കേഷൻ ഇനത്തിൽ 2024-25 സാമ്പത്തികവർഷം 31-12-2024 വരെയുള്ള കണക്കുകൾപ്രകാരം 3964.12 കോടി രൂപയാണ് കുടിശ്ശികയുള്ളത്. അതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 2038.35 കോടി രൂപയും 1110.84 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 814.93 കോടി രൂപ മറ്റുനടപടികളിൽ (റൈറ്റ് ഓഫ്, അപ്പീൽ, നോട്ട്-കളക്ടബിൾ, എൻ.ആർ.സി.) ഉൾപ്പെട്ടിട്ടുള്ളതുമാണ്.

(ഇ) റിസർവ് ബാങ്കിൽനിന്നും വെയ്സ് ആൻഡ് മീൻസ് അഡ്വാൻസായി കഴിഞ്ഞ നാലുവർഷം എടുത്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിസർവ് ബാങ്കിൽനിന്നും വെയ്സ് ആൻഡ് മീൻസ് അഡ്വാൻസായി കഴിഞ്ഞ നാലുവർഷം എടുത്ത തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(എഫ്) സംസ്ഥാനത്തിന്റെ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ് പരിധി റിസർവ് ബാങ്ക് ഉയർത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. നിലവിലെ സംസ്ഥാനത്തിന്റെ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ് പരിധി 2308 കോടി രൂപയാണ്.

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

97 (494) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമായ വകുപ്പുകൾ/മേഖലകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അവയിൽ പൂർത്തിയായ പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

2016 മുതൽ 2021 വരെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയ്ക്ക് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്, റവന്യൂ വകുപ്പ്, ക്ഷീര വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, വ്യവസായ വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, ആഭ്യന്തര വകുപ്പ്, കൃഷി വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, തൊഴിലും നൈപുണ്യവും വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, സാംസ്കാരികകാര്യ വകുപ്പ്, സ്റ്റേഷനറി വകുപ്പ്, അച്ചടി വകുപ്പ്, ആയുഷ് വകുപ്പ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഇലക്ട്രോണിക്സും വിവര സാങ്കേതികവും വകുപ്പ്, ഉപഭോക്തൃകാര്യ വകുപ്പ്, ഊർജ വകുപ്പ്, കായികവും യുവജനക്ഷേമവും വകുപ്പ്, കേരള സംസ്ഥാന ജലഗതാഗത വകുപ്പ്, കൈത്തറി വകുപ്പ്, ഗതാഗത വകുപ്പ്, ഗ്രാമവികസന വകുപ്പ്, ജലസേചന വകുപ്പ്,

ജലവിഭവ വകുപ്പ്, നഗരവികസന വകുപ്പ്, നികുതി വകുപ്പ്, നിയമ വകുപ്പ്, ന്യൂനപക്ഷ വികസന വകുപ്പ്, പരിസ്ഥിതി വകുപ്പ്, പിന്നാക്ക സമുദായ വികസന വകുപ്പ്, പുരാവസ്തു വകുപ്പ്, പൊതുഭരണ വകുപ്പ്, പ്ലാനിങ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, ഭവനനിർമ്മാണ വകുപ്പ്, ഭൂഗർഭജല വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, മൈനിങ് & ജിയോളജി വകുപ്പ്, ലാൻഡ് റവന്യൂ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, ലോട്ടറി വകുപ്പ്, വനം-വന്യജീവി സംരക്ഷണ വകുപ്പ്, വനിത ശിശുവികസന വകുപ്പ്, വിനോദസഞ്ചാര വകുപ്പ്, വ്യവസായ പരിശീലന വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, സർവെയും ഭൂരേഖയും വകുപ്പ്, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, സഹകരണ വകുപ്പ്, സൈനികക്ഷേമ വകുപ്പ്, സ്റ്റോർസ് പർച്ചേസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിങ് വകുപ്പ് എന്നീ വകുപ്പുകളും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളും വിധേയമായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-ക്കുള്ള സർക്കാർ സഹായം

98 (495) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷന് സർക്കാർ കഴിഞ്ഞവർഷം ലഭ്യമാക്കിയ സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

2023-24, 2024-25 (02-02-2025 വരെ) എന്നീ സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷന് വായ്പ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷനിലെ പെൻഷൻ വിതരണത്തിനായി രൂപീകരിക്കപ്പെട്ട കൺസോർഷ്യത്തിലുൾപ്പെട്ട പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട തുക മടക്കി നൽകൽ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷനുവേണ്ടി കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ എടുത്ത വായ്പയുടെ തിരിച്ചടവ് എന്നീ ഇനങ്ങളിൽ നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി കെ.എസ്.ആർ.ടി.സി-

ക്ക് തുക അനുവദിക്കുന്നതിന് ഭരണ വകുപ്പായ ഗതാഗത വകുപ്പിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ?

2023-24, 2024-25 (02-02-2025 വരെ) എന്നീ സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷന് വായ്പയായി യഥാക്രമം 590 കോടി രൂപ, 500 കോടി രൂപ എന്നിവ അനുവദിക്കുന്നതിന് (ആകെ 1090 കോടി രൂപ) ഗതാഗത വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കോർപറേഷനിലെ പെൻഷൻകാർക്ക് പെൻഷൻ നൽകുന്നതിനായി സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ?

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷനിലെ പെൻഷൻ വിതരണം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS) മുഖേനയാണ് നടത്തുന്നത്. ഇതിനായി രൂപീകരിക്കപ്പെട്ട

കൺസോർഷ്യത്തിലുൾപ്പെട്ട സഹകരണ സംഘങ്ങൾക്ക് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷനിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട തുക മടക്കി നൽകുന്നതിന് 2023-24, 2024-25 (02.02.2025 വരെ) സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 1008.05 കോടി രൂപയും 663.82 കോടി രൂപയും (ആകെ 1671.87 കോടി രൂപ) അനുവദിക്കുന്നതിന് ഗതാഗത വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്.

ധനകാര്യ പരിശോധന വിഭാഗം

99 (496) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്താൻ ധനകാര്യ പരിശോധന വിഭാഗത്തിന് ചുമതല നൽകിക്കൊണ്ട് 2016 മേയ് മുതൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

20-12-2021-ലെ G.O.(P)No. 173/2021/Fin, 02-09-2022-ലെ G.O.(Rt)No. 6188/2022/Fin എന്നീ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു+.

(ബി) പ്രസ്തുത ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനയ്ക്കായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയ്ക്കായി "സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ" പുറപ്പെടുവിച്ചിട്ടില്ല. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 08-04-2022-ലെ സ.ഉ.(കൈ)നം.52/2022/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സെക്രട്ടേറിയേറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള വ്യവസ്ഥകൾ ലംഘിച്ച് ധനകാര്യ പരിശോധനാ വിഭാഗം ജില്ലാ സ്ഥാഡുകളിൽ 5 വർഷത്തിലേറെയായി ചില ജീവനക്കാർ ഒരേ ഓഫീസിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഴിമതിക്ക് വഴിതെളിക്കുമെന്നതിനാലും ചട്ടവിരുദ്ധമായതിനാലും മേൽ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കുമോ?

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾക്കായി പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.)52/2022/ജി.എ.ഡി. ഉത്തരവിന് വിധേയമായാണ് ധനകാര്യ വകുപ്പിൽ സ്ഥലംമാറ്റങ്ങൾ നടത്തുന്നത്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള നിശ്ചിത കാലാവധി പൂർത്തിയാക്കിയശേഷവും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കണ്ണൂർ ജില്ലാ സ്ക്വാഡുകളിൽ ജോലി ചെയ്തുവരുന്ന അസിസ്റ്റന്റ് കേഡറിൽപ്പെട്ട 4 ജീവനക്കാർക്ക് ടിയാളുകൾ ജോലി ചെയ്യുന്ന ഓഫീസുകളിൽ 5 വർഷം പൂർത്തിയായതിനുശേഷവും തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിലെ ജീവനക്കാരെ മേൽപ്പറഞ്ഞ വിദൂര ജില്ലകളിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നത് വഴി ജീവനക്കാർക്ക് നേരിടുന്ന അസൗകര്യങ്ങളും തുടർന്നുണ്ടാകുന്ന ഭരണപരമായ ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനുവേണ്ടിയാണ് അതത് ജില്ലകളിലെയും സമീപ

ജില്ലകളിലെയും നിവാസികളായ ജീവനക്കാരെ പ്രസ്തുത തസ്തികകളിൽ തുടരാൻ അനുവദിച്ചിട്ടുള്ളത്. ടി ജീവനക്കാരുടെ നാളിതുവരെയുള്ള സേവനം തൃപ്തികരമായതും ഇവർക്കെതിരെ അഴിമതി ആരോപണങ്ങൾ ഉണ്ടായിട്ടില്ലാത്തതുമാണ്. കൂടാതെ ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിഭാഗത്തിലേക്കുള്ള നിയമനങ്ങൾ 08-04-2022-ലെ സ.ഉ.(കൈ)നം. 52/2022 ഉത്തരവിൽ പരാമർശിക്കുന്ന അന്തർ വകുപ്പ് സ്ഥലംമാറ്റങ്ങൾ ഉൾപ്പെട്ട് വരുന്നതല്ല.

(ഡി) സ്പാർക്ക് സോഫ്റ്റ്വെയറിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സ്പാർക്ക് പി.എം.യു. വകുപ്പും ധനകാര്യ പരിശോധനാ വിഭാഗവും തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഉൾപ്പെടെ 2016 മുതൽ നടത്തിയിട്ടുള്ള പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

1. ഏറ്റുമാനൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഓഫീസ് അറ്റൻഡന്റിന്റെ സ്പാർക്ക് അക്കൗണ്ടിലെ വിവരങ്ങൾ തിരുത്തിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ ധനകാര്യ പരിശോധനാ

വിഭാഗം പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

2. സ്പാർക്ക് (പി.എം.യു.)-കൊല്ലം മരുത്തടി കണ്ണിമേൽ എ.വി.എൽ.പി. സ്കൂളിലെ സ്പാർക്ക് സംവിധാനത്തിലെ ദുരുപയോഗം സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി.(ഇ) വകുപ്പ് പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

3. തിരുവനന്തപുരം സ്പാർക്ക് (പി.എം.യു.)-ലെ സ്പാർക്ക് ജീവനക്കാരും സർക്കാർ ജീവനക്കാരും സോഷ്യൽ മീഡിയയിൽ ഗ്രൂപ്പുണ്ടാക്കി സേവനങ്ങൾ നൽകി സാമ്പത്തിക നേട്ടമുണ്ടാക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി.(ഇ) വകുപ്പ് പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

4. തിരുവനന്തപുരം സ്പാർക്ക് (പി.എം.യു.)-ലെ മാസ്റ്റർ ട്രെയിനർ നിയമനങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി.(ഇ) വകുപ്പ് പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

5. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി.(ഇ) വകുപ്പ് നടത്തിയ പരിശോധനയിൽ ശമ്പള വിതരണ സോഫ്റ്റ്വെയറായ സ്പാർക്കിൽ തിരിമറികൾ നടത്തി അവധിയിലുണ്ടായിരുന്ന ജീവനക്കാരുടെ ശമ്പളം മാറിയെടുക്കൽ, ശൂന്യവേതന/അർധവേതന അവധിയിലുള്ളവർക്ക് അധിക ശമ്പളം അനുവദിക്കൽ, നഴ്സിങ് വിഭാഗത്തിലെ ജീവനക്കാർക്ക് സ്പെഷ്യൽ പേ ഇനത്തിൽ അനധികൃതമായി തുക അനുവദിക്കൽ, സെക്ഷൻ ക്ലാർക്ക് ശ്രീ. സജു പി.ആർ-ന് അനധികൃതമായി ഇൻക്രിമെന്റ് അനുവദിക്കൽ എന്നിവ വഴി സംസ്ഥാന ഖജനാവിന് നഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

6. മലപ്പുറം ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് ഒതുക്കുങ്ങൽ ഗവൺമെന്റ് ഹൈസ്കൂളിൽ നടത്തിയ പരിശോധനയിൽ ശ്രീ. സി. പി. സൗഫീല എന്ന അധ്യാപികയുടെ 14-10-2015 മുതൽ 31-10-2015 വരെയുള്ള ശൂന്യവേതനാവധി കാലയളവിലെ 18 ദിവസത്തെ ശമ്പളം ഉൾപ്പെടെ 2015 ഒക്ടോബർ മാസത്തെ പൂർണ്ണ നിരക്കിലുള്ള ശമ്പളം പ്രസ്തുത അധ്യാപികയുടെ പേരിൽ

ട്രഷറിയിൽനിന്ന് പിൻവലിക്കുകയും ശമ്പളം അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യുന്നതിനായി ബാങ്കിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റിന്റേതായി സ്കൂളിൽ സൂക്ഷിച്ചിരിക്കുന്ന പകർപ്പ് പ്രകാരം പ്രസ്തുത അധ്യാപികയ്ക്ക് അർഹമായ തുകമാത്രം നൽകി, ശേഷിക്കുന്ന 16,755/- രൂപയിൽനിന്നും 11,420/-രൂപ സ്കൂളിലെ ക്ലർക്കായിരുന്ന ശ്രീ. സാജന്റെ പേരിലുള്ള അക്കൗണ്ടിലേക്കും 5,335/-രൂപ ഇതേ സ്കൂളിൽനിന്നും 31-03-2015-ന് വിരമിച്ച അറബിക് അധ്യാപകനായിരുന്ന ശ്രീ. അഹമ്മദ്കുട്ടി എന്നവരുടെ അക്കൗണ്ടിലേക്കും നിക്ഷേപിക്കുകയും ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ?

1) കോട്ടയം ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം ഏറ്റുമാനൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്, ചുവടെ പറയുന്ന ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ധനകാര്യ (IT-SF) വകുപ്പിന് കൈമാറിയിട്ടുണ്ട്.

i. ഏറ്റുമാനൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ സ്റ്റാർക്ക് സംവിധാനത്തിലെ ഡാറ്റ തിരുത്തിയതുമായി ബന്ധപ്പെട്ട് കുറ്റാരോപിതനായി കണ്ടെത്തിയിട്ടുള്ള ശ്രീ. സൂരജ് ഫ്രാങ്ക്ലിൻ (ക്ലാർക്ക്)-നെതിരെ വകുപ്പുതലത്തിൽ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

ii. ഏറ്റുമാനൂർ ഇ.എസ്.ഐ. ഡിസ്പെൻസറി നിലവിൽ പ്രവർത്തിക്കുന്നത് പുതിയ കെട്ടിടത്തിലാണ്. ടി കെട്ടിടത്തിൽ നാളിതുവരെയായി ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കിയിട്ടില്ല. ടി കാര്യാലയത്തിലെ സ്റ്റാർക്ക് സംവിധാനം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ വീട്ടിലെ കമ്പ്യൂട്ടർ മുഖേനയാണ് പ്രസ്തുത ബില്ലും മറ്റും തയ്യാറാക്കുന്നത്. അതിനാൽ ടി കാര്യാലയത്തിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയുംവേഗം സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

iii. സ്റ്റാർക്ക് സോഫ്റ്റ്വെയറിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 27-03-2018-ലെ 21/2018/ധന. നമ്പർ പരിപത്രം പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

2) ധനകാര്യ പരിശോധനാ എൻ.റ്റി;(ഇ) വകുപ്പ് സ്പാർക്ക് പി.എം.യു. & മരുത്തടി കണ്ണിമേൽ എ.വി.എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്, പരിശോധനാ റിപ്പോർട്ടിലെ മൂന്ന് ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത്തിനായി റിപ്പോർട്ട് ധന (ഭരണം-എ) വകുപ്പിന് കൈമാറിയിട്ടുണ്ട്.

3) ധനകാര്യ പരിശോധനാ എൻ.റ്റി.(ഇ) വകുപ്പ് തിരുവനന്തപുരം സ്പാർക്ക് (പി.എം.യു.)-ൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്, പരിശോധനാ റിപ്പോർട്ടിലെ പത്തൊൻപത് ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത്തിനായി ഫയൽ ധന(ഭരണം-എ) വകുപ്പിന് കൈമാറിയിട്ടുണ്ട്.

4) ധനകാര്യ പരിശോധനാ എൻ.റ്റി.(ഇ) വകുപ്പ് തിരുവനന്തപുരം സ്പാർക്ക് (പി.എം.യു.)-ൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്, പരിശോധനാ റിപ്പോർട്ടിലെ രണ്ട് ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ധന(ഭരണം-എ) വകുപ്പിന് കൈമാറിയിട്ടുണ്ട്.

5) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി.(ഇ) വകുപ്പ് നടത്തിയ പരിശോധനയിൽ സംസ്ഥാന ഖജനാവിന് ഒരു കോടി പതിനെട്ടു ലക്ഷത്തി പതിനൊന്നായിരത്തി അറുപത് രൂപ നഷ്ടമുണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. ആയതു ബന്ധപ്പെട്ടവരിൽനിന്നും 18% പലിശ ഉൾപ്പെടെ തിരികെ ഈടാക്കുവാനും ആവശ്യമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ഭരണ വകുപ്പിനോട് (ആരോഗ്യ കുടുംബക്ഷേമ-കെ) ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ 11 മുതൽ 16 വരെയുള്ള ശിപാർശകളിൽ ബന്ധപ്പെട്ടവയിൽ നടപടി സ്വീകരിക്കുവാനായി ധനകാര്യ (സ്ട്രീം ലൈനിങ്), ധനകാര്യ (സ്പാർക്ക് പി.എം.യു.), ധനകാര്യ (പി.ആർ.സി-ഡി), ധനകാര്യ (ആഭ്യന്തര ഓഡിറ്റ് -എ) ധനകാര്യ പരിശോധന (എൻ.റ്റി.-എ), ധനകാര്യ (സി.റ്റി.എഫ്.എം.) വകുപ്പുകൾക്കും റിപ്പോർട്ട് കൈമാറിയിട്ടുണ്ട്.

6) മലപ്പുറം ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് ഒതുക്കുങ്ങൽ ഗവൺമെന്റ് ഹൈസ്കൂളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ തെറ്റായി പിൻവലിച്ച തുകകൾ 12-11-2018-ലെ KL008072663201819,

KL0079344052018 നമ്പർ ചലാനുകൾ പ്രകാരം സർക്കാരിലേക്ക് തിരികെ ഈടാക്കിയിട്ടുണ്ട്. ഒളുക്കുങ്ങൽ ഗവൺമെന്റ് ഹൈസ്കൂളിൽ മേൽപ്പറഞ്ഞ തിരിമറി നടത്തിയ ശ്രീ. സാജനെതിരെ കർശനമായ അച്ചടക്കനടപടിക്കും സ്കൂൾ പ്രധാനാധ്യാപികയായ ശ്രീമതി പ്രസീദ വി.-ക്കെതിരെ ഉചിതമായ വകുപ്പുതല നടപടിക്കും ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ അക്കൗണ്ട് നമ്പർപോലുള്ള പ്രധാന കാര്യങ്ങൾ SPARK/BIMS-ൽ മാറ്റം വരുത്തുന്നത് ജീവനക്കാരന്റെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്കുള്ള OTP സന്ദേശം മുഖേന നിയന്ത്രിക്കുന്നതിനുള്ള സംവിധാനം സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്പാർക്ക് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

7) ധനകാര്യ പരിശോധന (എൻ.റ്റി.-ഇ) വകുപ്പ് ധനകാര്യ (സ്പാർക്-പി.എം.യു.) വകുപ്പിന് ലഭ്യമാക്കിയ അനൗദ്യോഗിക കുറിപ്പ് നമ്പർ 1414338/ധ.പ.വി-ഇ 1/2020-ധന. പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് ചുവടെയുള്ള മാറ്റങ്ങൾ സ്പാർക്കിൽ വരുത്തിയിട്ടുണ്ട്.

i. 10-09-2024-ലെ സർക്കുലർ 56/2024/ധന. പ്രകാരം സ്പാർക്ക് ആപ്ലിക്കേഷന്റെ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വ്യക്തിഗത ലോഗിൻ ഒഴികെ പ്രത്യേകാധികാരമുള്ള എല്ലാ സ്പാർക്ക് ലോഗിനുകൾക്കും ആധാർ അധിഷ്ഠിത മൊബൈൽ ഒ.ടി.പി. സംവിധാനം ഏർപ്പെടുത്തിയിരുന്നു.

ii. സ്പാർക്ക് ഡാറ്റാബേസിൽ ചേർത്തിരിക്കുന്ന ജീവനക്കാരുടെ മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി. ഇവ മാറ്റുന്നതിന് ആധാർ അധിഷ്ഠിത മൊബൈൽ ഒ.ടി.പി. സംവിധാനം ഏർപ്പെടുത്തിയിരുന്നു.

iii. ഒരു ജീവനക്കാരന്റെ ശമ്പള പ്രോസസ്സിങ് സ്പാർക്കിലൂടെ ആറുമാസക്കാലം നടത്തപ്പെടാത്തപക്ഷം അതിന്റെ പ്രോസ്സസിങ് തടയുന്ന രീതിയിൽ സോഫ്റ്റ്വെയറിൽ മാറ്റങ്ങൾ വരുത്തുന്നതിനായി സ്പാർക്ക് സോഫ്റ്റ്വെയർ ഒരുക്കുന്ന NIC-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

iv. സ്പാർക്ക് സോഫ്റ്റ്വെയർ ഒരു പഴയ ലെഗസി സിസ്റ്റമായതിനാൽ നിലവിലെ പതിപ്പിൽ കൂടുതൽ മാറ്റങ്ങൾ വരുത്താൻ കഴിയുന്നില്ല. അതിനാൽ, 100 ജീവനക്കാരിൽ കൂടുതൽ പേരുടെ എസ്റ്റാബ്ലിഷ്മെന്റ് ശമ്പള

ബിൽ തയ്യാറാക്കേണ്ട ഓഫീസുകളിൽ മേക്കർ, ചെക്കർ, അപ്രൂവൽ എന്നീ മൂന്ന് നിലകൾ ഉൾപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിവിധ കേഡറുകൾക്ക് ശമ്പള കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള യൂണിഫോം അലവൻസുകൾ, കോമ്പൻസേറ്ററി അലവൻസുകൾ, സ്പെഷ്യൽ അലവൻസുകൾ, അഡീഷണൽ സ്പെഷ്യൽ അലവൻസുകൾ എന്നിവ പ്രത്യേകം നാമകരണമുള്ളതാക്കുന്നതിനും മുൻനിശ്ചയിച്ച സീലിങ്ങുകൾ ഉൾപ്പെടെയുള്ള സുരക്ഷാ നടപടികൾ നടപ്പാക്കുന്നതിനും സ്പാർക്കിന്റെ പുതിയ പതിപ്പിൽ ഉൾപ്പെടുത്തുന്നതിനുള്ള സാങ്കേതിക സാധ്യത (Technical feasibility) പരിശോധിക്കാൻ എൻ.ഐ.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

താൽക്കാലിക/കരാർ ജീവനക്കാർ

100 (497) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലും വകുപ്പുകളിലുമായി 25-05-2016 മുതൽ താൽക്കാലികാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും

അവരുടെ സേവനത്തിനായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ നിലവിൽ തുടർച്ചയായോ അല്ലാതെയോ അഞ്ചുവർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ട്; ജില്ല, വകുപ്പ് എന്നിവ തിരിച്ച് വിശദാംശം അറിയിക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

റോഡ് ടൈൽ വിരിക്കാൻ അനുമതി

101 (498) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിൽ ടൈൽ വിരിക്കാൻ ധനകാര്യ വകുപ്പിൽനിന്നും പ്രത്യേകാനുമതി ലഭ്യമാക്കേണ്ടതിനാൽ പല റോഡുകളുടെ പ്രവൃത്തിയും തുടങ്ങുന്നതിന് വളരെയധികം കാലതാമസം നേരിടുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആസ്തിവികസന പദ്ധതിയുടെ നിലവിലെ മാർഗരേഖയായ

04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന. പ്രകാരം സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള റോഡുകളുടെ നിർമ്മാണം അനുവദനീയമാണ്. എന്നാൽ, റോഡ് കോൺക്രീറ്റിങ്, റീ-ടാറിങ്, ഇന്റർലോക്കിങ് ടൈൽ പാകൽ എന്നിവ അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുന്നില്ല. ഇവ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് മാർഗനിർദേശങ്ങൾ ഭേദഗതി വരുത്തുന്ന വിഷയം ധനവകുപ്പിന്റെ സജീവ പരിഗണനയിലാണ്.

(ബി) എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന ഓരോ റോഡിനും പ്രത്യേകം പ്രത്യേകം അനുമതി നൽകുന്നതിന് പകരം ഒരു സാമ്പത്തിക വർഷം ടൈൽ വിരിക്കുന്നതിനുള്ള മൊത്തം റോഡുകളുടെയും എണ്ണമെടുത്ത് ഒരുമിച്ച് അനുമതി നൽക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഓരോ സാമ്പത്തികവർഷവും നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് വിവിധ നിയോജകമണ്ഡലത്തിലെ റോഡുകളിൽ കോൺക്രീറ്റിങ്, ഇന്റർലോക്ക് ബ്രിക്ക് പാകൽ, റീടാറിങ് എന്നീ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട്

ബഹു. എം.എൽ.എ-മാർ ശിപാർശ ചെയ്തുകൊണ്ടുള്ള കത്ത് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഓരോ സാമ്പത്തികവർഷവും ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് വിവിധ നിയോജകമണ്ഡലത്തിലെ റോഡുകളിൽ അർഹിക്കുന്നവയുടെ അടിയന്തര പ്രാധാന്യം പരിഗണിച്ചാണ് നിലവിൽ ടൈൽ വിരിക്കുന്നതിനുള്ള അനുമതി നൽകിവരുന്നത്. ഒരു സാമ്പത്തികവർഷം ടൈൽ വിരിക്കുന്നതിനുള്ള മൊത്തം റോഡുകളുടെയും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രൊപ്പോസൽ ബഹു. എം.എൽ.എ-യ്ക്ക് പ്രത്യേകാനുമതിക്കായി സമർപ്പിക്കാവുന്നതാണ്.

എറണാകുളം എം.ജി. റോഡിലെ കാന നിർമ്മാണം

102 (499) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൈക്കോടതിയുടെ നിർദേശപ്രകാരം എറണാകുളം എം.ജി. റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുവേണ്ടി 2024-25 സാമ്പത്തിക വർഷത്തെ മരാമത്ത് പണികളുമായി ബന്ധപ്പെട്ട ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന കാന നിർമ്മിക്കുന്ന പ്രവൃത്തിക്ക് ധനകാര്യ വകുപ്പിൽ

നിന്നും അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ അനുമതി വൈകുന്നതിന് കാരണമെന്തെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

ഹൈക്കോടതിയുടെ നിർദേശപ്രകാരം എറണാകുളം എം.ജി. റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുവേണ്ടി Reconstruction of culverts, providing storm water inlets and manholes and special repairs to existing drain എന്ന പ്രവൃത്തിക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം I&PW-B1/246/2023-Fin(E 2502191) നമ്പർ ഫയലിൽ ഈ വകുപ്പിൽ പരിശോധിക്കുകയും മേൽപ്രവൃത്തി, 2022-ലെ ബജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ വകയിരുത്തപ്പെട്ട ഓപ്പറേഷൻ 'ബ്രേക്ക് ത്രൂ' പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിന്മേൽ വ്യക്തത വരുത്തി ഫയൽ പുനഃസമർപ്പിക്കാൻ ഭരണ വകുപ്പിന് നിർദേശം നൽകിയിട്ടുള്ളതുമാണ്.

അക്രഡിറ്റഡ് ഏജൻസികളുടെ വിലയിരുത്തൽ

103 (501) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ പ്രവൃത്തികളുടെ നിർവഹണത്തിനായി അംഗീകാരം ലഭിച്ചിട്ടുള്ള പി.എം.സി. (പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി), നോൺ പി.എം.സി. വിഭാഗത്തിൽപ്പെടുന്ന അക്രഡിറ്റഡ് ഏജൻസികളുടെ വിശദാംശങ്ങളും ഈ ഏജൻസികൾക്ക് നിർവഹിക്കാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

02-09-2022-ലെ സ.ഉ.(പി) 104/2022/ധന, 28-09-2022-ലെ സ.ഉ.(പി) 116/2022/ധന, 12-10-2022-ലെ സ.ഉ.(പി)127/2022/ധന, 27-03-2023-ലെ സ.ഉ.(പി)30/2023/ധന, 25-04-2023-ലെ സ.ഉ.(പി)42/2023/ധന, 27-07-2023-ലെ സ.ഉ.(പി)78/2023/ധന എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് വിവിധ സർക്കാർ പ്രവൃത്തികളുടെ നിർവഹണത്തിനായി പി.എം.സി. (പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി), നോൺ പി.എം.സി. വിഭാഗത്തിൽപ്പെടുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

(ബി) ഈ അക്രെഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനവും അവർ നിർവഹിക്കുന്ന വർക്കുകളുടെ ഗുണപരതയും വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനുമായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും വ്യവസ്ഥാ ക്രമീകരണങ്ങളും സർക്കാർ മാർഗനിർദേശങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

28-04-2021-ലെ സ.ഉ.(പി)67/2021/ധന. പ്രകാരം ധനകാര്യ ചീഫ് ടെക്നിക്കൽ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ അക്രെഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനവും അവർ നിർവഹിക്കുന്ന വർക്കുകളുടെ ഗുണപരതയും വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനുമായുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കോവിഡ് ക്രമക്കേടിലെ അന്വേഷണ റിപ്പോർട്ട്

104 (502) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ് വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ.

കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങളെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ (KMSCL)-ൽ ആരംഭിച്ച പരിശോധന പൂർത്തിയായിട്ടുണ്ട്. പരിശോധനാവേളയിൽ നൽകിയ അന്വേഷണക്കുറിപ്പുകൾക്ക് കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ (KMSCL) അധികൃതർ ലഭ്യമാക്കിയ മറുപടികളും പരിശോധനാവേളയിൽ അന്വേഷണസംഘം ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

പാലപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ് നവീകരണം

105 (503) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റിൽ രണ്ടുകോടി രൂപ വകയിരുത്തിയിട്ടുള്ള പാലപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ് നവീകരണ പ്രവൃത്തിക്ക് (ഫയൽ നമ്പർ ഡി3/153/2024/ധന, കമ്പ്യൂട്ടർ നമ്പർ 2897827/തസ്വഭവ) ഭരണാനുമതി ലഭിച്ചിട്ടുണ്ടോ?

2023-24 വർഷത്തെ ബജറ്റിൽ രണ്ടുകോടി രൂപ വകയിരുത്തിയിട്ടുള്ള പാലപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ് നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം E:2915296/ DEV-3/153/2024-FIN നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പ്രസ്തുത ഫയൽ ഭരണാനുമതിക്കായി എന്നാണ് ധനകാര്യ വകുപ്പിൽ എത്തിയത്?

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പ്രസ്തുത ഫയൽ 06-09-2024-ലാണ് ഭരണാനുമതിക്കായി ധനകാര്യ വകുപ്പിൽ എത്തിയത്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ എന്നത്തേയ്ക്ക് ഭരണാനുമതി ലഭിക്കുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടില്ല. ഭരണാനുമതി നൽകുന്ന വിഷയം E:2915296/DEV-3/153/2024-FIN നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

ചാലഞ്ച് ഫണ്ട് പദ്ധതി

106 (504) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനുള്ള ചാലഞ്ച് ഫണ്ട് പദ്ധതിയിൽ ഹൈസ്കൂൾ വിഭാഗം വരെയുള്ള സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്ന തോതിൽ വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ടുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഫയലിന്മേൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ചാലഞ്ച് ഫണ്ട് പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിന് പുറപ്പെടുവിച്ച മാനദണ്ഡങ്ങളിൽ ഹൈസ്കൂൾ മാത്രമായ അല്ലെങ്കിൽ യു.പി.

ക്ലാസ് മുതൽ ഹൈസ്കൂൾതലം വരെയുള്ള ക്ലാസ്സുകൾ മാത്രമുള്ള സ്കൂളുകൾ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ, യു.പി.-ഹൈസ്കൂൾ ആവശ്യമായ കുട്ടികളുടെ എണ്ണം റൂറൽ-200, ടൗൺ-250 എന്നും അനുവദിക്കാവുന്ന പരമാവധി തുക 50 ലക്ഷമായും ഹൈസ്കൂൾ മാത്രമുള്ള സ്കൂളുകൾക്ക് അനുവദിക്കാവുന്ന പരമാവധി തുക 50 ലക്ഷമായും അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ 11-07-2024-ൽ സമർപ്പിച്ച കത്തിന്മേൽ ഭരണ വകുപ്പ് 2863453/GEDN-P2/458/2024-G.EDN എന്ന ഫയൽ ലഭ്യമായിട്ടുള്ളതും പ്രസ്തുത വിഷയം 2951143/NC-B3/144/2024-FIN എന്ന ഫയലിൽ പരിശോധിച്ചിട്ടുള്ളതും ഹൈസ്കൂൾ മാത്രമായ, യു.പി. ക്ലാസ് മുതൽ ഹൈസ്കൂൾതലം വരെയുള്ള ക്ലാസ്സുകൾ മാത്രമുള്ള സ്കൂളുകൾക്ക് ചാലഞ്ച് ഫണ്ട് പദ്ധതി പ്രകാരം എപ്രകാരം എത്ര തുക നൽകണമെന്നത് സംബന്ധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയ പ്രൊപ്പോസൽ പരിശോധിച്ച് ഉന്നതതല ശിപാർശയോടെ സമർപ്പിക്കുവാൻ 24-01-2025-ൽ ഭരണ വകുപ്പിനോട് അഭ്യർഥിക്കുകയും ചെയ്തിട്ടുണ്ട്. ഭരണ വകുപ്പിൽ നിന്നും

ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ടി ഫയലിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം

107 (506) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണിവിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധനാവിഭാഗം നടത്തിയ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും

വാങ്ങിയത് സംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങളെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ (KMSCL) ആരംഭിച്ച പരിശോധന പൂർത്തിയായിട്ടുണ്ട്. പരിശോധനാവേളയിൽ നൽകിയ അന്വേഷണക്കുറിപ്പുകൾക്ക് കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ (KMSCL) അധികൃതർ ലഭ്യമാക്കിയ മറുപടികളും പരിശോധനാവേളയിൽ അന്വേഷണസംഘം ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) അന്വേഷണം അനന്തമായി നീളുന്നത് അഴിമതി നടത്തിയവരെ സംരക്ഷിക്കുന്നതിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ന്യൂനപക്ഷ സ്കോളർഷിപ് വെട്ടിക്കുറച്ച നടപടി

108 (507) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി കാരണം ന്യൂനപക്ഷ സ്കോളർഷിപ്പ് തുക വെട്ടിച്ചുരുക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ ന്യൂനപക്ഷ സ്കോളർഷിപ്പ് എത്ര ശതമാനം തുക വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) ന്യൂനപക്ഷ സ്കോളർഷിപ്പുകളെ പദ്ധതി വിഹിതം നിജപ്പെടുത്തുന്ന ഉത്തരവിന്റെ പരിധിയിൽനിന്ന് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ചേരാനല്ലൂർ-ഏലൂർ ചൗക്ക പാലം നിർമ്മാണം

109 (508) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം നിയോജകമണ്ഡലത്തെയും കളമശ്ശേരി നിയോജക മണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ചേരാനല്ലൂർ-ഏലൂർ ചൗക്ക പാലം നിർമ്മാണ പ്രവൃത്തിക്ക് ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

കരാറുകാരുടെ ബിൽ കുടിശ്ശിക

110 (509) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരാറുകാർക്ക് നൽകാനുള്ള ബിൽ തുകയിൽ കുടിശ്ശികയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കുടിശ്ശിക എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്ര കാലമായിട്ടാണ് ഈ കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഒരു കോടി രൂപയിലധികം കുടിശ്ശികയായിട്ടുള്ള കരാറുകാർ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കരാറുകാർക്കാണ് കുടിശ്ശികയുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(എ-ഡി) സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച്

ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2024 മേയ് മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിങ് എന്നീ വകുപ്പുകളിൽ 2024 സെപ്റ്റംബർ മാസം വരെയുമുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്.

കോവിഡ് ക്രമക്കേടിൽ അന്വേഷണം

111 (510) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് ധനവകുപ്പിന് നൽകിയ ആരോഗ്യം-B3/312/2021-ആരോഗ്യം എന്ന കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനെക്കുറിച്ച് ഉയർന്നുവന്ന ആരോപണങ്ങൾ സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിങ്ങിനെക്കൊണ്ട് അന്വേഷണം നടത്തുന്നതിനായി ആരോഗ്യ വകുപ്പുമന്ത്രി ഉത്തരവായ ആരോഗ്യം-B3/312/2021-ആരോഗ്യം നമ്പർ ഫയലാണ് ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിന് കത്ത് ലഭിക്കുകയുണ്ടായില്ല.

ക്ഷേമപെൻഷൻ

112 (511) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ക്ലേശത്തിനിടയിലും ക്ഷേമപെൻഷൻ അനുവദിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മുതൽ മുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിവരുന്നു. ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തുതന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക, 2024-25 സാമ്പത്തികവർഷത്തിൽ രണ്ടുഗഡുക്കൾ ഇതിനോടകം അനുവദിച്ച്

ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുള്ളതാണ്. നിലവിൽ മൂന്നുമാസത്തെ പെൻഷനാണ് കുടിശ്ശികയായി അനുവദിക്കുവാനുള്ളത്. ടി കുടിശ്ശിക അടുത്ത സാമ്പത്തിക വർഷത്തിൽത്തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് എല്ലാവർഷവും ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിങ് നിർബന്ധമാക്കിയിട്ടുണ്ടോ; ക്ഷേമപെൻഷൻ വിതരണം കുറ്റമറ്റതാക്കുന്നതിന് നിലവിലെ മസ്റ്ററിങ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുമോ; വിശദമാക്കുമോ?

സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്ക് സർക്കാർ അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതയുള്ളവർക്കെല്ലാംതന്നെ അനുവദിക്കുന്നതിനോടൊപ്പം അനർഹർ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ സാമ്പത്തികഭദ്രതയ്ക്ക് അനിവാര്യമാണ്. ആയതിനാലാണ് മസ്റ്ററിങ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ നിർബന്ധമാക്കിയിരിക്കുന്നത്. മരണപ്പെട്ടവരെയും രണ്ടിലധികം പെൻഷൻ

വാങ്ങുന്ന അനർഹരെയും കണ്ടെത്തി ഒഴിവാക്കുന്നതിനുവേണ്ടിയാണ് മസ്റ്ററിങ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

2019-ൽ നടത്തപ്പെട്ട മസ്റ്ററിങ് മുഖേന ഒഴിവാക്കപ്പെട്ടവരുടെ കണക്കുകൾ പരിശോധിക്കുമ്പോൾ സർക്കാർതലത്തിൽ വാർഷിക മസ്റ്ററിങ് നടപ്പാക്കുന്നതിന്റെ അനിവാര്യത വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് 2023, 2024 എന്നീ വർഷങ്ങളിൽ വാർഷിക മസ്റ്ററിങ് ഏർപ്പെടുത്തിയത്. നിലവിലെ മസ്റ്ററിങ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്ന വിഷയം ആവശ്യമെങ്കിൽ പരിശോധിക്കുന്നതാണ്.

(സി) അനധികൃതമായി ക്ഷേമപെൻഷൻ കൈപ്പറ്റിയവരിൽനിന്നും പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന സാഹചര്യങ്ങളിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12-12-2024-ലെ 71/2024/ധന, 31-01-2025-ലെ 07/2025/ധന എന്നീ സർക്കുലറുകൾ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതുപ്രകാരം "പെൻഷൻ അനർഹമായി അവസാനമായി കൈപ്പറ്റിയ തീയതി മുതൽ, ആകെ തിരിച്ചടക്കേണ്ട തുകയ്ക്ക്, തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള കാലയളവിന് 18 ശതമാനം സാധാരണ പലിശ നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കുന്നത്തുനാട് മുടിക്കൽ ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

113 (512) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റിൽ 20 ശതമാനം തുക അനുവദിച്ച കുന്നത്തുനാട് മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. മുടിക്കൽ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനുള്ള മൂന്ന് കോടി രൂപയുടെ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

2023-24 വർഷത്തെ ബജറ്റിൽ 20% തുക അനുവദിച്ച കുന്നത്തുനാട് മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. മുടിക്കൽ സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 29-11-23-ലെ CE/BL/PL2/EKM/16255/2023-23-1-1 നമ്പർ ഫയൽ പ്രകാരം

പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ 17-01-2025-ൽ ലഭിക്കുകയും അത് E-3024590/EDN-B1/21/2025-Fin നമ്പർ ഫയൽ പ്രകാരം ധനകാര്യ (വിദ്യാഭ്യാസം-ബി) വകുപ്പ് പരിശോധന നടത്തി മൂന്നുകോടി രൂപയുടെ ഭരണാനുമതി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റിയുടെ അനുമതിയോടെ പുറപ്പെടുവിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ 24-01-2025-ൽ അറിയിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്തുകൊണ്ടാണ് ഭരണാനുമതി വൈകുന്നതെന്ന് വ്യക്തമാക്കാമോ?

ബജറ്റ് എസ്റ്റിമേറ്റുകളുടെ വാല്യം-II-ൽ 20% വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

(സി) പ്രസ്തുത ബജറ്റ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലുള്ള ഫയൽ നമ്പറും ഫയലിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

2023-24 വർഷത്തെ ബജറ്റിൽ 20% തുക അനുവദിച്ച കുന്നത്തുനാട് മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. മുടിക്കൽ സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 29-11-23-ലെ CE/BL/PL2/EKM/16255/2023-23-1-1 നമ്പർ ഫയൽ പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ 17-01-2025-ൽ ലഭിക്കുകയും ആയത് E-3024590/EDN-B1/21/2025-Fin നമ്പർ ഫയൽ പ്രകാരം ധനകാര്യ (വിദ്യാഭ്യാസം-ബി) വകുപ്പ് പരിശോധന നടത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റിയുടെ അനുമതിയോടെ പുറപ്പെടുവിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ 24-01-2025-ൽ അറിയിച്ചിട്ടുമുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിക്ക് വേഗത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ബജറ്റ് എസ്റ്റിമേറ്റുകളുടെ വാല്യം-II-ൽ 20% വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

തങ്കളം – കാക്കനാട് നാലുവരിപ്പാത നിർമ്മാണം

114 (513) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

01-11-2016-ലെ G.O.(Rt)No. 1502/2016/PWD പ്രകാരം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കാക്കനാട്-തങ്കളം നാലുവരിപ്പാതയുടെ ചെയിനേജ് 0/000 (മനയ്ക്കടവ്)

മുതൽ 27/324 (തങ്കളം) വരെയുള്ള ഭാഗമാണ് KRFB മുഖേന നിർവഹണം നടത്തുന്നത്. 27.324 കി.മീ. നീളം വരുന്ന പദ്ധതിയുടെ ചെറുവട്ടൂർ മുതൽ തങ്കളം (ചെയിനേജ് 20/000 മുതൽ 27/234) വരെയുള്ള ഭാഗത്തിന്റെ 255 കോടി രൂപയുടെ ഡി.പി.ആർ. നിർവഹണ ഏജൻസി 10-08-2020-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. അത് അവലോകനം നടത്തി ചെയിനേജ് 0/000 മുതൽ 27/324 വരെയുള്ള മുഴുവൻ സ്ട്രെച്ചും ഉൾപ്പെടുത്തി സമഗ്രമായ DPR സമർപ്പിക്കുവാൻ 04-06-2021-ലെ സാങ്കേതിക അവലോകന റിപ്പോർട്ട് പ്രകാരം കിഫ്ബി നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിരുന്നു.

പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽനിന്നും സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ അലൈൻമെന്റും പ്രൊഫൈലും നിർവഹണ ഏജൻസിക്ക് സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രൊഫൈൽ പ്രകാരം പല സ്ഥലങ്ങളിലും ഗ്രേഡിയന്റ് IRC അനുവദിക്കുന്ന ഏറ്റവും കൂടിയ ഗ്രേഡിയന്റായ 8 ശതമാനത്തേക്കാൾ അധികരിക്കുന്നതായി കണ്ടെത്തിയതിനാൽ ഈ പാത IRC മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഡിസൈൻ ചെയ്യുവാൻ സാധ്യമല്ലെന്ന് ഡിസൈൻ വിഭാഗത്തിൽനിന്നും

വ്യക്തമാക്കിയിരുന്നു. ഈ വസ്തുതകൾ കണക്കിലെടുത്ത് പദ്ധതി സംബന്ധിച്ച് കിഫ്ബിയിൽനിന്നും തീരുമാനമെടുക്കണമെന്ന നിർവഹണ ഏജൻസിയുടെ അഭ്യർഥനയുടെ അടിസ്ഥാനത്തിൽ 12-05-2023-ന് കിഫ്ബി ഉദ്യോഗസ്ഥർ പ്രസ്തുത അലൈൻമെന്റ് സന്ദർശിക്കുകയും കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെയുള്ള (ചെയിനേജ് 0/000 മുതൽ 27/234 വരെ) നിലവിലെ അലൈൻമെന്റ് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം പ്രായോഗികമല്ലെന്നും മറ്റ് അലൈൻമെന്റുകളുടെ സാധ്യത പരിശോധിക്കുന്നതിനും 01-06-2023-ലെ കത്ത് മുഖേന നിർവഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നതുമാണ്. ഇതിനുവേണ്ടി നിർവഹണ ഏജൻസി കിഫ്ബി TRC വിങ്ങിന്റെ സാങ്കേതിക സഹായം അഭ്യർഥിച്ചിരുന്നതും ബദൽ അലൈൻമെന്റ് സംബന്ധിച്ച് TRC വിങ് വിശദമായ പഠനം നടത്തുകയും ചെയ്തിരുന്നു.

തുടർന്ന് 24-05-2024-ന് സി.ഇ.ഒ.-യുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ മൂവാറ്റുപുഴ-കാക്കനാട് റോഡും തങ്കളം-കാക്കനാട് റോഡും ഒറ്റ പ്രവൃത്തിയായി പരിഗണിക്കുന്നതിനുള്ള സാധ്യത പഠിക്കുവാൻ

നിർദേശിക്കുകയുണ്ടായി. കിഫ്ബിയിലെ സാങ്കേതികവിഭാഗം സ്ഥല പരിശോധന നടത്തുകയും വിവിധ അലൈൻമെന്റ് സാധ്യതകൾ പരിശോധിക്കുകയും മുമ്പ് കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ചതും പ്രായോഗികമല്ലെന്ന് കണ്ടെത്തിയതുമായ അലൈൻമെന്റിനെ അപേക്ഷിച്ച് കയറ്റിറക്കങ്ങൾ കുറഞ്ഞ പാതയിലൂടെയുള്ള അലൈൻമെന്റ് തങ്കളം മുതൽ വീട്ടൂർ വരെയുള്ള ഭാഗത്ത് കണ്ടെത്തുകയും അത് 08-01-2025-ലെ കത്ത് മുഖേന നിർവഹണ ഏജൻസിയുടെ അഭിപ്രായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് തങ്കളം മുതൽ വീട്ടൂർ വരെ നീളുന്ന അലൈൻമെന്റ് നിലവിൽ കോതമംഗലം ഭാഗത്ത് പൊതുമരാമത്ത് നിരത്ത് വിഭാഗം പ്രവൃത്തി നടത്തിയ സ്കെച്ച് ഉൾപ്പെടുത്തി കോതമംഗലം, മേലെ പീടിക, മുളവൂർ, ഈസ്റ്റ് പായിപ്ര, പള്ളിച്ചിറങ്ങര, പുന്നോപ്പടി, വീട്ടൂർ എന്നീ സ്ഥലങ്ങളിലൂടെയാണ് കണ്ടെത്തിയിരിക്കുന്നത്. വാഴപ്പിള്ളി-കിഴക്കമ്പലം റോഡ് വീതി കൂട്ടിയാണ് വീട്ടൂർ മുതൽ കിഴക്കമ്പലം വരെയുള്ള ഭാഗത്തെ അലൈൻമെന്റ് വിഭാവന ചെയ്യുന്നത്. കിഴക്കമ്പലം മുതൽ കാക്കനാട്

വരെയുള്ള ഭാഗത്തെ അലൈൻമെന്റ് സംബന്ധിച്ച പഠനങ്ങൾ പ്രാഥമിക ഘട്ടത്തിലുമാണ്.

(ബി) പ്രസ്തുത പ്രവൃത്തി സാങ്കേതിക തടസ്സങ്ങൾ നീക്കി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അലൈൻമെന്റ് അന്തിമമാകുന്ന മുറയ്ക്ക് അതിൻപ്രകാരമുള്ള പരിഷ്കരിച്ച ഡി.പി.ആർ. നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പ്രവൃത്തിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ധനാനുമതി ലഭിച്ചശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിനുള്ള നടപടികൾ നിർവഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്.

മാത്ര-പാലാഴി-കുടിക്കാട്ടൂർ റോഡ് നവീകരണം

115 (514) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതും നാഷണൽ ഹൈവേ 66 ക്രോസ് ചെയ്ത് കടന്നുപോകുന്നതുമായ മാത്ര-പാലാഴി-കുടിക്കാട്ടൂർ റോഡിന്റെ മുഴുവൻ ഭാഗത്തിന്റെയും വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ കിഫ്ബി ധനകാര്യ അനുമതി നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തിക്ക് കിഫ്ബി ഇതുവരെ ധനാനുമതി നൽകിയിട്ടില്ല. 13-06-2024-ന് ബഹു. കുന്നമംഗലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ആദ്യ സ്കെച്ച് ഒഴിവാക്കി രണ്ടാമത്തെ സ്കെച്ച് മാത്രം ചെയ്യാൻ തീരുമാനിച്ചിരുന്നു. കൂടാതെ മീറ്റിങ്ങിലെ തീരുമാനപ്രകാരം 10 മീറ്റർ ROW വച്ചുള്ള അലൈൻമെന്റ് തയ്യാറായിട്ടുണ്ട്. കൂടാതെ ഈ സ്കെച്ചിലേക്കുള്ള 250 മീറ്റർ connecting റോഡ് നിലവിൽ PWD-യുടെ കൈവശമാണ്. ഇത്

KRFB-യിലേക്ക്ക്ക ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ പ്രസ്തുത മീറ്റിങ്ങിൽ കെ.ആർ.എഫ്.ബി-യോട് നിർദ്ദേശിച്ചിരുന്നു. അലൈൻമെന്റ് അന്തിമമാക്കി DPR കെ.ആർ.എഫ്.ബി. കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം

116 (515) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണത്തിനായി എത്ര രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണത്തിന് 28.87 കോടി രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അനുബന്ധമായി+ ചേർക്കുന്നു.

പാലക്കോട്-എട്ടിക്കുളം ഹൈസ്കൂൾ റോഡ് പ്രവൃത്തി

117 (516) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട്-എട്ടിക്കുളം ഹൈസ്കൂൾ റോഡ് പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പയ്യന്നൂർ-കല്യാശ്ശേരി മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന മാടായി എട്ടിക്കുളം എച്ച്.എസ്. റോഡും വെങ്ങര ഓവർബ്രിഡ്ജ് നിർമ്മാണവും എന്ന പ്രവൃത്തിയാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. കെ.ആർ.എഫ്.ബി.-യാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി. പദ്ധതിയുടെ ഒന്നാംഘട്ടമായി വെങ്ങര ഓവർബ്രിഡ്ജ് നിർമ്മാണത്തിന്റെ ധനാനുമതി കിഫ്ബി നൽകുകയും പദ്ധതിയുടെ പ്രവൃത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടന്നുവരികയുമാണ്. പാലക്കോട് എട്ടിക്കുളം റോഡിന്റെ നവീകരണം രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി കെ.ആർ.എഫ്.ബി. റിവിഷൻ സമർപ്പിച്ചിരുന്നു. തുടർന്ന് പരിശോധനയിൽ വാഹനഗതാഗതം കുറവാണെന്ന് കാണുകയും ധനാനുമതി നൽകുന്നതിൽനിന്നും താൽക്കാലികമായി മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ബഹു. എം.എൽ.എ.-യുടെ 25-09-2024-ലെ കത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി മാറ്റിവയ്ക്കാനുള്ള തീരുമാനം പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് കെ.ആർ.എഫ്.ബി.-യിൽനിന്നും റിപ്പോർട്ട് തേടുകയുണ്ടായി. കെ.ആർ.എഫ്.ബി.-യിൽനിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം പ്രസ്തുത റോഡ് ഏഴിമല നാവിക അക്കാദമിയിലേക്കുള്ള പ്രധാന പാതയാണെന്നും റോഡ് വളരെ മോശം അവസ്ഥയിലാണെന്നും അറിയിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം 23-12-2024-നും കിഫ്ബി സി.ഇ.ഒ-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും പ്രസ്തുത റോഡിൽ ട്രാഫിക് സാന്ദ്രത കുറവായതിനാലും കിഫ്ബി മാനദണ്ഡപ്രകാരം

വികസിപ്പിക്കാൻ കഴിയാത്തതിനാലും നിലവിലുള്ള വീതിയിൽ റോഡ് Deposit വർക്കായി വികസിപ്പിക്കാൻ തീരുമാനിക്കുകയുണ്ടായി.

കടപ്പുറം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ നിർമ്മാണം

118 (517) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കടപ്പുറം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പിൽനിന്നും കടപ്പുറം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന് സ്ഥലം അനുവദിച്ച സാഹചര്യത്തിൽ എസ്.പി.വി. ആയ തീരദേശ വികസന കോർപറേഷൻ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കിഫ്ബി ധനസഹായത്തോടെ തീരദേശ വികസന കോർപറേഷൻ പദ്ധതി നിർവഹണ ഏജൻസിയായിട്ടുള്ള സ്കൂളുകൾക്കായി സർക്കാർ നൽകിയ ഭരണാനുമതി പ്രകാരമുള്ള ലിസ്റ്റിൽ കടപ്പുറം

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 18-12-2024-ൽ നടന്ന അവലോകന യോഗത്തിൽ പ്രസ്തുത പദ്ധതി തത്കാലം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ടി സ്കൂൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ കിഫ്ബി മാനദണ്ഡമനുസരിച്ച് ധനസഹായം അനുവദിക്കാൻ നിർവാഹമുള്ളൂ.

മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം

119 (518) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് അനുവദിച്ച മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

27-03-2018-ലെ സ.ഉ.(സാധാ)നം. 603/2018/ഉ.വി.വ. ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൊകേരി ഗവ. കോളേജിൽ ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക്, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ

നടപ്പാക്കുന്നതിന് 8.58 കോടി രൂപയുടെ പുതുക്കിയ ധനാനുമതി 03-01-2028-ൽ കിഫ്ബി നൽകിയിരുന്നു. എന്നാൽ, ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിക്കുള്ള നിർദിഷ്ട സ്ഥലവും ടി സ്ഥലത്തേക്കുള്ള പ്രവേശന വഴിയും അന്തിമമാകാതിരുന്നതിനാലും ഇതിലേക്കാവശ്യമായ രേഖകൾ പദ്ധതി നിർവഹണ ഏജൻസി (എസ്.പി.വി.) ആയ കിറ്റ്കോ കിഫ്ബിയിൽ നാളിതുവരെ സമർപ്പിച്ചിട്ടില്ലാത്തതിനാലും ടി പ്രവൃത്തി യഥാസമയം ആരംഭിച്ചിട്ടില്ല. അതിനാൽ, ഈ വിഷയം കിഫ്ബി ഉദ്യോഗസ്ഥർ കോളേജ് പ്രിൻസിപ്പലുമായി സംസാരിച്ചിരുന്നതും പ്രവേശന വഴിക്കുള്ള ടെൻഡർ നടപടികൾ നിലവിൽ സ്വീകരിച്ചുവരികയാണെന്ന് പ്രിൻസിപ്പൽ അറിയിച്ചിരുന്നതുമാണ്. കൂടാതെ, ടി സ്ഥലത്തേക്കുള്ള റോഡിന് നിർദിഷ്ട വീതി കുറവാണെന്നും ടി പ്രവൃത്തി നടപ്പാക്കുന്നതിന് മറ്റൊരു സ്ഥലം കോളേജിൽ ലഭ്യമല്ലെന്ന് കോളേജ് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും കിറ്റ്കോ അറിയിച്ചിരുന്നു.

ഈ സാഹചര്യത്തിൽ, ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിക്കുള്ള നിർദ്ദിഷ്ട സ്ഥലത്തേക്കുള്ള പ്രവേശന വഴി പൂർത്തിയാകുന്ന മുറയ്ക്ക് ടി

പ്രവൃത്തിയുടെ പ്രായോഗികത പരിശോധിച്ചശേഷം, ടി പ്രവൃത്തി കിഫ്ബി മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം വീണ്ടും പരിഗണിക്കുന്നതാണെന്നുമുള്ള തീരുമാനം കിഫ്ബി കൈക്കൊണ്ടിട്ടുള്ളതും ഇക്കാര്യം ബഹു. കുറ്റ്യാടി എം.എൽ.എ അറിയിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത നിർമ്മാണത്തിന് സമർപ്പിച്ച ഡി.പി.ആർ. പ്രകാരം പ്രവൃത്തി എന്നാണ് ആരംഭിക്കാൻ സാധിക്കുകയെന്നും ഫൗണ്ടേഷൻ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുമായി മുന്നോട്ടു പോകുന്നതിന് കിറ്റ്കോ ടെസ്റ്റ് പൈൽ നടത്തിയെന്നും ഒരു ഏജൻസിയെക്കൊണ്ട് സോയിൽ ടെസ്റ്റ് നടത്തുന്നത് സംബന്ധിച്ച കിഫ്ബിയുടെ നിർദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ടി ഏജൻസി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പൈൽ കപ്പാസിറ്റി, ഡിസൈൻ വിശദാംശങ്ങൾ എന്നിവ അന്തിമമാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതാണെന്നും കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

പരവൂർ തെക്കുംഭാഗം ഗവ. ഹയർ സെക്കൻഡറി സ്കൂൾ

കെട്ടിട നിർമ്മാണം

120 (519) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബജറ്റിൽ കിഫ്ബി വഴി തുക അനുവദിച്ച ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖയ്ക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അനുമതി നല്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. പരവൂർ തെക്കുംഭാഗം എന്ന സ്കൂളിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി റിപ്പോർട്ടിന് (ഡി.പി.ആർ.) കിഫ്ബി 10-01-2025-ന് അനുമതി നൽകിയിട്ടുണ്ട്. ധനാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉടുമ്പൻചോല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

121 (520) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ച വിവിധ വികസന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഓരോ പ്രവൃത്തിയുടെയും പേര്, വകുപ്പ്, നിലവിലെ അവസ്ഥ ഇവ സംബന്ധിച്ച വിശദാംശം നൽകാമോ?

(എ&ബി) ഉടുമ്പൻചോല മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

122 (521) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ നിലവിൽ നിർവഹണത്തിന്റെ ഏത് ഘട്ടങ്ങളിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതിയും പൂർത്തിയാക്കുന്നതിന് വേണ്ടിവരുന്ന കാലയളവും ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

123 (522) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴയിലും കടമക്കുടിയിലുമുള്ള ഗവ. ഹയർ സെക്കൻഡറി സ്കൂളുകളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കില മുഖേന നടപ്പിലാക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. Govt. HSS Elamkunnapuzha:- വൈപ്പിൻ മണ്ഡലത്തിലെ ഗവ. എച്ച്.എസ്.എസ്. ഇളങ്കുന്നപുഴ സ്കൂളിന്റെ DPR കിഫ്ബിയിൽ പരിശോധിച്ച് തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതി നിർവഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കാനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസി സ്വീകരിച്ചുവരുന്നു.

2. Govt. HSS & VHSS Kadamakudy:- പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്ക് 19-07-2024-ൽ കിഫ്ബിയിൽനിന്ന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയുടെ മണ്ണ് പരിശോധനാ റിപ്പോർട്ട് പ്രകാരം 36m pile ഫൗണ്ടേഷനാണ് പറഞ്ഞിരിക്കുന്നത്. ആയത് നിലവിലെ Scope-ൽ ഉൾക്കൊള്ളിച്ച് ഭരണാനുമതി ലഭിച്ച തുകയിൽ നിജപ്പെടുത്താൻ സാധിക്കാത്തതിനാൽ site visit നടത്തി കിഫ്ബിയുടെ Geo-technical എഞ്ചിനീയറുടെ നിർദ്ദേശം സ്വീകരിക്കാൻ തീരുമാനമെടുത്തിരുന്നു. അതുപ്രകാരം 28-11-2024-ൽ ഇപ്രകാരം site visit നടത്തി പുതിയ മണ്ണ്

പരിശോധന നടത്തുന്നതിനായി കിഫ്ബി പദ്ധതി നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളിലെ തടസ്സങ്ങൾ നീക്കുന്നതിന് കിഫ്ബി മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി കെട്ടിട നിർമാണത്തിന് 36 m depth-ലുള്ള pile foundation-ഉം എളങ്കുന്നപ്പുഴ കെട്ടിട നിർമ്മാണത്തിന് 39 m depth-ലുള്ള pile foundation-മാണ് soil investigation report പ്രകാരം propose ചെയ്തിരുന്നത്. ഒരു കോടി പദ്ധതിയിൽ വരുന്ന പ്രവൃത്തികൾ ആയതിനാൽ ഇത്തരത്തിൽ foundatio ചെയ്യുന്നത് financially feasible ആകാത്തതിനാൽ പദ്ധതി നിർവഹണ ഏജൻസി KIIFB-യുമായി ബന്ധപ്പെടുകയും കിഫ്ബിയുടെ geotechnical consultant ടി സ്കൂളുകൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ എളങ്കുന്നപ്പുഴ സ്കൂളിന്റെ DPR പുതുക്കി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസി സ്വീകരിച്ചുവരുന്നു. കടമക്കുടി സ്കൂളിന് തുടർ മണ്ണ് പരിശോധനയ്ക്ക്

നിർദേശം നൽകിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ പദ്ധതി നിർവഹണ ഏജൻസി സ്വീകരിച്ചുവരുന്നു.

നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

124 (523) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഏതൊക്കെ കിഫ്ബി പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൂർത്തികരിക്കേണ്ട കിഫ്ബി പദ്ധതികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയുടെയും വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

കോട്ടക്കൽ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

125 (524) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോട്ടക്കൽ മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പ്രവൃത്തികളിൽ നിർമ്മാണം പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

കോട്ടക്കൽ മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പ്രവൃത്തികളിൽ നിർമ്മാണം പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങളും അവയുടെ നിലവിലുള്ള സ്ഥിതിയും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ പ്രതീക്ഷിക്കുന്ന കാലയളവും അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രവൃത്തികളുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളും ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന നടപടികളും അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് – മൂപ്പൻ റോഡ് പ്രവൃത്തി

126 (525) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

09-11-2018-ലെ PWD006-30-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 20.27 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡിന് 22-10-2022-ന് 25.445 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തിരുന്നു. എന്നാൽ സാങ്കേതികാനുമതി തുക ധനാനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവഹണ ഏജൻസിയായ KRFB കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 13-03-2023-ൽ നടന്ന 41-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റി ടെൻഡർ അംഗീകരിക്കുകയും 11-10-2023-ന് കിഫ്ബി

25.445 കോടി രൂപയ്ക്ക് പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തിരുന്നു. 07-12-2023-ന് PRICE മുഖേന കരാറുകാരന് ലെറ്റർ ഓഫ് അക്സപ്റ്റൻസ് (LoA) നൽകിയിരുന്നെങ്കിലും ആവശ്യമായ രേഖകളും സെക്യൂരിറ്റി തുകകളും സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തിരുന്നു. 05-08-2024-ന് നടന്ന 52-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ, 03-10-2024 തീയതിയായുള്ള കരാർ ഉടമ്പടി പ്രകാരം നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും നിലവിൽ കലുങ്ക്, അരികുചാൽ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള അനുമതി കിഫ്ബി നൽകേണ്ടതുണ്ടോ; വിശദാംശം അറിയിക്കാമോ?

പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഡിസൈൻ റിവ്യൂ നിലവിൽ കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽ പുരോഗമിച്ചുവരികയാണ്. പ്രവൃത്തി കോൺട്രാക്ടർ ഏറ്റെടുത്തതിനുശേഷം നടത്തിയ മണ്ണ് പരിശോധനയിൽ പ്രസ്തുത റോഡിന്റെ CBR (California Bearing Ratio) വളരെ കുറവാണെന്ന്

റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പേവ്മെന്റ് ഡിസൈനും ഗ്രൗണ്ട് മെച്ചപ്പെടുത്തൽ രീതിയും പരിഷ്കരിക്കേണ്ടതുണ്ടെന്നും ആയത് ജിയോ ടെക്നിക്കൽ വിദഗ്ധരുടെ മാർഗനിർദേശങ്ങളനുസരിച്ച് കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽ പുരോഗമിച്ചുവരികയാണ്. ഡിസൈൻ അവലോകനം പൂർത്തീകരിച്ച് പുതുക്കിയ ഡിസൈൻ കിഫ്ബി സാങ്കേതിക അവലോകന വിഭാഗം നിർവഹണ ഏജൻസിക്ക് കൈമാറുന്ന മുറയ്ക്ക് റോഡ് നിർമ്മാണ പ്രവൃത്തിയും ആരംഭിക്കാവുന്നതാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

127 (526) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന 98.23 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം

നൽകിയിട്ടുള്ളത്.

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ പുരോഗതി എന്നിവ വിശദമാക്കുമോ?

ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ പുരോഗതി എന്നിവയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

വർക്കല മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

128 (527) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണപുരോഗതി വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലമ്പുഴ കഞ്ചിക്കോട് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടം

129 (528) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവ. വെക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ പദ്ധതി നിർവഹണ ഏജൻസി പൂർത്തികരിച്ചിട്ടുണ്ട്. ഉടൻതന്നെ ടി പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് 3,79,98,040/- രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

പുതുഷരിയാരം സി.ബി.കെ.എം. ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

130 (529) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം. ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം. ജി.എച്ച്.എസ്.എസ്. സ്കൂളിന്റെ ഫൗണ്ടേഷൻ നിർമ്മാണം പുരോഗമിക്കുന്നു. Plinth Beam പണികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് 1,29,95,380/- രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

കോതമംഗലം പ്ലാമുടി-ഇരുമലപ്പടി റോഡ് നവീകരണം

131 (530) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി നടപ്പാക്കുന്ന പ്ലാമുടി-ഇരുമലപ്പടി റോഡ് (പ്ലാമുടി-ഊരംകുഴി റോഡ്) നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

20-08-2016-ലെ G.O.(Rt) No. 1192/2016/PWD പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിച്ച പ്ലാമുടി-കോട്ടപ്പടി-പാനിപ്ര-ഇരുമലപ്പടി-ഊരംകുഴി റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തിക്ക് 17-01-2018-ലെ APR-1/30/2018/KIIFB നമ്പർ നടപടിക്രമ ഉത്തരവുപ്രകാരം കിഫ്ബി 22.66 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. 01-08-2018-ലെ കരാർ ഉടമ്പടിപ്രകാരം പ്രവൃത്തി ആരംഭിച്ചിരുന്നെങ്കിലും കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടറുടെ 29-11-2022-ലെ നടപടിക്രമ ഉത്തരവുപ്രകാരം പ്രസ്തുത പ്രവൃത്തി

കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിരുന്നു. തുടർന്ന് പ്ലാമുടി മുതൽ ഇരുമലപ്പടിവരെയുള്ള ഭാഗത്തെ ബാലൻസ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് 25-09-2023-ന് നടന്ന 140-ാമത് ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയിരുന്നു. ബാലൻസ് പ്രവൃത്തി 02-09-2024-ന് ടെൻഡർ ചെയ്തെങ്കിലും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത തുക അനുവദനീയമായ പരിധിയിലും കൂടുതലായതിനാൽ 09-10-2024-ലെ 54-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റി ടി പ്രവൃത്തി റീ-ടെൻഡർ ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി 10-10-2024-ന് റീ-ടെൻഡർ ചെയ്തെങ്കിലും ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ L1 കരാറുകാരൻ തയ്യാറാകാത്തതിനാൽ 30-10-2024-ന് വീണ്ടും റീ-ടെൻഡർ ചെയ്യുകയും അംഗീകാരത്തിനായി 13-01-2025-ന് 56-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തി നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിൽ ടെൻഡർ ചെയ്തത് സംബന്ധിച്ച് വ്യക്തത ആവശ്യമുണ്ടെന്ന് കമ്മിറ്റി അഭിപ്രായപ്പെടുകയും

ആയത് പരിശോധിച്ച് അടുത്ത ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നാണ് നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുള്ളത്.

(ബി) സാങ്കേതിക നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ബാലൻസ് പ്രവൃത്തിയുടെ ടെൻഡർ അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് സെലക്ഷൻ നോട്ടീസ് നൽകി കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

ബക്കാഡി കമ്പനിയുടെ മദ്യത്തിന് നികുതി കുറച്ച് നൽകണമെന്ന അപേക്ഷ

132 (531) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്യാൻ അനുമതി തേടി ബക്കാഡി കമ്പനി അപേക്ഷ സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ വീര്യം കുറഞ്ഞ മദ്യത്തിനുള്ള നികുതി കുറച്ച് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആവശ്യത്തിന്മേൽ നികുതി വകുപ്പ് കമ്മീഷണറും നികുതി വകുപ്പുസെക്രട്ടറിയും സമർപ്പിച്ച നിർദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ഈ കാര്യത്തിൽ കൈക്കൊണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്യാൻ അനുമതി തേടിയും വീര്യം കുറഞ്ഞ മദ്യം വിൽപന നടത്തുന്നതിന് നികുതി നിരക്ക് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടും ബക്കാഡി കമ്പനി അപേക്ഷ സമർപ്പിച്ചിരുന്നു. വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ചരക്കുസേവന നികുതി

കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് ചരക്കുസേവന നികുതി കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ചുള്ള നികുതി വെട്ടിപ്പ്

133 (532) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നികുതിവെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം തട്ടിപ്പിലൂടെയുണ്ടാകുന്ന വരുമാനചോർച്ച കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നികുതി വെട്ടിപ്പുകൾ നടത്തുന്നതായി വകുപ്പിലെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ സെർച്ച്/ഇൻവെസ്റ്റിഗേഷൻ എന്നീ നടപടികളിലൂടെ വ്യാജമായി കൈമാറ്റം ചെയ്തതായി കണ്ടെത്തുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

തിരിച്ചുപിടിക്കുന്നതിനും ഇത്തരത്തിലുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു. കൂടാതെ വെട്ടിപ്പ് നടത്തിയവർക്കെതിരെ പെനാൽറ്റി നടപടികളും സ്വീകരിച്ചുപോരുന്നു. ഇതോടൊപ്പംതന്നെ ദേശീയതലത്തിൽ നടന്നുവരുന്ന "ആന്റി ഫേക്ക് ഇൻവോയ്സ് രജിസ്ട്രേഷൻ ഡ്രൈവ്" എന്ന പദ്ധതിയിലൂടെയും സംസ്ഥാനങ്ങൾ പരസ്പരം കൈമാറുന്ന വിവരങ്ങളിലൂടെയും ഇത്തരം വ്യാജ രജിസ്ട്രേഷൻ കണ്ടെത്തി മേൽവിവരിച്ച രീതിയിലുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പിന്റെ കണക്കുകൾ ശേഖരിച്ചുവരുന്നു.

(ബി) ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

പുനഃസംഘടനയിലൂടെ ഇപ്പോൾ വകുപ്പ് പ്രവർത്തിക്കുന്നത് ടാക്സ് പെയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ മൂന്ന് വിഭാഗങ്ങളായാണ്. ഇതിൽ ഓരോ വിഭാഗങ്ങളും നികുതി പിരിവ് ഊർജിതമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഇന്റലിജൻസ് വിഭാഗം വിവരസാങ്കേതികവിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പുവരുത്തി സേർച്ച്/ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു.

എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളെടുക്കുകയും ചെയ്യുന്നു.

ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിന് വ്യാജ രജിസ്ട്രേഷൻ പിടിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ടാക്സ് പെയർ സർവീസസ് വിഭാഗം ഇത്തരം വ്യാജ രജിസ്ട്രേഷനുകളെ തുടക്കത്തിൽതന്നെ തിരിച്ചറിയാനുള്ള പ്രവർത്തനം സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ് മുഖാന്തരം നടത്തുന്നുണ്ട്. കൂടാതെ ടാക്സ് പെയർ സർവീസസ് വിഭാഗം കൈമാറ്റം ചെയ്യപ്പെട്ട വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ബ്ലോക്ക് ചെയ്യുന്നുമുണ്ട്.

ഫ്ലഡ് സെസ്സ്

134 (533) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ലഡ് സെസ്സ് ഇനത്തിൽ എത്ര രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

01-08-2019 മുതൽ 2 വർഷക്കാലത്തേക്ക് ഏർപ്പെടുത്തിയ പ്രളയ സെസ്സ് ഇനത്തിൽ 30-11-2024 വരെ ലഭ്യമായിട്ടുള്ള തുക 2244.88 (Provisional) കോടി രൂപയാണ്.

(ബി) ഫ്ലഡ് സെസ് പ്രാബല്യത്തിലുണ്ടായിരുന്ന കാലയളവിൽ സംസ്ഥാനത്തെ ബി2 ബി ടാക്സ്പബിൾ ടേണോവർ എത്ര രൂപയായിരുന്നുവെന്ന വിവരം നൽകാമോ; പ്രസ്തുത കാലയളവിലെ റിട്ടേണുകൾ പരിശോധിച്ചപ്പോൾ ഫ്ലഡ് സെസ്സ് വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ച് എത്ര തുക കണ്ടെത്തിയെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവഹിച്ചിരിക്കുന്നത് HSN (Harmonised System Nomenclature) അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ ടിയാൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കിയാണ് "ഔട്ട് വേർഡ് സപ്ലൈസ് (B2B & B2C)" GSTR-3B പ്രകാരം രേഖപ്പെടുത്തുന്നത്. അതിനാൽ ഫ്ലഡ് സെസ്സ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന കാലയളവിൽ സംസ്ഥാനത്തെ ബി2 ബി ടാക്സ്പബിൾ ടേണോവറിന്റെ വിവരങ്ങൾ ലഭ്യമല്ല.

പ്രളയ സെസ്സ് റിട്ടേൺ ഫയൽ ചെയ്യാത്തവരുടെയും തെറ്റായി ഫയൽ ചെയ്തവരുടെയും നികുതി നിർണയ നടപടികൾ GST നികുതി നിർണയ നടപടികളോടൊപ്പം നടന്നുവരികയാണ്.

(സി) ഫ്ലഡ് സെസ്സ് പ്രാബല്യത്തിലുണ്ടായിരുന്ന കാലയളവിലെ ഓരോ വർഷത്തെയും സ്വർണ്ണം, ഡയമണ്ട് എന്നിവയുടെ ടേണോവർ പ്രത്യേകം തരം തിരിച്ച് നൽകാമോ?

ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവഹിച്ചിരിക്കുന്നത് HSN (Harmonised System Nomenclature) അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ ടിയാൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കിയാണ് "ഔട്ട്വേർഡ് സപ്ലൈസ് (B2B & B2C)" രേഖപ്പെടുത്തുന്നത്. റിട്ടേണിൽ നികുതി നിരക്ക് തിരിച്ചോ HSN കോഡ് തിരിച്ചോ ഉള്ള വിറ്റുവരവിന്റെ കണക്കുകൾ ഒരു നികുതിദായകൻ രേഖപ്പെടുത്തുന്നില്ല. ഈ കാരണങ്ങളാൽ സ്വർണ്ണം, ഡയമണ്ട് എന്നിവയുടെ

ടേണോവർ പ്രത്യേകം തരംതിരിച്ച് കൃത്യമായി കണക്കാക്കുക പ്രായോഗികമല്ല.

(ഡി) സെൻട്രൽ ജി.എസ്.ടി. വകുപ്പ് നടത്തിയ പരിശോധനകളിൽ ഫ്ലഡ് സെസ്സിന് ആനുപാതികമായ ബി2 ബി ടേണോവറിൽ ടി സെസ്സ് ഈടാക്കിയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

കേരള ഫ്ലഡ് സെസ്സ് ചട്ടങ്ങൾ പ്രകാരം ഫ്ലഡ് സെസ്സ് ബാധകമാകുന്നത് രജിസ്ട്രേഷനുള്ള വ്യക്തികൾ രജിസ്ട്രേഷനില്ലാത്ത വ്യക്തികൾക്ക് നടത്തുന്ന സംസ്ഥാനത്തിനകത്തുള്ള സപ്ലൈകൾക്ക് (ബി2 സി) മാത്രമാണ്. ബി2 ബി സപ്ലൈകൾക്ക് ഫ്ലഡ് സെസ്സ് ബാധകമല്ല.

(ഇ) കേന്ദ്ര ജി.എസ്.ടി. വകുപ്പിന്റെ പക്കൽനിന്നും ഈ കാലയളവിലെ നികുതി നിർണയ ഫയലുകൾ വാങ്ങി പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

കേരള ഫ്ലഡ് സെസ്സ് ചട്ടപ്രകാരം കേന്ദ്ര, സംസ്ഥാന ചരക്കുസേവന നികുതി നിയമങ്ങളിലും ചട്ടങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന അതോറിറ്റികൾ, അസ്സസ്മെന്റ്, ഓഡിറ്റ്, റിട്ടേൺ ഫയലിങ്, ഷോർട്ട് ലെവി, റിക്കവറി,

പെനാൽറ്റി തുടങ്ങിയവ കേരള ഫ്ലഡ് സെസ്സ് ഈടാക്കുന്നതിനും ബാധകമാണ്. അതനുസരിച്ച് സെൻട്രൽ ജി.എസ്.ടി. അധികാരികൾ പുറപ്പെടുവിക്കുന്ന ഫ്ലഡ് സെസ്സുമായി ബന്ധപ്പെട്ടുള്ള നികുതി നിർണ്ണയ ഉത്തരവുകളിൽ ആവശ്യമായ റിവ്യൂ നടത്തി കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിയമപരമായി അധികാരപ്പെട്ടിരിക്കുന്നത് പ്രസ്തുത ഉത്തരവുകൾ ഇറക്കുന്ന പ്രോപ്പർ ഓഫീസറുടെ സെൻട്രൽ ജി.എസ്.ടി.-യിലെതന്നെ മേലുദ്യോഗസ്ഥരാണ്. സ്റ്റേറ്റ് ജി.എസ്.ടി.-യിൽ ഇപ്രകാരം പുറപ്പെടുവിക്കുന്ന നികുതി നിർണയ ഉത്തരവുകൾ തുടർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താനും ആവശ്യമെങ്കിൽ തുടർ നികുതി നിർണ്ണയം നടത്തുന്നതിനും സ്റ്റേറ്റ് ജി.എസ്.ടി.-യിലെ മേലുദ്യോഗസ്ഥരാണ് നിയമപ്രകാരം അധികാരപ്പെട്ടിരിക്കുന്നത്. 2017-ലെ സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിലെ സെക്ഷൻ 6(2) (b) പ്രകാരം കേന്ദ്ര ചരക്ക് സേവന നികുതി നിയമത്തിനുകീഴിലെ ഒരു പ്രോപ്പർ ഓഫീസർ നടപടിക്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെങ്കിൽ അതേ വിഷയത്തെ സംബന്ധിച്ച് സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിന്റെ കീഴിലെ

പ്രോപ്പർ ഓഫീസർ ഒരു നടപടിക്രമങ്ങൾക്കും തുടക്കം കുറിക്കാൻ പാടുള്ളതല്ല. പ്രസ്തുത രീതിയിലുള്ള നികുതി നിർണയ ഉത്തരവുകളുടെ റിവ്യൂ മെക്കാനിസം സെൻട്രൽ ജി.എസ്.ടി. വകുപ്പിലും സ്റ്റേറ്റ് ജി.എസ്.ടി. വകുപ്പിലും നടന്നുവരുന്നതിനാൽ കേന്ദ്ര നികുതി നിർണയ ഫയലുകളിൽ തുടർപരിശോധന നടത്തേണ്ട സാഹചര്യം നിലനിൽക്കുന്നില്ല.

ഇ-കോമേഴ്സ്/ഓൺലൈൻ വ്യാപാരത്തിലൂടെ ഉണ്ടാകുന്ന ജി.എസ്.ടി. നഷ്ടം

135 (534) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-കോമേഴ്സ്/ഓൺലൈൻ വ്യാപാരത്തിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന ജി.എസ്.ടി. നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ/ഓൺലൈൻ വ്യാപാരികൾ വഴി ഉപഭോക്താവിലേക്കുള്ള അന്തർ സംസ്ഥാന ബിസിനസ് നിരീക്ഷിക്കാനുള്ള

സംവിധാനം സംസ്ഥാനങ്ങൾക്കില്ല. അതിനാൽ സംസ്ഥാനത്തിനുള്ള നികുതി വരുമാന നഷ്ടം നിർണ്ണയിക്കാനും കഴിയില്ല.

(ബി) ഓൺലൈൻ വ്യാപാരത്തിലൂടെ പിരിച്ചെടുക്കുന്ന ടാക്സ് സംസ്ഥാന സർക്കാരിലേക്ക് ലഭിക്കുന്നത് സംബന്ധിച്ച മോണിറ്ററിങ് നടപ്പാക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കുമോ?

ടി.സി.എസ്. ഈടാക്കാൻ ബാധ്യതയുള്ള ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ നിർബന്ധമായും ജി.എസ്.ടി.-ക്ക് കീഴിൽ രജിസ്റ്റർ ചെയ്യണം. തുടർന്ന് ഇ-കോമേഴ്സ് സംവിധാനം വഴി സാധനങ്ങളോ സേവനങ്ങളോ വിതരണം ചെയ്യുന്ന വ്യാപാരിയിൽനിന്ന് 0.5 ശതമാനം നിരക്കിൽ ടി.സി.എസ്. കുറവ് ചെയ്ത് അടയ്ക്കുകയും ജി.എസ്.ടി.ആർ.-8 ഫയൽ ചെയ്യുകയും വേണം. സംസ്ഥാനത്തിനകത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ ഫയൽ ചെയ്യുന്ന റിട്ടേൺ (ജി.എസ്.ടി.ആർ.-8) മുഖേന അവരിലൂടെ നടത്തുന്ന ഓൺലൈൻ വ്യാപാരവും നികുതിപിരിവും നിരീക്ഷിക്കാൻ കഴിയും. മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇ-കോമേഴ്സ്

ഓപ്പറേറ്റർമാർ വഴി നടത്തുന്ന ഇടപാടുകൾ നിരീക്ഷിക്കാൻ സംസ്ഥാനത്തിന് അധികാരമില്ല.

കേരളം മുൻകൈയെടുത്ത് ഈ വിഷയത്തിലെ ആശങ്ക ജി.എസ്.ടി. കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുകയും പ്രശ്നം പരിഹരിക്കുന്നതിനായി നടപടികൾ കൈക്കൊള്ളുമെന്ന് കൗൺസിൽ അറിയിക്കുകയും ചെയ്തു. തൽഫലമായി, ഇ-കോമേഴ്സ് ഓപ്പറേറ്റർമാരുടെ റിട്ടേൺ ഫോർമാറ്റിലും റിപ്പോർട്ടിങ് രീതികളിലും മാറ്റങ്ങൾ കൗൺസിൽ കൈക്കൊണ്ടിട്ടുണ്ട്.

(സി) ഓൺലൈൻ വ്യാപാരമേഖല വ്യാപിച്ചതോടെ സംസ്ഥാനത്തെ ഇടത്തര-ചെറുകിട കച്ചവടക്കാരുടെ വ്യാപാരനിരക്കിലും വരുമാനത്തിലുമുണ്ടായ കുറവ് കണക്കാക്കിയിട്ടുണ്ടോ; അത്തരം വ്യാപാരികളുടെ നിലനില്പ് പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഓൺലൈൻ വ്യാപാര മേഖല വ്യാപിച്ചതുവഴി ഇടത്തര ചെറുകിട കച്ചവടക്കാരുടെ വ്യാപാര നിരക്കിലും വരുമാനത്തിലുമുണ്ടായ കുറവ് കണക്കാക്കുന്നതിനുള്ള പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ

സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 29-01-2024-ലെ സ.ഉ.(കൈ)നം. 5/2024/ഐ.ഡി. നമ്പർ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിനുകീഴിൽ ഒരു പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ സംഘടനകളുടെ ആവശ്യം പരിഗണിച്ചും നവകേരള സദസ്സിലെ പലവേദികളിലും ഈ ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളത് കണക്കിലെടുത്തുമാണ് വ്യവസായ വകുപ്പിൽ വാണിജ്യത്തിനായി ഒരു പ്രത്യേക സെക്ഷനും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ വാണിജ്യത്തിനായി ഒരു പ്രത്യേക ഡിവിഷനും രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളത്. ഇതിന്റെ തുടർച്ചയായി ചെറുകിട വ്യാപാര മേഖലയിലെ സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ വ്യാപാരി വ്യവസായി ഏകോപന സമിതി, വ്യാപാരി വ്യവസായി സമിതി, കേരള ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ്സ് അസോസിയേഷൻ എന്നീ സംഘടനകളുടെ സംസ്ഥാന ഭാരവാഹികളുമായി 2024 ഡിസംബർ 18-ന്

ചർച്ച നടത്തിയിരുന്നു. വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ള സംരംഭകരെ ലക്ഷ്യമിട്ടുള്ളതാണ്. ഈ പദ്ധതി പ്രകാരം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്ന ചെറുകിട കച്ചവടക്കാർ എടുക്കുന്ന 10 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പയിന്മേൽ 5 വർഷത്തേക്ക് 6 ശതമാനം പലിശ സബ്സിഡി ലഭ്യമാകുന്നതാണ്.

വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന MSME ഇൻഷ്വറൻസ് പദ്ധതി ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ള സംരംഭകരെ ലക്ഷ്യമിട്ടുള്ളതാണ്. ഈ പദ്ധതി പ്രകാരം, ചെറുകിട കച്ചവടക്കാർ ഒരു വർഷം അടയ്ക്കുന്ന ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാനം, പരമാവധി 5,000 രൂപ വരെ സർക്കാർ സബ്സിഡിയായി നൽകുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽപ് ഡെസ്ക് സംവിധാനം:

വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും

അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരുടെ ഹെൽപ് ഡെസ്ക് സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിലാണ് ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കുന്നത്.

ബാങ്കുകൾ മുഖേനയുള്ള മൂൻഗണനാമേഖലാ വായ്പ: സൂക്ഷ്മ-ചെറുകിട-ഇടത്തരം മന്ത്രാലയത്തിന്റെ 2021 ജൂലൈയിലെ O.M.No.5/2(2)/2021-E/P&G/Policy പ്രകാരം ചെറുകിട വ്യാപാര സംരംഭങ്ങൾക്ക് മൂൻഗണനാമേഖലാ വായ്പ ലഭ്യമാക്കുന്നതിന് MSME-യിൽ ഉൾപ്പെടുത്തിക്കൊണ്ട് 'ഉദ്യം' രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. ഈ ആനുകൂല്യം ചെറുകിട വ്യാപാരികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

താലൂക്ക് തലത്തിലും ജില്ലാ തലത്തിലുമുള്ള ഹെൽപ് ഡെസ്ക്: എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും അതുപോലെ താലൂക്ക് വ്യവസായ ഓഫീസുകളിലും സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ

നൽകുന്നതിനായി ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. വ്യാപാരികൾക്കും ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

ജില്ലാ സംസ്ഥാനതല ഏകജാലക സംവിധാനം: 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിന്റെയും, തുടർന്ന് പ്രസ്തുത ആക്ടിലുണ്ടായ ഭേദഗതികളുടെയും അടിസ്ഥാനത്തിൽ സംരംഭകർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ ലൈസൻസുകളും പെർമിറ്റുകളും ലഭ്യമാക്കുന്നതും നിലവിലുള്ളവ പുതുക്കുന്നതും സമയബന്ധിതമാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഏകജാലക ക്ലിയറൻസ് ബോർഡുകൾ നിലവിലുണ്ട്. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ ഈ കമ്മിറ്റിയിൽ ലൈസെൻസിങുമായി ബന്ധപ്പെട്ട വകുപ്പ്/ഏജൻസികളുടെയും ജില്ലാ മേധാവികൾ അംഗങ്ങളാണ്. 15 കോടി രൂപവരെ നിക്ഷേപം വരുന്ന സംരംഭങ്ങളുടെ ലൈസൻസ് അപേക്ഷകളാണ് ജില്ലാ കമ്മിറ്റിക്ക് സമർപ്പിക്കാനുള്ളത്. 15 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപം വരുന്ന

സംരംഭങ്ങളുടെ ലൈസൻസ് അപേക്ഷകൾ ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിക്കാണ് സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കുന്നതിനായി www.kswift.kerala.gov.in എന്ന പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിലുള്ള സംശയങ്ങൾക്കും മറ്റ് സഹായങ്ങൾക്കും അതത് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ ജി.എസ്.ടി.

136 (536) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ ക്രയവിക്രയത്തിൽനിന്നും സംസ്ഥാന സർക്കാരിന് 2024-25 സാമ്പത്തികവർഷത്തിൽ നാളിതുവരെ എത്ര രൂപ ജി.എസ്.ടി. ഇനത്തിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. കൗൺസിലിന്റെ 52-ാം സമ്മേളനത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2017-ലെ സി.ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 9(1)-ൽ വരുത്തിയ ഭേദഗതി പ്രകാരം, ഹ്യൂമൻ കൺസംപ്ഷനുവേണ്ടിയുള്ള

മദ്യനിർമാണത്തിനായി ഉപയോഗിക്കുന്ന എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ ജി.എസ്.ടി.-യുടെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിൽ മാത്രമാണ് ജി.എസ്.ടി. ചുമത്തപ്പെടുന്നത്. ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവഹിച്ചിരിക്കുന്നത് HSN (Harmonised System Nomenclature) അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ ടിയാൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കിയാണ് "ഔട്ട് വേർഡ് സപ്ലൈസ് (B2B & B2C)" രേഖപ്പെടുത്തുന്നത്. റിട്ടേണിൽ നികുതി നിരക്ക് തിരിച്ചോ HSN കോഡ് തിരിച്ചോ ഉള്ള വിറ്റുവരവിന്റെ കണക്കുകൾ ഒരു നികുതിദായകൻ രേഖപ്പെടുത്തുന്നില്ല. ഈ കാരണങ്ങളാൽ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ ക്രയവിക്രയം സംബന്ധിച്ച നികുതി വരുമാനം കൃത്യമായി കണക്കാക്കുക പ്രായോഗികമല്ലാത്തതിനാൽ എക്സ്ട്രാ

ന്യൂട്രൽ ആൽക്കഹോളിൽനിന്നുള്ള വരുമാനത്തിന്റെ സ്ഥിരീകരിച്ച കണക്കുകൾ പ്രത്യേകമായി ലഭ്യമല്ല.

ഐ.ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന വരുമാനം വർധിപ്പിക്കുന്നതിന് നടപടി

137 (537) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഐ.ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന വരുമാനം വർധിപ്പിക്കുന്നതിനും ഈ മേഖലയിൽ സെറ്റിൽമെന്റ് ഉറപ്പാക്കുന്നതിനും സർക്കാർ നടത്തിവരുന്ന ഇടപെടലുകളുടെ ഫലമായി 55-ാം ജി.എസ്.ടി. കൗൺസിലിൽ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ ഐ.ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന വരുമാനം വർധിപ്പിക്കുന്നതിനും ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് ഉറപ്പാക്കുന്നതിനുമായി ജി.എസ്.ടി. കൗൺസിലിൽ ശക്തമായ ഇടപെടലുകൾ സംസ്ഥാനം നടത്തി വരുന്നുണ്ട്. ഓൺലൈൻവഴി വലിയതോതിൽ സേവനങ്ങൾ

സ്വീകരിക്കപ്പെടുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതിനാൽതന്നെ പ്രസ്തുത സേവനം സ്വീകരിക്കുക വഴി വലിയതോതിൽ ഐ.ജി.എസ്.ടി. ലഭ്യമാകേണ്ടതുണ്ട്. പലപ്പോഴും ഇത്തരം സേവനങ്ങളുടെ സപ്ലൈയിൽ പ്ലേസ് ഓഫ് സപ്ലൈ കൃത്യമായി രേഖപ്പെടുത്താത്തതും റിട്ടേണിൽ കൃത്യമായി കാണിക്കാത്തതും ഈ മേഖലയിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന ഐ.ജി.എസ്.ടി. കൃത്യമായി ലഭിക്കാത്തതിന് കാരണമാകുന്നുണ്ടായിരുന്നു. 2024 ഡിസംബർ 21-ന് നടന്ന അൻപത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ഇക്കാര്യത്തിൽ ചർച്ചകൾ നടത്തുകയും സംസ്ഥാനത്തിന്റെ ആവശ്യത്തെത്തുടർന്ന് ഓൺലൈൻ ഗെയിമിങ്, OIDAR സർവീസുകൾ തുടങ്ങിയ ഓൺലൈൻ സർവീസുകൾ രജിസ്ട്രേഷനില്ലാത്ത വ്യക്തികൾക്ക് നടത്തുമ്പോൾ സപ്ലെയർ ഇൻവോയ്സുകളിൽ സേവനം ലഭിച്ച വ്യക്തിയുടെ സംസ്ഥാനം കൃത്യമായി രേഖപ്പെടുത്തണമെന്നും ആയത് ആ വ്യക്തിയുടെ അഡ്രസ്സായി കണക്കാക്കി ഐ.ജി.എസ്.ടി. സെറ്റിൽമെന്റിനുള്ള പ്ലേസ് ഓഫ് സപ്ലൈ പരിഗണിക്കുന്നതിന് ബാധകമായിരിക്കുമെന്നും തീരുമാനമെടുക്കുകയുണ്ടായി.

സംസ്ഥാനത്തിന്റെ ആവശ്യമനുസരിച്ച് ഓൺലൈൻ വ്യാപാരങ്ങളിൽ ഇ-കോമേഴ്സ് ഓപ്പറേറ്റേഴ്സ് റിട്ടേണുകൾ സമർപ്പിക്കുമ്പോൾ ഏത് സംസ്ഥാനത്തിലേക്കാണ് വിൽപന നടത്തിയതെന്ന വസ്തുത വ്യക്തമായി കാണിക്കുന്നതിനായുള്ള ഭേദഗതികൾ അൻപത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിലിൽതന്നെ കൈക്കൊണ്ടിട്ടുണ്ടായിരുന്നു.

(ബി) ചെറുകിട മേഖലയെ സഹായിക്കുന്നതിനും കമ്പോളത്തിന്റെ കുത്തകവൽക്കരണം തടയുന്നതും ലക്ഷ്യമിട്ട് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിന്റെ മുമ്പാകെ അവതരിപ്പിച്ച ഏതെല്ലാം വിഷയങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

ജി.എസ്.ടി. നിയമം നിലവിൽ വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് മാത്രമായി നികുതി നിരക്ക് തീരുമാനിക്കുന്നതിനുള്ള അധികാരം നഷ്ടമായി. പ്രാദേശികമായി നികുതി നിരക്ക് കൂട്ടാനും കുറയ്ക്കാനും ഒഴിവാക്കാനുമുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ഇല്ലാതെ പോയത് കേരളത്തിന്റെ ചെറുകിട വ്യവസായ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പല പ്രശ്നങ്ങളും സംസ്ഥാനത്തിനുമാത്രമായി തീരുമാനമെടുത്ത് പരിഹരിക്കാൻ

സാധിക്കുന്നതല്ല എന്നൊരു ന്യൂനത നിലവിലുണ്ട്. എന്നിരുന്നാലും സംസ്ഥാന ധനമന്ത്രിമാർ കൂടി ഉൾപ്പെട്ട ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്താണ് ടി നികുതി സംവിധാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നത്. അതിനാൽത്തന്നെ ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങുകളിൽ നികുതി നിർദേശങ്ങൾ ചർച്ച ചെയ്യുമ്പോൾ സംസ്ഥാനത്തെ വ്യാപാരികളുടെയും ഇവിടുത്തെ വ്യാപാരമേഖലയുടെയും താത്പര്യങ്ങൾ സംരക്ഷിക്കാനാവശ്യമായ ശക്തമായ നിലപാട് കേരളം കൈക്കൊണ്ടിട്ടുണ്ട്.

ജി.എസ്.ടി.-യുടെ ആദ്യ വർഷങ്ങളിൽ വ്യാപാരികൾക്ക് വ്യക്തമായ ധാരണയില്ലാത്തതുകാരണം റിട്ടേണുകളിലുണ്ടായ അബദ്ധങ്ങൾമൂലം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിൽ തടസ്സം നേരിട്ടത് മനസ്സിലാക്കി ആയത് ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുകയും തുടക്ക കാലങ്ങളിലുണ്ടായ പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കുന്നതിനും നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുന്നിൽ നിൽക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. കേരളത്തിന് പ്രത്യേക പ്രാധാന്യമുള്ള ചെറുകിട മേഖലകളിലുള്ള വെളിച്ചെണ്ണപോലുള്ള

ചരക്കുകളുടെയും ടൂറിസംപോലെയുള്ള സേവനമേഖലകളിലെയും നികുതി നിരക്കുകൾ വർധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലുകളിൽ കേരളം ശക്തമായി ഇടപെടുകയും നികുതി നിരക്കുകൾ നിലവിലുള്ള സ്ഥിതിയിൽ തുടരുന്നതിനുള്ള തീരുമാനം ജി.എസ്.ടി. കൗൺസിലിൽ എടുപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വ്യാപാര-വാണിജ്യ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നവർ വാടകയിന്മേൽ ജി.എസ്.ടി. അടയ്ക്കണമെന്ന നിർദ്ദേശം നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ?

വ്യാപാര-വാണിജ്യ ആവശ്യങ്ങൾക്കായി ജി.എസ്.ടി. രജിസ്ട്രേഷനില്ലാത്ത വ്യക്തികളിൽനിന്നും രജിസ്ട്രേഷനുള്ള വ്യക്തികൾ കെട്ടിടം വാടകയ്ക്കെടുക്കുമ്പോൾ റിവേഴ്സ് ചാർജായി ജി.എസ്.ടി. അടയ്ക്കേണ്ടതുണ്ട്. ഇങ്ങനെ അടയ്ക്കുന്ന ജി.എസ്.ടി. തുക അതത് മാസംതന്നെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ടി വ്യക്തികൾക്ക് ക്ലെയിം ചെയ്യാൻ സാധിക്കുന്നതാണ്. എന്നാൽ കോമ്പോസിഷൻ രീതിയിൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം

ലഭ്യമല്ലാത്തതിനാൽ ഈ വിഷയം അൻപത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്യുകയും കോമ്പോസിഷൻ രീതിയിൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളവരെ വാടകയിന്മേലുള്ള ജി.എസ്.ടി. റിവേഴ്സ് ചാർജായി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. വകുപ്പിലെ കരാർ നിയമനം

138 (539) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചു; ഇവരുടെ നിയമന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കരാറടിസ്ഥാനത്തിൽ നിയമിച്ചവരിൽ റിട്ടയർ ചെയ്ത ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ പേര് വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്കെതിരെ സർവീസ് കാലയളവിൽ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിരമിച്ചശേഷം പുനർനിയമനം നൽകിയ ജീവനക്കാരുടെ

വിദ്യാഭ്യാസ യോഗ്യത എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം

139 (541) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

മുണ്ടക്കയം സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് PMC-യായി M/s. HLL Life Care Limited-നെ നിശ്ചയിച്ചിട്ടുണ്ട്. ഇവർ തയ്യാറാക്കി സമർപ്പിച്ച പ്ലാനും DPR-ഉം പരിശോധിക്കുകയും 11-07-2024-ലെ സ.ഉ. (സാധാ)നം.5479/2024/ധന. പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനുശേഷം വകുപ്പും M/s. HLL Life Care Limited-ഉം ടെൻഡർ നേടിയ സ്ഥാപനം/വ്യക്തിയുമായി tripartite agreement-ൽ ഏർപ്പെടുകയും ടെൻഡർ നേടിയ

സ്ഥാപനം/വ്യക്തിക്ക് സൈറ്റ് handover ചെയ്തിട്ടുമുണ്ട്. മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്നു.

ചിറ്റാർ സബ്ട്രഷറി

140 (542) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച ചിറ്റാർ സബ്ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ചിറ്റാർ കേന്ദ്രമാക്കി പുതിയ സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും സബ്ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ചിറ്റാർ ഗ്രാമപഞ്ചായത്ത് കെട്ടിടസൗകര്യം ഒരുക്കിയിട്ടുള്ളതുമാണ്. ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പ് സ്വീകരിച്ചുവരികയാണ്.

പള്ളിക്കത്തോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം

141 (543) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പള്ളിക്കത്തോട് സബ്ട്രഷറിക്ക് സ്വന്തമായി സ്ഥലം കൈമാറി ലഭിച്ച സാഹചര്യത്തിൽ, പുതിയ കെട്ടിടം നിർമ്മിക്കാൻ തുക അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ?

പള്ളിക്കത്തോട് സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് PMC-യായി M/s. HLL Life Care Limited-നെ നിശ്ചയിച്ചിട്ടുണ്ട്. ഇവർ തയ്യാറാക്കി സമർപ്പിച്ച പ്ലാനും DPR-ഉം പരിശോധിക്കുകയും 11-07-2024-ലെ സ.ഉ.(സാധാ)നം.5479/2024/ധന. പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ട്രഷറി കെട്ടിടം നിർമ്മിക്കുന്ന സ്ഥലം ശ്രീ. എ. വി. ജോസഫ് എന്ന സ്വകാര്യ വ്യക്തി ദാനാധാരമായി നൽകിയതാണെന്നും കൂടാതെ പ്രസ്തുത സ്ഥലത്ത് പൊതുഗതാഗത സൗകര്യം കുറവാണെന്നും ആരോപിച്ചുകൊണ്ട് രാഷ്ട്രീയ

കക്ഷി ഭേദമന്യേ വലിയ എതിർപ്പ് ത്രുപപ്പെടുകയും ട്രഷറിക്കായി അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്താൻ തീരുമാനിക്കുകയും ചെയ്തു. കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കേരള പെൻഷൻ മൊബൈൽ ആപ്പ്

142 (544) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറിയുടെ കേരള പെൻഷൻ മൊബൈൽ ആപ്പിലുള്ള പെൻഷൻ ഐ.ഡി. കാർഡിൽ പെൻഷനറുടെ ഫോട്ടോ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫോട്ടോ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ട്രഷറിയുടെ 'കേരള പെൻഷൻ' മൊബൈൽ ആപ്പിലുള്ള ഡിജിറ്റൽ പെൻഷൻ ഐ.ഡി. കാർഡിൽ പെൻഷണറുടെ ഫോട്ടോയും ഒപ്പും ലഭ്യമാകുന്നതിനായി ഫോട്ടോയും ഒപ്പും ഓരോ പെൻഷനറും ട്രഷറിയിൽ സമർപ്പിക്കേണ്ടതുണ്ട്. ഫോട്ടോയും ഒപ്പും ട്രഷറി പെൻഷൻ ആപ്ലിക്കേഷനിൽ

അപ്ഡേറ്റ് ചെയ്യുമ്പോൾ 'കേരള പെൻഷൻ' മൊബൈൽ ആപ്പിലെ ഡിജിറ്റൽ തിരിച്ചറിയൽ കാർഡിൽ ഫോട്ടോയും ഒപ്പും ഉൾപ്പെട്ടുവരുന്നതാണ്. ഫോട്ടോയും ഒപ്പും പെൻഷൻകാരിൽനിന്നും ലഭ്യമാക്കി ട്രഷറി പെൻഷൻ ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നിർദേശം എല്ലാ ട്രഷറികൾക്കും 10-12-2024-നുതന്നെ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പെൻഷൻ കാർഡ് ഗവൺമെന്റ് സർവീസ് പെൻഷനേഴ്സ് ഐ.ഡി. കാർഡായി ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോയെന്ന് അറിയിക്കുമോ?

ഡിജിറ്റൽ പെൻഷൻ ഐ.ഡി. കാർഡ് ഗവൺമെന്റ് സർവീസ് പെൻഷണേഴ്സ് ഐ.ഡി. കാർഡായി ഉപയോഗിക്കുന്നതിന് തടസ്സമില്ല.

(സി) പെൻഷൻ വാങ്ങുന്നവർക്ക് കേരളത്തിലെ ഏത് ട്രഷറിയിലും മസ്റ്ററിങ് ചെയ്യുന്നതിന് വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ട്രഷറി മുഖേന പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാർക്ക് കേരളത്തിലെ ഏത് ട്രഷറി മുഖേനയും മസ്റ്ററിങ് ചെയ്യാവുന്നതാണ്.

(ഡി) യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ളവരുടെ മസ്റ്ററിങ്ങിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ള പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ്, ജീവൻപ്രമാൺ, വാതിൽപ്പടി സേവനം എന്നിവ വഴി മസ്റ്ററിങ് ചെയ്യാവുന്നതാണ്. ലൈഫ് സർട്ടിഫിക്കറ്റ് കെ.റ്റി.സി ചട്ടം 280(എ) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ, വില്ലേജ് ഓഫീസർ, സബ് രജിസ്ട്രാർ, പോലീസ് സബ് ഇൻസ്പെക്ടർ എന്നിവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയതായിരിക്കണം. പെൻഷൻ മസ്റ്ററിൽ ആധാർ നമ്പർ ചേർത്തിട്ടുള്ള പെൻഷൻകാർക്ക് ജീവൻപ്രമാൺ പോർട്ടൽ വഴി ഓൺലൈനായി മസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ, കേരളത്തിൽ താമസിക്കുന്ന 80 വയസ്സ് കഴിഞ്ഞ ശയ്യാവലംബരായ പെൻഷൻകാർക്ക് അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ട്രഷറി വകുപ്പ് വാതിൽപ്പടി മസ്റ്ററിങ് സേവനം നൽകിവരുന്നുണ്ട്.

(ഇ) കേരള പെൻഷൻ മൊബൈൽ ആപ്പ് പ്രകാരം പെൻഷണറുടെ ക്രെഡിറ്റിലുള്ള നീക്കിയിരിപ്പ് തുക എത്രയാണെന്ന് അറിയുന്നതിനുള്ള സൗകര്യംകൂടി ഏർപ്പെടുത്തുമോ?

കേരള പെൻഷൻ മൊബൈൽ ആപ്പ് വഴി പെൻഷണറുടെ പ്രതിമാസ പെൻഷൻ വിവരവും പെൻഷൻ മസ്റ്ററിലെ വിവരങ്ങളും മാത്രമേ നിലവിൽ അറിയാൻ സാധിക്കുകയുള്ളൂ. പി.ടി.എസ്.ബി. (പെൻഷൻ ട്രഷറി സേവിങ്സ് ബാങ്ക്) അക്കൗണ്ട് മുഖേന പെൻഷൻ വാങ്ങുന്ന പെൻഷൻകാർക്ക് TSB ഓൺലൈൻ സൗകര്യമുപയോഗിച്ച് അക്കൗണ്ട് ബാലൻസ് വിവരങ്ങൾ അറിയാൻ സാധിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരനിക്ഷേപങ്ങൾ

143 (545) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിര നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സർക്കാർ ധനസഹായം (പദ്ധതി/പദ്ധതിയേതര ഗ്രാന്റ്) സ്വീകരിച്ചുപോരുന്ന സ്ഥാപനങ്ങൾ തങ്ങളുടെ തനത് ഫണ്ടുപയോഗിച്ച് നടത്തിയിട്ടുള്ള ബാങ്ക് നിക്ഷേപങ്ങളുടെ ഒരു നിശ്ചിത ശതമാനം ട്രഷറിയിലേക്ക് മാറ്റുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ ട്രഷറി നിക്ഷേപത്തിനായി ഇതിനകം മുന്നോട്ടുവന്നിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ?

ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാരാണ്.

ലോട്ടറി ടിക്കറ്റ് വിൽപനയിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച ലാഭം

144 (546) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24 കാലയളവിൽ ലോട്ടറി വകുപ്പ് വിറ്റ ലോട്ടറി ടിക്കറ്റുകൾ ഏതൊക്കെയാണെന്നും ഇവയുടെ ഓരോ ടിക്കറ്റിന്റെയും പേരും വിലയും എത്രയാണെന്നും വിശദമാക്കാമോ?

2023-2024 കാലയളവിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽനിന്നും വിൽപന നടത്തിയിട്ടുള്ള ഭാഗ്യക്കുറി ടിക്കറ്റുകളുടെ പേരും വിലയും ചുവടെ ചേർക്കുന്നു.

ഭാഗ്യക്കുറി	വിൽപന വില (₹)
വിൻവിൻ	40/-
സ്ത്രീ ശക്തി	40/-
ഫിഫ്റ്റി-ഫിഫ്റ്റി	50/-
കാരുണ്യ പ്ലസ്	40/-
നിർമൽ	40/-
കാരുണ്യ	40/-
അക്ഷയ	40/-
ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ	400/-
സമ്മർ ബമ്പർ	250/-
വിഷു ബമ്പർ	300/-
മൺസൂൺ ബമ്പർ	250/-
തിരുവോണം ബമ്പർ	500/-
പൂജ ബമ്പർ	300/-

(ബി) ലോട്ടറി ടിക്കറ്റ് വിൽക്കുമ്പോൾ ഓരോ ടിക്കറ്റിനും എത്ര ശതമാനമാണ് കമ്മീഷനായി ഏജന്റുമാർക്കും മറ്റുകച്ചവടക്കാർക്കും ലഭിക്കുന്നതെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് വിൽക്കുന്ന എല്ലാ ടിക്കറ്റുകൾക്കും ഒരുപോലെയാണോ കമ്മീഷൻ നൽകിവരുന്നതെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് പുറത്തിറക്കുന്ന പ്രതിവാര ഭാഗ്യക്കുറികളിൽ ഫിഫ്റ്റി-ഫിഫ്റ്റി ഒഴികെയുള്ള ഭാഗ്യക്കുറികൾക്ക് വിൽപനയിന്മേലുള്ള ഡിസ്കൗണ്ട്, സമ്മാനത്തുകയിന്മേലുള്ള കമ്മീഷൻ എന്നിവ ഒരേ നിരക്കിലും ബമ്പർ ഭാഗ്യക്കുറികളിൽ തിരുവോണം ബമ്പർ ഒഴികെയുള്ള ഭാഗ്യക്കുറികളിൽ വിൽപനയിന്മേലുള്ള ഡിസ്കൗണ്ട്, ഒരേ നിരക്കിലും സമ്മാനത്തുകയിന്മേലുള്ള കമ്മീഷൻ എല്ലാ ബമ്പർ ഭാഗ്യക്കുറികൾക്കും ഒരേ നിരക്കിലും നൽകിവരുന്നു. ഓരോ ടിക്കറ്റിനും നൽകിവരുന്ന ടിക്കറ്റ് വിൽപനയിന്മേലുള്ള ഡിസ്കൗണ്ട് നിരക്കുകൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫിഫ്റ്റി-ഫിഫ്റ്റി, ബമ്പർ ഭാഗ്യക്കുറികളിൽ സമ്മാനത്തുകയുടെ 10 ശതമാനവും മറ്റ് പ്രതിവാര ഭാഗ്യക്കുറികളിൽ 100 രൂപയ്ക്ക് മുകളിലുള്ള സമ്മാനത്തുകകൾക്ക് 12 ശതമാനവും 100 രൂപയുടെ സമ്മാനത്തിന് 20 ശതമാനവും സമ്മാനത്തുകയിന്മേലുള്ള കമ്മീഷൻ നൽകിവരുന്നു.

(സി) 2023-24 കാലയളവിൽ വിറ്റ ടിക്കറ്റിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച ലാഭം എത്രയാണെന്ന് വിശദമാക്കാമോ; ഇത്തരത്തിൽ കഴിഞ്ഞ അഞ്ചുവർഷവും സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഈ വകുപ്പിന്റെ സംഭാവന എത്ര വീതമായിരുന്നുവെന്ന് വിശദമാക്കാമോ?

2023-24 കാലയളവിൽ വിൽപന നടത്തിയ ഭാഗ്യക്കുറി ടിക്കറ്റുകളിൽനിന്നും 1203.27 കോടി രൂപ അറ്റാദായം ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ വിറ്റുവരവ്, അറ്റാദായം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സാമ്പത്തിക വർഷം	വിറ്റുവരവ് (തുക കോടിയിൽ)	അറ്റാദായം (തുക കോടിയിൽ)
1	2019-20	9972.09	1763.69
2	2020-21	4910.83	472.70
3	2021-22	7144.54	559.64
4	2022-23	11890.96	1018.63
5	2023-24	12529.26	1203.27

കെ.എസ്.എഫ്.ഇ.-യിലെ വായ്പ/ചിട്ടി കുടിശ്ശിക

145 (547) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ നിന്നെടുത്ത വായ്പകളുടെയും പിടിച്ച ചിട്ടികളുടെയും തിരിച്ചടവിനത്തിലെ കുടിശ്ശിക എല്ലാ വർഷവും ക്രമാതീതമായി വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥാപനത്തിന്റെ ദീർഘകാല ഭാവിയെ അത് ദോഷകരമായി ബാധിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ?

കെ.എസ്.എഫ്.ഇ.-യിൽ നിന്നെടുത്ത വായ്പകളുടെയും പിടിച്ച ചിട്ടികളുടെയും തിരിച്ചടവിനത്തിലെ കുടിശ്ശിക എല്ലാ വർഷവും വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥാപനത്തിന്റെ ദീർഘകാല ഭാവിയെ അത് ദോഷകരമായി ബാധിക്കുന്ന സ്ഥിതിവിശേഷം നിലവിലില്ല.

(ബി) കുടിശ്ശിക അക്കൗണ്ടുകളെ റവന്യൂ റിക്കവറി വിഭാഗത്തിലേക്ക് മാറ്റുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന അക്കൗണ്ടുകൾ

ഇനിയും റവന്യൂ റിക്കവറി വിഭാഗത്തിലേക്ക് മാറ്റാതെ ബ്രാഞ്ചുകളിൽത്തന്നെ നിലനിർത്തിയിരിക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

കുടിശ്ശിക അക്കൗണ്ടുകളെ റവന്യൂ റിക്കവറി വിഭാഗത്തിലേക്ക് മാറ്റുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1) 18 തവണകളിൽ കൂടുതൽ കുടിശ്ശികയായ ചിട്ടി/വായ്പ അക്കൗണ്ടുകൾ.

2) കാലാവധി കഴിഞ്ഞ ചിട്ടികളും വായ്പകളും.

3) വ്യക്തിഗത ജാമ്യത്തിൽ ജാമ്യക്കാരൻ വിരമിക്കുകയോ വിരമിക്കാൻ രണ്ടുവർഷം ബാക്കി നിൽക്കുന്നതോ ആയ അക്കൗണ്ടുകൾ.

4) ജാമ്യവസ്തുവിൽ കോടതി വ്യവഹാരങ്ങളുള്ളതും വിറ്റുപോയതും ആർ.ആർ. വാല്യുവേഷൻ കുറഞ്ഞതുമായ അക്കൗണ്ടുകൾ.

5) റവന്യൂ റിക്കവറി നടപടികളിലൂടെ മാത്രമേ പിരിച്ചെടുക്കാൻ സാധിക്കുകയുള്ളുവെന്നുവരുന്ന അക്കൗണ്ടുകൾ.

പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിലും പ്രകൃതിദുരന്തങ്ങൾക്ക് ഇരയായവരുടെയും മാരകരോഗങ്ങൾമൂലം ദുരിതം അനുഭവിക്കുന്നവരുടെയും അക്കൗണ്ടുകൾ സമയബന്ധിതമായി അടച്ചുതീർത്തുകൊള്ളാമെന്ന ഉറപ്പിന്മേൽ റവന്യൂ റിക്കവറി വിഭാഗത്തിലേക്ക് മാറ്റാതെ ബ്രാഞ്ചുകളിൽത്തന്നെ നിലനിർത്തിവരുന്നുണ്ട്.

(സി) 2017-18 മുതൽ 2022-23 വരെയുള്ള ഓരോ സാമ്പത്തിക വർഷവും റവന്യൂ റിക്കവറിയിലേക്ക് മാറ്റിയിട്ടുള്ള അക്കൗണ്ടുകളുടെ ആകെ തുക എത്ര; ഈ അക്കൗണ്ടുകളിൽ ഓരോ സാമ്പത്തിക വർഷവും അടവ് ഇനത്തിൽ ലഭ്യമായിട്ടുള്ള ആകെ തുകയെത്ര; വിശദമാക്കാമോ?

വർഷം	ആർ.ആർ. ആക്കിയ തുക (കോടി രൂപയിൽ)	അടവ് തുക (കോടി രൂപയിൽ)
2017-18	297.14	10.00
2018-19	567.13	20.00
2019-20	46.18	4.00
2020-21	133.61	21.05
2021-22	294.73	10.39
2022-23	516.15	26.79

(ഡി) നിലവിൽ സ്വീകരിക്കുന്ന കുടിശ്ശിക നിവാരണമാർഗങ്ങൾ കൂടാതെ ഡെബ്റ്റ് റിക്കവറി ട്രൈബ്യൂണൽപോലുള്ള നിയമ സംവിധാനങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള സംവിധാനങ്ങൾ കുടിശ്ശിക നിവാരണത്തിന് ഫലപ്രദമായതിനാൽ ഡെബ്റ്റ് റിക്കവറി ട്രൈബ്യൂണൽപോലുള്ള നിയമ സംവിധാനങ്ങളെ കുടിശ്ശിക നിവാരണത്തിനായി ഉൾപ്പെടുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഓരോ വർഷവും കെ.എസ്.എഫ്.ഇ.-യിലെ ചിട്ടി കുടിശ്ശിക, വിശിഷ്യാ പിടിക്കാത്ത ചിട്ടികളിലെ കുടിശ്ശിക വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രവാസി ചിട്ടിയുടെ മാതൃക അവലംബിച്ച് നിലവിലെ ശാഖാതല ചിട്ടി ടാർജറ്റിന്റെ അൻപത് ശതമാനം പുതുതായി നിയമിച്ചുവരുന്ന ബിസിനസ്സ് പ്രൊമോട്ടർമാർക്ക് നിശ്ചിത ക്യാൻവാസിങ് ടാർജറ്റ് നൽകി റീജിയണൽ ഓഫീസ് തലത്തിലോ ഹെഡ് ഓഫീസ് തലത്തിലോ പൂളിങ്

സംവിധാനത്തിലൂടെ ചിട്ടി രജിസ്ട്രേഷൻ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

കെ.എസ്.എഫ്.ഇ.-യെ ഒറ്റ പൂളാക്കി ചിട്ടി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. ആയത് നടപ്പാകുന്നമുറയ്ക്ക് ബിസിനസ്സ് പ്രൊമോട്ടർമാർക്ക് കെ.എസ്.എഫ്.ഇ. എന്ന ഒറ്റ യൂണിറ്റിലേക്ക് ചിട്ടികൾ ക്യാൻവാസ് ചെയ്യുന്നതിന് കഴിയുന്നതാണ്. അത്തരം സന്ദർഭത്തിൽ അൻപത് ശതമാനമെന്ന നിയന്ത്രണം വേണ്ടിവരുന്നതല്ല.

കെ.എസ്.എഫ്.ഇ. ഇളവുകൾ സംബന്ധിച്ച്

146 (548) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യിൽനിന്നും ലോണെടുത്ത ആളുകൾക്ക് ശാരീരിക അവശതമൂലം ലോൺ തുക തിരിച്ചടക്കാൻ പറ്റാതെ വരുമ്പോൾ നൽകുന്ന ഇളവുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ശാരീരിക അവശതമൂലം ലോൺ തുക തിരിച്ചടയ്ക്കാൻ സാധിക്കാത്തവർക്കായി കെ.എസ്.എഫ്.ഇ.-യിൽ പ്രത്യേകം

ഇളവുകളൊന്നും നൽകാറില്ല. കാലാകാലങ്ങളിൽ നടപ്പിലാക്കാറുള്ള ഒറ്റത്തവണതീർപ്പാക്കൽ/പലിശ ഇളവ് പദ്ധതിപ്രകാരം പിഴപ്പലിശയിൽ അർഹതപ്പെട്ട ഇളവ് നൽകിവരുന്നുണ്ട്.

മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി

147 (549) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ചികിത്സാ ചെലവിനത്തിൽ എത്ര കോടി രൂപയാണ് ഇതുവരെ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

02-01-2025 വരെയുള്ള കണക്കുപ്രകാരം സർക്കാർ, സ്വകാര്യ ആശുപത്രികളിലായി 1640,64,53,085/- രൂപയുടെ ക്ലെയിം നൽകിയിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്. ക്ലെയിം സംബന്ധിച്ച കണക്കുകൾ മെഡിസെപ് വെബ് പോർട്ടലിലെ ഡാഷ്ബോർഡിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്കാണ് നാളിതുവരെ ചികിത്സ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

02-01-2025 വരെയുള്ള കണക്കനുസരിച്ച് 858187 ക്ലെയിമുകൾക്ക് മെഡിസെപ് പദ്ധതിയിലൂടെ ചികിത്സ ലഭിച്ചതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചു.

മെഡിസെപ് പദ്ധതിയിലുൾപ്പെടുത്തിയ ചികിത്സാ വിഭാഗം

148 (550) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ് പദ്ധതിയിൽ ഏതൊക്കെ ചികിത്സകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമെന്നും സർക്കാർ ആശുപത്രികളിൽ ഏതൊക്കെ ചികിത്സാ വിഭാഗങ്ങളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

01-07-2022 മുതൽ സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമായി നിലവിൽവന്ന മെഡിസെപ് പദ്ധതിയിൽ ചികിത്സ ലഭ്യമാകുന്ന

പാക്കേജുകൾ, പാക്കേജ് നിരക്കുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ 23-06-2022-ലെ സ.ഉ.(അച്ചടി)നം.70/2022/ധന-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ പദ്ധതിയിലുൾപ്പെടാത്ത പാക്കേജുകൾ 'unspecified' പാക്കേജായി പരിഗണിച്ച് അവയ്ക്കും ക്ലെയിം അനുവദിക്കുന്നതിന് ധാരണാപത്രത്തിൽ വ്യവസ്ഥയുണ്ട്. കിടത്തി ചികിത്സാസൗകര്യമുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും വിഭാഗങ്ങളും മെഡിസെപ് പദ്ധതിയുടെ ഭാഗമാണ്.

(ബി) ചില സ്വകാര്യ ആശുപത്രികൾ അവരുടെ പ്രധാനപ്പെട്ട ചികിത്സാവിഭാഗങ്ങളെ മെഡിസെപ് പദ്ധതിയിലുൾപ്പെടുത്താത്തതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണമായും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾപ്രകാരം ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നത് കമ്പനിയാണ്. മെഡിസെപ്പിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ സ്വകാര്യ

ആശുപത്രികളിലെയും പ്രധാനപ്പെട്ട എല്ലാ ചികിത്സാവിഭാഗങ്ങളും പദ്ധതിയുടെ ഭാഗമാക്കാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) പദ്ധതിയിൽ അംഗമായ വ്യക്തിക്ക് ഓരോ പ്രാവശ്യവും ചികിത്സയ്ക്ക് ചെലവായ തുക എത്രയെന്നും ബാക്കി തുക എത്രയാണെന്നും അറിയുന്നതിന് സംവിധാനമൊരുക്കുമോ; വ്യക്തമാക്കുമോ?

ഓരോ ഗുണഭോക്താവിനും സ്വന്തം അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ തുക എത്രയെന്നും അതിൽനിന്നും ചികിത്സയ്ക്കായി എത്ര ചെലവായെന്നും മിച്ചമുള്ള തുക എത്രയെന്നുമെല്ലാം അറിയുന്നതിനായി മെഡിസെപ് വെബ് പോർട്ടലിൽ മെഡിസെപ് ഐ.ഡി., പെൻ/പി.പി.ഒ. നമ്പർ എന്നിവ ഉപയോഗിച്ച് ബെനിഫിഷ്യറി ലോഗിൻ ചെയ്ത് മനസ്സിലാക്കാവുന്നതാണ്. കൂടാതെ, മേൽവിവരങ്ങൾ മെഡിസെപ് മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാണ്.

മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

149 (551) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഏർപ്പെടുത്തിയ മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് ജീവനക്കാർക്കിടയിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. മെഡിസെപ് ഗുണഭോക്താക്കളുടെ സംശയങ്ങൾ പരിഹരിക്കുന്നതിന് 1800-425-0237, 1800-425-1857 എന്നീ ടോൾഫ്രീ നമ്പറുകൾ, info.medisep@kerala.gov.in എന്ന ഇ-മെയിൽ, മെഡിസെപ് വെബ്പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ സജ്ജമാക്കുകയും മെഡിസെപ് ഹാൻഡ് ബുക്ക് പബ്ലിഷ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളുടെ പരാതികൾ മെഡിസെപ് വെബ്സൈറ്റിലെ Grievance Link-ലെ Level-1, Level-2 Grievance filing menu മുഖേന സമർപ്പിക്കാവുന്നതും അതിൽ തൃപ്തരല്ലെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് ജില്ലകൾതോറും ജില്ലാ കളക്ടർ കൺവീനർമാരായ ജില്ലാതല പരാതി പരിഹാര സെൽ

രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിൽ തൃപ്തരല്ലെങ്കിൽ അഡീഷണൽ സെക്രട്ടറി, ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ് കൺവീനറായ സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റിയിലും പ്രസ്തുത കമ്മിറ്റിയുടെ തീരുമാനത്തിൽ തൃപ്തരല്ലെങ്കിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായ അപ്പലേറ്റ് അതോറിറ്റിയിലും പരാതി സമർപ്പിക്കാനുള്ള സംവിധാനം മെഡിസെപ് പോർട്ടലിൽ ലഭ്യമാണ്. ഇത്തരത്തിൽ ത്രിതല ഓൺലൈൻ പരാതി പരിഹാര സംവിധാനമാണ് സജ്ജമാക്കിയിട്ടുള്ളത്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആശുപത്രികളെയും ഒ.പി. ചികിത്സ ഉൾപ്പെടെയുള്ള സേവനങ്ങളെയും ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനും സർക്കാർ ഉടമസ്ഥതയിലുള്ള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുമുഖേന നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

മെഡിസെപ് പദ്ധതിയിൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. ആശുപത്രി എംപാനൽമെന്റ് ഒരു തുടർപ്രവർത്തനമാണ്. പദ്ധതി കാലയളവിൽ എപ്പോൾ വേണമെങ്കിലും

ആശ്രുപത്രികളെ എംപാനൽ ചെയ്യാവുന്നതാണ്. നിലവിൽ പദ്ധതിയിൽ ഒ.പി. ചികിത്സ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാരും ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവച്ച ധാരണാപത്രം പ്രകാരം പദ്ധതി നടത്തിപ്പിനിടയിൽ ഒ.പി. ചികിത്സ ഉൾപ്പെടുത്തുന്നത് പ്രായോഗികമല്ല. മെഡിസെപ് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് മുന്നോടിയായി പാക്കേജ് റിവിഷൻ, പുതിയ പാക്കേജുകൾ ഉൾപ്പെടുത്തുന്നത് എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു ഏഴംഗ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒ.പി. ചികിത്സ ഉൾപ്പെടുത്തുന്നതിനുള്ള പ്രായോഗികത പരിശോധിക്കുന്നതാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മേൽനോട്ടം വഹിക്കുന്ന SLI, GIS, GPAIS തുടങ്ങിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതികളിൽ റിട്ടയർമെന്റ്, ആക്സിഡന്റ് തുടങ്ങിയ സന്ദർഭങ്ങളിൽ മാത്രമാണ് ക്ലെയിം തുക അനുവദിച്ച് നൽകേണ്ടത്. എന്നാൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻകാരുടെ പ്രതിമാസ പെൻഷൻ, ഗുണഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്ന സ്പാർക്ക്, ട്രഷറി, ഐ.ടി. സോഫ്റ്റ്വെയർ മുതലായ വകുപ്പുകളെ

ഏകോപിപ്പിച്ചുകൊണ്ടാണ് മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സർക്കാർ ജീവനക്കാരും പെൻഷൻകാരും മാത്രമല്ല യൂണിവേഴ്സിറ്റി, പഞ്ചായത്ത് ജീവനക്കാരും പെൻഷൻകാരും മുഖ്യമന്ത്രി, മന്ത്രിമാർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ അവരുടെ ആശ്രിതരുൾപ്പെടെ ഏകദേശം 30 ലക്ഷം പേരോളം ഗുണഭോക്താക്കളാണ്. പദ്ധതിയിൽ പ്രീമിയം തുക മുൻകൂറായി സർക്കാർ കമ്പനിക്ക് നൽകുകയും പ്രതിമാസ തവണകളായി ഗുണഭോക്താക്കളിൽനിന്നും ഈടാക്കി മുൻകൂർ ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്. പ്രീമിയം തുകയിൽനിന്നും പ്രതിമാസം 28/- രൂപവീതം കോർപ്പസ് ഫണ്ടിലേക്ക് മാറ്റുകയും ഗുരുതര/അവയവമാറ്റ ചികിത്സകൾക്കുള്ള ക്ലെയിമുകൾ പരിശോധിച്ച് കോർപ്പസ് ഫണ്ടിൽനിന്നും പ്രത്യേകമായി രൂപകൽപന ചെയ്ത SOP (Standard Operating Procedure) പ്രകാരം വിനിയോഗിക്കുന്നതിന് കമ്പനിയെ അനുവദിക്കുകയുമാണ് ചെയ്യുന്നത്. വളരെ സങ്കീർണമായ അക്കൗണ്ടിങ് procedures ആണ്

മെഡിസെപ്പിലുള്ളത്. Data compilation, online grievance system, Integration of data from Spark, Treasury, Sthapana etc. to medisep software, reconciliation of advance amount, recoupment of advance amount, fund flow monitoring, preparation of budget estimate for medisep, review meeting with insurance company, preparation of SOP for de-empanelment/suspension of hospitals, managing of medisep mobile app, monitoring and evaluation of scheme, timely adding and resolving of newly emerging issues തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് മെഡിസെപ് നടപ്പിലാക്കിവരുന്നത്. അതുകൊണ്ടുതന്നെ SLI, GIS, GPAIS തുടങ്ങിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതികളെക്കാൾ കൂടുതൽ സങ്കീർണമായ നടപടിക്രമങ്ങൾ മെഡിസെപ് നടത്തിപ്പിലുള്ളതിനാൽ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പിലാക്കുന്നതിന് പരിമിതികളുണ്ടെന്ന് മാത്രമല്ല പ്രായോഗികവുമല്ല.

(സി) ഇതുസംബന്ധിച്ച് ജീവനക്കാരുമായും സർവീസ് സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തിയിട്ടുണ്ടോ; ഏതൊക്കെ സർവീസ്

സംഘടനാ പ്രതിനിധികളാണ് മെഡിസെപ് പദ്ധതി പരിഷ്കരിക്കണമെന്ന നിർദേശം സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. നിലവിലെ മെഡിസെപ് പദ്ധതി 30-06-2025-ന് അവസാനിക്കാനിരിക്കെ പദ്ധതി അടുത്തഘട്ടം ആരംഭിക്കുന്നതിന് മുന്നോടിയായി പദ്ധതി നടത്തിപ്പിനെക്കുറിച്ച് നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനും ചർച്ച നടത്തുന്നതിനുമായി 10-09-2024-ന് വിവിധ സർക്കാർ, പെൻഷൻ സംഘടനാ പ്രതിനിധികളുമായി യോഗം ചേർന്നിരുന്നു. ഇതിൽ പങ്കെടുത്ത സംഘടനാപ്രതിനിധികളുടെ വിവരങ്ങൾ, യോഗ നടപടിക്കുറിപ്പ് എന്നിവ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

മെഡിസെപ് പദ്ധതി

150 (552) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കുമായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിസെപ് പദ്ധതിപ്രകാരം നാളിതുവരെ എത്രപേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ഇൻഷ്വറൻസ് കമ്പനി നാളിതുവരെ ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

02-01-2025 വരെയുള്ള കണക്കുപ്രകാരം സർക്കാർ-സ്വകാര്യ ആശുപത്രികളിലായി 858187 ക്ലെയിമുകൾക്ക് 1640,64,53,085/- രൂപയുടെ ക്ലെയിം നൽകിയിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്. ക്ലെയിം സംബന്ധിച്ച കണക്കുകൾ മെഡിസെപ് വെബ് പോർട്ടലിലെ ഡാഷ്ബോർഡിൽ ലഭ്യമാണ്.

(ബി) നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് പ്രസ്തുത പദ്ധതി പരിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. നിലവിലെ പദ്ധതി 30-06-2025-ന് അവസാനിക്കാനിരിക്കെ പദ്ധതി തുടരുന്നതിന്റെ ഭാഗമായി നിലവിലെ പാക്കേജുകൾ പരിഷ്കരിക്കുന്നതിനും പുതിയ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി 01-11-2024-ലെ സ.ഉ.(സാധാ)നം. 8103/2024/ധന. ഉത്തരവ്+ പ്രകാരം ഒരു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏഴംഗ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിൽ കരാറിൽ ഏർപ്പെട്ടിരിക്കുന്ന ഇൻഷ്വറൻസ് കമ്പനിയുടെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കാമോ?

മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായിട്ടാണ്. നിലവിലെ പദ്ധതി 30-06-2025-ന് അവസാനിക്കും.

മെഡിസെപ് പദ്ധതി

151 (553) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമായി നടപ്പാക്കിയ മെഡിസെപ്പിന്റെ നിലവിലുള്ള ഇൻഷ്വറൻസ് കമ്പനിയുടെ കരാർ തീരുന്ന മുറയ്ക്ക് അത് തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ആരംഭിച്ചിട്ടുണ്ട്. നിലവിലെ പദ്ധതി 30-06-2025-ന് അവസാനിക്കാനിരിക്കെ പദ്ധതി തുടരുന്നതിന്റെ ഭാഗമായി നിലവിലെ

പാക്കേജുകൾ പരിഷ്കരിക്കുന്നതിനും പുതിയ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി 01-11-2024-ലെ സ.ഉ.(സാധാ)നം.8103/2024/ധന. പ്രകാരം ഒരു ഏഴംഗ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മെഡിസെപ് പദ്ധതി വിപുലീകരിക്കാനും കൂടുതൽ ആശുപത്രികൾ എംപാനൽ ചെയ്യാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മെഡിസെപ്പിൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. എംപാനൽമെന്റ് ഒരു തുടർപ്രവർത്തനമാണ്. നിലവിലുള്ള പദ്ധതിയുടെ കാലയളവിനുള്ളിൽ (2022-2025) കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിന് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ അടുത്തഘട്ട പ്രവർത്തനങ്ങൾ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും. നിലവിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ അടുത്ത

ഘട്ടത്തിലെ ആശുപത്രികളുടെ എംപാനൽമെന്റ് നടപടികൾ സ്വീകരിക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടില്ല.

(സി) മെഡിസെപ് പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

ഇല്ല. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മേൽനോട്ടം വഹിക്കുന്ന SLI, GIS, GPAIS തുടങ്ങിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതികളിൽ റിട്ടയർമെന്റ്, ആക്സിഡന്റ് തുടങ്ങിയ സന്ദർഭങ്ങളിൽ മാത്രമാണ് ക്ലെയിം തുക അനുവദിച്ച് നൽകേണ്ടത്. എന്നാൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻകാരുടെ പ്രതിമാസ പെൻഷൻ, ഗുണഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്ന സ്പാർക്ക്, ട്രഷറി, ഐ.ടി. സോഫ്റ്റ്വെയർ മുതലായ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സർക്കാർ ജീവനക്കാർ, പെൻഷൻകാർ മാത്രമല്ല യൂണിവേഴ്സിറ്റി, പഞ്ചായത്ത് ജീവനക്കാരും പെൻഷൻകാരും, മുഖ്യമന്ത്രി, മന്ത്രിമാർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട്

നിയമിതരായ പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ അവരുടെ ആശ്രിതർ ഉൾപ്പെടെ ഏകദേശം 30 ലക്ഷം പേരോളം ഗുണഭോക്താക്കളാണ്. പദ്ധതിയിൽ പ്രീമിയം തുക മുൻകൂറായി സർക്കാർ കമ്പനിക്ക് നൽകുകയും പ്രതിമാസ തവണകളായി ഗുണഭോക്താക്കളിൽനിന്നും ഈടാക്കി മുൻകൂർ ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്. പ്രീമിയം തുകയിൽനിന്നും പ്രതിമാസം 28/- രൂപ വീതം കോർപ്പസ് ഫണ്ടിലേക്ക് മാറ്റുകയും ഗുരുതര/അവയവമാറ്റ ചികിത്സകൾക്കുള്ള ക്ലെയിമുകൾ പരിശോധിച്ച് കോർപ്പസ് ഫണ്ടിൽനിന്നും പ്രത്യേകമായി രൂപകൽപന ചെയ്ത SOP (Standard Operating Procedure) പ്രകാരം വിനിയോഗിക്കുന്നതിന് കമ്പനിയെ അനുവദിക്കുകയുമാണ് ചെയ്യുന്നത്. വളരെ സങ്കീർണ്ണമായ അക്കൗണ്ടിങ് procedures ആണ് മെഡിസെപ്പിലുള്ളത്. Data compilation, online grievance system, Integration of data from Spark, Treasury, Stapana etc. to medisep software, reconciliation of advance amount, recoupment of advance amount, fund flow monitoring, preparation of budget estimate for medisep, review

meeting with insurance company, preparation of SoP for deempanelment /suspension of hospitals, managing of medisep mobile app, monitoring and evaluation of scheme, timely adding and resolving of newly emerging issues തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് മെഡിസെപ് നടപ്പിലാക്കിവരുന്നത്. അതുകൊണ്ടുതന്നെ SLI, GIS, GPAIS തുടങ്ങിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതികളെക്കാൾ കൂടുതൽ സങ്കീർണമായ നടപടിക്രമങ്ങളാണ് മെഡിസെപ് നടത്തിപ്പിലുള്ളത്. ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന അക്കൗണ്ടിങ്, ബജറ്റ്, സ്പാർക്ക്, റീകൺസിലിയേഷൻ തുടങ്ങി സമയബന്ധിതമായി നടത്തേണ്ട നിരവധി വിഷയങ്ങൾ മെഡിസെപ്പിലുള്ളതിനാൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി പദ്ധതി നടപ്പിലാക്കുന്നതിൽ പരിമിതികളുണ്ടെന്ന് മാത്രവുമല്ല പ്രായോഗികവുമല്ല.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

152 (554) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സ നൽകിയതിന്റെ ബില്ലുകൾ കേരള ഹെൽത്ത് ഏജൻസി സമയബന്ധിതമായി സെറ്റിൽ ചെയ്യുന്നില്ലെന്ന സ്വകാര്യ ആശുപത്രികളുടെ പരാതികൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 678.54 കോടി രൂപയും അധിക ധനാനുമതിയായി 300 കോടി രൂപയും സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ളവയുടെ ക്ലെയിം തീർപ്പാക്കുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ പട്ടിക അനുബന്ധത്തിൽ+ ഉൾപ്പെടുത്തിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾക്ക് പ്രസ്തുത പദ്ധതി പ്രകാരം 2021-22, 2022-23, 2023 ഏപ്രിൽ മുതൽ 2023 ഡിസംബർ വരെ അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് അറിയിക്കുമോ?

എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾക്ക് പ്രസ്തുത പദ്ധതി പ്രകാരം 2021-22, 2022-23, 2023 ഏപ്രിൽ മുതൽ 2023 ഡിസംബർ വരെ അനുവദിച്ചിട്ടുള്ള തുക ചുവടെ നൽകുന്നു.

Hospital Type	PMJAY - KASP	
	Year	Amount (Rs.)
Private	2021-22	6,00,79,86,568
	2022-23	5,00,48,86,247
	2023-April to 2023 December	2,90,91,77,262
Total (Rs.)		13,92,20,50,077/-

കേരള ഫിനാൻഷ്യൽ കോർപറേഷൻ
എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ്

153 (555) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപറേഷൻ എംപ്ലോയീസ് പ്രോവിഡന്റ്

ഫണ്ട് ട്രസ്റ്റ് രൂപീകരിച്ചത് ഏത് റെഗുലേഷന്റെ ഭാഗമായാണെന്ന് വ്യക്തമാക്കാമോ?

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആൻഡ് മിസലേനിയസ് പ്രൊവിഷൻസ് ആക്ട് 1952, സെക്ഷൻ 17 അനുസരിച്ച് 1955-ൽ രൂപീകൃതമായതാണ്.

(ബി) പ്രസ്തുത റെഗുലേഷന്റെ പകർപ്പ് ലഭ്യമാക്കാമോ?

മറുപടി അനുബന്ധമായി+ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോർപറേഷന്റെ നിക്ഷേപം

154 (558) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലയൻസ് കൊമേർഷ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷേപിക്കാൻ താല്പര്യം പ്രകടിപ്പിച്ച് കേരള ഫിനാൻഷ്യൽ കോർപറേഷൻ പ്രസ്തുത കമ്പനിക്ക് ഇ-മെയിൽ അയച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇ-മെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള ഫിനാൻഷ്യൽ കോർപറേഷൻ റിലയൻസ് കൊമേർഷ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിക്ക് ഇ-മെയിൽ അയച്ചിരുന്നില്ല.

(ബി) ആർ.സി.എഫ്.എൽ. എന്ന കമ്പനി അവർ ഇറക്കിയ കടപത്രത്തിൽ നിക്ഷേപിക്കാൻ കേരള ഫിനാൻഷ്യൽ കോർപറേഷന്റെ താൽപര്യം ആരാഞ്ഞിരുന്നോവെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച ഇ-മെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല. ആർ.സി.എഫ്.എൽ. എന്ന കമ്പനി അവർ ഇറക്കിയ കടപത്രത്തിൽ നിക്ഷേപിക്കാൻ കേരള ഫിനാൻഷ്യൽ കോർപറേഷന്റെ താൽപര്യം ആരാഞ്ഞിരുന്നില്ല.

(സി) പ്രസ്തുത നിക്ഷേപം സംബന്ധിച്ച് കെ.എഫ്.സി.-ക്ക് ആർ.സി.എഫ്.എൽ. അയച്ചതും കേരള ഫിനാൻഷ്യൽ കോർപറേഷൻ തിരിച്ചയച്ചതുമായ ഇ-മെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത നിക്ഷേപം സംബന്ധിച്ച് കെ.എഫ്.സി., ആർ.സി.എഫ്.എൽ-നും ആർ.സി.എഫ്.എൽ., കെ.എഫ്.സി.-ക്കും ഇ-മെയിൽ അയച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോർപറേഷൻ

155 (560) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപറേഷന്റെ നിയമവ്യവസ്ഥ പ്രകാരം നിക്ഷേപം നടത്താനുള്ള അധികാരം ആർക്കൊക്കെയാണെന്നും പ്രസ്തുത വ്യക്തികളുടെ അധികാരപരിധിയിൽ വരുന്ന നിക്ഷേപത്തുക എത്രയൊക്കെയാണെന്നും വ്യക്തമാക്കുമോ?

നിക്ഷേപം ചെയ്യുന്നതിനുള്ള അധികാരം ബോർഡ് അംഗീകരിച്ച ട്രഷറി & നിക്ഷേപ പോളിസി പ്രകാരമാണ്.

(ബി) ഇത് പ്രതിപാദിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പോളിസിയുടെ എക്സ്ട്രാക്ട് ഉള്ളടക്കം ചെയ്തിട്ടുണ്ട്+.

കെ.എഫ്.സി.-യുടെ ഫോറിൻ എക്സ്ചേഞ്ച് ക്രയവിക്രയങ്ങൾ

156 (562) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള ഫിനാൻഷ്യൽ കോർപറേഷൻ രൂപീകൃതമായ എസ്.എഫ്.സി. നിയമപ്രകാരം വിദേശ സ്ഥാപനങ്ങളുമായി ഫോറിൻ എക്സ്ചേഞ്ച് ക്രയവിക്രയങ്ങൾ നടത്താനോ വിദേശ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കാനോ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

എസ്.എഫ്.സി. ആക്ടിൽ വിദേശ സ്ഥാപനങ്ങളുമായി ഫോറിൻ എക്സ്ചേഞ്ച് ക്രയവിക്രയങ്ങൾ നടത്തുന്നതിനെക്കുറിച്ചും വായ്പയെടുക്കുന്നതിനെക്കുറിച്ചും പ്രത്യേകമായി പരാമർശിച്ചിട്ടില്ല.

(ബി) വിദേശ സ്ഥാപനങ്ങളുമായുള്ള ഫോറിൻ എക്സ്ചേഞ്ച് ഇടപാടിൽ 2022-ൽ കെ.എഫ്.സി.-ക്ക് കോടികളുടെ നഷ്ടം സംഭവിച്ചുവെന്നത് വസ്തുതയാണോ?

വിദേശ സ്ഥാപനങ്ങളുമായി കെ.എഫ്.സി. ഫോറിൻ എക്സ്ചേഞ്ച് ഇടപാടുകൾ നടത്തിയിട്ടില്ല.

(സി) 2020-21, 2021-22 കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപറേഷൻ ഏതൊക്കെ സ്ഥാപനങ്ങളുമായി ഫോറിൻ എക്സ്ചേഞ്ച്

ക്രയവിക്രയങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

2020-21, 2021-22 കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപറേഷൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും എടുത്തിട്ടുള്ള ദീർഘകാല വായ്പ കുറഞ്ഞ പലിശ നിരക്കിന്റെ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി യു.എസ്. ഡോളർ അധിഷ്ഠിതമായ ഹ്രസ്വകാല വായ്പയായി 6 മാസത്തിൽ അധികരിക്കാത്ത കാലയളവിൽ എടുത്തിട്ടുണ്ട്. അതിന്റെ രേഖകൾ ബാങ്കിന്റെ അനുമതിയോടുകൂടി ലഭ്യമാക്കാവുന്നതാണ്.

സ്വകാര്യ കമ്പനിയിൽ കേരള ഫിനാൻഷ്യൽ കോർപറേഷന്റെ നിക്ഷേപം

157 (563) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1951-ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപറേഷൻസ് ആക്ടിലെ സെക്ഷൻ 34 പ്രകാരം കേരള ഫിനാൻഷ്യൽ കോർപറേഷൻ

(കെ.എഫ്.സി.) സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നത് അതത് സമയത്തെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

സെക്ഷൻ 34 പ്രകാരം ബോർഡ് തീരുമാനത്തിന്റെ/ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കെ.എഫ്.സി. നിക്ഷേപം നടത്തുന്നത്.

(ബി) എങ്കിൽ റിലയൻസ് കൊമേർഷ്യൽ ഫിനാൻസ് ലിമിറ്റഡ് (ആർ.സി.എഫ്.എൽ.) എന്ന കമ്പനിയുടെ കടപത്രങ്ങളിൽ (എൻ.സി.ഡി.) നിക്ഷേപിച്ചത് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നോയെന്ന് വ്യക്തമാക്കുമോ?

അതെ. 23-03-2018-ൽ കൂടിയ ബോർഡ് യോഗം ബോണ്ട് ഇഷ്യൂവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യാൻ ALCO(Asset-Liability Committee)-യെ അധികാരപ്പെടുത്തുകയുണ്ടായി. ഈ ബോണ്ട് ഇഷ്യൂവിന്റെ ഭാഗമായാണ് ആർ.സി.എഫ്.എൽ. (Reliance Commercial Finance Ltd)-ന്റെ കടപത്രത്തിൽ നിക്ഷേപം നടത്തിയത്.

(സി) ആർ.സി.എഫ്.എൽ. എന്ന കമ്പനിയുടെ കടപത്രങ്ങളിൽ നിക്ഷേപിക്കാനുള്ള ബോർഡ് തീരുമാനം എപ്പോഴാണ് കൈക്കൊണ്ടതെന്നും പ്രസ്തുത കമ്പനിയിൽ എന്നാണ് കെ.എഫ്.സി. പണം നിക്ഷേപിച്ചതെന്നും അറിയിക്കുമോ?

2017-18 സാമ്പത്തിക വർഷം 03-07-2017-ന് ചേർന്ന ബോർഡ് യോഗം ക്രെഡിറ്റ് റേറ്റിങ് AA ലഭിച്ചതിനുശേഷം വിപണിയിൽനിന്ന് 500 കോടി രൂപവരെ സമാഹരിക്കാനുമുള്ള നടപടികളെടുക്കാൻ എം.ഡി.-യെ ചുമതലപ്പെടുത്തി. ഇതിനുശേഷം നടന്ന എല്ലാ ബോർഡ് യോഗങ്ങളിലും ബോണ്ട് ഇഷ്യൂവുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും ബോർഡിനെ അറിയിച്ചിരുന്നു. 16-02-2018-ലും 13-03-2018-ലും ബോണ്ട് ഇഷ്യൂ നടത്താൻ കോർപ്പറേഷൻ ശ്രമിച്ചെങ്കിലും ലഭിച്ച പലിശനിരക്ക് അധികമായതിനാൽ ഇഷ്യൂയായി മുന്നോട്ടുപോയില്ല. ഈ വിവരം 23-03-2018-ൽ കൂടിയ ബോർഡ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയും 2018 ജൂൺ 30-നുള്ളിൽ ബോണ്ട് ഇഷ്യൂ പൂർത്തിയാക്കി, 8.70 ശതമാനം മുതൽ 8.90 ശതമാനംവരെ പലിശനിരക്കിൽ BSE (Bombay Stock Exchange)-യുടെ Electronic Bidding Platform-ലൂടെ (EBP)

ഫണ്ട് സമാഹരിക്കാൻ ബോർഡ് ALCO-യെ ചുമതലപ്പെടുത്തി. ഇതിന്റെ ഭാഗമായി സി.എം.ഡി. ചെയർമാൻ ALCO ആണ് ബോണ്ട് ഇഷ്യൂ സംബന്ധമായ എല്ലാ തീരുമാനങ്ങളും എടുത്തത്. മാർച്ച് 2018-ൽ BSE പ്ലാറ്റ്ഫോംവഴി ഇഷ്യൂ ചെയ്യുകയും ഏപ്രിൽ 2018-ൽ Non SLR (Non Statutory Liquidity Ratio) ബോണ്ടുകൾവഴി 250 കോടി രൂപ 8.69 ശതമാനം പലിശ നിരക്കിൽ കോർപ്പറേഷൻ സമാഹരിക്കുകയും ചെയ്തു. ഇപ്രകാരം 2017-18 സാമ്പത്തിക വർഷത്തേക്കുള്ള SLR ഇതര ബോണ്ട് ഇഷ്യൂ 2018 മാർച്ചിൽ പൂർത്തിയാകുകയും ഇഷ്യൂവിന്റെ ലിസ്റ്റിങ് 2018 ജൂണിൽ പൂർത്തിയാക്കുകയും ചെയ്തു. 24-04-2018-ലാണ് BSE-യുടെ EBP (Electronic Bidding Platform)വഴി RCFL-ൽ നിക്ഷേപം നടത്തിയത്. ഈ ബോണ്ട് ഇഷ്യൂവുമായി ബന്ധപ്പെട്ട് സി.എം.ഡി. ചെയർമാനായ ALCO എടുത്ത RCFL-ലെ നിക്ഷേപം ഉൾപ്പെടെയുള്ള എല്ലാ തീരുമാനങ്ങളും 18-06-2018-ന് നടന്ന ബോർഡ് മീറ്റിങ്ങിൽ റിപ്പോർട്ട് ചെയ്യുകയും അംഗീകരിക്കപ്പെടുകയും ചെയ്തു.

കേരള ഫിനാൻഷ്യൽ കോർപറേഷൻ എംപ്ലോയീസ്
പ്രോവിഡന്റ് ഫണ്ട്

158 (564) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപറേഷൻ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമങ്ങൾക്ക് വിപരീതമായി റിലയൻസ്, എസ്.ബി.ഐ., എച്ച്.ഡി.എഫ്.സി., സുന്ദരം ഫിനാൻസ് എന്നീ സ്ഥാപനങ്ങളുടെ സെക്യൂരിറ്റീസിൽ നിക്ഷേപിച്ചിരുന്നോ; വിശദമാക്കാമോ?

ഇല്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ സെക്യൂരിറ്റീസിൽ കേരള ഫിനാൻഷ്യൽ കോർപറേഷൻ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമങ്ങൾക്ക് വിപരീതമായി ഒരു തുകയും നിക്ഷേപിച്ചിട്ടില്ല. എക്സംപ്റ്റഡ് പി.എഫ്. ട്രസ്റ്റുകൾക്കുള്ള നിക്ഷേപ രീതി സംബന്ധിച്ചുള്ള കേന്ദ്ര സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിന്റെ ഗസറ്റ് വിജ്ഞാപനം S.O. 1433(E)/29-05-2015 അനുസരിച്ചാണ് നിക്ഷേപം നടത്തുന്നത്.

(ബി) ഈ തീരുമാനങ്ങൾ കൈക്കൊണ്ട മീറ്റിങ്ങുകളുടെ മിനിട്ട്സ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കമ്പനികളുടെ സെക്യൂരിറ്റീസിൽ നിക്ഷേപിച്ച വകയിൽ എത്ര രൂപയുടെ നഷ്ടം കേരള ഫിനാൻഷ്യൽ കോർപറേഷന് വന്നുവെന്ന് വ്യക്തമാക്കാമോ?

(ബി&സി) ബാധകമല്ല.

കെ.എഫ്.സി. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് തുകയുടെ നിക്ഷേപം

159 (565) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപറേഷൻ, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് തുകയുടെ രണ്ട് ശതമാനം മാത്രമെ സ്വകാര്യ കമ്പനികളുടെ സെക്യൂരിറ്റീസിൽ നിക്ഷേപിക്കാൻ പാടുള്ളൂവെന്ന് നിഷ്കർഷിക്കുന്നുണ്ടോ?

ഇല്ല.

(ബി) 2014 മുതൽ ഓരോ വർഷവും സ്വകാര്യ കമ്പനികളുടെ സെക്യൂരിറ്റീസിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് തുകയുടെ എത്ര ശതമാനം കെ.എഫ്.സി. നിക്ഷേപിച്ചുവെന്ന് വ്യക്തമാക്കാമോ?

എക്സംപ്റ്റഡ് പി.എഫ്. ട്രസ്റ്റുകൾക്കുള്ള നിക്ഷേപ രീതി സംബന്ധിച്ചുള്ള കേന്ദ്ര സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിന്റെ ഗസറ്റ് വിജ്ഞാപനം S.O.1433(E)/29-05-2015 അനുസരിച്ചാണ് നിക്ഷേപം നടത്തുന്നത്. സ്വകാര്യ കമ്പനിയിലെ നിക്ഷേപമെന്ന രീതിയിൽ തരംതിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് വച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോർപറേഷൻ നടത്തിയ നിക്ഷേപം

160 (566) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, റിലയൻസ് കൊമേർഷ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ധനസമാഹരണത്തിന്റെ ഭാഗമായി കെ.എഫ്.സി., സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ നൽകുന്ന NBFC ആയ Reliance

Commercial Finance Ltd (RCFL)-ന്റെ കടപത്രത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ നിക്ഷേപിക്കുന്നതിനുമുമ്പ് നടത്തിയ വിവിധ പരിശോധനകളെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ചാണ് പ്രസ്തുത സ്ഥാപനത്തിന്റെ കടപത്രത്തിൽ നിക്ഷേപം നടത്തിയത്.

- RBI (Reserve Bank of India) നിയന്ത്രണത്തിലുള്ള ഒരു NBFC (Non Banking Financial Company) ആയിട്ടാണ് RCFL (Reliance Commercial Finance Ltd) പ്രവർത്തിച്ചിരുന്നത്. RCFL കടപത്രങ്ങൾ ഇറക്കിയത് SEBI (Securtities & Exchange Board of India) നിഷ്കർഷിച്ച നിയമങ്ങൾ പാലിച്ചുകൊണ്ടായിരുന്നു.
- ഈ കടപത്രങ്ങൾ സെബിയുടെ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് Bombay Stock Exchange (BSE)-ൽ ലിസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു.

- RCFL-ലെ നിക്ഷേപം പരിഗണിക്കുമ്പോൾ, രണ്ട് SEBI/RBI ഏജൻസികളിൽനിന്ന് ലഭിച്ച AA+ന്റെ ക്രെഡിറ്റ് റേറ്റിങും ഉണ്ടായിരുന്നു. AA+ റേറ്റിങ് ഉയർന്ന ക്രെഡിറ്റ് നിലവാരത്തെ സൂചിപ്പിക്കുന്നു. ഇത് ഡിഫോൾട്ടിന്റെ കുറഞ്ഞ അപകടസാധ്യതയെ സൂചിപ്പിക്കുന്നു. AAA എന്ന ഏറ്റവും ഉയർന്ന റേറ്റിങിൽനിന്ന് ഒരു നോച്ച് താഴെയാണിത്.

- റിലയൻസ് ക്യാപിറ്റലിന്റെ ശക്തമായ രക്ഷാകർതൃത്വം (parentage), റിലയൻസ് ക്യാപിറ്റലിന്റെ മൊത്തത്തിലുള്ള സാമ്പത്തിക ബിസിനസ്സിന് വാണിജ്യ ധനകാര്യ ബിസിനസ്സിന്റെ തന്ത്രപരമായ പ്രാധാന്യം, പരിചയസമ്പന്നരായ പ്രൊഫഷണൽ മാനേജ്മെന്റ്, ദീർഘവും ശക്തവുമായ ട്രാക്ക് റെക്കോർഡ്, വൈവിധ്യമുള്ള ലോൺ പോർട്ട്ഫോളിയോ, മതിയായ ലിക്വിഡിറ്റി പ്രൊഫൈൽ, മികച്ച ലാഭക്ഷമത, മതിയായ മൂലധനവൽക്കരണം, ശക്തമായ പ്രവർത്തന പ്രക്രിയകൾ തുടങ്ങിയവയായിരുന്നു നിക്ഷേപം നടത്തുമ്പോൾ ശ്രദ്ധിച്ച പ്രധാന ഘടകങ്ങൾ.

- കൂടാതെ RCFL-ന്റെ കടപത്രത്തിന്റെ ഉയർന്ന പലിശനിരക്കായ 9.10 ശതമാനവും നിക്ഷേപം നടത്താനായി പരിഗണിച്ചു.

(സി) 2018 ജനുവരി 18-ന് കെയർ എന്ന റേറ്റിങ് ഏജൻസി പുറത്തിറക്കിയ റിപ്പോർട്ടിൽ ആർ.സി.എഫ്.എൽ.-നെക്കുറിച്ച് ക്രെഡിറ്റ് വാച്ച് എന്ന് മുന്നറിയിപ്പ് നൽകിയിട്ടും പ്രസ്തുത സ്ഥാപനത്തിൽ നിക്ഷേപം നടത്തിയതിന്റെ കാരണം വിശദമാക്കാമോ?

- ക്രെഡിറ്റ് വാച്ച് with developing implications എന്ന് അർഥമാക്കുന്നത് ഒരു സ്ഥാപനത്തിന്റെ റേറ്റിങ് നിരീക്ഷണത്തിലാണെന്നും ക്രെഡിറ്റ് റേറ്റിങ് ഏജൻസി സ്ഥാപനത്തിന്റെ ക്രെഡിറ്റ് സ്ഥിതി സൂക്ഷ്മമായി നിരീക്ഷിക്കുന്നുവെന്നുമാണ്.
- RCFL-നോ അതിന്റെ മാതൃകമ്പനിയായ റിലയൻസ് ക്യാപിറ്റലിനോ എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുണ്ടായതുകൊണ്ടല്ല, മറിച്ച് മാതൃകമ്പനിയായ റിലയൻസ് ക്യാപിറ്റലിന് അതിന്റെ മറ്റൊരു സബ്സിഡിയറി കമ്പനിയായ റിലയൻസ് കമ്മ്യൂണിക്കേഷനുള്ള എക്സ്പോഷർ കണക്കിലെടുത്തിട്ടാണ് റിലയൻസ് ക്യാപിറ്റലിനെയും

അതുകൊണ്ട് RCFL-നെയും ക്രെഡിറ്റ് വാച്ചിൽ റേറ്റിങ്ങ് ഏജൻസികൾ ഉൾപ്പെടുത്തിയത്.

- അപ്പോഴും റിലയൻസ് ക്യാപിറ്റലിനെ ഒരു റേറ്റിങ്ങ് ഏജൻസി AAA ഉം മറ്റൊരു റേറ്റിങ്ങ് ഏജൻസി AA+ ഉം ആയി റേറ്റ് ചെയ്തിരുന്നു.
- റിലയൻസ് ഗ്രൂപ്പിന്റെ മൊത്തത്തിലുള്ള parentage, RCFL-ന്റെ ക്യാപിറ്റലൈസേഷൻ, ലാഭക്ഷമത, ലോൺ പോർട്ട്ഫോളിയോ, കുറഞ്ഞ NPA ലെവൽ തുടങ്ങിയ സാമ്പത്തിക ഘടകങ്ങളും RCFL-ന്റെ കടപത്രത്തിന്റെ ഉയർന്ന പലിശ നിരക്കായ 9.10 ശതമാനവും നിക്ഷേപം നടത്തുവാനായി പരിഗണിച്ചു.
- IL&FS, DHFL ഇവ രണ്ടും സ്റ്റേബിൾ ഔട്ട്ലുക്കോടെ (ക്രെഡിറ്റ് വാച്ച് ഇല്ലാതെ) AAA ആയി റേറ്റ് ചെയ്ത NBFC-കളാണ്. എന്നാൽ 2018-ലെ NBFC പ്രതിസന്ധി ബാധിച്ച ആദ്യത്തെ കമ്പനികൾ ഇവ രണ്ടുമായിരുന്നു.

1. ILFS(Infrastructure Leasing & Financial Services Limited) 2018 ജൂണിൽ ഡിഫോൾട്ടായി.

2. DHFL (Dewan Housing Finance Limited) 2018 സെപ്റ്റംബറിൽ ഡിഫോൾട്ടായി.

3. 2019 ഏപ്രിലിൽ മാത്രമാണ് RCFL ഡിഫോൾട്ടായത്.

◆ അതിനാൽ, ക്രെഡിറ്റ് റേറ്റിങ്ങിൽ Credit Watch with developing implications എന്നുള്ള വീക്ഷണം ഒരു തരത്തിലും ഈ കമ്പനികളുടെ തുടർന്നുള്ള ഡിഫോൾട്ടിന്റെ പ്രവചനമല്ലെന്ന് ഈ വസ്തുതകളിൽനിന്ന് വളരെ വ്യക്തമാണ്. ദേശസാൽകൃത ബാങ്കുകൾ, മറ്റ് ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, NBFC-കൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് RCFL ഡിഫോൾട്ടായ സമയത്ത് ഏകദേശം 10,000 കോടി രൂപയുടെ എക്സ്പോഷർ ഉണ്ടായിരുന്നുവെന്നതുതന്നെ ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്.

കേരള ഫിനാൻഷ്യൽ കോർപറേഷൻ
എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിക്ഷേപം

161 (567) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ട്രസ്റ്റ്സ് ആക്ടും ഇതുസംബന്ധിച്ച റെഗുലേഷനും പാലിച്ചുകൊണ്ടായിരിക്കണം കേരള ഫിനാൻഷ്യൽ കോർപറേഷൻ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിക്ഷേപം നടത്തേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ടോ?

നിക്ഷേപിക്കുന്ന സെക്യൂരിറ്റികൾ ഇന്ത്യൻ ട്രസ്റ്റ് ആക്ട് സെക്ഷൻ 20 പ്രകാരം അംഗീകാരമുള്ളതും നടത്തുന്ന നിക്ഷേപം എക്സംപ്റ്റഡ് പി.എഫ്. ട്രസ്റ്റുകൾക്കുള്ള നിക്ഷേപ രീതി സംബന്ധിച്ചുള്ള 29-05-2015-ലെ ഗസറ്റ് വിജ്ഞാപനം S.O. 1433(E) അനുസരിച്ചുമാണ്.

(ബി) എങ്കിൽ ഇതനുസരിച്ച് എത്ര ശതമാനം തുക സെക്യൂരിറ്റീസിൽ നിക്ഷേപിക്കാമെന്ന് വ്യക്തമാക്കാമോ?

ഓരോ കാറ്റഗറിയിലും എത്ര ശതമാനം എന്തിലൊക്കെ നിക്ഷേപിക്കാമെന്ന് പ്രസ്തുത വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഇ-സ്റ്റാമ്പ്

162 (568) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലൈസൻസ്ഡ് സ്റ്റാമ്പ് വെണ്ടർമാർ, സ്ഥിരം ലൈസൻസികൾ, താൽക്കാലിക വെണ്ടർമാർ എന്നിവർ എത്ര വീതമുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

കേരളത്തിൽ നിലവിലുള്ള അംഗീകൃത സ്റ്റാമ്പ് വെണ്ടർമാരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

(ബി) എന്നുമുതലാണ് കേരളത്തിൽ സമ്പൂർണ്ണ ഇ-സ്റ്റാമ്പ് നടപ്പിലാക്കിയത്; ഉത്തരവിന്റെ പകർപ്പ് നൽകാമോ?

സംസ്ഥാനത്ത് ഒരു ലക്ഷം രൂപയ്ക്ക് മുകളിൽവരുന്ന രജിസ്ട്രേഷൻ ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിങ് ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (07-04-2017-ലെ G.O.(P).No.23/2017/TD). പ്രസ്തുത ഉത്തരവ് തീയതി മുതൽ ഒരുലക്ഷം രൂപയ്ക്ക് മുകളിൽവരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇടപാടുകൾ ഇ-സ്റ്റാമ്പ് വഴിയാണ് നടത്തിവരുന്നത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു).

09-02-2023-ലെ G.O.(Ms)No.10/2023/TAXES ഉത്തരവുപ്രകാരം 01-04-2023 മുതൽ ഒരുലക്ഷം രൂപ വരെയുള്ള രജിസ്ട്രേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടപാടുകൾക്കായുള്ള നോൺ-ജുഡീഷ്യൽ മുദ്രപത്രങ്ങൾകൂടി ഇ-സ്റ്റാമ്പ് രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ചേർക്കുന്നു).

22-11-2024-ലെ G.O.(Ms) No. 76/2024/TAXES സർക്കാർ ഉത്തരവുപ്രകാരം രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കുള്ള ഒരുലക്ഷം വരെയുള്ള നോൺ-ജുഡീഷ്യൽ മുദ്രപത്രങ്ങളും ഇ-സ്റ്റാമ്പ് പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു).

(സി) സംസ്ഥാനത്ത് ട്രഷറികളിലും സ്റ്റാമ്പ് ഡിപ്പോകളിലുമായി 2024 ഡിസംബർ 31 വരെ സ്റ്റോക്കുള്ള മുദ്രപത്രത്തിന്റെ ഡിനോമിനേഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ട്രഷറികളിലും സ്റ്റാമ്പ് ഡിപ്പോകളിലുമായി 2024 ഡിസംബർ 31-ന് നീക്കിയിരുപ്പുണ്ടായിരുന്ന ജുഡീഷ്യൽ/നോൺ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജുഡീഷ്യൽ മുദ്രപത്രങ്ങളുടെ ഡിനോമിനേഷൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഇ-സ്റ്റാമ്പിങ് നടപ്പിലാക്കിയതുമൂലം മുദ്രപത്രം പ്രിന്റ് ചെയ്ത് കൊടുക്കുന്നതിന് അധികമായി ചെലവാകുന്ന തുകയ്ക്ക് എത്ര ശതമാനം കമ്മീഷനാണ് ഉപഭോക്താക്കളിൽനിന്നും ഈടാക്കുവാൻ അനുവാദം നൽകിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് നൽകുമോ?

ഇ-സ്റ്റാമ്പിങ് നടപ്പിലാക്കിയതുമൂലം മുദ്രപത്രം പ്രിന്റ് ചെയ്ത് കൊടുക്കുന്നതിന് പ്രിന്റിങ് ചാർജായി 16-03-2024-ലെ G.O.(P) No.37/2024/TAXES (SRO No.37/2024) ഉത്തരവുപ്രകാരം 500 രൂപവരെ മുഖവിലയുള്ള മുദ്രപത്രങ്ങൾ സൗജന്യമായും 501 രൂപ മുതൽ 1,000 രൂപ വരെ മുഖവിലയുള്ള മുദ്രപത്രങ്ങൾക്ക് ഓരോ പ്രിന്റിനും 6 രൂപ വീതവും 1,001 രൂപയ്ക്കും അതിനുമുകളിലും മുഖവിലയുള്ള മുദ്രപത്രങ്ങൾക്ക് ഓരോ പ്രിന്റിനും 10 രൂപ വീതവും വെണ്ടർമാർക്ക് ഈടാക്കാൻ അനുവാദം നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) അഞ്ഞൂറ് രൂപ വിലവരുന്ന മുദ്രപത്രങ്ങൾ വെണ്ടർമാർ പ്രിന്റിങ് ചാർജ് ഈടാക്കാതെ സൗജന്യമായി വിൽക്കണമെന്ന് പറഞ്ഞിരിക്കുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; പ്രിന്റിങ് ഇനത്തിൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

16-03-2024-ലെ G.O.(P) No.37/2024/TAXES (SRO No.37/2024) നമ്പർ സർക്കാർ ഉത്തരവിലൂടെയാണ് വെണ്ടർമാർക്കുള്ള പ്രിന്റിങ് ചാർജ് നിശ്ചയിച്ച് അനുവദിച്ചിട്ടുള്ളത്. അതനുസരിച്ചാണ് 500/- രൂപ വരെ വിലവരുന്ന മുദ്രപത്രങ്ങൾ വെണ്ടർമാർ പ്രിന്റിങ് ചാർജ് ഈടാക്കാതെ വിൽക്കണമെന്ന് ഉത്തരവായിട്ടുള്ളത്. പ്രിന്റിങ് ഇനത്തിൽ ഉണ്ടാകുന്ന സാമ്പത്തികനഷ്ടം പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ട്രഷറി വകുപ്പിന്റെ സെർവറിന്റെ വേഗതക്കുറവുമൂലവും ഇ-സ്റ്റാമ്പിലൂടെ മുദ്രപത്രം ജനറേറ്റ് ചെയ്തെടുക്കുവാനുണ്ടാകുന്ന കാലതാമസംമൂലവും പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടും നഷ്ടങ്ങളും

ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇ-സ്റ്റാമ്പിങ് പോർട്ടൽ മുഖേന മുദ്രപത്രം ജനറേറ്റ് ചെയ്തെടുക്കുമ്പോൾ ട്രഷറി വകുപ്പിന്റെ സെർവറിന്റെ വേഗതക്കുറവ് കാരണം കാലതാമസവും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടും നേരിടുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വെണ്ടർമാരിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന മറ്റുപരാതികൾ സമയബന്ധിതമായിതന്നെ പരിഹരിച്ചുനൽകുന്നതിനുള്ള നടപടികൾ അതത് സമയംതന്നെ സ്വീകരിച്ചിട്ടുണ്ട്. IMFS അടിസ്ഥാനമാക്കി നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സെൻട്രൽ സെർവർ 2021 മെയ് മാസത്തിലാണ് സ്ഥാപിച്ചിട്ടുള്ളത്. തുടർന്ന് ഇങ്ങോട്ട് പുതിയ സെൻട്രൽ സെർവർ വഴിയാണ് ഇ-സ്റ്റാമ്പുൾപ്പെടെയുള്ള എല്ലാത്തരം സേവനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. പുതിയ സെർവർ സ്ഥാപിച്ചതിനുശേഷം ഒരു തരത്തിലുമുള്ള വേഗതക്കുറവും ഇതുവരെയും അനുഭവപ്പെട്ടിട്ടില്ല.

(ജി) പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് തമിഴ്നാട്ടിൽ ചെയ്തുവരുന്നതുപോലെ ഇ-സ്റ്റാമ്പിലൂടെയും മാന്വലായി മുദ്രപത്രത്തിൽ എഴുതിയും നൽകിവരുന്ന പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നിലവിലുള്ള ഭൗതിക മുദ്രപത്രങ്ങൾ ഉപയോഗിക്കുന്നതിന് 31-03-2025 വരെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള രജിസ്ട്രേഷൻ/രജിസ്ട്രേഷനിതര ആവശ്യങ്ങൾക്കായി നീക്കിയിരുപ്പുള്ള ഭൗതിക മുദ്രപത്രങ്ങളോ അല്ലെങ്കിൽ ഇ-സ്റ്റാമ്പോ പ്രസ്തുത കാലയളവുവരെ ഉപയോഗിക്കാവുന്നതാണ്.

കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

163 (570) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനം ജനോപകാരപ്രദമാക്കാനായി കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

പരിശോധിക്കാവുന്നതാണ്.

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്രപേർക്ക് പ്രസ്തുത അതോറിറ്റി മുഖേന നിയമസഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം 310191 പേർക്ക് കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി മുഖേന നിയമസഹായം നൽകിയിട്ടുണ്ട്.

(സി) കോടതി കേസ്സുകളിൽ സൗജന്യ നിയമസഹായം നൽകുന്നതിന്റെ നിലവിലെ മാനദണ്ഡം എന്താണെന്നും കാലോചിതമായി എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

The Legal Services Authorities Act, 1987-ന്റെ 12-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള മാനദണ്ഡപ്രകാരം പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ, മനുഷ്യക്കടത്തിന് ഇരയായിട്ടുള്ളവർ, സ്ത്രീകളും കുട്ടികളും, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, പ്രകൃതിദുരന്തം, വ്യാവസായികദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർ, വ്യാവസായിക തൊഴിലാളികൾ, പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, ജുവനൈൽ

ഹോമുകളിലെ അന്തേവാസികൾ, മാനസികരോഗ ചികിത്സാലയങ്ങൾ, അനാഥാലയങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾ, കസ്റ്റഡി പ്രതികൾ മുതലായവർ, വാർഷിക വരുമാനം 3,00,000/- രൂപയിൽ താഴെയുള്ളവർ തുടങ്ങിയവർക്കാണ് നിലവിൽ കോടതി കേസ്സുകളിൽ സൗജന്യ നിയമസേവനം നൽകിവരുന്നത്.

The Legal Services Authorities Act, 1987-ന്റെ 12-ാം വകുപ്പിന്റെ പരിധിയിലേക്ക് വയോജനങ്ങൾ, ഭിന്നലിംഗക്കാർ എന്നിവരെക്കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി ആവശ്യപ്പെട്ടിട്ടുള്ളതാണ്. അത് ഉൾപ്പെടുത്തുന്നതിന് നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. എന്നാൽ പ്രസ്തുത നിയമം ഒരു കേന്ദ്രനിയമമായതിനാൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന്റെ ഭാഗമായുള്ള സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് നടപടി

164 (571) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന്റെ ഭാഗമായുള്ളതും നിലവിൽ ഉപയോഗമില്ലാതെ കിടക്കുന്നതുമായ അഞ്ചേക്കറോളം സ്ഥലം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന്റെ ഭാഗമായുള്ളതും നിലവിൽ ഉപയോഗമില്ലാതെ കിടക്കുന്നതുമായ അഞ്ചേക്കറോളം സ്ഥലം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബി.പി.റ്റി.) പ്രൊപ്പോസലൊന്നും സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

കേരളാ ആട്ടോമൊബൈൽസ്

165 (572) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കേരളാ ആട്ടോമൊബൈൽസിന് 2020 മുതൽ 2024 വരെ എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കാണ് 2020 മുതൽ 2024 വരെ തുക അനുവദിച്ചതെന്ന് വിശദമാക്കാമോ?

(എ&ബി) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 2020 മുതൽ 2024 വരെ പ്രോജക്ട് ഫണ്ടിനത്തിൽ 13.42 കോടി രൂപയും പ്രവർത്തന മൂലധനമായി 12.17 കോടി രൂപയും എസ്.ബി.ഐ.-യിൽനിന്നും കമ്പനിയെടുത്തിട്ടുള്ള ലോൺ എൻ.പി.എ. ആയതിനെത്തുടർന്നുള്ള സെറ്റിൽമെന്റിനായി 1.36 കോടി രൂപയും റിലീസ് ചെയ്തനൽകിയിട്ടുണ്ട്.

പ്രോജക്ട് ഫണ്ടായി അനുവദിച്ച 12.17 കോടി രൂപയിൽനിന്നും ഇ-വെഹിക്കിളിന്റെ ഉൽപാദനവുമായി ബന്ധപ്പെട്ട് ഇ-ഓട്ടോ, ഇ-റിക്ഷാ, ഇ-സ്കൂട്ടർ എന്നിവയുടെ നിർമ്മാണത്തിനുള്ള ഭൗതിക സാഹചര്യങ്ങളൊരുക്കുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായാണ് 11.67 കോടി രൂപ അനുവദിച്ചത്. പ്രോജക്ട് ഫണ്ടിലെ ബാക്കി 50 ലക്ഷം രൂപ കണ്ണൂർ പിണറായിയിൽ കമ്പനിയുടെ പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനാണ് അനുവദിച്ചത്.

കെൽ ഫാക്ടറി

166 (573) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെൽ ഫാക്ടറിയുടെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി വ്യക്തമാക്കാമോ?

കാസർഗോഡ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കെൽ - ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) കമ്പനി ലാഭത്തിലാണെങ്കിൽ കൂടുതൽ ലാഭകരമായ സാഹചര്യം സൃഷ്ടിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നും നഷ്ടത്തിലാണെങ്കിൽ നഷ്ടം നികത്താൻ എന്ത് നടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കാമോ?

കമ്പനിയുടെ നഷ്ടം നികത്താനായി സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു:

- കമ്പനിയുടെ ഉൽപാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 1.50 കോടി രൂപ ഈ സാമ്പത്തിക വർഷം പ്രവർത്തന മൂലധനമായി കമ്പനിക്ക് സർക്കാർ നൽകിയിട്ടുണ്ട്.
- മാർക്കറ്റിങ്, ഫിനാൻസ് വിഭാഗങ്ങളിൽ പുതിയ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കമ്പനിയുടെ ഉന്നമനത്തിനായി കൺസൾട്ടന്റുമാരുടെ സേവനം ലഭ്യമാക്കി.
- കൂടുതൽ ഉപഭോക്താക്കളിലേക്ക് കമ്പനിയുടെ ഉൽപന്നം വിൽക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചതിനുപുറമെ പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകളും നടന്നുകൊണ്ടിരിക്കുന്നു.

(സി) കെൽ-ൽ ഇപ്പോൾ ഉൽപാദിപ്പിക്കുന്ന സാമഗ്രികൾ എന്തൊക്കെയാണെന്നും അതിന്റെ വിപണിസാധ്യത എങ്ങനെയൊക്കെയാണെന്നും വ്യക്തമാക്കാമോ?

ആൾട്ടർനേറ്ററുകളാണ് കെൽ - ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡിൽ ഉൽപാദിപ്പിക്കുന്ന പ്രധാന ഉൽപ്പന്നം. റെയിൽവെയിലും മറ്റ് പൊതുആവശ്യങ്ങൾക്കുമാണ് ഇവ ഉപയോഗിക്കുന്നത്.

(ഡി) ഇപ്പോൾ കമ്പനിയിൽ എത്ര തൊഴിലാളികളുണ്ടെന്നും അവർക്ക് ശമ്പളം നൽകാൻ ഒരു മാസം എത്ര തുക ആവശ്യമുണ്ടെന്നും ശമ്പളയിനത്തിൽ കുടിശ്ശികയുണ്ടോയെന്നും വ്യക്തമാക്കാമോ?

കമ്പനിയിൽ ഇപ്പോൾ 74 ജീവനക്കാർ ജോലി ചെയ്യുന്നു. ഇവർക്ക് ശമ്പളത്തിനായി മാസംതോറും ഏകദേശം 33 ലക്ഷം രൂപ ആവശ്യമുണ്ട്. ശമ്പളയിനത്തിൽ നിലവിൽ കുടിശ്ശികയില്ല.

(ഇ) കമ്പനിയിൽനിന്നും പിരിഞ്ഞുപോയ ജീവനക്കാർക്ക് നൽകാൻ കുടിശ്ശികയുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ; കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കാമോ?

പിരിഞ്ഞുപോയ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പി.എഫ്., മറ്റിനങ്ങൾ എന്നിവയിലായി ഏകദേശം 373 ലക്ഷം രൂപയാണ് നൽകുവാനുള്ളത് (പി.എഫ്.-ന്റെ പിഴപ്പലിശ കൂടാതെ). കമ്പനിയുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ

തീർപ്പാക്കുന്നതിന് 105 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കമ്പനിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമെ ബാക്കി കുടിശ്ശിക നൽകുവാൻ നിലവിലെ സാഹചര്യത്തിൽ കഴിയുകയുള്ളൂ.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് വിനിയോഗം

167 (574) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ (സി.എസ്.ആർ.) ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഫണ്ട് നൽകിയിട്ടുള്ളതെന്നും ഇതിൽ ഓരോ സ്ഥാപനവും പ്രതിവർഷം ഏതെല്ലാം പദ്ധതികൾക്ക് എത്ര തുകവീതം ചെലവഴിച്ചെന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മറുപടി അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനരുദ്ധാരണ പ്രവൃത്തികൾക്ക് അനുവദിച്ച തുക

168 (575) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര കൊറ്റാമത്ത് പ്രവർത്തിക്കുന്ന 'കെൽപാം' എന്ന സ്ഥാപനത്തിന് 2020 മുതൽ 2024 വരെ ഏതൊക്കെ പുനരുദ്ധാരണ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്നും ഓരോ വർഷവും പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

നെയ്യാറ്റിൻകര കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപാമിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷംമുതൽ 2023-24 സാമ്പത്തിക വർഷംവരെ അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

- 2020-21 സാമ്പത്തിക വർഷം കരകൗശല മേഖലയിലെ പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി 25 ലക്ഷം രൂപ കെൽപാമിന് അനുവദിച്ചിട്ടുണ്ട്.

- 2021-22 സാമ്പത്തിക വർഷം കരകൗശല മേഖലയിലെ പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി സോഫ്റ്റ് ഡ്രിങ്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ കെൽപാമിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം, നവീകരണം എന്ന പദ്ധതിയുടെ ഭാഗമായി Palm leaf Straw Manufacturing Unit സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.
- 2022-23 സാമ്പത്തിക വർഷം കരകൗശല മേഖലയിലെ പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി 25 ലക്ഷം രൂപയുടെ ഭരണാനുമതി കെൽപാമിന് നൽകുകയും തുടർന്ന് ടി സാമ്പത്തിക വർഷം 14 ലക്ഷം രൂപ റിലീസ് ചെയ്തുനൽകുകയും ബാക്കി 11 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷം റിലീസ് ചെയ്തുനൽകുകയും ചെയ്തിട്ടുണ്ട്.

- കൂടാതെ 2023-24 സാമ്പത്തിക വർഷം കെൽപാം പ്ലാന്റിന്റെ ആധുനികവൽക്കരണത്തിനായി 15 ലക്ഷം രൂപയും റിലീസ് ചെയ്തനൽകിയിട്ടുണ്ട്.

മാവൂർ ഗ്വാളിയാർ റയൺസിന്റെ ഭൂമി തിരിച്ചുപിടിക്കാൻ നടപടി

169 (576) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയാർ റയോൺസിന്റെ ഭൂമി തിരിച്ചുപിടിക്കാൻ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് നിലവിലുള്ള കേസ് വേഗത്തിൽ തീർപ്പാക്കാൻ സർക്കാർ എന്തുനടപടികളാണ് സ്വീകരിച്ചുവരുന്നത്?

(എ&ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതാണ്. കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ കേസ് നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ശ്രീ. രാജേന്ദ്രൻ വെള്ളപ്പാലത്തും മറ്റൊരാളും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ SLP No.24/2025 ഫയൽ ചെയ്തിട്ടുണ്ട്. മേൽ SLP-യിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലാ കളക്ടറോടും കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറോടും SLP No.24/2025-ന്മേലുള്ള സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കാനും നിർദേശം നൽകിയിട്ടുണ്ട്.

കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്

170 (577) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണത്തിന്റെ

ഭാഗമായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പദ്ധതികൾ

18 കോടി രൂപ മുതൽമുടക്കുള്ള ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രത്തിന്റെ ഒന്നാംഘട്ട പൂർത്തീകരണ ഉദ്ഘാടനം 2024 ഒക്ടോബർ 1-ന് നടന്നു.

2024-25-ൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ

1) 2 കോടി രൂപ മുതൽ മുടക്കി നിർമ്മിക്കുന്ന KVAR കപ്പാസിറ്റർ ഉൽപാദന കേന്ദ്രം.
2) 1.5 കോടി രൂപ മുതൽ മുടക്കി നിർമ്മിക്കുന്ന MPP Motor Start കപ്പാസിറ്റർ ഉൽപാദന കേന്ദ്രം.

3) 1 കോടി രൂപ മുതൽ മുടക്കി നവീകരിക്കുന്ന റസിസ്റ്റേർസ് ഉൽപാദന കേന്ദ്രം.

4) സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട തുടർവികസന പ്രവർത്തനങ്ങൾ.

5) ഇലക്ട്രോലൈറ്റിക് കപ്പാസിറ്റർ ഉൽപാദന കേന്ദ്ര വികസന പ്രവർത്തനങ്ങൾ.

ടാക്കോ കേബിൾ ജീവനക്കാരുടെ പ്രതിസന്ധി

171 (578) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്കോ കേബിൾ ജീവനക്കാർ നിലവിൽ നേരിടുന്ന പ്രതിസന്ധി സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ടാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധി സർക്കാർ തലത്തിൽ വിലയിരുത്തുകയും അതിന്റെ ഭാഗമായി വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷനുമായും ടാക്കോ കേബിൾ കമ്പനിയുടെ ട്രേഡ് യൂണിയൻ

പ്രതിനിധികളുമായും നിരവധി ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കമ്പനിക്കായി ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ മുഖേന ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) നിലവിൽ പ്രവർത്തന മൂലധനമില്ലാത്തതാണ് പ്രസ്തുത കമ്പനിയുടെ പ്രതിസന്ധിക്ക് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ട്രാക്കോ കേബിൾ കമ്പനിക്ക് 2024-2025 സാമ്പത്തിക വർഷം 350 ലക്ഷം രൂപ പ്രവർത്തന മൂലധന സഹായമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. കോവിഡ് സമയത്ത് ലഭിച്ചിരുന്ന ഓർഡറുകൾ നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവുമൂലവും വിലയിലുണ്ടായ അനിയന്ത്രിതമായ വർധനവുമൂലവും യഥാസമയം പൂർത്തീകരിച്ച് നൽകാൻ കമ്പനിക്ക് സാധിക്കാതെവരികയും സ്ഥാപനം പ്രതിസന്ധിയിലേക്ക് നീങ്ങുകയുമുണ്ടായി. കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ നയമനുസരിച്ച് ആഗോള ടെൻഡർ വിളിച്ചതുമൂലം ട്രാക്കോ കേബിൾ കമ്പനിക്ക് ഓർഡറുകൾ

ലഭിക്കാതെവന്നതും പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം ലഭിച്ച ഓർഡറുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് നൽകാൻ കഴിയാത്തതും പ്രതിസന്ധിയായി. മാത്രമല്ല, ലഭ്യമായ ഓർഡറുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോൺ എടുത്തത് തിരിച്ചടയ്ക്കാൻ സാധിക്കാത്തതും കമ്പനിയെ കൂടുതൽ പ്രതിസന്ധിയിലാക്കി.

(സി) എങ്കിൽ കമ്പനിയെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സർക്കാർ പട്ടയഭൂമിയായ ട്രാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനം യൂണിറ്റിലെ സ്ഥലം ഇൻഫോപാർക്കിന് കൈമാറുന്നതിലൂടെ ലഭിക്കുന്ന തുക ഉപയോഗിച്ച് കമ്പനിയുടെ സാമ്പത്തിക ബാധ്യതകൾ തീർത്തും വിവിധ പുനരുജ്ജീവന പദ്ധതികളിലൂടെയും കമ്പനിയെ പ്രവർത്തനസജ്ജമാക്കി ലാഭത്തിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പളവും മറ്റാനുകൂല്യങ്ങളും അടിയന്തരമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ നൽകുമോ?

കമ്പനിയിലെ മാനേജീരിയൽ/വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക് ശമ്പളം നൽകുന്ന കാര്യത്തിൽ നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ട്. ഒരു മാസത്തെ ശമ്പളം നൽകിത്തുടങ്ങിയിട്ടുണ്ട്. എന്നാൽ, ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ഒടുക്കുന്നതിനായി 240 ലക്ഷം (ഇരുന്നൂറ്റിനാല്പത് ലക്ഷം) രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കമ്പനിയുടെ പുനരുജ്ജീവനത്തിനായി നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളിലൂടെ കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി തൊഴിലാളികളുടെ ശമ്പളം ഘട്ടംഘട്ടമായി നൽകുവാൻ സാധിക്കുന്നതാണ്.

കേരള സ്റ്റാർട്ടപ് മിഷൻ

172 (579) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തരം എത്ര സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായിട്ടുണ്ടെന്നും ഇതുവഴി പുതിയതായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തരം 4303 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും അതിലൂടെ 40000-ത്തിൽപ്പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എന്തെല്ലാം സഹായങ്ങളാണ് സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തരം പുതിയ സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്നത്; വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുവാനായി ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സെന്ററുകൾ (ഐ.ഇ.ഡി.സി.) പ്രവർത്തിക്കുന്നു. എം.ഐ.ടി.-യുടെ (Massachusetts Institute of Technology) സെന്റർ ഫോർ ബിറ്റ്സ് ആൻഡ് ആറ്റംസ് സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് ഉൾപ്പെടെ 22 മിനി

ഫാബ് ലാബുകൾ പ്രവർത്തിക്കുന്ന രാജ്യത്തെ ഏറ്റവും ഊർജസ്വലമായ മേക്കർ കമ്മ്യൂണിറ്റികളിലൊന്നായി കേരളം അറിയപ്പെടുന്നു. സ്റ്റാർട്ടപ്പുകൾക്ക് പ്രോട്ടോടൈപ്പിങ് ചെയ്യുന്നതിനുള്ള സൗകര്യം കൊച്ചിയിലുള്ള കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ ലഭ്യമാണ്. നൂതന ആശയങ്ങൾ നിർമ്മിക്കുന്നതിനും ബിസിനസ്സ്വൽക്കരിക്കുന്നതിനുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ 15 ലക്ഷം രൂപ വരെ ഇന്നവേഷൻ ഗ്രാന്റായി ധനസഹായം നൽകുന്നുണ്ട്. കൂടാതെ റിസർച്ച് ഗ്രാന്റ്സ്, പേറ്റന്റ് തിരിച്ചടവ് സഹായം, വാടക സബ്സിഡി, സാങ്കേതിക കൈമാറ്റ സഹായങ്ങൾ എന്നിവ സ്റ്റാർട്ടപ്പിന്റെ വിവിധ ഘട്ടങ്ങളിൽ നൽകിവരുന്നു. ടെക്നോളജി സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം രൂപവരെ ഈടില്ലാത്ത സീഡ് ലോണുകളും നൽകുന്നു. സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതി മുഖേനയുള്ള സ്കീമിൽ 50 ലക്ഷം രൂപ വരെയുള്ള ധനസഹായം സ്റ്റാർട്ടപ്പുകൾക്ക് നൽകുന്നുണ്ട്. സ്റ്റാർട്ടപ്പുകളിൽ നിക്ഷേപാവസരങ്ങൾ ഉറപ്പുകൊടുക്കുന്നതിനായി SEBI AIF-ഉം ആയി കൂടിച്ചേർന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ 'ഫണ്ട് ഓഫ് ഫണ്ട്സ്' പദ്ധതിയും

നടപ്പിലാക്കിവരുന്നതിനാൽ സ്റ്റാർട്ടപ്പുകൾക്ക് ഓഹരി അധിഷ്ഠിത ബാഹ്യനിക്ഷേപങ്ങളും ലഭിക്കുന്നു.

സ്റ്റാർട്ടപ്പുകളിൽനിന്നും ഉൽപ്പന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾക്ക് നേരിട്ട് വാങ്ങുന്നതിനുള്ള ഡയറക്ട് പ്രൊക്വർമെന്റ് പദ്ധതി നടപ്പിലാക്കിവരുന്നു. കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശവിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിന് തുടങ്ങിയ പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ. അന്താരാഷ്ട്ര തലത്തിൽ സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ്സ്, നിക്ഷേപ അവസരങ്ങൾ എന്നിവ നേടിക്കൊടുക്കുന്നതിന് നടത്തിവരുന്ന പദ്ധതിയാണ് ഇന്റർനാഷണൽ എക്സ്പോഷർ പ്രോഗ്രാം. ഇതോടൊപ്പം വനിത, ഭിന്നശേഷി, മറ്റ് പാർശ്വവൽകൃത സമൂഹങ്ങളിൽ സ്റ്റാർട്ടപ്പ് സമൂഹങ്ങളിൽ സ്റ്റാർട്ടപ്പ് സംസ്കാരം വളർത്തുന്നതിനുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കിവരുന്നു.

ലോകോത്തര നിലവാരത്തിൽ കോ-വർക്കിങ് പ്ലഗ് ആൻഡ് പ്ലേ സംവിധാനം കേരളത്തിൽ പത്തുലക്ഷം ചതുശ്രയടിയിലായി സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്നു. കൊച്ചിയിൽ പ്രവർത്തിക്കുന്ന അത്യാധുനിക ഇന്റഗ്രേറ്റഡ്

സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കേരള ടെക്നോളജി ഇന്നവേഷൻ സോണിൽ മാത്രം 1.8 ലക്ഷം ചതുരശ്രയടി ഇൻകുബേഷൻ സ്പെയ്സ് പ്രദാനം ചെയ്യുന്നു.

കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖലയെ ഉന്നതിയിലേക്ക് എത്തിക്കുക, പുതിയ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഉൽപ്പന്നങ്ങളും സേവനങ്ങളും വൻതോതിൽ ലഭ്യമാക്കുന്ന ആഗോള കേന്ദ്രമാക്കി കേരളത്തെ മാറ്റുക എന്നീ ലക്ഷ്യങ്ങളോടെ നടത്തുന്ന ഹഡിൽ ഗ്ലോബൽ ഉച്ചകോടിപോലുള്ള പരിപാടികൾ സ്റ്റാർട്ടപ്പുകൾക്ക് ഏറെ ഗുണകരമാണ്.

(സി) പുതിയതായി എന്തെങ്കിലും പദ്ധതികൾ ഈ മേഖലയിൽ വിഭാവന ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

ഫ്രീഡം സ്ക്വയർ

വിവിധ കലാലയങ്ങളിലെ നൂതന ആശയങ്ങളിന്മേൽ പര്യവേഷണം ചെയ്യുന്ന വിദ്യാർഥികൾക്ക് ഒരുമിച്ച് അതിനൂതനമായ ആശയങ്ങളിൽ കൂടുതൽ പര്യവേഷണം ചെയ്യാനുള്ള സൗകര്യങ്ങൾ ഒരേ കുടക്കീഴിൽ ഒരുക്കുന്ന ഒരു കേന്ദ്രമാണ് ഫ്രീഡം സ്ക്വയർ. ഇത്തരം കേന്ദ്രങ്ങളിൽ

ഇന്നവേറ്റർമാർക്ക് പ്രോട്ടോടൈപ്പുകൾ വികസിപ്പിക്കാനുള്ള അതിനൂതനമായ സൗകര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് ഫ്രീഡം സ്ക്വയർ നിർമ്മിക്കുന്നത്.

സ്റ്റാർട്ടപ്പ് പോഡ്സ്

കേരളത്തിന്റെ വിനോ സഞ്ചാര കേന്ദ്രങ്ങളിൽ സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങുന്ന കോ-വർക്കിങ് സെന്ററുകളാണ് സ്റ്റാർട്ടപ്പ് പോഡ്. സംരംഭകരെ ടൂറിസം കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിനും അതിനോടൊപ്പം അവർക്ക് ലോകോത്തര നിലവാരത്തിലുള്ള തൊഴിലിടങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സംരംഭകരിൽ ആവേശം സൃഷ്ടിക്കുന്ന നടപടികൾ

173 (580) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംവിധാനങ്ങൾ നിക്ഷേപകരോട് മുഖംതിരിച്ച് നിൽക്കുന്നുവെന്ന പരാതി കേരളത്തിന്റെ വലിയൊരു പ്രശ്നമായി

കാലാകാലങ്ങളായി ഉയർത്തിക്കാണിക്കപ്പെട്ടിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ സംവിധാനങ്ങൾ നിക്ഷേപകരോട് മുഖംതിരിച്ച് നിൽക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും അവരുടെ ഉന്നമനത്തിനും വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും സർക്കാർ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിലൊന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ നൈപുണ്യം വർധിപ്പിക്കുക, അതുവഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാമേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം

എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. സംസ്ഥാനത്തിന്റെ വികസന പദ്ധതികളുടെ നേട്ടങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും അർഹരായ എല്ലാവർക്കും ക്ഷേമപദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാകുവാനും പുതിയ വ്യവസായ നയത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോ സിസ്റ്റമുണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും കാര്യത്തിൽ സർക്കാർ മുൻഗണന നൽകുന്നു. നിക്ഷേപകരെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിയ വിവിധങ്ങളായ നടപടികൾ പുതുതായി സംരംഭം ആരംഭിക്കുന്നവർക്കും നിക്ഷേപകർക്കും വലിയ രീതിയിൽ സഹായകമായിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുകയെന്ന

ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നതുവഴി വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ചുവർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾമുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ നിയമം' നടപ്പിലാക്കുകവഴി 50 കോടി രൂപയിൽത്താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നര വർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ലെന്നും കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കുന്നതാണെന്നും സർക്കാർ വ്യവസ്ഥ ചെയ്തു. ഇതോടൊപ്പം,

വ്യവസായ അനുമതികൾക്കായുള്ള ഓൺലൈൻ ഏകജാലക സംവിധാനം, നിക്ഷേപകർക്ക് സമയബന്ധിതമായി അനുമതികൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും പ്രക്രിയകൾ ലളിതമാക്കുന്നതിനും അനധികൃത തടസ്സങ്ങൾ നീക്കുന്നതിനുമായി നടത്തിയ മറ്റ് നിയമനിർമ്മാണങ്ങൾ, അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള വിവിധ പദ്ധതികൾ, സംരംഭകത്വ പ്രോത്സാഹനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ തുടങ്ങിയ വിവിധങ്ങളായ പദ്ധതികളിലൂടെ സംരംഭക സമൂഹത്തിനോടൊപ്പം നിൽക്കാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി, സംസ്ഥാനത്ത് വ്യവസായ വികസനം കൂടുതൽ വേഗത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞതോടൊപ്പം തൊഴിലവസരങ്ങൾ വർധിക്കുകയും നിക്ഷേപകരുടെ ആത്മവിശ്വാസം ഉയരുകയും ചെയ്തിട്ടുണ്ട്.

(ബി) മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ സംരംഭകത്വം സാധ്യമാകുമെന്നതിലേക്ക് വ്യവസായികളുടെയും പൊതുസമൂഹത്തിന്റെയും കാഴ്ചപ്പാടിനെ മാറ്റിക്കൊണ്ടുവരാൻ ഈ സർക്കാരിന്റെ പ്രവർത്തങ്ങൾക്കായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾവഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സേവനങ്ങളും മറ്റുവിവരങ്ങളും

സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെയും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെയും നിയമിച്ചു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപനതലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിന് സഹായകരമാകുന്നുണ്ട്. സംസ്ഥാനത്തെ 1034

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ചു.

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തിവരുന്ന ക്യാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽപ്പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരാൻവേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും അതിനുമുമ്പ് മുതൽക്കേ പ്രവർത്തിച്ചുപോരുന്ന

സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം "സംരംഭക സഭ" എന്നപേരിൽ നടത്തിവരുന്നു. സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി. പ്രസ്തുത പദ്ധതിക്കായി http://pie.industry.kerala.gov.in/public/index.php/industrialist എന്ന പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 31 വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർഥി സമൂഹത്തിൽ സംരംഭകത്വം വളർത്താനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന നൂതന ഉൽപ്പന്നങ്ങളുടെ വ്യാവസായിക ഉൽപാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിനുമായി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേക്ക് https://cip.industry.kerala.gov.in/index.php/public എന്ന പോർട്ടൽ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത

പോർട്ടൽവഴി 19 അപേക്ഷകൾ ലഭിക്കുകയും അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. വ്യവസായ വകുപ്പിനുകീഴിലുള്ള വ്യവസായ വികസന പ്ലോട്ടുകളിൽ സംരംഭകർക്ക് ഭൂമി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിക്കൊണ്ട് പുതിയ ലാൻഡ് റൂൾ 11-12-2023-ലെ G.O.(P)No.309/2022/RD പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളിൽ (GALAS) സ്ഥലം അനുവദിക്കുന്നതിനായി 13-10-2023-ലെ G.O.(Rt)No.1058/2023/ID പ്രകാരമുള്ള റൂൾ നിലവിൽ വന്നിട്ടുണ്ട്. കൂടാതെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന വിവിധ സംരംഭക സഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

1. സംരംഭക സഹായ പദ്ധതി (ESS)

2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി

4. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്ന് സൂക്ഷ്മ സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പദ്ധതി.

5. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)

6. മാനുഫാക്ചറിങ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി.

7. Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.

   A) Capital Grant (മൂലധന ഗ്രാന്റ്)

   B) Interest Subvention (പലിശ സബ്സിഡി)

8. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector)

A) Continued Operation Linked Stimulus Programme

B) Women Friendly Physical infra Creation/Upgradation

C) Modernization /Upgradation of Shelling Units -

9. കരകൗശലതൊഴിലാളികൾക്ക് സഹായം (ആശ)

10. Incentives to Workers in Bamboo Sector and Support for Harvesting and Processing

(സി) നിക്ഷേപകരോടുള്ള മനോഭാവത്തിലെ മാറ്റം ഉദ്യോഗസ്ഥ സംവിധാനത്തിന്റെ താഴെത്തട്ടിലേക്കുകൂടി എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. നിക്ഷേപകരെ ആകർഷിക്കുന്നതും അവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള മികച്ച എക്കോ സിസ്റ്റം ഉണ്ടാക്കിയെടുക്കുക എന്നുള്ളതും സർക്കാർ മുൻഗണന നൽകുന്ന വിഷയമാണ്. സർക്കാർ

പദ്ധതികൾവഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തിക്കുന്നു. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപനതലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനും അവർക്കുവേണ്ട ഫെസിലിറ്റേഷൻ ലഭ്യമാക്കുന്നതിനും

സഹായകരമാകുന്നുണ്ട്. ഉദ്യോഗസ്ഥർക്കാവശ്യമായ ഓറിയന്റേഷൻ/ റിഫ്രഷർ സെക്ഷനുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) വ്യവസായമേഖലയിൽ സംരംഭകരുടെ പരാതി പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കുന്നതുൾപ്പെടെ ശക്തമായ പരാതി പരിഹാര സംവിധാനം ഈ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022-ലെ 19-ാം നമ്പർ ആക്ട് പ്രകാരം 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, (2000-ലെ നിയമം 5)-ന്റെ ഭേദഗതിവഴി നിലവിൽവന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട

പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിക്കുമുകളിൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്ട് പ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത വിഷയം സംസ്ഥാന കമ്മിറ്റിക്ക് പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. ജില്ലാ കമ്മിറ്റിക്കും സംസ്ഥാന കമ്മിറ്റിക്കും ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ചയോ വരുത്തിയിട്ടുണ്ടെന്ന്

ജില്ലാ-സംസ്ഥാന കമ്മിറ്റികൾക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവീസ് ചട്ടങ്ങൾക്കുകീഴിൽ വകുപ്പുതല നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശിപാർശ ചെയ്യുന്നതിനും ആക്ട് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

'ഡ്രീംവെസ്റ്റർ' പദ്ധതിയും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളും

174 (581) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി ദെലീമ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകരുടെ വളർച്ചയ്ക്കും പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കിവരികയും ചെയ്യുന്നു. ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനത്തിനുള്ള നിർദേശങ്ങൾ അതത് പദ്ധതികളുടെ മാർഗനിർദേശങ്ങളിലുൾപ്പെടുത്തി സമയബന്ധിതമായ അവലോകനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടപ്പിലാക്കുന്ന പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ജില്ലകളിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനം വേണ്ടിവരുന്ന പദ്ധതികൾക്ക് അതത് വകുപ്പിന്റെ ജില്ലാ-സംസ്ഥാനതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആവശ്യമെങ്കിൽ പ്രാദേശിക തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിലും മോണിറ്ററിങ് കമ്മിറ്റികൾ

രൂപീകരിച്ചുകൊണ്ട് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും നയങ്ങളുടെയും അവലോകനങ്ങൾ നടത്തിവരുന്നു.

സംരംഭക വർഷവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണത്തിൽ കാര്യമായ വർധനവ് ഉണ്ടായിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് വ്യവസായികളിൽനിന്നുള്ള ഫീഡ്ബാക്ക് സ്വീകരിക്കുകയും പുതിയ പദ്ധതികൾ ആവിഷ്കരിച്ചുവരികയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്ത് ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കാനും നിലവിലെ സംരംഭങ്ങൾ നടത്താനും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.25 ശതമാനം-10.25 ശതമാനം) 100 കോടി രൂപ വരെ വായ്പയായി നൽകിവരുന്നു. ഓരോ ആറുമാസത്തിന്റെയും അവസാനം കുടിശ്ശികയില്ലെങ്കിൽ പലിശ നിരക്കിൽ അര ശതമാനംവരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50 ശതമാനം

വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈടില്ലാതെയും വായ്പ-ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-നുമുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. മറ്റ് പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. മാത്രമല്ല ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായവും നൽകുന്നതിന് പ്രത്യേക പരിഗണനയും നൽകുന്നുണ്ട്.

സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കുവാനുദ്ദേശിക്കുന്ന വ്യവസായികൾക്കും നിലവിൽ വ്യവസായം നടത്തികൊണ്ടിരിക്കുന്നവർക്കും ഒരുപോലെ പ്രോത്സാഹനവും സഹായവും നൽകുന്നതിനും സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും വായ്പ തുക ഉയർത്തിയതും അപേക്ഷ ഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ്-19-നെ തുടർന്നുണ്ടായിട്ടുള്ള

ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചതും മേൽ പദ്ധതികളുടെ ഭാഗമായിട്ടാണ്.

(ബി) യുവസംരംഭകരെ കണ്ടെത്തുന്നതിനും അവരുടെ ആശയങ്ങളെ ഉൽപ്പന്നമാക്കി സംരംഭങ്ങൾ മുഖേന വിപണനം നടത്തുന്നതിനും സഹായകരമായ 'ഡ്രീംവെസ്റ്റർ' പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ?

യുവസംരംഭകരെ കണ്ടെത്തുന്നതിനും അവരുടെ ആശയങ്ങളെ ഉൽപ്പന്നമാക്കി സംരംഭങ്ങൾ മുഖേന വിപണനം നടത്തുന്നതിനും സഹായകരമായ 'ഡ്രീംവെസ്റ്റർ' പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ KSIDC-യുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചുകൊണ്ട് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) മുഖേനയാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ യുവസംരംഭകരുടെ വളർച്ചയ്ക്കും പുതിയ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനുമായി അസാപ് കേരള, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (KSIDC) സഹകരണത്തോടെ "ഡ്രീംവെസ്റ്റർ 2.0" പദ്ധതി സംഘടിപ്പിക്കുന്നു. വിദ്യാർഥികൾക്ക് സ്വന്തം ആശയങ്ങളെ സംരംഭങ്ങളായി

മാറ്റാനുള്ള അവസരവും സാമ്പത്തിക പിന്തുണയും നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ശില്പശാലകൾ, ഡിസൈൻ തിങ്കിങ് വർക്ക്ഷോപ്, ഐഡിയത്തോൺ മത്സരം എന്നീ മൂന്ന് ഘട്ടങ്ങളായാണ് ഡ്രീംവെസ്റ്റർ 2.0 നടപ്പാക്കുന്നത്.

ആദ്യഘട്ട ബോധവൽക്കരണ ശില്പശാലകൾ ഡിസംബർ മാസത്തിൽ വിജയകരമായി നടപ്പിലാക്കിയിരുന്നു. രണ്ടാംഘട്ടത്തിൽ രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് ഒരു ഡിസൈൻ തിങ്കിങ് വർക്ക്ഷോപ്പ് നടന്നുവരുന്നു. കേരളത്തിലുടനീളം 30 വർക്ക്ഷോപ്പുകളാണ് നടക്കുന്നത്. അതിൽ 24 എണ്ണം വിജയകരമായി പൂർത്തീകരിച്ചു. 602 ടീമുകൾ ഇതിനകം രജിസ്റ്റർ ചെയ്തുകഴിഞ്ഞു. രണ്ടാംഘട്ടം ഫെബ്രുവരി 7 വരെയാണ്. സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന മികച്ച 10 ആശയങ്ങൾക്ക് അംഗീകാരവും ഒരു ലക്ഷം രൂപവീതം സാമ്പത്തിക സഹായവും ലഭ്യമാക്കാനുതകുന്ന നിലയിലാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. മികച്ച ആശയങ്ങൾ കൈവശമുള്ള പ്രീഫൈനൽ, ഫൈനൽ ഇയർ വിദ്യാർഥികൾക്ക് സൗജന്യമായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) യുവസംരംഭകരെ സൃഷ്ടിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യം എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ?

29-02-2024-ലെ സ.ഉ.(കൈ)നമ്പർ 16/2024/ID പ്രകാരം ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം സുഗമമായും സുതാര്യമായും കൈവരിക്കുന്നതിന് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഈ പോർട്ടൽവഴി നാളിതുവരെ 19 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി നടപടി സ്വീകരിച്ചുവരുന്നു. അർഹതയുള്ള കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സഹകരണം ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർമാർ മുഖേന ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കത്ത് നൽകിയിട്ടുണ്ട്.

നാലാം വ്യവസായ വിപ്ലവത്തിന്റെ അനന്ത സാധ്യതകൾ

175 (582) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം വ്യവസായ വിപ്ലവത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തെ വ്യാവസായിക മേഖലയിലെ പുരോഗതിയെ സമഗ്രതയിലെത്തിക്കുന്നതിന് സർക്കാർ നടപ്പാക്കിവരുന്ന നയപരിപാടികളും പദ്ധതികളും പര്യാപ്തമാണോയെന്ന് വിശദമാക്കുമോ?

വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ സംരംഭകത്വ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അതുവഴി കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനുമായി പുതിയ വ്യവസായ നയം, 01-04-2023-ലെ സ.ഉ.(കൈ)നം.28/2023/ID പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര

വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്വ നിക്ഷേപങ്ങളെയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് പുതിയ വ്യവസായ നയത്തിൽ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്.

നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ നയം ലക്ഷ്യമിടുന്നു. വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്ദേശലക്ഷ്യങ്ങൾ

കൈവരിക്കുന്നതിന് ചുവടെ നൽകിയിരിക്കുന്ന ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ആവശ്യമാണ്.

1. സംരംഭകത്വ പ്രോത്സാഹനം.

2. അടിസ്ഥാന സൗകര്യമൊരുക്കൽ.

3. ഹൈടെക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം.

4. നൈപുണ്യ വികസനം.

5. വ്യവസായ സൗഹൃദ അന്തരീക്ഷം.

6. കേരളം എന്ന ബ്രാൻഡിനെ വളർത്തുക.

7. മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവൽക്കരണം.

(ബി) നൂതന സാങ്കേതികവിദ്യകൾ ഉൽപാദനമേഖലയിൽ സന്നിവേശിപ്പിക്കുന്നതിനായി സംരംഭകരെ സജ്ജരാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

യന്ത്രവൽക്കരണം വർധിപ്പിച്ചുകൊണ്ടുള്ള സ്മാർട്ട് മെഷിനറികളും സ്മാർട്ട് ഫാക്ടറികളും തൊഴിലുമാണ് വ്യവസായം 4.0-ന്റെ സവിശേഷത.

മെഷീൻ ലേണിങ്, ഡാറ്റ അനലിറ്റിക്സ്, പ്രക്രിയകളുടെ ഓട്ടോമേഷൻ എന്നിവ സ്വീകരിക്കുന്നതിലൂടെ ഉൽപാദന മേഖലയിൽ ഡിജിറ്റൽവൽക്കരണം സാധ്യമാകുകയും ഉൽപാദനത്തിൽ വിപ്ലവമുണ്ടാക്കാൻ കഴിയുകയും ചെയ്യും. അങ്ങനെ വ്യവസായം 4.0-ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിലവിലെ ബിസിനസ്സുകൾ ഡിജിറ്റൽവൽക്കരിക്കാൻ തയ്യാറാകുന്നതിലൂടെ വ്യവസായം 4.0-യിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിയുന്ന കരുത്തുറ്റ ആവാസവ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്യും. ഈ നയപ്രഖ്യാപനത്തിനുകീഴിൽ താഴെപ്പറയുന്ന പ്രധാന സംരംഭങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

<u>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഡിജിറ്റൽവൽക്കരണം</u>

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ഡിജിറ്റൽവൽക്കരിക്കുകയും സാങ്കേതിക മികവ് നേടുകയും ചെയ്യുന്നതിലൂടെ ഉൽപാദനചെലവ് കുറയുകയും വിഭവവിനിയോഗം കാര്യക്ഷമമാക്കുകയും ഊർജക്ഷമത വർധിക്കുകയും സംരംഭങ്ങളുടെ മത്സരക്ഷമത വർധിക്കുകയും ചെയ്യും.

a) എം.എസ്.എം.ഇ.-കളുടെ സാങ്കേതികവിദ്യാ പ്രാപ്തിക്കും ഡിജിറ്റലൈസേഷനുംവേണ്ടി സംസ്ഥാനത്തെ നിലവിലുള്ള

ബിസിനസ്സുകളുടെയും എം.എസ്.എം.ഇ.-കളുടെയും വ്യവസായം 4.0 സന്നദ്ധത മാപ്പ് ചെയ്യുന്നതിനുള്ള ഒരു സംവിധാനം വികസിപ്പിക്കും.

b) എം.എസ്.എം.ഇ.-കളുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും തദ്ദേശീയ വ്യവസായങ്ങളുടെ വളർച്ച സുഗമമാക്കുന്നതിനും ക്ലസ്റ്റർ/മേഖലാ അടിസ്ഥാന സാങ്കേതിക കേന്ദ്രങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവ വികസിപ്പിക്കും.

c) ഗവേഷണ വികസന (ആർ.&ഡി.) പ്രവർത്തനങ്ങളുടെ ചെലവ് കുറച്ചുകൊണ്ട് കാര്യക്ഷമത വർധിപ്പിക്കുന്നതിനായി സ്റ്റാർട്ടപ്പുകളും എം.എസ്.എം.ഇ.-കളും അക്കാദമിക ഗവേഷണ സ്ഥാപനങ്ങളുടെ പിന്തുണ സ്വീകരിക്കും.

<u>വ്യവസായ വിപ്ലവം 4.0-ന് അനുസൃതമായ ആധുനികവൽക്കരണം</u>

നവീകരണമാണ് വ്യവസായം 4.0-യുടെ ആണിക്കല്ല്. അതിനാൽ നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്ന പരിസ്ഥിതി സൃഷ്ടിക്കപ്പെടേണ്ടത് പ്രധാനമാണ്.

a) അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളുള്ള ഒരു ആഗോള

ഇന്നവേഷൻ ഇൻകുബേറ്റർ ഹബ്ബായി വർത്തിക്കുന്ന ഒരു ടെക്നോളജി ഇന്നവേഷൻ സോൺ വികസിപ്പിക്കും.

b) ആശയങ്ങളുടെ സങ്കലനവും സാങ്കേതിക മുന്നേറ്റങ്ങളും സാധ്യമാക്കുന്നതിന് ഒന്നിലധികം സാങ്കേതിക മേഖലകൾ ഒരു പൊതു പ്ലാറ്റ്ഫോമിനുകീഴിൽ കൊണ്ടുവരും.

c) എം.എസ്.എം.ഇ.-കൾക്കായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ അസംസ്കൃത വസ്തുക്കളുടെ സംഭരണം പ്രാപ്തമാക്കും.

ഇ-കൊമേഴ്സ് വിപണിയിലേക്കുള്ള പ്രവേശനം

ഡിജിറ്റൽ പരിവർത്തനത്തിൽനിന്ന് മികച്ച നേട്ടമുണ്ടാക്കുന്നതിനും ഉൽപാദന ചെലവ് കുറയ്ക്കുന്നതിനും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തും.

a) വിപണികളും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളും പ്രയോജനപ്പെടുത്തുന്നതിനായി എം.എസ്.എം.ഇ.-കൾക്ക് സൗകര്യമൊരുക്കും.

b) ഈ മേഖലയിൽ വിജ്ഞാന പങ്കിടൽ വർധിപ്പിക്കുന്നതിന് സമർപ്പിത ശിൽപശാലകൾ സംഘടിപ്പിക്കുകയും മതിയായ വിജ്ഞാന

സാമഗ്രികൾ വികസിപ്പിക്കുകയും ചെയ്യും.

c) പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും വേതനം വർധിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

d) പൊതുമേഖലയെ നവീകരിക്കുന്നതിന് ഓരോ സ്ഥാപനത്തിനും മാസ്റ്റർപ്ലാൻ തയ്യാറാക്കി വിദഗ്ധരടങ്ങുന്ന ഒരു പ്രത്യേക സംഘത്തെ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാങ്കേതികവിദ്യകളിലൂടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും വൈവിധ്യവൽക്കരണത്തിലൂടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) നൂതന വ്യവസായങ്ങളിലെ നിക്ഷേപ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്താദ്യമായി റോബോട്ടിക് റൗണ്ട് ടേബിൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

വ്യവസായ നയത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 22 മുൻഗണനാ മേഖലകളിൽ പ്രധാനപ്പെട്ട ഒന്നാണ് "റോബോട്ടിക്സ്" മേഖല. ഈ മേഖലയുടെ

വളർച്ചയ്ക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി, 2024 ഓഗസ്റ്റ് മാസത്തിൽ കൊച്ചിയിൽ അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ സംഗമം സംഘടിപ്പിച്ചു. 190-ലധികം കമ്പനികളുടെയും സ്റ്റാർട്ടപ്പുകളുടെയും പ്രതിനിധികളായ 700-ൽപ്പരം ഡെലിഗേറ്റുകൾ ഈ പരിപാടിയിൽ പങ്കെടുത്തു. കൂടാതെ, 31 എക്സിബിഷൻ സ്റ്റാളുകളും സന്ദർശകർക്ക് പ്രദർശനത്തിനായി ഒരുക്കിയിരുന്നു.

ഈ പരിപാടികൾ വൻകിട സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിൽ ഗണ്യമായ സംഭാവന നൽകുമെന്ന് കരുതുന്നു.

അമ്പലപ്പുഴ മണ്ഡലത്തിലെ വാടയ്ക്കൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിലെ ഭൂമി

176 (583) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ വാടയ്ക്കൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ ഭൂമി അനുവദിച്ച് നൽകിയത് ആർക്കൊക്കെയാണ്; ഓരോരുത്തരും അപേക്ഷ നൽകിയ വർഷവും ഭൂമി അനുവദിച്ച് നൽകിയ വർഷവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) അപേക്ഷ നൽകി അഞ്ച് വർഷത്തിലധികമായിട്ടും ഭൂമി അനുവദിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ വകുപ്പിന്റെ കൈവശം അപേക്ഷ സമർപ്പിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ ഭൂമി അനുവദിക്കുന്നതിനായി അപേക്ഷ നൽകിയ വർഷം ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാണ്. അവ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ഒരു വർഷം മുമ്പ് പുന്നപ്രയിൽ ഉദ്ഘാടനം ചെയ്ത വ്യവസായ വകുപ്പിന്റെ ഗാലയുടെ പ്രവർത്തനം ഇതുവരെ ആരംഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇത്രയും കാലതാമസം ഉണ്ടായതെന്നും; ഗാലയുടെ സൗകര്യങ്ങൾ ഏതെല്ലാം സംരംഭകർക്ക് അനുവദിച്ച് നൽകിയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവസാനഘട്ട നടപടികൾ പൂർത്തീകരിച്ച് അലോട്ട്മെന്റ് നടപടികൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാത്തന്നൂർ വഞ്ചി ക്ലേമൈൻസ് ഭൂമിയുടെ നിലവിലെ സ്ഥിതി

177 (584) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ അധീനതയിൽ ചാത്തന്നൂർ വഞ്ചി ക്ലേമൈൻസിലുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്നും നാല് അതിരുകൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

നിലവിലെ സർവെ സ്കെച്ച് പ്രകാരം 2.3512 ഹെക്ടർ ഭൂമിയാണുള്ളത്. കിഴക്ക്-KSRTC ബസ് സ്റ്റാൻഡ്, പടിഞ്ഞാറ്-റോഡ്, തെക്ക്-പ്രൈവറ്റ് ബസ് സ്റ്റാൻഡ്, വടക്ക്-PWD റെസ്റ്റ് ഹൗസ് എന്നിവയാണ് അതിരുകൾ.

(ബി) പ്രസ്തുത ഭൂമിയിൽ വ്യവസായ വകുപ്പിന്റെ എന്തെങ്കിലും സംരംഭങ്ങൾ ഉടൻ തുടങ്ങുന്നതിനോ സമീപഭാവിയിൽ തുടങ്ങുന്നതിനോ വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പ്രസ്തുത ഭൂമിയിൽ വ്യവസായ വകുപ്പിന്റേതായി ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി DPR തയ്യാറാക്കിയിട്ടുള്ളതും ആയതിലേക്കായി 1.29 ഏക്കർ ഭൂമി ആവശ്യമായിട്ടുള്ളതുമാണ്.

(സി) നിലവിൽ പ്രസ്തുത ഭൂമി ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ വകുപ്പുകളോ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളോ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ അപേക്ഷകളിന്മേൽ വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ള തീരുമാനം അറിയിക്കാമോ?

ഗവ. ഐ.ടി.ഐ. ചാത്തന്നൂർ, ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്, ക്ലീൻ കേരള കമ്പനി എന്നീ സ്ഥാപനങ്ങൾ ഭൂമി ആവശ്യപ്പെട്ടിരുന്നു. ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിലെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട്, സമീപത്തുള്ള വയലിൽ ഭഗവതി ക്ഷേത്രവുമായി പരവൂർ മുൻസിഫ് കോടതിയിലും മെ. കേഡസിന് നൽകിയ 150 സെന്റിൽ 110 സെന്റ് തിരിച്ചെടുത്ത് പുതിയ സംരംഭകന് അനുവദിച്ച നടപടിയിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും കേസ്സുകൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത കേസ്സുകൾ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ അപേക്ഷ പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂരിലെ വഞ്ചി ക്ലേമൈൻസ് ഭൂമി നിലവിൽ ആർക്കെങ്കിലും പാട്ടത്തിനോ മറ്റ് വ്യവസ്ഥകൾ

പ്രകാരമോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മുഴുവൻ വിശദാംശങ്ങളും വ്യക്തമാക്കാമോ?

ഉണ്ട്. മെ. കേരള എഡ്യൂക്കേഷണൽ ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് സൊസൈറ്റി (KEDES)-ക്ക് 150 സെന്റ് ഭൂമിയും മെ. ലാൻസെറ്റ് ഗ്ലാസ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് 108.44 സെന്റ് ഭൂമിയും ഹയർ പർച്ചേസ് വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്.

അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണം

178 (585) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷം അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണത്തിനായി ബജറ്റിൽ അനുവദിച്ച 5 കോടി രൂപയുടെ ഭരണാനുമതിയായോയെന്ന് വിശദമാക്കാമോ;

(ബി) ടി തുക ഉപയോഗിച്ച് അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണത്തിനായി ബജറ്റിൽ 5 കോടി രൂപ പ്രത്യേകമായി വകയിരുത്തിയിരുന്നില്ല.

ആലപ്പുഴ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

179 (586) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആലപ്പുഴ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളും ചെലവാക്കിയ തുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആലപ്പുഴ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയംസംരംഭങ്ങളുടെ കണക്കുകൾ വ്യക്തമാക്കാമോ; പ്രസ്തുത സംരംഭങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1661 സ്വയംസംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 3,70,50,392/- രൂപ അനുവദിച്ചുനൽകിയിട്ടുമുണ്ട്.

(ഡി) ആലപ്പുഴയുടെ ടൂറിസം സാധ്യതകൾ പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

സംരംഭക വർഷം പദ്ധതി

180 (587) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭക വർഷം പദ്ധതിയിലൂടെ എത്ര സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2025 ഫെബ്രുവരി 3 വരെയുള്ള കാലയളവിൽ 342901

പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 22,005.85 കോടി രൂപയുടെ നിക്ഷേപവും 727188 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്

181 (588) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്'-ന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ; ഇത് എന്നത്തേക്കാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയും സംസ്ഥാനത്തെ നിലവിലുള്ള നിക്ഷേപ സൗഹൃദ അന്തരീക്ഷം വിവിധ നിക്ഷേപകരിലേക്കും രാജ്യങ്ങളുടെ പ്രതിനിധികളിലേക്കും മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളിലേക്കും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഏജൻസികളിലേക്കും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയും കേരളത്തെ നിക്ഷേപ സൗഹൃദ

സംസ്ഥാനമാക്കാനുള്ള ശ്രമങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന വിശാലമായ ലക്ഷ്യത്തോടുകൂടിയും 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചി ബോൾഗാട്ടിയിലെ ഗ്രാൻഡ് ഹയാത്ത് ഹോട്ടലിലുള്ള ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽവച്ച് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്-2025 (Invest Kerala Global Summit-2025) എന്ന് പേരിട്ടിട്ടുള്ള നിക്ഷേപക സംഗമം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്, സംസ്ഥാനത്തെ ഇന്നൊവേഷനും നിക്ഷേപത്തിനുമുള്ള ആഗോള കേന്ദ്രമായി മാറ്റാനുള്ള കേരളത്തിന്റെ ശ്രമത്തിന്റെ ഒരു നാഴികക്കല്ലായി മാറും. ഈ അഭിമാനകരമായ ഇവന്റിൽ എക്സിബിഷനുകൾ, പ്രഭാഷണങ്ങൾ, വ്യവസായ പ്രമുഖരുമായുള്ള ഫയർസൈഡ് ചാറ്റുകൾ, മറ്റ് ഇരുപതിൽപരം ആകർഷകമായ സെഷനുകൾ എന്നിവ അവതരിപ്പിക്കും. ഏകദേശം 2000 പ്രതിനിധികളും പ്രമുഖ ആഗോള വ്യക്തിത്വങ്ങളും പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന ഉച്ചകോടി സംസ്ഥാനത്തേക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള ഒരു പ്രധാന

വേദിയായി പ്രവർത്തിക്കും. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ലക്ഷ്യം കേരളത്തെ ഒരു മികച്ച നിക്ഷേപ കേന്ദ്രമായി അവതരിപ്പിക്കുക, ഉയർന്ന മൂല്യമുള്ള നിക്ഷേപങ്ങൾ ആകർഷിക്കുക, സംസ്ഥാനത്തിന്റെ ബിസിനസ്സ് സൗഹൃദ ആവാസവ്യവസ്ഥയും വൈദഗ്ധ്യമുള്ള ടാലന്റ് പൂളും ഉയർത്തിക്കാട്ടിക്കൊണ്ട് സുസ്ഥിര സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുകയെന്നതാണ്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് പുതിയ കമ്പനികളെ ആകർഷിക്കുവാൻവേണ്ടി മാത്രമല്ല, നിലവിലുള്ള കമ്പനികളുടെ റീ-ഇൻവെസ്റ്റ്മെന്റുകൂടി ലക്ഷ്യമിടുന്നു.

വ്യവസായ സംരംഭങ്ങൾ

182 (589) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും തുടങ്ങിയ വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സംരംഭങ്ങളും അവയുടെ മുടക്കുമുതലും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 മുതൽ 2024-25 വരെ കെ.എസ്.ഐ.ഡി.സി.-യിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കിയ വ്യവസായ സംരംഭങ്ങങ്ങളുടെ വിവരങ്ങൾ (അധിക ലോണുകൾ ഉൾപ്പെടെ) ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.

ജില്ല	യൂണിറ്റുകളുടെ എണ്ണം	പദ്ധതി ചെലവ് (ലക്ഷം രൂപയിൽ)
ആലപ്പുഴ	17	16,330.00
എറണാകുളം	9	9,244.66
ഇടുക്കി	1	-
കണ്ണൂർ	13	10,231.85
കൊല്ലം	15	3,972.23
കൊല്ലം	1	17,200.00

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോട്ടയം	13	4,483.81
കോഴിക്കോട്	17	5,950.97
പാലക്കാട്	15	16,225.41
പത്തനംതിട്ട	3	6,533.72
തിരുവനന്തപുരം	43	43,932.00
തൃശ്ശൂർ	2	4,113.00
വയനാട്	1	84.72
കാസർഗോഡ്	2	1115.00
മലപ്പുറം	1	450.00

കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് സയൻസ് പാർക്കിൻ കീഴിൽ 13 കമ്പനികളാണ് പ്രവർത്തനം ആരംഭിച്ചത്. അവയുടെ വിശദാംശം അനുബന്ധമായി[+] ഉള്ളടക്കം ചെയ്യുന്നു. അതുകൂടാതെ, കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ പാർക്കുകളിൽ 2016-17, 2024-25 കാലഘട്ടത്തിൽ 194 സംരംഭങ്ങൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ BPT-യുടെ അവലോകന പരിധിയിൽ പുതിയതായി പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുന്നതോടൊപ്പം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ പ്രവർത്തിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർനാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി 2022 ജനുവരി 1-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2022 നവംബർ മുതൽ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപാദനം നടന്നുവരികയാണ്.

മേൽപ്പറഞ്ഞത് കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ.-ന് BHEL-EML-ൽ ഉണ്ടായിരുന്ന 50 ശതമാനം ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന് പുനർനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ

അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി 01-04-2022 മുതൽ പ്രവർത്തനം ആരംഭിച്ചു.

(സി) സംസ്ഥാനത്ത് കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പൂട്ടിയ സംരംഭങ്ങൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു. കഴിഞ്ഞ ഒമ്പത് വർഷക്കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പ്രവർത്തനം പൂർണ്ണമായി നിർത്തിവയ്ക്കുകയോ അവസാനിപ്പിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Steel Authority of India Ltd (SAIL)-മായുള്ള സംയുക്ത സംരംഭമായ കോഴിക്കോട് SAIL-SCL Kerala Ltd, കാനറാ ബാങ്കിൽനിന്നും കമ്പനിക്ക് നൽകിയ വായ്പ മുടങ്ങിയതിന്റെ ഭാഗമായി, ബാങ്ക് നാഷണൽ കമ്പനി ലാ ട്രൈബ്യൂണലിൽ (NCLT) നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ Corporate Insolvency Resolution Plan (CIRP) പ്രകാരം റെസല്യൂഷൻ പ്ലാൻ അംഗീകരിച്ചത് റദ്ദ് ചെയ്യുന്നതിനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ NCLT-യിൽ പുരോഗമിക്കുകയാണ്. ഇത് കാരണം പ്രസ്തുത സ്ഥാപനത്തിന്റെ ഉൽപാദനം മുടങ്ങിയിട്ടുണ്ട്.

(ഡി) ഈ വ്യവസായ സംരംഭങ്ങൾ പൂട്ടിയതുകാരണം എത്ര കോടി രൂപ നഷ്ടമുണ്ടായെന്നും എത്ര പേർക്ക് തൊഴിലുകൾ നഷ്ടമായെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഈ വ്യവസായ സംരംഭങ്ങൾ പൂട്ടിയതുകാരണമുണ്ടായ ഉത്പാദന നഷ്ടം കണക്കാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ 1,03,764 പേർ ജോലി ചെയ്തിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഒൻപത് വർഷക്കാലയളവിലെ കണക്കാണിത് എന്നതിനാൽ ഈ എണ്ണത്തിൽ ഒരേ തൊഴിലാളിതന്നെ ഒന്നിലധികം തവണ ഉൾപ്പെട്ടിരിക്കാനും കൂടാതെ ഒരു സ്ഥാപനം പൂട്ടിപ്പോയാൽ അതിലെ ചില തൊഴിലാളികൾക്കെങ്കിലും മറ്റുസ്ഥാപനങ്ങളിൽ തൊഴിൽ കിട്ടാനും സാധ്യതയുള്ളതിനാൽ സ്ഥാപനങ്ങൾ പൂട്ടിപ്പോയത് കാരണമുള്ള യഥാർഥ തൊഴിൽനഷ്ടം കണക്കാക്കാൻ കഴിയുന്നതല്ല.

(ഇ) തൊഴിലുകൾ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംരംഭങ്ങൾ പൂട്ടിപ്പോകുന്നതിലൂടെ തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. എന്നാൽ തകർച്ച നേരിടുന്നതോ പ്രവർത്തനരഹിതമോ ആയ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. 31-03-2023 വരെ നിലവിലുണ്ടായിരുന്ന 'തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരധിവാസവും പുനരുജ്ജീവനവും', 'പ്രവർത്തനരഹിതമായ യൂണിറ്റുകൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും' എന്നീ രണ്ട് പദ്ധതികൾ സംയോജിപ്പിച്ച് തകർച്ച നേരിടുന്ന (Stressed) എം.എസ്.എം.ഇ.-കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ.-കൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി എന്ന പേരിൽ പുതിയൊരു പദ്ധതി നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

'തകർച്ച നേരിടുന്നതോ, പ്രവർത്തനരഹിതമോ ആയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSME's with Stressed Asset, Defunct MSME Units and Cashew processing Units)' പ്രകാരം തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Asset) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെയും പ്രവർത്തനരഹിതമായ യൂണിറ്റുകൾ (Defunct MSMEs) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 8 ലക്ഷം രൂപ വരെയും നിബന്ധനകൾക്ക് വിധേയമായി നൽകുന്നു. പദ്ധതി പ്രകാരം നാലുതരം സഹായങ്ങൾ (ഘടകങ്ങൾ) ആണ് പ്രവർത്തനരഹിതമായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് നൽകുന്നത്. ഇതിൽ അനുയോജ്യമായ ഒരു ഘടകത്തിനുമാത്രമായിരിക്കും യൂണിറ്റിന് അപേക്ഷിക്കുവാൻ കഴിയുക. അവ ചുവടെ ചേർക്കുന്നു.

a) ബാങ്ക് വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള സഹായം (Assistance for clearance to bank loan overdue)

തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with stressed asset)-ക്ക് ബാങ്ക് വായ്പാ കുടിശ്ശിക (overdue)-യുടെ 50 ശതമാനം, പരമാവധി ഒരു ലക്ഷം രൂപവരെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

b) പുതുതായി/അധികമായി എടുക്കുന്ന വായ്പയ്ക്ക് നൽകുന്ന സഹായം (Grant Assistance for additional/ new bank loan)

ബാങ്ക് വായ്പയെടുത്ത് യൂണിറ്റ് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നൽകുന്ന സഹായമാണിത്. ജില്ലാതല എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്യുന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരം ലഭിക്കുന്ന ബാങ്ക് വായ്പയ്ക്കായിരിക്കും ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുക. ഇപ്രകാരം അപേക്ഷിക്കുന്ന പ്രവർത്തനരഹിതമായ യൂണിറ്റുകൾ (defunct MSMEs) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 8 ലക്ഷം രൂപവരെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

(തകർച്ച നേരിടുന്ന സംരംഭങ്ങൾക്ക് മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾക്കും അപേക്ഷിക്കാവുന്നതാണ്)

c) യൂണിറ്റ് പുനരുജ്ജീവിപ്പിക്കുന്നതിന് നൽകുന്ന സഹായം (Revitalization Grant Assistance)

പ്രവർത്തനരഹിതമായ യൂണിറ്റുകൾ (Defunct MSMEs) സംരംഭകൻ സ്വന്തം മുതൽമുടക്ക് ഉപയോഗിച്ചോ ബാങ്ക് വായ്പയെടുത്തോ യൂണിറ്റ് വികസിപ്പിച്ച് പ്രവർത്തനം ആരംഭിക്കുകയാണെങ്കിൽ അത്തരം യൂണിറ്റുകൾക്ക് നൽകുന്ന സഹായമാണിത്. ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്ന യൂണിറ്റുകൾക്ക് പരമാവധി 8 ലക്ഷം രൂപവരെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

d) പ്രവർത്തനരഹിതമായ യൂണിറ്റുകൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് നൽകുന്ന സഹായം. (Assistance for take over of defunct MSMEs)

പ്രവർത്തനരഹിതമായ യൂണിറ്റുകൾ ഏറ്റെടുത്ത് പ്രവർത്തന നിരതമാക്കുകയാണെങ്കിൽ ഇപ്രകാരമുള്ള യൂണിറ്റുകൾക്ക് ഏറ്റെടുക്കൽ തുകയുടെ 30 ശതമാനം, പരമാവധി ഒരു ലക്ഷം രൂപവരെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

ഈസ് ഓഫ് ഡൂയിങ് ബിസിനസ്

183 (590) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ് ഓഫ് ഡൂയിങ് ബിസിനസ് പദ്ധതി പ്രകാരം പുതിയ വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഈസ് ഓഫ് ഡൂയിങ് ബിസിനസ് റിഫോംസിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമാവശ്യമായ അനുമതികൾ എളുപ്പത്തിലും സുതാര്യമായും സമയബന്ധിതമായും ലഭ്യമാക്കിവരുന്നു. വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2018-ൽ "കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം" സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ചുവർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾമുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ

കല്പിത അനുമതി ലഭ്യമാകുന്നതാണ്. 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നര വർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" നൽകുന്നു. ലഭിക്കുന്ന സാക്ഷ്യപത്രത്തിന് മൂന്നുവർഷവും 6 മാസവും കാലാവധിയുണ്ട്. ഈ കാലയളവിനുള്ളിൽ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികൾ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. മേൽപ്പറഞ്ഞ നിയമ പരിഷ്കരണങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ

മുന്നോട്ടുവരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രസ്തുത പദ്ധതി മുഖേന അനുമതി നല്കിയിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ഭക്ഷ്യ സംസ്കരണം, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, വസ്തുങ്ങളും തുണിത്തരങ്ങളുടെയും നിർമ്മാണം, വ്യക്തിഗത പരിചരണ ഉൽപ്പന്നങ്ങൾ, സൗന്ദര്യവർധക വസ്തുക്കൾ, ആരോഗ്യ ഉപകരണങ്ങൾ/അനുബന്ധ ഉപകരണങ്ങൾ, കാർഷിക അനുബന്ധ ഉൽപ്പന്നങ്ങൾ, റബ്ബർ ഉൽപ്പന്നങ്ങൾ തുടങ്ങി നിരവധി മേഖലകളിലായിവരുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കാണ് പ്രസ്തുത പദ്ധതി മുഖേന അനുമതി നൽകിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി[+] ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതിമൂലം സംസ്ഥാനത്ത് നിക്ഷേപസമാഹരണ പ്രവർത്തനങ്ങൾക്ക് ഗതിവേഗം കൂടിയിട്ടുണ്ടോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് റിഫോംസിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അനുമതികൾ എളുപ്പത്തിലും സുതാര്യമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിനും അതുവഴി കൂടുതൽ സംരംഭങ്ങൾക്ക് സംസ്ഥാനത്തിൽ വ്യവസായം ആരംഭിക്കാനുമുതകുന്ന ഒരു അന്തരീക്ഷം കെട്ടിപ്പടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ സംയോജിത ഫലമായാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കാനായത്. നൂറ് ശതമാനവും സംരംഭകരിൽനിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന സൂചികയിൽ, പരിഷ്കരണ മേഖലകളിൽ 95 ശതമാനം പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടിയാണ് സംസ്ഥാനം മികച്ച നേട്ടം കൈവരിച്ചതെന്ന വസ്തുത, സംസ്ഥാനം നടപ്പിലാക്കിയ പരിഷ്കരണങ്ങളെ നിക്ഷേപകർ സ്വീകരിച്ചുവെന്നതിന് തെളിവാണ്.

ഇത്തരത്തിൽ നടപ്പിലാക്കിയ വിവിധങ്ങളായ നടപടികൾ ബിസിനസ് ആരംഭിക്കുന്നവർക്കും നിക്ഷേപകർക്കും വലിയ രീതിയിൽ സഹായകമായിട്ടുണ്ട്. ഇതിന്റെ ഫലമായി, വ്യവസായ വികസനം കൂടുതൽ വേഗത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞതോടൊപ്പം തൊഴിലവസരങ്ങൾ വർധിക്കുകയും നിക്ഷേപകരുടെ ആത്മവിശ്വാസം ഉയരുകയും ചെയ്തു. ഇത്തരത്തിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി ചുവടെ പറയുന്ന വിശദാംശങ്ങൾ പ്രകാരം നിക്ഷേപ സമാഹരണ രംഗത്ത് ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

- 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിനുകീഴിലുള്ള ഇളവുകൾ പ്രയോജനപ്പെടുത്തി നാളിതുവരെ 63726 സംരംഭകർ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ സ്വന്തമാക്കി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- സംരംഭകത്വ പ്രോത്സാഹനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച സംരംഭക വർഷം പദ്ധതിവഴി ആകെ 342936 സംരംഭങ്ങൾ സംസ്ഥാനത്ത്

രജിസ്റ്റർ ചെയ്യപ്പെടുകയും അതുവഴി 22,010.48 കോടി രൂപ നിക്ഷേപവും 727253 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

- 966 സംരംഭകരിൽനിന്നും 29000 കോടിയിലധികം നിക്ഷേപം സംസ്ഥാനത്ത് പുതുതായി വന്നു. ഇതോടൊപ്പം 5000 കോടിയിലധികം വരുന്ന പുനർനിക്ഷേപങ്ങൾക്കുള്ള സാധ്യതയും സംസ്ഥാനം മുന്നിൽ കാണുന്നു.
- വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി നടപ്പിലാക്കിയ കെ-സിസ് എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനത്തിൽ, (Kerala Centralised Inspection System) നിലവിൽ 4 വകുപ്പുകളെ സംയോജിപ്പിക്കാനും അഞ്ചുലക്ഷത്തിലധികം സംരംഭങ്ങളെ രജിസ്റ്റർ ചെയ്യിക്കാനും സാധിച്ചു.
- അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഭേദഗതികൾവഴി കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെയും

കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് ചട്ടം നിലവിൽ കൊണ്ടുവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് ചട്ടവും നിലവിൽവന്നു. ഇതിലൂടെ സംരംഭകർ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് നാളുകളായി നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു.

- ഇത്തരത്തിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾമൂലം സംസ്ഥാനത്ത് നിരവധി സംരംഭങ്ങൾ ആരംഭിക്കുകയും ആയതുവഴി സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനത്തിൽ 2017-നോട് താരതമ്യപ്പെടുത്തുമ്പോൾ, 17 ശതമാനം സംയുക്ത വാർഷിക വളർച്ചാനിരക്ക് കൈവരിക്കാനും സാധിച്ചു.

നിക്ഷേപ സമാഹരണ രംഗത്ത് ഇത്തരത്തിൽ ലഭിച്ച നേട്ടങ്ങളെ കൃത്യമായി ഉപയോഗപ്പെടുത്തുന്നതിനും തുടർന്നും നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനുമായി നിരവധി നിക്ഷേപ പ്രോത്സാഹന

പ്രവർത്തനങ്ങളും സംസ്ഥാനം നടത്തിവരികയാണ്. ഇതുവഴി കേരളത്തിലേക്കുള്ള നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഗതിവേഗം ഉണ്ടാകുന്ന സാഹചര്യമാണ് പ്രതീക്ഷിക്കുന്നത്.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളേജുകൾ

184 (591) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയുടെ ആദ്യഘട്ടത്തിൽ എത്ര കോളേജുകളെയാണ് തിരഞ്ഞെടുത്തതെന്ന് അറിയിക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽനിന്ന് ഏതൊക്കെ കോളേജുകളെയാണ് തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ, കണ്ണൂർ ജില്ലയിൽനിന്നുള്ള 2 അപേക്ഷകളുൾപ്പെടെ ആകെ 19 അപേക്ഷകൾ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിക്കായി ഓൺലൈൻ പോർട്ടൽ മുഖേന ലഭ്യമായിട്ടുണ്ട്. അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി കോളേജുകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആശ്രിത നിയമനം

185 (592) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോജക്ട് ലിമിറ്റഡിൽ സേവനം അനുഷ്ഠിച്ചുവരവെ അന്തരിച്ച ജോൺസൺ വർഗ്ഗീസിന്റെ ഭാര്യ ശ്രീമതി ആർ. ഉഷാകുമാരി ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രീമതി ഉഷാകുമാരിയുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല. ജോൺസൺ വർഗ്ഗീസിന്റെ അനന്തരാവകാശികളെ സംബന്ധിച്ച കോടതിവ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ കോടതിവിധിക്ക് വിധേയമായി മാത്രമേ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ ലഭിച്ചിട്ടുള്ള അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളുവെന്ന് കമ്പനി മാനേജിങ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷ ബോർഡ്

തീരുമാനംസഹിതം ലഭിക്കുന്നമുറയ്ക്ക് സർക്കാർതലത്തിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഏനാദിമംഗലം കിൻഫ്രാ പാർക്ക്

186 (593) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ഏനാദിമംഗലം കിൻഫ്രാ പാർക്കിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഏനാദിമംഗലം കിൻഫ്രാ പാർക്കിൽ ആകെ 52 സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്. പാർക്കിൽ പ്രവർത്തിക്കുന്ന 30 സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. 22 യൂണിറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) പ്രസ്തുത പാർക്കിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; വിശദവിവരങ്ങൾ നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏനാദിമംഗലം കിൻഫ്രാ പാർക്കിൽ ആകെ 52 സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്. പാർക്കിൽ പ്രവർത്തിക്കുന്ന 30 സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. 22 യൂണിറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

സിഡ്കോ വുഡ് വർക്കിങ് യൂണിറ്റ്

187 (594) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കൊല്ലക്കടവിൽ സിഡ്കോ വുഡ് വർക്കിങ് യൂണിറ്റ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്തുതന്നെ വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സിഡ്കോയുടെ കീഴിലുള്ള 8 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം 9.95 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൽനിന്നും സിഡ്കോ വുഡ് വർക്ക്ഷോപ്പ് കൊല്ലക്കടവ് യൂണിറ്റിന്റെ നവീകരണത്തിനായി 28,71,616/- രൂപയുടെ മെഷീനറികൾ വാങ്ങിയിട്ടുമുണ്ട്. ഈ ഉൽപാദന യൂണിറ്റിന്റെ 2021 മുതലുള്ള വിറ്റുവരവ് ചുവടെ കൊടുക്കുന്നു.

2021-22	255.1 ലക്ഷം
2022-23	232.57 ലക്ഷം
2023-24	216.66 ലക്ഷം

(സി) പ്രസ്തുത സ്ഥാപനം മാവേലിക്കര മണ്ഡലത്തിൽ നിലനിർത്തി ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മേൽ സൂചിപ്പിച്ച മെഷീനുകൾ സിഡ്കോ വുഡ് വർക്ക്ഷോപ്പ് കൊല്ലക്കടവ് യൂണിറ്റിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. യൂണിറ്റ് ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ആലത്തൂർ മണ്ഡലത്തിലെ ചെറുകിട സംരംഭങ്ങൾ

188 (595) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭകർക്ക് അനുമതിയും സഹായവും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ 2219 സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചതിലൂടെ 94.9 കോടി രൂപയുടെ നിക്ഷേപവും 4736 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സംരംഭങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

ക്രമ നം.	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം	നിക്ഷേപം (കോടി രൂപയിൽ)	തൊഴിലവസരങ്ങൾ
1	ആലത്തൂർ	427	17.11	968
2	എരിമയൂർ	321	13.76	667
3	കിഴക്കഞ്ചേരി	275	9.24	468

4	കുഴൽമന്ദം	329	18.18	683
5	തെങ്കുറിശ്ശി	244	13.47	630
6	വണ്ടാഴി	359	15.12	715
7	മേലാർക്കോട്	264	8.02	605
ആകെ		2219	94.9	4736

വിവിധ സാമ്പത്തിക സഹായ പദ്ധതികളിലൂടെ ആലത്തൂർ മണ്ഡലത്തിൽ 218 സംരംഭകർക്ക് 368.61 ലക്ഷം രൂപയുടെ സഹായം നൽകിയിട്ടുണ്ട്. സംരംഭങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	തദ്ദേശ സ്വയംഭരണ സ്ഥാപനം	സാമ്പത്തിക സഹായ പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച സഹായം (രൂപ)
1	കുഴൽമന്ദം	പി.എം.എഫ്.എം.ഇ.	3	38000
		സംരംഭകത്വ സഹായ പദ്ധതി	1	398000
		ഒരു കുടുംബം ഒരു സംരംഭം	5	32500
		പി.എം.ഇ.ജി.പി.	9	3107600
		മാർജിൻ മണി ഗ്രാന്റ് ടു നാനോ	2	350000
		എം.എസ്.എം.ഇ. ഇൻഷ്വറൻസ്	1	1531
2	തെങ്കുറിശ്ശി	പി.എം.എഫ്.എം.ഇ.	3	408000

		സംരംഭകത്വ സഹായ പദ്ധതി	0	0
		ഒരു കുടുംബം ഒരു സംരംഭം	6	54247
		പി.എം.ഇ.ജി.പി.	14	3507400
		മാർജിൻ മണി ഗ്രാന്റ് ടു നാനോ	0	0
		എം.എസ്.എം.ഇ. ഇൻഷ്വറൻസ്	3	5000
3	ആലത്തൂർ	പി.എം.എഫ്.എം.ഇ.	11	3077000
		സംരംഭകത്വ സഹായ പദ്ധതി	0	0
		ഒരു കുടുംബം ഒരു സംരംഭം	3	22710
		പി.എം.ഇ.ജി.പി.	31	4932015
		മാർജിൻ മണി ഗ്രാന്റ് ടു നാനോ	1	400000
		എം.എസ്.എം.ഇ. ഇൻഷ്വറൻസ്	3	979
4	എരിമയൂർ	പി.എം.എഫ്.എം.ഇ.	5	680000
		സംരംഭകത്വ സഹായ പദ്ധതി	0	0
		ഒരു കുടുംബം ഒരു സംരംഭം	3	23545
		പി.എം.ഇ.ജി.പി.	27	4431450
		മാർജിൻ മണി ഗ്രാന്റ് ടു നാനോ	2	552000
		എം.എസ്.എം.ഇ.	4	6572

		ഇൻഷ്വറൻസ്		
5	കിഴക്കഞ്ചേരി	പി.എം.എഫ്.എം.ഇ.	3	420000
		സംരംഭകത്വ സഹായ പദ്ധതി	2	4066361
		ഒരു കുടുംബം ഒരു സംരംഭം	3	61445
		പി.എം.ഇ.ജി.പി.	16	2347434
		മാർജിൻ മണി ഗ്രാന്റ് ടു നാനോ	2	716940
		എം.എസ്.എം.ഇ. ഇൻഷ്വറൻസ്	3	4561
6	മേലാർക്കോട്	പി.എം.എഫ്.എം.ഇ.	1	253400
		സംരംഭകത്വ സഹായ പദ്ധതി	0	0
		ഒരു കുടുംബം ഒരു സംരംഭം	2	3697
		പി.എം.ഇ.ജി.പി.	15	1903759
		മാർജിൻ മണി ഗ്രാന്റ് ടു നാനോ	0	0
		എം.എസ്.എം.ഇ. ഇൻഷ്വറൻസ്	3	8765
7	വണ്ടാഴി	പി.എം.എഫ്.എം.ഇ.	8	1214470
		സംരംഭകത്വ സഹായ പദ്ധതി	1	631410
		ഒരു കുടുംബം ഒരു സംരംഭം	2	21559
		പി.എം.ഇ.ജി.പി.	12	3000919
		മാർജിൻ മണി ഗ്രാന്റ്	1	166942

		ടു നാനോ		
		എം.എസ്.എം.ഇ. ഇൻഷ്വറൻസ്	7	10348
ആകെ			218	36860559

കൂടാതെ ഈ സർക്കാർ അധികാരമേറ്റശേഷം സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 7 തദ്ദേശസ്ഥാപനങ്ങളിലായി 28 ജനറൽ ഓറിയന്റേഷൻ ടെയിനിങ്ങുകളും 14 ലോൺ-ലൈസൻസ്-സബ്സിഡി മേളകളും 7 ഫെസിലിറ്റേഷൻ ക്യാമ്പയിനുകളും നടത്തിയിട്ടുണ്ട്. ജനറൽ ഓറിയന്റേഷൻ ടെയിനിങ്ങിൽ ആലത്തൂർ മണ്ഡലത്തിൽനിന്നും 1816 പേർ പങ്കെടുക്കുകയും അവരിൽനിന്നും 800-ൽ കൂടുതൽപേർക്ക് സംരംഭം തുടങ്ങാനുള്ള സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ലോൺ/ലൈസൻസ്/ സബ്സിഡി മേളയിൽ 695 പേർ പങ്കെടുത്തതിൽ 95 പേർക്ക് ലൈസൻസുകളും ലോണുകളും സബ്സിഡി സഹായങ്ങളും നൽകിയിട്ടുണ്ട്. LSGD ഫെസിലിറ്റേഷൻ ക്യാമ്പയനിൽ പങ്കെടുത്ത 600-ൽ കൂടുതൽ പേർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയുണ്ടായി. തദ്ദേശ സ്ഥാപനങ്ങളിലെ സംരംഭകരുടെ ഒരു കൂട്ടായ്മ രൂപീകരിച്ച് സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനായി വകുപ്പ് നടപ്പിലാക്കിവരുന്ന

പദ്ധതിയാണ് 'സംരംഭക സഭ'. മണ്ഡലത്തിൽ ഇതുവരെ 7 'സംരംഭക സഭ' നടത്തിയതിൽ 500 സംരംഭകർ പങ്കെടുത്തിട്ടുണ്ട്. സംരംഭക സഭയിൽ സംരംഭകരുടെ Feed back ശേഖരിക്കുകയും അവരുടെ ആവശ്യങ്ങൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. സംസ്ഥാനത്തെ 1000 സംരംഭങ്ങളുടെ വാർഷികവരുമാനം ശരാശരി 100 കോടി രൂപയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന മിഷൻ 1000 സ്കെയിൽ അപ്പ് പദ്ധതിയിൽ ആലത്തൂർ മണ്ഡലത്തിലെ ഒരു സംരംഭം ഉൾപ്പെടുന്നുണ്ട്. ജില്ലാതലത്തിൽ നടത്തിയ പരിശീലന പരിപാടികളിൽ ആലത്തൂർ മണ്ഡലത്തിൽനിന്നും 4 സംരംഭകത്വ വികസന പരിപാടികളിലായി 15-ഉം 4 ടെക്നോളജി ക്ലിനിക്കുകളിലായി 10-ഉം 3 നിക്ഷേപ സംഗമങ്ങളിലായി 34 സംരംഭകരും പങ്കെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

നിലവിൽ മേൽസൂചിപ്പിച്ച പദ്ധതികൾ തുടർന്നും നടപ്പിലാക്കിവരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നമുറയ്ക്ക് സ്ഥാപനം ആരംഭിക്കുന്നതിനുള്ള അനുമതികൾ ലഭ്യമാക്കുന്നതിനും വിവിധ പദ്ധതികളിലൂടെ ധനസഹായം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചെറുകിട സംരംഭങ്ങൾ

189 (596) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് ഇതുവരെ എത്ര ചെറുകിട സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 05-02-2025 വരെ 357529 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇവയിലൂടെ എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 05-02-2025 വരെ ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിലൂടെ 780711 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഇതുവരെ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് എത്ര കോടി രൂപയുടെ സബ്സിഡി നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സംരംഭങ്ങൾക്ക് 222.0025 കോടി രൂപ വിവിധ പദ്ധതികൾ പ്രകാരം സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	വിതരണം ചെയ്ത തുക (രൂപയിൽ)
1	2021-22	84,45,57,437
2	2022-23	58,98,85,787
3	2023-24	51,43,55,097
4	2024-25	27,12,27,322
ആകെ		2,22,00,25,643

ചെറുകിട വ്യവസായ സംരംഭങ്ങൾ

190 (597) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ചേലക്കര മണ്ഡലത്തിലുൾപ്പെടുന്ന പഴയന്നൂർ, വടക്കാഞ്ചേരി ബ്ലോക്കുതല വ്യവസായ ഓഫീസുകൾ മുഖേന എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഴയന്നൂർ ബ്ലോക്കിൽ 1867 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് (ഉൽപാദന മേഖലയിൽ-420, സേവന മേഖലയിൽ-822, വ്യാപാര മേഖലയിൽ-625). വടക്കാഞ്ചേരി ബ്ലോക്കിൽ 1319 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. (ഉൽപാദന മേഖലയിൽ-361, സേവന മേഖലയിൽ-545, വ്യാപാര മേഖലയിൽ-413).

(ബി) ഇതിലൂടെ എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്?

പഴയന്നൂർ ബ്ലോക്കിൽ 3830 പേർക്കും വടക്കാഞ്ചേരി ബ്ലോക്കിൽ 2377 പേർക്കും തൊഴിൽ ലഭ്യമായിട്ടുണ്ട്.

(സി) എല്ലാ സംരംഭങ്ങൾക്കുമായി എത്ര രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

പഴയന്നൂർ ബ്ലോക്കിൽ 87.21 ലക്ഷം രൂപയും വടക്കാഞ്ചേരി ബ്ലോക്കിൽ 75.3 ലക്ഷം രൂപയും സബ്സിഡിയായി നൽകിയിട്ടുണ്ട്.

സൂക്ഷ്മ-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

191 (598) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സൂക്ഷ്മ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും ഇവയിൽ എത്രയെണ്ണം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ?

05-02-2025-ലെ കണക്കുപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ 357529 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് തുടർന്നുവരുന്ന സംരംഭക വർഷം പദ്ധതിപ്രകാരം 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള 243435 സ്ഥാപനങ്ങളിൽ 194198

(79 ശതമാനം) സ്ഥാപനങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി നടപ്പുസാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുള്ള സുസ്ഥിര സർവെയിലൂടെ ബോധ്യപ്പെട്ടിട്ടുണ്ട്.

മാൽക്കോടെക്സ് ജീവനക്കാരുടെ ശമ്പള കുടിശ്ശിക

192 (599) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മാൽക്കോടെക്സ് എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് നിലവിൽ ശമ്പളം കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സ്റ്റാഫ് വിഭാഗത്തിലെ ജീവനക്കാർക്ക് ഉദ്ദേശം 11 മാസക്കാലത്തെയും വർക്കേഴ്സ് വിഭാഗത്തിലെ ജീവനക്കാർക്ക് 7 മാസക്കാലത്തെയും ശമ്പള കുടിശ്ശികയുണ്ട്.

(ബി) ഉണ്ടെങ്കിൽ ജീവനക്കാർക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ?

ഉണ്ട്. സ്റ്റാഫ് വിഭാഗത്തിലെ ജീവനക്കാർക്ക് ഉദ്ദേശം 11 മാസക്കാലത്തേയും വർക്കേഴ്സ് വിഭാഗത്തിലെ ജീവനക്കാർക്ക് 7 മാസക്കാലത്തെയും ശമ്പള കുടിശ്ശികയുണ്ട്.

(സി) ശമ്പളക്കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായി നൽകാൻ കഴിയുമെന്ന വിവരം അറിയിക്കാമോ?

മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് കുടിശ്ശിക നൽകുന്നതാണ്.

പരമ്പരാഗത വ്യവസായമേഖലകളിലെ വേതന വർധനവ്

193 (600) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, ഖാദി, കൈത്തറി മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ദിവസവേതനത്തിൽ എത്ര രൂപയുടെ വർധനവ് ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

~~ഖാദി മേഖലയിൽ~~ അഖിലേന്ത്യാ ഖാദി കമ്മീഷൻ അംഗീകരിച്ച് പുറപ്പെടുവിക്കുന്ന കോസ്റ്റ് ചാർട്ട് അടിസ്ഥാനമാക്കിയാണ് ഖാദി മേഖലയിൽ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുന്നത്. ഖാദി നൂൽപ്പ്, നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ഉൽപാദനത്തിന് അനുസൃതമായി ഓരോ വൈറ്റിക്കും വ്യത്യസ്തമായ രീതിയിലാണ് കൂലി കണക്കാക്കുന്നത്. പ്രസ്തുത വകയിൽ ദിവസ ടാർജറ്റ് പൂർത്തിയാക്കുന്ന സ്പിന്നിങ് തൊഴിലാളിക്ക് ഒരു ദിവസം 487/- (നാനൂറ്റി എൺപത്തിയേഴ് രൂപ), വീവിങ് തൊഴിലാളിക്ക് 530/- (അഞ്ഞൂറ്റി മുപ്പത് രൂപ) കേരള സർക്കാരിന്റെ മിനിമം വേതനമുൾപ്പെടെ നിലവിലെ കോസ്റ്റ് ചാർട്ട് പ്രകാരം ലഭിക്കുന്നുണ്ട്. കൂടാതെ സ്പിന്നിങ് തൊഴിലാളിക്ക് ഒരു കഴി നൂല് ഉൽപാദിപ്പിക്കുന്നതിന് 60 പൈസ നിരക്കിലും നെയ്ത്ത് തൊഴിലാളിക്ക് ഒരു മീറ്റർ നെയ്യുന്നതിന് 1.80 പൈസ നിരക്കിലും ഇൻസെന്റീവ് ലഭിക്കുന്നു. 2025 ജനുവരി മുതൽ കോസ്റ്റ് ചാർജ് പുതുക്കി കൂലി വർധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നൂൽപ്പ് തൊഴിലാളിക്ക് 25 ശതമാനവും നെയ്ത്ത് തൊഴിലാളിക്ക് 7 ശതമാനവും വർധനവുണ്ടായിട്ടുണ്ട്. കയർ ഫാക്ടറി തൊഴിലാളികളുടെ വേതന

നിർണ്ണയവുമായി ബന്ധപ്പെട്ട് വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടന്നിരുന്ന അശാസ്ത്രീയമായ കൂലി നിർണ്ണയം മാറ്റാനും ഇതുവഴി ഏകീകൃത DA ഘടന നടപ്പാക്കാനും നിലവിലുള്ള കൂലിയിൽ പ്രതിദിനം 9 ശതമാനം വർധനവ് വരുത്താനും ഈ സർക്കാരിന് സാധിച്ചു. ഇതോടെ കയർ ഫാക്ടറി തൊഴിലാളികളുടെ അടിസ്ഥാന ശമ്പളവും DA-യും ചേർന്ന് 748.11 രൂപയായിരുന്നത് 9 ശതമാനം വർധനവ് വരുത്തി 815.44 രൂപയായി മാറ്റിയിട്ടുണ്ട്. പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് പദ്ധതിവഴി സർക്കാർ വിഹിതം നൽകിവരുന്നുണ്ട്. കയർ മേഖലയിൽ തൊഴിലവസരങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി, പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിങ് ഇൻസെന്റീവ് എന്നീ പദ്ധതികളിൽ ധനസഹായം നൽകിവരുന്നുണ്ട്. പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ ഹാന്റ്ക്സിലെ കൈത്തറി തൊഴിലാളികൾക്ക് 2022-ൽ കൂലിയിനത്തിൽ 30 ശതമാനം തുക വർധിപ്പിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ കൈത്തറി

തൊഴിലാളികൾക്ക് ശരാശരി 47 രൂപയുടെ വേതന വർധനവ് നടത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് അവർ ജോലി ചെയ്തെടുക്കുന്ന തുണിയുടെ അളവ് അനുസരിച്ചുള്ള വേതനമാണ് ലഭിക്കുന്നത്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കശുവണ്ടി തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി 09-02-2024-ൽ ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇപ്രകാരം 23 ശതമാനം കൂലി വർധനവാണ് കശുവണ്ടി മേഖലയിൽ നടപ്പാക്കിയിട്ടുള്ളത്. വിവിധ സെക്ഷനുകളിൽ വർധിപ്പിച്ച് നൽകിയിട്ടുള്ള കൂലി നിരക്കുകൾ ചുവടെ പറയും പ്രകാരമാണ്.

സെക്ഷൻ	നിലവിലുണ്ടായിരുന്ന കൂലി	വർധിപ്പിച്ച് നൽകിയത്
ഷെല്ലിങ്	36.19 (1 KG)	54.79 (1 KG)
പീലിങ്	46.03 (1 KG)	69.71 (1 KG)
പീലിങ് (തല്ലു പൊടി)	31.63 (1 KG)	47.90 (1 KG)
മെക്കനൈസ്ഡ് പീലിങ്		16.82 (1 KG)
ഗ്രേഡിങ്	285	422.55
വിവിധയിനം മൈക്കാടുകൾ	291.71	430.85
ജനറൽ മൈക്കാട്	312	455.76
ഹെഡ്‌ലോഡ് വർക്കർ	345.75	497.27

പ്രതിദിനം 21.06/- രൂപ നിരക്കിൽ ഡി.എ.-യും ഇതോടൊന്നിച്ച് ലഭിക്കുന്നതാണ്. ചെയ്യുന്ന ജോലിയുടെ അളവനുസരിച്ചാണ് (പീസ് റേറ്റ്) വേതനം കണക്കാക്കുന്നത്. കൂടുതൽ അളവിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ വേതനം ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് പരമ്പരാഗത തൊഴിൽ മേഖലയായ കയർ, ഫിഷറീസ്, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബീഡി & സിഗർ എന്നീ മേഖലയിൽ തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്കവിധത്തിൽ യഥാർഥത്തിൽ ലഭിക്കുന്ന വരുമാനവുമായുള്ള അന്തരം കണക്കാക്കി കുറഞ്ഞത് 1250 രൂപ ഒരു തൊഴിലാളിക്ക് സാമ്പത്തിക സഹായമായി ഇൻകം സപ്പോർട്ട് സ്കീം തൊഴിൽ വകുപ്പ് മുഖേന അനുവദിച്ചുവരുന്നുണ്ട്.

(ബി) പരമ്പരാഗത വ്യവസായ മേഖലയിൽ പുതുതായി എത്ര തൊഴിൽ ദിനങ്ങളും തൊഴിലാളികളുടെ എണ്ണവും അധികമായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

ഖാദി മേഖലയിലുള്ള 12500-ഓളം തൊഴിലാളികൾക്ക് വർഷത്തിൽ 280 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിക്കൊണ്ട് പ്രസ്തുത മേഖലയിലുള്ള തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ 18732 തൊഴിൽദിനങ്ങളും 20 തൊഴിലാളികളുടെ എണ്ണവും അധികമായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കയർ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശരാശരി ഒരു വർഷം 60 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം ഉൽപാദനം നടത്തിയതിലൂടെ ചകിരി ഉൽപാദന മേഖല, കയർപിരി മേഖല, ഉൽപാദന മേഖല എന്നിവയിലാകെ പുതുതായി 3200-ഓളം തൊഴിലവസരം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത കയർപിരി മേഖലയിൽ 18845 തൊഴിലാളികൾ തൊഴിലിൽ ഏർപ്പെടുകയും വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യമുൾപ്പെടെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒറീസയിലെ മെ. ഗീത മൊഹന്തി ഖനിയിൽ ഭൂവസ്ത്രം ഉപയോഗിച്ചുള്ള ഒരു പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതുവഴി പതിനായിരത്തോളം പുതിയ തൊഴിൽദിനങ്ങൾ കയർ മേഖലയിൽ സൃഷ്ടിക്കാൻ സാധിച്ചു. വിപണന മൂല്യമുള്ള വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ

നിർമ്മിക്കുന്നിനുള്ള പരിശീലനം കയർ തൊഴിലാളികൾക്ക് നൽകിയതുവഴി ഉൽപ്പന്ന മേഖലയിൽ ഇതുവരെ അയ്യായിരത്തോളം പുതിയ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 5471 പേർ പുതുതായി അംഗത്വമെടുക്കുകയും പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷനിൽ 561 തൊഴിലാളികളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി വ്യവസായത്തിൽ പ്രവർത്തിക്കുന്ന കാപ്പെക്സ് നിലവിലെ സർക്കാർ വന്നശേഷം തൊഴിൽ നഷ്ടപ്പെട്ട സ്വകാര്യ മേഖലയിലെ 250 തൊഴിലാളികളെ വിവിധ സെക്ഷനുകളിൽ നിയമിക്കുകയുണ്ടായി. തൊഴിൽ വകുപ്പിനുകീഴിൽവരുന്ന കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 55204 അംഗങ്ങളും കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 10214 അംഗങ്ങളുമാണ് നിലവിലുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള കശുവണ്ടി തൊഴിലാളി

ആശ്വാസ ക്ഷേമനിധി ബോർഡിൽ 2055 പേരും കേരള കൈത്തറി ക്ഷേമനിധി ബോർഡിൽ 659 പേരും പുതുതായി അംഗത്വം എടുത്തിട്ടുണ്ട്.

എടവിലങ്ങ് കൈതോല പായ നെയ്ത്ത് വ്യവസായം

194 (601) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം മണ്ഡലത്തിലെ എടവിലങ്ങ് കൈതോല പായ നെയ്ത്ത് കേന്ദ്രത്തിന്റെ ജീർണ്ണാവസ്ഥ പരിഹരിക്കുന്നതിനായി നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

കൈപ്പമംഗലം മണ്ഡലത്തിലെ എടവിലങ്ങ് കൈതോല പായ നെയ്ത്ത് കേന്ദ്രത്തിന്റെ ജീർണ്ണാവസ്ഥ പരിഹരിക്കുന്നതിനും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വ്യവസായ വകുപ്പ് മുഖാന്തരം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ഈ സംഘം വ്യവസായ വകുപ്പിലോ സഹകരണ വകുപ്പിലോ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘമല്ല.

ഗിഫ്റ്റ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനം

195 (602) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപകരെ ആകർഷിക്കുന്നതിനായി കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ ഏതൊക്കെ അനുമതികൾ ലഭ്യമായിട്ടുണ്ട്; ഏതൊക്കെ അനുമതികൾ ഇനി ലഭ്യമാകാനുണ്ട്; വ്യക്തമാക്കുമോ?

(എ&ബി) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പ്രോജക്ടിനായി ഭൂമി ഏറ്റെടുക്കുന്നതിന് 25-01-2023-ലെ G.O.(Rt)No.71/2023/ID ~~നമ്പർ ഉത്തരവ്~~ പ്രകാരം 2608 കോടി രൂപയ്ക്ക് സർക്കാർ സമഗ്രമായ അനുമതി

നൽകിയിട്ടുണ്ട്. രണ്ട് നോഡുകളിലായി വികസിപ്പിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറിന്റെ ഒന്നാമത്തെ നോഡായ IMC പാലക്കാട് നോഡിന് 2024 ഓഗസ്റ്റ് 8-ന് കേന്ദ്ര ക്യാബിനറ്റ് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ നോഡായ കൊച്ചി ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മേൽ പദ്ധതിക്ക് ആലുവ താലൂക്കിലെ അയ്യമ്പുഴ വില്ലേജ് ബ്ലോക്ക് 19-ലെ വിവിധ സർവെ നമ്പറുകളിലുൾപ്പെടുന്ന 220 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 19-08-2020-ലെ G.O.(Rt)No.662/2020/ID പ്രകാരം ഭരണാനുമതി നൽകി. 20-11-2019-ലെ G.O.(Rt) No.1152/2019/ID പ്രകാരം ടി പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾക്കായി കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കുവേണ്ടി 4(1) പ്രകാരമുള്ള വിജ്ഞാപനം 19-01-2021-ലെ സ.ഉ.(പി) നം.10/2021/ആർ.ഡി. പ്രകാരം 19-01-2021-ലെ 190-ാം നമ്പർ കേരള (അസാധാരണം) ഗസറ്റിൽ പ്രസിദ്ധീകരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LARR Act 2013 പ്രകാരം വീട് ഉൾപ്പെടുന്ന സ്ഥലം ഒഴിവാക്കി 144.49 ഹെക്ടർ സ്ഥലം ഏറ്റെടുക്കാനുള്ള സെക്ഷൻ 11 (1) പ്രകാരമുള്ള വിജ്ഞാപനം 04-10-2021-ലെ സ.ഉ.(പി)നം.141/21/ആർ.ഡി.2884 നമ്പർ കേരള (അസാധാരണം) ഗസറ്റിൽ പ്രസിദ്ധീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇന്ത്യയിലെ രണ്ടാമത്തേതും ദക്ഷിണേന്ത്യയിലെ ആദ്യത്തേതുമായ ഗിഫ്റ്റ് സിറ്റി യാഥാർഥ്യമാകുന്നതോടുകൂടി സംസ്ഥാനത്തുണ്ടാകുമെന്ന് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുൾപ്പെടെ നാഗരിക വികസനത്തിന് അത്യന്താപേക്ഷിതമായ സാമ്പത്തിക വ്യാപാര കേന്ദ്രമായി വികസിപ്പിക്കുന്ന വിധത്തിലാണ് ഗ്ലോബൽ സിറ്റി വിഭാവനം ചെയ്തിരുന്നത്. സാമ്പത്തികകാര്യ സമുച്ചയങ്ങൾ, വിവിധ കാര്യാലയങ്ങൾക്കായി വാടക കെട്ടിടങ്ങൾ, ഇന്നൊവേഷൻ & ഇൻക്യുബേഷൻ സെന്ററുകൾ, വിജ്ഞാനാധിഷ്ഠിത കമ്പനികൾ പ്രവർത്തിക്കുന്ന നോളജ് ഹബ്, ഹെൽത്ത് കെയർ സോൺ,

കോൺഫറൻസ് & എക്സിബിഷൻ ഹാളുകൾ, ഹോസ്പിറ്റാലിറ്റി സെന്ററുകൾ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി വിഭാവന ചെയ്തിരിക്കുന്നത്. ഗ്ലോബൽ സിറ്റിയുടെ അവിഭാജ്യ ഘടകമായി ഫിനാൻഷ്യൽ ആൻഡ് ബിസിനസ്സ് സെന്റർ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി പരിസ്ഥിതി സൗഹൃദവും പൂർണ്ണമായും മലിനീകരണ വിമുക്തവുമായ സാങ്കേതികവിദ്യയുൾക്കൊണ്ട് സംയോജിതമായി ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഹൈടെക് സേവനങ്ങളുടെ വികസനത്തിനുള്ള ആവാസവ്യവസ്ഥയുണ്ടാകും. ഇത് അധിക നിക്ഷേപം കൊണ്ടുവരുന്നതിനും കൊച്ചിയിലേക്ക് ജനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്നതിനും ഉത്തേജകമായി മാറുന്നതോടൊപ്പം 160932 പേർക്ക് നേരിട്ടുള്ള തൊഴിലവസരങ്ങൾ ഉണ്ടാക്കുമെന്നും പ്രതീക്ഷിക്കുന്നു.

(ഡി) രാജ്യത്തെ നിലവിലെ ഗിഫ്റ്റ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനമാതൃക തന്നെയാണോ ഇവിടെയും പിന്തുടരുന്നത്; വിശദമാക്കുമോ?

അതെ, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുൾപ്പെടെ നാഗരിക വികസനത്തിന് അത്യന്താപേക്ഷിതമായ സാമ്പത്തിക വ്യാപാര കേന്ദ്രമായി വികസിപ്പിക്കുന്ന വിധത്തിലാണ് ഗ്ലോബൽ സിറ്റി വിഭാവന ചെയ്തിരുന്നത്. M/s ഗുജറാത്ത് ഇന്റർനാഷണൽ ഫിനാൻസ് ടെക് സിറ്റി കമ്പനി ലിമിറ്റഡ് (GIFTCL) "ഗിഫ്റ്റ് സിറ്റി" എന്ന പേര് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ (GOI) കീഴിലുള്ള ട്രേഡ് മാർക്ക് രജിസ്ട്രി അംഗീകരിച്ച വ്യാപാരമുദ്രയായതിനാൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റിയെ 'ഗ്ലോബൽ സിറ്റി കൊച്ചി' എന്ന് നാമകരണം ചെയ്യുകയും അതേ പേരിൽ കേരള ഇൻഡസ്ട്രിയൽ കൊറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (എസ്.പി.വി.) വിപണനം ചെയ്യുകയും ചെയ്യുന്നതാണ്.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ

196 (603) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പാർക്കുകൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

29-02-2024-ലെ സ.ഉ.(കൈ)നമ്പർ 16/2024/ID, 29-07-2024-ലെ സ.ഉ.(സാധാ)നമ്പർ 949/2024/HEDN എന്നിവ പ്രകാരം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്കിനായി കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ്, കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ) അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായിവരുന്നത്. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്ക് 30 വർഷത്തേക്കാണ് ഡെവലപർ പെർമിറ്റ് അനുവദിക്കുന്നത്.

പ്രസ്തുത പദ്ധതി പരിസ്ഥിതി സൗഹൃദമാക്കുന്നതിന് വളരെ വ്യക്തമായ മാർഗനിർദേശങ്ങളാണ് സർക്കാർ ഉത്തരവിൽ നൽകിയിട്ടുള്ളത്. വ്യവസായ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുതെന്നും ഭൂവിനിയോഗവുമായി ബന്ധപ്പെട്ട യാതൊരുവിധ നിയന്ത്രണവും നിലവിലില്ലാത്ത ഭൂമിയാകണം പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കേണ്ടതെന്നും നിഷ്കർഷിച്ചിരിക്കുന്നു. പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകർക്കാൻ സാധ്യതയുള്ള ചുവപ്പ് വിഭാഗത്തിൽപ്പെടുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ക്യാമ്പസ് വ്യവസായ പാർക്കിൽ സ്ഥലം അനുവദിക്കുന്നില്ല. ഡെവലപർ പെർമിറ്റ് ലഭിക്കുന്ന വ്യക്തി പ്രസ്തുത ക്യാമ്പസ് വ്യവസായ പാർക്കിൽ എല്ലാവിധ പരിസ്ഥിതി ചട്ടങ്ങളും പാലിക്കാൻ ബാധ്യസ്ഥനാണെന്നും അനുവദനീയ

അളവിൽക്കൂടുതൽ ഭൂഗർഭജലം വിനിയോഗിക്കുന്നില്ലെന്ന് പ്രസ്തുത പദ്ധതിയുടെ developer, വിനിയോഗിക്കുന്ന allottee എന്നിവർ ഉറപ്പുവരുത്തേണ്ടതാണെന്നും മഴവെള്ള സംഭരണി, ഖരമാലിന്യ ക്രമീകരണ സംവിധാനം, common effluents കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദേശിക്കുന്ന സംവിധാനങ്ങൾ എന്നിവ നിർദിഷ്ട വ്യവസായ പാർക്കിൽ ഉണ്ടായിരിക്കേണ്ടതാണെന്നും യാതൊരുവിധ മലിനവസ്തുക്കളും സമീപ പ്രദേശങ്ങളിലേക്ക് പ്രവഹിക്കുന്ന സാഹചര്യമുണ്ടാകരുതെന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്കിന്റെ ചുറ്റും 12 മീറ്റർ വിസ്തൃതിയിൽ മരങ്ങൾ നട്ടുപിടിപ്പിച്ച് "ബഫർ സോൺ" കൃത്യമായി വേർതിരിച്ചിരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ

196 (603) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പാർക്കുകൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കുമോ?

29-02-2024-ലെ സ.ഉ.(കൈ) നമ്പർ 16/2024/ID, 29-07-2024-ലെ സ.ഉ.(സാധാ) നമ്പർ 949/2024/HEDN എന്നിവ പ്രകാരം കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കാമ്പസ് വ്യവസായ പാർക്കിനായി കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ്, കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ) അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായിവരുന്നത്. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 30 വർഷത്തേക്കാണ് ഡെവലപർ പെർമിറ്റ്

അനുവദിക്കുന്നത്. പ്രസ്തുത പദ്ധതി പരിസ്ഥിതി സൗഹൃദമാക്കുന്നതിന് വളരെ വ്യക്തമായ മാർഗനിർദേശങ്ങളാണ് സർക്കാർ ഉത്തരവിൽ നൽകിയിട്ടുള്ളത്. വ്യവസായ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുതെന്നും ഭൂവിനിയോഗവുമായി ബന്ധപ്പെട്ട യാതൊരുവിധ നിയന്ത്രണവും നിലവിലില്ലാത്ത ഭൂമിയാകണം പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കേണ്ടതെന്നും നിഷ്കർഷിച്ചിരിക്കുന്നു. പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകർക്കാൻ സാധ്യതയുള്ള ചുവപ്പ് വിഭാഗത്തിൽപ്പെടുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ക്യാമ്പസ് വ്യവസായ പാർക്കിൽ സ്ഥലം അനുവദിക്കുന്നില്ല. ഡെവലപർ പെർമിറ്റ് ലഭിക്കുന്ന വ്യക്തി പ്രസ്തുത ക്യാമ്പസ് വ്യവസായ പാർക്കിൽ എല്ലാവിധ പരിസ്ഥിതി ചട്ടങ്ങളും പാലിക്കാൻ ബാധ്യസ്ഥനാണെന്നും അനുവദനീയ അളവിൽ കൂടുതൽ ഭൂഗർഭജലം വിനിയോഗിക്കുന്നില്ലെന്ന് പ്രസ്തുത പദ്ധതിയുടെ developer, വിനിയോഗിക്കുന്ന allottee എന്നിവർ

ഉറപ്പുവരുത്തേണ്ടതാണെന്നും മഴവെള്ള സംഭരണി, ഖരമാലിന്യ ക്രമീകരണ സംവിധാനം, common effluents കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദേശിക്കുന്ന സംവിധാനങ്ങൾ എന്നിവ നിർദിഷ്ട വ്യവസായ പാർക്കിൽ ഉണ്ടായിരിക്കേണ്ടതാണെന്നും യാതൊരുവിധ മലിനവസ്തുക്കളും സമീപ പ്രദേശങ്ങളിലേക്ക് പ്രവഹിക്കുന്ന സാഹചര്യമുണ്ടാകരുതെന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്കിന്റെ ചുറ്റും 12 മീറ്റർ വിസ്തൃതിയിൽ മരങ്ങൾ നട്ടുപിടിപ്പിച്ച് "ബഫർ സോൺ" കൃത്യമായി വേർതിരിച്ചിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ

197 (604) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ മേഖലയിലെ കോളേജുകളെയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പാർക്കുകൾക്ക് എന്തൊക്കെ

ആനുകൂല്യങ്ങൾ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശം അറിയിക്കാമോ?

സർക്കാർ, സ്വകാര്യ വേർതിരിവില്ലാതെയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നത്. ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് ഡെവലപർ പെർമിറ്റ് അനുമതി ലഭിക്കുന്ന വ്യവസായ ഭൂമിക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999-ന്റെ പരിധിയിൽവരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും. ഡെവലപർ പെർമിറ്റിന്റെ കാലാവധി 30 വർഷമാണ്.

(ബി) പ്രസ്തുത പാർക്കുകൾ സ്ഥാപിക്കുന്നതിന് ഏത് വിധത്തിൽ മുതൽ മുടക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതുസൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രെയിനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപറായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി

രൂപവരെ ഒരു എസ്റ്റേറ്റിനും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പടെ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് 1.5 കോടി രൂപ വരെയും സർക്കാർ ധനസഹായം നൽകുന്നതാണ്. ക്യാമ്പസ് വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്നമുറയ്ക്ക് റീ-ഇമ്പേഴ്സ്മെന്റായിട്ടാണ് തുക അനുവദിക്കുന്നത്.

സ്വകാര്യ വ്യവസായ പാർക്കുകൾ

198 (605) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്കാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

31 എണ്ണത്തിനാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്.

പുല്ലുപാറയിലെ ഭൂമി കിൻഫ്ര ഏറ്റെടുത്ത് വ്യവസായ പാർക്ക് ആക്കി മാറ്റുന്നത് സംബന്ധിച്ച്

199 (606) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിലെ ഭൂമി കിൻഫ്ര ഏറ്റെടുത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ഇൻഫർമേഷൻ ടെക്നോളജി പാർക്കിനുവേണ്ടി ഏറ്റെടുത്തിരുന്ന ഭൂമി വ്യവസായ പാർക്ക് നടത്തുന്നതിനായി കിൻഫ്ര ഏറ്റെടുക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 7-10-2021-ന് വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ഭൂമിയുടെ അനുയോജ്യത, സംരംഭകരുടെ ലഭ്യത, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി ഒരു Feasibility Report സമർപ്പിക്കാനും പ്രസ്തുത ഭൂമി SEZ പരിധിയിലുള്ളതാണോയെന്ന് പരിശോധിക്കുകയും ആണെങ്കിൽ ഭൂമി Non-SEZ ആക്കി മാറ്റാതെ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നിലവിലെ പ്രായോഗിക തടസ്സങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമാക്കി റിപ്പോർട്ട് സമർപ്പിക്കാനും എം.ഡി., കിൻഫ്രയെ

ചുമതലപ്പെടുത്തുകയുണ്ടായി. ആയതുപ്രകാരം കിൻഫ്ര സമർപ്പിച്ച സാധ്യതാപഠന റിപ്പോർട്ടിൽ പ്രസ്തുത സ്ഥലം പൊതുവിഭാഗത്തിലുള്ള ചെറിയ വ്യവസായ പാർക്കുകൾക്ക് അനുയോജ്യമാണെന്ന് ശിപാർശ ചെയ്തിരുന്നു.

എരമം-കുറ്റൂർ, ചീമേനി എന്നീ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ഐ.ടി. പാർക്ക് പ്രത്യേക സാമ്പത്തിക മേഖല (SEZ) പദവിയുള്ള പ്രദേശമാണെന്നും പ്രത്യേക സാമ്പത്തിക മേഖല (SEZ) പദവിയുള്ള പ്രദേശങ്ങളിൽ ജനറൽ കാറ്റഗറി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നത് നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി കഴിയുന്നതല്ലെന്നും SEZ മേഖലകളിൽ എക്സ്പോർട്ട് അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്കുമാത്രമേ പ്രവർത്തനാനുമതി നൽകാൻ കഴിയുള്ളൂവെന്നും ജനറൽ കാറ്റഗറി, മറ്റ് തീം ബേസ്ഡ് പാർക്കുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ മാർക്കറ്റ് പൂർണ്ണമായും തദ്ദേശീയമായ വിപണി അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായതിനാൽ SEZ പദവി ഇല്ലാതിരിക്കുമ്പോഴാണ് വ്യവസായികൾക്ക് നിക്ഷേപം നടത്താനുള്ള സാധ്യത മുന്നിട്ടുനിൽക്കുന്നതെന്നും വിലയിരുത്തിയതിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി പ്രത്യേക സാമ്പത്തിക മേഖലയിൽനിന്നും മാറ്റിയെടുക്കാൻ തീരുമാനിച്ചു. പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ വ്യവസായ വകുപ്പിലെയും ഐ.ടി. വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ 09-01-2024-ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗതീരുമാനപ്രകാരം ഭൂമി പ്രത്യേക സാമ്പത്തിക മേഖലയിൽനിന്നും ഒഴിവാക്കിയെടുക്കുന്നതിനായി ചെലവാക്കുന്ന 1,87,06,820/- രൂപ കമ്പനികൾ തമ്മിൽ ഒപ്പുവയ്ക്കുന്ന MoU-ലെ വ്യവസ്ഥകൾക്ക് വിധേയമായി കിൻഫ്ര, കെ.എസ്.ഐ.ടി.ഐ.എൽ.-ന് കൈമാറുകയും പ്രത്യേക സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട് ലഭ്യമായ നികുതിയിളവുകൾ എല്ലാംതന്നെ ബന്ധപ്പെട്ട വകുപ്പിലേക്ക് കെ.എസ്.ഐ.ടി.ഐ.എൽ. തിരിച്ചടച്ച് നോ ഡ്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ഡീ-നോട്ടിഫിക്കേഷൻ നടപടി പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിനുമുമ്പായി ഭൂമി കൈമാറ്റം എപ്രകാരമെന്നത് സംബന്ധിച്ചും ഭൂമിയുടെ മൂല്യത്തിനനുസരിച്ച് കെ.എസ്.ഐ.ടി.ഐ.എൽ.-ന് തുക നൽകുന്ന വിഷയത്തിലും തീരുമാനം

കൈക്കൊള്ളേണ്ടതായിട്ടുണ്ട്. കൈമാറ്റം ചെയ്യുമ്പോൾ ഭൂമിയുടെ മൂല്യത്തിനനുസരിച്ച് കെ.എസ്.ഐ.ടി.ഐ.എൽ.-ന് തുക നൽകാൻ കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കാനും ഐ.ടി. പാർക്കിനായി നിർമ്മിച്ച കെട്ടിടങ്ങളിൽ ചുറ്റുമതിലുൾപ്പെടെ ഏതൊക്കെ കെട്ടിടങ്ങൾ കിൻഫ്രയ്ക്ക് ആവശ്യമാണെന്നും അതിന് എത്ര തുകയാണ് കിൻഫ്ര കെ.എസ്.ഐ.ടി.ഐ.എൽ.-ന് നൽകേണ്ടതെന്നുമുള്ള വിഷയങ്ങളിൽ കെ.എസ്.ഐ.ടി.ഐ.എൽ.-ഉം കിൻഫ്രയും തമ്മിൽ ചർച്ച ചെയ്ത് നിർദ്ദേശം സമർപ്പിക്കാനും മാനേജിങ് ഡയറക്ടർ-കെ.എസ്.ഐ.ടി.ഐ.എൽ., മാനേജിങ് ഡയറക്ടർ-കിൻഫ്ര എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ലഭ്യമായ പ്രൊപ്പോസൽ ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമിയുടെ സെസ് പദവി ഡീ-നോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(സി) പ്രസ്തുത ഭൂമി വ്യവസായ പാർക്കാക്കി മാറ്റാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗതീരുമാനം നടപ്പിലാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര വാണിജ്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് ഡീ-നോട്ടിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതിനാലാണ് പ്രസ്തുത ഭൂമി വ്യവസായ പാർക്ക് ആക്കി മാറ്റുന്നതിൽ കാലതാമസം നേരിട്ടത്. ഭൂമി കൈമാറ്റം എപ്രകാരമെന്നത് സംബന്ധിച്ചും ഭൂമിയുടെ മൂല്യത്തിനനുസൃതമായി കെ.എസ്.ഐ.ടി.ഐ.എൽ.-ന് തുക നൽകുന്നത് സംബന്ധിച്ചും ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ വകുപ്പ് തീരുമാനമെടുത്ത്, ഭൂമി വ്യവസായ വകുപ്പിന് കൈമാറി നൽകുന്നമുറയ്ക്ക് പ്രസ്തുത ഭൂമിയിൽ കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കാൻ കഴിയുന്നതാണ്.

കണ്ണമ്പ്ര വ്യവസായ പാർക്ക് പദ്ധതി

200 (607) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായുള്ള കണ്ണമ്പ്ര വ്യവസായ പാർക്ക് പദ്ധതിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയിലെ പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപാദന ക്ലസ്റ്ററിന് 3806 കോടി രൂപ ചെലവുവരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 2024 ഓഗസ്റ്റ് 28-ന് അംഗീകാരം നൽകി. കണ്ണമ്പ്ര ഭൂമി ഏറ്റെടുക്കൽ ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. 299 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത്. രണ്ടാംഘട്ടത്തിലെ 13 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. ഐ.എം.സി. കണ്ണമ്പ്രയ്ക്കും 2025 ജനുവരിയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചു. 2024 ഡിസംബറിൽ പുതിയ വ്യാവസായിക സ്മാർട്ട് സിറ്റികൾക്കായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസി സേവനത്തിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. കണ്ണമ്പ്രയിലെ ആകെയുള്ള 313 ഏക്കറിൽ 54.21 ശതമാനം ഭൂമി (169.67 ഏക്കർ) വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. അതിൽ

107.34 ഏക്കർ ഫുഡ്സ് ആൻഡ് ബിവറേജസ് മേഖലയ്ക്കായും 20.1 ഏക്കർ ലോഹേതര ധാതു ഉൽപ്പന്നങ്ങൾക്കായും 30.67 ഏക്കർ റബ്ബർ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കായും 11.56 ഏക്കർ റീസൈക്കിൾ ചെയ്ത ഉൽപ്പന്നങ്ങൾക്കായും കൂടാതെ, 40.38 ഏക്കർ റോഡുകൾക്കും 4.66 ഏക്കർ പാർപ്പിട ആവശ്യങ്ങൾക്കായും 2.94 ഏക്കർ വാണിജ്യ ആവശ്യങ്ങൾക്കായും 4.72 ഏക്കർ അടിസ്ഥാന സൗകര്യ വികസനത്തിനായും ഉപയോഗിക്കുന്നതാണ്.

കൺസൾട്ടൻസി സർവീസ് ടെൻഡർ 2024 ഫെബ്രുവരിയിൽ തുറക്കുകയും ടെൻഡർ അന്തിമമാക്കിയശേഷം തുടർനടപടി സ്വീകരിക്കുന്നതുമാണ്.

ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ വ്യവസായ പാർക്ക്

201 (608) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ വ്യവസായ ആവശ്യങ്ങൾക്കായി അടിസ്ഥാന സൗകര്യമൊരുക്കി

വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ അടിസ്ഥാന സൗകര്യമൊരുക്കി പി.പി.പി. മോഡലിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ കരട് മാർഗരേഖ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചുവരികയാണ്.

കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

202 (609) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് ആരംഭിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാഞ്ഞങ്ങാട് വ്യവസായ പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം 90 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. അപ്രോച്ച് റോഡ് നിർമ്മാണത്തിന് കാസർഗോഡ് വികസന പാക്കേജിൽനിന്ന് ഫണ്ട് അനുവദിക്കുകയും പ്രവൃത്തി ഹാർബർ

എഞ്ചിനീയറിങ് വകുപ്പിനെ ഏല്പിക്കുകയും ചെയ്തു. ടെൻഡർ നടപടിയും പൂർത്തീകരിച്ചിട്ടുണ്ട്. ഈ വ്യവസായ എസ്റ്റേറ്റിലെ ഭൂമി വ്യവസായ ആവശ്യത്തിന് പ്രയോജനപ്പെടുത്തുന്നതിനായി നിരപ്പാക്കി എടുക്കുന്നതിന് M/s കേരള ക്ലെയ്സ് & സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 31 സംരംഭങ്ങൾക്കായി 54.87 ഏക്കർ ഭൂമിയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാർക്ക് ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് ബാക്കിയുള്ളതെന്ന് അറിയിക്കുമോ?

പ്രസ്തുത പാർക്ക് ആരംഭിക്കുന്നതിന് മേൽപ്പറഞ്ഞ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലേക്കെത്തേണ്ടതുണ്ട്.

സ്വകാര്യ വ്യവസായ പാർക്കുകൾ

203 (610) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ നിർമ്മിക്കാനാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്?

ഇതുവരെ 31 സ്വകാര്യ വ്യവസായ പാർക്കുകൾ നിർമ്മിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) ഇതുവഴി എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഏകദേശം 1500 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു.

(സി) എത്ര കോടി രൂപ ഇവയ്ക്കായി സാമ്പത്തിക സഹായം നൽകേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ?

3 കോടി രൂപവരെ ഓരോ സ്വകാര്യ വ്യവസായ പാർക്കിനും സാമ്പത്തിക സഹായം നൽകേണ്ടിവരും.

(ഡി) എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

5 സ്വകാര്യ വ്യവസായ പാർക്കുകൾ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു:

പാലക്കാട്

(1) M/s Kadambur Industrial Park

(2) M/s Featherlike Foam (P) Limited

ഇടുക്കി

(3) M/s Wooden MDF Panel (P) Limited

കണ്ണൂർ

(4) M/s VMPS Food Parks and Ventures LLP

(5) M/s Haritha

പുതുവൈപ്പിൻ മെഗാ ഫുഡ്പാർക്കിന്റെയും മത്സ്യസംസ്കരണ പ്ലാന്റിന്റെയും പ്രവർത്തനം

204 (611) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിൻ മെഗാ ഫുഡ്പാർക്കിന്റെ ഭാഗമായി നിർമ്മാണം ആരംഭിച്ചതും നിലവിൽ നിർമ്മാണം നിലച്ചിരിക്കുന്നതുമായ പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ KSIDC-യുടെ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി ആരംഭിച്ച പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ കരാരിൽനിന്നും കോൺട്രാക്ടർ പിന്മാറിയതിനാൽ കരാർ റദ്ദുചെയ്യുകയും തുടർന്ന് നിലവിലെ ഷെഡ്യൂൾ നിരക്കുകൾപ്രകാരം ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് 7.6 കോടി (GST ഉൾപ്പെടെ) രൂപക്ക് സാങ്കേതികാനുമതി ലഭ്യമാക്കി 01-10-2024-ന് പ്രവൃത്തിയുടെ ഇ-ടെൻഡർ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇ-ടെൻഡർ സിംഗിൾ ബിഡ്ഡായതിനാൽ 17-01-2025-ന് വീണ്ടും ടെൻഡർ പ്രസിദ്ധീകരിക്കുകയുണ്ടായി. ബിഡ് സമർപ്പിക്കാനുള്ള അവസാന തീയതി 03-02-2025 ആയിരുന്നു. ഒരു ബിഡ്ഡാണ് ലഭ്യമായിട്ടുള്ളത്. ടെക്നിക്കൽ ബിഡ് തുറന്ന് സാങ്കേതിക രേഖകൾ പരിശോധിച്ച് സാമ്പത്തിക ബിഡ് തുറക്കുന്നതിന് യോഗ്യമാണെങ്കിൽ ബിഡ് തുറന്ന് കരാർ അനുവദിക്കാവുന്നതാണ്.

(ബി) പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

2025 മാർച്ച് മാസത്തിൽ കരാർ നൽകി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 6 മാസമാണ്.

(സി) പ്രസ്തുത പ്ലാന്റിന്റെ ഭാഗമായി മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനായി തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പദ്ധതിക്കായി മുനമ്പം ഫിഷറീസ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച 75 സെന്റ് സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിങ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി നാളിതുവരെ ലഭിച്ചിട്ടില്ല. അതിനാൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക ലാപ്സായി പോകാതിരിക്കാൻ ഈ തുക ഉപയോഗിച്ച് വൈപ്പിൻ, തോപ്പുംപടി എന്നിവിടങ്ങളിലെ പ്ലാന്റിന്റെ നിലവിലെ കപ്പാസിറ്റി വർധിപ്പിച്ച് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്

ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ (MOFPI) ടെക്നിക്കൽ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്കുള്ള മാർഗനിർദേശങ്ങൾ

205 (612) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സംബന്ധിച്ച സർക്കാർ മാർഗനിർദേശങ്ങൾ എന്തെല്ലാമാണ്?

29-02-2024-ലെ സ.ഉ.(കൈ) നമ്പർ 16/2024/ID, 29-07-2024-ലെ സ.ഉ.(സാധാ) നമ്പർ 949/2024/HEDN എന്നിവ പ്രകാരം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ) ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ്

ആവശ്യമായിവരുന്നത്. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 30 വർഷത്തേക്കാണ് ഡെവലപർ പെർമിറ്റ് അനുവദിക്കുന്നത്.

ഭൂമിക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999-ന്റെ പരിധിയിൽവരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും. ക്യാമ്പസ് വ്യവസായ പാർക്ക് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act, 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. പ്രസ്തുത പാർക്കുകളിൽ റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്.

ഈ പദ്ധതിയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ് പോർട്ടൽ മുഖേന വ്യവസായ വാണിജ്യ ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സമർപ്പിക്കുന്ന പൂർണ്ണമായ അപേക്ഷകൾ സർക്കാർതലത്തിൽ 8 വകുപ്പുതല

സെക്രട്ടറിമാർ അടങ്ങുന്ന ഉന്നതസമിതി പരിശോധിച്ച് ക്യാമ്പസ് വ്യവസായ പാർക്ക് ഡെവലപർ പെർമിറ്റ് നൽകാൻ തീരുമാനമെടുക്കുന്നു.

(ബി) സർക്കാർ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമായി ഈ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത് പരിഗണിക്കാമോ?

കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ) ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. സർക്കാർ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമായി ഈ പദ്ധതിയുടെ ആനുകൂല്യം നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

മണിമല നാളികേര പാർക്ക്

206 (613) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണിമലയിലെ നാളികേര പാർക്ക് എന്നാണ് വ്യവസായങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുതെന്ന് വിശദമാക്കാമോ?

കുറ്റ്യാടി മണിമലയിലെ വ്യവസായ പാർക്കിലെ 5 ഏക്കറോളംവരുന്ന ഒന്നാംഘട്ടത്തിലെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ച് 2025 ജൂണിൽ വ്യവസായങ്ങൾക്ക് സ്ഥലം അനുവദിച്ചുകൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വ്യവസായങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുന്ന തരത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് മണിമല നാളികേര പാർക്കിൽ നടത്താനുദ്ദേശിക്കുന്നതെന്നും ഇതിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

മണിമല നാളികേര പാർക്ക് ഭൂമി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 5 ഏക്കർ ഭൂമിയിലുള്ള മരങ്ങളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ച് മരം മുറിച്ച് മാറ്റുന്നതിനുള്ള ടെൻഡർ നടപടികൾ തുടങ്ങി. ആദ്യ ടെൻഡറിൽ കരാറുകാരെ ലഭിക്കാത്തതിനാൽ പുതുക്കിയ രണ്ടാം ടെൻഡർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ULCCS മുഖേന ആദ്യഘട്ടത്തിലുള്ള വ്യവസായ

പ്ലോട്ടിലേക്ക് കടക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യമായ റോഡ്, ഓവുചാൽ ഇവയാണ് നിർമ്മിക്കുന്നത്. വൈദ്യുതി വിതരണത്തിനായുള്ള പ്രവൃത്തികൾ KSEBL-ന്റെ മേൽനോട്ടത്തിൽ പാർക്കിൽ പുരോഗമിച്ചുവരുന്നു.

(സി) വ്യവസായങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് വ്യവസായികൾ അന്വേഷിക്കുന്നപക്ഷം അവർക്ക് എന്തൊക്കെ വിവരങ്ങളാണ് നൽകാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള സ്ഥലത്തിന്റെ ലഭ്യതയും അതിലേക്ക് ലഭ്യമാവുന്ന അടിസ്ഥാന സൗകര്യങ്ങളും കൂടാതെ GO(Ms) No. 39/2024/ID മുഖേന പ്രസിദ്ധപ്പെടുത്തിയ ഏകീകൃത ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് റെഗുലേഷൻ അനുസരിച്ച് കെ.എസ്.ഐ.ഡി.സി. രൂപീകരിച്ചിട്ടുള്ള പ്രൈസിങ് കമ്മിറ്റി തീരുമാനിക്കുന്ന രീതിയിലുള്ള സ്ഥലവില അനുസരിച്ച് സ്ഥലം സംരംഭകർക്ക് അനുവദിച്ച് നൽകാൻ കഴിയുന്നതാണ്.

ചീമേനിയിൽ വ്യവസായ പാർക്ക്

207 (614) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഐ.ടി. പാർക്കിനായി വിട്ടുകിട്ടിയ സ്ഥലത്ത് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഈ പാർക്ക് എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുമെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഐ.ടി. പാർക്കിനായി വിട്ടുകിട്ടിയ സ്ഥലം പ്രത്യേക സാമ്പത്തിക മേഖലയിൽനിന്നും ഡീ-നോട്ടിഫൈ ചെയ്യുന്ന നടപടി പൂർത്തിയാക്കിക്കഴിഞ്ഞു. ഭൂമി കൈമാറ്റം എപ്രകാരമെന്നത് സംബന്ധിച്ചും ഭൂമിയുടെ മൂല്യത്തിന് അനുസൃതമായി കെ.എസ്.ഐ.ടി.ഐ.എൽ.-ന് തുക നൽകുന്നത് സംബന്ധിച്ചും ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യാ വകുപ്പ് പരിശോധിച്ചുവരുന്നു.

പ്രസ്തുത ഭൂമി വ്യവസായ വകുപ്പിന് കൈമാറിക്കിട്ടുന്നമുറയ്ക്ക് കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കാൻ കഴിയുന്നതാണ്.

പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതി

208 (615) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 25 ഏക്കർ ഭൂമിയുള്ള പ്രസ്തുത കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിലുൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിലുൾപ്പെടുത്തുന്നതിന് ഓൺലൈൻ പോർട്ടൽ മുഖേന അപേക്ഷ ലഭിച്ചിരുന്നു. പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിനായി പ്രസ്തുത അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ മുഖേന സ്ഥാപനത്തിന് തിരികെ നൽകിയിട്ടുണ്ട്.

29-02-2024-ലെ സ.ഉ.(കൈ)നമ്പർ 16/2024/ID ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള അർഹതയുണ്ടെങ്കിൽ പ്രസ്തുത കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ പരിഗണിക്കും.

ഗാല പദ്ധതി

209 (616) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാല പദ്ധതിയുടെ ഉദ്ദേശ്യങ്ങളും പ്രത്യേകതകളും വിശദമാക്കാമോ?

കേരളത്തിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിൽ വ്യവസായ വികസന ഏരിയ/പ്ലോട്ട്, പാർക്ക് എന്നിവ നിലവിലുണ്ട്. ഇവിടങ്ങളിൽ സംരംഭകർക്ക് ഭൂമി അനുവദിച്ചുനൽകുന്നുണ്ട്. വ്യവസായ ഭൂമിക്കായി ധാരാളം സംരംഭകർ അപേക്ഷിക്കുന്നതിനാലും ഈ വിധത്തിൽ അനുവദിക്കപ്പെടുന്ന ഭൂമി അപര്യാപ്തമായതിനാലും കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുകയെന്ന ഉദ്ദേശ്യത്തിൽ ബഹുനില വ്യവസായ

സമുച്ചയങ്ങൾ (ഗാല) നിർമ്മിക്കുകയെന്ന പദ്ധതി നടപ്പിലാക്കിവരുന്നു. എറണാകുളത്തെ എടയാർ വ്യവസായ മേഖലയിൽ ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ആലപ്പുഴ പുന്നപ്രയിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴക്കൽപ്പാടത്ത് 11.41 ഏക്കർ ഭൂമിയിൽ രണ്ട് ഘട്ടങ്ങളിലായി ഏകദേശം 2,61,530 ചതുരശ്രയടിയിലുള്ള വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഷൊർണ്ണൂരിൽ ഒരു ബഹുനില സമുച്ചയം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കണ്ണൂർ ജില്ലയിൽ 3 എണ്ണവും കൊല്ലം ജില്ലയിൽ 2 എണ്ണവും തൃശ്ശൂർ ജില്ലയിൽ 2 എണ്ണവും കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 1 വീതവും ആകെ 9 ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

(ബി) ഗാല പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ ഷൊർണ്ണൂരിൽ ബഹുനില വ്യവസായ സമുച്ചയ നിർമ്മാണത്തിന് 36.711 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും നിർമ്മാണ ഏജൻസിയായ കിറ്റ്കോയ്ക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

ചന്തിരൂർ മലിനീകരണ നിയന്ത്രണ പ്ലാന്റ് നിർമ്മാണം

210 (617) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ചന്തിരൂർ മലിനീകരണ നിയന്ത്രണ പ്ലാന്റ് നിർമ്മാണത്തിന് 2024-25 ബജറ്റിൽ അനുവദിച്ച പത്തുകോടി രൂപ ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് ഭരണാനുമതിയായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിന് നിലവിൽ ഏതെങ്കിലും തടസ്സമുണ്ടോയെന്നും വിശദമാക്കാമോ?

(എ&ബി) ചന്തിരൂർ മലിനീകരണ നിയന്ത്രണ പ്ലാന്റ് നിർമ്മാണത്തിന് 2024-25 ബജറ്റിൽ പത്തുകോടി രൂപ ഫിഷറീസ് വകുപ്പിനാണ് വകയിരുത്തിയിരുന്നത്.

കയറ്റുമതി രംഗത്ത് സംസ്ഥാനത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ

211 (618) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാണിജ്യ വ്യവസായ കയറ്റുമതി രംഗത്ത് സംസ്ഥാനത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും അതിനാവശ്യമായ പ്രോത്സാഹനം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ഒരു പ്രമുഖ കയറ്റുമതി കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും വ്യക്തികൾക്കും വിവിധ തരത്തിലുള്ള പിന്തുണയും സഹായങ്ങളും നൽകുന്നതിനായി 30-01-2025-ലെ ജി.ഒ.(എം.എസ്.)നം. 6/2025/ഐ.ഡി. പ്രകാരം കയറ്റുമതി പ്രോത്സാഹനനയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത നയപരിപാടിയിലൂടെ കയറ്റുമതി രംഗത്ത് സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനും സാധിക്കുന്നതാണ്. കേരളത്തിന്റെ തനത് വിഭവങ്ങളും ഭൂമിശാസ്ത്രപരമായ നേട്ടങ്ങളും ഉപയോഗിച്ച് സംസ്ഥാനത്ത് വാണിജ്യ സാധ്യതകൾ വർധിപ്പിക്കുക, പുതിയ വാണിജ്യ അവസരങ്ങൾ തുറക്കുക, അന്താരാഷ്ട്ര വ്യാപാര ഭൂപടത്തിൽ കേരളത്തെ ഒരു പ്രധാന കേന്ദ്രമാക്കി മാറ്റുക, അതുവഴി കയറ്റുമതി മേഖലയിൽ വികസനം കൊണ്ടുവരികയും സംസ്ഥാനത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് വഴിയൊരുക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങൾ ഈ നയപരിപാടിയിലൂടെ കൈവരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

കയറ്റുമതി രംഗത്ത് വൈവിധ്യവൽക്കരണം സാധ്യമാക്കി സുസ്ഥിര വളർച്ച നേടുന്നതിനായി പ്രത്യേക പദ്ധതികൾ നയപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കയറ്റുമതി മത്സരക്ഷമത വർധിപ്പിക്കുക, വിപണി വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകുക, നവീകരണവും നൈപുണ്യ വികസനവും

പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കയറ്റുമതി പ്രോത്സാഹനനയം 2025 രൂപീകരിച്ചിരിക്കുന്നത്. വിദേശ നിക്ഷേപവും കയറ്റുമതിയും വർധിപ്പിക്കുന്നതിന് ആഗോള ബന്ധം ശക്തിപ്പെടുത്തുക, ലോക വിപണികളിലേക്കുള്ള പ്രവേശനം സുഗമമാക്കുക, ചരക്ക് കയറ്റുമതി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കയറ്റുമതിയിൽ സുസ്ഥിരമായ വളർച്ച കൈവരിക്കുക തുടങ്ങി കേരള വ്യവസായനയം 2023-ൽ പറഞ്ഞിരിക്കുന്ന വിശാലമായ നയലക്ഷ്യങ്ങളുമായി ഈ ലക്ഷ്യങ്ങൾ യോജിക്കുന്നു. കൂടാതെ, കയറ്റുമതി പ്രോത്സാഹന നയം-2025 കേരള വ്യവസായ നയത്തിൽ പരാമർശിച്ചിരിക്കുന്ന വിവിധ മുൻഗണന മേഖലകളുൾപ്പെടെ, തിരിച്ചറിഞ്ഞ് വിവിധ മേഖലകളിലൂടനീളം കേരളത്തിൽനിന്നുള്ള കയറ്റുമതി നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ശക്തമായ ഒരു മൂല്യശൃംഖല സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതാണ്.

കേരള സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കയറ്റുമതി ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിന്റെ കയറ്റുമതി മേഖലയുടെ പ്രത്യേകത,

ഗുണനിലവാരത്തിനും സുസ്ഥിരതയ്ക്കും മൂല്യവർധനയ്ക്കുമുള്ള പ്രാധാന്യമാണ്. പ്രീമിയം തേയിലയും മസാലകളും മുതൽ കൈത്തറി വസ്ത്രങ്ങൾ, കടൽ ഭക്ഷണം, ആയുർവേദ ഉൽപ്പന്നങ്ങൾ, ഐ.ടി. സേവനങ്ങൾ തുടങ്ങിയവ ഉൾപ്പെടെ കേരളം നിരവധി മേഖലകളിൽ വൈവിധ്യമാർന്ന കയറ്റുമതി അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ആഭ്യന്തര കയറ്റുമതി ഉൽപാദനം വർധിപ്പിക്കുന്നതിനുമായി പുതിയ കയറ്റുമതി പ്രോത്സാഹനനയം ഇതിനോടകംതന്നെ രൂപീകരിച്ചിട്ടുണ്ട്. ഐ.ടി., ഹെൽത്ത് കെയർ, ലോജിസ്റ്റിക്സ്, ടൂറിസം, മെഡിക്കൽ ടെക്നോളജി ഉപകരണങ്ങൾ, ഫുഡ് ടെക്നോളജി തുടങ്ങി സംസ്ഥാനത്തെ വ്യവസായ സാധ്യതകളുള്ള മേഖലകളെ പ്രോത്സാഹിപ്പിക്കുക കൂടാതെ കയറ്റുമതിയുടെ തോതും മൂല്യവും വർധിപ്പിക്കുക, ബ്രാൻഡ് കേരള എന്നത് ഒരു കയറ്റുമതി ബ്രാൻഡായി സ്ഥാപിക്കുക, കയറ്റുമതി അടിസ്ഥാനം വൈവിധ്യമാർന്നതാക്കുക, മത്സരക്ഷമത വർധിപ്പിക്കുക, വിപണിയിൽ പ്രവേശന സൗകര്യങ്ങൾ വർധിപ്പിക്കുക, സുസ്ഥിരതയും ആകാദർശിത്വവും പ്രോത്സാഹിപ്പിക്കുക, കയറ്റുമതി അടിസ്ഥാന സൗകര്യങ്ങൾ ശക്തമാക്കുക, നവോപകരണവും

ഗവേഷണവികസനവും പ്രോത്സാഹിപ്പിക്കുക, കയറ്റുമതി പ്രോത്സാഹന സ്ഥാപനങ്ങളെ ശക്തമാക്കുക, കയറ്റുമതിയുമായി ബന്ധപ്പെട്ട ബോധവൽക്കരണവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുക, കയറ്റുമതി പ്രകടനം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, കയറ്റുമതിക്കാർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ച്, ഉന്നത നിലവാരമുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും കയറ്റുമതി ചെയ്യുന്ന ഒരു ആഗോള കേന്ദ്രമായി കേരളത്തെ മാറ്റുകയെന്നതുമാണ് ഈ നയത്തിന്റെ മറ്റ് ലക്ഷ്യങ്ങൾ. മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കാനായി കയറ്റുമതിക്കാർക്ക് അനുകൂലമായ ഒട്ടേറെ ആനുകൂല്യങ്ങൾ കയറ്റുമതി പ്രോത്സാഹനനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത നടപടികളിലൂടെ കേരളത്തിലെ വ്യാവസായിക അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്താനും സംസ്ഥാനത്തേക്ക് കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുവാനും സാധിക്കും.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന് വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

212 (619) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായി സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് രൂപം നൽകിയിട്ടുള്ളത്?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായി തുറമുഖത്തിന്റെ വലിയ സാധ്യതകൾ മനസ്സിലാക്കുന്നതിന് KSIDC-യുടെ നേതൃത്വത്തിൽ ജനുവരി 28, 29 തീയതികളിലായി 'വിഴിഞ്ഞം കോൺക്ലേവ്' സംഘടിപ്പിച്ചിരുന്നു. വിഴിഞ്ഞം തുറമുഖം പൂർണ്ണമായും പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക് അതിന്റെ സാധ്യതകൾ മനസ്സിലാക്കി തുടർപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

കെ.എസ്.ഐ.ഇ. വിഴിഞ്ഞം തുറമുഖ പരിസരത്ത് സർക്കാരിന്റെ സഹായത്തോടുകൂടി സ്ഥാപിക്കാനുദ്ദേശിക്കുന്ന വിഴിഞ്ഞം ഇന്റർനാഷണൽ ലോജിസ്റ്റിക് ഹബ്ബ് (വി.ഐ.എൽ.എച്ച്.) വിവിധയിനം കയറ്റുമതി ഇറക്കുമതി ചരക്കുൾ കൈകാര്യം ചെയ്യാനാവശ്യമായ സൗകര്യങ്ങളോടുകൂടിയ ഒരു വലിയ പദ്ധതിയാണ്. ഇത് ദേശീയ-

അന്തർദേശീയ വ്യാപാരത്തിനുള്ള സമഗ്ര സേവനത്തിനായി രൂപകല്പന ചെയ്തിരിക്കുന്നു.

അനുബന്ധമായി കെ.എസ്.ഐ.ഇ.-ക്ക് ബങ്കറിങ് സേവനങ്ങൾ നൽകാനും സാധിക്കും. ഇതിനാവശ്യമായിട്ടുള്ള അനുമതികൾ ലഭിച്ചാൽ ഇന്ധന സംഭരണവും വിതരണവും സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കാം. കൂടാതെ കപ്പൽ ചാൻഡ്ലറിങ് സേവനങ്ങളും ഹബ്ബുവഴി ലഭ്യമാക്കും. ഇതിൽ രാസവസ്തുക്കൾ, ശുചിത്വസാധനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ലൈഫ് ജാക്കറ്റുകൾ, തീ അണയ്ക്കാനുള്ള ഉപകരണങ്ങൾ, നാവിഗേഷൻ ആശയ വിനിമയ ഉപകരണങ്ങൾ, ഡെക്ക്, എഞ്ചിൻ റൂം സപ്ലൈകൾ, റിപ്പയർ പാർട്ട്സ്, ഇന്ധനം, ലൂബ്രിക്കന്റുകൾ, യാത്രികരുടെ ഗതാഗതം, വിസ, ഇമിഗ്രേഷൻ, കപ്പലിന്റെ പ്രവർത്തനത്തിനാവശ്യമായ മറ്റുസാധനങ്ങൾ എന്നിവയുടെ വിതരണവും ഉൾപ്പെടും. ഇത് കപ്പൽ ഏജന്റുമാരുമായും ഓപ്പറേറ്റർമാരുമായും സഹകരിച്ചാണ് നടപ്പാക്കുക. ഇതിനുപുറമെ ഒഴിഞ്ഞ കണ്ടെയ്നറുകൾ സൂക്ഷിക്കുന്നതിനുള്ള കണ്ടെയ്നർ യാർഡ്, തടി സൂക്ഷിക്കുന്നതിനുള്ള യാർഡ്,

സ്റ്റീൽ സ്ക്രാപ്പ് യാർഡ് എന്നിവയ്ക്കായി പ്രത്യേകം സ്ഥലങ്ങളുണ്ടായിരിക്കും. കൂടാതെ ട്രക്ക് പാർക്കിങ് ഏരിയ, ഡ്രൈവർമാർക്കുള്ള സൗകര്യങ്ങൾ, ട്രക്ക് സർവീസ് സെന്റർ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ അന്തർദേശീയ വ്യാപാര ശേഷികൾ ഗണ്യമായി വർധിക്കാനുതകുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി 15 ഏക്കറിൽ വിഭാവന ചെയ്തിരിക്കുന്നത്.

തിരുവനന്തപുരത്തെ വരാനിരിക്കുന്ന മെട്രോ റെയിൽ പദ്ധതി നഗരത്തെയും വിഴിഞ്ഞം തുറമുഖത്തെയും ഏകോപിപ്പിക്കുന്നതിന് സഹായിക്കും. ഇത് ചരക്കുകളുടെയും യാത്രക്കാരുടെയും വേഗത്തിലുള്ളതും കാര്യക്ഷമവുമായ ഗതാഗതത്തെ സുഗമമാക്കും. വിഴിഞ്ഞം മെട്രോ തുറമുഖവുമായി സംയോജിപ്പിക്കുന്നതിലൂടെ റോഡ് തിരക്ക് ലഘൂകരിക്കുന്നതിനും നഗര ചരക്ക് ഗതാഗതത്തെ പിന്തുണയ്ക്കുന്നതിനും ഇന്റർമോഡൽ ഗതാഗതത്തെ സുഗമമാക്കുന്നതിനും സഹായിക്കും. ഈ സഹകരണം വ്യാപാരം വർധിപ്പിക്കുകയും ഗതാഗതക്കുരുക്ക് കുറയ്ക്കുകയും തുറമുഖത്തിനും നഗരത്തിനും സാമ്പത്തിക വളർച്ച പ്രദാനം ചെയ്യുകയും ചെയ്യും.

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിനുസമീപം ലോകോത്തര വ്യവസായ പാർക്ക് നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കാൻ കിൻഫ്ര ശ്രമിക്കുന്നു. തുറമുഖത്തിന്റെ നേട്ടങ്ങൾ പ്രത്യേകിച്ച് ലോജിസ്റ്റിക്സ്, കണക്റ്റിവിറ്റി, ആഗോള വ്യാപാര അവസരങ്ങൾ എന്നിവയിൽ പൂർണ്ണമായി മുതലെടുക്കാൻ ഇത് ബിസിനസ്സുകളെ അനുവദിക്കും. തുറമുഖത്തിന്റെ സാമീപ്യം ഇറക്കുമതിയെയും കയറ്റുമതിയെയും ആശ്രയിക്കുന്ന വ്യവസായങ്ങൾക്ക് വളരെയധികം ഗുണം ചെയ്യും. ഇത് ഉൽപാദനം, സംഭരണം, വിതരണം എന്നിവയുടെ പ്രധാന പദ്ധതിയായതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിൽ വ്യവസായ പാർക്കിന് നിർണ്ണായക പങ്ക് വഹിക്കാനാകും.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി കിൻഫ്ര വെബ്സൈറ്റിൽ പരസ്യം പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റി നിർദേശിക്കുന്നതനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി

മുന്നോട്ടുപോകുന്നതാണ്. കിൻഫ്രയ്ക്ക് ഇതുമായി ബന്ധപ്പെട്ട് കാട്ടാക്കട താലൂക്കിൽ 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബിയിൽനിന്ന് ഫണ്ട് ലഭ്യമാവുന്നമുറയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ട് 01-02-2025-ലെ സ.ഉ.(സാധാ)നം.101/2025 പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഇതിനായി വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് പഠനം നടത്തിയിട്ടുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ ഭൂമി മിനി സിവിൽ സ്റ്റേഷന് ലഭ്യമാക്കാൻ നടപടി

213 (620) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി മണ്ഡലത്തിൽ പറമ്പിൻ മുകളിൽ നിർമ്മിക്കുന്ന ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ പാർക്കിങ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ ഭൂമി റവന്യൂ വകുപ്പിന് വിട്ടുനൽകുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത

അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥല ലഭ്യതയ്ക്കായുള്ള ബാലുശ്ശേരി എം.എൽ.എ.-യുടെ അപേക്ഷ വ്യവസായ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 29-07-2021-ലെ ഭരണസമിതി തീരുമാനപ്രകാരം ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റിൽ നിലവിൽ ഒഴിവുള്ള സ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്ന രീതിയിൽ വ്യാവസായികാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റുമടങ്ങുന്ന പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് കോഴിക്കോട് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുള്ളതിനാൽ പ്രസ്തുത അപേക്ഷ പരിഗണിക്കാൻ നിർവാഹമില്ലെന്ന വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ 23-11-2021-ലെ ബി1/334/2021/വ്യവ. കത്ത് പ്രകാരം അറിയിച്ചിരുന്നു.

ഗ്രാഫീൻ അറോറ പദ്ധതി

214 (621) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാഫീൻ ഉൾപ്പെടെയുള്ള മെറ്റീരിയൽ സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി "ഗ്രാഫീൻ അറോറ" പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

09-01-2025-ലെ G.O.(Ms)No.1/2025/ITD പ്രകാരം ഗ്രാഫീൻ അറോറ പദ്ധതി നടപ്പിലാക്കുന്നതിനായി 94.85 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി കേരള സർക്കാരും കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പും വ്യവസായ വകുപ്പ് ഏജൻസികളും സഹകരിച്ച് ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. ഗ്രാഫീൻ പാർക്ക് പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി

(ജി.പി.പി.എഫ്.) സ്ഥാപിക്കുന്നതിനുള്ള നിർവഹണ ഏജൻസിയായി 27-10-2023-ലെ സ.ഉ.(കൈ)നം.34/2023/ITD പ്രകാരം കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി ഒറ്റപ്പാലത്തെ കിൻഫ്ര ഡിഫൻസ് പാർക്കിൽ 55,088 ചതുരശ്ര അടി ബിൽറ്റ്-അപ് ഏരിയ അനുവദിക്കുകയും 10 ഏക്കർ സ്ഥലം നീക്കിവയ്ക്കുകയും കിൻഫ്രയും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും തമ്മിൽ ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പ്രതീക്ഷിക്കുന്ന ചെലവ് എത്ര; അതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണ്; വിശദമാക്കാമോ?

പദ്ധതിയുടെ നടത്തിപ്പിനായി പ്രതീക്ഷിക്കുന്ന ചെലവ് 94.85 കോടിയാണ്. ഇതിൽ കേരള സർക്കാരിന്റെ വിഹിതം 47.22 കോടി രൂപയാണ്.

(സി) ഇതിനകം "ഗ്രാഫീൻ സാങ്കേതികവിദ്യ" മേഖലയിൽ മുന്നേറ്റം കുറിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുള്ളത് രാജ്യത്തിനുതന്നെ മാതൃകയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും അവരുടെ ഉന്നമനത്തിനും വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകാനും നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിലൊന്നാണ് "സംസ്ഥാന വ്യവസായ നയം 2023". പുതിയ വ്യവസായനയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 സൺറൈസ് മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. കൂടാതെ സൺറൈസ് മേഖലകളിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാഫീൻ മേഖലയെ ഉത്തേജിപ്പിക്കുവാൻ ലക്ഷ്യംവച്ചുള്ള ഗ്രാഫീൻ നയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. സൺറൈസ് വ്യവസായങ്ങൾക്ക് ധാരാളം ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഗ്രാഫീൻ സാങ്കേതികവിദ്യ ഇലക്ട്രോണിക്സ് പ്രോഡക്ട് ഡെവലപ്മെന്റ്, ഹാർഡ്വെയർ, സ്റ്റാർട്ടപ്പുകൾ, പോളിമർ, സെൻസറുകൾ,

സെമികണ്ടക്ടർ തുടങ്ങിയ മേഖലകളിൽ മുന്നേറ്റമുണ്ടാക്കാൻ സഹായിക്കുന്നതാണ്. ഈ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിൽ കേരളം മുഖ്യ പങ്കുവഹിക്കുന്നുണ്ട്.

കോളേജ് ക്യാമ്പസുകളിൽ വ്യവസായശാല

215 (622) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോളേജ് ക്യാമ്പസ്സുകളിൽ വ്യവസായശാല ആരംഭിച്ച് കുട്ടികളുടെ സാങ്കേതിക കഴിവ് ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്, വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി

വിദ്യാർഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി 29-02-2024-ലെ സ.ഉ.(കൈ)നമ്പർ 16/2024/ID പ്രകാരം നിലവിൽ വന്നിട്ടുണ്ട്.

കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ മുതലായവ) ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. 30 വർഷത്തേക്കാണ് ഡെവലപർ പെർമിറ്റ് അനുവദിക്കുന്നത്. ഈ പദ്ധതിയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ് പോർട്ടൽ മുഖേന വ്യവസായ വാണിജ്യ ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സമർപ്പിക്കുന്ന പൂർണ്ണമായ അപേക്ഷകൾ സർക്കാർ തലത്തിൽ വകുപ്പുതല

സെക്രട്ടറിമാർ അടങ്ങുന്ന ഉന്നത സമിതി പരിശോധിച്ച് വ്യവസായ എസ്റ്റേറ്റ് ഡെവലപർ പെർമിറ്റ് നൽകുവാൻ തീരുമാനമെടുക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉൽപ്പന്നങ്ങളുടെ വ്യാവസായിക ഉൽപാദനം വേഗത്തിൽ ആരംഭിക്കുന്നതിന് ഇതിലൂടെ കഴിയുന്നതാണ്. ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർഥികളെ/ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗനിർദേശങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്ക് ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിലെ trade/branch/core subject എന്നിവയുമായി ബന്ധമുള്ള സംരംഭങ്ങൾക്ക് മുൻഗണനയുണ്ടാകും. പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് വ്യവസായ പാർക്കുകളിൽ വരുന്ന സംരംഭങ്ങളിൽ apprenticeship/internship-നുള്ള അവസരം നൽകി അവർക്ക് സ്വന്തമായി സംരംഭം തുടങ്ങുന്നതിനുള്ള അവസരം നൽകുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എല്ലാ വിഷയങ്ങളിലും പഠിക്കുന്ന കുട്ടികൾക്ക് അവസരം നല്കുന്നുണ്ടോ; ഇവർക്ക് വേതനമായി എന്തെങ്കിലും നൽകുന്നുണ്ടോ; വിശദമാക്കാമോ?

പദ്ധതിയുടെ ഭാഗമായി വരുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് ക്യാമ്പസ് വ്യവസായ പാർക്കുകളിൽ മുൻഗണന നൽകുന്നു. പഠന വിഷയവുമായി ബന്ധപ്പെട്ട നിബന്ധനകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്ക് വേതനം നൽകുന്നില്ല.

ഇ-കൊമേഴ്സ് പോർട്ടൽ കെ-ഷോപ്പി

216 (623) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിന്റെ ഇ-കൊമേഴ്സ് പോർട്ടലായ കെ-ഷോപ്പിയിലൂടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ എത്ര ഉൽപ്പന്നങ്ങളാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിന്റെ ഇ-കൊമേഴ്സ് പോർട്ടലായ കെ-ഷോപ്പിയിലൂടെ 463 ഉൽപ്പന്നങ്ങളാണ് ലഭ്യമായിട്ടുള്ളത്.

വ്യവസായ രംഗത്ത് രാജ്യത്തിന് മാതൃകയായി വികസന മുന്നേറ്റം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ

217(624) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് രാജ്യത്തിന് മാതൃകയായി വികസനമുന്നേറ്റം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്ത് എന്തൊക്കെ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുന്നതിനും അതുവഴി സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച്

നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ അനുമതികൾക്കായുള്ള ഓൺലൈൻ ഏകജാലക സംവിധാനം, നിക്ഷേപകർക്ക് സമയബന്ധിതമായി അനുമതികൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും പ്രക്രിയകൾ ലളിതമാക്കുന്നതിനും അനധികൃത തടസങ്ങൾ നീക്കുന്നതിനുമായി നടത്തിയ നിയമനിർമ്മാണങ്ങൾ, അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള വിവിധ പദ്ധതികൾ, സംരംഭകത്വ പ്രോത്സാഹനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ തുടങ്ങിയ വിവിധങ്ങളായ നടപടികൾ ബിസിനസ് ആരംഭിക്കുന്നവർക്കും നിക്ഷേപകർക്കും വലിയ രീതിയിൽ സഹായകമായിട്ടുണ്ട്.

- 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിലുള്ള ഇളവുകൾ പ്രയോജനപ്പെടുത്തി നാളിതുവരെ 63726 സംരംഭകർ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ സ്വന്തമാക്കി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- സംരംഭകത്വ പ്രോത്സാഹനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച സംരംഭക വർഷം പദ്ധതി വഴി ആകെ 342936 സംരംഭങ്ങൾ സംസ്ഥാനത്ത്

രജിസ്റ്റർ ചെയ്യപ്പെടുകയും അതുവഴി 22010.48 കോടി രൂപ നിക്ഷേപവും 727253 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

- വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി നടപ്പിലാക്കിയ കെ-സിസ് (Kerala Centralised Inspection System) എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനത്തിൽ, നിലവിൽ 4 വകുപ്പുകളെ സംയോജിപ്പിക്കാനും അഞ്ചുലക്ഷത്തിലധികം സംരംഭങ്ങളെ രജിസ്റ്റർ ചെയ്യിക്കാനും സാധിച്ചു.

- അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഭേദഗതികൾ വഴി കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് ചട്ടം നിലവിൽവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് ചട്ടവും നിലവിൽവന്നു. ഇതിലൂടെ സംരംഭകർ

വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് നാളുകളായി നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചു.

- കൂടാതെ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കായി 3 കോടി രൂപവരെ സബ്സിഡി നൽകുന്ന പുതിയ പദ്ധതിയും രൂപീകരിച്ചു. ഇതിന്റെ ഭാഗമായി ഇതുവരെ 30-ൽ അധികം സ്വകാര്യ എസ്റ്റേറ്റുകൾക്ക് ഡെവലപ്മെന്റ് പെർമിറ്റ് നൽകി.

- സംസ്ഥാനത്തെ ക്യാമ്പസുകളിൽ നിലവിലുള്ള അധിക ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി ക്യാമ്പസ് വ്യവസായ പാർക്കുകൾ തുടങ്ങാനുള്ള നയവും സർക്കാർ ആവിഷ്കരിച്ചു.

- യൂണിഫൈഡ് ലാൻഡ് & ബിൽഡിങ് പോളിസി, K-SWIFT എന്നിവ നടപ്പിലാക്കിയതിലൂടെ കൂടുതൽ നിക്ഷേപകരെ വ്യവസായ രംഗത്തേക്ക് കൊണ്ടുവരുന്നതിനും വ്യവസായം കൂടുതൽ സുഗമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

വ്യാവസായിക വികസനം ലക്ഷ്യമിട്ട് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും കൂടുതൽ നിക്ഷേപവും കൂടുതൽ തൊഴിലവസരവും

സൃഷ്ടിക്കുന്നതിന് കിൻഫ്ര മുഖേന താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. പെട്രോകെമിക്കൽ പാർക്ക്, അമ്പലമുഗൾ, കൊച്ചി

2. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം (ഘട്ടം II) കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം

3. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി

4. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്

5. കണ്ണൂരിലെ ലാൻഡ് ബാങ്ക്

6. ഇൻഡസ്ട്രിയൽ പാർക്ക്, പെരുമ്പാവൂർ

7. അഡ്വാൻസ് ടെക്നോളജി പാർക്ക്, പുഴയ്ക്കൽ, തൃശ്ശൂർ

8. യൂണിറ്റിമാൾ, തിരുവനന്തപുരം

9. കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട് (ഘട്ടം II).

കഴിഞ്ഞ 3 വർഷങ്ങളായി കിൻഫ്ര പൂർത്തീകരിച്ച പദ്ധതികളിലൂടെ 2236.66 കോടി രൂപയുടെ മൂലധന നിക്ഷേപവും 27335 തൊഴിലവസരങ്ങളും കേരളത്തിൽ എത്തിക്കാനായി.

(ബി) രാജ്യത്ത് ഏറ്റവും എളുപ്പത്തിൽ വ്യവസായം നടത്തുവാൻ കഴിയുന്നത് കേരളത്തിലാണെന്ന് നീതി ആയോഗ് മുൻ സി.ഇ.ഒ. അഭിപ്രായപ്പെട്ടിരുന്നോ; ഇത്തരത്തിൽ ബിസിനസ് നടത്തുന്നതിന് ഏറ്റവും അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് നടപ്പാക്കിയ നയപരിപാടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

അഭിപ്രായപ്പെട്ടിരുന്നു. 2025 ഫെബ്രുവരി 21, 22 തീയതികളിലായി എറണാകുളത്തുവച്ച് നടത്താനിരിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഡൽഹിയിൽവച്ച് നടത്തിയ റോഡ് ഷോയിൽ വച്ചാണ് രാജ്യത്ത് ഏറ്റവും എളുപ്പത്തിൽ വ്യവസായം നടത്താൻ കഴിയുന്നത് കേരളത്തിലാണെന്ന് നീതി ആയോഗ് മുൻ സി.ഇ.ഒ അഭിപ്രായപ്പെട്ടത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഉയർന്ന ജീവിത നിലവാരവും മികച്ച

ആരോഗ്യ സംവിധാനവും മികച്ച വിദ്യാഭ്യാസ നിലവാരവും കൈവരിച്ചിട്ടുള്ള സംസ്ഥാനമാണ്. മാനുഷിക വികസന സൂചികയിലും കേരളം മറ്റ് സംസ്ഥാനങ്ങളെ മാത്രമല്ല, ലോകത്തിലെ പല രാജ്യങ്ങളെയും മറികടക്കുന്നു. ഈ പ്രഗത്ഭമായ സൂചികകളോടൊപ്പം കേരളത്തിന്റെ പ്രധാന ശക്തികളിലൊന്നായ പ്രഗത്ഭരായ മനുഷ്യശേഷിക്കൂടി കൂടിച്ചേരുമ്പോൾ അതുല്യമായ ഒരു സംരംഭക അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ കേരളം വിജയിച്ചുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഈസ് ഓഫ് ഡൂയിങ് ബിസിനസുമായി ബന്ധപ്പെട്ട് സംസ്ഥാനം നടപ്പിലാക്കിയ വിവിധ നിയമനിർമ്മാണങ്ങളും സംരംഭക പ്രോത്സാഹന പദ്ധതികളും ഓൺലൈൻ ഏകജാലക സംവിധാനങ്ങളും അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള വിവിധ പദ്ധതികളുമൊക്കെയാണ്, ഇത്തരത്തിൽ ബിസിനസ് നടത്തുന്നതിന് ഏറ്റവും അനുയോജ്യമായ സാഹചര്യം കേരളത്തിൽ സൃഷ്ടിച്ചത്.

(സി) സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുന്നതിനുമായി നടപ്പാക്കിവരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യാവസായിക നിക്ഷേപം കൂടുതൽ കാര്യക്ഷമവും ഫലപ്രദവും സുതാര്യവും ഉപഭോക്തൃ സൗഹൃദവുമാക്കുന്നതിന് വിവരസാങ്കേതികവിദ്യക്ക് ഊന്നൽ നൽകിക്കൊണ്ട് സമയപരിധിക്കുള്ളിൽ അംഗീകാരങ്ങൾ വേഗത്തിലാക്കുന്നതിന് ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം (K-SWIFT) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ലൈസൻസുകളും അംഗീകാരങ്ങളും സമയബന്ധിതമായി നൽകുന്ന കാര്യത്തിൽ സർക്കാരുമായുള്ള ഭാവിയിലെ എല്ലാ ഇടപാടുകൾക്കും കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസ് (K-SWIFT) വേദിയായിരിക്കും. K-SWIFT-ൽ എല്ലാ അപേക്ഷകളും ഒരു ഏകീകൃത പൊതു അപേക്ഷാ ഫോം (CAF) വഴി സമർപ്പിക്കാം. സംരംഭകർക്ക് അവരുടെ എല്ലാ അപേക്ഷകളും ഓൺലൈനായി സമർപ്പിക്കാനും ആവശ്യമായ സഹായ രേഖകൾ അപ്‌ലോഡ്

ചെയ്യുന്നതിനും കഴിയും. അതുവഴി മുഴുവൻ പ്രക്രിയയും കൂടുതൽ കാര്യക്ഷമമാക്കാനും സുതാര്യമാക്കാനും ഫലപ്രദമാക്കുവാനും സാധിക്കുന്നു.

വ്യവസായ മേഖലയിൽ സംസ്ഥാനം നടപ്പിലാക്കിയ പരിഷ്കരണങ്ങളും നിയമനിർമ്മാണങ്ങളും വഴി 22 വകുപ്പുകൾ/ഏജൻസികളിൽ 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്ന കേന്ദ്ര സർക്കാരിന്റെ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ ഒമ്പത് മേഖലകളിൽ ടോപ് അച്ചീവർ പുരസ്കാരം സ്വന്തമാക്കാൻ കേരളത്തിന് സാധിച്ചു. പ്രസ്തുത പരിഷ്കരണ മേഖലകളിൽ 95 ശതമാനം പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളാണ് ഡി.പി.ഐ.ഐ.ടി. ടോപ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. രാജ്യത്തിൽതന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. തുടർന്നും തൽസ്ഥിതി നിലനിർത്തുന്നതിനാവശ്യമായ നടപടികളും നിലവിൽ സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വ്യാവസായികരംഗത്ത് വൻസാധ്യതകൾ

218 (625) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുറന്നിടുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തി വ്യാവസായികരംഗത്ത് വൻ വികസനം ലക്ഷ്യമിടുന്ന പുതിയ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 2024 ഡിസംബർ 3-ന് പ്രവർത്തനക്ഷമമാകുകയും ഏറെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തുറമുഖാധിഷ്ഠിതമായ സേവനങ്ങളുടെ അഭാവം അനുഭവപ്പെടുന്നുണ്ട്. കയറ്റുമതി, ഇറക്കുമതി അധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾക്ക് സാധ്യത വർധിച്ച സാഹചര്യത്തിൽ ലോജിസ്റ്റിക്സ് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ധാരാളം സംരംഭകർ താല്പര്യപ്പെടുന്നുണ്ട്. ഇത്തരം സംരംഭകരുടെ ആവശ്യങ്ങൾ മനസ്സിലാക്കാനും അവർക്കുവേണ്ട അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി വിഴിഞ്ഞം തുറമുഖ പരിസരത്ത് സർക്കാരിന്റെ സഹായത്തോടുകൂടി കെ.എസ്.ഐ.ഇ. വിഴിഞ്ഞം ഇന്റർനാഷണൽ ലോജിസ്റ്റിക്സ് ഹബ്ബ് (വി.ഐ.എൽ.എച്ച്.) സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിവിധ ഇനം കയറ്റുമതി ഇറക്കുമതി ചരക്കുകൾ കൈകാര്യം ചെയ്യാനാവശ്യമായ സൗകര്യങ്ങളോടുകൂടിയ ഒരു വലിയ പദ്ധതിയാണ്. ഇത് ദേശീയ-അന്തർദേശീയ വ്യാപാരത്തിനുള്ള സമഗ്ര സേവനത്തിനായി രൂപകൽപന ചെയ്തിരിക്കുന്നു. അതിന് അനുബന്ധമായി കെ.എസ്.ഐ.ഇ.-ക്ക് ബങ്കറിങ് സേവനങ്ങൾ നൽകാനും സാധിക്കും. ഇതിന് ആവശ്യമായിട്ടുള്ള അനുമതികൾ ലഭിച്ചാൽ ഇന്ധന സംഭരണവും വിതരണവും സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കാം. കൂടാതെ, കപ്പൽ ചാൻഡലറിങ് സേവനങ്ങളും (Ship chandler service) ഹബ്ബ് വഴി ലഭ്യമാക്കും. ഇതിൽ ഭക്ഷ്യവസ്തുക്കൾ, ശുചിത്വ സാധനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ലൈഫ് ജാക്കറ്റുകൾ, തീ അണയ്ക്കുവാനുള്ള ഉപകരണങ്ങൾ, നാവിഗേഷൻ ആശയവിനിമയ ഉപകരണങ്ങൾ, ഡെക്ക്, എഞ്ചിൻ റൂം സപ്ലൈകൾ, റിപ്പെയർ പാർട്സ്, ഇന്ധനം, ലൂബ്രിക്കന്റുകൾ, യാത്രികരുടെ

ഗതാഗതം, വിസ, ഇമിഗ്രേഷൻ, കപ്പലിന്റെ പ്രവർത്തനത്തിന് ആവശ്യമായ മറ്റ് സാധനങ്ങൾ എന്നിവയുടെ വിതരണവും ഉൾപ്പെടും. ഇത് കപ്പൽ ഏജന്റുമാരുമായും ഓപ്പറേറ്റർമാരുമായും സഹകരിച്ചാണ് നടപ്പാക്കുക. ഇതിനുപുറമെ, ഒഴിഞ്ഞ കണ്ടെയ്നറുകൾ സൂക്ഷിക്കുന്നതിനുള്ള കണ്ടെയ്നർ യാർഡ്, തടി സൂക്ഷിക്കുന്നതിനുള്ള യാർഡ്, സ്റ്റീൽ സ്ക്രാപ്പ് യാർഡ് എന്നിവയ്ക്കായി പ്രത്യേകം സ്ഥലങ്ങളുണ്ടായിരിക്കും. കൂടാതെ, ട്രക്ക് പാർക്കിങ് ഏരിയ, ഡ്രൈവർമാർക്കുള്ള സൗകര്യങ്ങൾ, ട്രക്ക് സർവീസ് സെന്റർ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ-അന്തർദേശീയ വ്യാപാര ശേഷികൾ ഗണ്യമായി വർധിക്കാൻ ഉതകുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി 15 ഏക്കറിൽ വിഭാവന ചെയ്തിരിക്കുന്നത്.

തിരുവനന്തപുരത്തെ വരാനിരിക്കുന്ന മെട്രോ റെയിൽ പദ്ധതി നഗരത്തെയും വിഴിഞ്ഞം തുറമുഖത്തെയും ഏകോപിപ്പിക്കുന്നതിന് സഹായിക്കും. ഇത് ചരക്കുകളുടെയും യാത്രക്കാരുടെയും വേഗത്തിലുള്ളതും കാര്യക്ഷമവുമായ ഗതാഗതത്തെ സുഗമമാക്കും. വിഴിഞ്ഞം മെട്രോ തുറമുഖവുമായി സംയോജിപ്പിക്കുന്നതിലൂടെ റോഡ് തിരക്ക്

ലഘൂകരിക്കുന്നതിനും നഗര ചരക്ക് ഗതാഗതത്തെ പിന്തുണയ്ക്കുന്നതിനും ഇന്റർമോഡൽ ഗതാഗതത്തെ സുഗമമാക്കുന്നതിനും സഹായിക്കും. ഈ സഹകരണം വ്യാപാരം വർധിപ്പിക്കുകയും ഗതാഗതക്കുരുക്ക് കുറയ്ക്കുകയും തുറമുഖത്തിനും നഗരത്തിനും സാമ്പത്തിക വളർച്ച പ്രദാനം ചെയ്യുകയും ചെയ്യും.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് കിൻഫ്ര അവിടെ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി അവരുടെ വെബ്സൈറ്റിൽ പരസ്യം പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റി നിർദ്ദേശിക്കുന്നതനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(ബി) വിഴിഞ്ഞം-കൊല്ലം-പുനലൂർ സാമ്പത്തിക വളർച്ചാ മുനമ്പ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നിക്ഷേപം എത്രയാണ്; ഏതൊക്കെ മേഖലകൾ കേന്ദ്രീകരിച്ചാണ് വ്യവസായ സ്ഥാപനങ്ങൾ നിക്ഷേപം നടത്തുന്നത്; വിശദീകരിക്കുമോ?

കണക്കാക്കിയിട്ടില്ല. വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്മെന്റ് തുറമുഖവുമായി ബന്ധപ്പെട്ട് കയറ്റുമതി ഇറക്കുമതി അധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾക്ക് സാധ്യത വർധിച്ച സാഹചര്യത്തിൽ ലോജിസ്റ്റിക്സ് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആരംഭിക്കാൻ ധാരാളം സംരംഭകർ താത്പര്യപ്പെടുന്നുണ്ട്.

(സി) തലസ്ഥാനത്തെ നഗര പ്രദേശ വികസന പദ്ധതിയുടെ ഭാഗമായ ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ നിർമ്മാണവുമായി ബന്ധപ്പെട്ട് വ്യാവസായിക രംഗത്ത് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. തലസ്ഥാന നഗര പ്രദേശ വികസന പദ്ധതിയുടെ ഭാഗമായി കെ.എസ്.ഐ.ഇ.-യുടെ കൈവശമുള്ള തിരുവനന്തപുരത്തെ മുൻ മെട്രോപൊളിറ്റൻ എഞ്ചിനീയറിങ് കമ്പനിയുടെ (എം.ഇ.സി.) ഭൂമിയിൽ "സിനെർജി സ്ക്വയർ" എന്ന പേരിൽ പ്രദേശത്തെ പുനരുജ്ജീവിപ്പിക്കുകയും നഗരത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ആധുനികരീതിയിലുള്ള മൾട്ടി ലെവൽ പസ്സിൽ പാർക്കിങ് ഉൾപ്പെടുന്ന കൺവെൻഷൻ സെന്ററും ഓഫീസുകളും ഗസ്റ്റ് ഹൗസുകളും കൂട്ടിയിണക്കി

ബിസിനസിനെ ആകർഷിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കോംപ്ലക്സ് കെ.എസ്.ഐ.ഇ. വിഭാവന ചെയ്യുന്നുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മേൽപ്പറഞ്ഞ ഭൂമിക്ക് ഉതകുന്ന രീതിയിൽ രൂപകൽപ്പന ചെയ്ത പ്രോജക്ടിന് തിരുവനന്തപുരം കോർപ്പറേഷന്റെയും മറ്റ് അധികാരികളുടെയും അനുമതി ഇതിനോടകം ലഭിച്ചിട്ടുണ്ട്.

(ഡി) വിഴിഞ്ഞം തുറമുഖത്തിന്റെ അനന്ത സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ അവതരിപ്പിക്കുന്നതിന് വിഴിഞ്ഞം കോൺക്ലേവ് നടത്തിയിരുന്നോ; വിശദീകരിക്കുമോ?

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് നടത്തപ്പെട്ട ആദ്യത്തെ രാജ്യാന്തര കോൺക്ലേവ് - 'വിഴിഞ്ഞം കോൺക്ലേവ് 2025' ജനുവരി 28, 29 തീയതികളിൽ തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽവച്ച് നടത്തിയിരുന്നു. ഈ കോൺക്ലേവിൽ തുറമുഖവുമായി ബന്ധപ്പെട്ട സേവനങ്ങളെക്കുറിച്ചും തുറമുഖാധിഷ്ഠിത വ്യവസായങ്ങളെക്കുറിച്ചും അതത് മേഖലയിലെ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചർച്ചകളും

പ്രസന്റേഷനുകളും നടത്തുകയുണ്ടായി. സംരംഭകരുടെ ആവശ്യങ്ങൾ കേൾക്കുവാനും അതിനെ അടിസ്ഥാനപ്പെടുത്തി സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കാനുള്ള രൂപരേഖ തയ്യാറാക്കാനുള്ള നടപടികൾ വിവിധ വകുപ്പുകൾ മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്. 300 പ്രതിനിധികളും 50-ൽ അധികം നിക്ഷേപകരും പങ്കാളികളായ കോൺക്ലേവ് നടത്തിയതിലൂടെ വിഴിഞ്ഞം പോർട്ടിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്.

നിരവധി ലോകോത്തര കമ്പനികൾ ഉൾപ്പെടെ പങ്കെടുത്ത കോൺക്ലേവ് കേരളത്തെ ലോകത്തിലെ ലോജിസ്റ്റിക്സ് & മാരിടൈം മേഖലയിലെ ഹബ്ബാക്കി മാറ്റുന്നതിനുള്ള നിർണ്ണായക ചുവടുവയ്പായിരുന്നു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായുള്ള പ്രധാന മുന്നൊരുക്ക പരിപാടികളിലൊന്ന് കൂടിയായിരുന്നു വിഴിഞ്ഞം കോൺക്ലേവ്.

ക്വാറികളുടെ ദൂരപരിധി

219 (626) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ക്വാറികളുടെ ദൂരപരിധി ഇപ്പോൾ എത്ര മീറ്ററാണെന്ന് അറിയിക്കാമോ; ഖനനം പൊതുമേഖലയിൽ നിലനിർത്തുന്നതിനും അധികവരുമാനം ഉണ്ടാക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഖനനപ്രവർത്തനങ്ങൾ അനുവദിക്കുമ്പോൾ റെയിൽവെ ലൈനുകളിൽനിന്നും നാഷണൽ ഹൈവേയിലെ പാലത്തിൽനിന്നും 100 മീറ്ററും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, റോഡുകൾ, മറ്റ് പൊതുനിർമ്മിതികൾ, വാസഗൃഹങ്ങൾ, ആരാധനാലയങ്ങൾ, ശ്മശാനം എന്നിവയിൽനിന്ന് 50 മീറ്ററും സംരക്ഷിത വനഭൂമി, ദേശീയ ഉദ്യാനങ്ങൾ എന്നിവയിൽനിന്നും 1 കിലോമീറ്ററും ദൂരപരിധി പാലിക്കണമെന്ന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ബഹു. സുപ്രീംകോടതിയുടെ 26-04-2023-ലെ റിട്ട് പെറ്റിഷൻ 202/95-മേലുള്ള ഉത്തരവിൻപ്രകാരം ബഫർസോൺ നിശ്ചയിക്കാത്ത സംരക്ഷിത വനഭൂമി, ദേശീയ ഉദ്യാനങ്ങൾ എന്നിവയുടെ ഒന്ന് മുതൽ പത്ത് കിലോമീറ്റർവരെ ചുറ്റളവിനുള്ളിൽ ഖനനപ്രവർത്തനങ്ങൾ

നടത്തണമെങ്കിൽ നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ നിരാക്ഷേപപത്രം ആവശ്യമാണ്. ഖനന മേഖലയിൽനിന്നും അധികവരുമാനം കണ്ടെത്തുന്നതിന്റെ ഭാഗമായി 31-03-2023-ലെ സ.ഉ.(പി) നമ്പർ 38/2023/ഐ.ഡി. ഉത്തരവിലൂടെ ധാതുക്കളുടെ റോയൽറ്റി തുക വർധിപ്പിക്കുകയും അനധികൃത ഖനനത്തിനുള്ള ഫൈൻ തുക വർധിപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ ടി ഉത്തരവ് പ്രകാരം റോയൽറ്റി കോമ്പൗണ്ടിങ് സിസ്റ്റം അനുസരിച്ച് നിലവിലിരുന്ന രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റ് സിസ്റ്റം, കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റം എന്നിവ 01-04-2023 മുതൽ നിർത്തലാക്കി, ഖനനം ചെയ്യുന്ന ധാതുവിന്റെ അളവിന് തത്തുല്യമായി റോയൽറ്റി ഒടുക്കണമെന്നുള്ള നിബന്ധന ഏർപ്പെടുത്തി. സർക്കാർ റവന്യൂ പുറമ്പോക്ക് ഭൂമിയിൽനിന്നും ഖനനം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് പൊതുമേഖലാ സ്ഥാപനമായ KEMDEL സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

അനധികൃത ഖനനം തടയുന്നതിന് നടപടി

220 (627) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24 കാലയളവിൽ ഖനനാനുമതി നൽകിയിരിക്കുന്നത് എത്ര യൂണിറ്റുകൾക്കാണെന്നത് ജില്ല തിരിച്ച് വിശദമാക്കാമോ?

2023-24 കാലയളവിൽ 32 ക്വാറിയിങ് ലീസുകളും 213 ക്വാറിയിങ് പെർമിറ്റുകളും ഉൾപ്പെടെ ആകെ 245 ഖനനാനുമതികൾ നല്കിയിട്ടുണ്ട്. അയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല	ക്വാറിയിങ് ലീസ്	ക്വാറിയിങ് പെർമിറ്റ്
തിരുവനന്തപുരം	5	4
കൊല്ലം	2	16
പത്തനംതിട്ട	3	3
ആലപ്പുഴ	-	3
കോട്ടയം	3	9
ഇടുക്കി	-	2
എറണാകുളം	2	31
തൃശ്ശൂർ	-	3
പാലക്കാട്	3	77

മലപ്പുറം	2	38
കോഴിക്കോട്	1	20
വയനാട്	3	3
കണ്ണൂർ	8	2
കാസർഗോഡ്	-	2
ആകെ	32	213

(ബി) അനധികൃത ഖനനം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇതിന്റെ ഭാഗമായി 2023-24 കാലയളവിൽ എത്ര പാറ ക്വാറികൾക്കാണ് അനുമതി നിഷേധിച്ചതെന്ന് വിശദമാക്കാമോ?

മൈനിങ് & ജിയോളജി വകുപ്പിന്റെ സ്ക്വാഡ് വിഭാഗം അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികളിൽ സ്ഥലപരിശോധന നടത്തുകയും ഖനന പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് ക്വാറി ഉടമകൾക്ക് സ്റ്റോപ്പ് നോട്ടീസ് നൽകി അനധികൃതമായി ഖനനം ചെയ്ത ധാതുവിന്റെ റോയൽറ്റിയും വിലയും പിഴയും ഈടാക്കുന്നതിനുള്ള നടപടികൾ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ, കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം സ്വീകരിച്ചു

വരുന്നു. അനധികൃത ഖനനത്തിന് 2023-24 കാലയളവിൽ ഖനനാനുമതി നിഷേധിച്ച പാറ ക്വാറികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ല	നിരസിച്ചവരുടെ എണ്ണം
തിരുവനന്തപുരം	3
ഇടുക്കി	1
എറണാകുളം	1
തൃശ്ശൂർ	1
കോഴിക്കോട്	3
ആകെ	9

നെടുങ്കുന്നം വീരന്മലയിലെ മണ്ണെടുപ്പ്

221 (628) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ നെടുങ്കുന്നം പഞ്ചായത്ത് പരിധിയിലുള്ള വീരന്മലയിൽ മണ്ണെടുപ്പ് നടത്തുന്നത് സംബന്ധിച്ച് ജിയോളജി വകുപ്പ് തയാറാക്കിയിട്ടുള്ള എസ്കവേഷൻ പ്ലാനിന്റെ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത സ്ഥലത്തെ മണ്ണെടുപ്പിനുള്ള ഖനനാനുമതിക്കായി സമർപ്പിച്ച രേഖകളിൽ ഉൾപ്പെട്ടതും റെക്കഗ്നൈസ്ഡ് ക്വാളിഫൈഡ് പേഴ്സൺ

(ആർ.കൃ.പി.) തയ്യാറാക്കിയതുമായ മൈനിങ് പ്ലാൻ പ്രകാരമാണ് മണ്ണെടുപ്പ് നടത്തുന്നത്. ആയത് പരിശോധിച്ച് അംഗീകരിച്ച് നിലവിൽ 115065 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുവാനാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത മണ്ണെടുപ്പിൽ അനുവദനീയമല്ലാതെ ചെയ്തിട്ടുള്ള നടപടികളിന്മേൽ സ്വീകരിച്ച ശിക്ഷാനടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് മുമ്പ് ഖനനം മുകളിൽനിന്നും താഴത്തേയ്ക്ക് ചെയ്യുന്നതിനുള്ള വഴി നിർമ്മിക്കുന്ന വേളയിൽ ഖനന സ്ഥലത്തുനിന്നും മണ്ണ് നീക്കം ചെയ്തിട്ടുള്ളതിന് 25,000/- രൂപ കോമ്പൗണ്ടിങ് ഫീയായി ഈടാക്കിയിട്ടുണ്ട്.

(സി) വീരന്മലയിലെ മണ്ണെടുപ്പ് സംബന്ധിച്ച എസ്കവേഷൻ പ്ലാൻ തയാറാക്കിയപ്പോൾ പ്രസ്തുത സ്ഥലത്തിന് തൊട്ടുമുകളിലായി സ്ഥിതി ചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ ജലസംഭരണിയുടെയും അതിന് സമീപത്തായുള്ള വലിയ കുളത്തിന്റെയും സുരക്ഷിതത്വം കണക്കിലെടുത്തിരുന്നോയെന്ന് വ്യക്തമാക്കാമോ?

വാട്ടർ ടാങ്കിന്റെയും കുളത്തിന്റെയും നിയമപരമായ പരിധിക്ക് പുറത്താണ് ഖനനാനുമതി നൽകിയ സ്ഥലം സ്ഥിതി ചെയ്യുന്നത്.

(ഡി) ഈ പ്രദേശം ഭ്രൂകമ്പസാധ്യതയുള്ള പ്രദേശമായി ഐഡന്റിഫൈ ചെയ്തിട്ടുള്ളതാണോ; എങ്കിൽ മണ്ണെടുപ്പിന് അനുമതി നൽകിയപ്പോൾ അത് പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) 2018-ലുണ്ടായ പ്രളയത്തിനുശേഷം വീരന്മല ദുരന്ത സാധ്യതാ പ്രദേശമായി നെടുങ്കുന്നം പഞ്ചായത്ത് പ്രഖ്യാപിച്ചത് സംബന്ധിച്ച വിവരങ്ങൾ ജിയോളജി വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പരിഗണിക്കാൻ നടപടി സ്വീകരിക്കാമോ?

(ഡി&ഇ) കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മന്റ് അതോറിറ്റി (കെ.എസ്.ഡി.എം.എ.) തയ്യാറാക്കിയ ലാൻഡ്സ്ലൈഡ് സസെപ്റ്റിബിലിറ്റി മാപ്പ് പ്രകാരം ടി സ്ഥലം ഉരുൾപൊട്ടൽ സാധ്യതയുള്ള റെഡ്/ഓറഞ്ച് സോണിൽ ഉൾപ്പെടുന്നില്ല. പഞ്ചായത്തിന്റെ പ്രഖ്യാപനം മൈനിങ് & ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) മണ്ണെടുപ്പിനായി അനുമതി നൽകുന്നതും റോയൽറ്റി അടയ്ക്കുന്നതും സംബന്ധിച്ച അളവ് മാനദണ്ഡം അറിയിക്കാമോ; ലോഡിന്റെ എണ്ണത്തിനാണോ മെട്രിക് ടൺ കണക്കിലാണോ റോയൽറ്റിയും പെർമിറ്റും കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; ലോഡ് കണക്കിലാണെങ്കിൽ ഒരു ലോഡ് എന്നത് എത്ര ടണ്ണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മൈനിങ് പ്ലാൻ പ്രകാരം മെട്രിക് ടണ്ണിലുള്ള അളവിനാണ് മുൻക്കൂർ റോയൽറ്റി അടയ്ക്കുന്നതും അനുമതി നൽകുന്നതും.

മലപ്പുറം ജില്ലയിലെ നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം

222 (629) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം ഒരു വർഷമായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മലപ്പുറം മണ്ഡലത്തിലെ പുൽപറ്റ കേന്ദ്രം ഉൾപ്പെടെ ജില്ലയിൽ എത്ര നെയ്ത്ത് കേന്ദ്രങ്ങളും തൊഴിലാളികളുമുണ്ടെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിനുകീഴിൽ പുൽപറ്റ ഉൾപ്പെടെ ആകെ ഏഴ് ഖാദി നെയ്ത്ത് കേന്ദ്രങ്ങളിലായി മൊത്തം 45 നെയ്ത്ത് തൊഴിലാളികൾ പ്രവർത്തിച്ചുവരുന്നു. പുൽപറ്റ ഉൾപ്പെടെയുള്ള മലപ്പുറം മണ്ഡലത്തിൽ കൈത്തറി വകുപ്പിനുകീഴിൽ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങളൊന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ മലപ്പുറം ജില്ലയിൽ നിലവിൽ 2 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ആകെ 27 കൈത്തറി നെയ്ത്ത് തൊഴിലാളികൾ പ്രവർത്തിച്ചുവരുന്നു.

(സി) വേതനം വൈകുന്നത് പാവപ്പെട്ട തൊഴിലാളികളുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന സാഹചര്യത്തിൽ ഇവരുടെ മിനിമം വേതനം കുടിശ്ശികയടക്കം തീർത്ത് നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

മലപ്പുറം ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിന് കീഴിലുള്ള ഉൽപാദന കേന്ദ്രങ്ങളിലെ ഖാദി നെയ്ത്ത് തൊഴിലാളികൾക്ക് 2023 ഡിസംബർ മാസം വരെയുള്ള കാലയളവിലെ മിനിമം വേതനമാണ് വിതരണം ചെയ്തിട്ടുള്ളത്. തുടർന്നുള്ള ഏഴ് മാസത്തെ മിനിമം വേതനം വിതരണം

ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വരുമാന താങ്ങ് പദ്ധതിയായാണ് ഖാദി നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം അനുവദിക്കുന്നത്. നെയ്ത്തിന് അഖിലേന്ത്യാ ഖാദി കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ചാർട്ടിന് ആനുപാതികമായ കൂലിയാണ് ഖാദി നെയ്ത്ത് തൊഴിലാളികൾക്ക് നൽകി വരുന്നത്. കൈത്തറി നെയ്ത്ത് തൊഴിലാളികൾക്കായി പ്രതിദിനം മിനിമം 150 രൂപയിൽ കുറയാതെ വർഷത്തിൽ 100 തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്ന ഇൻകം സപ്പോർട്ട് സ്കീമാണ് നിലവിലുള്ളത്. ഈ സ്കീമിൽ നിലവിൽ മലപ്പുറം ജില്ലയിൽ അപേക്ഷകരില്ല.

നെയ്യാറ്റിൻകര കുളത്തൂർ പവർലൂം ഫാക്ടറി

223 (630) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ പവർലൂം ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ടെക്സ്ഫെഡിന് കീഴിലുള്ള സമഗ്ര യന്ത്രത്തറി സംഘങ്ങളുടെ ആധുനികവൽക്കരണ പദ്ധതിയിൻ കീഴിൽ 2023-24 സാമ്പത്തിക വർഷം നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 15 ലക്ഷം രൂപ സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിലേക്കായി റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സൊസൈറ്റിയുടെ ആധുനികവൽക്കരണ പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയതിൽ റിലീസ് ചെയ്യാൻ ബാക്കി നിൽക്കുന്ന തുകയിൽനിന്നും 12 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുവേണ്ട നടപടികളുടെ ഭാഗമായി ഒരു പുതിയ ഭരണസമിതി നിലവിൽ വരികയുണ്ടായി. സൊസൈറ്റിയുടെ തുടർന്നുള്ള പ്രവർത്തനങ്ങളെക്കുറിച്ച് കൈത്തറി ഡയറക്ടറേറ്റ് തലത്തിൽ യോഗം ചേരുകയും സൊസൈറ്റിയുടെ മെയിന്റനൻസ് വർക്കുകളും അതിന്റെ

കണക്കുകളും ബില്ലുകളും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി ഭരണാനുമതി നൽകിയ 15 ലക്ഷം രൂപയിൽനിന്ന് 5 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

(ബി) 2020 മുതൽ 2024 വരെ പ്രസ്തുത പവർലൂം തുറന്ന് പ്രവർത്തിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ നെയ്യാറ്റിൻകര ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി തുറന്ന് പ്രവർത്തിക്കുന്നതിന് തുകയൊന്നും അനുവദിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം പ്രസ്തുത സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 15 ലക്ഷം രൂപ സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിലേക്കായി റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

കൈത്തറി വ്യവസായം പരിപോഷിപ്പിക്കാൻ നടപടി

224 (631) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി വ്യവസായം പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കൈത്തറി വ്യവസായമേഖലയെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി ശക്തമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഏറ്റവും മുന്നിട്ടുനിൽക്കുന്നതും കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി 2017-18 അധ്യയന വർഷം മുതൽ സർക്കാർ നടപ്പിലാക്കിവരുന്നതുമായ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. നിലവിൽ ഏകദേശം 6152 നെയ്ത്തുകാരും 1600 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽദിനങ്ങളും അധിക

വരുമാനവും ലഭ്യമാക്കുവാനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 75 കോടി രൂപ വകയിരുത്തിയതിൽ 43.5 കോടി രൂപ റിലീസ് ചെയ്യുകയും ബാക്കി തുകയായ 31.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ഇതുവരെ സർക്കാർ 614.98 കോടി രൂപ ചെലവഴിച്ചതിൽ 361.98 കോടി രൂപ നെയ്ത്ത് കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി അഞ്ചംഗ കൈത്തറി വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. കൈത്തറി ഉൽപാദനവും വിപണനവുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾ, കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ എന്നിവയുമായി നേരിട്ട് ഇടപെട്ട് കൈത്തറി മേഖലയിലെ നിലവിലെ അവസ്ഥ പ്രസ്തുത സമിതി പഠിക്കുകയും അതുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയുടെ

പുരോഗമനത്തിനായുള്ള ശിപാർശകൾ രൂപപ്പെടുത്തി സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യംവച്ചും മൂല്യവർധിത കൈത്തറി ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും കേരള കൈത്തറി ബ്രാൻഡിങ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുവേണ്ടി 'ക' എന്ന ഒരു ലോഗോ പ്രകാശനം ചെയ്യുകയുണ്ടായി. ഇത്തരത്തിൽ കേരളത്തിലെ കൈത്തറി മേഖലയിൽ ഉല്പാദിപ്പിക്കുന്ന എല്ലാ മൂല്യവർധിത കൈത്തറി തുണിത്തരങ്ങളും ബ്രാൻഡ് ചെയ്യുന്നതിനുവേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട ബ്ലീച്ചിങ്, സൈസിങ്, ഡൈയിങ്, പ്രിന്റിങ്, ഫിനിഷിങ് തുടങ്ങിയ മൂല്യവർധന പ്രക്രിയകൾ സംസ്ഥാനത്ത് തന്നെ ലഭ്യമാക്കുന്നതിനായി കണ്ണൂർ കിൻഫ്ര ടെക്സ്റ്റൈൽ പാർക്കിൽ 'നാടുകാണി ടെക്സ്റ്റൈൽസ് ഡൈയിങ് ആൻഡ് പ്രിന്റിങ് സെന്റർ' പദ്ധതി നടപ്പിലാക്കാനുള്ള നടപടികളും നടന്നുവരുന്നു. കൈത്തറി വസ്ത്രങ്ങളിൽ കാലിക പ്രസക്തമായ ഡിസൈനുകൾ രൂപീകരിച്ച് നവീകരിച്ച

ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തി കൈത്തറി വിപണി മെച്ചപ്പെടുത്തി മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡിസൈനർ സ്റ്റുഡിയോകൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽരഹിതരായ യുവജനങ്ങളെ (18-നും 40-നും മധ്യേ പ്രായമുള്ള യുവതീയുവാക്കൾ) ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതുവഴി കൈത്തറി മേഖല കൂടുതൽ വികസിക്കുന്നതിനുംവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് യുവവീവ് പദ്ധതി. പദ്ധതിയിലൂടെ 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി കൈത്തറി നെയ്ത്ത് പരിശീലനം നൽകുകയും 6 മാസ പരിശീലന കാലയളവിൽ സ്റ്റൈപന്റും പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.

മേൽ പദ്ധതികൾക്ക് പുറമേ സംസ്ഥാനത്ത് കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന മറ്റ് ചില പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

2. ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.

3. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

4. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

5. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി.

6. കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക.

7. കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാന്റ് ലൂം വില്ലേജ്.

8. കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

9. കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി.

10. വിപണന-കയറ്റുമതി പ്രോത്സാഹനം.

11. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.

12. പരിശീലന, വൈദഗ്ധ്യ ശേഷി വികസന പരിപാടി.

13. അംശദാനമിതവ്യയ പദ്ധതി.

14. റിബേറ്റ് പദ്ധതി.

15. മാർക്കറ്റിങ് ഇൻസെന്റീവ്.

സംസ്ഥാനത്തെ പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ അപ്പെക്സ് സംഘമായ ഹാന്റ്ക്സിന്റെ പുനരുദ്ധാരണ പദ്ധതിക്കായി 6 കോടി രൂപയ്ക്ക് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക ഒഴിവാക്കുന്നതിന് സ്കീമുകളൊന്നും നിലവിലില്ല.

കോട്ടയം ടെക്സ്റ്റൈൽസിൽ വൈവിധ്യവൽക്കരണം

225 (632) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത വസ്തുക്കൾ കിട്ടാത്ത സാഹചര്യംമൂലം സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയിലും തൊഴിലാളികൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

പ്രധാന അസംസ്കൃത വസ്തുവായ പരുത്തിയുടെ വിലക്കയറ്റം ടെക്സ്റ്റൈൽ മേഖലയെ പ്രതികൂലമായി ബാധിക്കുന്നത് കണക്കിലെടുത്ത് സംസ്ഥാനത്തെ പൊതു-സഹകരണ മേഖലയിലുള്ള സ്പിന്നിങ് മില്ലുകൾക്കാവശ്യമായ കോട്ടൺ ലഭ്യമാക്കുന്നതിനായി കോട്ടൺ ബോർഡ് രൂപീകരിക്കുകയും പഞ്ഞി വാങ്ങിക്കുന്നതിനുള്ള പ്രവർത്തന മൂലധനവായ്പയായി ബോർഡിന് NCDC-യിൽനിന്ന് 70 കോടി രൂപ ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ 2024-25 സാമ്പത്തിക വർഷം ബജറ്റിൽ കോട്ടൺ ബോർഡിന് 10 കോടി രൂപ

വകയിരുത്തുകയും ഭരണാനുമതി നൽകുയും ചെയ്തു. പ്രസ്തുത തുകയിൽനിന്നും 3 കോടി രൂപ റീലീസ് ചെയ്ത് നൽകുകയും ചെയ്തു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ടെക്സ്റ്റൈൽ മേഖലയിലെ പ്രധാന അസംസ്കൃത വസ്തുവായ പഞ്ഞി ലഭ്യമാക്കുന്നതിന്റെ ആദ്യഘട്ടമായി 3.30 കോടി രൂപയുടെ പഞ്ഞി Cotton Corporation of India Ltd-ൽനിന്നും വാങ്ങി മില്ലുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടമായി പഞ്ഞി വാങ്ങുന്നതിലേക്കായി 3.50 കോടി രൂപയും നൽകിയിട്ടുണ്ട്.

കൂടാതെ നിലവിൽ പല സ്പിന്നിങ് മില്ലുകളുടെയും അസംസ്കൃത വസ്തുവായ പോളിസ്റ്റർ കൂടി കോട്ടൺ ബോർഡ് മുഖേന സംഭരിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇങ്ങനെ പോളിസ്റ്റർ സംഭരിക്കുന്നതിലൂടെ ടെക്സ്റ്റൈൽ മില്ലുകൾ ഇന്ന് നേരിടുന്ന പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമാകും.

(ബി) സംസ്ഥാന ടെക്സ്റ്റൈൽ കോർപറേഷന് കീഴിലുള്ള മില്ലുകളെ ആധുനിക നിലവാരത്തിൽ നവീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനക്ഷമതയും ഉൽപാദനക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി 2021 മുതൽ 10 വർഷത്തിൽ നടപ്പിലാക്കുവാനായി 318.89 കോടി രൂപയുടെ നവീകരണ വികസന പദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിന്റെ ഭാഗമായി വളരെ പഴക്കംചെന്ന പ്രഭ്ദറാം മിൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ് എന്നീ മില്ലുകളിലും ഭാഗികമായി നവീകരിക്കപ്പെട്ട മലബാർ സ്പിന്നിങ് ആൻഡ് വീവിങ് മില്ലിലും പുതിയ യൂണിറ്റുകളായ ഉദുമ ടെക്സ്റ്റൈൽ മിൽസ്, കോമളപുരം സ്പിന്നിങ് & വീവിങ് മിൽസ് എന്നിവയിലും ഓട്ടോകോണർ സ്ഥാപിച്ചു. നിലവിലെ പഴക്കം ചെന്നതും കലഹരണപ്പെട്ടതുമായ ചില യന്ത്രസാമഗ്രികൾ മാറ്റി സ്ഥാപിച്ചു. നിലവിൽ കോട്ടയം ടെക്സ്റ്റൈൽസിന്റെ ഭാഗിക നവീകരണത്തിനായി 8.03 കോടി രൂപ ഈ വർഷത്തിൽ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ മില്ലുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരുന്നു. 2021 മുതൽ 2024 വരെ 14.35 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ഇതിനോടകം നടത്തിയിട്ടുണ്ട്.

(സി) കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത സ്ഥാപനത്തിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

വൈദ്യുതിബന്ധം വിച്ഛേദിച്ച് 2024 മാർച്ച് 20 മുതൽ ലേ ഓഫിലായ കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായി യൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തി ചർച്ചകൾ നടത്തിയിരുന്നു. എടരിക്കോട് ടെക്സ്റ്റൈൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നിവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി എടരിക്കോട് ടെക്സ്റ്റൈൽസിൽ വാങ്ങി സ്ഥാപിച്ചിട്ടുള്ള 2 ഓട്ടോകോണർ മെഷീനുകൾ കോട്ടയം ടെക്സ്റ്റൈൽസിലേക്ക് മാറ്റി സ്ഥാപിച്ച് മില്ലിലെ കാർഡിങ്, പ്രെപ്പറേറ്ററി വിഭാഗങ്ങളുടെ ആധുനികവൽക്കരണം കൂടി പൂർത്തിയാക്കി കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തനം ആരംഭിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ഡി) കോട്ടയം ടെക്സ്റ്റൈൽസ് വൈവിധ്യവൽക്കരിക്കുന്നതിനും ആധുനിക ടെക്സ്റ്റൈൽ ടെക്നോളജി സെന്ററായി പ്രവർത്തിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ?

നിലവിൽ ലേ ഓഫിലായ മിൽ തുറന്നുപ്രവർത്തനം ആരംഭിക്കാനുള്ള പദ്ധതികൾക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. അതോടൊപ്പം മില്ലിൽ അധികമുള്ള സ്ഥലത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി വൈവിധ്യവൽക്കരണം പരിഗണനയിലാണ്.

(ഇ) കോട്ടയം ടെക്സ്റ്റൈൽസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും ആർക്കെല്ലാമാണെന്നും എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കോട്ടയം ടെക്സ്റ്റൈൽസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടില്ല, വിരമിച്ച 35 ജീവനക്കാർക്കായി ഗ്രാറ്റുവിറ്റി ഇനത്തിൽ കുടിശ്ശികയുണ്ട്. ഗ്രാറ്റുവിറ്റി എത്ര

പേർക്ക് നൽകാനുണ്ടെന്നും ആർക്കെല്ലാമാണെന്നും സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി+ ഉൾകൊള്ളിക്കുന്നു.

10-01-2025-ലെ G.O.(Rt)No.28/2025/ID പ്രകാരം ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലെ മില്ലുകളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക നൽകുന്നതിനായി 380 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 300.1 ലക്ഷം രൂപയ്ക്ക് 07-02-2025-ലെ സ.ഉ.(സാധാ)നം.121/2025/വ്യവ. പ്രകാരം റിലീസ് അനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിൽ 85.94 ലക്ഷം രൂപ കോട്ടയം ടെക്സ്റ്റൈൽസിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും വിരമിച്ച ജീവനക്കാരിൽ 28 പേരുടെ ഇ.പി.എഫ്. കുടിശ്ശികയിൽ 4.84 ലക്ഷം രൂപയും 35 പേർക്ക് ഗ്രാറ്റുവിറ്റി 63.79 ലക്ഷം രൂപയും നൽകാൻ സാധിക്കും. മില്ലിന്റെ പ്രവർത്തനം മെച്ചപ്പെട്ട് ഉൽപാദനക്ഷമത കൈവരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള കുടിശ്ശികകൾ മുൻഗണന അടിസ്ഥാനത്തിൽ തവണകളായി നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗാർഹിക സംരംഭങ്ങൾക്കുള്ള സഹായങ്ങൾ

226 (633) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗാർഹിക സംരംഭങ്ങൾക്ക് നിലവിൽ എത്ര ശതമാനം പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഗാർഹിക സംരംഭകർക്ക് എന്തൊക്കെ അധിക സഹായങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഗാർഹിക മേഖലയിലെ സംരംഭങ്ങൾക്ക് മാത്രമായി ആനുകൂല്യം നൽകുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുന്നില്ല. എങ്കിലും സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്ക് ആനുകൂല്യങ്ങൾ നല്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഗാർഹിക മേഖലയിലെ സംരംഭങ്ങൾക്കും പദ്ധതി നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നു. സംരംഭങ്ങൾക്ക് പലിശ ഇളവ് നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'ഒരു കുടുംബം ഒരു സംരംഭം'

പദ്ധതി പ്രകാരം ഉൽപാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പയ്ക്ക് 6 ശതമാനം വരെ പലിശ ഇളവ് ധനസഹായമായി നൽകുന്നു. മേൽ സംരംഭക സഹായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു കുടുംബം ഒരു സംരംഭം: ഉൽപാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി വിഭാവന ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് ധനസഹായമായി നൽകുന്നു. 01-04-2022-ന് ശേഷം ആരംഭിച്ച ഉൽപാദന, സേവന, വ്യാപാര മേഖലയിലെ സംരംഭങ്ങൾക്കാണ് പദ്ധതി പ്രകാരം പലിശയിളവ് ആനുകൂല്യം ലഭ്യമാകുന്നത്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ്

അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുക. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് യൂണിറ്റ് പ്രവർത്തനനിരതമായിരിക്കണം.

(2) ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ്: വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin Money Grant നൽകികൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യസംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന, സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 4 ശതമാനവുമായിരിക്കും. എസ്.സി./എസ്.ടി./ വനിതകൾ/വിമുക്തഭടന്മാർ/40 വയസ്സ് വരെയുള്ള യുവസംരംഭകർ/ ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ്

ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവുമായിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

3. <u>സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)</u>: വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നു. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉൽപാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനം വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

<u>മറ്റ് ആനുകൂല്യങ്ങൾ</u>

21-01-2020-ലെ സ.ഉ.(സാധാ)നം. 160/2020/ത.സ്വ.ഭ.വ. അനുസരിച്ച് വ്യവസായ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും

അംഗീകാരമുള്ള 5 HP-യിൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന വ്യവസായ സംരംഭങ്ങൾക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ അംഗീകാരമില്ലാതെ പ്രവർത്തിക്കാൻ കഴിയുന്നതാണ്.

ഗാർഹിക സംരംഭങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് (ONDC) എന്ന നെറ്റ്വർക്ക് സംവിധാനം നിലവിലുണ്ട്. ഇതിലേക്ക് പ്രോഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകിവരുന്നു. സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി സംസ്ഥാനത്തെ ഗാർഹിക സംരംഭങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും (എം.എസ്.എം.ഇ.) മിനിമം ഇൻഷ്വറൻസ് പരിരക്ഷ

നൽകാൻവേണ്ടി MSME ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകട സാധ്യതകളിൽനിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഒരു സംരംഭകൻ നൽകുന്ന വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാനംവരെ (പരമാവധി 5,000 രൂപ) റീ-ഇമ്പേഴ്സ്മെന്റായി നൽകുന്ന ഈ പദ്ധതി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു.

എന്റെ ഗ്രാമം പദ്ധതി

227 (634) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡ് നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതിയായ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സബ്സിഡി തുക വിതരണം ചെയ്യാൻ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കാമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയായ "എന്റെ ഗ്രാമം" പദ്ധതി പ്രകാരം 31-12-2024 വരെ 16,43,68,565/- രൂപയുടെ സബ്സിഡി തുക വിതരണം ചെയ്യാനുണ്ട്.

(ബി) ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ക്രമ നം.	ജില്ല	നൽകാനുള്ള സബ്സിഡി തുക
1	തിരുവനന്തപുരം	11,67,632
2	കൊല്ലം	39,10,825
3	പത്തനംതിട്ട	9,26,867
4	ആലപ്പുഴ	39,72,487
5	കോട്ടയം	39,28,017
6	ഇടുക്കി	72,14,343
7	എറണാകുളം	24,77,984
8	തൃശ്ശൂർ	88,73,595
9	പാലക്കാട്	31,53,174
10	മലപ്പുറം	80,53,235
11	കോഴിക്കോട്	83,70,286
12	വയനാട്	1,68,71,716
13	കണ്ണൂർ	5,48,61,919
14	കാസർഗോഡ്	4,05,86,485
ആകെ		16,43,68,565

(സി) കൂടിശ്ശിക തുക വിതരണം ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; എത്ര കാലത്തിനുള്ളിൽ കൂടിശ്ശിക തുക മുഴുവൻ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷം പ്രത്യേക തൊഴിൽദാന പദ്ധതി (എന്റെ ഗ്രാമം) നടപ്പിലാക്കുന്നതിനായി 280 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. അതിൽ 23,66,453/-രൂപ ഒന്നാംഘട്ടമായും 60,00,000/-രൂപ രണ്ടാംഘട്ടമായും ആകെ 83,66,453/- രൂപ അനുവദിച്ചിട്ടുണ്ട്. ഖാദി ബോർഡിന് ഈ വർഷം അനുവദിക്കുവാൻ ബാക്കിയുള്ള തുകയിൽനിന്നും സ്പെഷ്യൽ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം പദ്ധതിക്ക് 1.96 കോടി രൂപ റിലീസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) എന്റെ ഗ്രാമം പദ്ധതി നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പരിഗണനയിലില്ല.

പള്ളിച്ചൽ പഞ്ചായത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കൈയേറ്റം

228 (635) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ പഞ്ചായത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള റീ-സർവെ നമ്പർ 151/2-ൽപ്പെട്ട 17.20 ആർ സ്ഥലം വീണ്ടെടുക്കുന്നതിനായി ബോർഡ് സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) കൈയേറ്റം ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) ഭൂമി വീണ്ടെടുക്കുന്നതിനായുള്ള തുടർനടപടികൾ വിശദമാക്കാമോ; ഇതിനായി എത്ര നാൾ കൂടി വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

(എ-സി) പള്ളിച്ചൽ വില്ലേജിലെ തണ്ടപേർ നം.1204 പ്രകാരം പള്ളിച്ചൽ വില്ലേജിൽപ്പെട്ട ഇടക്കോട് ദേശത്തിലെ റീ-സർവെ നം.151/2-ൽപ്പെട്ട 17.20 ആർ സ്ഥലം സർവ്വോദയത്തിനുവേണ്ടി ഖാദി

ബോർഡ് എന്ന പേരിൽ വർഷങ്ങളായി കിടക്കുകയാണ്. ഇത് ഖാദി ബോർഡിൽ രജിസ്റ്റർ ചെയ്ത് തുടങ്ങിയ സർവ്വോദയ സംഘം വക വസ്തുവാണ്. ഇത് ഇപ്പോൾ സമീപപ്രദേശത്തുള്ള ആളുകൾ കൈയേറി താമസമാക്കിയിരിക്കുന്നതിനാൽ ഈ വസ്തു കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ കൂടി കരമൊടുക്കി ഉടമസ്ഥാവകാശം ലഭ്യമാകേണ്ടതുണ്ട്. ഇതുസംബന്ധിച്ച് ബഹു. തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ മുമ്പാകെയുള്ള 61/2011-ാം നമ്പർ കേസിലെ 03-09-2013-ലെ വിധി പ്രകാരം ടി വസ്തു ഖാദി ബോർഡിന്റേതാണെന്നും ടി വസ്തുവിൽ താമസിക്കുന്നവർ അനധികൃതമായാണ് താമസിക്കുന്നതെന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിന് സിവിൽ കോടതിയെ സമീപിച്ച് തുടർനടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സിവിൽ കോടതിയെ സമീപിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് വില്ലേജ് ഓഫീസിൽ കരം ഒടുക്കുന്നതിനായി സമീപിക്കുകയും ടി വിഷയം കോടതിയുടെ പരിഗണനയിലുള്ളതാകയാൽ തഹസിൽദാറുടെ റിപ്പോർട്ട് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാമെന്ന് വില്ലേജ് ഓഫീസർ

അറിയിക്കുകയും ചെയ്തു. നിലവിൽ ടി വിഷയം ജില്ലാ കളക്ടറുടെ പരിഗണനയിലാണ്. ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം)-ന്റെ നിർദേശാനുസരണം 13-11-2023-ന് ഉച്ചയ്ക്ക് 2.00 മണിക്ക് ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം), ലാൻഡ് റിഫോംസ്, ഡെപ്യൂട്ടി തഹസിൽദാർ നെയ്യാറ്റിൻകര, സ്പെഷ്യൽ വില്ലേജ് ഓഫീസർ പള്ളിച്ചൽ എന്നിവർ പങ്കെടുത്ത ഹിയറിങ്ങിൽ ഖാദി ബോർഡിന്റെ പ്രോജക്ട് ഓഫീസർ ഹാജരായിരുന്നതും തുടർന്ന് വസ്തു കൈയേറി താമസിക്കുന്ന ആൾക്കാരുടെ വിലാസം കണ്ടെത്തി അവർക്ക് എങ്ങനെയാണ് ടി വസ്തു ലഭിച്ചതെന്ന് കാണിച്ച് നോട്ടീസ് നൽകാൻ ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം), പള്ളിച്ചൽ സ്പെഷ്യൽ വില്ലേജ് ഓഫീസറോടും ഭൂപരിഷ്കരണ വിഭാഗത്തിലെ സെക്ഷൻ ക്ലാർക്കിനും നിർദേശം നൽകുകയും തുടർന്ന് ടി വസ്തുവിൽ താമസിക്കുന്നവരുടെ പേരും അഡ്രസ്സും ഹിയറിങ് നടത്തുന്നതിലേക്കായി വില്ലേജ് ഓഫീസർ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത വസ്തുവുമായി ബന്ധപ്പെട്ട രേഖകൾ ഖാദി ബോർഡിന്റെ കൈവശമില്ലാത്തതിനാൽ

വില്ലേജ് ഓഫീസിൽനിന്നും അത് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കയർമേഖലയിലെ തൊഴിലാളികളുടെ കൂലി വർധിപ്പിക്കുന്നതിന് നടപടി

229 (636) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ പിരിക്കുന്ന തൊഴിലാളികളുടെയും ഫാക്ടറി തൊഴിലാളികളുടെയും കൂലി വർധിപ്പിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കയർ ഫാക്ടറി തൊഴിലാളികളുടെ വേതന നിർണ്ണയവുമായി ബന്ധപ്പെട്ട് വർഷങ്ങളായി പരിഹരിക്കപ്പെടാതിരുന്ന അശാസ്ത്രീയമായ കൂലി നിർണ്ണയം മാറ്റാനും ഇതുവഴി ഏകീകൃത ഡി.എ. ഘടന നടപ്പിലാക്കാനും നിലവിലുള്ള കൂലിയിൽ പ്രതിദിനം 9 ശതമാനം വർധനവ് വരുത്താനും ഈ സർക്കാരിന് സാധിച്ചു. ഇതോടെ കയർ ഫാക്ടറി തൊഴിലാളികളുടെ അടിസ്ഥാന ശമ്പളവും ഡി.എ.-യും ചേർത്ത് 748.11 രൂപയായിരുന്നത്

9 ശതമാനം വർധിപ്പിച്ച് അടിസ്ഥാന ശമ്പളം ആകെ 815.44 രൂപയായി വർധിപ്പിക്കുകയും ചെയ്തു. പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് പദ്ധതി വഴി സർക്കാർ വിഹിതം നൽകിവരുന്നുണ്ട്. കയർ മേഖലയിൽ തൊഴിലവസരങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി, പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിങ് ഇൻസെന്റീവ് എന്നീ പദ്ധതികളിൽ ധനസഹായം നൽകിവരുന്നുണ്ട്.

(ബി) കയർ മേഖലയിൽ തൊഴിൽദിനങ്ങൾ വർധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനായി തൊഴിലാളികൾക്ക് പല ബാച്ചുകളിലായി പരിശീലനം നൽകുകയുണ്ടായി. 300 സ്ത്രീ തൊഴിലാളികൾക്ക് സ്റ്റൈപ്പന്റോടുകൂടി ഇ-റാട്ട്, എ.എസ്.എം., ഫ്രെയിം മാറ്റ് എന്നിവയിലുള്ള പരിശീലനം നൽകി. കയർ ഭ്രവസ്തുത്തിന്റെ വിപണന സാധ്യത

വിപുലപ്പെടുത്തുന്നതിന് MGNREGS പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കുന്നത് തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാധ്യത നൽകുന്നു. കയർ ഭ്രവസ്തുത്തിന്റെ വ്യാപകമായ ഉപയോഗം ചകിരി ഉൽപാദന മേഖല, കയർപിരി മേഖല, ഉൽപാദന മേഖല എന്നിവയിലാകെ നിരവധി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ പ്രവർത്തനക്ഷമമായ സംഘങ്ങൾക്ക് അടുത്ത 2 വർഷം സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി ലാഭകരമാക്കി മാറ്റുന്നതിനും അർഹത അനുസരിച്ചുള്ള പ്രവർത്തന മൂലധനം നൽകി കൂടുതൽ തൊഴിലും തൊഴിൽദിനങ്ങളും സൃഷ്ടിക്കുന്നതിനും 15 കോടി രൂപയുടെ പദ്ധതിക്ക് 06-08-2024-ലെ സ.ഉ.(സാധാ)നം.700/2024/വ്യവ. പ്രകാരം ഭരണാനുമതി നൽകിയിട്ടുമുണ്ട്.

(സി) കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം വർധിപ്പിക്കുവാനും ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനും വകുപ്പ് മുൻകൈയെടുത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

കേരളത്തിലെ പ്രവർത്തനക്ഷമമായ സംഘങ്ങൾക്ക് അടുത്ത 2 വർഷം സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി ലാഭകരമാക്കി മാറ്റുന്നതിനും അർഹത അനുസരിച്ചുള്ള പ്രവർത്തന മൂലധനം നൽകി കൂടുതൽ തൊഴിലും തൊഴിൽദിനങ്ങളും സൃഷ്ടിക്കുന്നതിനും 15 കോടി രൂപയുടെ പദ്ധതിക്ക് 06-08-2024-ലെ സ.ഉ.(സാധാ)നം.700/2024/വ്യവ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സംഘങ്ങളെ 4 കാറ്റഗറിയായി തിരിച്ച് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയിൽ ഇതുവരെ 3.6 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 31-03-2020 വരെ കയർ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് വിരമിച്ച തൊഴിലാളികളുടെ കുടിശ്ശിക ഇനത്തിലുള്ള വിരമിക്കൽ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി സർക്കാർ അനുമതി നൽകിയിരുന്നു. 01-04-2020 മുതൽ 31-03-2024 വരെയുള്ള കാലയളവിൽ ക്ഷേമനിധിയിൽനിന്നും വിരമിച്ച തൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യ കുടിശ്ശിക അനുവദിക്കുന്നതിനായുള്ള 25.45 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ചവറ നാച്വറൽ ഫൈബർ പാർക്ക്

230 (637) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നാച്വറൽ ഫൈബർ പാർക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ചവറ നാച്വറൽ ഫൈബർ പാർക്കിൽ കയർ ഭ്വവസ്തുത്തിന്റെ ഉൽപാദനമാണ് പ്രധാനമായും നടക്കുന്നത്. നടപ്പുസാമ്പത്തിക വർഷം നാളിതുവരെ 11050 ചതുരശ്ര മീറ്റർ കയർ ഭ്വവസ്തുവും 700 ചതുരശ്ര മീറ്റർ കയർ മാറ്റിങ്സും ഉല്പാദിപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ ഉല്പാദിപ്പിച്ച കയർ ഭ്വവസ്തും MGNREGS പദ്ധതിയിൽ തദ്ദേശസ്ഥാപനങ്ങളിൽ വിതരണം ചെയ്തുവരുന്നുണ്ട്.

കയർ ഉൽപാദന മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം

231 (638) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കയർ ഉൽപാദന മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ഇതുസംബന്ധിച്ച് എന്തൊക്കെ പഠനങ്ങളാണ് പ്രസ്തുത മേഖലയിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കയർ ഉൽപാദന മേഖലയിലെ പ്രതിസന്ധി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിപണിമൂല്യമുള്ള ഉൽപ്പന്നങ്ങൾ നവീന ഡിസൈനുകളിൽ നിർമ്മിച്ചെടുക്കുന്നതിന് പരമ്പരാഗത തൊഴിലാളികളെ പ്രാപ്തമാക്കുംവിധം നൈപുണ്യ വികസന പരിശീലന പരിപാടികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ഭോപാലിന്റെ സഹകരണത്തോടെ കയർ കോർപറേഷൻ നടപ്പിലാക്കിയിട്ടുണ്ട്. കയർ മേഖല നേരിടുന്ന പ്രതിസന്ധികൾ അതിജീവിച്ച് കയർ മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ ഈ സർക്കാർ സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. അതിന്റെ ഭാഗമായി നടപ്പുസാമ്പത്തിക വർഷം കയർ

മേഖലയിൽ ആകെ 57 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 7.33 കോടി രൂപയുടെ സാമ്പത്തിക സഹായം കൂലിയിനത്തിൽ വിതരണം ചെയ്തു. അടുത്ത ഗഡുവായി തൊഴിലാളികൾക്ക് അർഹമായ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രവർത്തന മൂലധനം നൽകി സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കൂടുതൽ തൊഴിൽ നൽകുന്നതിനും പ്രവർത്തന മൂലധനത്തിൽ പ്രാഥമിക കയർ സംഘങ്ങൾക്ക് 4.14 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കയർ സംഘങ്ങളിലെ ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ അർഹതയുള്ള കയർ സംഘങ്ങൾക്ക് 1.24 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പി.എം.ഐ. (പ്രൊഡക്ഷൻ & മാർക്കറ്റിങ് ഇൻസെന്റീവ്) ഇനത്തിൽ 6.4 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം എം.ഡി.എ. (മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്) ഇനത്തിൽ സംസ്ഥാന സർക്കാർ വിഹിതമായ 10 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ കെ.എസ്.ഇ.ബി. കുടിശ്ശിക തീർപ്പാക്കൽ, വൈദ്യുതി

സബ്സിഡി എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. കയർമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ സാമ്പത്തിക സഹായം ഈ സർക്കാർ നൽകിവരുന്നു. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി 26-08-2022-ലെ സ.ഉ.(സാധാ)നം. 930/2022/ID പ്രകാരം ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി സർക്കാരിൽ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്മേൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) അസംസ്കൃത വസ്തുക്കളുടെ വില വർധനയും ചകിരി, കയർ എന്നിവയുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എ.എസ്.എം. (ഓട്ടോമാറ്റിക് സ്പിന്നിങ് മെഷിൻ)-കളുടെ ഉൽപാദനക്ഷമത വർധിപ്പിക്കാനും യഥാസമയം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി വഴി എ.എം.സി. (ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്)

നടപ്പാക്കിവരുന്നു. ഓരോ പ്രോജക്ടിലും ഒരു ഡീഫൈബറിങ് യൂണിറ്റ് വീതം തിരഞ്ഞെടുത്ത് നവീകരണം നടത്തി ഗുണമേന്മയുള്ള ചകിരി ഉൽപാദിപ്പിക്കുന്നതിന് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ ഡീഫൈബറിങ് സംഘങ്ങൾ, കയർപിരി മേഖലയിലുള്ള സംഘങ്ങൾ, മാറ്റ്സ് & മാറ്റിങ്സ് സംഘങ്ങൾ എന്നിവയെ പ്രത്യേകം വിഭാഗങ്ങളിൽപ്പെടുത്തി അടുത്ത 2 വർഷത്തേക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി കൂടുതൽ ചകിരി, കയർ, കയറുൽപ്പന്നങ്ങൾ നിർമ്മിച്ച് ലാഭകരമാക്കി മാറ്റുന്നതിന് അർഹത അനുസരിച്ചുള്ള പ്രവർത്തന മൂലധനം നൽകുന്നതിലേക്കായി 15 കോടി രൂപയുടെ പദ്ധതിക്ക് 06-08-2024-ലെ സ.ഉ.(സാധാ)നം.700/2024/വ്യവ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 18-01-2025-ലെ സ.ഉ.(സാധാ)നം. 50/2025/വ്യവ. പ്രകാരം കയർവില പുനർനിർണ്ണയിക്കുന്നതിനുള്ള സംസ്ഥാന സമിതി പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ഗ്രീവൻസ് കമ്മിറ്റി യോഗം ചേർന്ന് കയറ്റുൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഗ്രീവൻസ് കമ്മിറ്റി യോഗം ചേർന്ന് കയറ്റുൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കയറ്റുമതി സ്ഥാപനങ്ങൾ കയർ കോർപറേഷന് ഓർഡറുകൾ നൽകുന്നതിന് വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിൽ ഡിമാന്റ് കുറവായതിനാലും വിലക്കുറവുള്ള യന്ത്രനിർമ്മിത ഉൽപ്പന്നങ്ങളുടെ ലഭ്യതയും കയറ്റുമതിക്കാർ കോർപറേഷന് നേരിട്ട് ഓർഡർ നൽകുന്നതിൽ വിമുഖത കാണിക്കുന്നതിന് ഒരു പ്രധാന കാരണമാണ്. കയർ കോർപ്പറേഷൻ സർക്കാർ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ക്രയവില സ്ഥിരതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കയറ്റുമതി സ്ഥാപനങ്ങൾ, കയർ

കോർപ്പറേഷന് ഓർഡറുകൾ നൽകിവരുന്നുണ്ട്. കയർ കോർപറേഷൻ നിരന്തരമായി കയറ്റുമതി സ്ഥാപനങ്ങളെ ഓർഡറുകൾക്കുവേണ്ടി സമീപിക്കുകയും യോഗങ്ങൾ വിളിച്ചുചേർക്കുകയും ചെയ്തുവരുന്നുണ്ട്.

(ഇ) കയർ സഹകരണ സംഘങ്ങളിൽനിന്നും ചെറുകിട മേഖലയിൽ നിന്നും കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ; കയറുൽപ്പന്ന മേഖലയിലെ ഡിപ്പോ സമ്പ്രദായം അവസാനിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

കയർ സഹകരണ സംഘങ്ങളിൽനിന്നും ചെറുകിട മേഖലയിൽ നിന്നും കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ കോർപ്പറേഷൻ 2024-25 കാലയളവിൽ നാളിതുവരെ 97.01 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങൾ സംഘങ്ങളിൽനിന്നും സംഭരിച്ചിട്ടുണ്ട്. ക്രയവില സ്ഥിരതാ പദ്ധതി സർക്കാർ നടപ്പിലാക്കിയതുമൂലം കയറുൽപ്പന്ന മേഖലയിലെ ഡിപ്പോ സമ്പ്രദായം ഇല്ലാതായിട്ടുണ്ട്.

സംസ്ഥാനത്തെ കയർ വ്യവസായം

232 (639) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

പരമ്പരാഗത കയർ മേഖല നേരിടുന്ന പ്രതിസന്ധി ഗൗരവത്തോടെ കാണുകയും പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനുള്ള പരിഹാര നിർദേശങ്ങൾക്കുമായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

കയർ ഭ്രവസ്തുത്തിന്റെ ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭ്രവസ്തു വിതരണം കേരള സംസ്ഥാന കയർ കോർപറേഷൻ, കയർഫെഡ്, ഫോമിൽ (ഫോം മാറ്റിങ്സ് (ഇന്ത്യാ) ലിമിറ്റഡ്) എന്നീ സ്ഥാപനങ്ങൾ മുഖാന്തരം

കാര്യക്ഷമമായി നടപ്പിലാക്കി. കൂടുതൽ പഞ്ചായത്തുകളിലേക്ക് ഭൂവസ്ത്ര വിതരണം വ്യാപിപ്പിക്കുന്നതിനും പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരിലേക്ക് എത്തിക്കുന്നതിനുമായി കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലേയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു. കയർ ഭൂവസ്ത്രം ഒരു പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് ഒഡീഷയിലെ അയൺ ഓർ മൈനിങ് സ്ഥാപനവുമായി ധാരണയാകുകയും 50 ലക്ഷം രൂപയുടെ ഒരു പൈലറ്റ് പ്രോജക്ട് പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ഒഡീഷ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒഡീഷ മൈനിങ് കോർപറേഷന്റെ മൈനുകളിൽ ഭൂവസ്ത്രം വിതാനം ചെയ്യുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ട് കയർ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിനുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. ഇന്ത്യയിലെ പ്രധാന റീട്ടെയ്ൽ ചെയിൻ നെറ്റുവർക്കുകളുള്ള സ്ഥാപനങ്ങളുമായും മറ്റ് മാളുകളുമായും കേരള സംസ്ഥാന കയർ കോർപ്പറേഷൻ

കരാറിലേർപ്പെടുകയും വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കയറ്റുമതി രംഗത്ത് യു.എസ്.എ., ഉൾപ്പെടെ പത്തോളം വിദേശ രാജ്യങ്ങളിലേക്ക് കേരള സംസ്ഥാന കയർ കോർപ്പറേഷൻ കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. വാൾമാർട്ടുമായി ഉൽപ്പന്ന വിപണനത്തിന് കേരള സംസ്ഥാന കയർ കോർപറേഷൻ കരാറിൽ ഏർപ്പെടാൻ സാധിച്ചത് ഈ രംഗത്ത് ഒരു നാഴികക്കല്ലാണ്. കൂടാതെ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്ക് ഈ വർഷം ഉൽപ്പന്നങ്ങൾ കയറ്റുമതി നടത്തുന്നതിനും സാധിച്ചു.

(സി) കയർ മേഖലയിലെ തൊഴിലാളികൾക്ക് മികച്ച വേതനം അനുവദിക്കുന്നതിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നടപ്പുസാമ്പത്തിക വർഷം നാളിതുവരെ കയർ മേഖലയിലെ തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 7.33 കോടി രൂപയുടെ സാമ്പത്തിക സഹായം കൂലിയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ അടുത്ത ഗഡുവായി അർഹതയ്ക്ക് അനുസൃതമായി തൊഴിലാളികളുടെ

ആനുകൂല്യം അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. കയർ ഫാക്ടറി തൊഴിലാളികളുടെ വേതന നിർണ്ണയവുമായി ബന്ധപ്പെട്ട് വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടന്നിരുന്ന അശാസ്ത്രീയമായ കൂലി നിർണ്ണയം മാറ്റാനും ഇതുവഴി ഏകീകൃത ഡി.എ. ഘടന നടപ്പാക്കാനും നിലവിലുള്ള കൂലിയിൽ പ്രതിദിനം 9 ശതമാനം വർധനവ് വരുത്താനും ഈ സർക്കാരിന് സാധിച്ചു. ഇതോടെ കയർ ഫാക്ടറി തൊഴിലാളികളുടെ അടിസ്ഥാന ശമ്പളവും ഡി.എ.-യും ചേർന്ന് 748.11 രൂപയായിരുന്നത് 9 ശതമാനം വർധനവ് വരുത്തി 815.44 രൂപയായി മാറ്റിയിട്ടുണ്ട്. പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് പദ്ധതി വഴി സർക്കാർ വിഹിതം നൽകിവരുന്നുണ്ട്. കയർ മേഖലയിൽ തൊഴിലവസരങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി, പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിങ് ഇൻസെന്റീവ് എന്നീ പദ്ധതികളിൽ ധനസഹായം നൽകിവരുന്നുണ്ട്. പ്രവർത്തന മൂലധനം നൽകി സംഘങ്ങളുടെ പ്രവർത്തനം

വിപുലപ്പെടുത്തുന്നതിനും കൂടുതൽ തൊഴിൽ നൽകുന്നതിനും പ്രവർത്തന മൂലധനത്തിൽ പ്രാഥമിക കയർ സംഘങ്ങൾക്ക് 4.14 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കയർ സംഘങ്ങളിലെ ജീവനക്കാർക്കുള്ള മാനേജിരിയൽ സബ്സിഡി ഇനത്തിൽ അർഹതയുള്ള കയർ സംഘങ്ങൾക്ക് 81.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പി.എം.ഐ. ഇനത്തിൽ 6.4 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം എം.ഡി.എ. ഇനത്തിൽ സംസ്ഥാന സർക്കാർ വിഹിതമായ 10 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കയർ ഉൽപ്പന്നങ്ങൾക്കുള്ള അന്തർദേശീയ വിപണി പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പരമ്പരാഗത കയറുൽപ്പന്നങ്ങൾ വിപണനം നടത്തി വരുന്നുണ്ട്. കൂടാതെ വാൾമാർട്ടിന്റെ ഓൺലൈൻ പോർട്ടലുകളിലും ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള ധാരണയായിട്ടുണ്ട്. കയറ്റുമതി രംഗത്ത്

യു.എസ്.എ., ഉൾപ്പെടെ പത്തോളം വിദേശ രാജ്യങ്ങളിലേക്ക് കേരള സംസ്ഥാന കയർ കോർപറേഷൻ കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും

233 (640) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലാന്റേഷൻ ഭൂമി ടൂറിസം മേഖലയ്ക്ക് കൂടി പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ടൂറിസത്തെ ബാധിക്കാത്ത വിധം പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്ലാന്റേഷൻ ഭൂമിയുടെ അഞ്ച് ശതമാനം വരെ ടൂറിസം പദ്ധതികൾക്കായി ഉപയോഗിക്കുന്നതിന് നിബന്ധനകളോടെ നിലവിൽ അനുമതിയുണ്ട്. പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തോട്ടം മേഖലയിൽ മൂല്യവർധനവും

വൈവിധ്യവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ നിർദേശങ്ങളും ടൂറിസത്തെ ബാധിക്കാത്തവിധം പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കുന്നതിനുള്ള ശിപാർശകളും പ്രസ്തുത പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഠനറിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ പ്ലാന്റേഷൻ മേഖലയിൽ ഉത്തരവാദിത്വ ഇക്കോടൂറിസം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു സെമിനാർ 2023 ജനുവരി 6-ന് കോഴിക്കോടുവച്ച് സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

കൊണ്ടോട്ടി മണ്ഡലത്തിലെ വൈദ്യുതി തടസ്സം

234 (641) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ വൈദ്യുതി തടസ്സം പതിവാകുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങളും പരിഹാരവും വിശദമാക്കുമോ?

ഉണ്ട്. വേനൽക്കാലത്ത് പ്രത്യേകിച്ച്, രാത്രി സമയത്ത് വൈദ്യുതി പ്രസരണ വിതരണ ശൃംഖലയ്ക്ക് താങ്ങാൻ പറ്റുന്നതിനേക്കാൾ ഉപഭോഗം ഉയരുമ്പോൾ ഹൈ-ടെൻഷൻ ഫീഡർ ട്രിപ്പാകുക, ട്രാൻസ്ഫോർമർ ഫ്യൂസ് പോകുക, സെക്ഷൻ ഫ്യൂസ് പോകുക എന്നിവമൂലം ഉപഭോക്താക്കൾക്ക് വൈദ്യുതിതടസ്സം നേരിട്ടിരുന്നു. ദ്യുതി മലപ്പുറം പാക്കേജ്, ആർ.ഡി.എസ്.എസ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതി പ്രസരണ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൊണ്ടോട്ടി മണ്ഡലത്തിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരമായി പുതിയ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ മലപ്പുറം ട്രാൻസ്മിഷൻ വിഭാഗത്തിൽനിന്നും കൈക്കൊണ്ട് ഉചിതമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാക്കുന്നതിന് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ല.

ഈ വിഷയം നിലവിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ (എൽ.എസ്.ജി.ഡി., തിരുവനന്തപുരം) പരിഗണനയിലാണ്.

(ബി) മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെയും ഇവ എന്നത്തേക്ക് നടപ്പിലാക്കുമെന്നുള്ളതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ള സബ്സ്റ്റേഷനുകളിൽനിന്നുള്ള ഫീഡറുകൾ Covered Conductor, ഭൂഗർഭ കേബിൾ, ഏരിയൽ ബഞ്ച്ഡ് കേബിൾ തുടങ്ങിയ ലൈൻ ഉപയോഗിച്ച് സ്ഥാപിക്കൽ, പുതിയ സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഇന്റർലിങ്കിങ് വർക്കുകൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയിൽ മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Sl. No.	Electrical Section	Number of works	Amount (in Cr.)
1	Edavannappara	12	2.21
2	Kizhissery	6	0.65
3	Kondotty	31	5.95
4	Pulikkal	28	4.14
5	Karad	27	8.62
6	Mundakkulam	17	5.11
		121	**26.68**

2026 മാർച്ച് മാസത്തോടുകൂടി പൂർണ്ണമായും ഈ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

235 (642) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മനയ്ക്കകടവ്, തെങ്ങുംതുരുത്ത്, പഴങ്ങനാട് പ്രദേശങ്ങളിലുണ്ടാകുന്ന വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ?

പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽവരുന്ന കിഴക്കമ്പലം ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെടുന്ന മനയ്ക്കക്കടവ്- തെങ്ങുംതുരുത്ത് ഭാഗത്ത് വൈദ്യുതി വിതരണം ചെയ്തുകൊണ്ടിരുന്ന 160KVA യൂറോടെക് ട്രാൻസ്ഫോർമറിന്റെ നിലവിലുണ്ടായിരുന്ന സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റിയിട്ടുള്ളതും പ്രസ്തുത പ്രദേശത്ത് കൂടുതൽ ഗുണമേന്മയുള്ള വൈദ്യുതി വിതരണം നടപ്പിലാക്കുന്നതിനായി തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന തൃക്കാക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള 160KVA മനയ്ക്കക്കടവ് ട്രാൻസ്ഫോർമറിന്റെ പരിധിയിലേക്ക് ടി പ്രദേശത്തെ കൺസ്യൂമേഴ്സിനെ മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. ആയതിന്

വേണ്ടിയുള്ള പ്രാരംഭ പരിശോധനകളും മീറ്റിങ്ങുകളും നിലവിൽ കഴിഞ്ഞിട്ടുള്ളതും 2025 ഫെബ്രുവരിയോടെ എല്ലാ നടപടികളും പൂർത്തിയാക്കുന്നതുമാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(സി) കടുത്ത വോൾട്ടേജ് ക്ഷാമംമൂലം പ്രദേശവാസികളുടെ ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയാതെവരികയും ഗൃഹോപകരണങ്ങൾ പെട്ടെന്ന് നശിച്ചുപോകുകയും ചെയ്യുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(ഡി) തൃക്കാക്കര സെക്ഷനുകീഴിലെ നിലവിലുള്ള 160 കെ.വി. ട്രാൻസ്ഫോർമർ 250 കെ.വി. ആക്കി ഉയർത്തി അവിടെനിന്നും വൈദ്യുതി ലഭ്യമാക്കിയാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ പരിശോധിക്കുമോ?

തൃക്കാക്കര സെക്ഷനുകീഴിലെ മനയ്ക്കക്കടവ് 160KVA ട്രാൻസ്ഫോമർ 250 KVA ആക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ട്രാൻസ്ഫോർമർ ലഭിക്കുന്ന ഉടൻതന്നെ ഈ പ്രവൃത്തി ചെയ്യുന്നതാണെന്നും പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്നതോടെ മനയ്ക്കക്കടവ്, തെങ്ങുംതുരുത്ത് ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(ഇ) മേൽ പ്രശ്നത്തിന് അടിയന്തര പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. വിതരണ വിഭാഗത്തിന്റെ കീഴിൽ, മനയ്ക്കക്കടവ്-തെങ്ങുംതുരുത്ത് ഭാഗത്തെ വോൾട്ടജ് ക്ഷാമം പൂർണ്ണമായി പരിഹരിക്കുന്നതിന് നിലവിൽ പ്രസ്തുത പ്രദേശത്തെ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റിയിട്ടുള്ളതും ടി ഭാഗത്തെ വൈദ്യുതി വിതരണം തൊട്ടടുത്ത 160KVA മനയ്ക്കക്കടവ് ട്രാൻസ്ഫോർമറിലേക്ക് മാറ്റുന്നതിനും നിലവിലെ 160KVA മനയ്ക്കക്കടവ് ട്രാൻസ്ഫോർമർ 250KVA ആക്കി മാറ്റുന്നതിനും നടപടികൾ കൈകൊണ്ടിട്ടുള്ളതുമാകുന്നു. കൂടാതെ ടി

പ്രദേശത്തെ ഉപഭോക്താക്കളുടെ സൗകര്യാർഥം ടി പ്രദേശം തൃപ്പൂണിത്തുറ ഇലക്ട്രിക്കൽ ഡിവിഷനിൽ ഉൾപ്പെടുന്ന തൃക്കാക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലേക്ക് മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ കെ.എസ്.ഇ.ബി.എൽ. പ്രസരണ വിഭാഗത്തിൽ, താഴെ പറയുന്ന പ്രവൃത്തികൾ വിഭാവന ചെയ്തിട്ടുണ്ട്.

i) System Improvement-ന്റെ ഭാഗമായി 220 കെ.വി. സബ്സ്റ്റേഷൻ ബ്രഹ്മപുരത്ത് 220/110 കെ.വി. 200 എം.വി.എ. ട്രാൻസ്ഫോർമർ (ഒരെണ്ണം) സ്ഥാപിക്കുന്ന പ്രവൃത്തി.

ii) System Improvement-ന്റെ ഭാഗമായി 66 കെ.വി. അമ്പലമുകൾ സബ്സ്റ്റേഷന്റെ നിർമ്മാണം.

iii) 66 കെ.വി. പുത്തൻകുരിശ് സബ്സ്റ്റേഷൻ 110 കെ.വി.-യായി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി.

വൈദ്യുതി ചാർജ് വർധന

236 (643) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തവണ വൈദ്യുതി ചാർജ് വർധിപ്പിച്ചിട്ടുണ്ട്; ഏതെല്ലാം ഘട്ടത്തിൽ എത്ര ശതമാനം വീതം ചാർജ് വർധിപ്പിച്ചുയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 2016 മേയ് മാസം മുതൽ നാളിതുവരെ അഞ്ച് തവണ വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുണ്ട്. 2017, 2019, 2022, 2023, 2024 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 2017-ൽ 4.77 ശതമാനം, 2019-ൽ 7.32 ശതമാനം, 2022-ൽ 6.59 ശതമാനം, 2023-ൽ 3.2 ശതമാനം, 2024-ൽ 2.39 ശതമാനം എന്നിങ്ങനെയായിരുന്നു വർധനവ്.

(ബി) ചാർജ് വർധന ആവശ്യപ്പെട്ട് വൈദ്യുതി ബോർഡ് ഏറ്റവും ഒടുവിൽ റെഗുലേറ്ററി കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ചാർജ് വർധനവ് ആവശ്യപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ഏറ്റവും ഒടുവിൽ റെഗുലേറ്ററി കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിലെ വിശദാംശങ്ങളുടെ സംക്ഷിപ്തം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുക്കാട് മണ്ഡലത്തിലെ ചാർജിങ് സ്റ്റേഷനുകൾ

237 (644) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ചാർജിങ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിൽ നിലവിൽ അഞ്ച് പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളാണ് കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുള്ളത്. ഇവ അഞ്ചും പ്രവർത്തനസജ്ജമാണ്. പുതിയ അപേക്ഷകൾ നിലവിലില്ല.

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വിവിധ സെന്ററുകളിൽ ബാറ്ററി ചാർജിങ് സെന്ററുകൾ സ്ഥാപിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസം പരിശോധിക്കുന്നതിനും അവ പ്രവർത്തനക്ഷമമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

പുതുക്കാട് മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ച അഞ്ച് പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും പ്രവർത്തനസജ്ജമാണ്, കാലതാമസമുണ്ടായിട്ടില്ല.

കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ നടപടി

238 (645) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് 2021 ജൂൺ മുതൽ നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

കുറ്റ്യാടി മണ്ഡലത്തിൽ 2021 ജൂൺ മുതൽ നാളിതുവരെ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 57 പുരപ്പുറ സോളാർ നിലയങ്ങൾ സ്ഥാപിച്ചത് വഴി 797 കിലോവാട്ടും സൗര സബ്സിഡി, പി.എം. സൂര്യ ഘർ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 2989.673 കിലോവാട്ടും ഗ്രിഡിലേക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്. വടകര സർക്കിളിന് കീഴിലുള്ള വടകര, നാദാപുരം എന്നീ

ഡിവിഷൻ ഓഫീസുകളുടെ പരിധിയിലാണ് കുറ്റ്യാടി നിയമസഭാമണ്ഡലം വരുന്നത്. കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി ജൂൺ 2021 മുതൽ നാളിതുവരെ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. 11 കെ.വി. ലൈൻ നിർമ്മിക്കൽ – 6.95 കിലോമീറ്റർ

2. 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ – 27 എണ്ണം

3. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റൽ – 42 കിലോമീറ്റർ

4. 11 കെ.വി. ലൈൻ റീ-കണ്ടക്ടറിങ് - 6.16 കിലോമീറ്റർ

കൂടാതെ, വടകര സബ്സ്റ്റേഷനിൽനിന്നും വില്യാപള്ളിയിലേക്കും തിരുവള്ളൂർ സബ്സ്റ്റേഷനിൽനിന്നും തച്ചോളി പീടികയിലേക്കും രണ്ട് പുതിയ 11 കെ.വി. ഫീഡറുകൾ ചാർജ് ചെയ്തിട്ടുണ്ട്. കുറ്റ്യാടി സബ്സ്റ്റേഷനിൽ നിന്നും 3.4 കിലോമീറ്റർ എ.ബി. കേബിൾ ഉപയോഗിച്ച് പുതിയ ഫീഡർ സ്ഥാപിച്ചു. കുറ്റ്യാടി 110 KV സബ്സ്റ്റേഷനിൽനിന്നും കുറ്റ്യാടി ടൗണിലേക്ക് പുതിയ 11 കെ.വി. ഫീഡർ ചാർജ് ചെയ്തു. ചാത്തങ്കോട്ടുനട ചെറുകിട വൈദ്യുതി നിലയത്തിൽനിന്നുമുള്ള വൈദ്യുതി വിതരണം ചെയ്യുന്നതിന്

ചാത്തങ്കോട്ടുനട മുതൽ കുറ്റ്യാടി സബ്സ്റ്റേഷൻ വരെ ഭൂഗർഭ കേബിൾ വലിക്കുകയും 110/33 കെ.വി. 16 MVA ട്രാൻസ്ഫോർമർ കുറ്റ്യാടി സബ്സ്റ്റേഷനിൽ സ്ഥാപിച്ച് മേൽപ്പറഞ്ഞ ഭൂഗർഭ കേബിൾ വഴി ഗ്രിഡുമായി കണക്ട് ചെയ്യുകയും ചെയ്തു. ചാത്തങ്കോട്ടുനട ചെറുകിട വൈദ്യുത പദ്ധതിയിൽ നിന്നും രണ്ട് 11 കെ.വി. ഫീഡറുകൾ കരിങ്ങാട്, വട്ടിപ്പന ഭാഗത്തേക്ക് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻവേണ്ടി സ്ഥാപിച്ചു.

അനെർട്ട്

കുറ്റ്യാടി മണ്ഡലത്തിൽ 2021 ജൂൺ മുതൽ നാളിതുവരെ അനെർട്ട് മുഖേന താഴെ പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്:

Sl. No.	PROJECT LOCATION	PLANT CAPACITY AND TYPE	STATUS
1	Maniyur Grama Panchayath	40 kWp On-Grid	On Going
2	CHC Thiruvallur	10 kWp Hybrid	Completed

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയതിലൂടെ ഏതൊക്കെ പ്രദേശങ്ങളിലെ വൈദ്യുതിക്ഷാമമമാണ് പരിഹരിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയ പ്രവൃത്തികളിലൂടെ മണിയൂർ സെക്ഷനിലെ മുടപ്പിലായി, കോയക്കുട്ടി വയൽ, കുറുന്തോടി, മങ്കര, ഇല്ലത്ത് മുക്ക്, ഹോങ്കോങ് മുക്ക്, ഗ്രഹ മുക്ക്, ആയഞ്ചേരി സെക്ഷനിലെ കോട്ടപ്പള്ളി, നാരായണിക്കുന്ന്, പെരുമുണ്ടച്ചേരി, പെരുവഞ്ചേരി, നടേമ്മൽ, നമ്പംവയൽ, വളഞ്ഞിമുക്ക്, തിരുവള്ളൂർ സെക്ഷനിലെ കുമുളിമുക്ക് സായ്സ്വയർ, പൂമരമുക്ക്, ചെമ്പോട്ട് പള്ളി, വടകര നോർത്ത് സെക്ഷനിലെ തച്ചോളി പീടിക, വളയലത്ത്, മഞ്ഞിരോളി, കരുവാരി താഴെ, വടകര സൗത്ത് സെക്ഷനിലെ ചെമ്മരത്തൂർ കുറ്റ്യാടി, കക്കട്ടിൽ, കുറ്റ്യാടി ടൗൺ നീലച്ചി കുന്ന്, നരിക്കുട്ടൻ ചാലിൽ കരണ്ട് ഓട് തുടങ്ങിയ സ്ഥലങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനോടോപ്പം വൈദ്യുതി ശൃംഖല വിപുലീകരിച്ച് വൈദ്യുതി വിതരണം മെച്ചപ്പെടുത്തിയിട്ടുണ്ട്. കുറ്റ്യാടി സബ്സ്റ്റേഷനിൽനിന്നും പുതിയ 11 കെ.വി. ഫീഡർ ചാർജ് ചെയ്തതിലൂടെ കുറ്റ്യാടി ടൗണിലെയും പരിസര

പ്രദേശങ്ങളിലെയും വൈദ്യുതിക്ഷാമം പരിഹരിക്കപ്പെട്ടു. ചാത്തങ്കോട്ടുനടയിൽനിന്നും രണ്ട് 11 കെ.വി. ഫീഡറുകൾ ചാർജ് ചെയ്തതിന്റെ ഫലമായി കുണ്ടുതോട്, തൊട്ടിൽപ്പാലം, കരിങ്ങാട്, വട്ടിപ്പന പരിസരപ്രദേശങ്ങളിൽ വൈദ്യുതിക്ഷാമത്തിന് പരിഹാരമായി.

(സി) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലെ വൈദ്യുതിക്ഷാമം പരിഹരിക്കാനുള്ള നടപടികളാണ് നടന്നുവരുന്നതെന്നും അത് എപ്പോൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

വടകര സർക്കിളിന് കീഴിൽ കുറ്റ്യാടി മണ്ഡലത്തിലെ നിടുമ്പ്രമണ്ണ, ആയ്യനവയൽ, കന്നിനട, കണ്ണമ്പത്ത്, കാഞ്ഞിരാട്ട്തറ, കീഴൽപള്ളി, വള്ളിയാട്, തീക്കുനി, അഞ്ചുമുറി, കല്ലുംപുറം, നെല്ലിമുക്ക്, മുച്ചാണ്ടിമുക്ക്, മണപ്പുറം, മംഗലാട്, കാക്കുനി, പാലേരിമുക്ക്, തയ്യിൽമുക്ക്, മീങ്കണ്ടി, ചപ്പയിൽമുക്ക്, പള്ളിതാഴെ, വൈക്കിലശ്ശേരി, മയ്യന്നൂർ, മെടിയേരി മുതലായ പ്രദേശങ്ങളിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും താഴെപ്പറയുന്ന പ്രവൃത്തികൾ ദ്യുതി, RDSS

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ 2024-25, 2025-26, 2026-27 വർഷങ്ങളിലായി പൂർത്തീകരിക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്.

1. 11 കെ.വി. ലൈൻ നിർമ്മിക്കൽ – 7. 53 കിലോമീറ്റർ

2. 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ – 51 എണ്ണം

3. 11 കെ.വി. ലൈൻ റീ-കണ്ടക്ടറിങ് - 12. 2 കിലോമീറ്റർ

4. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈനാക്കി മാറ്റൽ – 108.5 കിലോമീറ്റർ

5. 100 കെ.വി.എ. ട്രാൻസ്ഫോമർ 160 കെ.വി.എ. ട്രാൻസ്ഫോർമറാക്കി മാറ്റുന്നത് - 36 എണ്ണം.

6. നാദാപുരം സബ്സ്റ്റേഷനിൽനിന്ന് കക്കാട്ട് ടൗണിലേക്ക് പുതുതായി 1.9 km (UG) ഡെഡിക്കേറ്റഡ് ഫീഡർ വലിക്കാൻ RDSS പദ്ധതി പ്രകാരം പുതിയ വർക്ക് ആരംഭിച്ചിട്ടുണ്ട്.

കുറ്റ്യാടി സബ്സ്റ്റേഷനിൽനിന്നും 33 കെ.വി. ലൈൻ വലിച്ച് വേളം മേഖലയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള പ്രാരംഭ

നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിമൂലം വേളം, മണിമല എന്നീ പ്രദേശങ്ങളിലെ വൈദ്യുതിക്ഷാമം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. മണിയൂർ പഞ്ചായത്തിലെ കീഴൽ ഭാഗത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി നിലവിൽവന്നാൽ മണിയൂർ, മേമുണ്ട, ആയഞ്ചേരി, കീഴൽ, തിരുവള്ളൂർ എന്നീ സ്ഥലങ്ങളിലെ വൈദ്യുതിക്ഷാമം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ട് പദ്ധതികളും 2026-27 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

വൈദ്യുതി മേഖലയിലെ മുന്നേറ്റം

239 (646) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ ഏതെല്ലാം രീതിയിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1361.63 മെഗാവാട്ട് ശേഷിയുള്ള വൈദ്യുതി ഉൽപാദന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 148.5 മെഗാവാട്ട് ജലവൈദ്യുത പദ്ധതികളിൽനിന്നും 1211.88 മെഗാവാട്ട് സൗരോർജ പദ്ധതികളിൽനിന്നും 1.25 മെഗാവാട്ട് കാറ്റിൽനിന്നുള്ള വൈദ്യുതി ഉൽപാദന നിലയങ്ങളിൽനിന്നുമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

കെ.എസ്.ഇ.ബി.എൽ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസരണ വിഭാഗത്തിന് കീഴിൽ കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടാക്കാൻ കഴിഞ്ഞ മുന്നേറ്റം താഴെ വിശദമാക്കുന്നു:

Substations (Nos.)				Lines (Ckm)				MVA Capacity
400kV	220kV	110kV	33kV	400kV	220kV	110kV	33kV	
1	6	16	3	1.23	391.67	748.48	127.05	3237.2

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന 72 MW സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ പ്രവർത്തന സജ്ജമാക്കാൻ സാധിച്ചു:

1. അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി (2 MW/5.14 Mu) 30-09-2021-ൽ കമ്മിഷൻ ചെയ്തു.

2. പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/45.02 Mu) 04-05-2022-ൽ കമ്മിഷൻ ചെയ്തു.

3. പെരുവണ്ണാമുഴി ചെറുകിട ജലവൈദ്യുത പദ്ധതി (6 MW/24.70 Mu) 26-02-2024-ൽ കമ്മിഷൻ ചെയ്തു.

4. തൊട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW/99 Mu) 28-10-2024-ന് കമ്മിഷൻ ചെയ്തു.

ഇക്കാലയളവിൽ സൗരോർജ നിലയങ്ങളിൽനിന്നും ആകെ 1327.24 MW ശേഷിയാണ് കൂട്ടിച്ചേർത്തത്. ഇതിൽ അഗളി (1 MW), കഞ്ചിക്കോട് (3 MW), ബ്രഹ്മപുരം (2.75 MW) എന്നിവിടങ്ങളിൽ വൈദ്യുതി ബോർഡ് തനത് ഫണ്ടുപയോഗിച്ച് കമ്മിഷൻ ചെയ്ത ഗ്രൗണ്ട് മൗണ്ടഡ് സോളാർ

പ്ലാന്റുകളും തദ്ദേശസ്ഥാപനങ്ങൾ മറ്റു സർക്കാർ വകുപ്പുകൾ എന്നിവർ മുതൽമുടക്കി കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കിയ 2.4 മെഗാവാട്ടിന്റെ സൗരോർജ പദ്ധതികളും ഉൾപ്പെടുന്നു.

കൊല്ലം ജില്ലയിൽ പടിഞ്ഞാറേ കല്ലട വില്ലേജിൽ 50MW ഫ്ലോട്ടിങ് സോളാർ പദ്ധതി NHPC നടപ്പിലാക്കുന്നതിനും പദ്ധതി വഴി ഉൽപാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതിനും തീരുമാനമായി. അതിലേക്കായി കെ.എസ്.ഇ.ബി.-യും NHPC-യും തമ്മിലുള്ള കരട് വൈദ്യുതി വാങ്ങൽ കരാർ 10-07-2024-ൽ ഒപ്പുവച്ചു. ആഭ്യന്തര പുനരുപയോഗ ഊർജോല്പാദനം വർധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ നെറ്റ് സീറോ ലക്ഷ്യം കൈവരിക്കുന്നതിനും മുതൽക്കൂട്ടാകുന്ന ഒരു പദ്ധതിയാണിത്. ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതിലൂടെയും മറ്റ് പ്രസരണ ശൃംഖലാ വികസന/നവീകരണ പദ്ധതികൾ വഴിയും 2025 ഓടുകൂടി പ്രസരണ ശൃംഖലയുടെ ലഭ്യത 99 ശതമാനമായി ഉയർത്താനാകും. പ്രസരണ ശൃംഖല ശക്തിപ്പെടുന്നതോടെ കേരളത്തിലെവിടെ ഉല്പാദിപ്പിക്കപ്പെടുന്നതും/പുറമെ

നിന്നും ലഭിക്കുന്നതുമായ വൈദ്യുതിയെ ആവശ്യാനുസരണം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രസരണനഷ്ടം കുറച്ചും ഗുണമേന്മ ഉറപ്പുവരുത്തിയും എത്തിക്കാൻ സാധിക്കും. കൂടാതെ, (N-1) റിലയബിലിറ്റി ഉറപ്പാക്കിയും ബാക്ക്ഫീഡിങ് സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും വഴി വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കി സ്ഥിരതയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനും കഴിഞ്ഞു. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തിയാകുന്നതോടെ കേരളത്തിന് പൂർണ്ണമായ രീതിയിൽ 400 കെ.വി.-യുടെയും 220 കെ.വി.-യുടെയും പവർ ഹൈവേ നിലവിൽ വരും. വിതരണ രംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി ദ്യുതി 2 പദ്ധതി ധ്രുതഗതിയിൽ പുരോഗമിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വൈദ്യുത മേഖലയിൽ സ്ഥാപിതശേഷിയിൽ 72 MW-ന്റെ വർധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ ഉൽപാദനം വർധിപ്പിക്കുന്നതിനുവേണ്ടി താഴെ പറയുന്ന ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

താഴെ പറയുന്ന 11 ജലവൈദ്യുത പദ്ധതികളുടെ (195.036 MW മൊത്തം സ്ഥാപിതശേഷി) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

നമ്പർ	പദ്ധതി	ശേഷി (MW)
1.	പള്ളിവാസൽ	60
2.	അപ്പർ ചെങ്കുളം	24
3.	പൊരിങ്ങൽകുത്ത് സ്മാൾ ടർബൈൻ	0.036
4.	ഭൂതത്താൻകെട്ട്	24
5.	പഴശ്ശിസാഗർ	7.5
6.	ചിന്നാർ	24
7.	ഒലീക്കൽ	5
8.	പൂവാരംതോട്	3
9.	മാങ്കുളം	40
10.	കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x 27.50 MW)	7.50
11.	ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85 Mu)	
ആകെ ശേഷി		**195.036 MW**

92 MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ളവ) വിവിധ ഘട്ടങ്ങളിലാണ്. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301

Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജലവൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഏകദേശം 3330 MW സ്ഥാപിതശേഷി വരുന്ന 10 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ പര്യവേഷണവും പ്രാരംഭ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികളും നടന്നുവരുന്നു. ഇതിൽ 2 പദ്ധതികൾ (മഞ്ഞപ്പാറ, മുതിരപ്പുഴ) നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും 2030-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൗരോർജ മേഖലയിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ സൗരപുരപ്പുറ സോളാർ പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49402 നിലയങ്ങൾ കമ്മിഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, പ്രധാനമന്ത്രി സൂര്യ ഘർ യോജന, പി.എം. കുസും, സോളാർ

സിറ്റി, ഡാംടോപ്, കനാൽ ടോപ്, ഗ്രൗണ്ട് ടോപ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ് സോളാർ തുടങ്ങി വിവിധ പദ്ധതികളിലായി 1211.88 MW ഗ്രിഡിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൗരോർജ മേഖലയിൽ കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ നൂതന ഊർജ സംഭരണ സംവിധാനമായ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇത് നടപ്പിലാകുന്നതുവഴി പകൽ ധാരാളം ലഭ്യമായ വില കുറഞ്ഞ സൗരോർജ വൈദ്യുതി സംഭരിച്ച് രാത്രിയിലെ ഉപഭോഗത്തിനായി ലഭ്യമാക്കുവാൻ കഴിയും. ഇതിനുപുറമേ Wind മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1.25 MW കൂടി കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 മുതൽ 2024-25 ഡിസംബർ 2024 വരെ ദ്യുതി 1, 2 പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണമേഖലയിൽ പ്രധാനമായും 5549 കി.മീ. 11 കെ.വി. ലൈനും 14902 കി.മീ. low tension ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷൻ ഉൾപ്പെടെ 8704 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 42644 km എൽ.ടി. ലൈനും 2131 km 11

കെ.വി. overhead ലൈനും റീ-കണ്ടക്ടറിങ് നടത്തുകയും 5044 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദൃതി 1 പദ്ധതിയിൽമാത്രം 850 കോടി രൂപയുടെ പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കി. 2022-23 മുതൽ ജനുവരി വരെ 1542 കോടി രൂപയുടെ പ്രവൃത്തികൾ ദൃതി 2 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ദൃതി 2, ദൃതി സ്പെഷ്യൽ പാക്കേജ്, Revamped Distribution Sector Scheme (RDSS) എന്നിവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്നു. വൈദ്യുതി തടസത്തിന്റെ സമയദൈർഘ്യം കുറയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മനസിലാക്കിക്കൊണ്ട് "Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ തന്നെ വികസിപ്പിച്ചെടുക്കുകയും 11340 എണ്ണം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 3 ലക്ഷം കിലോമീറ്റർ

ലോ ടെൻഷൻ വിതരണലൈനുകളിൽ സ്പേസറുകൾ ഘട്ടംഘട്ടമായി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി 2021-22 മുതൽ 2024-25 കാലയളവിലായി 217 ലക്ഷം സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടുപയോഗിച്ച് ഡിസംബർ 2024 വരെ 79.45 കോടി രൂപ ചെലവഴിച്ച് 68732 BPL കണക്ഷനുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ നഗറുകൾ കെ.എസ്.ഇ.ബി.എൽ. കണ്ടെത്തുകയും ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിലെ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം നടന്നുവരുന്നു. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിന് 20.5 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടിൽനിന്നുമാണ് കണ്ടെത്തിയത്. സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി

വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർഥന പ്രകാരം വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽനിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സംബന്ധമായ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് 'സേവനം വാതിൽപ്പടിയിൽ (Service at Door Steps)' എന്ന പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ ആരംഭിക്കുകയും ജൂലൈ 2021 മുതൽ എല്ലാ സെക്ഷനുകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി സംബന്ധിയായ പരാതികൾ രേഖപ്പെടുത്താൻ ക്ലൗഡ് ടെലിഫോണി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കസ്റ്റമർ കെയർ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. പോത്താനിക്കാട്, മറയൂർ, കുമളി, ഗിരിനഗർ, കാഞ്ഞിരപ്പള്ളി, രാമപുരം, ഐയ്മനം, മൂലമറ്റം, പുന്നയൂർക്കുളം, മുള്ളേരിയ, കണ്ണനെല്ലൂർ, നടത്തറ, പാതിരപ്പള്ളി, പുതുപ്പാടി, വള്ളിത്തോട്, അയ്യന്തോൾ,

നല്ലോമ്പുഴ, തുക്കരിപ്പൂർ, പരപ്പൂർ, കുമ്പാറ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്കുവേണ്ടിയും സബ്സ്റ്റേഷനുകൾ സ്റ്റോർ, ഷൊർണ്ണൂർ ഓഫീസിനുവേണ്ടിയുമുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇതോടൊപ്പം മണ്ണാർക്കാട് മിനി വൈദ്യുതി ഭവനം, കാസർഗോഡ് വൈദ്യുതി ഭവനം, പട്ടാമ്പി മിനി വൈദ്യുതി ഭവനം, പൊന്നാനി മിനി വൈദ്യുതി ഭവനം, ചെങ്ങന്നൂർ വൈദ്യുതി ഭവനം, ഇരിട്ടി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് കെട്ടിടം, മങ്ങാട്ടുപറമ്പ് TMR ഡിവിഷൻ ഓഫീസ് കെട്ടിടം, മിനി വൈദ്യുതി ഭവനം നെടുംകണ്ടം എന്നിവയും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചു.

<u>അനെർട്ട്</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് മുഖേന ആകെ 31.4 മെഗാവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. കേരളത്തിൽ കാർഷിക മേഖലയിൽ സൗരോർജ ഉൽപാദനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അനെർട്ട് PM KUSUM പദ്ധതി നടപ്പിലാക്കിവരുന്നു. വൈദ്യുത കണക്ഷനുള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന

1 hp മുതൽ 7.5 hp വരെയുള്ള പമ്പുകൾ സൗരോർജവൽക്കരിച്ച് അതിൽനിന്ന് ഉൽപാദിപ്പിക്കുന്ന അധിക വൈദ്യുതി കർഷകർ കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കുവാൻ സഹായിക്കുന്ന പദ്ധതിയാണിത്. പി.എം. കുസും പദ്ധതിയിലൂടെ ഇതുവരെ 783 കാർഷിക പമ്പുകൾ സൗരോർജവൽക്കരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി നേടിയിട്ടുണ്ട്. ഇത്രയും സൗരോർജ നിലയങ്ങളുടെ സ്ഥാപിതശേഷി ഏകദേശം 3MW ആണ്.

ഇ.എം.സി.

2021-2024 കാലഘട്ടത്തിൽ സംസ്ഥാനത്ത് വൈദ്യുതോദ്പാദനശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി ആനക്കാംപൊയിൽ (8MW), അരിപ്പാറ (4MW), മുക്കുടം (4MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മിഷൻ ചെയ്യുകയും ഗ്രിഡിലേക്ക് വൈദ്യുതി ഉൽപാദനം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു. അതോടൊപ്പം ഏഴാംകടവ് (350kW) പദ്ധതി ഗ്രിഡിലേക്ക് വൈദ്യുതി നൽകുന്നുണ്ട്. നിലവിൽ കമ്മിഷൻ പൂർത്തിയാക്കിയിട്ടില്ല.

(ബി) വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആഭ്യന്തര ഉൽപാദനം കൂട്ടേണ്ടതുണ്ട്. പ്രസരണ മേഖലയിൽ പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനായി 400 കെ.വി. ഉഡുപ്പി-കാസർഗോഡ് ലൈനിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. കൂടാതെ കേരളത്തിനകത്തുള്ള 400 കെ.വി. സബ്സ്റ്റേഷനുകളുടെയും ശേഷി വർധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി കേരളത്തിലേക്കുള്ള വൈദ്യുതി ഇറക്കുമതി ശേഷി (ATC) നിലവിലെ 4260 MW-ൽനിന്നും 6000 MW-യിലേക്ക് 2027-28 ആകുമ്പോഴേയ്ക്കും ഉയരുന്നതാണ്. 2031-32-ലേക്ക് 33 കെ.വി. മുതൽ 400 കെ.വി. വരെ 143 സബ്സ്റ്റേഷനുകളുടെയും 3429 ckt km ലൈനുകളുടെയും നിർമ്മാണം വിഭാവന ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തിന്റെ പരമാവധി വൈദ്യുതി ആവശ്യകത ഏകദേശം 6000 MW-ഉം ആഭ്യന്തര ഉൽപാദന

ശേഷി 4347.8 MW-ഉം ആണ്. ഇതിൽതന്നെ ഉദ്ദേശം 1516.02 MW ശേഷി സോളാർ നിലയങ്ങളുടേതാകയാൽ വൈദ്യുതി ആവശ്യകത കൂടി നിൽക്കുന്ന സമയങ്ങളിൽ (night peak) ലഭ്യമാകുന്നുമില്ല. ഇതിനാൽതന്നെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ സിംഹഭാഗവും നിറവേറ്റുന്നത് സംസ്ഥാനത്തിന് പുറത്തുനിന്നും അന്തർസംസ്ഥാന ലൈനുകളിലൂടെ വൈദ്യുതി എത്തിച്ചാണ്. 2022-24 കാലയളവിൽ വൈദ്യുതി ഉപഭോഗത്തിലുള്ള വളർച്ചാ നിരക്ക് 8 ശതമാനത്തിലും കൂടിയതിനാൽ വരുംവർഷങ്ങളിലും ഇതേ വളർച്ചാ നിരക്ക് കണക്കാക്കുകയാണെങ്കിൽ 2031-32 കാലയളവിൽ വൈദ്യുതി ആവശ്യകത ഏകദേശം 10000 MW എത്താനുള്ള സാധ്യതയുണ്ട്. 2040-ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായും പുനരുപയോഗ ഊർജ സ്രോതസ്സുകളിൽ നിന്നാകണമെന്ന സംസ്ഥാനത്തിന്റെ ലക്ഷ്യം മുൻനിർത്തി ആഭ്യന്തര ഉൽപാദനം പരമാവധി ഉയർത്താനും സ്റ്റോറേജ് സംവിധാനങ്ങൾ നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കൂടുതൽ സൗരോർജ നിലയങ്ങൾ, കാറ്റാടിപ്പാടങ്ങൾ, വൻകിട/ചെറുകിട ജലവൈദ്യുത

പദ്ധതികൾ, പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങൾ, ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുപുറമേ വരും വർഷങ്ങളിൽ ഏകദേശം 1500 MW, വൻകിട ജലവൈദ്യുതി പദ്ധതികളിൽനിന്നും കണ്ടെത്താൻ ഉദ്ദേശിക്കുന്നു. 800 MW സ്ഥാപിതശേഷിയുമായി ഇടുക്കി പദ്ധതിയുടെ രണ്ടാംഘട്ടം, 240 MW ശേഷിയിൽ ലക്ഷ്മി പദ്ധതി, 450 MW ശേഷിയുള്ള ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതി എന്നിവയ്ക്കുപുറമേ പതിനഞ്ചോളം മറ്റ് ജലവൈദ്യുതി പദ്ധതികളും പരിഗണനയിലുണ്ട്. ഈ കാലയളവിനുള്ളിൽ 450 MW വരെ കാറ്റാടി നിലയങ്ങളിൽനിന്ന് കണ്ടെത്താൻ സാധിക്കുമെന്ന് കരുതുന്നു. 2030-ഓടുകൂടി സോളാർ സ്ഥാപിതശേഷി 3000-3500 MW ആകാൻ ഇടയുണ്ട്. പകൽസമയം മിച്ചവൈദ്യുതിയും രാത്രികാലങ്ങളിൽ കടുത്ത കമ്മിയും എന്ന സ്ഥിതി വരുംവർഷങ്ങളിൽ കൂടുതൽ പ്രകടമാകുമെന്ന് കരുതുന്നു. ഇത് കണക്കിലെടുത്ത് സ്റ്റോറേജ് നിലയങ്ങൾ സ്ഥാപിക്കും. വരുംവർഷങ്ങളിൽ പത്ത് നിലയങ്ങളിൽനിന്നായി 3300 MW പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ഏകദേശം 2000 MW/5000 MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ്

പദ്ധതികളും ആവശ്യാനുസരണം കേരളത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 250 MW/1000 MWh BESS ഉടൻതന്നെ നടപ്പിലാക്കും. ഊർജ സ്വയംപര്യാപ്തത ലക്ഷ്യമാക്കി വിഷൻ - 2030 എന്ന പദ്ധതി വിഭാവന ചെയ്യുകയും ഇതിലുൾപ്പെടുത്തി മുകളിൽ വിവരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുകയുമാണ്. വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 2030-ൽ 10000 MW സ്ഥപിതശേഷി കൈവരിക്കുകയെന്ന ലക്ഷ്യവുമായി ബന്ധപ്പെട്ട് 195.036 MW മൊത്തം സ്ഥാപിതശേഷിയുള്ള 11 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 92 MW-ന്റെ മൊത്തം സ്ഥാപിത ശേഷിയുള്ള 13 ചെറുകിട ജലവൈദ്യുത പദ്ധതികളും വിഭാവന ചെയ്തിട്ടുണ്ട്. ടി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായുള്ള ഇൻവെസ്റ്റിഗേഷൻ, പി.എഫ്.ആർ. തയ്യാറാക്കൽ, ഡി.പി.ആർ. തയ്യാറാക്കൽ, സ്ഥലമേറ്റെടുപ്പ് എന്നീ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജലവൈദ്യുത

പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉൽപാദനം സാധ്യമാക്കുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ (ഏകദേശം 3330 MW സ്ഥാപിതശേഷി വരുന്ന 10 പദ്ധതികൾ) നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതിൽ 2 പദ്ധതികൾ (മഞ്ഞപ്പാറ, മുതിരപ്പുഴ) നടപ്പിലാക്കുന്നതിന് സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും 2030-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുവാനായി, നിലവിൽ സൗരോർജ മേഖലയിൽ ഗാർഹിക ഉപഭോക്താക്കൾക്കുള്ള പ്രധാനമന്ത്രി മുഫ്ത് ബിജ്‌ലി യോജനയും കർഷകർക്കുള്ള പി.എം. കുസും പദ്ധതിയും MNRE-യുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. ഇതിൽ പി.എം. സൂര്യ ഘർ പദ്ധതിയിലൂടെ 2026-27 സാമ്പത്തിക വർഷത്തിനുള്ളിൽ 384800

പുരപ്പുറ സോളാർ പ്ലാന്റിലൂടെ 1154.4 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാനാണ് MNRE ലക്ഷ്യമിടുന്നത്. ഇതിന് പുറമെ 31-12-2025-ൽ അവസാനിക്കുന്ന പി.എം. കുസും പദ്ധതിയിലൂടെ 17 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കൊല്ലം ജില്ലയിൽ NHPC മുഖേന നടപ്പിലാക്കുന്ന വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്രോജക്ട് വഴി 50 MW കൂടി 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ ഗാർഹിക ഗാർഹികേതര മേഖലയിൽ സബ്സിഡിരഹിത സൗരോർജ പ്ലാന്റ് സ്ഥാപിച്ചുനൽകുന്നതിനായി 100 മെഗാവാട്ടിന്റെ മറ്റൊരു ടെൻഡർ കൂടി വിളിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ, പീക്ക് സമയത്തെ വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 750 MW/3000 mwh BESS സ്ഥാപിക്കുവാൻ ലക്ഷ്യമിടുകയും ആദ്യഘട്ടം എന്ന നിലയിൽ 250 MW/1000mwh നിലയം സ്ഥാപിക്കുവാനുള്ള പ്രവൃത്തികൾക്ക് ടെൻഡർ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

അനെർട്ട്

വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി അനെർട്ട് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.

- റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യഘർ' പ്രചരിപ്പിക്കുന്നു.

- സർക്കാർ ഫണ്ടുപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/പുനർഗേഹം വീടുകളിൽ 2kW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

- സ്മാർട്ട് സിറ്റി പദ്ധതിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

- സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

- പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

- വിദൂര ആദിവാസി കോളനികളിൽ വിൻഡ്/സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- പി.എം. കുസും പദ്ധതിയിലൂടെ കാർഷിക പമ്പുകൾ സൗരോർജവത്കരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി നേടിയതിൽനിന്നും ഇതുവരെ 11.5 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്.

- ഇ-മൊബിലിറ്റി പദ്ധതിയുടെ ഭാഗമായി പബ്ലിക് EV ചാർജിങ് സ്റ്റേഷനുകളിൽനിന്ന് സൗരോർജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ഒരുക്കുന്ന സൗരോർജ സംവിധാനത്തിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നല്കിവരുന്നു.

<u>ഇ.എം.സി.</u>

- വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുവാൻ, പമ്പ്ഡ് സ്റ്റോറേജ് (PSP) ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിനായുള്ള കരട് നയം രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ഈ കരട് നയം സർക്കാരിന്റെ പരിഗണനയിലാണ്.

- ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന സ്വകാര്യ-സഹകരണ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്ന മാതൃകയിൽ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കുന്നതും സർക്കാർ പരിഗണനയിലാണ്.

- 2012-ലെ നിലവിലെ ചെറുകിട ജലവൈദ്യുത പദ്ധതി നയം പുതുക്കുവാനുള്ള കരട് സർക്കാരിന്റെ പരിഗണനയിലാണ്.

- നിലവിൽ പിണവൂർ (7MW), ലോവർ വട്ടപ്പാറ (2.5MW), പാലക്കുഴി (1MW), കനകപുഴ (1MW) പദ്ധതികൾക്ക് TEFR ക്ലിയറൻസ് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ പിണവൂർ പദ്ധതിക്ക് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. പാലക്കുഴി പദ്ധതിയുടെ അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലോവർ വട്ടപ്പാറ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കനകപ്പുഴ പദ്ധതിക്കായി ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കുന്ന ഘട്ടത്തിലാണ്. കൂടാതെ അറ്റ്ലെ-I (6MW), അറ്റ്ലെ-II (6MW) പദ്ധതികൾ TEFR

ക്ലിയറൻസിനായി സമർപ്പിച്ച റിപ്പോർട്ട് വനം വകുപ്പിന്റെ നിർദേശ പ്രകാരം പുതുക്കുന്ന ഘട്ടത്തിലുമാണ്. ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തിന്റെ ഊർജോത്പാദനത്തിൽ 23.5MW-ന്റെ അധിക ഉൽപാദനം കൈവരിക്കാൻ സാധിക്കുന്നതാണ്.

- പുതുതായി അപേക്ഷ സമർപ്പിക്കുന്ന സംരംഭകർക്ക് TEFR ക്ലിയറൻസിലേക്ക് പോകുന്നതിന് മുൻപായി വിവിധ വകുപ്പുകളുടെ (പ്രത്യേകിച്ച് വനം വകുപ്പ്) പ്രാഥമിക റിവ്യൂ ചെയ്ത് മുന്നോട്ടു പോകാനുള്ള നിർദേശം ലഭിക്കുമാറ് ഓരോ ഫോറസ്റ്റ് ഡിവിഷനിന്റെ നിലയിലും ഒരു എംപവേർഡ് റിവ്യൂ കമ്മിറ്റി (ERC) രൂപീകരിക്കുന്നത് പരിഗണനയിലാണ്.

- ചെറുകിട ജലവൈദ്യുത മേഖലയിൽ കേന്ദ്ര സർക്കാരിന്റെ സബ്സിഡി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത വിവിധ അവസരങ്ങളിൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സബ്സിഡി ലഭിക്കുമെന്ന പ്രതീക്ഷയിലാണ്. സബ്സിഡി വരുന്നതോടെ കൂടുതൽ പദ്ധതികൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതര സംസ്ഥാനത്തെ വൈദ്യുതി നിരക്കുമായി സംസ്ഥാന വൈദ്യുതി നിരക്ക് താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 29 സംസ്ഥാനങ്ങളിലെ വൈദ്യുതി നിരക്ക് കേരള സംസ്ഥാനത്തെ വൈദ്യുതി നിരക്കുമായി താരതമ്യം ചെയ്ത് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു. ലോ ടെൻഷൻ വ്യാവസായിക ഉപഭോക്താക്കളുടെ താരിഫിന്റെ കാര്യത്തിൽ പട്ടികയിൽ ആറാം സ്ഥാനത്തും ഇടത്തരം വ്യവസായങ്ങളുടെ താരിഫ് താരതമ്യം ചെയ്യുകയാണെങ്കിൽ ഒമ്പതാം സ്ഥാനത്തും വലിയ വ്യവസായ സ്ഥാപനങ്ങളുടെ (HT) കാര്യത്തിൽ എട്ടാം സ്ഥാനത്തുമാണ്. EHT വ്യവസായ സ്ഥാപനങ്ങളുടെ താരിഫിൽ ഒമ്പതാം സ്ഥാനത്തുമാണ് കേരളം.

കാർഷിക ഉപഭോക്താക്കളുടെ താരിഫ് പരിഗണിക്കുകയാണെങ്കിൽ കേരളത്തിന്റെ താരിഫ് അഞ്ചാം സ്ഥാനത്താണ്. ചെറുകിട കച്ചവട

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്ഥാപനങ്ങളുടെ കാര്യത്തിൽ ഏഴാം സ്ഥാനത്തുമാണ്. ഇടത്തരം കച്ചവട സ്ഥാപനങ്ങളുടെ താരിഫ് കൂടുതലാണെങ്കിലും തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകളുടെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം ആദ്യത്തെ 20-കളിലാണ്. റെയിൽവെ ട്രാക്ഷൻ താരിഫിന്റെ കാര്യത്തിൽ കേരളം ഒമ്പതാം സ്ഥാനത്താണ്. ഇതിനുപുറമേ അങ്കണവാടികൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ എന്നിവക്ക് രാജ്യത്ത് ഏറ്റവും കുറവ് വൈദ്യുതി ചാർജ് കേരളത്തിലാണ്. ഉപഭോഗം കുറവുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വളരെ കുറഞ്ഞ നിരക്കിൽ ചാർജ് ഈടാക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പ്രതിമാസം 50 യൂണിറ്റ് വരെ ഉപഭോഗമുള്ള ദാരിദ്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കളുടെ കാര്യത്തിൽ ഏറ്റവും കുറവ് റെഗുലേറ്ററി താരിഫ് (കമ്മീഷൻ നിശ്ചയിക്കുന്നതും എന്നാൽ സബ്സിഡി കണക്കാക്കാതെയുള്ളതുമായ) ഉള്ള സംസ്ഥാനമാണ് കേരളം. ജനറൽ വിഭാഗത്തിൽ പ്രതിമാസം 100 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക

ഉപഭോക്താക്കളുടെ കാര്യത്തിൽ എട്ടാം സ്ഥാനത്തും 250 യൂണിറ്റ് വരെയുള്ള വൈദ്യുതി ചാർജിൽ പന്ത്രണ്ടാം സ്ഥാനത്തും പ്രതിമാസം 400 യൂണിറ്റ് വരെയുള്ള ഉപഭോഗമുള്ളവരുടെ വൈദ്യുതി ചാർജിൽ 20-ാം സ്ഥാനത്തുമാണ്.

തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി വിതരണം

240 (647) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണം നടത്തുന്നതിന് സ്ഥാപിച്ചിട്ടുള്ള ലൈനിൽ എത്ര ശതമാനം വീതമാണ് സിംഗിൾ-ഫേസ്, ത്രീ-ഫേസ്, എ.ബി.സി. കേബിളുകൾ എന്നിവയെന്ന് വ്യക്തമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണം നടത്തുന്നതിന് സ്ഥാപിച്ചിട്ടുള്ള ലൈനുകളിൽ 54.18 ശതമാനം സിംഗിൾ ഫേസ് ലൈനും 44.60 ശതമാനം ത്രീഫേസ് ലൈനും 1.22 ശതമാനം എൽ.ടി. എ.ബി.സി. ലൈനുകളുമാണ്.

(ബി) നിലവിൽ സിംഗിൾ ഫേസ് ലൈനിലൂടെ വൈദ്യുതി വിതരണം ചെയ്യുന്ന മേഖലയിൽ ത്രീ ഫേസാക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഫണ്ട് ഉപയോഗിച്ചുള്ള ദ്യുതി, ദ്യുതി സ്പെഷ്യൽ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയും കേന്ദ്ര ഗവൺമെന്റിന്റെ 60 ശതമാനം ഗ്രാന്റോടുകൂടിയ RDSS പദ്ധതിയിൽ ഉൾപ്പെടുത്തിയും നിലവിലെ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുന്നതിനുള്ള വർക്കുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

കാസർഗോഡ് മണ്ഡലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ട്രാൻസ്ഫോർമറുകൾ

241 (648) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സെക്ഷനുകളുടെ കീഴിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് നിയോജകമണ്ഡലം പരിധിയിൽ കാസർഗോഡ്, നെല്ലിക്കുന്ന്, ചേർക്കള, കുമ്പള, സീതാംഗോളി, ബദിയഡുക്ക, മുള്ളേരിയ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനായി പദ്ധതിയുണ്ട്.

(ബി) പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങളുടെ പേരും ഇതിനുവേണ്ടി എടുത്ത എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കാമോ?

(ബി&സി) പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ട്രാൻസ്ഫോർമറുകളുടെ പട്ടിക മുൻഗണനാ ക്രമത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ട്രാൻസ്ഫോർമറുകൾ മുഴുവനും എപ്പോൾ സ്ഥാപിച്ച് കഴിയുമെന്ന് വ്യക്തമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ട്രാൻസ്ഫോർമറുകളുടെ ലഭ്യത അടിസ്ഥാനപ്പെടുത്തി മാത്രമേ എപ്പോൾ സ്ഥാപിച്ച് കഴിയുമെന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ. പദ്ധതിയുടെ സമയക്രമമനുസരിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും 2027 മാർച്ച് 31-നകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിളപ്പിൽശാലയിൽ 110 കെ.വി. സബ്സ്റ്റേഷൻ

242 (649) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാങ്കേതിക സർവകലാശാലയുടെ ആസ്ഥാനവും ട്രസ്റ്റ്പാർക്കും ഉൾപ്പെടെ സ്ഥാപിതമാകുന്ന തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാലയിൽ 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സാങ്കേതിക സർവകലാശാലയുടെ ആസ്ഥാനവും ട്രസ്റ്റ്പാർക്കും ഉൾപ്പെടെ സ്ഥാപിതമാകുന്ന തിരുവനന്തപുരം ജില്ലയിലെ

വിളപ്പിൽശാലയിൽ ഒരു പുതിയ 110KV സബ്സ്റ്റേഷൻ ആരംഭിക്കണമെന്ന നിർദേശം പരിശോധിച്ചുവരികയാണ്. വിളപ്പിൽശാലയിലെ മുളയറയിലാണ് 110kV സബ്സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുള്ളത്. പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സാങ്കേതിക പഠനങ്ങൾ നടന്നുവരുന്നു. സാങ്കേതിക പഠനത്തിൽ സാധ്യതയുണ്ടെന്ന് കണ്ടെത്തുന്നപക്ഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷനുവേണ്ടിയുള്ള സ്ഥലമേറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടി സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഏകദേശം 20 കോടിയോളം രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. സബ്സ്റ്റേഷൻ നിർമ്മാണത്തിന് വിളപ്പിൽശാലയിലെ മുളയറയിൽ കണ്ടെത്തിയിട്ടുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് വസ്തുവിലയുടെ പകുതി തുക MLA ഫണ്ടിൽനിന്നും ലഭ്യമാക്കണമെന്ന് ബഹു. കാട്ടാക്കട MLA-യോട് കത്ത് മുഖേന അഭ്യർഥിച്ചിട്ടുള്ളതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചു.

മണിയാർ ജലവൈദ്യുത പദ്ധതി

243 (650) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾക്ക് വിപരീതമായി വൈദ്യുതിക്ക് വിലക്കുറവുള്ള സമയം പുറത്തുനിന്ന് വൈദ്യുതി വാങ്ങുകയും വില കൂടുമ്പോൾ കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകിയ വൈദ്യുതി തിരികെ എടുക്കുകയും ചെയ്ത നടപടിയിൽ കമ്പനിക്ക് കെ.എസ്.ഇ.ബി. നോട്ടീസ് നൽയിരുന്നോ; എങ്കിൽ ആ നോട്ടീസുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. ഇതുമായി ബന്ധപ്പെട്ട കത്ത് കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് 14-11-2022-ന് നൽകിയിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണിയാർ ജലവൈദ്യുത പദ്ധതി

244 (651) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ കാലാവധി നീട്ടാൻ കമ്പനി സർക്കാരിന് കത്ത് നൽകിട്ടിയുണ്ടോ; എങ്കിൽ ആ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മണിയാറിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡും കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ കാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി സംസ്ഥാന സർക്കാരിന് 11-10-2021-ൽ കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുതി കുടിശ്ശിക

245 (652) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് എത്ര രൂപ ലഭിക്കാനുണ്ടെന്ന് അറിയിക്കുമോ; സ്ഥാപനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ?

31-12-2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ 2164.06 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം). തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടിശ്ശിക വരുത്തുന്ന സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ്, കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, കൃഷി ഭവൻ ഉപഭോക്താക്കൾ ഇവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ വൈദ്യുതി ബോർഡ് ലിമിറ്റഡിന് പരിമിതിയുള്ളതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂടി കാലാകാലങ്ങളിൽ തീർപ്പാക്കിവരുന്നു. 12-03-2024-ലെ സ.ഉ.(സാധാ)നം.45/2024/ഊ.വ. പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 31-10-2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (മുതൽ-1728.47 കോടി രൂപ, പലിശ-339.60 കോടി രൂപ) തീർപ്പാക്കിയിട്ടുണ്ട്. അതിൻപ്രകാരം 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 01-11-2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി 30-10-2023-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 12-03-2024-ലെ സ.ഉ.(കൈ)നം.30/2024/ധന. പ്രകാരം

ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും 31-10-2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 534.84 കോടി രൂപ (416.48 കോടി രൂപ-മുതൽ, 118.36 കോടി രൂപ-പലിശ) തീർപ്പാക്കിയിട്ടുണ്ട്. സപ്ലൈ കോഡ് 2014 റെഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയ നടപടി

246 (653)ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഭരണകാലത്തെ ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയതിനെത്തുടർന്ന് പുതിയ കരാർ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) ചട്ടലംഘനം ഉന്നയിച്ച് അനുമതി നിഷേധിച്ച 465 MW ദീർഘകാല വൈദ്യുതി കരാറിന് പകരമായി 500MW വൈദ്യുതി 5 വർഷത്തേക്ക് ലഭ്യമാക്കുന്നതിന് 07-06-2023-ന് കെ.എസ്.ഇ.ബി.എൽ. മധ്യകാല ടെൻഡർ വിളിച്ചുവെങ്കിലും നിരക്ക് (യൂണിറ്റിന് 6.88 രൂപ) കൂടുതലായതിനാൽ പ്രസ്തുത ടെൻഡർ റദ്ദ് ചെയ്യുകയായിരുന്നു. തുടർന്ന് 07-12-2023-ന് 300 മെഗാവാട്ട് വൈദ്യുതി രണ്ടര വർഷത്തേക്കായി മധ്യകാല ടെൻഡർ വിളിച്ചെങ്കിലും നിരക്ക് യൂണിറ്റിന് 7.48 രൂപയായതിനാൽ ആ ടെൻഡറും റദ്ദ് ചെയ്യുകയായിരുന്നു. അനന്തരം നിലനിൽക്കുന്ന വൈദ്യുതി ലഭ്യതക്കുറവ് നികത്താൻ ദീർഘകാല അടിസ്ഥാനത്തിൽ 500 MW-ന്റെ ടെൻഡർ 23-12-2024-ന്

ക്ഷണിക്കുകയുണ്ടായി. പ്രസ്തുത ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ സംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി.എൽ.-ന്റെയും നിരന്തര പരിശ്രമത്തിന്റെ ഫലമായി 500 മെഗാവാട്ടിന്റെ Coal Linkage സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദീർഘകാല ടെൻഡർ ക്ഷണിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കുന്നതിന് ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കരാറുകൾ പുനരുജ്ജീവിപ്പിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. 2014-ൽ DBFOO (Design Build Finance Own and Operate) അടിസ്ഥാനത്തിൽ 2 ബിഡ്ഡുകളിലായി 765 മെഗാവാട്ട് വൈദ്യുതിക്കുവേണ്ടിയുള്ള ദീർഘകാല കരാറിൽ ഏർപ്പെടുകയുണ്ടായി. എന്നാൽ കേന്ദ്ര വൈദ്യുതി മന്ത്രാലയം പുറപ്പെടുവിച്ച ടെൻഡർ മാനദണ്ഡങ്ങളിൽനിന്നുള്ള വ്യതിയാനം ചൂണ്ടിക്കാട്ടി സംസ്ഥാന വൈദ്യുതി

റെഗുലേറ്ററി കമ്മീഷൻ 30-08-2016-ലെ ഉത്തരവ് പ്രകാരം ബിഡ് 1-ലെയും ബിഡ് 2-ലെയും L-1-നുമാത്രമാണ് കരാർ അനുമതി നൽകിയത്. വൈദ്യുതി ആവശ്യകത പരിഗണിച്ച് സംസ്ഥാന സർക്കാരും വൈദ്യുതി റെഗുലേറ്ററി കമ്മീഷനും കരാർ പ്രകാരമുള്ള വൈദ്യുതി പൂർണ്ണമായും schedule ചെയ്യാൻ അനുവദിച്ചു. അനന്തരം ബിഡ് 1-ലെ 315 മെഗാവാട്ട് വൈദ്യുതി 1-12-2016 മുതലും ബിഡ് 2-ലെ 450 മെഗാവാട്ട് വൈദ്യുതി 1-10-2017 മുതലും കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ച് തുടങ്ങി. എന്നാൽ ചട്ടലംഘനം ഉന്നയിച്ച് 10-05-2023-ലെ ഉത്തരവിലൂടെ ബഹു. കമ്മീഷൻ (KSERC) 465 MW ദീർഘകാല കരാറിന് അനുമതി നിഷേധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് KSERC-ക്ക് വൈദ്യുതി നിയമത്തിലെ ചട്ടം 108 പ്രകാരം സർക്കാർ നിർദ്ദേശം നൽകണമെന്ന് സംസ്ഥാന സർക്കാരിനോട് കെ.എസ്.ഇ.ബി.എൽ. അപേക്ഷിച്ചിരുന്നു. അപ്രകാരം കേരള സർക്കാർ 10-10-2023-ന് റെഗുലേറ്ററി കമ്മീഷന് വൈദ്യുതി നിയമം 2003 ചട്ടം 108 അനുസരിച്ച് നിർദ്ദേശം നൽകുകയും 29-12-2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ

പുനഃസ്ഥാപിക്കുകയുമാണുണ്ടായത്. എന്നാൽ തുടർന്നും ജനറേറ്റർമാർ മേൽ ഉത്തരവ് അനുസരിച്ച് വൈദ്യുതി നൽകാൻ തയ്യാറായില്ല. അവർ APTEL-നെ 30-01-2024-ൽ സമീപിക്കുകയും കെ.എസ്.ഇ.ബി.-യുടെ വാദം അംഗീകരിക്കാതെ APTEL, ജനറേറ്റർമാർക്ക് അനുകൂലമായി 26-07-2024-ന് വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ കെ.എസ്.ഇ.ബി.എൽ. ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 30-09-2024-ന് APTEL-ന്റെ വിധി ശരിവയ്ക്കുകയുണ്ടായെങ്കിലും 10-5-2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിനെതിരെ അപ്പീൽ പോകാനുള്ള അനുമതി നൽകുകയും ചെയ്തു. കരാറുകൾ റദ്ദാക്കിയതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. നൽകിയ ഹർജി നിലവിൽ APTEL-ന്റെ പരിഗണനയിലാണ്. പ്രസ്തുത കരാറുകൾ പ്രകാരം ലഭിച്ചിരുന്ന വൈദ്യുതിയുടെ നിരക്ക് താരതമ്യേന വളരെ കുറവായതിനാൽ കേരളത്തിന്റെ വൈദ്യുതി ആവശ്യകത പരിഗണിച്ചും സംസ്ഥാന താല്പര്യം മുൻനിർത്തിയും കരാറുകൾ പുനുജ്ജീവിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

(സി) ഇപ്രകാരം കരാറുകൾ പുനരുജ്ജീവിപ്പിച്ചപ്പോൾ കമ്പനികൾ പഴയ നിരക്കിൽ വൈദ്യുതി നൽകാൻ തയ്യാറായിരുന്നോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഇതുമൂലം നിരക്കിലുണ്ടായ വ്യത്യാസം എത്രയാണെന്ന് വ്യക്തമാക്കുമോ?

29-12-2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുനഃസ്ഥാപിക്കുകയും കരാർ പ്രകാരമുള്ള നിരക്കിൽതന്നെ വൈദ്യുതി നൽകണമെന്ന് ഉൽപാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻ ഉത്തരവ് വന്നപ്പോൾതന്നെ കെ.എസ്.ഇ.ബി.എൽ. ഉൽപാദകരോട് കരാർ പ്രകാരമുള്ള വൈദ്യുതി പുനഃസ്ഥാപിക്കാൻ അഭ്യർഥിക്കുകയുണ്ടായി. പക്ഷെ കരാർ പ്രകാരമുള്ള വൈദ്യുതി നല്കാൻ ഉൽപാദകർ അന്ന് തയ്യാറാകാതെ അവർ APTEL-നെ സമീപിക്കുകയാണുണ്ടായത്. ബഹു. APTEL ജനറേറ്റർമാർക്ക് അനുകൂലമായി 26-07-2024-ന് വിധി പുറപ്പെടുവിച്ചു.

(ഡി) ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയതിലൂടെ കെ.എസ്.ഇ.ബി.-ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ദീർഘകാല കരാറുകൾ റദ്ദാക്കിയതുകൊണ്ടുള്ള അധിക ജലവൈദ്യുതി ഉൽപാദനംമൂലവും പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയ വകയിലും കെ.എസ്.ഇ.ബി.എൽ.-ന് ഇതുവരെ ഏകദേശം 410 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായിട്ടുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

മണിയാർ വൈദ്യുത പദ്ധതി കരാറിലെ വ്യവസ്ഥകൾ

247 (654) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ വൈദ്യുത പദ്ധതി നടത്തിപ്പുകാരായ കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനിയുമായുള്ള കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും കരാർ കാലാവധി അവസാനിച്ചത് എന്നാണെന്നും അറിയിക്കുമോ; വിശദമാക്കുമോ?

മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി.എൽ.-ഉം കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കരാർ കാലാവധി കഴിഞ്ഞ ഈ പദ്ധതി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

2018-ലെ പ്രളയം മൂലമുണ്ടായ നഷ്ടത്തിനും കരാർ കമ്പനിയായ കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലും 25 വർഷത്തേക്ക് കാലാവധി നീട്ടിനല്കണമെന്ന് പ്രസ്തുത കമ്പനി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കെ.എസ്.ഇ.ബി.എൽ.-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

വൈദ്യുതി കണക്ഷൻ

248 (655) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ ഇതുവരെയായി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ ഇതുവരെയായി 4159 വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) ഇതിൽ ഗാർഹിക കണക്ഷൻ, കാർഷിക കണക്ഷൻ, വ്യവസായിക കണക്ഷൻ എന്നിവ എത്ര വീതമെന്ന് വിശദമാക്കുമോ?

ഗാർഹിക കണക്ഷൻ	3163 എണ്ണം
കാർഷിക കണക്ഷൻ	834 എണ്ണം
വ്യാവസായിക കണക്ഷൻ	162 എണ്ണം

ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ

249 (656) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എത്ര കോടി രൂപയാണ് ഈ സർക്കാർ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

(എ-സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ

കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നൽകിവന്നിരുന്നു. ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ച് നൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. മേൽപദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് ഡിസംബർ 2024 വരെ 79.45 കോടി രൂപ ചെലവഴിച്ച് 68732 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

മേൽ വിഭാഗത്തിലുള്ള ബി.പി.എൽ. അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 50 കോടി രൂപ 2018-2022 കാലയളവിലേക്കായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. ഈ തുക ഉപയോഗിച്ച് തീർന്നതിനാൽ വീണ്ടും 50 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു.

2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കോവിഡ് സമയത്ത് ഗവൺമെന്റ് നിർദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം നടന്നുവരുന്നു. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിന് 20.5 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടിൽനിന്നുമാണ് കണ്ടെത്തിയത്. സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ അഭ്യർഥന പ്രകാരം വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ്

ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽനിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

മണിയാർ ജലവൈദ്യുത പദ്ധതി

250 (657) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ വ്യവസ്ഥ പ്രകാരം ഏർപ്പെട്ടിരിക്കുന്ന കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മണിയാറിൽ വൈദ്യുതി ഉൽപാദിപിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡും കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി

251 (658) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിൽ രാമപുരം പഞ്ചായത്ത് 17-ാം വാർഡ് പഴമലയിൽ തിരുഹൃദയമഠം പത്തോളം കുടുംബങ്ങൾക്ക് സൗജന്യമായി ഭവനം നിർമ്മിച്ച് നൽകിയ സ്ഥലത്ത് കമ്പികളുടേയും എട്ട് മീറ്റർ നീളമുള്ള പോസ്റ്റുകളുടെയും അഭാവംമൂലം വൈദ്യുതി കണക്ഷൻ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗികൾ ഉൾപ്പെടെ നിരവധി അന്തേവാസികളുള്ള പ്രസ്തുത സ്ഥലത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാ നിയോജകമണ്ഡലത്തിൽ രാമപുരം പഞ്ചായത്തിലെ പതിനേഴാം വാർഡ് പഴമല ഭാഗത്ത് രണ്ടുപേർ (1) ശ്രീമതി ആൻസിയും (2) ശ്രീമതി കാതറിനും മാത്രമാണ് അപേക്ഷ നൽകിയിട്ടുള്ളത്. ടി രണ്ട് കണക്ഷനും നൽകുന്നതിന് പ്രോപ്പർട്ടി ക്രോസിങ് കൺസെന്റ്

ആവശ്യമായിരുന്നു. ആയതിൽ ശ്രീമതി കാതറിൻ 23-01-2025-ന് മാത്രമാണ് കൺസെന്റ് നൽകിയത്. ടി കണക്ഷൻ 7 പോസ്റ്റുകൾ സ്ഥാപിച്ചുനൽകുന്ന ബി.പി.എൽ. സർവീസാണ്. അതിന്റെ ജോലികൾ ആരംഭിച്ചിട്ടുള്ളതും രണ്ട് ദിവസത്തിനുള്ളിൽ പൂർത്തീകരിച്ച് കണക്ഷൻ നൽകുന്നതുമാണ്. ടി കണക്ഷൻ പൂർത്തീകരിക്കുമ്പോൾ ശ്രീമതി ആൻസിക്ക് കൺസെന്റ് ഇല്ലാതെതന്നെ കണക്ഷൻ നൽകാവുന്നതാണ്. ബാക്കിയുള്ള കണക്ഷനുകൾ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് താമസം കൂടാതെ നൽകുന്നതാണ്.

എസ്.പി.വി-യായി കെ.എസ്.ഇ.ബി.

252 (659) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കിഫ്ബിക്ക് കീഴിൽ നടക്കുന്ന വിവിധ നിർമ്മാണപ്രവർത്തനങ്ങളിൽ എസ്.പി.വി.-യായി കെ.എസ്.ഇ.ബി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് എന്നതിന്റെ വിശദാംശം നൽകാമോ?

സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി വർധിപ്പിക്കുന്നതിനും പ്രസരണനഷ്ടം കുറയ്ക്കുന്നതിനുമായി KIIFB വായ്പയോടുകൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-നെ എസ്.പി.വി.-യായി ചുമതലപ്പെടുത്തിയിട്ടുള്ളതും പദ്ധതിയുടെ നിർവഹണത്തിനായി ഷൊർണ്ണൂർ ആസ്ഥാനമായി ചീഫ് എഞ്ചിനീയർ ട്രാൻസ്ഗ്രിഡ് ഓഫീസും പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനുകീഴിലുള്ള ചുവടെ ചേർത്തിരിക്കുന്ന കിഫ്ബി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കെ.എസ്.ഇ.ബി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. താലൂക്ക് ആശുപത്രി കരുനാഗപ്പള്ളി, കൊല്ലം.

2. താലൂക്ക് ആശുപത്രി കുണ്ടറ, കൊല്ലം.

3. താലൂക്ക് ആശുപത്രി കൊട്ടാരക്കര, കൊല്ലം.

4. സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മട്ടന്നൂർ, കണ്ണൂർ.

5. താലൂക്ക് ആശുപത്രി ഇരിട്ടി, കണ്ണൂർ.

6. ജില്ലാ ആശുപത്രി, കൊല്ലം.

7. താലൂക്ക് ആശുപത്രി മല്ലപ്പള്ളി, പത്തനംതിട്ട.

8. താലൂക്ക് ആശുപത്രി വർക്കല, തിരുവനന്തപുരം.

9. വിക്ടോറിയ ഹോസ്പിറ്റൽ കൊല്ലം.

10. താലൂക്ക് ലെവൽ ആശുപത്രി മൂന്നാർ.

മുൻസർക്കാർ കാലത്തെ കരാർ റദ്ദാക്കിയ നടപടിയിൽ കെ.എസ്.ഇ.ബി.-യുടെ വിശദീകരണം

253 (660) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ യു.ഡി.എഫ്. സർക്കാർ കാലത്തെ ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിനെതിരെ അന്നത്തെ പവർ വകുപ്പ് സെക്രട്ടറി നിലവിലെ വൈദ്യുതി മന്ത്രിക്ക് നൽകിയ കത്തിന് ബോർഡ് നൽകിയ വിശദീകരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കത്തിന് മറുപടിയായി കെ.എസ്.ഇ.ബി. സി.എം.ഡി. നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മുൻ യു.ഡി.എഫ്. സർക്കാർ കാലത്തെ ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിനെതിരെ അന്നത്തെ പവർ വകുപ്പ് സെക്രട്ടറി നിലവിലെ വൈദ്യുതി മന്ത്രിക്ക് നൽകിയ കത്ത് അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത കത്തിന് മറുപടിയായി കെ.എസ്.ഇ.ബി. സി.എം.ഡി. നൽകിയ വിശദീകരണത്തിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

വൈദ്യുതി നിരക്ക് വർധനവ്

254 (661) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നതിനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 64, 86 എന്നീ വകുപ്പുകൾ പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ ചട്ടം 85 (5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. സഞ്ചിത കമ്മി, വൈദ്യുതി വാങ്ങൽ വിലയിലുണ്ടായ വർധനവ് എന്നിവമൂലം വൈദ്യുതി നിരക്ക് വർധനവ് അനിവാര്യമായി തീർന്നു.

റെഗുലേറ്ററി കമ്മീഷൻ നിലവിൽ വരുന്നതിനുമുമ്പ് സംസ്ഥാനത്ത് അവസാനമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്തുവർഷ കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24 ശതമാനം, 2013-ൽ 9.1 ശതമാനം, 2014- ൽ 6.7 ശതമാനം, 2017-ൽ 4.77 ശതമാനം, 2019-ൽ 7.32 ശതമാനം, 2022-ൽ 6.58 ശതമാനം, 2023-ൽ 3.20 ശതമാനം എന്നിങ്ങനെയായിരുന്നു വർധനവ്. എന്നിരുന്നാലും ഈ താരിഫ്

പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 28-06-2024-ലെ ട്രൂ അപ് ഉത്തരവ് പ്രകാരം (2022-23) 01-04-2023 വരെയുള്ള സഞ്ചിത റവന്യൂ കമ്മി 6408.37 കോടി രൂപയും 2023-24-ലെ ട്രൂ അപ് പെറ്റീഷൻ പ്രകാരമുള്ള റവന്യൂ കമ്മിയായ 1323.95 കോടി രൂപയും കൂടിച്ചേരുമ്പോൾ 31-03-2024-ലെ സഞ്ചിത കമ്മി 7732.32 കോടി രൂപയാകും. 2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയപക്ഷം ഏഴ് വർഷംകൊണ്ട് അതിന്റെ പലിശയുൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്. ഈ മുൻകാല കമ്മി കുറഞ്ഞൊരളവിലെങ്കിലും വർഷാവർഷം നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനെതന്നെ അത് ദോഷകരമായി ബാധിക്കും. കൂടാതെ നിലവിലെ 5 വർഷ കൺട്രോൾ പീരീഡ് കാലയളവിൽ (2022-2027) വിവിധ കാരണങ്ങളാൽ പ്രവർത്തന പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട മൂലധന നിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ ഇവ വർധിച്ചുവരുന്നു. അതിനാൽ അവശ്യം

വേണ്ട ചെലവുകൾ നിറവേറ്റി, സ്ഥാപനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പ് ഉറപ്പുവരുത്തുവാൻ വേണ്ടിയാണ് താരിഫ് പരിഷ്കരണം നിർദേശിക്കാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് നിർബന്ധിതമായത്. ഈ വസ്തുതകളെല്ലാം കണക്കിലെടുത്താണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണത്തിന് അനുമതി നൽകിയത്. 2024-25, 2025-26 എന്നീ വർഷങ്ങളിലേക്ക് യഥാക്രമം 2.39 ശതമാനം, 1.75 ശതമാനം എന്നീ വർധനവാണ് വരുത്തിയിട്ടുള്ളത്.

(ബി) വൈദ്യുതി ഉൽപാദന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ നേരിട്ട ഭൗമശാസ്ത്രപരമായ വെല്ലുവിളികൾ, ഇതിനനുബന്ധമായി പ്രോജക്ട് ഡിസൈനിലുണ്ടായ മാറ്റങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും പദ്ധതിക്ക് ആവശ്യമായ അനുമതികൾ ലഭ്യമാകുന്നതിലുള്ള കാലതാമസം, ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ചുണ്ടായ

കാലതാമസം, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കംപോലുള്ള സംസ്ഥാന വ്യാപകമായി ഉണ്ടായ പ്രകൃതിദുരന്തങ്ങൾ, നിപ്പ, കോവിഡ്-19 തുടങ്ങിയ മഹാമാരികൾ മൂലമുണ്ടായ ലോക്ക്ഡൗണുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ, ക്വാറി പ്രവർത്തനങ്ങൾക്കുണ്ടായ നിരോധനം, ചില പദ്ധതികൾക്ക് നിശ്ചിത പുരോഗതി കൈവരിക്കാത്തതുമൂലം കരാർ റദ്ദാക്കേണ്ടിവന്ന അവസ്ഥ എന്നിവയാണ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ.

(സി) നടപ്പുവർഷവും വരുംവർഷങ്ങളിലും വൈദ്യുതി താരിഫ് വർധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രത്തോളം വർധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 05-12-2024-ലെ ഉത്തരവ് പ്രകാരം നടപ്പ് വർഷവും (2024-25) അടുത്ത സാമ്പത്തിക വർഷവും (2025-26) വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുണ്ട്. 2024-25-ൽ 16 പൈസയുടേയും 2025-26-ൽ 12 പൈസയുടേയും പ്രതി യൂണിറ്റ് വർധനവാണ് ഉത്തരവായിരിക്കുന്നത്. എന്നാൽ 2026-27

വർഷത്തേക്ക് താരിഫ് വർധനവ് ഒഴിവാക്കിയിരിക്കുന്നു. ടി പരിഷ്കരണം വഴി ഏകദേശം 145 കോടി രൂപ 2024-25-ലും 357.28 കോടി രൂപ 2025-26 വർഷത്തിലും അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(ഡി) വൈദ്യുതി ബോർഡിന്റെ കെടുകാര്യസ്ഥതമൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന ഇത്തരം ബാധ്യതകൾ സാധാരണ ഉപഭോക്താക്കളെ ബാധിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി നിയമം 2003-ലെ വ്യവസ്ഥകൾ, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ, ഉത്തരവുകൾ, നിർദേശങ്ങൾ, കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള നയങ്ങൾ, നിർദേശങ്ങൾ ഇവയ്ക്ക് വിധേയമായാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്. രാജ്യത്തെ വിവിധ ഏജൻസികൾ നടത്തുന്ന പ്രവർത്തന കാര്യക്ഷമതാ റേറ്റിങ്ങിൽ മെച്ചപ്പെട്ട സ്ഥാനം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് നേടിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം

വൈദ്യുതി നിയമം 2003-ലെ 45, 62, 64, 86 എന്നീ വകുപ്പുകൾ പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇപ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 05-12-2024-ൽ പുറത്തിറക്കിയ താരിഫ് ഉത്തരവ് പ്രകാരമാണ് ഉപഭോക്താക്കളിൽനിന്ന് വൈദ്യുതി ചാർജ് ഈടാക്കിവരുന്നത്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എല്ലാ വസ്തുതകളും കണക്കിലെടുത്ത് ഉപഭോക്താക്കൾക്ക് അധികഭാരമുണ്ടാക്കാത്തതും എന്നാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് സാമ്പത്തിക സുസ്ഥിരതയോടുകൂടി നിലനിൽക്കുന്നതിന് ആവശ്യവുമായ ഒരു താരിഫ് പരിഷ്കരണമാണ് അനുവദിച്ച് തന്നിട്ടുള്ളത്. 01-11-2023 മുതൽ 30-11-2024 വരെയുള്ള കാലയളവിൽ നാണയപെരുപ്പം 5.41 ശതമാനമാണെന്നിരിക്കെ വൈദ്യുതി ചാർജിൽ 2024-25-ൽ 2.39 ശതമാനം വർധനവും 2025-26-ൽ 1.75 ശതമാനം വർധനവും മാത്രമാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിരിക്കുന്നത്. 2026-27-ലാകട്ടെ വർധനവ് ഒന്നുംതന്നെ വരുത്തിയിട്ടില്ല. ഗാർഹിക ഉപഭോക്താക്കൾക്കും വ്യാവസായിക

ഉപഭോക്താക്കൾക്കും നാമമാത്രമായ വർധനവാണ് വരുത്തിയിട്ടുള്ളത്. ആകെയുള്ള ഗാർഹിക ഉപഭോക്താക്കളിൽ 25 ശതമാനം പേരും പ്രതിമാസം 50 യൂണിറ്റിന് താഴെ ഉപഭോഗമുള്ളവരാണ് (ഏകദേശം 26 ലക്ഷം). ഇവരുടെ വൈദ്യുതി ചാർജിലുള്ള പ്രതിമാസ വർധനവ് കേവലം 7 രൂപ മാത്രമാണ്. അതായത് പ്രതിദിന വർധനവ് 25 പൈസയിൽ താഴെ മാത്രമാണ്. അതുപോലെതന്നെ പ്രതിമാസ ഉപഭോഗം 250 യൂണിറ്റിൽ കൂടുതലുള്ള ഗാർഹിക ഉപഭോക്താക്കൾക്കും 20 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും പകൽസമയത്തെ വൈദ്യുതി ചാർജിൽ 10 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ എന്നിവയുടെ നിരക്കിൽ വർധനവൊന്നും തന്നെ വരുത്തിയിട്ടില്ല. മുകളിൽ സൂചിപ്പിച്ച നാമമാത്രമായ വർധനവിന്റെ അധികഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഗാർഹിക കാർഷിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് നൽകിവരുന്ന സബ്സിഡി ആനുകൂല്യങ്ങൾ അതേപടി തുടർന്നുവരുന്നുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കാത്തതും

എന്നാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ സുസ്ഥിരമായ നിലനിൽപ്പിന് ആവശ്യവുമായ മിനിമം താരിഫ് പരിഷ്കരണമാണ് റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്.

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ നടപടി

255 (662) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ റോഡിലൂടെ കടന്നുപോവുന്ന കെ.എസ്.ഇ.ബി. വിതരണ ലൈനുകൾ എ.ബി.സി. കേബിളാക്കി അപ്ഗ്രേഡ് ചെയ്യുമ്പോൾ കേബിളിൽ സ്ട്രീറ്റ് മെയിൻ അടക്കമാണോ സ്ഥാപിക്കുന്നത്; അത്തരം ലൈനുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പദ്ധതി വകയിരുത്തി കെ.എസ്.ഇ.ബി.ക്ക് പണം അടയ്ക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ?

ഏരിയൽ ബഞ്ച്ഡ് കേബിളുകൾ (എ.ബി.സി.) സ്ട്രീറ്റ് മെയിൻ ഉൾപ്പെടെയുള്ളതും അല്ലാത്തവയുമുണ്ട്. നിലവിൽ സ്ട്രീറ്റ് മെയിനുള്ള സ്ഥലങ്ങളിൽ അതിനുള്ള സൗകര്യമുള്ള എ.ബി.സി. ആണ്

സ്ഥാപിച്ചുവരുന്നത്. അത്തരം സ്ഥലങ്ങളിൽ വീണ്ടും പണം അടയ്ക്കാൻ കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെടാറില്ല.

(ബി) ഗ്രാമപഞ്ചായത്ത് റോഡിലൂടെയുള്ള കെ.എസ്.ഇ.ബി. ലൈനുകൾ എ.ബി.സി. കേബിളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി കൂടുതൽ പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് റൈറ്റ് ഓഫ് വേ എന്ന പേരിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതി വാങ്ങാറില്ല; ഇത്തരത്തിൽ പരസ്പരം സഹകരിച്ച് കെ.എസ്.ഇ.ബി.-ക്ക് പ്രത്യേക സാമ്പത്തിക ബാധ്യത വരാത്ത സാഹചര്യത്തിൽ എ.ബി.സി. കേബിളാക്കി അപ്ഗ്രേഡ് ചെയ്ത ഇടങ്ങളിൽ ഗ്രാമപഞ്ചായത്ത് ചെലവിൽ മീറ്റർ സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് വയ്ക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

വൈദ്യുതി ലൈനുകൾ നിലവിലുള്ള റൂട്ടുകളിൽ പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ വീണ്ടും റൈറ്റ് ഓഫ് വേ അനുമതി ആവശ്യമില്ല.

(സി) ഗ്രാമീണ റോഡുകളിലൂടെ കെ.എസ്.ഇ.ബി. അധിക ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ റോഡിനുണ്ടാകുന്ന റെസ്റ്റോറേഷൻ ചാർജുകൾ ഗ്രാമപഞ്ചായത്തിൽ അടവാക്കുന്ന രീതിയോ കെ.എസ്.ഇ.ബി.

റോഡിന്റെ നിലവില ഉപരിതല സ്ഥിതിയനുസരിച്ച് റെസ്റ്റോറേഷൻ ചെയ്യുന്ന രീതിയോ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം സാഹചര്യം ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് പ്രത്യേക നിർദേശം വകുപ്പ് നൽകുമോ?

ഗ്രാമീണ റോഡുകളുടെ അരികിലൂടെയാണ് കെ.എസ്.ഇ.ബി.എൽ. പോസ്റ്റുകൾ സ്ഥാപിക്കുന്നത്. ഇപ്രകാരം സ്ഥാപിക്കുന്ന അധിക പോസ്റ്റുകൾ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന പ്രകാരം റെസ്റ്റോറേഷൻ ചാർജ് അടയ്ക്കുകയോ റോഡിന്റെ നിലവിലെ ഉപരിതല സ്ഥിതിയനുസരിച്ച് റെസ്റ്റോറേഷൻ ചെയ്ത് നൽകി പരിഹരിക്കുകയോ ചെയ്തുപോരുന്നുണ്ട്. ഇക്കാര്യം ഉറപ്പുവരുത്തുന്നതിനുള്ള നിർദേശം നൽകുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

കാസർഗോഡ് മണ്ഡലത്തിലെ വൈദ്യുതി സെക്ഷനുകളുടെ വിഭജനം

256 (663) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കാൻ വേണ്ട ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മാനദണ്ഡപ്രകാരം കാസർഗോഡ് നിയോജകമണ്ഡലത്തിൽ വിഭജിക്കപ്പെടേണ്ട സെക്ഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുമ്പോൾ അത്തരം സെക്ഷൻ ഓഫീസുകളെ മുൻകാലങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിച്ചിരുന്നു. സെക്ഷൻ ഓഫീസിൽ പോകാതെതന്നെ വൈദ്യുതി ബിൽ അടയ്ക്കുന്നതിന് വിവിധങ്ങളായ സൗകര്യങ്ങൾ ഏർപ്പെടുത്തിയും വൈദ്യുതി കണക്ഷനുകൾ ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങൾ ഓൺലൈനായി അപേക്ഷിക്കുന്നതിനും വൈദ്യുതി സംബന്ധമായ എല്ലാ പരാതികളും

ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം തുടങ്ങിയവ നൽകിയതിനാൽ സെക്ഷൻ ഓഫീസ് വിഭജിക്കുന്നതിന് ഇപ്പോൾ പ്രത്യേകമായ മാനദണ്ഡം നിലവിലില്ല.

(സി) വിഭജിക്കാൻ ആവശ്യമായ ഉപഭോക്താക്കളുണ്ടെങ്കിലും സെക്ഷനുകൾ വിഭജിക്കപ്പെടാതെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നത് വഴി വൈദ്യുതി നിരക്ക് വർധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പ്രായോഗികമല്ല. അതിനാൽ ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിന് പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി മാത്രം സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ

ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഗ്രണഭോക്താക്കളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ. ലിമിറ്റഡിൽ നടന്നുവരുന്നുണ്ട്. അതിനാൽ പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പുതുതായി സെക്ഷൻ ആരംഭിക്കണമെങ്കിൽ അതിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് വേണ്ടിവരുന്ന ചെലവിൽ സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, സെക്ഷൻ ഓഫീസിലേക്ക് വേണ്ടിവരുന്ന വണ്ടിയുടെ വാടക, കെട്ടിടത്തിന്റെ വാടക, മറ്റ്

അഡ്മിനിസ്ട്രേറ്റീവ് & ജനറൽ ചെലവുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഇത് ഓരോ സെക്ഷൻ ഓഫീസും സ്ഥിതി ചെയ്യുന്ന പ്രദേശത്തിനനുസരിച്ച് വ്യത്യസ്തമായതിനാൽ ചെലവ് എത്രയാണെന്ന് കൃത്യമായി പറയാൻ സാധിക്കുകയില്ല. എന്നിരുന്നാലും ഉദ്ദേശം 22 ലക്ഷം രൂപ ശമ്പളയിനത്തിലും വണ്ടി, ഓഫീസ് എന്നിവയുടെ വാടക ഇനത്തിലും മാത്രം ചെലവ് പ്രതീക്ഷിക്കുന്നു.

മണിയാർ വൈദ്യുത പദ്ധതി

257 (664) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മണിയാർ ജലവൈദ്യുത പദ്ധതി കരാർ കാലാവധി അവസാനിച്ചശേഷവും കെ.എസ്.ഇ.ബി.-ക്ക് കൈമാറാത്തതിന്റെ കാരണം അറിയിക്കാമോ?

മണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി BOOT അടിസ്ഥാനത്തിൽ 30 വർഷത്തേക്ക് കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് അനുവദിച്ചിരുന്നു. പ്രസ്തുത കാലാവധി 31-12-2024-ന് കഴിഞ്ഞതിനാൽ മേൽപദ്ധതി

ഏറ്റെടുക്കുന്നതിലേക്കായി കെ.എസ്.ഇ.ബി.എൽ. കാർബോറാണ്ടം കമ്പനിക്ക് 12-11-2024-ന് കത്ത് നൽകിയിട്ടുണ്ട്. 2018-ലെ പ്രളയം മൂലമുള്ള നഷ്ടത്തിന്റെയും പ്രസ്തുത കമ്പനി നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെയും അടിസ്ഥാനത്തിൽ 25 വർഷത്തേക്ക് കാലാവധി നീട്ടിനൽകണമെന്ന് പ്രസ്തുത കമ്പനി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കെ.എസ്.ഇ.ബി.എൽ.-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) കരാർ കാലാവധി സമയത്ത് കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനി നടത്തിയ കരാർ ലംഘനങ്ങളേയും വീഴ്ചകളേയും സംബന്ധിച്ച്

എന്തെല്ലാം കാര്യങ്ങളാണ് കെ.എസ്.ഇ.ബി. വൈദ്യുതി വകുപ്പിന് നൽകിയ കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(സി) മണിയാർ വൈദ്യുത പദ്ധതി കെ.എസ്.ഇ.ബി.-ക്ക് കൈമാറി കിട്ടുകയാണെങ്കിൽ അത് സംസ്ഥാനത്തെ ഊർജമേഖലയ്ക്കും വൈദ്യുതി ഉപഭോക്താക്കൾക്കും എപ്രകാരം പ്രയോജനം ചെയ്യുമെന്നാണ് കെ.എസ്.ഇ.ബി. നൽകിയ കത്തിൽ അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മണിയാർ ജലവൈദ്യുത പദ്ധതി അടിയന്തരമായി കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

മണിയാർ ജലവൈദ്യുത പദ്ധതി

258 (665) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിയാർ ജലവൈദ്യുത പദ്ധതിക്കായി കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ ലംഘിച്ചുവെന്ന് കാണിച്ചുകൊണ്ട് കെ.എസ്.ഇ.ബി. കമ്പനിക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കത്ത് കെ.എസ്.ഇ.ബി.എൽ. 14-11-2022-ന് കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് നൽകിയിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി

259 (666) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് കെ.എസ്.ഇ.ബി. കുണ്ടറ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണ ചുമതലയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബഹു. എം.എൽ.എ. ശ്രീ. ജി. എസ്. ജയലാലിന്റെ നിർദേശപ്രകാരം ഗ്രാമവെളിച്ചം പദ്ധതിയിൽ ഉൾപ്പെടുത്തി വെളിയം, ഓയൂർ എന്നീ സെക്ഷനുകളിലെ വിവിധ സ്ഥലങ്ങളിൽ LED ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ആകെ എസ്റ്റിമേറ്റ് തുക 2,68,180/- രൂപയായി നിശ്ചയിച്ച് കൊല്ലം ജില്ലാ കളക്ടർക്ക് 05-11-2024-ൽ കെ.എസ്.ഇ.ബി.എൽ. കത്ത് നൽകിയിരുന്നു. കൊല്ലം ജില്ലാ കളക്ടറുടെ ഓഫീസിൽനിന്നും ആവശ്യപ്പെട്ട രേഖകൾ സഹിതം 31-01-2025-ൽ കെ.എസ്.ഇ.ബി.എൽ. വീണ്ടും കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം പരിഗണിച്ച് എത്രയുംവേഗം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

എസ്റ്റിമേറ്റ് തുകയായ 2,68,180/- രൂപ അടയ്ക്കുന്ന മുറയ്ക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനുവേണ്ട

നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

ടി.ഒ.ഡി. മീറ്റർ

260 (667) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമയത്തിനനുസരിച്ച് വൈദ്യുതി നിരക്കിൽ വർധന നടപ്പാക്കുന്നതിനായി ടി.ഒ.ഡി. മീറ്റർ പദ്ധതി നടപ്പാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

05-12-2024-ന് മുമ്പ് HT, EHT വിഭാഗത്തിൽ ഉൾപ്പെട്ട ഉപഭോക്താക്കൾക്കും ലോ ടെൻഷൻ വ്യവസായിക താരിഫിൽ 20 കിലോവാട്ടോ അതിന് മുകളിലുള്ള ബിൽ ചെയ്യുന്നതുമായ ഉപഭോക്താക്കൾക്കും 500 യൂണിറ്റിന് മുകളിൽ പ്രതിമാസം ഉപഭോഗം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും മാത്രമാണ് ടി.ഒ.ഡി. താരിഫിൽ (വ്യത്യസ്ത സമയ ക്രമയങ്ങളിൽ വ്യത്യസ്ത വൈദ്യുതി നിരക്ക് ഈടാക്കുന്ന ബില്ലിങ്) ബില്ലുകൾ നൽകിവരുന്നത്. HT, EHT ഉപഭോക്താക്കൾക്ക് 01-02-1997 മുതലും

LT വ്യവസായിക ഉപഭോക്താതാക്കൾക്ക് 1-09-2013 മുതലും 500 യൂണിറ്റിന് മുകളിൽ പ്രതിമാസം ഉപഭോഗം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് 1-01-2013 മുതലുമാണ് ടി.ഒ.ഡി. ബില്ലിങ് ഏർപ്പെടുത്തിയത്. റെയിൽവേ ട്രാക്ഷൻ, വാട്ടർ അതോറിറ്റിയുടെയും ഇതര ഏജൻസികളുടെയും പമ്പിങ് സ്റ്റേഷനുകൾക്ക് ടി.ഒ.ഡി. താരിഫ് ബാധകമല്ല. എന്നാൽ, റെഗുലേറ്ററി കമ്മീഷൻ 05-12-2024 മുതൽ 250 യൂണിറ്റിന് മുകളിൽ പ്രതിമാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി ടി.ഒ.ഡി. ബില്ലിങ് സമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ഈ ഉപഭോക്താക്കൾക്ക് കൂടി ടി.ഒ.ഡി. താരിഫിൽ ബിൽ ചെയ്തുവരുന്നു. കൂടാതെ എല്ലാ എൽ.ടി. IV വിഭാഗത്തിലുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും ടി.ഒ.ഡി. സമ്പ്രദായം നടപ്പിലാക്കുന്നത് അംഗീകരിച്ചിട്ടുണ്ട്.

(ബി) ഏത് തരം ഉപഭോക്താക്കൾക്കാണ് ടി.ഒ.ഡി. മീറ്റർ സ്ഥാപിക്കുന്നതെന്നും പ്രസ്തുത മീറ്ററിന്റെ പ്രവർത്തനം ഏത്

രീതിയിലാണെന്നും ഇത് സ്ഥാപിക്കുന്നതിനായി എത്ര രൂപയുടെ ചെലവ് വരുമെന്നും വെളിപ്പെടുത്തുമോ?

പ്രതിമാസം 250 യൂണിറ്റിന് മുകളിൽ ശരാശരി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്കാണ് ടി.ഒ.ഡി. ബില്ലിങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായാണ് മീറ്ററുകൾ സ്ഥാപിക്കുന്നത്. ഏകദേശം 4.25 ലക്ഷം ഗാർഹിക ഉപഭോക്താക്കളാണ് പുതുതായി ടി.ഒ.ഡി. ബില്ലിങ് സമ്പ്രദായത്തിലേക്ക് മാറ്റപ്പെടുന്നത്. ഇതിൽ 3 ലക്ഷം ഉപഭോക്താക്കൾക്ക് നിലവിൽതന്നെ ടി.ഒ.ഡി. മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള 90000 സിംഗിൾ ഫേസ് ഉപഭോക്താക്കൾക്കും 32000 ത്രീ ഫേസ് ഉപഭോക്താക്കൾക്കുമാണ് ടി.ഒ.ഡി. മീറ്ററുകൾ സ്ഥാപിക്കേണ്ടത്. ഇതിലേക്കായി 11 കോടി രൂപ ചെലവ് വരും. ടി.ഒ.ഡി. മീറ്ററിൽ ഒരു ദിവസത്തെ മൂന്ന് ടൈം സോണായി തിരിച്ചാണ് റീഡിങ് രേഖപ്പെടുത്തുന്നത്. ഒന്നാമത്തെ ടൈം സോണിൽ രാവിലെ 6 മുതൽ വൈകുന്നേരം 6 മണി വരെയുള്ള ഉപഭോഗവും രണ്ടാമത്തെ ടൈം സോണിൽ വൈകുന്നേരം ആറുമണി മുതൽ രാത്രി 10 മണി വരെ ഉപഭോഗവും മൂന്നാമത്തെ ടൈം

സോണിൽ രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെയുമുള്ള ഉപഭോഗം പ്രത്യേകം കണക്കാക്കുകയും അത് ബില്ലിങ് കാലയളവിലേക്ക് ഡിസ്പ്ലേ ചെയ്യുകയും ചെയ്യുന്നു. നിലവിൽ ടി.ഒ.ഡി. ബില്ലിങ് ഗാർഹിക ഉപഭോക്താക്കൾക്ക് പകൽ സമയത്ത് സാധാരണ നിരക്കിന്റെ 90 ശതമാനം നിരക്കിലും പീക്ക് സമയത്ത് (6pm to 10pm) സാധാരണ നിരക്കിന്റെ 125 ശതമാനം നിരക്കിലും ഓഫ് പീക്ക് സമയത്ത് (10pm to 6am) സാധാരണ നിരക്കിലും വൈദ്യുതി നൽകിവരുന്നു. LT വ്യവസായിക ഉപഭോക്താക്കൾക്ക് പകൽസമയത്ത് സാധാരണ നിരക്കിന്റെ 90 ശതമാനം നിരക്കിലും പീക്ക് സമയത്ത് 150 ശതമാനം നിരക്കിലും ഓഫ് പീക്ക് സമയത്ത് സാധാരണ നിരക്കിലുമാണ് വൈദ്യുതി നൽകിവരുന്നത്. എന്നാൽ, കേന്ദ്ര ഗവൺമെന്റ് 14-06-2023-ൽ പുറത്തിറക്കിയ Electricity (Rights of Consumers) Amendment Rules, 2023 പ്രകാരം 10 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള എല്ലാ വ്യാവസായിക വാണിജ്യ ഉപഭോക്താക്കൾക്കും 01-04-2024-നകം ടൈം ഓഫ് ഡേ താരിഫ് (ToD tariff) പ്രകാരം ബിൽ ചെയ്യണമെന്നും കാർഷിക ഉപഭോക്താക്കൾ ഒഴികെയുള്ള ബാക്കി

ഉപഭോക്താക്കൾക്ക് 01-05-2025-നകം ToD-താരിഫ് ബാധകമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.

(സി) കേന്ദ്ര നിബന്ധനപ്രകാരം സംസ്ഥാനത്തെ എല്ലാ ഉപഭോക്താക്കൾക്കും 2026 ഡിസംബറോടെ സ്മാർട്ട് മീറ്റർ സ്ഥാപിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ടി.ഒ.ഡി. മീറ്റർ സ്ഥാപിക്കാനുള്ള നടപടികളുടെ പ്രസക്തി എന്താണെന്ന് വ്യക്തമാക്കുമോ?

സ്മാർട്ട് മീറ്റർ സ്ഥാപിക്കണമെന്ന് നിബന്ധനയുണ്ടെങ്കിലും കെ.എസ്.ഇ.ബി. ലിമിറ്റഡ് ആദ്യഘട്ടമെന്ന നിലയിൽ സിസ്റ്റം മീറ്ററുകൾ, ഗവൺമെന്റ് മീറ്ററുകൾ, എച്ച്.റ്റി., ഇ.എച്ച്.റ്റി. മീറ്ററുകൾ എന്നിവ മാത്രമാണ് സ്മാർട്ട് മീറ്ററിലേക്ക് മാറ്റുന്നത്. ഇതിന്റെ വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ബാക്കിയുള്ള ഉപഭോക്താക്കൾക്ക് ഘട്ടംഘട്ടമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സ്മാർട്ട് മീറ്ററുകളുടെ ലഭ്യത കുറവ്, അവയുടെ ഉയർന്ന വില എന്നിവ സ്മാർട്ട് മീറ്റർ വ്യാപനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

(ഡി) ടി.ഒ.ഡി. മീറ്റർ സ്ഥാപിക്കുന്നതുമൂലം ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന നേട്ടം എന്തെല്ലാമാണെന്ന് അറിയിക്കുമോ?

നിലവിൽ 250 യൂണിറ്റിന് മുകളിൽ പ്രതിമാസ വൈദ്യുത ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്കും 20 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള LT വ്യാവസായിക ഉപഭോക്താക്കൾക്കും പകൽ സമയത്തെ എനർജി ചാർജിൽ 10 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. ഇവരുടെ പീക്ക് സമയത്തെ ഉപയോഗത്തിന് 125 ശതമാനവും (ഗാർഹികം) വ്യാവസായിക ഉപഭോക്താക്കൾക്ക് 150 ശതമാനവുമാണ് ഈടാക്കുന്നത്. ആയതിനാൽ പീക്ക് സമയത്തെ ഉപഭോഗം കുറഞ്ഞാരളവിലെങ്കിലും പകൽ സമയത്തേക്ക് മാറ്റിയാൽ എനർജി ചാർജ്ജിൽ കുറവ് വരുത്തുവാൻ സാധിക്കും. അതുപോലെതന്നെ എച്ച്.റ്റി., ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്ക് അവരുടെ ഉപഭോഗം ഓഫ് പീക്ക് സമയത്തേക്ക് (10.00 PM to 06.00 AM) മാറ്റിയാൽ എനർജി ചാർജിൽ കുറവ് വരുത്തുവാൻ സാധിക്കും. പീക്ക് സമയത്ത് വൈദ്യുതി ആവശ്യകത വളരെ കൂടുതലായതിനാൽ വൈദ്യുതി ലഭ്യതയിൽ സാരമായ കുറവുണ്ടാകാറുണ്ട്. വൈദ്യുതി കമ്പോളത്തിൽ വിലയും

സ്വാഭാവികമായും കൂടാറുണ്ട്. ടി.ഒ.ടി. താരിഫ് പ്രകാരം ബിൽ ചെയ്യപ്പെടുന്ന ഉപഭോക്താക്കൾ, അവരുടെ ഉപഭോഗം നിരക്ക് കുറഞ്ഞ മറ്റ് സമയങ്ങളിലേക്ക് ക്രമപ്പെടുത്തിയാൽ പീക്ക് സമയത്ത് കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി വാങ്ങൽ വിലയിൽ ഗണ്യമായ കുറവുണ്ടാകുകയും നിയന്ത്രണങ്ങളില്ലാതെ വൈദ്യുതി ലഭ്യമാവുകയും തുടർന്നുള്ള കാലങ്ങളിൽ താരിഫിലും ഫ്യൂവൽ സർചാർജിലും കുറവ് വരികയും ചെയ്യും. ഇത് വിതരണ കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിന് സഹായിക്കുകയും ചെയ്യും. തന്മൂലം ഉപഭോക്താക്കളുടെ താരിഫ് കുറയ്ക്കുന്നതിനും സാധിക്കും.

വൈദ്യുത ബിൽ

261 (668) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് നൽകുന്ന വൈദ്യുത ബില്ലിൽ ഏതെല്ലാം ഘടകങ്ങളുടെ തുകകളാണ് ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ?

ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലുകളിൽ താഴെപ്പറയുന്ന ഘടകങ്ങളുടെ തുകയാണ് ഉൾപ്പെട്ടിരിക്കുന്നത്.

1. എനർജി ചാർജ്

2. ഫിക്സഡ് ചാർജ്

3. ഇലക്ട്രിസിറ്റി ഡ്യൂട്ടി

4. മീറ്റർ വാടക

5. ഫ്യൂവൽ സർചാർജ്

6. Auto recovery fuel surcharge

7. Late payment surcharge (യഥാസമയം ബിൽ തുക അടക്കാതിരുന്നാൽ)

8. റീ കണക്ഷൻ ചാർജ്

9. പവർ ഫാക്ടർ ഇൻസെന്റീവ് /പെനാൽറ്റി

ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 45(3)(എ) വിതരണ ലൈസൻസി നൽകുന്ന വൈദ്യുതിക്ക് യഥാർഥ വൈദ്യുതി ഉപയോഗത്തിനുള്ള ചാർജിനുപുറമേ (energy charge) ഫിക്സഡ് ചാർജ് കൂടി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 45(3) (ബി) പ്രകാരം ലൈസൻസി നൽകുന്ന മീറ്ററിന് വാടക ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 1963-ലെ

കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് വ്യവസ്ഥകൾ പ്രകാരമാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കുന്നത്. Fuel surcharge, Auto Recovery fuel surcharge, late payment surcharge എന്നിവ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന് വിധേയമായാണ് ഈടാക്കുന്നത്.

(ബി) വൈദ്യുത ബില്ലിൽ ഉൾപ്പെടുന്ന ഫിക്സഡ് ചാർജ് ഉപഭോക്താക്കൾക്ക് ഉപകാരപ്രദമാകുന്ന രൂപത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ?

കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുറമേനിന്ന് വൈദ്യുതി വാങ്ങുമ്പോൾ വേരിയബിൾ ചാർജിനുപുറമെ ഫിക്സഡ് കോസ്റ്റും കൂടി നൽകേണ്ടതായിട്ടുണ്ട്. കൂടാതെ ഉൽപാദന-പ്രസരണ-വിതരണ മേഖലകളിലെ പ്ലാന്റുകൾ, ട്രാൻസ്ഫോമറുകൾ, ലൈനുകൾ എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഫിക്സഡ് ചാർജിൽ ലഭ്യമാകുന്ന തുക ഉപയോഗിക്കുന്നു. ഈ തുകകളെല്ലാംതന്നെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായാണ് ചെലവാക്കുന്നത്.

(സി) പൊതുജനങ്ങൾ പണം നൽകി സ്ഥാപിക്കുന്ന വൈദ്യുത മീറ്ററിന് മീറ്റർ വാടക എന്ന രൂപത്തിൽ വൈദ്യുത ബില്ലിൽ നിശ്ചിത തുക ഉൾപ്പെടുത്തുന്നതിനുള്ള കാരണം വിശദമാക്കാമോ?

സർവീസ് കണക്ഷൻ എടുക്കുന്ന സമയത്ത് ഉപഭോക്താക്കളിൽനിന്ന് മീറ്ററിന്റെ വില ഈടാക്കുന്നില്ല. എന്നാൽ ടി ഇനത്തിൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് ചെലവായ തുക, മീറ്റർ വാടകയുടെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിന് വൈദ്യുതി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. മീറ്ററിന്റെ വില, ഉപയോഗക്ഷമമായ കാലാവധി എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച് ഉത്തരവാകുന്ന തുകയാണ് മീറ്റർ വാടകയായി ഈടാക്കിവരുന്നത്. എന്നാൽ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങി വയ്ക്കുകയാണെങ്കിൽ മീറ്റർ വാടക ഈടാക്കുന്നതല്ല.

(ഡി) വൈദ്യുത ബില്ലിൽ ഉൾപ്പെടുന്ന മീറ്റർ വാടക, ഫിക്സഡ് ചാർജ്, എനർജി ചാർജ്, ഫ്യൂവൽ ചാർജ് തുടങ്ങിയവ ഈടാക്കുന്നതിലെ

മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇവ ഓരോന്നും ഇനം തിരിച്ച് വിശദമാക്കുമോ?

വിവിധ ചാർജ്ജുകൾ ഈടാക്കുന്നതിന്റെ മാനദണ്ഡം താഴെ വിവരിച്ചിരിക്കുന്നു.

1. മീറ്റർ വാടക:

സർവീസ് കണക്ഷൻ എടുക്കുന്ന സമയത്ത് ഉപഭോക്താക്കളിൽനിന്ന് മീറ്ററിന്റെ വില ഈടാക്കുന്നില്ല. എന്നാൽ ടി ഇനത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ചെലവായ തുക മീറ്റർ വാടകയുടെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിന് വൈദ്യുതി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. മീറ്ററിന്റെ വില, ഉപയോഗക്ഷമമായ കാലാവധി എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്നതും താരിഫ് ഉത്തരവിലൂടെ പ്രതിപാദിക്കുന്നതുമായ തുകയാണ് മീറ്റർ വാടകയായി ഈടാക്കിവരുന്നത്. എന്നാൽ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങി വയ്ക്കുകയാണെങ്കിൽ മീറ്റർ വാടക ഈടാക്കുന്നതല്ല.

2. ഫിക്സഡ് ചാർജ്:

വിതരണ കമ്പനിയുടെ പ്രധാനപ്പെട്ട ചെലവിനങ്ങളായ ഉൽപാദന പ്രസരണ വിഭാഗത്തിലെ ചെലവുകൾ, വൈദ്യുതി വാങ്ങൽ വിലയിലെ ഫിക്സഡ് കോസ്റ്റ്, ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ചെലവുകൾ, പലിശ ചെലവുകൾ, ലാഭവിഹിതം [return of equity-ROE], മാസ്റ്റർ ട്രസ്റ്റിലേക്കുള്ള വിഹിതം എന്നിവയുടെ ഒരു ഭാഗം ഈടാക്കുന്നതിനുവേണ്ടിയാണ് കണക്കുഡ് ലോഡിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരം ഫിക്സഡ് ചാർജ് അല്ലെങ്കിൽ അവരുടെ വൈദ്യുതി ആവശ്യകതയുടെ (Demand) അടിസ്ഥാനത്തിൽ ഡിമാൻഡ് ചാർജ് ഈടാക്കിവരുന്നത്.

3. <u>എനർജി ചാർജ്:</u>

സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ 30 ശതമാനം മാത്രമേ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ള 70 ശതമാനവും സംസ്ഥാനത്തിന് പുറമേയുള്ള സ്രോതസ്സുകളിൽനിന്ന് ലഭ്യമാക്കുകയാണ്. ഇപ്രകാരം ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെയും പുറമെ നിന്ന് വാങ്ങുന്ന വൈദ്യുതിയുടെയും വേരിയബിൾ ചാർജ് ഈടാക്കുന്നതിന്

വേണ്ടിയാണ് ഉപഭോക്താക്കളുടെ ഉപഭോഗത്തിന് (consumption) അനുസൃതമായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരം എനർജി ചാർജ് ഈടാക്കുന്നത്.

4. Auto Recovery fuel surcharge

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ താരിഫ് നിർണ്ണയ ചട്ടത്തിൽ (2021) ഇന്ധന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കാരണം വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന (power purchase cost) ഏറ്റക്കുറച്ചിലുകൾ, ഇന്ധന സർചാർജിലൂടെ ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കലാണ് അധിക ബാധ്യത കണക്കാക്കി, കെ.എസ്.ഇ.ബി.എൽ. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിരുന്നത്. കമ്മീഷൻ പൊതു തെളിവെടുപ്പ് നടത്തി അംഗീകരിച്ചിരുന്ന ഇന്ധന സർചാർജ് ഈടാക്കുന്നതായിരുന്നു 2022-23 മാർച്ച് വരെ നിലനിന്നിരുന്നത്. 2023 മെയ് മാസം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുകയും ഏപ്രിൽ

2023 മുതലുള്ള ഇന്ധന സർചാർജ് പ്രതിമാസം കണക്കാക്കി ഉപഭോക്താക്കളിൽനിന്ന് 2023 ജൂൺ മുതൽ പ്രതിമാസം 10 പൈസ വരെ സ്വയമേവ ഈടാക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. 2023 ഏപ്രിൽ മുതൽ power purchase cost-നുള്ള ഇന്ധന സർചാർജ് പരമാവധി 10 പൈസയായി നിജപ്പെടുത്തി ജൂൺ 2023 മുതൽ ഈടാക്കിവരുന്നു. ഇതാണ് Auto Recovery fuel surcharge എന്ന് ബില്ലിൽ കാണിച്ചിട്ടുള്ളത്.

5. ഫ്യൂവൽ സർചാർജ്:

സ്വമേധയാ പിരിക്കുന്ന 10 പൈസ പ്രതി യൂണിറ്റിന് പുറമേവരുന്ന അധിക ഫ്യൂവൽ സർചാർജ് തുക ഈടാക്കുന്നതിനുള്ള പെറ്റീഷൻ ആറുമാസത്തിനുള്ളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ കമ്മീഷൻ നിഷ്കർഷിക്കുന്ന നിരക്കിൽ കമ്മീഷൻ അനുവദിക്കുന്ന കാലയളവിലേക്ക് പിരിക്കാനും 2021-ലെ താരിഫ് നിർണ്ണയ ഭേദഗതി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരം ഉത്തരവാകുന്ന തുകയാണ് ഫ്യൂവൽ സർചാർജായി

ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുപ്രകാരം 2024 ജൂലൈ ഒന്ന് മുതൽ 2025 ജനുവരി 31 വരെ യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ ഫ്യൂവൽ സർചാർജ് ഈടാക്കിവന്നിരുന്നു.

ഊർജ സ്വയംപര്യാപ്തത

262 (669) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജമടക്കമുള്ള പുനരുപയോഗ ഊർജ സ്രോതസ്സുകളെ പരമാവധി ആശ്രയിച്ചും ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും ഊർജ സ്വയംപര്യാപ്തതയിലേക്ക് സംസ്ഥാനത്തെ എത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം ഊർജ സ്വയംപര്യാപ്തതയിലേക്ക് സംസ്ഥാനത്തെ എത്തിക്കുവാൻ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ഉണ്ട്. നിലവിൽ സംസ്ഥാനത്തിന്റെ പരമാവധി വൈദ്യുതി ആവശ്യകത ഏകദേശം 6000 MW-ഉം ആഭ്യന്തര ഉൽപാദനശേഷി 4347.8

MW-ഉം ആണ്. ഇതിൽത്തന്നെ ഉദ്ദേശം 1516.02 MW ശേഷി സോളാർ നിലയങ്ങളുടേതാകയാൽ വൈദ്യുതി ആവശ്യകത കൂടിനിൽക്കുന്ന സമയങ്ങളിൽ (night peak) ലഭ്യമാകുന്നുമില്ല. ഇതിനാൽതന്നെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ സിംഹഭാഗവും നിറവേറ്റുന്നത് സംസ്ഥാനത്തിന് പുറത്തുനിന്നും അന്തർസംസ്ഥാന ലൈനുകളിലൂടെ വൈദ്യുതി എത്തിച്ചാണ്. 2022-24 കാലയളവിൽ വൈദ്യുതി ഉപഭോഗത്തിലുള്ള വളർച്ചാനിരക്ക് 8 ശതമാനത്തിലും കൂടിയതിനാൽ വരുംവർഷങ്ങളിലും ഇതേ വളർച്ചാ നിരക്ക് കണക്കാക്കുകയാണെങ്കിൽ 2031-32 കാലയളവിൽ വൈദ്യുതി ആവശ്യകത ഏകദേശം 10000 MW എത്താനുള്ള സാധ്യതയുണ്ട്. 2040 ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായും പുനരുപയോഗ ഊർജ സ്രോതസ്സുകളിൽ നിന്നാകണമെന്ന സംസ്ഥാനത്തിന്റെ ലക്ഷ്യം മുൻനിർത്തി ആഭ്യന്തര ഉൽപാദനം പരമാവധി ഉയർത്താനുമാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കൂടുതൽ സൗരോർജ നിലയങ്ങൾ, കാറ്റാടിപാടങ്ങൾ, വൻകിട/ചെറുകിട ജലവൈദ്യുത

പദ്ധതികൾ, പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങൾ, ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ 187.536 MW ശേഷിയുള്ള 10 ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ 92 MW ശേഷിയുള്ള 13 ചെറുകിട പദ്ധതികൾ 2030-നുള്ളിൽ പൂർത്തീകരിക്കും. ഇതിനുപുറമേ വരുംവർഷങ്ങളിൽ ഏകദേശം 1500 MW വൻകിട ജലവൈദ്യുതി പദ്ധതികളിൽനിന്നും കണ്ടെത്താൻ ഉദ്ദേശിക്കുന്നു. 800 MW സ്ഥാപിതശേഷിയുമായി ഇടുക്കി പദ്ധതിയുടെ രണ്ടാംഘട്ടം, 240 MW ശേഷിയിൽ ലക്ഷ്മിപദ്ധതി, 450 MW ശേഷിയുള്ള ശബരിഗിരി എക്സ്റ്റെൻഷൻ പദ്ധതി എന്നിവയ്ക്ക് പുറമേ പതിനഞ്ചോളം മറ്റ് ജലവൈദ്യുത പദ്ധതികളും പരിഗണനയിലുണ്ട്. ഈ കാലയളവിനുള്ളിൽ 450 MW വരെ കാറ്റാടി നിലയങ്ങളിൽനിന്ന് കണ്ടെത്താൻ സാധിക്കുമെന്ന് കരുതുന്നു. 2030 ഓടുകൂടി സോളാർ സ്ഥാപിത ശേഷി 3000-3500 MW ആകാനിടയുണ്ട്. പകൽ സമയം മിച്ചവൈദ്യുതിയും രാത്രികാലങ്ങളിൽ കടുത്ത കമ്മിയും എന്ന സ്ഥിതി വരുംവർഷങ്ങളിൽ കൂടുതൽ പ്രകടമാകുമെന്ന് കരുതുന്നു. ഇത് കണക്കിലെടുത്ത് സ്റ്റോറേജ്

നിലയങ്ങൾ സ്ഥാപിക്കും. വരുംവർഷങ്ങളിൽ പത്ത് നിലയങ്ങളിൽ നിന്നായി 3300 MW പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ഏകദേശം 2000 MW/5000 MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് പദ്ധതികളും ആവശ്യാനുസരണം കേരളത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 250 MW/1000 MWh BESS ഉടൻതന്നെ നടപ്പിലാക്കും. ഊർജ സ്വയംപര്യാപ്തത ലക്ഷ്യമാക്കി വിഷൻ-2030 എന്ന പദ്ധതി വിഭാവന ചെയ്യുകയും ഇതിൽ ഉൾപ്പെടുത്തി മുകളിൽ വിവരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുകയുമാണ്. സൗരോർജമടക്കമുള്ള പുനരുപയോഗ ഊർജസ്രോതസ്സുകളെ ആശ്രയിച്ചും ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും ഊർജ സ്വയംപര്യാപ്തതയിലേക്ക് സംസ്ഥാനത്തെ എത്തിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി അതിനായി താഴെ പറയുന്ന ചെറുകിട/വൻകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നം.	പദ്ധതി	ശേഷി (MW)
1	പള്ളിവാസൽ	60
2	അപ്പർ ചെങ്കുളം	24

3	പൊരിങ്ങൽകുത്ത് സ്മാ ടർബൈൻ	0.036
4	ഭൂതത്താൻകെട്ട്	24
5	പഴശ്ശിസാഗർ	7.5
6	ചിന്നാർ	24
7	ഒലീക്കൽ	5
8	പൂവാരംതോട്	3
9	മാങ്കുളം	40
10	കുറ്റ്യാടി RMU പദ്ധതി (3x2.5 MW to 3x 27.50 MW)	7.50
11	ചെങ്കുളം ഓഗമെന്റേഷൻ പദ്ധതി (85 Mu)	
ആകെ ശേഷി		195.036MW

കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു. കേരള സംസ്ഥാനത്തിലെ ജനസാന്ദ്രതയും ഭൂപ്രകൃതിയും പരിഗണിക്കുമ്പോൾ വൻകിട വൈദ്യുത പദ്ധതികൾ നടപ്പാക്കാൻ പ്രയാസമാണ്. അതിനാൽ സൗരോർജ്ജമടക്കമുള്ള പുനരുപയോഗ ഊർജ സ്രോതസ്സുകളെ പരമാവധി ആശ്രയിച്ചും ചെറുകിട വൈദ്യുത പദ്ധതികളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും മാത്രമേ സംസ്ഥാനത്തെ ഊർജ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുവാൻ സാധ്യമാകുകയുള്ളൂ. ഊർജ സ്വയംപര്യാപ്തതയിലേക്ക് എത്തുന്നതിനുവേണ്ടി

വൈദ്യുതോല്പാദന രംഗത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രമുഖ സ്ഥാനമാണ് ഇപ്പോൾ പുനരുപയോഗ ഊർജ ഉൽപാദനത്തിന് നൽകുന്നത്. ഈ മേഖലയിൽ സൗരോർജ്ജ ഉൽപാദനത്തിന് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി നടപ്പിലാക്കിയ സൗര പുരപ്പുറ സോളാർ പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49402 നിലയങ്ങൾ കമ്മിഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, പ്രധാന മന്ത്രി സൂര്യ ഘർ യോജന, പി.എം. കുസും, സോളാർ സിറ്റി, ഡാം ടോപ്, കനാൽ ടോപ്, ഗ്രൗണ്ട് ടോപ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ് സോളാർ തുടങ്ങി വിവിധ പദ്ധതികളിലായി 31-01-2025 വരെ ആകെ 206204 നിലയങ്ങൾ സ്ഥാപിച്ചത് വഴി 1516.018 MW ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഊർജ സ്വയംപര്യാപ്തത കൈവരിക്കാനായി നിലവിൽ സൗരോർജ മേഖലയിൽ ഗാർഹിക ഉപഭോക്താക്കൾക്കുള്ള പ്രധാനമന്ത്രി മുഫ്ത് ബിജ്‌ലി യോജനയും കർഷകർക്കുള്ള പി.എം. കുസും പദ്ധതിയും MNRE-യുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ഇതിൽ പി.എം. സൂര്യ ഘർ

പദ്ധതിയിലൂടെ 2026-27 സാമ്പത്തിക വർഷത്തിനുള്ളിൽ 384800 പുരപ്പുറ സോളാർ പ്ലാന്റിലൂടെ 1154.4 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുവാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിന് പുറമെ 31-12-2025-ൽ അവസാനിക്കുന്ന പി.എം. കുസും പദ്ധതിയിലൂടെ 17 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കൊല്ലം ജില്ലയിൽ NHPC മുഖേന നടപ്പിലാക്കുന്ന വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്രോജക്ട് വഴി 50 MW കൂടി 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ ഗാർഹിക ഗാർഹികേതര മേഖലയിൽ സബ്സിഡിരഹിത സൗരോർജ പ്ലാന്റ് സ്ഥാപിച്ചുനൽകുന്നതിനായി 100 മെഗാവാട്ടിന്റെ മറ്റൊരു ടെൻഡർ കൂടി വിളിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പകൽ കുറഞ്ഞ വിലയ്ക്ക് ധാരാളം ലഭ്യമാകുന്ന സൗരോർജ വൈദ്യുതി സംഭരിച്ച് സൗരോർജ ലഭ്യതയില്ലാത്ത രാത്രി സമയത്ത് ലഭ്യമാക്കുവാൻ കേന്ദ്രീകൃത ഊർജ സംവിധാനമായ BESS നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 750 മെഗാവാട്ട്/3000 മെഗാവാട്ട് hr BESS സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 250 MW/1000 MWhr

മെഗാവാട്ട് നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന് പുറമേ, 500 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ, വിൻഡ് ഡെവലപർ സ്വയം കണ്ടെത്തുന്ന സ്ഥലത്ത് നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങികഴിഞ്ഞു. അതുപോലെതന്നെ, കാറ്റിന്റെ ശക്തി താരതമ്യേന കൂടുതലുള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി മുതലായ സ്ഥലങ്ങളിലെ റവന്യൂഭൂമി/ ഉപയോഗ ശൂന്യമായ ഭൂമി/ആദിവാസി ഭൂമി എന്നിവയിൽനിന്നും 350 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതോടൊപ്പം ചെറുകിട കാറ്റാടിയന്ത്രം (2,3 & 5Kw) പ്രോത്സാഹിപ്പിക്കാൻവേണ്ടി കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ചെറുകിട കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

•വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി പമ്പ്ഡ് സ്റ്റോറേജ് (PSP) ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിനായുള്ള

കരട് നയം രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ഈ കരട് നയം സർക്കാർ പരിഗണനയിലാണ്.

•അതോടൊപ്പം കൂടുതൽ സംരഭകത്വം ആകർഷിക്കുന്ന രീതിയിൽ നിലവിലെ ചെറുകിട ജലവൈദ്യുത പദ്ധതി നയം പുതുക്കാനുള്ള കരട് സർക്കാർ പരിഗണനയിലാണ്.

•ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന സ്വകാര്യ-സഹകരണ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

•ചെറുകിട ജലവൈദ്യുത മേഖലയിൽ കേന്ദ്ര സർക്കാരിന്റെ സബ്സിഡി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ നമുക്കാവശ്യമുള്ള വൈദ്യുതി ഉല്പാദിപ്പിക്കേണ്ടത് സ്വയംപര്യാപ്തതയ്ക്കും ഊർജ്ജ രക്ഷയ്ക്കും അത്യാവശ്യമാണ്. കേരളത്തിനുള്ളിൽ ഉൽപാദന നിലയങ്ങൾ വരുന്നത് തൊഴിലവസരങ്ങളുണ്ടാക്കും. കൂടാതെ വൈദ്യുതി വാങ്ങാൻ കേരളത്തിന് പുറത്തേക്കുള്ള ധനവിനിമയം കുറയുന്നത് സംസ്ഥാനത്തിന്റെ

സമ്പദ്‌വ്യവസ്ഥയ്ക്കും ഗുണം ചെയ്യും. സൗരോർജമടക്കമുള്ള പുനരുപയോഗ ഊർജ സ്രോതസ്സുകളെ പരമാവധി ആശ്രയിച്ച് ഊർജ സ്വയംപര്യാപ്തതയിലേക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനായി അനെർട്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി അനെർട്ട് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

•സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.

•റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

•ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

•സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/ പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

•സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

•സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

• പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

• പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

•വിദൂര ആദിവാസി കോളനികളിൽ വിൻഡ്/സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

•പി.എം. കുസും പദ്ധതിയിലൂടെ കാർഷിക പമ്പുകൾ സൗരോർജവത്കരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി നേടിയതിൽനിന്നും ഇതുവരെ 11.5 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്.

•ഇ-മൊബിലിറ്റി പദ്ധതിയുടെ ഭാഗമായി പബ്ലിക് EV ചാർജിങ് സ്റ്റേഷനുകളിൽനിന്ന് സൗരോർജ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി ഒരുക്കുന്ന സൗരോർജ സംവിധാനത്തിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു.

•സംസ്ഥാനത്തെ അക്ഷയ ഊർജ വൈദ്യുതോൽപാദനം വർധിപ്പിക്കാൻ ഉതകുന്ന രീതിയിൽ ഊർജനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കാറ്റിൽ നിന്നുള്ള വൈദ്യുതോൽപാദന നിലയങ്ങൾക്കുള്ള മാർഗരേഖയിലും ചില

മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. അക്ഷയ ഊർജ വൈദ്യുതി ഉപയോഗിച്ച് ഹരിത ഹൈഡ്രജൻ ഉൽപാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് ഹരിത ഹൈഡ്രജൻ നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്.

•ഹരിത ഹൈഡ്രജൻ നയത്തിൽ ആദ്യഘട്ടത്തിൽ സ്ഥാപിക്കപ്പെടുന്ന ഉൽപാദകർക്ക് ചില പ്രോത്സാഹനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു. കേരളത്തെ ഹരിത ഹൈഡ്രജൻ ഉൽപാദനത്തിനും കയറ്റുമതിക്കുമുള്ള ഹബ്ബാക്കിമാറ്റാനാണ് ലക്ഷ്യമിടുന്നത്. ഹരിത ഹൈഡ്രജൻ ഉപയോഗപ്പെടുത്തുന്ന പല പൈലറ്റ് പദ്ധതികളും അനെർട്ടിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചുവരുന്നു.

(സി) സംസ്ഥാനത്തിന്റെ ഊർജ ആവശ്യങ്ങൾക്ക് ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ജലാശയങ്ങളിൽ ഫ്ലോട്ടിങ് സോളാർ പാനലുകളും കൃഷിയിടങ്ങളിൽ സോളാർ പമ്പുകളും വ്യാപകമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ജലാശയങ്ങളിൽ ഫ്ലോട്ടിങ് സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വയനാട് ബാണാസുരസാഗറിൽ 0.51 MW-ന്റെയും കായംകുളം NTPC-യിൽ 92 MW-ന്റെയും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിൽ, NHPC മുഖേന നടപ്പിലാക്കുന്ന 50 MW വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്രോജക്ട്, 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഫ്ലോട്ടിങ് സോളാർ നിലയങ്ങൾ പ്രധാനമായും മനുഷ്യനിർമ്മിത തടാകങ്ങളിലാണ് (ഡാമുകൾ തുടങ്ങിയ ജലാശയങ്ങൾ) ആദ്യഘട്ടത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. വെള്ളം കയറി കൃഷിയോഗ്യമല്ലാതായ പ്രദേശങ്ങളിലും ഇത് അനുവദിക്കും. ഫ്ലോട്ടിങ് സോളാർ നിലയങ്ങൾക്കായി കരട് മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി. വൈദ്യുത കണക്ഷനുള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1 hp മുതൽ 7.5hp വരെയുള്ള പമ്പുകൾ സൗരോർജ പമ്പുകളായി മാറ്റി അതിൽനിന്ന് ഉൽപാദിപ്പിക്കുന്ന അധിക വൈദ്യുതി കർഷകർ KSEB-ന് വിൽക്കാൻ സഹായിക്കുന്ന പദ്ധതിയാണ്

ഇത്. ഈ പദ്ധതി അനെർട്ടാണ് നടപ്പിലാക്കുന്നത്. ഇതിൻപ്രകാരം ആവശ്യമായ പദ്ധതിത്തുകയുടെ 30 ശതമാനം കേന്ദ്ര സബ്സിഡിയും 30 ശതമാനം സംസ്ഥാന സബ്സിഡിയുമാകുന്നു. പിന്നീട് വരുന്ന 40 ശതമാനം ഉപഭോക്തൃ പങ്കാളിത്തമായ തുകയാകുന്നു. പി.എം. കുസും പദ്ധതി C പ്രകാരം കേരളത്തിന് 100 കാർഷിക പമ്പുകൾ സോളാറിലേക്ക് മാറ്റാനാണ് കേന്ദ്ര സർക്കാർ പ്രാരംഭ അനുമതി നൽകിയത്. രജിസ്റ്റർ ചെയ്ത കർഷകരിൽ അനുയോജ്യമായ സൈറ്റുകളിൽ സൗരോർജ നിലയം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ആകെ 68 എണ്ണം (343 kWp) പമ്പുകൾ സൗരോർജവൽക്കരിച്ചു. ഇതിലൂടെ പ്രതിവർഷം ഏകദേശം 4.5 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ പ്രയോജനം കേരളത്തിലെ കൂടുതൽ കർഷകരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യവുമായി കേന്ദ്ര സർക്കാരിൽനിന്നും പി.എം. കുസും കംപോണന്റ് സി-ക്കായി 45000 അധിക പമ്പുകൾക്ക് അംഗീകാരം അനെർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിൽ ആകെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന കാർഷിക പമ്പുകൾ ഏകദേശം 4.5 ലക്ഷത്തോളം വരും.

ഒരു ലക്ഷത്തോളം പമ്പുകൾ ഈ പദ്ധതി വഴി സോളാറിലേക്ക് പരിവർത്തനം ചെയ്യാൻ അനെർട്ട് ലക്ഷ്യമിടുന്നു. ആദ്യഘട്ട കേന്ദ്ര അനുമതി ലഭിച്ച 9348 പമ്പുകളുടെ സൗരോർജവത്കരണം നബാർഡ് RIDF ലോൺ ഉപയോഗിച്ച് നിർമാണപ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇത്രയും പമ്പുകൾക്ക് സംസ്ഥാന വിഹിതവും കർഷക വിഹിതവും നബാർഡ് (RIDF) ലോൺവഴിയാണ് കണ്ടെത്തുന്നത്.

(ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകി പുരപ്പുറ സൗരോർജ പദ്ധതി വ്യാപകമാക്കുന്നതിനോടൊപ്പം നഗരങ്ങളിലെ മുഴുവൻ സർക്കാർ ഓഫീസുകളിലും സൗരോർജ പ്ലാന്റുകളും സോളാർ ചാർജിങ് സ്റ്റേഷനുകളും സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകി പുരപ്പുറ സൗരോർജ പദ്ധതി വ്യാപകമാക്കുന്നതിനായി കേന്ദ്ര സർക്കാർ PM Surya Ghar എന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം റസിഡൻഷ്യൽ റൂഫ്ടോപ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA). - 1 kW

സിസ്റ്റത്തിന് 30,000 രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000 രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000 രൂപയുമാണ്. ഈ പദ്ധതി രാജ്യത്തെ ഒരു കോടി വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഈ സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. സംസ്ഥാനത്തെ സാധ്യമായ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി അനെർട്ടിന്റെ നേതൃത്വത്തിൽ സാധ്യത പഠനം നടത്തിവരുന്നു. നിലവിൽ തിരുവനന്തപുരം നഗര പരിധിയിലെ സർക്കാർ ഓഫീസുകളിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. അത്തരം സ്ഥലങ്ങളിൽ സ്മാർട്ട് ചാർജിങ് മെഷീനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇലക്ട്രിക് കാറുകൾക്കായി 7.5kW ശേഷിയുള്ള Dynamic load balancing സംവിധാനത്തോടുകൂടിയ AC ചാർജിങ് മെഷീനും പുതുതലമുറ ഇലക്ട്രിക്ക് 2 വീലർ/3 വീലറുകൾക്ക് ഫാസ്റ്റ് ചാർജിങ് ചെയ്യുന്നതിനായി ആധുനിക രീതിയിലുള്ള 12kW ശേഷിയുള്ള LECCS / LEVDC ചാർജിങ്

മെഷീനും കൂടാതെ നിലവിൽ നിരത്തിൽ ഉപയോഗിക്കുന്ന ഇലക്ട്രിക് 2 വീലർ /3 വീലറുകൾക്കായി സ്ലോ ചാർജിങിനായുള്ള 3.3kW ശേഷിയുള്ള ചാർജിങ് മെഷീനുമാണ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയായി വരുന്നത്. പബ്ലിക് ചാർജിങ് സ്റ്റേഷനുകൾക്ക് Kerala State Electricity Regulatory Commission-ന്റെ ഉത്തരവ് പ്രകാരം പകൽ സമയം ഒരു യൂണിറ്റിന് 5 രൂപ 50 പൈസയും (Solar hours) കൂടാതെ Non Solar hours (4PM-9AM) ഒരു യൂണിറ്റിന് 9 രൂപ 30 പൈസയുമാണ്. ആയതിനാൽ ചാർജിങ് സ്റ്റേഷനിൽ ഉപയോഗിക്കുന്ന ചാർജിങ് മെഷീൻ മോണിറ്റർ ചെയ്യുന്നതിന് Bluetooth/WiFi സംവിധാനത്തോടുകൂടിയ Dynamic load balancing അത്യാവശ്യമാണ്. കൂടാതെ മറ്റ് നഗരങ്ങളിൽ സർക്കാർ ഓഫീസുകളിൽ കുറഞ്ഞത് 250 sq.m നിഴൽരഹിത സ്ഥലം ലഭ്യമാക്കിയാൽ 30kW ശേഷിയുള്ള സൗരോർജ സംവിധാനവും 60kW ശേഷിയും 2 CCS gun ഉള്ള DC ഫാസ്റ്റ് ചാർജിങ് മെഷീനും 12kW ശേഷിയുള്ള LECCS / LEVDC ചാർജിങ് മെഷീനും സ്ഥാപിക്കാവുന്നതാണ്.

വൈദ്യുത ലൈൻ മാറ്റി സ്ഥാപിക്കാൻ നടപടി

263 (670) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുരിയാടിനും വെന്നിയൂരിനും ഇടയ്ക്ക് സ്വകാര്യ ഭൂമിയിലൂടെ കടന്നുപോകുന്ന 11 കെ.വി. വൈദ്യുതലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ കുരിയാടിനും വെന്നിയൂരിനും ഇടയ്ക്ക് സ്വകാര്യ ഭൂമിയിലൂടെ കടന്നുപോകുന്ന 11kV വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് മുമ്പ് നൽകിയ അപേക്ഷയിൻമേൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ബഹു. എം.എൽ.എ.-ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായും കെ.എസ്.ഇ.ബി.എൽ.-ൽ തുക അടവാക്കിയിട്ടില്ല.

പിന്നീട് ദേശീയപാതാ വികസന പ്രവൃത്തികൾക്കായി പോസ്റ്റുകളും ലൈനുകളും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടന്നതിനാലും ലേബർ ഡാറ്റയിൽ മാറ്റം വന്നതിനാലും പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. ആയതിനാൽ പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി ബഹു. എം.എൽ.എ.-ക്ക് സമർപ്പിക്കുന്നതാണ്.

(സി) ഉയർന്ന വോൾട്ടേജിലുള്ള ഈ വൈദ്യുത ലൈൻ റോഡിൽ നിന്നും മാറി ജനവാസ മേഖലയിൽ സ്വകാര്യ ഭൂമിയിലുള്ള വീടുകൾക്ക് അരികിലൂടെ കടന്നുപോകുന്നതുകൊണ്ടുള്ള അപകട സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

അപകട സാധ്യത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് Dhyuthi പദ്ധതിൽ ഉൾപ്പെടുത്തി ഈ പ്രദേശത്തെ ലൈൻ കമ്പികൾ പുതിയതാക്കുകയും കൂടുതൽ ക്ലിയറൻസ് ആവശ്യമായ സ്ഥലങ്ങളിൽ ഉയരം കൂടിയ A pole-കളും PSC Pole-കളും സ്ഥാപിച്ച് ആവശ്യമായ Maintenance Work-കൾ നടത്തുകയും ചെയ്തുകൊണ്ട് അപകടാവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.

നെറ്റ് മീറ്ററിന്റെ അഭാവം

264 (671) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെറ്റ് മീറ്ററിന്റെ അഭാവംമൂലം പുരപ്പുറ സോളാർ പദ്ധതിക്ക് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുരപ്പുറ സോളാർ പദ്ധതിക്ക് ആവശ്യമായ മീറ്ററുകൾ യഥാസമയം ലഭ്യമാക്കി പദ്ധതി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. നവംബർ, ഡിസംബർ മാസങ്ങളിൽ സിംഗിൾ ഫേസ് മീറ്ററിന് കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഈ സമയം ത്രീ ഫേസ് മീറ്റർ ലഭ്യമായിരുന്നു. ഡിസംബർ മാസം അവസാനത്തോടെ 10000 സിംഗിൾ ഫേസ് മീറ്ററും 27500 ത്രീ ഫേസ് മീറ്ററും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അടുത്ത വർഷത്തേക്കുള്ള ആവശ്യകത ലക്ഷ്യമിട്ട് 93000 സിംഗിൾ ഫേസ് മീറ്ററും 45500 ത്രീ ഫേസ് മീറ്ററും ലഭ്യമാക്കാൻ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. നെറ്റ് മീറ്റർ ഉപഭോക്താവിന് സ്വന്തം നിലയ്ക്കും

വാങ്ങിവയ്ക്കാവുന്നതാണ്. അപ്രകാരം വയ്ക്കുന്നപക്ഷം മീറ്റർ വാടക ഈടാക്കുന്നതല്ല.

(ബി) നെറ്റ് മീറ്ററുകൾക്ക് സർക്കാർ നിലവിൽ എത്ര രൂപയാണ് ഈടാക്കുന്നത്; നെറ്റ് മീറ്ററുകൾക്കും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കാമോ?

നെറ്റ് മീറ്ററുകൾ കെ.എസ്.ഇ.ബി. ടെൻഡർ നടപടിക്രമങ്ങളിലൂടെ സംഭരിച്ച് കൺസ്യൂമേഴ്സിന് സിംഗിൾ ഫേസ് 30/- രൂപ നിരക്കിലും ത്രീ ഫേസ് 35/- രൂപ നിരക്കിലും മാസവാടക പ്രകാരം നൽകുകയാണ് ചെയ്യുന്നത്. നെറ്റ് മീറ്ററുകൾക്കും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും നിലവിൽ സബ്സിഡി നൽകുന്നില്ല.

മാർമല ചെറുകിട ജലവൈദ്യുത പദ്ധതി

265 (672) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്കാവശ്യമായ 7.4726 ഹെക്ടർ ഭൂമിയിൽ പട്ടയഭൂമിയായ 5.9099

ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭൂമിയുടെ വില വസ്തു ഉടമകൾക്ക് നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഉൾപ്പെടെയുള്ള 2,02,83,072 രൂപ കൂടി അനുവദിക്കണമെന്ന് അഭ്യർഥിച്ച് വിശദാംശങ്ങൾ സഹിതം സ്പെഷ്യൽ തഹസിൽദാർ (എൽ.എ-ജനറൽ, പാല) 04-11-2024-ൽ പ്രോജക്ട് മാനേജർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്കാവശ്യമായ 7.4726 ഹെക്ടർ ഭൂമിയിൽ പട്ടയഭൂമിയായ 5.9099 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭൂമിയുടെ വില വസ്തു ഉടമകൾക്ക് നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഉൾപ്പെടെയുള്ള 2,02,83,072 രൂപ കൂടി അനുവദിക്കണമെന്ന് അഭ്യർഥിച്ച് വിശദാംശങ്ങൾ സഹിതം സ്പെഷ്യൽ തഹസിൽദാർ (എൽ.എ-ജനറൽ, പാല) 04-11-2024-ൽ പ്രോജക്ട് മാനേജർക്ക് നൽകിയ കത്തിന്റെ

അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനായി ബോർഡിന് സമർപ്പിക്കുകയും ബോർഡ് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ

266 (673) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ ഇലക്ട്രിക് പോസ്റ്റുകളുമായി ബന്ധപ്പെടുത്തി സ്ഥാപിച്ചിട്ടുള്ള ചാർജിങ് ബോക്സുകളിൽ എത്ര എണ്ണം പ്രവർത്തനസജ്ജമായിട്ടുണ്ടെന്ന് അറിയിക്കാമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് പോസ്റ്റുകളുമായി ബന്ധപ്പെടുത്തി 7 ചാർജിങ് സ്റ്റേഷനുകളാണ് കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുള്ളത്. ഇവയെല്ലാം നിലവിൽ പ്രവർത്തനസജ്ജമാണ്.

(ബി) ഗുണഭോക്താക്കൾക്ക് ഇവ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

വാഹനങ്ങൾക്ക് പാർക്കിങ് സൗകര്യമുള്ളയിടത്താണ് നിലവിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. ചാർജ് ചെയ്യേണ്ട രീതിയെക്കുറിച്ച് മാർഗനിർദേശം നൽകുന്ന ബോർഡ് ചാർജിങ് ബോക്സിനരികിൽ സ്ഥാപിച്ചിട്ടുണ്ട്. പരാതികൾ അറിയിക്കുന്നതിന് Custodian ആയ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെയും നോഡൽ ഓഫീസറായ PMU അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും കൂടാതെ ആപ്പ് എൻകവയറിയുടെയും ചാർജിങുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്കുമുള്ള മൊബൈൽ നമ്പറുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ചാർജിങ് സ്റ്റേഷനുകളിൽനിന്ന് പരിമിതമായ രീതിയിലാണ് ഉപയോഗം നടക്കുന്നത്. പാർക്കിങ് സൗകര്യമുള്ളതും കൂടുതൽ ഉപയോഗം ആവശ്യമുള്ളതുമായ സ്ഥലങ്ങളിലേക്ക് എം.എൽ.എ.-മാർ ആവശ്യപ്പെടുന്നതിനനുസരിച്ച് ചാർജിങ് സ്റ്റേഷനുകൾ മാറ്റി സ്ഥാപിക്കാവുന്നതാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യാൻ ആവശ്യമായ കൂടുതൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലുടനീളം ചാർജിങ് ശൃംഖല മെച്ചപ്പെടുത്തുന്നതിനായി ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കാൻ താല്പര്യപ്പെടുന്ന സംരംഭകരെ സഹായിക്കുന്നതിനായി അനുയോജ്യമായ പൊതുസ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകളുടെ നോഡൽ ഏജൻസിയെന്ന നിലയിൽ നടത്തിവരുന്നു.

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ

267 (674) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണരംഗം ശാക്തീകരിക്കുന്നതിനായി നടപ്പാക്കിവരുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളും ഹരിതോർജ ഇടനാഴി പദ്ധതിയിൽ (Green Energy Corridor project) ഉൾപ്പെടുത്തിയ പ്രവൃത്തികളും ചേർത്ത് 14 സബ്സ്റ്റേഷനുകളും (400 kV-2 എണ്ണം, 220 kV- 11 എണ്ണം, 110 kV- 1 എണ്ണം) ഏകദേശം 1932 സർക്യൂട്ട് കിലോമീറ്റർ ലൈനുകളും ഉൾപ്പെടുത്തിയിട്ടുള്ള ട്രാൻസ്ഗ്രിഡ് പ്രവൃത്തികൾ പുരോഗമിക്കുന്നു. പുരോഗമിക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

- ശബരി ലൈൻസ് & സബ്സ്റ്റേഷൻ പാക്കേജ് (പത്തനംതിട്ട, കക്കാട് 220 കെ.വി. സബ്സ്റ്റേഷനിലേക്കുള്ള 220 കെ.വി. ലൈൻ)– 77.69 ശതമാനം പുരോഗതി

- 220kV സബ്സ്റ്റേഷൻ പത്തനംതിട്ട- 78.21 ശതമാനം പുരോഗതി

- 220kV സബ്സ്റ്റേഷൻ കക്കാട് – 73.51 ശതമാനം പുരോഗതി

- തൃശ്ശിവപേരൂർ ലൈൻസ് പാക്കേജ് (നിർദിഷ്ട വെങ്ങാലൂർ 220 കെ.വി. സബ്സ്റ്റേഷനിലേക്കുള്ള 220 കെ.വി. ലൈൻ) – 10.64 ശതമാനം പുരോഗതി

- വെങ്ങാലൂർ (തിരൂർ) 220/110 കെ.വി. സബ്സ്റ്റേഷൻ - 110/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി മാർച്ച് മാസം പൂർത്തിയാക്കും.

- ട്രാവൻകൂർ ലൈൻസ് പാക്കേജ് (മെഡിക്കൽ കോളേജ്- TERLS സബ്സ്റ്റേഷനുകൾ, വിഴിഞ്ഞം-വേളി-മുട്ടത്തറ സബ്സ്റ്റേഷനുകൾ എന്നിവ ഭൂഗർഭ കേബിളുകൾ വഴി ബന്ധിപ്പിക്കൽ-61.67 ശതമാനം പുരോഗതി

- 400 kV വയനാട് - കാസർഗോഡ് DC ലൈൻ -12.34 ശതമാനം പുരോഗതി

- അട്ടപ്പാടി ഗ്രീൻ കോറിഡോർ- മണ്ണാർക്കാട്, അഗളി (അട്ടപ്പാടി) 220/110 കെ.വി. ജിസ് സബ്സ്റ്റേഷനും അനുബന്ധ 220 കെ.വി.

ലൈനും- ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

- രാമക്കൽമേട് ഗ്രീൻ കോറിഡോർ- നിർമ്മലാ സിറ്റി & 110 കെ.വി. സബ്സ്റ്റേഷൻ പുഷ്പകണ്ടം, രാമക്കൽമേട്- നെടുക്കണ്ടം 110 കെ.വി. ലൈൻ, കുയിലിമല നിർമ്മലാ സിറ്റി 220/ 110 കെ.വി. ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തികരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

- കരിന്തളം ഡൗൺസ്ട്രീം- നിർദിഷ്ട 400 കെ.വി. കരിന്തളം സബ്സ്റ്റേഷനിൽനിന്നുള്ള 220 കെ.വി. മൾട്ടി സർക്യൂട്ട് ലൈനുകൾ- ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

- കുത്തുങ്കൽ നെടുങ്കണ്ടം 110 കെ.വി. ലൈൻ- ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

- വള്ളുവനാട് പാക്കേജ്- നിർദിഷ്ട വെണ്ണക്കര 220 കെ.വി. സബ്സ്റ്റേഷനിലേക്കുള്ള 220 കെ.വി. ലൈൻ, 220 കെ.വി. മണ്ണാർക്കാട്, വെണ്ണക്കര ലൈൻ - ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.

- വയനാട് 400 കെ.വി. സബ്സ്റ്റേഷൻ - സ്ഥലമേറ്റെടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

- 220 കെ.വി. സബ്സ്റ്റേഷനുകളായ തുറവൂർ, വെണ്ണക്കര, അഗളി, മണ്ണാർക്കാട്- ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

- 220 കെ.വി. സബ്സ്റ്റേഷനുകളായ ശാസ്താംകോട്ട, ഇരിഞ്ഞാലക്കുട, വിദ്യാനഗർ (കാസർഗോഡ്) 400 കെ.വി. സബ്സ്റ്റേഷൻ ഇടമൺ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി സ്ഥാപിക്കുന്ന പവർ ഹൈവേയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ?

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്ന 400 കെ.വി. പവർ ഹൈവേ-വയനാട് കാസർഗോഡ് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ L&T എന്ന കമ്പനിക്ക് കരാർ നല്കിയിട്ടുള്ളതാണ്. പദ്ധതിയുടെ ഭാഗമായി 359 ടവറുകളിൽ 64 ടവറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 108 ഫൗണ്ടേഷനും പൂർത്തികരിച്ചു. 2025 മെയ് മാസം പൂർത്തിയാക്കേണ്ട പദ്ധതി ലൈൻ കടന്നുപോകുന്ന സ്ഥലത്തിന്റെ ഉടമകൾ ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെടുത്തിയതിനാൽ പരിപൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. ഉയർന്ന നഷ്ടപരിഹാര പാക്കേജിനായുള്ള ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു.

(സി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിലൂടെ പ്രസരണരംഗത്ത് ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ട്രാൻസ്ഗ്രിഡ് ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയാകുമ്പോൾ പ്രസരണ നഷ്ടത്തിൽ 107.8 MW കുറവുണ്ടാകുമെന്നും അതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ലാഭമുണ്ടാകുമെന്നും കണക്കാക്കുന്നു.

(ഡി) പ്രസ്തുത പദ്ധതിയുടെ മൂന്നാംഘട്ടം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ മൂന്നാംഘട്ടമായുള്ള ഏകദേശം രണ്ടായിരം കോടി രൂപയുടെ ട്രാൻസ്മിഷൻ പദ്ധതികളുടെ രൂപരേഖ പ്രാരംഭഘട്ടത്തിലാണ്.

ഊർജ സംരക്ഷണമേഖലയിൽ നടപ്പാക്കിവരുന്ന പരിപാടികൾ

268 (675) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എ. രാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ സംരക്ഷണമേഖലയിൽ നടപ്പാക്കിവരുന്ന മാതൃകാപരമായ നയപരിപാടികൾക്കുള്ള അംഗീകാരമായി ദേശീയ ഊർജ-കാര്യക്ഷമതാ പുരസ്കാരം സംസ്ഥാനത്തിന് ലഭിച്ചിരുന്നോ; വിശദമാക്കുമോ?

കേന്ദ്ര ഊർജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണപ്രദേശങ്ങളുടെയും ഊർജ കാര്യക്ഷമത വിലയിരുത്തി പ്രസിദ്ധീകരിക്കുന്ന ദേശീയ ഊർജ കാര്യക്ഷമത സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിൽ കേരളത്തിന് പുരസ്കാരം ലഭിച്ചു. കാർഷികരംഗം, വൈദ്യുത വിതരണരംഗം, ഗതാഗതം, വ്യവസായികരംഗം, വൻകിട കെട്ടിടങ്ങൾ, ഗാർഹിക മേഖല എന്നീ വിഭാഗങ്ങളിൽ ഊർജ കാര്യക്ഷമത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും ഈ മേഖലയിലെ ഊർജകാര്യക്ഷമത വർധിപ്പിക്കുന്നതിനായി സർക്കാർ ഇതര സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടത്തിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും കണക്കിലെടുത്താണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്. ദേശീയ ഊർജ സംരക്ഷണ ദിനമായ ഡിസംബർ 14-ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിലാണ് അവാർഡുദാന ചടങ്ങ് നടന്നത്. ബഹുമാനപെട്ട ഇന്ത്യൻ വൈസ് പ്രസിഡന്റ് ശ്രീ. ജഗ്ദീപ് ധൻഖർ മുഖ്യാതിഥിയായിരുന്ന വേദിയിൽ സംസ്ഥാനത്തിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ഊർജ കാര്യക്ഷമതാ വിഭാഗം തലവൻ

ശ്രീ. ജോൺസൺ ഡാനിയൽ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി. 2023-ലും കേരളത്തിന് മേൽപ്പറഞ്ഞ അവാർഡ് ലഭിച്ചിട്ടുണ്ട്.

(ബി) ഊർജസംരക്ഷണ മേഖലയിൽ നടപ്പാക്കിയ ഏതൊക്കെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനം പ്രസ്തുത പുരസ്കാരത്തിന് അർഹമായതെന്ന് വിശദീകരിക്കുമോ?

എനർജി മാനേജ്മെന്റ് സെന്റർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് സംസ്ഥാനം അവാർഡിന് അർഹമായത്.

കേരളത്തിലെ അങ്കണവാടികളെ ഊർജ കാര്യക്ഷമമാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കുന്ന "അംഗൻജ്യോതി" പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം, ചിറ്റൂർ നിയോജകമണ്ഡലത്തിലെ 424 അങ്കണവാടികളിലും നെറ്റ് സീറോ കാർബൺ കേരളത്തിനായി തിരഞ്ഞെടുത്ത 91 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2387 അങ്കണവാടികളിലും അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കാർബൺ ബഹിർഗമനമില്ലാത്തതും വേഗത്തിലുള്ള പാചകം

ഉറപ്പുവരുത്തുന്നതുമായ വൈദ്യുത ഇൻഡക്ഷൻ കുക്കർ, ഇഡ്ഡലി കുക്കർ, പ്രഷർ കുക്കർ, മിൽക്ക് കുക്കർ, ഇൻഡക്ഷൻ കുക്കറുകളിൽ ഉപയോഗിക്കാവുന്ന പാത്രങ്ങൾ എന്നിവയാണ് വിതരണം ചെയ്തത്.

സർക്കാർ സ്ഥാപനങ്ങളെ ഊർജ കാര്യക്ഷമമാക്കാൻ വിഭാവന ചെയ്ത പദ്ധതിയാണ് "ഊർജയാൻ". ടി പദ്ധതിയുടെ ഭാഗമായി ഊർജ ഓഡിറ്റ് നടത്തുകയും ഊർജ കാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി സെക്രട്ടേറിയറ്റ് അനെക്സ്-1 കെട്ടിടം ഉൾപ്പെടെ 2 സർക്കാർ സ്ഥാപനങ്ങളിൽ 2023-24 സാമ്പത്തിക വർഷം പൂർത്തീകരിച്ചു. പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ 12 നിയോജകമണ്ഡലങ്ങളിലെ 111 സർക്കാർ കെട്ടിടങ്ങളിലും പാലക്കാട് ജില്ലയിലെ 33 സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലും ഊർജ ഓഡിറ്റ് പൂർത്തീകരിച്ച് തിരഞ്ഞെടുത്ത 20 സർക്കാർ കെട്ടിടങ്ങളിലെ ഊർജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ കാര്യക്ഷമത കൂടിയവ സ്ഥാപിച്ചു. കൂടാതെ 250 സർക്കാർ കെട്ടിടങ്ങളുടെ ഊർജ ഓഡിറ്റ് പൂർത്തീകരിച്ച് ഊർജ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ ഊർജ കാര്യക്ഷമമാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ വിഭാവന ചെയ്ത് നടത്തിവരുന്ന പദ്ധതിയാണ് "ചൈതന്യം". ടി പദ്ധതിയുടെ ഭാഗമായി 25 ആരോഗ്യ കേന്ദ്രങ്ങളിലെ ഊർജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ കാര്യക്ഷമത കൂടിയ ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും എൽ.ഇ.ഡി. ബൾബുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ 31 സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ ഊർജ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

സ്കൂൾ വിദ്യാർഥികൾക്കും അധ്യാപകർക്കുമായി നടത്തിവരുന്ന ശില്പശാല പരമ്പരയാണ് "ഉണർവ്". ടി പദ്ധതിയുടെ ഭാഗമായി 2023-24 സാമ്പത്തിക വർഷം 64 സ്കൂളുകളിൽനിന്നുള്ള 4400-ൽപ്പരം വിദ്യാർഥികൾക്ക് ഊർജ സംരക്ഷണ ബോധവത്കരണ ശില്പശാലകൾ സംഘടിപ്പിച്ചു. 2024-25 വർഷം 91 സ്കൂളുകളിൽനിന്നുള്ള 6200-ൽപ്പരം വിദ്യാർഥികൾക്ക് ഊർജ സംരക്ഷണ ബോധവത്കരണ ശില്പശാലകൾ സംഘടിപ്പിച്ചു.

കാർഷിക മേഖലയെ ഊർജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും കൃഷിക്കാർക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. പദ്ധതിയുടെ ഭാഗമായി പാലക്കാട് എരുത്തേൻപതിയിലെ ഇന്റഗ്രേറ്റഡ് സീഡ് ഡെവലപ്മെന്റ് ഫാമിൽ ഊർജ കാര്യക്ഷമത കുറഞ്ഞ പമ്പുസെറ്റുകൾ മാറ്റി ഊർജ കാര്യക്ഷമമായ 5 എച്ച്.പി. ശേഷിയുള്ള 3 പമ്പ് സെറ്റുകൾ സ്ഥാപിച്ചു. കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ ഡീ-വാട്ടറിങ് പമ്പിങ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി 5 സ്ഥലങ്ങളിൽ നിലവിലുള്ള പെട്ടിയും പറയും മാറ്റി ഊർജ കാര്യക്ഷമമായ വെർട്ടിക്കൽ ആക്സിസ് ടർബയിൻ പമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 30 എച്ച്.പി. ശേഷിയുള്ള 2 പമ്പുകളും 25 എച്ച്.പി. ശേഷിയുള്ള 2 പമ്പുകളും 20 എച്ച്.പി. ശേഷിയുള്ള ഒരു പമ്പുമാണ് സ്ഥാപിച്ചത്. 'കാലാവസ്ഥാ അതിജീവനശേഷിയും ഊർജകാര്യക്ഷമതയും കാർഷിക മേഖലയിൽ' എന്ന വിഷയത്തിൽ 14 ജില്ലകളിലും ശില്പശാലകൾ സംഘടിപ്പിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നായി 1900-ൽപ്പരം ഉദ്യോഗസ്ഥർ പങ്കെടുക്കുകയും വിവിധ കർഷക സംഘങ്ങളുടെ

സഹകരണത്തോടെ സംഘടിപ്പിച്ച 32 ബോധവൽക്കരണ പരിപാടികളിലായി 1300-ൽപ്പരം കർഷകർ പങ്കെടുക്കുകയും ചെയ്തു.

കേരളത്തിൽ വാണിജ്യ കെട്ടിടങ്ങളിൽ ഊർജ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സർക്കാർ കേരള എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് റൂൾസ് 2017 വിജ്ഞാപനം ചെയ്യുകയും ഈ നിയമത്തിന്റെ വ്യവസ്ഥകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി (കില) ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും (സീനിയർ ക്ലർക്ക്/ക്ലർക്ക്) ഫ്രണ്ട് ഓഫീസ് ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികൾ എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ 25 ബാച്ചുകളിലായി ക്രമീകരിച്ച പരിശീലന പരിപാടികളിൽ വിവിധ തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിൽനിന്നായി 2004 ഉദ്യോഗസ്ഥർ

പങ്കെടുത്തു. കൂടാതെ കെട്ടിട മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കായി സംഘടിപ്പിച്ച 17 പരിശീലന പരിപാടികളിലായി 500-ൽപ്പരം ആളുകൾ പങ്കെടുത്തു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSME)-ളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എനർജി എഫിഷ്യൻസി സർവെ നടത്തി ചെറുകിട ഉപഭോക്താക്കളിൽ ഊർജ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്നുണ്ട്. ഇതുവഴി MSME യൂണിറ്റുകളിൽ ഊർജ സംരക്ഷണത്തിന് സാധ്യതയുള്ള മേഖലകളുടെ ഒരു അവലോകനം നടത്താനും ഊർജ സംരക്ഷണത്തിനായി ഊർജ കാര്യക്ഷമമായ സാങ്കേതികവിദ്യകൾ സ്വീകരിക്കാനും കഴിയും. ഇതിന്റെ ഭാഗമായി കേരളത്തിലെ 4 MSME ക്ലസ്റ്ററുകളിൽ ഊർജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തൃശ്ശൂരിലെ ഫർണിച്ചർ ക്ലസ്റ്റർ, കോട്ടയത്തുള്ള റബ്ബർ ക്ലസ്റ്റർ, എറണാകുളത്തെ പ്ലാസ്റ്റിക് ക്ലസ്റ്റർ, പാലക്കാടുള്ള കാർഷിക ഉപകരണങ്ങളുടെ ക്ലസ്റ്റർ എന്നിവയാണവ. മേല്പറഞ്ഞ MSME ക്ലസ്റ്ററുകളിലെ തിരഞ്ഞെടുത്ത യൂണിറ്റുകളിൽ എനർജി ഓഡിറ്റ് നടത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ ഊർജ

കാര്യക്ഷമത കൈവരിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന മാർഗങ്ങൾ നടപ്പിലാക്കുവാൻവേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ എനർജി മാനേജ്മെന്റ് സെന്റർ നൽകുകയും ചെയ്തു.

കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെയും നീതി ആയോഗിന്റെയും ആഭിമുഖ്യത്തിൽ രാജ്യത്താകമാനം നടന്നുവരുന്ന LiFE Lifestyle for Environment ക്യാമ്പയിനിന്റെ ഭാഗമായി ഇ.എം.സി.-യുടെ നേതൃത്വത്തിൽ കേരളത്തിൽ 431 ശില്പശാലകൾ പൂർത്തീകരിച്ചു. ബി.ഇ.ഇ. സ്റ്റാൻഡേർഡ്സ് ആൻഡ് ലേബലിങ് പ്രോഗ്രാമിന്റെ നിയമങ്ങളെയും ഗുണമേന്മകളെയും കുറിച്ച് വ്യാപാരികളെയും വിദ്യാർഥികളെയും ഉപഭോക്താക്കളെയും ബോധവാന്മാരാക്കുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ 'സ്റ്റാൻഡേർഡ്സ് ആൻഡ് ലേബലിങ്' എന്ന വിഷയത്തിൽ ശില്പശാലകൾ സംഘടിപ്പിച്ചു. ഗാർഹിക മേഖലയിലെ ഉപഭോക്താക്കൾക്കായി 45 ശില്പശാലകളും വ്യപാരികൾക്കായി 14 ശില്പശാലകളും വിദ്യാർഥികൾക്കായി 14 ശില്പശാലകളും സംഘടിപ്പിച്ചു.

(സി) ഊർജസംരക്ഷണ മേഖലയിൽ സർക്കാർ നടപ്പാക്കുന്ന ഗോ ഇലക്ട്രിക് ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി "ഗോ ഇലക്ട്രിക് ക്യാമ്പയിൻ" എന്ന പേരിൽ ക്യാമ്പയിൻ ഇ.എം.സി. നടത്തിവരുന്നു. ഈ ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം 2021 ജൂൺ 5-ന് നടത്തുകയുണ്ടായി. ഈ ക്യാമ്പയിനിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 15 വെബിനാറുകൾ, ഇലക്ട്രിക് വാഹനങ്ങളുടെയും ഇലക്ട്രിക് പാചക ഉപകരണങ്ങളുടെയും പ്രധാന നിർമ്മാതാക്കളെ ഉൾപ്പെടുത്തി വെർച്വൽ എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. മേല്പറഞ്ഞ വെബിനാറുകൾ എനർജി മാനേജ്മെന്റ് സെന്ററിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും പ്രക്ഷേപണം നടത്തുകയുണ്ടായി. ഇ.എം.സി.-യുടെ "ഗോ ഇലക്ട്രിക്" ക്യാമ്പയിന്റെ ഭാഗമായി പ്രസ്തുത കാലയളവിലേക്ക് പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ വൈദ്യുത ഇരുചക്ര വാഹനങ്ങൾ

വാങ്ങുവാനുള്ള സൗകര്യം സജ്ജമാക്കിയിരുന്നു. കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ചേർന്നാണ് ഈ പദ്ധതി നടത്തുന്നത്. മേല്പറഞ്ഞ പദ്ധതിപ്രകാരം ലഭ്യമാകുന്ന ഇലക്ട്രിക് വാഹനങ്ങളുടെ പ്രദർശനം 2021 സെപ്റ്റംബർ 1 മുതൽ 4 വരെ വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതുകൂടാതെ ആകാശവാണി, എഫ്.എം. റേഡിയോ എന്നീ മാധ്യമങ്ങളിൽക്കൂടി ഈ പദ്ധതിയെക്കുറിച്ചും പ്രദർശനത്തിന്റെ വിശദവിവരണവും ഒരാഴ്ച കാലത്തേക്ക് നൽകിയിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററും മറ്റ് സർക്കാർ വകുപ്പുകളുടെയും സ്വകാര്യ ഉടമസ്ഥരുടെയും വാഹനങ്ങളുമായി തിരുവനന്തപുരത്ത് 2021 ഡിസംബർ 11-ന് ഇലക്ട്രിക് വാഹനങ്ങളുടെ ഗ്രീൻ റാലി സംഘടിപ്പിച്ചു. ടൂ വീലർ, ത്രീ വീലർ, ഫോർ വീലർ എന്നിവ ഉൾപ്പെടെ നൂറിലധികം ഇലക്ട്രിക് വാഹനങ്ങളാണ് റാലിയിൽ പങ്കെടുത്തത്. എനർജി മാനേജ്മെന്റ് സെന്റർ

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ.)-യുമായി സഹകരിച്ച് കൊച്ചിയിൽ 2022 ഒക്ടോബർ 19, 20 തീയതികളിൽ "സുസ്ഥിര ഭാവിയിലേക്ക് നീങ്ങുന്നു" എന്ന പ്രമേയവുമായി "കേരള സ്മാർട്ട് മൊബിലിറ്റി സമ്മിറ്റ്" സംഘടിപ്പിച്ചു. ഇലക്ട്രിക് വാഹനങ്ങളുടെ എക്സിബിഷൻ അടങ്ങിയ സമ്മിറ്റായിരുന്നു സംഘടിപ്പിച്ചിരുന്നത്. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ കേരളമൊട്ടാകെ 98 ബോധവൽക്കരണ പരിപാടികളും 138 വൈദ്യുത വാഹനറാലിയും സംഘടിപ്പിക്കുകയുണ്ടായി. 2023-24 സാമ്പത്തിക വർഷം പൊതുജനങ്ങൾക്ക് ഗോ ഇലക്ട്രിക് ക്യാമ്പയിന്റെ ഭാഗമായി 100 പരിപാടികൾ സംഘടിപ്പിച്ചു. ഇതിൽ 5800-ൽ കൂടുതൽ പേർ പങ്കെടുത്തു. മേല്പറഞ്ഞ പ്രവർത്തനങ്ങളിലൂടെയും സംസ്ഥാനത്തിലെ മറ്റ് സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനഫലമായി കേരളത്തിൽ രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണത്തിൽ വർധനയുണ്ടായിട്ടുണ്ട്. കേരളത്തിൽ പ്രതിദിനം രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ 10 ശതമാനവും ഇലക്ട്രിക് വാഹനങ്ങളാണ്.

(ഡി) ഊർജസംരക്ഷണത്തെ അടിസ്ഥാനപ്പെടുത്തി സർക്കാർ നടത്തുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഈ വർഷം സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

കേരള സർക്കാർ ഊർജ വകുപ്പിനുകീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരള (IEFK) സംഘടിപ്പിക്കുന്നു. 2025 ഫെബ്രുവരി 7,8,9 തീയതികളിൽ തിരുവനന്തപുരം തൈക്കാട് കേരള പോലീസ് ഗ്രൗണ്ടിലാണ് മേള നടക്കുന്നത്. ഊർജ കാര്യക്ഷമത ഉറപ്പുവരുത്തുക, കാർബൺ ബഹിർഗമനം കുറയ്ക്കുക, ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ ആഗോള സഹകരണം എന്നിവയാണ് IEFK 2025 പ്രധാനമായും ലക്ഷ്യമിടുന്നത്.

ഊർജ കാര്യക്ഷമമായ ഉപകരണങ്ങൾ, ഇലക്ട്രിക് കുക്കിങ്, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെയും ഇവയുടെ പ്രവർത്തനത്തിനാവശ്യമായ പുനരുപയോഗ ഊർജസ്രോതസ്സുകളുടെയും പ്രദർശനം മേളയുടെ മുഖ്യ ആകർഷണമായിരിക്കും. ഊർജമേളയുടെ ഭാഗമായി കേരള സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകളുടെ വിതരണം, സാങ്കേതിക സെഷനുകൾ,

പാനൽ ചർച്ചകൾ, വനിതാ സന്നദ്ധപ്രവർത്തകർക്കായി വിപുലമായ എൽ.ഇ.ഡി. റിപ്പെയർ സെഷൻ, കേരള സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ്, മറ്റ് പ്രദർശനങ്ങൾ, വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി മെഗാ ക്വിസ് തുടങ്ങിയവ നടക്കും. ഇതുകൂടാതെ പുനരുപയോഗ ഊർജസ്രോതസ്സുകളെയും മാർഗങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഗ്രീൻ എക്സ്പോ മേളയുടെ മറ്റൊരു പ്രധാന ആകർഷണമായിരിക്കും. ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രിക് കുക്കിങ്ങിനാവശ്യമായ ഉപകരണങ്ങൾ, പാത്രങ്ങൾ എന്നിവയുടെ പ്രദർശനവും ഇതോടനുബന്ധിച്ച് നടക്കും.

മറിപ്പുഴ ജലവൈദ്യുത പദ്ധതി

269 (676) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മറിപ്പുഴയിൽ സ്ഥാപിക്കുന്ന 6 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം

ആരംഭിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

തിരുവമ്പാടി മണ്ഡലത്തിലെ മരിപ്പുഴയിൽ സ്ഥാപിക്കുന്ന 6 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിക്കാവശ്യമായ എല്ലാ വിഭാഗത്തിലുള്ള ഭൂമിയുടെയും ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലാണ് പദ്ധതി ആരംഭിക്കാൻ കഴിയാത്തത്. പദ്ധതിക്ക് ആവശ്യമായ സ്വകാര്യ ഭൂമിയുടെ 95 ശതമാനവും ഏറ്റെടുത്തിട്ടുണ്ട്. ബാക്കി രണ്ട് ഭൂവുടമകളിൽനിന്നും RFCTLARR Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വനഭൂമി കെ.എസ്.ഇ.ബി.എൽ.-ന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതിക്കാവശ്യമായ പട്ടികവർഗ ഭൂമി RFCTLARR 2013, ആക്ടുപ്രകാരം ഏറ്റെടുക്കുന്നതിനുള്ള ബോർഡ് അനുമതി

ലഭ്യമായിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്ന് അനുമതി ലഭിച്ചാലുടൻതന്നെ പട്ടികവർഗ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പദ്ധതി നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ ഉടൻതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വൈദ്യുതി സ്റ്റോറേജ് പദ്ധതി

270 (677) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകൽസമയത്ത് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി, ബാറ്ററിയിൽ സംഭരിച്ച് രാത്രികാലങ്ങളിൽ ഉപയോഗിക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

പകൽ സമയത്ത് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി ബാറ്ററിയിൽ സംഭരിച്ച് രാത്രികാലങ്ങളിൽ ഉപയോഗിക്കുന്നതിനായി സംസ്ഥാനത്ത് ആദ്യഘട്ടം എന്ന നിലയിൽ 750 മെഗാവാട്ട്/3000 മെഗാവാട്ട് ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. പ്രാരംഭ പദ്ധതിയെന്ന നിലയിൽ അനെർട്ടിന്റെ ഹെഡ് ഓഫീസിൽ 100 kW/150 kWh ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള സ്റ്റോറേജ് പദ്ധതി എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ?

500 Mwh, BESS കേരളത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടായി 135 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിലെ മൈലാട്ടി സബ്സ്റ്റേഷൻ പരിസരത്താണ് സ്ഥാപിക്കുന്നത്. ഇതുകൂടാതെ National Hydro Power Corporation (NHPC)-ന്

BESS സ്ഥാപിക്കുന്നതിന് ലഭിച്ച കേന്ദ്രസഹായമായ VGF പ്രയോജനപ്പെടുത്തി കേരളത്തിൽ 500 മെഗാവാട്ട് BESS സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവ നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പോത്തൻകോട് സബ്സ്റ്റേഷനിൽ 40 MW/160 Mwh, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്സ്റ്റേഷനിൽ 40 MW/160 MWh, ഏറനാട് നിയോജകമണ്ഡലത്തിലെ അരീക്കോട് സബ്സ്റ്റേഷനിൽ 30 MW/120 MWh, കാസർഗോഡ് നിയോജകമണ്ഡലത്തിലെ മുള്ളേരിയ സബ്സ്റ്റേഷനിൽ 15 MW/60MWh എന്നിങ്ങനെയാണ് അടിസ്ഥാന സൗകര്യങ്ങൾക്ക് വിധേയമായി പരിഗണിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വൈദ്യുതക്ഷാമം എത്രത്തോളം പരിഹരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നതെന്നറിയിക്കുമോ?

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതോടുകൂടി സംസ്ഥാനത്ത് പ്രതിദിനം 1 MU അധിക വൈദ്യുതി ലഭ്യതകൂടി ഉറപ്പുവരുത്താൻ കഴിയും.

ഉറുമി പദ്ധതി– പെൻസ്റ്റോക്ക് പൈപ്പ് മാറ്റൽ

271 (678) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കത്താൽ കേടുപാട് സംഭവിച്ച ഉറുമി-II ജലവൈദ്യുത പദ്ധതിയുടെ പെൻസ്റ്റോക്ക് പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉറുമി-II ജലവൈദ്യുത പദ്ധതിയുടെ പെൻസ്റ്റോക്ക് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന ജോലിയുടെ കരാറുകാരൻ എസ്റ്റിമേറ്റ് തുകയേക്കാൾ 30.03 ശതമാനം അധികം ക്വാട്ട് ചെയ്തതിനാൽ ടെൻഡറിന് അംഗീകാരം ലഭിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് സമർപ്പിക്കുകയും ബോർഡ് 27-01-2025-ന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കരാർ ഉടമ്പടിയിൽ ഏർപ്പെട്ട് കഴിഞ്ഞാൽ 6 മാസം കൊണ്ടുതന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി

272 (679) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവൃത്തികൾ 99.7 ശതമാനം പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾക്കുശേഷമേ തുടരാൻ സാധിക്കുകയുള്ളൂ. ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾ M/s Sree Saravana Engineering Bhavani Private Ltd- M/s Hunan Zhaoyang Generating Equipment Co. Ltd കൺസോർഷ്യത്തിന് 18-03-2015-ലെ എഗ്രിമെന്റുപ്രകാരം നൽകുകയും ടി പദ്ധതിയുടെ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾ 86.61 ശതമാനം പൂർത്തീകരിക്കുകയും ചെയ്തു. ചൈനയിൽനിന്നും മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.എൽ., M/s Sree Saravana Engineering Bhavani Private Ltd., M/s Hunan Zhaoyang Generating Equipment Co. Ltd,

China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27-04-2022-ൽ ഒപ്പിട്ടു. 22-06-2023-ൽ നടന്ന ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം കരാറും അനുബന്ധ നടപടികളും സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറൽ, കേരളയിൽനിന്ന് തേടിയിരുന്നു. 09-07-2024-ന് നിയമോപദേശം ലഭ്യമാകുകയും അതുപ്രകാരം പ്രസ്തുത കോൺട്രാക്ടറുമായി ചർച്ച നടത്തി മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. എന്നാൽ കോൺട്രാക്ടർ മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യാത്തപക്ഷം പ്രസ്തുത കോൺട്രാക്ടറുടെ റിസ്ക് & കോസ്റ്റിൽ പുതിയ ടെൻഡർ വിളിച്ച് പൂർത്തീകരിക്കേണ്ടതാണ്. ടി നിയമോപദേശപ്രകാരം കോൺട്രാക്ടറും ചൈനീസ് കൺസോർഷ്യം പാർട്ണറുമായുള്ള ചർച്ചകൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

(ബി) സിവിൽ, മെക്കാനിക്കൽ വർക്കുകൾ പൂർത്തീകരണ ഘട്ടത്തിലെത്തിയിട്ടും പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ടി പദ്ധതിക്കുവേണ്ടി foreign equipment മൂന്ന് consignment ആയിട്ടാണ് ഇറക്കുമതി ചെയ്യേണ്ടിയിരുന്നത്. ഇതിൽ ഒന്നും രണ്ടും consignment-കളുടെ ഇറക്കുമതി 2017-18-ൽ പൂർത്തീകരിച്ചു. മൂന്നാമത്തെ consignment ഇറക്കുമതി ചെയ്യുന്നതിനായി കോൺട്രാക്ടറും ചൈനീസ് കൺസോർഷ്യം പാർട്ണറുമായുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത പദ്ധതി ത്വരിതഗതിയിൽ കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി കോൺട്രാക്ടറും ചൈനീസ് കൺസോർഷ്യം പാർട്ണറുമായുള്ള ചർച്ചകൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനിയുടെ കരാർ ലംഘനം

273 (680) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ വൈദ്യുത പദ്ധതി നടത്തിപ്പുകാരായ കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനി കരാർ വ്യവസ്ഥകൾ ലംഘിച്ച് വൈദ്യുതി ഉൽപാദനവും വില്പനയും നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.എൽ. കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം വൈദ്യുതി ബോർഡ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) കരാർ ലംഘനം നടത്തിയ കമ്പനിയുടെ കാലാവധി നീട്ടി നൽകാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കുമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിനെതിരെ വൈദ്യുതി വകുപ്പ് സെക്രട്ടറി നൽകിയ കത്ത്

274 (681) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യു.ഡി.എഫ്. ഭരണ കാലത്തെ ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിനെതിരെ അന്നത്തെ വൈദ്യുതി വകുപ്പ് സെക്രട്ടറി നിലവിലെ വൈദ്യുതി മന്ത്രിക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത കത്തിന് സർക്കാർ നൽകിയ മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

യു.ഡി.എഫ്. ഭരണകാലത്തെ ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിനെതിരെ അന്നത്തെ വൈദ്യുതി വകുപ്പ് സെക്രട്ടറി ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിക്ക് 04-06-2022-ൽ കത്ത് നൽകിയിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത കത്തിന് സർക്കാർ മറുപടി നൽകിയിട്ടില്ല.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിലുള്ള നവീകരണ പ്രവർത്തനങ്ങൾ

275 (682) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ നാളിതുവരെ നടപ്പിലാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക് സെക്ഷനുകൾക്ക് കീഴിൽ 6 പോൾ മൗണ്ടഡ് വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകളും സൗര ഫെയ്സ്-1 പദ്ധതിയിലുൾപ്പെടുത്തി 16kW സ്ഥാപിതശേഷിയിൽ 5 സോളാർ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. വിതരണ വിഭാഗത്തിനുകീഴിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വിവിധ സെക്ഷനുകളിലായി നാളിതുവരെ ദൃതി പദ്ധതിയിൽ ഹൈ ടെൻഷൻ ലൈനുകൾ സ്ഥാപിക്കൽ, ലോ ടെൻഷൻ ലൈനുകൾ സ്ഥാപിക്കൽ, പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ സ്ഥാപിതശേഷി ഉയർത്തൽ,

ട്രാൻസ്ഫോമറുകളുടെ സ്ഥാപിതശേഷി ഉയർത്തൽ, പഴകിയ കണ്ടക്ടറുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ, ലൈനുകൾക്കിടയിൽ സ്പേസറുകൾ ഇടുന്ന പ്രവൃത്തി, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ നവീകരണ പ്രവൃത്തികൾ, വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ എന്നിവയിലായി ആകെ 102 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിലേക്കായി 1595.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ദ്യുതി 2.0 പദ്ധതിയിൽ 124 പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. അതിലേക്കായി 3562.55 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്.-ൽ 489.28 ലക്ഷം രൂപയുടെ 6 പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും 777.66 ലക്ഷം രൂപ മുതൽമുടക്കുള്ള 14 പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

യു.ജി. കേബിൾ സ്ഥാപിക്കുന്നതിന് നടപടി

276 (683) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട്, പടനിലം പരബ്രഹ്മ ക്ഷേത്രം, ചുനക്കര തിരുവൈരൂർ മഹാദേവ ക്ഷേത്രം എന്നിവിടങ്ങളിൽ യു.ജി. കേബിൾ സ്ഥാപിക്കാൻ ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുമോയെന്നും അതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള നൂറനാട് പടനിലം ക്ഷേത്രം, ചാരുമൂട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള ചുനക്കര തിരുവൈരൂർ ക്ഷേത്രം എന്നിവിടങ്ങളിലെ ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന "കെട്ടുത്സവം" ഘോഷയാത്രയിൽ ഏകദേശം 48 മണിക്കൂർ നീണ്ടുനിൽക്കുന്ന വൈദ്യുതി വിതരണ തടസ്സം പരിഹരിക്കുന്നതിനായി ടി പ്രദേശത്ത് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന

പ്രവൃത്തിക്ക് ആകെ 2,03,014,64/- രൂപയുടെ ഭരണാനുമതി 12-07-2024-ലെ G.O.(Rt)No.119/2024/POWER പ്രകാരം നൽകുകയുണ്ടായി. തുടർന്ന് 16-01-2025-ലെ സ.ഉ.(സാധാ)നം.421/2025/ധന. പ്രകാരം ടി പ്രവൃത്തിക്കുള്ള തുക വകയിരുത്തിയിട്ടുള്ളതുമാണ്.

വൈദ്യുതി ഉൽപാദക കമ്പനികളുമായുള്ള ദീർഘകാല കരാറുകൾ

277 (684) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ വൈദ്യുതി ഉൽപാദക കമ്പനികളുമായി ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിരുന്നോ; എങ്കിൽ പ്രസ്തുത കരാറുകളുടെ വിശദാംശം നൽകുമോ?

2016-ൽ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടിട്ടില്ല.

(ബി) 25 വർഷത്തേക്കുള്ള കുറഞ്ഞ നിരക്കിലുള്ള വൈദ്യുത കരാറുകൾ 2023-ൽ റദ്ദാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. 2014-ൽ DBFOO (Design Build Finance Own and Operate) അടിസ്ഥാനത്തിൽ 2 ബിഡ്ഡുകളിലായി 765 മെഗാവാട്ട് വൈദ്യുതിക്കുവേണ്ടി ആറ് ഉൽപാദകരുമായി ദീർഘകാല കരാറിൽ (25 വർഷത്തേക്ക്) ഏർപ്പെടുകയുണ്ടായി. എന്നാൽ ടെൻഡർ മാർഗരേഖകളിൽനിന്നുള്ള വ്യതിയാനം ചൂണ്ടിക്കാട്ടി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) 30-08-2016-ലെ ഉത്തരവുപ്രകാരം ബിഡ് 1-ലെയും ബിഡ് 2-ലെയും L1-ന് മാത്രമാണ് കരാർ അനുമതി നൽകിയത്. എന്നാൽ എല്ലാ കരാറുകളിൽനിന്നും തൽക്കാലത്തേക്ക് വൈദ്യുതി വാങ്ങുവാൻ കേരള സർക്കാരിന്റെ 30-11-2016-ലെയും 21-10-2017-ലെയും ഉത്തരവുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് അനുമതി നൽകുകയുണ്ടായി. തുടർന്ന് KSERC നാല് ഉൽപാദന നിലയങ്ങൾക്ക് കൽക്കരി നൽകണമെന്നാവശ്യപ്പെട്ട് കത്തും നൽകിയിരുന്നു. അനന്തരം ബിഡ് 1-ലെ 315 മെഗാവാട്ട് വൈദ്യുതി 1-12-2016 മുതലും ബിഡ് 2-ലെ 450 മെഗാവാട്ട് വൈദ്യുതി 1-10-2017 മുതലും കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ച് തുടങ്ങി. തുടർന്ന് KSERC 14-08-2020-ലെ ഉത്തരവിൽ ബിഡ് 2-ലെ അനുമതി

ലഭിക്കാത്ത കരാറുകളിൽനിന്നുള്ള വൈദ്യുതിയുടെ വാങ്ങൽ നിരക്കിൽ പരിധി വയ്ക്കുകയുണ്ടായി. ഇതിനെ ഉൽപാദകർ APTEL (Appellate Tribunal for Electricity)-ൽ ചോദ്യം ചെയ്യുകയും APTEL, KSERC ഉത്തരവ് സ്റ്റേ ചെയ്യുകയും ചെയ്തു. KSERC ഇത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ചോദ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി KSERC-ക്ക് ഈ വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കാൻ 3 മാസത്തെ സമയം അനുവദിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ KSERC നടപടിക്രമങ്ങൾ പൂർത്തിയാക്കി. 10-05-2023-ലെ ഉത്തരവിലൂടെ 465 MW-ന്റെ ദീർഘകാല കരാറുകൾ ചട്ടലംഘനം ചൂണ്ടിക്കാട്ടി അനുമതി നിഷേധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്. ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. നൽകിയ ഹർജി നിലവിൽ ബഹുമാനപ്പെട്ട APTEL-ന്റെ പരിഗണയിലാണ്.

(സി) ഈ കരാറുകൾക്കുപകരം യൂണിറ്റിന് 10.25 രൂപ മുതൽ 14.30 രൂപവരെ വില നൽകി വൈദ്യുതി വാങ്ങേണ്ടിവന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ദീർഘകാല കരാറുകൾ റദ്ദാക്കിയതുമൂലമുള്ള വൈദ്യുതി ലഭ്യതക്കുറവ് പരിഹരിക്കാനായി കെ.എസ്.ഇ.ബി.എൽ. വിവിധ ഹ്രസ്വകാല/ബാങ്കിങ് കരാറുകളിൽ ഏർപ്പെട്ടുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ജനുവരി 2024-ന് കെ.എസ്.ഇ.ബി.എൽ. വിളിച്ച ഹ്രസ്വകാല ടെൻഡറിൽ ഏപ്രിൽ, മേയ് മാസങ്ങളിലേക്ക് ലഭിച്ച നിരക്കാണ് യൂണിറ്റിന് 10.25 രൂപ മുതൽ 14.30 രൂപ വരെയുള്ളത്. എന്നാൽ കൂടിയ നിരക്ക് കാരണം പ്രസ്തുത ടെൻഡർ അസാധുവാക്കുകയാണുണ്ടായത്.

(ഡി) ദീർഘകാല കരാറുകൾ റദ്ദാക്കുന്നതുമൂലം ഉണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ച് അന്നത്തെ ഊർജ വകുപ്പ് സെക്രട്ടറി സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ദീർഘകാല കരാറുകൾ റദ്ദാക്കുന്നതുകൊണ്ടുള്ള ഭവിഷ്യത്തുകൾ വിവരിച്ചുകൊണ്ട് അന്നത്തെ ഊർജ വകുപ്പ് സെക്രട്ടറി 04-06-2022-ന് ബഹു. വൈദ്യുതി മന്ത്രിക്ക് വിശദമായ കത്ത് നൽകിയിരുന്നു. കെ.എസ്.ഇ.ബി.എൽ. ഈ കരാറുകൾ തുടരേണ്ടതിന്റെ ആവശ്യകത

KSERC-യെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയുമുണ്ടായി. എന്നാൽ 10-05-2023-ലെ ഉത്തരവിലൂടെ 465MW-ന്റെ ദീർഘകാല കരാറുകൾ ചട്ടലംഘനം ചൂണ്ടിക്കാട്ടി അനുമതി നിഷേധിച്ചുകൊണ്ട് KSERC ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്. കരാറുകൾ റദ്ദാക്കിയതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. നൽകിയ ഹർജി നിലവിൽ APTEL-ന്റെ പരിഗണയിലാണ്.

ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നത്

278 (685) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വടവുകോട്-പുത്തൻകുരിശ് പഞ്ചായത്തിൽ അഞ്ചാം വാർഡിൽ കാണിനാട് കുറ്റ എസ്.സി. നഗർ അമ്പലത്തിനോട് ചേർന്ന് അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോമർ അവിടെനിന്നും മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(ബി&സി) മേൽവിഷയത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അടിയന്തിരമായി സ്ഥലപരിശോധന നടത്തുകയും സമീപത്തുള്ള കനാൽ സൈഡിലേക്ക് പുതുതായി പോസ്റ്റുകൾ സ്ഥാപിച്ച് ട്രാൻസ്ഫോമർ മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ദൃതി 2024-25 സ്കീമിലുൾപ്പെടുത്തി 3,69,453/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത ട്രാൻസ്ഫോർമർ കുറ്റ എസ്.സി. നഗർ അമ്പലത്തിനോട് ചേർന്നിരിക്കുന്നതിനാൽ ഭക്തജനങ്ങൾക്കടക്കം അപകട സാധ്യതയുള്ളതിനാൽ അടിയന്തരമായി ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത ട്രാൻഫോമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള വർക്ക് PMU-ൽനിന്ന് ടെൻഡർ ചെയ്തിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രാൻഫോർമർ മാറ്റി സ്ഥാപിക്കുന്നതാണ്.

ആറ്റില വെള്ളച്ചാട്ടത്തിൽ ജലവൈദ്യുത പദ്ധതി

279 (686) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് നിയോജകമണ്ഡലത്തിലെ കരിമ്പ, തച്ചമ്പാറ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന ആറ്റില വെള്ളച്ചാട്ടത്തിൽ ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1-12-2017-ലെ G.O.(MS)No.25/2017/PD അനുസരിച്ച് 30 വർഷത്തെ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ ആറ്റില-I (6MW), ആറ്റില-II (6MW) എന്നിങ്ങനെ രണ്ട് പദ്ധതികൾ അനുവദിച്ച് നൽകിയിട്ടുണ്ട്. സംരംഭകർ ടി പദ്ധതിക്കായി പ്രോജക്ട് കമ്പനികൾ സ്ഥാപിക്കുകയും വിശദമായ ടെക്നോ-എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) തയ്യാറാക്കുകയും TEFR ക്ലിയറൻസിനായി

അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. വനം വകുപ്പിന്റെ ഈ രണ്ട് പദ്ധതിയിലും വനം വകുപ്പിന്റെ അനുമതിക്കുള്ള പുനഃപരിശോധന നടത്തുന്നതിന് സർക്കാർ ഇടപെടലുകൾ നടത്തിയതിനെത്തുടർന്ന് പദ്ധതി പ്രദേശത്ത് വനം വകുപ്പ് ഉദ്യോഗസ്ഥരും എനർജി മാനേജ്മെന്റ് സെന്റർ പ്രതിനിധികളും സന്ദർശിച്ചതിന്റെ വെളിച്ചത്തിൽ പദ്ധതിക്കായി കുറഞ്ഞ വനമേഖല ഉപയോഗിക്കുന്ന തരത്തിൽ നിലവിലെ TEFR പുതുക്കി പുതിയ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് സംരംഭകർക്ക് നിർദേശം നൽകിയിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഇതിലേക്കുള്ള സർവെ ജോലികൾ തീർക്കാനും നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ സംരംഭകർ ഈ പദ്ധതികൾക്കായി വനമേഖല താരതമ്യേന കുറവ് വരുന്ന പുതിയ സ്ഥലങ്ങൾ കണ്ടെത്തിയതായി അറിയിച്ചു. സംരംഭകർ അതുപ്രകാരം പുതിയ അപേക്ഷ പരിവേഷ് പോർട്ടൽ വഴി സമർപ്പിക്കുന്നതിനായി മുമ്പ് നിരസിച്ച അപേക്ഷ പിൻവലിക്കാൻ അഭ്യർഥിച്ചുകൊണ്ട് വനം വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

വൈദ്യുതിയുടെ ആഭ്യന്തരോൽപാദനം

280 (687) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതിയുടെ ആഭ്യന്തരോൽപാദനം കുറയാനിടയാക്കിയ ഘടകങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ആഭ്യന്തരോൽപാദനം വർധിപ്പിക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വൈദ്യുതിയുടെ ആവശ്യകതയും കേന്ദ്ര പൂളിൽനിന്നുള്ള വൈദ്യുതിയുടെ ലഭ്യതയും സിസ്റ്റം ഫ്രീക്വൻസിയും അനുസരിച്ച് ആഭ്യന്തരോൽപാദനം ക്രമീകരിക്കുന്നത് കളമശ്ശേരി സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്ററാണ്. 2023-24-ൽ വൈദ്യുതിയുടെ ആഭ്യന്തരോൽപാദനം കുറയാൻ പ്രധാന കാരണം മഴയുടെ ലഭ്യതക്കുറവാണ്. ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

11 ജലവൈദ്യുത പദ്ധതികളുടെ (195.036 MW മൊത്തം സ്ഥാപിത ശേഷി) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

നം.	പദ്ധതി	ശേഷി (MW)
1	പള്ളിവാസൽ	60
2.	അപ്പർ ചെങ്കുളം	24
3	പൊരിങ്ങൽകുത്ത് സ്മാ ടർബൈൻ	0.036
4	ഭ്രതത്താൻകെട്ട്	24
5	പഴശ്ശിസാഗർ	7.5
6	ചിന്നാർ	24
7	ഒലീക്കൽ	5
8	പൂവാരംതോട്	3
9	മാങ്കുളം	40
10	കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x 27.50 MW)	7.50
11	ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85 Mu)	
ആകെ ശേഷി		195.036 MW

92 MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ളവ വിവിധഘട്ടങ്ങളിലാണ്. അടുത്ത ആറ് വർഷത്തിൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത 10000 മെഗാവാട്ടിനോട് അടുക്കുമെന്ന്

കരുതേണ്ടിയിരിക്കുന്നു. നിലവിൽ സംസ്ഥാനത്തിലെ ഉൽപാദനശേഷി 3800 MW ഉണ്ടെങ്കിലും ഏകദേശം 2000 മെഗാവാട്ടിൽ താഴെ മാത്രമാണ് പ്രായോഗികമായി ലഭ്യമാകുന്നത്. ആഭ്യന്തരോൽപാദനം ഗണ്യമായി വർധിപ്പിക്കേണ്ട ആവശ്യത്തിലേക്ക് ഇവ വിരൽ ചൂണ്ടുന്നു. മുടങ്ങിക്കിടക്കുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായ പൂർത്തീകരണത്തിനും ഡാഷ് ബോർഡ് സംവിധാനമൊരുക്കുന്നതിനും പ്രത്യേകമായ ഉന്നതതല കമ്മിറ്റിയെ ചുമതലപ്പെടുത്തും. ഇതിനോടൊപ്പം സ്റ്റോറേജ് ജലവൈദ്യുത നിലയങ്ങളും വിഭാവന ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് വരുംവർഷങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വൻകിട ജലവൈദ്യുത പദ്ധതികൾ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി 800 മെഗാവാട്ട്, ലക്ഷ്മി ജലവൈദ്യുത പദ്ധതി 240 മെഗാവാട്ട്, ശബരിഗിരി വിപുലീകരണ പദ്ധതി 450 മെഗാവാട്ട് എന്നിവയാണ്. ജലവൈദ്യുതി പദ്ധതികൾപോലെതന്നെ കേരളത്തിൽ കാറ്റാടി പാടങ്ങൾക്ക് ഉചിതമായ പ്രദേശങ്ങളുള്ളതായി പല ഏജൻസികളും കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിൽ കാറ്റാടി നിലയങ്ങളുടെ സാധ്യമായ സ്ഥാപിതശേഷി 2600 MW-ൽ അധികമാണ് എന്നാണ് പ്രസ്തുത പഠനങ്ങൾ സൂചിപ്പിക്കുന്നത്. കൂടുതൽ ശക്തമായ കാറ്റ് ലഭിക്കുന്നതും കാറ്റാടിപ്പാടത്തിന് ആവശ്യമായ സ്ഥലം വേഗത്തിൽ കണ്ടെത്താൻ സാധിക്കുമെന്ന് കരുതുന്നതുമായ രാമക്കൽമേട്, അട്ടപ്പാടി, മാന്മുട്ടിമേട്, പാപ്പൻപാറ, കഞ്ചിക്കോട് എന്നിവിടങ്ങളിലായി 300 MW കാറ്റിൽനിന്ന് ഉൽപാദിപ്പിക്കാൻ ഈ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമേ ഏകദേശം 590 കിലോമീറ്റർ നീളമുള്ള കടൽത്തീരമുള്ള കേരളത്തിന് അറബിക്കടലിൽ ഓഫ്ഷോർ കാറ്റാടിപാടങ്ങൾക്കുള്ള സാധ്യത പഠനവിധേയമാക്കേണ്ടതുണ്ട്. അടുത്തതായി പരിഗണിക്കുന്നത് സൗരോർജ പദ്ധതികളാണ്. കാസർഗോഡ് നിലവിലുള്ള സോളാർ പാർക്കിന് (100 MW-ഉം പണി പൂർത്തിയായിവരുന്ന 5 MW-ഉം) പുറമേ ചീമേനിയിൽ മറ്റൊരു 100 MW പാർക്കിന്റെ നിർമ്മാണം ഉടനാരംഭിക്കും. കൂടാതെ, ജലാശയങ്ങളിൽ ഫ്ലോട്ടിങ് സോളാർ പദ്ധതികൾ സ്ഥാപിക്കുകവഴി 400 MW കണ്ടെത്താൻ ഈ സർക്കാർ ലക്ഷ്യമിടുന്നു. നിലവിൽത്തന്നെ പുരപ്പുറ സൗരോർജ

നിലയങ്ങൾക്ക് ഏറ്റവും കൂടുതൽ ഊന്നൽ നൽകുന്ന സംസ്ഥാനമാണ് കേരളം. പുരപ്പുറ നിലയങ്ങളിൽനിന്ന് ഇപ്പോൾതന്നെ ഏകദേശം 1100 മെഗാവാട്ട് കണ്ടെത്തിയ കേരളം, വരുന്ന ആറ് വർഷത്തിൽ പുരപ്പുറ സോളാർശേഷി 3000 മെഗാവാട്ടായി ഉയർത്തും. സോളാർ വൈദ്യുതി ഉൽപാദകർക്ക് ഒരു പ്രോത്സാഹനമായി നിലവിൽ ഏർപ്പെടുത്തിയിരുന്ന ജനറേഷൻ ഡ്യൂട്ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. പകൽസമയത്ത് അധികമായി ലഭിക്കുന്ന സൗരോർജ വൈദ്യുതി ഉപയോഗപ്പെടുത്തി ഊർജ ആവശ്യകത കൂടിയ രാത്രികാലങ്ങളിൽ വൈദ്യുതി ഉൽപാദിപ്പിക്കാവുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ അനന്തസാധ്യതകൾ അടിയന്തര പ്രാധാന്യത്തോടെ പരിശോധിച്ചുവരുന്നു. കേരളത്തിൽ 5000 മെഗാവാട്ട് എങ്കിലും പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ സാധ്യമാണ്. ഇതിൽ മഞ്ഞപ്പാറ (30 മെഗാവാട്ട്), മുതിരപ്പുഴ (100 മെഗാവാട്ട്) എന്നീ പദ്ധതികൾക്ക് ഇതിനോടകം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 3150 മെഗാവാട്ട് ശേഷിയുള്ള 9 പദ്ധതികളുടെ നിർമ്മാണം ആരംഭിക്കാൻ അനുമതി നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പമ്പ്ഡ് സ്റ്റോറേജ്

പദ്ധതികൾ പൂർത്തിയാക്കാൻ 5-6 വർഷം ആവശ്യമാണ്. കേന്ദ്ര അനുമതികൾക്കും കാലതാമസമുണ്ടായേക്കാം. ഇവകൂടി കണക്കിലെടുത്ത് അടിയന്തര ആവശ്യകത നിറവേറ്റുന്നതിന് ആവശ്യമായ ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നു. രാത്രികാലത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാനത്തിന് അനുവദിച്ച 500 മെഗാവാട്ട് അവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (ബെസ്) 2026-ൽ കാസർഗോഡ് മൈലാട്ടിയിൽ പ്രവർത്തനം ആരംഭിക്കും. എനർജി മാനേജ്മെന്റ് സെന്ററിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ സ്വകാര്യ മേഖലയിലൂടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് സുഗമമായി നടപ്പിലാക്കുന്നതിന് നവീകരിച്ച ചെറുകിട ജലവൈദ്യുത നയത്തിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്. അതിനോടൊപ്പം സ്വകാര്യ സഹകരണ മേഖലകളെ പ്രയോജനപ്പെടുത്തി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ വികസിപ്പിക്കാനുള്ള നയരൂപീകരണ പ്രക്രിയയും നടക്കുന്നു.

സൗരോർജ വൈദ്യുതിയുടെ ഉൽപാദനം വർധിപ്പിക്കാൻ അനെർട്ട് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:-

- സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.

- റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

- സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ /BPL/ പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ

ഭാഗമായി സൗജന്യമായി ഗ്രണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

- സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

- സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കുന്നു.

- പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കുന്നു.

- വിദൂര ആദിവാസി കോളനികളിൽ വിൻഡ്/സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- പി.എം. കുസും പദ്ധതിയിലൂടെ കാർഷിക പമ്പുകൾ സൗരോർജവൽക്കരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി നേടിയതിൽനിന്നും ഇതുവരെ 11.5 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്.

- ഇ-മൊബിലിറ്റി പദ്ധതിയുടെ ഭാഗമായി പബ്ലിക് EV ചാർജിങ് സ്റ്റേഷനുകളിൽനിന്ന് സൗരോർജ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി ഒരുക്കുന്ന സൗരോർജ സംവിധാനത്തിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു.

വൈദ്യുതി ചാർജ് വർധനവ്

281 (688) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ് വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന് ഇടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 5-12-2024-ലെ ഉത്തരവുപ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് 2024-25, 2025-26 എന്നീ വർഷങ്ങളിലേക്ക്

വർധിപ്പിച്ചിട്ടുണ്ട്. വൈദ്യുതി ചാർജിൽ 2024-25-ൽ 2.39 ശതമാനം വർധനവും 2025-26-ൽ 1.75 ശതമാനം വർധനവുമാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. 2026-27-ലാകട്ടെ വർധനവ് ഒന്നുംതന്നെ വരുത്തിയിട്ടില്ല. സംസ്ഥാനത്തെ വിവിധ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം, വൈദ്യുതി നിയമം 2003-ലെ 45, 62, 64, 86 എന്നീ വകുപ്പുകൾപ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ ചട്ടം 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. സഞ്ചിതകമ്മി, വൈദ്യുതി വാങ്ങൽ വിലയിലുണ്ടായ വർധനവ്, പ്രവർത്തന പരിപാലന ചെലവ് എന്നിവമൂലം വൈദ്യുതി നിരക്ക് വർധനവ് അനിവാര്യമായി തീർന്നു. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിലവിൽ വരുന്നതിനുമുമ്പ് സംസ്ഥാനത്ത്

അവസാനമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷക്കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24 ശതമാനം, 2013-ൽ 9.1 ശതമാനം, 2014-ൽ 6.7 ശതമാനം, 2017-ൽ 4.77 ശതമാനം, 2019-ൽ 7.32 ശതമാനം, 2022-ൽ 6.58 ശതമാനം, 2023-ൽ 3.20 ശതമാനം എന്നിങ്ങനെയായിരുന്നു വർധനവ്. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന അംഗീകരിക്കപ്പെട്ട റവന്യൂകമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 28-06-2024-ലെ ട്രൂ അപ് ഉത്തരവുപ്രകാരം (2022-23) 01-04-2023 വരെയുള്ള സഞ്ചിത റവന്യൂകമ്മി 6408.37 കോടി രൂപയും 2023-24 ലെ ട്രൂ അപ് പെറ്റീഷൻ പ്രകാരമുള്ള റവന്യൂ കമ്മിയായ 1323.95 കോടി രൂപയും കൂടിച്ചേരുമ്പോൾ 31-03-2024-ലെ സഞ്ചിതകമ്മി 7732.32 കോടി രൂപയാകും. 2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട

വരുമാന കമ്മി ഏറിയപക്ഷം ഏഴുവർഷംകൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്. ഈ മുൻകാല കമ്മി കുറഞ്ഞൊരളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനെതന്നെ ദോഷകരമായി ബാധിക്കും. കൂടാതെ നിലവിലെ 5 വർഷ കൺട്രോൾ പീരീഡ് കാലയളവിൽ (2022-2027) വിവിധ കാരണങ്ങളാൽ വർധിച്ചുവരുന്ന പ്രവർത്തന പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട മൂലധന നിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ എന്നിവ വർധിച്ചുവരുന്നു. അതിനാൽ ആവശ്യംവേണ്ട നിയമാനുസൃതമായ ചെലവുകൾ നിറവേറ്റുന്നതിനും സ്ഥാപനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനുംവേണ്ടി താരിഫ് പരിഷ്കരണം നിർദേശിക്കാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് നിർബന്ധിതമായി. ഈ വസ്തുതകൾ എല്ലാം കണക്കിലെടുത്താണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണത്തിന് അനുമതി നൽകിയത്.

(ബി) 2016 മെയ് മാസം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി ചാർജ് വർധിപ്പിച്ചുവെന്നും എത്ര തവണ താരിഫ് പരിഷ്കരണം നടപ്പാക്കിയെന്നും വിശദമാക്കുമോ?

സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ അഞ്ച് തവണ വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുണ്ട്. 2017, 2019, 2022, 2023, 2024 എന്നീ വർഷങ്ങളിലാണ് നിരക്ക് വർധിപ്പിച്ചത്. ഈ വർഷങ്ങളിലെല്ലാംതന്നെ താരിഫ് പരിഷ്കരണവും നടന്നിട്ടുണ്ട്.

(സി) ഈ ഇനത്തിൽ നാളിതുവരെ എത്ര രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

2017-2018-ൽ 550 കോടി രൂപയുടെയും 2019-2020-ൽ 902.90 കോടി രൂപയുടെയും 2022-2023-ൽ 760 കോടി രൂപയുടെയും 2023-2024-ൽ 532.50 കോടി രൂപയുടെയും അധിക വരുമാനം താരിഫ് പരിഷ്കരണത്തിലൂടെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് ലഭിക്കുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 2024-25-ലെ താരിഫ് പരിഷ്കരണംമൂലം 146 കോടി രൂപയുടെ അധികവരുമാനം 05-12-2024 മുതലുള്ള കാലയളവിൽ

ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു. 2015-16 മുതൽ 2023-24 വരെയുള്ള അധിക വരുമാനം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഡി) വർഷാവർഷം എത്ര രൂപയുടെ വൈദ്യുതിയാണ് പുറത്തുനിന്ന് വാങ്ങുന്നതെന്ന് അറിയിക്കുമോ; ഇതിനുവേണ്ടി 2016 മുതൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയുടെ ചെലവ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന് വിലക്കുറവിൽ വൈദ്യുതി കിട്ടിക്കൊണ്ടിരുന്ന ദീർഘകാല കരാറുകൾ റദ്ദാക്കി ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാൻ ഇടയാക്കിയ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) 10-05-2023-ൽ ഇറക്കിയ ഉത്തരവ് പ്രകാരം താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിച്ചിരുന്ന നാല് ദീർഘകാല കരാറുകൾക്ക് (നാല് കരാറുകൾ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർന്ന് 465 MW) കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ ടെൻഡർ മാർഗരേഖയിൽനിന്നുള്ള വ്യതിയാനം ചൂണ്ടിക്കാട്ടി അനുമതി നിഷേധിച്ചിരുന്നു. തുടർന്ന് കരാറുകൾക്ക് അനുമതി നിഷേധിച്ച് 10-05-2023-ലെ ഉത്തരവ് പിൻവലിച്ച് കരാർ പ്രകാരമുള്ള നിരക്കിൽ പ്രസ്തുത കമ്പനികളിൽനിന്നും തുടർന്നും വൈദ്യുതി വാങ്ങുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് അനുമതി നല്കുന്നതിനായി വൈദ്യുതി നിയമത്തിലെ ചട്ടം 108 പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10-10-2023-ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന് 29-12-2023-ലെ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുനഃസ്ഥാപിക്കുകയാണുണ്ടായത്. എന്നാൽ ഉല്പാദകർ മേൽ ഉത്തരവ് അനുസരിച്ച് വൈദ്യുതി നൽകാൻ തയാറായില്ല. അവർ ബഹു. അപ്പലേറ്റ് ട്രൈബ്യൂണലിനെ (APTEL) 30-01-2024-ൽ സമീപിക്കുകയും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ വാദം അംഗീകരിക്കാതെ ജനറേറ്റർമാർക്ക് അനുകൂലമായി 26-07-2024-ന് ബഹു. APTEL വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത

ഉത്തരവിനെതിരെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 30-09-2024-ന് APTEL-ന്റെ വിധി അംഗീകരിക്കുകയും എന്നാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് 10-5-2023-ലെ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിനെതിരെ APTEL-ൽ പോകാനുള്ള അനുമതി നൽകുകയും ചെയ്തു. കരാറുകൾക്ക് അനുമതി നിഷേധിച്ചതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് നൽകിയ ഹർജി നിലവിൽ APTEL-ന്റെ പരിഗണനയിലാണ്. ഇങ്ങനെ വൈദ്യുതി ലഭ്യതയിൽവന്ന കുറവും വർധിച്ചുവരുന്ന വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനുമായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ഹ്രസ്വകാല കരാറുകളിലും വിവിധ ബാങ്കിങ് ക്രമീകരണങ്ങളിലും ഏർപ്പെട്ടിരുന്നു. അടിയന്തര സാഹചര്യങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയാണ് വൈദ്യുതി പ്രതിസന്ധി പരിഹരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ വാങ്ങുന്ന വൈദ്യുതിക്ക് പീക്ക് സമയങ്ങളിൽ കൂടിയ വില നൽകേണ്ടി വന്നിട്ടുണ്ട്.

(എഫ്) നിലവിൽ വൈദ്യുതി ബോർഡിന് എത്ര രൂപയുടെ കടമുണ്ടെന്ന് വ്യക്തമാക്കുമോ?

31-03-2024-ലെ ഓഡിറ്റ് ചെയ്ത കണക്കുപ്രകാരം ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കടബാധ്യത 10865.54 കോടി രൂപയാണ്.

വൈദ്യുതി നിരക്ക് വർധനവ്

282 (689) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർധിപ്പിച്ചുവെന്ന് വിശദമാക്കുമോ; അതിലൂടെ അധിക വരുമാനമായി ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ അഞ്ച് തവണ വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുണ്ട്. 2017, 2019, 2022, 2023, 2024 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 2017-ൽ 4.77 ശതമാനം, 2019-ൽ 7.32 ശതമാനം, 2022-ൽ 6.59 ശതമാനം, 2023-ൽ

3.2 ശതമാനം, 2024-ൽ 2.39 ശതമാനം എന്നിങ്ങനെയായിരുന്നു വർധനവ്. 2017-2018-ൽ 550 കോടി രൂപയുടെയും 2019-2020-ൽ 902.90 കോടി രൂപയുടെയും 2022-2023-ൽ 760 കോടി രൂപയുടെയും 2023-2024-ൽ 532.50 കോടി രൂപയുടെയും അധിക വരുമാനം താരിഫ് പരിഷ്കരണത്തിലൂടെ വാർഷികാടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കുമെന്ന് കണക്കാക്കിയിരുന്നു. 2024-25-ലെ താരിഫ് പരിഷ്കരണംമൂലം 146 കോടി രൂപയുടെ അധികവരുമാനം ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു.

പ്രതിമാസ ബില്ലിങ് സമ്പ്രദായം

283 (690) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്വൈമാസ ബില്ലിങിന് പകരം പ്രതിമാസ ബില്ലിങ് സമ്പ്രദായം ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രതിമാസ വൈദ്യുത ബിൽ തയ്യാറാക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 5-12-2024-ലെ ഉത്തരവ് പ്രകാരം പ്രതിമാസ ബിൽ പ്രത്യേകമായി ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് അത് നൽകണമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനോട് നിർദേശിച്ചിട്ടുണ്ട്. ഇതിലേക്ക് ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ റീഡിങ് എടുത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സജ്ജമാക്കുന്ന ഓൺലൈൻ സംവിധാനത്തിലേക്ക്/ മൊബൈൽ ആപ്പിലേക്ക് നൽകണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ബില്ലുകൾ നൽകണമെന്നും നിർദേശിക്കുന്നു. തൊട്ടടുത്ത മാസം സാധാരണ പോലെ മീറ്റർ റീഡർമാർ സ്ഥാപനത്തിൽ/വീടുകളിലെത്തി മീറ്റർ റീഡിങ് എടുത്ത് സാധാരണപോലെ ബില്ലുകൾ (സെൽഫ് മീറ്റർ റീഡിങ് എടുത്തതിനുശേഷമുള്ള കാലയളവിലേക്ക്) നൽകുന്നതായിരിക്കും. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇതിലേക്കായി ബില്ലിങ് സോഫ്റ്റ്വെയറിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉപഭോക്താക്കൾ സ്വയം മീറ്റർ റീഡിങ് എടുക്കുന്നതിന് അനുവദിക്കുമോ; എങ്കിൽ അതിന്റെ ചാർജ് കണക്കാക്കാൻ സംവിധാനമുണ്ടോ; വിശദമാക്കുമോ?

നിലവിൽ സ്വയം മീറ്റർ റീഡിങ് എടുക്കുന്നതിനുള്ള സംവിധാനമില്ല. എന്നാൽ കോവിഡ്-19 വ്യാപിച്ചിരുന്ന സമയത്ത്, ലോക്ക്ഡൗൺ പ്രദേശത്തുള്ള ഉപഭോക്താക്കൾക്ക് സ്വയം മീറ്റർ റീഡിങ് രേഖപ്പെടുത്തി ഫോട്ടോ അപ്ലോഡ് ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കിയിരുന്നു. ടി സംവിധാനം നിലവിലുള്ള ദ്വൈമാസ ബില്ലിങ് പ്രകാരമാണ് നടപ്പിലാക്കിയിരുന്നത്. പ്രസ്തുത സംവിധാനം എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്ന കാര്യം പരിശോധിക്കണമെന്ന നിർദേശത്തെത്തുടർന്ന് ഉപഭോക്താക്കൾക്കുതന്നെ മീറ്റർ റീഡിങ് എടുത്ത് അപ്ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും ടി സംവിധാനം 8 സെക്ഷനാഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി ചാർജ് വർധനവ് പിൻവലിക്കാൻ നടപടി

284 (691) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഡിസംബർ 5 മുതൽ വൈദ്യുതി ചാർജ് വർധിപ്പിക്കാൻ തീരുമാനമെടുത്തിരുന്നോ; എങ്കിൽ നിരക്ക് വർധനവിന്റെ വിശദാംശം നൽകുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 05-12-2024-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് 2024-25, 2025-26 എന്നീ വർഷങ്ങളിലേക്ക് വർധിപ്പിച്ചിട്ടുണ്ട്. വൈദ്യുതി ചാർജിൽ 2024-25-ൽ 2.39 ശതമാനം വർധനവും 2025-26-ൽ 1.75 ശതമാനം വർധനവുമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. 2026-27-ലാകട്ടെ വർധനവ് ഒന്നുംതന്നെ വരുത്തിയിട്ടില്ല.

(ബി) വൈദ്യുതി ചാർജ് വർധിപ്പിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ ചട്ടം 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. സഞ്ചിത കമ്മി, വൈദ്യുതി വാങ്ങൽ വിലയിലുണ്ടായ വർധനവ് എന്നിവമൂലം വൈദ്യുതി നിരക്ക് വർധനവ് അനിവാര്യമായിത്തീർന്നു. റെഗുലേറ്ററി കമ്മീഷൻ നിലവിൽ വരുന്നതിനുമുമ്പ് സംസ്ഥാനത്ത് അവസാനമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്തുവർഷ കാലയളവിനുശേഷം 2012-ലാണ് അടുത്ത

താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24 ശതമാനം, 2013-ൽ 9.1 ശതമാനം, 2014-ൽ 6.7 ശതമാനം, 2017-ൽ 4.77 ശതമാനം, 2019-ൽ 7.32 ശതമാനം, 2022-ൽ 6.58 ശതമാനം, 2023-ൽ 3.20 ശതമാനം എന്നിങ്ങനെയായിരുന്നു വർധനവ്. എന്നിരുന്നാലും ഈ താരിഫ് പരിഷകരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 28-06-2024-ലെ ട്രൂ അപ് ഉത്തരവ് പ്രകാരം (2022-23) 01-04-2023 വരെയുള്ള സഞ്ചിത റവന്യൂ കമ്മി 6408.37 കോടി രൂപയും 2023-24-ലെ ട്രൂ അപ് പെറ്റീഷൻ പ്രകാരമുള്ള റവന്യൂ കമ്മിയായ 1323.95 കോടി രൂപയും കൂടിച്ചേരുമ്പോൾ 31-03-2024-ലെ സഞ്ചിത കമ്മി 7732.32 കോടി രൂപയാകും. 2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയപക്ഷം ഏഴ് വർഷംകൊണ്ട് അതിന്റെ പലിശയുൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്. ഈ മുൻകാല കമ്മി കുറഞ്ഞാരളവിലെങ്കിലും നികത്തിയില്ലെങ്കിൽ

സ്ഥാപനത്തിന്റെ നിലനിൽപ്പിനെതന്നെ ദോഷകരമായി ബാധിക്കും. കൂടാതെ നിലവിലെ കൺട്രോൾ പിരീഡ് കാലയളവിൽ (2022–2027) വിവിധ കാരണങ്ങളാൽ വർധിച്ചുവരുന്ന പ്രവർത്തന പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട പ്രവർത്തന മൂലധന നിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ ഇവ വർധിച്ചുവരുന്നു. അതിനാലാണ് അവശ്യംവേണ്ട നിയമാനുസൃതമായ ചെലവുകൾ നിറവേറ്റുന്നതിനും സ്ഥാപനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനുംവേണ്ടി താരിഫ് പരിഷ്കരണം നിർദേശിക്കാൻ കെ.എസ്.ഇ.ബി.എൽ. നിർബന്ധിതമായത്. ഈ വസ്തുതകളെല്ലാം കണക്കിലെടുത്താണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണത്തിന് അനുമതി നൽകിയത്.

(സി) വൈദ്യുതി ബോർഡിനെ സ്വയംപര്യാപ്തമാക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ചാർജ് വർധനവ് പിൻവലിക്കാൻ ആവശ്യമായ നിർദേശം നൽകുമോ; വിശദമാക്കുമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിയമം-2003-ലെ വ്യവസ്ഥകൾ അനുസരിച്ചും ദേശീയ താരിഫ് നയം-2016, റെഗുലേറ്ററി

കമ്മീഷൻതന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ 2021 പ്രകാരവുമാണ് താരിഫ് നിർണ്ണയിക്കുന്നത്. റെഗുലേറ്ററി കമ്മീഷൻ നിലവിലുള്ള കൺട്രോൾ പീരീഡിലേക്ക് റവന്യൂ ഗ്യാപ് നിർണ്ണയിച്ചെങ്കിലും സമയാസമയങ്ങളിൽ റവന്യൂ ഗ്യാപ് പൂർണ്ണമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. 2022-23 വരെ ഇപ്രകാരം നികത്തപ്പെടാത്ത റവന്യൂ കമ്മി 6408.37 കോടി രൂപയും 2023-24 ലെ ട്രൂ അപ് പെറ്റീഷൻ പ്രകാരമുള്ള കമ്മി 1323.95 കോടി രൂപയും കൂടി ചേരുമ്പോൾ 31-03-2024 വരെ സഞ്ചിത കമ്മി 7732.32 കോടി രൂപയാകും. കൂടാതെ സ്ഥാപനത്തിന്റെ സഞ്ചിത നഷ്ടം 36,000 കോടി രൂപയോളം വരും. ഈയൊരു സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾ യഥാസമയം നടത്തി മെച്ചപ്പെട്ട ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് കുറഞ്ഞൊരളവിലെങ്കിലും താരിഫ് പരിഷ്കരണമില്ലാതെ കഴിയുകയില്ല. കൂടാതെ വൈദ്യുതി വാങ്ങൽ, പ്രവർത്തന പരിപാലന ചെലവുകൾ മുതലായ അവശ്യം നടത്തപ്പെടേണ്ട ചെലവുകൾക്കുപോലും ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ സാമ്പത്തിക

വർഷത്തിന്റെ അവസാനത്തിൽ അനുവദിച്ച് തന്ന നാമമാത്രമായ വർധനവ് ഒഴിവാക്കാൻ സാധിക്കുകയില്ല. അതേസമയം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ സ്വയംപര്യാപ്തമാക്കാനുള്ള നടപടികളുമായി ബോർഡ് മുന്നോട്ടുപോകുകയാണ്. വൈദ്യുതി വാങ്ങൽ ചെലവിലുള്ള നിയന്ത്രണം, പ്രവർത്തന പരിപാലന ചെലവിലുള്ള മിതത്വം, പലിശ ചെലവിനങ്ങളിലുള്ള പക്വമായ ഇടപെടലുകൾ, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്നിവ സ്വയംപര്യാപ്തതയിലേക്കുള്ള ശക്തമായ ചുവടുവയ്പുകളാണ്. കൂടാതെ collection efficiency മെച്ചപ്പെടുത്താനുള്ള നടപടികൾ, കുടിശ്ശിക നിവാരണം, കൂടുതൽ പുനരുപയോഗ ഊർജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതോല്പാദനം എന്നീ മേഖലകളിൽ സ്വീകരിക്കുന്ന നടപടികൾ ബോർഡിനെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുമെന്നാണ് കരുതുന്നത്.

വൈദ്യുതി ചാർജ് വർധനവ്

285 (692) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്തായി വൈദ്യുതി ചാർജ് വർധിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 5-12-2024-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് 2024-25, 2025-26 എന്നീ വർഷങ്ങളിലേക്ക് വർധിപ്പിച്ചിട്ടുണ്ട്. വൈദ്യുതി ചാർജിൽ 2024-25-ൽ 2.39 ശതമാനം വർധനവും 2025-26-ൽ 1.75 ശതമാനം വർധനവുമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. 2026-27-ലാകട്ടെ വർധനവ് ഒന്നുംതന്നെ വരുത്തിയിട്ടില്ല.

(ബി) വൈദ്യുതി ചാർജ് വർധനവിലൂടെ എത്ര തുക അധികമായി സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 05-12-2024-ലെ ഉത്തരവ് പ്രകാരം 2024-25-ലേക്കുള്ള താരിഫ് പരിഷ്കരണംമൂലം 455.83 കോടി രൂപയുടെ (Full Year basis) അധികവരുമാനവും 2025-26-ലേക്കുള്ള താരിഫ് പരിഷ്കരണംമൂലം 357.28 കോടി രൂപയുടെ (Full Year basis) അധിക

വരുമാനവും ഉണ്ടാകുമെന്നാണ് റെഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്. 2024-25 താരിഫ് പരിഷ്കരണത്തിന് 05-12-2024 മുതൽ മാത്രം പ്രാബല്യം നൽകിയിട്ടുള്ളതിനാൽ 146 കോടി രൂപയുടെ അധികവരുമാനം മാത്രം ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു.

(സി) ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുന്ന വൈദ്യുതി ചാർജ് വർധനവ് പിൻവലിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിയമം 2003-ലെ വ്യവസ്ഥകൾ, ദേശീയ താരിഫ് നയം-2016, റെഗുലേറ്ററി കമ്മീഷൻതന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ-2021 ~~ഇവയ്ക്ക്~~ **എന്നിവയ്ക്ക്** അനുസൃതമായാണ് താരിഫ് നിർണ്ണയിക്കുന്നത്. റെഗുലേറ്ററി കമ്മീഷൻ നിലവിലുള്ള 5 വർഷം കൺട്രോൾ പീരിയിഡിലേക്ക് (2023-27) റവന്യൂ ഗ്യാപ് നിർണ്ണയിച്ചെങ്കിലും സമയാസമയങ്ങളിൽ റവന്യൂ ഗ്യാപ് പൂർണ്ണമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. 2022-23-വരെ നികത്തപ്പെടാത്ത റവന്യൂ കമ്മി 6408.37 കോടി രൂപയും 2023-24

വർഷത്തെ ട്രൂ അപ് പെറ്റീഷൻ പ്രകാരമുള്ള കമ്മി 1323.95 കോടി രൂപയും കണക്കിലെടുത്താൽ 31-03-24 വരെ സഞ്ചിതകമ്മി 7732.32 കോടി രൂപയാകും. ഈയൊരു സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾ യഥാസമയം നടത്തി മെച്ചപ്പെട്ട ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് കുറഞ്ഞൊരളവിലെങ്കിലും താരിഫ് പരിഷ്കരണമില്ലാതെ കഴിയുകയില്ല. കൂടാതെ വൈദ്യുതി വാങ്ങൽ, പ്രവർത്തന പരിപാലന ചെലവുകൾ മുതലായ അവശ്യം നടത്തപ്പെടേണ്ട ചെലവുകൾക്കുപോലും ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ അനുവദിച്ചുതന്ന നാമമാത്രമായ വർധനവ് ഒഴിവാക്കാൻ സാധിക്കുകയില്ല.

ഗുരുവായൂർ മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിലെ നവീകരണ പദ്ധതികൾ

286 (693) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ ഈ സാമ്പത്തികവർഷം നടപ്പിലാക്കിയതും ഇനി നടപ്പാക്കാൻ

ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ ഈ സാമ്പത്തികവർഷം നടപ്പിലാക്കിയ 58,36,415/- (അൻപത്തിയെട്ട് ലക്ഷത്തി മുപ്പത്താറായിരത്തി നാന്നൂറ്റി പതിനഞ്ച്) രൂപയുടെ നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 8,17,46,141/- (എട്ടുകോടി പതിനേഴ് ലക്ഷത്തി നാൽപ്പത്താറായിരത്തി നൂറ്റിനാൽപ്പത്തിയൊന്ന്) രൂപയുടെ നവീകരണ പ്രവർത്തനങ്ങളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തിയുടേയും വിശദാംശങ്ങളും അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള 277 കോടി രൂപവരുന്ന ആദ്യഘട്ട പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

277 കോടി രൂപയ്ക്ക് ഭരണാനുമതി കിട്ടിയ ആദ്യ സ്മാർട്ട് മീറ്റർ പദ്ധതി 27-07-2024-ന് 2 പാക്കേജുകളായി (പാക്കേജ്-1 സ്മാർട്ട് മീറ്റർ,

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശയവിനിമയ ശൃംഖലയും അനുബന്ധ സോഫ്റ്റ്വെയർ, പാക്കേജ്-2 MDMS സോഫ്റ്റ്വെയർ, ഇന്റഗ്രേഷൻ) ടെൻഡർ ചെയ്തിരുന്നു. പാക്കേജ് 1-ന്റെ കരാർ തുക (PAC) 211 കോടി രൂപയും പാക്കേജ്-2-ന്റെ കരാർ തുക 10 കോടി രൂപയുമായിരുന്നു. കേരള ബദൽ മാതൃക പ്രകാരമുള്ള ആദ്യഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയിൽ ഫീഡർ/ബോർഡർ മീറ്ററുകൾ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ, സർക്കാർ ഉപഭോക്താക്കൾ, എച്ച്.ടി. ഉപഭോക്താക്കൾ എന്നിവർക്കായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഫണ്ടുപയോഗിച്ച് CAPEX അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. രണ്ട് ടെൻഡറിലും 6 വീതം ബിഡ്ഡർമാർ പങ്കെടുത്തിരുന്നു. പാക്കേജ്-1 ടെൻഡറിൽ ഏറ്റവും കുറഞ്ഞ നിരക്കായ 160.9 കോടി രൂപ (PAC-യിൽനിന്ന് 23.7 ശതമാനം കുറവ്) ക്വാട്ട് ചെയ്തത് ഇസ്കാമെക്കോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, രാമലിംഗം കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ് (കൺസോർഷ്യം) ആണ്. പാക്കേജ്-2 ടെൻഡറിൽ ഏറ്റവും കുറഞ്ഞ നിരക്കായ 4.45 കോടി രൂപ (PAC-യിൽനിന്ന് 55.5 ശതമാനം കുറവ്) ക്വാട്ട് ചെയ്തത് ഈസിയാസോഫ്റ്റ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡാണ്. രണ്ട്

പാക്കേജുകളുടേയും വർക്ക് ഓർഡർ 29-01-2025-ന് ഈ കമ്പനികൾക്ക് നൽകിക്കഴിഞ്ഞു. 2026 ജൂലൈ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണം

287 (694) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണ മേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്രഖ്യാപിച്ച മലപ്പുറം പാക്കേജിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണ മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പ്രഖ്യാപിച്ച മലപ്പുറം പാക്കേജിൽ 410.93 കോടി രൂപയുടെ വർക്കുകളാണ് 2024-25, 2025-26, 2026-27 വർഷങ്ങളിലായി വകയിരുത്തിയിരിക്കുന്നത്. 165.26 കോടി രൂപയുടെ പ്രവൃത്തികളാണ് 2024-25 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 55.3 കോടി രൂപയുടെ പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും ബാക്കിയുള്ള

പ്രവൃത്തികളുടെ ടെൻഡർ പുരോഗതിയിലുമാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(ബി) പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല-ദീർഘകാല പദ്ധതികളുടെ വിശദാംശം നൽകാമോ?

2024-25 സാമ്പത്തിക വർഷത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർധിപ്പിക്കൽ, ഏരിയൽ ബഞ്ച്ഡ് കേബിൾ/കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ഹൈ ടെൻഷൻ ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഹൈ ടെൻഷൻ ലൈനിലെ പഴയ കമ്പികൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ/കവേർഡ് കണ്ടക്ടർ ഉപയോഗിച്ചുകൊണ്ട് പുതിയ ലൈൻ നിർമ്മിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ എന്നിവ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. 2025-26, 2026-27 സാമ്പത്തിക വർഷത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി പുതിയ 11 കെ.വി. ഫീഡറുകൾ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ള ലൈനുകളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ലോ ടെൻഷൻ

ലൈനുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, പുതിയ സബ്സ്റ്റേഷനുകളിൽ നിന്നുള്ള 11 കെ.വി. ലൈനുകൾ വലിക്കൽ എന്നിവയും ചെയ്ത് തീർക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(സി) ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുതി തടസങ്ങൾ എന്നിവയ്ക്ക് ശാശ്വതമായ പരിഹാരമാകാൻ പാക്കേജിലൂടെ സാധിക്കുമോ; വ്യക്തമാക്കുമോ?

സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫീഡർ ഓവർ ലോഡിങ് പരിഹരിക്കുകയും ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടുകയും ചെയ്യുന്നതിലൂടെ ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമം, വൈദ്യുതി തടസ്സങ്ങൾ എന്നിവ ശാശ്വതമായി പരിഹരിക്കാനാകുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(ഡി) പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; പാക്കേജ് പരിപൂർണ്ണമായും എന്നത്തേക്ക് യാഥാർഥ്യമാകുമെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ, വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ള സബ്സ്റ്റേഷനുകളിൽനിന്നുള്ള ഫീഡറുകൾ ഭൂഗർഭ കേബിൾ/ഏരിയൽ ബഞ്ച്ഡ് കേബിൾ തുടങ്ങിയ ലൈൻ ഉപയോഗിച്ച് സ്ഥാപിക്കൽ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2027 മാർച്ച് മാസത്തോടുകൂടി പരിപൂർണ്ണമായും ഈ പ്രവൃത്തികൾ യഥാർഥ്യമാക്കാൻ സാധിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

ആലത്തൂരിലെ ഇലക്ട്രിക് സെക്ഷനുകളിലെ നവീകരണ പ്രവർത്തനങ്ങൾ

288 (695) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ വിവിധ ഇലക്ട്രിക് സെക്ഷനുകൾക്ക് കീഴിൽ ഈ വർഷം നടപ്പിലാക്കിയതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടേയും വോൾട്ടേജ്

ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടേയും വിശദാംശം ഇലക്ട്രിക് സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ?

ആലത്തൂർ നിയമസഭാമണ്ഡലത്തിന്റെ പരിധിയിൽവരുന്ന വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഈ സാമ്പത്തിക വർഷം (2024-25) നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവൃത്തികളുടേയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടേയും വിശദാംശങ്ങൾ ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ച് അനുബന്ധമായി+ ചേർക്കുന്നു.

പുരപ്പുറ സോളാർ പദ്ധതി

289 (696) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി പ്രകാരം നാളിതുവരെ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതി പ്രകാരം ഇനി എത്ര കണക്ഷനുകൾ നൽകാനുണ്ടെന്ന് വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരപ്പുറ സോളാർ പദ്ധതിയിൽ 31-01-2025-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 206163 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം ആകെ 336 സോളാർ കണക്ഷനുകൾ നൽകാനുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ മുൻഗണന പ്രകാരമാണോ തീർപ്പ് കല്പിക്കുന്നത്; ഇല്ലെങ്കിൽ അപേക്ഷകൾ മുൻഗണനപ്രകാരം തീർപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുൻഗണന പ്രകാരമാണ് അപേക്ഷകൾ തീർപ്പ് കല്പിക്കുന്നത്. പദ്ധതിക്കായുള്ള MNRE-യുടെ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്ത്, ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്തതിനുശേഷം സാധ്യതാ പരിശോധനയ്ക്കുള്ള അപേക്ഷ ഫീസ് സെക്ഷൻ ഓഫീസിൽ അടയ്ക്കുന്ന മുറയ്ക്കുള്ള മുൻഗണനയ്ക്കനുസരിച്ചാണ് തീർപ്പ് കല്പിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര യൂണിറ്റ് വൈദ്യുതി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കുമോ; ഇപ്രകാരമുള്ള വൈദ്യുതി ഉല്പാദനം സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി

പരിഹരിക്കാൻ സഹായകരമാകുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിച്ച് വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ലഭ്യമായ കണക്കുകൾ പ്രകാരം 2025 ജനുവരിയിൽ ആകെ 995.70 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള വൈദ്യുതി ഉല്പാദനം സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സഹായകരമാകുന്നില്ല. സോളാർ വൈദ്യുതി ലഭിക്കുന്നത് പകൽ 6 മണി മുതൽ വൈകിട്ട് 6 മണി വരെയാണ്. എന്നാൽ സംസ്ഥാനം വൈദ്യുതി പ്രതിസന്ധി നേരിടുന്നത് വൈകിട്ട് 6 മണി മുതൽ രാത്രി 10 മണി വരെയാണ്. കൺസ്യൂമേഴ്സിന്റെ കെട്ടിടത്തിൽതന്നെ സ്ഥാപിക്കാൻ കഴിയുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിലൂടെ ഈ പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായുള്ള ഇൻസെന്റീവ് ലഭിക്കാൻ MNRE-യെ സമീപിച്ചിട്ടുണ്ട്.

സോളാർ ഹൈബ്രിഡ് പ്ലാന്റ്

290 (697) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. അനുമതി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സോളാർ ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ സോളാർ ജനറേഷൻ മീറ്റർ, ബൈഡിറക്ഷണൽ മീറ്റർ എന്നിവ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സോളാർ ഹൈബ്രിഡ് പ്ലാന്റ് സിസ്റ്റത്തിന്റ് അംഗീകൃത സ്കീം/ ലേഔട്ട് ലഭ്യമാക്കാമോ?

(എ-സി) പുതുതലമുറ സോളാർ ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഡ്രോയിങ് അടക്കമുള്ള ഫയൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലാണ്.

സോളാർ വൈദ്യുത പദ്ധതി

291 (698) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സോളാർ വൈദ്യുത പദ്ധതി പ്രകാരം സംവിധാനമൊരുക്കുന്നതിനുള്ള മീറ്റർ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നവംബർ, ഡിസംബർ മാസങ്ങളിൽ LT സിംഗിൾ ഫേസ് സോളാർ നെറ്റ് മീറ്ററിന് കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഈ സമയം LT ത്രീ ഫേസ് സോളാർ നെറ്റ് മീറ്റർ ലഭ്യമായിരുന്നു. ഡിസംബർ മാസം അവസാനത്തോടെ 10000 LT സിംഗിൾ ഫേസ് സോളാർ നെറ്റ് മീറ്ററും 27500 LT ത്രീ ഫേസ് സോളാർ നെറ്റ് മീറ്ററും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അടുത്ത വർഷത്തേക്കുള്ള ആവശ്യകത ലക്ഷ്യമിട്ട് 93000 LT സിംഗിൾ ഫേസ് സോളാർ നെറ്റ് മീറ്ററും 45500 LT ത്രീ ഫേസ് സോളാർ നെറ്റ് മീറ്ററും

ലഭ്യമാക്കാൻ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. മാത്രമല്ല, ഉപഭോക്താവിന് സ്വന്തം ചെലവിൽ നെറ്റ് മീറ്റർ വാങ്ങി സ്ഥാപിക്കാവുന്നതാണ്. അത്തരം ഉപഭോക്താക്കളിൽനിന്ന് മീറ്റർ വാടക ഈടാക്കുന്നതല്ല.

പാലക്കാട് ജില്ലയിലെ പുരപ്പുറ സോളാർ പദ്ധതി

292 (699) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി പാലക്കാട് ജില്ലയിൽ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാനത്ത് 02-02-2025 വരെ 1010 ഡെവലപ്പർമാരെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ലിസ്റ്റ് ചെയ്തിട്ടുള്ള എല്ലാ ഡെവലപ്പർമാർക്കും പാലക്കാട് ജില്ലയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. പുതിയ ഡെവലപ്പർമാർ പദ്ധതിയിൽ

ഉൾപ്പെടുന്നതിനുവേണ്ടി, അപ്പൈ ചെയ്യുന്നതിനനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. പുരപ്പുറ സോളാർ പദ്ധതി പാലക്കാട് ജില്ലയിൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ (ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ബ്ലോക്ക് പഞ്ചായത്ത്), ഗവൺമെന്റ്, സഹകരണ സ്ഥാപനങ്ങൾ എന്നിവ വാർഷിക പദ്ധതികൾ, കേന്ദ്ര ധനസഹായ പദ്ധതികൾ, മറ്റ് പദ്ധതികൾ എന്നിവയിൽനിന്നും തുക വകയിരുത്തി ആവിഷ്കരിക്കുന്ന സൗരോർജ പദ്ധതികൾ അനെർട്ട് ഡെപ്പോസിറ്റ് വർക്ക് പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ഇതുവരെ 54 തദ്ദേശസ്വയംഭരണ, ഗവൺമെന്റ്, സഹകരണ സ്ഥാപനങ്ങളിലായി ആകെ 489 kW ശേഷിയുള്ള സൗരോർജ പവർ പ്ലാന്റ് പദ്ധതികൾ സ്ഥാപിച്ചു. കൂടാതെ നിലവിൽ 24 സ്ഥാപനങ്ങളിലായി ആകെ 405 kW ശേഷിയുള്ള സൗരോർജ പദ്ധതികളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അനെർട്ട് സർവെ പൂർത്തിയാക്കി എസ്റ്റിമേറ്റ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനനുസരിച്ച് പ്രവൃത്തികൾ വ്യാപിപ്പിക്കുന്നതാണ്. കൂടാതെ

പാലക്കാട് ജില്ലയിൽ ചിറ്റൂർ, മലമ്പുഴ നിയോജകമണ്ഡലങ്ങളിലായി വനിതാ ശിശുക്ഷേമ വകുപ്പിനുകീഴിലുള്ള 80 ഓളം അങ്കണവാടികളിൽ മാതൃകാ പദ്ധതിയായി അനെർട്ട് പ്ലാൻ ഫണ്ട് ചെലവഴിച്ച് 2kW വീതം ശേഷികളുള്ള 80 പുരപ്പുറ ഓൺഗ്രിഡ് സൗരോർജ നിലയങ്ങൾ (160kW) സ്ഥാപിച്ചു.

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഉചിതമായ ആനുകൂല്യങ്ങൾ നൽകി പദ്ധതിയുടെ ഉപഭോക്താക്കളാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി MNRE 13-01-2025-ലെ ഓഫീസ് മെമ്മോറാണ്ടം വഴി RESCO (Renewable Energy Service Company) മോഡലും ULA (Utility Led Aggregation) മോഡലും അവതരിപ്പിച്ചിട്ടുണ്ട്. അത് നടപടിക്രമങ്ങൾ പൂർത്തീകരിച്ചു, റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി മാത്രമെ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനുകൂടി സൗരോർജ നിലയങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ അനെർട്ട്

നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ മാതൃകാ പദ്ധതിയാണ് 'ഗ്രീൻ ഇൻകം സ്കീം അഥവാ ഹരിതവരുമാന പദ്ധതി'. സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർക്ക് മാത്രം പ്രാപ്യമായിരുന്ന ഇത്തരം പദ്ധതികൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുകൂടി സൗജന്യമായി ലഭ്യമാക്കുകയും അതിലൂടെ ഒരു വരുമാനം ഉറപ്പുവരുത്തുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ, പട്ടികജാതി വകുപ്പ് നിർമ്മിച്ച വീടുകൾ, പുനർഗേഹം പദ്ധതി വഴി നിർമ്മിച്ച വീടുകൾ എന്നിവയിലാണ് സൗജന്യമായി ശൃംഖലാബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നത്. കേന്ദ്ര സർക്കാർ സബ്സിഡിക്ക് പുറമെ ഗുണഭോക്തൃ വിഹിതം പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിക്ക് കീഴിൽ 1700 വീടുകളിൽ അനെർട്ട് ഇതിനോടകം സൗജന്യമായി 2-3 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിച്ചുനൽകിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം കൂടുതൽ വീടുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

പുരപ്പുറ സോളാർ പദ്ധതി

293 (700) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുവാനായി കെ.എസ്.ഇ.ബി.എൽ. 02-02-2025 വരെ സംസ്ഥാനത്ത് 1010 ഡെവലപ്പർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ ഡെവലപ്പർമാർ പദ്ധതിയിൽ ഉൾപ്പെടുന്നതിനുവേണ്ടി, അപ്ലൈ ചെയ്യുന്നതിനനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ പുരോഗമിക്കുന്നു. പദ്ധതി നടത്തിപ്പിൽ ഉൾപ്പെട്ടിട്ടുള്ള സെക്ഷൻ ഓഫീസ് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഡെവലപ്പർമാരുടെയും കാര്യക്ഷമത വർധിപ്പിക്കുന്നതിനായി നാഷണൽ പവർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് പരിശീലനം നൽകിവരുന്നു. കൂടാതെ ഇപ്പോൾ കൺസ്യൂമേഴ്സിന്

രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കികൊണ്ട് MNRE രജിസ്ട്രേഷൻ പോർട്ടൽ 2.0 അവതരിപ്പിച്ചിട്ടുണ്ട്.

പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ അനെർട്ട് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.

റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് 'റെസ്കോ (RESCO) മോഡൽ' പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

സർക്കാർ ഫണ്ടുപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/പുനർഗേഹം വീടുകളിൽ 2 KW വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

വിദൂര ആദിവാസി കോളനികളിൽ വിൻഡ്/സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് നൽകിവരുന്ന സബ്സിഡി വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പി.എം. സൂര്യ ഘർ പദ്ധതിക്ക് സബ്സിഡി നൽകുന്നത് കേന്ദ്ര നവ പുനരുപയോഗ ഊർജ മന്ത്രാലയമാണ്. പ്രസ്തുത പദ്ധതിയുടെ സബ്സിഡി വർധിപ്പിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ഒന്നുംതന്നെ ലഭ്യമല്ല.

അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതിപ്രകാരം സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ പ്ലാന്റുകൾക്ക് പ്രോജക്ട് തുകയുടെ 10 ശതമാനം വരെ ഇൻസെന്റീവ് നൽകിവരുന്നുണ്ട്. ഗാർഹിക മേഖലയിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ സബ്സിഡി മാത്രമാണ് നിലവിലുള്ളത്.

(സി) പ്രസ്തുത പദ്ധതിയിൽ എത്ര ഉപഭോക്താക്കൾ പങ്കാളികളായിട്ടുണ്ട്; വിശദമാക്കാമോ?

02-02-2025-ലെ കണക്കുകൾ പ്രകാരം 269170 പേർ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും 109678 പേർ ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യുകയും 65920 പേർ സോളാർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിക്ക് നൽകിവരുന്ന സബ്സിഡി നിർത്തലാക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം

294 (701) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ലൈനുകളിൽനിന്ന് വൈദ്യുതാഘാതമേറ്റ് അപകടം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വൈദ്യുതി കമ്പിയിൽ തട്ടി അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നു. ജോലിക്കിടെയുള്ള അപകടത്തിൽ മരണപ്പെടുന്ന ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും (പെറ്റി കോൺട്രാക്ട് ജീവനക്കാർ) തൊഴിലാളി നഷ്ടപരിഹാര നിയമം 1923 പ്രകാരം മാസവേതനത്തിന്റെയും വയസ്സ് ഘടകത്തിന്റെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അനുവദിച്ചുവരുന്നു.

<u>അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് നല്കുന്ന ആശ്വാസധന സഹായം/ നഷ്ടപരിഹാരം</u>:-

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതാപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള "വൈദ്യുതി സുരക്ഷാ പദ്ധതി"യുടെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിക്കുന്ന ആശ്വാസ ധനസഹായം/നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊട്ടിവീണ കമ്പികളിൽനിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) സംഭവിക്കുന്ന അപകടങ്ങളിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി" പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരമായി പരമാവധി പത്തുലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി" പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരമായി പരമാവധി രണ്ടുലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

3. മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ്

നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി 10 ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

4. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി രണ്ട് ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

അപകടം സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതിപ്രകാരം ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനായി അപകടത്തിന്റെ പ്രഥമവിവര റിപ്പോർട്ട്,

സൈറ്റ് മഹസർ, അപകടത്തിന്റെ വിശദവിവര റിപ്പോർട്ട് എന്നീ രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡിവിഷൻ ഓഫീസിൽനിന്നും ലഭിക്കുന്നതനുസരിച്ച് ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിച്ച് അർഹതയുള്ളതാണെന്ന് തെളിയുന്നപക്ഷം അനന്തരാവകാശികൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതാണ്.

(ബി) തിരുവല്ല താലൂക്കിൽ നിരണം വില്ലേജിൽ പാലയ്ക്കൽ വീട്ടിൽ പ്രസന്നകുമാർ 15-11-2024-ൽ പൊട്ടിവീണ ഇലക്ട്രിക് ലൈനിൽനിന്ന് ഷോക്കേറ്റ് മരണപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തിരുവല്ല താലൂക്കിൽ നിരണം വില്ലേജിൽ പാലയ്ക്കൽ വീട്ടിൽ പ്രസന്നകുമാർ 15-11-2024-ൽ പൊട്ടിവീണ ഇലക്ട്രിക് ലൈനിൽനിന്ന് ഷോക്കേറ്റ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകിയിട്ടില്ല. നഷ്ടപരിഹാരം ലഭിക്കുന്നതിനായി തിരുവല്ല ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിൽനിന്നും ചീഫ് പേഴ്സണൽ ഓഫീസിലേക്ക് ആക്സിഡന്റിന്റെ

വിശദമായ റിപ്പോർട്ട്, ഫോം എ, സൈറ്റ് മഹസർ എന്നിവ അയച്ചുകൊടുത്തിട്ടുണ്ട്. കെ.എസ്.ഇ.ബി-യുടെ വൈദ്യുതിസുരക്ഷാ പദ്ധതി പ്രകാരം ആശ്വാസ ധനസഹായത്തിനായി തിരുവല്ല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 17-01-2025-ൽ നൽകിയ കത്ത് 20-01-2025-ന് ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയത്തിൽ ലഭിച്ചു. താഴെപ്പറയുന്ന രേഖകൾ കൂടി തുടർനടപടികൾക്കായി ആവശ്യപ്പെട്ടുകൊണ്ട് തിരുവല്ല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു.

1. മരണ സർട്ടിഫിക്കറ്റിന്റെ അസ്സൽ.

2. പോലീസ് എഫ്.ഐ.ആർ. (പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)

3. പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെ പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

4. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് (പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)

5. തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ അസ്സൽ

6. അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഒന്നിൽ കൂടുതൽ അവകാശികളുണ്ടെങ്കിൽ ധനസഹായം കൈപ്പറ്റുന്നതിന് ഒരാളെ ചുമതലപ്പെടുത്തിക്കൊണ്ട് അനന്തരാവകാശ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള മറ്റുള്ളവർ ഒരു നോട്ടറി പബ്ലിക്കിന് മുമ്പാകെ ഒപ്പിട്ട് നൽകിയ സമ്മത സത്യവാങ്മൂലത്തിന്റെ അസ്സൽ.

മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുള്ളതും ലഭ്യമാകുന്നമുറയ്ക്ക് ആയതിലെ പരാമർശങ്ങൾക്ക് വിധേയമായും ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് പരിഗണിക്കേണ്ടുന്ന വ്യവസ്ഥകളുൾക്കൊള്ളുന്ന ബോർഡ് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും ആശ്വാസ ധനസഹായം അനുവദിക്കുന്നതാണ്.

നിലാവ് പദ്ധതി

295 (702) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ 'നിലാവ് പദ്ധതി' പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകൾ, ഗ്യാരന്റി കാലാവധി അനുസരിച്ച് കേടായത് മാറ്റി സ്ഥാപിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

നിലാവ് പദ്ധതി പ്രകാരം സ്ഥാപിക്കുന്ന LED സ്ട്രീറ്റ് ലൈറ്റുകൾ 7 വർഷ കാലയളവിൽ കേടായാൽ അവയുടെ കേടുപാടുകൾ തീർത്തോ/പുതിയവ നൽകുകയോ ചെയ്യേണ്ടത് ടി പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായ EESL ആണ്. കേടായ LED സ്ട്രീറ്റ് ലൈറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പോസ്റ്റിൽനിന്നും അഴിച്ചിറക്കി അതത് സെക്ഷൻ ഓഫീസുകളിൽ എത്തിക്കുകയും സെക്ഷനുകളിൽനിന്നും ബന്ധപ്പെട്ട സ്റ്റോറുകളിൽ എത്തിച്ച് EESL-ന് അറിയിപ്പ് നൽകുകയും ചെയ്യുമ്പോൾ LED സ്ട്രീറ്റ് ലൈറ്റുകൾ വിതരണം ചെയ്ത കമ്പനിക്കാരെക്കൊണ്ട് EESL ആയവ നന്നാക്കുകയോ പുതിയവ നൽകുകയോ ചെയ്യും. (EESL-ന്റെ ഭാഗത്തുനിന്നും

കേടായ LED ലൈറ്റുകൾ കേടുപാട് തീർത്തുതരുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്). നന്നാക്കിയ LED സ്ട്രീറ്റ്ലൈറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരികെ പോസ്റ്റിൽ സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്. ഈ നടപടിക്രമങ്ങൾ പാലിക്കപ്പെടുമ്പോഴുണ്ടാകുന്ന കാലതാമസമാണ് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെന്നപോലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും ഉണ്ടാകുന്നത്.

(ബി) നിലാവ് പദ്ധതി പ്രകാരം നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് കെ.എസ്.ഇ.ബി. സ്ഥാപിച്ചതെന്ന് വിശദമാക്കാമോ; ഇതിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് പ്രവർത്തനരഹിതമായതെന്ന് വ്യക്തമാക്കാമോ?

നിലാവ് പദ്ധതി പ്രകാരം നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് 7500 LED സ്ട്രീറ്റ് ലൈറ്റുകളാണ് സ്ഥാപിച്ചത്. അതിൽ 1017 എണ്ണം കേടാവുകയും 1006 എണ്ണം കേടുപാടുകൾ തീർത്ത് പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേടായ സ്ട്രീറ്റ് ലൈറ്റുകൾ എപ്പോൾ മാറ്റി സ്ഥാപിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കേടായ LED സ്ട്രീറ്റ് ലൈറ്റുകൾ അഴിച്ചിറക്കി സെക്ഷനിലെത്തിക്കുന്ന മുറയ്ക്ക് സ്റ്റോറിലെത്തിച്ച് EESL-ന് നിർദ്ദേശം നൽകി കേടുപാടുകൾ തീർത്ത് നൽകുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

296 (703) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെക്ഷൻ പരിധികളിലെ ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻ തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകൾ ഉപ്പള, മഞ്ചേശ്വരം, വോർക്കാടി, പൈവളിക, പെർള, സീതാംഗോളി എന്നിവയാണ്. പ്രസ്തുത സെക്ഷൻ ഓഫീസുകളിലെ ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

സെക്ഷന്റെ പേര്	ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം	ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം
ഉപ്പള	16996	8372
മഞ്ചേശ്വരം	14989	7383
വോർക്കാടി	12395	6106
പൈവളിക	9828	4842
പെർള	8490	4572
സീതാംഗോളി	12099	5436

(സി) ഉപ്പള സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതിനിരക്ക് വർധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പ്രായോഗികമല്ല. അതിനാൽ ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും

സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുതി ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി മാത്രം സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഗ്രണഭോക്താക്കളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതിലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തനമേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. ആയതിനാൽ ഉപ്പള സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഉഡുപ്പി-കാസർഗോഡ് 400 കെ.വി. ലൈൻ

297 (704) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി-കാസർഗോഡ് 400 കെ.വി. ലൈനിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉഡുപ്പി - കാസർഗോഡ് 400 കെ. വി. വൈദ്യുതി ലൈൻ വലിക്കുന്ന പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. കേന്ദ്ര ഊർജ വകുപ്പിന്റെ ഭാഗമായ ആർ.ഇ.സി. ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് ടി.ബി.സി.ബി. (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിയാണ് നിർദിഷ്ട 400 കെ.വി. ഉഡുപ്പി-കാസർഗോഡ് ലൈനും കരിന്തളം 400 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കുന്നത്.

നിർദിഷ്ട 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈൻ കർണ്ണാടകയിലെ ഉടുപ്പി, ദക്ഷിണ കന്നട ജില്ലകളിലൂടെയും (കർണ്ണാടകയ്ക്കുള്ളിൽ 68 കി.മീ.) കേരളത്തിലെ കാസർഗോഡ് ജില്ലയിലൂടെയും (കേരളത്തിനുള്ളിൽ 47 കീ.മീ)

കടന്നുപോകുന്നു. കേരളത്തിനുള്ളിൽ സ്ഥാപിക്കേണ്ട മൊത്തം 101 ടവറുകളിൽ 99 ടവറുകളുടെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 91 ടവറുകളുടെയും 2.5 കി.മീ. ലൈനിന്റെയും നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി എട്ട് (കേരളത്തിൽ) ടവറുകളുടെ ഫൗണ്ടേഷൻ പ്രവൃത്തിക്ക് വനം വകുപ്പിന്റെ അനുമതി 21-10-2024-ൽ ലഭിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയുമാണെന്നാണ് കെ.എസ്.ഇ.ബി.എൽ.-ന് UKTL കമ്പനിയിൽനിന്നും ലഭിച്ച വിവരം. 6 ടവറുകളുടെ ഫൗണ്ടേഷൻ നിർമ്മാണവും 2 ടവറുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ബാക്കിയുള്ള ടവർ സ്ഥാപിക്കുന്നതും ലൈൻ വലിക്കുന്നതുമായ (കേരളത്തിൽ) പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

കമ്പനിയിൽനിന്ന് കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമായ വിവരങ്ങൾ പ്രകാരം 400 കെ.വി. ഉഡുപ്പി കാസർഗോഡ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

പ്രവൃത്തി	കേരളം	കർണ്ണാടക	ആകെ
ലൈനിന്റെ നീളം	47 കി.മീ.	68 കി.മീ.	115 കി.മീ.
ടവറുകളുടെ എണ്ണം	101	177	278
ഫൗണ്ടേഷൻ പൂർത്തിയായത്	99	44	143

ഇറക്ഷൻ പൂർത്തിയായത്	91	24	115

ലൈൻ നിർമ്മാണം പൂർത്തിയായത് - 2.5 കി.മീ. ഉഡുപ്പി-കരിന്തളം-വയനാട് 400 കെ.വി. വൈദ്യുതി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര പാക്കേജും മറ്റ് അനുബന്ധ വിഷയങ്ങളും കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാരുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ടവരുമായി വൈദ്യുതി വകുപ്പുമന്ത്രി 22-01-2025-ന് വിളിച്ചുചേർത്ത യോഗത്തിൽ ചർച്ചചെയ്ത് സമവായത്തിലെത്തിയിട്ടുണ്ട്.

(ബി) കരിന്തളം 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കരിന്തളത്ത് 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു. ലൈൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ കമ്മിഷൻ ചെയ്യാവുന്നതാണ്.

വെന്നിയൂർ സബ്സ്റ്റേഷൻ

298 (705) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ സബ്സ്റ്റേഷൻ എന്നുമുതൽ പ്രവർത്തനയോഗ്യമാക്കുമെന്ന് വിശദമാക്കാമോ?

വെന്നിയൂർ 33 കെ.വി. സബ്സ്റ്റേഷൻ 27-12-2024-ന് പ്രവർത്തനം ആരംഭിച്ചു.

(ബി) നിലവിൽ 33 കെ.വി. ഇനത്തിൽ വരുന്ന ഈ സബ്സ്റ്റേഷൻ എന്നേയ്ക്ക് 110 കെ.വി. ആയി ഉയർത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഈ പ്രദേശത്തെ ലോഡിലെ വർധന പരിഗണിച്ചുകൊണ്ടുള്ള 110kV സബ്സ്റ്റേഷന്റെ പ്രവൃത്തി 2026-27 വർഷത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

കോതകുറിശ്ശി 110 സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി

299 (706) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ കോതകുറിശ്ശി 110 സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പ്രസ്തുത സബ്സ്റ്റേഷന്റെ ചുറ്റുമതിൽ നിർമ്മാണം 80 ശതമാനവും കൺട്രോൾ റൂമിന്റെ നിർമ്മാണം 10 ശതമാനവും പൂർത്തീകരിച്ചു. സബ്സ്റ്റേഷൻ സാധനസാമഗ്രികളുടെ ഫൗണ്ടേഷൻ വർക്ക് തുടങ്ങിയിരിക്കുന്നു. ടവർ വർക്ക് ടെൻഡർ ചെയ്തിരിക്കുന്നു.

(ബി) സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം എന്നേയ്ക്ക് പൂർത്തീകരിച്ച് നിലവിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

നിലവിലെ സാഹചര്യമനുസരിച്ച് പ്രസ്തുത സബ്സ്റ്റേഷൻ 2025 ഡിസംബർ 31-ഓടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം

300 (707) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂരിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സബ്സ്റ്റേഷന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

മണിയൂരിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് LARR 2013 ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ കെ.എസ്.ഇ.ബി.എൽ. ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭാഗമായി എത്ര ഭൂവുടമകളിൽനിന്നും ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സർവെ നമ്പർ സഹിതം അറിയിക്കാമോ?

സബ്സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി നാല് ഭൂവുടമകളിൽനിന്നും ഭൂമി ഏറ്റെടുക്കുവാനാണ് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നത്. ഇവയുടെ സർവെ നമ്പറുകൾ 81/35-3, 81/33, 81/34, 81/35, 81/37 എന്നിവയാണ്.

(സി) പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന ഘടകങ്ങൾ എന്തൊക്കെയെന്നും പ്രവൃത്തി എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഈ പ്രവൃത്തിയിൽ 110/11 KV, 12.5 MVA കപ്പാസിറ്റിയുള്ള 2 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും അഞ്ച് 11 KV ഫീഡറുകൾ വഴി ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്കുമായി ബന്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു. സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് മുഖേന ഏതൊക്കെ സ്ഥലങ്ങളിലെ വൈദ്യുതക്ഷാമം പരിഹരിക്കപ്പെടുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ മണിയൂർ, മേമുണ്ട, മേലടി, തിരുവള്ളൂർ, വടകര ടൗൺ എന്നീ സ്ഥലങ്ങളിലെ വൈദ്യുതക്ഷാമത്തിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

220 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗിയർ സബ്സ്റ്റേഷൻ നിർമ്മാണം

301 (708) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ സീതത്തോട് പഞ്ചായത്തിൽ കിഫ്ബി സഹായത്തിൽ കെ.എസ്.ഇ.ബി. നിർമ്മിക്കുന്ന 220 കെ.വി.

ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗിയർ സബ്സ്റ്റേഷൻ നിർമ്മാണപ്രവൃത്തി സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കോന്നി നിയോജകമണ്ഡലത്തിലെ സീതത്തോട് പഞ്ചായത്തിൽ KIIFB സഹായത്തോടെ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെട്ട കക്കാട് 220 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ കരാർ 43.21 കോടി രൂപയ്ക്ക് ടെക്നോ ഇലക്ട്രിക്കൽ എഞ്ചിനീയറിങ് എന്ന കമ്പനിക്ക് 09-12-2021-ൽ നൽകിയിട്ടുള്ളതാണ്. പദ്ധതിയുടെ ഭാഗമായി 100 എം.വി.എ. ട്രാൻസ്ഫോർമറും 8 ബേകളും ഉൾപ്പെട്ട പദ്ധതി 31-03-2025-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. പദ്ധതിയുടെ ഏകദേശം 73.51 ശതമാനം പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു.

വൈദ്യുതി ബോർഡിൽ ഡയറക്ടർ നിയമനം

302 (709) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-06-2023-നശേഷം വൈദ്യുതി ബോർഡിൽ പ്രസരണം, ഉൽപാദനം, സിവിൽ എന്നീ മേഖലകളിൽ സ്ഥിരം ഡയറക്ടർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിൽ പ്രസരണം, ഉൽപാദനം, സിവിൽ എന്നീ മേഖലകളിൽ സ്ഥിരം ഡയറക്ടർ നിലവിലുണ്ടോ?

(എ&ബി) കമ്പനി നിയമത്തിൽ സ്ഥിരം ഡയറക്ടറെന്നോ താൽക്കാലിക ഡയറക്ടറെന്നോ വർഗീകരണമില്ല. ഡയറക്ടർമാരുടെ പൂർണ്ണചുമതല കമ്പനിയിലെ ചില ചീഫ് എഞ്ചിനീയർമാർക്ക് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 06-09-2024-ലെ ബോർഡ് ഉത്തരവ് പ്രകാരം കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡിന് ഡയറക്ടർമാരെ തിരഞ്ഞെടുക്കാൻ നൽകിയ തുക എത്രയെന്ന് അറിയിക്കുമോ?

ഡയറക്ടർ (ഫിനാൻസ്), ഡയറക്ടർ (ടെക്നിക്കൽ-ഇലക്ട്രിക്കൽ), ഡയറക്ടർ (സിവിൽ) എന്നീ തസ്തികയിലേക്കുള്ള റിക്രൂട്ട്മെന്റ് ഫീസ്

ഇനത്തിൽ റിക്രൂട്ട്മെന്റ് ബോർഡ് നൽകിയ invoice-ന്റെ അടിസ്ഥാനത്തിൽ ഒരു വിഭാഗത്തിന് 7 ലക്ഷം രൂപ നിരക്കിൽ മൂന്ന് വിഭാഗത്തിനും ചേർത്ത് 21 ലക്ഷം രൂപ (GST ഒഴികെ) നൽകിയിട്ടുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചു.

(ഡി) ഡയറക്ടർമാരെ തിരഞ്ഞെടുക്കാൻ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിൽനിന്നും അർഹരായവരെ നിയമിച്ചിട്ടുണ്ടോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഡയറക്ടർ (ഫിനാൻസ്), ഡയറക്ടർ (ടെക്നിക്കൽ-ഇലക്ട്രിക്കൽ) എന്നീ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റ് (കെ.പി.ഇ.എസ്.ആർ.ബി.-യുടെ) വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുണ്ട്.

ഡയറക്ടർ (ഫിനാൻസ്) തസ്തികയുടെ സെലക്ട് ലിസ്റ്റിൽനിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഡയറക്ടർ (ഫിനാൻസ്) തസ്തികയിൽ ശ്രീ. ബിജു ആർ.-നെ നിയമിച്ചിട്ടുണ്ട്.

(ഇ) കമ്പനി നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് വൈദ്യുതി ബോർഡിൽ താൽക്കാലിക ഡയറക്ടർമാരെ നിയമിക്കുന്നത്; ഇതിന് നിയമ പ്രാബല്യം നേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള സർക്കാർ നിയമിക്കുന്ന ഡയറക്ടർമാരെ Companies Act, 2013-ലെ സെക്ഷൻ 152 പ്രകാരം കമ്പനി നിയമിക്കുന്നു. കമ്പനി നിയമത്തിൽ സ്ഥിരം ഡയറക്ടർ എന്നോ താൽക്കാലിക ഡയറക്ടർ എന്നോ വർഗീകരണമില്ല.

കക്കയം ഹൈഡൽ ടൂറിസം കേന്ദ്രം

303 (710) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കക്കയം വിനോദസഞ്ചാര കേന്ദ്രത്തിൽ പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിനും കക്കയം ഹൈഡൽ ടൂറിസം കേന്ദ്രം വിപുലപ്പെടുത്തി വരുമാനം വർധിപ്പിക്കുന്നതിനുമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

കക്കയം ഹൈഡൽ ടൂറിസം കേന്ദ്രം വികസിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ, കെ.എസ്.ഇ.ബി.എൽ.-ഉം വനം വകുപ്പുമായി ഭൂമി സംബന്ധമായ തർക്കം നിലനിൽക്കുന്നതിനാൽ പദ്ധതി സംബന്ധിച്ച തുടർനടപടികൾ ഉണ്ടായിട്ടില്ല.

പാത്തുമ്മുവിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി

304 (711) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വെന്നിയൂർ സെക്ഷനിൽ മരണപ്പെട്ട പെരുവൻകുഴിയിൽ അഹമ്മദിന്റെ ഭാര്യ 75 -കാരിയായ പാത്തുമ്മു 2015-ൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നെങ്കിലും കണക്ഷൻ ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ശ്രീമതി പാത്തുമ്മുവിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീമതി പാത്തുമ്മു മലയംപള്ളി, ഇവരുടെ മകനായ ശ്രീ. അബ്ദുൽ സലാം എന്നിവരുടെ കൂടി ഉടമസ്ഥതയിലുള്ള സ്ഥലത്ത് 18-03-2014-ന് വൈദ്യുതി ദുരുപയോഗം ചെയ്തത് കണ്ടെത്തി ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 126 പ്രകാരം പിഴയായി 5,966/- രൂപ കണക്കാക്കുകയും ഈ തുക അടവാക്കിയിട്ടുള്ളതുമാണ്. ഇതിനുശേഷം 22-09-2015-ന് ഇതേ സ്ഥലത്തുതന്നെ കെട്ടിടത്തിന്റെ നിർമ്മാണാവശ്യത്തിനായി കൃത്രിമ മാർഗത്തിലൂടെ വൈദ്യുതി മോഷണം നടത്തി ഉപയോഗിക്കുന്നത് കണ്ടെത്തി 46,180/- രൂപയുടെ ബിൽ നൽകിയെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല. 2015-ൽ പ്രസ്തുത കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുവാനായി അപേക്ഷ സമർപ്പിച്ചപ്പോൾ കുടിശ്ശിക നിലനിൽക്കുന്ന പ്രിമൈസസിലേക്ക് വൈദ്യുതി കണക്ഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം നൽകാനായില്ല.

(സി) ഇതുസംബന്ധിച്ച് കോടതിയുടെ ഉത്തരവുകൾ എന്തെങ്കിലും വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ശ്രീമതി പാത്തുമ്മുവിന് എന്നത്തേയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഉണ്ട്. ബഹു. ഹൈക്കോടതി WP(C)22429/2019-ൽ 29-08-2019-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ കണക്ഷൻ പുനഃസ്ഥാപിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ കണക്ഷൻ പുനഃസ്ഥാപിച്ച് നൽകാനുള്ള നിബന്ധനകൾ പാലിച്ചിട്ടില്ലാത്തതിനാൽ കണക്ഷൻ നൽകാൻ സാധിച്ചിട്ടില്ല.

റെഗുലേറ്ററി കമ്മീഷന്റെ 10-05-2023-ലെ ഉത്തരവ്

305 (712) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ലെ വൈദ്യുതി നിയമത്തിലെ വകുപ്പ് 108 പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് റെഗുലേറ്ററി കമ്മീഷന്റെ 10-05-2023-ലെ ഉത്തരവ് പുനഃപരിശോധിക്കാൻ നിർദേശം നൽകിയിരുന്നോ; എങ്കിൽ എന്നാണ് ഈ നിർദേശം നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) റെഗുലേറ്ററി കമ്മീഷൻ ദീർഘകാല കരാർ റദ്ദാക്കുന്ന സാഹചര്യത്തിൽ പൊതുതാൽപര്യം മുൻനിർത്തി സർക്കാരിന്റെ അധികാരം വിനിയോഗിച്ചുകൊണ്ട് റെഗുലേറ്ററി കമ്മീഷന്റെ നടപടിയെ തടയാൻ സാധിക്കുമായിരുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇങ്ങനെ ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) ഉണ്ട്; 2023 ഒക്ടോബർ 10-ന് സംസ്ഥാന ഗവൺമെന്റ് വൈദ്യുതി നിയമത്തിലെ വകുപ്പ് 108 പ്രകാരം പൊതുതാൽപര്യം കണക്കിലെടുത്ത് 10-05-2023-ലെ ദീർഘകാല കരാറുകൾ റദ്ദാക്കിക്കൊണ്ടുള്ള ബഹു. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുനഃപരിശോധിക്കാനും/വീണ്ടും പരിഗണിക്കാനും റെഗുലേറ്ററി കമ്മീഷനോട് നിർദ്ദേശിച്ചു. ഇതിനെത്തുടർന്ന് 29-12-2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുപ്രകാരം കരാറുകൾ പുനഃസ്ഥാപിക്കുകയുമാണുണ്ടായത്. എന്നാൽ ഉൽപാദകർ മേൽ ഉത്തരവ് അനുസരിച്ച് വൈദ്യുതി നൽകാൻ തയ്യാറായില്ല. അവർ APTEL-നെ 30-01-2024-ൽ സമീപിക്കുകയും കെ.എസ്.ഇ.ബി.-യുടെ വാദം അംഗീകരിക്കാതെ APTEL, ജനറേറ്റർമാർക്ക്

അനുകൂലമായി 26-07-2024-ന് വിധി പുറപ്പെടുവിക്കുകയുംചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 30-09-2024-ന് APTEL-ന്റെ വിധി ശരിവയ്ക്കുകയുണ്ടായെങ്കിലും 10-05-2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിനെതിരെ അപ്പീൽ പോകാനുള്ള അനുമതി നൽകുകയും ചെയ്തു. കരാറുകൾ റദ്ദാക്കിയതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകിയ ഹർജി നിലവിൽ APTEL-ന്റെ പരിഗണനയിലാണ്. പൊതുതാൽപര്യം മുൻനിർത്തിയുള്ള നയപരമായ നിർദേശം സംസ്ഥാന റെഗുലേറ്ററി കമ്മീഷന് നൽകാൻ മാത്രമേ 2003-ലെ വൈദ്യുതി നിയമം 108 വകുപ്പ് പ്രകാരം സർക്കാരിന് സാധ്യമാകുകയുള്ളൂ. ടി നിർദേശം ഈ വിഷയത്തിൽ നൽകിയിട്ടുണ്ട്.

റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിനെതിരെ
കെ.എസ്.ഇ.ബി.എൽ. നൽകിയ അപ്പീൽ

306 (713) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. കാലത്തെ ദീർഘകാല കരാറുകൾ റദ്ദാക്കിയ

വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 10-05-2023-ലെ ഉത്തരവിനെതിരെ കെ.എസ്.ഇ.ബി.എൽ. ട്രിബ്യൂണലിന് മുമ്പാകെ അപ്പീൽ നൽകിയിരുന്നോ; എങ്കിൽ നൽകിയ അപ്പീൽ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ആർ.സി.-യുടെ 10-05-2023-ലെ ഉത്തരവ് അടിയന്തരമായി സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ. ബഹുമാനപ്പെട്ട അപ്പലേറ്റ് ട്രിബ്യൂണലിനെ (APTEL) സമീപിച്ചിരുന്നു. അപ്പീൽ രേഖകളുടെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(ബി) പ്രസ്തുത അപ്പീൽ പിന്നീട് പിൻവലിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

സംസ്ഥാന സർക്കാർ 10-10-2023-ലെ കത്ത് മുഖേന വൈദ്യുതി നിയമം 2003-ലെ 108-ാം വകുപ്പുപ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷന് കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച പെറ്റിഷനുമേൽ പുറപ്പെടുവിച്ച ഉത്തരവ് പുനഃപരിശോധിക്കാനും ഹർജി വീണ്ടും പരിഗണിക്കാനും നിർദേശം നൽകിയിരുന്നു.

അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ നിലനിൽക്കെ ബഹു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മീഷന് ഉത്തരവ് പുനഃപരിശോധന സാധ്യമല്ലാത്തതിനാൽ ഗവൺമെന്റിന്റെ നിർദേശം പരിഗണിച്ച് ടി വിഷയത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 10-05-2023-ന് പുറപ്പെടുവിച്ച ഉത്തരവിനെതിരെ നൽകിയ ഹർജി ആവശ്യമെങ്കിൽ വീണ്ടും പരിഗണിക്കാമെന്ന ബഹു. അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 31-10-2023-ന് പിൻവലിക്കുകയുണ്ടായി.

വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 10-05-2023-ലെ ഉത്തരവ്

307 (714) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-05-2023-ലെ ഉത്തരവ് പ്രകാരം യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ദീർഘകാല കരാറുകൾ റദ്ദാക്കിയ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നടപടിക്കെതിരെ കമ്പനികൾ അപ്പലേറ്റ് ട്രിബ്യൂണലിനെ സമീപിച്ചിരുന്നോ?

10-05-2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിനെതിരെ

ജിൻഡാൽ പവർ ലിമിറ്റഡ് എന്ന ജനറേറ്റർ അപ്പലേറ്റ് ട്രിബ്യൂണലിനെ സമീപിച്ചിരുന്നു. ഇതിൽ ഉത്തരവൊന്നും ട്രിബ്യൂണൽ പുറപ്പെടുവിച്ചില്ല.

(ബി) ട്രിബ്യൂണലിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അപ്പലേറ്റ് ട്രിബ്യൂണലിന്റെ 26-07-2024-ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(സി) ട്രിബ്യൂണൽ മുമ്പാകെ വൈദ്യുതി ബോർഡ്/സർക്കാർ ഉയർത്തിയ വാദങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കരാറിൽ ഏർപ്പെടാനുണ്ടായ സാഹചര്യം, കരാറിൽ ഏർപ്പെട്ടതുമൂലം സംസ്ഥാനത്തിനുണ്ടായിട്ടുള്ള മെച്ചം, പ്രസ്തുത വൈദ്യുതി കരാറിന്റെ ആവശ്യകതയും കരാർ റദ്ദാക്കിയാൽ സംസ്ഥാനത്തിനുണ്ടാകാവുന്ന വൈദ്യുതി/സാമ്പത്തിക പ്രതിസന്ധികൾ, വൈദ്യുതി നിയമത്തിലെ 108 വകുപ്പുപ്രകാരം സംസ്ഥാന ഗവൺമെന്റിന് പോളിസി നിർദേശം നൽകാനുള്ള അധികാരം, സംസ്ഥാന സർക്കാരിന്റെ പോളിസി നിർദ്ദേശത്തിന്റെ നിയമസാധ്യതകൾ ഉൾപ്പെടെയുള്ള ശക്തമായ വാദങ്ങൾ കെ.എസ്.ഇ.ബി.എൽ. ബഹുമാനപ്പെട്ട അപ്പലേറ്റ് ട്രിബ്യൂണൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുമ്പാകെ ഉന്നയിച്ചിരുന്നു.

വൈദ്യുതി പ്രതിസന്ധി നേരിടുന്നതിന് കോൾ ലിങ്കേജ്

308 (715) ശ്രീ. എം. എം. മണി:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ എം. രാജഗോപാലൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെയും പരിശ്രമങ്ങളുടെയും ഫലമായി കോൾ ലിങ്കേജ് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ ലഭ്യമാകുന്ന കൽക്കരിയിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പ്രാരംഭഘട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കുമോ?

(എ&ബി) ഉണ്ട്, സംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി.എൽ.-ന്റെയും നിരന്തരപരിശ്രമത്തിന്റെ ഫലമായി 500MW വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ കൽക്കരി വിഹിതം (Coal Linkage)

29-08-2024-ന് അനുവദിച്ചുകിട്ടിയിട്ടുണ്ട്. SHAKTI Policy B(iv) പ്രകാരം ഈ കൽക്കരി വിഹിതത്തിനനുസരിച്ച് മത്സരാധിഷ്ഠിത ടെൻഡർ (TBCB) വിളിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) സംസ്ഥാനത്തിന്റെ നിലവിലെ താപവൈദ്യുത ഉൽപാദനശേഷി എത്രയാണെന്നും അത് എത്രയാക്കി ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

നിലവിൽ കേരളത്തിന്റെ താപവൈദ്യുത ഉൽപാദനശേഷി 519.54 MW (RGCCPP -359.58 MW, BDPP –63.96 MW, KDPP -96 MW) ആണ്. എന്നാൽ ഇവയിൽനിന്നും ഇപ്പോൾ വൈദ്യുതോൽപാദനം നടക്കുന്നില്ല.

BKPL (BSES Kerala Power Ltd)-ന് 165 MW ശേഷിയുള്ള താപനിലയമുണ്ടെങ്കിലും കെ.എസ്.ഇ.ബി.എൽ.-മായി നിലവിൽ വൈദ്യുതി വാങ്ങൽ കരാറുകൾ ഒന്നുമില്ല. മേൽ സൂചിപ്പിച്ച താപനിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ ഉയർന്ന നിരക്ക് കാരണം പ്രസ്തുത നിലയങ്ങൾ ദൈനംദിന ആവശ്യങ്ങൾക്ക് schedule ചെയ്യാറില്ല. ഇതിനുപുറമെ PCBL Ltd. (17 MW)

എന്ന CPP താപനിലയവും കേരളത്തിലുണ്ട്.

താപവൈദ്യുത ഉൽപാദനശേഷി ഉയർത്തുന്നതിനായുള്ള പദ്ധതികളൊന്നും ഇപ്പോൾ കെ.എസ്.ബി.എൽ.-ന്റെ പരിഗണയിലില്ല.

ഭവന നിർമ്മാണത്തിന് എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടി

309 (716) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 110 കെ.വി. ഇലക്ട്രിക് ലൈനിന് കീഴിൽ സ്ഥിതി ചെയ്യുന്ന ജീർണ്ണാവസ്ഥയിലുള്ള വീടുകൾ ലൈഫ് മിഷൻ, പുനർഗേഹം, പി.എം.എ.വൈ. മുതലായ ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിന് വൈദ്യുതി വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം നിർമ്മാണം മുടങ്ങിപ്പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 പ്രകാരം നിലവിലുള്ള ശിരോപരി ലൈനിന് താഴെയുള്ള കെട്ടിട

നിർമ്മാണം പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. കേരളത്തിലെ പ്രത്യേക പരിതസ്ഥിതി പരിഗണിച്ചും സംസ്ഥാനത്തെ ഉയർന്ന ജനസാന്ദ്രതയും വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലപരിമിതിയും കണക്കിലെടുത്ത് റെഗുലേഷൻ 136(1) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം ഉപയോഗിച്ച് റെഗുലേഷൻ 62(1), റെഗുലേഷൻ 63(1)-ൽ വ്യതിയാനം അനുവദിച്ച് റെഗുലേഷൻ 65-ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിച്ചുകൊണ്ട് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ്ങ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തി ഉപാധികളോടെ ശിരോപരി ലൈനിന് താഴെ വീട് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിരുന്നു. തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച അപേക്ഷകൾ പരിശോധിക്കുന്നതിനായി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള ശിരോപരി ലൈനിന് താഴെ വീട് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ ആ

ഓഫീസുകളിൽനിന്നും സ്ഥലപരിശോധന നടത്തി പരിശോധനാ റിപ്പോർട്ട്, അനുബന്ധരേഖകൾ, അഭിപ്രായം എന്നിവ സഹിതം പ്രസ്തുത കമ്മിറ്റിയുടെ പരിശോധനയ്ക്കായി സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റി അപേക്ഷകളും പരിശോധന റിപ്പോർട്ടും വിശദമായി പരിശോധിച്ച് അനുമതി നൽകാവുന്നതാണോ അല്ലയോ എന്നത് സംബന്ധിച്ച് വ്യക്തമായ ശിപാർശ സർക്കാരിലേക്ക് തുടർനടപടികൾക്കായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന ഓരോ അപേക്ഷയും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അന്തിമതീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം സർക്കാരിനാണ്.

(ബി) ഇത്തരത്തിൽ ഭവനനിർമ്മാണത്തിന് എൻ.ഒ.സി. ലഭിക്കുന്നതിനുവേണ്ടി കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ പഞ്ചായത്തിലെ ശ്രീമതി നീലി, ശ്രീ. ഉണ്ണികൃഷ്ണൻ എന്നിവർ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

അപേക്ഷകർ പാലക്കാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ച് ആ കാര്യാലയത്തിൽനിന്നും

പരിശോധന നടത്തി വിശദമായ റിപ്പോർട്ട് (എ) പിരിവിനുള്ള മറുപടിയിൽ പരാമർശിച്ച കമ്മിറ്റിയുടെ പരിശോധനയ്ക്കായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേക്ക് അയയ്ക്കുന്നതാണെന്നും പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ശ്രീമതി നീലിയെയും ശ്രീ. ഉണ്ണികൃഷ്ണനെയും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്.

കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന വൈദ്യുതി

310 (717) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ കേന്ദ്ര വിഹിതമായി നാളിതുവരെ ലഭിക്കേണ്ടിയിരുന്ന വൈദ്യുതി എത്രയെന്നും ഇതിൽ എത്ര മെഗാവാട്ട് വൈദ്യുതി ലഭിച്ചുവെന്നും അറിയിക്കുമോ?

2024-25 വർഷം കേന്ദ്ര വിഹിതമായി ലഭിക്കേണ്ട വൈദ്യുതിയുടെ അവകാശപരമായ അളവ് പ്രതിദിനം 37.65 ദശലക്ഷം യൂണിറ്റാണ്. കഴിഞ്ഞ ഏപ്രിൽ മുതൽ പ്രതിദിനം ലഭിച്ച ശരാശരി വൈദ്യുതിയുടെ കണക്ക് താഴെ

ചേർക്കുന്നു.

മാസം	പ്രതിദിന ശരാശരി അളവ് (ദശലക്ഷം യൂണിറ്റ്)
ഏപ്രിൽ 2024	33.75
മെയ് 2024	33.37
ജൂൺ 2024	27.08
ജൂലൈ 2024	27.11
ഓഗസ്റ്റ് 2024	30.34
സെപ്തംബർ 2024	31.08
ഒക്ടോബർ 2024	34.3
നവംബർ 2024	32.51
ഡിസംബർ 2024	31.23
ജനുവരി 2025	32.27

ജനറേറ്ററുകളുടെ ആസൂത്രിത അറ്റകുറ്റപ്പണികളും അപ്രതീക്ഷിതമായി വരുന്ന അറ്റകുറ്റപ്പണികളും മൂലമാണ് വൈദ്യുതി ലഭ്യതയിൽ കുറവ് വരുന്നത്. 2024-25 ൽ കേന്ദ്ര വിഹിതമായി അനുവദിച്ചത് ശരാശരി 1779 മെഗാവാട്ട് വൈദ്യുതിയാണ്. നിലയങ്ങളിലെ അറ്റകുറ്റപ്പണികൾ, മറ്റ് സാങ്കേതിക തടസ്സങ്ങൾ മുതലായവമൂലം നിലവിൽ ശരാശരി ഏകദേശം 1367 മെഗാവാട്ട് വൈദ്യുതി ലഭ്യമാവുന്നുണ്ട്.

(ബി) മുൻവർഷത്തെ അപേക്ഷിച്ച് കേന്ദ്ര വിഹിതത്തിൽവന്ന

വർധനവ്/കുറവ് സംബന്ധിച്ച് വിശദമാക്കുമോ?

മുൻവർഷത്തെ അപേക്ഷിച്ച് കേന്ദ്ര വിഹിതത്തിൽ കുറവൊന്നും വന്നിട്ടില്ല. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി എൻ.ടി.പി.സി.-യുടെ BARH ഒന്നും രണ്ടും സ്റ്റേഷനുകളിൽനിന്നുള്ള വൈദ്യുതി അധിക വിഹിതമായി 177 മെഗാവാട്ട് ഒക്ടോബർ ഒന്ന് മുതൽ മാർച്ച് 31 വരെ കേന്ദ്ര ഗവൺമെന്റ് അധികാരപ്പെടുത്തി തന്നിട്ടുണ്ട്. ഈ വൈദ്യുതി സെപ്റ്റംബർ വരെ ലഭിക്കാനുള്ള നടപടികൾ തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

മുൻവർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം unallocated വിഭാഗത്തിൽ ലഭിച്ച അധിക വൈദ്യുതി വിഹിതത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**നിലയം**	**വൈദ്യുതി ലഭിച്ച / ലഭ്യമാവുന്ന കാലാവധി**	**വിഹിതം മെഗാവാട്ടിൽ**
1.	NTPC Telengana STPP	2024 April 16 –2024 May 31	180
2.	NTPC BARH	2024 October 1 –2025 June 30	177

(സി) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ വൈദ്യുതി ഉൽപാദന നിലവാരം വ്യക്തമാക്കുമോ?

നിലവിൽ സംസ്ഥാനത്തെ വൈദ്യുതനിലയങ്ങളുടെ സ്ഥാപിതശേഷി 4347.8 മെഗാവാട്ടാണ്. 2024-25 സാമ്പത്തിക വർഷത്തിൽ 31-12-2024 വരെ 5921.0106 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി ഉൽപാദനം ജനുവരി മാസത്തിൽ പ്രതിദിനം 16.68 ദശലക്ഷം യൂണിറ്റായിരുന്നു. തരംതിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

ജനുവരി മാസത്തെ പ്രതിദിന ഉത്പാദനം (ദശലക്ഷം യൂണിറ്റ്)	
സ്രോതസ്സ്	ഉൽപാദനം
ജലവൈദ്യുത നിലയം	14.7346
തെർമൽ	0.2069
സൗരോർജം	0.3022
കാറ്റ്	1.433
ആകെ	16.6767

ഫെബ്രുവരി മാസത്തെ ആസൂത്രിത പ്രതിദിന ഉൽപാദനം 18.20 ദശലക്ഷം യൂണിറ്റാകുന്നു.

(ഡി) പുതിയ വൈദ്യുതിനിരക്ക് വർധനവിന്റെ ഫലമായി ബോർഡിന്റെ വരുമാനത്തിലുണ്ടായിരിക്കുന്ന വർധനവ് സംബന്ധിച്ച് വിശദമാക്കുമോ?

നിരക്കുവർധനവ് പ്രാബല്യത്തിൽവന്നത് 2024 ഡിസംബർ മാസം മുതലായതിനാൽ സാമ്പത്തിക വർഷത്തിന്റെ 3-ാം പാദത്തിൽ മാത്രമെ അത് പ്രതിഫലിക്കുകയുള്ളൂ എന്നതിനാൽ വർധനമൂലമുള്ള അധികവരുമാനം എത്രയാണെന്ന് അതിനുശേഷമേ അറിയാൻ സാധിക്കുവെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 5-12-2024-ലെ ഉത്തരവുപ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് 2024-25, 2025-26 എന്നീ വർഷങ്ങളിലേക്ക് വർധിപ്പിച്ചിട്ടുണ്ട്. വൈദ്യുതി ചാർജിൽ 2024-25-ൽ 2.39 ശതമാനം വർധനവും 2025-26-ൽ 1.75 ശതമാനം വർധനവുമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. 2026-27-ലാകട്ടെ വർധനവ് ഒന്നുംതന്നെ വരുത്തിയിട്ടില്ല.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 5-12-2024-ലെ

ഉത്തരവുപ്രകാരം 2024-25-ലേക്കുള്ള താരിഫ് പരിഷ്കരണംമൂലം 455.83 കോടി രൂപയുടെ (Full Year basis) അധികവരുമാനവും 2025-26-ലേക്കുള്ള താരിഫ് പരിഷ്കരണംമൂലം 357.28 കോടി രൂപയുടെ (Full Year basis) അധികവരുമാനവും ഉണ്ടാകുമെന്നാണ് റെഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്.

2024-25 താരിഫ് പരിഷ്കരണത്തിന് 5-12-2024 മുതൽ മാത്രം പ്രാബല്യം നൽകിയിട്ടുള്ളതിനാൽ ഏകദേശം 146 കോടി രൂപയുടെ അധികവരുമാനം ഈ സാമ്പത്തികവർഷം ലഭ്യമാകുമെന്ന് കരുതുന്നു. കൃത്യമായ കണക്കുകൾ സാമ്പത്തികവർഷം പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ലഭ്യമാകുകയുള്ളൂ.

സൗജന്യ കാർഷിക കണക്ഷനുകൾ- സോളാർ വൈദ്യുതിയിലേക്ക്

311 (718) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സൗജന്യ കാർഷിക കണക്ഷനുകൾ കാർബൺ ന്യൂട്രൽ കൃഷിയിടം പദ്ധതിയിൽ ഉൾപ്പെടുത്തി

സോളാർ വൈദ്യുതിയിലേക്ക് മാറ്റുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് 'പി.എം. കുസും പദ്ധതി (PM-KUSUM)'. പ്രസ്തുത പദ്ധതിയിലൂടെ കാർഷിക പമ്പുകളുടെ സൗരോർജവൽക്കരണം അനെർട്ട് നടപ്പിലാക്കുന്നു. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കൃഷി ഭവനുകളായ അടാട്ട്, വേളൂർ, തോളൂർ, കൈപ്പറമ്പ, അവനൂർ എന്നിവിടങ്ങളിൽ അനെർട്ട് PM-KUSUM NABARD സ്കീമിന്റെ ഭാഗമായി LOA (Letter of Acceptance) നൽകിയിട്ടുണ്ട്. സാധ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ അംഗീകൃത ഏജൻസികൾ സർവെ നടത്തിവരുന്നു. പ്രോജക്ടിന്റെ ഭാഗമായി 84 വർക്ക്സൈറ്റുകളിൽ ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 39 സൈറ്റുകളിൽ സൗരോർജനിലയം സ്ഥാപിക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. പമ്പുകളുടെ സൗരോർജവൽക്കരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) കോൾപ്പടവുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ നിലവിലെ സ്ഥിതി

വ്യക്തമാക്കാമോ?

കേന്ദ്രാനുമതി ലഭിച്ച 9348 പമ്പുകളിൽ 5955 പമ്പുകളുടെ സൗരോജ്വൽക്കരണം നബാർഡ് RIDF ലോൺ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നതിൽ, കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളും ഉൾപ്പെടുന്നു. 20 hp മുതൽ 100hp വരെ ഉയർന്ന ശേഷിയുള്ള പമ്പുകളാണ് ഇതിൽ ഉൾപ്പെടുന്നത്. വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പടവുകളിൽ വിവിധ പാടശേഖര സമിതികളുടെ കീഴിലുള്ള പമ്പുകളുടെ സൗരോർജ്വൽക്കരണം നടത്തുന്നതിനുള്ള ഫീസിബിലിറ്റി പഠനം നടത്തുന്നതിനായി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നെൽകൃഷി നടക്കുന്നതിനാൽ നെല്ല് കൊയ്തതിനുശേഷം മാത്രമെ ഫൗണ്ടേഷൻ ജോലികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ 2025 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി കൊയ്ത്ത് കഴിഞ്ഞശേഷം സാധ്യമായ സൈറ്റുകളിൽ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പി.എം. സൂര്യഘർ പദ്ധതി

312 (719) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം. സൂര്യഘർ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് സ്വന്തമായി ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കുവാനും രാജ്യത്ത് പുരപ്പുറ സോളാർ വൈദ്യുതിയുടെ പങ്ക് വർധിപ്പിക്കുവാനുമായി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതിയാണ് പി.എം. സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന. ഈ പദ്ധതിയിലൂടെ 2026-27-നുള്ളിൽ പുരപ്പുറ സോളാർ പ്ലാന്റുകളിൽനിന്ന് 30GW സോളാർ സ്ഥാപിത ശേഷി കൈവരിക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. ഗാർഹിക മേഖലയിൽ ഒരു കോടി സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് ഒരു കോടി വീടുകളിൽ 300 യൂണിറ്റ് വരെ സൗജന്യ അല്ലെങ്കിൽ കുറഞ്ഞ വിലയ്ക്ക് ഇലക്ട്രിസിറ്റി ലഭ്യമാക്കുക എന്നതും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. 02-02-2025-ലെ കണക്കുകൾ പ്രകാരം 269170 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും 109678 പേർ ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 65920 പേർ സോളാർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം റസിഡൻഷ്യൽ റൂഫ്ടോപ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA)- 1 kW സിസ്റ്റത്തിന് 30,000 രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000 രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000 രൂപയുമാണ്. ഈ സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം.

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്ത് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അറിയിക്കുമോ?

02-02-2025-ലെ കണക്കുകൾ പ്രകാരം 269170 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സോളാർ പ്ലാന്റുകൾക്കുള്ള മീറ്റർ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പദ്ധതിക്കാവശ്യമായ 10000 സിംഗിൾ ഫേസ് മീറ്ററും 27500 ത്രീ ഫേസ് മീറ്ററും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അടുത്ത വർഷത്തേക്കുള്ള ആവശ്യകത ലക്ഷ്യമിട്ട് 93000 എണ്ണം എൽ.ടി. സിംഗിൾ ഫേസ് സോളാർ

നെറ്റ് മീറ്ററും 45000 എണ്ണം എൽ.ടി. ത്രീ ഫേസ് സോളാർ നെറ്റ് മീറ്ററും വാങ്ങുന്നതിനുള്ള ടെൻഡർ 15-01-2025-ൽ തുറന്ന് അനുബന്ധ നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ ഉപഭോക്താക്കൾക്ക് നെറ്റ് മീറ്റർ സ്വന്തം ചെലവിൽ സ്ഥാപിക്കാവുന്നതാണ്. അത്തരത്തിലുള്ള ഉപഭോക്താക്കളിൽനിന്നും മീറ്റർ വാടക ഈടാക്കുന്നതല്ല.

ഹരിത ഊർജ വരുമാന പദ്ധതി

313 (720) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഹരിത ഊർജ വരുമാന പദ്ധതി' മുഖേന എത്ര വീടുകളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനുകൂടി സൗരോർജ നിലയങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അനെർട്ട് നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ മാതൃകാ പദ്ധതിയാണ് 'ഗ്രീൻ ഇൻകം സ്കീം' അഥവാ 'ഹരിതവരുമാന പദ്ധതി'. സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർക്ക്

മാത്രം പ്രാപ്യമായിരുന്ന ഇത്തരം പദ്ധതികൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് കൂടി സൗജന്യമായി ലഭ്യമാക്കുകയും അതിലൂടെ ഒരു വരുമാനം ഉറപ്പുവരുത്തുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ, പട്ടികജാതി വകുപ്പ് നിർമ്മിച്ച വീടുകൾ, പുനർഗേഹം പദ്ധതി വഴി നിർമ്മിച്ച വീടുകൾ എന്നിവയിലാണ് സൗജന്യമായി ശൃംഖലാബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നത്. കൂടാതെ പട്ടികവർഗ വിഭാഗങ്ങളുടെ വീടുകളിൽ അനെർട്ടിന്റെ തനത് ഫണ്ട് ഉപയോഗിച്ചും പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്ക് കീഴിൽ 1700 വീടുകളിൽ അനെർട്ട് ഇതിനോടകം സൗജന്യമായി സൗരോർജ നിലയങ്ങൾ സ്ഥാപിച്ചുനൽകിയിട്ടുണ്ട്. ഓരോ വീട്ടിലും 2-3 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഗാർഹിക ഉപയോഗശേഷം അധികം ഉത്പാദിപ്പിക്കുന്ന വൈദ്യുതി ശൃംഖലയിലേക്ക് നൽകുന്നതിലൂടെ ഗുണഭോക്താവിന് അധികവരുമാനം കണ്ടെത്താൻ കഴിയുന്നതാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താവിന് സൗജന്യമായി ഇൻഡക്ഷൻ

കുക്ക്ടോപ് നൽകുന്നതിലൂടെ എൽ.പി.ജി.-യുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കും.

ഈ പദ്ധതി പ്രകാരം ഇതുവരെ 1395 ലൈഫ് മിഷൻ/പുനർഗേഹം/ ബി.പി.എൽ. വിഭാഗങ്ങളിലുള്ള വീടുകളിലായി 2 കിലോവാട്ട് ശേഷിയുള്ള സൗരോർജ പ്ലാന്റുകളും 305 പട്ടികജാതി കുടുംബങ്ങളിൽ 3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകളും സൗജന്യമായി സ്ഥാപിച്ചുനൽകി. ഇതിനായി 18,10,64,974/- (പതിനെട്ട് കോടി പത്തുലക്ഷത്തി അറുപതിനാലായിരത്തി തൊള്ളായിരത്തി എഴുപത്തിനാല്) രൂപ സംസ്ഥാന സർക്കാരും 6,53,62,221/- (ആറുകോടി അൻപത്തിമൂന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഇരുനൂറ്റി ഇരുപത്തി ഒന്ന്) രൂപ കേന്ദ്ര സർക്കാരും വിനിയോഗിച്ചു.

ഈ പദ്ധതിയിൽ എല്ലാ കുടുംബങ്ങളിലും സൗജന്യമായി ഒരു ഇൻഡക്ഷൻ കുക്ക് സ്റ്റൗവ് വിതരണം ചെയ്തുവഴി ഗുണഭോക്താവിന് പാചക ഇന്ധനവും വൈദ്യുതി ചാർജും ലാഭിക്കാൻ കഴിഞ്ഞു. കൂടാതെ അധിക വൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതുവഴി ഒരു വരുമാനവും ലഭിക്കുന്നു.

ഉദാഹരണമായി ഒരു മൂന്ന് കിലോവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുമ്പോൾ പ്രതിദിനം ഏകദേശം പന്ത്രണ്ട് യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കും. ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയിൽനിന്ന് ഒരു ചെറിയ വരുമാനം കണ്ടെത്താൻ ഈ കുടുംബങ്ങൾക്ക് സാധിക്കും. ഉദാഹരണത്തിന് 100 യൂണിറ്റ് വൈദ്യുതി മാസ ഉപഭോഗമുള്ള ഒരു കുടുംബത്തിന് ഏകദേശം 4000 യൂണിറ്റ് വൈദ്യുതി ഒരു വർഷം ഗ്രിഡിലേക്ക് കയറ്റുമതി ചെയ്യുവാൻ സാധിക്കുന്നു. ഇതിൽനിന്നും ഏകദേശം 12,000 രൂപയോളം വർഷത്തിൽ വരുമാനമായി ലഭിക്കുന്നു. ഈ പദ്ധതി കൂടുതൽ വീടുകളിലേക്ക് വ്യാപിപ്പിക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു.

(ബി) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പാങ്ങോട്, മുണ്ടൻകുന്ന് എസ്.റ്റി. നഗറുകളിൽ നിർമ്മിച്ചിട്ടുള്ള 92 വീടുകളിൽ സൗജന്യ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പാങ്ങോട്, മുണ്ടൻകുന്ന് എസ്.റ്റി.

നഗരുകളിൽ നിർമ്മിച്ചിട്ടുള്ള 92 വീടുകളിൽ സൗജന്യ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പഠനം പൂർത്തികരിച്ചു. ഫണ്ട് ലഭ്യത അനുസരിച്ച് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സഹകരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിങ് സിസ്റ്റം

314 (721) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ പിന്തുടരുന്ന സിംഗിൾ എൻട്രി അക്കൗണ്ടിങ് സിസ്റ്റം മാറ്റി ഡബിൾ എൻട്രി അക്കൗണ്ടിങ് സിസ്റ്റത്തിലേക്ക് മാറാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

സഹകരണ ഓഡിറ്റ് ശക്തമാക്കുന്നതിനും ആധുനികകാല വെല്ലുവിളികളെ നേരിടുന്നതിനും സംഘങ്ങളെ ശാക്തീകരിക്കുന്നതിനുമായി പൊതുവിൽ അംഗീകരിച്ചിട്ടുള്ള Accounting Principle പ്രകാരമുള്ള Double Entry Book Keeping System നടപ്പിലാക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 34A പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതിക്ക് അനുസൃതമായി സഹകരണ സ്ഥാപനങ്ങൾ പിന്തുടരുന്ന സിംഗിൾ എൻട്രി

അക്കൗണ്ടിങ് സിസ്റ്റം മാറ്റി ഡബിൾ എൻട്രി അക്കൗണ്ടിങ് സിസ്റ്റത്തിലേക്ക് മാറുന്നതിനും സഹകരണ സംഘങ്ങളിൽ യൂണിഫൈഡ് സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിലേക്ക് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നിർവഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി നടന്ന ടെൻഡർ നടപടികളിൽ പങ്കെടുത്തതും തുടർന്ന് ടെക്നിക്കൽ ബിഡ്ഡിൽ എല്ലാ യോഗ്യതകളുമുണ്ടെന്ന് ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തിയതുമായ Tata Consultancy Services (T.C.S.)-നെ ഉൾപ്പെടുത്തി ടെൻഡർ നടപടികളുമായി മുന്നോട്ടുപോകുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായും അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (ഐ.ടി.), സ്പെഷ്യൽ സെക്രട്ടറി (സഹകരണം), സഹകരണ

സംഘം രജിസ്ട്രാർ തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

315 (722) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

നം.	ജില്ല	എണ്ണം
1	തിരുവനന്തപുരം	2335
2	കൊല്ലം	1349
3	പത്തനംതിട്ട	680
4	ആലപ്പുഴ	1033
5	കോട്ടയം	1032
6	ഇടുക്കി	824
7	എറണാകുളം	1511
8	തൃശ്ശൂർ	1580
9	പാലക്കാട്	957
10	മലപ്പുറം	1137
11	കോഴിക്കോട്	1372
12	വയനാട്	444
13	കണ്ണൂർ	1495
14	കാസർഗോഡ്	644
ആകെ		**16393**

(ബി) പ്രതിവർഷം ഓഡിറ്റ് നടത്തുന്നതിലേക്കും മറ്റുമായി സഹകരണ സ്ഥാപനങ്ങളിൽനിന്നും വകുപ്പ് ഈടാക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളിലെ ഓഡിറ്റുമായി ബന്ധപ്പെട്ട് സംഘങ്ങളിൽ നിന്നും വകുപ്പ് ഓഡിറ്റ് ഫീസ്, ഓഡിറ്റ് കോസ്റ്റ് എന്നിങ്ങനെ തുക ഈടാക്കിവരുന്നു.

a) ഓഡിറ്റ് ഫീസ്

കേരള സഹകരണ സംഘം ചട്ടം 65(1) പ്രകാരം സഹകരണ സംഘത്തിന്റെ വാർഷിക വിറ്റുവരവ്/മൊത്തവരുമാനം/ പ്രവർത്തന മൂലധനം എന്നിവയെ അടിസ്ഥാനമാക്കി ഓരോ 100/- രൂപയ്ക്കും അതിന്റെ ഭാഗത്തിനും 50 പൈസ എന്ന ക്രമത്തിൽ പരമാവധി ഒരു ലക്ഷം രൂപ ഓഡിറ്റ് ഫീസായി പ്രതിവർഷം സഹകരണ സംഘങ്ങളിൽനിന്നും ഈടാക്കിവരുന്നു. കേരള സഹകരണ സംഘം ചട്ടം 65(3) പ്രകാരം ഓഡിറ്റ് ഫീസിൽനിന്നും ഒഴിവാക്കിയിട്ടുള്ള/ഇളവ് ചെയ്തിട്ടുള്ള സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അംഗങ്ങൾ മുഴുവനോ ഭൂരിഭാഗമോ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ള സംഘങ്ങൾ (അപ്പക്സ് സഹകരണ സംഘങ്ങൾ ഉൾപ്പെടെ)
2. നിക്ഷേപം സ്വീകരിക്കാത്തതും വായ്പകൾ നൽകാത്തതുമായ എല്ലാ ഫാമിങ്/സാമൂഹ്യക്ഷേമ സഹകരണ സംഘങ്ങൾ
3. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേന സ്വന്തം ചെലവിൽ കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന സഹകരണ സംഘങ്ങൾ
4. ഒരു സംഘത്തിന്റെ ആദ്യവർഷത്തെ ഓഡിറ്റ്
5. എല്ലാ നെയ്ത്ത് സംഘങ്ങളുടെയും ആദ്യ 6 വർഷങ്ങളിലെ ഓഡിറ്റ്
6. പ്രവർത്തന മൂലധനം 2,000/- രൂപയിൽ കവിയാത്ത വായ്പാ സംഘങ്ങളും വിൽപന/മൊത്തവരുമാനം 10,000/- രൂപയിൽ കവിയാത്ത വായ്പാ സംഘങ്ങളും
7. കയർ സഹകരണ സംഘങ്ങൾ, പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, ഖാദി സഹകരണ സംഘങ്ങൾ, മൺപാത്രം, മുള, ജാഗ്രി, ലൈംഷെൽ, ചെത്തുതൊഴിലാളി, അലക്ക് തൊഴിലാളി

തുടങ്ങിയ പരമ്പരാഗത സഹകരണ സംഘങ്ങൾ

8. എല്ലാ വനിതാ സംഘങ്ങൾക്കും ക്ഷീര സംഘങ്ങൾക്കും അപ്പക്സ് തലത്തിലുള്ള കയർ സംഘങ്ങൾക്കും 50 ശതമാനം ഇളവ് നൽകുന്നു.

b) ഓഡിറ്റ് കോസ്റ്റ്

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേന സ്വന്തം ചെലവിൽ കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന സംഘങ്ങളിൽനിന്നും വകുപ്പ് ഓഡിറ്റ് കോസ്റ്റ് ഈടാക്കിവരുന്നു. സംഘങ്ങളിൽ ഓഡിറ്റ് ചെയ്യുന്ന ഉദ്യോഗസ്ഥരുടെ തസ്തിക അടിസ്ഥാനമാക്കിയാണ് ഓഡിറ്റ് കോസ്റ്റ് ഈടാക്കുന്നത്. ഓഡിറ്റ് കോസ്റ്റിന്റെ നിരക്കുകൾ ചുവടെ ചേർക്കുന്നു.

താഴെ സൂചിപ്പിച്ച നിരക്കുകൾക്കൊപ്പം ഓഡിറ്റ് കോസ്റ്റിന്റെ 25 ശതമാനം L.S.&P.C. ആയി സംഘങ്ങൾ സർക്കാരിലേക്ക് അടയ്ക്കുന്നു.

തസ്തിക	**പ്രതിമാസ ഓഡിറ്റ് കോസ്റ്റ് നിരക്ക് (രൂപയിൽ)**
സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ	1,33,900/-
സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ	1,24,400/-
സഹകരണ ഓഡിറ്റ്	93,700/-

ഡെപ്യൂട്ടി ഡയറക്ടർ	
സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്)	85,250/-
സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ	80,850/-
സ്പെഷ്യൽ ഗ്രേഡ് സഹകരണ ഓഡിറ്റർ	70,600/-
സീനിയർ സഹകരണ ഓഡിറ്റർ	67,300/-
ജൂനിയർ സഹകരണ ഓഡിറ്റർ	61,150/-

(സി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം വകുപ്പ് എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഓഡിറ്റ് ഫീസിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം (2023-24) ഓഡിറ്റ് ഫീസായി 1776.60 ലക്ഷം രൂപയും ഓഡിറ്റ് കോസ്റ്റായി 11285.72 ലക്ഷം രൂപയും വകുപ്പ് ഈടാക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

ജില്ല	ഓഡിറ്റ് ഫീസ്	ഓഡിറ്റ് കോസ്റ്റ്
തിരുവനന്തപുരം	282.78	2178.97
കൊല്ലം	94.71	763.72
പത്തനംതിട്ട	47.12	310.14
ആലപ്പുഴ	74.21	695.66
കോട്ടയം	66.65	700.12
ഇടുക്കി	87.64	267.00
എറണാകുളം	153.05	1132.94
തൃശ്ശൂർ	186.76	894.73
പാലക്കാട്	130.53	707.71
മലപ്പുറം	136.07	1000.69
കോഴിക്കോട്	198.20	766.94
വയനാട്	24.01	207.65
കണ്ണൂർ	195.39	1277.43
കാസർഗോഡ്	99.48	382.02
ആകെ	1776.60	11285.72

സഹകരണ സ്ഥാപനങ്ങളുടെ പൊതുവിപണിയിലെ ഇടപെടലുകൾ

316 (723) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ശൃംഖല ഉപയോഗപ്പെടുത്തി പൊതു വിപണിയിൽ ഇടപെടലുകൾ നടത്തുന്നതിന്റെ സാധ്യത

പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സഹകരണ ശൃംഖല ഉപയോഗപ്പെടുത്തി പൊതു വിപണിയിൽ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഉത്സവകാലങ്ങളിലുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വില്പന നടത്തിവരുന്നുണ്ട്. ആയതിന് സർക്കാർ ബജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ "ഉത്സവകാല ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം" എന്ന ശീർഷകത്തിൽ തുക വകയിരുത്തുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സാധാരണക്കാരായ പൊതുജനങ്ങൾ ആശ്രയിക്കുന്ന സഹകരണ മാവേലി സ്റ്റോറുകളിൽ വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ ലഭിക്കുന്നില്ലെന്ന

പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സഹകരണ മേഖയിൽ സഹകരണ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല.

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് മുഖേന പദ്ധതി

317 (724) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിന് സാധിക്കാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരികെ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് മുഖേന പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിന് സാധിക്കാത്ത സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം/വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുള്ള സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി (ഭേദഗതി) സ്കീം 2024 ഉത്തരവ്

സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സ്കീമിന്റെ അടിസ്ഥാനത്തിൽ കേരള നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ പ്രവർത്തന ക്രമീകരണ വ്യവസ്ഥകൾ (Regulations) അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. സമാഹ്രീകരണ നടപടികളിലുള്ള സഹകരണ സംഘങ്ങൾ/നിർജീവാവസ്ഥയിലുള്ള സഹകരണ സംഘങ്ങൾ എന്നിവ ഒഴികെയുള്ള ഗ്യാരന്റീഡ് സംഘങ്ങൾക്ക് നിക്ഷേപകർക്ക് പണം നൽകുന്നതിനായി ബോർഡിൽ നിന്നും വായ്പയായി സംഘങ്ങൾക്ക് ധനസഹായം/വായ്പ നൽകുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം. ധനസഹായം/വായ്പയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്യുകയും അപേക്ഷയോടൊപ്പം പുനരുജ്ജീവന പാക്കേജും ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.

ബോർഡ് അനുവദിക്കുന്ന ധനസഹായം/വായ്പാ തുക ഒരോ നിക്ഷേപകനും പരമാവധി 5 ലക്ഷം (അഞ്ച് ലക്ഷം) രൂപ വരെയുള്ള നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ

318 (725) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-

സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയുടെ അധികാരത്തിന്മേൽ കടന്നുകയറുംവിധമുള്ള കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഏതെല്ലാം തരത്തിലാണ് പ്രയാസമുണ്ടാക്കുന്നതെന്നും അത്തരം ഇടപെടലുകൾ ഏതൊക്കെയാണെന്നും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇന്ത്യൻ ഭരണഘടനയിലെ 7-ാം ഷെഡ്യൂളിലെ എൻട്രി 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. കേന്ദ്ര സർക്കാർ 2022-ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുതിന് Multi State Co-operative Societies (Amendment) ബിൽ കൊണ്ടുവരികയും 2023 ആഗസ്റ്റ് 3-ന് അത് നിയമമാകുകയും അതുവഴി സംസ്ഥാനങ്ങളിൽ യഥേഷ്ടം സംസ്ഥാന സർക്കാരിന്റെ അനുവാദം കൂടാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ചെയ്തു.

മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരവും 2023 ഫെബ്രുവരി മാസം പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റിലൂടെയും ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന്

തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 3 ദേശീയ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സംഘങ്ങൾ മേൽപ്പറഞ്ഞ മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാന സഹകരണ നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് വലിയ വെല്ലുവിളിയാണ്. ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപതട്ടിപ്പ് നടത്തുന്നു. നിക്ഷേപം തിരികെ നൽകാത്തതുമായി ബന്ധപ്പെട്ട് മൾട്ടി സ്റ്റേറ്റ് സൊസൈറ്റികൾക്കെതിരെ നിരവധി പരാതികൾ ലഭിക്കുന്നുണ്ടെങ്കിലും ആയതിനെതിരെ നടപടി എടുക്കുന്നതിന് സംസ്ഥാന സഹകരണ വകുപ്പിന് അധികാരമില്ല. മൾട്ടി സ്റ്റേറ്റ് സൊസൈറ്റികളുടെ പ്രവർത്തനപരിധി ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ അതിനാൽ അവയുടെ പ്രവർത്തനങ്ങൾ

സംസ്ഥാനത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ സംഘങ്ങളെപ്പറ്റി ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ ജനിപ്പിക്കുന്നതിന് കാരണമാകും. 2020-ലെ ബാങ്കിങ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ വരുത്തിയ ഭേദഗതി നിർദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ 'Bank, Banker, Banking' എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്തുപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ഇടപാടുകാർക്ക് ചെക്കുപോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനാവാത്തതുമാണ്. ടി ഭേദഗതി പ്രാഥമിക സംഘങ്ങളെ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank എന്ന പേരിൽ പ്രവൃത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും അതുവഴി നിക്ഷേപത്തിൽ കുറവുവരുന്നതിനും കാരണമാകും.

പുതിയ ഭേദഗതിയിലൂടെ ബാങ്കിങ് റെഗുലേഷൻ നിയമത്തിലെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ ബാങ്കിങ് ലൈസൻസുള്ള സഹകരണ

ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമവ്യവസ്ഥകൾ പ്രകാരം മാനേജിങ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B)-യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും നീക്കം ചെയ്യുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതി അർബൻ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത് ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ബാങ്കിങ് നിയമത്തിലെ 36 AA നിയമപ്രകാരം ബാങ്കിങ് സ്ഥാപനങ്ങളിലെ

മാനേജിങ്ങ് കമ്മിറ്റിയെ supersede ചെയ്യാൻ RBI-ക്ക് അധികാരമുണ്ട്. നിയമ ഭേദഗതിയിലൂടെ 36 AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിങ്ങ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാനും ബാങ്കിങ്ങ് ലൈസൻസുള്ള സഹകരണ ബാങ്കുകളുടെ ഭരണ സമിതിയെ നീക്കം ചെയ്യാനും RBI-ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI-ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ Bye-law റദ്ദാക്കാൻപോലും RBI-ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 26, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. ബാങ്കിങ്ങ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ ടി വിഷയത്തിൽ ബഹു. സുപ്രീംകോടതിയിൽ ഭരണഘടനയുടെ 131 വകുപ്പ് പ്രകാരം സർക്കാർ ഒരു സ്യൂട്ട് ഫയൽ

ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിങ് ബിസിനസ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ആദായ നികുതി വകുപ്പിന്റെ നോട്ടീസിനെതിനെ സംഘങ്ങൾ ബഹു. ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് നേടിയിട്ടുള്ളതുമാണ്.

(ബി) ഇതുവരെ ഏതെല്ലാം മൾട്ടി സ്റ്റേറ്റ് സൊസൈറ്റികൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേന്ദ്ര സഹകരണ മന്ത്രാലത്തിന്റെ വെബ്സൈറ്റ്, ഡാറ്റാ ബേസ് എന്നിവയിലെ വിവരങ്ങൾ പ്രകാരം കേരളം ആസ്ഥാനമാക്കി 85 മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും കേരളം പ്രവർത്തന പരിധിയുള്ള 39 മൾട്ടി സ്റ്റേറ്റ് സൊസൈറ്റികളും ഉൾപ്പെടെ ആകെ 134 മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കേരളത്തിൽ ആരംഭിച്ചിട്ടുള്ളതാണ്. ടി

സൊസൈറ്റികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

സഹകരണ മേഖലയിൽ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ

319 (726) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് മാതൃകയിൽ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സഹകരണ മേഖലയിലെ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ അലവൻസ് തുക ഉപയോഗിച്ച് ഇൻഷ്വറൻസ് ഏർപ്പെടുത്താനുള്ള പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവിൻപ്രകാരം സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിനുള്ള യോഗ്യത

320 (727) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലഖ്നൗ ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽനിന്നുള്ള എച്ച്.ഡി.സി.എം. സർട്ടിഫിക്കറ്റ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയായി കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ലഖ്നൗ ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽനിന്നുള്ള എച്ച്.ഡി.സി.എം. സർട്ടിഫിക്കറ്റ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയായി കണക്കാക്കിയിട്ടില്ല.

സഹകരണ ബാങ്കുകളിലെ നിയമനക്കോഴ സംബന്ധിച്ച വകുപ്പുതല അന്വേഷണം

321 (728) ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളിൽ ഉണ്ടായതായി പറയപ്പെടുന്ന നിയമനക്കോഴ സംബന്ധിച്ച വിവാദങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; പ്രസ്തുത വിവാദത്തിനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ?

വയനാട് ജില്ലയിലെ സഹകരണ ബാങ്കുകളുടെ നിയമനങ്ങളിൽ ഉണ്ടായിട്ടുള്ള നിയമനക്കോഴ ഗൗരവമായിത്തന്നെ കാണുന്നുണ്ട്. വയനാട് ഡി.സി.സി. ട്രഷറർ ആയിരുന്ന എൻ. എം. വിജയനും അദ്ദേഹത്തിന്റെ മകനും വിഷം കഴിച്ച് ആത്മഹത്യ ചെയ്ത സാഹചര്യങ്ങളും വിവിധ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഉണ്ടായിട്ടുള്ള പണമിടപാടുകളും ഗൗരവമായി കണ്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിയമനക്കോഴ സംബന്ധിച്ച് സഹകരണ വകുപ്പുതല പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം

ലഭ്യമാക്കുമോ?

ഉണ്ട്. സഹകരണ വിജിലൻസ് ഓഫീസ് നോർത്ത് സോൺ ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്) കണ്ണൂർ, എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാര്യാലയത്തിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) എന്നിവരുടെ നേതൃത്വത്തിൽ 2024 ഡിസംബർ 31, 2025 ജനുവരി 1 തീയതികളിൽ വകുപ്പുതല പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നിലവിലെ സാഹചര്യം കണക്കിലെടുത്തും വിശദമായ അന്വേഷണത്തിന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അന്വേഷണപരിധിയിൽ എന്തെല്ലാമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശ്രീ. കെ. കെ. ജമാലിനെ ആരോപിത സംഘങ്ങളിൽ കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം പരിശോധന നടത്തുന്നതിന് നിയോഗിച്ചുകൊണ്ടും ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനും

നിർദേശിച്ചുകൊണ്ടും ഉത്തരവ് നൽകിയിട്ടുണ്ട്.

താഴെ പറയുന്ന വിഷയങ്ങളാണ് അന്വേഷണ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

1. ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളിൽ നടത്തിയ നിയമവിരുദ്ധമായ നിയമനം സംബന്ധിച്ച്.

2. ശ്രീ. എൻ. എം. വിജയന് വിവിധ സഹകരണ ബാങ്കുകളിൽ നിലവിലുള്ള വായ്പകൾ സംബന്ധിച്ച്.

3. മേൽ വിഷയവുമായി ബന്ധപ്പെട്ട് അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തുന്ന മറ്റ് കാര്യങ്ങൾ.

(ഡി) ഈ വിഷയം സംബന്ധിച്ച് എന്തെല്ലാം തുടർനടപടികളാണ് വകുപ്പ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ സ്ഥാപനങ്ങളിലെ ജി.എസ്.ടി. ഓഡിറ്റ്

322 (729) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ ജി.എസ്.ടി. ഓഡിറ്റ് വിഭാഗം 2024-ലും 2025-ലും നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ നികുതി വെട്ടിപ്പ് എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സഹകരണ സ്ഥാപനങ്ങളിൽ ജി.എസ്.ടി. ഓഡിറ്റ് വിഭാഗം 2024-ലും 2025-ലും നടത്തിയ പരിശോധനയിൽ കണ്ടെത്തിയ നികുതി വെട്ടിപ്പ് സംബന്ധിച്ച ജില്ല തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ലയുടെ പേര്	2024-ൽ നികുതി വെട്ടിപ്പ് കണ്ടെത്തിയ തുക (ലക്ഷത്തിൽ)	2025-ൽ നികുതി വെട്ടിപ്പ് കണ്ടെത്തിയ തുക (ലക്ഷത്തിൽ)
1	തിരുവനന്തപുരം	16.25	0
2	കൊല്ലം	76.985	0
3	പത്തനംതിട്ട	15.757	0
4	ആലപ്പുഴ	0	0
5	കോട്ടയം	12.338	39.516
6	ഇടുക്കി	0	0
7	എറണാകുളം	780.446	0

8	തൃശ്ശൂർ	138.595	0
9	പാലക്കാട്	11.513	0
10	മലപ്പുറം	360.058	0
11	കോഴിക്കോട്	124.894	0
12	വയനാട്	0	0
13	കണ്ണൂർ	381.54	0
14	കാസർഗോഡ്	0	0

(ബി) തുക ഈടാക്കി വർഷംതോറും നിർബന്ധിത ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടും ഇത്തരത്തിലുള്ള തെറ്റുകൾ കണ്ടെത്താൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളിലെ ഏതെല്ലാം സേവനങ്ങൾക്കാണ് ജി.എസ്.ടി. അടയ്ക്കേണ്ടത് എന്നത് തർക്ക വിഷയമാണ്. ജി.എസ്.ടി. വകുപ്പ് വ്യാപാര പ്രവർത്തനങ്ങൾക്കുപുറമെ വ്യാപാരേതര ഹെഡ്ഡുകളിലുള്ള തുകയ്ക്കും ജി.എസ്.ടി. ഡിമാന്റ് ചെയ്യുന്നു. സഹകരണ ഓഡിറ്റിന്റെ പരിശോധനയിൽ വിവിധങ്ങളായ ടാക്സ് നിരക്കിൽവരുന്ന വ്യതിയാനം കണ്ടെത്തുവാൻ തക്കതായ നിർദേശങ്ങൾ ലഭ്യമല്ലാത്തതാണ്. സംഘങ്ങൾ നടത്തുന്ന GDCS നിക്ഷേപ പദ്ധതി ചിട്ടി നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ GDCS നിക്ഷേപ പദ്ധതികളുടെ കമ്മീഷന് ജി.എസ്.ടി.

അടയ്ക്കേണ്ടതുണ്ടോ എന്നത് സംഘങ്ങൾ തർക്കവിഷയമായി ഉന്നയിക്കുന്നു. ഈ വിഷയം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ വകുപ്പുതലത്തിൽ നടത്തുന്ന പരിശോധനയിലും ഓഡിറ്റ് റിപ്പോർട്ടിലും ജി.എസ്.ടി. സംബന്ധിച്ച പരാമർശങ്ങളില്ല. സഹകരണ സംഘങ്ങൾ നൽകുന്ന ഏതെല്ലാം സേവനങ്ങൾക്കാണ് ജി.എസ്.ടി. ഈടാക്കേണ്ടതെന്ന് വ്യക്തതയില്ലാത്തതിനാൽ, ഈ വിഷയവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമായി ചർച്ച നടത്തുന്നതാണ്.

സഹകാരി സാന്ത്വനം പദ്ധതി

323 (730) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകാരി സാന്ത്വനം പദ്ധതി പ്രകാരം എത്ര സഹകാരികൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകാരി സാന്ത്വനം പദ്ധതി പ്രകാരം 431 സഹകാരികൾക്ക് 1,15,25,000/-രൂപ (ഒരു

കോടി പതിനഞ്ച് ലക്ഷത്തി ഇരുപത്തിയയ്യായിരം രൂപ മാത്രം) ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ മേഖലയിൽ നാലാം ന്യൂദിന കർമ്മ പരിപാടി

324 (731) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ വികസനത്തിന് ഹ്രസ്വകാല പ്രവർത്തനങ്ങളായി സർക്കാർ മുന്നോട്ടുവച്ച നാലാം ന്യൂദിന കർമ്മ പരിപാടിയുടെ ഭാഗമായി ഏറ്റെടുത്ത മുഴുവൻ പദ്ധതികളും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പൂർത്തീകരിച്ചിട്ടുണ്ട്.

1. DREAMS-സഹകരണ മാൾ

കൊല്ലം ജില്ലയിൽ ദേശിംഗനാട് റാപ്പിഡ് ഡെവലപ്മെന്റ് & അസിസ്റ്റൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി-അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഡ്രീംസ് - സഹകരണമാൾ നിർമ്മിക്കുന്ന പദ്ധതി

പൂർത്തീകരിച്ചു.

2. അക്ഷര മ്യൂസിയം- ഉദ്ഘാടനം

അക്ഷര നഗരിയായ കോട്ടയത്തെ അക്ഷര ടൂറിസം ഹബ്ബായിമാറ്റുന്ന പദ്ധതി. നാലുഘട്ടങ്ങളിലായി നടപ്പിലാക്കുന്ന അക്ഷര മ്യൂസിയത്തിന്റെ ഒന്നാംഘട്ടം നാലാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 28-ന് ബഹു. മുഖ്യമന്ത്രി നിർവഹിച്ചു.

3. ഔഷധ കേന്ദ്രം - മറ്റത്തൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം

മറ്റത്തൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ ഔഷധവനം വിപുലപ്പെടുത്തുന്നതിനും ഔഷധ സസ്യങ്ങൾ ചോപ് ചെയ്ത് അർധ സംസ്കരണം നടത്തുന്നതിനുമുള്ള പദ്ധതി പൂർത്തീകരിച്ചു.

4. കേപ്പ് കോളേജ് ഓഫ് നഴ്സിംഗ്, ആലപ്പുഴ

കേപ്പിന്റെ നിയന്ത്രണത്തിൽ ആലപ്പുഴ ജില്ലിയിലെ പുന്നപ്രയിൽ നഴ്സിങ് കോളേജ്, ലാബ്, ലൈബ്രറി എന്നിവയുടെ ഉദ്ഘാടനം. പദ്ധതി പൂർത്തീകരിച്ചു. പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 17-ന്

നിർവഹിച്ചു.

5. തങ്കമണി SCB(CITA PROJECT)

കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ വില്പന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.

പദ്ധതി പൂർത്തീകരിച്ചു. ജൂലൈ 19-ന് ഉദ്ഘാടനം നടന്നു.

6. ഗിഗ് വർക്കേഴ്സ് സഹകരണസംഘം- ഗിഗ് തൊഴിലാളികൾക്ക് ഫുഡ് പ്രോസ്സസിങ് യൂണിറ്റ്, റസ്റ്റിങ് സ്റ്റേഷൻ

കേരള സ്റ്റേറ്റ് ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511 മുഖാന്തരം കൊല്ലം ജില്ലയിലെ ഗിഗ് വർക്കർമാർക്കും ഷോപ് തൊഴിലാളികൾക്കും പ്രയോജനകരമായ രീതിയിലൊരു ഫുഡ് പ്രോസ്സസിങ് യൂണിറ്റും റസ്റ്റിങ് സ്റ്റേഷനും നിർമ്മിക്കുന്ന പദ്ധതി.

പദ്ധതി പൂർത്തീകരിച്ചു.

7. മെറ്റീരിയൽ ബാങ്ക്

കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ ബ്രാൻഡിൽ

നിർമ്മാണ മേഖലയിൽ ആവശ്യമുള്ള സാമഗ്രികകൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും ആധുനിക മെഷീനറികളുടെ സേവനം നിർമ്മാണ മേഖലയിൽ പരിപോഷിപ്പിക്കുന്നതിനായി മെറ്റീരിയൽ ബാങ്ക് തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതി.

പദ്ധതി പൂർത്തീകരിച്ചു.

8. സഹകരണ ആശ്വാസ് - കെയർ ഹോം പദ്ധതി ഉദ്ഘാടനം

കെയർഹോം പദ്ധതി പ്രകാരം കണ്ണൂരിലെ പ്രളയബാധിതരായ 18 കുടുംബാംഗങ്ങൾക്കുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ ഉദ്ഘാടനം.

പദ്ധതി പൂർത്തീകരിച്ചു.

9. സഹകരണ എക്സ്പോ –2024

സഹകരണ എക്സ്പോ- 2024 കോഴിക്കോട് ജില്ലയിൽവച്ച് നടത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവയ്ക്കുകയും സഹകരണ എക്സ്പോ-2025 ആയി തിരുവനന്തപുരത്ത് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ എക്സ്പോ-2025- ന്റെ ലോഗോ പ്രകാശനം നടത്തിയിട്ടുണ്ട്.

10. <u>സഹകരണ മേഖലയിലെ മൂല്യവർധിത ഉൽപ്പന്നങ്ങൾ online platform-ൽ ലഭ്യമാക്കുന്ന പദ്ധതി</u>

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന ഗുണമേന്മയുള്ളതും കയറ്റുമതിക്ക് അനുയോജ്യമായ ഗുണനിലവാരമുള്ള പുതിയ ഉൽപ്പന്നങ്ങൾ കോപ്പ് കേരള ബ്രാൻഡിങ്ങോടെ അവതരിപ്പിക്കുകയും വിദേശനാണ്യം നേടിത്തരുന്ന വിധത്തിൽ online platform-ൽ ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതി.

പദ്ധതി പൂർത്തീകരിച്ചു.

11. <u>സഹകരണ റിസോർട്ട് - പീരുമേട് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം ഐ.273</u>

പീരുമേട് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് തേക്കടിയുടെ പ്രവേശന കവാടമായ കുമളിയിൽ ബാങ്കിന് സ്വന്തമായുള്ള സ്ഥലത്ത് കൊട്ടാരക്കര-മൈസൂർ ദേശീയപാതയോരത്ത് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 14 മുറികൾ, മിനി കോൺഫറൻസ് ഹാൾ, റെസ്റ്റോറന്റ്, വിശാലമായ പാർക്കിങ് എന്നിവയോടുകൂടിയ ബഹുനില ടൂറിസം റിസോർട്ട് നിർമ്മിക്കുന്ന പദ്ധതി.

പദ്ധതി പൂർത്തീകരിച്ചു.

12. മികവ്- പരിശീലന പദ്ധതി

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരെ കാലാനുസൃതമായി അവരുടെ അറിവ് (Knowledge), കഴിവ് (Skill), സമീപനം (Attitude) എന്നിവ മാറ്റിയെടുത്തുകൊണ്ട് പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കേണ്ടതിന് സജ്ജരാക്കുന്ന പരിശീലന പരിപാടി.

പദ്ധതി പൂർത്തീകരിച്ചു.

13. സഹകരണ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷൻ-പുനർനിർണ്ണയ പദ്ധതി

ദീർഘകാലമായി സഹകരണ സംഘങ്ങളെ ക്ലാസ്സിഫിക്കേഷൻ നടത്താത്തതുമൂലം മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയാതിരുന്ന സാഹചര്യം പരിഗണിച്ച് കേരളത്തിലെ സഹകരണ സംഘങ്ങളെ അവയുടെ സ്വഭാവത്തിന്റെയും നിലവിലെ സാമ്പത്തികസ്ഥിതിയുടെയും അടിസ്ഥാനത്തിൽ ക്ലാസിഫൈ ചെയ്യുന്ന പദ്ധതി.

പദ്ധതി പൂർത്തീകരിച്ചു.

14. സഹകരണം - സുതാര്യം - ടി.വി. പ്രോഗ്രാം

സഹകരണ മേഖലയുടെ നേട്ടങ്ങളും വിജയഗാഥകളും ജനങ്ങളിൽ എത്തിക്കുക, കൂടാതെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ജനങ്ങളുടെ സംശയങ്ങളും ആശങ്കകളും ദൂരീകരിക്കുക എന്നിവയ്ക്കായി മുൻനിര ടി.വി. ചാനലുകളിലൂടെ പ്രചരണ പരിപാടി സംഘടിപ്പിക്കുന്ന പദ്ധതി.

പദ്ധതി പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലയാളഭാഷയുടെ പൈതൃകം അടുത്തതലമുറയ്ക്ക് പകർന്നുനൽകുന്നത് ലക്ഷ്യമിട്ട് അക്ഷരം മ്യൂസിയം സ്ഥാപിക്കാൻ നടപടിയെടുത്തിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

അക്ഷരനഗരിയായ കോട്ടയത്തെ അക്ഷര ടൂറിസം ഹബ്ബായിമാറ്റുന്ന പദ്ധതി. അക്ഷരം, എഴുത്ത് രൂപങ്ങൾ, വിവിധ ഭാഷാ വ്യവഹാരങ്ങൾ എന്നിവയെക്കുറിച്ചുള്ള സമ്പൂർണ്ണ മ്യൂസിയം സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്ത് നിർമ്മിക്കുന്ന പദ്ധതിപ്രകാരം നാലുഘട്ടങ്ങളിലായി നടപ്പിലാക്കുന്ന അക്ഷര മ്യൂസിയത്തിന്റെ ഒന്നാംഘട്ടം നാലാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു. പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 28-ന്

ബഹു. മുഖ്യമന്ത്രി നിർവഹിച്ചിട്ടുണ്ട്.

(സി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയുന്നതിനായി സഹകരണമേഖലയിൽ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ ബ്രാൻഡിൽ നിർമ്മാണമേഖലയിൽ ആവശ്യമുള്ള സാമഗ്രികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും ആധുനിക മെഷീനറികളുടെ സേവനം നിർമ്മാണ മേഖലയിൽ പരിപോഷിപ്പിക്കുന്നതിനായി മെറ്റീരിയൽ ബാങ്ക് തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതി ലേബർ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ ലേബർഫെഡിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

റിസ്ക് ഫണ്ട്

325 (732) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ റിസ്ക് ഫണ്ട് ഇനത്തിൽ എത്ര കോടി രൂപയുടെ ആനുകൂല്യമാണ് വിതരണം ചെയ്തതെന്ന് അറിയിക്കുമോ?

സഹകരണ വികസന ക്ഷേമനിധി ബോർഡിൽനിന്നും റിസ്ക് ഫണ്ട് ധനസഹായമായി 20-05-2021 മുതൽ 04-02-2025 വരെയുള്ള കാലയളവിൽ 40682 വായ്പകളിലായി 367,25,88,748/- രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) റിസ്ക് ഫണ്ട് ലഭിക്കുന്നതിനായുള്ള അപേക്ഷയിൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽനിന്നും വായ്പയെടുത്തശേഷം മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ് ബോർഡിലേക്ക് സമർപ്പിക്കേണ്ടത്. സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയാണ്

ചെയ്യുന്നത്. ബാങ്ക്/സംഘങ്ങളിൽനിന്നും ന്യൂനത പരിഹരിച്ച് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്.

അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ/അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ പരിശോധിച്ച് ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(സി) ഏത് വർഷം, ഏത് മാസം വരെ ലഭിച്ച അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്നും എത്ര അപേക്ഷകളാണ് നിലവിൽ ബാക്കിയുള്ളതെന്നും വിശദമാക്കാമോ?

19807 അപേക്ഷകൾ ബോർഡിൽ തീർപ്പ് കല്പിക്കാൻ ബാക്കിനില്പുണ്ട്. ആയതിൽ 10682 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും ന്യൂനതപരിഹരിച്ച് ലഭിച്ചിട്ടില്ലാത്തതുമാണ്. ശേഷിക്കുന്ന 9125 അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുള്ള പുതിയ അപേക്ഷകളാണ്. ടി അപേക്ഷകളിൽ

സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തീർപ്പാക്കിയ അപേക്ഷകളുടെ വർഷം, മാസം എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

326 (733) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

1. പട്ടികജാതി/പട്ടികവർഗ യുവസഹകരണ സംഘങ്ങളുടെ രൂപീകരണം

ഒരു ജില്ലയിൽ ഒന്നുവീതം 14 ജില്ലകളിലും പട്ടികജാതി/പട്ടികവർഗ യുവ സഹകരണ സംഘങ്ങളുടെ രൂപീകരണം. ആയതുപ്രകാരം 14 ജില്ലകളിലും ഓരോന്നുവീതം പട്ടികജാതി/പട്ടികവർഗ യുവ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

2. സഹകരണ ലൈബ്രറി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ മേഖലയിലെ ലൈബ്രറികളെ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയും നൂറ് സഹകരണ ഗ്രന്ഥാലയങ്ങൾ നവീകരിക്കുന്നതിനുള്ള ലക്ഷ്യം നിറവേറ്റുന്നതിനുമായി 'സഹകരണ സംസ്കൃതി' എന്ന സാംസ്കാരികോത്സവം അന്താരാഷ്ട്ര സഹകരണ ദിനത്തിൽ സംഘടിപ്പിച്ചു.

3. മികവ് പരിശീലന പദ്ധതി

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരെ കാലാനുസൃതമായി അവരുടെ അറിവ് (Knowledge), കഴിവ് (Skill), സമീപനം (Attitude) എന്നിവ മാറ്റിയെടുത്തുകൊണ്ട് പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കേണ്ടതിന് സജ്ജരാക്കുന്ന പരിശീലന പരിപാടി.

4. സ്നേഹതീരം

തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികളും മത്സ്യ വിപണന തൊഴിലാളികളും തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന വ്യാപാര മൂലധനത്തിനായുള്ള പണം സഹകരണമേഖല വഴി ലളിതമായ നടപടിക്രമങ്ങളിലൂടെ ലഭ്യമാക്കുന്ന വായ്പാ പദ്ധതി.

5. 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പാക്കുന്ന പദ്ധതി

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽവരുന്ന സഹകരണസംഘങ്ങൾ മുഖേന 14 ജില്ലകളിലുമായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പാക്കുന്ന പദ്ധതി നടപ്പാക്കി.

6. സഹകരണ സംരക്ഷണ നിധി

സഹകരണ സംരക്ഷണ നിധി-സംഘങ്ങളുടെ കരുതൽ ധനവും അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ടും ഉപയോഗിച്ച് പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി.

7. കുടുംബത്തിനൊരു കരുതൽ ധനം

പ്രകൃതിദുരന്തങ്ങളിലും മഹാമാരിയിലും മറ്റ് അടിയന്തര സാഹചര്യങ്ങളിലും വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങളെ അത്തരം അടിയന്തര സാഹചര്യങ്ങളെ അതിജീവിക്കാൻ പ്രാപ്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങൾക്കും ഇടപാടുകാർക്കുംവേണ്ടി നടപ്പാക്കുന്ന ഒരു പ്രത്യേക നിക്ഷേപ പദ്ധതിയാണ് 'കുടുംബത്തിനൊരു കരുതൽ ധനം' നിക്ഷേപ

പദ്ധതി. ടി പദ്ധതി പൈലറ്റായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

8. യുവ വനിതാ സഹകരണ സംഘങ്ങൾ

യുവ വനിതകളെ സഹകരണമേഖലയിലേക്ക് കൊണ്ടുവരികയെന്ന ഉദ്ദേശ്യത്തോടെ കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ യുവ വനിതകൾക്കായി ആരംഭിച്ച 3 യുവ വനിതാ സഹകരണ സംഘങ്ങളായ കോട്ടയം താലൂക്ക് യുവജന വനിതാ സഹകരണ സംഘം (ക്ലിപ്തം നമ്പർ കെ. 1244), തൃശ്ശൂർ ജില്ലയിലെ കൊരട്ടി യുവ വനിതാ സഹകരണ സംഘം (ക്ലിപ്തം നമ്പർ ആർ. 1566), കണ്ണൂർ യുവ വനിതാ മൾട്ടി പർപ്പസ് സഹകരണ സംഘം (ക്ലിപ്തം നമ്പർ. സി. 2162) എന്നീ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

9. പാലിയേറ്റീവ് കെയർ പദ്ധതി

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ നടപ്പിലാക്കി. വാർധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും

പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്.

10. അക്ഷര മ്യൂസിയം

അക്ഷരനഗരിയായ കോട്ടയത്തെ അക്ഷര ടൂറിസം ഹബ്ബായി മാറ്റുന്ന പദ്ധതി. അക്ഷരം, എഴുത്ത് രൂപങ്ങൾ, വിവിധ ഭാഷാ വ്യവഹാരങ്ങൾ എന്നിവയെക്കുറിച്ചുള്ള സമ്പൂർണ്ണ മ്യൂസിയം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതതയിൽ കോട്ടയം നാട്ടകത്ത് നിർമ്മിക്കുന്ന പദ്ധതി.

11. യുവജന സഹകരണ സംഘങ്ങൾ

സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ യുവാക്കളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി നിലവിൽ 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

12. കലാകാരൻമാരുടെ സഹകരണ സംഘം

കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരന്മാരുടെ സഹകരണസംഘം 15-02-2022-ന് രജിസ്റ്റർ ചെയ്യുകയുണ്ടായി. കേരളത്തിലെ സമസ്തമേഖലയിലുമുള്ള കലാകാരന്മാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യം.

13. <u>കേരള സ്റ്റേറ്റ് ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം കൊല്ലം ജില്ലയിൽ കൃ 1684</u>

സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഒരു സഹകരണ സംഘമാണ് കേരള സ്റ്റേറ്റ് ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണസംഘം ക്ലിപ്തം നമ്പർ 4511, കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവതോന്മുഖ അഭിവൃദ്ധിയും വ്യാപാര വാണിജ്യ

മേഖലയിൽ തൊഴിലെടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തികാവശ്യങ്ങൾ നേടുന്നതിനും പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതോടൊപ്പം അവരുടെ ക്ഷേമമാണ് സംഘത്തിന്റെ പ്രധാന പ്രവർത്തന ലക്ഷ്യം. ആയതിന്റെ ഭാഗമായി ടി സംഘം കൊല്ലം ജില്ലയിൽ കൃ.1684, കൊല്ലം ജില്ല ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എംപ്ലോയീസ് വെൽഫെയർ സംഘത്തിന്റെ സഹായത്തോടുകൂടി കൊല്ലം കളക്ടേറ്റിന് സമീപവും കൊട്ടിയത്തും കൊട്ടാരക്കരയിലും ഓൺലൈൻ പ്ലാറ്റ്ഫോമിൽ ജോലി ചെയ്യുന്ന ഗിഗ് തൊഴിലാളികളുടെ റിഫ്രഷ്മെന്റ് സെന്ററുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

14. <u>സയൻസ് ആൻഡ് ടെക്നോളജി മാനേജ്മെന്റ് പ്രൊഫഷണൽ സഹകരണ സംഘം (STMPC)</u>

വിവിധ ഗവേഷണ സ്ഥാപനങ്ങൾ, എഞ്ചിനീയറിങ് സ്ഥാപനങ്ങൾ, മറ്റ് പ്രമുഖ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരുടെ സഹകരണ സംഘം രൂപീകരിക്കുന്ന പദ്ധതിയാണിത്.

15. <u>ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ഹൈജീനിക് കോഫി ഷോപ്</u>

കേരള സംസ്ഥാന ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്), ടൂറിസം ഹോസ്പിറ്റാലി ഇവന്റ് മാനേജ്മെന്റ് മേഖലയിൽ നൂതനമായ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്ന സ്ഥാപനമാണ്. ടി സ്ഥാപനം സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിപ്രകാരം സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ, സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ഹൈജീനിക് കോഫിഷോപ്പുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ടി പദ്ധതി നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ, സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ എത്തുന്ന ജനങ്ങൾക്ക് ചെലവുകുറഞ്ഞതും ശുചിത്വവും സുരക്ഷിതവുമായ ആഹാര സാധനങ്ങൾ വിതരണം ചെയ്യുക എന്നതാണ് ലക്ഷ്യമിടുന്നത്.

16. <u>സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് സംയോജിത സഹകരണ വികസന പദ്ധതി</u>

സഹകരണമേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് സംയോജിത സഹകരണ വികസന പദ്ധതി മുഖേന ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ ഓഫീസ് കെട്ടിടം, ബാങ്കിങ് കൗണ്ടർ, ഗോഡൗൺ, കോൺഫറൻസ് ഹാൾ,

റീട്ടെയിൽ ഔട്ട്‌ലെറ്റ്, ടൂറിസ്റ്റ് കോട്ടേജ്, ബയോകൺട്രോൾ ലാബ് എന്നിവയുടെ നിർമ്മാണത്തിനും നവീകരണത്തിനും ഫർണിച്ചർ, കമ്പ്യൂട്ടർ, ജനറേറ്റർ, സോളാർ പാനൽ, ഇൻവെർട്ടർ, സി.സി.ടി.വി, സേഫ് ഡെപ്പോസിറ്റ് ലോക്കർ, സ്ട്രോംങ് റൂം ഡോർ എന്നിവ വാങ്ങുന്നതിനും എ.ടി.എം., കോർബാങ്കിങ് സംവിധാനം എന്നിവ സ്ഥാപിക്കുന്നതിനും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

17. കെയർ ഹോം പദ്ധതി

പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ലക്ഷ്യം പൂർത്തീകരിച്ചതിനെത്തുടർന്ന് 2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദേശിച്ച സ്ഥലത്ത് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുകയെന്നത് ലക്ഷ്യമിട്ടുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കണ്ണൂർ

ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ കണ്ണാടി 2–വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

18. KAPCOS

നെൽകർഷകരുടെ സംഭരണ-വിപണന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലയ്ക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർധ സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽകൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി

വ്യാപിപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തനപരിധിയായി, കേരള പാഡി പ്രൊക്വർമെന്റ് പ്രോസ്സസിങ് ആൻഡ് മാർക്കറ്റിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27-ന് രൂപീകരിച്ചു.

19. ബ്രാൻഡിങ് ആൻഡ് മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്

സഹകരണ മേഖലയിലെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ തെരഞ്ഞെടുത്ത് ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ് മാർക്കോടെ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിങ് കൊണ്ടുവന്ന് വിപണി നേടുകയെന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്കരിച്ച "ബ്രാൻഡിങ് ആൻഡ് മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി നടപ്പാക്കി.

20. സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture

(CITA)

കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർധിപ്പിക്കുന്നതിനായി 2022-2023 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ളതാണ് ടി പദ്ധതി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണമേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം സംഭരണം, മൂല്യവർധിത ഉൽപ്പന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

21. സഹകരണം സൗഹൃദം

സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന 'സഹകരണം സൗഹൃദം' എന്ന പേരിൽ ഭിന്നശേഷി

വിഭാഗത്തിലുൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

22. ടർഫുകൾ നിർമ്മിക്കുന്ന പദ്ധതി

രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ജില്ലകളിൽ ഓരോ ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 7 ജില്ലകളിൽ സംഘങ്ങളുടെ കീഴിൽ ടർഫുകൾ നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

23. സഹായ ഹസ്തം വായ്പാ പദ്ധതി

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവനമാർഗം കണ്ടെത്തുന്നതിനായി ഓട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി വായ്പ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് സഹായ ഹസ്തം വായ്പാ പദ്ധതി.

24. നൈപുണ്യം പദ്ധതി

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ മുഖാന്തരം ASAP-KERALA, KASE, ODEPC, GIFT എന്നിവ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള കോഴ്സ് ഫീ വായ്പയായി നൽകുന്നതിന് നൈപുണ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

25. സൗരജ്യോതി പദ്ധതി

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിൽ കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ മുഖാന്തരം വ്യക്തികൾക്ക് വീടുകളിൽ സൗരോർജം ഉപയോഗിച്ചുള്ള വൈദ്യുതനിലയങ്ങൾ സ്ഥാപിക്കുന്നതിന് പരമാവധി 3 ലക്ഷം രൂപ വരെ വായ്പ വിതരണം ചെയ്യുന്നതിനായി സൗരജ്യോതി പദ്ധതി നടപ്പിലാക്കി.

26. വിദ്യാതരംഗിണി പദ്ധതി

കോവിഡ് കാലത്ത് ഓൺലൈൻ പഠനം നടത്തുന്നതിനുവേണ്ടി അർഹരായ വിദ്യാർഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിനുവേണ്ടി പലിശരഹിത വായ്പ നൽകുന്ന വിദ്യാതരംഗിണി പദ്ധതി നടപ്പാക്കി.

27. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം തുക 2 ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപയായി ഉയർത്തുന്ന പദ്ധതി നടപ്പാക്കി.

28. റിസ്ക് ഫണ്ട് മരണാനന്തര ധനസഹായം 2 ലക്ഷം രൂപയിൽനിന്ന് 3 ലക്ഷം രൂപയാക്കുകയും ചികിത്സാ ധനസഹായം 1 ലക്ഷം രൂപയിൽനിന്നും 1.25 ലക്ഷം രൂപയാക്കി ഉയർത്തുകയും ചെയ്തു.

29. ശുചിത്വം സഹകരണം പദ്ധതി

സഹകരണ വകുപ്പിന്റെ ഓഫീസുകളെല്ലാം സമ്പൂർണ്ണ മാലിന്യമുക്ത ഓഫീസുകളാക്കി മാറ്റുകയുണ്ടായി.

30. സഹകരണ പരീക്ഷാ ബോർഡിനുള്ള ധനസഹായം

ടി പദ്ധതിയിലൂടെ സഹകരണ പരീക്ഷാ ബോർഡിൽ ഒറ്റത്തവണ രജിസ്ട്രേഷൻ, ഡിജിറ്റൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ തുടങ്ങിയവ ഏർപ്പെടുത്തി.

31. കേപ്പിന്റെ ആസ്ഥാനമന്ദിര നിർമ്മാണം പൂർത്തിയായി.

32. സഹകരണ എക്സ്പോ 2022, 2023 വിജയകരമായി സംഘടിപ്പിച്ചു.

33. കേപ്പിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രം സ്ഥാപിച്ചു.

34. സഹകരണ റിസോർട്ട് ഇടുക്കി ജില്ലയിൽ സ്ഥാപിച്ചു.

35. മെറ്റീരിയൽ ബാങ്ക്

കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ ബ്രാൻഡിൽ നിർമ്മാണ മേഖലയിൽ ആവശ്യമുള്ള സാമഗ്രികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും ആധുനിക മെഷീനറികളുടെ സേവനം നിർമ്മാണ മേഖലയിൽ പരിപോഷിപ്പിക്കുന്നതിനായി മെറ്റീരിയൽ ബാങ്ക് തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതി.

36. സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണവും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും

സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണവും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തലും പദ്ധതിയിൽ ഉൾപ്പെടുത്തി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെയും ഐ.ടി. ഓഡിറ്റ് സെല്ലിന്റെയും രൂപീകരണം, ടീം ഓഡിറ്റിനായി ലാപ്ടോപ്പുകൾ വാങ്ങൽ, ഓഡിറ്റ്

വിഭാഗത്തിലെ ജീവനക്കാർക്ക് പരിശീലനം, സംസ്ഥാനത്തുടനീളമുള്ള ഓഡിറ്റ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം, ഓഡിറ്റ് ഓഫീസുകൾക്കായി വാഹനങ്ങൾ വാടകയ്ക്കെടുക്കൽ/കരാറിലെടുക്കൽ, ഓഡിറ്റ് ഡയറക്ടർക്കായുള്ള വാഹനം വാങ്ങൽ എന്നീ വിവിധ ഘടകങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം പൂർണ്ണമായും നടപ്പാക്കുകയുണ്ടായി.

37. സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബിൽ ബഹുമാനപ്പെട്ട സംസ്ഥാന ഗവർണർ അംഗീകാരം നൽകുകയുണ്ടായി. ആയത് സർക്കാരിന്റെ 07-06-2024-ലെ 1829-ാം നമ്പറായി അസാധാരണ ഗസറ്റിൽ 2024-ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023, 07-06-2024 ലെ No. 142/Leg.H2/2022/Law നമ്പറായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

38. കേരള സഹകരണ സംഘ (ഭേദഗതി) നിയമം, 2023-ന്

അനുസൃതമായി കേരള സഹകരണ സംഘം ചട്ടം, സർക്കാരിന്റെ 31-12-2024-ലെ G.O.(P)No.232/2024/Co-op നമ്പർ ഉത്തരവ് പ്രകാരമുള്ള ചട്ടഭേദഗതി എസ്.ആർ.ഒ. നമ്പർ 1203/2024 പ്രകാരം 31-12-2024-ലെ 4134-ാം നമ്പർ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

കേരള ബാങ്കിലെ ഒഴിവുകൾ

327 (734) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ?

കേരള ബാങ്കിൽ വിവിധ തസ്തികകളിലായി 31-01-2025-ലെ കണക്ക് പ്രകാരം 1410 ഒഴിവുകൾ നിലനിൽക്കുന്നുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് താഴെപ്പറയും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

1. പി.എസ്.സി. മുഖേന നികത്തേണ്ട വിവിധ തസ്തികകളിലെ 1154 ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. എംപ്ലോയ്മെന്റ് മുഖേന നികത്തേണ്ട പാർട്ട്-ടൈം-കണ്ടിജന്റ് തസ്തികയിൽ 156 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. പ്രൊമോഷൻ മുഖേന നികത്തേണ്ട 73 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. 8 ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്.

5. വിവിധ തസ്തികകളിലെ 19 ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള ബാങ്കിൽ ഏതെങ്കിലും തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കേരള ബാങ്കിൽ പി.എസ്.സി. മുഖേന വിവിധ തസ്തികകളിലായി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ടി

തസ്തികകളിലെ നിയമന നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ജീവനക്കാരുടെ അഭാവം ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന സാഹചര്യം പരിഗണിച്ച് ബാങ്കിലെ നിയമനചട്ടങ്ങളിൽ നിർദേശിച്ചിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളെ നിശ്ചിതകാലയളവിലേക്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിൽ പ്രതിമാസ സ്റ്റൈപെന്റ് വ്യവസ്ഥയിൽ ടെയിനിയായി നിയമിക്കുന്നതിന് ബാങ്കിന് അനുമതി നൽകിയിട്ടുണ്ട്.

റിസ്ക് ഫണ്ടിൽനിന്നും ധനസഹായം

328 (735) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ അംഗങ്ങൾക്ക് റിസ്ക് ഫണ്ടിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പരിഷ്കരിച്ചിട്ടില്ല.

(ബി) ഏതെല്ലാം വിഭാഗത്തിലാണ് റിസ്ക് ഫണ്ടിൽനിന്നും

ധനസഹായം അനുവദിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സഹകരണ ബാങ്ക്/സംഘങ്ങളിൽനിന്ന് വായ്പയെടുത്ത ആൾ മരണപ്പെടുകയോ/മാരകരോഗം പിടിപെടുകയോ ചെയ്യുന്ന വായ്പാക്കാർക്ക് നഷ്ടപരിഹാരമായി നൽകുന്ന റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നൽകുന്നത് സർക്കാർ അംഗീകരിച്ചുനൽകിയ റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായിട്ടാണ്.

1. മരണാനന്തര സഹായം

1. റിസ്ക് ഫണ്ട് ധനസഹായ തുക –1,00,000/-

ഈ പദ്ധതി 2008-ൽ ആരംഭിച്ചെങ്കിലും 2010 മുതലാണ് പ്രാവർത്തികമാക്കിയത്. 2010 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കിനിൽപ്പോ, പരമാവധി 1,00,000/- രൂപയും മരണതീയതി വരെയുള്ള പലിശയും റിസ്ക് ഫണ്ട് ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

2. റിസ്ക് ഫണ്ട് ധനസഹായ തുക – 1,50,000/-

30-03-2012 മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽനിന്നും 1,50,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 1,50,000/- രൂപയും മരണ തീയതി വരെയുള്ള പലിശയും ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

3. റിസ്ക് ഫണ്ട് ധനസഹായ തുക – 2,00,000/-

24-09-2019 മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,50,000/- രൂപയിൽനിന്നും 2,00,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 2,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

4. റിസ്ക് ഫണ്ട് ധനസഹായ തുക – 3,00,000/-

11-10-2022 മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 2,00,000/- രൂപയിൽനിന്നും 3,00,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി

3,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

2. മാരകരോഗം

1. ചികിത്സാ ധനസഹായ തുക – 75,000/-

ഈ പദ്ധതിയുടെ ആനുകൂല്യം 30-03-2012 മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം (ക്യാൻസർബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ) പിടിപെടുന്ന അംഗങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ നൽകിവരുന്നു. മാരകരോഗങ്ങളിൽ 29-02-2016 മുതൽ ടി.ബി., ലിവർസിറോസിസ് എന്നീ

അസുഖങ്ങൾക്കൂടി ഉൾപ്പെടുത്തുകയും ചെയ്തു.

2. ചികിത്സാ ധനസഹായ തുക – 1,00,000/-

24-09-2019 മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 75,000/- രൂപയിൽനിന്നും 1,00,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 1,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

മാരകരോഗങ്ങളിൽ 24-09-2019 മുതൽ കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലിചെയ്ത് ജീവിക്കാൻ കഴിയാത്തവിധം അവയവം മുറിച്ചുമാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നീ അസുഖങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.

3. ചികിത്സാ ധനസഹായ തുക – 1,25,000/-

11-10-2022 മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽനിന്നും 1,25,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 1,25,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക്

വിധേയമായി നൽകിവരുന്നു.

(സി) സഹകരണ ബാങ്കിൽനിന്നും ലോണെടുത്ത അംഗം മരണമടഞ്ഞാൽ ആറുമാസത്തിൽ താഴെ കുടിശ്ശികയുള്ളവർക്ക് മാത്രമാണ് റിസ്ക് ഫണ്ടിൽനിന്നും ധനസഹായം ലഭിക്കുകയെന്ന നിർദ്ദേശം പരിഷ്കരിച്ച് കുടിശ്ശിക കാലയളവ് ചുരുങ്ങിയത് ഒരു വർഷക്കാലമെങ്കിലുമായി മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി പിറവം മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അവയിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി പിറവം മണ്ഡലത്തിൽനിന്നും ബോർഡിൽ ലഭ്യമായ 318 അപേക്ഷകളിൽ, 84 അപേക്ഷകളിൽനിന്നും 80 വായ്പാക്കാർക്കായി

87,48,762/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകുകയും 23 അപേക്ഷകൾ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും 124 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും 34 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും ബാക്കിയുള്ള 53 പുതിയ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കാനുള്ളവയുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കുന്നത്തുനാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് വിതരണം

329 (736) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) കുന്നത്തുനാട് മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി എത്ര പേർക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽനിന്നായി റിസ്ക് ഫണ്ട് ആനുകൂല്യത്തിനുവേണ്ടി ആകെ 473 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ 141 അപേക്ഷകളിൽ 129 വായ്പാക്കാർക്കായി 1,50,39,845/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായുള്ള അപേക്ഷകളിന്മേൽ എത്രപേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ബാക്കിയുണ്ടെന്നും എത്ര അപേക്ഷകൾ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) അർഹരായ മുഴുവൻ അപേക്ഷകർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി&ഡി) ബോർഡിൽ ലഭ്യമായ 473 അപേക്ഷകളിൽ, 141

അപേക്ഷകൾ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകുകയും 25 അപേക്ഷകൾ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും 157 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും 8 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും 23 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും ബാക്കിയുള്ള 119 പുതിയ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കാനുള്ളവയുമാണ്. കൂടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നതിന് ബോർഡിന്റെ വൈസ് ചെയർമാൻ എല്ലാ സെക്ഷനുകളുടെയും യോഗം വിളിച്ചുചേർത്ത് അവലോകനം നടത്തുകയും കൂടാതെ ബോർഡിന്റെ ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി എറണാകുളം മേഖലാ ഓഫീസിലും കോഴിക്കോട് മേഖലാ ഓഫീസിലും അവലോകനയോഗങ്ങൾ നടത്തുകയും പ്രോഗ്രസ് റിപ്പോർട്ട് പരിശോധിച്ച് നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ അപേക്ഷകളിലെ ന്യൂനതകൾ ഒഴിവാക്കി ബോർഡിന്

സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ/അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർമാർ പരിശോധിച്ച് ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. അർഹരായ മുഴുവൻ അപേക്ഷകർക്കും സമയബന്ധിതമായി ധനസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മുക്കം സർവീസ് സഹകരണ ബാങ്കിൽ
സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം

330 (737) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-13, 2013-18 കാലയളവുകളിൽ മുക്കം സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

2008-13, 2013-18 കാലയളവിൽ മുക്കം സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് സഹകരണ വിജിലൻസ് വിഭാഗം

അന്വേഷണം നടത്തി സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ വിജിലൻസ് നൽകിയിട്ടുള്ള ശിപാർശ ചുവടെ ചേർക്കുന്നു.

1. 05-10-2016-ൽ മുക്കം സർവീസ് സഹകരണ ബാങ്കിൽ ഫാർമസിസ്റ്റ്, ഫാർമസി ഹെൽപ്പർ, ഡ്രൈവർ തസ്തികകളിലേക്ക് നടന്ന എഴുത്തുപരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനുശേഷം പരാതിയുണ്ടായിട്ടും ബാങ്കിനെ ഏൽപ്പിക്കാതെ നശിപ്പിച്ചതിനാൽ പരീക്ഷ ഏജൻസിയായ പ്രകാശ് അസ്സോസിയേറ്റ്സ് (രജി. നമ്പർ 269/2017, കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഹൗസ്, കൺസ്ട്രക്ഷൻ ബിൽഡിങ്ങ്, YMCA റോഡ്, കോഴിക്കോട്) എന്ന സ്ഥാപനത്തെ സഹകരണ വകുപ്പിന്റെ പരീക്ഷ നടത്തിപ്പിൽനിന്നും മാറ്റിനിർത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. ടി ബാങ്കിൽ 2008-23 കാലയളവിൽ ഡയറക്ടറായിരുന്ന ശ്രീ. ഒ. കെ. ബൈജു ഭരണസമിതി തീരുമാനത്തിനും ബാങ്ക് നിയമാവലിക്കും വിരുദ്ധമായി ലീഗൽ ഫീസിനത്തിൽ 4,89,000/- രൂപയും വാഴകൃഷി ഇനത്തിൽ 1,04,039/- രൂപയും (ആകെ 593039/-രൂപ) 07-07-2014 മുതൽ

10-08-2023 വരെയുള്ള കാലയളവിൽ ടിയാന്റെ പേരിലുള്ള 0679 എന്ന സസ്പെൻസ് അക്കൗണ്ടിൽക്കൂടി അധികമായി കൈപ്പറ്റിയതിനാൽ ടി തുക ടിയാനിൽനിന്നും തിരിച്ചുപിടിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

3. 2008-ൽ സർക്കാർ പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയിൽ ബിസിനസ്സ് ആവശ്യത്തിന് വായ്പയെടുത്ത MNO. 14431 ആയിഷ, MNO. 3409 വാസു, MNO. 8111 ഉസ്മാൻ, MNO. 10519 ഭാസ്കരൻ എന്നിവരുടെ വായ്പകൾ കാർഷിക വായ്പകളായി മാറ്റി അനധികൃതമായി 1,86,988/-രൂപ ഇളവുനൽകി സർക്കാരിന് നഷ്ടമുണ്ടാക്കിയതിനാൽ പ്രസ്തുത തുക ടിയാൻമാരിൽനിന്നും തിരിച്ചുപിടിക്കണമെന്ന് സഹകരണ വിജിലൻസ് ശിപാർ ചെയ്തിട്ടുണ്ട്.

4. ടി ബാങ്ക് അഗ്രി. മാർക്കറ്റിങ്-കം-ഓഫീസ് ബിൽഡിങ്ങിന്റെ 2008-2015 കാലയളവിലെ കെട്ടിടനിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബാങ്കിന്റെ പൊതുഫണ്ടിൽനിന്നും 36,00,000/- രൂപ ചെലവഴിക്കുന്നതിനുള്ള കോഴിക്കോട് ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ് മറികടന്ന് 4,28,20,936/- രൂപ ചെലവഴിക്കുകയും സ്ട്രക്ചർ വർക്ക്, എ.സി. ഷീറ്റ് റൂഫിങ് എന്നീ വർക്കുകൾ ടെൻഡർ മാനദണ്ഡങ്ങൾ മറികടന്ന് കെ. പി. പ്രഭാകരൻ എന്ന

കോൺട്രാക്ടർക്ക് നൽകി എഗ്രിമെന്റിന് വിരുദ്ധമായി രണ്ട് വർക്കുകളിലായി 23,60,369/- രൂപ ടിയാന് അധികമായി നൽകുകയും ഇന്റീരിയർ ഡെക്കറേഷൻ പ്രവൃത്തികൾക്കായി ടെൻഡർ മാനദണ്ഡങ്ങൾ മറികടന്ന് കൂടുതൽ തുക ക്വാട്ട് ചെയ്ത 'അമാനുള്ള ബിൽഡേഴ്' എന്ന ഏജൻസിക്ക് 22,67,000/- രൂപ എന്ന എഗ്രിമെന്റ് തുകയ്ക്ക് വിരുദ്ധമായി 56,71,319/- രൂപ അധികമായി നൽകിയതിനാലും ബിൽഡിങിന്റെ സെക്കന്റ് ഫ്ലോറിൽ ഇന്റീരിയർ ചെയ്യുന്നതിനായി 12,37,025/- രൂപയ്ക്ക് ഷിബു എന്നയാൾക്ക് വർക്ക് നൽകി എഗ്രിമെന്റോ ഭരണ സമിതിയുടെ അനുമതിയോ ഇല്ലാതെ എക്സ്ട്രാ വർക്കുകൾ നടത്തി എഗ്രിമെന്റിൽ പറഞ്ഞ 12,37,025/- രൂപയ്ക്ക് പകരം 12,72,925/- രൂപ അധികമായി നൽകിയതിനാലും 2008-2018 കാലയളവിലെ ഭരണസമിതി അംഗങ്ങളായ സുരേഷ് ബാബു, എം. കെ. മുസ്തഫ, അബ്ദുള്ള വി., അബ്ദുൽ ജബ്ബാർ പി. കെ., ബി. പി. റഷീദ്, ബൈജു, റുബീന ഇ. കെ., കമറുദീൻ പി. കെ., യാസർ എം. കെ., അബ്ദുള്ള എ. എം., നിഷാബ് മുല്ലോളി, അബ്ദുൽ സലാം പി. വി., സമീറ കെ., ജാക്വലിൻ ജിൽസ്, അറുമുഖൻ വി., സലീന ഹമീദ്, ദിനേശൻ പി., ലതീഷ് പി.,

സെക്രട്ടറിമാരായിരുന്ന പങ്കജാക്ഷൻ പി. പി., പി. ടി. ഹസ്സൻ എന്നിവർ മാനദണ്ഡങ്ങൾ മറികടന്ന് പൊതുഫണ്ട് ദുരുപയോഗം ചെയ്തതായി വെളിവായതിനാൽ ടിയാന്മാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ ശിപാർശ ചെയ്തിട്ടുള്ളതും അപ്പുക്കുട്ടൻ എൻ. എന്നയാൾ മരണപ്പെട്ടതിനാൽ ടിയാനെതിരെ നടപടി ശിപാർശ ചെയ്തിട്ടില്ലാത്തതുമാണ്.

5. 2010-2012 കാലയളവിൽ ബാങ്കിലെ സെക്രട്ടറിയായ പി. ടി. ഹസ്സൻ ഭാര്യക്കും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും നിയമവിരുദ്ധമായി സ്വത്തുപണയ ലോണുകൾ അനുവദിച്ച് സെക്രട്ടറിയും ഭരണസമിതിയും കൂടി ബാങ്കിന്റെ 70 ലക്ഷം രൂപയുടെ പൊതുപണം ദുരുപയോഗം ചെയ്തെന്ന് വെളിവായതിനാൽ അതിന് ഉത്തരവാദികളായ 2010 ജൂലൈ മുതൽ 28-07-2012 വരെയുള്ള കാലയളവിലെ ഭരണസമിതി അംഗങ്ങളായ സുരേഷ് ബാബു, എം. കെ. മുസ്തഫ, അബ്ദുള്ള വി., ബൈജു ഒ.കെ., അബ്ദുള്ള എ. എം., അബ്ദുൽ സലാം പി. വി., സലീന ഹമീദ്, ദിനേശൻ പി., ലതീഷ് പി., സെക്രട്ടറിയായിരുന്ന പി. ടി. ഹസ്സൻ എന്നിവർക്കെതിരെ വിജിലൻസ്

കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) അന്വേഷണത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരുന്നു.

സഹകരണ ബാങ്കുകളിലെ വായ്പാ തിരിച്ചടവ്

331 (738) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സഹകരണ ബാങ്കുകളിലെ വായ്പാ തിരിച്ചടവിൽ വീഴ്ചവരുത്തിയ ധാരാളംപേർക്ക് വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽമൂലം സമാശ്വാസം ലഭിക്കുന്നുണ്ടെങ്കിലും ചില ബാങ്കുകളുടെ പെരുമാറ്റം പൊതുജനങ്ങളിൽ ഭീതിയുളവാക്കുന്നത് ഒഴിവാക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

കോവിഡാനന്തരം സഹകരണ ബാങ്കുകളിലെ വായ്പാ തിരിച്ചടവിൽ

വീഴ്ച വരുത്തിയവർക്ക് സമാശ്വാസം ലഭിക്കുന്നതിലേക്കായി കുടിശ്ശിക നിവാരണ പദ്ധതി ഉൾപ്പടെയുള്ള വിവിധ പദ്ധതികൾ സഹകരണ വകുപ്പ് ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ഏതെങ്കിലും ബാങ്കുകളിൽനിന്ന് പൊതുജനങ്ങൾക്ക് ഭീതിയുളവാക്കുന്ന തരത്തിലുള്ള പെരുമാറ്റമുള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംഘങ്ങളിലെ ഇടപാടുകാരോട് അനുഭാവപൂർവം പെരുമാറുന്നതിനുള്ള നിർദേശം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-മാർ നടത്തുന്ന സംഘം സെക്രട്ടറിമാരുടെ അവലോകന യോഗങ്ങളിൽ നൽകിവരുന്നുണ്ട്.

(ബി) വായ്പാ തിരിച്ചടവ് ദീർഘിപ്പിക്കാമെന്ന് പറഞ്ഞ് ചില ഏജൻസികൾ ഇത്തരം കടക്കാരെ സമീപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രാഥമിക സഹകരണ സംഘം/ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്ക് വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കുവാൻ സാധിക്കാതെ വന്നാൽ വായ്പക്കാർക്ക് ആശ്വാസമാവുകയെന്ന

ലക്ഷ്യത്തോടുകൂടി സർക്കാർ കാലാകാലങ്ങളിൽ നവകേരളീയം കുടിശ്ശികനിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

സഹകരണ ബാങ്കുകളിൽനിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ

332 (739) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ?

സഹകരണ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്തി സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മണലൂർ മണ്ഡലത്തിലെ സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് പദ്ധതി

333 (740) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽനിന്നും 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വായ്പ എടുത്തവരിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

മണലൂർ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽനിന്നും 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 40 വായ്പാക്കാർക്കായി 39,64,866/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം സഹകരണ ബാങ്കുകളിൽനിന്നും എത്ര രൂപ വീതമാണ് ആനുകൂല്യമായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ടിനായുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ടെന്നും അവ എന്നത്തേക്ക് തീർപ്പാക്കാനാകുമെന്നും അറിയിക്കുമോ?

മണലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ സഹകരണ സംഘങ്ങളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആകെ 206 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 40 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കിനിൽപ്പുള്ള 166 അപേക്ഷകളിൽ 51 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുണ്ട്. 16 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും 21 അപേക്ഷകൾ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും ബാക്കിയുള്ള 78 അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഫയൽ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

(ഡി) റിസ്ക് ഫണ്ട് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

റിസ്ക് ഫണ്ട് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

(എ) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 7

വായ്പ എടുക്കുന്ന അംഗങ്ങളിൽനിന്നും സർക്കാർ ഉത്തരവുപ്രകാരമുള്ള ബോർഡിന്റെ ബൈലോ വ്യവസ്ഥയ്ക്കുവിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം 2000/- രൂപയും) ആയതിന്റെ 18 ശതമാനം ജി.എസ്.ടി.-യും ഈടാക്കുകയും പ്രസ്തുത തുക തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.

(ബി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 5

മരണപ്പെട്ടതോ/മാരകരോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70

വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.

(സി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ബി)

വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിലെ നിയമനം

334 (741) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ അസിസ്റ്റന്റ് തസ്തികയിൽനിന്നും അസിസ്റ്റൻറ് മാനേജർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി മൂന്നുവർഷത്തെ പ്രവൃത്തിപരിചയം

വേണമെന്ന മാനദണ്ഡം ഒരു വർഷമാക്കി കുറയ്ക്കുന്നതിനുള്ള ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ അസിസ്റ്റന്റ് തസ്തികയിൽനിന്നും അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്ക് പ്രൊമോഷൻ നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രവൃത്തിപരിചയ കാലാവധി 3 വർഷത്തിൽനിന്നും 1 വർഷക്കാലാവധിയായി കുറയ്ക്കുന്നതിന് റിക്രൂട്ട്മെന്റ് റൂളിലെ clause (6)-ൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ബാങ്കിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നിലവിൽ 6 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ അസിസ്റ്റന്റുമാരിൽനിന്നും ഉദ്യോഗക്കയറ്റംവഴി നിയമനം നടത്താൻ മാറ്റിവച്ചിരിക്കുന്ന തസ്തികകളുടെ എണ്ണം ലഭ്യമാക്കുമോ?

അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ അസിസ്റ്റന്റുമാരിൽനിന്നും ഉദ്യോഗക്കയറ്റംവഴി നിയമനം നടത്താൻ 52 ഒഴിവുകൾ ഈ തസ്തികയിലുണ്ട്.

ലേല സ്ഥിരീകരണം വേഗത്തിലാക്കാൻ നടപടി

335 (742) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽനിന്ന് അനുവദിക്കുന്ന വായ്പകളിൽ തവണമുടങ്ങി കുടിശ്ശികവരുത്തി ജപ്തി തിരിച്ചടയ്ക്കാതെ ഉപേക്ഷിക്കുന്ന ഈടുവസ്തുക്കൾ ലേലത്തിൽ ഏറ്റെടുക്കാനാളില്ലാത്ത സാഹചര്യത്തിൽ നിയമപരമായ നടപടികൾ പൂർത്തിയാക്കി ബാങ്ക് തന്നെ ലേലംകൊള്ളുന്ന വസ്തുക്കൾക്ക് സഹകരണ രജിസ്ട്രാറുടെ ലേല സ്ഥിരീകരണം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽനിന്ന് അനുവദിക്കുന്ന

വായ്പകളിൽ തവണമുടങ്ങി കുടിശ്ശികവരുത്തി തുക തിരിച്ചടയ്ക്കാതെ ഉപേക്ഷിക്കുന്ന ഈടുവസ്തുക്കൾ ലേലത്തിൽ ഏറ്റെടുക്കാനാളില്ലാത്ത സാഹചര്യത്തിൽ നിയമപരമായ നടപടികൾ പൂർത്തിയാക്കി ബാങ്ക് ലേലം കൊള്ളുന്ന വസ്തുക്കൾക്ക് സഹകരണ രജിസ്ട്രാറുടെ ലേല സ്ഥിരീകരണം ലഭിക്കുന്നതിന് തടസ്സമില്ല.

(ബി) സഹകരണ രജിസ്ട്രാറുടെ ലേല സ്ഥിരീകരണം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതുമൂലം വായ്പാകുടിശ്ശിക തുക ദിനംപ്രതി വർധിച്ചുവരുമെന്നതിനാൽ ലേല സ്ഥിരീകരണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സഹകരണ രജിസ്ട്രാറുടെ ലേല സ്ഥിരീകരണം ലഭിക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നില്ല. കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ലേലസ്ഥിരീകരണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി

336 (743) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി സ്ഥാപകരുടെയും നിലവിലുള്ള ഭരണസമതി അംഗങ്ങളുടെയും മുൻകാല അംഗങ്ങളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സൊസൈറ്റിക്ക് നാളിതുവരെ സർക്കാർ നൽകിയ ഗ്രാന്റും സൊസൈറ്റിയുടെ വിവിധ പദ്ധതികൾക്കായി നൽകിയ സാമ്പത്തിക സഹായങ്ങളും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത സൊസൈറ്റിക്ക് നാളിതുവരെ സർക്കാർ നൽകിയ ഗ്രാന്റും സൊസൈറ്റിയുടെ വിവിധ പദ്ധതികൾക്കായി നൽകിയ സാമ്പത്തിക സഹായവും ഉൾപ്പടെ 16.63 കോടി (1999 മുതൽ നാളിതുവരെ) നൽകിയിട്ടുണ്ട്. കൂടാതെ 16-10-2021-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 446/2021/പി&ഇ.എ. പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (RKI) സാമ്പത്തിക സഹായത്തോടെ ആരംഭിച്ച കേരളാ ചിക്കൻ പദ്ധതിയുടെ നടപ്പാക്കൽ ഘട്ടത്തിൽ പ്രവർത്തനമൂലധനമായി ഒരു കോടി രൂപയും 43

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്രോയിലർ ഫാമിന് സബ്സിഡിയായി 17.95 ലക്ഷം രൂപയും ചേർത്ത് ആകെ 1,17,95,000 (ഒരുകോടി പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം) രൂപ പ്രസ്തുത സൊസൈറ്റിക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രാഥമിക സഹകരണ സംഘങ്ങൾ, കേരളാ ബാങ്ക് (മുൻ ജില്ല/സംസ്ഥാന സഹകരണ ബാങ്ക്) എന്നിവിടങ്ങളിൽനിന്നും എത്ര തുക നിക്ഷേപമായും കടമായും പ്രസ്തുത സൊസൈറ്റി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദവിവരങ്ങൾ നൽകുമോ?

19,64,55,646/- രൂപ (പ്രാഥമിക സഹകരണ സംഘങ്ങൾ).

(ഡി) പ്രസ്തുത സൊസൈറ്റിയുടെ ഷെയർ ഏതൊക്കെ തരത്തിലാണെന്നും ആരൊക്കെയാണ് ഷെയർ ഹോൾഡർമാരെന്നുമുള്ള പൂർണ്ണവിവരം നൽകാമോ?

സൊസൈറ്റിക്ക് ഷെയർ ഹോൾഡർമാരില്ല. അംഗത്വം മാത്രമാണുള്ളത്.

(ഇ) കുടുംബശ്രീ യൂണിറ്റുകളിൽനിന്നും പ്രസ്തുത സൊസൈറ്റി പണം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച തുക യൂണിറ്റടിസ്ഥാനത്തിൽ

വേർതിരിച്ച് ലഭ്യമാക്കാമോ?

ഉണ്ട്. ജില്ലയിലെ 23 പഞ്ചായത്തുകളിലെ കുടുംബശ്രീയിൽനിന്നായി 48,61,300/- രൂപ സമാഹരിച്ചിട്ടുണ്ട്.

(എഫ്) പൊതുജനങ്ങളിൽനിന്ന് എത്ര തുക വായ്പയായും ഡെപ്പോസിറ്റായും സമാഹരിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ?

44.53 കോടി രൂപ.

(ജി) നിലവിൽ സൊസൈറ്റിക്ക് എത്ര രൂപയുടെ ബാധ്യതയുണ്ടെന്നുള്ള വിവരം വ്യക്തികൾ, സഹകരണ സംഘങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാമോ?

വ്യക്തികൾ - 48.04 കോടി

സഹകരണ സംഘങ്ങൾ - 25.06 കോടി

സ്ഥാപനങ്ങൾ-0.70 കോടി.

സംസ്ഥാന കോ-ഓപ്പറേറ്റീവ് വർക്കേഴ്സ്
വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം

337 (744) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കോ-ഓപ്പറേറ്റീവ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അംഗങ്ങളായിട്ടുള്ള സഹകരണ ജീവനക്കാർ എത്രയാണെന്നും ഇവരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ?

സംസ്ഥാന സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡിൽ 79682 ജീവനക്കാർ അംഗങ്ങളായിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 80(3 എ) പ്രകാരം സഹകരണ അപെക്സ് സ്ഥാപനങ്ങളിലെ നിയമനം പബ്ലിക് സർവീസ് കമ്മീഷൻ വഴിയും വകുപ്പ് 80(ബി) പ്രകാരം പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിലെ ക്ലാർക്ക് മുതൽ മുകളിലേക്കുള്ള തസ്തികകൾ സഹകരണ സർവീസ് പരീക്ഷാ ബോർഡുവഴിയും ടി സ്ഥാപനങ്ങളിലെ മറ്റുള്ള തസ്തികകളും മറ്റ് സഹകരണ സ്ഥാപനങ്ങളിലെ തസ്തികകളും സഹകരണ സംഘം രജിസ്ട്രാറുടെ മാർഗനിർദേശത്തിനനുസരണമായി ഔട്ട്സൈഡ് ഏജൻസി വഴി സഹകരണ നിയമം ചട്ടം അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. സഹകരണ

സ്ഥാപനങ്ങളിൽ ജോലി ചെയ്യുവരുന്ന സ്ഥിരം ജീവനക്കാർക്ക് ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്.

(ബി) നാളിതുവരെയുള്ള കണക്കുകൾ പ്രകാരം ബോർഡിന്റേതായി വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ട ആകെ തുക എത്രയാണെന്നും ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര കാലത്തേക്കാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കേരള ബാങ്ക് സ്റ്റാച്യു ശാഖയിലും ഇടുക്കി കേരള ബാങ്ക് ചെറുതോണി ബ്രാഞ്ചിലും തൃശ്ശൂർ കേരള ബാങ്ക് മെയിൻ ബ്രാഞ്ചിലുമായി 258,96,15,762/- രൂപയുടെ ഒരു വർഷത്തേക്കുള്ള സ്ഥിര നിക്ഷേപങ്ങൾ ബോർഡിന്റേതായിട്ടുണ്ട്. കേരളാ ബാങ്കിന്റെ വിവിധ ശാഖകളിലായി സേവിങ്സ് ബാങ്ക് അക്കൗണ്ട് ഇനത്തിൽ 7,54,85,540.95 തുക ബാക്കി നിൽപ്പുണ്ട്.

(സി) ബോർഡിന്റെ ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസുകൾ തുടങ്ങിയവയ്ക്ക് വാടകയിനത്തിൽ പ്രതിവർഷം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും മുൻവർഷം പ്രസ്തുത ഇനത്തിലെ ചെലവ്

എത്രയായിരുന്നുവെന്നും അറിയിക്കാമോ?

ബോർഡിന്റെ റീജിയണൽ ആഫീസുകൾക്ക് 2023-24 സാമ്പത്തിക വർഷം വാടക ഇനത്തിൽ 9,51,000/- രൂപ കൊടുത്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം വാടക ഇനത്തിൽ 9,28,824/- രൂപ ചെലവ് വരുന്നതായി പ്രതീക്ഷിക്കുന്നു.

(ഡി) 2024-25 സാമ്പത്തിക വർഷം എത്ര പേർക്ക് റിസ്ക് ഫണ്ട് വഴി ധനസഹായം നൽകിയിട്ടുണ്ടെന്നും കോട്ടയം ജില്ലയിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും ധനസഹായം നൽകുന്നതിന് മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷം 01-04-2024 മുതൽ 04-02-2025 വരെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മരണാനന്തര ചികിത്സാ ധനസഹായമായി 9918 വായ്പാക്കാർക്ക് 10785 വായ്പകളിലായി 100.56 കോടി രൂപയുടെ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

കോട്ടയം ജില്ലയിൽ 321 പേർക്ക് 336 വായ്പകളിലായി 4,25,65,667/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. 2024-25 സാമ്പത്തികവർഷം റിസ്ക് ഫണ്ട് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ലാത്തതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11-10-2022-ലെ സ.ഉ.(കൈ)നം.32/2022/സഹ. പ്രകാരം ടി തീയതി മുതൽ നൽകുന്ന വായ്പകളിൽ ബോർഡിന്റെ ബൈലാ വ്യവസ്ഥയ്ക്കുവിധേയമായി ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതതുക 0.5 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 1,000/- രൂപയും അതിന്റെ 18 ശതമാനം ജി.എസ്.ടി.-യും എന്നത് 0.7 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി വിഹിതം തുക 2,000/- രൂപയും ആയതിന്റെ 18 ശതമാനം ജി.എസ്.ടി.-യും എന്നാക്കി ഉയർത്തിയിട്ടുണ്ട്.

11-10-2022 മുതൽ നൽകുന്ന വായ്പകളിൽ മരണാനന്തര ധനസഹായത്തിന്റെ പരമാവധി തുക 2,00,000/- രൂപയിൽനിന്നും 3,00,000/- രൂപയാക്കിയും ഒരു വായ്പാക്കാരൻ വിവിധ സഹകരണ

സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000/- രൂപ എന്നത് 6,00,000/- രൂപയാക്കിയും മാരകരോഗം പിടിപെട്ട വായ്പാക്കാർക്കുള്ള ചികിത്സാ ധനസഹായത്തിന്റെ പരമാവധി തുക 1,00,000/- രൂപയിൽനിന്നും 1,25,000/- രൂപയാക്കിയും വർധിപ്പിച്ചിട്ടുണ്ട്.

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ
എസ്.സി., എസ്.ടി. സഹകരണ സംഘങ്ങൾ

338 (745) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര എസ്.സി., എസ്.ടി. സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണെന്നും വ്യക്തമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ രണ്ട് പട്ടികജാതി സംഘങ്ങളും ഒരു പട്ടികവർഗ സംഘവും ഉൾപ്പെടെ മൂന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. നടുവണ്ണൂർ പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2413 -നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്.

2. ബാലുശ്ശേരി പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം

നമ്പർ ഡി. 2312 -ബാലുശ്ശേരി പഞ്ചായത്ത്.

3. കോഴിക്കോട് ജില്ലാ പട്ടികവർഗ സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 3321 -കോട്ടൂർ പഞ്ചായത്ത്.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ എത്ര എസ്.സി., എസ്.ടി. സഹകരണ സംഘങ്ങളാണ് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇവയിൽ എത്ര സൊസൈറ്റികൾ ഇപ്പോൾ പ്രവർത്തനക്ഷമമല്ലെന്നും അറിയിക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ രണ്ട് പട്ടികജാതി സംഘങ്ങളും ഒരു പട്ടികവർഗ സംഘവുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മേൽ മൂന്ന് സംഘങ്ങളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ എസ്.സി., എസ്.ടി. സൊസൈറ്റികൾക്കാണ് സർക്കാർ വിവിധ പദ്ധതികൾക്കായി ധനസഹായം നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ രണ്ട് പട്ടികജാതി സംഘങ്ങൾക്കാണ് സർക്കാർ ധനസഹായം നൽകിയിട്ടുള്ളത്. ടി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബാലുശ്ശേരി പട്ടികജാതി സർവീസ് സഹകരണ സംഘം
ക്ലിപ്തം നമ്പർ ഡി. 2312

- മാനേജീരിയൽ സബ്സിഡി – Rs.315690/-
- ബിൽഡിങ് ഗ്രാന്റ്- Rs.5 ലക്ഷം
- റിവൈവൽ സ്കീം – Rs.3 ലക്ഷം
- പ്രവർത്തന മൂലധന ഗ്രാന്റ് - Rs.3 ലക്ഷം
- ആകെ - Rs.1415690/-

നടുവണ്ണൂർ പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ സംഘം
ക്ലിപ്തം നമ്പർ ഡി . 2413

- പ്രവർത്തന മൂലധന ഗ്രാന്റ് - Rs.280000/-
- ഫർണിച്ചർ ഗ്രാന്റ് - Rs.5000/-
- സൈറ്റ് പർച്ചേസ് ഗ്രാന്റ് - Rs.25000/-
- ഷെയർ ഗ്രാന്റ് - Rs.4614/-
- ബിൽഡിങ് ഗ്രാന്റ്- Rs.180000/-
- സർക്കാർ ഓഹരി മൂലധനം - Rs.120000/-
- മാനേജീരിയൽ സബ്സിഡി - Rs.148387/-

- ബിൽഡിങ് മെയിന്റനൻസ് ഗ്രാന്റ് - Rs.320000/-
- പ്രവർത്തന മൂലധന ഗ്രാന്റ് - Rs.220000/-
- പുനർജ്ജനി – Rs.2333760/-
- ആകെ – Rs.3636761/-.

നവകേരളീയം കുടിശ്ശിക നിവാരണം

339 (746) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണത്തിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെവന്ന വായ്പക്കാർക്ക് ആശ്വാസമാകുകയെന്ന ലക്ഷ്യത്തോടുകൂടി “നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി” 2025 ജനുവരി 2 മുതൽ നടപ്പിലാക്കിവരുന്നു. നിലവിൽ പദ്ധതിയുടെ കാലാവധി 28-02-2025

വരെയാണ് തീരുമാനിച്ചിട്ടുള്ളത്. സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും/സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും.

ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതതമാനം വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാ കണക്ക് അവസാനിപ്പിച്ചുവരുന്നു. കൂടാതെ, ക്യാൻസർബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഗുരുതരമായ ഹൃദയസംബന്ധ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എച്ച്.ഐ.വി. ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ചികിത്സിച്ച് മാറ്റാൻ കഴിയാത്ത മാനസിക രോഗം, ക്ഷയരോഗം എന്നിവ ബാധിച്ചവർ, ടി രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ (കുടുംബം എന്നാൽ ഭാര്യ, ഭർത്താവ്, മക്കൾ,

അച്ഛൻ, അമ്മ) അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയവരുടെ വായ്പകൾ ഓരോ വായ്പക്കാരന്റേയും സ്ഥിതി കണക്കിലെടുത്ത് പലിശയിൽ അധിക ഇളവ് നൽകുന്നുണ്ട്.

കുടിശ്ശിക നിവാരണം–ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

340 (747) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കുടിശ്ശിക നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ വഴിയുള്ള ഒറ്റത്തവണ തീർപ്പാക്കലിലൂടെ എത്രയാളുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് കുടിശ്ശിക നിവാരണ പദ്ധതിയിൽ 865063 ആളുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഒറ്റത്തവണ തീർപ്പാക്കലിലൂടെ എത്ര തുക

സഹകരണ സംഘങ്ങൾക്ക് ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കിയതിലൂടെ സംഘങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന തുകയിൽ എത്ര രൂപയുടെ കുറവുണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ?

സംഘങ്ങൾക്ക് പ്രസ്തുത കാലയളവിൽ ഒറ്റത്തവണ തീർപ്പാക്കലിലൂടെ 25,13,853.46/- ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കിയതിലൂടെ 2,86,821.98/- ലക്ഷം രൂപയുടെ കുറവ് വന്നിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. 2025 ഫെബ്രുവരി 28 വരെയാണ് നിലവിലെ കുടിശ്ശിക നിവാരണ പദ്ധതിയുടെ കാലാവധി.

കേരള സഹകരണ സംഘം ചട്ടത്തിൽ ഭേദഗതി

341 (748) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2022-ന് അനുസൃതമായി കേരള സഹകരണ സംഘം ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ?

2022-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പ്രകാരം നിലവിൽവന്ന കേരള സഹകരണ സംഘം (ഭേദഗതി) നിയമം 2023-ന് അനുസൃതമായി 31-12-2024-ലെ സ.ഉ.(പി)നം.232/2024/സഹ. പ്രകാരം എസ്.ആർ.ഒ. നം.1203/2024 ആയി കേരള സഹകരണ സംഘം ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളതാണ്. ഭേദഗതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

സഹകാരികൾക്ക് കടാശ്വാസ കമ്മീഷൻ ഇളവ് അനുവദിച്ച നടപടി

342 (749) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സഹകരണ സ്ഥാപനങ്ങളിൽ കുടിശ്ശിക വരുത്തിയ സഹകാരികൾക്ക് കടാശ്വാസ കമ്മീഷൻ ഇളവ് അനുവദിച്ചതുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾക്ക് വലിയ തുക നൽകാനുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന കർഷക കടാശ്വാസ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മീഷൻ വിവിധ ജില്ലകളിൽ സിറ്റിങ് നടത്തി അനുവദിക്കുന്ന കടാശ്വാസ അവാർഡുകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയ്ക്കുശേഷം ലഭ്യമാകുന്ന പ്രൊപ്പോസലുകളിൽ അതത് സാമ്പത്തികവർഷം ബജറ്റിൽ അനുവദിക്കുന്ന തുകയ്ക്ക് പുറമെ അധിക ധനാനുമതിയായി അനുവദിക്കുന്ന തുകയും ചേർത്ത് സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തീർത്തുവരുന്നു. ഈ സാമ്പത്തിക വർഷം ഇതുവരെ 10,03,63,827/- (പത്ത് കോടി മൂന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) രൂപ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കാർഷിക വായ്പകൾക്ക് ഉത്തേജന പലിശയിളവ് നൽകിയ ഇനത്തിൽ കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും സർവീസ് സഹകരണ ബാങ്കുകൾക്കും നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് നൽകാമോ?

ഉത്തേജന പലിശയിളവ് പദ്ധതിപ്രകാരം സംഘങ്ങൾക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക സംബന്ധിച്ച വിവരം ജില്ല തിരിച്ചുള്ള വിവരം

അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത കൂടിശ്ശികകൾ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കൂടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നെൽകർഷകരുടെ ഉന്നമനത്തിനായുള്ള സഹകരണ സംഘങ്ങൾ

343 (750) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നെൽകർഷകരുടെ ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കേരള സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തനപരിധിയായി നെല്ല് സംഭരണം പ്രധാന പ്രവർത്തനമായി 27-08-2021-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുള്ള സംഘമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേരള പാഡി പ്രോക്യൂർമെന്റ് പ്രോസ്സസിങ് ആൻഡ് മാർക്കറ്റിങ് സഹകരണ സംഘം (KAPCOS) ക്ലിപ്തം നമ്പർ 4505. സംഘം ബൈലോ വ്യവസ്ഥപ്രകാരം കർഷകർക്ക് വരുമാനവും സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയുമാണ് സംഘത്തിന്റെ ലക്ഷ്യം. അരിയും മൂല്യവർധിത ഉൽപ്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി, സംഘത്തിന്റെ പേരിൽ കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ കിടങ്ങൂർ വില്ലേജിൽ വാങ്ങിയിട്ടുള്ള സ്ഥലത്ത് ആധുനിക റൈസ് മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്ന നെല്ല് ന്യായമായ വില നൽകി സംഭരിക്കുവാൻ ആധുനിക റൈസ് മില്ലിലൂടെ സാധ്യമാകുന്നതാണ്.

പാലക്കാട് ജില്ലയിൽ പാലക്കാട് ആസ്ഥാനമാക്കി 29-01-2019-ൽ അഗ്രികൾച്ചറൽ പ്രോസ്സസിങ് സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് 06-02-2019-ൽ പ്രവർത്തനമാരംഭിച്ച പാലക്കാട് പാഡി പ്രോക്യൂർമെന്റ് പ്രോസ്സസിങ് ആൻഡ് മാർക്കറ്റിങ് സഹകരണ സംഘം (PAPCOS) ക്ലിപ്തം നമ്പർ പി.1449-ൽ നിലവിൽ 36 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ

അംഗങ്ങളായിട്ടുണ്ട്. 13.70 കോടി രൂപ "എ" ക്ലാസ് ഓഹരി മൂലധനമായി സംഘം സമാഹരിച്ചിട്ടുണ്ട്. സർക്കാരിൽനിന്ന് ഒരു കോടി രൂപ "ബി" ക്ലാസ് ഓഹരി മൂലധനവും ഒരു കോടി രൂപ സബ്സിഡിയും ഉൾപ്പെടെ ആകെ രണ്ട് കോടി രൂപ സംഘത്തിന് ധനസഹായമായി ലഭിച്ചിട്ടുണ്ട്. ആധുനിക റൈസ് മിൽ സ്ഥാപിച്ച് പാലക്കാട് ജില്ലയിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുകയും സംസ്കരിച്ച് അരിയാക്കി മാറ്റി പൊതുവിപണിയിലും സഹകരണ സംഘങ്ങൾ വഴി വിപണന സ്റ്റാളുകൾ കണ്ടെത്തി വിപണനം നടത്തുക എന്നതാണ് സംഘത്തിന്റെ പ്രധാന ഉദ്ദേശ്യം.

ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനായി ആലത്തൂർ താലൂക്കിലെ കണ്ണംമ്പ്ര 1 വില്ലേജിൽ ഉൾപ്പെട്ട മാങ്ങോട്ടിൽ 27.66 ഏക്കർ ഭൂമി സംഘം വാങ്ങിയിട്ടുണ്ട്. പദ്ധതി പ്രദേശത്തേക്കുള്ള റോഡിന് നിലവിൽ 5 മീറ്റർ വീതിയാണുള്ളത്. റൈസ് മിൽ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് 8 മീറ്റർ വീതിയുള്ള റോഡ് ആവശ്യമായതിനാൽ റോഡിന്റെ വീതി കൂട്ടുന്നതിനായി 2013-ലെ RFCTLARR ACT പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. അതുപ്രകാരം

സ്ഥലം ഏറ്റെടുക്കുന്നത്തിനുള്ള നടപടികൾ സംഘം സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായതിനുശേഷം ആധുനിക റൈസ് മിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ പദ്ധതി

344 (751) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിനുവേണ്ടി നിയോഗിച്ച രാജേന്ദ്രൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ട് പെൻഷൻ സംഘടനകളുമായി ചർച്ചചെയ്ത് അപാകതകൾ പരിഹരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കാമോ;

(ബി) സഹകരണ പെൻഷൻകാർക്ക് ലഭിച്ചുകൊണ്ടിരുന്ന ഡി.എ. പുനഃസ്ഥാപിക്കുമോയെന്ന് അറിയിക്കാമോ;

(സി) രാജേന്ദ്രൻ നായർ കമ്മിറ്റി ശിപാർശ ചെയ്ത 2 ശതമാനം വർധനവ് ഉടൻ നൽകാൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ?

(എ-സി) സഹകരണ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായം ലഭ്യമാക്കി ഈ വിഷയം വിശദമായി പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കേരളാ ബാങ്കിൽനിന്നും റിട്ടയർ ചെയ്തവരുടെ പ്രതിനിധികളെ സഹകരണ പെൻഷൻ ബോർഡിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

17-03-2023-ലെ സ.ഉ.(പി)നം.81/2023/സഹ. പ്രകാരം കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണ സമിതിയിൽ സഹകരണ പെൻഷൻകാരുടെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ഇ) സഹകരണ പെൻഷൻകാർക്കായി പെൻഷൻ ബോർഡിന്റെ

നേതൃത്വത്തിൽ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കാമോ?

പെൻഷൻ പരിഷ്കരണ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ആഭിമുഖ്യത്തിൽ സഹകരണ സംഘം രജിസ്ട്രാർ മറ്റ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി അഭിപ്രായങ്ങൾ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അത് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

345 (752) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; ഇതിനായി എന്തെല്ലാം മാർഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെവന്ന വായ്പക്കാർക്ക് ആശ്വാസമാകുകയെന്ന ലക്ഷ്യത്തോടുകൂടി "നവകേരളീയം

കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" 2025 ജനുവരി 2 മുതൽ നടപ്പിലാക്കിവരുന്നു. നിലവിൽ പദ്ധതിയുടെ കാലാവധി 28-02-2025 വരെയാണ് നിശ്ചയിച്ചിട്ടുള്ളത്. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും/സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും.

ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതമാനം വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാ കണക്ക് അവസാനിപ്പിച്ചുവരുന്നു. കൂടാതെ, ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഗുരുതരമായ ഹൃദയ സംബന്ധ ശസ്ത്രക്രിയക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എച്ച്.ഐ.വി. ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ചികിത്സിച്ച് മാറ്റാൻ കഴിയാത്ത മാനസിക

രോഗം, ക്ഷയരോഗം എന്നിവ ബാധിച്ചവർ, ടി രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ (കുടുംബം എന്നാൽ ഭാര്യ, ഭർത്താവ്, മക്കൾ, അച്ഛൻ, അമ്മ) അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയവരുടെ വായ്പകൾ ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പലിശയിൽ അധിക ഇളവ് നൽകുന്നുണ്ട്.

വയബിലിറ്റി ഗ്യാപ് ഫണ്ട്

346 (753) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. മുകേഷ്:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; തുറമുഖത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള

പ്രവർത്തനം 2024 ഡിസംബർ 3 മുതൽ ആരംഭിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. 2024 ജൂലൈ 11-ാം തീയതി ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തുതുടങ്ങിയതിനുശേഷം നാളിതുവരെ തുറമുഖത്തിന്റെ പ്രവർത്തനം വിജയകരമായി പുരോഗമിക്കുകയാണ്. 2024 ഡിസംബർ 25-ന് നൂറാമത്തെ കപ്പൽ തുറമുഖത്തിലടുക്കുകയും ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽത്തന്നെ 3 ലക്ഷം TEU-വിലേറെ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെടുകയുമുണ്ടായി. ഇതിലൂടെ 172.54 കോടി രൂപ തുറമുഖ വരുമാനമായും 31.06 കോടി രൂപ നികുതിയിനത്തിലും സർക്കാരിന് ലഭിച്ചു.

(ബി) പ്രസ്തുത തുറമുഖത്തിന് കേന്ദ്ര സർക്കാരിൽനിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഈ ഫണ്ട് പല മടങ്ങായി തിരിച്ചടയ്ക്കണമെന്ന നിബന്ധന നിലവിലുണ്ടോ; വിശദമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാർ പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽ

നിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസെഷൻ കാലയളവിലുടനീളം നൽകണമെന്നാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. വരുമാന വിഹിതത്തിന്റെ 20 ശതമാനം തുക ചുവടെപ്പറയുന്ന നിബന്ധനകളിൽ ആദ്യം പൂർത്തിയാകുന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന് തിരിച്ചുനൽകേണ്ടതാണെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

- കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് NPV വ്യവസ്ഥയിൽ തിരിച്ചടയ്ക്കണം OR
- കൺസഷൻ കരാർ അവസാനിക്കുന്നത് വരെയോ ഏതെങ്കിലും കാരണത്താൽ കരാർ റദ്ദായാൽ, റദ്ദാകുന്ന കാലയളവ് വരെയോ തിരിച്ചടയ്ക്കണം OR
- Appointed Date മുതൽ 60 വർഷം പൂർത്തിയാകുന്നതുവരെ എല്ലാ വർഷവും കേരള സർക്കാർ കേന്ദ്ര സർക്കാരിന് തിരിച്ചടവ് നടത്തേണ്ടതാണ്.

(സി) രാജ്യത്തെ മറ്റ് തുറമുഖങ്ങൾക്ക് അനുവദിച്ചിട്ടുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് തിരിച്ചടക്കേണ്ടതില്ലാത്ത സാഹചര്യത്തിൽ കേന്ദ്ര നിലപാട് സംസ്ഥാന താൽപര്യത്തിന് വിഘാതമാകുമോ; വിശദീകരിക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ മാതൃകയിൽതന്നെ വിഭാവന ചെയ്തിട്ടുള്ള VOC Tuticorin തുറമുഖത്തിലെ Outer Harbour പദ്ധതിയെ VGF സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് 2023 നവംബറിൽ DEA, in-Principle അംഗീകാരം നൽകിയിരുന്നു. എന്നാൽ, വരുമാന വിഹിതം തിരിച്ചടയ്ക്കണമെന്നുള്ള വ്യവസ്ഥ VOC Tuticorin തുറമുഖ പദ്ധതിക്ക് ബാധകമാക്കിയിരുന്നില്ല. എന്നാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് VGF നൽകുമ്പോൾ ടി തുക NPV വ്യവസ്ഥയിൽ 60 വർഷത്തെ കൺസഷൻ കാലയളവിലുടനീളം സംസ്ഥാന സർക്കാർ തിരിച്ചടയ്ക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കേന്ദ്ര സർക്കാരിൽനിന്നും കൺസഷണർക്ക് നൽകുന്ന 817.80 കോടി രൂപ 60 വർഷ കാലയളവിൽ NPV വ്യവസ്ഥയിൽ സംസ്ഥാന സർക്കാർ തിരിച്ചടയ്ക്കുമ്പോൾ സംസ്ഥാനത്തിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതിനാലും

ഇത്തരത്തിൽ വരുമാന വിഹിതം തിരിച്ചടയ്ക്കണമെന്നുള്ള വ്യവസ്ഥ VGF സ്കീമിന്റെ അടിസ്ഥാന തത്വത്തിന് വിരുദ്ധമായതിനാലും ഉറമുഖത്തിൽ നിന്നുള്ള സംസ്ഥാന സർക്കാരിന്റെ വരുമാന വിഹിതത്തിലൂടെ VGF തുക കേന്ദ്ര സർക്കാരിന് തിരികെ നൽകണമെന്നുള്ള നിലപാട് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും പ്രധാനമന്ത്രിയോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ഒറ്റത്തവണ ഗ്രാന്റായി ലഭിക്കേണ്ട തുക മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തിരിച്ചടയ്ക്കണമെന്ന കേന്ദ്രസർക്കാർ നിലപാടിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖ പദ്ധതിക്ക് VGF സ്കീമിൽ അന്തിമ അംഗീകാരം നൽകുന്നതിനായി DEA വിലയിരുത്തുന്ന ഘട്ടത്തിൽ VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധനയൊഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ DEA-ക്ക് 03-07-2019-ന് കത്ത് നൽകിയിട്ടുണ്ടായിരുന്നു. കൂടാതെ, പദ്ധതിയെ വിലയിരുത്തുന്ന DEA-യുടെ

കീഴിലുള്ള Empowered Institution-ന്റെ 24-11-2020-ൽ നടന്ന യോഗത്തിലും Empowered Committee-യുടെ 27-06-2022, 27-07-2024 തീയതികളിൽ നടന്ന യോഗങ്ങളിലും VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധനയൊഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.

കൂടാതെ VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധനയൊഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി കേന്ദ്ര ധനമന്ത്രിക്ക് 23-10-2024-നും പ്രധാനമന്ത്രിക്ക് 10-12-2024-നും കത്തുകൾ നൽകിയിട്ടുമുണ്ട്.

കോഴിക്കോട് ശാന്തിനഗർ കോളനിയിൽ ഗ്രൗണ്ട് നിർമ്മാണം

347 (754) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ശാന്തിനഗർ കോളനിയിൽ ഗ്രൗണ്ട് നിർമ്മിക്കുന്നതിന് തുറമുഖ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

കോഴിക്കോട് ശാന്തിനഗർ കോളനിയിൽ ഗ്രൗണ്ട് നിർമ്മിക്കുന്നതിന്

തുറമുഖ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടില്ല. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

(ബി) ഏത് ഏജൻസിയെയാണ് പ്രവൃത്തി നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ?

(ബി&സി) ഭരണാനുമതിയും ഫണ്ടും കേരള മാരിടൈം ബോർഡിന് കൈമാറുകയാണെങ്കിൽ ആയത് നിർമ്മിച്ചുനൽകുന്നതാണെന്ന് മാരിടൈം ബോർഡ് മീറ്റിങ്ങിൽ തീരുമാനിച്ചിട്ടുണ്ട്.

കോഴിക്കോട് ബീച്ചിൽ വഴിയോര വിശ്രമകേന്ദ്ര നിർമ്മാണം

348 (755) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ബീച്ചിൽ വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയത് പ്രകാരം എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നുള്ള 25 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി കോഴിക്കോട് ബീച്ചിൽ ഒരു വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കാമെന്ന് കേരളാ മാരിടൈം ബോർഡ് യോഗം തീരുമാനിക്കുകയും ആയതിനുള്ള പ്ലാനും പദ്ധതിയും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 03-12-2024-ന് ബഹുമാനപ്പെട്ട സഹകരണ-തുറമുഖ-ദേവസ്വം മന്ത്രിയുടെയും വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ കോഴിക്കോട് കോർപ്പറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, മാരിടൈം ബോർഡ് ചെയർമാൻ, സി.ഇ.ഒ. എന്നിവരുമായി ചേർന്ന യോഗത്തിൽ കോഴിക്കോട് ബീച്ചിൽ ലയൺസ് പാർക്കിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നടത്തുന്ന വികസന പ്രവർത്തനങ്ങളിൽ വിശ്രമ കേന്ദ്രവും ഉണ്ടാകുമെന്ന് കോർപ്പറേഷൻ അധികൃതർ അറിയിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ അന്തിമതീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ കേരള മാരിടൈം ബോർഡിന് തുടർനടപടി സ്വീകരിക്കാനാകുകയുള്ളൂ.

മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

349 (756) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ നീണ്ടകരയിൽ പ്രവർത്തിക്കുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ചവറ മണ്ഡലത്തിലെ നീണ്ടകര കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പി.പി.പി. മാതൃകയിൽ വികസിപ്പിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും 24-10-2024-ന് ഒരു താൽപര്യപത്രം ക്ഷണിക്കുകയും ചെയ്തു. മാരിടൈം വിദ്യാഭ്യാസ മേഖലയിലെ അനന്തമായ സാധ്യതകൾ മനസ്സിലാക്കുന്നതിനുവേണ്ടിയും വ്യവസായവും വിദ്യാഭ്യാസ ശ്രേണിയുമായുള്ള വിടവ് പരിഹരിക്കുന്നതിനുവേണ്ടിയും ദേശീയ തലത്തിലുള്ള ഒരു വിദ്യാഭ്യാസ കോൺഫറൻസ് "കേരള മാരിടൈം എഡ്യൂക്കേഷൻ കോൺഫറൻസ്" കൊച്ചി ബോൾഗാട്ടി പാലസിൽവച്ച് കേരള മാരിടൈം ബോർഡ് നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോവെന്ന് അറിയിക്കുമോ?

നീണ്ടകര കേരള മാരികൾചർ ഇൻസ്റ്റിറ്റ്യൂട്ട് പി.പി.പി. മാതൃകയിൽ വികസിപ്പിക്കുന്നതിനുള്ള താൽപര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 01-02-2025 വരെയായിരുന്നു. അഞ്ച് സ്ഥാപനങ്ങൾ താൽപര്യപത്രം സമർപ്പിച്ചിട്ടുണ്ട്. താൽപര്യപത്രത്തിൽ അധിഷ്ഠിതമാക്കി ടെൻഡർ നടപടികൾ പൂർത്തിയാക്കി പദ്ധതി നടപ്പിലാക്കാൻ ത്വരിത പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ക്ഷേത്രങ്ങളെ സംബന്ധിച്ച ഏകീകൃത വെബ്സൈറ്റ് സ്ഥാപിക്കാൻ നടപടി

350 (757) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളെ സംബന്ധിച്ച വിശദാംശങ്ങളെല്ലാം ഒരു കുടക്കീഴിൽ ലഭ്യമാകുന്ന വിധത്തിൽ ഒരു പൊതു വെബ്സൈറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വെബ്സൈറ്റിൽ ഓരോ ക്ഷേത്രങ്ങളുടെയും ആചാരവിധികൾ, ഐതിഹ്യങ്ങൾ, വഴിപാടുകളുടെയും ഉത്സവങ്ങളുടെയും വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പിൽഗ്രിം ടൂറിസത്തിന് ഏറെ ഗുണകരമായ ഈ വെബ്സൈറ്റ് അടിയന്തരമായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) നിലവിൽ പരിഗണനയിലില്ല.

വ്യാജവാർത്തക്കെതിരെ നിയമ നടപടി

351 (758) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ശബരിമലയിൽനിന്ന് സർക്കാരിന്റെ ഖജനാവിലേക്ക് ഇത്തവണ എത്തിയത് 440 കോടി രൂപ" എന്ന് മനോരമ ഓൺലൈൻ 23-01-2025-ന് നൽകിയ വ്യാജവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) പ്രസ്തുത വാർത്തക്കെതിരെ നിയമ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിയമപരമായ പരിശോധനയ്ക്കുശേഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശബരിമല തീർഥാടന വികസന പദ്ധതികൾ

352 (759) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർഥാടകർക്കുള്ള സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് എത്ര രൂപയുടെ വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഓരോ പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ?

2007-ൽ സർക്കാർ അംഗീകാരം നൽകിയ ഒരു ബൃഹത് പദ്ധതിയാണ് ശബരിമല മാസ്റ്റർപ്ലാൻ. ശബരിമല, പമ്പ, പരമ്പരാഗത പാത, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. ശബരിമല മാസ്റ്റർപ്ലാനിനെ ആധാരമാക്കി തയ്യാറാക്കിയ നിലയ്ക്കൽ ലേ ഔട്ട് പ്ലാനിന് 24-06-2020-ലും ശബരിമല സന്നിധാനം, പമ്പ ആൻഡ് ടെക്ക് റൂട്ട്

എന്നിവയുടെ ലേ ഔട്ട് പ്ലാനിന് 09-01-2025-ലും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സന്നിധാനം, പമ്പ ആൻഡ് ടെക്ക് റൂട്ട് എന്നിവയുടെ വികസനത്തിനായി ലേ ഔട്ട് പ്ലാനുകൾ പ്രകാരം ആകെ ചെലവ് കണക്കാക്കിയിരിക്കുന്നത് 1033.62 കോടി രൂപയാണ്. കൂടാതെ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, നിലയ്ക്കൽ, എരുമേലി, ചിറങ്ങര, മണിയങ്കോട് എന്നിവിടങ്ങളിൽ ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം നടന്നുവരുന്നുണ്ട്.

ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി 2025-2030 കാലയളവിൽ 3,1496 ലക്ഷം രൂപയുടെ പദ്ധതികളാണ് ശബരിമല തീർഥാടകർക്കുള്ള സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെയും കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നടന്നുവരുന്ന ശബരിമല ഇടത്താവളങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

(ബി) വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏതുതരത്തിലുള്ള സഹായമാണ് സർക്കാരും ദേവസ്വം ബോർഡുകളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നതെന്ന് വ്യക്തമാക്കുമോ?

കൊച്ചിൻ ദേവസ്വംബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുൾപ്പെടെ എല്ലാ ക്ഷേത്രങ്ങളിലെയും നിത്യനിദാന ചെലവുകൾ, ജീവനക്കാരുടെ വേതനം, ഇലക്ട്രിസിറ്റി ചാർജ് തുടങ്ങിയവ ദേവസ്വം ബോർഡ് നേരിട്ടാണ് നടത്തിവരുന്നത്. കൂടാതെ കുടിവെള്ളം, ടോയ്ലറ്റ് സൗകര്യമുൾപ്പെടെയുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നതിനുള്ള സഹായം ദേവസ്വം ബോർഡ് നൽകുന്നുണ്ട്. ക്ഷേത്രങ്ങളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾ, ഉത്സവ ചെലവുകൾക്കായി നൽകുന്ന കോൺട്രിബ്യൂഷൻ തുടങ്ങിയവയും ദേവസ്വം ബോർഡ് വഹിക്കുന്നുണ്ട്. ഉപദേശക സമിതികൾ നിലവിലില്ലാത്ത ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡ് നേരിട്ടാണ് ഉത്സവം നടത്തുന്നത്. ഇത്തരത്തിൽ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ വരുമാനക്കുറവ് കണക്കിലെടുക്കാതെതന്നെ ആവശ്യമായ എല്ലാ സഹായങ്ങളും കൊച്ചിൻ ദേവസ്വം ബോർഡ് നൽകിവരുന്നുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിനുകീഴിൽ പതിനൊന്ന് കീഴ്ടം ക്ഷേത്രങ്ങളാണുള്ളത്. അതിൽ രണ്ടെണ്ണം ദേവസ്വം നേരിട്ട്

നടത്തുന്നവയാണ്. മറ്റ് ഒൻപത് ക്ഷേത്രങ്ങളിലെ മേൽശാന്തിമാർക്ക് 6,000/-രൂപ വീതവും കഴകത്തിന് 3,250/-രൂപ വീതവും അടിച്ചുതളിക്കാർക്ക് 3,250/-രൂപ വീതവും പ്രതിമാസ ധനസഹായം ദേവസ്വം അനുവദിച്ചുനൽകുന്നുണ്ട്. കൂടാതെ ടി ക്ഷേത്രങ്ങളുടെ ഉത്സവത്തോടനുബന്ധിച്ച് 10,000/- രൂപ വീതം ഒരോ ക്ഷേത്രത്തിനും സാമ്പത്തിക സഹായവും കൂടൽമാണിക്യം ദേവസ്വം അനുവദിക്കുന്നുണ്ട്.

25 ലക്ഷം രൂപയിൽത്താഴെ വാർഷികവരുമാനമുള്ള ക്ഷേത്രങ്ങളിലെ ക്ഷേത്രജീവനക്കാരുടെ ശമ്പളത്തിനായി മലബാർ ദേവസ്വം ബോർഡ്, സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റ് ഉപയോഗപ്പെടുത്തി ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കുള്ള ഗ്രാന്റായി ഓരോ ക്ഷേത്രത്തിന്റെയും മെറിറ്റ് പരിഗണിച്ച് മലബാർ ദേവസ്വം ബോർഡ് തുക അനുവദിച്ച് വരുന്നുണ്ട്.

ദേവസ്വം ഫണ്ടിൽനിന്നും തുക വിനിയോഗിച്ചുകൊണ്ട് വരുമാനം കുറവുള്ള ക്ഷേത്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡും നടത്തിവരുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തുടനീളമുള്ള ഹൈന്ദവ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി ഗുരുവായൂർ ദേവസ്വത്തിൽനിന്നും ക്ഷേത്ര ധനസഹായം എല്ലാ വർഷവും അനുവദിച്ചുവരുന്നുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

353 (760) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിലുള്ള ക്ഷേത്രങ്ങളെ എത്ര വിഭാഗമായി തരംതിരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിലുള്ള ക്ഷേത്രങ്ങളെ 3 വിഭാഗമായി തരം തിരിച്ചിട്ടുണ്ട്. അത് ഗ്രേഡ്-I, ഗ്രേഡ്-II, ഗ്രേഡ്-III എന്നിവയാണ്.

(ബി) ഇതിനായി സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽവരുന്ന ക്ഷേത്രങ്ങളുടെ പതിവിൻ പ്രകാരമുള്ള (വാർഷിക) ചെലവിന്റെ അടിസ്ഥാനത്തിലാണ് തരം തിരിച്ചിട്ടുള്ളത്.

കാട്ടാക്കട മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ

354 (761) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത ക്ഷേത്രങ്ങളുടെ ഭൂമിയുടെ അളവ് സംബന്ധിച്ചും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ?

കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെയും പ്രസ്തുത ക്ഷേത്രങ്ങളുടെ ഭൂമിയുടെ അളവ് സംബന്ധിച്ചും പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. +

മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

355 (762) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിൽ സി, ഡി ക്ലാസ്സുകളിൽ നിലവിൽ എത്ര ജീവനക്കാർ ജോലിചെയ്യുവരുന്നുണ്ടെന്ന് അറിയിക്കാമോ?

മലബാർ ദേവസ്വം ബോർഡിലെ സി, ഡി ക്ലാസ്സ് ജീവനക്കാരുടെ എണ്ണം ഡിവിഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നം.	**ഡിവിഷൻ**	**സി, ഡി ക്ലാസ്സ് ജീവനക്കാരുടെ എണ്ണം**
1	കോഴിക്കോട്	620
2	മലപ്പുറം	1552
3	പാലക്കാട്	987
4	തലശ്ശേരി	1465
5	കാസർഗോഡ്	565
ആകെ		**5,189**

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പളം സമയബന്ധിതമായി കൊടുത്തുതീർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഓരോ ക്ഷേത്രവും ഓരോ ട്രസ്റ്റിമാരുടെ കീഴിലുള്ള വ്യതിരിക്ത യൂണിറ്റുകളാണ്. ക്ഷേത്ര ജീവനക്കാരുടെ

ശമ്പളം അതത് മാസം അനുവദിക്കേണ്ടത് അതത് ക്ഷേത്രങ്ങളുടെ ബാധ്യതയാണ്. എന്നാൽ വാർഷികവരുമാനം 25 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങളിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഗ്രാന്റിൽനിന്ന് ധനസഹായം അനുവദിച്ച് വരുന്നുണ്ട്.

ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

356 (763) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ ദേവസ്വം നിർമ്മിച്ച് നൽകുന്ന ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

ഗുരുവായൂർ ദേവസ്വം നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളിൽ Pile Works പൂർത്തീകരിച്ച് Pile Cap വർക്കുകൾ നടന്നുവരുന്നു. പ്രവൃത്തി 2025 ജൂലൈയിൽ പൂർത്തികരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ദേവസ്വം ബോർഡ് ഭരണസമിതികളുടെ
കാലാവധി ഏകീകരിക്കുന്നതിന് നടപടി

357 (764) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡ് ഭരണസമിതികളുടെ നിലവിലെ കാലാവധി എത്രയാണെന്നും പ്രസ്തുത കാലാവധി നീട്ടുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് Act & Rules, 1950-Section 10 പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പറുടെ കാലാവധി 2 വർഷവും Section 70 പ്രകാരം കൊച്ചിൻ ദേവസ്വം ബോർഡ് മെമ്പറുടെ കാലാവധി 2 വർഷവുമാണ്. കൂടൽമാണിക്യം ദേവസ്വം ആക്ട്, 2005-Section 5 പ്രകാരം കൂടൽമാണിക്യം ദേവസ്വം മാനേജിങ് കമ്മിറ്റിയിലെ നോമിനേറ്റഡ് മെമ്പറുടെ കാലാവധി 3 വർഷവും മദ്രാസ് ഹിന്ദു റിലീജിയസ് & ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ട്, 1951, Section 7A പ്രകാരം മലബാർ ദേവസ്വം ബോർഡ് മെമ്പറുടെ കാലാവധി 2 വർഷവും ഗുരുവായൂർ ദേവസ്വം ആക്ട്, 1978-Section 5 പ്രകാരം ഗുരുവായൂർ ദേവസ്വം

മാനേജിങ് കമ്മിറ്റിയിലെ നോമിനേറ്റഡ് മെമ്പറുടെ കാലാവധി 2 വർഷവുമാണ്.

ഭരണ സമിതികളുടെ കാലാവധി നീട്ടുന്നത് നിലവിൽ പരിഗണനയിലില്ല.

(ബി) ഭരണ സമിതികളുടെ കാലാവധി കുറയുന്നത് വികസന പ്രവർത്തനങ്ങൾക്കും പദ്ധതികളുടെ ആവിഷ്കരണത്തിലും തടസ്സമാകുന്നത് കണക്കിലെടുത്ത് കാലാവധി ഏകീകരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

മലബാർ ദേവസ്വം ബോർഡിനുള്ള ഗ്രാന്റ്

358 (765) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റ് ഇനത്തിൽ 2024-25 സാമ്പത്തിക വർഷം എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

മലബാർ ദേവസ്വം ബോർഡിന് 2024-25 സാമ്പത്തികവർഷം ബജറ്റിൽ 42.13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	**വകയിരുത്തിയ തുക**
ശമ്പളം	25,38,52,000/-
ശമ്പളേതരം	11,38,30,000/-
ക്ഷേത്രകലാ അക്കാദമി	5,50,000/-
ഉത്തരമലബാറിലെ ക്ഷേത്ര ആചാരസ്ഥാനികർ, കോലധാരികൾ എന്നിവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി	5,30,00,000/-
മലബാർ ക്ഷേത്രജീവനക്കാരുടേയും എക്സിക്യൂട്ടീവ് ഓഫീസർമാരുടേയും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിന് '2250-00-103-91-Govt.Contribution to the Welfare Fund for the Temple Employees and Executive Officers of the Temple in Malabar Area'	1,00,000/-
ആകെ	**42,13,32,000/-**

(ബി) പ്രസ്തുത ഇനത്തിൽ ഇതേവരെ എത്ര തുക അനുവദിച്ചുവെന്നും ബാക്കിതുക എന്നത്തേക്ക് അനുവദിക്കുമെന്നും വ്യക്തമാക്കുമോ?

മലബാർ ദേവസ്വം ബോർഡിന് 2024-25 സാമ്പത്തികവർഷം

ബജറ്റിൽ വകയിരുത്തിയ തുകയിൽനിന്നും നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	അനുവദിച്ച തുക
ശമ്പളം	13,96,18,600/-
ശമ്പളേതരം	6,26,06,500/-
ക്ഷേത്രകലാ അക്കാദമി	3,96,000/- രൂപ അനുവദിക്കുന്നതിന് ധനവകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്.
ഉത്തരമലബാറിലെ ക്ഷേത്ര ആചാരസ്ഥാനികർ, കോലധാരികൾ എന്നിവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി	5,30,00,000/- (ബജറ്റ് തുക പൂർണ്ണമായും അനുവദിച്ചു)
മലബാർ ക്ഷേത്രജീവനക്കാരുടേയും എക്സിക്യൂട്ടീവ് ഓഫീസർമാരുടേയും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിന് '2250-00-103-91-Govt. Contribution to the Welfare Fund for the Temple Employees and Executive Officers of the Temple in Malabar Area'	1,00,000/-

WA.354/2023 & connected cases–ൽ ബഹു. ഹൈക്കോടതി വിധി പ്രകാരം നൽകാനുള്ള ആകെ ശമ്പള കുടിശ്ശിക തുകയായ 20,71,924/- രൂപയുടെ **1/3** തുക (as per G.O. (Rt)No. 257/2025/RD dated 30-01-2025)	6,90,641/-
ആകെ	**25,60,15,741/-** **(3,96,000/- ഒഴികെ)**

ശമ്പള ഇനത്തിൽ ബാക്കി നൽകാനുള്ള 11,42,33,400/- രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭരണവകുപ്പിലും ശമ്പളേതര ഇനത്തിൽ ബാക്കി നൽകാനുള്ള 5,12,23,500/- രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പിലും പരിശോധിച്ചുവരികയാണ്.

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് എല്ലാ മാസവും കൃത്യമായി ശമ്പളം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സർക്കാരിൽനിന്നുള്ള ഗ്രാന്റ് പ്രധാനമായും സ്വീകരിച്ച് പ്രവർത്തിക്കുന്ന മലബാർ ദേവസ്വം ബോർഡ്, ക്ഷേത്രങ്ങളുടെ ഭരണപരമായ മേൽനോട്ട

ചുമതല മാത്രമേ വഹിക്കുന്നുള്ളൂ. ക്ഷേത്രജീവനക്കാരുടെ ശമ്പളം അതത് മാസം അനുവദിക്കേണ്ടത് ക്ഷേത്രങ്ങളുടെ ബാധ്യതയാണ്. എന്നാൽ 25 ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പളത്തിനായി ബോർഡിന് സർക്കാരിൽനിന്നും അനുവദിക്കുന്ന ഗ്രാന്റിൽനിന്നും നിശ്ചിത മാനദണ്ഡങ്ങളോടെ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഇപ്രകാരം സാമ്പത്തികമായി സ്വയംപര്യാപ്തമല്ലാത്ത ക്ഷേത്രങ്ങളുടെ കാര്യത്തിൽ ടി ക്ഷേത്രങ്ങൾ സ്വയംപര്യാപ്തമല്ലാത്തതു കാരണം ജീവനക്കാരുടെ ശമ്പള വിതരണം എല്ലാ മാസവും പൂർണ്ണമായും അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭിന്നശേഷിക്കാരുടെ നിയമനം

359 (766) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നശേഷം ക്ഷേത്ര ജീവനക്കാരിൽനിന്നും എത്ര പേരെ തസ്തികമാറ്റം വഴി പൂണ് തസ്തികയിൽ നിയമിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നശേഷം ക്ഷേത്ര ജീവനക്കാരിൽനിന്നും ആകെ 21 പേരെ തസ്തികമാറ്റം വഴി പൂണ് തസ്തികയിൽ നിയമിച്ചിട്ടുണ്ട്.

(ബി) തസ്തികമാറ്റം വഴി ക്ഷേത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ ആനുപാതികമായി എത്ര ഭിന്നശേഷിക്കാർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇപ്രകാരം നിയമിച്ചവരുടെ പട്ടിക ലഭ്യമാക്കുമോ?

10 ഭിന്നശേഷിക്കാർക്ക് ക്ലർക്ക്/സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇപ്രകാരം നിയമിച്ചവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) ക്ഷേത്ര ജീവനക്കാരിൽ എത്ര ഭിന്നശേഷി ജീവനക്കാരുണ്ടെന്നും സ്പെഷ്യൽ റൂൾ നിലവിൽവന്നശേഷം പ്രസ്തുത ജീവനക്കാർക്ക് പൂണ് തസ്തികയിൽ ആനുപാതികമായോ അല്ലാതെയോ നാളിതുവരെ നിയമനം നൽകിയിട്ടില്ലെങ്കിൽ ബാക്ക് ലോഗ് കണക്കിലെടുത്ത് അർഹതപ്പെട്ട ഭിന്നശേഷിക്കാർക്ക് നിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ക്ഷേത്ര ജീവനക്കാരിൽനിന്നും 40 ശതമാനത്തിൽ കുറയാത്ത ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് തസ്തികമാറ്റം നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചതിൻപ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ ആകെ 21 ജീവനക്കാരാണുള്ളത്.

നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ഓഫീസ് അറ്റന്റൻഡന്റ് തസ്തികയുടെ യോഗ്യത എസ്.എസ്.എൽ.സി./തത്തുല്യം, കൂടാതെ സൈക്കിൾ സവാരി അറിഞ്ഞിരിക്കണം എന്നതാണ്. സ്ത്രീകളെയും ഭിന്നശേഷിക്കാരെയും സൈക്കിൾ സവാരി അറിഞ്ഞിരിക്കണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. വിദ്യാഭ്യാസ യോഗ്യതയിൽ മറ്റ് ഇളവുകൾ അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നിയമനം നടത്താനാവില്ലെന്ന് ബോർഡ് ഉത്തരവായിട്ടുള്ളതാണ്. ടി ലിസ്റ്റ് പുനഃക്രമീകരിച്ചതിനുശേഷം നിയമനനടപടികൾ ത്വരിതപ്പെടുത്തുവാൻ കഴിയുന്നതാണെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ
നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

360 (767) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന്

ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ നിയന്ത്രണത്തിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങളുടെ നിയന്ത്രണത്തിൽ 12 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പേര് വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീമദ് അനന്തേശ്വരം ക്ഷേത്രം, മഞ്ചേശ്വരം - ഹയർ സെക്കൻഡറി സ്കൂൾ

2. ശ്രീ. മാമാനിക്കുന്ന് മഹാദേവീക്ഷേത്രം - എൽ.പി. സ്കൂൾ

3. ശ്രീ. എടനീർ മഠം, എടനീർ - ഹയർ സെക്കൻഡറി സ്കൂൾ

4. ശ്രീ. പാലക്കുന്ന് ഭഗവതി ക്ഷേത്രം - എൽ.പി. സ്കൂൾ

5. ശ്രീ. കോളിയൂർ ശ്രീ. ശങ്കരനാരായണ ക്ഷേത്രം - എൽ.പി. സ്കൂൾ

6. ശ്രീ. കല്ലേക്കുളങ്ങര ഏമൂർ ഭഗവതി ക്ഷേത്രം - ഹൈസ്കൂൾ

7. ശ്രീ. പെരുമാൾ കോവിൽ ദേവസ്വം, കൊല്ലങ്കോട് - യു.പി. സ്കൂൾ

8. ശ്രീ. പിഷാരികാവ് ദേവസ്വം, കൊല്ലം, കൊയിലാണ്ടി - എൽ.പി. സ്കൂൾ

9. ശ്രീ. മുണ്ടയാംപറമ്പ് ക്ഷേത്രം - എൽ.പി. സ്കൂൾ

10. ശ്രീ. മുനികുടം ദേവസ്വം, പാലക്കാട് - എൽ.പി. സ്കൂൾ

11. ശ്രീ. തിരുകാച്ചാംകുറിശ്ശി ദേവസ്വം - യു.പി. സ്കൂൾ

12. ശ്രീ. മാനികാവ് ക്ഷേത്രം, വയനാട് - യു.പി. സ്കൂൾ

കാട്ടാക്കടയിൽ ദേവസ്വം ബോർഡിന് കീഴിൽ
ആർട്സ് ആൻഡ് സയൻസ് കോളേജ്

361 (768) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ തൃക്കാഞ്ഞിരപുരത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും ഇതിനായി ബോർഡ് സ്വീകരിച്ച നടപടികളും അതിന്റെ പകർപ്പുകളും ലഭ്യമാക്കാമോ;

(ബി) ബോർഡിന് കീഴിൽ സ്വാശ്രയ മേഖലയിൽ പ്രസ്തുത കോളേജ് ആരംഭിക്കാനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല.

തിരുനാവായ ക്ഷേത്രത്തിലെ ബലിതർപ്പണ കടവിന്റെ നീളം വർധിപ്പിക്കുന്നതിന് നടപടി

362 (769) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ തിരുനാവായ ക്ഷേത്രത്തിൽ ബലിതർപ്പണത്തിനായി നിലവിൽ നിർമ്മിച്ചിട്ടുള്ള കടവിന്റെ നീളം എത്രയാണെന്ന് അറിയിക്കുമോ?

ശ്രീതിരുനാവായ ക്ഷേത്രത്തിൽ ബലിതർപ്പണത്തിനായി നിലവിൽ നിർമ്മിച്ചിട്ടുള്ള കടവിന്റെ നീളം 73 മീറ്ററാണ്.

(ബി) കടവിന്റെ നീളം വർധിപ്പിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നോ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ കടവിന്റെ തുടർച്ചയായി 300 മീറ്റർ കൽപ്പടവുകൾ കൂടികെട്ടുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ മലബാർ ദേവസ്വം ബോർഡ് സർക്കാരിൽ സമർപ്പിക്കുകയും അത് തുടർനടപടിക്കായി ടൂറിസം വകുപ്പിന് കൈമാറിയിരിക്കുകയുമാണ്.

(സി) കർക്കിടക വാവിലെ ബലിതർപ്പണത്തിന് പ്രസ്തുത ക്ഷേത്രത്തിൽ എത്തുന്ന ആളുകളുടെ എണ്ണം ഏകദേശം എത്രയാണെന്ന് അറിയിക്കുമോ?

കർക്കിടകവാവ് ബലിതർപ്പണത്തിനായി 50000-ൽ അധികം ഭക്തർ ക്ഷേത്രത്തിൽ എത്തിച്ചേരാറുണ്ട്.

(ഡി) ക്ഷേത്രക്കടവിന്റെ നീളം അപര്യാപ്തമായതിനാൽ കർക്കിടക വാവിലെ ബലിതർപ്പണത്തിനുണ്ടാകുന്ന തിക്കുംതിരക്കും കാരണം അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ അപകടങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

കഴക്കൂട്ടം മഹാദേവ ക്ഷേത്രത്തിലെ ശബരിമല ഇടത്താവള നിർമ്മാണം

363 (770) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മഹാദേവ ക്ഷേത്രാങ്കണത്തിൽ നടന്നുവരുന്ന ശബരിമല ഇടത്താവളം പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിക്കുന്നതിന് ഉദ്ദേശിക്കുന്ന തീയതി വ്യക്തമാക്കാമോ?

(എ&ബി) കഴക്കൂട്ടം മഹാദേവ ക്ഷേത്രത്തിൽ നടന്നുവരുന്ന ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഉടൻതന്നെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ദേവസ്വം സ്ഥലം വഴിക്കായി വിട്ടുകൊടുക്കുന്നതിന് നടപടി

364 (771) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് നഗരസഭയിലെ ദ്വാരക ബീച്ചിൽ താമസിക്കുന്നവർക്ക് ഗുരുവായൂർ ദേവസ്വം ബോർഡിന്റെ സ്ഥലം വഴിക്കായി വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ളതും മണത്തല വില്ലേജ് സർവെ 288/1A1, 289/1, 2-ലുള്ളതും ചാവക്കാട് നഗരസഭാ വാർഡ് 24-ൽ ദ്വാരക ബീച്ചിന്റെ മുൻവശത്തുകൂടി വടക്കോട്ട് പോകുന്നതുമായ വഴി

ഗതാഗതയോഗ്യമാക്കുന്നതിനുവേണ്ടി ദേവസ്വത്തിന്റെ അനുമതിക്കായി ചാവക്കാട് നഗരസഭയുടെ 27-08-2020-ലെ 24-ാം നമ്പർ തീരുമാനപ്രകാരം അപേക്ഷ ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ 30-08-2020-ലെ 6-ാം നമ്പർ തീരുമാനപ്രകാരം ഇക്കാര്യത്തിൽ സംയുക്ത യോഗം നടത്തുന്നതിന് തീരുമാനിക്കുകയും പ്രസ്തുത യോഗത്തിലെ ധാരണയനുസരിച്ച് ദ്വാരക ബീച്ചിന് സമീപത്തുള്ള 13.93 ഏക്കർ ദേവസ്വം സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിന് തെക്കുവടക്ക് നീളത്തിലും കിഴക്ക് പടിഞ്ഞാറ് 4.2 മീറ്റർ വീതിയിലും പൊതു ഉപയോഗത്തിന് ഒരു റോഡ് നിർമ്മിക്കുന്നതിന് ചാവക്കാട് നഗരസഭ തയ്യാറാണെന്ന് അറിയിച്ചതുപ്രകാരം പടിഞ്ഞാറെ വശത്തുള്ള കൈവശക്കാർ 1.4 മീറ്റർ വീതിയിൽ സ്ഥലം വിട്ടുകൊടുക്കുന്നപക്ഷം ദേവസ്വം വക സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിൽനിന്ന് 2.8 മീറ്റർ വീതിയിലുള്ള സ്ഥലം കൂടി ഉൾപ്പെടുത്തി 4.2 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുവാൻ ദേവസ്വം കമ്മീഷണറുടെ അനുമതിക്ക് വിധേയമായി ചാവക്കാട് നഗരസഭക്ക് അനുമതി നൽകുന്നതിന് ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ

10-09-2020-ലെ 3-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനിക്കുകയും അനുമതിക്കായി 21-09-2020-ന് ഗുരുവായൂർ ദേവസ്വം കമ്മീഷണർക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. അതിൻപ്രകാരം ദേവസ്വം സ്ഥലത്തിന്റെ അതിർത്തിയിൽ താമസിക്കുന്ന വസ്തു ഉടമകൾ 1.4 മീറ്റർ വീതിയിൽ സ്ഥലം വിട്ടുനൽകിയതിനുശേഷം മാത്രം ദേവസ്വം വക ദ്വാരക ബീച്ചിലുള്ള സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിൽനിന്നും 2.8 മീറ്റർ വീതിയിലുള്ള സ്ഥലം, ഭൂമിയുടെ ഉടമസ്ഥാവകാശം ദേവസ്വത്തിൽത്തന്നെ നിലനിർത്തികൊണ്ട് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി ചാവക്കാട് നഗരസഭക്ക് അനുമതി നൽകിയിരുന്നു. തുടർന്ന് ഇക്കാര്യത്തിൽ പ്രദേശവാസികളുമായി ചർച്ച നടത്തിയതിൽ അവരുടെ കൈവശത്തിലുള്ളതും ആധാരപ്രകാരമുള്ളതുമായ സ്ഥലത്തിൽനിന്നും ദേവസ്വം നിർദേശിച്ച അളവുപ്രകാരം വിട്ടുനൽകാൻ തയ്യാറാണെന്ന് അറിയിച്ചതായും ദേവസ്വം സ്ഥലത്തോടുചേർന്നുള്ള പരിസരവാസികളുടെ സ്ഥലമുൾപ്പടെ അളവ് തിട്ടപ്പെടുത്തുന്ന തരത്തിൽ ഒരു റീസർവെ നടത്തണമെന്നും അഭിപ്രായപ്പെട്ടതായും അതിനാൽ റീസർവെ നടത്തി

നിർദേശപ്രകാരം റോഡിനുവേണ്ടി സ്ഥലം വിട്ടുതരുന്ന കാര്യമറിയിക്കുന്നതാണെന്നും നഗരസഭ അറിയിച്ചതിനെത്തുടർന്ന് ദേവസ്വം സ്ഥലത്തിന്റെ പടിഞ്ഞാറെ ഭാഗത്തുള്ള വസ്തു ഉടമസ്ഥരുടെ സ്ഥലത്തിന്റെ കിഴക്കെ അതിരിൽനിന്ന് 1.4 മീറ്റർ വീതിയിലും ദേവസ്വം സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിൽനിന്ന് 2.8 മീറ്റർ വീതിയിലുമുള്ള സ്ഥലം ഒരേ സമയം അളന്നുതിരിച്ച് റോഡാക്കി മാറ്റിയിടുന്നതിന് സൗകര്യപ്പെടുന്ന ദിവസം നിശ്ചയിക്കുന്നതിനും സ്ഥലം എം.എൽ.എ., ചാവക്കാട് നഗരസഭ പ്രതിനിധികളുമായി കൂടിയാലോചിച്ച് തീയതി നിശ്ചയിക്കുന്നതിനും ഭരണസമിതി തീരുമാനിച്ചിരുന്നു. തുടർന്നും ചാവക്കാട് ദ്വാരക ബീച്ചിനടുത്ത് ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോട് ചേർന്ന് റോഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച ഭരണസമിതി ബഹു. എം.എൽ.എ., ചാവക്കാട് മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവരുമായി വിഷയം ചർച്ചചെയ്യുന്നതിന് ഗുരുവായൂർ ദേവസ്വം ചെയർമാനെ ചുമതലപ്പെടുത്തി. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം വിട്ടുകൊടുക്കുന്നതിന് ദേവസ്വം കമ്മീഷണർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കമ്മീഷണർ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ 22-07-2021-ലെ GDC-2/58/2020-GDC നമ്പർ നടപടിക്രമം മുഖേന അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ഗുരുവായൂർ ദേവസ്വത്തിന്റെ കദളീവനം പദ്ധതി

365 (772) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾവഴി കോവിഡ് കാലംവരെ മികച്ച രീതിയിൽ നടപ്പാക്കിയിരുന്നതും പിന്നീട് നിർത്തിവച്ചതുമായ ഗുരുവായൂർ ദേവസ്വത്തിന്റെ കദളീവനം പദ്ധതി പുനരാരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പുതുക്കാട് മണ്ഡലത്തിലെ കദളീവനം പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനരുജ്ജീവിപ്പിക്കുന്നതിന് ബഹു. പുതുക്കാട് എം.എൽ.എ. ശ്രീ. കെ. കെ. രാമചന്ദ്രൻ, ബഹു. ദേവസ്വം സഹകരണ വകുപ്പുമന്ത്രിക്ക് നൽകിയ കത്ത് പരിശോധിച്ച് ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ 19-12-2024-ലെ യോഗതീരുമാനം 13 ആയി ബന്ധപ്പെട്ട് കുടുംബശ്രീ നടത്തിപ്പുകാരുമായി ഇക്കാര്യം സംസാരിക്കുന്നതിന് ഗുരുവായൂർ ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവരെ ചുമതലപ്പെടുത്തുകയും ഇക്കാര്യത്തിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ/അഡ്മിനിസ്ട്രേറ്റർ എന്നിവരെ ബന്ധപ്പെടുവാൻ കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 30-12-2024-ൽ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

കദളീവനം പദ്ധതി

366 (773) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കദളീവനം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ അയൽക്കൂട്ടങ്ങൾവഴി ഉൽപാദിപ്പിക്കുന്ന കദളിപ്പഴം ഗുരുവായൂർ ക്ഷേത്രത്തിൽ വിതരണം ചെയ്യുന്നത് നിർത്തിവച്ചിരിക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡിനെത്തുടർന്ന് നിർത്തിവച്ച പ്രസ്തുത പദ്ധതി പുനരാരംഭിച്ച് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴിയുള്ള കദളിപ്പഴ വിതരണം തുടരുന്നതിന് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിലെ കദളീവനം പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് ബഹു. പുതുക്കാട് എം.എൽ.എ. ശ്രീ. കെ. കെ. രാമചന്ദ്രൻ, ബഹു. ദേവസ്വം വകുപ്പുമന്ത്രിക്ക് നൽകിയ കത്ത് പരിശോധിച്ച ഗുരുവായൂർ ദേവസ്വം ഭരണ സമിതിയുടെ 19-12-2024-ലെ യോഗതീരുമാനം 13 ആയി ബന്ധപ്പെട്ട് കുടുംബശ്രീ നടത്തിപ്പുകാരുമായി ഇക്കാര്യം സംസാരിക്കുന്നതിന് ഗുരുവായൂർ ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവരെ ചുമതലപ്പെടുത്തുകയും ഇക്കാര്യത്തിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ/അഡ്മിനിസ്ട്രേറ്റർ എന്നിവരെ ബന്ധപ്പെടുവാൻ കുടുംബശ്രീ, തൃശ്ശൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക്

30-12-2024-ൽ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) മുമ്പ് റവന്യൂ(ദേവസ്വം) വകുപ്പിന്റെ അനുമതി ലഭിച്ച പ്രസ്തുത പദ്ധതിക്ക് തുടർന്നും അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കദളീവനം പദ്ധതി പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭ്യമാകുകയും Price preference-മായി ബന്ധപ്പെട്ട വിഷയം പരിശോധിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പായതിനാൽ ലഭ്യമായ പ്രസ്തുത അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 396, 403, 440, 450, 453, 463, 469, 482, 500, 505, 535, 538, 540, 556, 557, 559, 561, 569 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം ലഭ്യമായിട്ടില്ല.)

അനുബന്ധം-2

നക്ഷത്ര ചിഹ്നമിടാത്ത 717-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

സ്മാർട്ട് സിറ്റിയുടെ ഭാഗമായുള്ള സോളാർ പവർപ്ലാന്റിന്റെ സ്ഥാപനം

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടൈറ്റാനിയത്തിൽ എത്ര മെഗാവാട്ട് സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി ടെൻഡർ ക്ഷണിച്ചുവെന്നും ഏത് കമ്പനിക്കാണ് വർക്ക് ഓർഡർ നൽകിയതെന്നും അറിയിക്കുമോ; പ്രസ്തുത വർക്ക് ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടൈറ്റാനിയത്തിൽ 2 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ടെൻഡർ ക്ഷണിച്ചു. M/s. Enerture Technologies Pvt. Ltd. എന്ന കമ്പനിക്കാണ് വർക്ക് ഓർഡർ നൽകിയത്. പ്രസ്തുത വർക്ക് ഓർഡറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത ടെൻഡറുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

പ്രസ്തുത ടെൻഡറുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ടെൻഡർ ലഭിച്ച കമ്പനി അനെർട്ടിൽ ആദ്യം സമർപ്പിച്ച ബാങ്ക് ഗ്യാരന്റിയുടെ പകർപ്പ് ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത ബാങ്കിലേക്ക് അയച്ച കത്തുകളും ബാങ്കിന്റെ മറുപടി കത്തുകളും ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര തുകയുടെ സോളാർ പദ്ധതി നടപ്പാക്കി കഴിഞ്ഞുവെന്നും ഇതിൽ സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം എന്നിവ എത്രയെന്നും വിശദമാക്കുമോ?

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി അനെർട്ട് നാളിതുവരെ 101,79,64,980.64/- രൂപയുടെ സോളാർ പദ്ധതി നടപ്പിലാക്കിവരുന്നു. സ്മാർട്ട് സിറ്റിയുടെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് അനെർട്ട് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി ആയാണ് ഈ പദ്ധതി നടപ്പാക്കിയത്. സ്മാർട്ട് സിറ്റി പദ്ധതി തുക 50:50 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ലഭ്യമാക്കിയിട്ടുള്ളതാണ്. ഓരോ പ്രവൃത്തിക്കും കേന്ദ്ര-സംസ്ഥാന വിഹിതമായി ചെലവ് ബുക്ക് ചെയ്യാറില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുബന്ധം-3

ശ്രീ. അൻവർ സാദത്ത് എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനായി താഴെ കാണുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തിവരുന്നത്.

. തെരുവുനായകളുടെ വംശ വർധനവ് നിയന്ത്രിക്കുക

. പേവിഷബാധ തടയുക

. തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുക.

സർക്കാരിന്റെ 23-08-2022-ലെ സ.ഉ.(സാധാ)നം. 2065/2022/LSGD, 15-09-2022-ലെ സ.ഉ.(സാധാ)നം. 2244/2022/LSGD എന്നീ ഉത്തരവുകൾപ്രകാരം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായകളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ഒന്നാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം.

തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പ്രസ്തുത പ്രവർത്തനം നടത്തിവരുന്നത്. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായം നൽകിവരുന്നു. നിലവിൽ സംസ്ഥാനത്ത് 15 എ.ബി.സി. കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയ 9 കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടികൾ നടന്നുവരുന്നുമുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതോടൊപ്പം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിനായി തീവ്ര വാക്സിനേഷൻ യജ്ഞം, അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വ യജ്ഞം, ഐ.ഇ.സി. കാമ്പയിൻ വളർത്തുനായകൾക്ക് ലൈസൻസ് നൽകൽ എന്നിവയും നടത്തിവരുന്നു. കൂടാതെ അനിമൽ ബർത്ത് കൺട്രോൾ റൂൾസ് 2023 പ്രകാരമുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. എ.ബി.സി. പ്രോഗ്രാം നടപ്പാക്കുന്നതിന് പ്രോജക്ടുകൾ രൂപീകരിക്കുന്നതിലേക്ക് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ തെരുവുനായ്ക്കൾക്കുള്ള വാക്സിനേഷൻ, എ.ബി.സി. പ്രോഗ്രാം, റാബീസ് ഫ്രീ കേരള തുടങ്ങിയ പരിപാടികൾക്കായി 47.60 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുണ്ട്.

അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള കമ്പാഷൻ ഫോർ അനിമൽസ് വെൽഫെയർ അസോസിയേഷൻ (CAWA) എന്ന സ്ഥാപനം ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് റാബിസ് ഫ്രീ കേരള പദ്ധതിയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മാസ് ഡോഗ് വാക്സിനേഷൻ, പബ്ലിക് അവയർനെസ്സ് എന്നിവ നടത്തുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

2016 മുതൽ 31-08-2024 വരെ സംസ്ഥാനത്ത് ആകെ 109119 നായകളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. മറ്റ് വിവരങ്ങൾ സംബന്ധിച്ച Cumulative Report അനുബന്ധമായി ചേർക്കുന്നു.

. പേവിഷബാധ തടയുക

പേവിഷബാധ നിയന്ത്രിക്കുന്നതിനായി വളർത്തുനായകളെ വാക്സിനേറ്റ് ചെയ്യുന്നതിന് ഉടമകൾക്കും തെരുവുനായകളെ വാക്സിനേറ്റ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ

അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനങ്ങൾ വാക്സിനേഷൻ ഡ്രൈവ് നടത്തിവരുന്നു.

പൊതുജനങ്ങളിൽ പേവിഷബാധ തടയുന്നതിനായി ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കാണുന്നു.

1. പരിശീലനങ്ങൾ-ദേശീയ പേവിഷ നിയന്ത്രണ പദ്ധതിയുടെ (NRCP) ഭാഗമായി ഡോക്ടർമാർ, നഴ്സിങ് ഓഫീസർമാർ എന്നിവർക്ക് നായകളുടെ കടിയേറ്റാൽ നൽകേണ്ട പ്രഥമശുശ്രൂഷ സംബന്ധിച്ച് പരിശീലനം നൽകുന്നു.

2. എല്ലാ സ്ഥാപനങ്ങളിലും പ്രഥമശുശ്രൂഷയുടെ ഭാഗമായി മുറിവ് കഴുകാനുള്ള സംവിധാനം ലഭ്യമായിട്ടുണ്ട്.

3. വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ 700 സ്ഥാപനങ്ങളിൽ വാക്സിനും 85 സ്ഥാപനങ്ങളിൽ കാറ്റഗറി-3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്.

4. IEC/BCC പ്രവർത്തനങ്ങൾ-നായ കടിയേറ്റാൽ സ്വീകരിക്കേണ്ട പ്രഥമ

ശുശ്രൂഷയെക്കുറിച്ചും പ്രതിരോധ കുത്തിവയ്പുകളുടെ ആവശ്യകതയെപ്പറ്റിയും വിവിധ മാധ്യമങ്ങളിലൂടെ അവബോധ സന്ദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന കുട്ടികൾക്കും അധ്യാപകർക്കും വേണ്ടി സ്പെഷ്യൽ അസംബ്ലി നടത്തിവരുന്നു.

5. പേവിഷബാധ പരിശോധനകൾ നടത്തുന്നതിനായി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

. തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുക

മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നത് തടയാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഭക്ഷണ പദാർത്ഥങ്ങളും അറവ് മാലിന്യങ്ങളും ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനും ഉറവിടത്തിൽ സംസ്കരിക്കാൻ സ്ഥലമില്ലാത്ത അറവുശാലകളിൽ അംഗീകൃത ഏജൻസികൾക്ക് കൈമാറി മാലിന്യ സംസ്കരണ സംവിധാനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ചിക്കൻ സ്റ്റാളുകളിലെ മാലിന്യം റെന്ററിങ് പ്ലാന്റുകൾക്ക് കൈമാറി ചെറിയ ജീവികൾക്കുള്ള തീറ്റയായി മാറ്റുന്നു. കൂടാതെ

പൊതുസ്ഥലങ്ങളിലും ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളിലും അറവുമാലിന്യവും ഭക്ഷണ പദാർത്ഥവും ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി അതിന് ഉത്തരവാദികളായവരിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കിവരുന്നുണ്ട്.

തെരുവുനായ ആക്രമണത്തിനിരയാകുന്നവർക്ക് ജസ്റ്റിസ് (റിട്ട.) സിരി ജഗൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹമായ നഷ്ടപരിഹാരം നൽകിവരുന്നു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി മുഖേനയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

തെരുവുനായ നിയന്ത്രണം സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

01-09-2023 മുതൽ 31-08-2024 വരെ (Cumulative Report)

ക്രമ നമ്പർ	ആകെ തദ്ദേശസ്ഥാപനങ്ങൾ	1034
1	01-09-2023 മുതൽ 31-08-2024 വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം	15298
2	01-09-2023 മുതൽ 31-08-2024 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം	76417

3	01-09-2023 മുതൽ 31-08-2024 വരെ വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ ആകെ എണ്ണം	269320
4	01-09-2023 മുതൽ 31-08-2024 വരെ രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ ആകെ എണ്ണം	73552
5	ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01-09-2023 മുതൽ 31-08-2024 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം	10543
6	01-09-2023 മുതൽ 31-08-2024 വരെ പൊതു നിരത്തിലെ മാലിന്യനിക്ഷേപത്തിന് ഈടാക്കിയ പിഴ തുക	3,76,34,248 രൂപ
7	01-09-2023 മുതൽ 31-08-2024 വരെ സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം	9119
8	01-09-2023 മുതൽ 31-08-2024 വരെ സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി നടത്തിയ ഐ.ഇ.സി./ ബോധവൽക്കരണ ക്യാമ്പുകളുടെ എണ്ണം	3377